ശ്രീ പദ്മപുരാണം

ബ്രഹ്മഖണ്ഡം

ഒന്നാമദ്ധ്യായം

Digitized By Kerala Sahitya Akademi

ശ്രീ പത്മപുരാണം

ബ്രഹ്മഖണ്ഡം

ഒന്നാമദ്ധ്യായം

ശൗനകൻ:—"സൂത, കലികാലധർമ്മങ്ങൾ, ദേഹികൾക്കു വരുന്ന കഷ്ടങ്ങൾ ഇവയുടെ നിവൃത്തി ലഭിയ്ക്കുക? അതു പറഞ്ഞുതരിക."

സൂതൻ:—"മഹർഷേ, ശൌനകാ, കൊള്ളാം! താൻ സൂക്ഷ്മബുദ്ധിയിൽ ശ്രേഷ്ഠൻതന്നെ: മനുഷ്യർക്കു പരമഗതി വരണമെന്നാണല്ലോ വിചാരം. ഇതിനെപ്പറ്റിത്തന്നെ പണ്ടു [illegible] ഭഗവാനോടു ബ്രഹ്മദേവൻ ചോദിയ്ക്കുകയുണ്ടായി; അപ്പോൾ അദ്ദേഹം പറഞ്ഞതു കേട്ടുകൊള്ളുക:—മഹാവിഷ്ണു [illegible] കരപൂർവ്വം വ്യാസനോടുള്ള [illegible] ചോദിച്ചു:—'കലികാലത്തു മനുഷ്യർക്കു മുക്തിയുണ്ടാകുന്നതെങ്ങനെയാണ്? അപ്പോൾ പുണ്യംകൊണ്ടു സാധിയ്ക്കുന്നതെന്ത്; അതിനുള്ള കാലമല്ലേ ഇതു!'

വ്യാസൻ:—'ബ്രഹ്മനന്ദനാത്രേയ, [illegible] ശ്രവണം സിദ്ധമാകും; അതിൽനിന്നു വിഷ്ണുഭക്തി ഉണ്ടാകുന്നതുവരെ; അതിൽനിന്നു ജ്ഞാനവും, അതിൽനിന്നു ഗതിയും. ഭൂമിയിൽ വിഷ്ണുകഥയ്ക്കു രുചിയുണ്ടാകുന്നില്ലയോ, അവർ മഹാപാപികളിൽ മുമ്പനത്രേ. ഒരുവൻ വിഷ്ണുകഥ കേട്ടാൽ അനന്ദിയ്ക്കുന്നു; വിഷ്ണുചരിതം അസത്യമെന്നു പറയുന്നവനോ, മഹാപാപം നിനയ്ക്കുന്ന ഭഗവൽകഥ തീവിടെ ഒഴുവിടെയുണ്ടോ, അവിടെയെല്ലാം തൃഷ്ണാഴം ജഗദീശ്വരാനുഗ്രഹമുണ്ടാകും. ഹരികഥ തുടങ്ങുമ്പോൾ അതിനു മുടക്കംവരുത്തുന്ന മനുഷ്യാധമനു നൂറുമന്വന്തരംവരെ നരകമനുഭവിപ്പു. പുരാണകഥ കേൾക്കുമ്പോൾ പുഴിയ്ക്കുകയോ പരിഹസിയ്ക്കുകയോ ചെയ്യുന്നവർ കുംഭീപാ

Digitized By Kerala Sahitya Akademi

ഭേറിയാ ഭാരങ്ങളെല്ലാം കയ്യിൽത്തന്നെ! ശ്രീകൃഷ്ണചരിതം ശ്രവിച്ചാൽ ഈ ഫലിക്കുമെന്നുള്ളതിൽ മതി, മറ്റൊന്നിനിയല്പം പോലും നൽകേണ്ടാ; അങ്ങിനെയുള്ളതിനെ, ശ്രവിച്ചാലുണ്ടാകുന്ന ഫലത്തെ ഗണിയിരിയ്ക്കുന്നു! ബ്രഹ്മഹത്യ, പരസ്ത്രീഹരണം, മദ്യപാനം, ഭ്രൂണഹത്യ മുതലായ പാതകങ്ങൾപോലും പാടേ അറുതിപ്പെട്ടുപോകും. പാപം ചെയ്യുകയും പിന്നെ പാപംചെയ്യാതിരുന്നാൽ അവന്റെ പാപം തീയ്യിൽ ഉണക്കിലപോലെ ദഹിച്ചുപൊയ്ക്കൊള്ളും. ശ്രീരമണ, വിഷ്ണു ചരിത്രഗ്രന്ഥം ഇരിപ്പുള്ള ഗൃഹത്തിന്റെ അടുക്കൽപോലും യമകിങ്കരന്മാർ ചെല്ലുകയില്ല.'

ജൈമിനി:—'ഗുരോ, അതുകൊണ്ടുവർ ഏതു പ്രത്യേകമുണ്ടു? അതും അവരുടെ മാഹാത്മ്യവും അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്.'

വ്യാസൻ:—"ഒരുവന്റെ പാദജലം അതിരാവിലെ തലയിലാടുന്നതോ, അവന്റെ തീർത്ഥസ്നാനം എന്തിനു്? ഒരു ക്ഷണമോ, അരക്ഷണമോ നേരം സജ്ജനസംസർഗ്ഗംചെയ്യാൽ ബ്രഹ്മഹത്യാദി പാപങ്ങളും പോലും വിട്ടൊഴിയും. ഒരൊറ്റ വൈഷ്ണവൻ ജനിച്ചാൽ മതി, പാപപങ്കിലമായ ഒരു വാരം മുക്തിയടയുവാൻ! ഹിംസ, മദം, കാമം, ക്രോധം, ലോഭം, മോഹം എന്നിവ പേർപെട്ടവരെ വൈഷ്ണവന്മാർ; പിതൃഭക്തരും ഭൂതദയാലുക്കളും സർവ്വജീവജന്തുക്കളും നിർമ്മത്സരരും സത്യവാദികളുമായിട്ടുള്ളവരെ വൈഷ്ണവന്മാർ; പരസ്ത്രീകളിൽ തായും സഹോദരിയും കളത്രവുമെന്നു നോൽക്കുന്നവരുമെന്നു വൈഷ്ണവന്മാർ; വിഷ്ണുവിന്റെ തിരുനാമങ്ങളും പാടുന്നവരും തുളസിമാല ധരിയ്ക്കുന്നവരും ഹരിപ്രാർത്ഥനകൾമാറ്റുന്നവരുമെന്നു വൈഷ്ണവന്മാർ; അനുദിനവും ശിരസ്സിലും ത്രിപുണ്ഡ്രവും തുളസീദളവും കാണപ്പെടുന്നവരോ, അവരെന്നു വൈഷ്ണവർ; പാഷണ്ഡരോടു് ഇടപെടാത്തവരും ബ്രാഹ്മണദ്വേഷമില്ലാത്തവരും തുളസിനട്ടു നനയ്ക്കുന്നവരുമെന്നു വൈഷ്ണവന്മാർ; വിഷ്ണുവിനേയും തുളസിയേയും പൂജിയ്ക്കുക, ചെവിൺകൊടുത്തുകേൾക്കുക, അതിഥികളെ സൽക്കരിയ്ക്കുക, ഭഗവൽകഥ കേൾക്കുന്നിടത്തു ചെന്നിവ ചെയ്യുന്നവരെന്നു വൈഷ്ണവന്മാർ; ഗൃഹത്തിൽ നാളികേരമുള്ളവരും വിഷ്ണുക്ഷേത്രം അടിച്ചുതളിയ്ക്കുന്നവരും പിതൃതർപ്പണം ചെയ്യുന്നവരും ദീനദയാലുക്കളായിട്ടുള്ളവരെന്നു വൈഷ്ണവന്മാർ; പരസ്പരവും ബ്രഹ്മസ്വവും വിഷമമായി കരുതുന്നവരും വിഷ്ണുനൈവേദ്യം ഭക്ഷിയ്ക്കുന്നവരുമെന്നു വൈഷ്ണവന്മാർ; വേദശാസ്ത്രപുരാണം തുള

Digitized By Kerala Sahitya Akademi

ജീവനം രക്ഷിയ്ക്കുന്നവരും രാധാഷ്ടമി നോൽക്കുന്നവരുമത്രേ വൈഷ്ണവന്മാർ; വിഷ്ണുസന്നിധിയിൽ സ്വർഗ്ഗം വിളക്കുകയുണ്ടാകുന്നവരും മറ്റുള്ളവരെയെല്ലാം അവരത്രേ വൈഷ്ണവന്മാർ.'

രാജർഷി ചോദിച്ചതിനു വ്യാസൻ മുറയ്ക്കു അരുളിച്ചെയ്തതിനെ ഞാൻ പറയുന്നുണ്ട്. ഈ സംവാദങ്ങൾ ഗുരുമുഖത്തുനിന്നതന്നെ കേട്ടു രുചിച്ചു. ഈ അദ്ധ്യായം ശ്രദ്ധയോടെ ശ്രവിക്കുന്നവർ പാപമെല്ലാം തീർന്നവിഷ്ണുവിന്റെ പരമപദം പ്രാപിക്കും.

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വ്യാസജൈമിനിസംവാദം, വൈഷ്ണവലക്ഷണനിരൂപണം എന്നാമദ്ധ്യായം.

രണ്ടാമദ്ധ്യായം

സൂതൻ:—ശൗനകരേ, പണ്ടു വ്യാസനും ജൈമിനിയും തമ്മിൽ സംസാരിച്ചതായ ഒരാശ്ചര്യധർമ്മകഥ പറയാം: ഇതു ശ്രവിച്ചാൽ പാപം നീങ്ങും.

ജൈമിനി:—'സ്വാമിൻ, ഗുരോ, കഷ്ടമുണ്ടെന്നുവെയ്ക്കാലാണ് പാപി കൾക്കും മോക്ഷമുണ്ടാകുന്നതു പ്രാപിക്കുക? അതു പറഞ്ഞുതരുമാറാകണം.'

വ്യാസൻ: —വിഷ്ണുക്ഷേത്രത്തിൽ തേപ്പു നടത്തിച്ചാൽ പാപങ്ങളെല്ലാം നീങ്ങി, അന്ത്യകാലത്തു വൈകുണ്ഠം പ്രാപിക്കാം. ശ്രദ്ധയോടെ വിഷ്ണുക്ഷേത്രം തുടുത്തുമിനുക്കിച്ചാൽ, അവിടെ ഏഴു പൊടിയുണ്ടെങ്കിൽ, അത്രയും അയിരം കല്പം ഹരിമന്ദിരത്തിൽ വസിക്കാം.

പണ്ടു, ദ്വാപരയുഗത്തിൽ, ലോകത്തെ നടുങ്ങിയ്ക്കുന്ന ദണ്ഡകൻ എന്നൊരു രാക്ഷസനുണ്ടായിരുന്നു. ആ ക്രൂരൻ ബ്രഹ്മസ്വം കവരും; വിശ്വാസിച്ചവരെ ഹിംസിയ്ക്കും; പൊളി പറയും; പരസ്ത്രീകളെ പുണരും; അഗമ്യഗമനം ചെയ്യും; കള്ളുകുടിയ്ക്കും; ബ്രാഹ്മണരോടു ദ്വേഷം പെരുമാറും; ബ്രാഹ്മണന്റെ കൊറുമുടക്കും; സൂക്ഷിപ്പാൻ ഏല്പിച്ചതു തിന്നുകളയും; ഗുരുനാം ഭ്രാഹ്മണരെ കൊല്ലും; വേശ്യകളെ കൊതിച്ചു നടക്കും. ആ മൂർഖൻ ഒരു ദിവസം മോഷണത്തിനായി അതുരേ

Digitized By Kerala Sahitya Akademi

യോ ഒരു വിഷ്ണുക്ഷേത്രത്തിൽ പ്രവേശിക്കുന്നത് കയ്യിൽ കിട്ടിയ ഉടൻ, ചളി പുരണ്ടിരുന്ന കാൽ നിലത്തുരച്ചു തേയ്ക്കുകയും അതിനാൽ അവിടെ കുഴിഞ്ഞിരുന്നോടം നികക്കുകയുമുണ്ടായി. ഇരിമ്പുകോൽ കൊണ്ടു വാതിൽ കുത്തിത്തുറന്ന സന്തോഷത്തോടെ അവൻ അകത്തേയ്ക്കു കടന്നു. ആ സ്ഥലം മംഗിയിൽ വിതാനിക്കപ്പെട്ടും, സുഗന്ധതൈലം പകർന്ന രത്നകാഞ്ചനദീപങ്ങൾകൊണ്ടു ശോഭമാനമായും, വിവിധപുഷ്പങ്ങളുടെ സൌരഭ്യം പരന്നും ചിത്രതരം പത്രങ്ങൾ നിറഞ്ഞുമിരുന്നു. അവിടെ ഒരു മനോഹരമായ പള്ളിക്കട്ടിലിന്മേൽ രാധയോടുകൂടി ശയിപ്പിക്കപ്പെട്ടിരുന്ന പീതാംബരനായ കൃഷ്ണൻ അവനു കാണുമാറായി. ഉടനെ, ആ ബാലൻ രാധാരമണനാമനെ നമസ്കരിച്ചു; അതോടുകൂടി അവന്റെ പാദം നീങ്ങിപ്പോയി. 'കൊണ്ടുപോകയോ, കൊണ്ടുപോകാതിരിക്കയോ ചെയ്യേണ്ടു? ഇതുകൊണ്ടു എനിക്കെന്തുള്ളു? സേവചെയ്യാതെയുള്ള മുക്തിക്കു നിവൃത്തിയി? ഞാൻ എന്നെന്നും ഒരു പ്രാരനാണല്ലോ! ധാരാളകാണ്ഡ ഞാവശ്യമുണ്ടു'—എന്നിങ്ങിനെ, അവൻ കക്ഷവാൻതന്നെ നിശ്ചയിച്ചു, ലക്ഷ്മീവല്ലഭന്റെ പുഴുത്തൽപ്പട്ടെടുത്തു നിലത്തു വിരിച്ചു മാരാനാഥനായ മാധവന്റെ ധനമെല്ലാം അതിൽ കെട്ടി, പിറന്നലാടെ പുറപ്പെട്ടു. അപ്പോഴം അതിഭാരം വലിയ ശബ്ദത്തോടെ കയ്യിൽനിന്നു വീണുപോയി. ഇതെന്താണെന്നിങ്ങിനെ ഉറക്കമുണർന്ന് ജനാർദ്ദനി ഞെട്ടുകൂടെ വന്നെത്തി. പ്രാരൻ ഭയപ്പെട്ട ക്ഷണത്തിൽ മുതലെല്ലാം അവിടെ ഇട്ടേച്ചു് ഓടാൻ തുടങ്ങി. പെട്ടന്നു് ഒരു കാളസർപ്പത്തിന്റെ കടിയേറ്റ്, പാപനിർമ്മുക്തനായ അവൻ മരിയ്ക്കുകയുംചെയ്തു.

ഉടനെ, തോലുടുത്തു കപർദ്ദവുമായ ദണ്ഡധരന്മാർ കയറും മുകുന്തടിയും ഒക്കെക്കൂടെ വന്നുപറഞ്ഞു, അവനെ തോൽക്കയറുകൊണ്ടു കെട്ടിവരിഞ്ഞു ഉർവ്വരമാർഗ്ഗത്തിലൂടേ കൊണ്ടുപോയി. അവനെ കണ്ടിട്ട് ശങ്കരൻ പൂണ്ടകോപൻ മന്ത്രിയോടു ചോദിച്ചു:—"പ്രാജ്ഞനായ ചിത്രഗുപ്തൻ, ഇവൻ നന്മയോ, തിന്മയോ, എന്തുചെയ്തിരിക്കുന്നു? നോക്കിപ്പറയുക.'

ചിത്രഗുപ്തൻ:—'ഭൂമിയിൽ ബ്രഹ്മഹത്യ സൃഷ്ടിച്ചിട്ടുള്ള പാപം മുഴുവനും ഇവൻ മൂഢൻ ചെയ്തിട്ടുണ്ട്. ലോകേശ, എന്നാൽ ഒരു സുകൃതം ഇവനുണ്ടു്; അതു് എല്ലാ പാപത്തേയും നശിപ്പിക്കുന്ന തെന്നാണെന്നു് എനിക്കു തോന്നുന്നു'.

Digitized By Kerala Sahitya Akademi

യമൻ:—'എന്തുപുണ്യമാണ് ഇവനണ്ടായിട്ടുള്ളത്? അതറിഞ്ഞിട്ടുവേണം, ഇവനെ തക്കതു വിധിനടപ്പാൻ.'

ചിത്രഗുപ്തൻ തൊഴുകയ്യുമായി തന്റെ സ്വാമിയോടുണർത്തിച്ചു:—'തിങ്കളേന്തി, ഈ മഹാപാപി വിഷ്ണുവിങ്കൽറ മുതൽ അപഹരിക്കാൻ പോയപ്പോൾ, കാലുകളിലൊഴുകി ക്ഷേത്രാങ്കൽ വച്ചു തേയ്ക്കുകയും അതിനാൽ അവിടത്തെ കഴി നിങ്കുകയുമുണ്ടായി; ആ പുണ്യത്തിന്റെ മാഹാത്മ്യങ്കാരണം ഇങ്ങനെ മഹാപാപം നീങ്ങിയിരിക്കുന്നു. അതുകൊണ്ടു ഇവനെ നിഷ്കൃതിക്കായിട്ട് കൊടുക്കുന്നതിലേയ്ക്കായിട്ടു കല്പിക്കേണ്ടിരിക്കുന്നു.' ഇതുകേട്ടിട്ടു യമൻ അവനെ ഒരു പൊന്നിൻപീഠത്തിന്മേലിരുത്തിസൽക്കരിച്ചു സവിനയം തൊഴുതുവണങ്ങി പറഞ്ഞു:—'അങ്ങയുടെ കാൽപ്പൊടികൊണ്ടു ഇവന്റെ ഭവനം പരിശുദ്ധമായി. ഞാൻ തീർച്ചയായും കൃതാർത്ഥനായി, കൃതാർത്ഥനായി, കൃതാർത്ഥനായി! ഭദ്ര, ഇനി വിവിധഭോഗസുഖവും ജന്മമൃത്യുനിവാരണവുമായ വിഷ്ണുമന്ദിരത്തിലേയ്ക്കു പോയ്ക്കൊണ്ടാലും.'

ഇപ്രകാരം പറഞ്ഞിട്ടു ധർമ്മരാജാവ് ആ പരിശുദ്ധനെ രാജഹംസയുക്തമായ ഒരു ഒപ്പാനിൽ പള്ളിക്കെഴുന്നിലേറി സർവ്വസൌഭാഗ്യമായ വിഷ്ണുസദനത്തിലേയ്ക്കു യാത്രയാക്കി. അവൻ വൈകുണ്ഠപുരിയിലെത്തുവോളം സുഖമായി വന്നുചേർന്നു. ഈ സ്ഥിതിക്കു, വിഷ്ണുക്ഷേത്രത്തിൽ മെഴുകിപൂശുവാൻ തേച്ചുകഴിച്ചുപോയതിന്റെ ഫലം എന്തായിരിയ്ക്കും? ഇതു ഭക്തിപൂർവ്വം മനസ്സിരുത്തി കൊല്ലുകയോ കേൾക്കുകയോ ചെയ്താൽത്തന്നെ കോടി ജന്മങ്ങളിലെ പാപവും നശിക്കും."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വ്യാസമൈമിതിസംവാദം വിഷ്ണുക്ഷേത്രോപലേപനമാഹാത്മ്യകീർത്തനം എന്നുമൊമ്പതാമദ്ധ്യായം.

(൦)

മുന്നാമദ്ധ്യായം

ശൌനകൻ:—"സൂത, കാർത്തികത്തിന്റെ മാഹാത്മ്യവും കാർത്തികവ്രതത്തിന്റെ ഫലവും അതനുഷ്ഠിച്ചാലുണ്ടാകുന്ന ദോഷവും പറയുക."

Digitized By Kerala Sahitya Akademi

സൂതൻ:—''ഇതിനെപ്പററിയും പണ്ടൊരിക്കൽ ശ്രീകൃഷ്ണൻ ഭഗവാ
ദിച്ചതിനു സത്യവതീപുത്രനായ മഹർഷി ഞങ്ങളോടുപദേശിച്ചതു ഞാൻ പ
റയാം:—

വ്യാസൻ:—'ശുഭകരമായ കാർത്തികമാസത്തിൽ വ്രതാനുഷ്ഠാനവും ദാമോദരപൂ
വും വർജ്ജിയ്ക്കുന്നവൻ വളരെക്കാലമങ്ങളിലെ പാപം നീങ്ങി ശ്രീ
കണ്ണൻ പ്രാപിയ്ക്കും. ഇതുരണ്ടും കാർത്തികമാസത്തിൽ ഉപേക്ഷിക്കാതെ മൂഢ
നാകട്ടെ, ജന്മംതോറും പന്നിയായി പിറക്കും. കാർത്തികമാസത്തിൽ ഇല
സീമളുങ്ങളംകൊണ്ടു ജനാർദ്ദനനെ പൂജിച്ചവൻ ഓരോ ഇലയ്ക്കും അ
രോ അശ്വമേധത്തിന്റെ ഫലം കിട്ടും. കാർത്തികമാസത്തിൽ അരുണോദപൂ
ക്കംകൊണ്ടു മധുസൂദനനെ പൂജിയ്ക്കുന്നവൻ വിഷ്ണുസാരൂപ്യത്തോടുകൂടിയ
ദേവകഠംകളം കിട്ടാത്ത മോക്ഷം നേടും. കാർത്തികമാസത്തിൽ അരുണോദ
ലം ഭക്ഷിക്കുന്നതുകൊണ്ടു കൊ ചെയ്താലുള്ള പാപം കരിയിലകൊണ്ടു
തെന്നപോലെ നശിയ്ക്കും. ഞതിന്റെ കാര്യം വിഷ്ണുപ്രീതിക്കായി കാർത്തികമാസത്തിൽ
മുകുന്ദനു നിവേദിച്ചു ഭക്ഷിച്ചാൽ കോടി ജന്മങ്ങളിലെ പാപങ്ങളും വി
ട്ടൊഴിയും. ഞതിന്റെ നീരു തെയ്യുപോലും വിഷ്ണുവിനു നിവേദിച്ചു
ന്നവൻ പാപമെല്ലാമൊഴിഞ്ഞു വൈകുണ്ഠം പൂകും. ഒരുവന്റെ ജാമദ
പുവെങ്കിലും കാർത്തികമാസത്തിൽ കാർവർണ്ണനു സമർപ്പിച്ചവൻ കോടിയു
മുഴുവനകന്നു് ഒടുവിൽ വിഷ്ണുപദം പ്രാപിയ്ക്കും. കാർത്തികമാസത്തിൽ
പ്രാതഃസ്നാനം കഴിച്ചാൽ എല്ലാ തീർത്ഥങ്ങളിലും കുളിച്ചുമലയാത്ത ഫ
ലം കിട്ടും. കാർത്തികമാസത്തിൽ വിഷ്ണുവിനു വിളക്കുകൊളുത്തുന്ന സ്ത്രീ
ഹത്യപോലും നീങ്ങി വൈകുണ്ഠം പ്രാപിക്കാം. തുളസി ചന്ദനം
മെങ്കിലും കാർത്തികമാസത്തിൽ വിളക്കുകൊളുത്തുന്നവൻ ബ്രഹ്മഹത്യയിൽ
വിഷ്ണു പ്രസാദിയ്ക്കും. കാർത്തികമാസത്തിൽ ദീപദാനമാത്രംകൊണ്ടു തെന്നായിട്ടു
ക്കവെച്ചാൽ നാം തോറും അശ്വമേധഫലം സിദ്ധിയ്ക്കും. വിളക്കുകാ
പ്പിന്റെ മാഹാത്മ്യത്തിനുമാത്രമായുള്ള ഒരിതിഹാസം ഞാൻ പ
യാം; ശ്രദ്ധിച്ചു കേട്ടുകൊൾക:—

പണ്ടു, ത്രേതായുഗത്തിൽ, വൈകുണ്ഠൻ എന്നുപേരുള്ള പരിശുദ്ധ
നായ ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ധർമ്മപത്നിയും തുല്യ
മതി, ഒരു പാപിയെ മുക്തനാക്കണം. ആ ബ്രാഹ്മണൻ കാർത്തി
കാർത്തികത്തിൽ വിഷ്ണുസന്നിധിയിൽ ഒരു തെന്നവിളക്കുകൊളുത്തി ശ്രീ
ത്തിലേയ്ക്കു മടങ്ങിപ്പോന്നു. ആ ലാക്കിൽ ഒരെലി വന്നു വിളക്കിലെ
ണ്ണ തെയ്യു കുടിപ്പാൻ തുടങ്ങി. അപ്പോൾ വിളക്കു് തെന്നാലിടഞ്ഞു. മു

Digitized By Kerala Sahitya Akademi

ഷികളോ, തിയ്യിനെ പേടിച്ചു വേഗത്തിൽ ഓടിപ്പോവുകയും ചെയ്തു. എന്നാൽ വിഷ്ണുകൃപയാൽ മൂന്നികളുടെ പാപം മുഴുവൻ നശിച്ചു കഴിഞ്ഞു!

ആ വഴിയിൽ ഒരു ബ്രാഹ്മിണന്റെ കുടിയേറ്റം ചന്തപ്പുരം കമ്പോളം മുതലായവ ഒരുക്കുകയുണ്ടായി കച്ചവടക്കാരായ കുബേരന്മാർ വന്നു് അതിനെ തോൽക്കണ്ണുകൊണ്ടു നോക്കിവരിഞ്ഞു നടക്കുവാൻ തുടങ്ങി. അപ്പോഴതാ ശംഖചക്രഗദാധാരികളായി പത്മർണ്ണാഭന്മാരായ വിഷ്ണുഭൃത്യന്മാർ ഗരുഡന്റെ പുറത്തേറി വന്നാകാശം; രാജഹംസങ്ങളെ പൂട്ടിയതും യഥേഷ്ടം സഞ്ചരിക്കുന്നതുമായ ഒരു തനിത്തങ്കവിമാനവും വിഷ്ണുകൃപയാൽ അവർക്കായുണ്ടായി കാണപ്പെട്ടു. ആ ദൂതന്മാർ കയർ പോലുള്ളതെന്തോ യമകിങ്കരന്മാരോടു പറഞ്ഞു:—'കഷ്ടമില്ലാത്തവരേ, വിഷ്ണുഭക്തനാണിവൻ; വൈകുണ്ഠത്തെ കെട്ടിവലിയ്ക്കുകയോ! ജീവിക്കേണമെന്നാണെങ്കിൽ ഓടിപ്പോയ്ക്കൊള്ളുവിൻ.' ഇതു കേട്ടിട്ടു വിറകൊണ്ട യമകിങ്കരന്മാർ താഴ്മയോടെ മോടിച്ചു:—'എന്തൊരു പുണ്യം കൊണ്ടാണ് ഈ മാപാപിയെ നിങ്ങൾ വിഷ്ണുഗൃഹത്തിലേയ്ക്കു കൊണ്ടുപോകുന്നതു്? അതു പറഞ്ഞാൽ കൊള്ളാം.'

വിഷ്ണുദൂതന്മാർ;—'ഇവൻ വിഷ്ണുസന്നിധിയിൽ ഒരു ദീപം ജ്വലിപ്പിക്കുകയുണ്ടായി; ആ കർമ്മത്താലത്രേ വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകുന്നതു്. മുൻപൂവ്വമല്ലാതെയും വിഷ്ണുവിന്നു വിളക്കു കത്തിക്കുന്നവൻ കോടിജന്മങ്ങളിലേ പാപം നീങ്ങി വിഷ്ണുലോകം പ്രാപിക്കും; ഭക്തിപൂർവ്വം കാർത്തികത്തിൽ വിളക്കുവെയ്ക്കുന്നവന്നുള്ള പുണ്യമാകട്ടേ, മുകുന്ദനെഴുന്നള്ളി മറാക്കും പറഞ്ഞു തീർക്കാവുന്നതല്ല. വിഷ്ണുക്ഷേത്രത്തിൽ ഭക്തിയോടേ നെയ്‌വിളക്കു വെയ്ക്കുന്നവന്നു ഓരായിരം അശ്വമേധംപോലും മുന്തിനിൽക്കുന്നു? അശ്വമേധം ചെയ്താൽ സ്വർഗ്ഗം കിട്ടും; കാർത്തികത്തിൽ വിഷ്ണുവിന്നു വിളക്കുവെച്ചവന്നോ, വൈകുണ്ഠം പൂകുന്നു.'

ഇതു കേട്ടിട്ടു് യമഭടന്മാർ വനവഴിയെ നടന്നകന്നു. വിഷ്ണുദൂതന്മാർ അവനെ തേരിലേറി വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. അവൻ ഒരന്തരം മനപ്പാന്തരം വിഷ്ണുസന്നിധിയിൽച്ചെന്നു വാണിട്ടു; പിന്നീടു് വിഷ്ണുപ്രസാദത്താൽ ഭൂമിയിൽ ഒരു രാജപുത്രിയായി പിറക്കുകയും, പുരുഷോത്തമനെ ഭർത്താവായി വളരെക്കാലം സുഖമനുഭവിക്കുകയും, ഭഗവൽഭജനത്താൽ ഒടുവിൽ ഗോലോകമടയുകയും ചെയ്തു.'

Digitized By Kerala Sahitya Akademi

ഇവ ശ്രേഷ്ഠമായ ദിവ്യമാകാത്മ്യം കേൾപ്പാനായ ശ്രദ്ധിച്ചാൽ പാപമെല്ലാമകന്ന വിഷ്ണുലോകം പ്രാപിക്കാം.''

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ധ്രുവജൈമിനിസംവാദം,
ദിവ്യഗംഗാമാഹാത്മ്യകഥനം മൂന്നാമദ്ധ്യായം.

(൩)

നാലാമദ്ധ്യായം

ശൗനകൻ:—''സൂതാ, ജയന്തിയുടെ മാഹാത്മ്യം മറ്റുള്ളതും പറഞ്ഞുതരിക; അതു കേൾപ്പാൻ നമുക്കെല്ലാം വലിയ ആഗ്രഹമുണ്ട്. എന്നാണ് അതവതരിച്ചിട്ടുള്ളത്?''

സൂതൻ:—'മഹർഷേ, ഇതിനെപ്പറ്റി പണ്ടു നാരദൻ മഹാമേരുവിങ്കൽ വെച്ചു ബ്രഹ്മാവിനോടു ചോദിക്കുകയുണ്ടായി; അതു ഞാൻ പറയാം.

നാരദൻ: — "പിതാമഹാ, ജയന്തീമാഹാത്മ്യം അരുളിച്ചെയ്താലും; അതു കേട്ടാലുണ്ടാകുന്ന പരമായ വിണ്ണുപദം പൂകുമാറാകുമല്ലോ.'

ബ്രഹ്മാവു്:—'ബ്രാഹ്മണാ, മനസ്സിരുത്തി കേൾക്കുക; ഞാൻ പറഞ്ഞുതരാം. ജയന്തി നോറാൽ അനേകജന്മങ്ങളിലെ പാപം നശിക്കും. ജയന്തിയെ സ്മരിയ്ക്കുക, കീർത്തിയ്ക്കുക എന്നിവകൊണ്ടുതന്നെ എഴു ജന്മങ്ങളിലെ പാപം കഴിച്ചുപോകും; പിന്നെ നോറാലോ! ജന്മാഷ്ടമി, രൈവതസന്ധിയിലെ പൊലിഞ്ഞ നവമി, കുരുക്ഷേത്രയിലെ കറുത്ത ചതുർദ്ദശി, മേഷത്തിലെ പൊലിഞ്ഞ ചതുർദ്ദശി, തുലാപിറന്നാളിലെ വെളുത്ത ദ്വാദശി, ശ്രവണദ്വാദശി എന്നിവ ആറും മഹാപുണ്യകളായ ജയന്തികൾ. പാപനാശിനി എന്ന പ്രസിദ്ധമായ തുലാമാസത്തെ കൃഷ്ണജന്മാഷ്ടമി കോടി യാഗങ്ങൾക്കും അനേകായിരം തീർത്ഥങ്ങൾക്കും തുല്യമാകുന്നു. നാൽപ്പത്തൊന്നു ഔദുമ്പരിനെ ദാനം ചെയ്യുന്നതിനെക്കാൾ ഫലം ഒരു ജയന്തി നോറാൽ കിട്ടും; സൂര്യഗ്രഹണത്തിനു കുരുക്ഷേത്രത്തിൽ വെച്ചു് അയിരം മാരം സ്വർണ്ണം ദാനം ചെയ്യുന്നതിനെക്കാൾ ഫലം ഒരു ജയന്തി നോറാൽ കിട്ടും; അനേകായിരം കൃഷ്ണമൃഗത്തോലുകളും വസ്ത്രങ്ങളും ചാർത്തുകളെയും ദക്ഷിണയായി നൽകിയാലുള്ള ഫലം ഒരു ജയന്തിനോറാൽ കിട്ടും; ആയിരം പേർക്കു ഭൂമിയെ ദാനം ചെയ്യുന്നതിനെക്കാൾ ഫലം ഒരു ജയന്തി നോറാൽ കിട്ടും; അനേകായിരം പശുക്കളോടു കൂടിച്ചാലിനെ

Digitized By Kerala Sahitya Akademi

ഫലം ഒരു ജന്മത്തിനോറാൻ കിട്ടും; ക്ഷേത്രത്തിന്റെ കുളവും കിണറും പൊയ്കയും മറ്റും ഉണ്ടാക്കിച്ചുകൊടുത്ത ഫലം ഒരു ജന്മത്തിനോറാൻ കിട്ടും; അന്നദാനത്തിന്റെയും മറ്റു ഗുരുജനങ്ങളുടെയും ശുശ്രൂഷയുടെയും ഫലം ഒരു ജന്മത്തിനോറാൻ കിട്ടും; ഒരുപവനിവൃക്ഷത്തെ വേണ്ടി കൃഷിചെയ്തുണ്ടാക്കിയ സസ്യശ്രേഷ്ഠങ്ങളായ നീണ്ടിലകളോടുകൂടിയതായ പുണ്യം ഒരു ജന്മത്തിനോറാൻ കിട്ടും; ശംഖം, വാദ്യം, ഭേരിപ്രഭൃതി തൃന്നിവയിൽ സ്വനം ജനിപ്പിച്ചതായ പുണ്യം ഒരു ജന്മത്തിനോറാൻ കിട്ടും; കൃഷ്ണപക്ഷത്തിന്റെ പിതൃകർമ്മം പുണ്യമായ ശ്രാദ്ധം കഴിച്ചാലത്തെ ഫലം ഒരു ജന്മത്തിനോറാൻ കിട്ടും.'

നാരദൻ:—'പിതാമഹ, പണ്ട് അനേകരെയാണ് ഇതുപറഞ്ഞിട്ടുള്ളത്?'

ബ്രഹ്മാവ്:—'കാർത്തവീര്യൻ, കണ്ണൻ, കാർത്തികേയൻ, സഗരൻ ദിലീപൻ, ശകുൻസ്ഥൻ, ഭഗീരഥൻ, ഗർഗ്ഗൻ, പരശുരാമൻ, വാല്മീകി, ഉശനസ്സിയൻ തുടങ്ങിവരെല്ലാം പണ്ട് അനുഷ്ഠിച്ചിട്ടുണ്ട്. സർവ്വാഭീഷ്ടദയത്രയെ പ്രാപ്തുപദമാസഞ്ചിതമായ പാപത്തെ അയ്യായി; വിശേഷിച്ചും രോഹിണിയോടുകൂടി കൃഷ്ണ അഷ്ടമി സൗഭാഗ്യപരംതോറും വിഷ്ണുപ്രീതിക്കായി നോറുകയുള്ളുണ്ടാ. തൊണ്ണൂറ് കോടി ജന്മങ്ങളിലെ പാപം മുഹൂർത്തനേരം കൊണ്ടു നീങ്ങിപ്പോകും. ഭിതേന്ദ്രിയനായി സ്ഥിരചിത്തനായി രാത്രിയിൽ ഉറക്കമിളുക്കുണം. ഗന്ധപുഷ്പങ്ങൾകൊണ്ടുവേള്യാലികൾകൊണ്ടു ഗരുഡധ്വജനെ പൂജിക്കുകയും വേണം. ഇങ്ങിനെ അഷ്ടമിരോഹിണിനോറാൻ, ഇരുകോടിജന്മങ്ങളിൽ ചെയ്തതോ അറിയാതേയോ ചെയ്ത പാപം മുഴുവൻ വാസുദേവപ്രസാദത്താൽ മൂന്നാളുകാൽ നാഴികകൊണ്ടു നശിച്ചുപോകും. ജന്മാന്തരത്തിൽ യാതൊരു നികൃഷ്ടൻ ഭക്ഷണം കഴിക്കുന്നതായാൽ അവൻ മൃഗ പക്ഷിജന്തുക്കളിലേയും പാപമത്രെ ഭക്ഷിയ്ക്കുന്നത്രേ! സംഗമം മുതലായ പുണ്യസ്ഥലങ്ങളെല്ലാം ജയന്തി നോല്ക്കുന്നവരുടെ ഗൃഹത്തിൽ സന്നിഹിതങ്ങളായിരിക്കും. വിഷ്ണുവിനു പ്രിയപ്പെട്ട ജയന്തി ഭക്തിയോടെ നോല്ക്കുന്നവന്ന് എല്ലാതീർത്ഥങ്ങളും ദേവകളും സപരിവാരങ്ങളായി സന്നിഹിതമായിരിക്കും. ശ്രീഹർഷ, കൃഷ്ണരാധാഷ്ടമിയുടെ മീതെയോ ശ്രീരാമനവമിയുടെയോ ഒന്നും പേരെങ്കിലുകേട്ടേ പുരാണത്തിലുമുണ്ടെന്നു ഞാൻ കണ്ടിട്ടില്ല. ഒരു സത്രംപോലും തോൽക്കാത്തവൻ ഒരു കൃഷ്ണാഷ്ടമിയുടെ! പിന്നെ ഇതിനെ ജയന്തിയിലും ഏകാദശിയിലും ഉപവസിച്ചുകൊണ്ടു പന്ത്രണ്ടു പ്രകാരം അനുഷ്ഠിക്കേണ്ടിവരും. ജയന്തിയിൽ ഉപവസിച്ചാൽ മേലും കീഴും ഒരു തുറൊന്നു തലമുറ

Digitized By Kerala Sahitya Akademi

ലോകത്തെ കരകയറ്റുന്നതിൽ വീണ്ടുവിചാരം. അഷ്ടമിരോഹിണിയും ബുധനാഴ്ചയും ക്രൂടിച്ചുവന്നാൽ വേറെ അനേകകോടി വ്രതങ്ങൾ എന്തിനാണ്? കൃതയുഗത്തിലും ത്രേതായുഗത്തിലും ദ്വാപരത്തിലും കലികാലത്തും ഒരുപോലെ പാപനാശനമത്രേ ജയന്തീവ്രതം. ഉറക്കമിളയ്ക്കുന്നതുകൊണ്ടുമാത്രം, ജനിച്ച മുതൽക്കേ ചെയ്ത പാപം മുഴുവൻ, ഉണക്കിലപോലെ ഭസ്മമായിപ്പോകും. ഹരിവാസരത്തിൽ പുരാണം ഭക്തിയോടെ കേൾക്കുന്നവന്റെ കോടി ജന്മങ്ങളിലെ പാപം തൽക്ഷണം വിട്ടൊഴിയും. ഹരിവാസരത്തിൽ വായിയ്ക്കുന്നവനെ പൂജിയ്ക്കുന്നവൻ ഒരുകോടി തലമുറയ്ക്ക് ഉൽഗതിവരുത്തി വിഷ്ണുലോകത്തിൽ സുഖിയ്ക്കും. ജയന്തിനോമ്പുകാരന്റെ ആയുസ്സ് താല്പര്യമില്ലയോ, അവൻ സർവ്വധർമ്മബഹിഷ്കൃതനായി ജീവിച്ചിരുന്നാലും നരകത്തിൽ പതിക്കും. ഗന്ധപുഷ്പധൂപങ്ങൾകൊണ്ടും ദീപവിളക്കുകൾകൊണ്ടും ഭക്തിയോടെ പൂജിക്കുക, ബ്രാഹ്മണനു ദക്ഷിണ കൊടുക്കുക — ഇങ്ങിനെ ജയന്തി നോറ്റു ചെയ്യുന്നവൻ ഇരുപത്തൊന്നു തലമുറയ്ക്ക് ഉത്കൃഷ്ടഗതി വരുത്തും. ഒരേർഭാര്യയോ ഒരുധവ്യയോ ഗൃഹാശ്രിതയോ സന്താനിവില്ലാത്തവരോ സമ്പന്നരോ ജയന്തി നോൽപ്പാൻ നേരിട്ടുന്നതും; അവർ വാഞ്ഛിച്ചതെല്ലാം സാധിച്ചു ഒടുക്കവും സ്വർഗ്ഗപ്രാപ്തിയും. വിഷ്ണുനാമങ്ങൾ ഭക്തിയോടെ ജയന്തീവ്രതം കൊള്ളുന്നവർ ധന്യരിലുമധന്യരത്രേ സുകൃതികൾ; അവരത്രേ കൃതീനന്മാർ; അവരത്രേ ഒരുപോറ്റുവാന്മാർ; അവരത്രേ വിദ്വാന്മാർ! മറ്റു വ്രതങ്ങളും നിയമങ്ങളും തീർത്ഥങ്ങളും ജയന്തിയുടെ പതിനാറിലൊന്നിനു തുല്യമല്ല. ഉണ്ണി, ഇപ്രാവശ്യം പരമഭക്തിയോടെ നീയും ഇരുപക്ഷങ്ങളിലും രാധാകൃഷ്ണന്മാരെ ഭക്ത്യാദരങ്ങളോടുകൂടി ഭജിക്കുന്നവൻ വിഷ്ണുസന്നിധിയിലടയും. പുലർകാലെ ജയന്തീവ്രതം പറഞ്ഞുവായിച്ചുപോന്നാൽ വൈകുണ്ഠത്തിൽ വാഴുമാറാകും. അനുവാരമില്ലാഞ്ചവൻ, കലിപ്രഷ്ടൻ, കീഞ്ഞിഹീനൻ, കരേതനിജൻ എന്നീ പാപികൾക്കുപോലും ജയന്തിമാഹാത്മ്യം നൽകും. മഹാരൗരവാദിയിലും പോരുന്ന ബ്രഹ്മഹത്യാദി പാപങ്ങൾ ചെയ്തു ജയന്തീവ്രതത്താൽ തീരെ മറിച്ചുപോകും; പുത്രാർത്ഥിയ്ക്കു പുത്രനും, ധനാർത്ഥിയ്ക്കു ധനവും, മോക്ഷാർത്ഥികൾക്കു മോക്ഷവും കൈവരും. ജയന്തിനോമ്പുനന്നിൽ ഒരുകൈ താല്പര്യമുണ്ടെങ്കിൽ അവനെ യമനും ക്രൂരമായി ഭയപ്പെടുകയില്ല; അവൻ പരമഗതിയടയും.'

ഭക്തിയോടെ ഇത്രയും പറഞ്ഞു ശാർങ്ഗപാണി മറഞ്ഞു. മഹാരാജാവേ, ഭവാൻ ചോദിച്ചതു ഞാൻ പറഞ്ഞുകഴിഞ്ഞു. ജയന്തീമാഹാത്മ്യം

Digitized By Kerala Sahitya Akademi

ത്മം സത്രേണം ശ്രവിച്ചാൽ അതെന്നെ പാപങ്ങളെല്ലാം തീർപ്പെട്ട പരമപദം പ്രാപിക്കാം. പുരാണവ്യാഖ്യാനക്കാരന്മാരേയും ജ്യോതി നോൽമുകാരനേയും കണ്ടാൽമതി, പാപികൾക്കുപോലും മുക്തികിട്ടാൻ!''

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം, ജ്യോതി മാഹാത്മ്യകഥനം നാലാമധ്യായം.

(൦)

ആദ്യാമദ്ധ്യായം

ശൌനകൻ:—''മഹാപ്രാജ്ഞനായ സൂത, എന്തുകൊണ്ടാണ് സന്തതി ഉണ്ടാകാതിരിക്കുക; എന്തുകൊണ്ടാണ് ഉണ്ടാവുക? പറയൂ.''

സൂതൻ:—''ഇതിനെപ്പറ്റി പണ്ടു മഹാത്മാവായ നാരദൻ ചോദിച്ചതിന്ന ബ്രഹ്മാവരുളിച്ചെയ്തതു, മുനിശ്രേഷ്ഠ, കേട്ടുകൊണ്ടാലും:

നാരദൻ:—'പിതാമഹ, സർവ്വജ്ഞ, പദ്മയോനേ, മനുഷ്യൻ എന്തുകൊണ്ടാണ് പുത്രഹീനനാകുന്നത്? സ്ത്രീ മച്ചിയാകുന്നത് എന്തൊരു ദോഷത്താലാണ്? എല്ലാ പ്രാണികൾക്കും നന്മകരുന്നവനായുള്ളോവേ, എനിക്കു പറഞ്ഞുതന്നാലും. എന്തു പുണ്യംകൊണ്ടാണ് ആൺകുട്ടിയുണ്ടാവുക? പെൺപ്രജയോ നപുംസകമോ പിറക്കുന്നതും കുട്ടി മരിക്കുന്നതും എന്തുകൊണ്ടാണ്?'

ബ്രഹ്മാവു്:—'ചുരുക്കത്തിൽ പറയാം; മനസ്സിരുത്തി കേട്ടുകൊൾക. കേൾക്കുന്നവർക്ക് കൈയ്യുകപ്രദമായിട്ടുള്ളതാണല്ലോ ഭവാൻ ചോദിക്കുന്നതു്:

മുൻജന്മത്തിൽ ബ്രാഹ്മണന്റെ മുതൽ അപഹരിയ്ക്കുകയോ അപഹരിപ്പിയ്ക്കുകയോ ചെയ്യുന്നതുകൊണ്ടു ഇജ്ജന്മത്തിൽ പുത്രഹീനനാകുന്നതു്. പുരാണം കേൾക്കുക, കേട്ടതിനുശേഷം സുഹൃത്തുക്കളോടുകൂടിയ ഭൂമിയേയും ധാന്യാളം പാലുള്ള പശുവിനേയും സ്വർണ്ണപ്രതിമയും ദക്ഷിണയും കൊടുക്കുക എന്നിവ ചെയ്യുകൊണ്ടു തീർച്ചയായും ആൺകുട്ടിയുണ്ടാവും. മുൻജന്മത്തിൽ മറ്റൊരാളുടെ കുട്ടിയെ ചതിച്ചു ഹിംസിച്ചു സ്ത്രീയെ മച്ചിയാകുന്നതു്. ശ്രദ്ധയോടെ പുരാണം ശ്രവിച്ചിട്ടു, സ്വർണ്ണപ്രതിമയും വളരെ ദക്ഷിണയും നൽകി, ബ്രാഹ്മണ

Digitized By Kerala Sahitya Akademi

൫൯൦ ചാമതീർത്ഥം നകുൻചാംക്കൊകുട്ടി, വമ്പിച്ച സന്താനങ്ങളുണ്ടാവും; കുട്ടികളും വളരുവോളം ജീവിച്ചിരിക്കുകയും ചെയ്യും. വെള്ളത്തിൽ വീണുപോയ കുട്ടിയെ കണ്ടിട്ട് കരയുകയോ വിഷമിക്കുകയോ ചെയ്യാത്തവർ ജന്മാന്തരത്തിൽ തീർച്ചയായും പുത്രഹീനരായും പോകും. കാള, കുമ്പളങ്ങ, സ്വർണ്ണം, വസ്ത്രം മുതലായവയെ ബ്രാഹ്മണന്മാർക്ക് നൽകുകയും, ബാലവ്രതം അനുഷ്ഠിക്കുകയും ചെയ്തിരിക്കുന്ന (എട്ടുവയസ്സിനു) കന്യകയെ വേൾപ്പിക്കുകയും ചെയ്യുന്നവർക്ക് അനൽപകുട്ടികളുണ്ടാവും; പാപങ്ങളെല്ലാം ശാന്തിയും വരും. മുൻജന്മത്തിൽ അതിഥിയെ നിരാശനാക്കുകയും ക്രോധത്താൽ മണ്ഡിപ്പിക്കുകയും ചെയ്തവന് ഒരിക്കലും പുത്രനുണ്ടാകയില്ല. ബ്രാഹ്മണനേയും അതിഥിയേയും ഭക്തിയോടുകൂടി പൂജിക്കുക, അന്നപാനങ്ങളും നൽകുക, ഒരു ശാലയും പണിയിക്കുക എന്നിവ പുത്രപ്രദങ്ങളത്രേ. മുൻജന്മത്തിൽ ഭ്രൂണഹത്യചെയ്തവർക്ക് തീർച്ചയായും കുട്ടി മരിയ്ക്കും. ഭർത്താവൊന്നിച്ചു ഫലരിവാസരം നോൽക്കുന്ന സ്ത്രീ ജന്മാന്തരവും സൽപുത്രശാലിനിയും ഭർത്തൃസുഭഗയുമായി ഭവിക്കും. മനിമറന്ന പശുക്കളെ ഉപദ്രവിക്കുകയോ ബ്രാഹ്മണസ്ത്രീയെ അപഹരിക്കുകയോ ചെയ്യുവരത്രേ നപുംസകങ്ങളായി പിറക്കുന്നത്. ഇതു പാപം തീർത്തതിനുശേഷം വല്ല പുണ്യവും ചെയ്തവരാണ് പെൺപ്രജകളാകുന്നത്.

ബ്രഹ്മണ്യ, ശ്രുതായുധത്തിന്റെ തൃതീയൻ എന്നൊരു ധർമ്മിഷ്ഠനായ രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഭദ്രവതിക്കു പുത്രനുണ്ടായില്ല. സർവ്വാസ്തുജ്ഞനായി സർവ്വത്രിതൈഷിയായ വ്യാസൻ കനകപീഠത്തിന്മേൽ ഇരുന്നി രാജാവും രാജ്ഞിയും ക്രമേണ സപത്നീകം കാൽകഴുകിച്ചു പാപനാശനമായ ആ പ്രാതീർത്ഥം നകരുകയും ചെയ്തു. രാജാവിന്റെ സവിനയമായ പ്രാർത്ഥനകേട്ടിട്ടു പാരാശര്യൻ പറഞ്ഞു:—'രാജാവേ, ഏകപത്നീവ്രതനായ അങ്ങയ്ക്കും ഈ രാജ്ഞിയ്ക്കും പുത്രനുണ്ടാകാത്തതു് ഇന്നതുകൊണ്ടാണെന്നു കേട്ടുകൊള്ളുക: മുൻജന്മത്തിൽ ഭവാൻ വൈശ്യനും ഭാര്യാ ബ്രാഹ്മണനായിരുന്നു; അനവദ്യാംഗിയായ അങ്ങയുടെ ഭാര്യയുടെ ശങ്കരി എന്നായിരുന്നു പേർ. കുമിക്കൽ തിങ്ങിയ രണ്ടുപേരുംകൂടി എങ്ങോട്ടോ പോകുമ്പോൾ ഒരു താന്ന ജാതിയിലുള്ള കുട്ടി ഒരുമിത്തിൽ വീണതു കാണുമാറായി. അതു ശ്രദ്ധിക്കാതെ നിങ്ങൾ നടന്നുകളഞ്ഞു. കുട്ടിയുടെ

Digitized By Kerala Sahitya Akademi

ച്ചുംപോയി. പല പുണ്യക്ഷേത്രം നിമിത്തം നിങ്ങൾ ഇരുവരും രാജവംശത്തിൽ ജനിച്ചുവെങ്കിലും, നിങ്ങൾ കുമ്മവിപാകത്താലത്രേ പുത്രഹീനരായിരുന്നീന്നത്തു്.

രാജാവു്:—'ബ്രഹ്മാവിൻ, ഇനി മറ്റെന്തൊരു പുണ്യംകൊണ്ടാണു് പുത്രനുണ്ടാകുക? പുത്രനില്ലാത്ത മനുഷ്യന്റെ ജീവിതം നിഷ്ഫലമാണല്ലോ.'

വ്യാസൻ:—'ബ്രഹ്മർണ്ണം, വസ്ത്രം, കാള, കമ്പളങ്ങ മുതലിവയെ ബ്രാഹ്മണന്നു നൽകുകയും, ബാലവൃത്തം അനുഷ്ഠിക്കുകയും, ഗൌരിയായ കന്യകയെ വേൾപ്പിക്കുകയും പുരാണം കേൾക്കുകയും ചെയ്താൽ അങ്ങയ്ക്കു പുത്രനുണ്ടാവും; പാപത്തിന്നൊക്കെ ശാന്തിയും വരും.'

ഇങ്ങിനെ വ്യാസൻ ഉപദേശിച്ചവിധം രാജാവും പുരാണശ്രവണവും ചെയ്തു പാർത്ഥിവൻ ദീർഘമുള്ളനായിരുന്നീന്നു; ഒരാണ്ടിന്നകത്തിൽ അഭീഷ്ടത്തിനു സർവ്വപൂജിതനായ പുത്രനും ജനിച്ചു. സുന്ദരനായിരുന്ന അവൻ ചക്രനേതാവായി ചക്രവർത്തിയായിവാഴുകയും ചെയ്തു..

ഞാൻ മുമ്പുള്ളതിൽ പറഞ്ഞ ഇല്ല ഭക്തിപൂർവ്വം ശ്രവിക്കുകയും അതു ശ്രേഷ്ഠനായ നൽകുകയും ചെയ്താൽ പുത്രനില്ലാത്തവർക്കു പുത്രനുണ്ടായിവരും. ഭക്തിയോടേ ശ്രവിച്ച ശാസ്ത്രോക്തവിധിപ്രകാരം ബ്രാഹ്മണനെ പൂജിക്കുന്ന സ്ത്രീ മറ്റെന്നെങ്കും സൽപുത്രശാലിനിയായിത്തീരും. പുരാണത്തിൽ, ഭക്തിയോടുകൂടി ഛത്രം വെള്ളിയും വസ്ത്രവും പൂമാലയും ചന്ദനവും ദാനംചെയ്താൽ എല്ലാ പാപവും നീങ്ങും. മുൻജന്മത്തിൽ മൂഢത്വത്താൽ ബ്രാഹ്മണക്കുട്ടിയെ ഹിംസിച്ചുവന്ന ഏഴുജന്മത്തോളം ക്രൂരപുത്രനേ പിറക്കൂ."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം: ബ്രഹ്മാന്തരമഹാസംഖ്യാദാനം അനപത്യാകാമോപാഖ്യാനം അഞ്ചാമദ്ധ്യായം.

(൦)

ആറാമദ്ധ്യായം

ശൌനകൻ:—"സൂതാ, എല്ലാ പുണ്യത്താലുണ്ടാകുന്നതാണു് ഈവകയെന്നും കേട്ടു? അതു പറഞ്ഞുതന്നാലും. അങ്ങനെയാണു് മറ്റുള്ളവ സംസാരക്കടലിനു കപ്പൽ."

Digitized By Kerala Sahitya Akademi

സൂതൻ:—"കൊള്ളാം, ഏവർക്കും നന്മ ചെയ്യുന്ന മുനിശ്രേഷ്ഠരേ, കൊള്ളാം! ശ്രോതാക്കൾക്കു പാപനാശനമായ അതു ഞാൻ പുരുക്കത്തിൽ പറയാം:

ബ്രഹ്മാവും മറ്റുള്ളവരും വിഷ്ണുവിനും ബ്രാഹ്മണനും മന്ദിരം തീർപ്പിച്ചു നൽകുന്നവരാം അവൻ പാപമെല്ലാം നീങ്ങി വിഷ്ണുലോകം പുകൾ നിനെന്നും മാളികകളിൽ വാഴും. കുമ്മായമിട്ട ഗൃഹം വിഷ്ണുവിനും ബ്രാഹ്മണനും നൽകുന്നവൻ ഹരിമന്ദിരം പ്രാപിച്ചു സ്വർഗ്ഗത്തിൽ വസിക്കും; ഒടുവിൽ ഒരു കോടി തലമുറയോ ടൊപ്പം വിഷ്ണുപുരം പ്രാപിച്ചു കനകമാളികമേൽ വസിച്ചു സുഖമനുഭവിക്കുകയും ചെയ്യും. മഹർഷേ, ബ്രാഹ്മണനു പാപ്പിടം നൽകിയാലുള്ള പുണ്യം കണക്കാക്കുവാൻ സർവ്വസ്രഷ്ടാവായ ബ്രഹ്മാവുപോലും ശക്തനാകുന്നില്ല. പൊടികൊണ്ടു എണ്ണിത്തീർക്കാം; മഴത്തുള്ളികളും എണ്ണിത്തീർക്കാം; ബ്രാഹ്മണനു പാപ്പിടം നൽകിയാലുള്ള ഫലമാകട്ടെ ബ്രഹ്മാവിനും എണ്ണാവുന്നതല്ല. പണ്ടു നാരദൻ ചോദിയ്ക്കുകയാൽ, സഞ്ചാരകുതുകിയായ നാദമുഖൻ അരുളിച്ചെയ്തതു കേട്ടുകൊള്ളുക:

(കിളിപ്പാട്ടു—കാകളി)

പണ്ടഹോ, ദ്വാപരമാകും യുഗത്തിങ്കൽ-
ലുണ്ടായിരുന്നപോൽ നല്ലൊരു വേശ്യയാകം;
കൊണ്ടലിനൊത്ത വാർക്കുന്തലും മാൻപിട-
ക്കിണ്ടൽ വളർത്തുന്ന നീണ്ട നേത്രങ്ങളും
പുഞ്ചിരിച്ചന്തവും മേരുമാഹാരംക്ക പോർ
പഞ്ചബാണാംഗിയെന്നത്രേ, ദ്വിജോത്തമ.
മാനവന്മാരെ മയക്കിപ്പുണ്ടാംപിടി-
ക്കാനായ് പുറപ്പെട്ടാരമ്പലം പുക്കവൾ
മറവിലു തിന്നങ്ങു ശേഷിച്ചു പുണ്ണാനു
ചെറവാന്ന തേച്ചാകം പുവരിലടന്നോടം;
പിന്നെപ്പുരിയിലണഞ്ഞൊരു ജാരനോ-
ടിന്നോടമെന്ന പറഞ്ഞുറപ്പുള്ളവൻ.
മാവിലുഴറി നടന്നവർ സങ്കേത-
മെയ്തിച്ച കാന്തനവിടുന്നു ചെന്നപ്പോഴോ,
അപ്പുണക്കാരനെന്തരു കണ്ടീലുവർ-
ക്കല്പനമായി പത്രതരം ത്രസ്കരം:—

Digitized By Kerala Sahitya Akademi

'വന്നതേതാരാഞ്ഞതെന്തെൻ ഭ്രാതൃത്വം, വ്യാജമല്ലമോ
വന്പിച്ചു പാണ്ഡ്യാ പിടിച്ചു വിഴുങ്ങിയോ?
മന്ത്രമാൽ പൊരാഞ്ഞിസ്ഥലം വിട്ടവൻ
മറൊരു നാടിയെത്തേടിഗ്ഗമിച്ചിതോ?'
ഖിന്നശിധാശങ്കയാകുമവം കൊട്ട-
വാതിൽകാപ്പോരുമക്കറിപ്പുള്ള പേടിയാൽ
പട്ടണത്തെയ്യും മടങ്ങാതെ നിൽക്കയായ്;
വിഷ്ടപം ക്രമിച്ചാണ്ടുമിരുന്നതേ.
അപ്പോഴേ കാലനായച്ചൊരു വൻപുലി
കൊല്ലോടണഞ്ഞു വിഴുങ്ങിനാൻ വേഗത്തെയ;
ഉത്ഭടർ വന്നെത്തി കാലപ്പുരാക്കളെ-
മപ്പാപവൃത്തനെക്കാമടിപോയിടുവാൻ.
കാലും വളഞ്ഞു മുറുകെപ്പരിഞ്ഞതി-
സ്ഥൂലമേഷ്ടാനുചിതർ മൂക്കുയന്നോരവർ
ശൈലക്രൂരാംഗരാത്തേവിടിയപ്പുണ്ണിനെ-
ത്തോലിൻകയർകൊണ്ടുകെട്ടിനാരന്നമടൽ.
തൽക്ഷണമാവിർഭവിച്ചു കേതപ്രിയൻ
ലക്ഷ്മീമണാളൻ നിയോഗിച്ച പാർഷദർ;
വ്യനാസോൽഫുല്ലവക്ത്രപങ്കേരുഹർ,
ദിവ്യസൽകുണ്ഡലശ്രീമാനമാലികം,
കണ്ടാരൊരേ വരിയായി നടക്കുമാ-
റൊണ്ടൽവണ്ണന്മാർ കൃതാന്തദൂതകളെ.
വിഷ്ണുദൂതന്മാർ:—
'നിങ്ങളാരാശ്രമക്കൊപ്പം വിശ്രപാശഗ-
രെയുങ്ങൊട്ടി കൊണ്ടുപോകുന്നിതിസ്സാധുവിനെയ?
ശ്രയിപ്പാനും പാരം പ്രിയപ്പെട്ടവനിവൻ'—
ഗീരിതുകേട്ടാശു പോത്തു യമഭടർ.
സ്പീതരോഷേണ കുരുത്തരാം വൈഷ്ണവ-
ദൂതരങ്ങന്തകകിങ്കരന്മാർക്കുമിൻ
കോടിസൂര്യപ്രഭചക്രാദിശസ്ത്രങ്ങൾ
പ്രയോഗിച്ചുകൊണ്ടിരുപ്പീരിലുനൊപ്പമേ.
പേടിച്ചു കേണാത്തു പാഞ്ഞുതപനാന്തക-
നോടി ചുരിത്രുമുണത്തിനാരുവർ.

Digitized By Kerala Sahitya Akademi

മൈഥിലപതൻ ചിരഞ്ജീവിയാകട്ടെയിതാ-
'നീ ചൊല്ലുക ചാരുകഥയെന്നുടെ മുഖതാരിൽ നിന്നായ്'!'

ചിരഞ്ജീവികൾ:—

'ജന്മമൃതങ്ങൾക്കു ചെയ്തിട്ടുണ്ടിവർ പോലും
നിന്മയനെന്നാകിലുമുണ്ടൊരനാദിയും:
ചാരുവിചിത്രമീ ചാതുരിപൂണ്ടനിനാഥൻ-
ഇല്ലാരുടെയുമാകാതൊന്നുമുരചെയ്കയില്ല
ഇന്നുമെങ്ങാരുമീചാതുരിയെ വെടിഞ്ഞീടുകയില്ല
ട്ടംഗുലീസകുമാരന്മാരിൽ ചൊല്ലു തിരുനിനക്ക്
അപ്പുണ്യനൊരുനിൻമതിയിലെഴീവെശ്യ
നിഷ്പാപനായ് ചിരഞ്ജീവിയായ് ഭവിക്കയാം,
ണ്ഡ്യനല്ലാതുള്ളിവരിൽ ഭൂസകലരുമാ-
ലന്യകാര്യത്തിനെന്നാലുമുണ്ടിനാനവരുമൻ.
നരേണവിടിഞ്ഞിശോ, രാജവംസാഢ്യമാം
പൊൽശോഭിതലോറി മുകുന്ദഭടരുമായ്,
ശൈശവീപുരംപുക്കെതിരേൽക്കോടിയംഭാ-
ന്മാരരാത്രമേടമേൽവാണിയതാസുഖം.
കേന്ദിയാൽകുമ്മായമിടിച്ചുതമന്ദിര-
ത്തിന്നിമേൽതേജീഭപുണ്യമെന്നായ് വരാം!
ഇതരൊരാഖ്യാനം ശ്രവിച്ചീടുമോസാദരം
വാങ്മികയോടുചാരുപോരുന്നമിത്യന്നം
പാപങ്ങളെല്ലാമൊക്കെയുന്നിങ്ങിപ്പവിത്രമാം
ശ്രീപത്മനാഭമിയന്നിവണ്ണമേ."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം,
ക്ഷേത്രസുധാമാഹാത്മ്യനാമാധ്യായം ആറാമധ്യായം.

(o)

രണ്ടാമധ്യായം

ശൗനകൻ:—"ധീമൻ, ഭഗവദ്ഭക്തകർമ്മങ്ങളാലാണ് ദുസ്തരമായ സംസാരസമുദ്രത്തിൽ നിന്നു ഗോതമാദി ബ്രാഹ്മണർക്കുമാറാവുക? തദ്വാസ്തുമിയുടെ മാഹാത്മ്യവും പറയുക."

Digitized By Kerala Sahitya Akademi

സൂതൻ:—"മഹാപ്രാജ്ഞരേ, ഇതിനെപ്പറ്റിയും പണ്ടു നാരദൻ ബ്രഹ്മാവിനോടു ചോദിക്കയുണ്ടായി; അതു മുനികളിൽ കേട്ടുകൊള്ളുക:

നാരദൻ:—'മഹാബുദ്ധിമാനായി സർവ്വാന്തര്യാമിയായ പിതാമഹ, രാധാജന്മാഷ്ടമി നോറ്റാലുള്ള പുണ്യഫലവും എന്താണ്? ആ പണ്ടു അതനുഷ്ഠിച്ചിട്ടുണ്ട്? അതെപ്പോഴാരംഭിക്കണം? ദോഷം എന്തായിരിക്കും? അതുകൊണ്ടാണ് സ്ത്രീകൾ അതാചരിക്കേണ്ടതു? രാധയുടെ അവതാരം എതിൽ നിന്നാണ്? ഇതെല്ലാം എനിക്കു പറഞ്ഞുതരിക.'

ബ്രഹ്മാവു്:—'ഉണ്ണി, നാരദ, രാധാജന്മാഷ്ടമിയുടെ പുണ്യഫലം ഞാൻ തെല്ലിട്ടാണ്ടു പറഞ്ഞു തരാം; മുഴുവൻ പറയാൻ മുകുന്ദനൊഴിഞ്ഞു മറ്റാരും തുനിഞ്ഞില്ല. രാധാജന്മാഷ്ടമി ഒരിക്കൽ ഭക്തിയോടെ നോറ്റാൽ, കോടി ജന്മങ്ങളിലെ ബ്രഹ്മഹത്യാദി മഹാപാപം പോലും തൽക്ഷണം വിട്ടൊഴിയും. അതിനാൽ മുതിർന്നവരിലുള്ളതിനേക്കാൾ നൂറിരട്ടി പുണ്യഫലം ഒരു രാധാഷ്ടമികൊണ്ടു സിദ്ധിയ്ക്കും; മഹാമേരുവോളം സ്വർണ്ണം ദാനം ചെയ്യുന്നതിനേക്കാൾ നൂറിരട്ടി പുണ്യം ഒരിക്കൽ കൃഷ്ണപ്രിയാഷ്ടമി നോറ്റാൽ കിട്ടും; അതിനിരട്ടി പൊൻകൊട കഴിച്ചാലുള്ള പുണ്യം ഒരു രാധാഷ്ടമികൊണ്ടു ലഭിയ്ക്കും; ഗംഗാതീർത്ഥങ്ങളിലൊക്കെ സ്നാനം ചെയ്താലുള്ള ഫലം വൃഷഭാനുസുതാഷ്ടമികൊണ്ടു കിട്ടും. ഈ വ്രതം അനുഷ്ഠിക്കാൻ നിർബ്ബന്ധമുണ്ടോ എന്നറിയാൻ പാപിയായാലും ഒരു കോടി തവണയെങ്കിലും വിഷ്ണുലോകം പൂകും.

പണ്ടു, കൃതയുഗത്തിൽ, മാൻമദമടക്കിയ ദേവന്മാരും മുനിമാരും മന്ദസ്മിതവും പുരുഷിരങ്ങളെ തഴുകിയും നടക്കുന്ന ഒരു ദേവിയും വേൺ സുന്ദരിയായി കൃഷ്ണേശ്വരിയായി ലീലാവതി എന്നൊരു തേടിയിരുന്നു. അവർ അനാഥയായി പ്രാപ്തമായിട്ടുണ്ട്. ഒരിക്കൽ അവർ ധനസമ്പാദനത്തിനായി പട്ടണത്തിൽനിന്നു പുറപ്പെട്ട മറ്റൊരു നഗരത്തിൽ ചെന്നെത്തി. അവിടെ ഒരു മനോഹരമായ ദേവാലയത്തിൽ അസംഖ്യം ആളുകൾ കൂടിയിരുന്നു. അവർ രാധാഷ്ടമിവ്രതം അനുഷ്ഠിക്കുന്നതിനുള്ള ഗന്ധപുഷ്പധൂപദീപങ്ങളും പലതരം ഫലങ്ങളും രാധയുടെ ശ്രേഷ്ഠപ്രതിമയും മുമ്പിൽ കാണുകയായിരുന്നു: ചിലർ പാടുന്നു പാടുന്നു; ചിലർ നൃത്തം ചെയ്യുന്നു; ചിലർ പുണ്യ

Digitized By Kerala Sahitya Akademi

സ്തോത്രം ചൊല്ലുന്നു; പിന്നീട് കുഴിത്താളം കൊട്ടുകയും കൊടുക്കുഴൽ ഊതുകയും മൃദംഗം വായിക്കുകയും ചെയ്യുന്നു. അങ്ങനെയെല്ലാം കണ്ടിട്ട് കൈതവകം പൂണ്ട ലീലാവതി അവരുടെ അടുക്കൽ ചെന്ന് ഇങ്ങനെന്താണെന്നു സവിനയം ആരാഞ്ഞു. അപ്പോൾ ചൈഷ്ണവർ പരോപകാരപ്രിയനായ അവളോട് പറയാൻ തുടങ്ങി:—'രാധാദേവി അവതരിച്ച ലോഷ്ടപദനഗരിയിലെ ശുക്ലാഷ്ടമിയാണിന്ന്; അതു കൊണ്ടാടുകയാണ് ഞങ്ങൾ. ഗോഹത്യ, ബ്രഹ്മഹത്യ, സ്ത്രീഹത്യ, ചൌര്യം, പരസ്ത്രീഹരണം, ഗുരുദാരഗമനം, വിശ്വാസവഞ്ചനം എന്നീ പാപങ്ങൾ ഒരൊറ്റ അഷ്ടമിയാൽ നശിച്ചുപോകും.'

ഇതു കേട്ടിട്ട്, 'സർവ്വപാപനാശനമായ ഇതു ഞാനും അനുഷ്ഠിക്കുകതന്നെ' എന്നുറച്ചു് ആ വ്രതിനികളോടൊരുമിച്ചു് ആ വ്രതം ആചരിച്ചു. പിന്നെ, നിർമ്മലയായ അവൾ വിധിവശാൽ ഒരു പാമ്പുകടിച്ചു മരിച്ചുപോയി. ഉടനെ, കയറും ചുറ്റികയും കൈക്കൊണ്ട കാലദൂതന്മാർ വന്നു കെട്ടി വരിഞ്ഞു് അവളെ യമാലയത്തിലേയ്ക്കു കൊണ്ടുപോകാൻ തുടങ്ങി. തൽക്ഷണം ശംഖചക്രഗദാപാണികളായ വിഷ്ണുപാർഷദന്മാർ രാജഹംസങ്ങളെ പൂട്ടിയ കാഞ്ചനവിമാനവുമായി വന്നു ചേരുകയും, വെമ്പലോടേ കയർ ചക്രംകൊണ്ടു മുറിച്ചുകളഞ്ഞു, പാപം നീങ്ങിയ അവളെ സ്വീയ വിമാനത്തിൽ കയറി, ഗോലോകമാകുന്ന വിഷ്ണുപുരത്തിലേയ്ക്കു കൊണ്ടുപോവുകയും ചെയ്തു. വ്രതമാഹാത്മ്യത്താൽ അവർക്കു രാധാകൃഷ്ണന്മാരൊന്നിച്ചു് അവിടെ വസിയ്ക്കുമാറായി.

മുൻപത്തെ രാധാഷ്മി നോൽക്കാത്തവനാകട്ടെ, നൂറുകോടി കല്പങ്ങൾകൊണ്ടും നരകത്തിൽനിന്നു വിടുതി കിട്ടുകയില്ല. രാധാകൃഷ്ണപ്രീതികരവും സർവ്വപാപനാശനവുമായ ഈ വ്രതം നോൽക്കാത്ത സ്ത്രീകളെ അന്ത്യകാലത്തു യമിമാരെല്ലാം പുഴുവരുമെന്നും നരകത്തിൽ കിടക്കും. എപ്പോഴെങ്കിലും ഭൂമിയിൽ ജനിച്ചാൽ വിധവമാരായും തീരും.

ഉണ്ണി, ഒരിക്കൽ ദുർജ്ജനഭാരത്താൽ പീഡിതയായി വശം കെട്ട ഭൂമി ഒരു പശുവിന്റെ രൂപം പൂണ്ടു് എന്റെ അടുക്കൽ വന്നു വീണ്ടും വീണ്ടും കരഞ്ഞുകൊണ്ടു സങ്കടം പറഞ്ഞു. ഞാൻ ഉടനെ വിഷ്ണുവിന്റെ അടുക്കൽ ചെന്നു ഭൂമിയുടെ സങ്കടമെല്ലാം ഉണർത്തിച്ചു. അവിടുന്നരുളിച്ചെയ്തു:—'ബ്രഹ്മാവേ, അങ്ങു ദേവകളേയും കൂട്ടാണിച്ചു ഭൂലോകത്തെയ്ക്കു പോയ്ക്കൊൾക; ഞാനും എന്റെ ഗണങ്ങളെ

Digitized By Kerala Sahitya Akademi

ളോടൊരുമിച്ചു് അങ്ങോട്ടു വന്നുകൊള്ളാം.' അപ്രകാരം ഞാൻ ദേവകളോടൊന്നിച്ചു ബ്രഹ്മലോകത്തേയ്ക്കു പോയി. കൃഷ്ണനാകട്ടെ, പ്രാണപ്രിയയായ രാധയെ വിളിച്ചുചൊല്ലിക്കൊണ്ടു: —'ദേവി, ഞാൻ ഭൂഭാരം തീർക്കാനായി ഭൂമിയിലേയ്ക്കു പോകുകയാണു്. നീയും മനുഷ്യലോകം പ്രാപിക്കുക.' ഇതു കേട്ടിട്ടു രാധ ഭൂമിയിലേയ്ക്കിഴിഞ്ഞുവീണു, പ്രോജ്ജ്വലപദ്മകുഞ്ജത്തിങ്കൽ, വൃഷഭാനുയജ്ഞത്തിന്നായി വെട്ടിപ്പു വരുത്തുന്ന സ്ഥലത്തു നിന്നു ബഹിർഗതയായി, ആ ദിവ്യരൂപിണിയെ കൈയ്ക്കൊണ്ടു സന്തുഷ്ടനായ രാജാവു് സ്വഗൃഹത്തിലേയ്ക്കു പോന്നു. ബാലികയെ പട്ടമഹിഷിയുടെ കയ്യിൽ കൊടുത്തു. രാജ്ഞി കുട്ടിയെ പോറ്റി വളർത്തുകയും ചെയ്തു. ഞാൻ പോരിച്ചതു ഞാനിതാ പറഞ്ഞുതന്നു. ഇതു ഗോപ്യങ്ങളിൽ വെച്ചും ഗോപ്യമത്രേ.'

നാലുപുരുഷാർത്ഥത്തേയും നൽകുന്നതായ ഇതു ഭക്തിപൂർവ്വം ശ്രവിക്കുന്നവൻ പാപങ്ങളെല്ലാം കഴിഞ്ഞു ഒടുവിൽ വിഷ്ണുസദനം പ്രാപിക്കും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം,
രാധാക്ഷ്മീമാഹാത്മ്യകഥനം എഴാമദ്ധ്യായം.

എട്ടാമദ്ധ്യായം

ശൗനകൻ:—"സൂത, എന്തിനാണ് പണ്ടു ദേവകൾ സമുദ്രം കടഞ്ഞതു്? എനിക്കു് അതൊന്നുകേട്ടാൽ കൊള്ളാമെന്നുണ്ടു്."

സൂതൻ:—"ബ്രഹ്മൻ, സമുദ്രമഥനം ഇന്നതിനായിരുന്നു എന്നു ഞാൻ ചുരുക്കത്തിൽ പറയാം; ദുർവ്വാസസ്സിന്റേയും ഇന്ദ്രന്റേയും സംവാദത്തെ അനുശ്രുതിച്ചതായ ആ ഇതിഹാസം കേട്ടുകൊള്ളുക:

തപസ്സും തേജസ്സുമേറിയ ശിവാംശജനായ ദുർവ്വാസസ്സുമഹർഷി കൈലാസത്തിൽ ഇന്ദ്രനെ കാണ്മാനായി സ്വർഗ്ഗത്തിൽ ചെന്നു. അപ്പോൾ ഐരാവതത്തിന്മേൽ ഐശ്വര്യലോകാധിപനായ ദേവേന്ദ്രൻ പുറപ്പെടുകയായിരുന്നു. പാരിജാതപുഷ്പങ്ങൾകൊണ്ടുള്ള ഒരു മാല മഹർഷി ദേവേന്ദ്രനു കൊടുത്തു. മഘവാൻ ആ മാല വാങ്ങി ആനയുടെ മസ്തകത്തിന്മേൽ വെച്ചു

Digitized By Kerala Sahitya Akademi

സൈന്യങ്ങളോടുകൂടി നന്ദനത്തിലേയ്ക്കു യാത്രയായി. ഞാനയാകട്ടെ, ആ മലയെടുത്തു പൊട്ടിച്ചു നിലത്തു വിതറിക്കളഞ്ഞു. മഹർഷി കൂടുതൽ കോപം പൂണ്ടു് ഇപ്രകാരം ഉച്ചരിച്ചു: —'ത്രൈലോക്യലക്ഷ്മീസമേതനായ നീ എന്നെ അവമാനിക്കയല്ലയോ ചെയ്തതു്? അതിനാൽ നീ ഉടനെ ത്രൈലോക്യലക്ഷ്മി നശിച്ചുപോകും.' ശാപമേറ്റ ശക്രൻ ഉടനെ സ്വർഗ്ഗത്തിലേയ്ക്കു കടന്നു. ലോകമാതാവായ ലക്ഷ്മി സ്വയം പോയി മറഞ്ഞു; അന്നോടുകൂടി ലോകം മുന്നം പാഴായിത്തീർന്നു. സകലവും വിരൂപവും ദാഹവും പൂണ്ടു നിരന്തരം നിലവിളിക്കുകയായി. മേഘം മഴ ചെയ്തില്ല; ജലാശയങ്ങളെല്ലാം വറ്റിവരണ്ടു; വൃക്ഷങ്ങളെല്ലാം പൂവും കായും കൊഴിഞ്ഞു് ഉണങ്ങിപ്പോയി.

വിശ്വം മാത്രവും അപഹരിക്കപ്പെട്ടവനുകൂടി ബ്രഹ്മാവിന്റെ അടുക്കൽ ഒരു സങ്കടമില്ലാതെ ഓടിച്ചെന്നു. പിതാമഹൻ ദേവകളോടും ഭൃഗുമുതലായ മഹർഷിമാരോടുംകൂടി പാലാഴിയുടെ ഉത്തരതീരത്തു ചെന്നെത്തി, അഷ്ടാക്ഷരമന്ത്രം ജപിച്ചും ധ്യാനിച്ചും പുരുഷോത്തമനെ പൂജിച്ചു. അതിൽ തിരുവുള്ളമെന്തിഞ്ഞു ജഗദീശനായ ഭഗവാൻ ഗരുഡന്റെ പുറത്തേറി ദേവകളുടെയെല്ലാം മുമ്പിൽ പ്രത്യക്ഷീഭവിച്ചു. ശംഖചക്രഗദികൾ ധരിച്ചു നാലു തൃക്കൈകളോടും ശ്രീവത്സകൗസ്തുഭവനമാലികളാൽ ശോഭിക്കുന്ന മാർത്തടത്തോടും താമരപ്പൂപോലുള്ള തൃക്കണ്ണുകളോടും പീതാംബരത്തോടുംകൂടിയ ആ സംസാരാബ്ധിപോതത്തെ തിരുവടിയെ ദേവകൾ ആനന്ദാശ്രുപൂർണ്ണനേത്രങ്ങളിൽ തുറന്നു ജയശബ്ദം ചൊല്ലി സ്തുതിച്ചു തത്തുല്യതരമനസ്കരായി.

ഭഗവാൻ: —'ദേവകളേ, വരം വാങ്ങിക്കൊൾവിൻ. എന്തിനാണു് നിങ്ങൾ വന്നതു്? പറയുവിൻ. വേണ്ടുന്ന വരം ഞാൻ തരുന്നുണ്ടു്.'

ദേവകൾ: —'ദയാനിധേ, സ്വാമിൻ, മഹർഷിശാപത്താൽ, ദേവാസുരമനുഷ്യരാകെപ്പെട്ട ലോകം മുന്നം സമ്പത്തെല്ലാം നശിച്ചു് മൊഹദാഹങ്ങളാൽ പരവശമായിത്തീർന്നിരിക്കുന്നു. ഇനിയും രക്ഷിക്കണേ! ഞങ്ങൾ നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കയാണു്.'

ഭഗവാൻ: —'അങ്ങയുടെ കടാക്ഷമാത്രത്താൽ ലോകം മൊഹശാപത്തിൽനിന്നു മോചിതമാകുമോ, അല്ല ശ്രീദേവി ഭൃഗുവനശാപത്താൽ മറഞ്ഞിരിക്കുകയാണു്. അതിനാൽ നിങ്ങളെല്ലാവരുംകൂടി സമുദ്രത്തിന്റെ മന്ദ

Digitized By Kerala Sahitya Akademi

രം പറിച്ചു കടകോലാക്കി സപ്തപ്പുന്നെക്കൊണ്ടു ചുറ്റി, അസുരന്മാരൊന്നിച്ചു പാലാഴി കടയുവിൻ; അതിൽനിന്നു ലോകമാതാവായ ലക്ഷ്മി അവതരിക്കും. അതോടുകൂടി നിങ്ങൾക്കു സ്വാസ്ഥ്യവും വരും. പർവ്വതത്തെ ഞാൻതന്നെ അമർത്തിക്കൊള്ളാം.'

ഇതുമരുളിച്ചെയ്തു വിഷ്ണുഭഗവാൻ മറഞ്ഞു. ദേവാസുരന്മാർ ഒത്തൊരുമിച്ചു സമുദ്രമഥനത്തിനും ഒരുങ്ങി.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, സമുദ്രമഥനകഥാരംഭം
എട്ടാമദ്ധ്യായം.

ഒൻപതാമധ്യായം

സൂതൻ;—ദേവകളും ഗന്ധർവ്വരും അസുരന്മാരുംകൂടി മന്ദരപർവ്വതം പറിച്ചെടുത്തു പാലാഴിയിലിട്ടു. അതിന്റെ കീഴ്ഭാഗത്തു മഹാമൂവാതെ ജഗദീശൻ തിരുവടി കൂർമ്മരൂപിയായി നിന്നു പുറംകൊണ്ടു താങ്ങി. അതിന്മേൽ അനന്തനെ ചുറ്റി അവർ ക്ഷീരസാഗരം കടയുകയായി. ഒന്നാമതായി അതിൽനിന്നു് ഏകാദശിനാളിൽ കാളകൂടവിഷം പുറപ്പെട്ടു. അതുകണ്ടു് എല്ലാവരും പേടിച്ചോടി. അപ്പോൾ ശിവൻ പറഞ്ഞു:—'അല്ലയോ, ദേവന്മാരേ, നിങ്ങടെ വിഷം എന്റെ കയ്യിൽ തന്നോളുവിൻ. ഞാൻ എടുത്തുകൊള്ളാം.' ഇപ്രകാരംപറഞ്ഞു പാർവ്വതീവല്ലഭൻ വിഷ്ണുവിനെ ധ്യാനിച്ചു മഹാമന്ത്രം ഉച്ചരിച്ചു് ആ ഭയങ്കരമായ വിഷത്തെ ഭക്ഷിച്ചു. മഹാമന്ത്രത്തിന്റെ പ്രഭാവത്താൽ വിഷം ഭംഗിച്ചുപോയി. അമൃതാനന്ദഗോവിന്ദനാമത്രയത്തെ പ്രണവം മുമ്പിലും നമഃശബ്ദം ഒടുവിലും ചേർത്തു ഭക്തിപൂർവ്വം ജപിയ്ക്കുന്നവന്നു വിഷഭീതിയും ജഗദ്ഭീതിയും മൃത്യുഭയവും നേരിടുന്നതല്ല.

മനംകലിഞ്ഞ ദേവന്മാർ വീണ്ടും പാൽക്കടൽ കടഞ്ഞു. അപ്പോൾ കറുത്ത മുഖവും തുടുത്ത കണ്ണും ചുവന്ന മഞ്ഞൾത്തലമുടിയും മുകിൽവർണ്ണമുള്ള ദേഹവും പൂണ്ട ജ്യേഷ്ഠലക്ഷ്മി, ഉളവായിവന്നു. ആ ജ്യേഷ്ഠ ദേവകളോടു 'ഞാൻ എനിക്കുവേണ്ട'തെന്നു ചൊല്ലിച്ചു. ദുഃഖകാരിണിയായ അവളോടു ദേവകൾ പറഞ്ഞു:—'ജ്യേഷ്ഠാദേവി, എങ്കിലതാ ഏ

Digitized By Kerala Sahitya Akademi

ത്തിൻ കല്പകമുണ്ടോ ഞാവിടമാണ് ഭാരതിയ്ക്കു പാഠ്യിടം. പരദ്രവ്യവും അന്യതനും പറയുന്നവരുടേയും, സന്ധ്യയ്ക്ക് ഊണ് കഴിക്കുന്നവരുടേയും ഗൃഹത്തിലും, തമ്പാരോട്ട്. തലമുടി-പാദം-എല്ല്-ഉമി- കരിക്കട്ട എന്നിവ കാണുന്ന ഗൃഹത്തിലും, കാൽ കഴുകാതെ ഊണ് കഴിക്കുന്ന നികൃഷ്ടമനുഷ്യരുടെ ഗൃഹത്തിലും, മണ്ണാങ്കട്ടകൊണ്ടോ ഉപ്പുകൊണ്ടോ കരിക്കട്ടകൊണ്ടോ പല്ലു തേയ്ക്കുന്നവരുടെ ഗൃഹത്തിലും, ക്രൂരം ക്രൂരമായും എരുമിൻപിണ്ണാക്കും മുരങ്ങയും ഉള്ളിയും പീനാറിയിലയും വശളച്ചീരയും തിന്നുന്ന പാപികളുടെ ഗൃഹത്തിലും, ഗുരുദേവാതിഥിപൂജയോ സജ്ജനാചാരമോ വേദപാഠമോ ഇല്ലാത്ത ഗൃഹത്തിലും, പരമാരരന്ധ്രന്മാർ—പരസ്വാപഹാരികൾ—ബ്രാഹ്മണരേയും വൃദ്ധരേയും സജ്ജനാചാരങ്ങളേയും പൂജിക്കാത്തവർ എന്നിവരുടെ ഗൃഹത്തിലും ദുഃഖദാരിദ്ര്യഭീതിയായ നീ കലിയോടൊന്നിച്ചു വസിച്ചുകൊള്ളുക.' ഇങ്ങിനെ കലിവല്ലഭയായ ജ്യേഷ്ഠയോടുപദേശിച്ചിട്ടു ദേവകൻ വീണ്ടും മനസ്സിരുത്തി പാൽക്കടൽ കടഞ്ഞുതുടങ്ങി.

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, സമുദ്രമഥനം;
ജ്യേഷ്ഠാപ്രാദുർഭാവം എന്നതാമധ്യായം.

പത്താമദ്ധ്യായം

സൂതൻ:—പിന്നെ ഐരാവതം എന്ന ഗജവും ഉച്ചൈഃശ്രവസ്സെന്ന അശ്വവും ധന്വന്തരിയും കല്പകവൃക്ഷവും കാമധേനുവും അപ്സരസ്ത്രീകളും ഉൽഭവിച്ചു. പാദശിനാർ ത്രയോദശത്തിൽ സൂര്യോദയത്തോടുകൂടി, സർവ്വലക്ഷണശോഭിതയായ മഹാലക്ഷ്മി ഉണ്ടായി വന്നു. സർവ്വപ്രാണികൾക്കും മാതാവായി വിഷ്ണുവിന്റെ തിരുമാറിൽ കുടികൊള്ളുന്ന ആ മഹാദേവിയെ കണ്ടിട്ട് ദേവകളെല്ലാം അത്യന്തം സന്തോഷിച്ചു. പിന്നെ ലക്ഷ്മിയുടെ സഹോദരനായ ചന്ദ്രൻ സുധയോടുകൂടി സംജാതനായി. ലോകമാതാവായ വിഷ്ണുപ്രിയയായ ലക്ഷ്മിയും പിന്നീടവതരിച്ചു.

പൂർണ്ണമനോരഥനായ ദേവകൻ തന്റെ മുൻനിലയിൽവെച്ചു മാതാവിന്റെ അടുക്കൽവെച്ചു പ്രേമപൂർവ്വമായ ശ്രീസൂക്തം ജപിച്ചു

Digitized By Kerala Sahitya Akademi

സ്തുതിച്ചു. തിരുമുള്ളം തെളിഞ്ഞ ദേവി ശ്രീപരമേശ്വരനോടുവരാടുമായി അരുളിച്ചെയ്തു:—'ദേവശ്രേഷ്ഠന്മാരേ, നിങ്ങൾക്കു മംഗളം! വരം ചോദിച്ചുകൊൾവിൻ.'

ദേവകൾ:—'സർവ്വമാതാവേ, വിശ്വൈകജനനിയേ, ലക്ഷ്മീദേവി, പ്രസാദിച്ചാലും! നിന്തിരുവടിയാടെ വേർപാടുകൊണ്ടു ലോകം ശൂന്യമായിരുന്നിന്നു; ദേഹികളെ കൃത്തരക്ഷിച്ചരുളണം.'

ഇതുകേട്ടിട്ടു, മധുസൂദനപ്രിയനായ ദേവദേവിയ്ക്കു', 'ഇനി സപ്ത പ്രാണികളേയും ഞാൻ രക്ഷിച്ചുകൊള്ളാം' എന്നരുളിച്ചെയ്തു. ഉടനെ, ലക്ഷ്മീദേവിയുടെ ഭർത്താവായിരിക്കുന്ന ശ്രീനാരായണൻ ക്ഷീരപുത്രനായി പിറന്നു. ദേവകൾ വീണ്ടും പറഞ്ഞു: 'അമ്മേ, നിന്തിരുവടിയുടെ പുത്രനായ സനാതന മഹാലക്ഷ്മീദേവൻ ലോകരക്ഷയ്ക്കായി ഒരുങ്ങിക്കൊണ്ടാലും.' ഇതു കേട്ടപ്പോൾ ദേവിയുടെ മനസ്സിലുണ്ടായ ചിന്തയെ ദേവന്മാരോടു ചോദിച്ചു:—'ദേവന്മാരേ, ലക്ഷ്മീദേവിയായ എന്റെ മകൾ വിട്ടുപിരിഞ്ഞു കഴിഞ്ഞിരുന്ന വിവാഹം ചെയ്യും? ജ്യേഷ്ഠത്തിയിരിക്കെ അനുജത്തിയെ വേൾക്കുമോ?'

ഇതുകേട്ടിട്ടു് മഹാലക്ഷ്മിയെ ദേവാധിദേവനായ വിഷ്ണുവിനു തന്നെ ലോകപ്രകാശം ഇല്ലാതാക്കുന്ന കടാക്ഷത്തോടുകൂടി പിന്നീടു ലക്ഷ്മീദേവിയെ തന്റെ തൃക്കൺകൊണ്ടു, ദേവകളില്ലായ്മയും പിന്നെപ്പിന്നെ നശിപ്പിച്ചു. ഈ നിന്ദയ്ക്കുശേഷം അവരെല്ലാവരുംകൂടി കുശലത്തിനു ചെന്നുകണ്ടപ്പോൾ ലക്ഷ്മീദേവിയെ ഉപേക്ഷിച്ചതിനെപ്പറ്റി ചോദിച്ചു. ദേവകൾ വിഷ്ണുഭഗവാനോടു ഈ കാര്യത്തെപ്പറ്റി ചോദിക്കുവാൻ പരിവാരിയായി ഇരുന്ന നാരദനോടു, നാം വിളിച്ചാൽ നാൻ വിളിച്ചു നാരദൻ, കൃതിയാകുന്നു നിന്നിരുവടിയുടെ കൃത്യം, തിരിച്ചുചെല്ലുക. ഈ വിവരം ഭഗവാനോടു ചെന്നു പറഞ്ഞു. ഉടനെ ഭഗവാൻ നാരദനോടു കല്പിച്ചു: 'നാരദാ, ലക്ഷ്മീദേവിയെ നാം വിളിച്ചുകൊണ്ടുവരുന്നു. ക്ഷീരാബ്ധിയിൽ ചെന്നു താമസിക്കുന്നതിനു പറഞ്ഞയയ്ക്കുക.' ഇപ്രകാരം ഭഗവാൻ നാരദനോടു പറഞ്ഞു. ഉടനെ നാരദൻ ക്ഷീരാബ്ധിയിൽ ചെന്നു ലക്ഷ്മീദേവിയെ കണ്ടു നമസ്കരിച്ചു. ഭഗവാൻ പറഞ്ഞതുപോലെ പറഞ്ഞു. ലക്ഷ്മീദേവി ഉടനെ പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്തു ശുദ്ധവസ്ത്രം ധരിച്ചു ശുഭ്രവസ്ത്രവും ധരിച്ചുകൊണ്ടു ഭഗവാനെ

Digitized By Kerala Sahitya Akademi

ന്ന പോലെയു. ഇന്നും അവർ ആ മിത്രം വന്നാൽ ചന്ദ്രസൂര്യന്മാരെ കണ്ടിട്ടു ശ്രദ്ധിക്കാറുണ്ട്. ആ സമയത്തു ജലമെല്ലാം ഗംഗാ സദൃശവും, ബ്രാഹ്മണന്മാരെല്ലാം വേദവ്യാസ തുല്യരുമായിരിയ്ക്കും: കണ്ട ജലത്തിൽ സ്നാനംചെയ്താലും ഗംഗാസ്നാനഫലം കിട്ടും; ഒരാറ്റിനെ കൊണ്ടു കോടി ജന്മങ്ങളിലെ പാപങ്ങളും നശിയ്ക്കും; പാപം ചേരാതെ പോകും. ഇങ്ങനെയും പലതുകളെന്തിന്? വിദ്യാകാംക്ഷിയുടെ വിദ്യയും, പുത്രകാംക്ഷിയുടെ പുത്രനും, മന്ത്രകാംക്ഷിയുടെ മന്ത്രസിദ്ധിയും, മോക്ഷകാംക്ഷിയുടെ മോക്ഷവും ഒക്കുമത്രം.

ഇങ്ങിനെ, സതൃലോകം വിട്ടാൽ മറ്റൊരിടത്തേയ്ക്കു പോന്നു."

ശ്രീപുരുഷോത്തമാനന്ദൻ, ശ്രീജയന്തി, സത്യലോകങ്ങളെപ്പറ്റി പറഞ്ഞുമുഴുമിപ്പിച്ചു

പതിനാറാമദ്ധ്യായം

ഒരുനാൾ:—"സാക്ഷാൽ വിഷ്ണുതന്നെയായ വേദവ്യാസന്റെ അടുത്തു ചെന്നു ശ്രീകൃഷ്ണൻ ചോദിയ്ക്കുന്നു, ഭഗവൻ! അവിടുന്നു ഇങ്ങനെ ഒരു സുന്ദരിയായ പുത്രിയെ ഉണ്ടാക്കിയതു യാതൊന്നിനു വേണ്ടിയാണ്? ഈ സ്ത്രീ ഒരുനാളെങ്കിലും ഞങ്ങളുടെ കണ്ണിനു മുമ്പിൽ വന്നുനിന്നാൽ ഞങ്ങളുടെ മനസ്സു ചഞ്ചലിച്ചുപോകും! എന്തുകൊണ്ടാണ് ലക്ഷ്മിയുണ്ടാവുക? ഇതെന്തിനു ശിഷ്യയായിരിക്കുന്നു? എന്നു കൃഷ്ണൻ ചോദിച്ചു.

വ്യാസൻ:—"കൃഷ്ണാ! ഇവിടെ ഒരിടുങ്ങിയ പുണ്യപുരിയെ കേട്ടിട്ടുണ്ടോ? അവിടെ പുണ്യാരണ്യത്തിൽ പാർവ്വതീ

പാപഭയഭീതനായിട്ടുള്ള വേദവേദാംഗപാരഗനായ ഭദ്രശ്രവസ്സ് എന്നൊരാൾ ഒരുകാലത്തിരുന്നു. അദ്ദേഹത്തിനു സുകീർത്തി ചന്ദ്രിക എന്ന സാദ്ധ്വിയിൽ ഏഴുമക്കളെയുണ്ടായശേഷം പുത്രന്മാരും ഒരു സുന്ദരിയായ പുത്രിയും ഉണ്ടായി. പുത്രിയുടെ ശ്യാമമ്പാലെ എന്നാണെപേർ. അച്ഛനെ അനന്തരിച്ചിരുന്ന ആ സന്ധ്യാദേവിയുടെ ശ്യാമമ്പാലെ ഒരു ദിവസം സമിത്തുകൊരോഴുക്കുവാൻ ഒരുപാൽ മണലിൽ ഭംഗിയേറിയ ഒരു ഞാങ്ങാട്ടം പുഴുങ്ങിക്കിടപ്പുണ്ടായി. ആ കുന്നുവൃക്ഷങ്ങളുടെ മുമ്പിൽ മറഞ്ഞു നിന്നിരുന്ന, ഇതു അവസരത്തിൽ സംസാരതാരിണിയായി ലോകനായിക

Digitized By Kerala Sahitya Akademi

യായിരിക്കുന്ന ലക്ഷ്മി ഒരു വൃദ്ധബ്രാഹ്മണിയുടെ വേഷം പൂണ്ടു് അയോധ്യപുരിയിൽ പ്രത്യക്ഷപ്പെട്ടു. 'സകലലോകങ്ങളേയും സംരക്ഷിക്കുന്ന രാജാവിനേറ അമ്മമനസ്സിലല്ലാതെ വല്ല നിസ്സാരന്മാരുടേയും ഗൃഹത്തിൽ ഞാൻ ചെല്ലുകയോ!' എന്നിങ്ങനെ വിചാരിച്ചുകൊണ്ടു് ലക്ഷ്മി രാജമന്ദിരമണഞ്ഞു. ആ ദേവി ചെന്നപ്പോൾ പുരുഷന്മാരോടുകൂടിയിരുന്നും കൊണ്ടിരുന്നവരെല്ലാം പെട്ടെന്നു (അരമനവാതിൽക്കൽ) ചെന്നു നമസ്കാരിച്ചതുകൊണ്ടു്—'ഒരുത്തന്റെ ഭാര്യയായ ഭാഗ്യഹീനയായ ഞാൻ ചെന്നു കണ്ടിട്ടുകൊള്ളട്ടെ'. കോകിലസ്വരത്തിലുള്ള ഈ വാക്കും രത്നപുരത്തൈകേകരാജന്റെ ഭാഗ്യഹീനയായ ഭാര്യയാണെന്നുള്ള അവരുടെ പരിചയപ്പെടുത്തലും കേട്ടിട്ടു്.

രാജ്ഞി ചോദിച്ചു:—'അമ്മയുടെ ഭർത്താവെവിടെയാണു്? മക്കളുണ്ടോ? ഭർത്താവിനാണോ? മറ്റുള്ളവർക്കാണോ? നമുക്കുള്ളതെല്ലാം കണ്ടിട്ടു് മറ്റെന്താണു് കാര്യം? ഇതെല്ലാം അറിഞ്ഞുകൊള്ളാം'.

വൃദ്ധ:—'അല്ലയോ, മഹാരാജ്ഞിയുടെ രാജ്ഞിമാതാവേ, ഞാൻ വന്നകാര്യം കേൾപ്പാൻ തക്കതാണെങ്കിൽ പറയാം: മറ്റുള്ളവർ ചെയ്ത കുറ്റമല്ല നമ്മുടേതാണു്. ഭഗവാനായ ഭർത്താവിനു് ഭക്ഷണമായിട്ടു് പാൽക്കഞ്ഞി പാകം ചെയ്തതിൽ പുരുഷന്മാരുടെ ഭക്ഷണമായിട്ടു് പാൽക്കഞ്ഞി പാകപ്പെടുത്തിയതിൽ നമുക്കു് ഭർത്താവിന്റെ ഭക്ഷണത്തിനുള്ള പാൽക്കഞ്ഞി കുറഞ്ഞുപോയി. അവിടുന്നു് അവരുടെ കണ്ണുകളിൽ പ്രവേശിച്ചു. അവർ നിലവിളിച്ചുകൊണ്ടു് ഗൃഹത്തിൽനിന്നു പുറത്തേയ്ക്കോടി. നിലവിളികേട്ടിട്ടു ഞാൻ അടുക്കൽചെന്നപ്പോൾ ചത്തുമാനം ഓടിപ്പോയി. അവർ വാതിലുമടച്ചു പോയി. അതിനുശേഷം അവരുടെ കണ്ണുകളിൽ പ്രവേശിച്ചുകൊണ്ടു ഞാൻ ഒരു ക്രൂരവൃത്തം പറഞ്ഞുകൊടുത്തു. അതുമൂലം സന്തോഷിച്ചവരെ അനുഗ്രഹിച്ചുപോന്നു; അതിന്റെ ഫലമായി അവർക്കു സുഖപ്രദമായി ഭവിച്ചു.

ഒരിക്കൽ ആ ബ്രാഹ്മണസ്ത്രീ ഭർത്താവുമൊന്നിച്ചു മരണപ്പെട്ടു. മണ്ണടിഞ്ഞും കുരുപിടിച്ചുമിരുന്ന അവരുടെ കൈവിരലുകളെല്ലാമായി യമരാജാവു ചെന്നപ്പോൾ നിശ്ചയിച്ചതുപോലെ നിശ്ചയിച്ചുപോയി. ആ ബ്രാഹ്മണന്മാരുടെ ഭർത്താക്കന്മാർ ഇതിനുമുൻപു മരിച്ചുപോയിരുന്നു. അവരിരുവരുടെയും ശരീരങ്ങൾ കെട്ടിവലിഞ്ഞു കൊണ്ടുപോവാൻ തുടങ്ങി. അപ്പോൾ ലക്ഷ്മിയുടെ കോപവൃത്താന്തങ്ങൾകേട്ടായ കൈവല്യപുരുഷന്മാർ വന്നുചേർന്നു. അവരെ കണ്ടപ്പോൾ കാലപുരുഷന്മാർ

Digitized By Kerala Sahitya Akademi

ന്മാർ കുതികുതിച്ചു. സപ്രകാശൻ മുതലായ ലക്ഷ്മീദുതന്മാർ കയർ മുറിച്ചുകളഞ്ഞു് അവരെ രാജഹംസത്തിലേറി ശ്രേഷ്ഠമാസ്ഥാനത്തിലൂടെ ലക്ഷ്മീപുരത്തിലേയ്ക്കു തിരിച്ചു. ആ വൈശ്യസ്ത്രീ എത്ര നാളായി വ്രതം അനുഷ്ഠിച്ചുവരുന്നു എന്നു ചോദിച്ചറിവാൻ അവർ കല്പിച്ചതനുസരിച്ചു് അവളും ഭർത്താവും ലക്ഷ്മീപുരത്തിൽ വന്നിച്ചേർന്നു; ഭക്ഷിച്ച പുണ്യം അനുഭവിപ്പാനായി ഇഷ്ടപ്രകാരം രാജവംശത്തിൽ പിറന്നിരിക്കുന്ന അവർ രാജസമ്പത്തുകളുടെ ഗർവ്വനിമിത്തം ആ വ്രതം വിസ്മരിച്ചുപോയി. അതുപദേശിച്ചുകൊടുപ്പാനാണ് ഞാൻ വന്നിരിക്കുന്നതു്.'

തവണക്കാരി:—'അമ്മേ, എങ്ങിനെയാണ് ആ വ്രതം അനുഷ്ഠിയ്ക്കുക? ഏതുമാസത്തിലാണ്? ഏതു ദേവതയെ പൂജിക്കണം? ഇതു പറഞ്ഞുതന്നാൽ കൊള്ളാം.'

വൃദ്ധ:—'കാർത്തികം കഴിഞ്ഞു മാർഗ്ഗശീർഷമാസം വന്നാൽ ആ ദ്യത്തെ വ്യാഴാഴ്ച പ്രഭാതത്തിൽ എല്ലാ വ്രതക്കാരോടും കൂടി ലക്ഷ്മിയേയും നാരായണനേയും പൂജിക്കണം. പായസം, കൽക്കണ്ടം ചേർത്ത പലഹാരം മുതലായവ ലക്ഷ്മിയ്ക്കു നിവേദിച്ചിട്ട് ഇങ്ങിനെ പ്രാർത്ഥിക്കണം:

ത്രൈലോക്യപൂജിതേ, ദേവി, കമലേ, വിഷ്ണുവല്ലഭേ,
കൃഷ്ണനെപ്പോലെനിപോലെങ്കിൽ സ്ഥിരമായി വസിക്ക നീ.
ഹേ നാഥേ, കമലേ, ദേവി, പാഹിനംപൊയ്യുകെന്നെ നീ.

പലതരം ഉപഹാരങ്ങൾകൊണ്ടും ശാസ്ത്രപാഠം കൊണ്ടും മഹോത്സവം കൊണ്ടും ദേവിയെ ആരാധിക്കണം. പിന്നെനിവേദിച്ചതെല്ലാം ഉത്തമബ്രാഹ്മണന്നും ഭർത്താവിന്നും മക്കൾക്കും ഭൃത്യർക്കും കൊടുത്തു് അവശേഷം താനും ഭക്ഷിക്കണം. രണ്ടാമത്തെ വ്യാഴാഴ്ചയിൽ കോതമ്പു മുതലായവ പൊടിച്ചു് അപ്പമുണ്ടാക്കി കമലാദേവിയ്ക്കു സമർപ്പണം നിവേദിക്കണം; മൂന്നാമത്തെ വ്യാഴാഴ്ചയിൽ കൽക്കണ്ടം ചേർത്ത തൈരന്നം, നാലാമത്തേതിൽ ചാമകൊണ്ടും പൊന്നല്ലരി കൊണ്ടും ഉണ്ടാക്കിയ ഭക്ഷ്യങ്ങളും ലക്ഷ്മീദേവിയ്ക്കു നിവേദിയ്ക്കുക. ധനവും വസ്ത്രാലങ്കാരങ്ങളും ഭോജ്യങ്ങളും പലതരം പഴങ്ങളും ബ്രാഹ്മണക്കു നൽകുകയും വേണം.'

തവണക്കാരി:—'അമ്മേ, ഇവിടത്തന്നെ നിൽക്കുക. ഞാൻ സുരതിചന്ദ്രികത്തമ്പുരാട്ടിയോടുണർത്തിച്ചിട്ട് അമ്മയെ കൊണ്ടുപോകാം. മൃഷിച്ചുകൂടാ തോന്നരുതേ!'

Digitized By Kerala Sahitya Akademi

ഇപ്രകാരം പറഞ്ഞു് ആ സുന്ദരി രാജ്ഞിയുടെ അടുക്കൽ ചെന്ന തലയിൽ തൊഴുതുകൊണ്ടുനിന്നു, കമല പറഞ്ഞതെല്ലാം ആദ്യം മുതൽ അവസാനംവരെ ഉണർത്തിച്ചു. അതു കേട്ടിട്ടു സുന്ദരിയായ സുരതിചന്ദ്രികാരാജ്ഞി ബ്രാഹ്മണസ്ത്രീയുടെ അടുക്കൽ ചെന്നു തള്ളയോടേ പറഞ്ഞു:—'ഹേ വൃദ്ധബ്രാഹ്മണി, ഉപദേശം തരാൻ വന്നിരിക്കയാണോ? അതെങ്കിൽ വേടിക്കുടാതെ യഥേഷ്ടം പറഞ്ഞുകൊൾകം.'

വൃദ്ധ:—'നിന്റെ മുതുകേട്ടു കാങ്ക്ഷിട്ടു, പോകാനാണു് എനിയ്ക്കു തോന്നുന്നതു്. പരമേശ്വരപ്രീതിയെ വ്രതം ഞാൻ പറഞ്ഞുകളയുമെന്നോ! എടി, ഗർവിതയായ മണ്ഡാലി, ഇന്നു് ലക്ഷ്മീവാസരമായിട്ടും നീ വ്രതം അനുഷ്ഠിയ്ക്കുന്നില്ലല്ലോ. ഇതിൽപരം ദുഷ്കൃത മെന്തുള്ളു?

ബ്രാഹ്മണിയുടെ ഈ വാക്കു കേട്ടിട്ടു ക്രോധത്താൽ കൺചുകന്ന രാജ്ഞി ആ വൃദ്ധയെ ശകാരിയ്ക്കുവാൻ തുടങ്ങി. കിഴവിയായ കമല നിലവിളിച്ചുംകൊണ്ടു പോകുന്നു. ആ നിലവിളി കേട്ടിട്ടു കളിച്ചുകൊണ്ടിരുന്ന ശ്യാമബാല ബ്രാഹ്മണിയുടെ അടുക്കൽ ചെന്നു ചോദിച്ചു:—'മുത്തശ്ശിയെ ഇങ്ങിനെ ഉപദ്രവിച്ചതാരാണു്?' കിഴവി ദുഃഖത്താൽ തൊണ്ടയിടറിക്കൊണ്ടു വിവരമെല്ലാം പറഞ്ഞു. അതു കേട്ടു ശ്യാമബാല പരമദുർല്ലഭമായ ആ വ്രതം ശാസ്ത്രത്തിൽ പറഞ്ഞതിൻവണ്ണം ഭക്തിശ്രദ്ധകളോടെ അനുഷ്ഠിപ്പാൻ തുടങ്ങി. മൂന്നാഴ്ച കഴിഞ്ഞു നാലാമത്തെ ആഴ്ചയായപ്പോഴേയ്ക്കും ലക്ഷ്മീപ്രസാദത്താൽ അവളുടെ വിവാഹം നടന്നു: ക്ഷാത്രതേജസ്സോടിയ ശ്രീസിദ്ധേശ്വരദേവനെന്നു രാജാവിന്റെ മാലാധരൻ എന്ന മകൻ അവളെ വേട്ട സപ്രഗ്രഹത്തിലേയ്ക്കു കൊണ്ടുപോയി. ബ്രാഹ്മണ, അവിടം പോയതോടുകൂടിയുണ്ടായ അത്ഭുതം കേട്ടുകൊള്ളുക: സുരതിചന്ദ്രിയുടെ അനുമനായിലുണ്ടായിരുന്ന അനവധി സമ്പത്തുകളൊക്കെ ആരാണ് കൊണ്ടുപോയതെന്നറിഞ്ഞുകൂടാ! ആ ബുദ്ധിഹീനയായ സ്ത്രീക്കു ഉണ്ണാനും ഉടുക്കാനും ക്രമേണ ഇല്ലാതായി. അവിടം ഭർത്താവിനെ മകളുടെ ഗൃഹത്തിൽ ചെന്നു വല്ലതും യാചിച്ചുവാങ്ങുവാനായി പറഞ്ഞയച്ചു. ഭർശ്രുവസ്സു് ഏതാനും നാളുകൊണ്ടു് മാലാധരന്റെ രാജ്യത്തു ചെന്നു്, ഒരു പൊയ്കയുടെ തീരത്തു വിശ്രമിച്ചു. അപ്പോഴേയ്ക്കും അതിൽനിന്നു വെള്ളം മുക്കാനായി ശ്യാമബാലയുടെ ദാസിമാർ വന്നെത്തി. അവർ ആ മഹാദുഃഖിതനെ കണ്ടിട്ടു് അനുകമ്പയോടെ ചോദിച്ചു:—'അങ്ങാരാണു്? എവിടെനിന്നു വരുന്നു? ദേഹത്തിൽ മാംസവും രക്തവുമില്ലല്ലോ; തലമുടി മുകിരിപോലെയുമായിരിയ്ക്കുന്നു.'

Digitized By Kerala Sahitya Akademi

ഭദ്രശ്രവസ്സ്:—'ഞാൻ ശ്യാമഖാലയുടെ അച്ഛനാണ്. സൌരാഷ്ട്രരാജ്യത്തിൽ നിന്നാണ് വരുന്നത്. ദാസിമാരേ, നിങ്ങൾ ശ്യാമഖാലയുടെ അടുക്കൽ അറിയിച്ചാൽ കൊള്ളാം.'

ഇത്ര കേട്ടിട്ട് കൌതുകം പൂണ്ട ആ സ്ത്രീകളെല്ലാം മുഖത്തോടുമുഖം നോക്കി ചിരിച്ചു കോവിലകത്തേയ്ക്ക് ഓടുകയും ചെയ്തു. അവർ വത്സമാനം അറിയിച്ചതിനെ തുടർന്ന് ശ്യാമഖാല അച്ഛന്റെ അടുക്കലേയ്ക്ക്, എണ്ണ, മികച്ചവസ്ത്രം, പൂവ്, ചന്ദനം, വെറ്റിലച്ചുരുൾ എന്നിവയേയും ഒരു കുതിരയേയും കൊടുത്ത് ആൾക്കാരെ അയച്ചു. ആ ഭൃത്യന്മാർ ചെന്ന ഭദ്രശ്രവസ്സിനെ ചമയിച്ചു ശകുമന്ദിരത്തിനൊത്ത ശ്യാമഖാലാഗൃഹത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോന്നു. അതിദുഃഖിതനായ അച്ഛനെ ശ്യാമഖല ഒരു പേത്ത ശാല്യന്നം കൊണ്ടു ശ്രേഷ്ഠകാന്തിയോടേ ഭക്ഷണം കഴിപ്പിച്ചു. നാലുനാൾ കഴിഞ്ഞതിൽ പിന്നെ ഒരു പണപ്പെരുതിയും കൊടുത്തു് അദ്ദേഹത്തെ നാവാം തിരിച്ചയച്ചു. അദ്ദേഹം തന്റെ ഗൃഹത്തിൽ മടങ്ങിയെത്തി പൊതിയഴിച്ചു നോക്കിയപ്പോൾ കരിക്കട്ടയാണ് അതിനകത്തു കണ്ടതു്! അതിസങ്കടത്താൽ അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി.

പിന്നിട് അമ്മമകളെ കാണാനായി ഗൃഹത്തിൽ നിന്നു പുറപ്പെട്ടതെന്ന് ആ പൊള്ളയുടെ തീരുമാനത്തെ വിശ്രമിച്ചു. അവളേയും ആ പതിവ്രതയായ ശ്യാമഖാല തന്റെ അടുക്കൽ വരുത്തി മാതൃസ്നേഹത്തോടേ പൂജിച്ചുപോന്നു. ഇതിനിടയിൽ ഒരു ലക്ഷ്മീവാസരം വന്നുചേർന്നു. അന്ന് അമ്മമാരേയും നോൽപ്പിപ്പാൻ ശ്യാമഖാല ശ്രമിച്ചുനോക്കി; പരിക്ഷ ലക്ഷ്മിയുടേ പേരിൽ കോപം പൂണ്ടിരുന്ന ആ ദാരിദ്ര്യകക്ഷി കുട്ടികളുടെ ഉച്ഛിഷ്ടം അരുതും കാണാതെ ഭക്ഷിച്ചുകളഞ്ഞു. ഇങ്ങിനെയാണ് മൂന്നു ലക്ഷ്മീവാസങ്ങളും കഴിഞ്ഞതു്. നാലാമത്തേതിന് അവർ അമ്മമാരെ ശങ്കിക്കാ നോൽപ്പിച്ചില്ല. പിന്നെ സുരതിചന്ദ്രികാരാജ്ഞി സ്വഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. അപ്പോഴാണ് ആ ലക്ഷ്മീപ്രസാദത്താൽ സമൃദ്ധിമതിയായി കാണപ്പെട്ടു.

പിന്നിട് ഒരിക്കൽ ശ്യാമഖാല അമ്മയുടെ ഗൃഹത്തിലേയ്ക്ക് പെരുപാടും കാണ്മാനായി ചെന്നപ്പോൾ. അമ്മയാകട്ടെ, ശ്യാമഖാലയെ ദൂരത്തു കണ്ട ഉടൻ കോപം നിമിത്തം 'അവളെ എനിക്കു കാണേണ്ട' എന്നു പറഞ്ഞു് ഒളിച്ചിരിക്കയാണ് ചെയ്തതു്. മകൾ ഗൃഹത്തിനുള്ളിൽ കടന്നു സമ്മാനം ഉപേക്ഷിച്ചുമടങ്ങുന്നതിൻ മുമ്പാൽസമൃദ്ധമാ

Digitized By Kerala Sahitya Akademi

യ സപ്തഗ്രഹത്തിലേയ്ക്കു മടങ്ങിപ്പോന്നു. ആ പതിവ്രതയോട് അത്താ വു ചോദിച്ചു:—'പ്രിയേ, എന്താണ് കൊണ്ടുവന്നിരിയ്ക്കുന്നത്?' 'നാ ട്ടിൽ സുഖമായിട്ടുള്ളതാണ് കൊണ്ടുവന്നിരിയ്ക്കുന്നത്. ഉണ്ണുമ്പോഴാം കാണിച്ചുതരാം' എന്നു പറഞ്ഞു് അവർ ഉപ്പു ക്രയാഹത അക്കുണം തെയ്യാറാക്കി മഹാധരന്നു വിളമ്പിക്കൊടുത്തു. അദ്ദേഹത്തിനു കറിക ളിൽ ഉപ്പില്ലായ്കയാൽ ഉടനിന്നു് ഒരു രുചിയും തോന്നിയില്ല. അ പ്പോൾ അവർ 'നാട്ടിൽ സുഖമായിട്ടുള്ളതു' വിളമ്പിക്കൊടുത്തു. രാജാ വു് സുഖമായി ഭക്ഷണം കഴിയ്ക്കുകയും 'മിടുക്കത്തി' 'മിടുക്കത്തി' എ ന്നു പ്രശംസിയ്ക്കുകയും ചെയ്തു.

ഈ പ്രകാരം ആഭ്യുദയേച്ഛയോടെ തോൽക്കാത്ത സ്ത്രീ എല്ലാ ജന്മങ്ങ ളിലും ഭർത്രുസുഖവും ഉദ്ദേശിയ്ക്കും. ഈ കഥ ഭക്തിയോടെ മനസ്സു വെച്ചു കേട്ടാൽ പാപമെല്ലാം വിട്ടുഴിയും; മുക്തിലോകവും കിട്ടും. വ്രതം അനുഷ്ഠിയ്ക്കാത്ത സ്ത്രീയും മറ്റു വ്രതങ്ങളെടുത്ത ഫലം കൂടി പോ യ്പോകും."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ഗുരുപദേശവ്രതനിരൂപണം
പതിനൊന്നാമദ്ധ്യായം.

(൦)

പതിനെട്ടാമദ്ധ്യായം

ശൗനകൻ:—"സൂതാ, വേറെ എന്തു പുണ്യംകൊണ്ടാണ് പാപാ നീങ്ങി മുക്തിമാർഗ്ഗമുണ്ടായതാൻ ഒരുവിഷ്ണുപദം കിട്ടുക?"

സൂതൻ:—"ബ്രാഹ്മണശ്രേഷ്ഠ, ധനമെങ്കിലോ പ്രാണൻ കൊ ണ്ടെതന്നെയോ ഒരു ബ്രാഹ്മണന്റെ പ്രാണനെ രക്ഷിപ്പാനെങ്കിലോ അ വന്നു വിഷ്ണുലോകംകിട്ടും'.

പണ്ടു, ദ്വാപരയുഗത്തിൽ, ബലവാനും യജ്ഞവും വൈഷ്ണവ നുമായി ദീനനാഥൻ എന്നൊരു രാജാവുണ്ടായിരുന്നു. പുത്രനില്ലാതി രുന്ന അദ്ദേഹം ഒരിക്കൽ ഗാലവനോടു വണങ്ങിത്തിൽ ചോദിച്ചു:— 'കരുണാസമുദ്രമായ മഹർഷേ, എന്തൊരു പുണ്യംകൊണ്ടാണ് പുത്ര നുണ്ടാവുക? അതു പറഞ്ഞുതന്നാൽ ഞാൻ ചെയ്തുകൊള്ളാമായിരുന്നു; പുത്രനില്ലാത്തവന്റെ ജീവിതം നിഷ്ഫലമാണല്ലോ.'

Digitized By Kerala Sahitya Akademi

ഗാലവൻ:—'മഹാരാജാവേ, പുത്രനെ ലഭിക്കാൻ ചെയ്യേണ്ടതു് പുരുക്കത്തിൽ ഞാൻ പറഞ്ഞുതരാം. ഒരു നരമേധം കഴിച്ചുകൊള്ളുക. എന്നാൽ അങ്ങയുടെ സർവ്വലക്ഷണങ്ങളും തികഞ്ഞ സന്തതിയുണ്ടായിവരും.'

രാജാവു്:—'ഗുരോ, നരമേധം എന്ന മഹാകർമ്മത്തെ എങ്ങിനെയുള്ള നരനെ കൊണ്ടുവന്നാണ് നിറവേറേണ്ടതു്?'

ഗാലവൻ:—'സുന്ദരനും സുമുഖനും സർവ്വശാസ്ത്രജ്ഞനും സൽകുലജാതനുമായ ഒരാളേയ്ക്കു യജ്ഞത്തിനു വേണ്ടതു്; അംഗഹീനനോ കുത്സിതനോ മൂഢനോ പാടില്ല.'

ഇതുകേട്ടിട്ടു രാജാവും, മന്ത്രിയും പറഞ്ഞതെല്ലാം ശരിപ്പെടുത്തു, വളരെ പണവും കൊടുത്തു മന്ത്രന്മാരെ കല്പിച്ചയച്ചു. ഗാലവൻ തുടങ്ങിയ സർവ്വശാസ്ത്രജ്ഞരായ ബ്രാഹ്മണരെ യജ്ഞത്തിനു വരിക്കുകയും ചെയ്തു.

രാജദൂതന്മാർ പല രാജ്യങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും തേടിനടന്നു. എങ്ങും അതിരയും കിട്ടിയില്ല. ഒടുവിൽ, അവർ ഗുണവാന്മാരായ ബ്രാഹ്മണരാൽ നിറയപ്പെട്ട മധുപുരം എന്ന രാജ്യത്തെത്തി. അവിടുത്തെ സ്ത്രീകൾ നല്ല തലമുടിയും ഇളമാനിന്റെതുപോലെ കണ്ണുകളും പോന്ന ചന്ദ്രമുഖിമാരാകുന്നു. അവരെ കണ്ടാൽ മയങ്ങാത്ത പുരുഷന്മാരില്ല! ആ മനോഹരമായ നഗരത്തിൽ കൃഷ്ണദേവൻ എന്നൊരു ബ്രാഹ്മണൻ മൂന്നുപുത്രന്മാരോടും ഒരു സുശീലയായ ഭാര്യയോടുംകൂടി പാർത്തിരുന്നു. എപ്പോഴും വിഷ്ണുപൂജാരതനും പ്രിയവാദിയും സർവ്വപ്രീതികരനും സാഗ്നികനും പിതൃഭക്തനുമായിരുന്ന ആ മഹിജോത്തമനോടു രാജദൂതന്മാർ അപേക്ഷിച്ചു:—'ബ്രാഹ്മണശ്രേഷ്ഠ, ഒരു പുത്രനെ ഞങ്ങൾക്കു തരിക. ഞങ്ങളുടെ തമ്പുരാനു ദുഃഖംതീർപ്പാൻ മറ്റു പുത്രനില്ല. അതിനാൽ അവിടുന്നു നരമേധയജ്ഞം ദീക്ഷിച്ചിരിക്കയാണു്. അതിനു ബലികഴിപ്പാൻ അങ്ങയുടെ മറ്റു മകനെ ഞങ്ങൾ കൊണ്ടുപോകട്ടെ. നാലുലക്ഷം പൊന്നിൻ പണം തരാം. പുത്രസ്നേഹത്താൽ മറ്റുമെങ്ങാനും തരാതിരുന്നാൽ, രാജാവിന്റെ ആൾക്കാരായ ഞങ്ങൾ ബലാൽക്കാരേണ കൊണ്ടുപോകും.' ദൂതന്മാർ പറഞ്ഞതുകേട്ടിട്ടു ദുഃഖാമൂഴ്ത്ത ആ ബ്രാഹ്മണദമ്പതിമാർ പ്രാണൻപോയ വിധത്തിലായിത്തീർന്നു. 'ധനമെന്തിന്? കനകമെന്തിന്? ഗൃഹമെന്തിന്? ജീവിതംതന്നെയെന്തിന്?' എന്നിങ്ങിനെ വിലപിച്ചു ബ്രാഹ്മണൻ രാജദൂതന്മാരോടു പറഞ്ഞു:—'ദുഃഖിതമസ്സുകനവന്ന പുത്രനെ കൊണ്ടുപോകാൻ ഉറച്ചാണ് നി

Digitized By Kerala Sahitya Akademi

ങ്ങളും വന്നിരിക്കുന്നതെങ്കിൽ, ഞാൻപറയുന്നതൊന്നുകേൾക്കണേ! നാട്ടിൽ പാക്കുന്നോരും ആരാണ് രാജകല്പന ലംഘിക്കാൻ വിചാരിക്കുക? എന്നാൽ ഉണ്ണിയെവിട്ടു കിഴവനായ രണ്ടുനാ കൊണ്ടു പോകുന്നോരും വിൻ.'

ഇതുകേട്ടിട്ട് അരിശംകൊണ്ട ദൂതന്മാർ പൊന്നിൻപണം ആ ഗ്രഹത്തിൽ വലിച്ചെറിഞ്ഞു പുത്രനെ പിടിച്ചുകൊണ്ടുപോകാൻ തുനിഞ്ഞു. കൃഷ്ണദേവൻ തൊഴുതുകൊണ്ടു പുണ്ഡ്രകരാജാവിനോടു പറഞ്ഞു:—'രാജദൂതന്മാരേ, എന്റെ സീമന്തപുത്രനെ വിട്ടുതരാതെ മകനെ കൊണ്ടുപോകല്ലേവിൻ, എന്നെ പറയുവാനുള്ളതുമുഴുവനും പറഞ്ഞുകഴിഞ്ഞു!' ഇതുകേട്ടിട്ടു കരയാൻ തുടങ്ങിയ ബ്രാഹ്മണപത്നിയോടു ദൂതന്മാർ, 'എന്നാൽ ഇളയമകനെ തരൂ' എന്നാവശ്യപ്പെട്ടു. ഇതുകേട്ടതോടുകൂടി അതിദുഃഖിതയായ ആ സ്ത്രീ കൊടുങ്കാറ്റേറ്റ വാഴപോലെ നിലം പൊത്തിപ്പോയി. അവർ ഒരു മുഴംനീളത്തിൽ തലയുംകുത്തിച്ച്, 'എന്തായാലും ഇളയമകനെ ഞാൻ തരികയില്ല' എന്നു നിലവിളിച്ചു. അപ്പോൾ ബ്രാഹ്മണന്റെ മദ്ധ്യമപുത്രൻ കരഞ്ഞുകൊണ്ട് അമ്മയെ വന്ദിച്ചു വണക്കത്തിൽ പറഞ്ഞു;—'അമ്മ വിഷാദം നൽകുക; അച്ഛൻ മകനെ വിൽക്കുക; രാജാവു സ്വത്തുസ്വത്തുക്കളും അപഹരിയ്ക്കുക—എന്നീവല്ലട്ടങ്ങളിൽ രക്ഷിപ്പാൻ ആരുണ്ട്?'

ഇപ്രകാരം പറഞ്ഞ് ആ മകൻ അച്ഛനമ്മമാരെ നമസ്കരിച്ചുവെന്നാൽ പുണ്ഡ്രദൂതന്മാരോടുകൂടി ദീക്ഷകൈക്കൊണ്ട രാജാവിന്റെ അടുക്കലേയ്ക്കു പോന്നു. ആ ബ്രാഹ്മണബാലികനും, പുത്രനാശംകൊണ്ടുള്ള സങ്കടത്താൽ കരഞ്ഞു കരഞ്ഞു കണ്ണുപൊട്ടിപ്പോയി! രാജദൂതന്മാർ വഴിക്ക, മാൻകുട്ടികളും ശിഷ്യത്വം നിറഞ്ഞതായ വിശ്വാമിത്രമഹർഷിയുടെ ആശ്രമത്തിൽ കേറി. രാജപുരുഷന്മാരെ കണ്ടിട്ട് ആ ഭഗവാൻ ആദരവോടേ ചോദിച്ചു:—'നിങ്ങളാരാണ്? എവിടെപ്പോയിരുന്നു? ജോലിയെന്താണ്?'

രാജദൂതന്മാർ;—'മഹർഷേ, തമ്പുരാനു പുത്രനെങ്കാകുന്നില്ല. അതിനായി തിരുമേനി നരമേധയജ്ഞം തുടങ്ങിയിരിക്കുന്നു. അതിൽ ബലികഴിപ്പാനായി ഈ ബ്രാഹ്മണപുത്രനെ കൊണ്ടുപോകയാണ് ഞങ്ങൾ.'

ഇതുകേട്ടപ്പോൾ മഹർഷിയുടെ മനസ്സലിഞ്ഞു. 'എന്റെ പ്രാണൻ പോയാലും കുട്ടി രക്ഷപ്പെടണം.

Digitized By Kerala Sahitya Akademi

ബാലനോ ബ്രാഹ്മണനോ തൽക്കാലത്തേക്കു വേണ്ടിയുഴിയിൽ
പ്രാണൻ പുല്ലായ് ത്യജിച്ചീടുക്കിട്ടും ലോകം സനാതനം.'

എന്നിങ്ങനെ വിചാരിച്ച് ആ ബ്രാഹ്മണശ്രേഷ്ഠൻ പറഞ്ഞു:—'യജ്ഞത്തിൽ ബലികഴിപ്പാൻ ഈ പശുക്കുട്ടിയെ വിട്ട് എന്നെ കൊണ്ടു പോയ്ക്കൊൾക. ഭൂവൻ മുഴുക്കുടിയിൽ ജനിച്ചിട്ട് ഒരു സുഖവും അനുഭവിച്ചുകഴിഞ്ഞിട്ടില്ല. പിന്നെ എങ്ങിനെയുണ്ട് മരിക്കുക! ഭൂവൻ ഗൃഹത്തിൽനിന്നു പോരുന്നതോടുകൂടി ഇവന്റെ ഭാഗ്യംകെട്ട അച്ഛനമ്മമാർ മരിച്ചേക്കുമെന്നു കഴിഞ്ഞിരിക്കും.' ഇതു കേട്ടിട്ടു ദൂതന്മാർ മോഹിച്ചു:—'ദിനംപ്രതി രാജാവിങ്കീറ ഉത്തരമില്ലാതെ വൃദ്ധനായ അങ്ങയെ ഞങ്ങൾ എങ്ങിനെ കൊണ്ടുപോകും?' മുഞ്ഞിനെ പറഞ്ഞു രാജകിങ്കരന്മാർ നഗരത്തിലേയ്ക്കു നടകൊണ്ടു. മഹർഷിയും അനുചരനുമൊടുകൂടിത്തന്നെ നഗരദ്വാരത്തിൽ പ്രവേശിച്ചു. ദൂതന്മാർ വിശ്വാമിത്രൻ പറഞ്ഞതു രാജാവിനെ അറിയിച്ചു. അപ്പോൾ ശങ്കിതവ്രതജനായ പുരോഹിതൻ മഹർഷിയോടുപറഞ്ഞു:—'മഹർഷേ, ബലികഴിക്കാതെയും യജ്ഞം പൂർത്തിയാക്കുവാൻ പുത്രനെങ്കിലുമുണ്ടെങ്കിൽ ബ്രാഹ്മണബാലനെ തിരിയെ കൊണ്ടുപോകാം.'

വിശ്വാമിത്രൻ:—'രാജാവേ, യജ്ഞം പൂർത്തിയാക്കുവാൻ തക്കവണ്ണം പുത്രൻ ഇണ്ടായിരുന്നു; ഇതിൽ സംശയം വേണ്ട. എന്നെ ഞങ്ങളുടെ ഭവനത്തിലയയ്ക്കുമിപ്പോൾ.'

ഇതു കേട്ടപ്പോൾ രാജാവിനു വളരെ സന്തോഷമായി. അദ്ദേഹം തന്നെയും മഹർഷിയോടും കൂടി യജ്ഞത്തിൽ പൂർണ്ണാഹുതി കഴിച്ചു. വിശ്വാമിത്രനുമകളെയും, ആ ബ്രാഹ്മണപുത്രനേയുംകൊണ്ടു ശൈവപുരത്തെ രത്നിലേയ്ക്കു തിരിച്ചു. സംവരന്റെ ഗൃഹത്തിൽ ചെന്നു പോടിച്ചു:—'ബ്രാഹ്മണ, അങ്ങ് ശ്രദ്ധിക്കുന്നുണ്ടോ?'

കുണ്ഡധാരൻ:—'ഞാൻ മരിച്ചുമണ്ണിൽ ചേരിക്കുകയാണ്'. തന്റെ മകനെ രാജാവു ബലിക്കായി കൊണ്ടുപോയ്ക്കുളഞ്ഞു. ഞാനെന്തുചെയ്യും? ഉണ്ണി പോയതോടുകൂടി, ഞങ്ങളെ മാസ്സാങ്ങൾക്കുന്മാക്കു കരഞ്ഞു കരഞ്ഞു കണ്ണുപൊട്ടിപ്പോയി.'

ഉടനെ വിശ്വാമിത്രൻ 'ബ്രഹ്മദത്തൻ; കൊണ്ടു പോയ്ക്കൊള്ളൂ.' എന്നു പറഞ്ഞപ്പോൾ മനംകുളിർത്ത ആ ദമ്പതിമാർ ഉണ്ണിയെ വിളിച്ചുകൊണ്ടുകൊണ്ടാണത്തിൽ പുറപ്പെടുവാൻ തുടങ്ങി. വിശ്വാമിത്രന്റെ വര

Digitized By Kerala Sahitya Akademi

ത്താൽ തൽക്ഷണം അവർക്ക് കണ്ണുനീർ കാഴ്ചയുണ്ടായി. അവർ ഉണ്ണിയുടെ മുഖാരവിന്ദത്തെ വണ്ടിനെന്നുള്ള കണ്ണുകൊണ്ടു വളരെ നേരം നോക്കി,വീണ്ടുംവീണ്ടും മഹർഷിയെ നമസ്കരിച്ചു,'ഹാ മഹർഷേ, നിന്തിരുവടി ഞങ്ങൾക്ക് പ്രാണനെ തന്നു' എന്നങ്ങിനെ അഭിനന്ദിച്ചു. മായാനിധിയായ വിശ്വാമിത്രൻ അവരിരുവർക്കും ഞരിസ്സു നൽകി തന്റെ ആശ്രമത്തിലേയ്ക്കു പോന്നു വിഷ്ണുവിന്റെ പരമപദത്തെ കരസ്ഥമാക്കി ദേവകർമ്മങ്ങളോടും ദേവവൽസ്സലന്മാരോടും തപസ്സു നഷ്ഠിക്കുകയായി.

ഏതാനും കാലത്തിനകത്തിൽ ദീനനാഥനായ പാലാഴിശയനനെന്നപോലെ രാജയോഗ്യനും സുന്ദരനുമായ ഒരു പുത്രൻ ഉണ്ടായിവന്നു. അദ്ദേഹം പുത്രജന്മോത്സവത്തിൽ വളരെ ധനം ദാനം ചെയ്തു, ദുഃഖം നീങ്ങി സന്തോഷത്തോടുകൂടി, ഒരു ദേവനെപ്പോലെ ഭൂമിയിൽ സുഖിച്ചു. ധനത്തെയോ പ്രാണനെത്തന്നെയോ കൊടുത്തു ബ്രാഹ്മണനെ രക്ഷിയ്ക്കുന്നവൻ പുനരാവൃത്തിയില്ലാത്ത വിഷ്ണുലോകം പ്രാപിക്കാതിരിക്കയില്ല. ഈ കഥയിൽ സംശയം ഭാഗമെങ്കിലും ഭക്തിപൂർവ്വം വായിക്കുകയോ ബ്രാഹ്മണന്മാരെ വായിച്ചുകേൾപ്പിക്കുകയോ ചെയ്യുവർക്കുപോലും വിഷ്ണുലോകം പ്രാപിക്കാം.''

ശ്രീഭാഗവതപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരായണമാഹാത്മ്യകഥനം, പന്ത്രണ്ടാമദ്ധ്യായം.

(൦)

പതിമ്മൂന്നാമദ്ധ്യായം

ശൌനകൻ:—''മഹാപ്രാജ്ഞനായ സൂതാ, കൃഷ്ണജന്മാഷ്ടമിയുടെ മാഹാത്മ്യം പറഞ്ഞു തന്ന സംസാരസമുദ്രത്തിൽനിന്നു കരകേറിയാലും.''

സൂതൻ:—''ബ്രാഹ്മണാ, കൃഷ്ണജന്മാഷ്ടമി ഭക്തിപൂർവ്വം നോറ്റുകൊള്ളുന്നവൻ അന്ത്യകാലത്ത് ഒരുകോടി കല്പമായിട്ടൊന്നിച്ചു വിഷ്ണുപുരം പ്രാപിക്കും. രോഹിണിയോടുകൂടിയ അഷ്ടമി ബുധനാഴ്ചയോടോ തിങ്കളാഴ്ചയോടോ ചേർന്നാൽ ഒരുകോടി കല്പമുറയ്ക്കു ഭക്തി നൽകുന്നതത്രേ. ഒരുമഹാപാപിപോലും ഈ പുണ്യവ്രതം നോ

Digitized By Kerala Sahitya Akademi

റാൽ സകലപാപവും വിട്ടൊഴിഞ്ഞു വിഷ്ണുസദനം പൂകും. കൃഷ്ണജന്മാഷ്ടമി നോൽക്കാത്ത നികൃഷ്ടമനുഷ്യനോ ഇങ്ങും അങ്ങും നരകാതന്നെ. കൃഷ്ണജന്മാഷ്ടമീവ്രതം അനുഷ്ഠിക്കാത്ത മൂഢസ്ത്രീ ഞൂണ്ടുതോറും അധികമധികം ദുഃഖത്തിൽ ചെട്ടുപോകും. അഷ്ടമി രോഹണിനാൾ ഭക്ഷണം കഴിക്കുന്ന മൂഢൻ വഞ്ചിച്ച നരകത്തിൽ വീഴാതിരിക്കുകയില്ല. പണ്ടു ദിലീപൻ വസിഷ്ഠമഹർഷിയോടു ചോദിക്കുകയുണ്ടായി. സർവപാപനാശനമായ അതുകേട്ടുകൊള്ളുക:

ദിലീപൻ:—'ശ്രാവണമാസത്തിലെ കറുത്ത അഷ്ടമി യിലാണല്ലോ കൃഷ്ണൻ അവതരിച്ചത്. എങ്ങിനെയാണ്, എന്തിനാണ്, എന്തുകാരണത്താലാണ് ശംഖചക്രഗദാപാണിയായ വിഷ്ണുഭഗവാൻ ദേവകിയുടെ ഗർഭത്തിൽ ജനിച്ചത്? മുനിശ്രേഷ്ഠ, ഇതു കേട്ടാൽകൊള്ളാമെന്നുണ്ട്.'

വസിഷ്ഠൻ:—'രാജാവേ, ഇന്നതിനാണ് ജനാർദ്ദനൻ വൈകുണ്ഠം വിട്ടു ഭൂമിയിൽ അവതരിച്ചതെന്നു ഞാൻ പറഞ്ഞുതരാം:

(പാന)

പണ്ടു കംസാരിഷ്ടഭാരത്തിനാ-
ലിണ്ടൽ പൂണ്ടുവലഞ്ഞു ഭൂദേവിയാർ
അത്തുടനെ വിവർണ്ണിയായ് കണ്ണുനീർ
വാർത്തുകൊരസന്നിധി പൂകിനാൾ;
സപ്താധികാരപ്രമത്തനാം കംസനാ-
ലാധിവന്നതറിയിച്ചുകൊള്ളുവാൻ.
അന്നെറികെട്ട ഭൂമിയുക്കാണൊയാ-
ലാത്തരോഷം ചൊടിവിറച്ചീശ്വരൻ
ഗൌരിയോടും സുരരോടുമാന്നിച്ചു
വാരിജാസനമന്ദിരം പുക്കടൻ
ബ്രഹ്മദേവനെക്കണ്ടു ചൊല്ലിനാ-
'നമ്മഹാവിഷ്ണുവോടുക്രടിപ്പാൻ
തക്കമാർഗ്ഗമാനോത്തു ചെയ്തീടുക
ദുഷ്കരനായ കംസനൊക്കൊല്ലുവാൻ.'
ഇപ്രകാരം ശിവഭാഷിതം കേട്ടിട്ടു
പോവതിന്നായുറച്ചു പിതാമഹൻ,

Digitized By Kerala Sahitya Akademi

പാൽക്കടലിൽ ഫണീശ്വരനെഴുന്നരുൾമേൽ
പള്ളികൊള്ളും മുകുന്ദനെക്കാണുവാൻ
അന്നാരമേറിപ്പുറപ്പെട്ട മാധവൻ
തന്നാട്ടുകലണഞ്ഞു സുരന്മാരായ്
പൂമകൾപതിതന്നെപ്പുകഴ്ത്തിടാൻ
കോമളശ്ലോകതികർന്നുകൊണ്ടു ചതുർമ്മുഖൻ:—
'കൈവണങ്ങിടാം താമരക്കണ്ണനേ,
കൈവണങ്ങിടാം തേ പരമാത്മാവേ;
കൈവണങ്ങിടാം പാരിനെ രക്ഷിക്കും,
പൂവിൽമാതിൻമണാളനേ, നാഥനേ!'
ഇന്നതികേട്ടു, മാഴ്കം സുരരൊട്ടു
വന്നതെന്തെന്നു ചോദിച്ചിതച്യുതൻ.

ബ്രഹ്മാവ്:—

'കേൾക്ക, വിശ്വേശ; ശംഭുവരത്തിനാ-
ലുക്രൂരനായ കംസൻ ദുരാത്മൻ
ഭൂമിയെക്കരാഘാതങ്ങളാൽത്തുലോ-
മാമയത്തിൽപ്പെടുത്തിനാൻ ദൈവമേ!
പൈങ്കരുന്തൻ മകനല്ലാതെയേവനു-
മിങ്ങിവനെ വധിക്കുന്നതെന്നാത്രേ,
മാതാകൊണ്ടുപതിപ്പു മഹേശനോ-
ടായവൻ വരംവാങ്ങി ഭഗവനേ.
ഋതുക്രിയാൽപ്പെറുന്ന ദേവകീജാതന്മായ്-
ശ്ലോകഭോവാനെ കൊൽകനീ കാലനെ.'
ദേവനീശനോടോതിനാൻ, പാർവ്വതീ-
ദേവിയെത്തരികാണെന്നാനന്ദനടൻ.'
രക്ഷയാം ഗൌരിയോടുമുരയ്ക്കായ്-
ത്തൽക്ഷണംപോന്ന ശംഭുപക്രുധരൻ,
ദേവകീഗർഭമുരുപ്പുകിനാൻ; മഹാ
ദേവപത്നി യശോദതൻ ഗർഭവും
ഒമ്പതുതിങ്കളൊമ്പതു നാളുമാ-
ത്തന്മുഖാൻ പാർത്തുകൊണ്ടിരുന്നു ഗർഭത്തിൽ.
പിന്നുഷിങ്കമാംതിങ്കളിൽപ്പുരാതിര-
യ്ക്കിന്നമോടുകാർകൊണ്ടലിരമ്പവേ

Digitized By Kerala Sahitya Akademi

അഷ്ടമിയോടു രോഹിണി ചേരുമമ്പാരം
വിഷ്ടപപതിപിറന്നാനന്ദവനമായിൽ.
നന്ദഗോത്രി വിരാടരാജ്യത്തെത്താര
നന്ദനയെയുംചെമ്മേപ്രസവിച്ചാരം.
പത്മധാരിയായ്ച്ചുത്തമഭൂലോകക്ഷ്മനായ്-
പ്പുത്രനാഭനാം പുത്രനെക്കാൺകയാൽ
ത്രുഷ്ടനാം വസുദേവനോടോതിനാരം
ദുഷ്ടകംസഭയത്തിനാൽ ദേവകി:—
'ഉണ്ണിയെക്കൊണ്ടുപോയി യശോദതൻ
സന്നിധേ ചെത്തവളുടെ പുത്രിയെ
കൊണ്ടുപോരികിങ്ങ'ന്നു കേട്ടാറ
മിണ്ടലാണ്ടാലുമാനകുളുന്നുടി
പുത്രനേയുമെടുത്തു പുറപ്പെട്ടാ-
നർദ്ധരാത്രിയിലമ്പാടി പൂകുവാൻ.
ചെമ്പാംവഴിയുണ്ടു നീരണ്ടാഴുകന്ന ഹാ,
നീർവഴിഞ്ഞതിഘോരയാം കാളിന്ദി!
അവതില്ലാഞ്ഞെതിരൊകയിൽനി-
ന്നീവിധംചിലചിച്ചു വസുദേവൻ:—
'എന്തു ചെയ്യുവനെങ്ങിനെപോകേണ്ടു,
ഹാ, മൈവം ചതിച്ചിതെന്നെത്തുലോം!
ഗോകുലേ നന്ദഗേഹമെമ്മട്ടു ഞാൻ
പൂകു'മെങ്ങു നോക്കിനില്പൂ, കണ്ണാൽ
തൃഷ്ടിയാംമാറു കൃഷ്ണന്റെ മായയാൽ
മുട്ടിനോളമായ് വെള്ളം യമുനയിൽ.
ആറിറങ്ങിക്കടക്കുമ്പോൾതന്റെ കൈ-
ത്താരിൽനിന്നടർ മായയാൽ മാധവൻ
നീരിലെയ്ക്കു പതിച്ചാനന്തുകണ്ട
ദേവകി 'ഹാ ഹേ'തി കേണാർത്തുമാഴ്കിനാൻ.
'കാത്തുരക്ഷിക്കൊള്ളുകെൻ ദേവേശാ, ലോകേശാ;
കാത്തുരക്ഷിക്കൊള്ളുകെന്നുണ്ണിയെ' യെന്നേവം
താതമാതാനം മേൽക്കുമേൽ കേഴുകയാൽ
ചേതസി കനിവാന്ന കാരുണ്യാന്തകൻ
നീരിലൊട്ടിട നീന്തിക്കളിച്ചിട്ട
നേരത്തിൻ കയ്യിലെത്തിനാൻ പിന്നായും.

Digitized By Kerala Sahitya Akademi

പിന്നെന്തുനകളുന്തുമി നന്ദങ്കൻറ
ധന്യഗേഹത്തിലെത്തിക്കുമാരനെ
മുഗ്ധയാം യശോദയ്ക്കായ് സമർപ്പിച്ചു
തത്തന്ത്രജയെയുമക്കാണ്ടുപോന്നാളസാ
സ്വാവസഥമണഞ്ഞു ശങ്കിതയാം
ദേവകിയുടെ പക്കലേക്കിടിഞ്ഞാൻ.

൩൧൭ ദേവകിതൊന്ന കേട്ടുംപ്രകാ-
യുറാ കുന്തൻറ കിങ്കരൻ വന്നെഞ്ചി
അകമാരിയെത്തന്നാത്മാരാകുംതൻ
പക്കൽനിന്ന പിടിച്ചുചുറിച്ചുടൻ
കൊണ്ടുപോയ് തന്മുരാങ്കൽ സമർപ്പിച്ചാൻ;
കണ്ടുകുനേന്തമാകെത്തുടങ്ങിപ്പോയ്.
പൊന്നിനോടു പൊരുന്ന വണ്ണവും
മിന്നൽനേർകണ്ണുനിന്നുഖിംബൊന്നുംപുമും
ചേരുമരപ്പൻകിടാവിനെക്കണ്ടുകൊ.
താരിൽ വൻഭയം പൂണ്ട ദൈത്യേശ്വരൻ
കൊണ്ടുപോയ് കൊൽകിതിനെന്നെന്നാബ്ദേ-
കണ്ടുകൊക്കാരു കല്പന നൽകിനാൻ.
ഇന്നറപൂണ്ടവരെന്നെക്കിടാവിനെ-
പ്പാറമേൽമഞ്ഞടിച്ചുകൊരുങ്ങവേ
മിന്നൽപോലതിവേഗേന വാനിട്ടം-
തന്നിലേറിനിനോതിനാൾ ഒഗരിയും:—
'നിന്നുടെ കാലനുണ്ടു നന്ദാലയം-
തന്നിൽ മേവുന്ന ഗുഡം, ഗരേശ്വര.'
എന്നമാത്രമരുൾചെയ്തു തന്നുടെ
മന്ദിരത്തെത്തഴെനൊള്ളിരുങ്കരി.
ദേവിതൻ മൊഴി കേൾക്കയാലെത്രയും
മാൽവളർന്നുഗ്രസേനിയാം മന്നവൻ
പൂതനയെന്ന പെങ്ങളോടോതിനാൻ:—
"സ്ഫീതവേഗം നടകൊണ്ടു നീശ്രുഭേ,
മായയാ നന്ദഗോപൻറ വീടണ-
ഞ്ഞായവനുടെ പിഞ്ചുകിടാവിനെ

Digitized By Kerala Sahitya Akademi

കൊന്ന ചോരിക; വേണ്ടുന്നതൊക്കെയും
തന്നകൊള്ളുനാമുണ്ടു നിനക്കുഞാൻ'.

'എങ്കിലങ്ങിനെ' യെന്നാൻ ഗോകുല-
ത്തിങ്കലേയ്ക്കു ഗമിച്ചാ നിശാചരി
മായകൊണ്ടൊരു സുന്ദരിയായ്ച്ചമ-
ഞ്ഞായർകോൻപുരംപുക്കു നിശ്ശ്രദ്ധമായ്
കുഞ്ഞിനെ വിഷം തേച്ചു മുലകൊടു-
ത്തഞ്ജസാ ചതുരു സദ്ഗതി നേടിനാൾ.
പാടു തട്ടിമറിച്ചുമ മാധവ-
നീടെഴും തൃണാവർത്താദികളെയും
കാളിയോരഗത്താനെയും മർദ്ദിച്ചു
കേളിയോടേ മഥുരയണഞ്ഞുടൻ
മല്ലരെ വെന്ന കംസനേയും വധി-
ച്ചുല്ലൽനീക്കിനാൻ ലോകത്തിനാകവേ.

രാജാവേ, ഇപ്പറഞ്ഞ കൃഷ്ണജന്മാഷ്ടമീവ്രതം കേട്ടാൽത്തന്നെ പാപശാന്തിവരും; പിന്നെ അനുഷ്ഠിച്ചാലത്തെ അവസ്ഥ പറയാനുണ്ടോ? ഈ മൈഷ്ണവവ്രതം അനുഷ്ഠിക്കുന്ന പുരുഷനും സ്ത്രീയും ഈ ജന്മത്തിൽത്തന്നെ നിസ്തുല്യമായ മുക്തിശ്രീയും നേടും.

മുൻതിഥിയുടെ സ്പർശമുള്ള തൃതീയയും ഷഷ്ഠിയും അഷ്ടമിയും ഏകാദശിയും ധർമ്മാർത്ഥകാമകാംക്ഷികൾ മൈക്കൊള്ളരുതു്. സപ്തമീസ്പർശമുള്ള അഷ്ടമി, രോഹിണീസംബന്ധമുണ്ടെങ്കിലും വർജ്ജിക്കണമെന്നുവേണം; മുഴു നവമിയായാലും, ഉദയത്തിൽ കുറച്ചു് അഷ്ടമിയും രണ്ടരനാഴികയുള്ള രോഹിണിയുമുള്ള പക്ഷം, അന്നു പൂർണ്ണാഷ്ടമിയായി കരുതാം. അഷ്ടമിരോഹിണി ബുധനാഴ്ചയോടോ തിങ്കളാഴ്ചയോടോ ചേർന്നുവന്നാൽ, വേറെ കോടികോടി വ്രതങ്ങളും കൊണ്ടെന്തുള്ളു? അതു കുറെ നൂറാണ്ടിനിടയിൽ കിട്ടിയെന്നാം കിട്ടിയില്ലെന്നാം വരാം! നവമി ചേർന്ന അഷ്ടമി, രോഹിണീസംബന്ധമില്ലെങ്കിൽ, നോൽക്കരുതു്. നവമീതിഥിയിൽ കലയോ കാഷ്ഠയോ മുഹൂർത്തമോ നേരം അഷ്ടമിയുണ്ടെങ്കിൽ അതു മൈക്കൊള്ളാം; സപ്തമിയോടു ചേർന്നതു പാടില്ല. സപ്തമിയുടെ സല്ലവസ്പർശത്തിൽപ്പോലും അഷ്ടമിയെ മൈക്കൊള്ളരുതു്: മദ്യത്തിന്റെ കുറെ തുള്ളി മതിയല്ലോ, ഒരു കുടം ഗംഗാജലത്തെ അശുദ്ധമാക്കാൻ.'

Digitized By Kerala Sahitya Akademi

ദിലീപൻ:—'മഹർഷേ, ഇതു് ഒന്നാമതായി ആരാണു് അനുഷ്ഠിച്ചതാരാണു്? ആരാണു് ആവിഷ്കരിച്ചതു്? പുണ്യഫലം എന്തൊക്കെയാണു്?'

വസിഷ്ഠൻ:—'ചിത്രരഥൻ എന്നൊരു മഹാപാപിയായ മഹാരാജാവുണ്ടായിരുന്നു: അഗമ്യാഗമനം, ബ്രഹ്മസ്വാപഹരണം, സുരാപാനം, വൃഥാ മാംസഭോജനം, പ്രാണിഹിംസ, പതിതമണ്ഡലത്തോടു സഹവാസം എന്നീവക പാപങ്ങളും ആയാൾ ഇടമുറിയാതെ ചെയ്യുകൊണ്ടിരുന്നു. ആ രാജാവു് ഒരിക്കൽ നായാട്ടിനായി കാട്ടിൽ ചെന്നെത്തി ഒരു വ്യാഘ്രത്തെ വളഞ്ഞു, സമീപസ്ഥരായ ഭടന്മാരോടായി ഇങ്ങനെ പറഞ്ഞു:—'ഇതിനെ ഞാൻതന്നെ കൊന്നുകൊള്ളാം; വേറെയാരെങ്കിലും ഇതിന്റെ നേർക്കു് ആയുധം പ്രയോഗിച്ചുപോയാൽ, അവനെ ഞാൻ തീർച്ചയായും കൊന്നുകളയും.' എന്നാൽ, വ്യാഘ്രം ചാടിപ്പോയ്ക്കളഞ്ഞു. രാജാവു ലജ്ജയോടെ അതിനെ പിന്തുടർന്നു, വളരെ പാടുപെട്ടു. സന്ധ്യയ്ക്കു ഭൈരവാഹങ്ങളാൽ വശംകെട്ടു് അങ്ങാടം യമുനാതീരത്തെത്തിച്ചേർന്നു.

അന്നു് അഷ്ടമിരോഹിണിയാകയാൽ, പല കന്യകമാർ അവിടെ വ്രതം അനുഷ്ഠിച്ചിരുന്നു. ധൂപദീപഗന്ധപുഷ്പപകങ്ങമാലികളായ പലതരം മംഗളദ്രവ്യങ്ങളും, ഗുണവത്തായ അന്നവും കണ്ടിട്ടു രാജാവു സവിനയം അപേക്ഷിച്ചു. 'ഭക്ഷണം കഴിക്കായ്കയാൽ, എന്റെ പ്രാണൻ ഈ നിമിഷത്തിൽ പോയ്ക്കളയും!'

കന്യകമാർ:—'ധന്യനായ രാജാവേ, ഇന്നു കൃഷ്ണജന്മാഷ്ടമിയാണു്; ഊണുകഴിച്ചുകൂടാ. കുഴക്കു്, കഴുത, കാക്ക, പശു എന്നിവയുടെ മാംസം തിന്നുന്നതുപോലെയാണു്, അഷ്ടമിരോഹിണിനാളിൽ ഭക്ഷണം കഴിക്കുന്നതു്. സംസാരത്തിലിരിക്കുന്നവർക്കു് എന്തെന്തു പഴുതാണി (അപായപ്രവേശമാർഗ്ഗം) ള്ളാത്തതു്? കുട്ടിൽപ്രാണൻ കിടക്കെ, ജയന്തി നോൽക്കാതിരിക്കുന്നതേവനോ, അവൻ കാലാലയത്തിൽ കൃഷ്ണനിക്കേണ്ടിവരും. ജയന്തിനാളിൽ ഊണുകഴിക്കുന്നതാരോ, അവൻ നൽകുന്നതു പിതൃക്കൾ കൈക്കൊള്ളുകയില്ല; അവൻ അവയ്ക്കെല്ലാം അധോഗതി വരുത്തുന്നു.'

ഇതുകേട്ടിട്ടു മനംകുളിർത്ത മന്നവനും കുറച്ചു പൂവും ഗന്ധവും വസ്ത്രവും കൊണ്ടുവന്നു വ്രതം അനുഷ്ഠിച്ചു; ആ വ്രതത്തിന്റെ മഹിമയാൽ അദ്ദേഹം ഋക്ഷിമാരോടുകൂടി ദിവ്യവിമാനത്തിലേറി വിഷ്ണുസദനം

Digitized By Kerala Sahitya Akademi

ത്തിൽ ചെന്നുചേരുകയും ചെയ്യു. മഥുരയിൽചെന്ന കൃഷ്ണന്റെ മുഖാരവിന്ദം ദർശിച്ചുലഭിക്കുന്ന ഫലം കൃഷ്ണജന്മാഷ്ടമി നോറ്റാൽ കിട്ടും. ദ്വാരകയിൽചെന്ന യിശേശ്വരനായ വിഷ്ണുവിനെ ദർശിച്ചാലുള്ള ഫലം മീനമ്മാക്കുമ്പോലും ജന്മാഷ്ടമീവ്രതംകൊണ്ടു സിദ്ധിയ്ക്കും.'

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ദിലീപവസിഷ്ഠസംവാദം, കൃഷ്ണജന്മാഷ്ടമീ മാഹാത്മ്യകഥനം പതിമ്മൂന്നാമധ്യായം.

പതിനാലാമധ്യായം

ശൌനകൻ:—"മഹാപ്രാജ്ഞ, എല്ലാ വർണ്ണങ്ങളിലുംവെച്ചു ശ്രേഷ്ഠനായിരിക്കുന്ന ബ്രാഹ്മണന്റെ മാഹാത്മ്യം ദയചെയ്തു എനിക്ക് പറഞ്ഞുതന്നാലും!"

(കിളിപ്പാട്ട്—കേക)

സൂതൻ:—

"ഞാരണൻ ഗ്രഹത്തെന്നു ചപ്പജാതിക്കും; വാനോ-
ക്കാകെയാശ്രയം സാക്ഷാൽ വിഷ്ണുതാനവപത്രേ!
വിപ്രനെബ്ഭക്ത്യാ വിഷ്ണുവെന്നോർത്തു നമിപ്പോനെ
സുപ്രവൃദ്ധമായ് വരും ഫന്തു! സമ്പത്തുംമറും.
ഏവനുംഗുവാൾ വന്നിക്കില്ല വിപ്രനെക്കണ്ടാ-
ലവന്റെ തലവീശാനെന്നുമുദ്യുക്തൻ കൃഷ്ണൻ!
നിശ്ചിതം പിഴപ്പെയ്തു വിപ്രനെദ്വേഷിപ്പോ-
മച്യുതദ്വേഷം, പാപം, താരുണ്യനരകടം.
അത്ഥിയായ് വന്ന മഹാദേവനെ ക്രുദ്ധാനോക്കും
മൻമ്മഥന്റെ കണ്ണിൽത്തുപ്പുസൂചി കേറുമേ കാലൻ!
അന്ധനായ് ദ്വിജന്മാരെപ്പഴിപ്പോനുടെ വായി-
ലന്തകദൂതരീയമുരുക്കിയൊഴിച്ചീടും!
ഉണ്ണുവതെവിടെയൊരാരണന,ഗ്ഗേഹത്തിൽ
വിണ്ണോരൊടൊപ്പം വിഷ്ണു താൻതന്നെ ഭുജിയ്ക്കുന്നു!
ബ്രാഹ്മണപാദോദകമൊരിറ്റു നകരുകിൽ
ബ്രഹ്മഹത്യാദിമഹാപാപവുമെല്ലാം നിങ്ങും.

Digitized By Kerala Sahitya Akademi

ഭക്തിയാൽ പിജപാദം കൈകൊണ്ടുകഴുകിച്ചാൽ
സത്യമേ ചൊല്ലുന്നേൻ ഞാൻ, സർവപാപവും നീങ്ങും!
പുത്രഹീനയാം സ്ത്രീയും പുത്രനുണ്ടാകും; ജീവൽ-
പുത്രയാം പ്രജാപതേതാംവിപ്രാംഘ്രിനിഷേചനാൽ.
ബ്രഹ്മാണ്ഡകടാഹത്തിലുംപ്പെട്ട തീർത്ഥം മുറ്റും
നന്മയോടമരുന്ന ഭൂസുരപാദങ്ങളിൽ!
മൂർദ്ധനി പിജാംഘ്രിനീരേല്പുതാരവൻ സർവ-
തീർത്ഥവുമാടീ! സർവപാപവുമവന്നറവു!

തപോധനനായ ശൗനക, ബ്രാഹ്മണപാദോദകത്തിന്റെ മാഹാത്മ്യത്തിനുദാഹരണമായി, പാപനാശനമായ ഒരിതിഹാസം ഞാൻ പറയാം; കേട്ടുകൊൾകം:

പണ്ടു ദ്വാപരയുഗത്തിൽ, വൈശ്യവൃത്തിക്കാരനായി ഭീമൻ എന്നൊരു ശൂദ്രനുണ്ടായിരുന്നു. ശൂദ്രാചാരഭ്രഷ്ടനായ അവൻ ഒരു കേമിയായ വൈശ്യസ്ത്രീയോടൊന്നിച്ചു രമിച്ചുപോന്നു. അസംഖ്യം ബ്രഹ്മഹത്യകളും ഗുരുദാരഗമനവുംചെയ്ത നിഷ്ഠുരനായിരുന്നു അവൻ. ഒരു കവർച്ചക്കാരനും ദുഷ്ടചിത്തനുമാണു ഈ ഭീമൻ. പാപങ്ങൾക്കു കണക്കില്ലല്ലോ പറഞ്ഞുകൂടാ! ഒരുനാൾ അവൻ ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ ചെന്നു കേറി, അദ്ദേഹത്തിന്റെ മുതൽ കൈക്കലാക്കാനായി പിടിച്ചുപുരയ്ക്കടുക്കൽ നിന്നു്, ആ തപോധനനോടു ദീനസ്വരത്തിൽ പറഞ്ഞു:—'സ്വാമി, എന്റെ സങ്കടം കേൾക്കണേ! ഇവിടുന്നു ഒരു ദയാശീലനാണെന്നു തോന്നുന്നു. എനിക്കു വല്ലാത്ത വിശപ്പുണ്ടു്. കുറച്ചു ചോറുതരണം! എന്റെ പ്രാണൻ ഇപ്പോ നിമിഷത്തിൽ പൊയ്പ്പോകും!'

ബ്രാഹ്മണൻ:—'അല്ലയോ, ക്ഷുധാർത്തനായ അതിഥേ, പാകം ചെയ്തു തരാൻ എനിയ്ക്കു് ആരുമില്ല; ദിവസേന അരികൊണ്ടുപോയി യഥേഷ്ടം വെച്ചുണ്ടുകൊൾകം. എനിക്കു് അച്ഛനില്ല; അമ്മയില്ല; മകനില്ല; സഹോദരനില്ല; ഭാര്യയില്ല; കാർച്ചക്കാരനില്ല; എല്ലാവരും എന്നെ വെട്ടിഞ്ഞു, മരിച്ചുപോയി. ഭാഗ്യം കെട്ട ഞാൻ തനിയേ പാർക്കുകയാണു്; ഗൃഹത്തിൽ കാലിടാനാരുമില്ല.'

ഭീമൻ:—ബ്രാഹ്മണശ്രേഷ്ഠ, എനിയ്ക്കും ആരുമില്ല. ഞാൻ ഒരു ശൂദ്രനാണു്; അങ്ങയെ ശുശ്രൂഷിച്ചുകൊണ്ടു് എന്നും ഇവിടെ പാർത്തുകൊള്ളാം.'

Digitized By Kerala Sahitya Akademi

ഇതുകേട്ടപ്പോൾ ബ്രാഹ്മണന് സന്തോഷം തോന്നി; അദ്ദേഹം വേഗത്തിൽ പോറുവെച്ചുണ്ണാക്കി അവന് കൊടുത്തു. സന്തുഷ്ടനായ അവൻ ആ ബ്രാഹ്മണനെ സ്നേഹയുക്തമായ ശുശ്രൂഷയാൽ തൃപ്തിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ഗൃഹത്തിൽ പാർപ്പുറപ്പിച്ചു. 'ഇന്നോ, നാളെയോ ഇയ്യാളുടെ ധനംകൊണ്ടു പോടാമെന്നായിരുന്ന അകള്ളന്റെ അന്തർഗ്ഗതം. എന്നാൽ അവൻ നേരം തോറും ബ്രാഹ്മണന്റെ കാൽ കഴുകിയ വെള്ളം തലയിലാടിയിരുന്നതിനാൽ പാപമുക്തനായിച്ചമഞ്ഞു.

ഒരുനാൾ രാത്രി ഒരു കള്ളൻ ആ ബ്രാഹ്മണന്റെ മുതൽ മോഷ്ടിപ്പാനായി, വാതിൽ കുത്തിത്തുറന്ന് അദ്ദേഹത്തിന്റെ ഗൃഹത്തിനുള്ളിൽ കയറി. അതുകണ്ടിട്ട ഭീമൻ കള്ളനെ തല്ലാൻ വടിയുമായി പാഞ്ഞടുത്തു. കള്ളനാകട്ടെ, ക്ഷണത്തിൽ ഭീമന്റെ തല വിശി പാഞ്ഞുകളഞ്ഞു. ഉടനേ, ആ നഷ്ടപാതകനായ ഭീമനെ കൊണ്ടുപോകുന്നതിനു ശംഖ ചക്ര ഗദാപാണികളായ വിഷ്ണുപാർഷദന്മാർ വന്നെത്തി. രാജഹംസങ്ങളെപ്പൂട്ടിയ ഒരു ദിവ്യരഥവും അവിടെ കാണുമാറായി, ഭീമൻ അതിൽ കേറി ഉത്തമമായ വിഷ്ണുസദനത്തിലേയ്ക്കു ഗമിക്കുകയുംചെയ്തു.

ഞാനിപ്പുറഞ്ഞ ബ്രാഹ്മണമാഹാത്മ്യം യാതൊരാൾ ഭക്തിയോടേ ശ്രവിക്കുന്നുവോ, അവന്റെ പാപശാന്തിവരും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രാഹ്മണമാഹാത്മ്യകഥനം,
പതിനാലോമദ്ധ്യായം.

(൦)

പതിനഞ്ചാമദ്ധ്യായം

ശൌനകൻ:—"മഹാഭാഗ, ഏകാദശിയുടെ പാപനാശനമായ മാഹാത്മ്യം പറഞ്ഞുതരിക. ആ വ്രതനോറ്റാലുള്ള ഫലം എന്താണ്? നോല്ക്കാഞ്ഞാലുള്ള ദോഷം എന്താണ്?"

സൂതൻ:—"ഏകാദശിയുടെ മാഹാത്മ്യം ഞാൻ എന്തുപറയേണ്ടു! ഏകാദശി എന്ന ശബ്ദം കേട്ടാൽത്തന്നെ, സകലരേയും പേടിപ്പിക്കുന്ന യമകിങ്കരന്മാർ നടുങ്ങിപ്പോകും! എല്ലാ വ്രതങ്ങളിലും മീതെ

Digitized By Kerala Sahitya Akademi

യാള്ള ഏകാദശി നോറ്റ് ഉറക്കമിളയ്ക്കുകയും, വിഷ്ണുവിനെ കേമമായി ആരാധിയ്ക്കുകയും ചെയ്യണം. തുളസീദളങ്ങൾകൊണ്ടു പുരുഷോത്തമനെ പൂജിച്ചാൽ, ഒരു ദളത്തിന് ഒരുകോടി യാഗങ്ങളുടെ ഫലം വീതം കിട്ടും. അഗ്ന്യാഗമനത്താലുള്ള പാപം ഒരേ കാദശി നോറ്റാൽ തീരുന്നു. ഏകാദശിനാൾ നെയ്വിളക്കു കത്തിയ്ക്കുന്നവൻ അവസാനത്തിൽ തന്റെ തേജസ്സുകൊണ്ടു തമസ്സുകറ്റി മെയ്കണ്ടം പ്രാപിയ്ക്കും. ഏകാദശിയാകുന്ന വിഷ്ണുദിനത്തിൽ ഏതു രാജ്യത്തു മഹോത്സവം നടത്തപ്പെടുന്നുവോ, അതത്രേ ധന്യമായ രാജ്യം; അതിലെ നഗരത്രേ ധന്യനായ രാജാവ്! വിഷ്ണുവിന്റെ രൂപം, പരിവർത്തനം, വിശേഷിച്ചും ഉത്ഥാനം എന്നീ ഏകാദശികളിൽ ഉപവസിക്കുന്നതെവരോ, ആ സുകൃതികളെ എന്റെ അടുക്കലയയ്ക്കുക കൊണ്ടുപോരുന്നതെന്നിങ്ങിനെ, പിതൃപതി രാവും പകലും കിങ്കരരോടു താക്കീതുചെയ്യാറുണ്ട്.

ജഗദീശന്റെ പ്രിയതമയും പുണ്യവർദ്ധിനിയുമത്രേ ഏകാദശി. അന്ന് അന്നം ഭക്ഷിച്ചാൽ, വിഷ്ണുവിന്റെ തിരുവുടൽ ചുട്ടെരിക്കുന്നതുപോലെയും! ഏകാദശിനാൾ ഉണ്ണുന്ന പാപികളുടെ ശ്രപ്തണം എത്ര ഭയാശം! ജീവിതാന്തത്തെ നരകമോശം! മലമാണ് അവർ ഭക്ഷിക്കുന്നതു!! ബ്രഹ്മണശ്രേഷ്ഠ, ഏകാദശിനാളിൽ അന്നത്തെ അശ്രയിച്ചുതേ, പലതരം ഘോരദുരിതങ്ങളും സ്ഥിതിചെയ്യുന്നതു്. അമാവാസിയിൽ സ്ത്രീസംഗംചെയ്താലുള്ള മഹാപാപം, ഏകാദശിനാൾ ഉണ്ണുകഴിക്കുന്നവന്നു പറഞ്ഞിട്ടുള്ളതാകും. അന്ന് അന്നം ഭക്ഷിച്ചവർ ഖഞ്ജവാതം, മഹോദരം, കുഷ്ഠം മുതലായ രോഗങ്ങളിൽ ചെട്ടുപോകും. അന്നു് അന്നംഭക്ഷിച്ചവൻ പോക്കായിട്ടോ ദരിദ്രനായിട്ടോ പിറക്കും; തൂറുകിൽ അടുത്തുപിറക്കും. ലോകത്തിലെ പാപങ്ങളൊക്കയും യമന്റെ അടുക്കലെത്തുസരിച്ചു്, ഏകാദശിനാളിൽ അന്നത്തെ അശ്രയിച്ചു സ്ഥിതിചെയ്യുന്നു. മറ്റു സകലപാപങ്ങൾക്കും പ്രായശ്ചിത്തമുണ്ടു: ഹരിവാസരത്തിൽ ഉണ്ണൽ കഴിച്ചുപോയാൽ പ്രായശ്ചിത്തമില്ല. അച്യുതദിനത്തിൽ അന്നം ഭക്ഷിച്ചാൽ, ഓരോവറിന്നും കോടി ബ്രഹ്മഹത്യാപാപം നേരിടും. ഞാൻ വീണ്ടും വീണ്ടും പറയുന്നു; മനുഷ്യരേ, കേൾപ്പിൻ, കേൾപ്പിൻ: ഹരിവാസരത്തിൽ ഉണ്ണരുതേ, ഉണ്ണരുതേ!

ഗ്രഹണസമയത്തു ഗംഗ മുതലായ തീർത്ഥങ്ങളിൽ സ്നാനം ചെയ്യുന്നതിനെത്രഫലം ഏകാദശി നോറ്റാൽ കിട്ടും. അന്നു ലക്ഷ്മീവല്ലഭനെ

Digitized By Kerala Sahitya Akademi

താമരമാലകൊണ്ടു പൂജിച്ചു വിധിപോലെ പാരണകഴിച്ചവനു വീണ്ടും മാതൃഗർഭം പൂകേണ്ടിവരില്ല. ഏകാദശിനാരം വിഷ്ണുക്ഷേത്രം അലങ്കരിയ്ക്കുന്നവൻ പരമഗതി നേടി വൈകുണ്ഠത്തിൽ വസിക്കും. പതിവായി ഏകാദശി നോല്ക്കുന്നവർക്ക് ഏതൊന്നാണ് വിഷ്ണുപുരംതന്നെയായിരിക്കും പാപ്പിടം; തുളസിയുടെ പേരിൽ അല്പം ഭക്തിയുണ്ടോ അവർക്ക് ഏതൊന്നാണ് വിഷ്ണുപുരം തന്നെയായിരിക്കും പാപ്പിടം; പരദ്രവ്യത്തിൽ അഭിലാഷം ഇല്ലാത്തവരും, സന്തുഷ്ടചിത്തരുമായവരിലരോ അവർക്ക് വൈകുണ്ഠപ്രാപ്തി തീർച്ചയാണ്; ദുർഭിക്ഷകാലത്തു ദേഹികൾക്ക് അന്നം നൽകുന്ന നരശ്രേഷ്ഠന്മാർ തീർച്ചയായും വിഷ്ണുസദനം പൂകും: ഗോവിനേയോ ബ്രഹ്മണനേയോ സ്വാമിയേയോ സ്ത്രീയേയോ രക്ഷിപ്പാൻവേണ്ടി പ്രാണൻ കളയുന്നവർക്കു വൈകുണ്ഠപ്രാപ്തി തീർച്ചയാണ്.

ദശമീസംബന്ധമുള്ള ഏകാദശി ഒരിയ്ക്കലും നോൽക്കരുത്; അതു ദുർജ്ജനസാമീപ്യംപോലെ വർജ്ജനീയമത്രേ. അരുണോദയത്തിൽ ദശമി തട്ടീട്ടുണ്ടെങ്കിൽ ദ്വാദശി നോറ്റു ത്രയോദശിയിൽ പാരണകഴിക്കുക. അരുണോദയത്തിൽ ദശമിയുടെ അവശേഷമുണ്ടെങ്കിൽ അന്നു വൈഷ്ണവൻ ഏകാദശീവ്രതം അനുഷ്ഠിക്കരുതു്. നാലു നാഴികനേരമാണ് അരുണോദയം. അതു സന്ന്യാസിമാർക്കു സ്നാനത്തിനുള്ള സമയമാകുന്നു; അപ്പോഴാകും എല്ലാ ജലവും ഗംഗയ്ക്കു ശരിയായിരിക്കും. അരുണോദയത്തിൽ ദശമീസംബന്ധമുള്ള ഏകാദശി നോറ്റാൽ ധർമ്മവും അർത്ഥവും കാമവും നശിച്ചുപോകും. സപ്തപുരിയിലും ദശമി സ്പർശിച്ചിട്ടുള്ള ഏകാദശി അഭിജ്ഞൻ വൈകുണ്ഠപ്രാപ്തി കൊതിക്കുന്നുണ്ടാകുമോ? ഒരിറു മദ്യംപോലും നാൽ ഒരു കുടം നെയ്യു ത്യാജ്യമാകുമല്ലോ. ഏകാദശിയുടെ അവശേഷം ദ്വാദശിനാളിലുണ്ടായാൽ അന്നു സന്ന്യാസിമാർ നോൽക്കണം; ഗൃഹസ്ഥന്മാർ തലേന്നാൾ മാത്രം നോറ്റാൽ മതി. സപ്തപുരിയിലും ഏകാദശിയും, ബാക്കി ദ്വാദശിയുമാണെങ്കിൽ അന്നു നോറ്റു ത്രയോദശിയിൽ പാരണ കഴിക്കുന്നതു ഒരുത്തരുടെ കുറ്റപ്രായശ്ചിത്തങ്ങളിലും ശ്രേഷ്ഠമത്രേ. സപ്തപുരിയിലും ഏകാദശിയും, ബാക്കി ദ്വാദശിയുമാണെങ്കിൽ പരമഗതി തേടുന്നവൻ ദ്വാദശിമുഴുവൻ നോല്ക്കുകതന്നെവേണം. ഏകാദശിയുടെ അവശേഷം ദ്വാദശിയുടെ പ്രഭാതത്തോടു ചേർന്നിട്ടുണ്ടെങ്കിൽ അന്നാണ് എല്ലാവരും നോറ്റേടുക്കേണ്ടതു്.

ഏകാദശീവ്രതത്തിൽ സന്തുഷ്ടിയുള്ളവർക്കു സപർയ്യാവാസം ലഭിയ്ക്കും—അവർ വിഷ്ണുസദനം പ്രാപിക്കും. ഏകാദശിയെക്കാൾ

Digitized By Kerala Sahitya Akademi

മീതെ പരലോകത്തേയ്ക്കുതകുന്നതായി കരുതാനില്ല. എത്രയെത്ര പാപം ചെയ്തവനും ഹരിവാസരവ്രതം കൊണ്ടു പാപമുക്തനായി വിഷ്ണുസദനമടയും. അതുകൊണ്ട് സ്ത്രീ ഭർത്താവെന്നിച്ചു ഹരിവാസരം നോൽക്കുന്നതോ, അവർ നല്ല മക്കളെ പെറ്റുകൂടി ഭർത്തൃപ്രിയയായി ഭവിക്കും; മരിച്ചാൽ ഒരുപോലെ പുകൾപെറ്റ സ്വർഗ്ഗവും പൂകുകയും ചെയ്യും. ബ്രഹ്മണോത്തമ, വിഷ്ണുദിനത്തിൽ യാവനൊരുത്തൻ വിഷ്ണുവിന്റെ മുമ്പിൽ ഭക്തിയോടേ വിളക്കു വെയ്ക്കുന്നതോ, അവന്റെ പുണ്യങ്ങൾക്കു കണക്കില്ല! ഏകാദശിനാളിൽ രാത്രിയിൽ ഭർത്താവെന്നിച്ചു് ഉറക്കമിളയ്ക്കുന്ന സ്ത്രീ വല്ലപ്പോഴുമൊരിക്കലാലും മനുഷ്യനെന്നിച്ചു മാധവമന്ദിരത്തിൽ വാഴും. വിഷ്ണുവാസരത്തിൽ വല്ലയ്യനുമാകുന്ന വിഷ്ണുവിനു വഴിപാടുചെയ്താൽ, അതുകൊണ്ടുള്ള പുണ്യം എന്നെന്നും ഒടുങ്ങുകയില്ല.

(കിങ്ങിപ്പാട്ട് - കാകളി)

ഉണ്ണായിരുന്നപോൾ കൊഞ്ചനപത്തനേ
രണ്ടാം കുമ്പേരനായ് വല്ലനെന്നൊരാൾ.
ഹോമപ്രഭയെന്നാവന്റെ ഭാര്യയുപോ-
രാമഞ്ഞുഗാത്രിയോ ടെയ്ശീല്യമുത്തി താൻ!
വല്ലാത്ത വായാടിയാമവളെപ്പൊഴും
വല്ലനോട്ടു കശപിശ കൂട്ടുമേ.
നിച്ചിലുംവെച്ചു കഴിഞ്ഞായവളുണ്ണ,-
മുഷ്ടിഷ്ടമേ തുരുക്കംകൊ കൊടുത്തിട്ടു;
പച്ചത്തെറിയാലവരുകാരിയു-
മച്ചണ്ഡികാന്തനായ് ഗുണക്കുടം സദാ.
'പാർത്രശാലിനി! ഞാനെ'ന്ന ഭാവനവരും
ജാരരെത്തേടി നടക്കയും ചെയ്യുമേ!

ഏകദാപോയ് വന്നനേരത്തു, പാപങ്ങ-
ളാകെയിണങ്ങുമാളുടെ വല്ലനെ
കെല്പിൽക്കുകാരിച്ചുടിപ്പാൻ; പൊടിച്ചു പൊ-
ന്നപ്പണ്ണൊരാളറ വീട്ടിലൊളിച്ചുതേ.
തത്രചെയ്തീലാ ജലപാനവുമവ-
ളെത്രയെന്നില്ലാതെയേറീടുമീറയാൽ;
ജ്ഞാതിഥിയാകട്ടെ, ഭാഗ്യയോഗാൽ പരി-
വത്സരൈകാദശിയായിരുന്നതുനേ;

Digitized By Kerala Sahitya Akademi

പിറേറാട്ടിവസമോ ശ്രാവണപൗർണ്ണമി!
മറവും പുലർച്ചയ്ക്കു വീടണഞ്ഞാളുവിൻ.
ശ്രീപതിനാളിങ്കലൂൺ കഴിച്ചുറങ്ങുകയാൽ
പാപങ്ങളെല്ലാമകന്നിഴിഞ്ഞു നല്ലാരവരും
അന്തരിക്ഷത്തിൽ തരിച്ചുപോയാൽ; അടുക്കുന്നം
വന്ന യമദൂതർ കൊണ്ടുപോയീടുമാത്മാവിനെ.
മുകത്തടി, വൻകവടിയെന്നിവ കൈക്കൊണ്ടുള്ളിൽ-
മങ്ങടിഞ്ഞമർന്നു വരിഞ്ഞുകെട്ടീടവേ,
തത്രവന്നെത്തിനാർ ശംഖചക്രഗദാ-
ഹസ്തരായ്പീതചതുർഭുജന്മാരഹോ!
പാശമറുത്താ നിരയതനം സാധിപ്പിച്ച-
പ്പൂരുഷനെ ദിവ്യമാം തേരേറിപ്പോവർ.
അതുകണ്ടു ഭൂഴി, സ്വർഗ്ഗം സുദർശ്ശൻ പ്രാപ-
മായ ഹരിപുരം പൂകുമാറാളുവിൻ.

ബ്രാഹ്മണശ്രേഷ്ഠ, ഹരിവാസരത്തിന്റെ മാഹാത്മ്യം ഞങ്ങളോടു ഞാൻപറഞ്ഞു. ഇതു, വേണ്ടുവോളമില്ലാതെ നോറവർക്കുടി വിഷ്ണുമന്ദിരം പ്രാപിക്കും! ഏകാദശിനാളും വിഷ്ണുക്ഷേത്രത്തിൽ വിളക്കുവെച്ചാൽ, അടിക്കടി അശ്വമേധാധികമായ ഫലം സിദ്ധിക്കും. ഹരിവാസരത്തിൽ പുരാണവും മറ്റും ശ്രവിയ്ക്കുന്നവർക്ക്, ഓരോ അക്ഷരത്തിനും ഓരോ പത്മോദ്ഭവനജ്ഞന്റെ ഫലം കിട്ടും!"

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ഏകാദശീമാഹാത്മ്യകഥനം
പതിനഞ്ചാമദ്ധ്യായം.

പതിനാറാമദ്ധ്യായം

ശൗനകൻ:—"സൂത, എന്തുകർമ്മത്താലാണ് പാപം നശിയ്ക്കുകയും വിഷ്ണുകാരുണ്യം ലഭിക്കുകയും ചെയ്യുക? അതു സദയം പറഞ്ഞുതരിക."

സൂതൻ:—"ശൗനക, പാപനാശനമായ വിഷ്ണുകാരുണ്യം ഇന്നതുകൊണ്ടു ലഭിക്കുമെന്നു ഞാൻ പറയാം; ഇതുകേട്ടാൽത്തന്നെ പാപശാന്തി വരും:

Digitized By Kerala Sahitya Akademi

യാവനൊരുത്തൻ പൌർണ്ണമാസിയിൽ ശ്രീലോകനാഥനെ ഭക്തിശ്രദ്ധാന്വിതനായി പൂജിയ്ക്കുന്നുവോ, അവനു തീവ്ര്യയും കോടി ജന്മങ്ങളിലെ കില്ബിഷം നശിയ്ക്കുകയും ലക്ഷ്മീവല്ലഭന്റെ കടാക്ഷം ലഭിയ്ക്കുകയും ചെയ്യും. ദാദശിനാൾ ബ്രാഹ്മണനെ ഭക്തിപൂർവ്വം ഊട്ടിയാൽ, നൂയ്യോദയത്തിൽ ഇരുട്ടെന്നപോലെ, പാപമെല്ലാം വിട്ടൊഴിയും. ദാദശിനാൾ ദാമോദരനു പാലഭിഷേകം ചെയ്താൽ, തൽക്ഷണം പ്രസാദിയ്ക്കും.

വിഷ്ണുവിനു മന്ത്രതന്ത്രാദികളെ അനുഷ്ഠിയ്ക്കുവാനായാൽ ഫലം കല്പാന്തത്തിങ്കീഴോളം! അപ്പിഴവനു് അധോഗതിയും വരും. ദുർബ്രാഹ്മണൻ ചെയ്യുന്ന ദാനവും കല്പിച്ച ശരിതന്നെ! അതിൽ ദാതാവിനു് ഒരു പുണ്യവും കിട്ടുകയില്ല. വിദ്യാവിഹീനനായ ബ്രാഹ്മണൻ മതിമറന്നു ദാനം വാങ്ങുന്നതായാൽ, അതു കാലാഗ്നിയെന്നപോലെ അവനെ ദഹിപ്പിച്ചുകളയും; അവൻ നരകം പൂകുകയും ചെയ്യും. മരംകൊണ്ടുണ്ടാക്കപ്പെട്ട ആന, ചിത്രത്തിലെ മൃഗം, വിദ്യാവിഹീനനായ ബ്രാഹ്മണൻ എന്നീ മൂവുക്കും പേർ മാത്രമേ ഉള്ളൂ! വഴിയിലെ വെള്ളം കാറ്റും വെയിലും തട്ടി വറ്റിപ്പോകുന്നതെപ്രകാരമോ, അപ്രകാരം വൈഷ്ണവനെ ഭക്തിപൂർവം ദർശിച്ചാൽ കില്ബിഷം അറുതിപ്പെടും. ആശ്വിനപൌർണ്ണമാസിയിൽ, നെല്ചേർത്ത മലരും കളിപ്പാൻ കവിടിയും വിഷ്ണുവിനു സമർപ്പിയ്ക്കുന്നവൻ പുനരാവൃത്തിയില്ലാതെ വൈകുണ്ഠം പുക്കു വാഴും; മൂഢതയാൽ സമർപ്പിയ്ക്കാത്തവനിലാകട്ടേ, ലക്ഷ്മീശൻ പ്രസാദിയ്ക്കുകയില്ല. ആശ്വിനപൂർണ്ണിമാതിഥിയിൽ എത്ര കവിടി സമർപ്പിയ്ക്കുന്നുവോ, അത്രനാൾ തീവ്ര്യയും വൈകുണ്ഠത്തിൽ വസിയ്ക്കാം.

പണ്ടു കരവീരപുരത്തിൽ കാലദ്വിജൻ എന്നൊരു ശൂദ്രനുണ്ടായിരുന്നു. ഒരു ദയയില്ലാത്ത ഭയങ്കരനും തൻകായ്ക്കുംമാത്രം നോക്കി സ്വാമിയുടെ കാര്യം കെടുക്കുന്നവനുമായിരുന്ന അവൻ. ഒരുനാൾ അവൻ മരണമടഞ്ഞു. ഉടനേ ഭീഷ്ണരായ യമകിങ്കരന്മാർ വന്നൊത്തി, അവനെ കെട്ടിവരിഞ്ഞു കാലമന്ദിരത്തിലേയ്ക്കു കൊണ്ടുപോയി. അവനെ കണ്ടിട്ടു യമൻ മന്ത്രിയോടു ചോദിച്ചു:—'അഭിജ്ഞനായ ചിത്രഗുപ്താ, ഇവനു നന്മയോ തിന്മയോ എന്തുണ്ടു്? നോക്കിപ്പറയുക'.

ചിത്രഗുപ്തൻ:—'ഇവൻ സ്വാമികാര്യം കൊണ്ട പാപിയും ദുർവൃത്തനാമാണു്; പുണ്യം അണുപോലുമില്ല. ഏറെ മനുഷ്യാന്തരം മുഴുവൻ നരകത്തിലിടണം; പിന്നെ ഈ നിർഭ്ഭാഗ്യൻ നാഗയോനിയിൽ പിറന്നു കല്പിച്ചുകിട്ടുന്നിടത്തിൽ കഴിച്ചുകൂട്ടുമാറാകട്ടെ!'

അപ്രകാരം, കാലദ്വിജൻ അനേകംകാലം നരകത്തിൽ കിടന്നു; പിന്നെ നാഗയോനിയിൽ ജനിച്ചു് ഒരു കല്പിച്ചുകിട്ടിയിടത്തു കൃഷ്ണി

Digitized By Kerala Sahitya Akademi

യുകയായി. അങ്ങിനെയിരിയ്ക്കെ ഒരാശ്വിന പൌർണ്ണമാസിയിൽ അനാഗം കുറെ മലരും കവിടിയും മടയിൽനിന്നു പുറത്തേയ്ക്കു ചിന്നിച്ചു; അതു വിഷ്ണുവിന്റെ മുമ്പിലാണു വീണതു്. തൽക്ഷണം, ദയാലുവും ദുഃഖഹർത്താവുമായ ഭഗവാൻ അതിന്റെ പാപമെല്ലാംനശിപ്പിച്ചു.

അപ്രകാലം അതു മൂതിയടഞ്ഞതേപ്പാടം, വളരെ യമഭടന്മാർ വന്നൊത്തി അതിനെ ചെന്നിച്ചു യമാലയത്തിലേയ്ക്കു കൊണ്ടുപോകാൻ തുടങ്ങി. അപ്പോഴേയ്ക്കും, ശംഖചക്രഗദാപാണികളായ വിഷ്ണുദൂതന്മാർ വന്നുചേർന്നു കയർ മുറിച്ചുകളഞ്ഞു. പാപമുക്തമായ അതിനെ ദിവ്യരഥത്തിൽ കേറ്റി. യമഭടന്മാരാകട്ടെ കുതിച്ചു പാഞ്ഞുകളഞ്ഞു! നാഗം വിഷ്ണുഭക്തരാൽ മുററ്റെടുത്തു നാരായണാലയത്തിലെത്തി, പുനരാവൃത്തിയില്ലാതെ ഭഗവത്സന്നിധിയിൽ സ്ഥിതിചെയ്തു.

നെ ചേതിച്ച മലരും കവിടിയും വിഷ്ണുവിനു ഭക്തിപൂർവം സമർപ്പിച്ചാലത്തെ പുണ്യം എന്തായിരിയ്ക്കും എന്നു് എനിക്കറിഞ്ഞുകൂടാ! ഇതയൊരദ്ധ്യായം ശ്രവിച്ചാൽത്തന്നെ, ശ്രീനാരായണന്റെ കാരുണ്യത്താൽ പാപശാന്തി വരും."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, പൂർണ്ണിമാവിഷ്ണുപൂജന
മാഹാത്മ്യകഥനം പതിനാറാമദ്ധ്യായം.

(൦)

പതിനേഴാമദ്ധ്യായം.

ശൌനകൻ:— "മഹാപ്രാജ്ഞനായുള്ളോവെ, കൃപാസമുദ്രമേ, വിഷ്ണുപാദജലത്തിന്റെ പാപനാശനമായ മാഹാത്മ്യം കൂടി പറഞ്ഞുതന്നാലും."

സൂതൻ:—"സർവ്വപാതകങ്ങളെയും സംഹരിയ്ക്കുന്ന വിഷ്ണുപാദജലം ഒരിറ്റാടിയാൽ, എല്ലാ തീർത്ഥത്തിന്റേയും ഫലം കിട്ടും. ബ്രഹ്മൻ, ഒരു പാപി വിഷ്ണുപാദോദകം നുകരുന്നതായാൽ, അവന്റെ ദേഹത്തിലിരിയ്ക്കുന്ന പാപമെല്ലാം നശിച്ചുപോയ്ക്കൊള്ളും. വിഷ്ണുപാദജലം തൊട്ടാൽ മതി പാപം നീങ്ങാൻ! അതു ഗംഗാസ്നാനത്തിനൊക്കും; അകാല മൃതിയെ പോക്കും. തുളസീദളത്തോടുകൂടിയ വിഷ്ണുപാദോദകം ഭക്തിയോടെ തലയിലാടിയാൽ അന്ത്യകാലത്തു വൈകുണ്ഠമടയാം. മഹാമേരുവോളം സ്വർണ്ണം ദാനം ചെയ്താലത്തെ

Digitized By Kerala Sahitya Akademi

ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! അയിരം കോടി യാഗം കഴിച്ചതിന്റെ കോടിമടങ്ങു ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും. ഒരു കോടി പൊന്നൊട നടത്തിയാലത്തെക്കാൾ ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! ഏഴുകോടി ഗജങ്ങളെ ദാനംചെയ്താലത്തെ ഫലം വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! സസ്യങ്ങളോടുകൂടിയ ഭൂമി മുഴുവൻ ദാനംചെയ്താലുള്ളതിനെക്കാൾ കവിഞ്ഞ ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! എന്തിനേറെ? പുരുഷായുസ്സിനുള്ളിൽ: വിഷ്ണുപാദോദകം സ്പർശിച്ചാൽ പാപിയായാലും നൈകുണ്ഠം പ്രാപിക്കും!"

ശൌനകൻ:—"സ്പർശിക്കുകയോ നക്കുകയോ ചെയ്യുകയാൽ പണ്ടു് ആരാണു് വൈകുണ്ഠം പ്രാപിയ്ക്കുകയുണ്ടായതു്? ഭയപ്പെടുത്തുന്ന പുരാണമാലും."

സൂതൻ:—"പണ്ടു ത്രേതായുഗത്തിൽ, സുദർശനൻ എന്നൊരു പാപി ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ പതിവായി ഏകാദശിനാളിലും മറ്റും ഉറങ്കഴിച്ചുകൂട്ടുകയും; ശാസ്ത്രങ്ങൾ വ്രതങ്ങൾ എന്നിവയെ എപ്പോഴും നിന്ദിയ്ക്കും; തന്നെ വഴി എന്നല്ലാതെ മറ്റൊരു വിചാരവും അയാൾക്കില്ലായിരുന്നു. കാലം വന്നപ്പോൾ അയാൾ മൃതിയടഞ്ഞു. യമഭടന്മാർ വന്നു കെട്ടി അയാളെ യമാലയത്തിലേക്കു കൊണ്ടുപോയി. അയാളെ കണ്ടിട്ടു് അരിശംകൊണ്ട കാലൻ അമാത്യനോടരുളിച്ചെയ്തു:—'മന്ത്രി, ഇയ്യാൾക്കുള്ള പുണ്യമോ പാപമോ നോക്കിപ്പറയുക.'

ചിത്രഗുപ്തൻ:—'തിരുമനസ്സേ, ഇയ്യാൾക്കു പാപമേ ഉള്ളൂ; പുണ്യം അണുമാത്രമില്ല: ഹരിവാസരങ്ങളിലെല്ലാം ഇയ്യാൾ ഉറങ്കഴിച്ചിരുന്നു. വിഷ്ണുബലിനത്തിൽ ഭക്ഷണം കഴിയ്ക്കുന്ന നിഷ്കൃഷ്ടമനുഷ്യൻ അമേധ്യം ഭുജിച്ചുകൊണ്ടു രൌരവനരകത്തിൽ കിടക്കണം. ഒരു മന്വന്തരം മുഴുവൻ ഇയ്യാളെ നരകത്തിലിട്ടാലും. പിന്നീടു പീറപ്പന്നിയായി പിറക്കട്ടെ.'

യമൻ ആജ്ഞാപിച്ചപ്രകാരം അയാളെ ഭയങ്കരമായ യമകിങ്കരന്മാർ ഒരു ന്യൂ മന്വന്തരം മുഴുവൻ പുരീഷത്തിൽ കിടത്തി. അതിൽ നിന്നു വിട്ടയയ്ക്കപ്പെട്ടപ്പോൾ, അയാൾ ഭൂമിയിൽ ഒരു പീറപ്പന്നിയായി പിറന്നു, ഹരിവാസരഭോജനം നിമിത്തം വളരെക്കാലം നരകമനുഭവിച്ചു; പിന്നീടു മരണമടഞ്ഞിട്ടു കാക്കയായി ജനിച്ചു് അമേധ്യം ഭുജിച്ചുപോന്നു. ഒരുദിവസം വിഷ്ണുവിന്റെ പാദജലം നടയ്ക്കൽനിന്നു കുടിയ്ക്കുകയാൽ ആ കാക്കയുടെ പാപമെല്ലാം വിട്ടൊഴിഞ്ഞു. അന്നത്തെ അതു് ഒരു കാട്ടാളന്റെ വലയിൽ കുടുങ്ങി ചത്തുപോയി. ഉട

Digitized By Kerala Sahitya Akademi

നേ, രാജഹംസങ്ങളെ പൂട്ടിയ ഒരു ദിവ്യമംഗളരഥം വന്നെത്തി; അതിൽ കേറി ആ കാകൻ വിഷ്ണുമന്ദിരത്തിൽ ചെന്നു ചേരുകയും ചെയ്തു.

ഒരു പാപിയെപ്പോലും ഈ വിഷ്ണുപാദോദകമാഹാത്മ്യം ശ്രവിച്ചാൽ, അവന്നു പാപശാന്തി വരും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വിഷ്ണുപാദോദകമാഹാത്മ്യകഥനം
പതിനേഴാമദ്ധ്യായം.

(o)

പതിനെട്ടാമദ്ധ്യായം

ശൌനകൻ:—"സൂത, മതിമാനു് അഗസ്ത്യാഗമനം ചെയ്യുന്നവന്നു് എന്തുകൊണ്ടാണു് ശുദ്ധികിട്ടുക?"

സൂതൻ:—"ദ്വിജോത്തമ, ബ്രാഹ്മണൻ ശവപചസ്ത്രീയെ പ്രാപിച്ചുപോയാൽ മൂന്നുപവാസം കഴിച്ചിട്ടു പ്രാജാപത്യം അനുഷ്ഠിക്കണം; പിന്നെ ശിരസ്സു മുഴുവൻ മുണ്ഡനം ചെയ്യണം; രണ്ടു പഞ്ചഗവ്യവും കഴിക്കണം. എന്നേ ശുദ്ധിവരൂ. ക്ഷത്രിയനോ വൈശ്യനോ ചണ്ഡാലിയെ ഗമിച്ചാൽ പ്രാജാപത്യവും കൃച്ഛ്രവും ആചരിച്ചു്, രണ്ടു ഗോമിഥുനങ്ങളെ (പത്നിനേയും കാളയേയും) ദാനംചെയ്യണം; ശൂദ്രൻ ശവപചസ്ത്രീയെ ഗമിച്ചാൽ നാലുഗോമിഥുനങ്ങളെ ദാനംചെയ്യണം; പ്രാജാപത്യവും കഴിക്കണം. വൃഷലനാൽ ബ്രാഹ്മണയെയോ പെങ്ങളേയോ മകളേയോ സ്നുഷ്ഷയേയോ പ്രാപിച്ചുപോയാൽ മൂന്നു കൃച്ഛ്രവും ചാന്ദ്രായണവും കഴിച്ചു മൂന്നു ഗോമിഥുനങ്ങളെ ദാനംചെയ്യണം; തല മൊട്ടയടിച്ചു പഞ്ചഗവ്യം സേവിച്ചു് അഗ്നിയിൽ ഹോമവും നടത്തണം; എന്നാലേ ശുദ്ധിവരൂ.

പിതൃഭാര്യ, അമ്മയുടെ സോദരി, ഗുരുപത്നി, മാതുലപത്നി, ഭ്രാതൃഭാര്യ, സപിണ്ഡത്തിൽ ജനിച്ചവൾ എന്നിവരെ മതിമാനു സംഗിച്ചാൽ, രണ്ടു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും ചെയ്തു് ആജ്യഗോമിഥുനങ്ങളെ ബ്രാഹ്മണർക്കു നൽകണം; എന്നാൽ തീർച്ചയായും ശുദ്ധിവരും. പത്നിനെ സംഗിച്ചാൽ ശുദ്ധിക്കായി മൂന്നുപവാസവും ഒരു പഞ്ചഗവ്യവും അന്നദാനവും ചെയ്യണം. വേശ്യ, പെൺകഴുത, പെൺപന്നി, പെൺകുരങ്ങു്, എരുമ എന്നിവരെ സംഗിച്ചവൻ കഴുത്തോളം ചാണകത്തിലാറങ്ങി മൂന്നുനാൾ നിരാഹാരനായി നില്ക്കണം; തല

Digitized By Kerala Sahitya Akademi

മൊട്ടയടിച്ചു വീണ്ടും മൂന്നാം ഉപവസിച്ചു്, ഒരു ദിവസം വെള്ളത്തിൽ നിൽക്കണം. എന്നാൽ ശുദ്ധിയുണ്ടാകും. കാമത്താൽ മതിമറന്നു ബ്രാഹ്മണസ്ത്രീയെ പുണർന്നവൻ മൂന്നു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും മൂന്നു പശുത്വാനവും ചെയ്യണം; ആ ബ്രാഹ്മണസ്ത്രീയോ, മൂന്നാം പഞ്ചഗവ്യം സേവിച്ചു രണ്ടു പശുത്വാനം കഴിക്കണം. പരാംഗനയെ പ്രാപിച്ചവൻ കൃച്ഛ്രവും സാന്തപനവും അനുഷ്ഠിക്കണം. ശ്രേയോവിരോധിയത്രേ പരസ്ത്രീഗമനം; അതിനാൽ അതു ചെയ്തുപോകരുതു്. നീചയായ അവർണ്ണസ്ത്രീയെ ഗമിച്ചവൻ ഓരോ പ്രാജാപത്യവും കൃച്ഛ്രവും ചെയ്താൽ ശുദ്ധിയടയും.

പെണ്ണു ചെന്നീക്കനെപ്പോലെയാം; നൈകൃതം പോലെയാം പുമാൻ; ഒരിക്കലും വന്നിച്ചീടൊല്ലവർ തന്നരികത്തവൻ.

ഒരു സ്ത്രീയ്ക്കു ജാരസംസർഗ്ഗത്താൽ ഗർഭമുണ്ടായിപ്പോയാൽ, ആ കുല ഘാതിനിയെ ഉപേക്ഷിയ്ക്കുകതന്നെ വേണം; അതിൽ ഒരു ദോഷവുമില്ല. സ്വന്തം ബന്ധുക്കളെ വെടിഞ്ഞു ഗൃഹത്തിൽ നിന്നു ചാടിപ്പോയവളും കുലഭ്രഷ്ടതന്നെ; അവളെ വീണ്ടും കൂട്ടത്തിൽ കൂട്ടിക്കൂടാ. വ്യാമോഹത്താൽ പരപുരുഷനെ പ്രാപിച്ച സ്ത്രീ പ്രാജാപത്യവും കൃച്ഛ്രവും അനുഷ്ഠിച്ചു, പഞ്ചഗവ്യം സേവിച്ചു, രണ്ടു പശുത്വാനം ചെയ്താൽ ശുദ്ധയായാവും; കാമയില്ലാതെ ഒരു ബ്രാഹ്മണസ്ത്രീ പരപുരുഷനെ ഗമിച്ചുപോയാൽ, അവളെ ത്യജിയ്ക്കുകതന്നെ വേണം; അതിൽ ഒരു ദോഷവുമില്ല. ഒരു ബ്രാഹ്മണൻ കാമാന്ധതയാൽ ബ്രാഹ്മണസ്ത്രീയെ പുണർന്നുപോയാൽ, ഗോതില ദാനംകൊണ്ടു ശുദ്ധിയടയും.

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, അഗസ്ത്യാഗമന
പ്രായശ്ചിത്തകഥനം പതിനെട്ടാമദ്ധ്യായം.

——(o)——

പതിനാലാമദ്ധ്യായം.

സൂതൻ:—മഹർഷേ, മലമൂത്രങ്ങളോ മദ്യമോ അറിയാതെ തൊട്ടുപോയാൽ, എങ്ങിനെ ശുദ്ധിവരുമെന്നു കേട്ടുകൊൾകം: രണ്ടു പ്രാജാപത്യവും തീർത്ഥയാത്രയും ചെയ്യണം; പതിനൊന്നു കാളകളെ നൽകണം; പിന്നെ തല മൊട്ടയടിച്ചു നാൽക്രോശം വഴിയിൽചെന്നു രണ്ടു പൈക്കളെ ദാനംചെയ്യണം; പഞ്ചഗവ്യം സേവിയ്ക്കണം; ബ്രാഹ്മണനെ ഊട്ടുകയും

Digitized By Kerala Sahitya Akademi

വേണം. എന്നാൽ ശുദ്ധിവരും. ചണ്ഡാലന്റെ അന്നപാനങ്ങൾ അപ്പോൾക്കാലത്തു് അറിഞ്ഞുകൊണ്ടുതന്നെ ഭുജിച്ചുപോയാൽ, കൃച്ഛ്രവും ചാന്ദ്രായണവും അനുഷ്ഠിയ്ക്കണം; ശിരസ്സുമുഴുവൻ മുണ്ഡനംചെയ്യണം; പഞ്ചഗവ്യം സേവിയ്ക്കണം; ഒന്നോ രണ്ടോ മൂന്നോ നാലോ പൈക്കളെ ബ്രാഹ്മണന്നു് മുറയ്ക്കു ദാനംചെയ്യണം.

ശൂദ്രന്റേയും ഈയാറു പുലയന്റേയും അന്നവും, മറ്റു് അഭോജ്യങ്ങളായ അന്നപാനങ്ങളും ശൂദ്രന്റെ ഉച്ഛിഷ്ടവും അപ്പോൾക്കാലത്തു് അറിഞ്ഞുകൊണ്ടുതന്നെ ഭുജിച്ചുവൻ രണ്ടു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും രണ്ടു പ്രാജാപത്യവും കഴിച്ചു് പഞ്ചഗവ്യം സേവിക്കണം; അഗ്നിയിൽ ഹോമംചെയ്തു വളരെ ബ്രാഹ്മണരെ ഊട്ടുകയും വേണം. എലിയേയോ കീരിയേയോ പൂച്ചയേയോ തിന്ന ചോറിന്നു് എള്ളും ഭൂമിയും ചേർന്ന വെള്ളം തളിച്ചാൽ ശുദ്ധിയായി. മുന്തിരം ഉള്ളി, മുരിങ്ങ, ചുരങ്ങ, മാംസം എന്നിവ ഭക്ഷിച്ചാൽ ചാന്ദ്രായണം ആചരിക്കണം.

മദ്യമാംസങ്ങൾ കഴിക്കുന്നവനും നിഷ്ഠുരകർമ്മങ്ങൾ ചെയ്യുന്നവനുമായ ശൂദ്രനെ ബ്രാഹ്മണൻ ഒരു പറയനെ എന്നപോലെ ദൂരെ വർജ്ജിക്കണം. ബ്രാഹ്മണശുശ്രൂഷയാകുന്ന സ്വകർമ്മത്തിൽ ശ്രദ്ധാലുക്കളും മദ്യമാംസങ്ങൾ കഴിക്കാത്തവരും ദാനശീലരുമായിട്ടുള്ളവരത്രേ ഉത്തമശൂദ്രന്മാർ. പെറ്റപുലയോ ചത്തപുലയോ ഉള്ളവന്റെ അന്നം അറിയാതെ ഭക്ഷിച്ച ബ്രാഹ്മണൻ ഗായത്രി പതിനായിരമുരു ജപിച്ചാൽ ശുദ്ധനാവും; ക്ഷത്രിയൻ മൂവായിരവും വൈശ്യൻ അയ്യായിരവും ജപിക്കണം; ശൂദ്രൻ പഞ്ചഗവ്യം സേവിച്ചാൽ മതി. താന്ന ജാതിക്കാരന്റെ പാത്രത്തിലെ നെയ്യോ തയിരോ വെള്ളമോ അറിയാതെ ഭുജിച്ചാൽ പ്രാജാപത്യവും വളരെ ദാനവും ഹോമവും കഴിക്കണം; തല മൊട്ടയടിച്ചു് ഒരു നാടും ഉപവസിക്കുകയും ചെയ്യണം. ശൂദ്രന്നു് ദാനംകൊണ്ടുതന്നെ ശുദ്ധിവരും. താന്നവരാൽ വടികൊണ്ടോ മറ്റോ പ്രഹരിക്കപ്പെട്ടവൻ പ്രാജാപത്യ ചാന്ദ്രായണങ്ങളും മുണ്ഡനവും കഴിച്ചു് പഞ്ചഗവ്യം സേവിക്കുകയും, രണ്ടു പൈക്കളെ നൽകുകയും അഗ്നിയിൽ അന്നം മുതലായവ ഹോമിക്കുകയും ചെയ്യണം. യദൃച്ഛയാ അറിയാതെയെങ്കിലും, കള്ളുകുടിയന്റെ ഗൃഹത്തിൽ ഊൺകഴിച്ചവനെ ജാതിയിൽനിന്നു തള്ളണം. പയ്യിന്റെ ചിന നശിപ്പിക്കുക, ഇലനക്കുക, കനകം മോഷ്ടിക്കുക എന്നിവ ചെയ്തവൻ മൂന്നു പ്രാജാപത്യം അനുഷ്ഠിച്ചു്, തല മൊട്ടയടിച്ചു്, പഞ്ചഗവ്യം സേവിച്ചു്, വഴിപോലെ ഹോമവും മൂന്നു പഞ്ചരാത്രവും ചെയ്യണം; എന്നാലെ അവന്റെ അന്നപാനങ്ങൾ കൈയ്ക്കൊണ്ടുകൂട്ടൂ.

മൂന്നാനാൾ രാവിലേമാത്രം താനേ കിട്ടിയതു ഭക്ഷിക്കുക; മൂന്നാനാൾ വൈകുന്നേരം മാത്രം; മൂന്നാനാൾ ഒരിക്കലും ഭക്ഷിക്കാതിരിക്കുക; ഇതു

Digitized By Kerala Sahitya Akademi

ത്രേ പ്രാജാപത്യവ്രതം. രണ്ടുനാൾ പഞ്ചഗവ്യവും ഭക്ഷിച്ചു് ഒരുനാൾ ഉപവസിക്കുക എന്നതാണു്, സർവപാപപ്രണാശനമായ കൃച്ഛ്രം. മൂന്നുനാൾ രാവിലെയും വൈകുന്നേരവും താനേ കിട്ടിയ ചോറു് ഓരോ ഉരുള ഉണ്ണുകയും മൂന്നാംനാൾ പട്ടിണികിടക്കുകയുമത്രേ അതികൃച്ഛ്രം എന്നാണു്. മൂന്നുനാൾ ക്രമത്തിൽ കാച്ചിയ പാലൊന്നെയ്യോ വെള്ളമോ കുടിക്കുക, ഒരിക്കൽ കുളിക്കുക; ഇതു പാപഹരമായ തപ്തകൃച്ഛ്രമത്രേ. തരോപവാസം, പിന്നിരണ്ടിവസം പട്ടിണികിടക്കുക എന്നതാണു് പ്രസിദ്ധമായ പരാകകൃച്ഛ്രമാകുന്നു. വെളുത്തപക്ഷത്തിൽ ഓരോ ഉരുള വീതം കൂടുതലാക്കിയതിൽ കവിയാതെയും, കറുത്തപക്ഷത്തിൽ ഓരോ ഉരുള വീതം കുറയാതെയും ഒരുമാസം വാസിയിൽ ഒന്നും കഴിക്കാതിരിക്കുക; ഇതാണു് ചാന്ദ്രായണവ്രതം. മനസ്സുറപ്പിച്ചു് രാവിലെയും വൈകുന്നേരവും നാനാഴുരുളമാത്രം ഉണ്ണുന്നതു് ശിശുചാന്ദ്രായണം. കന്യാളം നശിപ്പിച്ച സ്ത്രീ മൂന്നാംനാൾ പഞ്ചഗവ്യം സേവിച്ചു് അഞ്ചു കന്യാളങ്ങ സപിണ്ഡവസുങ്ങളോടുകൂടി ദാനം ചെയ്യണം; എന്നാലേ അവളുടെ അന്നപാനങ്ങൾ ശുദ്ധങ്ങളാവൂ."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, അഭക്ഷ്യഭക്ഷണപ്രായശ്ചിത്തനിരൂപണം പതിനാലാമദ്ധ്യായം.

(൦)

ഇരുപതാമദ്ധ്യായം.

ശൌനകൻ:—"സൂത, കലികാലത്തു്, തമസ്സാകുന്ന പൊട്ടക്കിണറിലെ തവളകളായ മനുഷ്യർ എന്തൊരു സുകൃതം ചെയ്യാലാണ് സംസാരസമുദ്രത്തിൽനിന്നു് കരകേറുക?"

സൂതൻ:—"രാധാകൃഷ്ണന്മാർക്കു് പ്രിയപ്പെട്ടതായ കാർത്തികമാസത്തിൽ പ്രാതഃസ്നാനം കഴിച്ചു് രാധാകൃഷ്ണന്മാരെ ഭക്തിശ്രദ്ധകളോടേ പൂജിക്കുകയും, മാംസവും മറ്റും വർജ്ജിക്കുകയും, ഭർത്താവിനെ സ്നേഹിക്കുകയും ചെയ്യുന്ന സ്ത്രീ എന്നേക്കും ദുഷ്പ്രാപമായ ഗോലോകം എന്ന ഭഗവൽസ്ഥാനത്തു ചെന്നുചേരും. കാർത്തികത്തിൽ രാധാമാധവന്മാർക്കു ധൂപവും ദീപവും നൽകുന്നവർ പാപമൊക്കെ വിഷ്ണുസദനം പ്രാപിക്കും. കാർത്തികത്തിൽ രാധാകൃഷ്ണക്ഷേത്രത്തിലേയ്ക്കു് വസ്ത്രം നൽകുന്ന സ്ത്രീ വളരെക്കാലം വൈകുണ്ഠവാലയത്തിൽ വസിക്കും. കാർത്തി

Digitized By Kerala Sahitya Akademi

കത്തിൽ രാധാകൃഷ്ണന്മാർക്ക് സൌരഭ്യമുള്ള പൂവും മാലയും നൽകുന്നവർ വൈകുണ്ഠം പൂകും. കാർത്തികത്തിൽ രാധാകൃഷ്ണന്മാർക്ക് ഗന്ധദ്രവ്യവും പഞ്ചസാര മുതലായ നൈവേദ്യവും നൽകുന്നവർ മാധവമന്ദിരത്തിൽ ചെന്നുചേരും. കാർത്തികത്തിൽ രാധാകൃഷ്ണപ്രീതിക്കായി വല്ലതുമൊന്നു ബ്രാഹ്മണന്ന് നൽകുന്നവർക്ക് അക്ഷയമായ പുണ്യം കിട്ടും. കാർത്തികമാസത്തിൽ രാവിലെ രാധാകൃഷ്ണന്മാരെ ഭക്തിപൂർവ്വം പൂജിക്കാത്തവളാകട്ടെ, വളരെക്കാലം നരകത്തിൽ വസിക്കും; പിന്നീട് ജന്മത്തോടും വിധവയായിട്ടും ഭർത്താവിനെ രക്ഷിക്കാത്തവളായിരുന്നതിരുകയും ചെയ്യും.

൯കകൊട്ടിക്കലിപ്രിയ — 'ചാരകാമന്ദിരം'പോലെ;

മുന്നം ത്രേതായുഗത്തിങ്കൽ-ധന്യമാം സൌരാഷ്ട്രനാട്ടിൽ
ചാതിധനനാമൊരു-ശ്രുത്രവംശ്യൻ ശങ്കരാഖ്യൻ.
വാകംകൊട്ട തൽപ്രിയസ്ത്രീ-പേർ കലിപ്രിയയെന്നായ്;
പുല്ലവാംഗി പിറന്ന ഭർത്താ-വുള്ളമൊരു ജാരങ്കിലാം!
'ഒത്തവനല്ലിയുള്ളെനി-ക്കത്തേഹമാണെന്റെ നാഥൻ'
എന്നുവച്ചുറ്റിഷ്ടമേകിവന്ന ഭർത്താവിന്ന നിത്യം;
ഒത്തി കൊട്ട നീരസംഗാൽ-മദ്യമാംസം ചെലുത്തിടും;
നിത്യമവൾ ഭർത്താവിനെ-നിർഭയമായ് ഭുജിക്കും.
'കാലുകൊട്ടായ് ഞീസ്നിതിയ്യാടാ-കാലനാം വേണ്ടാത്തവനോ!
ചത്തുവെയിൽ യമനുമേ-മതടിക്കാമായിരുന്നു!
എന്നാനണ്ണി ജാരനോട്-മൊന്നിച്ചന്യനാട്ടിൽപ്പോകാൻ
സംകേതം നിശ്ചയിച്ചിട്ടാ-വെകമേമടങ്ങി രാത്രിയിങ്കൽ
സുപ്തനാം ഭർത്താവിൻ തല-കത്തികൊണ്ടു വെട്ടിത്താൻതാൻ
നിർദ്ദിഷ്ടമാം സ്ഥലത്തിങ്കലെത്തിച്ചെന്നാളെന്നോ വേണ്ടൂ!
അന്നേരത്താജാരനൊരു-വൻ നരിക്കു തീനായ്ക്കാണായ്!
ഹാഹാ എന്ന ശോണാർത്തവം-മോഹാലസ്യപ്പെട്ടു വീണാൾ;
പിന്നെച്ചിരാൽ ബോധംപൂണ്ടു-ഖിന്നയായി വിലപിച്ചാൾ:—
'വന്നോൻ സ്ഥാനം കണ്ടവനെ-ക്കൊന്ന ജാരനോടു ചേരാൻ;
എന്നാഥനായാളോ ഭൈരവൻ-വൻനരിക്കുതീനായിപ്പോയി!
എന്തുചെയ്യുമെങ്ങുപോകും-ഹന്ത, ഭാഗ്യം കെട്ടവൾ ഞാൻ!!'

ബ്രഹ്മൻ, കലിപ്രിയ പിന്നെ സ്വഗൃഹത്തിലേയ്ക്കുതന്നെ തിരിച്ചു. അവൾ ഭർത്താവിന്റെ മുഖത്തു മുഖംചേർത്തു വിലപിക്കുകയായി:—'ഹാ, പ്രാണനാഥ, എന്തൊരു കടുംകയ്യാണു ഞാൻ ചെയ്തുകളഞ്ഞതു! ഞാൻ ഏതുലോകം പൂകും! നാഥ, വല്ലതുമൊന്നു സംസാരി

Digitized By Kerala Sahitya Akademi

ക്കണേ! അതിനിന്ദിതയായ ഞാൻ ഭാങ്ങേയെ തോന്നിയപോലെയെല്ലാം ശകാരിച്ചിരുന്നുവല്ലോ; അതിന്നു് ഒരക്ഷരവും അവിടുന്നു പറയാറില്ല! ഭർത്താവെ, എന്റെ പാപത്തിന്നു പ്രതിവിധിയില്ല തന്നെ!'

ആ സ്ത്രീ ഭർത്താവിന്റെ കാൽക്കൽ നമസ്കരിച്ചു മറെറാരു നഗരത്തിലേയ്ക്കു നടകൊണ്ടു. അവിടെ ചെന്നപ്പോൾ, അനവധി വൈഷ്ണവസജ്ജനങ്ങൾ കാർത്തികമാസമാകയാൽ നദിയിൽ പ്രാതഃസ്നാനം കഴിയ്ക്കുന്നതു കാണുമാറായി. സ്ത്രീകളും ആ നദിയിൽ കുളിച്ചു ശംഖിനാദഗന്ധപുഷ്പധൂപദീപങ്ങൾകൊണ്ടും വസ്ത്രങ്ങൾകൊണ്ടും പലതരം ചില്വങ്ങൾ കൊണ്ടും രാധാമാധവന്മാരെ ഭക്തിപൂർവ്വം പൂജിയ്ക്കുന്നവരായിരുന്നു. അതു കണ്ടിട്ട് അവൾ താഴ്മയോടേ ചോദിച്ചു. 'അല്ലയോ സ്ത്രീകളേ നിങ്ങൾ ഈ ചെയ്യുന്നതെന്താണു"?"

സ്ത്രീകൾ:—'അമ്മേ, എല്ലാമാസങ്ങളിലും വെച്ചു ശ്രേഷ്ഠമായ കാർത്തികത്തിൽ, സർവ്വാധാരന്മാരായ ശ്രീരാധാമാധവന്മാരെ പൂജിയ്ക്കുകയാണു് ഞങ്ങൾ.'

ആ ക്ഷേത്രത്തിൽ ചെന്നാലുകൊണ്ടതന്നെ അവൾക്കു കോടിജന്മങ്ങളിലെ പാപം നീങ്ങിപ്പോയി; പോരെങ്കിൽ, അവൾ ഹരിവാസരത്തിൽ മാംസം വർജ്ജിച്ചു പൂജിക്കുകയുമുണ്ടായി. അതുനിമിത്തം നിർമ്മലയായിച്ചമഞ്ഞ ആ സ്ത്രീ ഒരു പൌർണ്ണമാസിയിൽ കാലധർമ്മമടഞ്ഞു. ഉടനേ യമകിങ്കരന്മാർ അവളെ കൊണ്ടുപോകാനായി വന്നു കോപത്തോടേ തോൽക്കയറുകൾ കൊണ്ടു വരിഞ്ഞുകെട്ടി. അപ്പോഴേയ്ക്കും, ശംഖചക്രഗദാപത്മങ്ങൾ കൈക്കൊണ്ടു വനമാലയണിഞ്ഞ വിഷ്ണുദൂതന്മാർ ഒരു തങ്കവിമാനവുമായി വന്നെത്തി, യമഭടന്മാരെ ചക്രം കൊണ്ടു പ്രഹരിച്ചു; അവർ കുതിച്ചോടി. ആ സ്ത്രീയാകട്ടെ, രാജഹംസങ്ങളെ പൂട്ടിയ പൊന്നിൻ വിമാനത്തിലേറി, പാർഷദരാൽ പരിവൃതയായി വിഷ്ണുമന്ദിരത്തിൽ ചെന്നെത്തി, അവിടെ വേണ്ടുന്ന സുഖമെല്ലാം അനുഭവിച്ചുംകൊണ്ടു വളരെക്കാലം വസിച്ചു. കാർത്തികത്തിൽ രാധാകൃഷ്ണന്മാരെ പൂജിയ്ക്കുന്നവർ പാപം നീങ്ങി, മനോഹരമായ ഗോലോകം പൂകുകതന്നെ ചെയ്യും. ഒരു സ്ത്രീയോ പുരുഷനോ ഇതു ഭക്തിപൂർവ്വം മനസ്സിരുത്തി കേട്ടാൽതന്നെ, അവർക്കു കോടിജന്മങ്ങളിലെ പാപം വിട്ടൊഴിയും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, രാധാകൃഷ്ണപൂജാ
മാഹാത്മ്യകഥനം ഇരുപതാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഇരുപത്തൊന്നാം അദ്ധ്യായം

ശൌനകൻ:—"സൂതാ, മാസങ്ങളിലെല്ലാം മീതെയായ കാർത്തികത്തിന്റെ വിധിയും നിയമങ്ങളും വഴിപോലെ പറഞ്ഞുതന്നാൽ കൊള്ളാം."

സൂതൻ:—"ബ്രാഹ്മണശ്രേഷ്ഠ, ആശ്വിനപൌർണ്ണമാസി മുതൽ പ്രബോധനിവരെയാണ് കാർത്തികവ്രതം അനുഷ്ഠിക്കേണ്ടതു്. വ്രതക്കാരൻ രാവിലെ വടക്കോട്ടും വൈകുന്നേരം തെക്കോട്ടും തിരിഞ്ഞിരുന്ന മൌനത്തോടേ മലമൂത്രവിസർജ്ജനം ചെയ്യണം; വഴി, വെള്ളം, ഗോശാല, ശ്മശാനം, പുറന്, രണ്ടുനിഴിടങ്ങളിൽ മലമൂത്രങ്ങൾ വിസർജ്ജിക്കരുതു്. നല്ല മണ്ണെടുത്തു വെള്ളവും കൂട്ടി ഇടത്തേകയ്യുകൊണ്ടു് ഇരുപതുരു ശൌചം ചെയ്യണം; പിന്നെ കൈ രണ്ടും പതിപ്പുരുവും, കാലുകൾ മുമ്മൂന്നുരുവും കഴുകി, മുഖത്തുമിയും വരുത്തി സ്നാനസങ്കല്പം ചെയ്യണം." മനസ്സിൽ മാധവനെ ധ്യാനിച്ചു ഈ മന്ത്രം ഉച്ചരിക്കണം:

'കാർത്തികേഹം കരിഷ്യാമി പ്രാതഃസ്നാനം ജനാർദ്ദന
പ്രീത്യർത്ഥം രാധായാഃ പാപനാശനം
നമഃ പങ്കജനാഭായ കൃഷ്ണായ ജലശായിനേ
നമസ്തേ രാധയാസാർദ്ധം ഗൃഹാണാർഘ്യം പ്രസീദമേ.'

സ്നാനംകഴിച്ചിട്ടു വഴിപോലെ തിലകം തൊടണം. ഊർദ്ധ്വപുണ്ഡ്രം (ഗോപിക്കുറി) ഇല്ലാതെ മറ്റുള്ള കർമ്മം ചെയ്താലും അതിന്നു ഫലം കിട്ടുകയില്ല; തീർച്ചതന്നെ. ഊർദ്ധ്വപുണ്ഡ്രരഹിതമായ മനുഷ്യശരീരം കാണുകയേ അരുതു്; കണ്ടുപോയാൽ സൂര്യനെ ദർശിച്ചു കൊള്ളണം. നെറ്റിമേൽ ഗോപിമണ്ണുകൊണ്ടുള്ള വെളുത്ത ഊർദ്ധ്വപുണ്ഡ്രമുണ്ടെങ്കിൽ, ബ്രഹ്മഹത്യക്കാരൻ പരിശുദ്ധനാം പുണ്യനുമാകുന്നു. ഇടയിടാതെ ഗോപിക്കുറി തൊടുന്നതാരൊ, ആ നരാധമന്റെ നെറ്റിമേൽ മറ്റുപ്പോഴും നായയുടെ കാലുതന്നെ!

പിന്നെ പ്രഭാതകൃത്യം കഴിച്ചിട്ടു, വിഷ്ണുപ്രിയയും പാവനാശിനിയുമായ തുളസിയെ ഭക്തിപൂർവ്വം പൂജിക്കണം; മറ്റുള്ളിട്ടു വിഷ്ണുവിന്റെ പുരാണചരിതം മനസ്സിരുത്തി ശ്രവിച്ചു, അതു വായിച്ച ബ്രാഹ്മണനെ യഥാവിധി പൂജിക്കണം. പരാസനം, പരശയ്യ, പരാന്നം, പരസ്ത്രീസംഗമം മുതലിവയെ മറ്റുള്ളവയെന്നപോലെ—കാർത്തികത്തിൽ വിശേഷിച്ചും—വർജ്ജിക്കണം. ലന്തക്കുരു, ഉഴുന്നു്, മദ്യം, മാംസം, രാജമാഷം മുതലായതു കാർത്തികവ്രതി ഒരിക്കലും കൈക്കൊള്ളരുതു്. നാരങ്ങ, വെറ്റില, പഴകിയചോറു്, ധാന്യങ്ങളിൽ ചണം പയറു്, ഉപ്പു്,

Digitized By Kerala Sahitya Akademi

ക്രൗൻ, പ്രാണിയുടെ അവയവം, നെയ്യില്ലാത്ത രസം, അല്പസരസ്സി ലെ വെള്ളം എന്നിവ മാംസമാകുന്നു. പശുവിൻപാൽ മാംസമറ്റു. കാ ത്തികവ്രതിയ്ക്കു ബ്രഹ്മചര്യം വേണം; നാലാംനേരത്ത് ഇലയിൽ ഉണ്ണു ക; എണ്ണതേയ്ക്കരുതു്.

ക്രൗൻ, നാരീചമെന്നാശാകം, കായം, ഉള്ളികം, പൃതികയുടെ ഇല, മൂലരികിഴങ്ങു്, മുരിങ്ങ, പുരങ്ങ, വിളാർമരക്കായ, ചെറുവഴുതിന, കുമ്പ ളങ്ങ, മത്സ്യം, കിണ്ണത്തിലും മറവും ഉണ്ണൽ, രണ്ടാമതു വേവിച്ചതു്, ഇന റുപുലക്കാരന്റെ ചോറു്, രണ്ടു മൂന്നു പ്രാവശ്യം ഉണ്ണൽ, സ്ത്രീസംഗം, രജസ്വലയായ ഭാര്യയെ തൊടുക എന്നിവ വൈഷ്ണവവ്രതക്കാരനു വർജ്ജ്യങ്ങളത്രേ. ഗൃഹസ്ഥൻ എന്നും ഞായറാഴ്ചനാൾ നെല്ലിക്ക ഭക്ഷി ക്കരുതു്. കുമ്പളങ്ങഭക്ഷിച്ചാൽ ധനംനശിക്കും; വഴുതിനങ്ങ ഭക്ഷിച്ചാൽ വിഷ്ണുസ്മരണ ഇല്ലാതാകും; പടോലം അഭിവൃദ്ധിയെ തടയും; മുരിങ്ങ കിഴങ്ങു ബലത്തെനശിപ്പിക്കും. ക്രൗവളയ്ക്കു കളങ്കമുണ്ടാക്കും; വേപ്പില തി ന്നുഗ്രഹനിയിൽപതിപ്പിക്കും; കരിമ്പനക്കായ കായനാശം വരുത്തും; തേ ങ്ങ മൂഢതയെ ജനിപ്പിക്കും; പുരങ്ങ ഗോമാംസത്തിനു തുല്യമത്രെ; താ ന്നിക്ക ഗോഹത്യാപാപത്തെ ഉണ്ടാക്കിത്തീർക്കും; ശിംബി പാപകരം; പൃ തിക ബ്രാഹ്മണ്യംപോക്കും; ചെറുവഴുതിന പുത്രനാശം വരുത്തും; ഉഴുന്ന ശിരോരോഗമുണ്ടാക്കും; മാംസത്താൽ വളരെ പാപങ്ങൾ പിറക്കും. ഇവ യെല്ലാം പ്രതിപദംമുതൽ വർജ്ജിക്കണം. വർജ്ജിച്ചതെല്ലാം വ്രതാവസാന ത്തിൽ വിഷ്ണുപ്രീതിക്കായി ബ്രാഹ്മണനു നൽകി അവനെ ഉണ്ണിക്കണം.

ഇപ്രകാരത്തിൻവണ്ണം കാർത്തികവ്രതം അനുഷ്ഠിച്ചവനെ കു ണ്ടാൽ കാലദൂതന്മാർ, സിംഹത്തെ കണ്ട ഗജങ്ങൾ പോലെ പായും. ഈ ശ്രേഷ്ഠമായ വിഷ്ണുവ്രതത്തോടൊക്കില്ല ഒരു വ്രതവും ഗംഗാദേവി യാഗംചെയ്യാൻ സമർത്ഥം കിട്ടും; കാർത്തികവ്രതമനുഷ്ഠിച്ചാൽ, കൈ കണ്ണും പൂകുന്നു. മനസാ വാചാ കർമണാ ചെയ്ത പ്രവൃത്തി ഉത്തമവും മ കാർത്തികവ്രതക്കാരനെ കണ്ടാൽ തൽക്ഷണം നശിയ്ക്കും. കാർത്തിക വ്രതം ശരിക്കനുഷ്ഠിച്ചവന്നുള്ള പുണ്യം വർണ്ണിപ്പാൻ ചതുർമ്മുഖനായ ബ്ര ഹ്മാവുപോലും ആളാകയില്ല. കാർത്തികവ്രതക്കാരനെ പേടിച്ചിട്ട പാ പമെല്ലാം, 'എവിടെ പോകേണ്ടു, എവിടെ പാർക്കേണ്ടു!' എന്നിങ്ങനെ പത്തു ദിക്കിലേയ്ക്കും പാഞ്ഞുതുടങ്ങും. പൌർണ്ണമാസിയിൽ പുരുഷോത്ത മപ്രീതിക്കായി കഴിവുപോലെ അന്നവസ്ത്രാദികൾ നൽകി ബ്രാഹ്മണ രെ ഊട്ടണം; രാത്രിയിൽ പാട്ടം കൂത്തുമായി ഉറക്കമിളയ്ക്കുകയും ചെയ്യ ണം. ഇതു ഭക്തിപൂർവം ശ്രവിച്ചാൽത്തന്നെ പാപം നീങ്ങും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, കാർത്തികവ്രതവിധി

ഇരുപത്തൊന്നാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

ഇരുപത്തിരണ്ടാം അദ്ധ്യായം

ശൌനകൻ:—"സർവ്വജ്ഞ, സർവ്വപ്രാണികളുടെയും ഹിതത്തിനായി, തുളസിയുടെ പാപനാശനമായ മാഹാത്മ്യം ദയചെയ്തു പറഞ്ഞുതരുന്നാലും."

സൂതൻ:—"മഹർഷേ, യാതൊന്നിന്റെ മുറവും തുളസിക്കാവു നിൽപ്പുണ്ടോ; ആ ഗൃഹം തീർത്ഥമാകയാൽ അവിടെ യമകിങ്കരന്മാർ വരികയില്ല. സർവപാപഹരമായ തുളസീവനം നട്ടുണ്ടാക്കുന്ന ശ്രേഷ്ഠമനുഷ്യർക്കു കാലനെ കാണേണ്ടിവരില്ല. തുളസി നടുക, പോറുക, സേവിക്കുക, ദർശിക്കുക, സ്പർശിക്കുക എന്നിവ ചെയ്താൽ സകല പാപവും വിട്ടൊഴിയും. കോമളങ്ങളായ തുളസീദളങ്ങൾകൊണ്ടു വിഷ്ണുവിനെ പൂജിക്കുന്ന മഹാത്മാക്കൾ കാലമന്ദിരം പൂകുകയില്ല. ഗംഗാദി നദികളും ബ്രഹ്മവിഷ്ണുമഹേശ്വരാദി ദേവന്മാരും പുഷ്കരാദിതീർത്ഥങ്ങളുമൊക്കെ തുളസീദളത്തിൽ സ്ഥിതിചെയ്യുന്നു. ഒരു പാപിപോലും, തുളസീദളസ്പർശത്തോടേ മരണമടഞ്ഞാൽ, വിഷ്ണുസദനം പ്രാപിക്കും; ഞാനിപ്പറഞ്ഞതു പരമാർത്ഥമാണു്. അസംഖ്യം പാപങ്ങൾ ചെയ്തവനും തുളസിയുടെ മണ്ണു് മേൽതേച്ചു് പ്രാണൻവെടിഞ്ഞാൽ, മാധവമന്ദിരത്തിൽ ചെന്നുചേരും. തുളസിമരം അരച്ചു തൊടുന്നവന്റെ ശരീരത്തെ പാപം തൊടുന്നതല്ല; അവൻ പരമപദമടയും. ശൌചം, ആചാരം എന്നിവയില്ലാത്തവൻപോലും തുളസിമരംകൊണ്ടുള്ള മാല ഭക്തിപൂർവം കഴുത്തിൽ ധരിച്ചാൽ വിഷ്ണുനികേതനം പ്രാപിക്കും. നെല്ലിക്കുരുമാലയും, തുളസിമാലയും ഒരുമിച്ചു ദേഹത്തിലുണ്ടോ, അവൻ ഭാഗവതനത്രേ. തുളസീദളമാല—വിശേഷിച്ചും വിഷ്ണുവിനു ചാർത്തിയതു്—കഴുത്തിൽ ധരിക്കുന്നവനെ ദേവകോടിക്രോടി നമസ്കരിക്കും. തുളസിമാല കഴുത്തിലിട്ടു് പുണ്ഡരീകാക്ഷനെ പൂജിക്കുന്നവനു്, ഓരോ പൂവിനും പതിനായിരം പത്തുത്തമത്തിന്റെ പുണ്യം കിട്ടും. 'തൊട്ടുകൊണ്ടു' പറഞ്ഞു് തുളസിമാല ധരിക്കാതിരിക്കുന്ന പാപികൾ വിഷ്ണുകോപാഗ്നിയിൽ വെന്തു നരകത്തിൽ കിടക്കുകയേ ഉള്ളു. മഹാപാപങ്ങളെപ്പോക്കി ധർമ്മാർത്ഥകാമങ്ങളെ നൽകുന്ന തുളസിമാലയും നെല്ലിക്കുരുമാലയും ധരിക്കാതിരിക്കരുതു്.

കലികാലത്തു്, മനുഷ്യർക്കു്, നെല്ലിക്കുരുമാല എത്ര രോമങ്ങളെ സ്പർശിക്കുമോ അത്ര ആയിരം കൊല്പം വാസുദേവാലയത്തിൽ വസി

Digitized By Kerala Sahitya Akademi

ക്കുമാറാകും. തുളസിമരംകൊണ്ടുണ്ടാക്കിയ മാല നാരായണനു നിവേദിച്ചു് ഭക്തിയോടേ ധരിക്കുന്നവനു പാപം നേരിടുകയില്ലത്രെ. തുളസിമാല കണ്ടാൽ കാലദൂതന്മാർ, കാറടിച്ചു ഇലപോലെ അകലെപ്പോയി മറഞ്ഞുകളയും! തുളസിക്കാവിലൊ നെല്ലിത്തണലിലൊ പിണ്ഡംവെച്ചാൽ, അവന്റെ പിതൃക്കൾക്കു മുക്തി വരും. കൈകടം, തല, കഴുത്തു്, കാതുകടം, മുഖം എന്നിവയിൽ നെല്ലിക്കുരു ധരിക്കുന്നവൻ സാക്ഷാൽ വിഷ്ണുതന്നെയാണെന്നു കരുതണം. നെല്ലിയുടെ ഇല: കൊണ്ടും കായ്കൊണ്ടും ശ്രീനാരായണനെ ഒരിക്കൽ പൂജിച്ചാൽ, ശതകോടിജന്മങ്ങളിലെ പാപം അറുതിയ്ക്കും. കാർത്തികത്തിൽ, യമുനാതടത്തിലെ ദേവകളും മഹർഷിമാരും തീർത്ഥങ്ങളൊക്കെ കാർത്തികവ്രതത്തെ ആശ്രയിച്ചതിനെ സ്തുതിച്ചെയ്യുന്നതു്. കാർത്തികത്തിൽ നെല്ലിയിലയും ദശമിതിഥിയിൽ തുളസിയിലയും പറിച്ചാൽ, നരകത്തിൽകിടന്നു കുഴങ്ങേണ്ടിവരും. കാർത്തികത്തിൽ ഒരു നാൾ നെല്ലിത്തണലിലിരുന്നു് ഉണ്ണകഴിച്ചുപോയാൽ, അതുകൊണ്ടുള്ള പാപം ഒരുകൊല്ലത്തേയ്ക്കു് നിലനിൽക്കും. കാർത്തികത്തിൽ തുളസിത്തൊപ്പിലോ നെല്ലിച്ചുവട്ടിലോ വെച്ചു് വിഷ്ണുപൂജ നടത്തുന്നവൻ തീർച്ചയായും വൈകുണ്ഠമണയും. ദ്വിജോത്തമ, തുളസിച്ചുവട്ടിലെ വെള്ളം ഭക്തിയോടെ തലയിലാടിയാൽ പാപിയുടെപോലും വൈകുണ്ഠം കിട്ടും. തുളസിയിലയിൽനിന്നൊഴുകിയ വെള്ളം തലയിലാടിയവൻ എല്ലാ തീർത്ഥത്തിലും കുളിച്ചുകഴിഞ്ഞു! ഒടുവിൽ അവൻ വിഷ്ണുലോകത്തിൽ ചെന്നുചേരും.

പണ്ടു ദശാരത്തിൽ, പുണ്യത്താൽ ആദിത്യനെപ്പോലെ തേജസ്വിയായി, ആദിത്യൻ എന്നൊരു മഹാബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ഒരുനാൾ കുളിച്ചു തുളസിക്കു വെള്ളമൊഴിച്ചു ഗൃഹത്തിലേയ്ക്കു തിരിച്ചപ്പോൾ, ഒരു മഹാപാപി ഉണ്ണകഴിച്ചിട്ടു വെള്ളം കുടിപ്പാൻ അവിടെ വന്നുചേർന്നു. അയാൾ തുളസിച്ചുവട്ടിലെ വെള്ളം മുക്കിക്കുടിച്ചു; അതോടുക്രൂടി, അയാൾക്കു പാപം നീങ്ങി അപ്പോഴെയ്ക്കു്, അസിമദ്ദ്യനൻ എന്നൊരു വേടൻ വെമ്പാലോടെ വന്നൊത്തി, അയാളോടു പറഞ്ഞു:—'എന്റെ കലത്തിലെ ചോറെടുത്തുണ്ടാൽ പോരാ; പാത്രം ഉടച്ചുകളയുകുക്രൂടി വേണം, അല്ലേ! എന്നിട്ടു നീ പൊയ്ക്കളയുമെന്നോ! നിന്നെ കൊല്ലാനാണു് ഞാൻ വന്നതു്.'

വേടന്റെ അന്ത്യോദ്യമം അയാൾ ചുരുക്കിവീണു. ഉടനേ കയറും മുൾത്തടിയും കൈക്കൊണ്ടു കാലദൂതന്മാർ അരിശത്തോടേവന്നു് അയാളെ കെട്ടിക്കൊണ്ടുപോകാൻ ഒരുമ്പെട്ടു. അപ്പോഴെയ്ക്കും വിഷ്ണുപാർഷദന്മാർ വന്നുചേർന്നു, വേഗത്തിൽ തോൽക്കയർ മുറിച്ചുകളഞ്ഞു് അയാളെ മനോഹരമായ തേരിൽ കേറ്റി. 'എന്തൊരു പുണ്യത്താലാണു്

Digitized By Kerala Sahitya Akademi

ഇയ്യാളെ ഭവാന്മാർ കൊണ്ടുപോന്നതെ'ന്നു യമകിങ്കരന്മാർ വണക്കത്തിൽ ചോദിച്ചു. അപ്പോൾ വിഷ്ണുഭൂതന്മാർ പറഞ്ഞു:—'മുൻജന്മത്തിൽ ഒരു രാജാവായിരുന്നു ഇദ്ദേഹം. അനേകം പുണ്യംചെയ്തിട്ടുണ്ട്; പക്ഷേ, ഒരു സുന്ദരിയായ സ്ത്രീയെ അപഹരിച്ചു പാപമൂലം രാജാവു കാലാലയമടയുകയും, നിങ്ങളാൽ പീഡിപ്പിക്കപ്പെടുകയും ചെയ്തു: വാടിപ്പഴുപ്പിച്ച ചെമ്പുകൊണ്ടുള്ള സ്ത്രീയുമായി രമിക്കുക, വാടിപ്പഴുപ്പിച്ചു ഇരുമ്പുമെത്തമേൽ കിടക്കുക, വാടിപ്പഴുപ്പിച്ച ഘോരമായ ഇരുമ്പുതൂണിനെ ആലിംഗനം ചെയ്യുക—ഇങ്ങിനെ പല സങ്കടം ഇദ്ദേഹം അനുഭവിച്ചു; ഉടുപ്പുവെള്ളംകോരിനയാഴിയ്ക്കുക മുതലായതും നിങ്ങടെ സ്വാമി കല്പനയാൽ ചെയ്തുപോന്നു. പിന്നീട് ദുരിതശേഷത്താൽ വീണ്ടും വീണ്ടും പാപയോനിയിൽ ജനിച്ചും ഇദ്ദേഹം വളരെക്കാലം ദുഃഖമനുഭവിച്ചു. ഇന്നു തുളസിച്ചുവട്ടിലെ വെള്ളം കുടിച്ചുതിനാലത്രെ, ഇദ്ദേഹം വിഷ്ണുലോകത്തിലേയ്ക്കു പോകുന്നത്.'

ഇതു കേട്ടിട്ടു, യമഭൂതന്മാർ വന്നവഴിയെ മടങ്ങിപ്പോയി. വിഷ്ണുഭൂതന്മാർ അയാളേയുംകൊണ്ടു വൈകുണ്ഠത്തിലേയ്ക്കും തിരിച്ചു. മഹർഷേ, ഇങ്ങിനെയാണ് തുളസിയുടെ പാപനാശന മാഹാത്മ്യം. അപ്പോൾ, ഭക്തിപൂർവ്വം സേവിക്കുന്നവർക്കുള്ള ഫലം എന്തായിരിക്കും!"

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, തുളസീമാഹാത്മ്യ

കീർത്തനം ഇരുപത്തിരണ്ടാമദ്ധ്യായം.

—(0)—

ഇരുപത്തിമൂന്നാമദ്ധ്യായം

ശൌനകൻ:—"മഹർഷേ, സൂത, കാർത്തികത്തിലെ ശേഷപഞ്ചദിനത്തിന്റെ കലുഷനാശനമായ മാഹാത്മ്യം കൂടി സദയം പറഞ്ഞുതന്നാലും."

സൂതൻ:—"മുനിപുംഗവ, വ്രതങ്ങളിൽവെച്ചു മീതെയത്രേ വിഷ്ണുപഞ്ചകം. അന്നു ഭക്തിപൂർവ്വം രാധാകൃഷ്ണന്മാരെ ഗന്ധപുഷ്പധൂപദീപങ്ങൾകൊണ്ടും വസ്ത്രങ്ങൾകൊണ്ടും പലതരം ഫലങ്ങൾകൊണ്ടും പൂജിയ്ക്കുന്നവൻ പാപമെല്ലാമകന്നു പദ്മനാഭാലയം പ്രാപിയ്ക്കും.

Digitized By Kerala Sahitya Akademi

ബ്രഹ്മചാരിക്കാകട്ടെ, ഗൃഹസ്ഥനാകട്ടേ, വാനപ്രസ്ഥനാകട്ടേ, സന്ന്യാസിക്കാകട്ടേ, വിഷ്ണുപഞ്ചകവ്രതം അനുഷ്ഠിക്കാതെ ധർമഫലം കിട്ടുന്നതല്ല. സർവപാപനാശനവും പുണ്യവുമത്രേ വിഷ്ണുപഞ്ചകം. അന്ന സ്നാനംചെയ്താൽ സർവതീർത്ഥസ്നാനമായി! ശ്രീനാരായണന്റെ നടയ്ക്കലോ തുളസീക്കരികിലോ ഭക്തിയോടേ നെയ്വിളക്കു വെച്ചാൽ, പാപിയേപോലും വിഷ്ണുസമീപത്തിൽ ചെന്നുചേരും. തേൻ, പാൽ, നെയ് മുതലായവകൊണ്ടു വിഷ്ണുവിനഭിഷേകംചെയ്യുന്ന സൽഭക്തന്റെ ശ്രീനാരായണൻ പ്രസാദിച്ച് വൃന്ദെന്നു കല്പിച്ചുകൊടുക്കുകയില്ലേ? ധനമാർഗ്ഗമില്ലെന്നു പാൽപ്പായസമോ നിവേദിച്ചാലതെന്നും പുണ്യം കണക്കാക്കാൻ മതിയുള്ളവൻ പോലും ശങ്കിക്കുന്നാവില്ല.

മൂന്നുകാലശിനാഥം മാധവനെ മനസ്സിരുത്തി പൂജിച്ചു, വഴിപോലെ മന്ത്രം ജപിച്ചു ഗോമയം ഭുജിയ്ക്കുക; രണ്ടാമശിനാഥം മന്ത്രപൂർവം ഗോമൂത്രം സേവിയ്ക്കുക; മൂന്നാമശിനാഥം പാൽ; നാലാമതിൽ തയിർ. പാപംനീങ്ങാനായി ഇങ്ങനെ നാലുനാൾ കഴിച്ച് അഞ്ചാംനാളിൽ കേശവനെ ശരിയ്ക്കു പൂജിച്ചു, ബ്രാഹ്മണരെ ഭക്തിപൂർവം ഊട്ടി ദക്ഷിണയും കൊടുത്തു, രാത്രിയിൽ മന്ത്രപൂതമായ പഞ്ചഗവ്യം സേവിയ്ക്കുക. ഇതിനു ശേഷിയില്ലാത്തവനു ഫലമൂലങ്ങളോ ഹവിസ്സോ ഭക്ഷിക്കാം. ഇപ്രകാരം വിഷ്ണുപഞ്ചകം അനുഷ്ഠിച്ചു, തന്തിരുവടിയെ തുളസീദളങ്ങൾകൊണ്ടു പൂജിയ്ക്കുന്നവൻ സാക്ഷാൽ ശ്രീനാരായണസ്വാമിതന്നെയാണ്!

(ശീതങ്കം തുള്ളൽ)

പണ്ടിഹ ത്രേതായുഗത്തിലൊരു ശൂദ്ര-
നുണ്ടായിരുന്നപോൽ ദുണ്ഡകരാഹ്വയൻ.
തട്ടിപ്പറിയാണവനു തൊഴിലു,
ദുഷ്ടൻ കവരുമേ ബ്രാഹ്മണദ്രവ്യവും;
മിത്രത്തെ മാത്രമല്ലാശ്രയിച്ചോരെയു-
മത്തൽപ്പെടുത്തുമാവിശ്വാസഘാതകൻ;
മത്തടിയ്ക്കും സദാ വേശ്യമാരൊന്നിച്ചു;
പൊത്തിപ്പിടിയ്ക്കും പരാംഗനമാർകളെ;
ഭോഷ്ക്കു പറയും; പരരെപ്പഴിച്ചിടും;
മുഖപാക്ഷണ്ഡരാണായാർക്കു കൂട്ടുകാർ;
കള്ളുകുടിയ്ക്കും; പശുമാംസവും തിന്നും,-
മുള്ളലിവെന്നതാട്ടുഷ്ടന്നു നാസ്തിയാം.
അഗ്രമ്മനിന്ദകൻ വീട്ടിലുള്ളോരൊക്കെ-
വസ്തുവുമേകാതെ 'ധൂളിപാടിക്ക'യാണ്;

Digitized By Kerala Sahitya Akademi

അന്ധതിക്കുണ്ടാറ്റിലുംപാപിയോടവ-
രൊത്തൊരുമിച്ചുള്ള തട്ടിക്കയറിനാർ.
'ഉണ്ടു, പണ്ടുള്ളവർ ചെയ്തതാവാട്ടി-
നിട്ടു തറക്കല്ലിടയ്ക്കുയോ നിൻപണി!'
എന്നാത്തരം കേട്ട മുഖമെടുത്തിൽ-
നിന്നു കുഞ്ഞൊരക്കീർത്തി പേടിച്ചുവർ.

സന്ധത്തശ്രേഷ്ഠവും കൈവിട്ടുപോകയാൽ,
വന്ധിച്ചുകാന്തരമൊന്നിലാണ്ടവൻ
തന്നുരമാരൊടൊത്തധ്വഗർതൻ മതൽ
തട്ടിപ്പറിച്ചുതുടങ്ങിനാനാഹാരം.
കൊറിനാനാം കിടയ്ക്കാണ്ടതുമതുകാ
മറൊരുടെതന്നുടെ പായാർ വിശപ്പാട്ടം.
അങ്ങേപോരു നെല്ലിത്തണലത്തു കാണായി
മഹാശീലരാമന്തണന്മാർ പലർ;
അവ കൈവെടിഞ്ഞവാഗ്ഭരെങ്ങിട്ടുതന്നുര-
രവത്തുമോടിരുതിരിച്ചുർ മഹാമുനേ.
ഉണ്ഡകരാഖ്യനോ, വിപ്രരെ പ്രാപിച്ചു
ഉണ്ഡനമന്ത്രപൂർവ്വമതീടിനാൻ:—
'വിശ്വപ്രാത്മരേ, വിശനാശഭൂനങ്ങാ-
നിപ്പോഴേ നൊയ്യുകമെനായിർ നിണ്ണയം;
നിങ്ങളെ വനാശ്രയിച്ചവനാമെനി-
ക്കിങ്ങു ഭക്ഷിയ്ക്കുവാൻ വല്ലതും നൽകണേ!'
എന്നതുകേട്ടാസ്സുധർമ്മിഷ്ഠർചൊല്ലിനാർ:—
'ഇന്നു പാപപ്രഹം ശ്രീവിഷ്ണൊപ്രീതകം;
ഇട്ടിനരുതിങ്കൾ നീയന്നംകൊതിക്കയോ!
വൃത്താന്തമോതുകെന്താണെ നിൻപേരെടോ?'
പുണ്യവാന്മാരോടു ചൊല്ലിനാൻ ശുക്രനാം:—
'ഉണ്ഡകരനെന്നൊരുത്തനാകുന്നാ ഞാൻ.
തുംഗമാം പാതകമൊഗയുമുണ്ടെനി-
ക്കെങ്ങിനെയുൽഗതി കിട്ടും ദ്വിജേന്ദ്രരേ?'
ശ്രീവിഷ്ണൊ പ്രീതകമാചരിച്ചാൻ ധരാ-
ദേവർ ചൊന്നാരതിന്മട്ടു ചെയ്താനവൻ;
അകയാലന്ത്യത്തിലുത്തമത്തേരേറി
വൈകുണ്ഠമാണ്ടു സായൂച്യവും നേടിനാൻ.

Digitized By Kerala Sahitya Akademi

ഗാഢാദരത്തൊടിസ്സൽക്കഥ കേൾക്കിലൊ
കോടിജന്മത്തിലെപ്പാപം നശിച്ചുപോം!"

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വിഷ്ണുപഞ്ചക
വ്രതമാഹാത്മ്യം ഇരുപത്തിമൂന്നാമദ്ധ്യായം.

(o)

ഇരുപത്തിനാലാമദ്ധ്യായം

ശൌനകൻ:—"വിദ്വൽപ്രവരനായ തത്വജ്ഞ, ഇനി എനിയ്ക്കു ദാനങ്ങളുടെ മാഹാത്മ്യം മുറയ്ക്കു പറഞ്ഞുതരിക."

സൂതൻ:—"മഹർഷെ, ഭൂമിദാനമത്രെ ദാനങ്ങളിൽ മുഖ്യം; അതു ചെയ്താൽ എല്ലാദ്ദാനത്തിന്റെയും ഫലമായി! സസ്യങ്ങളോടു കൂടിയ ഭൂമി ബ്രാഹ്മണനു ദാനംചെയ്തവൻ, പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ വിഷ്ണുലോകത്തിൽ സുഖിയ്ക്കും; പിന്നീടു് ഇഹലോകത്തിൽ ജനിച്ചാൽ, ഒരു ചക്രവർത്തിരാജാവായി ഭൂമിയെല്ലാം വളരെക്കാലം അനുഭവിച്ചു, ശ്രീനാരായണസ്ഥാനമടയുകയുംചെയ്യും. ഗോചർമ്മപ്രമാണമായ ഭൂമിയെ ബ്രാഹ്മണനു കൊടുത്തവൻ സർവ്വപാപവുമകന്നു വിഷ്ണുഗൃഹം പ്രാപിയ്ക്കും: നൂറു പൈക്കൾക്കും ഒരു കാളയ്ക്കും നിൽപ്പാധമായി നില്ക്കാവുന്ന സ്ഥലമത്രേ, ഗോചർമ്മപ്രമാണമായ ഭൂമി. ഭൂമി വാങ്ങുന്നവനും കൊടുക്കുന്നവനും—രണ്ടുപേർക്കും—സ്വർഗ്ഗം കിട്ടും; അറിവുള്ള ബ്രാഹ്മണർ മറ്റു നൂറു ദാനങ്ങളും ഉപേക്ഷിച്ചും ഭൂമിദാനം വാങ്ങണം. അജ്ഞാനത്താൽ മതിമറന്നു ഭൂദാനം വാങ്ങാത്ത ബ്രാഹ്മണൻ ജന്മംതോറും അതി ദുഃഖിയായിത്തീരും. ഭൂമി അന്യനിൽനിന്നു വാങ്ങി ബ്രാഹ്മണനു കൊടുക്കുന്നതാരോ, അവനു ജഗദീശൻ പരമപദം കല്പിച്ചു നൽകും. താനോ മറ്റൊരാളോ കൊടുത്ത ഭൂമിയെ അപഹരിയ്ക്കുന്നവൻ ഒരുകോടി തലമുറക്കാരോടുകൂടി മഹാഘോരനരകത്തിൽ പതിയ്ക്കും. ദേവന്റേയൊ ബ്രാഹ്മണന്റേയോ ഭൂമി അപഹരിയ്ക്കുന്നവനു നൂറുകോടി കല്പങ്ങൾകൊണ്ടും പാപമോചനം കിട്ടുകയില്ല; മറ്റൊരാൾകൊടുത്ത ഭൂമിയെ രക്ഷിയ്ക്കുന്നതായാലോ, കൊടുത്തവനുള്ളതിൽ കോടിമടങ്ങു പുണ്യം കിട്ടും.

ബ്രാഹ്മണനു് ഒരു പയ്യിനെ കൊടുത്താൽ, ഏഴു തലമുറയോടുകൂടിയ ഭൂമി കൊടുത്താലത്തെ പുണ്യം കിട്ടും. ദരിദ്രനും കുടുംബിയുമായവനു കാളയെ കൊടുത്തവൻ പാപമെല്ലാമകന്നു ശിവലോകം പൂകും;

Digitized By Kerala Sahitya Akademi

എള്ളോളം സ്വർണ്ണം ബ്രാഹ്മണന്ന നൽകുന്നവൻ ഒരുകോടി തലമുറയൊന്നിച്ചു വിഷ്ണുമന്ദിരത്തിൽ ചെന്നുചേരും. വിശിഷ്ടബ്രാഹ്മണന്ന് വെള്ളി കൊടുത്താൽ, എന്നെന്നും ചന്ദ്രലോകത്തിൽ അമൃതുനകന്ന വാഴാം. പവിഴം, മുത്ത്, വജ്രക്കല്ല് എന്നിവ നൽകുന്നവന്ന സ്വർഗ്ഗം കിട്ടും. സാളഗ്രാമം നൽകിയാൽ, തുലാപുരുഷ ദാനത്തിന്റെ കോടിമടങ്ങു പുണ്യം സിദ്ധിയ്ക്കും. ഏഴുദ്വീപും കാടും മാടും വൻകുഴിചേർന്ന ഭൂമി ദാനംചെയ്താലത്തെ പുണ്യം സാളഗ്രാമം നൽകിയാൽ സിദ്ധിയ്ക്കും. ബ്രാഹ്മണന്ന് ഒരു സാളഗ്രാമം നൽകിയാൽ, പതിന്നാലു ലോകവും നൽകികഴിഞ്ഞു! തുലാപുരുഷദാനം കഴിക്കുന്നവന്ന, വീണ്ടും അമ്മയുടെ വയറ്റിൽ കിടക്കേണ്ടിവരില്ല. ആഭരണങ്ങളണിഞ്ഞ കന്യകയെ ദാനം ചെയ്യുന്നവൻ പുനർജ്ജന്മരഹിതനായി ബ്രഹ്മസദനം പ്രാപിയ്ക്കും. കന്യകയെ വിൽക്കുന്നവന്ന നരകത്തിൽനിന്ന വിടുതിയില്ല; കന്യകയെ ദാനംചെയ്യുന്നവന്നോ, സ്വർഗ്ഗത്തിൽ നിന്ന പോരുമില്ല. കന്യകയെ വിറ്റവന്റെ മുഖം കാണുകയെ അരുത്; അറിയാതെ കണ്ടുപോയാൽ സൂര്യദർശനം ചെയ്യണം. മെതിയടിയും കുടയും ബ്രാഹ്മണന്ന നൽകിയവൻ മരിച്ചാൽ ഇന്ദ്രലോകത്തു ചെന്ന നാലു കല്പം മുഴുവൻ വസിയ്ക്കും. വിശിഷ്ട ബ്രാഹ്മണന്ന വസ്ത്രം നൽകുന്നവൻ വളരെക്കാലം ദിവ്യാംബരം ധരിച്ചു സ്വർഗ്ഗത്തിൽ വാഴും. കീഴുടുപ്പിനേയും പഴയ വസ്ത്രത്തേയും ദാനംചെയ്തവൻ തീപ്പിടിയാതെയും രജസ്വലയായ കന്യകയെ പുണരാൻ നരകത്തിൽ വീഴും. കാലുറ നൽകുന്നവൻ സ്വർഗ്ഗത്തിൽ ചെന്നുത്തി, അവിടെ അനേകായിരം കല്പം അമൃതുപോലുള്ള ഫലങ്ങളും ആസ്വദിക്കും. ശാകംകൊടുത്തവൻ ശാകരാജ്യം പുകൾ, രണ്ടു കല്പം മുഴുവൻ, ദേവകൾക്കുപോലും കിട്ടാത്ത പായസം ഭുജിയ്ക്കും. നെയ്യ്, തയിർ, മോർ, പാൽ എന്നിവ ദാനംചെയ്തവൻ വിഷ്ണുമന്ദിരത്തിൽ ചെന്നുചേർന്ന് അമൃതുകുടിയ്ക്കും. ഗന്ധവും പുഷ്പവും കൊടുത്തവൻ സ്വർഗ്ഗംപുക്കു ഗന്ധപുഷ്പവങ്ങളണിഞ്ഞു അനേകായിരം യുഗം വസിയ്ക്കും. ദാനങ്ങളിൽ ശ്രേഷ്ഠമായ ശയ്യാദാനം ബ്രാഹ്മണന്ന ചെയ്തവൻ ബ്രഹ്മഗൃഹത്തിൽ ചെന്നു, വളരെക്കാലം കട്ടിലിന്മേൽ കിടക്കും. ദീപവും പീഠവും കൊടുത്തവൻ പാപമെല്ലാമൊഴിഞ്ഞു സ്വർഗ്ഗമടഞ്ഞു, പുറകും കത്തുന്ന വിളക്കുകളുമായി സിംഹാസനത്തിൽ വാഴും. വെറില കൊടുത്തവൻ ഭൂമിയെല്ലാം സുഖമായി അനുഭവിയ്ക്കും; സ്വർഗ്ഗത്തിൽ ദേവസ്ത്രീകളുടെ മടിയിൽ കിടന്നു വെറില മുറുക്കുകയും ചെയ്യും.

ദാനങ്ങളിൽ ശ്രേഷ്ഠമായ വിദ്യാദാനം ചെയ്യുന്ന വിശിഷ്ട മനുഷ്യൻ, മരിച്ചാൽ മൂന്നുയുഗം വിഷ്ണുസന്നിധിയിൽ വസിയ്ക്കും; അവിടെവെച്ചു ശ്രീനാരായണന്റെ കാരുണ്യത്താൽ ജ്ഞാനംനേടി ദുർല്ല

Digitized By Kerala Sahitya Akademi

ഭമായ മോക്ഷവും സമ്പാദിയ്ക്കും. അനാഥനായ ദരിദ്രബ്രാഹ്മണനെ വിദ്യയഭ്യസിപ്പിക്കുന്ന വിശിഷ്ടമനുഷ്യൻ പുനർജ്ജന്മരഹിതനായി ശ്രീനാരായണാലയം പ്രാപിക്കും. പുസ്തകം ഭക്തിശ്രദ്ധകളോടേ നൽകുന്നാവന്ത്, ഓരോ അക്ഷരത്തിന്നും ഓരോ കോടി വർഷത്തിന്റെ പുണ്യം കിട്ടും.

തേനും വെല്ലവും കൊടുക്കുന്നാവൻ കരിമ്പുനീർക്കടലിൽ ചെന്നെത്തും. ഉപ്പുകൊടുത്തവൻ വരുണലോകത്തിൽ വസിക്കും. എള്ളിന്നാറിലും മീതെ അന്നവും വെള്ളവും നൽകുന്നതാണെന്ന തത്വജ്ഞന്മാരായ മഹർഷിമാരെല്ലാം അഭിപ്രായപ്പെട്ടിരിക്കുന്നു. ഭൂമിയിൽ അന്നവും വെള്ളവും നൽകിയവൻ എല്ലാദാനങ്ങളും ചെയ്തുകഴിഞ്ഞു! അന്നം നൽകുന്നാവൻ പ്രാണനെയത്രേ നൽകുന്നത്; അതിനാൽ അന്നദാതാവിന്നു സർവ്വദാനങ്ങളുടേയും ഫലം സിദ്ധിക്കും. ഒരുപോലെതന്നെയാണ് അന്നവും വെള്ളവും; വെള്ളംകൂടാതെ അന്നമുണ്ടാകുന്നതുണ്ടല്ലോ. പശിയും ദാഹവും—രണ്ടും—ഒരുപോലെ തന്നെയാണ്; അതിനാൽ അന്നവും വെള്ളവും ശ്രേഷ്ഠമെന്ന് അഭിജ്ഞന്മാർ പറഞ്ഞിരിക്കുന്നു. ഇഹലോകത്തിൽ അന്നദാനംചെയ്യുന്ന ശ്രേഷ്ഠമനുഷ്യർ സർവ്വപാപങ്ങളും നീങ്ങി വിഷ്ണുസദനം പ്രാപിക്കും. തപോധനാ, എത്ര അന്നം നൽകപ്പെട്ടുവൊ, അത്രയും ബ്രഹ്മഹത്യാദി പാപങ്ങൾ അകന്നിപ്പോകും. അന്നം കൊടുക്കുന്നാവരുടെ ശരീരത്തിൽ നിന്നു പാപം പൊട്ടുന്നു, വാങ്ങുന്നാവരുടെ ദേഹത്തിലേയ്ക്കു പകരുന്നു; അതിനാൽ പാപികളുടെ അന്നം ബുദ്ധിമാന്മാർ വാങ്ങുമാറില്ല. വാങ്ങുന്നമൂഢന്മാക്കു പാപം പറഞ്ഞിപ്പോകും. വെള്ളം ഭൂമിയിൽ നിന്നുകമാത്രം ചെയ്യുന്നാവനും പാപമെല്ലാമകന്നു വൈകുണ്ഠം പ്രാപിക്കും.

ദ്വിജോത്തമ, പ്രയത്നംചെയ്തു ധനം സമ്പാദിക്കണം; സമ്പാദിച്ച ധനം ദാനത്തിനേപ്പെട്ടുത്തുകയും വേണം. പിശുക്കുമൂലം മുതൽ സൂക്ഷിച്ചുവെയ്ക്കുന്നാവക്കു വന്നിച്ച ദുഃഖമേവരൂ; ഒടുവിൽ സർവ്വസ്വവും വിട്ടു നിർദ്ധനരായി പോകേണ്ടിയും വരും. ദാനം നൽകി നൽകി ദരിദ്രരാകുന്നാവർ വാസ്തവത്തിൽ ദരിദ്രരല്ല; അവർ പരലോകത്തിൽ മഹാരാജാക്കന്മാരത്രേ! ശരിയായ സംയമവും ദയയും കുടുംബവുമില്ലാത്തവന്ന ദാനം ചെയ്താകട്ടേ, പരലോകത്തിൽ ഉതകുന്നതല്ല. മുതലുണ്ടായിരിക്കെ, അനുഭവിക്കുകയും കൊടുക്കുകയും ചെയ്യാത്തവൻ ദരിദ്രൻ തന്നെ; അവൻ മരിച്ചാൽ നെടുവീർപ്പിടും! തപസ്സിലും മീതെയാണ് ദാനമെന്ന തത്വജ്ഞന്മാർ പറഞ്ഞിരിക്കുന്നു; അതിനാൽ പണിപ്പെട്ടും ദാനം അനുഷ്ഠിക്കണം. ബ്രാഹ്മണന്ന ദാനം നൽകാത്ത ദാതാവു സർജ്ജന്തുക്കൾക്കും ഭയങ്കരമായ ഘോരനരകത്തിൽ വീണുപോകും. ദാനത്തെ സ്മരിക്കാത്ത ദാതാവിന്നും യാചിക്കാത്ത പ്രതിഗ്രഹീ

Digitized By Kerala Sahitya Akademi

താവിന്നും—രണ്ടുപേക്കും—ആചന്ദ്രാക്കം നരകത്തിൽത്തന്നെ വാസം. ബ്രാഹ്മണശ്രേഷ്ഠ, ബ്രഹ്മഹത്യാദി പാപങ്ങൾ പോലും ദാനംകൊണ്ടു നീങ്ങിപ്പോകും; അതിനാൽ ദാനം ആചരിക്കുകതന്നെ വേണം.

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ദാനമാഹാത്മ്യകഥനം
ഇരുപത്തിനാലാമദ്ധ്യായം.

(0)

ഇരുപത്തഞ്ചാമദ്ധ്യായം

ശൌനകൻ:— [അനുഷ്ടുപ്പ്]

"ശ്രീകരം വിഷ്ണുചരിതം സർവ്വാപദ്ഭവനാശനം
സർവപാപക്ഷയകരം ദുഷ്ടഗ്രഹനിവാരണം
വിഷ്ണുസാന്നിധ്യജനകം ചതുർവ്വർഗ്ഗഫലപ്രദം
ഭക്ത്യാശ്രവിപ്പോനൊടുവിലച്യുതാലയമാണ്ടിടും.

ഏന്നാൽ, നാമോച്ചാരണ മാഹാത്മ്യം അത്യത്ഭുതമായി കേട്ടിട്ടുണ്ട്; നാമജപംകൊണ്ടുതന്നെ മനുഷ്യന്നു പരമപദം പൂകാമല്ലോ. അതിനാൽ നാമകീർത്തനവിധി പറഞ്ഞുതരിക."

സൂതൻ:—"ശൌനക, കേൾക്കുക; മോക്ഷസാധനമായ ഒരു സംവാദം ഞാൻ പറയാം. പണ്ടു, യമുനാതീരത്തു സ്ഥിതിചെയ്തിരുന്ന ശാന്തമാനസനായ സനൽകുമാരനോടു നാരദൻ, പലതരം ധർമ്മവും അധർമ്മവും ശ്രവിച്ചതിന്നശേഷം, തൊഴുകയ്മയായി ചോദിച്ചു:—'ഭഗവത്തോത്തമ, ഭഗവാൻ ഇപ്പറഞ്ഞ അധർമ്മങ്ങൾക്കു എങ്ങിനെയാണ് ശാന്തിവരിക?'

സനൽകുമാരൻ:—'വിഷ്ണുപ്രിയനും വിഷ്ണുധർമ്മജ്ഞനുമായ നാരദ, ലോകങ്ങളുടെ മുക്തിക്കായി ഭവാൻ ചോദിച്ചതു ഞാൻ പറയാം; കേൾക്കുക:

[ശ്ലോകങ്ങൾ]

സദാചാരവിഹീനനും,ക്രതുസമയേ സംസ്കാരമേൽക്കാത്തവൻ,
കള്ളൻ, കർക്കടിയൻ, ശഠൻ, ചതിയനും, ദുഷ്പാണ്ഡനും, ക്രൂരനും,
ഭാര്യാപുത്രധനോൽക്കനും, പിശുനനും, മറേറതു മാപാപിയും
ശ്രീഗോവിന്ദപദാരവിന്ദഭജനാൽ സംശുദ്ധരായ്ത്തീരുമേ.

Digitized By Kerala Sahitya Akademi

ചരാചരങ്ങൾക്കു വിമുക്തിനൽകുമാ-
കുപാർശ്വഹൃത്താകിയ തമുരാനെയും
അതിക്രമിയ്ക്കുന്ന മഹാപരാധനാം
മനുഷ്യനോ, പിമ്പവലംബമെന്തുവാൻ?
സർവാപരാധവും വിഷ്ണുഭഗവനത്താലൊഴിഞ്ഞുപോം;
വിഷ്ണുവിനപരാധത്തെച്ചെയ്യുകനൊ, മനുജാധമൻ!
നാമം ജപിച്ചുലവനാംകേറിയെന്നവരാമുനേ;
അത്രശംതാങ്ങായ നാമത്തിൽത്തെറുചെയ്യാലുദ്ധാഗതി!'

നാരദൻ:—'ബ്രാഹ്മണശ്രേഷ്ഠ, ഭഗവന്നാമത്തോട് എന്തുതെറു ചെയ്യാലാണ് മനുഷ്യക്ക് കൃത്യനാശവും ദോഷവും നേരിടുക?'

സനൽകുമാരൻ:—'സജ്ജനങ്ങളെ നിന്ദിയ്ക്കുക എന്നാതു നാമത്തോടുചെയ്യുന്ന ഒരു മഹാപരാധമാകുന്നു: സജ്ജനപ്രിയനായ ഭഗവാൻ അതെങ്ങിനെ സഹിയ്ക്കും. ശ്രീനാരായണന്റെയും ശിവന്റെയും ഗുണനാമാദിയെ വിഭിന്നമായി കാണുന്നവനും നാമാപരാധിയത്രെ. ഗുരുക്കളെ അനാദരിയ്ക്കുക, വേദശാസ്ത്രങ്ങളെ നിന്ദിയ്ക്കുക, വിഷ്ണുനാമത്തിൽ അത്ഭവാദം കല്പിയ്ക്കുക എന്നിവയും നാമാപരാധമെന്നപാപമാകുന്നു; അതിനു യമനിയമാദികർംകൊണ്ടുപോലും മുതിവരികയില്ല. ധർമ്മവ്രത ഹോമാദി സൽകർമ്മത്യാഗം, പ്രമാദം, അവിശ്വാസ വൈമുഖ്യങ്ങൾമൂലം ഉപദേശം ശ്രവിയ്ക്കായ്ക, നാമമാഹാത്മ്യം കേട്ടിട്ടും അതിൽ സകുതിയില്ലായ്ക, ഞാനെന്നും എന്റെ എന്നുമുള്ള ബുദ്ധി എന്നിവയും നാമാപരാധംതന്നെ. ഈ പത്തു നാമാപരാധങ്ങളെ അറിഞ്ഞിട്ടും വർജ്ജിക്കാതിരിക്കുന്നവർ, അമ്മയോടു കോപിച്ചിട്ട് ഉണ്ണുകഴിക്കാത്ത കുട്ടികളെപ്പോലെ ഖേദത്തിൽപ്പെടുമെന്നു ശിവൻ ദയചെയ്ത് എന്നോടരുളിച്ചെയ്തിരിയ്ക്കുന്നു. ദേവർഷേ, അതിനാൽ എന്നെന്നും നാമാപരാധം പറയാതെ ഭവാൻ ജപിച്ചുകൊള്ളുക. നാമോച്ചാരണംകൊണ്ടുതന്നെ അങ്ങയ്ക്കു സർവ്വം സാധിക്കും; മറെറാന്നും വേണ്ടാ.'

നാരദൻ:—'സനൽകുമാര, സാഹസക്കാരും വിവേകവൈരാഗ്യവിഹീനരും ദേഹാത്മബുദ്ധികളുമായവർക്കു നാമാപരാധം എങ്ങിനെ നീങ്ങും?'

സനൽകുമാരൻ:—'പ്രമാദത്താൽ വല്ലവിധത്തിലും നാമാപരാധം പറഞ്ഞുപോയാൽ, എല്ലായ്പോഴും നാമംജപിച്ചുകൊണ്ട്, അതിനെത്തന്നെ ശരണം പ്രാപിക്കണം. നാമാപരാധപാപം നാമംകൊണ്ടെ നശിക്കുകയുള്ളു. അതു് ഇടവിടാതെ ജപിച്ചാൽ എന്തും നിറവേറി

Digitized By Kerala Sahitya Akademi

ക്കൊള്ളും. ഒരൊറ്റനാമം തെറ്റായിട്ടോ ശരിയായിട്ടോ സ്മരിക്കുകയാകട്ടേ ശ്രവിക്കുകയാകട്ടെ ചെയ്താൽ തീച്ചയായും ഉടവില്ലാത്ത ഉത്തമഗതി സിദ്ധിക്കും. അതിനെ ദ്രവ്യലോഭത്താലൊ മറ്റൊ പാഷണ്ഡക്കൂറുകൊണ്ടാലൊ, ഫലം വിപരീതമായിരിക്കും. എല്ലാ അശുഭങ്ങളേയും അപരാധങ്ങളേയും പോക്കുന്ന ഈ പരമരഹസ്യം പണ്ടു ശിവൻ അരുളിച്ചെയ്തു കേട്ടതാണ്. ഹരിനാമാപരാധികൾക്കും അതു ജപിച്ചാൽ മുക്തിവരും.

നാരദ, നാമമാഹാത്മ്യം മുഴുവനും പുരാണത്തിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്; അതിനാൽ പുരാണം ഒട്ടൊഴിയാതെ ശ്രവിച്ചുകൊള്ളുക. ഭ്രാതാവെ, നാൾതോറും പുരാണം ശ്രവിക്കുന്നതിൽ ശ്രദ്ധ അതുണ്ടെങ്കിൽ, അവനിൽ സാക്ഷാൽ വിഷ്ണുതന്നെയും അനുചരന്മാരും പ്രസാദിച്ചിരുക്കും. പുഷ്കരം, പ്രയാഗം, സിന്ധുസംഗമം എന്നീ തീർത്ഥങ്ങളിൽ സ്നാനം ചെയ്തതിന്റെ ഇരട്ടിഫലം സശ്രദ്ധമായ പുരാണശ്രവണത്താൽ കൈവരും. പുരാണങ്ങളെ മനസ്സുവെച്ചു വായിക്കുന്നവർക്കും കേൾക്കുന്നവർക്കും, അക്ഷരംപ്രതി പശുദാനത്തിന്റെ ഫലം കിട്ടും. പുത്രഹീനന്നു പുത്രനുണ്ടാകും; ധനാർത്ഥിക്കു ധനം ലഭിക്കും; വിദ്യ വേണ്ടവന്നു വിദ്യയും മോക്ഷം വേണ്ടവന്നു മോക്ഷവും കിട്ടും. പുരാണം ശ്രവിക്കുന്നവർ കോടി ജന്മങ്ങളിലെ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുമന്ദിരം പ്രാപിക്കും. പുരാണം വായിച്ച ബ്രാഹ്മണനെ ഗോവു്-ഭൂമി-സ്വർണ്ണം-വസ്ത്രം-ഗന്ധം-പുഷ്പം മുതലായവകൊണ്ടു പൂജിക്കണം; ഓട്ടുപാത്രം, ജലപാത്രം, സ്വർണ്ണംകൊണ്ടുള്ള കുണ്ഡലം, മോതിരം, ആസനം, പൂമാല്യം എന്നിവയും നൽകണം. വിശ്രുതനോന്നരുതു്; എന്നാൽ ദാനത്തിന്റെ ഫലം കുറയും. പുരാണം വായിച്ച ബ്രാഹ്മണന്നു സർവകാമസിദ്ധിക്കായി പൊന്നും വെള്ളിയും വസ്ത്രവും പൂമാലയും ചന്ദനവും പുസ്തകവും ഭക്തിയോടെ നൽകുന്നവൻ വിഷ്ണുമന്ദിരം പൂകും. ഇതിൻവണ്ണം ഒരു പുരാണം മുഴുമിപ്പിച്ചാൽ, അവന്റെ പേർ ചിരഞ്ജീവിപ്പുൻ മായ്ച്ചുകളയും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, നാരദസനൽകുമാരസംവാദം,
ഹരിനാമമാഹാത്മ്യകഥനം ഇരുപത്തൊമ്പത്തൊമ്പതാമധ്യായം.

(o)

ഇരുപത്തിനാലാമധ്യായം

ശൌനകൻ:—"ദയാംബുധേ, പ്രതിജ്ഞ രക്ഷിച്ചാലത്തെ പുണ്യവും, തെറ്റിച്ചാലത്തെ പാപവും എനിക്കു കേൾക്കേണമെന്നുണ്ടു്: വല

Digitized By Kerala Sahitya Akademi

ത്തെ കയ്യുകൊടുത്തിട്ട ശപഥം നിറവേറാഞ്ഞാൽ ഗതിയെന്തുവരും? നിറവേറിയാൽ ഗതിയെന്തുവരും? ദയചെയ്തു പറഞ്ഞു തരിക."

സൂതൻ:—"മുനിപുംഗവ, കേൾക്കുക; വിസ്തരിച്ചു പറയാം: അങ്ങു വൈഷ്ണവരിൽ അഗ്രഗണ്യനാം സഖിതൈഷ്ണിയുമാകുന്നു.

സ്വരൂപത്തിന്റെ കൊടുത്തതിന്റെ കൂടിയിടങ്ങു പുണ്യം പ്രതി ജ്ഞാപാവനന്മാർ സിദ്ധിക്കും. പ്രതിജ്ഞ തെറ്റിച്ചാലോ, അതു മൂഢൻ തന്നെ പണ്ഡിതനാകട്ടെ ഭയത്തിൽ നരകത്തിൽ ചിരം വേവും; പിന്നീട് ഒരു ജന്മത്തിൽ രണ്ടു കിൽ, ശ്രവണം ഉണ്ടും മുടിയില്ലാതെ വരുകയും ചെയ്യും. ഗോവിന്റെയോ അഗ്നിയുടെയോ ഗുരുവിന്റെയോ സന്നിധിയിൽവെച്ചു സത്യത്താൽ ശപഥം ചെയ്തു മോക്ഷത്തെന്നെ, വിഷ്ണുവിന്റെ ദേഹം കൊള്ളിച്ചാലും. ശപഥം നിറഞ്ഞേറിയാൽത്തന്നെ ഇങ്ങിനെയൊരു പാപമുണ്ടായിരിക്കെ, തെറ്റിയാലത്തെ കഥ പറഞ്ഞായിരിക്കും! ശ്രീനാരായണന്റെ തിരുമെയ്തൊട്ടു സത്യം ചെയ്താൽത്തന്നെ നൂറു മന്വന്തരം മഹാഘോരനരകത്തിൽ കിടക്കേണ്ടിവരും; പിന്നെ തെറ്റിച്ചായാലോ! വിഷ്ണുവിന്റെ നിർമ്മാല്യം തൊട്ടു സത്യംചെയ്തവൻ മുഴുത്തഴ മുറയോടുകൂടി വളരെക്കാലം നരകത്തിൽ വേവിക്കപ്പെടും; പിന്നെ ജനിച്ചാൽ, ജന്മംതോറും കുഷ്ഠ രോഗിയായിട്ടും തീരും. വലംകൈ കൊടുത്തിട്ടു പ്രതിജ്ഞ നിറവേറ്റുന്നവനെന്നോ, ഞാൻ പരമാർത്ഥമാണ് പറയുന്നതു്, വിഷ്ണുപ്രാപ്തി സിദ്ധിയുണ്ടാം! കൈകൊടുത്തിട്ടു പ്രതിജ്ഞാപാലനം ചെയ്യാതിരിക്കുന്നോട ത്തോളം കാലം, അവന്റെ പിതൃക്കൾ നരകദുഃഖമനുഭവിയ്ക്കും; താനും ചത്താൽ ഘോരനരകത്തിൽ വീഴും. ഒരുകോടി കല്പംകൊണ്ടും തീരുന്നതല്ല."

ശൌനകൻ:—"വലംകൈ കൊടുത്തിട്ടു പ്രതിജ്ഞ നിറവേറിയതിനാൽ മുനു് ആക്കാണ് വിഷ്ണുപ്രാപ്തി ലഭിച്ചിട്ടുള്ളതു്? കേട്ടാൽ കൊള്ളാം."

സൂതൻ:—

(കൈകൊട്ടിക്കളിപ്പാട്ടു് – 'താമരക്കണ്ണൻ' പോലെ)

കാഞ്ചീപുരത്തിലുണ്ടായിരുന്നു–കാമരൂപനൊരുശ്രുത്രൻ
പാരം തിന്നു തടിച്ചു മെയ്യോടും–വീരവിക്രമനാമകൻ
മുഖക്കം പ്രിയൻ പണ്ഡിതൻ സഭ്യ–നേറെസ്സംസാരിക്കുന്നവൻ
വിത്തപുത്രവാൻ വിഷ്ണുസേവകൻ–വിപ്രാതിഥി സംപൂജകൻ
നിത്യം ഗുരുജനത്തെപ്പോറ്റുവോ–നത്യന്തം ചിത്രഭക്ഷിമാൻ.

Digitized By Kerala Sahitya Akademi

ഏറെചൊന്നതെന്തായാലും നിറ–വേറുമവന്റെ ഗേഹത്തിൽ
ചെന്നിതേകദാ വിപ്രവേഷത്തിൽ–സുന്ദരനൊരു ചണ്ഡാലൻ.
'ധീരകേട്ടാലു,മെന്നുടെ നല്ല–ദാരങ്ങളന്തരിച്ചുപോയ്;
ഏന്തുചെയ്യും ഞാനെങ്ങുപോകും ഞാ–നെങ്കൾട്ടയ തോന്നോണമെ!
ആരണന്ന വിശേഷിച്ചും വേളി–യാരൊരാറാം നടത്തീട്ടുന്നു,
തീർത്ഥദാനക്രതുക്കളും വ്രത–സാത്മ്യവുമവനെന്തിനോ?'
ഗീരിതാ യുവബ്രാഹ്മണൻ ചൊൽകെ–വീരവിക്രമനോതിനാൻ:—
'പെങ്കിടാവൊന്നെനിക്കുണ്ടു; വേണ–മെങ്കിലങ്ങയ്ക്കു നൽകാം ഞാൻ;
തന്നോൻ വലംകൈ,രണ്ടില്ല പക്ഷം!'–ഏന്നതുകേട്ട ചണ്ഡാലൻ
ശുദ്രമുഖ്യന്റെ ദക്ഷിണാകരസ്തം–ചീർത്തമോദാൽ പിടിച്ചോതീ:—
'നന്നു, നന്നു,നൊരുക്കി വേഗത്തിൽ–ത്തന്നാലും പെങ്കിടാവിനെ:
വന്നെത്തും വിപ്രനം താമസിയ്ക്കുകിലെന്നാത്രേ ശാസ്ത്രനിശ്ചയം.

വീരവിക്രമൻ:—

'നാളെത്തന്നേയ്ക്കാം പെണ്ണിനെബ്രഹ്മൻ;–കേളി,തു തെറ്റിപ്പോകില്ല:
കൈതന്നിട്ടതു ചെയ്യാതിരിപ്പോൻ–ഭ്രതലേ പുരുഷാധമൻ!'

പിന്നീടു വീരവിക്രമൻ ഈ വിവരമെല്ലാം തന്റെ പുരോഹിതനായ കൃഷ്ണശർമ്മാവെന്ന ബ്രാഹ്മണനെ അറിയിച്ചു. അപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടു:—'ശുദ്രകന്യകയെ ബ്രാഹ്മണന്ന കൊടുക്കുകയൊ? വിശേഷിച്ചും ഗോത്രവും മറവും അറിവില്ലാത്ത സ്ഥിതിക്കു കൊടുത്തുകൂടാ.' വീരവിക്രമന്റെ അച്ഛൻ മുതലായ ബന്ധുക്കളും ഇതിൻവണ്ണം തന്നെയാണ് അഭിപ്രായപ്പെട്ടത്:—'കോപംകൂ, മകനെ, ആരുടെ കുലം–ഗോത്രം–ദേശം–ധനം–ശീലം–വയസ്സ് എന്നിവ അറിയപ്പെടുന്നില്ലയോ അവന്ന സജ്ജനങ്ങൾ പെണ്ണിനെ കൊടുക്കാറില്ല.' അയാൾ പറഞ്ഞു:—'ഞാൻ വലംകയ്യു കൊടുത്തുപോയി; അതിനി ഒരുവിധത്തിലും തെറ്റിപ്പാൻ വയ്യ!'

വീരവിക്രമൻ ആ ബ്രാഹ്മണന്ന കന്യകയെ കൊടുപ്പാൻ തന്നെ ഒരുങ്ങി. അതുകണ്ടു ബന്ധുക്കളെല്ലാം പകച്ചു നിന്നുപായി. അയാളുടെ ആ സത്യഭാഷിതം കേൾക്കുകയാൽ, ശംഖചക്രഗദാപാണിയായ ഭഗവാൻ ഗരുഡന്റെ പുറത്തേറി പെട്ടന്നവിടെ എഴുന്നള്ളിവന്നു.

ഭഗവാൻ:—'നിന്റെ കുലം ധന്യമായി! ധർമ്മം ധന്യമായി! അന്നമമമാർ ധന്യരായി! സത്യവചനം ധന്യമായി! വലംകയ്യും ധന്യമായി! ഇത്ര ധന്യമായ ജന്മവും കർമ്മവും ത്രൈലോക്യത്തിലില്ലതന്നെ. ഈയൊരു സൽക്കർമ്മത്താൽ നീ കുലത്തിന്നു് ഉൽഗതി വരുത്തിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ശ്രീനാരായണൻ ഇങ്ങിനെ അരുളിച്ചെയ്യുമ്പോഴേയ്ക്കും, ഗരുഡ ക്കൊടി നാട്ടിയ ഒരു പൊന്നിൻവിമാനം വിഷ്ണുപാർഷദന്മാർ അവി ടെ എത്തിച്ചു. ഉടനേ ശംഖപാണിധരൻ താൻതന്നെ വീരവിക്രമ ന്റെ വീട്ടുകാരെയെല്ലാം—അ ചണ്ഡാലനേയും പുരോഹിതനേയും ശ്ര ടി—പിടിച്ചു വിമാനത്തിൽ കേറി വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. അവരെല്ലാം അവിടെ സുദുർല്ലഭമായ സുഖം അനുഭവിച്ചുകൊണ്ടു വള രെക്കാലം വസിക്കുകയും ചെയ്തു.

വിപ്രരെക്കൊല്ലുത്തിട്ടു വാക്കു തെറ്റിക്കുന്നവനാകട്ടെ, വംശത്തോ ടുകൂടി നരകത്തിൽ പതിച്ചുപോകും; പരമാർത്ഥമത്രേ ഞാൻ പറയുന്ന തു്. അവന്റെ അന്നവും വെള്ളവും പിതൃക്കളോ ദേവകളോ കൈ ക്കൊള്ളുകയില്ല. ധർമ്മം അവന്റെ ഗൃഹത്തിൽനിന്നു പെടിച്ചോടിക്ക ളയും. അശുഭയുണ്ടാക്കിത്തീർത്തിട്ടു് അശാഭംഗം വരുത്തുന്ന മൂഢൻ ഒ രുകോടി തലമുറയോടുകൂടി നരകം പുകും. വാക്കു തെറ്റിക്കുന്നവന്റെ ഗൃഹം രാജാവിനാലോ അഗ്നിയാലോ തസ്കരരാലോ അതിക്രമിക്ക പ്പെടുമെന്നത്രേ സത്യനിശ്ചയം.

സദാഗ്രാഹ്യമായ ഈ വഴിപോലെ ശ്രവിക്കുന്നവൻ ഇഹ ത്തിൽ ജീവന്മുക്തനായി, പരത്തിൽ സദാഗ്രാഹ്യമായിരിക്കുന്ന വൈ കുണ്ഠസ്ഥാനമടയും.


ശ്രീപത്മപുരാണം, ബ്രഹ്മഖണ്ഡം, പ്രതിജ്ഞാപാലനമാഹാത്മ്യം
ഇരുപത്താറാമദ്ധ്യായം. സപ്തഖണ്ഡം എന്നുകൂടി പേരുള്ള
ബ്രഹ്മഖണ്ഡം (മൂന്നാംഖണ്ഡം) സമാപ്തം.

(0)

Digitized By Kerala Sahitya Akademi

ശ്രീരാമരാമായണം

പാതാളഖണ്ഡം



ഒന്നാമദ്ധ്യായം

നാരായണനെയും ശ്രേഷ്ഠനരനാം നരനേയുമേ
വാഗീശ്വരീവ്യാസരെയും വണങ്ങിജ്ജയമോതുക.

ഋഷിമാർ:—"മഹാഭാഗ, മനോഹരമായ സപ്തമ(ബ്രഹ്മ)ഖണ്ഡം മുഴുവൻ ഭവാൻ പറഞ്ഞുതന്നുവല്ലോ; ഇനി ശ്രീരാമചരിതം കീർത്തിച്ചാലും."

സൂതൻ:—"ഈ സൽകഥ ഒരിക്കൽ വാത്സ്യായനമഹർഷി ഭൂമിയെത്താങ്ങുന്ന ഭുജഗേശ്വരനോടു ചോദിക്കുകയുണ്ടായി:—'ശേഷ, ലോകത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരങ്ങളും ഭൂഗോള-ഖഗോള—ജ്യോതിശ്ചക്രങ്ങളും മഹത്തത്ത്വാദി സൃഷ്ടികളിൽ ഓരോന്നിന്റേയും തത്ത്വനിർണ്ണയവും പലതരം രാജാക്കന്മാരുടെ കഥകളും ഭവാൻ പറഞ്ഞുവല്ലോ; സൂര്യവംശരാജാക്കന്മാരുടെ അത്ഭുതചരിത്രവും അങ്ങു വർണ്ണിച്ചു. അതിൽ, ഭാഗ്യം സിദ്ധിച്ച മഹാപാപങ്ങളെ പോക്കുന്ന ഒന്നാണ് രാമചരിതം. ശ്രീരാമവീരന്റെ അശ്വമേധകഥ ചുരുക്കത്തിലെ അങ്ങു പറഞ്ഞുള്ളുവല്ലോ; അതെനിക്കു വിസ്തരിച്ചു കേൾക്കേണമെന്നുണ്ട്. അതു സ്മരിക്കുകയോ സ്മരിക്കുകയോ ചൊല്ലുകയോ ചെയ്താൽ, മഹാപാപങ്ങൾക്കുമതിയും അഭീഷ്ടലാഭവും ഭക്തചിത്തത്തിനു തെളിവും വരുമല്ലോ.'

ശേഷൻ:—'ബ്രാഹ്മണശ്രേഷ്ഠ, ഭാഗ്യവാനാണ് ഭവാൻ: അങ്ങയുടെ മനസ്സു രാമനാഥന്റെ തൃപ്പാദപത്മത്തിലെ തേൻ കൊതിക്കുകയാണല്ലോ ചെയ്യുന്നത്! മഹർഷിമാരെല്ലാം പറയാറുണ്ട്, സജ്ജനസംസർഗ്ഗം ശ്രേഷ്ഠമാണെന്ന്; അതു പാപനാശനമായ രാമനാമകഥയ്ക്കിടവരുത്തുമല്ലോ. അങ്ങയുടെ ചോദ്യം ഒരനുഗ്രഹമാണെനിക്ക്: അതു ദേവാസുരകിരീടരത്നങ്ങളാൽ നീരാജിതചരണനായ ശ്രീരാമനെ വീണ്ടും സ്മരിപ്പിച്ചു! രാവണാന്തകന്റെ ചരിതമാകുന്ന സമുദ്രത്തിൽ എന്തൊരത്ഭുതമുള്ളൂ, ഒരീച്ചയ്ക്ക് എന്തറിയാം? അതിൽ ബ്രഹ്മാദിദേവകൾ

Digitized By Kerala Sahitya Akademi

പോലും മതി മങ്ങി മയങ്ങിപ്പോകുന്നു. എന്നാലും, എനിക്കാവുന്നതു പോലെ ഭവാനോട് ഞാൻ പറയാം: അതിവിസ്തീർണ്ണമായ ആകാശത്തു് ഓരോപക്ഷിയും, അതിനു കഴിവുള്ളതിൻവണ്ണം പറക്കുന്നുണ്ടല്ലോ. നൂറുകോടി പരപ്പുള്ളതാണു് രാമനാമചരിതം; എത്രത്തോളം അറിവുണ്ടോ, അത്രത്തോളം അതിനെ വർണ്ണിച്ചുപോരുന്നു. രാമനാഥന്റെ സൽകീർത്തി എന്റെ വിദ്യയത്തെ, തിന്മിൽമാറ്റിയ സ്വർണ്ണത്തിനൊപ്പം നിർമ്മലീകരിക്കട്ടെ!'

ഇപ്രകാരം പറഞ്ഞു ശേഷൻ ധ്യാനസ്തിമിതനേത്രനായിട്ടു്, അത്യലോകോത്തരമായ ദാശരഥി സച്ചരിതം ജ്ഞാനത്താൽ കണ്ടുവെച്ചു; അതിനുശേഷം കോരിത്തരിപ്പുകൊണ്ട ശരീരത്തോടും ഗൽഗദ സ്വരത്തോടുംകൂടി പറയാൻതുടങ്ങി:—

'അപ്സരസ്സ്ത്രീകളുടെ മുഖചന്ദ്രനു നിറംകെടുത്ത ദേവാസുരദ്രോഹനായിരുന്ന ലങ്കേശ്വരൻ കൊല്ലപ്പെട്ടപ്പോൾ ശക്രാദിദേവകൾക്കെല്ലാം ശല്യം നീങ്ങി; അവർ മനസ്സുഖമടഞ്ഞു, ദാസന്മാരെപ്പോലെ വീണ്ടും വണങ്ങി ശ്രീരാമനെ സ്തുതിച്ചു. അദ്ദേഹമൊ ധർമ്മിഷ്ഠനായ വിഭീഷണനെ ലങ്കയിൽ വാഴിച്ചു, സീതാലക്ഷ്മണന്മാരോടും സുഗ്രീവഹനുമദാദികളോടുംകൂടി പുഷ്പകവിമാനത്തിൽകേറി പുറപ്പെട്ടു. വിരഹം പൊറായ്കയാൽ വിഭീഷണനും മന്ത്രിമാരൊന്നിച്ചു ക്രൂടെ പുറപ്പെട്ടു.

മതിലുകളും തോരണങ്ങളും പലപാടുതഞ്ഞുകിടക്കുന്ന ലങ്കയെ ശ്രീരാമൻ നോക്കിക്കണ്ടു. അശോകവനവും, അവിടെ സീതയുടെ ഇരിപ്പിടമായിരുന്ന ശിംശപാവൃക്ഷവും കണ്ടപ്പോൾ അദ്ദേഹം മോഹാലസ്യപ്പെട്ടുപോയി. അവിടെ വൃക്ഷങ്ങളും പൂക്കളും പൂമൊട്ടുകളും പൂണ്ടുനിന്നിരുന്നു. ഹനുമാനെ പേടിച്ചു ചത്ത രാക്ഷസസ്ത്രീകളും ചിന്നിക്കിടന്നിരുന്നു. ഇതെല്ലാം കണ്ടുംകൊണ്ടു് രാമൻ വേഗേന അയോധ്യയിലേയ്ക്കു തിരിച്ചു. ബ്രഹ്മാദിദേവകളും അവരവരുടെ വാഹനംകേറി ക്രൂടെയുണ്ടായിരുന്നു. ദേവകൾ പെരുമ്പറകൊട്ടുന്ന ശബ്ദം ചെവികളിരെ കേൾക്കുമാറായി. അപ്സരസ്സുകൾ നൃത്തംവെച്ചു. വഴിക്കു, തീർത്ഥങ്ങളേയും ആശ്രമങ്ങളേയും മുനികളേയും മുനിപുത്രരേയും പതിവ്രതമാരായ മുനിപത്നിമാരെയും രാമൻ സീതയ്ക്കു കാട്ടിക്കൊടുത്തുകൊണ്ടിരുന്നു. മുമ്പു് എവിടെയെവിടെ താമസിക്കുകയുണ്ടായൊ, അവിടമെല്ലാം ധീമാനായ രാമനും ലക്ഷ്മണനും സീതയ്ക്കു കാട്ടിക്കൊടുത്തുകൊണ്ടിരിക്കെ, സ്വന്തം രാജധാനി കാണ്മാറായി. അതിനടുക്കലുള്ള നന്ദിഗ്രാമവും കാണപ്പെട്ടു. ഇവിടെയാണു്, രാജാവായ ഭരതൻ ഭ്രാതൃവിരഹത്താൽ അനേകം ദുഃഖചിന്തം വഹിച്ചുംകൊണ്ടു ധർമ്മം രക്ഷിച്ചുവാണിരുന്നതു്: ബ്രഹ്മചാരിയായി ഗൃഹയിൽ ശയിച്ചും, ജടാവൽക്ക

Digitized By Kerala Sahitya Akademi

ലങ്ങളം ധരിച്ചും, ദേഹം തീരെ ചടച്ചും, ദുഃഖത്താൽ തപിച്ചും, വീണ്ടും വീണ്ടും രാമചരിതം ഉച്ചരിച്ചുകൊണ്ടുമായിരുന്ന അദ്ദേഹത്തിന്റെ സ്ഥിതി. യവാന്നംപോലും ഭക്ഷിക്കാറില്ല; ജലപാനംക്രൂടി ചെയ്യാറില്ല. ഉദിച്ചുയരുന്ന സൂര്യനെ നമസ്കരിച്ചു് ഇങ്ങിനെ പ്രാർത്ഥിയ്ക്കും:—

[കിളിപ്പാട്ടു്—ആനന്ദനടം]

'ഉലകിനാകുണ്ണെ, സുരക്കരചനേ,
വലുതാകുമെൻറെ ദുരിതം നീക്കണെ;
ഭരണ്യംപുക്കല്ലൊ വിശ്വരാമചന്ദ്രൻ-
തിരുവടിയുമിയ്യിവൻ നിമിത്തമായ്!
പരിതൃഷകളേറെയായാ സീതയേയാ-
ടൊരുമിച്ചല്ലയൊ വനത്തിലേയ്ക്കുപോയ്
മലർമെത്തപ്പുറത്തൊരുഞ്ഞെട്ട
തടയുകിലശ്രൽപ്പെട്ടന്ന മൈഥിലി—
ഒരിക്കലൊരിക്കിലും വെയിലിന്റെ ചൂടൊ-
ന്നറിഞ്ഞിട്ടില്ലാത്ത ജനകനന്ദിനി—
സതിയവിടുന്നമിവൻമൂലം വന-
ക്ഷിതികളിൽ ചുറ്റി നടക്കയായ് ക്കഷ്ടം!
അരചരും നേരിട്ടൊരിക്കലും കാണാ-
തിരുന്നാവളല്ലൊ ജനകനന്ദിനി;
അവിടുന്ന കാലശരീരരാം വേട-
ക്കൊരുത്താ ദുർവിഷയമായ് ത്തീർന്നു!
മധുരാന്നം ഭുജിച്ചുതിർത്തുടയാടി
മരുവിയോളത്തെ മിഥിലേന്ദ്രപുത്രി;
അവിടുന്ന വനാന്ധകാരത്തിലെക്കായ്ക്ക-
ഉവശമനേഷിക്കുകയെന്നാം വന്നു!'

ഇങ്ങിനെ, നാലംതോറും പ്രഭാതത്തിൽ സൂര്യനെ വന്ദിച്ച പ്രാർത്ഥിക്കുക, ശ്രീരാമഭക്തനായ ഭരതമഹാരാജാവിന്റെ പതിവായിരുന്നു. നീതിശാസ്ത്രനിപുണന്മാരായ പണ്ഡിതന്മാരും സമദുഃഖസുഖന്മാരുമായ മന്ത്രിമാർ വല്ലതും ചോദിച്ചാൽ, അദ്ദേഹം ഇങ്ങിനെ പറയും:—
'അമാത്യന്മാരേ, ഒരു ദുർഗ്ഗന്ധം പുരുഷാധമനായ എന്നോടു നിങ്ങളം സംസ്കരിക്കുന്നതെന്തിന്? ഞാൻ നിമിത്തമല്ലയോ, ശ്ലാഘ്യനായ രാമൻ കാട്ടിൽ നടന്നാലയുന്നതു്! ഭാഗ്യംകെട്ട എനിക്കു പാപം നീങ്ങാൻ ഒരു വഴിയെ ഉള്ളു: ഞാൻ എപ്പോഴും ഭക്തിയോടെ രാമചന്ദ്രന്റെ തൃക്കാൽ

Digitized By Kerala Sahitya Akademi

സ്മരിച്ചുകൊള്ളട്ടെ! ഭർത്താവിനു പ്രിയപ്പെട്ട വീരമാതാവായ സുമിത്ര മഹാഭാഗ്യവതി തന്നെ: അവിടുത്തെ മകൻ രാമചരണങ്ങളെ പ്രതിദിനം സേവിക്കുന്നുണ്ടല്ലൊ.' ഭ്രാതൃവത്സലനായ ഭരതൻ ഏതു ഗ്രാമത്തിൽ വസിച്ച് ഈവിധമെല്ലാം ഉച്ചത്തിൽ വിലപിച്ചുപോന്നുവോ, ആ ഗ്രാമം ശ്രീരാമചന്ദ്രൻ ദർശിച്ചു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്മ്മീയനസംവാദം, ഗ്രാമാശ്രമമധ്യകഥാരംഭം, രാമനന്ദിഗ്രാമദർശനം എന്നാമദ്ധ്യായം.

(1)

രണ്ടാം അദ്ധ്യായം

ശേഷൻ:—അതു കണ്ടപ്പോൾ ഉൽകണ്ഠ മൂത്ത ശ്രീരാമൻ ധാർമ്മികോത്തമനും ഭ്രാതാവുമായ ഭരതനെ വീണ്ടും വീണ്ടും സ്മരിച്ചു. അദ്ദേഹം ചന്ദ്രികയാൽ അന്ധകാരം നീങ്ങുമാറു, കരുത്തുള്ള കാറിന്മകനായ ഹനുമാനോടരുളിച്ചെയ്തു:— 'വീരനായ ഹനുമാനേ, ഞാൻ ഭ്രാതാവിനെ സംബന്ധിച്ചു പറയുന്നതു കേട്ടാലും: അയാളോട് എറെക്കാലമായിട്ടുള്ള വേർപാടു മൂലം എനിക്കു തൊണ്ടയിടറുന്നു! ഭവാൻ ആ വീരഭ്രാതാവിന്റെ അടുക്കൽ ചെല്ലുക. എന്നോടു പിരിഞ്ഞതിനാൽ അയാളുടെ പ്രശസ്തശരീരം വല്ലാതെ മെലിഞ്ഞുവശായിരിക്കുന്നു. അയാൾ മരവുരിയാണുടുക്കുന്നതു; തലമുടി ജടയായിരിക്കുന്നു; കായ്കനി പോലും അയാൾ ഭക്ഷിക്കാറില്ല. അയാൾക്കു പരസ്ത്രീ അമ്മയെപ്പോലെയാണ്; സ്വർണ്ണം മൺകട്ടയ്ക്കു ശരി; പ്രജകളെ എന്റെ ആ ധർമ്മജ്ഞനായ സോദരൻ മകളെ എന്നപോലെ സംരക്ഷിച്ചു പോരുന്നു. എന്റെ വിരഹത്താലുള്ള ദുഃഖമാകുന്ന ചെന്തീയ്യിന്റെ ജ്വാലയാൽ ശരീരം പൊള്ളിയുന്ന അയാളിൽ ഭവാൻ വേഗത്തിൽ എന്റെ വരവറിയിക്കുന്നതു തന്നീർ ചൊരിഞ്ഞാലും—രാമൻ സീതാലക്ഷ്മണരോടും സുഗ്രീവാദി വാനരേന്ദ്രന്മാരോടും വിഭീഷണാദി രാക്ഷസന്മാരോടുംകൂടി പുഷ്പകവിമാനത്തിൽ കേറി സുഖേന വന്നൊത്തിയിരിക്കുന്നു എന്നു് അറിയിച്ചാലും. എന്നാൽ, എന്റെ ആ അനുജൻ വേഗത്തിൽ സുഖിതനായിത്തീരും.'

ഈവിധം ബുദ്ധിമാനായ രഘുവീരൻ ആജ്ഞാപിച്ചതുകേട്ടിട്ടു ഹനുമാൻ അതു ചെയ്വാനായി ഭരതന്റെ പാർപ്പിടമായ നന്ദിഗ്രാമത്തി

Digitized By Kerala Sahitya Akademi

ലേയ്ക്ക നടകൊണ്ടു. മാരുതി നന്ദിഗ്രാമത്തിൽ ചെന്നാപ്പോഠം, ഭ്രാതൃവിരഹദുഃഖിനനായ ഭരതൻ മന്ത്രിവൃദ്ധന്മാരൊന്നിച്ചു രാമചന്ദ്രന്റെ കഥ പറഞ്ഞുംകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം മൂർത്തിമത്തായ ധർമ്മമൊ ന്നെന്ന തോന്നുംവണ്ണവും, ബ്രഹ്മാവിനാൽ സതപ്രയത്നം മുഴുവനുമെടുത്തു സൃഷ്ടിക്കപ്പെട്ടവനൊ ന്നെന്ന തോന്നുംവണ്ണവും കാണപ്പെട്ടു. രഘുനാഥനാരാധിച്ചമകരന്ദത്തിൽ അത്യാസക്തനായ ആ ഭരതനെ കണ്ടമാൻ നമസ്കരിച്ചു. ഭരതൻ ക്ഷണനേരത്തിൽ എഴുന്നേറ്റു തൊഴുകൈപൂണ്ടു സാഷ്ടാംഗം പറഞ്ഞിട്ടു, 'ശ്രീരാമനു കുശലമല്ലെ' ന്നെന്നു ചോദിച്ചു. അപ്പോഠം അദ്ദേഹത്തിനു വലംകൈ വിറച്ചു; മനസ്സിൽ നിന്നു ദുഃഖം നീങ്ങി; കഷ്ടൌഷ്ഠപം മുഖത്തൊഴുകുകയും ചെയ്തു. അതു നിലകണ്ടിട്ടു വാനരശ്രേഷ്ഠൻ പറഞ്ഞു:—'രാമലക്ഷ്മണന്മാർ ഇതാ, സമീപത്തെത്തിക്കഴിഞ്ഞു. രാമാഗമനസന്ദേശമാകുന്ന അമൃതിൽ അതാടിയപ്പോഠം ഭരതനുണ്ടായ ആഹ്ലാദം രണ്ടായിരം കണ്ണുള്ള വനിയ്ക്കും അറിഞ്ഞുകൂടാ! അദ്ദേഹം കരുതി:—'ശ്രീരാമന്റെ സന്ദേശം കൊണ്ടുവന്നവനെ, അങ്ങയ്ക്കു നൽകുന്നതായി യാതൊന്നും വനിന്റെ കയ്യിലില്ല; ജന്മം മുഴുവൻ അങ്ങയ്ക്കു ദാസനാണ് ഞാൻ!'

വസിഷ്ഠനും മനംകുളിർത്ത മന്ത്രിവൃദ്ധന്മാരും അഘ്ര്യമെടുത്തു്, ഹനുമാൻ കാണിച്ച വഴിയിലൂടെ രാമൻ വരുന്നോടത്തേയ്ക്കു ഗമിച്ചു. ഉടനെ, അഭിരാമനായ രാമചന്ദ്രൻ സീതാലക്ഷ്മണരോടുകൂടി പുഷ്പക വിമാനത്തിലൂടേ വരുന്നതു ദൂരത്തുനിന്നു കാണ്മാറായി. ജടയും വല്ക്കലകൌപീനവും ധരിച്ചു കാൽനടയായി വന്നാശ്രമം ഭരതനെ ശ്രീരാമനും ദർശിച്ചു; അനുജന്റെ വേഷത്തിൽതന്നെ ജടധരിച്ചവരും നിരന്തരമായ താപസ്സുകൊണ്ടു മെലിഞ്ഞു ക്ഷീണിച്ചവരുമായ മന്ത്രിമാരെയും ശ്രീരാമൻ ദർശിച്ചു. ഇങ്ങിനെയുള്ള രാജാവിനെ കണ്ടിട്ടു രാമൻ വിചാരിച്ചു:—'അഹൊ, ധീമാനായ ദശരഥമഹാരാജാവിന്റെ പുത്രൻ ഇതാ, ജടാവല്കലങ്ങളും ധരിച്ചു കാൽനടയായി വന്നെത്തുന്നു! അയ്യോ, ഇയ്യാൾക്കു് എന്റെ വേർപാടാലുള്ളുടത്തോളം ദുഃഖം എനിക്കു വനവാസത്താലും സംഭവിച്ചിട്ടില്ല! കഠാ, നോക്കുവിൻ, എന്റെ അനുജനായ ഭരതൻ—എനിക്കു പ്രാണനെക്കാൾ പ്രിയപ്പെട്ട സ്നേഹിതൻ—എന്റെ ആഗമനം കേട്ടിട്ടു മനംകുളിർത്ത മന്ത്രിവൃദ്ധന്മാരോടും വസിഷ്ഠനോടും ക്രൂടി, എന്നെ കാണ്മാൻ വരുന്നു!'

ഈ വിധം പറഞ്ഞുംകൊണ്ടു, വിരഹത്താൽ മനമലിഞ്ഞ മനുജേന്ദ്രൻ ലക്ഷ്മണഹനുമദ്വിഭീഷണന്മാരാൽ ആദ്ധതനായിട്ടു് ആകാശസ്ഥമായ പുഷ്പക വിമാനത്തിൽ നിന്നിറങ്ങി. ഭ്രാതാവെ, ഭ്രാതാവെ! ഭ്രാതാവെ, ഭ്രാതാവെ! എന്നിങ്ങനെ വീണ്ടും വീണ്ടും വിളിച്ചും

Digitized By Kerala Sahitya Akademi

കൊണ്ട്, അവരോടൊപ്പം വാഹനത്തിൽ നിന്നാരങ്ങിയ രാമചന്ദ്രനെ കണ്ടിട്ട ഭരതൻ സന്തോഷാശ്രുപ്രവാഹത്തിൽ മുങ്ങി ദണ്ഡനമസ്കാരംചെയ്തു. വടിപോലെ നിലത്തുവീണ ഭരതനെ സന്തോഷവും സന്താപവും കലർന്ന രഘുനാഥൻ രണ്ടു തൃക്കൈകൊണ്ടും പിടിച്ചെഴുന്നേല്പിപ്പാൻ തുടങ്ങി. പക്ഷേ, ഭരതൻ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു കൈകളാൽ രാമചന്ദ്രന്റെ ചരണാരവിന്ദങ്ങളും പിടിച്ചുകൊണ്ടതേ ഇരുന്നു.

[കിളിപ്പാട്ട്—തന്നത:

'ഭരതാചാരൻ ധന്യൻ ധർമ്മവാനിവൻ;
ഉരുകൃപാപയോനിധേ, രാമചന്ദ്ര,
പെരിയതൃക്കൈകളിടയോനേ, എങ്കൽ
ത്തിരുമനം കനിഞ്ഞരുളിടേണമെ!
കരതാരാൽസീത തലോടിടുമൊഴും
പരുപരുപ്പുതോന്നിയ പടത്താൽത്താൻ
പെരുംകാട്ടിൽച്ചുറ്റിനടന്നവല്ലോ നിൻ
ന്തിരുവടി കഷ്ടമിവൻനിമിത്തമായ്!'

എന്നിങ്ങിനെ വിവശനായപേക്ഷിച്ചു, കണ്ണുനീർ തുകി, തൊഴുകയ്യും പൂണ്ടു വൈഷ്ണകുലിതമുഖനായി മുമ്പിൽനിന്ന സഹോദരനെ ദയാനിധിയായ രഘുനാഥൻ വീണ്ടും വീണ്ടും കെട്ടിപ്പുണർന്നു; അതിനുശേഷം അവിടുന്ന പ്രധാനമന്ത്രിപ്രഭൃതികളെ വന്ദിച്ച കുശലം ചോദിച്ചു, ഭരതനോടുക്രൂടി പുഷ്പകത്തിൽ കേറി. അപ്പോൾ ഭരതൻ ജ്യേഷ്ഠപത്നിയായ ജാനകിയെ, അത്രിപത്നിയായ അനസൂയയെ വന്ദിച്ചതുപോലെയും അഗസ്ത്യപത്നിയായ ലോപാമുദ്രയെ വന്ദിച്ചതുപോലെയും സ്പർശിച്ചു, ആ സുചരിതയായ പതിവ്രതയെ അഭിവാദ്യംചെയ്തു:—'അമ്മേ, ഞാൻ അറിയാതെ ചെയ്തിട്ടുള്ള അപരാധം ക്ഷമിക്കണെ! ഇവിടത്തെപ്പോലെയുള്ള പതിവ്രതമാർ അങ്ങനെയെ ചെയ്യുകയുള്ളു. സൌഭാഗ്യവതിയായ സീതയും ഭർത്തൃസഹോദരന്റെ ആദരവോടെ ആശിസ്സുകളും നൽകി കുശലം ചോദിച്ചു.

അവരെല്ലാം മഹാവിമാനമേറി അന്തരീക്ഷത്തിലൂടെ നടകൊണ്ടു; ക്ഷണനേരത്താൽ അയോധ്യാരാജധാനി സമീപത്തു കാണ്മാറായി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മ്യായന സംവാദം, രാമാശ്വമേധപ്രകരണം, രാമരാജധാനിദർശനം രണ്ടുമേദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

മൂന്നാമദ്ധ്യായം.

ശേഷൻ:---മറ്റൊരുകാലമായി കാണ്മാൻ കൊതിച്ച രാജധാനി തന്നെ ആളുകളാൽ ഭൂഷിതപ്പെട്ടതായി കണ്ടപ്പോൾ ധീമാനായ രാമ വീരനു വളരെ സന്തോഷം തോന്നി. ഭരതനാകട്ടെ, സുമുഖൻ എന്നു നിജസുഹൃത്തായ സചിവനെ നഗരത്തിൽ ഉത്സവം കൊണ്ടാടിക്കാനായി നിയോഗിച്ചു:—

[വൃത്തിപ്പാട്ട്]

രാമാഗമോത്സവം ഒപ്പരം താമസിയാതൊരുക്കട്ടെ;
ധാമംതോറുമലംകാരധാടിക്കുട്ടട്ടെ;
പാതതോറും തുഞ്ചവാർപ്പാടീരപ്പാവുതിക്കട്ടെ;
പൂത്തുകട്ടെ; നാട്ടാർതിങ്ങി പ്രീതികൊള്ളട്ടെ;
മുറ്റത്തെങ്ങും നാനാവണ്ണമുറ്റകൊടിക്കൂറകളും
കുറുക്കാർവില്പുകൾക്കൊപ്പംകാണട്ടേകീശർ;
അകിൽപുകയ്ക്കട്ടെ ലോകരഗാരങ്ങൾതോറും, മാനൽ--
പ്പുകകണ്ടുമയിലുകൾ പുളപ്പാടട്ടെ;
കുന്നിനൊരുമെൻ കുഞ്ഞരിവൃന്ദത്തെപ്പറ്റപ്പാന്മാർകൊണ്ടു--
വന്നനിത്തിച്ചുത്തിക്കട്ടെ സിന്ദൂരാദ്രികൾ;
മണ്ഡിക്കട്ടേവരയങ്ങളെ മണ്ഡനംചെയ്തുപ്പാവിൽകു--
ണ്ടലങ്കാർപുരകീർത്തിരകളുണരട്ടെ;
ആഭരണമണിഞ്ഞു നൂറായിരം നൽപ്പെൺകിടാങ്ങ--
ളാനപ്പുറമേറിവരുമെതിരേൽക്കട്ടെ;
സുമംഗലബ്രാഹ്മണിമാർ ശുഭ്രാക്ഷതംതാലമേന്തി--
സ്സുമമുഴിയട്ടെ രാമരാജരാജനെ;
പുത്രാഗമം കേട്ടംബാംബ മെത്തീടട്ടെ,മെയ് മെലിഞ്ഞ
തദ്ദർശനാലാനന്ദാശ്രുധാരാം കൌസല്യയ്ക്കുറവ!
ഇനി മടിച്ചീടാം പട്ടണത്തിനോമനേമോടിവരുത്തട്ടെ
രാമാഗമം പ്രമാണിച്ച സാമോദം നാട്ടാൻ!'

ഇതുപ്രകാരം സുമുഖനെന്ന മന്ത്രീന്ദ്രൻ നഗരം അലംകരിപ്പി ക്കാനായി നടകൊണ്ടു, രാമാഗമനമഹോത്സവാ പരസ്യപ്പെടുത്തി. രഘുനാഥൻ തിരിച്ചെഴുന്നള്ളിയവിവരം കേട്ടപ്പോൾ, അവിടത്തെ വി രഹംമൂലം സർവ്വസുഖങ്ങളും ത്യജിച്ചിരുന്നവരായ ജനങ്ങൾക്കുണ്ടായ

Digitized By Kerala Sahitya Akademi

സന്തോഷം കുറച്ചല്ല. പരിശ്രുതരായ വേളഞ്ഞ ബ്രാഹ്മണർ അലങ്കരിച്ച ഉത്തരീയം ധരിച്ചു മദ്ദളം മുട്ടിക്കൊണ്ടു ശ്രീരാമന്റെ അരികിൽ വന്നെത്തി; വീരരെ യുദ്ധത്തിൽ പലരും ജയിച്ചിട്ടുള്ള മഹാശൂരരായ ക്ഷത്രിയന്മാർ ചാപബാണങ്ങളെ കൈക്കൊണ്ടു വന്നെത്തി; വൈശ്യർ അലങ്കരിച്ച വസ്തുക്കളെ പൊന്മോതിരമിട്ട വളരെ ദ്രവ്യവുമായി നരേന്ദ്രനെ കാണ്മാൻ വന്നെത്തി; സന്തതം ആചാരങ്ങളിലും വേദാചാരങ്ങളിലും നിഷ്ഠയുള്ള ബ്രാഹ്മണപ്രധാനരായ ശൂദ്രരും രാജസന്നിധിയിൽ വന്നെത്തി. ഒരുരാ ശരാഴിനാട്ടിലുള്ള ജനങ്ങളെ പലരും കൂടെക്കൂടെ ശ്രീരാമരാജാവിന്റെ സന്നിധിയിൽ വന്നു വണങ്ങി—ഇങ്ങിനെ, ഓരോ തസന്ദേശത്താൽ സന്തോഷത്തിൽ മുങ്കിയ സകലരും നാനാതരം പദാർത്ഥങ്ങളുമായി രാജാവിനെ പ്രാപിച്ചു.

പിന്നെ രഘുനാഥൻ സചിവപ്രധാനന്മാരായ എല്ലാദേവകളോടുംകൂടി, അത്യന്തം മോടിപിടിപ്പിക്കപ്പെട്ട രാജധാനിയിലേയ്ക്കെഴുന്നള്ളി. വാനരന്മാരും അവരവർക്കൊത്ത മോടിപൂണ്ടു, ആകാശത്തിലൂടേ ചാടിയോടി, രാജധാനിയിലേയ്ക്കുനഗമിച്ചു. പരിജനങ്ങളാൽ പരിവൃതനായ ശ്രീരാമൻ സീതയോടുകൂടി പുഷ്പകത്തിൽ നിന്നിറങ്ങി, ഒരു പല്ലക്കിൽ കയറി അയോധ്യയിൽ പ്രവേശിച്ചു. അവിടം തിങ്ങിയേറിയ തോരണങ്ങൾകൊണ്ടും മറ്റും അലങ്കരിക്കപ്പെട്ടിട്ടും; സന്തോഷത്താൽ പുളയ്ക്കുന്ന ജനങ്ങൾ ഇടതിങ്ങിയും, വീണാവേണുവടമാദി വാദ്യഘോഷങ്ങൾകൊണ്ടു മുഴങ്ങിയും പരിശോഭിച്ചു. സൂതമാഗധവന്ദികൾ സ്തുതിച്ചുകൊണ്ടിരുന്നു. 'രാഘവ, ജയിച്ചാലും! രാമ, ജയിച്ചാലും! സൂര്യകുലാഭരണമേ, ജയിച്ചാലും! ദാശരഥേ, ജയിച്ചാലും! ദേവ, ലോകനാഥ, ജയിച്ചാലും!' എന്നിങ്ങനെ, രാമദർശനസന്തോഷത്താൽ കോരിമതിർക്കൊണ്ട പൌരന്മാരുടെ സുഭാഷിതങ്ങൾ കേട്ടുംകൊണ്ടു രാമൻ, ചന്ദനച്ചാറു പരിമളിച്ചു പൂശിയും തളിരും വിരിച്ചലങ്കരിച്ചിരുന്ന തേർവീഥിയിൽ കൂടെനടന്നു. അപ്പോൾ ചില പൌരസ്ത്രീകൾ ജനാലയ്ക്കൽ നിന്നു രാഘവന്റെ തിരുമേനി നോക്കിക്കണ്ടു കാമാവേശത്തോടേ കഥിച്ചു:—

(മച്ചകുരുശ്ശിരീതി)

'ഹാ,മറാ ധന്യമായതേ പുലിന്തിമാർ;
കോമളം രാമന്റെ വക്ത്രപദ്മം
തന്മിഴിക്കുന്നാൽനുകർന്നീടുവാ കാട്ടിൽവെ-
പ്പുമ്മട്ടാം ഭാഗ്യോദയത്താലവർ!

Digitized By Kerala Sahitya Akademi

രാമനാം വീരന്റെ താമരക്കണ്ണണി-
ത്തുമുഖംനോക്കുവിൻധന്യമാരേ;
ബ്രഹ്മാദിവാനോക്കും കണ്ടുകിട്ടീലിതീ,
നമ്മളാറന്ത, നൽഭാഗ്യമുള്ളോർ!
നോക്കുവിൻ, പുഞ്ചിരിച്ചന്തവും, പൊങ്ങിയ
മൂക്കും, ചെന്തൊണ്ടിനോർവായ്മലരും,
ഉത്തമാംഗത്തിലുദാരകിരീടവു-
മൊത്തുവിളങ്ങുമീയോമനമുഖം!'

ഇപ്രകാരം സപ്രണയമായി സംസാരിക്കുന്ന ആ സുന്ദരിമാരെ താമരത്താരിതളിന്നൊത്ത കടാക്ഷങ്ങളാൽ സന്തോഷിപ്പിച്ചുംകൊണ്ട്, സകലഗുരുവായ രഘുനാഥൻ അമ്മയുടെ ഗൃഹത്തിലേയ്ക്ക് രണ്ടു നാളുകി.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രഘുനാഥപുരപ്രവേശനം മൂന്നാമദ്ധ്യായം.

(൦)

നാലാമദ്ധ്യായം.

വാത്സ്യായനൻ:—'ഭുജഗേശ്വര, ഗുരോ, ഭൂമിഭാരം താങ്ങുന്നവനേ, ഇവിടെ ഒന്നുകൂടി രണ്ടുനിക്കറിയേണമെന്നുണ്ട്: ശ്രീരാമൻ കാട്ടിലേയ്ക്കു പോയനാൾമുതൽക്കു, അവിടുത്തെ വേർപാടാലുള്ള തീവ്രദുഃഖത്താൽ വല്ലാതെ വലച്ച ശൂന്യഹൃദയയായി ദേഹംമാത്രം ശേഷിച്ച സ്ഥിതി ചെയ്തിരുന്ന കൌസല്യാദേവി രഘുനാഥന്റെ ആഗമനം സുമുഖനെന്ന മന്ത്രി പറഞ്ഞറിഞ്ഞപ്പോൾ എത്രയെത്ര സന്തോഷിച്ചു? അപ്പോഴത്തെ അവസ്ഥ എങ്ങിനെയായിരുന്നു? രാമചന്ദ്രന്റെ വർത്തമാനം അറിയിച്ചവനോട് എന്താണ് പറഞ്ഞത്"? ഇതെല്ലാം ശ്രദ്ധാലുവായ എനിക്കു സദയം പറഞ്ഞുതന്നാലും.'

ശേഷൻ:—'മഹാഭാഗനായ ബ്രാഹ്മണശ്രേഷ്ഠ, ചോദ്യം കൊള്ളാം. ഇതെല്ലാം ഞാൻ ശരിയ്ക്കു പറയുന്നതു് ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക:

ആ ദേവി സുമുഖന്റെ മുഖാരവിന്ദത്തിൽനിന്നു പൊഴിഞ്ഞ രാമനാമകുരന്തം നാകൻ നാകൻ മയങ്ങി, കുവലം സ്തംഭിച്ചുപോയി,

Digitized By Kerala Sahitya Akademi

ന്താൻ സപ്നം കാണുകയാണോ! അതോ, മാറിദ്ധരിക്കയോ! ഭാഗ്യം കെട്ട ഞാനുണ്ടോ വീണ്ടും രാമനെ കാണുന്നു? വളരെ തപസ്സുചെയ്തിട്ട കിട്ടിയ ഒരു പിഞ്ചുകിടാവാണിതു്; അവൻ എന്റെ എന്തോ ഒരു പാപത്താൽ വേർപിരിഞ്ഞുപോയി! മന്ത്രിശ്രേഷ്ഠ, രാമനും സീതാലക്ഷ്മണന്മാർക്കും കുശലം തന്നെയോ? കാട്ടിൽ ചുറ്റിനടക്കുന്ന ആ വീരൻ അതിദുഃഖിതയായ എന്നെ സ്മരിക്കുന്നുണ്ടോ?' എന്നിങ്ങിനെ, ദേവി രഘുനാഥനെ സ്മരിച്ചു് ഉച്ചത്തിൽ വിലപിച്ചു. മോഹാലസ്യം മൂലം തന്റേതോ അന്യന്റേതോ ദേവിക്കറിഞ്ഞുകൂടാതായി. ആ മാതാവിന്റെ വൈവശ്യം കണ്ടിട്ട സുമുഖൻ വസ്ത്രാഗ്രംകൊണ്ടു വീശിത്തുടങ്ങി; ദേവിക്കു ബോധംവീണപ്പോൾ അയാൾ വീണ്ടും ശ്രീരാമന്റെ ആഗമനം അറിയിച്ചു സന്തോഷിപ്പിച്ചു:—'അമ്മേ, രഘുനാഥൻ സീതാലക്ഷ്മണന്മാരോടുകൂടി, അരമനയിൽ എഴുന്നള്ളിയിരിക്കുന്നു; കണ്ടു് അനുഗ്രഹങ്ങൾ നൽകിക്കൊൾകെ.' സുമുഖന്റെ ഈ സത്യഭാഷിതം കേട്ടപ്പോൾ കൌസല്യയ്ക്കുണ്ടായ ആഹ്ലാദം എത്രയാണെന്നു പറവാൻ ഞാനാളല്ലാ! ആ സൌഭാഗ്യവതി കോരിമയിർക്കൊണ്ട കളേബരത്തോടും ആനന്ദാശ്രുക്കളോടുംകൂടി എഴുന്നേറു് മുറത്തേയ്ക്കിറങ്ങി, കണ്ണുനീർ വാർത്തുംകൊണ്ടു രാമനെനോക്കി നിൽക്കുകയായി.

പല്ലക്കേറിയ രാമമഹാരാജാവു് ആദ്യം കൈകേയീമാതാവിന്റെ ഗൃഹത്തിലേയ്ക്കാണു് എഴുന്നള്ളിയതു്. കൈകേയിയാകട്ടേ, കനത്ത ലജ്ജയാൽ തലതാഴ്ത്തി, മുമ്പിൽച്ചെന്നുനിന്ന രാമനോടു യാതൊന്നും സംസാരിക്കാതെ, വീണ്ടും വീണ്ടും വലിയ ചിന്തയിൽ അകപ്പെട്ടു. അമ്മയുടെ ലജ്ജകണ്ടിട്ട, രവിവംശധ്വജമായ രാമൻ ദേവിയെ വണങ്ങത്തിൽ ആശ്വസിപ്പിച്ചു:—'അമ്മേ, ഞാൻ കാട്ടിൽപോയി, എല്ലാം ശരിയ്ക്കനുഷ്ഠിച്ചുകഴിഞ്ഞു; ഇനി, അമ്മയുടെ എന്തൊരാജ്ഞയാണു് ഞാൻ നടത്തേണ്ടതു്? ഞാൻ ഒന്നിനും ഹാനി വരുത്തിയിട്ടില്ല; എന്നിട്ടും എന്നെ നോക്കാത്തതെന്താണു്? ഈ ഭരതനേയും എന്നേയും അനുഗ്രഹിച്ച തൃക്കൺപാക്കണേ! ഇതു കേട്ടിട്ടും കൈകേയി തലപൊന്തിച്ചില്ല; 'രാമ, സഭാഗൃഹത്തിലേയ്ക്കു പോയ്ക്കൊള്ളു' എന്നിങ്ങനെ പതുക്കെപ്പതുക്കെ പറഞ്ഞതേ ഉള്ളു.

പുരുഷോത്തമനും കരുണാനിധിയുമായ രാമൻ കൈകേയിയെ നമസ്കരിച്ചു് സുമിത്രയുടെ ഗൃഹത്തിലേയ്ക്കു ഗമിച്ചു. മനസ്വിനിയായ സുമിത്ര സപുത്രനോടുകൂടിയ രാമനെ കണ്ടിട്ടു്, 'ചിരംജീവ! ചിരംജീവ!' എന്നിങ്ങിനെ ആശീർവ്വാദങ്ങൾ ഉച്ചരിച്ചു. രാമഭദ്രനും നമസ്കരിച്ചു് അമ്മയുടെ കാല്പരണ്ടും പിടിച്ചു് സന്തോഷത്തോടെ പറഞ്ഞു:—

Digitized By Kerala Sahitya Akademi

രനെത്തന്ന പ്രസവിച്ച മാതാവേ, എന്റെ ദുഃഖം തീർത്ത ഈ ശ്രീമാനെപ്പോലെ, അനുജന്മാരിലാരും എനിക്കുപകരിച്ചിട്ടില്ല: രാവണൻ അപഹരിച്ച സീതയെ എനിക്കു വീണ്ടുകിട്ടിയതും മറും ലക്ഷ്മണന്റെ പ്രയത്നമാലത്രേ!' സുമിത്ര നൽകിയ ആശ്ലേഷത്തിനെ തലതാഴ്ത്തി വാങ്ങിയിട്ട്, വിഭുധശത്രുവിനനായ രാമൻ സഹധർമ്മിണിയുടെ ശ്രീമുഖത്തു നോക്കുന്നതുകണ്ടു.

തന്നെക്കാണുമ്പോൾ കൊതിച്ചു് സാകൂതയായി നില്ക്കുന്ന മാതാവിനെ കണ്ടിട്ട്, രഘുനാഥൻ ബദ്ധപ്പെട്ട് വാഹനത്തിൽ നിന്നിറങ്ങി, നമസ്കരിച്ചു കാൽപിടിച്ചു. മകനെ കണ്ടിട്ട് ഉൽക്കണ്ഠയാൽ മതിമറന്നുപോയ മാതാവു് രാമനെ പുണർന്നു പുണർന്നു സന്തോഷത്തിൽ മുഴുകി. ദേവിക്കു് ശരീരം രോമാഞ്ചമണിഞ്ഞു; തൊണ്ടയിടറി; സപ്തം പൂട്ടോടുക്കുടിയ വാഗ്വിഭവം ഇ അടിവരെ പ്രവഹിച്ചു. തോടയോ വളയോ തള്ളയോ ധരിക്കാതെയും ശരീരം നന്നായി മെലിഞ്ഞും തന്നെക്കണ്ടതിനാൽ മനോകുണ്ഠിതം സഹിതിചെയ്യുന്ന മാതാവിനെ കണ്ടപ്പോൾ തെപ്പോരു വിഷാദം രാമനെ ബാധിച്ചു. എന്നാലും, 'ഇതു ദുഃഖത്തിനുള്ള സമയമല്ലെ'ന്നറിഞ്ഞു്, അദ്ദേഹം സംസാരിപ്പാൻതുടങ്ങി:—'അമ്മേ, ഈ വിടുത്തെ തിരുപ്പാദങ്ങൾ ഞാൻ വളരെക്കാലം സേവിക്കാതിരുന്നുവല്ലൊ; ഭാഗ്യംകെട്ട എന്റെ ഈ അപരാധത്തിനു മാപ്പുതരണം! അമ്മയേയും അച്ഛനേയും ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധയില്ലാത്ത മകളെ ശുക്ലത്തിൽനിന്നുണ്ടായ പുഴുക്കളെന്നേ കരുതിക്കൂടൂ. ഞാൻ എന്തുചെയ്യും! അച്ഛന്റെ ആജ്ഞാമൂലം എനിക്കു ദണ്ഡകാവനം പൂകേണ്ടിവന്നു. എന്നാൽ അവിടെയും, ഇവിടത്തെ കരുണാകടാക്ഷത്താൽ, ദുസ്തരമായ ദുഃഖത്തെ ഞാൻ കോരിക്കളഞ്ഞു: സീതയെ രാവണൻ ലങ്കയിലേയ്ക്കു് കട്ടുകൊണ്ടുപോയ്ക്കളഞ്ഞു; പക്ഷെ, അവളുടെ കരുണയാൽ ഞാൻ ആ രാക്ഷസരാജാവിനെ വധിച്ചു് അവളെ വീണ്ടെടുത്തു. ഇതാ, പതിവ്രതയായ സീത ഇവിടത്തെ കാൽക്കൽ വീഴുന്നു; ഭീരുയും തപ്പിപ്പിടിച്ചു നടിത്തുയുമായ ഇവളെ ദേഹത്തിൽ അനുഗ്രഹിച്ചാലും!'

ഉടനെ കൌസല്യ, കാൽക്കൽവീണ പതിവ്രതയായ സീതയെ ആശ്ലേഷകരംകൊണ്ടഭിനന്ദിച്ചു് ഇപ്രകാരം പറഞ്ഞു:—'സീതേ, നീ സപത്നീമാതാവിനോടൊരുമിച്ചു് വളരെക്കാലം വിളയാടിയാലും! പതിവ്രതയായ ഭാമിനി, പുത്രപ്രസവത്താൽ സഫലതയെ വിശ്വസിക്കരിച്ചാലും! ഭർത്താവിന്റെ സുഖത്തിലും ദുഃഖത്തിലും പങ്കുകൊള്ളുന്ന നിന്നെപ്പോലെയുള്ള പതിവ്രതന്മാർക്കു് ദുഃഖം വന്നുകൂടുന്നവല്ലൊ; സത്യം എന്നൊന്നു ലോകത്തിലില്ലെന്നോ! ഭർത്താവിനു പ്രിയം കാംക്ഷിക്കുന്ന പ

Digitized By Kerala Sahitya Akademi

തിരുമുഖത്തായ ഭാഗ്യം യാവച്ചിലരുടെ ഗൃഹത്തിലുണ്ടോ, അ പുരുഷന്മാർ നൂറുനൂറായിരം വൈരികളെ കൊന്നൊടുക്കുന്നതിൽ എന്താണത്ഭുതം? വൈദേഹി, വൻകാട്ടിലേയ്ക്കും രാമന്റെ ചരണാരവിന്ദത്തെ അനുഗമിച്ച നീ സ്വകുലത്തെ പവിത്രമാക്കിയിരിക്കുന്നു.' എന്നിങ്ങനെ മാഞ്ചുംവണ്ണം കൌസല്യ വാമലോചനയായ രാമഭാര്യയോട് സന്തുഷ്ടം പറഞ്ഞു വിരമിച്ചു.

പിന്നീട് ഭരതൻ പിതൃതുല്യമായ മഹാരാജ്യത്തെ ധീരമായ രാമചന്ദ്രങ്കൽ സമർപ്പിച്ചു. മനംകുളിർത്ത മന്ത്രിമാർ മികച്ച ജ്യോതിഷ്യന്മാരെ വരുത്തി അഭിഷേകത്തിനു മുഹൂർത്തം നോക്കിച്ചു, ഗുരുനക്ഷത്രത്തോടുകൂടിയ സുദിനത്തിൽ ഒരു ശുഭമുഹൂർത്തത്തിൽ, രോഹിണനക്ഷത്രത്തോടുകൂടി, പട്ടാഭിഷേകവും നടത്തി. ഏഴു പടിപോടുകൂടിയ ഭൂമിയെ വരുതിയിലുള്ള ഒരു നല്ല പുലിത്തോലിൽ മഹാരാജാവായ രാമഭദ്രൻ ഇരുന്നരുളി. അനേകമുനികൾക്കു സഞ്ജനങ്ങൾക്കും സന്തോഷവും, ദുർജ്ജനങ്ങൾക്കു സന്താപവും വർദ്ധിച്ചു; മഹാത്മാ, സ്വീകരം ഇങ്ങനെ ഭക്തിപൂർവ്വം പരിചരിച്ചതെന്തു; ജനങ്ങൾ മനസ്സുകൊണ്ടും പാപം ചെയ്യാതായി. ദേവാസുരന്മാരും നാനാരാഗ്രഹകരുമൊക്കെ ന്യായമാർഗ്ഗത്തിൽ വന്നിച്ചു, രാമന്റെ ശാസനം ശിരസാ വഹിച്ചുപോന്നു. എല്ലാവരും പരോപകാരത്തിലും സദ്ധർമ്മത്തിലും ശ്രദ്ധാലുക്കളായി രാവും പകലും ശ്രുതിശ്രവണരായി വിദ്യാവിനോദങ്ങൾ കൊണ്ടു സുഖിച്ചു. വീണ്ടുന്ന കാറുപോലും, വഴിയിൽ കിടക്കുന്ന വസ്തുക്കളെടുക്കുടി കൊണ്ടുപോകാറില്ലായിരുന്നു; പിന്നെയാണൊ ചോരന്മാരുടെ കഥ? കരുണാനിധിയായ രാമൻ പ്രതാകനൊരോടുക്കുടി, പ്രതിദിനം യാചകന്മാർക്കു ധനം നൽകിയും ഗുരുനൊരേയും ദേവകളേയും പൂജിച്ചും വാണരുളി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്മീകിസംവാദം,
രാമാശ്വമേധപ്രകരണം, ശ്രീരാമപട്ടാഭിഷേകം നാലാമദ്ധ്യായം.

——(൦)——

അനുബന്ധം

ശ്രോഷ്ടൻ:—ആർദ്രേയികം കുറിച്ചതാരാ രാമനെ, രാവണവധത്തിനുശേഷം സപത്നീഭൂതയായ ദേവകൾ രണാങ്കത്തിൽ സ്തുതിച്ചു:—

[കിളിപ്പാട്ട്—കേക.]

വെൽക, ഐ ദാശരഥെ, വാനോർക്കു മാർത്തീർപ്പാനെ!
വെൽക, ദാനവന്മാർതൻ വംശത്തെയെരിപ്പാനെ!

Digitized By Kerala Sahitya Akademi

വെൽക, വിൺനല്ലാർകളെപ്പിടിച്ചുവലിച്ചിഴ-
ച്ചാകുലപ്പെടുത്തിയ മാറാരെ മർദ്ദിച്ചോനെ!
നിന്തിരുവടിചെയ്ത രാക്ഷസേശപരവധ-
മന്തരുൽസുകന്മാരായ് വാഴ്ത്തുന്നു കവീന്ദ്രന്മാർ;
പാരുകും മുഴുവനും കല്പാന്തകാലത്തിങ്കൽ
സ്വൈരമായ് ഗ്രസിച്ചുവനല്ലോ നീ ജഗല്പതേ!
വെൽക നീ, ജനനവും ജരയും മുതലായ
ശോകങ്ങളില്ലാത്തോനെ, പ്രബലാവരിതമാഹിൻ!
വെല്ലുക ഭഗവാനെ, നിർജ്ജരാമരാച്യുത,
നല്ലഭാസ്കരവശസിന്ധുവിൽ ജനിച്ചോനെ!
നിൻതിരുനാമം മറാപാപികളും ചേർപ്പൂ ശ്രുതി-
യന്തണർമുഖ്യാം ശ്രേഷ്ഠമാൻപ്പക്കെന്തോ പിന്നെ!
ശങ്കരവിധിനുതം യവാദിരേഖാങ്കിതം
നിൻകഴലോർത്തോർ ഞങ്ങളീപ്പിറവിസാഗരപ്രദം.
ദേവകൾക്കുണ്ടോ സൌഖ്യം, മന്മഥാധികകൃതെ,
പാവനൻഭവാൻ കനിഞ്ഞഭയം നൽകീടായ്കിൽ?
ജനനമരണങ്ങളില്ലുണ്ടെന്നാകിലു,-
മനാലൻഭവാൻ ഉലോമൽകൃഷ്ണനെന്നാകിലും
ഇങ്ങവതരിയ്ക്കണേ സ്വന്തമാം സ്വഭാവത്താൽ,
ഞങ്ങളെയസുരന്മാർ കുഴക്കുംപൊഴ്തെല്ലാം!
പാപനാശിയായ് മൃതക്മൃതാമമാനുഷ-
ശോഭനചരിതത്തെ പ്പ്രഥ്വിയിൽ പരത്തിയും,
സൽഗ്രണശ്ലോകികളാൽ സ്തുതിക്കപ്പെട്ടും പുന-
രഗ്ര്യമാം നിജസ്ഥാനം പ്രാപിക ഭവാൻവിഭോ.
ആദിമനാദ്യന്തനജരത്രുടൻ ശാ-
രാധിതപദാംബുജൻ കോടീരവിഭ്രംഷിതൻ
കാമദേവനെക്കാളും സുന്ദരൻ ഭവാൻ വൈരി-
ഗ്രാമത്തെ പലാൽക്കൊന്ന ജയികുമാറാകട്ടേ!'

ബ്രഹ്മാവു ദേവേന്ദ്രൻ മുതലായ ദേവകളെല്ലാം ശത്രുനാശത്താൽ പരമാനന്ദപൂരിതരായി രാമനാഥനെ ഇപ്രകാരം സ്തുതിച്ചു നമസ്കരിച്ചു. ഈ സ്തുതിയാൽ മനംകുളിർത്ത മഹായശസ്സായ രാമഭദ്രൻ തലതാഴ്ത്തി വണങ്ങിയ ദേവകളെനോക്കി അരുളിച്ചെയ്തു:—'സുരന്മാരേ; ഒരു ദേവനോ അസുരനോ യക്ഷനോ എന്റെ സോദരനെയൊ കിട്ടിയിട്ടില്ലാത്ത സുദുർല്ലഭമായ വരം എന്തെങ്കിലും നിങ്ങൾ ചോദിച്ചുകൊള്ളുവിൻ!'

Digitized By Kerala Sahitya Akademi

ദേവന്മാർ:—'സ്വാമിൻ, നിന്തിരുവടിയിൽ നിന്നു വേണ്ടതൊക്കെയും ഞങ്ങൾക്കു കൈവന്നിരിക്കുന്നു. ഞങ്ങളുടെ ശത്രുവായ ദശകണ്ഠനെ ഇവിടുന്നു സംഹരിച്ചുവല്ലൊ. ഞങ്ങൾക്കു് അസുരബാധയുണ്ടാകുമ്പോഴെല്ലാം, ഇതിൻപ്രകാരം ഇവിടുന്നു ശത്രുസംഹാരം ചെയ്യുന്നതിനാൽ മതി!'

'അങ്ങിനെയാകട്ടെ' എന്നു സമ്മതിച്ചിട്ടു് വീണ്ടും രഘുനന്ദനൻ അരുളിച്ചെയ്തു:—'ദേവന്മാരേ, ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുവിൻ: എന്റെ ഗുണങ്ങളെ ഉൾപ്പെടുത്തി ബ്രാഹ്മണർ പാടിയ ഈ ഇതിഹാസം ഇരുസന്ധ്യകളിലും ഒരിക്കൽ ചൊല്ലുന്ന മനുഷ്യനു ഘോരമായ വൈരിപരാഭവമോ ദാരിദ്ര്യമോ രോഗഭൈരവത്വമോ നേരിടുകയില്ല; എന്റെ പേരിൽ ഭക്തിയായ ഭക്ഷിയുണ്ടാകയും ചെയ്യും.' ഇത്രയുംപറഞ്ഞു് ആ നരദേവശിരോമണി വിരമിച്ചപ്പോൾ, സന്തുഷ്ടരായ ദേവന്മാരെല്ലാം അവരവരുടെ ലോകത്തെയ്ക്കു തിരിച്ചു.

രഘുനാഥൻ ആ പ്രാജ്ഞന്മാരായ ഭ്രാതാക്കളെ അച്ഛനെന്നപോലെ ലാളിച്ചുകൊണ്ടും, പ്രജകളെ സ്വന്തം മക്കളെ എന്നപോലെ സംരക്ഷിച്ചുകൊണ്ടും ലോകം ഭരിച്ചുവാണു. തന്തിരുവടിയുടെ വാഴ്ചക്കാലത്തു മനുഷ്യർക്കു് അകാലമരണം നേരിട്ടില്ല; ഒരു ഗൃഹത്തിലും രോഗം കയറിയില്ല; ഒരിക്കലും ഈതിബാധയൊ ശത്രുഭയമോ കാണപ്പെട്ടില്ല. വൃക്ഷങ്ങൾ എപ്പോഴും കായ്ചുനിന്നു; ഭൂമിയിൽ ധാന്യങ്ങൾ നിറഞ്ഞു. നാട്ടുകാർ പുത്രപൌത്രപരിവാരങ്ങളോടുകൂടിയും ഭാര്യമാരോടു് ഒരിക്കലും വേർപിരിയാതെയും സുഖമായി കാലക്ഷേപംചെയ്തു. അവർ എല്ലായ്പ്പോഴും ശ്രീരഘുനാഥന്റെ ചരിതം കീർത്തിക്കുന്നതിൽ ശ്രദ്ധിച്ചതല്ലാതെ, പരനിന്ദയിൽ ഏർപ്പെട്ടില്ല; കൈവേലക്കാർപോലും, രഘുനാഥന്റെ ഇണ്ടലത്തെ പേടിച്ചിട്ടു്, മനസ്സുകൊണ്ടുപോലും പാതകം ചെയ്യാതായി. ജനങ്ങൾ എല്ലായ്പ്പോഴും സീതാവല്ലഭന്റെ തിരുമുഖം ദർശിക്കുന്നതിൽ നിഷ്പന്ദനയനരായി പരമദയാലുക്കളായി ഭവിച്ചു.

(ഓട്ടന്തുള്ളൽ)

സേനായാനസമൃദ്ധിയൊടരിജന-
ഠീനം സ്വസ്ഥവുമായീ രാജ്യം.
കുട്ടിപ്പൊന്നാണി ചാത്തിന സജ്ജന-
മിഷ്ടാപൂർത്ക്രിയകാം നടത്തീ;
ഇഷ്ടശ്രാമുനിമാർക്കുള്ളു കുളിർത്തു;
ദൃഷ്ടിയിൽനിന്ന സസ്യങ്ങൾ സദാ.

Digitized By Kerala Sahitya Akademi

പാട്ടിന്റെ സുലഭതകൊണ്ടു ത-
ടിച്ചു കൊഴുത്തു തഴുകു ഗോപിമാ.
വിളവേറീ വയൽതോറും; പൂമികൾ
വിളയാംകലായ്മുഴുകിതോറും;
മലർവാടികൾ, പോവാലാമാശ്രമികൾ,
മധുരാമലങ്കേതം നിറഞ്ഞു മുറുങ്ങി.
തണ്ടാർ തിങ്ങിയ പാടുകളെവിടെ
കൊണ്ടുവിടുത്തീ നാടുകളെല്ലാം.
തുടരുമഭാഗ്യനിതിവിളയാടിയ
മണ്ണിതിലില്ലാ, പുതുകുടിമാത്രം!
താവാട്ടിനാലാതെ പരിതാപ-
ത്തീരിടുമന്ന ധനത്തിനാൽപ്പോ!
വിത്രമമറിയാമാർക്കുടിയെന്നു
വിദ്വാന്മാരിൽ കാണായീലാ!
ശിൽപചക്ഷുക്ഷാടകളില്ലാതേ,
സ്ഥിതിചെയ്തീല തമസ്സിറനരരിൽ!
ഒന്നുങ്ങൾക്കല്ലാതെ രജസ്സിനാ
ലുണ്ണുജനങ്ങൾക്കംശങ്ങളീലാ!
മുതലില്ലനാഥസ്ഥിതിയാൻപാവും
പ്രതിദിനമുണ്ടാനില്ലെന്നാങ്ങനെ!
അനാഥസ്ഥിതിയെ തെരിഞ്ഞാണ്ടു
ജനാധിപമുഖമാ കണ്ടീലെങ്കിൽ!
ദണ്ഡം, കുടമഴ, തുന്നകൾ, ചാമര-
മെന്നീവകയുമില്ലാതില്ല!
പുരുഷകലാനിധി, പരിഷദ്ഭവനാധി
പാരിൽപ്പൂരുകളിറ്റുവനിർത്താൻ!
ജഗതജ്ജന്മത്തിനു! ജലജാക്ഷികൾതൻ
നൽകൊടികൾക്കേ ഉത്പ്രഭാവം!
ദേശാഷകളിൽത്താൻ വർദ്ധയകരോരത!
ദേശാന്ധികളിലെ കൂപ്പുനിരേശം!
ദേവം രത്നഗണങ്ങളിൽ മാത്രം!
ശൂലം പിണ്ഡാകരങ്ങളിൽമാത്രം
കുന്തം സ്വാതികഭാവത്താൽത്താൻ;
വൻഭയമൂലമശേഷിലാക്കും!
പലർശരനാൽത്താൻ വജ്രശരമെന്നാൽ!
അപൂച്ചത്തിനുതാൻവൃത്തിപിണഞ്ഞതുമോ?

Digitized By Kerala Sahitya Akademi

വാരണാർത്ഥൻ യുധിഷ്ഠിരപ്രഭുതരൻ!
നീരാഴിയിലേമുറുമലച്ചിൽ!
ആനകളിൽത്താൻ ദാനംചരിക്കുതി!
ന്യൂനം തീക്ഷ്ണത മുള്ളുകളിൽത്താൻ!
ബാണത്തിനു താൻ ഗുണവിദ്ദോഷം!
ഗ്രന്ഥത്തിനു താൻ ദൃഢമാം ബന്ധം!
ചരാചരയില്ലാതേ, ബാന്ധവ-
മുണ്ടിരിലിപ്പോ സ്നേഹത്യാഗം!

ഇപ്രകാരം പ്രജകളെ സമ്പൽപ്പിച്ചും, നാട്ടിലൊക്കെ ധർമ്മം നടപ്പിച്ചും, ഭൂമിയിൽ യമനെന്നപോലെ ദണ്ഡം പ്രയോഗിച്ചും ക്രമത്തിലു ള്ള സംരക്ഷിച്ചുകൊണ്ടു തന്തിരുവടികൾ പതിനോരായിരംസംവത്സരങ്ങൾ കഴിഞ്ഞു. അന്നു, സീതയ്ക്കു ഭ്രഷ്ടുണ്ടെന്ന നീചജനങ്ങൾ സംസാരിച്ചുതുടങ്ങി; ഇതു് ഒരു രജകൻ അവന്റെ കെട്ടിയവളോടു പാക യാണാല്യമുണ്ടായതു്; അതു കേട്ടക്ഷണത്തിൽ രഘുനാഥൻ മൈഥിലി യെ ഉപേക്ഷിച്ചു കളഞ്ഞു! അങ്ങിനെ നിസ്സപത്നീകയായി ഏകയാ യിത്തീർന്ന ഭൂമിയെ ധർമ്മത്താൽ കാത്തുരക്ഷിച്ചുപോരുന്ന ആ മഹാമന സ്കൻ ഒരുനാൾ സഭയിൽ ഏഴുന്നള്ളിയിരിക്കെ, കുംഭസംഭവനായ മാ മുനിശ്രേഷ്ഠൻ വന്നെത്തി. രഘുനന്ദനൻ ഉടനേ ഏഴുന്നോറ് അർ ഘ്യവുമെടുത്തു്, വസിഷ്ഠനോടുക്രടി, ആ സമുദ്രം വറ്റിച്ച മഹാപുരു ഷനെ സപ്രാഗതം കൊണ്ടാദരിച്ചു് ആസനമയം ചോദിച്ചു. സുഖമാംവ ണ്ണമിരുത്തി വിശ്രമിപ്പിച്ചു.

ശ്രീധർമ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, രാജാഗസ്ത്യസമാഗമം അഞ്ചാമദ്ധ്യായം.

(0)

ആറാമദ്ധ്യായം

ശേഷൻ:—ഈവിധം സപ്രാഗതത്താൽ സന്തുഷ്ടനാം ബ്രഹ്മചര്യ തപോനിധിയുമായ മഹർഷിയോടു് മതിമാനായ രാമഭദ്രൻ ചോദിച്ചു:— 'മഹാഭാഗ, നിന്തിരുവടികൾ സപ്രാഗതം! കുംഭസംഭവ, തപോനിധേ, നിന്തിരുവടിയെ കണ്ടതിനാൽ ഇന്നുള്ളവരും കുടുംബപ്രധാനമായ പരി ശുദ്ധരായിത്തീർന്നു. അങ്ങയുടെ വേദശാസ്ത്രപരിശീലനം മറ്റുള്ള നടക്ക

Digitized By Kerala Sahitya Akademi

ന്നില്ലയോ? ഭവാന് തപോവിഘ്നം വിണയ്ക്കുവാൻ ദ്രുലോകത്തെങ്ങും ആരുമില്ലതന്നെ. ഇവിടത്തെ സദാധർമ്മചാരിണിയായ സൌഭാഗ്യവതി ലോപാമുദ്രയുടെ ചാരിത്രധർമ്മംകൊണ്ടുതന്നെ എല്ലാം മംഗളമായിപ്പുമയും; എങ്കിലും, ദയചെയ്തരുളിച്ചെയ്കുക: ധർമ്മാത്മാവേ, മഹാശീശ്വര, നിഷ്പ്രയാസമായ നിന്തിരുവടിക്ക് എന്തെന്നാണ് ഞാൻ ചെയ്യേണ്ടത്? അങ്ങയുടെ തപഃസ്ഥിതിയാൽ സകലവും ഇപ്പോഴേ നിറവേറിക്കൊള്ളും; എങ്കിലുമെന്നാലും, എന്റെ പേരിൽ ദയചെയ്ത് ആരുളിച്ചെയ്കതന്നെ വേണം!' ജഗൽഗുരുവായ മഹാരാജാവ് ഇങ്ങിനെ അഭ്യർത്ഥിച്ചപ്പോൾ, അഗസ്ത്യൻ എറ്റവും വിനയത്തിൽ തൊഴുതു പറഞ്ഞു:—'സ്വാമിൻ, ദയാനിധിയായ മഹാരാജാവേ, അങ്ങേയ്ക്കു കാണുക എന്നതു ദേവകർമ്മങ്ങളുടെ ദുർല്ലഭമായ ഒന്നാണ്; അതു സാധിച്ചതുതന്നെ ഞാൻ ധന്യൻ. ലോകകണ്ടകനായ രാവണരാക്ഷസനെ ഇവിടുന്നു സംഹരിച്ചുവല്ലോ; ഭാഗ്യം, ദേവകാര്യം സുഖസമ്പൂർത്തിയിലായി! ഭാഗ്യം, വിഭീഷണൻ രാജാവുമായി! രാമ, ഇന്നു ഭവാനെ കണ്ടതിനാൽ എനിക്കു ത്രൈലോക്യമെല്ലാം നീങ്ങി; ഞാൻ പരിപൂർണ്ണമനോരഥനായി!' രാമനെ ഭർത്സിച്ചതിലുള്ള സന്തോഷത്താൽ പരവശനായ കുംഭസംഭവൻ ഇത്രയും പറഞ്ഞു വിരമിച്ചു.

ജ്ഞാനദൃഷ്ടികൊണ്ടു ത്രികാലഭാവികളെല്ലാം കണ്ടറിയുന്ന ആ മഹർഷിയോടു വീണ്ടും ശ്രീരാമൻ ചോദിച്ചു:—'മുനേ, ഞാനൊന്നു ചോദിയ്ക്കുന്നു; എല്ലാം വിസ്തരിച്ചു പറഞ്ഞുതരണം: ഞാൻ കൊല ചെയ്ത ആ ദേവദ്രോഹിയായ രാവണൻ ആരാണ്"? കുംഭകർണ്ണൻ ആരാണ്"? എന്തു ജാതിക്കാരനാണ്? ദേവനോ, അസുരനോ, പിശാചോ, മനുഷ്യനോ? എല്ലാം ദയചെയ്തു വിവരിച്ചു പറഞ്ഞാലും. സർവ്വജ്ഞ, ഭവാനു സകലവും അറിയാമല്ലോ.' ഇതു കേട്ടിട്ടു തപോനിധിയായ കുംഭസംഭവൻ പറയാൻ തുടങ്ങി:—

'രാജാവേ, സൃഷ്ടികർത്താവായ ബ്രഹ്മാവിനു പുലസ്ത്യൻ എന്നൊരു പുത്രൻ ജനിച്ചു; അദ്ദേഹത്തിൽനിന്നു വേദവിദ്വാംവിദഗ്ദ്ധനായ വിശ്രവസ്സു സംജാതനായി. അദ്ദേഹത്തിനു മദ്ദാകിനി എന്നും കൈകസി എന്നും രണ്ടും പതിവ്രതമാർ പത്നിമാരായി. ഒന്നാമത്തവളിൽ ലോകപാലനായ വൈശ്രവണൻ പിറന്നു; അദ്ദേഹം ശിവപ്രസാദത്താൽ ലങ്കയിൽ വാണു. വിശ്രവസ്സിയുടെ മകളായ രണ്ടാമത്തവളിലാകട്ടെ, രാവണൻ, കുംഭകർണ്ണൻ, വിശിഷ്ടനായ വിഭീഷണൻ എന്നീ മൂന്നു പുത്രന്മാർ ഉണ്ടായി. രാക്ഷസിയുടെ വയറ്റിൽ പിറന്നതിനാലും, ജനനം സന്ധ്യാസമയത്തായിരുന്നതിനാലും, രാവണകുംഭകർണ്ണന്മാർക്ക് അധർമ്മത്തിലായി പ്രതിപത്തി,

Digitized By Kerala Sahitya Akademi

ഒരിക്കൽ വൈശ്രവണൻ, കിങ്ങിണികാരം തുങ്ങി മിന്നാനൊരുന്ന നിഷ്കപകവിമാനത്തിലേറി,മികച്ച മോടിയോടുക്രൂടിയും, നാനാരത്നവിഭൂഷിതരായ തന്റെ അനുചരന്മാർ സ്തുതിഗീതങ്ങൾപാടിക്കൊണ്ടും അനുഗമിക്കുമാരെ കാണ്മാൻ ചെന്നു. മകൻ വരുന്നതിനേരം മാതാപിതാക്കളുടെ കാല്ക്കൽ വീണുകിടന്നു,വന്ദിവിധേയനായി കോരിത്തരിച്ചുണർത്തി ച്ചു:—'എന്നിക്കിന്ന്, ഒരു മഹാഭാഗ്യം സിദ്ധിച്ചു സുദിനമാണ്: അതി പുണ്യപ്രഭങ്ങളായ ഭവൽപാദങ്ങൾ കാണാനിടവന്നുവല്ലോ!' ഇപ്രകാരമെല്ലാം സ്തുതിച്ചു കുബേരൻ നമസ്കാരത്തിലേർപ്പെടുത്തി തിരിച്ചു. അനുനാമമുദ്രം പുത്രസ്നേഹത്താൽ അതിരറ്റുഷ്ടനായിച്ചമഞ്ഞു. താത്പര്യമറിഞ്ഞ്, ധീമാനായ രാവണൻ തന്റെ അമ്മയോടു ചോദിച്ചു:—'തന്റെ അനുചരന്മാരാൽ പരിവൃതനായി, അച്ഛന്റെ കാൽക്കൽ വന്ദിച്ചു തിരിയെപോയ ഈ മഹാഭാഗ്യവാൻ ആരാണ്? ദേവനോ, യക്ഷനോ, മനുഷ്യശ്രേഷ്ഠനോ? എന്തൊരു തപസ്സാലാണ്, ഉദ്യാനാരാമാദിലീലാസ്ഥലങ്ങളോടുക്രൂടിയതും വായുവേഗമുള്ളതുമായ ഈ ശ്രേഷ്ഠവിമാനം കൈവന്നതു?' ഇതുകേട്ടിട്ട്, ബുദ്ധിക്ഷയം പൂണ്ടിരുന്ന കൈകസി വല്ലാത്ത കോപത്തോടും തെല്ലൊരു കണ്ണീരോടുംക്രൂടി പുത്രനോടരിയാടി:—'എടാ മകനേ, ഇവന്റെ ജന്മവും കർമ്മവും മറ്റും ഞാൻ പറഞ്ഞുതരാം; കേട്ടു വേണ്ടുവോളം ആലോചിച്ചു പഠിച്ചുകൊള്ളുക: എന്റെ സപത്നിയുടെ വയറിൽപ്പിറന്ന ഒരു നിധിയാണ് ഈ വന്നതു്! ഇവൻ തന്റെ അമ്മയുടെ വാശത്തെ നിർമ്മലവും ഉജ്ജ്വലവുമാക്കിത്തീർത്തിരിക്കുന്നു. എന്റെ വയറിലുണ്ടായ നീയോ ഒരു പുഴു! സ്വന്തം വയർ മാത്രം നിറയ്ക്കുന്നവൻ! ഒരു കഴുതയ്ക്കു തന്റെ പുമതെന്നല്ലാതെ അതിന്റെ ഗുണമൊന്നും അറിഞ്ഞുക്രൂടല്ലോ; അതിൻവണ്ണമാണ്, കഥയില്ലാത്ത നിന്റേയും അവസ്ഥ: തിൻകഴിക്കണം, കിടക്കണം, ഉറങ്ങണം, നടക്കണം, വല്ലേടത്തും വീണാൽ വീണു! ഇവനോ, തപസ്സുചെയ്തു ശിവനെ പ്രസാദിപ്പിച്ചു് ലങ്കാനിവാസവും രാജ്യലക്ഷ്മിയും മനോവേഗമുള്ള വിമാനവും സമ്പാദിച്ചു. ഇവന്റെ മഹോദയയായ മാതാവു് സുകൃതിനിയും ഭാഗ്യവതിയും തന്നെ: അവളുടെ മകൻ സ്വന്തം ഗുണങ്ങൾകൊണ്ടു് മഹത്പം നേടിയല്ലോ!'

ഇങ്ങിനെ അഴൽപൂണ്ട മാതാവ് അരിശത്തോടെ സംസാരിച്ചതു കേട്ടപ്പോൾ,ആ പരമദുഷ്ടൻ തപസ്സിനെപ്പറ്റി മനസ്സുകൊണ്ടാലോചിച്ചുറച്ചിട്ട്,വീണ്ടും അവളോടു പറഞ്ഞു:—'അമ്മേ, കേൾക്കുക; ഞാൻ ക്രുസലില്ലാതെ പറയാം: ഞങ്ങൾ മൂന്നു മക്കളുള്ള ഇവിടുന്നതന്നെയാണ് രത്നഗർഭ! ഈ കൃമിപ്രായനായ ധനദൻ ആര്? അവന്റെ അല്പതപസ്സെവിടെ? ലങ്കയെന്തു്? മറ്റുതാനാം സേവകരോടുക്രൂടിയ ആ രാജത്വം

Digitized By Kerala Sahitya Akademi

ന്റെയുള്ളിൽ? ദയാശീലയായ മാതാവേ, എന്റെ സോദരന്റെ ശപഥം കേട്ടുകൊൾക; സൌഭാഗ്യവതി, ഇന്നോളമുള്ള ആയുഷ്കാലത്തിൽ ചെയ്തിട്ടില്ലാത്തതൊന്നാണിത്: ഞാൻ ഉഗ്രമായ തപസ്സുചെയ്ത് ബ്രഹ്മാവിനെ പ്രസാദിപ്പിച്ച ലോകം മുഴുവനും കീഴടക്കാത്തപക്ഷം ഉണ്ണില്ല, ഉറങ്ങില്ല, കുളിക്കില്ല, ജലപാനംപോലും ചെയ്യുകയില്ല! അന്ന്, പിതൃഘാതകപാപം എന്നെ ബാധിച്ചുകൊള്ളട്ടെ!!'

ഇപ്രകാരം പറഞ്ഞു, രാവണൻ കുംഭകർണ്ണവിഭീഷണന്മാരുടെ സോദരന്മാരോടുകൂടി ഗിരികാനനത്തിലേയ്ക്കു ഗമിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രാവണോല്പത്തികഥനം എന്നാമദ്ധ്യായം.

— (൦) —

പതിനാലാമദ്ധ്യായം

അഗസ്ത്യൻ:—പിന്നെ ആ രാക്ഷസൻ, കണ്ണുകളാൽ മുകളിൽ വ്യോമത്തെ നോക്കിക്കൊണ്ട് ഒറ്റക്കാലിന്മേൽ നിന്നു, പതിനായിരം സംവത്സരം ഉഗ്രതപസ്സനുഷ്ഠിച്ചു. കുംഭകർണ്ണന്റെ തപസ്സും തുലോം ദുശ്ചരമെന്നായിരുന്നു. ധാർമ്മികനായ വിഭീഷണനും ശ്രേഷ്ഠമായ തപസ്സിൽ സ്ഥിരചിത്തനായി. അതിൽ, ദേവദേവനായ പിതാമഹഭഗവാൻ പ്രസാദിച്ചു; ദേവ മാനവ യക്ഷ പ്രഭൃതികളുടെ കിരീടങ്ങളാൽ നീരാജിതചരണനായ തന്തിരുവടി സുരാസുരസേവിതമായ ത്രൈലോക്യമാരാജ്യവും, ദേവസൌന്ദര്യവും രാവണനു കല്പിച്ചു നൽകുകയും ചെയ്തു. ഉടനെ അവൻ ധർമ്മശീലനും ജ്യേഷ്ഠനുമായ ധനദനെ ബലാൽകാരേണ തോല്പിച്ചു വിമാനവും ലങ്കാപുരവും കൈക്കലാക്കി, ലോകത്തെ മുഴുവൻ പീഡിപ്പിക്കുകയായി. ദേവകൾ സ്വർഗ്ഗംവിട്ടുപോയി. രാവണൻ ബ്രാഹ്മണരെ ഹിംസിപ്പാനും മുനിമാർക്കു മൂലനാശം വരുത്താനും തുടങ്ങി.

അപ്പോൾ, അത്യന്തം സങ്കടത്തിലകപ്പെട്ട മഹർഷികളായ ശുക്രാദിദേവന്മാർ ഒത്തൊരുമിച്ചു ബ്രഹ്മാവിന്റെ അടുക്കൽചെന്നു ദണ്ഡനമസ്കാരം ചെയ്തു പ്രിയഭാഷിതങ്ങളാൽ സ്തുതിച്ചു. ഭഗവാൻ പ്രസാദിച്ചു, 'ഞാൻ എന്തു ചെയ്യണം' എന്നു ചോദിച്ചു. ഉടനെ വിബുധന്മാർ ദശഗ്രീവനിൽനിന്നു തങ്ങൾക്കു പറ്റിയ പരാജയവും കഷ്ടപ്പാടും വിരിഞ്ചനോടറിയിച്ചു. ഭഗവാൻ ക്ഷണനേരം ആലോചിച്ചിട്ട്,

Digitized By Kerala Sahitya Akademi

ത്രിദശന്മാരോടൊന്നിച്ചു കൈലാസത്തിലേയ്ക്കു നടകൊണ്ടു. അവിടെ വന്നു കണ്ട ആഖണ്ഡലാദി വിണ്ണവന്മാർ ആ പർവ്വതത്തിന്റെ അരികിൽ നിന്നു പരമേശ്വരനെ സ്തുതിച്ചു:—

'തൊഴാം ഭവനു ശർവ്വനു! നീലകണ്ഠനു കൈതൊഴാം!
തൊഴാം സ്ഥൂലനു സൂക്ഷ്മനു! ബ്രഹ്മരൂപനു കൈതൊഴാം!'

ഈ സ്തുതി കേട്ടിട്ടു ശങ്കരൻ നന്ദികേശ്വരനോടു, 'ദേവന്മാരെ എന്റെ അടുക്കലേയ്ക്കു കൊണ്ടുവരൂ' എന്നാജ്ഞാപിച്ചു. ഉടനേ നന്ദികേശ്വരനാൽ വിളിക്കപ്പെട്ട വിണ്ണവന്മാർ അന്തഃപുരത്തിലുംപുക്കു സനാതനനായ ദേവനെ സവിസ്മയം ദർശിച്ചു. നഗ്നരും വിരൂപരും കുടിലരും വികടരും മലിനരുമായ അനേകായിരംകോടി പ്രമഥരാൽ സസന്തോഷം നിഷേവിതനായി ലോകശങ്കരനായിരിയ്ക്കുന്ന ശങ്കരനെ കണ്ടിട്ടു വിബുധാനന്വിതനായ വിരിഞ്ചൻ അടുക്കൽച്ചെന്നു നമസ്കരിച്ചു, തിരുമുമ്പിൽ നിന്നുണർത്തിച്ചു:—'ദേവദേവേശ, ദിവൌകസ്സുകളുടെ ആവാസം തൃക്കൺപാർത്താലും! ആശ്രിതവത്സല, ദയചെയ്തു കടാക്ഷിക്ഷ സവധത്തിനൊരുങ്ങിയാലും!' ആ ദയനീയമായ അപേക്ഷ കേട്ടിട്ടു തന്തിരുവടി വിണ്ണവരോടെല്ലാമൊരുമിച്ചു വിഷ്ണുസന്നിധിയിൽ ചെന്നെത്തി. എന്നിട്ടു, മഹർഷിമാരോടും നാഗകിന്നരന്മാരോടുംകൂടി ഗിരിശപുരോഗരായ ഗീർവ്വാണരെല്ലാം,

'ജയ മാധവ, ദേവേശ! ജയദുഷ്കൃത്തിനാശന!
ദയചെയ്യു മഹാദേവ! കടാക്ഷിക്ക സപത്നിയെ!'

എന്നിങ്ങിനെ ഉച്ചത്തിൽ സ്തുതിച്ചുതുടങ്ങി. അപ്പോൾ, ദേവേശ്വരനായ വാസുദേവൻ വാനവരുടെ സങ്കടം വിചാരിച്ചു, അവർക്കു സന്തോഷം നീങ്ങുംവണ്ണം മേഘഗംഭീരസ്വരത്തിൽ അരുളിച്ചെയ്തു:—'അല്ലയോ ശിവവിരിഞ്ചവാസവാദി ദേവന്മാരേ, നിങ്ങൾക്കു ദുഷ്കൃത്തുള്ള ഭയം വർദ്ധിക്കരിയ്ക്കാം; അവനെ ഞാൻ ഭൂമിയിൽ അവതരിച്ചു സംഹരിച്ചേയ്ക്കാം. ഭൂമണ്ഡലത്തിനാഭരണമായി അയോധ്യ വർദ്ധിക്കുന്നൊരു രാജധാനിയുണ്ടു്: വസിച്ചു യജ്ഞദാനാദി സൽക്കർമ്മങ്ങളും നടത്തിയ സൂര്യവംശ രാജാക്കന്മാരാൽ പരിപാലിതമായ ആ നഗരം ശ്രേഷ്ഠമെങ്ങളായ ദ്വിജോത്തമന്മാർകൊണ്ടു മിന്നിത്തിളങ്ങുന്നു. അവിടെ ഇപ്പോൾ, ദിഗ്ജയം ചെയ്തു ദശരഥനെന്ന രാജാവത്രേ രാജ്യം ഭരിച്ചുവാഴുന്നതു്. ആ ശ്രീമാനു സന്തതിയില്ല; പുത്രോല്പത്തിക്കായി അദ്ദേഹം വന്ദനീയനായ ഋശ്യശൃംഗനോടപേക്ഷിച്ചു, വഴിപോലെ പുത്രകാമേഷ്ടി കഴിയ്ക്കുകയാണു്. ആ മഹാ ഭാഗവാൻ മുനി തപസ്സു ചെയ്തു

Digitized By Kerala Sahitya Akademi

എന്നോടുപേക്ഷിച്ചിട്ടുണ്ട്; ഞാൻ നിങ്ങൾക്കുവേണ്ടി, അദ്ദേഹത്തിന്റെ മുന്നു പത്നിമാരിൽ രാമ ഭരത ലക്ഷ്മണ ശത്രുഘ്നന്മാരെന്ന നാലുപേരായി ജനിച്ചു രാവണനെ മൂലബലവാഹനങ്ങളോടൊപ്പം നശിപ്പിച്ചുകൊള്ളാം. നിങ്ങളും അവരവരുടെ അംശങ്ങൾകൊണ്ട് ഋക്ഷങ്ങളും വാനരരുമായിച്ചമഞ്ഞു ഭൂമിയിലെങ്ങും സഞ്ചരിപ്പിൻ.' ആകാശത്തിലൂടെ ഇത്രയും അരുളിച്ചെയ്ത ഭഗവാൻ വിരമിച്ചു. ആ മഹാവാക്യം കേട്ടിട്ടു ദേവന്മാരെല്ലാം മനസ്സു കുളിർത്തു; ധീമാനായ ദേവദേവൻ അരുളിച്ചെയ്തപ്രകാരം ഋക്ഷവാനരരായി ജനിച്ച അവരുടെ അംശങ്ങൾകൊണ്ടു ഭൂമണ്ഡലം നിറയുകയും ചെയ്തു.

മഹാരാജാവേ, അവതാരംചെയ്യേണ്ടോരാൾ ദുഃഖംതീർത്ത ആ മഹാദേവനായ വിഷ്ണുഭഗവാൻ ഇവിടുന്നു തന്നെയാണു്; ഇവിടത്തെ ഓരോ അംശമത്രേ ഭരതലക്ഷ്മണ ശത്രുഘ്നന്മാർ. ബ്രഹ്മരാക്ഷസജാതിയിൽപ്പെട്ടവനും ദേവദ്രോഹിയുമായ രാവണൻ പൂർവ്വവൈരം നിമിത്തം ജാനകിയെ അപഹരിക്കുകയും, ഇവിടുന്നു് അവനെ സംഹരിക്കുകയും ചെയ്തു. അതിനാൽ ബ്രാഹ്മണർ സ്വസ്ഥരായി; മഹർഷിമാർക്കു് തപസ്സു വർദ്ധിച്ചു; തീർത്ഥങ്ങളെല്ലാം നിർവൃതങ്ങളായി; യജ്ഞങ്ങളെല്ലാം ശരിക്കു നടന്നും തുടങ്ങി. മഹേശ്വര, സർവ്വലോകൈകകണ്ടകനായ പൌലസ്ത്യ രാക്ഷസേന്ദ്രനെ ഇവിടുന്നു കൊന്നൊഴിച്ചതിനാൽ ഭൂമിയെല്ലാം സുഖസ്ഥിതിയിലായി. വിശ്വാത്മാവേ, വിശ്വയോനേ, നരോത്തമ, നിന്തിരുവടി രാജാവായതോർക്കുമ്പോൾ ദേവാസുര മനുഷ്യരുൾപ്പെട്ട ലോകത്തിനെല്ലാം സുഖം വന്നുചേർന്നു!

ഭവാൻ ചോദിച്ചതിനാൽ, രാവണന്റെ ജനനവും മരണവുമൊക്കെ, ഇതാ, ഞാൻ യഥാമതി അറിയിച്ചു.' ഇങ്ങിനെ രാക്ഷസേന്ദ്രവംശം പറഞ്ഞുകേട്ടതോർക്കുമ്പോൾ, ആ പ്രഥിതപ്രഭാവനായ മഹാപുരുഷൻ—എന്തിനും ത്രാണിയുള്ള ജഗദീശ്വരൻ—മുഖാരവിന്ദത്തിൽ കണ്ണുനീർ ഒഴുകിക്കൊണ്ടു സദസ്സിൽ നിലത്തു വീണുപോയി!

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷയാത്ര്യായനസംവാദം,
രാമാശ്വമേധപ്രകരണം, രാമണവിധിത്തിക്കഥനം ഏഴാമദ്ധ്യായം.

—(0)—

Digitized By Kerala Sahitya Akademi

എട്ടാം അദ്ധ്യായം

ശേഷൻ:—വാത്സ്യായനമഹർഷേ, സാധാരണക്കാർക്കും മുക്തിതരുന്നതായ ദേവദേവന്റെ പാപനാശനമായ ചരിതം കേൾക്കാറായി: രാജാവു മോഹാലസ്യപ്പെട്ടുള്ള ശങ്കിച്ച്; ബ്രഹ്മദത്തമഹർഷിയുടെ ശൈലം കൊണ്ടു മെല്ലെ തലോടി സമാശ്വസിപ്പിച്ചു:—'രാജൻ, ധൈര്യത്തിൽ അശ്വസിച്ചാലും. മുനിയെ കൊലചെയ്യാം കൊള്ളാമോ? ബ്രഹ്മരുദ്രന്മാർ മുടിക്കുന്ന സനാതനനായ മഹാവിഷ്ണുവാണല്ലൊ നിന്നിരുവടി. ബ്രഹ്മഹത്യാദിപാപങ്ങളും സ്ഥാവരജംഗമമായ ജഗത്തും—യാതൊന്നാം—നിന്തിരുവടിയെ പ്രാപിക്കാതെയില്ല! പിന്നാണിതിൽ മോഹാലസ്യപ്പെടാൻ? ബ്രാഹ്മണശ്രാപാർത്തിൽ മനസ്സു ചെല്ലാത്ത മഹാരാജാവു തിരുമുഖത്തു കണ്ണുനീർ ഓലോലെ ഒഴുകിക്കൊണ്ടിരുന്നാറെ, ബഹുമാനത്താൽ കുനിഞ്ഞ ശിരസ്സുമായി, അക്ഷരവ്യക്തിയില്ലാതെയും ദീനദീനമായും അരുളിച്ചെയ്തു:—'അയ്യോ, മതി മറന്ന ദുരാത്മാവായ എന്റെ കഥയില്ലായ്മ നോക്കു: ഞാൻ കാമവനടനായിട്ടു, ബ്രാഹ്മണകുലത്തിൽ ജനിച്ചവനെ കൊന്നകളഞ്ഞുവല്ലൊ! വേദവും ശാസ്ത്രവും പഠിച്ചവനായ ഞാൻ ഒരു പെണ്ണിനെച്ചൊല്ലി മുഢികൊടുഷ്ടനായിത്തീർന്ന ബ്രാഹ്മണവംശത്തെ കൊന്നകളഞ്ഞുവല്ലൊ! ക്ഷത്രിയകുലവംശത്തിലെ ഒരാൾ ഒരിക്കലും ബ്രാഹ്മണനോടു ചീത്തവാക്കു പറകയേ ഉണ്ടായിട്ടില്ല; എന്റെ ഈ പ്രവൃത്തി ആ വംശത്തിനു കളങ്കമുണ്ടാക്കിത്തീർത്തു! മാനസമ്മാനഭോജനങ്ങൾകൊണ്ടു പൂജനീയരായ ബ്രാഹ്മണരെ ബാണംചൊരിഞ്ഞു സംഹരിക്കുകയാണല്ലൊ ഞാൻ ചെയ്തതു! എനിക്കു മുക്തി ലോകം കിട്ടും? സുദുസ്സഹമായ കുംഭീപാകംതന്നെ! എന്നെ ശുദ്ധിപ്പെടുത്തുവാൻ ഒരു തീർത്ഥത്തിനും കഴിയില്ല! യജ്ഞമാകട്ടെ, തപസ്സാകട്ടെ, ദാനമാകട്ടെ, ദേവപൂജാദിയാകട്ടെ ബ്രാഹ്മണദ്രോഹിയെ കരകേറ്റാൻ മതിയാകുന്നതല്ല. പാപബുദ്ധിയാൽ യാചകിലർ ബ്രാഹ്മണരെ കോപിപ്പിക്കുന്നപൊ, അവർ പലവുരു നരകത്തിൽ പതിച്ചു ദുഃഖമനുഭവിക്കും. വേദമാണല്ലൊ വർണ്ണാശ്രമധർമ്മങ്ങൾക്കു അടിസ്ഥാനം; ആ വേദമാകുന്ന വൃക്ഷത്തിനു ബ്രാഹ്മണകുലമത്രെ നാരായവേരു. നാരായവേരിനെത്തന്നെ ഒന്നൊത്തുത്താൽ വെട്ടിക്കളഞ്ഞ എനിക്കു ഏതു ലോകമായിരിക്കും കിട്ടുക!! നന്മ വരുന്നതിനു ഞാനിനി എന്തു ചെയ്യേണ്ടു?'

ഇങ്ങിനെ വിലപിക്കുന്ന മായാമാനുഷനായ രഥരാജേന്ദ്രനോടു കുംഭസംഭവൻ പറഞ്ഞു:—'മഹാധീരനായ രാജാവേ, ഇവിടുന്നു വിഷാ

Digitized By Kerala Sahitya Akademi

ദിക്കരുതെ! ഉഷ്ണനിഗ്രഹനിരതനായ നിന്തിരുവടിക്ക ബ്രഹ്മഹത്യ നേരിടുകയില്ല. പുരാണപുരുഷനും പ്രകൃത്യതീതനും സ്വപ്രഭയാ കർത്താവും ഹർത്താവും രക്ഷിതാവും സഗുണനും നിർഗ്ഗുണനുമായിരിക്കുന്ന സാക്ഷാൽ ഈശ്വരനാണ് നിന്തിരുവടി. മദ്യപൻ, ബ്രഹ്മഘ്നൻ, കൃതഘ്നയായി മുതലായ മഹാപാപികളും പോലും നിന്തിരുവടിയുടെ ഒരു തിരുനാമം ജപിച്ചാൽ തൽക്ഷണം പരിശുദ്ധരായിച്ചമയുന്നു! ഈ ജാനകീദേവിയെ, സ്മരണമാത്രത്താൽ മുക്തിയും സദ്ഗതിയും നൽകുന്ന മഹാ രിത്രയാക്കുന്നു. രാവണനും രാക്ഷസനാണ്; വൈകുണ്ഠത്തിൽ ജയങ്ങളുടെ ഒരു സേവകനത്രെ. ഋഷിശാപത്താലാണ് രാക്ഷസനായിപ്പോയത്. ജഗന്നാഥകൃ, ഭവാൻ അവനെ അനുഗ്രഹിക്കയാണ്, ദുർജ്ജനെ നിഗ്രഹിക്കുകയല്ല ചെയ്തത്. ഇതൊന്നു വീണ്ടും തന്നോട്ടു പറയുവാൻ നിന്തിരുവടി കൃപയുണ്ടായി: രാമൻ ഗൽഗദസ്വരത്തിൽ പറഞ്ഞു:—'അറിയപ്പെട്ടത്, അറിയപ്പെടാത്തത് എന്നിങ്ങിനെ രണ്ടു തരത്തിലത്രെ പാപം: ബുദ്ധിപൂർവ്വമായത് അറിയപ്പെട്ടത്; അല്ലാത്തത് അറിയപ്പെടാത്തത്. ബുദ്ധിപൂർവ്വമായി ചെയ്തകുറ്റം അനുഭവിച്ചേ ഒടുങ്ങുകയുള്ളു; മറ്റേതു പശ്ചാത്താപംകൊണ്ടു നശിക്കും. ഇങ്ങിനെയാണല്ലോ ശാസ്ത്രനിശ്ചയം. ഞാൻ നിഷ്കാമമായ ബ്രഹ്മഹത്യചെയ്തതു ബുദ്ധിപൂർവ്വമാകയാൽ അശീർവ്വാദംകൊണ്ട് എന്നിക്ക് ദുഃഖം നീങ്ങുന്നതല്ല. എന്റെ പാപം ചെന്തടിയുന്നതിനു തക്കതായ വല്ല വ്രതമൊ ദാനമൊ യജ്ഞമൊ തീർത്ഥമൊ ആരാധനമൊ ഉപദേശിച്ചതനാലും. അതുകൊണ്ട് എന്റെ കീർത്തി ത്രൈലോക്യത്തിലും പാപകർമ്മത്താൽ കാലുഷ്യവും പറയിയ—ബ്രഹ്മഹത്യയാൽ നിറം കെട്ട—ലോകങ്ങളെ ശുദ്ധിപ്പെടുത്തുമാറാകണം.'

ദേവാസുരന്മാരുടെ കിരീടരത്നങ്ങളാൽ നീരാജിതചരണനായ രാമൻ ഇങ്ങിനെ അവശ്യപ്പെട്ടപ്പോൾ, ആ തപോനിധി പറഞ്ഞു:—'ലോകങ്ങളെ അനുഗ്രഹിക്കുന്ന മഹാവീരനായ രാമഭദ്ര, അങ്ങയ്ക്കു ബ്രഹ്മഹത്യ നീങ്ങാൻ വേണ്ടതു ഞാൻ പറയാം: അശ്വമേധയജ്ഞം എല്ലാ പാപത്തേയും ദഹിക്കുന്ന ഒന്നാകുന്നു; അതിനാൽ ഒരശ്വമേധം കഴിച്ചുകൊൾകെ. ആ യാഗം രചിച്ച ബുദ്ധിയും സമ്പത്തും ചെലവുള്ളതായ ഭവാനു സാധിക്കാവുന്നതുമാണ്. അശ്വമേധംകൊണ്ടു ബ്രഹ്മഹത്യാപാതകം നശിക്കും. ഇതു ഭവാന്റെ പൂർവ്വികനായ ദിലീപമഹാരാജാവു നടത്തുകയുണ്ടായിട്ടുണ്ട്: ആ പുരുഷപുംഗവൻ നൂറു യാഗം കഴിച്ചു, അമരാവതിയിൽ സുരാസുരനിഷേവിതമായ സ്ഥാനത്തെ അലങ്കരിക്കയും ചെയ്തു. മനു, സഗരൻ, മരുത്തൻ, യയാതി എന്നീ ഭൂമിപൂർവ്വികരായ രാജാക്കന്മാരും ഈ യാഗംകഴിച്ചു ഉൽഗതിയടഞ്ഞവരത്രെ.

Digitized By Kerala Sahitya Akademi

രാജശ്രേഷ്ഠ, ഭവാനാം ഇതനുഷ്ഠിച്ചുകൊള്ളുക. അങ്ങയ്ക്കതിനു സാധിക്കുമാണിയുണ്ട്: അങ്ങയുടെ സഹോദരന്മാർ ദിക്പാലന്മാരുടെയും സൽകർമ്മശീലരുമാണല്ലോ.

ബ്രഹ്മഹത്യാഭീതനായ രാജശ്രേഷ്ഠൻ ആ യാഗം കഴിപ്പാൻ തന്നെ നിശ്ചയിച്ചു; എന്നിട്ട്, പുരാണജ്ഞാനാൽ പുകഴ്ത്തപ്പെടുന്ന ആ മഹാഭാഗൻ മാമുനിയോട് അതിനെപ്പറ്റി ചോദിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷാഗസ്ത്യസംവാദം, രാമാശ്വമേധപ്രകരണം, അഗസ്ത്യപ്രോക്തം ഏകാദശ്യുപവാസം.

(0)

ഒന്നാം അദ്ധ്യായം

ശ്രീരാമൻ:—'അതിനുള്ള അശ്വം ഏങ്ങനെയുള്ളതായിരിക്കണം? പൂജാവിധി ഏങ്ങിനെ? ഏങ്ങിനെയായാൽ ചെയ്വാൻ സാധിക്കും? ഏതെല്ലാം ശത്രുക്കളെ ജയിക്കണം?'

അഗസ്ത്യൻ:—'ഗംഗാജലത്തിനൊത്ത ശരീരവർണ്ണം, ചെവിമേൽ കറുപ്പ്, മുഖത്തു പുകപ്പ്, വാലിന്മേൽ മഞ്ഞനിറം, ഏങ്ങും തടവില്ലാത്ത മനോവേഗം ഏന്നിവയിണങ്ങി, ഉച്ചൈശ്രവസ്സിനെപ്പോലെ ശുഭലക്ഷണങ്ങളുള്ള കുതിരയത്രെ അശ്വമേധത്തിനു വേണ്ടത്. യജ്ഞാശ്വത്തെ വൈശാഖപൗർണ്ണമിയിൽ ശരിക്കു പൂജിച്ച്, ഉടമസ്ഥന്റെ പേരും പെരുമയും ചേർന്ന ഒരു പത്രം (പരസ്യം) നെറ്റിക്കു കെട്ടി, കാവൽക്കാരോടുകൂടി വിടണം. കാവൽക്കാർ കുതിരപോകുന്നേടത്തൊക്കെ പിൻതുടരണം. കുതിരയെ ആരെങ്കിലും ബലം വിടുവിപ്പത്താൽ പിടിച്ചുകെട്ടുന്നതായാൽ, അതിനെ രക്ഷിതാക്കന്മാർ ബലേന വീണ്ടുകൊണ്ടുപോരണം. യാഗം കഴിക്കുന്നോ ആറ്റം നിയമംപൂണ്ട്, മാൻതോൽ ധരിച്ച്, ബ്രഹ്മചാരിയായി, വ്രതം രക്ഷിച്ചുകൊണ്ട് ഒരു കൊല്ലം മുഴുവൻ സപത്നീകനായ്തന്നെ വാഴണം. അതുവരെ ദീനാന്ധകൃപണരെ ധനാദികർമ്മംകൊണ്ടു സന്തോഷിപ്പിക്കണം; പലവുരു അന്നവും ധനവും ധാരാളം കൊടുക്കണം—യാചിക്കുന്നതെന്തും കൊടുത്തുകൊണ്ടിരിക്കണം. ഇങ്ങിനെ യാഗം പൂർണ്ണമായാൽ ഏതു പാപവും അറുതിപ്പെട്ടുപോകും. ശത്രുനാശനം, അങ്ങു ചെയ്വാനും രക്ഷിപ്പാനും പൂജിപ്പാനും ആളാണല്ലോ; വമ്പിച്ച കീർത്തിനേടി, മറ്റുള്ളവരെ ശുദ്ധിപ്പെടുത്തിയാലും.'

Digitized By Kerala Sahitya Akademi

ശ്രീരാമൻ:—'ബ്രാഹ്മണശ്രേഷ്ഠ, എന്നാൽ എന്റെ കുതിരയാഗം ഭവാൻ പരിശോധിക്കുക: അതുപോലെ ശുഭലക്ഷണങ്ങളോടുകൂടിയ വേറെ കുതിരകൾ ഉണ്ടോ, ആവൊ?'

ഈ കേട്ടിട്ട് കുപാനിധിയായ അഗസ്ത്യമുനി എഴുന്നേറ്റ് യാഗാശ്വങ്ങളുടെ നോക്കാനായി, രാമചന്ദ്രനോടുകൂടി ലായത്തിലേയ്ക്കു നടകൊണ്ടു. അവിടെ മനോഹരവും മനോജ്ഞവുമുള്ള പലതരം കുതിരകളെ നിന്നിരുന്നു. അവയെ കണ്ടിട്ട്, 'ഉച്ചൈശ്ശ്രവസ്സിന്റെ വാശക്കാർ ഭൂമിയിൽ വന്നിരിക്കുമോ? അഥവാ, രാജരാജനെന്നോടുകൂടെ കീർത്തിപുഞ്ജങ്ങളെ എടുക്കൊണ്ടുപോയ കുതിരകളുടെ വേഷം പൂണ്ടതൊ?' എന്നിങ്ങനെ, മഹർഷി വിസ്മയിച്ചുപോയി. ഒരേടത്തു മുകന്ന കുതിരകൾ വരിവരിയായി നിൽക്കുന്നു; ഒരേടത്തു പാടലകുതിരകൾ; ഒരേടത്തു കസ്തൂരിവർണ്ണംകലർന്നവ; ഒരേടത്തു പൊന്നിൻനിറം ചേർന്നവ; ഒരേടത്തു നീലനിറം പുലർന്നവ; ഒരേടത്തു നാനാവർണ്ണം കലർന്നവ. അവയെയെല്ലാം സകൌതുകം ദർശിച്ചിട്ട് മഹർഷി യജ്ഞയോഗ്യങ്ങളായ അശ്വങ്ങളെ നോക്കാൻ മറെറാരു ലായത്തിലേയ്ക്കു ചെന്നു. അവിടെയും അതേമാതിരി കുതിരകൾ അസംഖ്യമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഒരേടത്ത്, സുവർണ്ണം പാലിൻവെണ്മയും ചെവികൾ കറുപ്പും മുഖത്തിനു മുകപ്പും വാലിനു മഞ്ഞനിറവും ചേർന്ന സുലക്ഷണാന്വിതങ്ങളായ കുതിരകളും കാണ്മാനായി. തെളിനീർത്തുരയ്ക്കൊത്ത നിറവും മനോഹരത്തുകവും കൊഴുത്ത വേഗവും പൂണ്ട്, നിർമ്മലങ്ങളായ കീർത്തിപുഞ്ജങ്ങളെ വഹിക്കുന്ന തോന്നലുണ്ടാക്കുന്നതിനെ സ്മരിപ്പിക്കുന്ന ആ ശ്രേഷ്ഠവാജികളെ കണ്ടിട്ട് അത്ഭുതവും രസവും പ്രകാശിച്ച മുഖനോക്കോടുകൂടി, സാഗരം വറ്റിച്ച താപസൻ സീതാപതിയോടു പറഞ്ഞു:—'രാമഭദ്രാ, അങ്ങയുടെ അശ്വമേധത്തിനു തക്ക അനേകം തുരംഗമശ്രേഷ്ഠരെ നോക്കിക്കണ്ടിട്ട് എന്റെ കണ്ണുകൾക്കു മതിവരുന്നില്ല! ദേവകളും അസുരന്മാരും നമസ്കരിക്കുന്ന മഹാഭാഗനായ രാമചന്ദ്രമഹാരാജാവെ, അശ്വമേധയാഗം കേമമായി കഴിച്ചുകൊള്ളുക. ഭവാൻ ദേവേന്ദ്രനെപ്പോലെ എല്ലാ യാഗങ്ങളും കഴിച്ചും, സൂര്യനെപ്പോലെ സുരവൈരിജലം വറ്റിച്ചും, യുദ്ധത്തിൽ ശത്രുജലവന്മാരെ സംഹരിച്ചു വിജയം നേടിയും, ഭൂമണ്ഡലത്തിൽ സുഖഭോഗങ്ങൾ അനുഭവിച്ചുകൊണ്ടാലും!'

ഈ അഗസ്ത്യപ്രഭാവത്താൽ സകലേന്ദ്രിയങ്ങളും തെളിഞ്ഞ മഹാരാജാവു യാഗത്തിനു വേണ്ടതൊക്കെ ഒരുക്കുവാനായി ശേഷരിച്ചു; പിന്നെ മഹർഷിമാരോടുകൂടി സരയൂതീരത്തെഴുന്നള്ളി; അവിടെ നാലു യോജനദൂരമുള്ള പൊന്നിൻകലപ്പുകൊണ്ടു ഒരുനിലത്ത്, യജ്ഞമണ്ഡപങ്ങൾ തീർപ്പി

Digitized By Kerala Sahitya Akademi

ച്ചു; അനേകം രത്നങ്ങൾകൊണ്ടു് അഴകെല്ലാം തികഞ്ഞ ഒരു കുണ്ഡവും യോനിമേഖലാനിതമായി വിധിപോലെ നിർമ്മിക്കപ്പെട്ടു. താപസ്സേറിയ മഹാഭാഗനായ വസിഷ്ഠമുനീന്ദ്രനാണു്, ഇതെല്ലാം വേദശാസ്ത്രവിധിക്കൊത്തു ചെയ്യിച്ചതു്. അദ്ദേഹം, തന്റെ ശിഷ്യരെ മഹർഷിമാരുടെ ആശ്രമങ്ങളിലേയ്ക്കയച്ചു, രഘുനാഥന്റെ അശ്വമേധാരംഭം അറിയിച്ചു. ക്ഷണിക്കപ്പെട്ട താപസോത്തമരായ മുനിമാരെല്ലാവരും രാജമേശ്വരനെ ദർശിക്കുന്നതിൽ അത്യാഗ്രഹത്തോടേ വന്നുചേർന്ന നാരദൻ, അസിതൻ, പർവ്വതൻ, കപിലൻ, ജാതൂകർണ്ണി, അംഗിരസ്സു്, വ്യാസൻ, ആർഷ്ടിഷേണൻ, അത്രി, ഗൌതമൻ, ഹാരീതൻ, യാജ്ഞവൽക്യൻ, സംവർത്തൻ, ശുകൻ മുതലായ മഹർഷിമാർ രാമാശ്വമേധത്തിന്നെത്തിച്ചേർന്നു. അവരെയെല്ലാം, മഹാമനസ്കനായ രഘുനാഥൻ എഴുന്നേറ്റഭിവാദ്യംചെയ്തു് അർഘ്യവും ആസനവും നൽകി സൽക്കരിച്ചു; 'ഹാ, ഞാൻ ഇന്നു മഹാഭാഗ്യവാനായി: ഭവാന്മാരെ കാണാൻ സംഗതി വന്നുവല്ലോ!' എന്നിങ്ങനെ പലരും ശ്ലാഘിച്ചു ഗോവ് സ്വർണ്ണം എന്നിവയേയും അവർക്കു സമർപ്പിച്ചു.

ബ്രാഹ്മണ, ഇങ്ങിനെ ആ ശ്രേഷ്ഠശ്രേഷ്ഠന്മാരുടെ വലിയ സംഘം ഒത്തുകൂടിയതിൽപ്പിന്നെ, വർണ്ണാശ്രമങ്ങളെസ്സംബന്ധിച്ച ഒരു ധർമ്മസംകഥനം നടക്കുകയുണ്ടായി.'

വാത്സ്യായനൻ:—'എന്തൊരു ധർമ്മസംകഥനമാണു് അവിടെയുണ്ടായതു്? സർവ്വലോകദയാലുക്കളായ ആ സജ്ജനങ്ങൾ എന്താണു പറഞ്ഞതു്?'

ശേഷൻ:—'ആ ഒത്തൊരുമിച്ച മഹർഷിമാരോടു മഹാനായ ദശരഥാത്മജൻ എല്ലാ വർണ്ണാശ്രമ ധർമ്മങ്ങളേയും ചോദിച്ചു; അപ്പോൾ അവർ അരുളിച്ചെയ്ത നന്മയേറിയ ധർമ്മങ്ങൾ ഒട്ടൊഴിയാതെ ഞാൻ പറയാം; ശരിയ്ക്കു കേട്ടുകൊൾക:

'ബ്രാഹ്മണൻ എന്നെന്നും യജനം, അധ്യാപനം മുതലായതു ചെയ്യണം. വേദം പഠിച്ചുകഴിഞ്ഞാൽ സന്ന്യസിയ്ക്കുകയോ, ഗൃഹസ്ഥാശ്രമം കൈക്കൊള്ളുകയോ ആകാം. നീചരെ സേവിച്ചു നാൾ കഴിക്കുക എന്നതു ബ്രാഹ്മണന്നു് ഒരിക്കലും പാടില്ല—അവസ്ഥയിൽപ്പെട്ടാൽ തോലും ശൂദ്രവൃത്തിയിൽ ജീവിച്ചുകൂടാ. സന്തതിയ്ക്കു ഭാര്യയെ ഋതുകാലത്തു പ്രാപിക്കുകയത്രേ ഗൃഹസ്ഥന്റെ ധർമ്മം; പകൽ സ്ത്രീസംഗം ചെയ്താൽ ആയുസ്സു കുറയും; ശ്രാദ്ധദിവസം, പുണ്യകാലങ്ങൾ എന്നിവയിലും ബുദ്ധിമാൻ സ്ത്രീയെ പ്രാപിക്കരുതു്; അതു ധർമ്മഭ്രംശം വരുത്തും. ഋതുകാലത്തു മാത്രം സംഗമവും സ്വഭാര്യയിൽ മാത്രം രതിയും ഖാതൊരു ഗൃഹസ്ഥനോ, അവൻ എന്നെന്നും ബ്രഹ്മചാരി തന്നെയാ

Digitized By Kerala Sahitya Akademi

൯൯൯ പുരാണപഞ്ചിക [൫൭൪൭൦൭൦൭൦

മ്മം വെളിപ്പെട്ടത്തരുത്. ഇങ്ങിനെ ഗൃഹസ്ഥാശ്രമം കഴിച്ചിട്ട ഭാര്യ യ്ക്കുകൂടിയോ കൂടാതെയോ വാനപ്രസ്ഥാശ്രമം പൂകണം; പിന്നെ സന്ന്യാസം കൊള്ളണം' ഇവകയാണ് ധർമ്മങ്ങളാണ്, മഹർഷിമാർ സർവ്വ ലോക മഹിതൈഷിയായ രാമഭദ്രനെ പറഞ്ഞുകേൾപ്പിച്ചത്.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശ്രീകൃതസർവ്വധർമ്മനിരൂപണം കനകഷഷ്ഠ്യധ്യായം.

(൦)

പതിനാറാമദ്ധ്യായം

ശേഷൻ:—ഇങ്ങിനെ ധർമ്മങ്ങൾ ശ്രവിച്ചുകൊണ്ടിരിക്കെ, മറ്റാ രുമാക്കറിയിക്കുന്നു യജ്ഞകർമ്മവും മറ്റും തുടങ്ങാനുള്ള വസന്തകാലം വ ന്നെത്തി. അതു കണ്ടിട്ട് വസിഷ്ഠൻ ലോകമഹാരാജാവായ രാമനോട് യഥോചിതം പറഞ്ഞു:—'രാമചന്ദ്ര, മഹാബാഹോ, അങ്ങയുടെ യാ ഗത്തിന്നു് അശ്വത്തെ പൂജിച്ചുവിടാനുള്ള സമയമായി. അതിന്നു വട്ടം കൂട്ടുക. ബ്രാഹ്മണോത്തമരെ വിളിക്കുക. യഥോചിതം ബ്രാഹ്മണർക്കും ദീനാന്ധകൃപണർക്കും അഭീഷ്ടദാനവും പാർപ്പിടവും നൽകി സന്തോഷം വരുത്തുക. പത്നിയുടെ സ്വർണ്ണപ്രതിമയോടുകൂടി ഭവാൻ യാഗദീക്ഷ യും കൊള്ളുക: കയ്യിൽ മാനിൻകൊമ്പും ദണ്ഡും നാരയിൽ മേഖല യും മാൻതോലും ധരിക്കണം; ബ്രഹ്മചാരിയായി നിലത്തു കിടക്കണം; സുഖാനുഭവമൊന്നും പാടില്ല. എല്ലാ സംഭാരങ്ങളും പാത്രങ്ങളും ഒരുങ്ങട്ടെ.'

വസിഷ്ഠന്റെ വരിഷ്ഠവചനം കേട്ടിട്ട്, ധീമാനായ രാമൻ ലക്ഷ്മ ണനെ വിളിച്ചു്, യാഗത്തിന്നുള്ള കുതിരയെ വേഗത്തിൽ കൊണ്ടുവരു വാനാം മറ്റും ആജ്ഞാപിച്ചു. ഉടനേ, ശത്രുഭിന്നായ ലക്ഷ്മണൻ സേ നാപതിയോടു പടകാര്യങ്ങളും ശട്ടംകെട്ടി:—'വീര, മഹാരാജാവു് മ ധുരമാംവണ്ണം കല്പിക്കുന്നു—എത്രയും വേഗത്തിൽ, രാജാക്കന്മാരുടെ കിരീടങ്ങൾകൊണ്ടു് മിനുങ്ങിത്തിളങ്ങുന്നതും അനേകസൈന്യത്തെത്തോല്പിയും സംഹരിപ്പാൻ കരുത്തുള്ളതുമായ ഒരു ചതുരംഗസൈന്യത്തെ തെയ്യാ റാക്കി കൊണ്ടുവരിക: തിരമാലകളെത്തോല്പിക്കുന്ന വായുവേഗികളായ വാജികൾ പിറകിലർപ്പിടയെ മുടിങ്ങാ വിവിധായുധധാ രികളായ സാദികളാൽ അധിരോഹണം ചെയ്യപ്പെട്ടു് കൂടെനിൽക്കട്ടെ; മദമീറ്റൊഴുകുന്ന മദകരംകൊത്ത കൊലയാനകളെ പ്രാസവും കയറും

Digitized By Kerala Sahitya Akademi

കൈകൊണ്ട ശൂരരായ പാഞ്ചാലന്മാർ വില്ലും ശസ്ത്രാസ്ത്രങ്ങളും ധരിച്ചു് സന്നദ്ധരാകട്ടെ; വളരെ വലുപ്പവും ഭംഗിയുമുള്ള തേരുകൾ കാറിനൊപ്പമെത്തുന്ന വേഗമേറിയ കുതിരകളെ പൂട്ടി, മേൽത്തട്ടിൽ തൈത്യവിധ്വംസികളായ ശസ്ത്രാസ്ത്രങ്ങളും നിറച്ചു സൂതന്മാർ കൊണ്ടുവരട്ടെ; അനവധി കാലാളുകളും ആയുധങ്ങൾ ധരിച്ചു് എന്റെ യാഗാശ്വത്തെ രക്ഷിപ്പാൻ ഒരുങ്ങിവരട്ടെ.' ഇങ്ങിനെ മഹാത്മാവായ കൃഷ്ണൻ പറഞ്ഞതിൻവണ്ണം, കാലജിത്ത് എന്ന പടനായകൻ സകലവും തെയ്യാറാക്കിച്ചു.

പത്തു ധ്രുവകങ്ങളും കഴത്തിൽ തെളിഞ്ഞ ശുക്തിയും മേൽക്കഴത്തിൽ ഭേഷമണിയും (ഓരോതരം മുഴിപ്പുകൾ) കനംകുറഞ്ഞ നല്ല രോമങ്ങളും മുഖത്തു വെള്ളപ്പും കുറിയ ചെവികളിൽ കറുപ്പും പൂണ്ട ഒരു കുതിര മുത്തുമാലകളും മണിക്കോപ്പുകളുമണിഞ്ഞു്, ശ്രോത്രഭടനാൽ പിടിക്കപ്പെട്ട പൊന്നിൻകടിഞ്ഞാണുമായി പരിശോഭിച്ചു. ആ സവ്യാംഗഭ്രഷ്ടിതനായ തുരംഗമത്തുമാർ വെഞ്ചാമരങ്ങൾകൊണ്ടു് വീശപ്പെട്ടും പുറത്തേയ്ക്കെഴുന്നള്ളി. മുമ്പിലും നടുവിലും പിമ്പിലും ആ സേവ്യനായ ഹരിയെ സൈനികന്മാർ, ദേവന്മാരെന്നപോലെ ഉപാസിച്ചു. ക്രമേ, അശ്വ-തേർ-കുതിര-കാലാളുകൾ ഇടതിങ്ങിയ ഒരു മഹാസൈന്യവും നിയോഗിക്കപ്പെട്ടു. അവിടവിടെ, ക്രുദ്ധോന്മത്ത സൈന്യങ്ങളുടെ കോലാഹലവും പെരുമ്പറയൊച്ചയും നഗരത്തിലെല്ലാംമുഴങ്ങി. ആ ശൂരപ്രിയമായ നിർഘോഷത്താലും ആശ്വങ്ങളുടെ ഹേഷാരവത്താലും പാർത്തങ്ങൾ പള്ളിമേടകൾ എന്നിവ വിറകൊള്ളുകയായി. തേരുരുട്ടുകൾ തട്ടിയിട്ടു് ഭൂമി കലുങ്ങുന്നതായി തോന്നി. മന്ദിരം നഗരങ്ങളാൽ മറയ്ക്കപ്പെട്ടു. പൊടി പുറപ്പെട്ടു ദിക്കെങ്ങും മൂടി. കാലജിത്തെന്ന സേനാപതിയാൽ പ്രേരിതമായ മഹാസൈന്യം പെരുമ്പറകൊട്ടുകൊണ്ടു് സൂര്യനെ മറച്ചു പുറപ്പെട്ടു. അതിലെ വീരത്തലവന്മാർ യുദ്ധസംരംഭം പൂണ്ടു് ആർത്തലറികൊണ്ടിരുന്നു. കസ്തൂരിക്കുറിക്കൂട്ടു പൂശി, കിരീടകടകാദ്യാഭരണങ്ങളും നിർമ്മലപുഷ്പമാലകളുമണിഞ്ഞു്, കൈകളിൽ വില്ലുമമ്പും വാളും ധരിച്ചിരുന്ന ആ ദൃഢഗാത്രരായ പടയാളികൾ ശരീരു് കാൽവെപ്പുംകൊണ്ടു് മഹാരാജാവിന്റെ തിരുമുമ്പിലേയ്ക്കു നടകൊണ്ടു. ഇങ്ങിനെ ആ കുതിര ഭൂതലത്തെ കുളമ്പുകളാലുടച്ചുകൊണ്ടും ആകാശത്തെയ്ക്കു കുതിച്ചുകൊണ്ടും പതുക്കെപ്പതുക്കെ യാഗശാലയിൽ എത്തിച്ചേർന്നു.

കുതിര വന്നെത്തിയതു കണ്ടിട്ടു് തിരുവുള്ളം തെളിഞ്ഞ ശ്രീരാമൻ വസിഷ്ഠനോടു വേണ്ടുന്ന കർമ്മങ്ങൾ നടത്തുവാനാവശ്യപ്പെട്ടു. വസിഷ്ഠൻ ഋഷ്യശൃംഗനിയോടുകൂടിയ രാമനെ വിളിച്ചിരുത്തി, ബ്രഹ്മാ

Digitized By Kerala Sahitya Akademi

ത്യാനാശനമായ കർമ്മം ചെയ്തിച്ചു: വൈശീനരങ്ങളെ വെല്ലുന്ന രൂപ നാഥൻ മാൻതോൽകൊണ്ടു ധരിച്ചു, ബ്രഹ്മചാരിയായി മണ്ഡപത്തിൽ അഗ്നികുണ്ഡത്തിനാരികേ സ്ഥിതിചെയ്തു യജ്ഞകർമ്മം ആരംഭിച്ചു. അതിൽ ആചാര്യൻ, വേദശാസ്ത്രവിശാരദനം രാഘുക്കൾക്ക് കുലഗുരുവായ വസിഷ്ഠമുനിതന്നെയായിരുന്നു; അധ്വര്യുപുരോഹിതൻ ബ്രഹ്മനം, വാത്മീകിമഹർഷി അധ്വര്യുവുമായി; കണ്വൻ ഉദ്ഗാതാവിനെക്കൊണ്ടു. യാഗശാലയിൽ, ഋത്വിക്കുകൾക്കു വിധിച്ചുകൊടുത്തിട്ടുണ്ടായിരുന്ന; ഓരോന്നിലും ഇരുപത്തിരണ്ടു മന്ത്രജ്ഞബ്രാഹ്മണർ കാവൽ നിന്നു: കിഴക്കേതിൽ ദേവലൻ, അസിതൻ ഗൗതമർ മാർഗ്ഗികൾ; തെക്കേതിൽ കശ്യപനും അത്രിയുമാകുന്ന ശ്രേഷ്ഠതാപസന്മാർ; പടിഞ്ഞാറേതിൽ ജ്യേഷ്ഠപുരഗവരായ ജാബാലിയും ജാജലിയും; വടക്കതിൽ മിതീകനും ഒളുകനും.

ഇങ്ങിനെ പ്രാരംഭകർമ്മം നടത്തിച്ചുതീർന്നതിനുശേഷം, കുലശ്രേഷ്ഠനായ വസിഷ്ഠൻ വാജിവരിഷ്ഠനെ പൂജിപ്പാൻ തുടങ്ങി. വസ്ത്രാഭരണങ്ങളണിഞ്ഞ സുമംഗലിമാർ അശ്വത്തെ മഞ്ഞൾ അക്ഷതം ഗന്ധം മുതലായവ ചാർത്തിച്ചു, അകിലിൻധൂപമേല്പിച്ചു നീരാജനം ചെയ്തു. ബ്രാഹ്മണർ ചൊന്നവിധം വേശ്യാജനങ്ങൾ സ്വസ്തി ചൊല്ലി. അതിനുശേഷം, ചന്ദനകുങ്കുമാദിഗന്ധങ്ങൾ പൂശിച്ചു ആകമാനം ശോഭിപ്പിക്കപ്പെട്ടിരുന്ന അശ്വത്തിന്റെ നെറിത്തടത്തിൽ ഒരു മിന്നിത്തിളങ്ങുന്ന തനിപ്പൊന്നോല കെട്ടിച്ചു; അതിൽ താഴെപറയുന്ന ഉജ്ജ്വലിതമായ പ്രതാപം എഴുതപ്പെട്ടിരുന്നു:—

(ശ്ലോകങ്ങൾ)

"സൂര്യവംശപയസ്സിന്ധുചന്ദ്രൻ, ധന്വന്തരിക്ഷാഗ്രുവിനും ഗുരു,
ധന്വി, ദേവാസുരർ മണിമൗലി താഴ്ത്തി വണങ്ങുവോൻ;
അവിടുത്തെ മകൻ വീരഭൂപ്പാറാരി രഘുഭൂഷണൻ
രാമചന്ദ്രൻ മഹാഭാഗൻ ശൂരശ്ലാഘ്യരിൽ ശിരോമണി—
കോസലേന്ദ്രന്റെ മകളാം ദേവിതന്നുടെ രക്ഷിയിൽ
വിളങ്ങുന്നൊരു മഹാരത്നം രാമൻ വൈരിഭയംകരൻ—
അശ്വമേധം നടത്തുന്ന വിപ്രനാലുപദിഷ്ടനായ്
രാവണാഖ്യദുർജ്ജയ്രക്ഷോവധപാപമകറ്റുവാൻ.
അദ്ദേഹം വിട്ട വാജീന്ദ്രനാണീ വാഹപുരോഗമൻ
പെരുമ്പടപ്പുരിജനക്കിടങ്ങുകൾ മുഴുന്നവൻ.
ഇതിനെക്കൊണ്ടുപോരുന്ന ശത്രുഘ്നൻ ലവണാന്തകൻ
നാലുഗോപുടയാൽച്ചുറ്റപ്പെട്ടവൻ ലവണാന്തകൻ.

Digitized By Kerala Sahitya Akademi

'നാം ശ്രുരർ വിശ്വാസത്തോരിൽ മുമ്പർ! നാം വന്ദ്യരെന്നിനം!'
ഗുണൊരുഹംത്തുള്ളർ വീർത്തുത്താലുണ്ടോമേതു നൃപക്ഷ്വർ
ഖ്യാതാൽപ്പിടിച്ചുനിൽക്കട്ടെ; മണിമാലയണിഞ്ഞതായ്
തന്നുടെപുത്രുവമ്മിസ്സുഗ്രീതിവാജിയെ;
വിശ്വത്തിലെള്ളുമവരൽനിന്ന ശത്രുഘ്നനുടെസാ
കല്പിയായ് വിളിൽനിന്നാനുചൊരിഞ്ഞാൻപുള്ള സോദരൻ!

ഗുന്നം മറാമായി രാമഭദ്രന്റെ ഉജ്ജ്വലപ്രതാപം ഗുഴുതി ക്കെട്ടിച്ചു മറവിൽ പുഗ്രഹൻ, പാതാളത്തിലും പാരിടത്തിലും കരുപോ ലെ സഞ്ചരിക്കുന്ന ആ വായുഗ്രേഗിയായ വാജിരത്നത്തെ അഴിച്ചുവിട്ടു. ഉടനേ, ആയുധമെടുത്തവരിൽ അഗ്രഗണ്യനായ രാമൻ ശത്രുഘ്നനോടരുളിച്ചെയ്തു:—'ശത്രുഘ്നാ, കൊള്ളുക; സപ്തസുന്ദരിയായ അശ്വത്തിന്റെ രക്ഷയ്ക്കായി പിന്നാലെ നടക്കുക. നിനക്കു മാർഗ്ഗം മംഗളമാകട്ടെ! നിന്റെ കൈകൾ ശത്രുവിജയികളായി ഭവിക്കട്ടെ! ആരെങ്കിലും നേരിട്ടു പോരിനടുത്താൽ അവരെ രക്ഷിക്കണം; ക്ഷത്രിയന്റെ സ്വധർമ്മം പാലിക്കുന്നവരോടൊരുമിച്ചു ഭൂമണ്ഡലത്തിലെങ്ങും രക്ഷിച്ചു നടക്കണം. ഉറങ്ങുന്നവൻ, കൃത്യംവിട്ടവൻ, വസ്ത്രം പോയവൻ, പേടിച്ചരണ്ടവൻ, അടി പേടിച്ചവൻ എന്നിവരെ വധിച്ചു പോകരുതു്: അതു സജ്ജനഗർഹിതമായ പ്രവൃത്തിയാകുന്നു. തോല്പിക്കാത്തവരെ തോല്പിക്കുന്നതു നിഗ്രഹിക്കരുതു്. 'ഞങ്ങൾ അങ്ങയുടെ ആളുകളാണെ'ന്നു പറയുന്നവരും നാമേ തേടുന്നവനെ മറന്നവരല്ല: ഗർവ്വനും, ബോധമില്ലാത്തവൻ, ഉറങ്ങുന്നവൻ, തോറ്റു പേടിച്ചവൻ, കീഴടങ്ങിയവൻ എന്നിവരെ വധിച്ചാൽ അധോഗതി പിന്നീടുണ്ടാകും. പരധനത്തിലും പരസ്ത്രീകളിലും നിനക്കു മനസ്സു ചെല്ലരുതു്; എല്ലാ സൽഗുണങ്ങളും തികഞ്ഞ നീ മറ്റുള്ളതിൽ താല്പര്യം വെയ്ക്കരുതു്. ദയാലുവായ നീ വയസ്സേറിയവർക്കു് ആദ്യം ആയുധം പ്രയോഗിക്കരുതു്. ശത്രുമർദ്ദന, പൂജ്യരെ പൂജിക്കാതിരിക്കരുതു്; ഗോവു്, ബ്രാഹ്മണൻ, വൈഷ്ണവൻ, ധാർമ്മികൻ എന്നിവരെ കണ്ടാൽ വന്ദിക്കേ പോകാവൂ. എന്നാൽ സിദ്ധി കൈവരും. സർവ്വേശ്വരനും സർവ്വസാക്ഷിയും സർവ്വവ്യാപിയുമാണു് വിഷ്ണു; തന്തിരുവടിയെ ഭജിക്കുന്നവർ തന്തിരുവടി തന്നെയാണു്. സർവ്വാന്തര്യാമിയായ മഹാവിഷ്ണുവിനെ സ്മരിക്കുന്നവർ യാവചിലരോ, അവരെ മഹാവിഷ്ണു തന്നെയായി കരുതണം; ഭഗവൽപ്രിയന്മാർക്കു ബ്രാഹ്മണരും പ്രിയരായിരിക്കും; അവർ ലോകനന്മയ്ക്കായി ഭൂവുകുന്നുത്തിൽ നിന്നായയ്ക്കപ്പെട്ടവരത്രേ. താൻ അന്യൻ, ശത്രുമിത്രം എന്നീ ഭേദബുദ്ധിയില്ലാത്ത വൈഷ്ണവന്മാർ ക്ഷണനേരം കൊണ്ടു പാപിയെപ്പോലും പരിശുദ്ധനാക്കും. അതുടെ മുഖത്തു വിഷ്ണു

Digitized By Kerala Sahitya Akademi

നാമവും മനസ്സിൽ സനാതനനായ വിഷ്ണുവും വന്നാൽ വിഷ്ണുതൈരാഗ്യവുമുണ്ടാകും, അവൻ ശരീരനായാലും ദൈവം വൻതന്നെ! മോങ്ങളില്ലാതെ സംസാരസുഖങ്ങളിൽ പ്രീതിയില്ലാത്തവരും സദ്ധർമ്മനിരതരുമായിട്ടുള്ളവരെ നീ വാഴിക്കണം. വിഷ്ണു ശിവന്മാരിലും, ബ്രഹ്മമഹേശ്വരന്മാരിലും ഭേദബുദ്ധി ഒരിക്കലുമരുത്. അവരുടെ പാദനാശനമായ പാപത്തെനിക്കു വരിക്കുന്നവനാണു ഞാൻ. ദൈവജ്ഞ, ഗുരു, മഹാത്മജ്ഞ വൃദ്ധനിരതരെ വെറുതെകൊന്നുതിന്നു കരുതാത്തവർ യാരുമില്ലയോ, നരകരാജനെ സ്വർഗ്ഗലോകത്തുനിന്ന് ഇവിടെ വന്നവരാണെന്നു വിചാരിച്ചുകൊള്ളണം. ഒരുത്തരുടെയും ഭക്ഷിക്കുവാനുള്ള വിഷ്ണുഭക്തിയെ പ്രീതിക്കുവാനായി മഹാശക്തി മറന്നുകൊണ്ടാലും നാവുണ്ടാം അരുതേ, അവൻ വൈഷ്ണവശ്രേഷ്ഠനാണ്. അരുടെ തിരുനാമം മഹാ പാപരാശിയെ ചിക്കനെ വുട്ടെറിക്കുന്നതാണ്, ആ ഭഗവാന്റെ തൃപ്പാദത്തിൽ ഭക്തിയുള്ളവൻ വൈഷ്ണവനാകുന്നു. ഇപ്പറഞ്ഞതുകളെ കീഴടക്കി ഇന്ദിരാരമണനെ മനസ്സിൽ ധ്യാനിക്കുന്നവരെ നാം സ്മരിച്ചാൽ ജനനംമുതൽ മരണംവരെ ശുദ്ധിവരും. നീ പരസ്ത്രീയെ ഒരു വാളിനെയെന്നപോലെ ഉപേക്ഷിച്ചു, യശോഭ്രഷ്ണത്തിന്നിരിപ്പിടമായിത്തീരണം. ഞാനീപ്രപഞ്ചത്തിൽവണ്ണം നടന്നാൽ നിനക്കു ധ്യാനിയമായ മഹായോഗധാമം കൈവരും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, യജ്ഞാശ്വപൂജനം പത്തൊമ്പതാമദ്ധ്യായം.

(0)

പതിനൊന്നാം അദ്ധ്യായം

ഭരതൻ:—ഇപ്രകാരം ഉപദേശിച്ചിട്ട്, ശത്രുനാരനനായ ഭഗവാൻ ശ്രീരാമൻ വീരന്മാരെ തൃക്കൺപാർത്തു വീണ്ടും നന്മയിൽ അരുളിച്ചെയ്തു:—'അശരക്ഷകനായ എന്റെ അനുജൻ ശത്രുഘ്നന്റെ പിന്നാലെ അരാണ് എന്റെ ആജ്ഞയാൽ സാമാന്യത്തിന്നായി പോകുന്നതു്? ഏതു വീരന്മാർ തടുത്താലും അവരെ മർമ്മഭേദികളായ അസ്ത്രങ്ങളം കൊണ്ടു ജയിപ്പാൻ ആക്കു കഴിവുണ്ടോ, അവർ പാരിച്ചയശസ്സിനെ പാരിൽ പരത്തിക്കൊണ്ടു, എന്നെന്റെ ഉടവാളം വാങ്ങിക്കൊള്ളട്ടെ.' ഇപ്രകയും അരുളിച്ചെയ്തപ്പോൾ, ഭരതന്റെ പുത്രനായ പുഷ്കലൻ രഘുനാഥന്റെ കരാംബുജത്തിൽ നിന്നു പള്ളിവാളം വാങ്ങി, തിരുമേനി, ശത്രുഘ്നന്റെ പിന്തുണയുക്കു, ചട്ടയിട്ടു സന്നദ്ധ

Digitized By Kerala Sahitya Akademi

ശസ്ത്രാസ്ത്രങ്ങളും കൈക്കൊണ്ടു് അടിയൻ പോയ്ക്കൊള്ളാം. എ
ല്ലാ ഭൂമണ്ഡലത്തേയും ഇവിടത്തെ പ്രതാപം ജയിച്ചുകൊള്ളും; . ഇ
ന്നുമുതൽ ഒരു നിമിഷം മാത്രം! നിന്തിരുവടിയുടെ ദയകൊണ്ടു്, ദേ
വാസുരന്മാർക്കുപോലും ലോകം മുഴുവൻ യുദ്ധത്തിനുള്ളാലും അടി
യൻമതി തടുത്തുനിർത്താൻ! ധീമാനായ രാമചന്ദ്ര, സകലവും ഇവി
ടെയുള്ള അടിയന്റെ വിക്രമം കണ്ടിട്ടു ബോധപ്പെടും. ഇതാ, അടി
യൻ ശത്രുഘ്നന്റെ ചിന്തുണയുമുറുതി വിടകൊള്ളുന്നു.'

ഇപ്രകാരം ഉണർത്തിക്കുന്ന ഭരതാനുജനെ, കൊള്ളാം എന്നഭി
നന്ദിച്ചിട്ടു ശ്രീരാമചന്ദ്രൻ ഹനുമാൻ മുതലായ വാനരേന്ദ്രന്മാരെല്ലാവ
രോടുമായി കല്പിച്ചു:—'അല്ലയോ മഹാവീരനായ ഹനുമാനേ, ഭവാ
ന്റെ പ്രസാദത്താലാണു് ഈ നിസ്സപത്നമായ രാജ്യം എനിയ്ക്കു കൈ
വന്നതു്; സീതയെ വീണ്ടുകിട്ടിയതും സമുദ്രം കടന്നതും—എല്ലാം—
അങ്ങയുടെ ബലത്താൽ തന്നെ. ഭവാൻ എന്റെ സൈന്യത്തിനു ര
ക്ഷിതാവായി പോകണം; എന്റെ അനുജനായ ശത്രുഘ്നനെ,
എന്നെ എന്നപോലെ തന്നെ കാത്തുരക്ഷിക്കണം: അതയാഥംകൊ് അ
ലോചനത്തെറു വരുന്നോഴൊക്കെ, ബുദ്ധിമാനായ ഭവാൻ വേണ്ടതു
പറഞ്ഞുകൊടുക്കണം.' ധീമാനായ രാമചന്ദ്രന്റെ ഈ അരുളപ്പാടി
നെ ഹനുമാൻ ശിരസ്സിൽചൂടി ദണ്ഡനമസ്കാരം ചെയ്തു. പിന്നെ മ
ഹാരാജാവു വാനരേന്ദ്രനായ ജാംബവാനോടാജ്ഞാപിച്ചു:—'പ്ലവഗ
പ്രമുഖരായ സുഗ്രീവൻ, അംഗദൻ, ഗവയൻ, മൈന്ദൻ, ദധിമുഖൻ,
ശതബലി, അക്ഷികൻ, നീലൻ, നളൻ, അധിഗന്താവു മുതലായ നി
ങ്ങളെല്ലാവരും ഒരുങ്ങി ചട്ടയും തലപ്പാവുമണിഞ്ഞു നല്ല കുതിരകളെ
പൂട്ടിയ തങ്കത്തേരുകളിൽ കേറി വേഗത്തിൽ നടകൊള്ളുവിൻ.'

ബലവീര്യങ്ങളാൽ കൊണ്ടു രാജമാനനായ രാമൻ പിന്നീടു സുമന്ത്ര
മന്ത്രീന്ദ്രനെ വിളിച്ചു ചോദിച്ചു:—'അമാത്യശ്രേഷ്ഠ, രാജാക്കന്മാരിൽ
ആരെയെല്ലാമാണു് അശപരക്ഷയ്ക്കായയ്ക്കേണ്ടതു്?' അശപരക്ഷണാ
ത്തിനു തക്ക ബലവാന്മാരായ നരേന്ദ്രന്മാരെ ആ സചിവപുംഗവൻ ചൂ
ണ്ടിക്കാണിച്ചു:—'രാമനാഥ, എല്ലാ ശസ്ത്രാസ്ത്ര വിദ്യകളിലും വിദഗ്ധ
രായ വീരവില്ലാളികളാണു്, നീലരത്നൻ, പ്രതാപാഗ്രൻ, ലക്ഷ്മീനി
ധി, രിപുതാപൻ, ഉഗ്രാശപൻ, ശസ്ത്രവിത്തു് എന്നീ രാജാക്കന്മാർ. ഈ
നീലരത്നാപൻ തേരാളികളിൽ മുമ്പനായ ഒരു മഹാവീരനാണു്; ഇ
ദ്ദേഹംതന്നെമതി, ലക്ഷ്മാപേരെ രക്ഷിപ്പാനും, ലക്ഷ്മാപേരോടു നിർഭയം
പൊരുതാനും. ഇദ്ദേഹവും, ചട്ടയും തൊപ്പിയുമിട്ട മഹാരാജന്മാരായ പ
ത്തക്ഷൗഹിണി പടയാളികളോടുകൂടി, വാജിരക്ഷയ്ക്കു നടകൊള്ളട്ടെ.
കടിപ്പുരായ ക്രൂരമൃഗങ്ങളെ ഇരുമ്പുകൊണ്ടുള്ള കൂടുകളിൽ ശരങ്ങളും ചൊരി

Digitized By Kerala Sahitya Akademi

ഞ്ഞു കൊണ്ടോടുകയിയ അളവറ്റ പ്രതാപശ്രീ പ്രൻ; ഈ സർവ്വസൈന്യങ്ങ ളൻ വൈരിവിധ്വംസനത്തിനൊരുങ്ങി, വില്ലും കൈക്കൊണ്ടു, ഇരുപ തക്ഷൗഹിണിയോടുകൂടി, യജ്ഞശരക്ഷയ്ക്കായി ഗമിക്കട്ടെ. ലക്ഷ്മീ നിധി എന്ന ക്ഷത്രിയശ്രേഷ്ഠൻ തപസ്സുചെയ്തു ബ്രഹ്മപദവിയെ പ്രാപ ദിച്ചിച്ചു ബ്രഹ്മാസ്ത്രം, പാശുപതാസ്ത്രം, ഗാന്ധർവാസ്ത്രം, നാഗാസ്ത്രം, മയൂരാസ്ത്രം, നകുലാസ്ത്രം, വൈഷ്ണവാസ്ത്രം, പർജ്ജന്യാസ്ത്രം, വജ്രാ സ്ത്രം, പവ്വതാസ്ത്രം, വായവ്യാസ്ത്രം മുതലായ അസ്ത്രങ്ങൾ ശീലിച്ച ശ്രീ രശിരോമണിയാണ്"; സർവൈശ്വര്യസമ്പന്നയായ ഭൂദേവിയെ തന്നെ കരിണിപുടയോടുകൂടി നടകൊള്ളട്ടെ. എല്ലാ ശസ്ത്രാസ്ത്രങ്ങളിലും വിശ് ഷ്ടമുള്ള വിദ്യാവിശേഷമാണ് തിപുരാപൻ; ശത്രുരാജങ്ങാംങ്ങ കാട്ടിതീയാ യ ഇദ്ദേഹം ഒരു വമ്പിച്ച ചതുരംഗസൈന്യത്തോടൊന്നിച്ചു ഗമിക്ക ട്ടെ. ഉഗ്രശപൻ, ശസ്ത്രവിദ്യയ് എന്നീ മഹാരാജാക്കന്മാരും സന്ന ദ്ധരായി പുറപ്പെടട്ടെ. ഈ കുതന്ത്രമാരെല്ലാവരും ശത്രുഘ്നന്റെ വശതിയിൽ വർത്തിക്കുകയും ചെയ്യട്ടെ.' മന്ത്രിയുടെ വാക്കിനാൽ മനം കുളിത്ത ശ്രീരാമൻ ആ രാജാക്കന്മാരേയും അയ്ക്കാപിച്ചയച്ചു. എ റെനാളായി പോരാട്ടം കൊതിച്ചുകൊണ്ടിരിക്കുന്ന ആ യുദ്ധോത്സാഹന്മാർ സീതാപതിയുടെ അനുജ്ഞ കിട്ടിയതിൽ സന്തോഷംപൂണ്ടു, ചട്ടയും മ റുമിട്ട ശസ്ത്രാസ്ത്രങ്ങളേന്തി, ശത്രുഘ്നസവിധത്തിൽ ചെന്നുചേർന്നു.

അതിനുശേഷം വസിഷ്ഠപ്രേരിതനായ രാമൻ ആ വാസ്ത്രാദികളാ യ മഹർഷിമാരെയെല്ലാം വേണ്ടുന്ന ദക്ഷിണ നൽകി പൂജിച്ചു: ആചാ യ്യനു് അരുചിയുണ്ടാക്കുന്ന ഒരു കൊമ്പനാനയേയും, രത്നാലങ്കാ രണിഞ്ഞ ഒരു മനോഹരിയായ കുതിരയേയും, നാല കുതിരകളെ പൂ ട്ടിയ സർവസാമഗ്രികളും ചേർന്ന ഒരു പൊന്തേരിനേയും ഒരു ലക്ഷം പ തങ്ങളും, നൂറു തുലാം മുത്തും, ആയിരം തുലാം പവിഴവും, നാ നാജനങ്ങൾ—വിവിധസസ്യങ്ങൾ— പലതരം ഗന്ധങ്ങൾ എന്നിവ നിറഞ്ഞ ഒരു സമൃദ്ധഗ്രാമവും ദാനംചെയ്തു; അതുപോലെ തന്നെ ബ്രഹ്മാവു്, രോതാവു്, അധ്വര്യു എന്നീ ഋത്വിക്കുകൾക്കും വൽകി നാ മസ്കരിച്ചു. അവരെല്ലാവരും, 'മഹാരാജാവേ, രാമഭദ്ര, രഘുത്തമ, ചിരകാലം ജീവിച്ചാലും' എന്നനുഗ്രഹിച്ചു. ബ്രാഹ്മണർക്കു കന്യകാദാനം, ഗ്രഹദാനം, ഗജദാനം, അശ്വദാനം, സ്വർണ്ണ ദാനം, തിലദാനം, മൈഥുനികദാനം, അന്നദാനം, ഭൂമിദാ നം, രത്നദാനം എന്നിവയെല്ലാം ശ്രീരാമൻ ശരിക്കനുഷ്ഠിച്ചു.

'നൽക നൽക ധനംനൽക; ചൊല്ലിപ്പിച്ചൊരാളാകും;
ആനന്ദമേകുക, ഭോഗ്യങ്ങളെല്ലാമൊത്തനുഭവിക്കുക.'

Digitized By Kerala Sahitya Akademi

ന്റെനായിരുന്ന, ധീമാനായ രാമചന്ദ്രന്റെ ശാസനം. ഇങ്ങിനെ, ദക്ഷിണാവാങ്ങിയ ബ്രാഹ്മണശ്രേഷ്ഠരോടും സർവസൽക്കർമ്മങ്ങളോടും കൂടി യാഗം ആരംഭിക്കപ്പെട്ടു.

ശത്രുഘ്നൻ അമ്മയുടെ അടുക്കൽച്ചെന്നു നമസ്കരിച്ചു:—'അമ്മേ, വിടതന്നാലും: ഞാൻ ഇതാ, യാഗാശ്വത്തെ രക്ഷിപ്പാൻ പോകയാണ്; ഇവിടത്തെ പ്രസാദത്താൽ, മഹാരാജാക്കന്മാരോടുകൂടി ശത്രുക്കളെ ജയിച്ചു പ്രശസ്തിനേടി, തുരംഗമശ്രേഷ്ഠനേയുംകൊണ്ട് തിരിച്ചു വരുവാൻ എനിക്കു സാധിക്കട്ടെ!'

മാതാവ്:—'മകനേ, മഹാവീര, നീ പോയ്ക്കൊൾക. നിനക്കു മാർഗ്ഗം മംഗളമായിഭവിക്കട്ടെ! നീ ശത്രുക്കളെയെല്ലാം ജയിച്ചു മടങ്ങിവരിക. ഭ്രാതൃപുത്രനായ പുഷ്കലനെ നല്ലവണ്ണം നോക്കണം: അവൻ വലിയ ധർമ്മജ്ഞനാം ബലവാനുമാണെങ്കിലും, കളിമാറിയിട്ടില്ലാത്ത കുട്ടിയാണല്ലോ. നീ പുഷ്കലനോടുകൂടി ശ്രേയസ്സോടേ തിരിച്ചുവന്നാലേ എനിക്ക് സന്തോഷമുണ്ടാകയുള്ളു; മറിച്ചായാൽ ഞാൻ ദുഃഖത്തിലിട്ടേടം!'

ശത്രുഘ്നൻ:—'അമ്മേ, പുഷ്കലനെ ഞാൻ എന്റെ ദേഹത്തെ എന്നപോലെ സംരക്ഷിച്ചു സാർത്ഥനാമാവാക്കി, സസന്തോഷം തിരിയേ വന്നുകൊള്ളാം. ഇവിടത്തെ തൃപ്പാദസ്മരണയാൽ എനിക്കു നല്ലതേ വരൂ!'

ഇപ്രകാരം പറഞ്ഞു, ആ വീരൻ, യാഗശാലയിൽ യജ്ഞോപവീതം പൂണ്ട് മഹർഷിമാരൊന്നിച്ചു സ്ഥിതിചെയ്യുന്ന ശ്രീരാമന്റെ അടുക്കൽച്ചെന്നുണർത്തിച്ചു:—'തിരുമേനി, ഇവിടത്തെ യാഗാശ്വത്തെ രക്ഷിപ്പാൻ പോയ്ക്കൊള്ളുന്നതിനു കല്പനതന്നാലും!' ഇതുകേട്ടിട്ട് രഘുനാഥൻ, 'നല്ലതുവരട്ടേ' എന്നിങ്ങിനെ അരുളിച്ചെയ്തു:—'ഖാലൻ, സ്തൂണി, പ്രമത്തൻ, നിരായുധൻ എന്നിവരെ നീ വധിച്ചുപോകരുതേ!' തൽക്ഷണം, ജനകന്റെ പുത്രനാം ജാനകിയുടെ സഹോദരനായ ലക്ഷ്മീനിധി കുറഞ്ഞൊന്നു ചിരിച്ചു, കണ്ണുകടം തുളുമ്പിച്ചുംകൊണ്ട് രാമനോട്ടരിയാടി:—'മഹാഭാഗ്യനായ രാമചന്ദ്ര, സർവധർമ്മനിരതനായുള്ളോരവേ, ശത്രുഘ്നൻ ലോകോത്തരനായിഭവിക്കുമാറ് ഉപദേശിച്ചുകൊണ്ടാലും! പുരുഷന്മാർ ആചരിച്ചു കലോചിതകർമ്മം ആർ ചെയ്യുമോ, അവനെ തേജോമയമായ പരമപദം പ്രാപിക്കുകയുള്ളു. മഹാരാജാവേ, ഇവിടുന്നു പറഞ്ഞുവല്ലോ, ബ്രാഹ്മണനെ അവമാനിക്കരുതെന്ന്; എന്നാൽ, നാടുകയുടെ അനുജൻ പിതൃഘാതിയായ ബ്രാഹ്മണനെ കൊന്നവനാണ്! അവനും വാണിച്ചു നിന്ദ്യകർമ്മം ചെയ്യുന്ന ലോകപ്രസിദ്ധനാണ്: അധർമ്മിയായ സ്ത്രീയെ അങ്ങു വധിച്ചുകളഞ്ഞില്ലയോ? ഇയ്യാളുടെ ശ്രദ്ധപുൻ

Digitized By Kerala Sahitya Akademi

ചെയ്ത പരാക്രമം—രാക്ഷസസ്ത്രീയുടെ ചെവിയരിയുക എന്നതു്—പണ്ടു് ആരും ചെയ്തിട്ടില്ലാത്ത ഒന്നാണു്! ഈ വികൃതിയൊക്കെ വേണം, അംഗദയുടെ ഉപദേശത്താൽ ശത്രുഘ്നൻ ചെയ്യുക; അല്ലാഞ്ഞാൽ, വംശത്തിന്നു യോജിച്ചതാവില്ല!!' സർവ്വാഭ്യുദയാഭിലാഷനായ രാമൻ പുഞ്ചിരിക്കൊണ്ടു് മേഘഗംഭീരസ്വരത്തിൽ മറുപടി പറഞ്ഞു:—'സുഖാസുഖങ്ങളിൽ സമചിത്തന്മാരായ ശാന്തയോഗികളാണു് നിങ്ങൾ; സംസാരസമുദ്രം കടക്കാനുള്ള ഉപായവും മാർഗ്ഗം നിങ്ങൾക്കറിയാം; എന്നാൽ യുദ്ധത്തെപ്പറ്റിയുള്ള അറിവു്, എല്ലാ ശസ്ത്രാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ള ശൂരവില്ലാളികൾക്കായിരിക്കും; നിങ്ങളുടെ ബ്രഹ്മചര്യം! ക്ഷമാർത്തനിൽ ചരിക്കുകയും അന്യരെ ഉപദ്രവിക്കുകയും ചെയ്യുന്നവർ യാതചിലരോ, അവരെല്ലാം ലോകഹിതം തേടുന്ന മഹാത്മാക്കൾ മാത്രമാകുന്നു.' ശത്രുഘ്നന്റെ ഈ സംസാരം കേട്ടിട്ടു് സഭാസ്ഥരൊക്കെ പുഞ്ചിരിയിട്ടു.

കലശോത്ഭവനായ വസിഷ്ഠൻ പൂജിക്കപ്പെട്ട ശോഭനാശ്വത്തെ അഴിച്ചുവിട്ടു: അദ്ദേഹം അതിനെ കരാംബുജംകൊണ്ടു് സ്പർശിച്ചു് ഈ മന്ത്രം ഉച്ചരിച്ച വിജയം ആശംസിച്ചു:—

'അശ്വമേ, കളിയാവണ്ണം മന്നിലെല്ലാം നടന്ന നീ
യാഗാർത്ഥം വിട്ടയപ്പോൾത്തിരിച്ചെത്തുക സത്വരം!'

മോചിതമായ ആ മനോജ്ഞാശ്വം ശസ്ത്രാസ്ത്രങ്ങളിൽ പാടവമുള്ള ഭടന്മാരാലെല്ലാം പുറപ്പെട്ടു, കിഴക്കേദിക്കിലേയ്ക്കു നടക്കൊണ്ടു. സൈന്യവും ഒട്ടൊഴിയാതെ മനോഹരം കുതിക്കൊണ്ടു പുറപ്പെട്ടു; ആ പ്പോൾ ഭൂമിയെ താങ്ങുന്ന ശേഷന്നും പത്തി കുറെ കുനിഞ്ഞുപോയി! ദിക്കുകളെല്ലാം തെളിഞ്ഞു; ഭൂമണ്ഡലം ശോഭിച്ചു; കാറ്റു് ശത്രുഘ്നന്റെ പിന്നിലായി പതുക്കെ വീശി; യാത്ര പുറപ്പെട്ട ശത്രുഘ്നന്നു് ശുഭവും ജയവും സൂചിപ്പിച്ചുകൊണ്ടു് വലത്തെക്കയ്യു് വലിച്ചു.

പുഷ്കലനാകട്ടേ ഭംഗിയേറിയ വരാന്തകൾകൊണ്ടും രത്നത്തറകൾകൊണ്ടും ശോഭിക്കുന്ന സമൃദ്ധിമത്തായ തന്റെ രമണീയഗൃഹത്തിൽ ചെന്നൊത്തി. അപ്പോൾ, തന്റെ പതിവ്രതയായ ഭാര്യ ഭർത്താവിനെ കാണ്മാൻ കൊതിച്ചുകൊണ്ടിരിക്കുന്നതു് അദ്ദേഹത്തിന്നു കാണുമാറായി.

(ചതുശ്രേരി രീതി)

ശ്രവണശ്രുതിയുൾക്കൊണ്ടയാളുകൾ
ശ്രവണപുടവിതാനത്തണ്ണിനെയാകും,

Digitized By Kerala Sahitya Akademi

താമരത്താരൊത്ത വക്ത്രത്തിൽക്കർപ്പൂര-
താംബൂലമിട്ട ചവച്ചിരുന്നു;
മൃത്യുമുഖത്തിരുന്നും, പൊയ്ത്താർവള്ളരഞ്ഞി-
ന്നൊത്ത ഭുജങ്ങളിൽക്കാപ്പുകളിച്ചും,
താരൊളിക്കൽകളിൽത്തങ്കത്തളകളും
നൃത്ഥാരനിതംബത്തിൽപ്പട്ടാടയും
ചാർത്തിവിളങ്ങുമാത്മനാഥിയുടെ കാന്തനെ-
പ്പാരത്തുകണ്ടുപോഴ്കകളിത്ഥം!
തൊണ്ടയിടറ്റിയോടെന്തോകഥിയ്ക്കുമാ-
ക്കൊണ്ടൽനേർവേണിതൻ കൊങ്കരണ്ടും
ഗാഢമായ് മാറിലണച്ചുപുണർന്നതി-
പ്രൌഢനോം പുഷ്കലൻ യാത്രചൊന്നാൻ:—

'ഓമനേ, രാമന്റെ കല്പനപ്രകാരം യാഗാശ്വത്തെ രക്ഷിക്കുന്നതിനു ശത്രുഘ്നന്റെ പിന്തുണക്കാരനായി തേരേറി പോവുകയാണു് ഞാൻ. നീ എന്റെ അമ്മമാരെ കാൽതലോടിക്കൊണ്ടും മറും ശുശ്രൂഷിച്ചുകൊള്ളണം; അവരുടെ ഉൗൺകഴിഞ്ഞേ ഉണ്ണാവൂ. തപോബലത്താൽ പരിശോഭിക്കുന്ന ലോപാമുദ്രാദിപതിവ്രതമാരിലാരെയും നീ അനാദരിച്ചുപോകരുതു്.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവത്സ്യായന സംവാദം,
രാമാശ്വമേധപ്രകരണം, യജ്ഞാശ്വമോചനം പതിനൊന്നാമദ്ധ്യായം.

— (o) —

പന്തിരണ്ടാമദ്ധ്യായം

ശേഷൻ:—

(കിളിപ്പാട്ടു് — കേക.)

പ്രേമപൂർണ്ണയായ് പ്രാണനാഥനെ വീക്ഷിച്ചുവശം
തുമ്പത്തുസ്ഥിതം തുകിച്ചൊല്ലിനാൾ സഗദ്ഗദം:—
'ആജ്ഞയിലെപ്പോഴും നാഥ, വിജയം ഭവിക്കട്ടേ!
വാജിരക്ഷയ്ക്കായ് പ്രേഷ്ഠ ശത്രുഘ്നന്നിയോഗത്തെ
എങ്ങുമേക്കണ്ണേ തൻകാൽ സേവിക്കുമിദ്ദാസിയെ;-
യങ്ങയ്ക്കു മനസ്സെന്നുമന്യത്ര പൊയ്പ്പോകൊല്ലേ!
പോരാഞ്ഞം പൊഴിതെന്നെയോർക്കുന്നൊരിക്കലും
വീര, മൽസ്മൃതിയിൽത്തേ വിജയം സന്ദിശ്യമാം!

Digitized By Kerala Sahitya Akademi

റ്റൊന്നെയുമ്മിളയ്ക്കാറ്റുമാളികം ഗണിക്കുമാ-
റന്യൂനം പ്രവർത്തിയ്ക്കുകംബുജേക്ഷണൻ, ഭവാൻ.
ദേവരാംഗനാജനമെന്തടെനോരേ നോക്കി,-
പ്പോർവിട്ടോടിയ ഭടിഞ്ഞാണെന്റെ പതനിതാ!
ഭീരുക്കൾ പൊരുതീടുമെന്നാകിലെവിടെയാ
ശ്ശൂരർക്സഞ്ചയ'മെന്നോവമുറ്റുത്തിൽപ്പൊട്ടി,
കൈകൊട്ടിച്ചിരിക്കുവാനിടയാകാത്തവിധം
ചെയ്യുവേണമേ ശ്രീരാമാ രക്ഷയിൽപ്പെടുവാൻ.
പൊരിനെഞ്ഞമേ ഭവാൻ മുന്നിൽ; മാറാർ പിന്നിൽ;
വൈരികൾ ബുധിരാകട്ടെ നിൻവില്ലൊച്ചയാൽ!
തൽക്കരാരവിന്ദത്തിൽത്തിളങ്ങുമുടവാളാൽ
ചിക്കനേപടിച്ചുരണ്ടോടട്ടേ രിപുസൈന്യം.
നൽക്കുലമരികളെ വൈധവ്യംകരിച്ചാലും;
പോയ്ക്കാറ്റംക മഹാപൊരോ; ഇതാവേ, തവസുതം!
വില്ലിതാ, കൈക്കൊണ്ടാലും വന്ദിച്ചു ഞാനെല്ലൊന്നും;
തെല്ലിതിൻനാദംകേട്ടാൽ പാറലർ നടുങ്ങിപ്പോം.
കോടിശാത്രവധപംസിപൊണകോടികം തിങ്ങും
പ്രൌഢതൂണികളിതാ, കെട്ടിക്കൊരുകിഷ്കംപോലെ.
ഹീരദീപ്തിയാലിരുൾ നീക്കുന്ന ചട്ടയിതാ,
മാരമഞ്ജുളമെയ്യിൽ മുറുകെപ്പിരപ്പാനും
കാന്ത, രമ്യമിത്തൊപ്പി ശിരസ്സിലണിഞ്ഞാലും;
കാന്തിയേറിയ രത്നകുണ്ഡലങ്ങളിതാ.'

ഇത്തരം ഭംഗ്യാ ചൊന്ന വീരപുത്രിയെ നേര-
പ്പൊയ്ത്താരാലാരാധിച്ചു പൂർണ്ണസന്തോഷത്തോടും,
'ഓമനേ, കാന്തിമതി, നീ ചൊന്നവണ്ണം ചെയ്വൻ;
കാമംപോലുള്ളവാം തേ വീരവസ്ത്രമാകീർത്തി!'
എന്നേവമുരചെയ്തു വൈരിവർഗ്ഗത്തെഞ്ഞെയ്തി-
ക്കുന്ന പോർവിദ്യതെഴും ഭരതാത്മജൻ വീരൻ,
അക്കാന്തിമതി താൻ താനെടുത്തുകൊടുത്ത വി-
ല്ലഗ്ര്യപുണീരങ്ങളും ചട്ട തൊപ്പിയുമെല്ലാം
കൈക്കൊണ്ടു ധരിച്ചുതികാന്തിയാൽ വിളങ്ങിനാ-
നൽഘടപ്പടയാളി സാദ്ധ്യശ്രദ്ധാഭിജ്ഞൻ,
മങ്കമാർമണി പിന്നെക്കണ്ടുരീമലയജ-
കുംകുമാങ്കിതം പൂശിപ്പാരോമൽക്കണവനെ
.വാരുവായ്ക്കാൽമുട്ടോളം തൂങ്ങിയ നാനാപുഷ്പ-
വീരമാലയും ഭംഗ്യാ ചാർത്തിച്ചു, പലവട്ടം

Digitized By Kerala Sahitya Akademi

മംഗളനീരാജനം ചെയ്തു മുത്തുകൾതൂകി-
ത്തിങ്ങിയ കണ്ണീരോടും ഗാഢമായ്ത്തഴുകിനാൾ
'മറ്റൊരുത്തരവേണം വീരപത്നി, നീയെൻവേർപാടാൽ;
ഒരുകാരണവശാൽ, നീ സന്നിധൌ വരുവൻ ഞാൻ.'
എന്നാശ്വസിപ്പിച്ചിട്ടുപോന്ന കാന്തയെക്കെട്ടിപ്പുണ-
ർന്നാരോഹണത്തിനായ് പള്ളിരഥത്തേറി നടകൊണ്ടാൻ
കണ്ണീരയ്ക്കാതെ നേരെ, നോക്കിനിന്നിതു കയൽ-
ക്കണ്ണിണയാം കാന്തിമതി കാന്തനൊപ്പിരകാലം.

പുഷ്പകവാൻ അയോദ്ധ്യാപുരത്തെ കാണാൻ തുടങ്ങി, പ്രേമവിവശ
യായ മാതാവിനെയും പിതാവിനെയും തലതാഴ്ത്തി വന്ദിച്ചു. അമ്മ
മകനെ ഒരുനാൾ മടിയിൽ കോരിവെച്ചു, കണ്ണുനീർ പൊഴിച്ചുംകൊ
ണ്ടു സ്വപുത്രി തൊട്ടു. പുഷ്പകവാൻ അവർക്കു ഭരതനോടുണർത്തിച്ചു:—
'യാഗദീക്ഷ പൂണ്ടിരിക്കുന്ന ശ്രീരാമനെ മഹാത്മാക്കളായ ഭവാന്മാരും
ലക്ഷ്മണനും ക്രൂടി സംരക്ഷിച്ചുകൊള്ളണം.' പിന്നെ, അമ്മയാലും അ
ച്ഛനാലും വിട നൽകപ്പെട്ട പുഷ്പകവാൻ ശോകംമയിർക്കൊണ്ടു, മഹാവീ
രന്മാരാൽ അലംകൃതമായ ശത്രുഘ്നന്റെ പാളയത്തിൽ ചെന്നു
ചേർന്നു.

രാമനാമധേയാഗാരേപത്തിന്റെ അഗ്രസരനായ ശത്രുഘ്നൻ
ശൂരരായ തേരാളികളാലും കാലാളുകളാലും സമീകരളോടുകൂടിയ സൈ
ന്യങ്ങളാലും പരിവൃതനായി പുറപ്പെട്ടു; പാഞ്ചാലം-കുരു-ഉത്തരകുരു-
ശ്രാവണ്ണം വിശാലം തുടങ്ങി സമുദ്രതീരങ്ങൾവരെ ചിന്നിച്ചു. അവിടങ്ങ
ളിലെല്ലാം അരുൾചെയ്തു രാമനാമധേയം—രാവണരാക്ഷസനെ കൊ
ന്നതും, ലങ്കയെ സംരക്ഷിച്ചതും, വിശ്വേശ്വിച്ചു് അശ്വമേധം തുടർ
ച്ചിരിക്കുന്നതും മറ്റും—കീർത്തിക്കുന്നതിനുവേണ്ടിയത്രേ. 'രാമൻ കീർത്തിച്ച
രുന്നിടുന്ന ലോകങ്ങളെ ഭയന്നീവ്വണ്ണം രക്ഷിക്കും' എന്നിങ്ങിനെ പു
കഴ്ന്നാവർ ശത്രുഘ്നൻ മുത്തുമാലകളും പലവർണ്ണം രത്നങ്ങളും വിവ
ധതരിയ വസ്ത്രങ്ങളും സമ്മാനിക്കുമെന്നിരുന്നു. സാഹിത്യാവിദഗ്ദ്ധനും
തേജസ്വിയുമായ സുമതി എന്ന ശ്രീരാമസചിവനായിരുന്ന ശത്രുഘ്ന
ന്റെ ആസ്ഥാനത്തെത്തുടർന്നു ആ ധീരൻ പല ഗ്രാമങ്ങളും
കടന്നുപോയി. രാമനാമത്തിന്റെ പ്രഭാവത്താൽ രുധിരയെ ആരും ത
ടുക്കുകയുണ്ടായില്ല. അന്ന-തേർ-രുധിര-കാലാളുകളാകുന്ന ചതുരംഗ
സൈന്യത്തെത്തുടർന്ന വളരെ നാടുവാഴികളും മുത്തും മാണിക്യവുമാകു
ന്ന ധനങ്ങളും കാഴ്ചവെച്ചു, ഓരോരക്ഷകനായ ശത്രുഘ്നനെ വന്ദി
ച്ചു. 'രാമദേവാ, ഈ രാജ്യവും ധനവും പുത്രമിത്രങ്ങളും പത്നിയുമെല്ലാം
മൊക്കെ രാമചന്ദ്രന്റെ വകയാണു്; എന്റേതല്ല' എന്നിങ്ങനെ ഓ

Digitized By Kerala Sahitya Akademi

നേരുത്തരം കീഴടങ്ങി, ശത്രുഘ്നനെ പിന്തുടർന്നു. ഇങ്ങിനെ അദ്ദേഹം ക്രമേണ അഹിച്ഛത്രാനഗരത്തിൽ ചെന്നെത്തി.

[കിളിപ്പാട്ട് — കൈകളി]

പൊന്നംപട്ടിംകുമാ ശോഭുരാഭ്യുങ്കം
മിന്നുമാപ്പത്തനാം രത്നവിചിത്രിതം
അരണൻ, ക്ഷത്രിയൻ മുന്നായ്പ്പുലരും-
ക്കാരാകുമാളികം വാഴുപൊന്നങ്ങളെ;
അൻപോടുമേടമേലെല്ലാം രമിക്കുന്ന
രംഭയെപ്പോലും മടിയും രമണിമാർ;
പുരുഷന്മാരൊ, സദാധർമനിരതരും
പൂർണഭോഗങ്ങളനുഭവിപ്പോരുമായ്
തത്രവിഹരിച്ചുപോരുന്ന സന്തതം
വിത്തനാഥാനുഗന്മാരെന്നപോലവെ;
അന്നെയ്ത്തിൽ വന്മരാം വില്ലാളിവീരരു-
ങ്കൻപിയറുന്ന സുമേരുനരേന്ദ്രനിൽ.

അപുരത്തിനാന്തരാളെങ്ങാരു പൂന്തോട്ട-
മത്ഭുതരൂപമനേകദ്രുമാവൃതം:
ദേവതാരം, പനസൻ, പാതിരി, മന്ദാര-
കോവിദാരങ്ങളം, പിലാവുകം, പുന്നയും,
ഞാവൽ, കടമ്പുകം, നീപം, മുരക്കുമരം,
മാവു, തേന്മാവുകം, മൈലെള്ളി, ലഞ്ഞിയും,
താലതമാലങ്ങളം, നാഗം, മലങ്കാര,
മാലതി, മുല്ലകം, കുങ്കേളി, ചമ്പകം
രണ്ടുനിവടേരുമാത്തോട്ടു പുക്കാൻ രഥം;
ചെന്നപിമ്പേ ഭടരൊത്ത ശത്രുഘ്നനും.

അവിടെ ഇന്ദ്രനീലം, വൈഡൂര്യം, മരതകം രണ്ടുനിവയാൽ നിർമ്മിതവും കനകസ്തംഭങ്ങളാൽ അലംകൃതവുമായ ഒരു ദേവാലയം ഉണ്ടായിരുന്നു; ദേവകൾക്കും സേവനീയമായി കൈലാസത്താഴ്വര യ്ക്കാപ്പം വിളങ്ങുന്ന ആ വിസ്മയകരമായ മഹാക്ഷേത്രം കണ്ടിട്ടു രാഘവാനുജൻ വാഗ്മികളിൽ മുമ്പനായ തന്റെ മന്ത്രിയോട്— സുമതിയോട്—ചോദിച്ചു:—'മന്ത്രിശ്രേഷ്ഠ, ഇതെന്തു ക്ഷേത്രമായിരിക്കാം? ഏതുദേവതയുടെയാണ", ആരാണ്", ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു"?' സർവ്വജ്ഞനായ മന്ത്രി മറുപടിപറഞ്ഞു:—'ലോകത്തിനെല്ലാം സുഖം നൽകുന്ന വിശിഷ്ടമായ കാമാക്ഷിക്ഷേത്രമാണിതു"; ഇവിടെ ദേവിയെ

Digitized By Kerala Sahitya Akademi

ദർശിച്ചാൽ സർവസിദ്ധികളും ലഭിക്കും. ദേവാസുരന്മാർ പോലും അനുഭവിയ്ക്കുന്ന ഈ ഭോഗവസ്തുക്കളെ വാങ്ങിവയ്ക്കുന്നതിനാണു്. പിന്നെ ദൈത്യാധിപനായ സുമതൻ അപേക്ഷിച്ചതിനാലത്രേ, ധർമ്മത്തിനു കാരണഭൂതയായ പ്രാതഃസ്മരണീയയായ ഭഗവതി ഇവിടെ വാണരുളുന്നതു്. സർവജ്ഞശിരോമണിയായ ശൃഗാലിനെ ഭഗവാൻ തന്തിരുവടിയെ നമസ്കരിച്ചാലും; എന്നാൽ ദേവാസുരർക്കും സുദുർല്ലഭമായ സമ്പത്തു ലഭിയ്ക്കും.' ഇതു കേട്ടപ്പോൾ, ശത്രുനാശനനായ ശത്രുഘ്നൻ വീണ്ടുമുള്ള ചരിതമെപ്പോലെ സുമതിയോടു ചോദിച്ചു:—'ആരാണു്, ദൈത്യാധിപരാജാവായ സുമതൻ? ഈ സർവജ്ഞശിരോമണിക പ്രതിഷ്ഠിച്ചു് ഇവിടെ വാണപ്പോന്നതിനു് എന്തൊരുത്തപസ്സാണു് അദ്ദേഹം ചെയ്തതു്? സുവിവേകാത്മാ, ഈ സംഗതിയെല്ലാം പറയുക. ഭവാനു വാസ്തവമെല്ലാം അറിയാമല്ലോ.'

സുമതി:—'ദേവകളാലും സംശോഭിതമായി മേരുശൃംഗം എന്നൊരു പർവതമുണ്ടല്ലോ; അവിടെ ബ്രഹ്മനിശ്വസിതമായി വിമലം എന്നൊരു തീർത്ഥമുണ്ടു്. അവിടെയത്രേ, സുമതൻ തപസ്സുചെയ്തതു്. ഇദ്ദേഹത്തിന്റെ അച്ഛനമ്മമാരേയും മക്കളേയും ശത്രുസാമന്തന്മാർ കൊന്നകളഞ്ഞിരുന്നു. മൂന്നുകൊല്ലം ഇദ്ദേഹം ഒറയാലിന്മേൽനിന്നു നാസാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചു ലോകമാതാവിനെ ധ്യാനിച്ചു; മൂന്നുകൊല്ലം ഉണക്കില ഭക്ഷിച്ചും കൊണ്ടു പരമദുഷ്കരമായ തീവ്രതപസ്സനുഷ്ഠിച്ചു; മൂന്നുകൊല്ലം തണുപ്പുകാലത്തു വെള്ളത്തിലും വേനൽക്കാലാഗ്നി മദ്ധ്യത്തിലും വർഷത്തിൽ മഴയത്തും സ്ഥിതിചെയ്തു; മൂന്നുകൊല്ലം പ്രാണായാമംകൊണ്ടു ദേഹിയെ ധ്യാനിച്ചുവന്നിരുന്നു.

ഇങ്ങിനെ പതിനൊരുകൊല്ലം കഴിഞ്ഞപ്പോൾ, ആ മികച്ചതപസ്സു കണ്ടിട്ടു ദേവേന്ദ്രനു വലിയ പേടിയായി. അദ്ദേഹം രാജാവിങ്കൽ സ്പർദ്ധലേശം തോന്നിച്ചുവന്നു. ഇവരെപ്പോലും ജയിപ്പാൻ പോന്ന മന്ത്രിമാരെ പരിവാരങ്ങളോടും അപ്സരസ്ത്രീകളോടും ക്രുദ്ധനിയോഗിച്ചയച്ചു:—'സഖേ, കാമദേവ, പോൻപോയി, എനിയ്ക്കുവേണ്ടി സുമതനെ മോഹിപ്പിച്ചു തപോഭംഗം വരുത്തിയാലും.' ഇന്ദ്രൻ ഇങ്ങിനെ ആവശ്യപ്പെട്ടപ്പോൾ, വിശ്വവിജയത്തിൽ ഗർവുകൂടിയ കന്ദർപ്പൻ ചൊടിച്ചു:—'തിരുമേനി, ആരാണു് ഈ സുമതൻ! അയാളുടെ ഉഗ്രതപസ്സു് എനിയ്ക്കുണ്ടു്? ബ്രഹ്മാദികൾക്കുപോലും തപോവിഘ്നം വരുത്താനാണു് ഞാൻ; പിന്നെയാരാണാ ഇയ്യാൾക്കു! എന്റെ ശരമേറു കൊള്ളുന്നിടം വരെ ചെന്നാൽ പിന്നെ താരതമ്യമുണ്ടോ, ഇവിടുന്നു് അനുഭവിയ്ക്കുന്നുണ്ടു

Digitized By Kerala Sahitya Akademi

വിശ്വാമിത്രൻ ഉർവ്വശിയേയും പ്രാപിച്ചില്ലയോ? ദേവേന്ദ്രാ, സേവകനായ ഞാനിരിക്കേ, ഇവിടത്തേയ്ക്ക് വിചാരം വേണ്ടാ. തൊനിതാ, സുമദന്റെ അടുക്കലേയ്ക്കു പോകുന്നു. തിരുമനസ്സേ, ദേവകളെ രക്ഷിച്ചു വാണരുൾകെ!'

ഇപ്രകാരം പറഞ്ഞു കാമദേവൻ സുഹൃത്തായ വസന്തത്തോടും അപ്സരസ്ത്രീകളോടുമൊന്നിച്ചു് രോമകൂടപർവ്വതത്തിൽ വന്നെത്തി. വസന്തം വേഗത്തിൽ അവിടെയുള്ള വൃക്ഷങ്ങളെയെല്ലാം പുഷ്പഫലസമൃദ്ധങ്ങളാക്കിത്തീർത്തു; കുയിലുകൾ കൂകി; വണ്ടുകൾ മുരണ്ടു; കുളിർമപൂണ്ട തെക്കൻകാറ്റു് കുതമാലാനദിയുടെ തീരത്തു ലവംഗവൃക്ഷങ്ങളിൽ തട്ടി വീശിത്തുടങ്ങി. വസന്തം ഈ നിലയിലായപ്പോൾ, രംഭ മുന്നായ അപ്സരസ്ത്രീരത്നം സഖിമാരോടുകൂടി സുമദന്റെ സമീപത്തെത്തി, മൃദംഗപണവാദിവാദ്യനാദത്തോടൊത്തു മികച്ചു കിന്നരസ്വരത്തിൽ സംഗീതം ആരംഭിച്ചു. ആ സംഗീതവും കുയിലുകളുടെ കളകൂജിതവും കേൾക്കുകയാൽ സമാധിയിൽനിന്നുണർന്ന രാജാവു് മനോഹരമായ വസന്തത്തെ കണ്ടിട്ടു് നാലുപുറവും നോക്കുകയായി. ആ സമയത്തു പുഷ്പായുധൻ നരേന്ദ്രന്റെ ഹൃദയത്തിൽനിന്നു വൈദ്യലോകത്തെ വിട്ടുകലച്ചു. ഒരപ്സരസ്ത്രീ കരങ്കൊണ്ടു തുള്ളിച്ചു് കാശ്യപിന്ദ്രന്റെ കാൽ തലോടിത്തുടങ്ങി; മറെറാരുത്തി അദ്ദേഹത്തിന്റെ മേൽ കടക്കണ്ണെറിഞ്ഞു; വേറെയൊരുത്തി വിലാസഭാഷ്പകം കാണിച്ചു. അപ്സരസ്ത്രീകൾ ചുഴെ ചുഴന്നപ്പോൾ കാമംതോന്നിയതിനാൽ ആ ബുദ്ധിമാനായ ജിതേന്ദ്രിയശ്രേഷ്ഠൻ—'ഇവരെല്ലാവരും, എന്റെ തപസ്സുമുടക്കാൻ ദേവേന്ദ്രൻ പറഞ്ഞയച്ച അപ്സരശ്രേഷ്ഠമാരാണു്; ഞാനൊഴിക്കുകയും ചെയ്യും!' എന്നിങ്ങിനെ ആത്മഗതം ചെയ്തിട്ടു് ആ പൊന്മണിമാരോടു ചോദിച്ചു:—'നിങ്ങളാരാണു്? ഏവിടുത്തുകാരാണു്? ഏതിനാണു് നിങ്ങൾ വന്നിരിക്കുന്നതു്? നിങ്ങളെ കണ്ടതിനാൽ എനിക്കു ആത്മാശ്ചര്യം തോന്നുന്നു: അതൊകൊണ്ടും ദുഷ്പ്രാപമായ നിങ്ങൾ എന്റെ തപസ്സുമൂലം വന്നുഭവിച്ചവരല്ലോ!'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശ്രേഷ്ഠയാത്രയെന്ന സർഗ്ഗം,
രാജശാപമോക്ഷപ്രകരണം, കാമാക്ഷിപ്രവേശനം, അപ്സരസ്സുകൾ
സമർത്ഥമായി പ്രതിരോധിച്ചുയെന്നതു.

Digitized By Kerala Sahitya Akademi

പതിമൂന്നാമദ്ധ്യായം.

ശേഷൻ:—തപോനിധികളായ സുമദന്റെ ഈ ചോദ്യം കേട്ടിട്ട്, മീനകേതനന്റെ സേനകളായ രംഭാദ്യപ്സരസ്ത്രീകൾ അദ്ദേഹത്തോട് സസന്തോഷം ഉരിയാടി:—

(കൈകൊട്ടിക്കളിപ്പാട്ട്; 'കല്യാണി, കളവാണി' എന്നമട്ട്.)

'വല്ലഭ, നിൻതപസ്സാൽ വന്നുചേർന്നവർ ഞങ്ങൾ—
ളെല്ലാരും മികവൊത്ത മല്ലാക്ഷിമാർ;
ആങ്ങനീതപഃഫലമനുഭവിച്ചീടുകിലും
ഞങ്ങൾതൻ സുയൌവനസമ്പത്തെ.
പൊൻചമ്പകത്തിൻവർണ്ണം തഞ്ചുംപ്രതാപിയിതാ,
ചഞ്ചൽകർപ്പൂരഗന്ധബന്ധുരയാൾ;
പൊഞ്ചേന്മേനകുരുകീടുമിലാപാംഗിയുടെ
പൊഞ്ചോടിത്തളിരിലൊപ്പീയുഷത്തെ!
പൊൻമുലകനന്തരണിമമഞ്ജുളാംഗിയൊരു
കാമിനിയിതാ, കമ്രവിഭ്രമയാൾ;
വല്ലഭ, നിൻപുണ്യത്താൽ വന്നവളാമിവളെ-
ത്തച്ചുലിലവയാതെ ഗ്രഹിച്ചാലും!
ഞാനുമിങ്ങിതാ, മനോഹരനൊഞ്ചലാംഗി,
നാനാസുരതതന്ത്രം ശീലിച്ചവൾ;
മാറിൽ മന്ദാരമലർമാലകൾ ഞാലുമെന്നെ
മാരസുന്ദര, കെട്ടിപ്പുൽകിയാലും!
ഏതുനൊടിം വിമാനത്തിലേറിപ്പോന്നൊരപുണ്യ-
നദനിധാനമാം പൊന്നിൻകുന്നിലെത്തി,
ദിവ്യാമൃതം നാകനന്ദനമെയിൽ ഭുജിച്ചാലും
തന്മനോരഥം പോലമങ്ങുന്നിനി!
ചന്തവും യൌവനവും ചിന്തുമിതാരിലോത്തമ
സന്തതം വീഴ്ത്തുംവെള്ളച്ചാമരങ്ങൾ
ഞങ്ങയ്ക്കിരുവശത്തുമംഗമൂതുന്നു, തെക്കു
ഗംഗാപ്രവാഹംപോലെ ശോഭിയ്ക്കുന്നേ!
ചാരുമന്ദഹകടാക്ഷരോന്നേ കേട്ടം, സുര-
ന്മാരും കൊതിച്ച സുധയാസ്വദിച്ചും,
നന്ദനവനം പുക്കീസുന്ദരിമാരോടൊത്തു
നന്ദിയിൽക്കളിയാടിക്കാമകൻ ഭവാൻ.'

Digitized By Kerala Sahitya Akademi

ഇതുകേട്ടിട്ട മഹാമതിയായ മന്നവൻ ആലോചിച്ചു:—'ഞാൻ ശരിയായി ചെയ്യുവാനുള്ള തപസ്സിനു വിഘ്നം വരുത്താൻ തന്നെയാണു്, ഈ ദേവസ്ത്രീകളുടെ വരവു്. ഇവിടെ നിന്നു പോകുവാൻ പറയേണ്ടതു തന്നെ.' ചിന്താതുരനായിത്തീർന്ന രാജാവു് ഒടുവിൽ ഒരു തീരുമാനത്തിലെത്തി, ദേവസ്ത്രീകളോടു പറഞ്ഞു:—'ദേവതികളെ ലോകമാതാക്കളായിട്ടാണു ഞാൻ കാണുന്നതു്. ഞാൻ ധ്യാനിച്ചുപോരുന്ന ദേവിയുടെ രൂപവും ഇതുപോലെ തന്നെയാണു്. ഇപ്പോഴത്തെ സന്ദർഭം ഇപ്രകാരമാകുന്നു; ഞാൻ ഭക്തിയോടെ സേവിക്കുന്ന ഒരുകൻറെ തപസ്സു മുടക്കി വരുവാൻ തന്നെയുള്ളം—അതുകൊണ്ടു പ്രസാദത്തോടുകൂടി ഇവിടെ നിന്നു പോകുക മേനകയിൽ വാഴുന്നതു്, ആ ഭക്തശിരോമണി നിങ്ങൾക്കു സകലവും തന്നേക്കും. സന്ദേഹമെന്തു്? പൊന്നണിഞ്ഞ പാത്രമെന്തു്? സപ്ലവു പുണ്യത്താൽ കൈക്കലാക്കാവുന്നതും, മൈത്രന്മാരെ വഞ്ചിച്ചു നേടിയതുമായ അമൃതെന്തു്?'

കാമദേവൻ പലതരം അസ്ത്രകർമം പ്രയോഗിച്ചുനോക്കി; എന്നിട്ടും സുമേധസ്സു് ഒരു കൂസലുമുണ്ടായില്ല. കാൽത്തളകിലുക്കംകൊണ്ടോ കടാക്ഷവീക്ഷണങ്ങൊരംകൊണ്ടോ ആലിംഗനാങ്കം കൊണ്ടതൊന്നായോ രാജാവിൻറെ മനസ്സിളക്കാൻ ദേവസ്ത്രീകളും ശക്തരായില്ല. അവരെല്ലാം വന്നപാടേ മടങ്ങി, 'സുമേധൻ ഒരു മഹാപുരുഷനാണെ'ന്ന ശക്രനോടുണർത്തിച്ചു. തൻറെ പ്രാരംഭം പാഴാക്കിയതിനാൽ ഇന്ദ്രൻ ഭയപ്പെട്ടുപോയി!

പിന്നീടു, ലോകാംബിക, മഹാരാജ്ഞിയെന്ന തൻറെ പദവിയുള്ള മനസ്സുറപ്പുകണ്ടിട്ടു തിരുവുള്ളം തെളിഞ്ഞു, സിംഹാസനത്തിൻറെ പുറത്തു കയറി ആ നിതേന്ദ്രിയനു പ്രത്യക്ഷീഭവിച്ചു. തുരുതുരുത്തുള്ളിക്കൊണ്ടിരുന്ന ധനുർബാണപാശാങ്കുശങ്ങളേന്തി, ഒരുകോടി സൂര്യന്മാരെപ്പോലും വിളങ്ങുന്ന ആ പരമ ലോകമാതാവിനെ ഓർത്തിരുന്നപ്പോൾ അകമേയുള്ള മനോവൻ അമ്മയെ ഭക്തിപൂർവം തെരുതെരെ നമസ്കരിച്ചു. ദേവി പുഞ്ചിരി തൂകിക്കൊണ്ടു സുമേധസ്സിൻറെ ദേഹം തൃക്കയ്യിനാൽ സ്പർശിച്ചു, രോമാഞ്ചകഞ്ചുകിതനായിരുന്നുമണ്ണ ആ ധീമാൻ ഭക്തിനിർഭരഹൃദയനായി ഗൽഗദവചനത്തിൽ തന്നിരുവടിയെ സ്തുതിച്ചു:—

[ശ്ലോകങ്ങൾ]

'ജയദേവി, മഹാദേവി, ഭക്തവൃന്ദൈകഭാവിതേ,
ആനന്ദേ, ബ്രഹ്മരുദ്രാദിദേവേന്ദ്രനുത സദ്ഗതേ!
അമ്മേ, നിൽകുല ചേർന്നെല്ലാനിന്നുമാപാരമൊക്കയും;
നീയൊഴിഞ്ഞൊന്നുമില്ലെങ്ങുമംബ, ഭദ്രേ, നമോസ്തുതേ!

Digitized By Kerala Sahitya Akademi

മാട്ടം കാട്ടും തോറ്റുമൊത്ത ലിംഗ്വാവൃതയാം ക്ഷിതി
ദേവി, നിൻതാങ്ങുറപ്പിന്മേലത്രേ നില്പുന്ന നിശ്ചലം.
തീക്ഷ്ണാംശുവാൾ പുരപി പുഷ്പംമാരു വാനിൽ ജപലിച്ചിനൻ
മന്നിൻനീരേന്തി വർഷിക്കുന്നാരു താവകശക്തിയാൽ!
ബഹിരന്തസ്ഥനായ് വാന്തിസുഖം ലോകങ്ങ ചേറ്റുന്നും
താൽപ്രതാപാൽ മഹാദേവി, ദേവാസുരനമസ്കൃതേ!
വിദ്യനീ; വൈഷ്ണവമഹാമായ നീ വിശപാവനി;
സൃഷ്ടിയും രക്ഷയും ചെയ്യോരാം ശക്ത്യാ മോഹിനിയായ നീ
വാനോരെല്ലാം നിന്നിൽനിന്നെ സിദ്ധി നേടിസ്സുഖാഢരായ്;
കാക്കുകെന്നെ കൃപാനാഥേ, വന്ദിതേ, ഭക്തവത്സലേ!
പാലിക്കുകമ്മേ, തൃപ്പാദപദ്മം സേവിക്കുമെന്നെ നീ;
അഭീപ്സിതസിദ്ധി മേ നൽക മഹാപുരുഷപൂർവ്വേ!'

ഇപ്രകാരം സ്തുതിക്കപ്പെട്ട ജഗദംബിക, തപസ്സിനാൽ ദേഹം ചടച്ച ഭക്തനായ സുമദനോട്ട, 'വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക' യെന്നരുളിച്ചെയ്തു. ഉടനേ, ഉള്ളം കുളിർത്ത സുമദ നരേന്ദ്രൻ, തന്റെ അപഹരിക്കപ്പെട്ടപോയ രാജ്യം ദുഷ്ടശത്രുക്കളെക്കൊന്നു വീണ്ടെടുക്കായ്വരണമെന്നും, തനിക്ക മഹേശ്വരിയുടെ തൃപ്പാദത്തിൽ സുസ്ഥിരമായ ഭക്തിയും ഒടുവിൽ സംസാരസമുദ്രം കടത്തുന്ന മുക്തിയും സിദ്ധിക്കേണമെന്നും അപേക്ഷിച്ചു.

കാമാക്ഷി:—'സുമദ, നിനക്ക നീളെ നിസ്സപത്നമായ രാജ്യം കൈവരും; സുദീർഘങ്ങളം നിന്റെ പാദപദ്മം പരിചരിക്കുമാറാകട്ടെ! നിനക്ക ശത്രുക്കളോട തോൽമ പറയുകയില്ല. രാവണനെ കൊന്നിട്ട പുകഴേറിയ രഘുനാഥൻ വേണ്ട വട്ടമെല്ലാം കൂട്ടി അശ്വമേധം നടത്തുന്ന കാലത്തു, അദ്ദേഹത്തിന്റെ അനുജനായ മഹാവീരൻ—ശത്രുവീരരെ ഹനിയ്ക്കുന്ന ശത്രുഘ്നൻ—അനവധി യോദ്ധാക്കളോടുകൂടി വന്നുചേരും; അപ്പോൾ നീ രാജ്യവും സമ്പത്തുമെല്ലാം അദ്ദേഹത്തിന്നു സമർപ്പിച്ചു, സ്വദേശം വിട്ടുപോയ യോദ്ധാക്കളെയെന്നിച്ചു് അശ്വത്തെ രക്ഷിച്ചുംകൊണ്ടു മന്നിടത്തിലെങ്ങും സഞ്ചരിക്കണം. എന്നിട്ട് ബ്രഹ്മരുദ്രേന്ദ്രാദി സേവിതനായ രാമചന്ദ്രനെക്കണ്ടു നമസ്കരിച്ചാൽ, യമം ശീലിച്ച യോഗികൾക്കുപോലും ദുഷ്പ്രാപമായ മുക്തി നിനക്കു സിദ്ധിക്കും. രാമന്റെ കുതിര വന്നുചേരുന്ന കാലാവരെ, നീ സ്വരാജ്യത്തിൽ വസിച്ചുകൊൾക; അതിനെ രക്ഷിക്കുൽ കുഴിവതാൽ നിനക്കു പുരമപദം പുകും.'

Digitized By Kerala Sahitya Akademi

ഇങ്ങിനെ വരം കൊടുത്തു, സുരാസുരനമസ്കൃതയായ ദേവി അന്തർദ്ധാനംചെയ്തു. സുമദൻ ശത്രുക്കളെ ജയിച്ച് അംഗരാജ്യത്തിൽ രാജാവുമായി. ഇദ്ദേഹത്തിനു രാജ്ഞിയുണ്ട്; ചെലവാരനങ്ങളുമുണ്ട്; എന്നാലും, മഹാമായയുടെ വരപ്രസാദത്താൽ, ഇദ്ദേഹം അങ്കയുടെ കനിവിനെ പിടിക്കുകയില്ല. നേരെമറിച്ച്, അശ്വമേധാശ്വം സർവ്വമഹാരാജന്യവിജയനായ ബ്രഹ്മദത്തനഗരത്തിനടുക്കൽ എത്തിയിരിക്കുന്നതായി കേട്ടാൽ, സുബുദ്ധിമാനായ സുമദൻ രാമചന്ദ്രപ്രതാപമോടുകൂടി സർവ്വസൈന്യവും സമാഹരിക്കുകയാണ് ചെയ്തു! സുമദന്റെ ഈ വാക്കു കേട്ടിട്ട്, രാജദ്രോഹിയായ കരുത്തനായ ശത്രുഘ്നൻ 'കൊള്ളാം, കൊള്ളാം' എന്നിങ്ങിനെ സന്തോഷം കൊണ്ടാടി.

അഖിലഭൂമണ്ഡലാധിപതിയായ സുമദരാജാവു തന്റെ ആപ്തമന്ത്രിമാരെ വിളിപ്പിച്ച് സുഖമാസ്ഥാനമണ്ഡപത്തിൽ സന്നിവേശിപ്പിച്ചു. അനേകം ക്ഷത്രിയരും വേദജ്ഞന്മാരായ ബ്രാഹ്മണരും സഭാസ്ഥാനിയായ വൈശ്യരും ആധിപത്യപ്രധാനമായ അദ്ദേഹത്തിന്റെ ചുറ്റുകൽ ഇരിപ്പുണ്ട്; ശാസ്ത്രജ്ഞരായ ബ്രാഹ്മണശ്രേഷ്ഠന്മാർ തമ്മിൽ വാഗ്വിലാസം കൊണ്ടു വിനോദിപ്പിക്കുകയും, ആ സദസ്സിനെ കോലാഹലമൊന്നും കൊണ്ടു ആശീർവ്വദിക്കുകയും ചെയ്യുന്നു. ഈയവസരത്തിൽ ഒരാൾ വന്നു തിരുമനസ്സുണർത്തിച്ചു:—'തിരുമനസ്സേ, അശ്വത്തെയാണെന്നറിഞ്ഞാലും. നെറ്റിമേൽ പത്രം കെട്ടിയിട്ടുള്ള ഒരു കുതിര പട്ടണസമീപത്തു വന്നെത്തിയിട്ടുണ്ട്.' ഉടനെ നരപതി, അശ്വം അശ്വത്തെയാണെന്നറിവാൻ ഒരു പ്രധാനസേവകനെ കല്പിച്ചയച്ചു. അയാളാ വിവരമെല്ലാം മനസ്സിലാക്കി, തമ്പുരാനെ അറിയിച്ചു. കുതിര രാജ്യനാഥന്റെയാണെന്നു കേട്ടയുടനെ പൂർവ്വസ്മരണവന്ന ക്രോധവാൻ സഭാസ്ഥം അരികെക്കാരോടു് ഇപ്രകാരം അരുളിച്ചെയ്തു:—'ധനധാന്യസമൃദ്ധരായ മറ്റുള്ള പ്രജകളെപ്പോലെ ഭവനങ്ങളിൽ മംഗളത്തോരണവും മറ്റും നിർമ്മിക്കട്ടെ; ഭംഗിയിൽ ആഭരണമണിഞ്ഞു കോമളാംഗിമാരായ അയിരം കന്യകമാർ അനന്തപുരത്തുചെന്നു ശത്രുഘ്നനെ എതിരേല്പാൻ പോകട്ടെ.' ഇങ്ങിനെയെല്ലാം ഉത്തരവുകൊടുത്തിട്ടു താനും അങ്ങോട്ടെഴുന്നള്ളി.

കളത്രപുത്രപൌരപ്രധാനികളോടു പരിവാരാദികളോടു പുറപ്പെട്ട സുമദനരേന്ദ്രൻ, മന്ത്രിശ്രേഷ്ഠന്മാരോടും പുരോഹിതപ്രധാനന്മാരോടും ക്രുദ്ധിയ ശത്രുഘ്നന്റെ മുമ്പിലെത്തി; പാർഷ്ണികളോടുകൂടിയ കൊമ്പന്മാരെക്കൊണ്ടും, കോപ്പണിഞ്ഞ തുരഗങ്ങളാലും, ക്രമത്തെ തുടർന്നുള്ള കാലാളുകളാലും, മറ്റു വീരന്മാരാലും പരിവൃതനായിരുന്ന ആ മഹാരാജാവു് സന്തോഷം അടക്കുവാൻ കഴിയാത്ത ശത്രുഘ്നനെ കണ്ടു.

Digitized By Kerala Sahitya Akademi

'ഞാൻ ധന്യനായി! ഞാൻ കൃതാർത്ഥനായി! എന്റെ ജന്മം പൂജിതമായിക്കഴിഞ്ഞു! മഹാരാജാക്കന്മാരാൽ ശോഭിതവും മികച്ച മാണിക്യം മുത്തുതുടങ്ങിയ സമ്പത്തുനിറഞ്ഞതുമായ ഈ രാജ്യമിപ്പോഴെന്നെ ഭരിയ്ക്കാൻ തുടങ്ങിയതുമുതൽ. സ്വാമിൻ, വളരെക്കാലമായി കൃതിരയുടെ വരവുകാത്തിരിക്കയാണ് ഞാൻ; പണ്ടു കാമാക്ഷി അരുളിച്ചെയ്തത് ഇപ്പോഴാണ് നിറവേറി! ഇവിടുന്ന് എന്റെ നഗരം സന്ദർശിച്ചു പൌരജനങ്ങളെ കൃതാർത്ഥരാക്കിയാലും; അല്ലയോ രാമഭദ്രനരേന്ദ്ര, എന്നെ കടാക്ഷിയ്ക്കുവാൻ ശ്രദ്ധിക്കുന്നുണ്ടും ചെയ്താലും!'

ഇപ്രകാരം അഭ്യർത്ഥിച്ചിട്ട് സുമതൻ ശത്രുഘ്നനേയും പുഷ്കലനേയും കൂടെ വെള്ളാനയുടെ പുറത്തുകേറി, ഒടുവിൽ താനും കയറിയിരുന്നു. അദ്ദേഹം കൊട്ടിച്ചു; ഭടീപടനായാട്ടികളുടേയും വീണാളികളുടേയും നിസ്വനം സർവ്വത്ര മുഴങ്ങി; തമ്പുരാന്റെ ഉത്തരവിനാൽ ആനപ്പുറത്തേറിവന്ന വെങ്കിടാങ്കം, ശത്രുഭടികളാലും നമസ്കൃതനായ ശത്രുഘ്നന്റെ മേൽ തെളിമുത്തുകൾ വർഷിച്ചു. അശ്വാരൂഢന്മാരായ വീരന്മാരോടും സമന്വിതനായ ശത്രുഘ്നൻ രാജപുരസ്കൃതനായി പത്തുപെരുപ്പുള്ള പട്ടണത്തിൽ കടന്നു, പൌരരുടെ ജയഘോഷം ശ്രവിച്ചുകൊണ്ട്, തോരണാദ്യലംകൃതമായ അരമനയിൽ പ്രവേശിച്ചു. ഉടനെ സുമതൻ അദ്ദേഹത്തെ അർഘ്യാദികൾകൊണ്ടു സൽക്കരിച്ച്, തന്റെ സർവ്വസ്വവും ധീമാനായ രാമഭദ്രനു സസന്തോഷം സമർപ്പിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശത്രുഘ്നദിഗ്വിജയനസംവാദം,
രാമാശ്വമേധപ്രകരണം, ശത്രുഘ്നസുമതിസമാഗമം പതിമൂന്നാമദ്ധ്യായം.

(൧)

പതിനാലാമദ്ധ്യായം

ശൌനകൻ:—സർവ്വജ്ഞനായ സൂതനോട്, പുരുഷോത്തമനായ സുമതൻ, ശ്രീരാമന്റെ ശ്രേഷ്ഠചരിതം ശ്രവിപ്പാൻ വേണ്ടി, ചോദിച്ചു:—'ലോകത്തിനെല്ലാം ശിരോലംകാരമായ ശ്രീരാമന്ന സുഖമല്ലയോ? ധർമ്മരക്ഷയ്ക്കായി അവതരിച്ച തന്തിരുമേനി എന്നെയും അനുഗ്രഹിക്കും. അയോധ്യയിലെ ജനങ്ങൾ സുകൃതികൾതന്നെ: രഘുനാഥന്റെ മുഖചന്ദ്രനെ അവർ നാൾതോറും നേത്രങ്ങൾകൊണ്ടു സാനന്ദം നുകരുന്നുണ്ടല്ലോ. എന്നാൽ, എന്റെയും കൂടെ

Digitized By Kerala Sahitya Akademi

രാജ്യം മുതലായതൊക്കെ ഇന്ന ദുഷ്ടാ കൃതാർത്ഥമായിക്കഴിഞ്ഞു! കാമാക്ഷി പണ്ടെവിടെ കരളലിഞ്ഞു വരം തന്നിട്ടുണ്ട്; അതിനാൽ ഞാനാം ദുഷ്ടന്റെ ചുംബനം ഉടനേ ശ്രീരാമന്റെ മുഖാരവിന്ദം ദർശിക്കും!' രഘുനാഥന്റെ പുണ്യവൃത്താന്തമെല്ലാം ശത്രുഘ്നൻ സുമദരാജേന്ദ്രനെ അറിയിച്ചു.

മൂന്നാമതു അവിടെ താമസിച്ചതിനുശേഷം ശ്രീരാമാനുജൻ അരാജാവിനോടുകൂടി പുറപ്പെടുവാൻ നിശ്ചയിച്ചു. ഉടനേ സുമദൻ ശത്രുഘ്നനും രാജാവിനാലും പുരുഷന്മാരാലും അനുമോദിതനായിട്ട് മകനെ രാജാവാക്കി അഭിഷേകംചെയ്തു. പലതരം വസ്ത്രങ്ങളും രത്നങ്ങളും ധനങ്ങളും അയ്യേറാം ശത്രുഘ്നന്റെ അശ്വംകൊക്കു സമ്മാനംകൊടുത്തു; അനന്തരം, മഹാപണ്ഡിതന്മാരായ മന്ത്രിമാരോടും അനവധി കുതിര കാലാളുകളോടുംകൂടി യാത്ര പുറപ്പെട്ടു. ആ ധനുർധരനായ സുമദനോടൊന്നിച്ചു യാത്രയുടനേ ശത്രുഘ്നൻ രഘുനാഥന്റെ പ്രതാപം വർണ്ണിച്ചു രസിച്ചുംകൊണ്ടു പ്രയോഷ്ണീതീരത്തിലൂടെ നടകൊണ്ടു. പുറവാസികളോടെതിക്കുന്ന പടയാളികളെല്ലാം അയ്യേറത്തെ പിന്തുടർന്നു. ശ്രേഷ്ഠതപംചെയ്യുന്ന ഋഷിമാരുടെ പലതരം ആശ്രമങ്ങളും വഴിയ്ക്കു കാണുമാറായി; അവിടെയെല്ലാം രഘുനാഥന്റെ ഗുണസൂചി പുകഴ്ത്തപ്പെടുന്നതായിരുന്നു.

'ഇതാ, ഹരി ഗമിക്കുന്നു ഹരിയാൽ പരിരക്ഷിതം
ഹരിഭക്തരാൽസ്തോമാഹരിവസ്തുഗാനപിതം!'

എന്നിങ്ങിനെ നാലുപാടും ഭക്തി മുഴുത്ത തപോധനന്മാർ അഭിനന്ദിക്കുന്നതു കേട്ടിട്ടു ശത്രുഘ്നൻ പരിതുഷ്ടനായി.

[കിളിപ്പാട്ട്—കാകളി]

വേദധർമ്മാലയമഗ്നിഹോത്രാദികർമ്മങ്ങൾ
ശ്രോത്രൈജനത്തിന്നകറുന്നൊരാശ്രമം
തത്ര കാണായി മൃഗപക്ഷിസഞ്ചയ-
മുത്തമാനേകമുനിയുപശോഭിതം.
ആഹുതിധൂമമവിടെന്നിന്നുൽഗമി-
ച്ചാകെ വിശ്രുതമാക്കുന്ന നഭസ്സിനെ;
കയ്യിൽച്ചമതയുമേന്തി മഹർഷിമാർ
ചെയ്യുന്ന ധർമ്മക്രിയകളങ്ങനപഹം;
വ്യാഖ്യങ്ങളങ്ങനോ, പാലിക്കവേണ്ടുന്ന
ശിക്ഷകളെപ്പാലിച്ചുപോരുന്ന നീളവേ!

Digitized By Kerala Sahitya Akademi

നേരേ മടതീക്കല്ലിലുരുമ്മിക്കൊണ്ടിരുന്നു
തീരെ മാർജ്ജാരനാം പട്ടുപിടിയെയുമാർ!
കീരിയും മൈലുമായ് ക്രീഡിച്ചു പാമ്പുകൾ!
വൈരണാസിംഹങ്ങളുണ്ടു ചുറ്റിലും!
നീചാരവുംതിന്നാ നിർഭയമായങ്ങു
മേവുന്ന താപസർ പോറുന്ന മാനുകൾ.
നൽകുടത്തോളം വപുസ്താമകിടൊത്തു
നന്ദിനിതുല്യമാരാകിയ പൈശുകളും
തത്ര കുളമോരുയൻറ പൊടികൊണ്ടു
ശുദ്ധമാക്കുന്നിതു ലിഡ്മണ്ഡലത്തിനെ.

അതു കണ്ടിട്ടു ശത്രുഘ്നൻ സർവ്വജ്ഞനായ ശ്രീരാമസചിവനോടു ചോദിച്ചു:—'സുമതേ, അന്യോന്യവൈരം വിട്ടു ജന്തുക്കളും തപസ്വികളുംവരെയും ഇങ്ങനെയുള്ള ആശ്രമം ഏതൊരു മഹർഷിയുടെയായിരിക്കാം? ആ മുനിയുടെ കഥ വർണ്ണിച്ചുകേട്ടിട്ടു് എന്റെ ജീവിതം പവിത്രമായിത്തീരട്ടെ!' മഹാത്മാവായ ശത്രുഘ്നന്റെ ചോദ്യം കേട്ടിട്ടു ധീമാനായ രാമചന്ദ്രന്റെ മന്ത്രി പറഞ്ഞു:—'മഹാന്മാരായ താപസന്മാരാലും മുനിപത്നിമാരാലും നിറയ്പ്പെട്ട ഈ ആശ്രമം ച്യവനന്റെയാണു്. സ്വായംഭുവ മഹായജ്ഞത്തിൽ, ശക്രന്റെ ഗർവ്വകറി അശ്വിനീദേവകൾക്കു യാഗഭാഗം വഴിപ്പെടുത്തിയതു് ആരുടെയാണു് ഈ മഹർഷി; വേദത്തിന്റെ ഒരു മൂർത്തി തന്നെയായ ഈ തപോധനന്റെ പ്രഭാവം ആരും പറഞ്ഞുതീർക്കാവുന്നതല്ല.' ഇതുകേട്ടപ്പോൾ, മഹാത്മാവായ ച്യവനൻ മഹർഷിയുടെ ഗർവ്വകറിയ കഥയുമെന്തും പറയുവാൻ ശത്രുഘ്നൻ സുമതിയോടാവശ്യപ്പെട്ടു:—'എങ്ങിനെയാണു് ഇദ്ദേഹം അശ്വിനീദേവകൾക്കു് അമരപദം കൃതിയിൽ ഭാഗം വഴിപ്പെടുത്തിയതു്? സ്വായംഭുവ മഹായജ്ഞത്തിൽ ദേവേന്ദ്രൻ എന്തുചെയ്തു?'

സുമതി:—'ബ്രഹ്മവംശത്തിൽ പിറന്ന ഭൃഗു എന്ന മഹർഷി ഒരു നാൾ വൈകുണ്ഠത്തിൽ ചെന്നു കൊണ്ടുവരാൻ പോയി. അപ്പോൾ, ദമനൻ എന്ന ഒരു ക്രൂരനായ രാക്ഷസൻ യാഗം മുടക്കാനായി വന്നു, ഭയങ്കരമാംവണ്ണം ഉച്ചത്തിൽ ചോദിച്ചു:—'എവിടെ ആ താപസാധമൻ? അവന്റെ സുന്ദരിയായ ഭാര്യ എവിടെ?' രോഷംനിറഞ്ഞ രാക്ഷസൻ ഇങ്ങനെ വീണ്ടും വീണ്ടും ചോദിക്കേ, അഗ്നി അവനെപ്പേടിച്ചിട്ടു്, ഗർഭിണിയായിരുന്ന ഭൃഗുപത്നിയെ കാട്ടിക്കൊടുത്തു. ഉടനേ രാക്ഷസൻ കടന്നുപിടിച്ചു്, 'ഭഗവാനേ, രക്ഷിക്കണേ, അമ്മയേ രക്ഷിക്ക

Digitized By Kerala Sahitya Akademi

ണേ, നാഥ, തപോനിധേ, രക്ഷിക്കണേ!' എന്നിങ്ങനെ ഒരു കൂരിയെപ്പോലെ നിലവിളിക്കുന്ന ആ സാധ്വിയെ തെറി പറഞ്ഞിഴച്ചും കൊണ്ടു പുറത്തേയ്ക്കിറങ്ങി. അതോടുകൂടി, പേടിച്ച ഭയപ്പാടുനിമിത്തം ഭൃഗുപത്നിയുടെ വയറ്റിൽനിന്ന ബാലൻ, അഗ്നിയെന്നപോലെ കത്തിജ്ജ്വലിക്കുന്ന കണ്ണുമായി പുറത്തേയ്ക്കു വീണു. 'എടാ ദുഷ്ട, നില്ല്, നില്ല്', നീ ഇക്ഷണത്തിൽ വെണ്ണീറാകുന്നുപോകും: പതിവ്രതയെ തീണ്ടിയ നിനക്കു നന്മ വരികയില്ല!' എന്നിങ്ങനെ കൂട്ടി ഉച്ചരിക്കുകയും, രാക്ഷസൻ ഭസ്മീഭവിക്കുകയും ചെയ്തു.

മനസ്സുഴന്ന മാതാവു മകനേയുംകൊണ്ടു് ആശ്രമത്തിലേയ്ക്കു തിരിച്ചു. അഗ്നി ചെയ്തതെല്ലാം അറിഞ്ഞപ്പോൾ അരിശംകൊണ്ട ഭൃഗു, 'ദുഷ്ടനായ ശത്രുവിന്നു് ഒരുനിന്ദാവചനം, നീ എന്തും തിന്നുന്നവനായിത്തീരുക' എന്നിങ്ങനെ പാവകനൊരു ശാപം കൊടുത്തു. അതിൽ അതിദുഃഖിതനായിച്ചമഞ്ഞ വഹ്നി മഹർഷിയുടെ കാൽ പിടിച്ചു:— 'സ്വാമിൻ, ദയാസമുദ്രമേ, എനിക്കു് അനുഗ്രഹം തരണേ! പൊളി പറയുന്നതിൽ പേടിമൂലമാണു്, ദ്രുദ്രോഹത്താലല്ല, ഞാൻ പറഞ്ഞു കൊടുത്തതു്; അതിനാൽ, ധാർമ്മിക ശിരോരത്നമേ, എന്റെ പേരിൽ ദയയുണ്ടാകണം!' അപ്പോൾ മനസ്സലിഞ്ഞ മഹർഷി, 'സർവ്വഭക്ഷിയായാലും ഭവാൻ വിശുദ്ധൻതന്നെയായിരിക്കും' എന്ന ഹുതാശനെ അനുഗ്രഹിച്ചു.

പിന്നീടു് ആ ബ്രാഹ്മണൻ ശുചിയായി ദർഭകൈക്കൊണ്ടു ഗർഭിണിയായ പുത്രന്റെ ജാതകർമ്മവും മറ്റും യഥാവിധി കഴിച്ചു. പുലവനംമൂലം കുട്ടിയെ താപസികളെല്ലാം സ്വീകരിക്കാൻ വിട്ടുപോയതുകൊണ്ടു് അവൻ ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ ക്രമേണ വളർന്നുവന്നു. പിന്നീടു് താപസ്സുചെയ്യാൻ, തപോവനം പൂണ്ട വളരെ ശിഷ്യരോടുകൂടി, ലോകൈകപാവനിയായ നർമ്മദയിലേയ്ക്കു നടകൊണ്ടു; അവിടെച്ചെന്നു, പതിനായിരംകൊല്ലം വമ്പിച്ച തപസ്സിലിരുന്നു. അദ്ദേഹത്തിന്റെ രണ്ടു ചുമലിലും മൺപുറ്റിന്മേലായി ഓരോ പിലാശ്വത്ഥമരം പൂത്തുനിന്നു. മൃഗങ്ങൾ വന്നു് അദ്ദേഹത്തിന്റെ മേൽ അവയവങ്ങൾ ഉരസും; എന്നാൽ അതൊന്നും ഏൽക്കാ ശ്രീ ചിന്തതയാൽ അദ്ദേഹം അറിഞ്ഞിരുന്നില്ല.

ഒരുദിവസം കുറെ ശിഷ്യരോടൊപ്പം തീർത്ഥയാത്രചെയ്തിരുന്ന മനുരാജാവു വമ്പിച്ചു സേനയോടുകൂടി നർമ്മദാതീർത്ഥത്തിലെത്തി. അദ്ദേഹം ആ മഹാനദിയിൽ കുളിച്ചു പിതൃദേവകളെ തർപ്പിച്ചു, വി

Digitized By Kerala Sahitya Akademi

ഷ്ണപ്രീതിക്കായി ബ്രാഹ്മണാക്കു ദാനങ്ങളം കഴിച്ചു. അദ്ദേഹത്തിന്റെ മനോജ്ഞാംഗിയായ മകളം കനകാഭരണങ്ങളണിഞ്ഞു സഖിമാരോടൊന്നിച്ചു വനാന്തത്തിൽ അവിടവിടെ സഞ്ചരിയ്ക്കുമ്പോൾ, രണ്ടു മഹാവൃക്ഷത്താൽ ശോഭിക്കുന്ന ഒരു മൺപുറവു കണ്ടെത്തി. അതിന്മേൽ, നിശ്ചലങ്ങളായ രണ്ടു തേജഃപുകലങ്ങളും കാണുമാറായി. ഉടനേ അടുത്തുചെന്ന രാജകുമാരി അതുകളിൽ കോൽകൊണ്ടു കുത്തിക്കളഞ്ഞു. തൽക്ഷണം ചോരയൊഴുകിത്തുടങ്ങി. അതുകണ്ടപ്പോൾ അവൾക്കു വലിയ വിഷാദവും ഭയവും തോന്നി. എന്നാൽ, തന്റെ ഈ അപരാധം അവൾ അമ്മയേയോ അച്ഛനേയോ അറിയിച്ചില്ല; തന്നെത്താൻ ചിന്തിച്ചു ദുഃഖിച്ചതേയുള്ളു. അപ്പോൾ ഭൂമി കുലുങ്ങി; ആകാശത്തുനിന്നു കൊള്ളിമീൻ ചാടി; ദിക്കുകൾ ധൂമ്രവർണ്ണങ്ങളായി; സൂര്യനെ പരിവേഷം വളഞ്ഞു; രാജാവിന്റെ ആനകളും കുതിരകളും വളരെ ചത്തൊടുങ്ങി; രത്നങ്ങളും ധനങ്ങളും നശിച്ചു; സൈനികർ തമ്മിൽ കലഹിപ്പാനും തുടങ്ങി.

ഇതെല്ലാം കാൺകയാൽ ഭയവും ഉദ്വേഗവും പൂണ്ട ഭൂപാലൻ, 'ആരെങ്കിലും മഹർഷികളോടു അപരാധംചെയ്യുകയുണ്ടായോ' എന്നു കാരോടന്വേഷിച്ചു. ക്രമേണ, തന്റെ മകൾ ചെയ്തത് അദ്ദേഹത്തിനു മനസ്സിലായി. അതിൽ ദുഃഖിതനായിത്തീർന്ന നരേന്ദ്രൻ സൈന്യവാഹനങ്ങളോടൊന്നിച്ചു ചെന്നു, മഹാതപസ്വിയായ ച്യവനനെ ദർശിച്ചു, 'മുനിശ്രേഷ്ഠ, ദയചെയ്യണേ!" എന്നിങ്ങിനെ സ്തുതിച്ചു പ്രസാദിപ്പിച്ചു. അപ്പോൾ മഹർഷി മനംതെളിഞ്ഞു പറഞ്ഞു:—'മഹാരാജാവേ, അങ്ങയുടെ മകൾ ഉണ്ടാക്കിത്തീർത്തതാണ്, ഈ അപചയങ്ങൾക്കെല്ലാം: അവൾ എന്റെ കണ്ണുരണ്ടും കുത്തിപ്പൊട്ടിച്ചുകളഞ്ഞു! ചോരയൊഴുകിയപ്പോൾ കായ്യം മനസ്സിലായെങ്കിലും ഇവൾ അങ്ങയോടു പറകയുണ്ടായില്ല. എന്തായാലും ഇവളെ എനിക്കു തന്നേയ്ക്കുക. എന്നാൽ അപചയങ്ങളെല്ലാം ശമിയ്ക്കും.' ഇതുകേട്ടപ്പോൾ രാജാവിനു വ്യസനമുണ്ടായി; എന്നാലും അദ്ദേഹം കുലവയോരുപശീലഗുണങ്ങൾ തികഞ്ഞ പുത്രിയെ കരുടന്നു കൊടുക്കുകതന്നെ ചെയ്തു. കമലലോചനയായ കന്യകയെ അച്ഛൻ കൊടുത്തതോടു ക്രൂടി, മഹർഷിക്കു കോപത്താൽ ഉത്ഭവിച്ച ഉൽപാതങ്ങളെല്ലാം ശമിച്ചുകഴിഞ്ഞു. മന്നവൻ മകളെ തപോനിധിയായ മഹർഷിയ്ക്കു കൊടുത്തിട്ടു, വീണ്ടും ദയയാൽ ദുഃഖിച്ചുംകൊണ്ടു, തന്റെ രാജധാനിയിലേയ്ക്കു മടങ്ങി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷാത്രേയനാരദസംവാദം,
രാമാശ്വമേധപ്രകരണം, ച്യവനോപാഖ്യാനാരംഭം പതിനാലാമധ്യായം.

(0)

Digitized By Kerala Sahitya Akademi

പതിനഞ്ചാമദ്ധ്യായം

സുമതി:—ഉടനെ, യോഗത്താൽ കൽമഷമെല്ലാമകന്ന മഹർഷി മനുപുത്രിയായ ഭാര്യയോടുംകൂടി സപാശ്രമത്തിലേയ്ക്കു പോന്നു; അവളൊന്നിച്ചു രമിച്ചു. കണ്ണൊട്ടി ജരയാൽ ഓജസ്സും കെട്ട സപഭർത്താവിനെ ആ മനുപുത്രി, അഭീഷ്ടം നൽകുന്ന കുലദൈവത്തെ എന്നപോലെ സേവിച്ചുപോന്നു. ആ മനോഹരിയായ പതിവ്രത, മഹിമയേറിയ തപോനിധിയായ പ്രിയഭർത്താവിനെ പാകം നോക്കി പരിചരിച്ചുംകൊണ്ടു, ശക്രനെ ശുശ്രൂഷിക്കുന്ന ശചിയെന്നപോലെ പരമസന്തോഷം നേടി: ആഴകും ലക്ഷണവും തികഞ്ഞ കൃശാംഗിയായ രാജകുമാരി ഭർത്താവിന്റെ കാൽ തലോടും; കായും കിഴങ്ങും പച്ചവെള്ളവുമേ ഭക്ഷിച്ചിരുന്നുള്ളൂ; എപ്പോഴും ആദ്ദേഹം ആജ്ഞാപിക്കുന്നതിലും, ആദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിലും ശ്രദ്ധിക്കും; സാപ്രാണികർക്കും ഹിതംചെയ്തുകൊണ്ടായിരുന്ന അവളുടെ കാലക്ഷേപം; അവർ കാമവും ദംഭവും ദ്വേഷവും ഭയവും മദവും വെടിഞ്ഞു, ഒരിക്കലും ഒരുവീഴ്ചയും വരാതെ ഭൃഗുനന്ദനെ സന്തോഷിപ്പിച്ചുപോന്നു. ഇങ്ങിനെ മനസാ വാചാ കർമ്മണാ മണാളനെ ശുശ്രൂഷിച്ചുംകൊണ്ടു, അവർക്കോരായിരം സംവത്സരം കഴിഞ്ഞു.

ഒരുനാൾ ദേവവൈദ്യന്മാരിരുവരും ഭൃഗുനന്ദന്റെ ആശ്രമത്തിൽ വന്നൊത്തി. അവരെ അവർ സാഗതം ചൊല്ലി പൂജിച്ചു. ശയ്യാദി പുരിയുടെ അർഘ്യപാദ്യാദി പൂജയാൽ മനംതെളിഞ്ഞ ആ സുന്ദരന്മാരിരുവരും സ്നേഹംമൂലം അവളോടു, 'വരം ചോദിച്ചുകൊൾക' എന്നരിയാടി. സുരഭിഷക്കുകളെ പ്രസന്നരായി കാണുകയാൽ, മഹാബുദ്ധിമതിയായ രാജപുത്രി വരം യാചിപ്പാൻ തന്നെ നിശ്ചയിച്ചു. 'ഭർത്താവിന്റെ ഉള്ളറിഞ്ഞിട്ടു' അവർ അവരോടപേക്ഷിച്ചു:—'ദേവന്മാരെ, നിങ്ങൾ പ്രസാദിച്ചുവെങ്കിൽ, എന്റെ ഭർത്താവിനു കണ്ണുണ്ടാക്കിത്തരുവിൻ.' സുകന്യയുടെ ഈ മനോഹരവചനം കേൾക്കുകയും അവളുടെ പാതിവ്രത്യം കാണുകയുംചെയ്തിട്ടു വൈദ്യോത്തമന്മാർ ഇപ്രകാരം പറഞ്ഞു:—'ഭവതിയുടെ ഭർത്താവു ദേവകളുടെ ക്രുദ്ധത്തിൽ ഞങ്ങൾക്കും യജ്ഞഭാഗം ഏറ്റെടുത്തിത്തരുമെങ്കിൽ, ഇദ്ദേഹത്തിനു ഞങ്ങൾ ഇപ്പോൾതന്നെ കൺകാഴ്ചയുണ്ടാക്കാം.' ഭാഗം ഏറ്റെടുത്താമെന്നു ച്യവനൻ സമ്മതിച്ചു. അപ്പോൾ അകം കുളിർത്ത അശ്വിനീദേവകൾ, 'എന്നാൽ ഭവാൻ ഈ സിദ്ധതീർത്ഥത്തിൽ മുങ്ങ' എന്നു പറഞ്ഞു, ജരാഗ്രസ്തനായി ഞരമ്പുകൾ പൊന്തിയ തപോധനനെ തീർത്ഥത്തിലേയ്ക്കിറക്കി; ആദ്ദേഹത്തോടുകൂടി അവരും അതിൽ മുഴുകി.

Digitized By Kerala Sahitya Akademi

ഉടനേ, പൊന്നുങ്ങാം കൊതിയ്ക്കുന്ന സുന്ദരന്മാരായി ഒരേ വടിവിലുള്ള മുന്നു പുരുഷന്മാർ, പൊന്മാലയും കുണ്ഡലങ്ങളും നല്ല വസ്ത്രങ്ങളും ധരിച്ചു തീർത്ഥത്തിൽനിന്ന് ഉദ്ഭവംചെയ്തു. സൂര്യതേജസ്സികളായ ആ സപുരുഷന്മാരിൽ തന്റെ ഭർത്താവേതാണെന്ന നിതംബിനിക്കു മനസ്സിലായില്ല; ആ പതിവ്രത അശരീരിദേവകളെ ശരണം പ്രാപിച്ചു. അപ്പോൾ പാതിവ്രത്യതോഷിതരായ അവർ അവർക്കു ഭർത്താവിനെ കാട്ടിക്കൊടുത്തു, ഋഷിയോടു യാത്രയും പറഞ്ഞു, വിമാനത്തിലേറി, ഇനി യാഗം ഉണ്ടാകുമ്പോൾ തങ്ങൾക്കും പങ്കുകിട്ടുമെന്നാശിച്ചുംകൊണ്ടു സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു.

വളരെക്കാലമായുള്ള വ്രതാനുഷ്ഠാനത്താൽ മെലിഞ്ഞു തളർന്നിരുന്ന പ്രിയതമയോടു, കൃപാവിശേഷനായ ഭൃഗുവൻ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—'മാനിനി, മാനം നൽകുന്ന നിന്റെ മഹത്തായ ശുശ്രൂഷയാലും ഉറച്ച ഭക്തിയാലും ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഈ ദേഹം എന്നതു ദേഹികൾക്കു ലോകം പ്രിയപ്പെട്ടതാണ്; അതിനെത്തെല്ലും നോക്കാതെ നീ എനിക്കുവേണ്ടി ചടപ്പിച്ചുവല്ലോ! സപ്തധർമ്മനിരതനായ എനിക്കു തപസ്സമാധിയോഗവിദ്യകളാൽ കൈവന്ന ഭയശോകരഹിതങ്ങളായ ഭഗവൽപ്രസാദങ്ങൾക്കുടി, എന്നെ ശുശ്രൂഷിച്ചതിനായി നിനക്കു തന്നേയുള്ളാം; പിന്നെയാരണാ ത്രിവിക്രമഭഗവാന്റെ പുരികക്കൊടിയിൽ നിന്നുത്ഭവിച്ച നശരപ്രഭാതരംഗങ്ങൾ? സിദ്ധയായ നീ സപ്തധർമ്മത്താൽ ആർജ്ജിച്ചുവയും, രാജവിക്രമങ്ങളാൽപോലും മനുഷ്യർക്കു കിട്ടാത്തവയുമായ വിഭവങ്ങൾ അനുഭവിച്ചുകൊള്ളുക!' ഭർത്താവു് ഇപ്രകാരം പറകയാലും, അദ്ദേഹത്തിനു് എല്ലാ യോഗമായാവിദ്യകളിലുമുള്ള വൈദഗ്ദ്ധ്യം കാണുകയാലും സുകന്യയുടെ മനസ്സുതണുത്തു; അവൾ തെല്ലൊന്നു ലജ്ജിച്ചു പുഞ്ചിരിതൂകിക്കൊണ്ടു, പ്രണയവും വിനയവും നിറഞ്ഞ സ്വരത്തിൽ, അദ്ദേഹത്തോടരുൾചെയ്തു:—"പ്രാണനാഥ, ദ്വിജപുംഗവ, അമോഘമായ യോഗമായയെ കീഴടക്കിയ നിന്തിരുവടിക്കു് ഇതെല്ലാം സാധിക്കുമെന്നു് എനിക്കറിയാം. അങ്ങയുടെ അംഗസംഗത്താൽ എനിക്കു സൽപുത്രൻ ഉണ്ടാകുമാറാകണം: ഇതാണല്ലോ, സാദ്ധ്വികൾക്കു് എല്ലാറ്റിലും മികച്ചതു്. അതിനു വേണ്ടുന്നതൊക്കെ ഉപദേശിച്ചാലും മന്മഥപീഡിതയായ എന്റെ ആ നാവു രതിവാഞ്ഛയാൽ അത്യന്തം ക്ഷീണിച്ചു വശംകെട്ടിരിക്കുന്നു; നാഥ, അതു നിറവേറുന്നതിനു തക്കതായ ഒരു ഭവനം നിർമ്മിച്ചാലും."

(പൊരുശ്ലോകി)

ഓമലാരംതൻപ്രിയം സാധിപ്പാൻ ഭാർഗ്ഗവ-
മാമുനിയോഗാസനത്തിൽ വാണാൻ;

Digitized By Kerala Sahitya Akademi

കാണ്മാറായിരങ്ങളേപ്പോഴേ തുമണി-
ത്തുണ്ടായുഴന്നൊരു വൻവിമാനം
സർവകാമാവഹം സർവരത്നാന്വിതം
സർവർതുസേവ്യമം ദിവ്യരൂപം.
സർവസമൃദ്ധിയും ദിവ്യസാമഗ്രിയും
സർവത്രശോഭിക്കുന്നാണ്ടരിങ്ങൾ:
പാറിക്കളിക്കുന്ന പാരാവതാദിയാം
ചേരുന്നാട്ടു പൊടിച്ചിളരൊച്ചകൾ:
നന്നായ്പ്പണിതു പൊൻതാഴികക്കുടങ്ങൾ-
ളിത്രയീലോകങ്ങളുംനങ്ങളിൽ
കണ്കൾക്കിന്പം പകരുന്നഗങ്ങളും പതിച്ചുള്ള
തൊട്ടുമുരുമ്മുകും നാലുപാടും;
മാരങ്ങൾതോറുമേ പോരാടുപടികളും
പാരം പരിശ്രമക്കാർ നീങ്ങുവതായും;
ഗംഭീരം കുറാടങ്ങളും; ഗരുത്മതം നിലം;
വാരുറ്റ തിണ്ണകളും ചിത്രപ്രഭാതങ്ങൾ
തുമുത്തുമാലികളും ഞാന്നുമേലാട്ടുകളും;
ക്ഷൗമകൌശേയാദിവസ്ത്രപുരുന്ദരം:
ഭൃംഗങ്ങളും ഭംഗ്യാ മുരണ്ട പൂമാലകളും;
താങ്ങിങ്ങു നാനാപണിത്തരങ്ങളും.
ഒന്നിന്തരമെല്ലാനായുള്ള നിലകളി-
ലൊക്കയും പൊരുതേ രത്നദീപാവലി
കുട്ടിൽക്കിടകൊണ്ട താലവൃന്താദികളും
ഒട്ടേറെയത്ഭുതമെന്നോ വേണ്ടു!
കൃത്രിമപുഷ്പിയാൽ കോതിയിരുന്നുന്ന
ഹംസകപോതങ്ങളുക്കും നാമം;
സൌകുമാര്യമാവണ്ണം നിർമ്മിച്ച വിത്രമ-
കേളീസ്ഥലങ്ങളും, കിടപ്പുറകളും
മുറവും, നൃമുറമെന്നിവയൊത്തഴ-
കുറവിമാനമതീക്ഷിച്ചിട്ടും
പ്രീതിതികച്ചുമുരംപേരാഞ്ഞ പന്തിരുന്നോ-
രോതിനാൻ യോഗി സദ്വംഗിതജ്ഞൻ:—
'ഓമനേ, വേഗമിപ്പുഷ്പകത്തിൽ നീരാടി
ശ്രീമദ്വിമാനമിതേറിക്കൊൾക.'
വാർപ്രസ്തലൊന്നായ് മെടഞ്ഞിട്ട, മെയ്യിലും
പോർകൊങ്കമേലുമഴകിണങ്ങി,

Digitized By Kerala Sahitya Akademi

ധൂസരവസ്തുമുടുത്തുനിന്നീടിന
ഭാസുരഗാത്രിയീബ്ഭർത്തൃവാക്കാൽ
മൃത്തൊളിനീരെഴുമാവാപിതന്നിൽപ്പോയ്
മുങ്ങിയനേരത്തതിന്നടിയിൽ
കാണായിതായിരം കന്യമാർ യൌവനം
പൂണ്ടൊരുപുഷ്പഗന്ധിനിമാർ
കണ്ടമാത്രയ്ക്കവർ വെന്നിയെടുത്തോര
രണ്ടുകുരങ്ങേളും ധ്രുപ്പിച്ചെന്നാർ:—
'ഞങ്ങൾ ഭവതിക്ക കിങ്കരിമാർകളാ—
ണിങ്ങു വേഗേനതു കല്പിച്ചാലും.'
മാൺപെഴുംവണ്ണം കല്പിച്ചു ദേവിയെ—
പ്പൂന്തുടച്ചുടുപ്പിച്ചുവസ്ത്രീകാം
മിന്നുന്ന മെയ്യൊക്കുച്ചാർത്തിച്ചമുതിനൊ—
ത്തന്നപാനങ്ങളുമേകിബ്ഭക്ത്യാ
കല്യാണമായിയാം കാര്യം കഴിച്ചുടൻ
കണ്ണാടി നോക്കിച്ചുർ കാമിനിയെ
തത്രനിഴലിച്ചുകാണായ് വിശ്വമോഹനം
വസ്ത്രവും, പുമലർമാലകളും,
കണ്ണും പതക്കവും, മേത്തരം ഹാരവും,
രണ്ടുകൈകെത്തണ്ടിലും കാണായും,
മെയ്യിലിരുങ്ങും ചിലങ്കയും, ശ്രോണിമേൽ—
കല്പിതമിച്ചുള്ള പൊൻകാഞ്ചിയും,
വെണ്മമിയാർപ്പിവചോന്ന കടക്കണ്ണും,
നിർമ്മലദന്തങ്ങളും, നൽപ്പുഞ്ചിരിയും,
വണ്ടിണങ്ങുമണിയടുക്കുമളകങ്ങളും—
കൊണ്ടുവിളങ്ങുന്ന തന്മുഖവും.
പിന്നീടുകാന്തനാം താപസമുഖ്യന്റെ
സന്നിധൌ ചെന്നിതാസ്സുനാതാംഗി
കന്യാസംവൃതയാലാവൃതയാമവർ
ധന്യനായ് ത്തീരുവാൻ ശങ്ക പൂണ്ടാർ;
സ്നാനവിശുദ്ധയായ് പുട്ടുത്തുനാത—
പീനസ്തനങ്ങളും മാച്ചു ഭംഗ്യാ,
വിദ്യാധരസ്ത്രീകളായിരം ചൂഴവും
പുത്തൻവടിവാന്ന വല്ലഭയെ
ആ മഹത്തായ വിമാനത്തിലേറിനാൻ
പ്രേമതരളനായ് മാമുനീന്ദ്രൻ.

Digitized By Kerala Sahitya Akademi

തീരാത്ത മാഹാത്മ്യം തേടുമാസ്സുന്ദര-
നാരോമലാളോട് ചേർന്നിണങ്ങി
വിദ്യാധരാംഗനമാരവർ ചുഴറാ
ഹൃദ്യവിമാനത്തിൽസ്സംശോഭിച്ചു:
കൈരവപ്പൊയ്കയുല്ലാസം ചേർന്നംബരേ
താരാവൃതനായ തിങ്കൾ പോലേ.

അഷ്ടദിക്പാലകശ്രീധാത്രിതാഴ്വര-
ത്തട്ടിൽ വന്ദനമൊറ്റാവുകൊണ്ടിട്ട,
വിണ്ണാറുകത്തിയൊലിയ്ക്കുന്ന രണ്ടുള്ളം
കണ്ണടിയത്താൽ നകർന്നുകൊണ്ടിട്ട,
നിഭർ പുകഴ്ത്തുമാറേറെനാൾ ക്രീഡിച്ചുവൻ
വിത്തേശൻ പാലവൻ സ്തീസഹായൻ;
വൃന്ദാരകരുടെയുദ്യാനമാകുന്ന
നന്ദനം, വൈഭ്രാജം, പുഷ്പഭദ്രം,
മാനസം, മൈത്രരഥത്തൊട്ടിവയിലും
മാനിനിയൊത്തവൻ കേളിയാടി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷ്വാത്ന്യായനസംവാദം, രാമശർമ്മോപ്പകരണം, ച്യവനതപോഭോഗവർണ്ണനം പതിനഞ്ചാമദ്ധ്യായം.

(൦)

പതിനാറാമദ്ധ്യായം

സുമതി:—ഇപ്രകാരം സുകന്യയോടുകൂടി ലോകത്തിലെങ്ങും രമിയ്ക്കുന്ന ആദ്ദേഹത്തിന്നു് ഒരുന്നൂറു സംവത്സരം അറിയാതെ കഴിഞ്ഞുപോയി. പിന്നീട്ട, തന്റെ കാലപരിവർത്തനവും തന്റെ പ്രിയതമപൂർണ്ണമനോരഥയായിച്ചമഞ്ഞതും കണ്ടിട്ടു് ആ ബ്രാഹ്മണൻ നിവൈരജന്തുക്കളാലും മാനുകളാലും തപസ്വികളാലും നിറയപ്പെട്ട പയോഷ്ണീതീരത്തിൽ പരിലസിയ്ക്കുന്ന സപുണ്യാശ്രമത്തിലേയ്ക്കു മടങ്ങിപ്പോന്നു, ഇവിടെ വേദജ്ഞരായ ശിഷ്യരാൽ പരിചരിക്കപ്പെട്ടുകൊണ്ടു പരമതപസ്സിലിരിക്കുകയായി.

അങ്ങിനെയിരിക്കെ, ഒരുദിവസം, യജ്ഞോദ്യതനായ ശര്യാതി ച്യവനനെ കൂട്ടിക്കൊണ്ടുചെല്ലുവാൻ ഭൃത്യന്മാരെ പറഞ്ഞയച്ചു. അവർ ക്ഷണിച്ചതനുസരിച്ചു്, ആ തപോനിധിയായ ബ്രാഹ്മണശ്രേഷ്ഠൻ സപരിചാരങ്ങളിൽ ശ്രദ്ധയേറിയ ധർമ്മപത്നിയായ സുകന്യയോടും

Digitized By Kerala Sahitya Akademi

ക്കുടി പുറപ്പെട്ടു. രാജാവിന്റെ അരികിലെത്തിച്ചേർന്നു. പേർ പുകഴ്ന്ന പാർത്ഥിവൻ, തന്റെ കാൽക്കൽ അഭിവാദ്യം ചെയ്ത മകളുടെ അടുക്കൽ ഒരു സൂര്യതേജസ്സുടിയായ പുരുഷനെ കണ്ടതിനാൽ കുറെ നീരസം പൂണ്ട് ആശീർവാദമൊന്നും ചെയ്യാതെ, അവളോടു ചോദിച്ചു:— 'എന്തിനാണ്, നിന്റെ ഈ പുറപ്പാട്? ലോകനമസ്കൃതനായ മഹർഷിയുണ്ടാണല്ലോ നിന്നെ ഞാൻ നൽകിയത്; നീ ആ വാർദ്ധകഗ്രസ്തനായിരുന്ന ഭർത്താവിനെ വെറുപ്പുമൂലം ഉപേക്ഷിച്ച് ഈ വഴിപോകനൊരു ജാരനെ സ്വീകരിച്ചിരിക്കുന്നു! സജ്ജനോചിതമല്ലാത്ത ഈ ബുദ്ധി ഒരു സൽകുലത്തിൽ ജനിച്ചുവളർന്ന നിനക്കു തോന്നിയതെങ്ങിനെ? ഇതു കുലത്തെ കെടുക്കുന്ന നൊണല്ലോ. നീ ലജ്ജാകൂടാതെ ജാരനോടു ചേർന്ന്, അച്ഛന്റേയും ഭർത്താവിന്റേയും കുലത്തെ അധഃപതിപ്പിക്കുകയാണല്ലോ ചെയ്യുന്നത്!' ഇവ്വിധം ഭർത്സിക്കുന്ന പിതാവിനോട് ആ ചാരുഹാസിനി പുഞ്ചിരികൊണ്ടു പറഞ്ഞു:— 'അച്ഛ, അച്ഛന്റെ ജാമാതാവായ ഭൃഗുനന്ദൻ തന്നെയാണദ്ദേഹം.' ച്യവനൻ യൌവനവും സൌന്ദര്യവും ലഭിച്ച വൃത്താന്തമൊക്കെ പറഞ്ഞുകേട്ടപ്പോൾ, അച്ഛൻ അത്യന്തം ആശ്ചര്യവും സന്തോഷവും പൂണ്ടു പുത്രിയെ കെട്ടിപ്പുണർന്നു.

ശർയ്യാതൻ ച്യവനൻ സോമംകൊണ്ടു യജ്ഞിപ്പിച്ചു; എന്നിട്ട് സോമപാത്രം എടുത്തു, സോമപായികളല്ലാതിരുന്ന അശ്വിനീദേവകുമാരന്മാർ, തന്റെ തപഃസ്തേജോബലത്താൽ, അതു നുകരുവാൻ കൊടുത്തു. പന്തിയിലിരുത്താത്ത അവരിരുവരേയും ബ്രാഹ്മണോത്തമൻ പന്തിയിൽ ചേർക്കുകയാൽ, അദ്ദേഹത്തെ വധിപ്പാൻ വാസവൻ വജ്രമെടുത്തു. എന്നാൽ, ധീമാനായ മഹർഷി ഒരു ഹുങ്കാരമിട്ടതോടുകൂടി, ദേവേന്ദ്രന്റെ കൈ സ്തംഭിച്ചുപോയി. കയ്യനങ്ങാതെ കോപത്താൽ ചീറിക്കൊണ്ടുനിൽക്കുന്ന മഘോന്മുൻ, മന്ത്രംകൊണ്ടു ബന്ധിക്കപ്പെട്ട സർപ്പമെന്നപോലെ കാണപ്പെട്ടു. ഒടുവിൽ അദ്ദേഹം, അശ്വിനീദേവകുമാരന്മാർ നിത്യമായി യാഗഭാഗം നൽകുന്ന തപോനിധിയോടു സ്തുതിച്ചുപേക്ഷിച്ചു:—'സ്വാമിൻ, അശ്വിനികുമാരന്മാർ പണ്ടു നൽകാം; ഞാൻ തടുക്കുന്നില്ല. എന്റെ അപരാധത്തിനു മാപ്പു തരുമാറാകണം.' ഇതുകേട്ടപ്പോൾ, കരുണാനിധിയായ മഹർഷിയുടെ ക്രോധം നീങ്ങി; അതോടുകൂടി, ശക്രന്റെ ഭുജസ്തംഭവും വിട്ടൊഴിഞ്ഞു. ഇതുകണ്ടിട്ട് അള്ളകളെല്ലാം കൌതുകം പൂണ്ടു, ദേവാദികുമാരന്മാർ കിട്ടാത്ത ബ്രാഹ്മണബലത്തെ പ്രശംസിച്ചു. പിന്നെ പരന്തപനായ മഹാരാജാവു ബ്രാഹ്മണർക്കു വളരെ ധനം കൊടുത്തു യാഗം അവസാനിപ്പിച്ചു, അവഭൃസ്നാനവും കഴിച്ചു.

Digitized By Kerala Sahitya Akademi

ക്കടി പുറപ്പെട്ടു. രാജാവിന്റെ അരികിലെത്തിച്ചേർന്നു. ഭോ പുരുഷനാണിവൻ, തന്റെ കയ്യൽ ആഭിചാരം ചെയ്ത മകളുടെ അടുക്കൽ ഒരു വൃദ്ധതാപസിയായ പുരുഷനെ കാണുന്നതിനായി കണ്ണു നീരസം പൂണ്ട് അരുതാത്തതൊന്നും ചെയ്യാതെ, അവളോടു ചോദിച്ചു:— 'എന്തിനാണ്, നിന്റെ ഈ പുറപ്പാട്? ലോകനാഥനായ മഹർഷിയുടെയാണു നിന്നെ ഞാൻ നൽകിയത്; നീ ആ വാർത്താകുറ്റം നായിരുന്ന ദുർവാസാവിനെ ഓരുപുലഭ്യം പറഞ്ഞിട്ട് ഈ വഴിയേ നാനായ ഭാരതനെ സ്വീകരിച്ചിരിക്കുന്നതു വലുതോചിതമല്ലാത്ത ഈ ബുദ്ധി ഒരു സൽകർമത്തിൽ ഇണങ്ങിച്ചേരുന്ന വിനോദമല്ല തോന്നിയതെങ്ങിനെ? ഈ കനിയെ കൊടുക്കാനാണെങ്കിൽ നിനക്കല്ലോ. നീ കഞ്ഞിക്കുടാതെ ഈ ഭാരതനോട് ചെയ്ത്, അച്ഛന്മാരുടെയും ഋഷിവരന്മാരുടെയും കണ്ണിനെ അധഃപതിപ്പിക്കുകയാണല്ലോ ചെയ്യുന്നതു!' ഇവ്വിധം ഭർത്സിക്കുന്ന പിതാവിനോട് ആ ബാലതാപസിനി പുഞ്ചിരികൊണ്ടു പറഞ്ഞു:— 'അച്ഛ, അച്ഛന്റെ ജാമാതാവായ ദുർവാസാവ് തന്നെയാണല്ലോ ഞാൻ. ന്യായനും ഔചിത്യവും ലഭിച്ച വിധമൊക്കെ പറഞ്ഞുകേട്ടല്ലോ, അച്ഛൻ അത്യന്തം ആശ്ചര്യവും സന്തോഷവും കൈവിട്ടു പുത്രിയെ കെട്ടിപ്പുണർന്നു.

ശിഷ്യരെന്ന ഭാവേന സോമംകൊണ്ടു യജിപ്പിച്ചില്ല; എന്നാൽ സോമപാത്രം വെടുത്തു. സോമപായികളല്ലാതിരുന്ന അശ്വിനീദേവകുമാരന്മാർ. തന്റെ അവജ്ഞയ്ക്കുപാത്രങ്ങൾ, അയ്യനകുരുവാൻ കൊണ്ടുത്തു. പന്തിയിലിരുത്തിക്കുടാത്ത ദമ്പതിമാരെയും ബ്രാഹ്മണനായ മുൻ പന്തിയിൽ ഭോജനംചെയ്കയാൽ, അദ്ദേഹത്തെ വരനിപ്പാൻ വാസവൻ വല്ലാതെയുത്തു. എന്നാൽ, ധീരമതിയായ സൗഭരി ഒരു ഉഗ്രംകാരമിട്ടതോ ടുക്രുദ്ധി, ദേവേന്ദ്രനെ കൈ സ്തംഭിപ്പിച്ചുപോയി. കുപ്യനങ്ങാതെ കോപത്താൽ ചീറിക്കൊണ്ടുനിൽക്കുന്ന മഘോന്മുഖൻ, മന്ത്രംകൊണ്ടു ബന്ധിക്കപ്പെട്ട സർപ്പമെന്നപോലെ കാണപ്പെട്ടു. ഒടുവിൽ അദ്ദേഹം, അശ്വിനീദേവകുമാരന്മാർ നിർഭയമായി യജ്ഞഭാഗം സ്വീകരിക്കുന്ന തപോനിധിയോടു സ്തുതിപ്പെടുത്തു:—'ഗുരോ, അശ്വിനികുമാരന്മാർ പതിതന്മാരാകാം; ഞാൻ തുടരുന്നില്ല. എന്റെ അപരാധത്തിനു മാപ്പു തരുമാറാകണം.' ഇതുകേട്ടപ്പോൾ, കരുണാനിധിയായ മഹർഷിയുടെ ക്രോധം നീങ്ങി; അതോടുകൂടി, ശക്രന്റെ ഉജ്ജംഭവും വിട്ടൊഴിഞ്ഞു. ഇതുകണ്ടിട്ട് അപ്സരകുലങ്ങളെല്ലാം ഒന്നുചേർന്നു പാടി, ദേവാദികൾക്കുപോലും കിട്ടാത്ത ബ്രാഹ്മണബലത്തെ പ്രശംസിച്ചു. പിന്നെ പരന്തപനായ മഹാരാജാവു ബ്രാഹ്മണന്മാരുടെ ധനം കൊടുത്തു യാഗം അവസാനിപ്പിച്ചു", അവർ തമ്മിൽ സ്നേഹവും കഴിച്ചു.

Digitized By Kerala Sahitya Akademi

ഇന്ന മനോരഥം നിറവേറി; ബ്രഹ്മാദികൾക്കും കണ്ടുകിട്ടാത്ത രാമചന്ദ്രമുഖം എനിക്കു കാണായ്തുമല്ലോ! തന്തിരുവടിയുടെ പാദപാംസുവാൽ എന്റെ ശരീരത്തെയും നാനാകഥകളാൽ എന്റെ നാവിനേയും ഞാനിന്ന ശുദ്ധിപ്പെടുത്തും!!' എന്നും മറ്റുമായി, അദ്ദേഹത്തിന്റെ രാമചരണസ്മരണത്താൽ വളർന്നവന്ന പ്രേമത്തിൽനിന്ന് ഒരു സഗൽഗദമായ വാക്പ്രവാഹം പുറപ്പെട്ടു. 'ശ്രീരാമചന്ദ്ര, രഘുപുംഗവ, ധർമ്മസചിവപിൻ, ഭക്തവത്സല, എന്നെ സംസാരത്തിൽ നിന്നു കരയേറണമേ!' എന്നിങ്ങിനെ മഹർഷിമാരുടെ മുമ്പിൽ കണ്ണുനീർ നിറഞ്ഞുച്ചരിച്ചുംകൊണ്ട് അദ്ദേഹം മറ്റൊന്നും അറിയാതെ ധ്യാനത്തിലിരിപ്പായി.

ശത്രുഘ്നൻ ആ മുനിയോടപേക്ഷിച്ചു:—'സ്വാമിൻ, ഞങ്ങളുടെ മഹായാഗത്തെ നിന്തിരുവടിയുടെ പാദപാംസുകൊണ്ടു പരിശുദ്ധമാക്കിയാലും. രഘുനാഥൻ വലിയഭാഗ്യവാൻതന്നെ: മഹാഭജൻ, സർവ്വലോകൈകപൂജിതനായ ഭവാന്റെ മനസ്സിൽ സ്ഥിതിചെയ്യുന്നുണ്ടല്ലോ!' ഉടനെ ച്യവനൻ പരിവാരങ്ങളോടും അഗ്നികളോടുംകൂടി, അത്യാനന്ദത്തിൽ മുഴുകിക്കൊണ്ട് അങ്ങോട്ടു നടകൊണ്ടു. ആ ശ്രീരാമഭക്തൻ കാൽനടയായി പോകുന്നതു കണ്ടിട്ട് ഹനുമാൻ ശത്രുഘ്നനോടു സവിനയം ഉണർത്തിച്ചു:—'തിരുമേനി ആജ്ഞ തരുമെങ്കിൽ, മഹാസുന്ദരനും ശ്രീരാമഭക്തനുമായ ഈ മുനീന്ദ്രനെ ഞാൻ അയോധ്യയിൽ കൊണ്ടാക്കിക്കൊള്ളാമായിരുന്നു!' 'ചെല്ലൂ, മഹർഷിയെ കൊണ്ടാക്കൂ' എന്ന ശത്രുഘ്നൻ അനുവദിച്ചു. ഉടനേ ഹനുമാൻ ആ സകുടുംബനായ മഹർഷിയെ തന്റെ പുറത്തേറ്റി, ആകാശത്തിലൂടേ വായുവേഗത്തിൽ കൊണ്ടുപോന്നു.

മഹർഷി വന്നുചേർന്നതുകണ്ടിട്ടു, ധീമൽപ്രവരനായ രാമഭദ്രൻ ഭക്തിയും സന്തോഷവും പൂണ്ടു് അർഘ്യപാദ്യാദികളർപ്പിച്ചു്, 'മുനിവര്യനായ ഭവാനെ കണ്ടതിനാൽ ഞാൻ ഇന്ന ധന്യനായി! എല്ലാസംഭാരങ്ങളും ചേർന്തായ എന്റെ യാഗം പരിശുദ്ധമായി!' എന്നിങ്ങിനെ അഭിനന്ദിച്ചു. അപ്പോൾ, പ്രേമത്താൽ കോരിമയിർക്കൊണ്ടു പരമാനന്ദിതനായ ച്യവനമുനീന്ദ്രൻ ഉരചെയ്തു:—'സ്വാമിൻ, മഹാരാജാവെ, ധർമ്മമാർഗ്ഗത്തെ നിലനിർത്തുന്ന ബ്രഹ്മണ്യദേവനായ ഭവാന ബ്രാഹ്മണപൂജനം യുക്തംതന്നെ!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം,
രാമാശ്വമേധപ്രകരണം, ച്യവനശത്രുഘ്നസമാഗമം പതിനാറാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

പതിനേഴാം അദ്ധ്യായം

ശേഷൻ:—ച്യവനന്റെ അചിന്ത്യമായ തപോബലം കണ്ട ശത്രുഘ്നൻ സാഷ്ടാംഗപ്രണാമം ചെയ്തു. അനന്തരം അദ്ദേഹം ആ മഹർഷിയോടു ചോദിച്ചു:—'അല്ലയോ ബ്രഹ്മൻ, ഇവിടെ അങ്ങയുടെ ആശ്രമത്തിൽ ഒരു നിമിഷംകൊണ്ടു ഇത്രയധികം ധനം ഉണ്ടായതിനുള്ള കാരണമെന്താണ്? ഇതിനുമുമ്പ് ഇവിടെ ഇങ്ങനെയൊരു സമൃദ്ധി കണ്ടിട്ടില്ലല്ലോ! ഇതിനുള്ള കാരണം അങ്ങു കൃപചെയ്തു പറഞ്ഞുതരണം.'

ച്യവനൻ:—'ഹേ രാജകുമാരാ, ഇതിനുള്ള കാരണം ഞാൻ പറയാം. ഭാർഗ്ഗവനായ ച്യവനനെന്നു കേൾക്കുന്നതോടുകൂടി ഇന്ദ്രൻ ഭയപ്പെടുന്നതിനാൽ ഞാൻ ഇന്ദ്രനെ ഭയപ്പെടുത്തുന്നതിനായി ഒരു യാഗം ചെയ്തു. ഈ യാഗത്തിൽ ഇന്ദ്രനുള്ള ഭാഗം ഞാൻ തടഞ്ഞുവച്ചു. അതുകൊണ്ടു ഇന്ദ്രൻ എന്റെ ആശ്രമത്തിൽ ഇത്രയധികം ധനം വർഷിച്ചു. ഇതിനുമുമ്പ് ഇവിടെ ഇങ്ങനെ ഒരു സമൃദ്ധി ഉണ്ടായിട്ടില്ല. ഇനിയും ഇവിടെ ഇങ്ങനെ ഒരു സമൃദ്ധി ഉണ്ടാകുന്നതാണ്.'

ച്യവനന്റെ ഈ വാക്കുകൾ കേട്ടു ശത്രുഘ്നൻ അദ്ദേഹത്തിനു നമസ്കരിച്ചു. അനന്തരം അദ്ദേഹം ച്യവനനോടു ചോദിച്ചു:—'ഹേ മഹർഷേ, ഇവിടെ അടുത്തു ഒരു പുണ്യജലമുള്ള നദിയുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ പേരെന്താണ്? അതിന്റെ ഉത്പത്തിയെപ്പറ്റി അങ്ങു പറഞ്ഞുതരണം.'

ച്യവനൻ:—'ഹേ രാജകുമാരാ, ഇവിടെ അടുത്തു ഒരു പുണ്യജലമുള്ള നദിയുണ്ട്. അതിന്റെ പേരു രേവാനദി എന്നാണ്. അതിന്റെ ഉത്പത്തിയെപ്പറ്റി ഞാൻ പറയാം. ശ്രദ്ധിച്ചു കേൾക്കുക.

കൃതയുഗത്തിൽ രേവൻ എന്നു പേരുള്ള ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഭൂമിയിൽ ഒരു ചക്രവർത്തിയെപ്പോലെ വാണിരുന്നു. അദ്ദേഹത്തിനു രേവതി എന്നു പേരുള്ള ഒരു പുത്രിയുണ്ടായിരുന്നു. അവൾ ലോകത്തിൽ അതിസുന്ദരിയായിരുന്നു. അവൾക്കു തുല്യം സൗന്ദര്യമുള്ള മറ്റൊരു സ്ത്രീയും ഭൂമിയിൽ ഉണ്ടായിരുന്നില്ല. അവൾ ഒരു ദിവ്യകന്യകയായിരുന്നു. അവൾ ഭർത്താവിനെ അന്വേഷിച്ചു നടന്നു. അവൾക്കു തുല്യം സൗന്ദര്യമുള്ള ഭർത്താവിനെ ലഭിക്കുന്നതിനായിരുന്നു അവൾ അന്വേഷിച്ചു നടന്നത്. അവൾ ഭൂമിയിലുള്ള രാജാക്കന്മാരെയെല്ലാം അന്വേഷിച്ചു. അവരിൽ ആരും അവൾക്കു തുല്യം സൗന്ദര്യമുള്ളവരായിരുന്നില്ല. അവൾ ഭൂമിയിലുള്ള രാജാക്കന്മാരെയെല്ലാം അന്വേഷിച്ചു നടന്ന

ഇരമ്പിടും ചോലകളൊത്ത ലാലസി-
ച്ചിതാനഗം കീരമരാളനാദിതം.
ഗന്ധവ്വരോടപ്സരസാംഗണങ്ങളും,
നാഗങ്ങളം, നല്ലാർകളം ചുഴന്ന സിദ്ധരും
ഗംഗാതരംഗങ്ങളിർത്തെന്നാലോറുകൊ-
ണ്ടങ്ങാരമിട്ടു മണിവീണ മീട്ടിയും.

ആ പർവ്വതം കണ്ടഭ്രുതപ്പെട്ടിട്ട് ശത്രുഘ്നൻ സുമതിയോടുചോദിച്ചു:—'മന്ത്രിപുംഗവ, നമ്മുടെ മുമ്പിൽ വിളങ്ങുന്ന ഈ കനകസാനുവായ പർവ്വതം ഏതാണ്? ഏനിക്ക് ആശ്ചര്യം തോന്നുന്നു. ഇതു ദേവകളുടെ വാസസ്ഥാനമോ വിഹാരഭൂമിയോ ആയിരിക്കുമോ? ഇതിന്റെ സവിശേഷത എനിക്ക കൌതുകം വളർത്തുന്നു!' ഇതുകേട്ടിട്ട, വർണ്ണനീയഗുണങ്ങളംകിരിപ്പിടമായ രാമചന്ദ്രന്റെ പാദാരവിന്ദം സ്മരിച്ചുംകൊണ്ടു സുമതി പറഞ്ഞു:—'നീലപർവ്വതമാണ് ഇക്കാണുന്നതു്. മനോഹരങ്ങളായ സ്ഫടികാദി മഹാശൃംഗങ്ങളം. ചുഴന്നതായ ഇതിനെ പാപികൾ കണ്ടെത്തുകയില്ല: പരസ്ത്രീലമ്പടൻ; വിഷ്ണുവിന്റെ ഗുണഗണങ്ങളെ സ്മരിക്കാത്തവൻ; വല്ല യുക്തിവാദവും ശീലിച്ചു, സജ്ജനാചരിതമായ ശ്രൌതസ്മാർത്തധർമ്മത്തെ വകവെയ്ക്കാതിരിക്കുന്നവൻ; നീലി (കരി ജലജന്തു) താരാങ്, ഗോരസം എന്നിവ വിൽക്കുന്ന ബ്രാഹ്മണൻ; കള്ളുകുടിയൻ; ശ്രോത്രിയായ കന്യകയെ കുലീനനായ കൊടുക്കാതെ, ധനം മോഹിച്ചു വിൽക്കുന്ന അച്ഛൻ; കുലീനയും സുശീലയുമായ പതിവ്രതയെ കൈവെടിയുന്നവൻ; നല്ലവസ്തുവിനെ ബന്ധുക്കൾക്കു നൽകാതെ താൻ മാത്രമായി ഭക്ഷിക്കുന്നവൻ; ബ്രാഹ്മണനായിട്ടു പാകംചെയ്യുന്നതിൽ കുറവായി വ്യത്യാസം വരുത്തുന്നവൻ; എപ്പോഴും പാദത്രവും തനിക്കായി പചിക്കുന്നവൻ; വിശന്നുപൊരിഞ്ഞു് അന്തിക്കു വന്നതിഥിയെ സൽക്കരിക്കാത്തവൻ; മറവില്ലാതെ തെറ്റിനടക്കുന്നവൻ; വിശ്വാസഘാതകൻ; രാജ്യനാഥനിൽ ഭക്തിയില്ലാത്തവൻ എന്നീ നരാധമരാരും ഈ പുണ്യ മഹാഗിരിയെ കണ്ടെത്തുകയില്ല. പുരുഷോത്തമാധിഷ്ഠിതമായ ഈ മനോഹര ശൈലത്തെ കണ്ടതിനാൽ നാമെല്ലാവരും പരിശുദ്ധരായി!

ദേവന്മാരുടെ കിരീടങ്ങളാൽ നീരാജിത ചരണനായി, പുണ്യവാന്മാർ മാത്രം കണ്ടെത്തുന്നവനായി, പുണ്യദാതാവായിരിക്കുന്ന പുരുഷോത്തമൻ ഇതിങ്കൽ വാണരുളുന്നുണ്ടു—നേതിനേതി എന്നരചെയ്യുന്ന വേങ്ങൾപോലും അവനെ അറിയുന്നില്ലയോ; അവരുടെ സൃഷ്ടർത്തൃഭൂമായ പരമേശ്വരന്റെ ഇന്ദ്രാദിദേവകളും തേടുന്നവരോ; അവനെ ഞങ്ങ

Digitized By Kerala Sahitya Akademi

ഞാനമാർ വേദാന്താദി മഹാവാക്യങ്ങളാൽ ഒരുങ്ങിയിരുന്നതോടെ; ആ ലക്ഷ്മീവല്ലഭനായ പുരുഷോത്തമൻ ഈ ഭാരതഭൂമിയിൽ അവതരിച്ചിരുന്നു. ഇതിനുമേൽ കേറി, നന്തിയാടിയെ വരിച്ചു പുണർന്നു ഒന്നു വേട്ടയും കഴിഞ്ഞാൽ, ആ സുകൃതി ചക്രവർത്തിയായിപ്പുകയും. ഇതിലേക്ക്, ഒരു പഴയ ഇതിഹാസം പറഞ്ഞുവരുന്നതിന്റെ: മഹാരാജാവേ, ഈ ശ്രീപരാജയവിനാശം ദേവാസുര യുദ്ധത്തിനായ ചതുർഭുജന

റയ്ക്കുക യെന്നതല്ലാതെ, വിഷ്ണുസേവനം ചെയ്യുന്നില്ലയോ, ആ മനുഷ്യനെ ഒരു ക്രൂരനെപ്പോലെയത്രേ കരുതിക്കൂടൂ! അതിനാൽ, പ്രിയതമേ, രാജ്യഭാരം പുത്രൻമേൽ സമർപ്പിച്ചു ഞാൻ കുടുംബത്തോടെ തീർത്ഥയാത്ര പുറപ്പെടുന്നതാണ്.'

ഈ വിധം നിശ്ചയിച്ചു, സന്ധ്യയ്ക്കു ഭഗവാനെ ധ്യാനിച്ച രത്നശ്രീ യൻ രാത്രിയിൽ ഒരു താപസിയായ ശ്രേഷ്ഠബ്രാഹ്മണനെ സ്വപ്നം കാണുകയുണ്ടായി. താപിയെ യുഴുന്നോരു സന്ധ്യാവന്ദനവും മറ്റും കഴിച്ചു രാജാവു ശയ്യാഗൃഹത്തിൽനിന്നു പുറപ്പെടുകയായി. ആ ബ്രാഹ്മണൻ അവിടെ വരുന്നതു കണ്ടു. അപ്പോൾ ചാടിച്ചു ശരീരത്തെ അനേകതീർത്ഥോദകങ്ങൾകൊണ്ടു പൂജ്യമാക്കി, ജടയും വസ്ത്രവുകൊണ്ടു പിന്നെയും ധരിച്ചു. ദണ്ഡു കൈക്കൊണ്ടിരുന്ന താപ്പോറെത്തു കണ്ട ഉടൻ മനം കലിച്ച മഹാരാജാവു സന്നമാൻ താപതാപ്പി വണങ്ങി, അഷ്ടാംഗപ്രണാമം ചെയ്തു, സുഖാസനത്തിൽ ഇരുന്നി വിശ്രമിപ്പിച്ചു, പറഞ്ഞു:—'ബ്രാഹ്മൻ, ക്ഷമിക്കണം. ഇവിടുത്തെ കണ്ടതിനാൽ മറ്റൊരു ദോഷം പ്രാപിയ്ക്കുകയില്ല. മഹാത്മാക്കൾ മറ്റുള്ളവരെ രക്ഷിച്ചാൽ മതിയല്ലോ. അവരുടെ അനുഗ്രഹം ചെയ്യുക പതിവാണല്ലോ! അതിനാൽ, പറഞ്ഞാലും: കീഴടങ്ങിയ ഞാൻ പുനർജ്ജന്മമില്ലാതാകാൻ മുക്തി യെ സേവിയ്ക്കുന്നു? മുക്തിതീർത്ഥം അതേതു? ഭവാനാർ മുക്തിമാർഗ്ഗികളിൽ കനിഷ്ഠനായാലും, ധ്യാനസമാധിശീലനായാലും, മുക്തിതീർത്ഥി ടം മുഴുകി പാപം കളഞ്ഞു പുണ്യം നേടിയവരുമാണല്ലോ. ദയചെയ്തു, ശ്രേയോലബ്ധിയായ മുക്തിക്കു വിവരിച്ചു പാതയുത്തരമാകണം.

ബ്രാഹ്മണൻ:—'മഹാരാജാവേ, തീർത്ഥസേവനം ശ്രദ്ധിച്ചുകൊള്ളുക; മുക്തിദേവൻ പ്രസാദിച്ചാൽ ഗർഭവാസം നേരിടുകയില്ലെന്ന പറഞ്ഞുതരാം: ശ്രീരാമചന്ദ്രനെയാണു സേവിക്കേണ്ടതു —സംസാരജ്വരം നശിച്ചാൽ പുരുഷോത്തമനെന്നു പേരുള്ള ആ ഭഗവാനെത്തന്നെയാണ് പൂജിക്കേണ്ടതു. സർവപാപങ്ങളേയും നശിപ്പിക്കുന്ന അനേകം ക്ഷേത്രങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്: അയോധ്യ, സരയൂ, താപി, ഹരിദ്വാരം, അവന്തി, വിമല, കാമ്പി, നൈമാനടി, ഗോകർണ്ണം, സർവതീർത്ഥകളേയും പോറുന്ന പാടകേശ്വരം, കാണുന്നവർക്കു മോക്ഷം നൽകുന്ന മണ്ഡികാപ്രയാഗതീർത്ഥം ഹരിദ്വാരം, ഒരുള്ളം തട്ടിയാൽ മനുഷ്യരുടെ കുറ്റം മുഴുവനും പോക്കുന്ന പാപഹാരിതീർത്ഥവും ഞാൻ ദർശിച്ചിട്ടുണ്ട്. ദേവകളും അനുഗ്രഹം തേടുന്ന ഗിരികയും ഞാൻ ദർശിച്ചിരിക്കുന്നു. അവിടെ സാക്ഷാൽ ബ്രഹ്മജലമായ ഗോമതീനദി പ്രവഹിക്കുന്നു; അവിടെ നിത്യ ലയവും, മരണം മോക്ഷവുമത്രേ;

Digitized By Kerala Sahitya Akademi

അവിടെ വാഴുന്നവരെ കണ്ടി ഒരിക്കലും രോഗിക്കുകയില്ല; അവിടത്തെ മനുഷ്യർ മാത്രമല്ല, കുഞ്ഞുകുട്ടം പശു—പക്ഷി—പുഴു മുതലായവകൂടിയും ചക്രാംകിതങ്ങളാകുന്നു; സർവ്വലോകങ്ങൾക്കുമെല്ലാം രക്ഷിതാവായ ശ്രീവിക്രമൻ വാണരുളുന്ന ആ പുരി കാണാൻ മഹാഭാഗ്യത്താൽ എനിക്കു സംഗതി വന്നു! സർവ്വർത്തുക്കളേയും പോലുള്ള കുരുക്ഷേത്രം, മഹാപാപങ്ങളെ നശിപ്പിക്കുന്ന സുമനസപ്രകാശകം എന്നിവയും ഞാൻ ദർശിച്ചു. താരകാസുരവധസ്ഥലം ഇപ്പോൾ പുഷ്കരമെന്നു വിശ്രുതമായി വാണരുളുന്ന വരാണസിയും ഞാൻ ദർശിച്ചിരിക്കുന്നു: അവിടെവച്ചു മരിച്ചാൽ, പശു പക്ഷി കീടങ്ങളാകട്ടെ, അസുരയോനിയിൽ പിറന്നവരാകട്ടെ, കർമ്മക്ഷയംവന്നു പുണ്യലോകം പിടിച്ചു തൈലോക്യത്തിൽ ചെന്നെത്തി, കപർദ്ദവും സുപ്രസന്നതയും ആനന്ദനാഥനും ധരിച്ചു സുഖമായി നിവസിക്കും. അവിടെ വടക്കോട്ടൊഴുകുന്ന ഗണികാതീർത്ഥം പാപികൾക്കുപോലും സംസാരബന്ധത്തിൽനിന്നു വിമുക്തി നൽകുന്നു. അവിടെ കാലഭൈരവനാണു് കാലന്റെ കൃത്യം നടത്തുന്നതു്; ദണ്ഡപാണിയായ യമനു മനുഷ്യരുടെ മേൽ അധികാരമൊന്നുമില്ല! ഇങ്ങിനെയുള്ള വിശ്വനാഥകാശിയും ഞാൻ ദർശിച്ചിരിക്കുന്നു. മറ്റു പലേടവും അനേക തീർത്ഥങ്ങളും ഞാൻ ദർശിച്ചിട്ടുണ്ടു്. എന്നാൽ, പുരുഷോത്തമൻ വാണരുളുന്ന നീലപർവ്വതത്തിൽ കണ്ടതുപോലെ ദിവ്യത്വമുള്ളതും മറ്റൊരിടവും കാണുകയുണ്ടായില്ല.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രണശ്രീവത്സാഖ്യാനകഥാരംഭം പതിനേഴാമദ്ധ്യായം.

(0)

പതിനെട്ടാമദ്ധ്യായം

ബ്രാഹ്മണൻ:—രാജാവേ, നീലപർവ്വതത്തിൽവെച്ചു സംഭവിച്ചതു കേട്ടുകൊള്ളുക; ഇതിൽ ശ്രദ്ധിക്കുന്നവർ സനാതന ബ്രഹ്മത്തോടു ചേരും:

സഞ്ചാരിയായ ഞാൻ ഗംഗയുടേയും സപ്തർഷിനദികളുടേയും തീരങ്ങളിൽ ദീർഘകാലം കഴിഞ്ഞുകൂടുന്ന നീലപർവ്വതത്തിൽ ചെന്നെത്തി. ആ ഗിരിയുടെ മുകളിൽ പ്രാപ്തധാരികളായ എത്രയോ കിരാതന്മാരെ ഞാൻ കണ്ടു. അവർക്കു നന്നാലു കൈകളുണ്ടു്; കായും കിഴങ്ങുമാണു് ഭക്ഷിക്കുന്നതു്. എനിക്കപ്പോൾ വലിയ സംശയം ഉളവായി:—'ഈ

Digitized By Kerala Sahitya Akademi

കാമ്മുകധാരികളാം നന്നാലു കൈകളുണ്ടല്ലോ! വിജിതാത്മാക്കളായ വൈകുണ്ഠവാസികളുടെ ശ്രമം—ബ്രഹ്മാദികൾക്കുപോലും കിട്ടാൻ എളുപ്പമില്ലാത്തത്—ഇവർക്കെങ്ങിനെ ലഭിച്ചു? ഇവരിതാ, വിഷ്ണുസേവകരെപ്പോലെ, ശംഖചക്രഗദാശാർങ്ഗപത്മങ്ങൾ കൈക്കൊണ്ട വനമാലയുമണിഞ്ഞു പരിശോഭിക്കുന്നു!' സംശയംമൂലം ഞാൻ അവരോടു ചോദിച്ചു:—'നിങ്ങളാരാണ്? നിങ്ങൾക്കെങ്ങിനെ ചതുർബാഹുത്വം സിദ്ധിച്ചു?' അപ്പോൾ അവർ ഉറക്കെച്ചിരിച്ചു. എന്നെപ്പറ്റി സംസാരിച്ചു:—'അത്ഭുതമായ നൈവേദ്യമാഹാത്മ്യം ഈ ബ്രാഹ്മണനറിഞ്ഞുകൂടാ!' അതുകേട്ടിട്ട് ഞാൻ അത്യുത്സുകനായി:—'എന്തു നൈവേദ്യം? അതുകൊണ്ടെന്താണു സിദ്ധിക്കുന്നത്? ധർമിഷ്ഠന്മാരായ ചതുർഭുജന്മാരേ, അതെനിക്കു പറഞ്ഞുതരുവിൻ.' ഉടനേ, ആ മഹാത്മാക്കൾ, ചതുർഭുജത്വം ലഭിച്ച വൃത്താന്തമെല്ലാം പറയാൻ തുടങ്ങി:—

'ബ്രാഹ്മണ, ഞങ്ങളുടെ ഒരു കൊച്ചുകുട്ടി ഞാവൽപ്പഴവും മറ്റും പെറുക്കിത്തിന്നു കളിച്ചുനടക്കുന്നതിനിടയിൽ, ഒരുദിവസം കുറെ കുട്ടികളോടൊക്കുടി ഈ മനോഹരമായ പർവതത്തിന്റെ മുകളിലേയ്ക്കു കയറി; അപ്പോൾ അത്ഭുതകരമായ ഒരു ദേവാലയം കണ്ടെത്തി മരതകക്കല്ലുംമറ്റും പതിച്ച തങ്കച്ചുമരോടും, സൂര്യനെന്നപോലെ ഇരുട്ടകറ്റുന്ന കാന്തിപ്പൊലിമയോടുംകൂടിയ ആ കെട്ടിടം ബാലനെ വിസ്മയപരതന്ത്രനാക്കിത്തീർത്തു. 'ഇതാരുടെയായിരിയ്ക്കാം? വല്ല മഹാന്മാരുടേയും പാർപ്പിടമായിരിക്കുമോ? ഏതായാലും കടന്നുനോക്കുകതന്നെ', എന്നു നിശ്ചയിച്ച് അവൻ, ഭാഗ്യാതിരേകത്താൽ അകത്തേയ്ക്കു കടന്നു.

(തുടർക്കഥകൾ)

ദാരപ്പോർക്കാണായ്, വസൽകുണ്ഡലമകടമണീഹാരകേയൂരകണ്ഠാ-
കല്പൻ, വനിതിനചൂഴം പാതയുസിയുമായ്, നാരദാദ്യാഭിജുഷ്ടൻ,
തൃപ്തമം-രംബു-ശാന്തം -ഹരിയിവമെയ് പുണ്ടുപാസിച്ചുനില്ക്കും
പൊൽപ്പൂമാതിൻമണാളൻ,സുരഭിതിജർവണങ്ങുന്നാദേവാധിദേവൻ!

പാടുന്നു ചിലർ; ചിലരത്ഭുതാതിരേകാ-
ത്തോടും വാ, കുരലംകുളിരെച്ചിരിച്ചിടുന്നു;
ആടുന്നു ചിലരിഹ ലോകമാകെവന്ദി..
ച്ചീടും തന്തിരുവടിയെ പ്രനടന്നനാക്കാൻ.

വിഷ്ണുവിനെ ദർശിക്കയാൽ, ഞങ്ങളുടെ ഒപ്പത്തിൽ സമീപത്തെത്തുകചെന്നു. അപ്പോൾ ദേവന്മാർ ധൂപാദികൾകൊണ്ട കേമമായി പൂജിക്കുകയായിരുന്നു. അവർ ഭഗവൽപ്രീതിക്കായി നൈവേദ്യം നിവേ

Digitized By Kerala Sahitya Akademi

ദിച്ചു, നീരാജനവും കഴിച്ചു, സ്വസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു. മഹാഭാഗ്യംമൂലം, നൈവേദ്യത്തിൽനിന്ന് ഒരു ചെറുതാളിവീണതു കൂട്ടിക്കുകിട്ടി. ബ്രഹ്മാദികൾക്കുപോലും കിട്ടാനെളുതല്ലാത്ത ആ ദിവ്യപദാർത്ഥം ഭക്ഷിച്ച ശ്രീധരനെ ദർശിച്ചതോടുകൂടി, ബാലൻ ചതുർബാഹുവായി വിളങ്ങി. നാലുകൈകളോടും ശംഖുചക്രാദികളോടുംകൂടിയാണ്. അവൻ ഞങ്ങളുടെ ഗൃഹത്തിൽ തിരിച്ചെത്തിയതു! അതുകണ്ടിട്ട്, 'ഈ അത്ഭുതം എങ്ങിനെ സംഭവിച്ചു' എന്നു ഞങ്ങളെപ്പറ്റിയും അവനോടു ചോദിച്ചു. അപ്പോൾ, താൻ അനുഭവിച്ചതൊക്കെയും പറഞ്ഞു:— 'ഞാൻ മുമ്പു ചെയ്തിരുന്നതു; നാടിനെ നോക്കുവാനായി ദർശിച്ചു; മറ്റൊരുമായ നൈവേദ്യത്തിലെ ഒരു വറ്റ് എനിക്കുതരികയുണ്ടായി; അതു ഭക്ഷിച്ചതോടുകൂടി, ഞാൻ ഇങ്ങിനെ ചതുർബാഹുവായി എന്നെന്നേയ്ക്കുമായി!'

ഇതു കേട്ടിട്ടു വിസ്മയം പൂണ്ട ഞങ്ങളും പരമഭക്തിപ്രധാനമായ തന്തിരുവടിയെ ദർശിക്കുകയും, അനുപമങ്ങളിൽവെച്ചുത്തമമായ നൈവേദ്യം ഭക്ഷിക്കുകയുംചെയ്തു. അതിനാൽ, വിഷ്ണുപ്രസാദംമൂലം ഞങ്ങൾക്കും ചതുർഭുജത്വം സിദ്ധിച്ചു. ബ്രാഹ്മണശ്രേഷ്ഠ, ഭവാനും ഭഗവാനെ ദർശിച്ചു നൈവേദ്യം ഭുജിച്ചാൽ ചതുർഭുജനായിത്തീരാം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, രാമാശ്വമേധപ്രകരണം, ബ്രാഹ്മണോപദേശകഥനം പതിനെട്ടാമദ്ധ്യായം.

(൬)

പതിനാന്നാമദ്ധ്യായം

ബ്രാഹ്മണൻ:—ഈ വിധം ശിഷ്യർ പറഞ്ഞപ്പോൾ, 'ഇതെന്നാശ്ചര്യം' എന്നോർത്തിട്ട് എനിക്കു മനസ്സാകെ കുഴഞ്ഞുപോയി! ഉടനെ ഞാൻ ഗംഗാസമുദ്രസംഗമത്തിൽ സ്നാനംചെയ്തു പരിശുദ്ധനായിട്ട്, മണിമാണിക്യവിചിത്രമായ കൊടുമുടി മേൽ കേറി, ദേവദേവനെ ദർശിച്ചു; പുരുഷോത്തമനെ നമസ്കരിച്ചു നൈവേദ്യം ഭക്ഷിച്ചതിനാൽ കൃതാർത്ഥനായ ഞാൻ ശംഖചക്രാദികളേന്തിയ ചതുർബാഹുവായും ചമഞ്ഞു. പിന്നീടു ഞാൻ ഗർഭം പൂകുന്നുണ്ടായിട്ടില്ല. രാജാവെ, ഭവാനും വേഗത്തിൽ നീലമാമലയിൽ പോയി, ഗർഭത്തിൽനിന്നു വേർപെട്ടു കൃതാർത്ഥനായിക്കൊള്ളുക.'

Digitized By Kerala Sahitya Akademi

ബുദ്ധിമാനായ ബ്രാഹ്മണോത്തമൻ ഇപ്പറഞ്ഞതു കേട്ടിട്ട്, കോശലമഹീപതിയായ ബ്രഹ്മദത്തൻ മഹർഷിയോടു തീർത്ഥയാത്രാവിധി ചോദിച്ചു:—'സത്തമനായ ബ്രാഹ്മണശ്രേഷ്ഠ, കേട്ടാൽ പാപം നീങ്ങുന്ന പുരുഷോത്തമമാഹാത്മ്യം, ഭവാൻ പറഞ്ഞുതന്നതിനു വന്ദനം! ഇനി, തീർത്ഥയാത്രയുടെ വേദപ്രോക്തമായ വിധിക്രമം ഉപദേശിച്ചാലും. എങ്ങിനെയായാലാണ് തികച്ചും ഫലം കിട്ടുക?'

ബ്രാഹ്മണൻ:—'രാജാവേ, ദേവാസുര നമസ്കൃതനായ തന്തിരുവടിയെ പ്രാപിപ്പാൻ ശരി തീർത്ഥയാത്രാവിധിയും ഞാൻ പറഞ്ഞുതരാം:

ശരീരത്തിൽ ജരയും നരയും കേറിയവനാകട്ടെ, രൈവനായിരിക്കുന്നവനാകട്ടെ, മൃത്യു അവലംബനീയമാണെന്നോർത്തു വിഷ്ണുവിനെ ശരണം പ്രാപിക്കണം. തന്തിരുവടിയെ കീർത്തിക്കുക, സ്തുതിക്കുക, വന്ദിക്കുക, പൂജിക്കുക എന്നിവയിലല്ലാതെ, സ്ത്രീകളിലും മറ്റും താല്പര്യം വെയ്ക്കരുത്. സർവ്വം ക്ഷണഭംഗുരം, മഹാദുഃഖകരം എന്നു കണ്ടിട്ട്, ജന്മമൃത്യു ജരാരഹിതനും ശ്രേയസ്സിനുമായ ഭഗവാനെ, ക്രോധത്താലോ കാമത്താലോ ഭയത്താലോ ദ്വേഷത്താലോ ലോഭത്താലോ മോഹത്താലോ വല്ലപ്രകാരത്തിലെങ്കിലും സേവിക്കുന്നതുവരെയും, അവൻ ദുഃഖത്തിൽനിന്നു മുക്തനാകയില്ല. തന്തിരുവടിയെ പാപരഹിതമായ സത്തുക്കളുടെ സംസർഗ്ഗം കൊണ്ടറിയുമാറാകും. അവരുടെ കൃപയാലല്ലാതെ മനുഷ്യർ ദുഃഖം നീങ്ങുന്നതല്ല. മഹാരാജാവേ, രാഗവും കാമവും ലോഭവും വിട്ട സജ്ജനങ്ങൾ ഉപദേശിക്കുന്നതെന്തോ, അതു സംസാരനിവൃത്തി വരുത്തിത്തരും. രാഗാദ്യുക്തമായുള്ള സജ്ജനത്തെ തീർത്ഥങ്ങളിലെല്ലാം കണ്ടുകിട്ടുകയുമില്ല. അവരുടെ ദർശനംതന്നെ പാപരാശിയെ ചുട്ടെരിക്കുന്ന വെന്തീയാണ്. അതിനാൽ സംസാരത്തെ പേടിക്കുന്നവർ, മറ്റെല്ലാം സത്തുക്കളെക്കൊണ്ടു ശോഭിക്കുന്ന പുണ്യതീർത്ഥങ്ങളിൽ പോവുകതന്നെ വേണം. ഈവക തീർത്ഥങ്ങൾ വിധിപോലെ തർശിച്ചാൽ പാപരാശി നശിക്കും. വിധി എങ്ങിനെയാണെന്നു കേട്ടുകൊള്ളുക:

ഒന്നാമതായി, കുലവും മൃതല്പായ കുടുംബത്തിൽ, അതിന്റെ മിതസ്ഥാനം കണ്ടു, വൈരാഗ്യം സമ്പാദിച്ചു, മനസാ വിഷ്ണുവിനെ സ്മരിക്കണം. രാമ, രാമ എന്നു ജപിച്ചുംകൊണ്ട് ഒരു വിളിപ്പാടകലം പോയിട്ട്, തീർത്ഥത്തിലോ മറ്റോ കുളിച്ചു ക്ഷൗരം കഴിക്കണം. തീർത്ഥയാത്രയ്ക്കിറങ്ങിയ മനുഷ്യർ, പാപച്ഛേദം കേശത്തെ ആശ്രയിച്ചാണ് വർത്തിക്കുന്നു; അതിനാൽ ക്ഷൗരം അത്യാവശ്യം. പിന്നെ

Digitized By Kerala Sahitya Akademi

ലോഭംവെടിഞ്ഞു, കമ്പില്ലുതയ്ക്ക ഉണ്ഡു്, കമണ്ഡലു, മാൻതോൽ എ
ന്നിവ കൈക്കൊണ്ടു തീർത്ഥവേഷം ധരിക്കുക. വിധിപ്രകാരം തീർ
ത്ഥയാത്ര പോകുന്നവർക്കു വിശേഷിച്ചും ഫലം സിദ്ധിക്കുന്നതാകയാൽ,
എത്ര പണിപ്പെട്ടും ഈ വിധി അനുഷ്ഠിക്കേണ്ടതാണു. അവന്റെ കൈ
കാലുകളും മനസ്സും വിദ്യയും താപസ്സും കീർത്തിയും അവനെ പൂർണ്ണനാ
ക്കുന്നു, അവൻ തീർത്ഥഫലം നേടും.

'ഹരേ, കൃഷ്ണ, ഹരേ, കൃഷ്ണ, കൃഷ്ണ, കൃഷ്ണ, ഹരേ, ഹരേ,
ശരണ്യ, ഭഗവൻ, വിഷ്ണോ, നീയുകൈക്കൊൾവതുകേടു!'

എന്നിങ്ങിനെ നാവുകൊണ്ടു നാരായണനെ കീർത്തിച്ചും മനസ്സു
കൊണ്ടു സ്മരിച്ചും കാൽനടയായിട്ടുവേണം, വലിയ സന്ന്യാസിമാർപോ
ലും തീർത്ഥയാത്രചെയ്യുവാൻ. പല്ലക്കിലോ മറ്റോ കേറിപ്പോയാൽ, പു
ണ്യവക്കുള്ളതിൽ ഓരോഹരിഫലമേ കിട്ടൂ; ചെയ്തിട്ടാൽ, ഫലത്തിൽ
നാലിലൊന്നുപോകും; കാളവണ്ടിയിലായാൽ ഗോഹത്യാപാപം പ
റും; വല്ലകായ്വുമായി പോകയാണെങ്കിൽ മൂന്നിലൊന്നും, മറ്റൊരാ
ളുടെ അധീനതയിലാണെങ്കിൽ നാലിലൊന്നും, അനിഷ്ടയാ ചെന്ന
താണെങ്കിൽ പകുതിയുമായിരിക്കും ഫലം. എന്നാൽ എങ്ങിനെയെ
ങ്കിലും തീർത്ഥയാത്ര അനുഷ്ഠിക്കുകതന്നെവേണം. വിധിപ്രകാരമായാൽ
വിശേഷിച്ചും പാപശാന്തി വരും. തീർത്ഥത്തിൽ സജ്ജനങ്ങളെ കണ്ടാ
ൽ കാൽക്കൽ നമസ്കരിപ്പാൻവിരണം: അതിവിനയമായി, പുരുഷോ
ത്തമനിൽ ഭക്തിയുണ്ടായിവരും. മഹാരാജാവേ, ഇതാണു്, പുരുക്ക
ത്തിൽ തീർത്ഥയാത്രാവിധി. ഇതുപ്രകാരം ഭവാൻ പുരുഷോത്തമനെ
ചെന്നു ദർശിച്ചുകൊൾകുക. തന്തിരവാടി പ്രസാദിച്ച ഭവാനു ഭക്തി തന്നു
രുളും; എന്നാൽ സംസാരബന്ധം ക്ഷണനേരംകൊണ്ടു അറുപോകയും
ചെയ്യും. പുരുഷപുംഗവ, ഈ തീർത്ഥയാത്രാവിധി ശ്രവിച്ചാൽ
തന്നെ ഉഗ്രപാപങ്ങൾ വിട്ടൊഴിയും.'

ഇതുകേട്ടിട്ടു്, ആ തീർത്ഥം ദർശിക്കുന്നതിലുള്ള ഉൽക്കണ്ഠയാൽ
വിഹ്വലചിത്തനായ രത്നഗ്രീവൻ ബ്രാഹ്മണന്റെ കാൽക്കൽ നമ
സ്കരിച്ചു, തീർത്ഥയാത്രയ്ക്കു് മറ്റുള്ളവരെയും കൂടെക്കൊണ്ടുപോകണമെ
ന്ന നിശ്ചയിച്ചു. തന്റെ മന്ത്രിപ്രവരനായ സുമതിയോടാജ്ഞാ
പിച്ചു:—'മന്ത്രി, ഞാൻ കല്പിച്ചതായി പുരവാസികളെയെല്ലാം അറി
യിക്കുക: പുരുഷോത്തമന്റെ പാദാരവിന്ദം ദർശിക്കുന്നതിനു നമ്മു
ടെ നഗരത്തിലുള്ളവരെല്ലാവരും എന്നോടൊന്നിച്ചു പുറപ്പെട്ടുകൊ
ള്ളട്ടെ. എന്റെ ശാസനം ലംഘിച്ചു വല്ലവരും ഗൃഹത്തിൽ പാർ
ക്കയാണെങ്കിൽ, അവർക്കുകാരികളായ അവരുടെ യജമാനന്മാരെ
ത്തന്നെ ഉടനെ ഞാൻ ശിക്ഷിക്കും.

Digitized By Kerala Sahitya Akademi

ങ്ങനെയോരോന്നു ചിന്തിച്ചു കൊണ്ടു! പുണ്യാത്മാവായ പുരുഷോത്തമനെ കണ്ണുകൊണ്ടു കണ്ടിട്ടില്ലെങ്കിൽ, അങ്ങിനെയുള്ള ദുരാചാരികളായ പുത്രന്മാരെന്തിനു, ബന്ധുക്കളെന്തിനു? അതുപോലെ പുത്രന്മാരോ പൌത്രന്മാരോ വിഷ്ണുഭക്തിയെ ശരണം പ്രാപിച്ചിട്ടില്ലയോ. അവരുടെ ജന്മം പുരീഷഭോജികളായ കൃമികൾക്കൊപ്പം! നാമംകൊണ്ടുതന്നെ സർവ്വരേയും ശുദ്ധിപ്പെടുത്തുവാൻ പോരുന്നവനാരോ, അതിരുവടിയെ മറ്റെന്റെ പ്രജകളെല്ലാവരും യോഗത്തിൽ നമസ്കരിക്കുവിൻ.'

ഭഗവൽഗുണങ്ങൾ പോലും ഈ മനോഹരവാക്യം ഉത്തമൻ എന്ന സാമ്രാജ്യമന്ത്രിയുടെ മനംകുളിപ്പിച്ചു. അദ്ദേഹം അന്തഃപുരത്തു പെരുമാറിച്ചു. നിത്യയാത്രോദ്യതനായ പാർത്ഥിവൻ അജ്ഞാപിച്ചതെല്ലാം പരസ്യപ്പെടുത്തി:—'എല്ലാവരും തന്നുരാനോടുകൂടി മഹാപ്രസ്ഥാനത്തിലേയ്ക്കു പോരാനൊരുങ്ങിക്കൊൾവിൻ. പുരാണപുരുഷനായ പുരുഷോത്തമനെ ദർശിച്ചിൻ; സംസാരസമുദ്രത്തെ കടക്കുവാൻ കപ്പലാക്കിക്കൊൾവിൻ; ശംഖചക്രാദി ചിഹ്നങ്ങൾ കൊണ്ടു നമ്മുടെ ശരീരത്തെ അലംകരിച്ചുകൊൾവിൻ!' രണ്ടുനാഴിക പുലർച്ചയ്ക്കു മുമ്പു ദുഃഖം നീക്കിയ മന്ത്രിശ്രേഷ്ഠൻ ഇങ്ങിനെയെല്ലാം വിളംബരപ്പെടുത്തിയ രാജശാസനം കേട്ടപ്പോൾ, ആളുകളെല്ലാം ആനന്ദത്തിൽ മുഴുകി, പുരുഷോത്തമ ദർശനത്താൽ ഉത്തമഗതി നേടുവാൻ നിശ്ചയിച്ചു.

ബ്രാഹ്മണർ രാജാവിനു് അനുശിഷ്ടികളും വരങ്ങളും നൽകിക്കൊണ്ടു, ശ്രോത്രനേത്രോത്സവം ധരിച്ച ശിഷ്യരോടൊപ്പം പുറപ്പെട്ടു. വീരരായ ക്ഷത്രിയർ വിശ്വസ്തരായും, കൊശ്യർ പല പദാർത്ഥങ്ങൾ കൈക്കൊണ്ടും, ശൂദ്രർ തങ്ങൾക്കുത്തമഗതി കിട്ടുമല്ലോ എന്നു കോൾമയിർക്കൊണ്ടും യാത്രയ്ക്കൊരുങ്ങി. രാജകന്മാർ, രത്നാഭരണികൾ, ക്ഷേത്രജ്ഞർ, (മാഗധസ്ത്രീകളിൽ അന്യജാതി പുരുഷനാൽ പിറന്നവർ) കിരാതന്മാർ, പുമർത്ഥണികൾ, ഇന്ദ്രജാലികൾ, താളവും വാദ്യവും കൊട്ടുന്നവർ, നടന്മാർ, തുണ്ണ വസ്ത്രം താംബൂലം തുന്നിവ വിൽക്കുന്നവർ, പുരാണകഥ പാടുന്ന സൂതന്മാർ, വന്ദികൾ, മാഗധന്മാർ, വൈദ്യന്മാർ, മൃതുകൃഷികർ, പാചകന്മാർ, ഫലിതക്കാർ, (വിദൂഷകർ) ജാലവിദ്യക്കാർ, കഥ പാടുന്നവർ തുടങ്ങിയവരും രാജാവിനെ സഹർഷം പ്രശംസിച്ചുകൊണ്ടു പടിഞ്ഞാത്തിൽനിന്നു പുറപ്പാടായി.

രാജാവും രാവിലെ സന്ധ്യാവന്ദനവും മറ്റും കഴിച്ചു, താപസശ്രേഷ്ഠനായ പരിത്രുഭ ബ്രാഹ്മണനെ വരുത്തി, വിടവാങ്ങി, അരമനയിൽനിന്നു പുറത്തേക്കെഴുന്നള്ളി. പ്രജകളാൽ ആനന്ദനായ അദ്ദേഹം, നക്ഷത്രങ്ങളാൽ ചന്ദ്രനെന്നപോലെ ശോഭിച്ചു. ഒരു വിളിപ്പാട്ട

Digitized By Kerala Sahitya Akademi

ഹിനിട്ടതിനുശേഷം അ യശസ്വി യഥാവിധി കൈങ്കര്യം കഴിച്ചു, ച ണ്ഡും കുമണ്ഡവും മാതൊപ്പം ധരിച്ചു ശ്രോത്രോപവീതനായി, മന സ്സിൽനിന്ന കാമക്രോധാദികൾ കളഞ്ഞു വിഷ്ണുധ്യാനത്തിൽ മുഴു കി. ഉത്ഭി, ഭേരി, പടഹം, പണവം, ശംഖ്, വീണ മുതലായവ അതാതു വാദ്യക്കാരാൽ മുഴക്കപ്പെട്ടു. അപ്പോൾ 'ശ്രീവേശ, ജയിച്ചാലും! ദുഃഖനാശന, പുരുഷോത്തമ, നിന്നിഷ്ടപ്രകാരം ഭരിപ്പാൻ സംഗതി വരുത്തണമേ!' എന്നിങ്ങിനെ അശരീരിവചനമുണ്ടായി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമോപാഖ്യാനപ്രകരണം, രത്നഗ്രീവനിർമ്മല്യധാരണം എന്ന അഞ്ചാമദ്ധ്യായം.

(൫)

ശുദ്ധപാതിവ്രത്യം

സുമതി:---ഈവ്വിധമുള്ള അശരീരി പ്രയാണംചെയ്തു രത്നഗ്രീവ നും വഴിക്ക മഹാത്മാക്കന്മാരായ വൈഷ്ണവന്മാർ. 'ജയമാധവ, ഭക്ത ക്കു ശരണ്യ, പുരുഷോത്തമ!' എന്നിങ്ങിനെ ഗോവിന്ദകീർത്തനം ചെയ്തു നതു കോലാഹലമായി. വഴിക്ക കണ്ട അനേകം തീർത്ഥങ്ങളിൽ അ ദ്ദേഹം സ്നാനാദികൾ ആചരിച്ചു; ഭാവിയുടെ മാഹാത്മ്യം അ താപസ ബ്രാഹ്മണനോട ചോദിച്ചറിയുകയുംചെയ്തു. വിചിത്രങ്ങളായ വിഷ്ണു ചരിതങ്ങളാൽ മനസ്സിനെ വിനോദിപ്പിച്ചും, വഴിയിലെങ്ങും ദാന ന്മാരെക്കൊണ്ടു ഭഗവാനെ പൂജിപ്പിച്ചുമാണ് ദീനബന്ധുതാപസാ ശ്രമം കാൽ കൂടാതാകയ്ക്കും വേണ്ടതൊക്കെ ദാനംചെയ്തും, അനേകതീർത്ഥ സ്നാനത്താൽ ആത്മാവിനെ നിർമ്മലമാക്കിയും, ജിതേന്ദ്രിയനായി വി ഷ്ണുരൂപിനെ ധ്യാനിച്ചുകൊണ്ടുമായിരുന്ന, ആ ബുദ്ധിമാന്റെ യാത്ര. വഴിയുള്ള പാപങ്ങളെ പോക്കുന്ന ഒരു നദി രാജാവിനു ദൂരെനിന്നേ കാണായി. മുനികളുടെ മനസ്സുപോലെ തെളിഞ്ഞും ചക്രവേയമായ് അടയാ ളപ്പെട്ട കല്പടികളോടുകൂടിയും വളരെ വളരെ മുനിസംഘങ്ങളാൽ സേവി യ്ക്കപ്പെട്ടും ദാരസഞ്ചിതപങ്കികളുടെ ക്ലേശം മുഴുങ്ങിയും പരിശോഭിക്ക ന്ന ആ നദികണ്ടിട്ട്, നരേന്ദ്രൻ അനേകതീർത്ഥങ്ങളുടെ മാഹാത്മ്യവി ശേഷം തികച്ചും മനസ്സിലാക്കിയിരുന്ന ആ താപസബ്രാഹ്മണനോട ചോദിച്ചു:---'സ്വാമിൻ, മഹർഷിവൃന്ദങ്ങൾ സേവിക്കുന്ന ഈ പുണ്യ നദി ഏതാണു? ഇതു് എന്റെ ചിത്തത്തെ ആനന്ദപൂർണ്ണമാക്കിത്തീ ർക്കുന്നു!' ധീമാനായ മഹാരാജാവിന്റെ വാക്യം കേട്ടപ്പോൾ, ആ ജ്ഞാ നി ആ തീർത്ഥത്തിന്റെ ആത്മതത്വമായ മാഹാത്മ്യം പറവാൻ തു ടങ്ങി:---

Digitized By Kerala Sahitya Akademi

'രാജാവെ, ദേവകൂടും അസുരന്മാരും സേവിക്കുന്ന ഗണ്ഡകീനദി യാണിത്തു്. ഇതിന്റെ പുണ്യമായ ജലപ്രവാഹം പാപസഞ്ചയത്തെ അടിച്ചുകാറുന്നു: ദർശിച്ചാൽ മാനസികമായ പാപവും, സ്പർശിച്ചാൽ കായികമായ പാപവും, പാനംചെയ്താൽ വാചികമായ പാപവും തീരെ വിട്ടൊഴിയും. പണ്ടു വിശ്വാമിത്രൻ, പ്രജകളെയൊക്കെ പാപികളായി കണ്ടിട്ടു, തന്നിഷ്ടത്തിനുവേണ്ടി, തന്റെ ഗണ്ഡൂഷ (വായ്ക്കൊണ്ട) ജലത്താൽ സൃഷ്ടിച്ചതാണിതു്. അഴകോടെ അല തുളുമ്പുന്ന ഈ പുണ്യനദിയെ സ്പർശിച്ചാൽ, പാപികൾപോലും പിന്നെ ഗർഭം പൂകേണ്ടിവരില്ല!

ഇതിലെ ചക്രശിലകളായ കല്ലുകളുണ്ടല്ലോ; അവ, ഈ വടിവൊത്ത സാക്ഷാൽ വിഷ്ണുഭഗവാൻ തന്നെയാണു്! ചക്രശിലയെ പൂജിക്കുന്ന മനുഷ്യൻ പിന്നീടൊരിക്കലും അമ്മയുടെ വയറ്റിൽ കിടക്കേണ്ടിവരില്ല. സാളഗ്രാമം പതിവായി പൂജിക്കുന്നവൻ ഭോഗവും ലോഭവും വിട്ടു് ആചാരപരനായിരിക്കണം; പരസ്ത്രീകളിലും പരധനത്തിലും താല്പര്യമില്ലാത്തവനായിട്ടുവേണം, ചക്രാങ്കിതമായ സാളഗ്രാമം പൂജിക്കുവാൻ. ഭാരതിയിലെ ചക്രവും, ഗണ്ഡകിയിലെ ശിലയും മനുഷ്യന്റെ ദുരാഗ്രഹങ്ങളിലെ പാപം ഒരുനിമിഷംകൊണ്ടു നശിപ്പിക്കും. അനേകായിരം പാപങ്ങൾ ചെയ്യുവൻപോലും, സാളഗ്രാമജലം സേവിച്ചാൽ തൽക്ഷണം വിശുദ്ധനായി വരും. ബ്രാഹ്മണനാം ക്ഷത്രിയനാം വൈശ്യനാം ശൂദ്രനാം വേറോരുത്തനാം ഗൃഹസ്ഥനായിട്ടു സാളഗ്രാമപൂജ നടത്തിയാൽ മുക്തിയടയും. സ്ത്രീകൾ ഒരിക്കലും സാളഗ്രാമം പൂജിച്ചുകൂടാ. അബദ്ധവശാൽ സാളഗ്രാമം തൊട്ടുപോയാൽ, കുലീനയും സുശീലയുമായ സൌഭാഗ്യവതിപോലും പുണ്യങ്ങൾ നശിച്ചു നരകത്തിൽ പതിക്കും. സാളഗ്രാമത്തിന്മേൽ സ്ത്രീകളുടെ കൈകൊണ്ടു പുഷ്പം പറിക്കയുണ്ടായത് എല്ലാവരിലും വലിയ പാപമായിട്ടാണു് ബ്രാഹ്മണശ്രേഷ്ഠന്മാർ പറഞ്ഞുവരുന്നതു്. സ്ത്രീ സാളഗ്രാമം തൊട്ടാൽ, ഭോഗദ ചന്ദനം വിഷ്ടപ്പുഴുപോലെയും പൂവു വഞ്ചിപോലെയും നൈവേദ്യം കാളകൂടംപോലെയുമായിത്തീരും! അതിനാൽ, എന്തായാലും തൊട്ടുപോകരുതു്; തൊട്ടവൾ പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കും. ബ്രഹ്മഹത്യാപാപിപോലും സാളഗ്രാമജലം സേവിച്ചാൽ പരമഗതി പ്രാപിക്കും. തുളസി, ചന്ദനം, ജലം, രംഭ്, കുങ്കുമം, ചക്രം, ശില, പൈതൃപാത്രം, വിഷ്ണുനാമം എന്നീ ഏവർക്കുമെന്നും ചേർന്നതായ 'പഞ്ചാമൃതം' പാപരാശിയെ മുട്ടെരിക്കുന്നതാണെന്നതോ, സർവ്വശാസ്ത്രജ്ഞന്മാരും ശാന്തന്മാരുമായ മുനിമാർ പറയുന്നതു്, സർവ്വതീർത്ഥസ്നാനം സർവ്വയാഗാനുഷ്ഠാനം എന്നിവ

Digitized By Kerala Sahitya Akademi

യാലുള്ള അത്ഭുതകരമായ പുണ്യം. സാളഗ്രാമജലത്തിന്റെ ഓരോ തുള്ളിയിലും സ്ഥിതിചെയ്യുന്നു! സൽപുരുഷന്മാർ സാളഗ്രാമം പൂജിക്കുന്ന സ്ഥലത്തിന്റെ ഒരു യോജന ചുറ്റും കോടിത്തീർത്ഥങ്ങൾ ഉണ്ടായിരിക്കും.

'ഇരട്ട'യായും 'ഒറ്റ'യായും സാളഗ്രാമം പൂജിക്കാം; രണ്ടിനാൽ 'ഇരട്ട'യിൽ രണ്ടെണ്ണമായും, 'ഒറ്റ'യിൽ മൂന്നെണ്ണമായും പാടില്ല. ഉപരകയിലെ ചക്രവും, ഗണ്ഡകിയിലെ ചക്രവും—രണ്ടും—ഒരുമിച്ചുണ്ടെങ്കിൽ, ഗംഗയും അവിടെയുണ്ടായിരിക്കും! പരുപരുപ്പുള്ള സാളഗ്രാമം ആയുസ്സിനും യശസ്സിനും ശ്രീകരം നാശംവരുത്തും; മിനുപ്പും അഴകും ഉള്ളത് ശ്രീകരമത്രെ. പൂജിയ്ക്കുന്നവന് ആയുസ്സും സമ്പത്തും—രണ്ടുമല്ലാ, ഇഹത്തിലും പരത്തിലും വേണ്ടതെന്തും—സിദ്ധിക്കും; മരണസമയത്ത് ആ ഭാഗ്യവാൻ വിഷ്ണുവിന്റെ തിരുനാമം ഉച്ചരിച്ചു, സാളഗ്രാമത്തെ സ്മരിക്കുകയും ചെയ്യും. പ്രാണൻ പോകുമ്പോഴും, കാലൻ ബന്ധിച്ചതിനുശേഷമോ സാളഗ്രാമസ്മരണയുണ്ടായാൽ മോക്ഷം കിട്ടുമെന്നതിൽ സംശയമില്ല. പണ്ട് ഭഗവാൻ ധീമാനായ അംബരീഷനോട് അരുളിച്ചെയ്തുകയുണ്ടായി—'ഭൂമിയിൽ പാപികൾക്കു പാപം പോകുന്നതിനായി ഞാൻ അംഗീകരിച്ച മൂന്നു രൂപങ്ങളാണ് ബ്രാഹ്മണരും സന്ന്യാസികളും സ്നിഗ്ധങ്ങളായ സാളഗ്രാമങ്ങളും എന്ന്. ഒരൊറ പ്രാവശ്യം സാളഗ്രാമത്തെ നിന്ദിച്ചുപോയാൽ, ആ പാപികൾ പ്രളയംവരെ കുംഭീപാകത്തിൽ പചിക്കപ്പെടും. സാളഗ്രാമപൂജ ആർ വിലക്കുന്നുവോ, ആ മൂഢന്റെ അച്ഛൻ അമ്മ മുതലായ ബന്ധുക്കൾക്കൂടി നരകത്തിൽ വീണുപോകും. 'സാളഗ്രാമം പൂജിയ്ക്കു' എന്നുപറയുന്നവനോ, കൃതാർത്ഥനായി തന്റെ പൂർവികരെ വൈകുണ്ഠം പ്രാപിപ്പിക്കും! ഇതിൽ, കാമക്രോധങ്ങൾ വിട്ട വിരക്തരായ മഹർഷിമാർ പുരാതനമായ ഒരിതിഹാസം പറഞ്ഞുവരുന്നുണ്ട്:

പണ്ട്, യാതൊരു ധർമവുമില്ലാത്ത കീകടരാജ്യത്ത്, ശബരൻ എന്നൊരു പുൽക്കസൻ(പുലയൻ) ഉണ്ടായിരുന്നു. വില്ലുമായി നടന്നു ജന്തുക്കളെ കൊല്ലുക, തീർത്ഥയാത്രക്കാരെ ആക്രമിച്ചു കൊലപ്പെടുത്തുക, പിടിച്ചുപറിക്കുക എന്നിവയായിരുന്നു അവന്റെ നിത്യത്തൊഴിൽ. അവൻ കൊന്ന പ്രാണികൾക്കു കണക്കില്ല. രാഗവും കാമവും ക്രോധവും മൂത്ത ആ പ്രാണിഭയങ്കരൻ എല്ലാദ്ദിവസവും വില്ലിന്മേൽ വിഷം തേച്ചു ബാണവും തൊടുത്തു കൊണ്ടുകാട്ടിൽ നടക്കും. ഒരു ദിവസം അങ്ങിനെ നടക്കുമ്പോൾ, മൃത്യു അവന്റെ സമീപത്തെത്തിച്ചേർന്നു. ആ മൂഢൻ അതൊന്നും അറിഞ്ഞതില്ല.

Digitized By Kerala Sahitya Akademi

തലമുടി ചെമ്പിച്ചു്, മീശ തൂങ്ങി, നഖം നീണ്ടു്, കറുത്തിരുണ്ടു കരാളരായ കാലഭൃത്തന്മാർ കയറും മുൾത്തടിയും ഇരുമ്പുചങ്ങലയും കൈ ക്കൊണ്ടു മതിമറിപ്പിച്ചു വന്നൊത്തി. 'ഈ പ്രാണിഘാതിയായ പാപി യെ പിടിച്ചുകെട്ടുക. ഞാൻ ഇവന്റെ നീണ്ടുതടിച്ചു നാവു പറിച്ചെടു ക്കട്ടെ!' എന്നായി, അവരിലൊരുത്തൻ! 'ഞാൻ ഇവന്റെ കണ്ണുചൂ ന്നെടുക്കാം' എന്നായി മറെറാരുത്തൻ! 'ഞാൻ ഈ പാപിയുടെ കൈ വെട്ടാം' എന്നായി, വേറെ ഒരുത്തൻ! 'ഞാൻ ഈ ദുഷ്ടന്റെ ചെവി ചെത്തട്ടെ' എന്നായി പിന്നൊരുത്തൻ! 'ഒരിക്കലും ഒരു പ്രാണി ക്കെങ്കിലും ഉപകാരം ഇവൻ മനസ്സുകൊണ്ടുപോലും ചെയ്തിട്ടില്ല; പരസ്ത്രീ കളെ പുൽകുക, പരധനം തട്ടിപ്പറിക്കുക, പരന്മാരെ ദ്രോഹിക്കുക എന്നിവയേ ചെയ്തിട്ടുള്ളൂ.' എന്നിങ്ങിനെ ഗർജ്ജിച്ചു പല്ലും കടിച്ചു് ആയുധപാണികളായ ആ ഗവിഷ്ഠന്മാർ ആ ദുഷ്ടന്റെ അടുക്കലെ ത്തി നിന്നു. അതിലൊരുത്തൻ ഒരു പാമ്പായി കാലിന്മേൽ കൊത്തുക യും, വേടന്റെ പ്രാണൻ പോവുകയും ഒന്നിച്ചുകഴിഞ്ഞു. തൽക്ഷണം യമകിങ്കരന്മാർ അവനെ ഇരുമ്പുചങ്ങലകൊണ്ടു കെട്ടിവരിഞ്ഞു ചവ ട്ടികൊണ്ടും മുൾത്തടികൊണ്ടും പ്രഹരിച്ചുതുടങ്ങി. 'എടാ ദുഷ്ട, ദുരാ ത്മാവേ, നീ ഒരിക്കലും മനസ്സുകൊണ്ടെങ്കിലും ഒരു നന്മ ചെയ്തിട്ടില്ല; നിന്നെ ഞങ്ങടെ രൌരവത്തിൽ കൊണ്ടിടും! നിന്റെ മാംസം കൊട്ടം കാക്കകൾ അത്തിയോടെ കൊത്തിത്തിന്നട്ടെ. നീ ജനിച്ചിട്ടിതുവരെ വിഷ്ണുവിനെ സേവിച്ചിട്ടില്ലല്ലോ. പരദ്രോഹം ചെയ്തിട്ടാണു്, നീ പുത്രകളത്രാദികളെ പോറ്റിപ്പോന്നതു്. പാപം പോക്കുന്ന ജനാർദ്ദ നൻതിരുവടിയെ നീ സ്മരിച്ചിട്ടേ ഇല്ല. അതിനാൽ നിന്നെ ഞങ്ങടെ ധർമ്മരാജാജ്ഞയാൽ തച്ചിഴച്ചു, ലോഹശംകുവിലോ കുംഭീപാകത്തി ലോ മഹാരൌരവത്തിലോ കൊണ്ടുതള്ളും!' എന്നും പറഞ്ഞു് അവർ കൊണ്ടുപോകാൻ തുടങ്ങുമ്പോഴേയ്ക്കും, ഒരു വിഷ്ണുപാർഷദ സേ വകൻ അവിടെ വന്നൊത്തി.

കയറും മുൾത്തടിയും ഖഡ്ഗും മറ്റുമാകുന്ന കഠോരായുധങ്ങൾ കൈ ക്കൊണ്ട കാലകിങ്കരന്മാർ പുൽക്കസനെ ഇരിമ്പുചങ്ങലയാൽ കെട്ടി, 'കെട്ടു, കെട്ടു! വിഴുങ്ങു; വെട്ടു; പിളക്കു, പിളക്കു!' എന്നിങ്ങിനെ ഗർജ്ജി ച്ചുംകൊണ്ടു കൊണ്ടുപോകാൻ തുടങ്ങുന്നതുകണ്ടപ്പോൾ, ആ മഹാത്മാ വായ വൈഷ്ണവന്നു് അവന്റെ പേരിൽ അത്യന്തം അലിവുതോന്നി. 'ഇവൻ, എന്റെ അടുക്കൽവെച്ചു വന്നവിച്ച ദുഷ്പീഡയനുഭവിച്ചുക്ര ാ; ഇപ്പോൾതന്നെ കാലഭൃത്തന്മാരിൽ നിന്നു വിടുവിയ്ക്കണം.' എന്നു നിശ്ചയിച്ചു് ആ കൃപാവായ മുനിശ്രേഷ്ഠൻ സാളഗ്രാമം കയ്യിലെടു ത്തു് ദണ്ഡകന്റെ അടുക്കൽ ചെന്നു, തൃക്കൺപാർത്തതോടുകൂടിയ തൽക്ഷണ

Digitized By Kerala Sahitya Akademi

ഗജലം അവന്റെ വായിൽ പകൎന്നു; എന്നിട്ടു ചെവിയിൽ രാമനാമം ജപിച്ചു, തലയിൽ തുളസി ചൂടിച്ചു, മാറത്തു സാളഗ്രാമം വെച്ചു, യമഭൃത്തന്മാരോടായി പറഞ്ഞു:—'നരകപീഡ പെടുത്തുന്നവരെ, നിങ്ങടം പോയ്ക്കൊൾവിൻ. സാളഗ്രാമം തൊട്ടാൽ വമ്പിച്ച പാപവും ഒഴിഞ്ഞുപോകും.'

അപ്പോഴം ഇതു പറഞ്ഞപ്പോഴെയ്ക്കും, ശംഖചക്രഗദാപദ്മപാണികളായി മഞ്ഞപ്പട്ടുടുത്ത വിഷ്ണുദൂതന്മാർ, സാളഗ്രാമസ്പർശത്താൽ പാപം വേർപെട്ട പരേതന്റെ അടുക്കൽ വന്നൊത്തി. അവർ ആ മാപാപിയായിരുന്ന പുൽക്കസനെ ദുരാധഷ്മായ ഇരുമ്പു പങ്ങലയിൽ നിന്നു വിടുവിച്ചു; എന്നിട്ട്, 'ഈ പൂജ്യനായ വൈഷ്ണവനെ എന്തിനു ബന്ധിച്ചു? നിങ്ങടം ആരുടെ കിങ്കരർ? അധൎമ്മമാണല്ലൊ ചെയ്തുകളഞ്ഞതു്.' എന്നിങ്ങനെ ചോദിച്ചു. അപ്പോഴം യമഭൃതാക്കടം പറഞ്ഞു:—'ഈ പാപിയെ കൊണ്ടുപോകാൻ ധൎമ്മരാജാവു കല്പിച്ചയച്ചു വന്നവരാണു് ഞങ്ങടം. ഇവൻ ഒരിക്കലും ഒരു പ്രാണിക്കെങ്കിലും മനസ്സുകൊണ്ടുപോലും നന്മ ചെയ്തിട്ടില്ല; ദുഷ്ടൻ പ്രാണികളെ വിഹിംസിക്കുകയേ ചെയ്തിട്ടുള്ളു. പലരുടെ തീൎത്ഥയാത്രക്കാരോടു തട്ടിപ്പറിക്കുക, പതിവായി പരസ്ത്രീകളെ പുൽകുക എന്നുവെയ്ക്കുണ്ടു, സകല പാപങ്ങളും ചെയ്യുവനാണിവൻ. അതു പാപിയായ ഈ പുൽക്കസനെ കൊണ്ടുപോകാനാണു് ഞങ്ങടം വന്നതു്. നിങ്ങടം പെട്ടെന്നു വന്നു വിടുവിച്ചതെന്തുകൊണ്ടാണു്?'

വിഷ്ണുദൂതന്മാർ:—'ബ്രഹ്മഹത്യാദിയും, ഒരു കോടി പ്രാണികളെ കൊന്ന പാപം ക്രൂടിയും സാളഗ്രാമസ്പർശത്താൽ ഉടനടി ഒഴിഞ്ഞുപോകും. ചെവിയിൽ ഒരു ശാന്തനിൽനിന്നു രാമനാമം പതിഞ്ഞാലൊ, അതു പാപത്തെ, തിന്നു പഞ്ഞിനെ എന്നപോലെ ഭസ്മമാക്കും. തലയിൽ തുളസിയും, മാറത്തു മനോഹരമായ സാളഗ്രാമവും, ചെവിയിലൊ മുഖത്തൊ രാമനാമവും ചേൎന്നവന്നു തൽക്ഷണംതന്നെ മുക്തിവരും. ഇവൻ തുളസി ചൂടുകയും രാമനാമം ശ്രവിക്കുകയും മാറത്തു സാളഗ്രാമം ധരിക്കുകയും ചെയ്തുവല്ലൊ; അതുനിമിത്തം പാപമെല്ലാം ഒഴിഞ്ഞു ശരീരം പരിശുദ്ധമായതിനാൽ, ഇവൻ പാപികൎമ്മങ്ങൾ ചെല്ലാവുതല്ലാത്ത പരമപദം പൂകാൻ അൎഹനാണു്! അവിടെ പതിനായിരത്താണ്ടു സൎവ്വമനോഹരങ്ങളായ ഭോഗങ്ങടം ഭുജിച്ചു തിന്നശേഷം ഇവൻ കാശിയിൽ ജനിച്ചു് ആ ജഗൽഗുരുവിനെ ആരാധിച്ചു, ദേവാസുരസുദുൎല്ലഭമായ സായുജ്യം അടയും. സാളഗ്രാമത്തിന്റെ മാഹാത്മ്യം പരമേഷ്ഠിക്കുപ്രൂടി ശരിയായി അറിഞ്ഞുകൂടാ. അതു്

Digitized By Kerala Sahitya Akademi

ദർശിക്കുകയൊ സ്പർശിക്കുകയോ പൂജിക്കുകയൊ ചെയ്താൽ ഏതു പാപവും തൽക്ഷണം നീങ്ങിപ്പോകും.'

ഇത്രയും പറഞ്ഞു വിഷ്ണുഭൃത്തന്മാർ വിരമിച്ചു. യമകിങ്കരന്മാർ ഈ അത്ഭുതം അവരുടെ തമ്പുരാനെ ചെന്നണത്തിച്ചു. രാമഭക്തനായ ആ വൈഷ്ണവനാകട്ടേ, 'ഇപ്പോൾ കാലപാശത്തിൽ നിന്നൊഴിഞ്ഞു പരമപദം പൂകുമല്ലോ' എന്നിങ്ങനെ ഏറ്റവും സന്തോഷിച്ചു. അപ്പോഴെയ്ക്കും ദേവലോകത്തിൽ നിന്നു, കിങ്ങിണികളണിഞ്ഞ നിർമ്മലമായ ഒരത്ഭുതവിമാനം വന്നൊത്തി. പുൽക്കസൻ അതിൽ കേറി, പുണ്യവാന്മാരുടെ പാർപ്പിടമായ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു; അവിടെ അതിമഹത്തുക്കളായ ഭോഗങ്ങളം അനുഭവിച്ചിട്ട്, ഭൂമിയിലേയ്ക്കു തിരിച്ചു കാശിയിൽ ഒരു വിശ്രുതമായ ബ്രാഹ്മണകുലത്തിൽ ജനിച്ചു, ജഗദീശനെ ആരാധിച്ചു, സായൂജ്യമടയുകയും ചെയ്തു. അത്ര പാപിയായിരുന്നവൻ പോലും, സത്സംസർഗ്ഗത്താൽ സാളഗ്രാമം സ്പർശിച്ചതിനാൽ വന്നിച്ച പീഡകളിൽ നിന്നു വേർപെട്ടു പരമപദം പ്രാപിച്ചു! രാജാവേ, സാളഗ്രാമപൂജാഫലം അങ്ങേയ്ക്കു ഞാൻ പറഞ്ഞുതന്നു; ഇതു കേട്ടാൽത്തന്നെ പാപനിവൃത്തിയും ഭക്തിയും മുക്തിയും സിദ്ധിയ്ക്കും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, ഗണ്ഡകീമാഹാത്മ്യകഥനം ഇരുപത്തൊന്നാമദ്ധ്യായം.

ഇരുപത്തൊന്നാമദ്ധ്യായം

സുമതി:— ഇപ്രകാരം ഗണ്ഡകിയുടെ നിസ്തുല്യമാഹാത്മ്യം കേട്ടതിനാൽ രാജാവിന്നു ഇഹലോകം കൃതാർത്ഥത തോന്നി. അദ്ദേഹം ആ ബ്രാഹ്മണന്റെ ഉപദേശമനുസരിച്ചു് ആ തീർത്ഥത്തിൽ കുളിച്ചു, പിതൃക്കളെയെല്ലാം സന്തോഷം തൃപ്തിച്ചു; പിന്നീടു് അതിൽ നിന്നു ഇരുപത്തിനാലു സാളഗ്രാമങ്ങളെടുത്തു ചന്ദനാദികർപ്പൂരംകൊണ്ടു ഭക്തിപൂർവ്വം പൂജിച്ചു; അതിന്നു ശേഷം ദീനാന്ധന്മാർക്കു വിശേഷിച്ചും ദാനങ്ങളും ചെയ്തു പുരുഷോത്തമ സന്നിധിയിലേക്കു യാത്രതുടർന്നു; ക്രമേണ ഗംഗാസമുദ്ര സംഗമത്തിൽ ചെന്നെത്തി, അതിനെ ദർശിച്ച വൃഷോത്തമൻ ബ്രാഹ്മണനോടു സസന്തോഷം ചോദിച്ചു:—'സ്വാമിൻ, പുരുഷോത്തമൻ വാണരുളുന്ന ദേവാസുരനമസ്കൃതമായ നീലമഹാപർവ്വതത്തിലേയ്ക്കു് ഇനി എത്ര ദൂരമുണ്ടു്?' രത്നഗ്രീവഭ്രുവതിയുടെ ഈ

Digitized By Kerala Sahitya Akademi

ഘോഷ്യം കേട്ടപ്പോൾ അത്ഭുതപ്പെട്ട ബ്രാഹ്മണൻ അദ്ദേഹത്തോടു ആദരപൂർവം കഥിച്ചു:—'രാജാവെ, മഹത്തായ പുണ്യത്തെ നൽകുന്നതും വന്ദനീയവുമായ നീലപർവതപ്രദേശം തന്നെയാണിത്; അങ്ങു കാണാത്തതെന്തുകൊണ്ടാണ്?' ഇതുതന്നെ നീലാദ്രിപ്രദേശമെന്ന് അദ്ദേഹം വീണ്ടും വീണ്ടും പറഞ്ഞു. 'പുരുഷോത്തമന്റെ പാദ്പീഠം ഭവാൻ കാണുന്നില്ലെന്നോ? ഇവിടെയാണ് ഞാൻ സ്നാനം ചെയ്തതും, കിരാതരെ കണ്ടതും; ഈ വഴിയിലൂടെ തന്നെയാണ് പർവതത്തിന്റെ മുകളിലേയ്ക്കു കേറിയത്!'

ഇതു കേട്ടപ്പോൾ, നീലപർവതം നിരീക്ഷിയ്ക്കുന്നതിൽ അത്യുൽകണ്ഠിതനായിരുന്ന രത്നഗ്രീവന്നു വ്യസനമായി. അദ്ദേഹം അപേക്ഷിച്ചു:—'ബ്രാഹ്മണോത്തമ, എങ്ങിനെയാണ് പുരുഷോത്തമനേയും നീലത്തേയും ദർശിയ്ക്കുമാറാവുക? അതിന്നുപായം പറഞ്ഞുതരണേ!' വിസ്മയം പൂണ്ട വിപ്രതാപസൻ വഴി പറഞ്ഞുകൊടുത്തു:—'ഭൂപാല, നമുക്കു ഗംഗാസമുദ്രസംഗമത്തിൽ സ്നാനംകഴിച്ചു, നീലപർവതം കാണാകുന്നതുവരെ, ഇവിടെത്തന്നെ നില്ക്കാം. ഭവാൻ പുരുഷോത്തമൻതിരുവടിയെ സ്തുതിച്ചുകൊള്ളുക. ആ ഭക്തവത്സലൻ വേഗത്തിൽ കനിഞ്ഞരുളും. ദേവദേവ ശിരോമണിയായ അവിടുന്നു ഭക്തന്മാരെ കൈവെടികയില്ല; അനേകം ഭക്തന്മാരെ തന്തിരുവടി രക്ഷിച്ചിരിക്കുന്നു. അതിനാൽ സ്തുതിച്ചു പാടിക്കൊൾകം.' ഖിന്നമാനസനായിരുന്ന മന്നവൻ ഗംഗയും സമുദ്രവും ചേരുന്നേടത്തു സ്നാനംചെയ്തു ഉപവാസം കൈക്കൊണ്ടു. 'പുരുഷോത്തമൻ വൈകുന്നേരം കനിഞ്ഞരുളുമോ, അന്നേരം പൂജകഴിച്ചിട്ടേ ഞാൻ ഭക്ഷണം കഴിക്കുകയുള്ളൂ; അതുവരെ ഉപവാസംതന്നെ' എന്നു നിശ്ചയിച്ചു അദ്ദേഹം അനശനവ്രതം ദീക്ഷിച്ചു ഗംഗാസമുദ്രതീരത്തു നിന്നു വിഷ്ണുവിനെ സ്തുതിച്ചു പാടുകയായി:—

[ഗാനം]

വെൽക ദീനദയാലോ തിരുമേനി!
വെൽക ദുഃഖോല്പന്നമംഗളനാമാവേ!
വെൽക ഭക്തദുഃഖം കളവോനേ!
വെൽക യജ്ഞാംഗ, ദുഷ്ടരക്കൊൽവോനെ!
അമുനി ശാപമോരു വിവർണ്ണനാ-
മംബരീഷന്റെ സങ്കടം കാങ്കായാൽ
ആർദ്രനായിസ്സുദർശനചക്രത്താൽ-
ക്കാത്തു, ഗർഭാധിവാസവും പോക്കി നീ.

Digitized By Kerala Sahitya Akademi

ശൂലപാശജ്വലാനലപാതനാ-
ത്താലസുരേശനാകുൻ വലയ്ക്കുവെ
ബാലനെ നരസിംഹമായാശു കാ-
ത്തീലയൊ ഭവാൻ താതസമക്ഷമേ?
കാലുനക്രം കടിച്ചുവലിക്കയാൽ
മാലുകീഴ്പെട്ട മത്തഹസ്തീന്ദ്രനെ
കണ്ടതിപ്രഭപൂണ്ടു ഗരുഡന്റെ
കണ്ണുമേറിയണഞ്ഞു തന്തികേ,
ഭോഗകമ്പിതമാലികാവസ്ത്രനായ്
നാഗവൈരിയെ വിട്ടിറങ്ങിസ്വയം
ചക്രമേന്തിമുതലയെക്കൊന്നുനീ-
യക്കരിക്കു വിട്ടതിവരുത്തിപോൽ.
തൃക്കഴൽ തൊഴുന്നോർക്കഴലുള്ളെട-
ത്തൊക്കെമെയ്യോടണഞ്ഞാസ്വകീയരെ
പാലനംചെയ്വു നീ താൻ; അഹോ,പരി-
പാവനം നിൻചരിത്രം മനോഹരം!
ദേവകോടീരഹീരമണിവ്രജം
ചേവടിക്കുരസുന്ന ദീനപ്രഭോ,
പാപഭാഹക, ഭക്തബന്ധോ, തവ
പാദതാരൊന്ന കാട്ടിത്തരികമേ!
പാപിയാണീയടിയനെന്നാകിലെൻ-
പാപമൊട്ടുകകുറാൻ കനിഞ്ഞാലും;
താവകരാണടിയങ്ങളെന്നാത്ത
ദേവദാനവസേവ്യ, മറക്കൊല്ലേ!
നിന്തിരുനാമമോതിയാൽ പാതകാ-
നന്തസാഗരമാക്കും കടന്നിടാം
എന്നുകേൾപ്പുതു നേരെങ്കിൽ, നിന്നെഞാ-
നൊന്നുകാണാവു സർവ്വാത്തിനാശന!'

ഈ വിധം രാപ്പകൽ സ്തുതിച്ചുപാടുകയല്ലാതെ, ആ നരേന്ദ്രൻ ക്ഷണനേരമെങ്കിലും വിശ്രമിക്കുകയോ, ഉറങ്ങുകയോ, സുഖിക്കുകയോ ചെയ്തില്ല. കുളിക്കുമ്പോഴും, ജപിക്കുമ്പോഴും, നടക്കുമ്പോഴും, ഇരിക്കുമ്പോഴുമൊക്കെ, 'കൃപാനിധേ, പുരുഷോത്തമ, നിന്തിരുവടിയുടെ രൂപമൊന്നു കാട്ടിത്തരേണമേ' എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. ഇങ്ങിനെ അഞ്ചുദിവസംകഴിഞ്ഞു. അപ്പോൾ, കൃപാംബുധിയായ ഭഗവാൻ, 'ഈ രാജാവിന്നു് എന്നെ സ്തുതിച്ചു പാടിയാൽ പാപം നീങ്ങിയിരിക്കുന്നു; ഇനി, ദേവദാനവപൂജിതമായ എന്റെ

Digitized By Kerala Sahitya Akademi

വിഗ്രഹം കണ്ടുകൊള്ളട്ടെ.' എന്നിങ്ങിനെ തിരുവുള്ളം നിറഞ്ഞ കരുണയോടെ വിചാരിച്ച്, ഒരു സന്ന്യാസിയായി രാജാവിന്റെ അരികത്തെയ്ക്കെഴുന്നള്ളി. യതിവേഷം ധരിച്ച ശ്രീഭണ്ഡവും കൈക്കൊണ്ടു, ഭക്തനിലുള്ള അനുകമ്പയാൽ വന്നുചേർന്ന തന്തിരുവടിയെ ഭർശിച്ച ഉടൻതന്നെ, വിഷ്ണുവിനെത്തന്നെ ധ്യാനിക്കുന്ന സ്വഭാവൻ, 'ഓം വിഷ്ണവേ നമഃ' എന്നിങ്ങിനെ നമസ്കരിച്ച്, അർഘ്യപാദ്യാചമനങ്ങൾ നൽകി പൂജിച്ചുണർത്തിച്ചു:—'നിന്തിരുവടിയെ ഭർശിച്ചതു നിസ്തുല്യമായ ഭാഗ്യം തന്നെ! ഇനി, ഗോവിന്ദനെ എനിക്കു ഭർശനം നൽകും.' ഉടനെ സന്ന്യാസി അരുളിച്ചെയ്തു:—'രാജാവേ, ഞാൻ പറയുന്നതു സശ്രദ്ധം കേട്ടാലും: എനിക്കു ഭ്രാതാവും ഭാര്യയുമൊക്കെ ജ്ഞാനത്താലറിയാം. നാളെ ഉച്ചയ്ക്കു ബ്രഹ്മാവിനും ഭർല്ലഭമായ നാരായണഭർശനം അങ്ങയ്ക്കു സിദ്ധിക്കും; ഭവാൻ, അമാത്യൻ, അങ്ങയുടെ ഭാര്യ, താപസബ്രാഹ്മണൻ, അങ്ങയുടെ നഗരത്തിലെ കരംബൻ എന്ന തന്തുവായൻ എന്നീ അഞ്ചുപേർ പരമപദം പൂകുകയുംചെയ്യും. ഈ നാൽവരോട്ടും ക്രുടിവേണം, ഭവാൻ ബ്രഹ്മേന്ദ്രാദിദേവ പൂജിതമായ നീലപർവ്വതത്തിലേയ്ക്കു പോകുവാൻ.' ഇത്രയും പറഞ്ഞു സന്ന്യാസി മറഞ്ഞു; പിന്നൊരേടത്തും അദ്ദേഹത്തെ കണ്ടില്ല. രാജാവിനു മഹർഷവും അദ്ഭുതവും വളർന്നു.

രത്നഗ്രീവൻ:—'സഖാമിൻ, എന്നോടു വന്നുപറഞ്ഞ ഈ സന്ന്യാസി ആരാണ്? മനംകുളിർപ്പിച്ച അദ്ദേഹത്തെ ഇപ്പോൾ എങ്ങും കാണാനില്ലല്ലോ!'

ബ്രാഹ്മണൻ:—'രാജാവേ, ഭവാന്റെ രക്ഷിച്ച ഭക്തിയാൽ അകൃഷ്ടനായ പുരുഷോത്തമൻ തിരുവടിതന്നെയാണ്, ഈ വന്നതു. നാളെ ഉച്ചയ്ക്കു ഭവാനു മാമല കാണുമാറാകും; അതിന്മേൽ കേറി ഹരിയെ ഭർശിച്ച ഭവാൻ കൃതാർത്ഥനാകും.'

ഈ വാക്കാകുന്ന അമൃതപൂരത്താൽ ചിത്തസന്താപം നീങ്ങി, നരേന്ദ്രനുണ്ടായിവന്ന സന്തോഷം ബ്രഹ്മാവിനും അളക്കാവുന്നതല്ല. അവിടെ പെരുമ്പറകൾ, വീണകൾ, പണവങ്ങൾ, ഗോമുഖങ്ങൾ എന്നിവ മുഴങ്ങിത്തുടങ്ങി. രാജേന്ദ്രൻ കേവലം ആനന്ദമയനായിച്ചമഞ്ഞു: അദ്ദേഹം ഹരിയെ സ്തുതിച്ചു പാടുകയും, ആടുകയും, ക്ഷണനേരം നിശ്ചേഷ്ടനാകയും, വല്ലതും പറയുകയും, ചിരിക്കുകയും, വണ്ണിക്കുകയുമായി! എല്ലാ ദുഃഖങ്ങളേയും ദൂരെക്കളയുന്ന ഒരു സാന്ദ്രാനന്ദം അദ്ദേഹത്തിനു കൈവന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രത്നഗ്രീവസന്ന്യാസിസമാഗമം ഇരുപത്തൊന്നാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

ദ്വാദശാദിത്യമാഹാത്മ്യം

സൂതൻ:—ഹരിയെ സ്മരിച്ചും കീർത്തിച്ചും പകൽ മുഴുവൻ കഴിച്ചു, രാത്രിയിൽ, അദ്ദേഹം മഹാഫലപ്രദമായ ഗംഗാതീരത്തു കിടന്നുറങ്ങി. ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു: താൻ ചതുർബാഹുവും ശംഖചക്രഗദാപദ്മധാരിയുമായി പുരുഷോത്തമന്റെ തിരുമുമ്പിൽ നൃത്തംചെയ്യുന്നു; ശിവൻ മുതലായ ദേവകളും, ദിവ്യശരീരം പൂണ്ട ശംഖചക്രഗദാപദ്മാലികളും, സർവ്വരായ വൈകുണ്ഠപാർഷദന്മാരും ലക്ഷ്മീശനെ ഉപാസിയ്ക്കുന്നു. ഇങ്ങനെയെല്ലാം കണ്ടപ്പോൾ, രത്നഗ്രീവന്മണ്ടായ ഹർഷവും അത്ഭുതവും പറഞ്ഞൊപ്പിക്കാവുന്നതല്ല! തനിക്കു പുരുഷോത്തമൻ അഭീഷ്ടം തന്നരുളുന്നു, താൻ കൃഷ്ണന്റെ പാത്രമായി വർത്തിച്ചു എന്നു ആ ബുദ്ധിമാന് തോന്നി. രാവിലെ ഉണർന്നേഴുന്നേറ്റ രാജശ്രേഷ്ഠൻ സ്വപ്നദർശനവൃത്താന്തം ബ്രാഹ്മണനെ ധരിപ്പിച്ചു: അതുകേട്ടിട്ടു ധീമാനായ ബ്രാഹ്മണൻ സവിസ്മയം പറഞ്ഞു:—'രാജാവേ, പുരുഷോത്തമനെത്തന്നെയാണ് ഭവാൻ ദർശിച്ചത്; തന്തിരുവടി ഭവാനെ ശംഖചക്രാദികളാൽ അങ്കിതമായ സാരൂപ്യം തന്നരുളും.'

മഹാമനസ്കനായ മന്നവൻ ഗംഗാദ്വാരി സംഗമത്തിൽ സ്നാനം ചെയ്തു പിതൃദേവകളെ തൃപ്തിച്ചു, കൂട്ടിപ്പിടുന്നവർക്കു കാമിതദാനം നടത്തി, വിഷ്ണുഭഗവാനെ സ്തുതിച്ചു പാടിക്കൊണ്ടു ദർശനം കാത്തിരിപ്പായി. നേരം നല്ലവണ്ണമായപ്പോഴേയ്ക്കും, ദേവന്മാർ കൊട്ടുന്ന പെരുമ്പറകളുടെ ശബ്ദം സർവ്വത്ര മുഴങ്ങി; രാജാവിന്റെ ശിരസ്സിൽ പൊട്ടെന്നു പൂമഴപൊഴിഞ്ഞു; 'മഹാരാജാവേ, ഭവാൻ ഭാഗ്യശാലി തന്നെ. നീലപർവ്വതം ദർശിച്ചുകൊൾക.' എന്നിങ്ങനെ ദേവകൾ ഉച്ചരിക്കുന്നതും നരേന്ദ്രനാ കേൾക്കുമാറായി. തൽക്ഷണം, അനേകകോടി സൂര്യന്മാക്കൊത്ത തേജസ്സോടെ, പൊൻവെള്ളിക്കൊടുമുടികളും വഴുന്ന നീലമഹാപർവ്വതം രാജാവിനു കാണായിവന്നു. 'കുത്തുന്ന തീയ്യായിരിക്കുമോ ഇരുൾ! അതോ, രണ്ടാമത്തെ സൂര്യനൊ! അല്ലെങ്കിൽ, സുസ്ഥിരമായിച്ചമഞ്ഞ വിദ്യുൽപുഞ്ജമായിരിക്കുമോ!' എന്നു തോന്നുംവണ്ണം പരിശോഭിക്കുന്ന ആ പർവ്വതം കണ്ടിട്ട്, 'ഇതാ, പുണ്യമഹാഗിരി!' എന്നു താപസദ്വിജൻ ഭൂപതിയെ അറിയിച്ചു. 'ഞാൻ ധന്യനായി, കൃതാർത്ഥനായി: നീലപർവ്വതം കാണായിവന്നുവെല്ലോ!' എന്നിങ്ങനെ, രാജാവു സാഷ്ടാംഗം നമസ്കരിച്ചു. മന്ത്രി, മഹിഷി, കരംപെന്നെന്ന തന്റെ വായൻ എന്നിവരും നീലദർശനത്താൽ നിറഞ്ഞഹർഷരായിച്ചമഞ്ഞു.

Digitized By Kerala Sahitya Akademi

ഭഗവദ്ദർശനത്തിനായി വിജയമുഹൂർത്തത്തിൽ, നിലവിളികളുടെ പെരുമ്പറകൊട്ടി കേട്ടുംകൊണ്ടു പർവ്വതമുകളിലേയ്ക്കു കയറി.

പലതരം മരങ്ങൾ പൂഴ്ന്ന ആതിന്റെ മുകൾമുടിയിൽ കനകമയമായ മഹാക്ഷേത്രം അവർക്കു കാണുമാറായി. അവിടെ ബ്രഹ്മാവു നാൾതോറും വന്നു പുരുഷോത്തമനെ പ്രീതികരമായ നൈവേദ്യം നിവേദിച്ചു പൂജിക്കാറുണ്ട്. അഞ്ചുപേരും അമ്പലത്തിലേയ്ക്കു കടന്ന് അവിടെ മികച്ച രത്നങ്ങൾ പതിച്ച കാഞ്ചന സിംഹാസനത്തിന്മേൽ ചണ്ഡപ്രചണ്ഡ ജയവിജയാദികളാൽ ഉപാസിതനായി വിളങ്ങുന്ന ചതുർഭുജനെ നമസ്കരിച്ചു. പത്നിമാരോടും പരിവാരങ്ങളോടും താപസനോടും കൂടിയ പാർത്ഥിവൻ പരിതുഷ്ടിയോടെ പരമാത്മാവിനു വേദമന്ത്രം ചൊല്ലി അഭിഷേകം കഴിച്ചു, പാദ്യാർഘ്യാദികം നൽകി, ചന്ദനം ചാർത്തിച്ചു, വസ്ത്രങ്ങൾ ധരിപ്പിച്ചു, ധൂപവും നീരാജനവും നടത്തി, സർവ്വരസമനോജ്ഞമായ നൈവേദ്യം നിവേദിച്ചു. പിന്നീടു, വീണ്ടും നമസ്കരിച്ചു, ഭഗവൽഗുണങ്ങളെ യഥാമതി വർണ്ണിച്ചുസ്തുതിപ്പാൻ തുടങ്ങി.

[ദ്രുതവിളംബിതം—മുറിയടന്ത]

'ഏകനഭവാൻ സാക്ഷാൽ പര-പുരുഷൻ പ്രകൃത്യതീതൻ
കാര്യകാരണാതഭിന്നൻ-ഹാ, മഹത്തത്വാദിപൂജ്യൻ!
നിൻനാഭിപ്പൊൻതാമരയിൽ- നിന്നുദിച്ചോൻ സൃഷ്ടാവജൻ;
നിൻകണ്ണിൽനിന്നുത്ഭവിച്ചോൻ-ശങ്കരനാം സംഹർത്താവും.
നിന്നാജ്ഞയാലീവിശ്വം-തന്നിൽവേല ചെയ്യോരിവർ!
ആവിർഭ്രതം നിങ്കൽനിന്നോ-സ്ഥാവരജംഗമലോകം;
കേവലമിതിന്നൊട്ടുക്കു-ജീവനായി നില്പതുംനീ.
ഇല്ലുജന്മമിവിടത്തെ-യ്ക്കില്ലനാശം ജഗദീശ;
വൃദ്ധി,ക്ഷയം, പരിണാമ-മുത്ഭവാന്നില്പിവയും;
എന്നാകിലും, ധർമ്മം സ്ഥാപിപ്പുന്നതു ഭക്തരക്ഷയ്ക്കായ്
ജന്മങ്ങളുമവയ്ക്കാത്ത-കർമ്മങ്ങളും കൈക്കൊൾവൂനീ:
മീനായിച്ചിദാത്മൻ, ശംഖു-ദാനവനെക്കൊന്നുമുന്നം
വേദങ്ങളെവീണ്ടെടുത്താ-നാദിമഹാപുരുഷൻനീ
നിന്മഹിമാവറിവീലാ-ബ്രഹ്മപതനിശേഷന്മാരും
പിന്നെയാണോമുകുന്ദ,മ-റ്റെന്നപ്പോലാം വിമൂഢന്മാർ?
ഉൾത്തൂകൊണ്ടുമണയുന്നീ-ലിഖ് ഭാരതീദേവിനിന്നെ;
അപ്പോഴവാനെവാഴ്ത്തുന്നെങ്ങു-കെല്പുനിക്കുന്നുരാനെ?'

Digitized By Kerala Sahitya Akademi

ഇപ്രകാരം, തൊണ്ടയിടറിയും കോരുമയിർക്കൊണ്ടും സ്തുതിച്ച് അരുളഹം പലവുമ നമസ്കരിച്ചു. ഈ സ്തുതിയാൽ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ പുരുഷോത്തമൻ രാജാവിനോട് സത്യവും ഗഭാത്ഭുതമായി അരുളിച്ചെയ്തു:—'മഹാമതിയായ മഹാരാജാവേ, ഭവാന്റെ സ്തുതി എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. ഞാൻ പ്രസാദിച്ചു എന്നറിഞ്ഞുകൊൾക. ഭവാൻ ഭോജനത്തിൽ മനോഹരമായ നെല്ലരി ഭക്ഷിക്കുക; എന്നാൽ ചതുർഭുജനായി പരമപദം പ്രാപിക്കാം. ഭവാന്റെ ഈ ശ്രേഷ്ഠസ്തുതിച്ചൊല്ലി, എന്നെ ആർ സ്തുതിക്കുമോ, അവനും ഞാൻ പ്രകൃതിമുക്തിപ്രദമായ ദർശനം നൽകും.'

ഭഗവാൻ അരുളിച്ചെയ്തതിൻവണ്ണം, രാജാവു മറു നാൾവരോടുംകൂടി നെല്ലരി ഭക്ഷിച്ചു. അപ്പോഴേയ്ക്കും, കിങ്ങിണിത്തൊങ്ങലണിഞ്ഞു സർവ്വഭോഗങ്ങളും ഉരുത്തിരിഞ്ഞി അപ്സരസ്ത്രീകളും ചുഴന്നതായ ഒരു വിമാനം വന്നുചേർന്നു. പുരുഷോത്തമനെ ദർശിച്ച തൽക്കരുണയാൽ കൃതാർത്ഥനായ രാജാവു വീണ്ടും തൃക്കാല്പൽ വന്ദിച്ചു, അവിടുത്തെ ആജ്ഞയാൽ ഭാര്യയോടുംകൂടി വിമാനത്തിൽ കേറി, അവിടുന്നു കാണ്കെത്തന്നെ, അത്ഭുതകരമായ വൈകുണ്ഠത്തിലേയ്ക്കു ഗമിച്ചു. സർവ്വധർമ്മജ്ഞനായി ധർമ്മപരനായിരുന്ന ഇതുമെന്നു രാജമന്ത്രിയും വിമാനത്തിലേറി സുന്ദരീവൃന്ദനിഷേവിതനായി പ്രയാണംചെയ്തു; എല്ലാ തീർത്ഥങ്ങളുമാടി ചതുർജ്ജലപാനേടിയ താപസബ്രാഹ്മണനും വിമാനമേറി വിണ്ണവരോടൊന്നിച്ചു യാത്രയായി. ഗാനപുണ്യത്താൽ ദർശനം ലഭിച്ച കുരങ്ങനും സുരസമക്കുടി സുദുർല്ലഭമായ ദേവനിലയത്തിലേയ്ക്കു നടകൊണ്ടു—എല്ലാവരും മേഘവർണ്ണരായി ചതുർബാഹുക്കളായി ശംഖചക്രഗദാപത്മങ്ങളേന്തി കാരകേയൂർകിരീടങ്ങളണിഞ്ഞു, പരമാത്ഭുതമായ വിഷ്ണുലോകത്തേക്കു പുറപ്പെട്ടു അകാശത്തേയ്ക്കുയർന്നു. അവരുടെ വിമാനങ്ങൾ കണ്ടിട്ടു, പൌരജനങ്ങൾ ഹോമാശയടിക്കുന്നത് അവർക്കു കൂടെക്കൂടാതായി. വിഷ്ണുപാദാബ്ജം സേവിച്ചിരുന്ന അവ പുരുഷബ്രാഹ്മണൻ നടകൊണ്ടപ്പോൾ ചതുർഭുജൻ അത്രിഹത്തിന്റെ വിരഹത്താൽ ഉൽകണ്ഠിതനായതുമില്ല കാണപ്പെട്ടു! ഈ അത്ഭുതം കണ്ടിട്ടു പൌരജനങ്ങൾ, 'അഹോ, സർവ്വജ്ഞിയായ രത്നാവതിപ്രഭാലന്റെ ഭാഗ്യം: ഈ ദേഹത്തോടുകൂടിത്തന്നെ അവിടുന്നു പരമമായ വിഷ്ണുപദം പൂകിയല്ലോ!' എന്നിങ്ങനെ മഹിമ പ്രശംസിച്ചുംകൊണ്ടു ഗംഗാസമുദ്രസംഗമത്തിൽ സ്നാനം കഴിച്ച നഗരത്തിലേയ്ക്കു തിരിച്ചു.

രാജാവേ, പുരുഷോത്തമൻ വാഴുന്ന ആ നീലപർവ്വതമെന്നിതു, ഇന്നു ദർശിച്ചുകൊണ്ടതന്നെ ഒരുമിച്ചുകൂടുകയും പാപമുക്തരെ പ്രാപിക്കാം.

Digitized By Kerala Sahitya Akademi

ഈ നീലാചലമാഹാത്മ്യം കേൾക്കുന്നവനും കേൾപ്പിക്കുന്നവനുമായ ഭാഗ്യവാന്മാരിരുവരും പരമപദത്തിൽ ചെന്നെത്തും. ഇതു സ്മരിച്ചാൽ ദുസ്സ്വപ്നം നീങ്ങും. സ്മരിച്ചാൽത്തന്നെ, ഒടുവിൽ സംസാരസാഗരം കടപ്പാൻ പുരുഷോത്തമൻ വഴിയരുളും. ഈ നീലപർവ്വതത്തിൽ വാഴുന്ന സർവ്വകാരണങ്ങൾക്കും കാരണമായ പുരുഷോത്തമൻ തന്നെയാണ് രാമൻ; സീത സാക്ഷാൽ മഹാലക്ഷ്മിയുമത്രേ. അവിടുന്നു അശ്വമേധം കഴിക്കുന്നതു വിശ്വവിശ്രുതികൊക്കുന്നു. അവിടുത്തെ തിരുനാമമാണല്ലോ, ബ്രഹ്മഹത്യയ്ക്കു കൂടി പ്രായശ്ചിത്തമായി നിർദ്ദേശിച്ചിട്ടുള്ളതു്.

ഇപ്പോൾ ഭവാന്റെ അശ്വം നീലമാമലയിൽ എത്തിയിരിക്കുന്നു. ഭവാൻ പുരുഷോത്തമൻതിരുവടിയെ വന്ദിച്ചാലും. എന്നാൽ നമുക്കു പാപം വിട്ട പരമപദം പൂകുമാറാകും. തന്തിരുവടിയുടെ പ്രസാദത്താൽ വളരെപ്പേർ സംസാരസമുദ്രം കടന്നിരിക്കുന്നു.'

സുമതി ഇപ്രകാരം പറയുന്നതിനിടയിൽ, വായുവേഗംപോലെ കുതിര കുളമ്പിനാൽ മണ്ണിടം പൊടിച്ചുംകൊണ്ടു നീലാചലത്തിലെത്തിപ്പോയി. അപ്പോൾ, അതിനെ പിന്തുടരുന്ന ശത്രുഘ്നനാം ഗംഗാഖഡ്ഗിസംഗമത്തിൽ കുളിച്ചു, നീലപർവ്വതത്തിന്മേൽ കേറി പുരുഷോത്തമനെ ദർശിച്ചു. ദേവാസുരനമസ്കൃതനായ തന്തിരുവടിയെ നമസ്കരിച്ചു സ്തുതിച്ചതിനാൽ അദ്ദേഹത്തിനു് ഒരു ചാരിതാർത്ഥ്യം തോന്നി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാരുണ്യായനസംവാദം, രാമാശ്വമേധപ്രകരണം, രണഗ്രീവവൈകുണ്ഠപ്രാപ്തി ഇരുപത്തിരണ്ടാമദ്ധ്യായം.

(0)

ഇരുപത്തിമൂന്നാമദ്ധ്യായം

ശേഷൻ:—നെറികെട്ട, ചാമരാലംകൃതമായി, വീരശ്രേണിയാൽ പരിവൃതമായ തുരംഗമം കുറച്ചുനേരം നിന്ന പുല്ലുതിന്നിട്ടു നടയുടനേ. പ്രവീരനായ ശത്രുഘ്നൻ, ലക്ഷ്മീനിധിവ്യാപാലൻ, പുഷ്കലൻ, ഉദാശപൻ, പ്രതാപാഗ്രൃൻ എന്നിവരാൽ സുരക്ഷിതവും അനേകംകോടി യോദ്ധാക്കളാൽ അനുഗതവുമായിരുന്ന ആ യജ്ഞാശ്വം സുബാഹുവിന്റെ ചക്രാങ്കനഗരത്തിലേയ്ക്കാണ് ഗമിച്ചതു്. അപ്പോൾ, സു

Digitized By Kerala Sahitya Akademi

ബാഹുവിന്റെ പുത്രൻ, ദമനൻ വേട്ടയ്ക്കിറങ്ങിയിരിക്കയായിരുന്നു. നെറ്റിമേൽ പത്രംകെട്ടി ചന്ദനവും മറവും പൂശിക്കപ്പെട്ട കുതിരയെ കണ്ടപ്പോൾ ആ മഹാൻ സേവകനോടു ചോദിച്ചു:—'ആരുടെയാണ് ഇക്കാണുന്ന കുതിര? നെറ്റിമേൽ പത്രംകെട്ടിയിട്ടുണ്ട്. വെൺചാമര വും പരിലസിക്കുന്നു!' സേവകൻ ഉടനെ ഫാലപത്രംകൊണ്ടു ശോഭമാനമായ വാജിയുടെ അടുക്കൽവന്ന്, മണിമാലകളണിഞ്ഞിരുന്ന അതിനെ പ്രഷ്ഠരോമത്തിന്മേൽ പിടിച്ചു, സുബാഹുപുത്രനായ സ്വാമിയുടെ അടുക്കലേയ്ക്കു കൊണ്ടുപോയി. അദ്ദേഹം പത്രത്തിൽ ഭംഗിയായി എഴുതപ്പെട്ടിരുന്നതു വായിച്ചുനോക്കി.

[ശ്ലോകങ്ങൾ]

'അയോധ്യ വാണിരുന്ന കെല്പേറും ദശരഥൻ നൃപൻ;
തദാത്മജൻ രാമഭദ്രൻ സർവ്വശൂരശിരോമണി;
ഇല്ലുവന്ന സമൻ മന്നിൽ വില്ലെടുത്തടർ ചെയ്യുവാൻ,
അദ്ദേഹം വിട്ടതീയശ്വം ചന്ദനാങ്കിത ചർച്ചിതം;
ഇതിൻത്രാതാവു ശത്രുഘ്നൻ ധർമ്മശീലൻ പരന്തപൻ'
'ശൂരർ നാം, വീരർ നാം, വില്ലർ നാ'മെന്ന ഗുണയുള്ളവർ
പിടിക്കട്ടേ രത്നമാലചാർത്തുമീ വാജിയെബ്ബലാൽ;
ശത്രുഘ്നൻ വിടുവിച്ചീടും സർവ്വവീരശിരോമണി;
അല്പാശ്ശിൽത്തൽപ്പദം ക്രൂപ്പിക്കുമ്പിടട്ടേ ധനർദ്ധരർ!'

എന്നീ അഭിപ്രായം രാജപുത്രനെ ചൊടിപ്പിച്ചു.

[ശീതങ്കൻ തുള്ളൽ]

'വില്ലാളി രാമനൊരാളുതാൻ; ക്ഷത്രിയ-
രില്ലപോലാഹന്ത, നാമാരുമുഴിയിൽ!
എന്നാലിവനിങ്ങെഴുംപോളിതു തള്ളലോ!
എന്നാലതിൻഫലം നേടുകെന്നമ്പിനാൽ:
ഗാത്രമെങ്ങും മുറിച്ചേറ്റു ശത്രുഘ്നനെ-
ച്ഛത്രപിലാഗ്രപോലാക്കട്ടെയെൻ ശരം!
നൽക്കരിഗണ്ഡം പിളർത്തട്ടെ! ചോരയിൽ
മുക്കട്ടെ വാജിഗണത്തെയെന്നാകം!
മത്സ്യത്തലയോട്ടിലാക്കിക്കുടിക്കട്ടെ
രക്തമാവോളം പിശാചവധൂടിമാർ!
വന്നാചെന്നെൻപ്രതി മല്ലമാംസങ്ങളെ-
ത്തിന്നാ തിമിർക്കട്ടെ ജംബുകമണ്ഡലം!
കാണട്ടെ യോദ്ധാക്കളം, വിൽവലിച്ചമ്പുഗ്ര.
ബാണങ്ങളം തൂകുമെൻ ബാഹുവിക്രാന്തിയെ!

Digitized By Kerala Sahitya Akademi

എന്നിങ്ങിനെ സഹർഷം പറഞ്ഞു, വീരനായ ദമനൻ കുതിരയെ നഗരത്തിലേയ്ക്കയച്ചു; പിന്നീട് സേനാപതിയോടാജ്ഞാപിച്ചു, തനിക്കു ശത്രുവഗ്ഗത്തെ തടുക്കുവാൻ ഒരു ചെറിയ സൈന്യത്തെ ഒരുക്കിച്ചു, യുദ്ധത്തിന്നൊരുങ്ങി നില്പായി. അപ്പോഴേയ്ക്കും അശ്വാന്വയായികൾ അവിടെയെത്തി, 'മഹാരാജാവിന്റെ യാഗാശ്വം എവിടെ? എന്നു തങ്ങളിൽ ചോദിച്ചു' അങ്ങുമിങ്ങും ഉഴറി നോക്കിത്തുടങ്ങി. അപ്പോൾ വീരന്മാരുടെ കോലാഹലം കണ്ടു ഒരു സേനാവിഭാഗം ഒരുങ്ങിനിൽക്കുന്നതു പരന്തപനായ പ്രതാപാഗ്ര്യൻ കണ്ടു. അതിലെ ചില ഭടന്മാർ, 'കുതിരയെ ഈ വീരൻ കൊണ്ടുപോയി; ഇല്ലെങ്കിൽ, പടയും കൂട്ടി പൊരുതാൻ നിൽക്കുമോ?' എന്നിങ്ങനെ പറഞ്ഞുകേട്ടപ്പോൾ പ്രതാപാഗ്ര്യൻ ഒരു ദൂതനെ അയച്ചു. അയാൾ ദമനന്റെ അടുക്കൽ ചെന്നു ചോദിച്ചു:—'രാമരാജാവിന്റെ കുതിര എവിടെ? ആർ കൊണ്ടുപോയി? എങ്ങോട്ടു കൊണ്ടുപോയി? ആ മൂഢനു രാമനെപ്പറ്റി ഒന്നും അറിവില്ലായിരിക്കാം! അവരെ ഇന്ദ്രാദിദേവന്മാർപോലും കാഴ്ചയും കൊണ്ടുവന്നു കുമ്പിടുന്നവരാ, ആ ധർമ്മപ്പെരുമാളുടെ വമ്പിച്ച സൈന്യം കീഴടങ്ങാത്തവരെയെല്ലാം വിഴുങ്ങുകതന്നെ ചെയ്യും!' ഇതു കേട്ടിട്ടു ദുർബുദ്ധിയായ രാജപുത്രൻ ആ ദൂതനെ ധിക്കരിച്ചു പുലമ്പുകയാണു് ചെയ്തതു്:—'ഞാനാണു്, പത്രവും മറവും കെട്ടിച്ചിട്ടുള്ള കുതിരയെ കൊണ്ടുപോയതു്; ശൂരന്മാരുണ്ടെങ്കിൽ, അവർ എന്നെ ജയിച്ചു ബലാൽക്കാരേണ വിടുവിച്ചുകൊള്ളട്ടെ.' ദൂതൻ അമർഷത്താൽ ചിരിച്ചുംകൊണ്ടു തിരിയെ പോന്നു, ദമനൻ പറഞ്ഞതെല്ലാം പ്രതാപാഗ്ര്യനെ അറിയിച്ചു.

ഉടനെ, അരിശത്താൽ കൺചുകന്ന ആ മഹാബലൻ മഹാവീരപുരസ്സരനായ രാജപുത്രനോടു പൊരുതാനായി, നല്ല നാകത്തിട്ടുവെച്ച നാലു കുതിരകളെ പൂട്ടി ആയുധങ്ങളൊക്കെ നിറച്ചിട്ടുള്ള ഒരു കനകത്തേരിലേറി ചെന്നു, ഞാണൊലിയിട്ടുകയും കോപാട്ടഹാസം പൂണ്ടു തെരുതെരെ അട്ടഹസിക്കുകയും ചെയ്തു. ഏറെ നാളായി ഒരു വീരനോടു പൊരുതാൻ കൊതിക്കുന്ന പടയാളികൾ ആന-കുതിര-രഥത്തേറിയും കാൽനടയായും വാരം മിന്നിച്ചുകൊണ്ടും രോഷാകുലേക്ഷണനായ പ്രതാപാഗ്ര്യനെ പിൻതുടർന്നു. അങ്ങിനെ ശത്രുസൈന്യം യുദ്ധത്തിന്നൊരുങ്ങിയതു കണ്ടിട്ടു, ചട്ടയിട്ട വാളും വില്ലുമേന്തി സന്നദ്ധനായിരുന്ന ആ യുവാവായ വീരനുപാത്തജ്ഞൻ പൊരുംപടയാൽ പുറപ്പെട്ടു, സിംഹം ഗജയൂഥത്തോടെന്നപോലെ സലീലമായി പൊരാടാനെതിരിട്ടു.

Digitized By Kerala Sahitya Akademi

[വഞ്ചിപ്പാട്ട്]

രുഷ്ടർ ഭടരുടനടരിട്ടതമ്പിൽ വധിപ്പാനായ്,
വെട്ടുകീറുമെന്നംചൊല്ലിക്കൊണ്ടു പാഞ്ഞേറുമ—
കാലാകം കാലാളോടും, നാഗാരൂഢൻ നാഗാരൂഢനോടും
തേരാകം തേരാളോടും, സാദി സാദിയോടുമായ്
രണ്ടായ് പിണ്ടു ഭടിരങ്ങുകം; തുണ്ടായ്ത്തീർന്നു തുരംഗങ്ങുകം;
കുണ്ടാടിക്കിലെല്ലാം ചോര കുത്തിയൊലിച്ചു.
തൻപടയെ സംഹരിപ്പുന്നവിപ്രതു കണ്ടുരാക്ഷാൽ
വൻപുക്കടും പ്രതാപാഗ്രൻ സൂതനോടോതി:—
'ഒന്നൻപടയെ മുട്ടിടുന്ന വൻപനാം സുപാത്ഥജന്റെ
മുമ്പിലേക്കു തെളിപ്പാലുമശ്വങ്ങളെ നീ.'
വീരോടം പ്രതാപാഗ്രന്റെനേരേതന്നോ ചൊന്നാനപ്പോൾ
വീരശിരോരത്നാവ്പിതപാടൻ ദമനൻ.
പ്രതാപാഗ്രസാരഥിയും പ്രാപിപ്പിച്ചു രഥങ്ങളെ
പ്രധനാത്ഥം സുപാത്ഥജപ്രൗഢനോടുകൾക്.
പൊന്നിൻതേരിൽ വില്ലുമേന്തി മിന്നുംപ്രതാപാഗ്രൻചൊന്നാ
മന്നവന്റെ മകനോടു ചൊന്നാനീവണ്ണം:—
'കുട്ടി, നീതാൻ പിടിപ്പിങ്ങുകെട്ടിയല്ലോ കുതിരയെ-
ത്തിട്ടമറിയുന്നീലാ നീ രാമരാജനെ!
വീരവരരെല്ലാം കാൽക്കൽ വീഴുമാർതൻ പ്രതാപത്തെ-
റ്റോപ്പാരിൽത്താങ്ങുമാനാളായീലാ രാക്ഷസേന്ദ്രനാം.
അദ്ദേവന്റെ വാജിയെത്തീ പത്തനാപുകിപ്പുവല്ലോ!
ശത്രുക്കൊക്കു കാലനാണീപ്പാരേവനുമെന്നാൻ.
പാരാതശപത്തിനെ വിട്ടുപൊതലേ, പോയ്ക്കളിപ്പുകൊടാ-
കാരുടെയുമകന്നേതുന്നാട്ടുകാരൻ നീ?
കഥയില്ലാഞ്ഞീ ഞങ്ങടെതൻ കുതിരയെപ്പിടിപ്പുതിൽ-
കരുണതോന്നുമെ മമ കൈകുഞ്ഞാ നിങ്കൽ!'
ഇതുകേട്ട ചിരിച്ചോതി മദമാന്യ ദമനനം
പ്രതാപാഗ്രപ്രബലം പുല്ലായ്കരുതിക്കൊണ്ടോ:—
'ഹരിയെപ്പിടിപ്പുകെട്ടിപ്പുരിയിൽക്കൊണ്ടുകിനേൻ ഞാൻ;
തിരിച്ചേകാ; പൊരുതിക്കൊടുശിരുണ്ടെങ്കിൽ!
'കുട്ടി, നീപോയ്ക്കളിയാടിക്കൊടുകൊ'ന്നല്ലോ ചൊല്ലീടുവാ-
നൊട്ടെൻകുട്ടി തുടങ്ങൻപാക്കുകെന്നാൽ പോർമുന്നിൽ!'

Digitized By Kerala Sahitya Akademi

ഇരുവരംപൊള്ളി വിള്ളുകലുപുസ്സുമൊരുന്നുരതൊഴു-
ത്തു,സ്സുധൈര്യൻ ചൂഴുമാരു രാഖുമൊന്നുതി,
പ്രതാപിയായുവാവെയ്വാൻ പ്രതാപാഗ്ര്യമാരിടത്തെ-
യ്യു. തൊട്ടുരു മുറിച്ചിട്ടാനവനപ്പോഴേ.
മുഴുരാഷ്ടാലു കുരുത്തെഴും സുഖാനുവിൻ മകൻ
കുഴച്ചിറകണിക്കുരുന്നുസാധ്യം വിട്ടാൻ.
അകാശത്തും, ഭൂമിയിലു,മവയുടെ നടുവിലും.
പോർകൊതിയനുവാണാം കാണായ് പോരാരുപോലെ.
അതുപ്പാണാങ്ങാം നെഞ്ചത്തുനിന്നാറു തീപ്പുരിപാറിപ്പുകൊണ്ടു
വായ്പോറിയ നൈന്യങ്ങളെപ്പുട്ടെരിയ്ക്കുയായ്
ഉൽക്രോധനായ് പ്രതാപാഗ്ര്യൻനിൽക്കനിൽക്കെന്നരമ്പു
ചികെന്നൊരുപത്തുശരം ശിരസ്സിലെയ്വാൻ.
മേനന്റെ നെറിത്തമേലപന്നാഗ്നരങ്ങളൊരു
ദ്രുതത്തിന്റെ പത്തുകൊമ്പുപോലെ ശോഭിപ്പു.
അപ്പോൾപ്പുട്ടിദാജീവനവിപ്പിങ്ങളേറുതിൽ: വടി-
ത്തപ്പോഴുവയസ്സാതെതാരമാപോലവേ;
പൊൻകൊട്ടിയ വൻകാലാഗ്നിസംകാശാസ്ത്രം മുന്നുറെണ്ണം
തൻകൈവിപ്പോൽതൊടുത്താഞ്ഞുവിട്ടാനായവൻ.
അതെപ്പോമേ പ്രതാപാഗ്ര്യമാരുകീറിനിണം നു-
ണ്ടധ്വപതിച്ചിതു രാക്ഷസരതരെപ്പോലെ.
അക്ഷണമേ പ്രതാപാഗ്ര്യൻ ദക്ഷമനുപോടിപ്പുതി-
ത്തക്ഷണമേശസുതന്റെ തേരുകൊപ്പുഴക്കി:
നാലനുവാൻ നാലശ്വത്തെയും, രണ്ടാൽധ്വജത്തെയു,മൊന്നി-
നാലേസുതോത്തമാംഗവുമരുത്തുവീഴ്ത്തി;
നാലുശരംവീണ്ടും നരനാഥപുത്രനെയ്താ,ന്നി-
നാലുടനേ വിപ്പുറത്തൊരാരം മുറിച്ചുകൊണ്ടാൻ.

വീരനാമേട്ടനനുജോ, വോനെല്ലുശപ്പിതർഷത്തിൻ
തേരിലേറി, മറെറാരു വിപ്പെന്തി ഞാൺപൂട്ടി,
നന്നതവവിക്രമമിതെ;-നാൽ കാഞ്ഞൻവിപ്പിൻമിടു-
ക്കുന്ന ചൊല്പിപ്പുത്തുശരമെടുത്തുവെക്കം
നാലാൽനാലു കുതിരയെക്കാലനികേതത്തിലാക്കി
നാലാൽതേരും ചക്രങ്ങളുമെള്ളായ് നുറുക്കി

Digitized By Kerala Sahitya Akademi

ഒന്നാംപ്രതാപാഗ്രൃങ്കലുമൊന്നസ്ഥതങ്കലുമെയ്താ-
നെന്നിട്ടാത്താൻ ശംഖുവിളിച്ചാശ്ശബ്ദത്തോടേ.
'കൊള്ളാം വീര, പെരുംകരുത്തുള്ളോനേ, നിൻവിക്രമ'മെ-
ന്നുള്ളിൽ ക്രുദ്ധാ കൊണ്ടോടിക്കൊണ്ടാ പ്രതാപാഗ്രൃൻ
വേറെയൊരുതേരിലേറി, 'വീര, കാഞ്ചൻപയറെ'ന്നായ്-
റ്റോരിനോരു ദമനങ്കൽക്രൂരനുരിത്താൻ.
ആനയശങ്ങളിലാകെക്കാണായ് ബാണമെന്നല്ലപ്പോ-
ഴാനന്തത്തിലും പരമ്പരമേലാലെവ്യാപിച്ചു!
പാടേറ്റാപകുമരനെക്കോടിക്കോടിക്രൂരനിനാൽ
മുടിനിന്നിട്ടുരാക്രമം ക്രൂരമായുറപ്പാൻ
തെറ്റാനാത്താൻ നിശ്ചടക്കാറ പരിഷ്മിയറിയും
പാരലരെശ്ശുശ്രൂഷ്യുപ്രായരാക്കിയും.
ക്രൂരൻകണകളാൽ നിശ്ചുരിച്ചുടിക്കണ്ടരിശം
മുത്തുദ്രോവിക്രമനാടുപാരിവപുരൻ
ദ്രോട്ടണ്ഡത്താൽ വില്ലുലാച്ച ശാത്രവരെക്കീറും ശര-
പ്പാരുതിർത്താഗ്രസ്സാസ്സുങ്ങടംതീർത്തും ചണ്ഡിപ്പാൻ.
പിന്നൊത്തുംകണ്ണനായിപ്പാനാനകരുത്തൻ:—'താങ്ങ-
കെന്നടെയൊരനെയ്ത്തായ്നാണുകൊപ്പുകിൽ;
ആസ്സനെ ഞാനിതൊന്നിനാൽ തേരിൽനിന്ന വീഴിക്കായ്കിൽ-
ധൈര്യംമുറ്റുമിവൻചൊല്ലും ശപഥംകേൾംക്കു:
വെറുമുകുതി പരഞ്ഞതുമറ നിന്നിപ്പറഞ്ഞുള്ള
നരകത്തിൽവീഴ്ത്തും പാപമെങ്കിലേശട്ടെ!'
ഇതുചൊല്ലി, തൂണിയിൽനിന്നദ്ഭുതജ്വാലാമാലമാമോ-
രസ്ത്രം തമ്പോപമമെന്നിതൊട്ടുത്താൻവില്ലിൽ;
പിന്നൊരിപുവിന്റെ നെഞ്ചിനുന്നംവെച്ചുവിട്ടാൻ; ഒളി-
ച്ചിന്നിക്കാലാഗ്നിപോലതു പാഞ്ഞിതജ്ഞസ്യാ.
തന്നെ വീഴ്ത്തീടാനേഴും ശരംമുന്നിൽക്കണ്ടുമുറിപ്പാനായ്-
ദ്ധനുവിയാകും പ്രതാപാഗ്രൃൻ ക്രൂരനുരുക്കി.
രണ്ടാലവയൊട്ടുക്കിടയ്ക്കാണായ് മുറിച്ചാമരാസ്ത്രം
ചെന്നകോപീപ്രതാപാഗ്രൃധീരഹൃത്തിൽത്താൻ.
മാറിൽത്തറഞ്ഞുള്ളിലേയ്ക്കുകോപീശര;-മരചനോ
രുതരിൽനിന്ന ബോധംകെട്ടുതാഴെവീണപോയ്!
മന്നിങ്കൽമോഹിച്ചുവീണമന്നവനെയെടുത്തടർ-
മന്നിൽനിന്ന പിന്മാറിനാൻ രുതർതെളിപ്പവൻ.

Digitized By Kerala Sahitya Akademi

പാരംതോറന്നൈന്യം ഹാഹാകാരം മുഴക്കിക്കൊണ്ടേറെ
വീരർചൂഴം ശത്രുഘ്നന്റെ ചാരത്തേയ്ക്കോടീ.
പ്രതാപാഗ്ര്യവിജേതാവാം ക്ഷിതിഭൃൽപുത്രനോ, ചമൂ-
പതിയായ ശത്രുഘ്നനെക്കാത്തുനില്പായീ.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, ദമനയുദ്ധകഥനം ഇരുപത്തിമൂന്നാമദ്ധ്യായം.

—(o)—

ഇരുപത്തിനാലാമദ്ധ്യായം

ശേഷൻ:—ക്രോധം മൂഴത്ത ശത്രുഘ്നൻ പല്ലു കടിച്ചും കൈകം കടഞ്ഞും പലവുരു നാവിനാൽ ചുണ്ടു നക്കിയും സൈന്യകുരാട വീണ്ടും വീണ്ടും ചോദിച്ചു:—'എന്റെ കുതിരയെ ആർ കൊണ്ടുപോയി? സർവ്വശൂരശിരോമണിയായ പ്രതാപാഗ്ര്യൻ ആരാൽ തോല്പിക്കപ്പെട്ടു. അപ്പോഴാം അവർ ഉണർത്തിച്ചു:—'തമ്പുരാനേ, സുബാഹുപുത്രൻ ദമനനാണ് കുതിരയെ കൊണ്ടുപോയതും, പ്രതാപാഗ്ര്യനെ ജയിച്ചതും.' ദമനനാണ് തന്റെ ശത്രു എന്ന കേട്ട ഉടനേ, ശത്രുഘ്നൻ യുദ്ധക്കളത്തിലേയ്ക്കു നടക്കൊണ്ടു. അവിടെ, കവിഞ്ഞടം പിളർത്തപ്പെട്ട മത്തഗജങ്ങളും, മാമലകളെന്നപോലെ രക്തത്തിൽ മുഴുകിക്കിടന്നിരുന്ന; കുതിരകളും സാദികളോടുകൂടി മരിച്ചുകിടന്നിരുന്ന; മർദ്ദിക്കപ്പെട്ട തേർ കാലാളുകളും വീരനായ ശത്രുഘ്നന്നു കാണ്മാറായി. അദ്ദേഹം കോപത്താൽ പ്രളയത്തിലെ സംവർത്തകാലായിത്തീർന്നു. തന്റെ സൈന്യത്തെ തൃണപ്രായമാക്കി പ്രതാപാഗ്ര്യനെ ജയിച്ചവനും കുതിരയെ കൊണ്ടുപോയവനുമായ ദമനനെ വൻപടയാളിയെ മുൻവശത്തു കണ്ടപ്പോൾ, ക്രോധത്താൽ കലങ്ങിയ ശത്രുഘ്നൻ ഭടരോടായി ചോദിച്ചു:—'ദമനനെപ്പോലുള്ള, സർവ്വശസ്ത്രാസ്ത്രസുധാരിയായിട്ട് ഇക്ഷ്വാകുവംശത്തിൽ ആരുപുത്രയറിൽ വിരുതുള്ള വീരരാജപുത്രനെ അസ്ത്രത്താൽ വിഭേദിച്ച് ആക്ക് ജയിക്കാമോ, അവൻ സന്നദ്ധനാകട്ടെ!"

ഇതുകേട്ടിട്ടു, പരാജിതരെ പൊതുക്കുന്ന പുഷ്കലൻ ദമനനെ ജയിപ്പാനൊരുമ്പെട്ടു. 'സ്വാമിൻ, ഈ ദമനൻ ഏതുനാടെവിടെ? അങ്ങയുടെ അളവറ്റ സൈന്യം ഏതുവിടെ? ഇവിടത്തെ പ്രതാപത്താൽ, ഇതാ, ഞാൻ ചെന്നു ജയിച്ചുകൊള്ളാം. കിങ്കരനായ ഞാൻ യുദ്ധ

Digitized By Kerala Sahitya Akademi

രത്തിന്റെ തെയ്യാറെടുപ്പുകൾ, കുതിരയെ ആര് കൊണ്ടുപോകും? രാജ്ഞി നാഗന്റെ പ്രതാപത്താൽ കാര്യമെല്ലാം നിറവേറിക്കൊള്ളും! തിരുമേനി, മുന്നിന്റെ ശൗര്യം സന്തോഷത്തോടേ കേട്ടുകൊണ്ടാലും: പടയ്യരിൽ പോരാളിയുള്ള ദമനനെ ഞാൻ പോരിൽ തോല്പിക്കും; ഇല്ലെങ്കിൽ, രാമചന്ദ്രന്റെ ചരണാരവിന്ദത്തിലെ മകരന്ദം നുകർന്നിട്ടില്ലാത്തവർക്കുള്ള പാപം മുഴുവൻ ബാധിച്ചുകൊള്ളട്ടെ! അല്ലെങ്കിൽ, ദമനന്റെ ദുരാലോചനകളും മറ്റൊന്നിനെ തീർപ്പാക്കി കരുതി, ദമയന്തിയുടെ വിണ്ണപ്രകാരമുള്ള മാപാപം മുഴുവൻ ചോർന്നുകൊള്ളട്ടെ! ഇന്ന് ഈ പ്രപഞ്ചത്തിൽ മുന്നിന്റെ ബാണത്താൽ മരിക്കാത്ത പുരുഷന്മാർ ഉണ്ടാകരുത്, ഉണ്ടെങ്കിൽ അവർ ഭീരുക്കളാകട്ടെ!' ഈ പ്രതിജ്ഞകേട്ട് സന്തുഷ്ടിയടഞ്ഞ രാജ്ഞി പുഷ്കലനെ വിളിച്ചു.

അപ്പോൾ വളരെ സൈന്യങ്ങളാൽ പരിവാരപ്പെട്ട, ശൂരകുലോത്ഭവനായ ദമനന്റെ അടുക്കലേയ്ക്കുചെന്നു. മഹാവീരനായ ദമനനും സന്നാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം പുഷ്കലനോടെടുത്തിരിട്ടു. രാജ്ഞിയുടെ കല്പനയിൽ തങ്ങളിൽച്ചേരുന്ന അവരിരുവരും, യുദ്ധോദ്യുക്തരായ ശത്രുവിനെ നേരിടുന്നതിലേയ്ക്ക് പരിശോഭിച്ചു. പുഷ്കലൻ അവരുടെ അടുത്തുചെന്നതിനുശേഷം പറഞ്ഞു:—'രാജകുമാര, ദമന, ശപഥംചെയ്തു, യുദ്ധത്തിനായി വന്നിരിക്കുന്ന ഭരതപുത്രനായ ഒരു ഭടനാണ് ഞാൻ; പുരുഷശ്രേഷ്ഠനായ ശ്രീരാമപാദാംബുജത്തെ പണിയുന്ന ഭക്തിയെ ഞാൻ ഭവാനെ അയുധങ്ങളാൽ തോല്പിച്ചുകഴിഞ്ഞാൽ ഭവാൻ തെയ്യാറായിക്കൊൾകെ.' വിക്രമംകാണിച്ച പരിഹസിക്കുന്ന ഭാവത്തിൽ നിന്നുകൊണ്ട് പിരിച്ചുകെട്ടിയ മീശയുടെ ഭംഗിയിൽ [illegible] ശത്രുഘ്നന്റെ പുത്രൻ, ശത്രുഘ്നരാജാവിന്റെ കുതിര തടഞ്ഞുകൊണ്ടുപോയ ശത്രുഘ്നനല്ല, മറ്റൊരാൾ തന്നെയാകുന്നു എന്നുള്ളതിൽ സംശയമില്ല. ശത്രുഘ്നൻ, പോർത്തലയ്ക്കൽ എന്റെ ബലം കണ്ടു തെരുമ്പുകെ.'

ഇപ്രകാരം, അവൻ വില്ലു ചെവിയോളം വലിച്ചു, ശൂടല തന്റെ പാതനത്തിനായ പ്രഹരിക്കും ചൊരിഞ്ഞുതുടങ്ങി; ആ ഘോരയുദ്ധം കണ്ടുനിന്നവരുടെ മനസ്സിനെ മഥിച്ചു, സൂര്യപുത്രി ഭൂമിയിൽ പതിയാതാ കിടക്കുന്നതും, അവരുടെ കവിൾത്തടങ്ങളിൽ തെറിച്ച ശരനികരം വിചിത്രമായ ചിത്രപ്പണികളെന്നപോലെ അഴകിയതായി. പുഷ്കുമാരന്റെ ആ ബാണനിരയേറ്റ് ആനപ്പോർ-കുതിരപ്പോർ-കാലാളുകൾ നിലംപൊ

Digitized By Kerala Sahitya Akademi

ത്തുകയായി. പോക്കളം മുഴുവൻ ബാണങ്ങളുടെ നിഴലിലാക്കിയ ആ വിക്രമം കണ്ടിട്ടു, മാറലരെ മർദ്ദിക്കുന്ന പുഷ്കലൻ വഴിപോലെ ആചമിച്ചു്, ഒരു ശരം വില്ലിന്മേൽത്തൊടുത്തു് ആഗ്നേയമന്ത്രം ജപിച്ചു പ്രയോഗിച്ചു. അതിൽനിന്നു പടത്തലയ്ക്കൽ തീ പുറപ്പെട്ടു, ജ്വാലകളാൽ നഭസ്സിനെ നക്കിക്കൊണ്ടു, പ്രളയാഗ്നിപോലെ സമുജ്വലിച്ചു. ആ ചെന്തീയിന്റെ ജ്വാലകൾ തട്ടിത്തിരിച്ചു തുടങ്ങിയതിനാൽ ദമനന്റെ സൈന്യം പേടിച്ചോടുകയായി; ചന്ദ്രസന്നിഭങ്ങളായ വെണ്കൊറ്റക്കുടകൾ തീപിടിച്ചതിനാൽ കൻകവർണ്ണങ്ങളായി കാണപ്പെട്ടു; ശത്രുക്കളുടെ കുതിരകൾ പുഷ്പരോമങ്ങളിൽ ചെന്തീപിടിച്ചു് പാച്ചിൽതുടങ്ങി; തേരുകളും നകത്തണ്ടുകളും കത്തിത്തുടങ്ങി. മണിമാണിക്യങ്ങളെ ചുമക്കുന്ന ഗർദ്ദഭങ്ങൾ പാപവാകജ്വാലയാൽ പീഡിപ്പിക്കപ്പെട്ടു പായുകയായി; തിന്മിൽത്തിരിച്ചിട്ടു ചിലേടത്തു ഗജങ്ങൾ മുടിഞ്ഞു; ചിലേടത്തു കുതിരകളും കുതിരക്കാരും മുടിഞ്ഞു; ചിലേടത്തു കാലാളുകൾ മുടിഞ്ഞു; ദമനൻവിട്ട ബാണങ്ങളും മുഴുവൻ ചെന്തീയിൽ വെന്തു വെണ്ണീറായിത്തീർന്നു.

സർവ്വാസ്ത്രകുശലനായ ആ രാജകുമാരൻ, തന്റെ സൈന്യം ദഹിച്ചതിൽ അരിശം മുഴുത്തു്, വഹ്നിയെക്കെടുക്കാൻ വേണ്ടി വാരുണാസ്ത്രം തൊടുത്തുവിട്ടു. അതു പുഷ്കലന്റെ സൈന്യത്തെ വെള്ളത്തിൽ മുഴുകിയ്ക്കുകയായി: ക്ഷണനേരംകൊണ്ടു തേരുകളും ആനകളുമൊക്കെ വെള്ളത്തിൽ മുഴുകുകയും, ആഗ്നേയാസ്ത്രത്താൽ വ്യാപിക്കപ്പെട്ട തീ കെടുകയും, വഹ്നിജ്വാലയാൽ വലഞ്ഞിരുന്ന ദമനസൈന്യം സ്വസ്ഥതയിലാകയും ചെയ്തു. ശത്രുസൈന്യങ്ങൾ വെള്ളത്താലും ആലിപ്പഴം പൊഴിഞ്ഞതിനാലും വന്നിരുട്ടു കാരണം തണ്ണുത്തു വിറച്ചു ശീൽക്കാരം പുറപ്പെടുവിക്കുകയായി. തന്റെ ആഗ്നേയാസ്ത്രം വാരുണത്താൽ കെടുക്കപ്പെട്ടതും, സൈന്യം തണുത്തു വിറച്ചു വെള്ളത്തിൽ കിടന്നു വലയുന്നതും കണ്ടിട്ടു്, അതിക്രോധത്താൽ കൺതുറക്കുന്ന ഭരതാനുജൻ വില്ലിന്മേൽ വന്നിച്ച വായവ്യാസ്ത്രം തൊടുത്തയച്ചു. അതിൽനിന്നു പുറപ്പെട്ട കൊടുംകാറ്റു ദമനസൈന്യത്തെ ചിന്നിച്ചിതറിച്ചിക്കുകയായി. യന്ത്രാക്കളോടുക്രുടിയ കുഞ്ജരങ്ങളും കുതിരകളും കാറ്റടിയാൽ തമ്മിൽ തമ്മിൽ ചെന്നലച്ചു. ആളുകൾ കാറ്റേറ്റു തലമുടിയഴിഞ്ഞു പാറി, വശംകെട്ടു ഭൂമിയിൽ വീണു, വേതാളങ്ങൾപോലെ കാണപ്പെട്ടു.

വായുവിനാൽ വലയ്ക്കപ്പെട്ട നിജസൈന്യത്തെ കണ്ടിട്ടു, സുബാഹുപുത്രൻ പാരിച്ച പർവ്വതാസ്ത്രം വില്ലിന്മേൽ തൊടുത്തു. അപ്പോൾ

Digitized By Kerala Sahitya Akademi

പോരാളികളുടെ ശിരസ്സിൽ പർവതങ്ങൾ വീണുതുടങ്ങി. അവയാൽ തടുക്കപ്പെട്ടിട്ട വായു തീരെ അനങ്ങാതായി. ഉടനെ പുഷ്കലൻ വജ്രാസ്ത്രം വില്ലിന്മേൽ തൊടുത്തുവിട്ട് ഒരു നിമിഷംകൊണ്ടു പർവതങ്ങളെയെല്ലാം രണ്ണമണിപ്രായം നുറുക്കിക്കളഞ്ഞു. ബാണത്തിന്മേൽ ആവാഹിക്കപ്പെട്ട വജ്രം പർവതങ്ങളെ ചൂർണ്ണീകരിച്ചു, ഉച്ചത്തിൽ ശബ്ദിച്ചുംകൊണ്ടു ദമനന്റെ മാറത്തുചെന്നുപതിച്ചു. അപ്പോൾ ആ ബലവാനായ വീരൻ അതേറു മാറിടം മുറിഞ്ഞു, വേദനയാൽ മനംകലങ്ങി മയങ്ങിപ്പോയി. മൂർച്ഛയിൽപ്പെട്ട സുബാഹുപുത്രനെ നയജ്ഞനായ സൂതൻ പോക്കത്തിൽനിന്നു ഒരു വിളിപ്പാടകലത്തേയ്ക്കു മാറി. ദമനന്റെ പടയാളികൾ ഒളിച്ചുപാഞ്ഞു കൊട്ടാരത്തിലെത്തി, കൊച്ചുതമ്പുരാന്റെ മയക്കം തിരുമനസ്സുണർത്തിച്ചു.

അടർമുന്നിൽ ഇപ്രകാരം വിജയം നേടിയ ധർമ്മജ്ഞനായ പുഷ്കലൻ, ശ്രീരാമന്റെ അരുളപ്പാടിനെ സ്മരിക്കയാൽ, വീണ്ടും പ്രഹരിപ്പാൻ ഒരുമ്പെട്ടില്ല. ഉടനേ പെരുമ്പറകൾ മുഴങ്ങി; ജയശബ്ദം പൊങ്ങി; 'ഭേഷ്, ഭേഷ്' എന്ന പ്രശംസാവാക്യങ്ങളും കേൾക്കുമാറായി. സുമതി മുതലായ മന്ത്രിമാരാൽ പരിവൃതനായ ശത്രുഘ്നൻ വിജയിയായ പുഷ്കലനെ വീക്ഷിച്ചു ഹർഷിക്കുകയും ശ്ലാഘിക്കുകയും ചെയ്തു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം,
രാമാശ്വമേധപ്രകരണം, പുഷ്കലവിജയം ഇരുപത്തിനാലാമദ്ധ്യായം.

(൦)

ഇരുപതഞ്ചാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

തുടരോരയില്ലാണ്ടണഞ്ഞതൻ–
ഭടരെക്കണ്ടു സുബാഹുമന്നവൻ
അവർതന്നഴലിന്ന ശാന്തിചെ–
ത്തഥ ചോദിച്ചു സുതന്റെചേഷ്ടിതം:—

'അവനെങ്ങിനെ കൊണ്ടുപോന്നിതാ–
പ്രവരാശ്വത്തെ? നടന്നതൊക്കയും
പറവിൻ: പടയെത്രയുണ്ടതിൽ–
പ്പൊരുതാനുന്നിയ വീരരെത്രപേർ?

Digitized By Kerala Sahitya Akademi

വിമതപ്പടയോടു വീരനെൻ-
ദമനൻ നേത്തടർ ചെയ്തതെങ്ങിനെ?
വിജയാഹ്വിയൊടങ്ങജയ്യനാ-
മവനാഹന്ത, പരിക്ഷണച്ചതാർ?'

ഉടനോതി, വപുസ്സുടപ്പുതൊ-
ട്ടതിലെല്ലാം നിണമാന്നകിങ്കരർ:—
'കുറികണ്ടുശിർകൊണ്ടുരാമനെ-
ത്തൃണമായോത്തു പിടിച്ചവാജിയെ;

ചെറിയോരു ചമൂവിഭാഗമോ-
ടുടനെത്തീ ഹയപൃഷ്ഠപാലകൻ
അവനൊത്തുളവായി കോഥംമയിർ-
പ്പെട്ടുമാരത്തുമികച്ച സംഗരം:

അവനെക്കണെതുകിനിന്മകൻ
പെരുതാം മൂർച്ഛയിൽ വീണ്ടുനിൽക്കവേ,
തനതാം പടനാലുപാട്ടമായ്
പ്രഭുശത്രുഘ്നനണഞ്ഞിതങ്ങഹോ!

പടയൊന്നളവായി പിന്നെയും,
പടുശസ്ത്രാസ്ത്രനിഗീർണ്ണദിങ്മുഖം:
പലവട്ടമതിൽജയിച്ച ഹാ,
ബലമേറും തിരുമേനിതൻമകൻ.

ഒടുവിൽക്കണെയൊന്നവിട്ടതേ
യുധിശത്രുഘ്നസഹോദരാത്മജൻ;
അതുതട്ടി മയക്കമൊണ്ടുപോ,-
യവനീവല്ലഭവീര, നിന്മകൻ.'

അറിയിച്ചിതുകേട്ടനേരമ-
ങ്ങരിശത്തോടഴലും തഴയ്ക്കയാൽ
വസുധാപതി, വേലിയേറലിൽ-
ക്കടൽപോലൊന്നിളകിത്തുടിച്ചിനാൻ.
അവനില്ലുകടിച്ചു,നാക്കിനാൽ
വിറകൊള്ളുംചൊടി നക്കിമേൽക്കുമേൽ
പ്രതുലവ്യഥയാന്നപാത്രിവൻ
പ്രതനാനായകനോടുചൊല്ലിനാൻ:—

Digitized By Kerala Sahitya Akademi

'വഴിപോലെയൊരുക്കിനിത്തുകൻ-
പടയെസ്സൈന്യാപതേ, ഭവാനടൻ;
പൊരുവൻ, മമ പുത്രനത്തൽ ചേ-
ർന്നുമരും രാഘവയോധരോടുഞാൻ.

ധ്രുവ,മെന്റെ മകനു മാലണ-
ച്ചുവനെക്കുത്തശരങ്ങൾകൊണ്ടുഞാൻ
അടർചെയ്തു പിളർത്തിടുന്നതു-
ണ്ടവനെത്തേർജ്ജടികാത്തുകൊൾകിലും!
ഈയാജ്ഞകേട്ട, ബഹുദുഷ്ടഖരയിട്ടരച്ച
കാലറ്റപടയ്ക്കു ശരിയാം ചതുരംഗസൈന്യം
നന്നായൊരുക്കി,യപ താന്നമൊരുങ്ങിവന്ന
തന്നാപനോടതറിയിച്ചിതനീകിനീശൻ.

പുതപീശനും നിജസുതന്നാഴൽ കൈവളത്ത
ശത്രുഘ്നനോടെതിരിടാനപ നിശ്ചമിച്ചു
മത്തേഭമാനസജവാശപരിപൂപ്രമാഥി-
ശസ്ത്രാസ്ത്രപൂർണ്ണരപഥത്തിഗണത്തൊടൊറ്റം.
പൊന്തേരിലേറിയെഴുന്നള്ളിയ ദ്രുപനെക്ക-
ണ്ടന്തസ്സിലാ രിപുജയിറ്റടയും മുതിർന്നു;
വൻതിരക്കൊടെങ്ങുമിടമേതുമതിൻകനത്താ-
ലെൻതാപസോത്തമ, ധരിത്രി വിറച്ചുപോയി!
തേരാണ്ടിറങ്ങി സുപസോദരനാം സുകേതു-
വാരാൽഗദാധരണപണൻ നിഖിലാസ്ത്രയുക്തൻ,
ശത്രുഘ്നസേനയുടെ നേർക്കപ രാജപുത്രൻ
ചിത്രാംഗനാം സകലയുദ്ധകലാവിശുദ്ധൻ.

പോന്നാൻ വിചിത്രനപ തത്സഹജൻ വിചിത്ര-
ദ്രോപരാടലിൽറ്റപ്പ സഹോദരദുഃഖഭഞ്ജനൻ;
മറുംധനുർദ്ധരരിറങ്ങിയുപാജ്ഞയാലെ
വീരോട്ട വീരർ നിരയും രണഭൂവിലേയ്ക്കായ്.

ക്രോധിച്ചുപോർക്കളമണഞ്ഞ സുബാഹുദ്രുപൻ,
ബാണാഭിഘാതരുജകൊണ്ടു മനാംമയങ്ങി
തേർത്തട്ടിൽവീണ ദമനാഖ്യകുമാരനെക്ക-
ണ്ടോത്ത്യാമുറ്റമ്മുറ്റരിളം തളിർകൊണ്ടുവീശി.
നീരുംതളിച്ചു വിട്ട കൈമലരാൽത്തലോട്ടം
നേരം ക്രമാലുണർവിയന്നൊഴുന്നോറപ പുത്രൻ.

Digitized By Kerala Sahitya Akademi

'ഏങ്ങെങ്ങനേറ വില്ല്?—ടരിലെൻ കണയേറഴൽപ്പെ—
ട്ടെങ്ങോട്ടുപോയഹഹ പുഷ്കലവീരനെ?'ന്നാൻ.

ഇത്ഥം കഥിക്കുവതുകേട്ടതിഹർഷമുൾക്കൊ—
ണ്ടുസ്സുജ്ഞനാം മകനെയാഞ്ഞു പുണർന്നുമന്നാൻ;
ശസ്സുക്ഷതൻ ദമനനാം ത്രപ്പയാൽക്കനിഞ്ഞു
ഭക്ത്യാപതിച്ചു ജനകന്റെ പദാംബുജത്തിൽ.

പുത്രനെറീടുന്ന തേരിൽ—
സ്സുസ്ഥിതനാകിസ്സുബാഹു നരപാലൻ
യുദ്ധക്രിയയിൽ വിദഗ്ധത—
യൊത്തപുരുഷനോട് കൂട്ടിപ്പുകൾ:—
'തീർക്കുക ക്രൌഞ്ചഭൂധരമിങ്ങപ്രധൃഷ്യം
നേക്കീടുന്നു ശത്രുഘ്നന്റെ സൈന്യത്തെ വെൽവാൻ'
ഉയർക്കിട്ടുള്ളിൽക്രുദ്ധയോദ്ധാക്കൾ കോടാ—
താക്കികൊണ്ടാ വ്യൂഹമായ്യാരം ചമച്ചു:
കൊക്കിങ്കൽ സ്ഥിതനായ് സുകേതുഗളമാം
സ്ഥാനത്തു ചിത്രാംഗനാം;
വാണാൻവാലിൽവൃഷൻ; വിചിത്രഭമന—
ന്മാർനിന്ന പക്ഷങ്ങളിൽ;
മധ്യത്തിൽച്ചതുരംഗവൻപടയെഴും
നിത്തിക്കൃതം വ്യൂഹമ—
ങ്ങലാകണ്ടടരിനൊരുങ്ങിയരച്ചൻ
ശത്രുഘ്നയോദ്ധാക്കളായ്.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സുബാഹുസൈന്യസമാഗമം ഇരുപത്തഞ്ചാമദ്ധ്യായം.

(o)

ഇരുപത്താറാമദ്ധ്യായം

ശേഷൻ:—അന തേർ കുതിര കാലാളുകളം ഇടതിങ്ങി മേഘംപോലോ ഭയാനകമായിരുന്ന ആ പെരുംപട കണ്ടിട്ട്, വ്യൂഹകാര്യം ആലോചിപ്പാനും ത്രാണിയുള്ള പണ്ഡിതന്മാരാൽ ചുറ്റപ്പെട്ട ശത്രുഘ്നൻ സുമതിയോട് ഗംഭീരസ്വരത്തിൽ ചോദിച്ചു:—'സുമതി, നമ്മുടെ

Digitized By Kerala Sahitya Akademi

അശ്വശ്രേഷ്ഠൻ ആരുടെ നഗരത്തിലാണ് പ്രവേശിച്ചിരിക്കുന്നത്? ഇതാ, കടൽത്തിരയെന്നപോലെ, പോരിനായി നേരിട്ടുന്ന ഈ ചതുരംഗപ്പടയുടെ ആരുടെയായിരിക്കാം? പറയൂ: ഇതെല്ലാം അറിഞ്ഞിട്ടുവേണമല്ലൊ, എന്റെ യോദ്ധാക്കളെ യുദ്ധത്തിനു വിളിച്ചുനിർത്താൻ.' ബുദ്ധിഗ്രണം മുഴുത്ത സുമതി വൈരികളെ തകിടിപ്പിക്കുന്ന ശത്രുഘ്നനോട് സഹർഷം അറിയിച്ചു:—'തിരുമേനി, ഇങ്ങടുത്താണ്, ചക്രാങ്ക എന്ന ശ്രീമന്നാഗരി. അവിടെ വസിക്കുന്നവർ വിഷ്ണുഭക്തിയാൽ പാപം വിട്ടവരത്രെ. ഇതാ, ആ പട്ടണത്തിന്റെ അധിപതിയായ സുബാഹു വാണ്, പുത്രപൗത്രന്മാരാൽ പിന്തുടർന്ന് അങ്ങയുടെ മുന്നിൽ വന്നു നിൽക്കുന്നത്. ഇദ്ദേഹം സഹോദരനെയല്ലാതെ പരഭാര്യയെ ഒരിക്കലും കാമിക്കാറില്ല; ഭഗവൽ കഥയല്ലാതെ മറ്റൊന്നും ഇദ്ദേഹത്തിന്റെ ചെവി പൂകാറില്ല; ഈ രാജാവു വിഷ്ണുഭക്തരിലധികം നികുതി വാങ്ങാറില്ല; ബ്രാഹ്മണരെ സദാ വിഷ്ണുവായിക്കരുതി പൂജിക്കും. മുകുന്ദചരണാരവിന്ദധ്യാനമായി സദാധർമ്മനിരതനായി പരധർമ്മവിമുഖനായിരിക്കുന്ന ഇദ്ദേഹത്തിനോളം ബലം വുള്ള വീരന്മാർക്കും ഇല്ലെന്നതന്നെ. പുത്രൻ വീണുപോയതു കേട്ടിട്ടു ദുഃഖവും കോപവും മുഴുത്തതിനാലത്രെ, ഇദ്ദേഹം ചതുരംഗസേനയോടൊപ്പം യുദ്ധത്തിനു വന്നത്. അങ്ങയുടെ ലക്ഷ്മീനിധിപ്രഭൃതികളായ വീരന്മാർ പലരും ക്രുദ്ധരായാൽ ഈ ക്രുദ്ധരെ ആയുധഗണം കൊണ്ടു ജയിക്കാം; അവരെ വേഗത്തിൽ നിയോഗിച്ചാലും.'

ഇതുകേട്ട ശത്രുഘ്നൻ, യുദ്ധം കൈവന്നതിലുള്ള സന്തോഷത്താൽ മനംനിറഞ്ഞ യോധപ്രവരന്മാരോടായി ചോദിച്ചു:—'സുബാഹുവിന്റെ പടയാളികളാൽ ഇതാ, ക്രൗഞ്ചവ്യൂഹം നിർമ്മിക്കപ്പെട്ടിരിക്കുന്നു; മുഖസ്ഥാനത്തും പക്ഷസ്ഥാനത്തും നിൽപ്പുള്ള പോരാളികളെ വകതൊരസ്ത്രജ്ഞൻ പിളർത്തും? ഇതിനു ശേഷി ആർക്കുണ്ടോ, അവൻ വീരവിജയത്തിനൊരുങ്ങി, എന്റെ കയ്യിൽ നിന്ന് ഉടവാൾ വാങ്ങട്ടെ.' അപ്പോൾ, വീരനായ ലക്ഷ്മീനിധി ക്രൗഞ്ചവ്യൂഹം പിളർത്താൻ ഉടവാൾ മേടിച്ചു. എല്ലാ ശസ്ത്രാസ്ത്രങ്ങളിലും കുശലന്മാരായ വളരെ വീരന്മാരാൽ പരിവൃതനായ അദ്ദേഹം പറഞ്ഞു:—'രാജാവെ, ക്രൗഞ്ചം പിളർത്തുന്നതിനു ഞാൻ യുദ്ധം ചെയ്യാം. പണ്ടു ഭാർഗ്ഗവൻ ക്രൗഞ്ചത്തെ പിളർത്തിയല്ലോ; അതുപോലെ, ഇന്നു ഞാനും!' ഉടനെ ശത്രുഘ്നൻ, 'ഇദ്ദേഹത്തിന്റെ കൂടെ ആർ പോകും?' എന്നു ചോദിച്ചു. അപ്പോൾ പുഷ്കലൻ, ലക്ഷ്മീനിധിയെ പിന്തുടരാനൊരുങ്ങി; രിപുതാപൻ, നീലരത്നൻ, ഉഗ്രാശപൻ എന്നീ വീരപ്രമാഥികളും ശത്രുഘ്നനിർദ്ദേശത്താൽ ക്രൗഞ്ചഭേദനത്തിനായി പുറപ്പെട്ടു. ശത്രുഘ്നനും ആയു

Digitized By Kerala Sahitya Akademi

ധങ്ങളെല്ലാമെടുത്തു തേരിൽ കേറി വളരെ പടയാളികളാൽ ചുറ്റപ്പെട്ട ലക്ഷ്മീനിധിയെ അനുഗമിച്ചു.

ഉടനെ കേരംകൊണ്ട സൈന്യസമുദ്രങ്ങൾ രണ്ടും ലോകങ്ങൾ ക്ക പ്രളയം വരുത്താനെന്നപോലെ, തങ്ങളിൽ കൂട്ടിമുട്ടി: ഇരു സൈന്യത്തിലും പെരുമ്പറകൾ അടിക്കപ്പെട്ടു. ശംഖനാദം, അശ്വങ്ങളുടെ ചിന, ആനകളുടെ ചിന്നംവിളി, വീരന്മാരുടെ ഹുംകാരം, തേരുരുളൊലി എന്നിവയും സർവ്വത്ര കേൾക്കുമാറായി. സുബാഹുവിന്റെ ബലത്താൽ ഗർവിതരായ പോരാളികൾ വളരെപ്പേർ, 'വെട്ടുവിൻ, പിളർത്തുവിൻ' എന്നിങ്ങനെ സന്ത്രാധം ഉച്ചരിച്ചുംകൊണ്ടു പാഞ്ഞടുത്തു. ഇങ്ങിനെ ശത്രുഘ്നന്റെയും ശത്രുവിന്റെയും സൈന്യം പൊരുതാനൊരുങ്ങിയപ്പോൾ, മുഖസ്ഥാനത്തായി നിൽക്കുന്ന സുകേതുവിനോട് ലക്ഷ്മീനിധി പറഞ്ഞു:—'ജനകന്റെ മകൻ ലക്ഷ്മീനിധിയാണ് ഞാൻ. എല്ലാ ശാസ്ത്രാസ്ത്രങ്ങളും, എല്ലാ പോർപ്പയറും എനിക്കറിയാം. രാക്ഷസവംശം നശിപ്പിച്ച രാമചന്ദ്രന്റെ കുതിരയെ വിട്ടതന്നായ്ക്കൾ; അല്ലാത്തപക്ഷം, ഭവാൻ എന്റെ ബാണങ്ങളാൽ പിളർത്തപ്പെട്ട കാലമന്ദിരം പ്രാപിച്ചുപോകും!'

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും ആ മഹാവീരനിൽ, കുരുത്തേറിയ സുകേതു വില്ലു കുലച്ചു ശരങ്ങൾ ചൊരിഞ്ഞുതുടങ്ങി. കടയ്ക്കൽ സ്വർണ്ണം കെട്ടിയ ആ താങ്ങാവതല്ലാത്ത ശ്രുതനുകൾ പടക്കളത്തിൽ പാടേ വ്യാപിച്ചുകാണപ്പെട്ടു. ലക്ഷ്മീനിധിയും വിൽകുലച്ച് ആ ബാണജാലത്തെ ബലേന പാഴാക്കി, മൊട്ടഴിഞ്ഞു മിന്നുന്ന ആറു സായകങ്ങൾ സുകേതുവിന്റെ മാറത്തേക്കു വിട്ടു. അവ സുബാഹുഭ്രാതാവിന്റെ മാർടം പിളർന്നി, ചോരയും പുരണ്ടു ഭൂമിയിൽ വീണു. അനേകം മാർടം പിളർന്നതിൽ അരിശം മൂത്ത സുകേതു മൊട്ടഴിഞ്ഞ ശ്രുതനുകൾ ഇരുപതെണ്ണം എയ്തുവിട്ടു. ഇരുവശം ശരങ്ങളാലുടൽപിളർന്ന ചോരവാൻ, പുഷ്പിച്ച രണ്ടു പിലാശ്വവൃക്ഷങ്ങൾപോലെ പരിശോഭിച്ചു. ആ കൈവേഗമേറിയ കുരുത്തന്മാർ ബാണങ്ങൾ തൊടുക്കുന്നതാകട്ടേ, തുരുതുരെ വിടുന്നതാകട്ടേ, ആരും കണ്ടറിയുകയുണ്ടായില്ല. ആകാശത്തു, ശക്രശാസനം നടത്തുന്ന രണ്ടു പുതു മേഘങ്ങളെന്നപോലെ, അവരിരുവരും വളഞ്ഞ വില്ലുമായി ശരവർഷം വർഷിച്ചുതുടങ്ങി. ആനകളുടേയും, കുതിരകളുടേയും, ശൂരരായ കാലാളുകളുടേയും തലയറുത്തു വീഴ്ത്തുന്നതല്ലാതെ, അവർ ബാണം തൊടുക്കുന്നതും വിടുന്നതും കാണപ്പെടുകയുണ്ടായില്ല! കിരീടവും കുണ്ഡലവുമണിഞ്ഞു, വില്ലുമമ്പും കൈക്കൊണ്ടു ക്രോധത്താൽ മുണ്ടു കടിച്ചു ഭയാഭിഭൂതരാക്കളാൽ

Digitized By Kerala Sahitya Akademi

ത്രി നിറയ്ക്കപ്പെട്ടുപോയി. ഉപ്പുത്തോടെ പൊരുതുന്ന ആ സവ്യശ്രസ്യാന്ധ്യ കോവിദന്മാരിരുവരുടേയും ഘോരമായ സമരം കണ്ടിട്ട് ദേവകർമ്മങ്ങളുടെ നിസ്സംശയം കുറച്ചു. ആ വന്ധ്യ ക്രൂരിമുറ്റുവിൽ അനേകലക്ഷം വീരന്മാർ കൊല്ലപ്പെട്ടുപോയി. അതുകാരണം മുഴുവനും ശരങ്ങളാൽ മറയ്ക്കപ്പെട്ട് അങ്ങിഗോചരമല്ലാതായി.

അതിനിടയിൽ, ശത്രുമർദ്ദനനായ ലക്ഷ്മീനിധി അരിശം മൂഴുത്ത് വില്ലു തീക്ഷ്ണബാണങ്ങൾ വിട്ടിന്മേൽ മുകളിലെത്തുന്നു, നാലെണ്ണം കൊണ്ട് സുകേതുവിന്റെ കുതിരകളെ കൊന്നു; ഒന്നുകൊണ്ട് ഉന്നതമായ കൊടിമരം കുലിയായി ഖണ്ഡിച്ചു; ഒന്നുകൊണ്ട് സാരഥിയുടെ തല കുഴത്തിൽനിന്നു നിലത്തു വീഴ്ത്തി; ഒന്നുകൊണ്ട് വില്ലും ഞാണും മുറിച്ചു; ഒന്നുകൊണ്ട് സുകേതുവിന്റെ മാറിൽ അടിച്ചു. അതു കണ്ടിട്ട് വീരന്മാർ വിസ്മയപ്പെട്ടുപോയി. കുതിരകളും സൂതനും ചത്തു, തേരു തകർന്നു, വിൽ മുറിഞ്ഞ സുകേതു ഒരു വമ്പിച്ച ഗദയെടുത്തു പൊരുതാനടുത്തു. ഗദായുദ്ധത്തിൽ വിശാരദനായ അദ്ദേഹം വമ്പിച്ച ഗദയുമായി നേരിടുന്നതു കണ്ടപ്പോൾ ലക്ഷ്മീനിധിയും തൂണുപണികൾ ചേർന്നു മിന്നുന്ന ഒരിരുമ്പുഗദയേന്തി തേരിൽ നിന്നിറങ്ങി; എന്നിട്ട് ഏറ്റവും ക്രോധത്തോടെ പാഞ്ഞടുത്തു, ആ ഇടിവാളിനൊത്ത ഗദകൊണ്ട് സുകേതുവിന്റെ മാറത്തു ഉരുക്കിൽ ഒരടിയടിച്ചു. ആ താഡനമേറ്റിട്ടും, ഒരു കുട്ടി പൂമാലയാൽ അടിച്ചു മദഗജമെന്നപോലെ കുലുക്കം കൂടാതെ നിന്ന് ആ വീരൻ ലക്ഷ്മീനിധിയോടു, 'ഭവാൻ ശത്രുക്കളെ തപിപ്പിക്കുന്ന ശൂരനാണെങ്കിൽ, എന്റെ ഒരൊറ്റ പ്രഹരം താങ്ങിക്കൊള്ളുക.' എന്നും പറഞ്ഞു, ഗദയാൽ നെറുകുക്ക് ഒരടിയടിച്ചു. അതേറ്റിട്ട് നെറുകിൽനിന്നു ചോര ചാടുന്ന ലക്ഷ്മീനിധി തഴച്ച കോപത്തോടെ മൃത്യുതുല്യമായ ഗദയാൽ സുകേതുവിന്റെ ശിരസ്സിൽ പ്രഹരിച്ചു. സുകേതു ലക്ഷ്മീനിധിയെ തോളത്തടിച്ചു.

ഇങ്ങിനെ, ഗദായുദ്ധവിശാരദരായ രണ്ടുപേരും അരിശം മൂഴുത്ത് അന്യോന്യ ജയേച്ഛയോടെ ഗദായുദ്ധം നടത്തുകയായി. തങ്ങളിൽ അടിച്ചും ചൊടിച്ചും, പരസ്പരവധത്തിനാഗ്രഹിച്ചുമുള്ള ആ പോരാട്ടത്തിൽ താഴ്ചയോ തോൽവിയെയോ രണ്ടുപേർക്കും സംഭവിച്ചില്ല. അവ കുരുത്തേറിയ വിക്രമികർമ്മങ്ങൾ തലയിലും നെറുകിലും തോളത്തും മാറത്തും—എന്നുവേണ്ട സർവ്വാംഗങ്ങളിലും—ഒരുപോലെ രക്തം വാർന്നു തുടങ്ങി. ഒടുവിൽ, ക്രോധംമൂണ്ട ബലവാനായ ലക്ഷ്മീനിധി പ്രബലനായ സുബാഹുസോദരനെ വധിപ്പാനായി ഗദയുമോങ്ങി പാഞ്ഞടുത്തു. അതു കണ്ടിട്ട് സുകേതുവും തന്റെ പെരുംഗദ മുഴുവനിട്ട്

Digitized By Kerala Sahitya Akademi

പ്രതിയോഗിയെ വധിപ്പാൻ ഉദ്യമിച്ചെതിരിട്ടു, ലക്ഷ്മീനിധിയാൽ പ്രയോഗിക്കപ്പെട്ട ഗദ കൈക്കൊണ്ടു പിടിച്ചു, അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മാറത്തു് ആഞ്ഞടിച്ചു.

തന്റെ ഗദ ശത്രുവിന്റെ കയ്യിലായിപ്പോകയാൽ, ലക്ഷ്മീനിധി രാജാവു് ആ പെരുംകരുത്തനോടു ബാഹുയുദ്ധം ചെയ്വാൻ ഒരുമ്പെട്ടു. അപ്പോൾ സർവ്വാഹവസമർത്ഥനായ ആ വീരസത്തമൻ, സുകേതുവും ആദ്ദേഹത്തോടേറ്റു ബാഹുക്കളും കൊണ്ടു പൊരുതിത്തുടങ്ങി. ലക്ഷ്മീനിധി കൈ ചുരുട്ടി സുകേതുവിന്റെ മാറത്തു് ഒരിടിയിടിച്ചു; സുകേതുവും മുഷ്ടിയാൽ ലക്ഷ്മീനിധിയുടെ ശിരസ്സിൽ പ്രഹരിച്ചു. രണ്ടുപേരും ചൊടിച്ചു ചെഞ്ചൊടി കടിച്ചു, വജ്രത്തിന്നൊത്ത മുഷ്ടികൊണ്ടും ഘോരമായ കൈത്തലം കൊണ്ടും തങ്ങളിൽ താഡിക്കുകയായി. അവരുടെ യുദ്ധം മുഷ്ടീമുഷ്ടിയും, ദന്താദന്തിയും, കേശാകേശിയും, നഖാനഖിയുമായി മുറുകി, കോപംമയിർകൊള്ളിക്കുന്നതായിത്തീർന്നു. അതിനിടയിൽ സുബാഹ്വഭ്രാതാവു മാരാനെ കാല്ക്കു പിടിച്ചെടുത്തു വട്ടം ചുഴറ്റി നിലത്തെയ്ക്കെറിഞ്ഞു. ഉടനെ ലക്ഷ്മീനിധിയും രാജസോദരനെ കൈക്കുപിടിച്ചുയർത്തി, തൃക്കടങ്ങു വട്ടംചുഴറ്റി, അനക്കൂട്ടത്തിലേയ്ക്കു വലിച്ചെറിഞ്ഞു. നിലം പൊത്തിയ സുകേതു ക്ഷണനേരംകൊണ്ടു തന്നേറടം പൂണ്ടിട്ടു, വീണ്ടും ലക്ഷ്മീനിധിയെ വാനത്തു വട്ടംചുറ്റിച്ചു. ഇങ്ങിനെ അവർ കാലോട്ടുകാലും, കയ്യോട്ടുകയ്യും, മാറോട്ടുമാറും, മുഖത്തോടുമുഖവും ചേർത്തു, പരസ്പരവധത്തിനായി ബാഹുയുദ്ധം നടത്തിപ്പോന്നു. ഒടുവിൽ, ഇരുവരും അന്യോന്യം ആക്രമിക്കപ്പെട്ട മോഹാലസ്യത്തിൽപ്പതിച്ചുപോയി. ആതുകണ്ടു അദ്ഭുതപ്പെട്ട ജനങ്ങൾ, 'ലക്ഷ്മീനിധിനരേന്ദ്രൻ വീരൻതന്നെ, കരുത്തനായ സുബാഹ്വസോദരൻ വീരൻ തന്നെ' എന്നിങ്ങിനെ ക്രുദ്ധമിട്ടു സ്തുതിച്ചു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സുകേതുലക്ഷ്മീനിധിയുദ്ധം ഇരുപത്താറാമദ്ധ്യായം.

(o)

ഇരുപത്തേഴാമദ്ധ്യായം

ശേഷൻ:—

[കിളിപ്പാട്ടു് — കളകാഞ്ചി]

കലിവറവിരുതുടയ ഭടർ പുഴലൊരുഥമേറിയാ-
ക്രൂരമ്പകണ്ണുസ്ഥനാം ചിത്രാംഗദനെന്നാവൻ

Digitized By Kerala Sahitya Akademi

ഉരുപ്രതനയതില, ജിതകിടി കടലിലെന്നാപോ-
ലുറപ്പുക്കി,ടിക്കൊത്ത വില്ലൊലിയിട്ടടൻ
അഹിതശതനിയുതപരിദഹനചതുരങ്ങദം ക്രു-
രനുകളേറെച്ചൊരിഞ്ഞു, തുടങ്ങിനാൻ.
അതിൽ,മകുടദ്രുകവചധരർ ചൊടികടിച്ചുട-
ലാകെപ്പിളർന്ന കിടപ്പായ് ദ്രോത്തമർ.
അതുപൊഴിതൊരർമ്മഥനമണിരുചിരവില്ലുമാ-
യാഹവത്തിന്നപുറപ്പെട്ട പുഷ്കലൻ.
തന്നവഴികിലവരിരുവശത്തിഗതർ വിളങ്ങിനാർ,
താരകസ്കന്ദർ പണ്ടെമ്മേട്ട,തിൻവിധം.
രണ്ടുകുലജനവ രഥടിതി ചിലടയാലിവളുത്തുകൈ
രണ്ടാലുമെയ്തിതു മൊട്ടഴിഞ്ഞനുകൂലം.
വിശിഖനിര രണശിരസി തെരുതെരെയതിക്രുധാ
വില്ലിൽതൊടുത്താഞ്ഞുവിട്ട ചിത്രാംഗനം.
കണപൊരിയുമിരുവരുടെ കടിലധനവെന്നിയേ
കണ്ടീലെടുക്കൽ തൊടുക്കലെയ് ത്തന്നിവ.
ശിതവിശിഖശതകമവ സരുഷമൊരുമിച്ചെയ്ത
ചിത്രാംഗവീരന്റെ മാറത്തു പുഷ്കലൻ;
തിലവടിവിലതുമുഴവനടനടി മുറിച്ചവൻ
തീക്ഷ്ണംപൂതുകിനാൻ പുഷ്കലാംഗങ്ങളിൽ.
ഭരതസുതനടനരവര വിമതരമുജ്ജ്വലപ-
ഭ്രാമകാസ്ത്രംകൊണ്ടു ചുററിച്ചിതംബരേ!
മഹിതഹയസഹിതമതുചെറുതിടതിരിഞ്ഞൊരു
മട്ടിൽ നിലകൊണ്ടു രോത്തരവിക്കയാൽ.
അവസുദൃശമരിവിരുതിലരിശമൊട ചിത്രാംഗ-
നസ്ത്രജ്ഞമഖ്യനാരച്ചിതു ബുദ്ധിമാൻ:—

(ശ്ലോകം)

'കൊള്ളാം നിൻതൊഴിലാഴ്ത്തിയോധരുചിതം: വാനത്തുവട്ടംതിരി-
ച്ചല്ലോ നീ ക്ഷണനേരമശ്വയുതമാമീയെൻ പടത്തേരിനേ
വില്ലന്മാർ വിലവെയ്ക്കുമെന്റെ വിരുതും കാണ്മൊരാനാടവ: വാനിട-
ത്തെല്ലാം പുററിനടന്ന ദേവഹൃതമാം സൽക്കാരമേല്ക്കട്ടെ നീ!'

ഇത്രയും പറഞ്ഞു്, അത പരമാസ്ത്ര കോവിദനായ സവ്യസാ-
ചിതൻ യുദ്ധത്തിൽ ഘോരതരമായ ഒരസ്ത്രം പ്രയോഗിച്ചു. അതേറ്റിട്ടു്,
സൂതാശ്വധ്വജ സമേതമായ പുഷ്കലരഥം ഒരു പാറ പോലെ

Digitized By Kerala Sahitya Akademi

ആകാശത്തു പുറപ്പെടുകയായി; കുറേനേരം പുറത്തിരിഞ്ഞിട്ടു നിലക്കൊള്ളുവാൻ തുടങ്ങുമ്പോഴേയ്ക്കും ചിത്രാംഗൻ മറെറാരു ശരംക്രുദ്ധി വിട്ടു. അതിനാൽ, ആ തേർ വീണ്ടും വട്ടംപുറത്തുടങ്ങി. രാജപുത്രന്റെ ഈ വിക്രമം കണ്ടു പുഷ്പലൻ വിസ്മയപ്പെട്ടുപോയി. ആ രിപുവീരമർദ്ദനൻ പണിപ്പെട്ട നിലയുറപ്പിച്ചിട്ടു ചിത്രാംഗന്റെ സുസൂതാശ്വമായ സ്യന്ദനത്തെ സായകങ്ങൾകൊണ്ടെയ്തു തകർത്തുകളഞ്ഞു. ഉടനെ ചിത്രാംഗൻ മറെറാരുതേരിൽ കേറി; അപ്പോം പുഷ്പലൻ അസ്ത്രംകൊണ്ടു തൽക്ഷണം തകർത്തു. ചിത്രാംഗൻ വീണ്ടും വേറെയൊരു തേരിലേറിനേരിട്ടു; ആ രഥവും പുഷ്പലന്റെ ക്രൂരസ്ത്രങ്ങളേറെ തകർന്നുപോയി. ഇങ്ങിനെ പത്തു രഥങ്ങളും വെടിഞ്ഞു പോരാളിയായ പുഷ്പലവീരനാൽ തകർക്കപ്പെട്ടു.

പിന്നീടു ചിത്രാംഗൻ ഒരു മികച്ച തേരിൽ കേറി, പുഷ്പലനോടു പൊരുതാൻ ഉത്സാഹത്തോടെ നേത്തണഞ്ഞു; വന്നിട്ട് അഞ്ചുബാണങ്ങൾകൊണ്ടു പുഷ്പലനെ ആഞ്ഞെയ്തു. അവ ഭരതാഗ്രജനെ അത്യന്തം വേദനിപ്പിച്ചു. ഉടനെ, ആ മഹാരഥൻ് അരിശത്തോടെ വിൽകുലച്ചു. കടയ്ക്കൽ പൊൻ കെട്ടിയ പത്തു ക്രൂരസ്ത്രങ്ങൾ ചിത്രാംഗന്റെ നെഞ്ഞത്തേയ്ക്കു വിട്ടു. അതിദാരുണങ്ങളായ ആ ബാണങ്ങൾ അവന്റെ ചോരകുടിച്ചു, കള്ളസ്സാക്ഷികാരന്റെ വിത്തുക്കളെന്നപോലെ അധഃപതിച്ചു. അതിൽ അരിശംകൊണ്ട ചിത്രാംഗൻ അഞ്ചു കത്തിയമ്പെട്ടത്തു പുഷ്പലൌജസ്സായ പുഷ്പലന്റെ നെറിത്തടത്തിലേയ്തയ്തു. കത്തിയമ്പേററ പുഷ്പലൻ ക്രോധത്തോടെ ഒരു ശരം നെട്ടുവിട്ടിൽ തൊടുത്തു ചിത്രാംഗവധത്തിനായി പ്രതിജ്ഞചെയ്തു:—

(ശ്ലോകം)

'കേളെൻവാക്കിതു; വീര, കേട്ട വിഴുപറാതിങ്ങു പോർചെയ്കനീ
ചീളെന്നിക്കണകൊണ്ടുനിന്നയിരിനെറ്റോക്കാതിരുന്നീടിലോ,
ശീലാചാരവിശിഷ്ടയായ സതിയെദ്രോഷത്തെറ്റുത്തുപുമാൻ
മേലാൽ ചാമളവേളുപാരടയുമറ്റാർതന്നെ പുകട്ടെഞാൻ!'

ഈ മികച്ച ശപഥം കേട്ടിട്ടു ചിത്രാംഗൻ ചിരിക്കുകയാണ് ചെയ്തതു്! ആ ബുദ്ധിമാനായ വീരൻ പുഞ്ചിരിയോടരചെയ്തു:—'ശത്രുനാശത്തിരോരത്നമായുള്ളോവെ, ദേഹികൾക്കുള്ളിടെ വെച്ചെങ്കിലും എപ്പോഴെങ്കിലും മരണം വരാതിരിക്കില്ല; അതിനാൽ, ചാവുന്നതിൽ എനിക്കു സങ്കടമില്ല. ഒരു വീരന്റെ നിലയിൽ ഭവാൻ ചെയ്ത പ്രതിജ്ഞ ഫലിക്കുകതന്നെ ചെയ്യട്ടെ! എന്നാൽ, വീരാഭിമാനത്താൽ ഞാൻ

Digitized By Kerala Sahitya Akademi

ചെയ്യുന്ന ശപഥവും ഭവാൻ കേൾക്കണം: എന്നെ കൊല്ലാൻ വരുന്ന ഭവാന്റെ ബാണത്തെ ഞാൻ മുറിച്ചുകളയാത്തപക്ഷം, ആരുടെയെങ്കിലും തീർത്ഥയാത്ര മുടക്കുകയൊ ഏകാദശിവ്രതത്തെക്കാൾ മീതെയായി മറൊരുവ്രതത്തെ കരുതുകയോ ചെയ്യുന്നവന്നുള്ള പാപം പ്രതിജ്ഞാഭംഗത്താൽ എന്നെ ബാധിച്ചുകൊള്ളട്ടെ!' ഇത്രയും പറഞ്ഞു വിരമിച്ച ചിത്രാംഗൻ ആവനാഴിയിൽ നിന്ന് ഒരു മികച്ച സായകമെടുത്തു വില്ലിന്മേൽ തൊടുത്തു. അപ്പോഴം പുഷ്കലൻ ഒന്നുകൂടി സ്പഷ്ടമായി ശത്രുവധത്തിന്നു ശപഥം ചെയ്തു:—'ഞാൻ ശ്രീരാമന്റെ തൃപ്പാദത്തെ നിഷ്കപടമായി സേവിച്ചിട്ടുണ്ടെങ്കിൽ, എന്റെ വാക്കു വാസ്തവമായിത്തീരട്ടെ! ഞാൻ എന്റെ ഭാര്യയെയല്ലാതെ മറൊരുത്തിയെ സ്മരിക്കയേ ചെയ്തിട്ടില്ലെങ്കിൽ, യുദ്ധത്തിൽ എന്റെ വാക്കു നിറവേറട്ടെ.!'

ഇപ്രകാരം പറഞ്ഞു, വില്ലിന്മേൽതൊടുത്തിരുന്ന വീരശിരച്ഛേദിയായ സായകം വേഗത്തിൽ എയ്തുവിട്ടു. ആ കാലാഗ്നിതുല്യമായ ബാണം വിട്ടതുകണ്ടിട്ട്, കരുത്തനായ ചിത്രാംഗൻ ഒരു തീക്ഷ്ണമായ വിശിഖം വില്ലിൽ തൊടുത്തെയ്തു; അതു് അദ്ദേഹത്തെ കൊല്ലാനൊരുമ്പെട്ട ശരത്തെ മുറിച്ചുകളഞ്ഞു. അപ്പോഴം ഒരു വമ്പിച്ച ഹാ ഹാ ശബ്ദം കേൾക്കുമാറായി. എന്നാൽ, ബാണത്തിന്റെ പിൻഭാഗമാണു് ഭൂമിയിൽ വീണതു്; മുനയുള്ള മുൻഭാഗം ചിത്രാംഗന്റെ കഴുത്തിനെ, താമരത്തണ്ടിനെ എന്നപോലെ, ഒരു നിമിഷംകൊണ്ടു് അറുക്കുകതന്നെ ചെയ്തു. അദ്ദേഹം നിലം പൊത്തുന്നതു കണ്ടിട്ടു പടയാളികളെല്ലാം അയ്യയ്യോ എന്ന നിലവിളിച്ചുംകൊണ്ടു കുതിച്ചു പായുകയായി. കിരീടകുണ്ഡലാലംകൃതമായ ചിത്രാംഗന്റെ ശ്രേഷ്ഠശിരസ്സു്, അകാശത്തുനിന്നു വീണുപോയ ചന്ദ്രമണ്ഡലമോ എന്നു തോന്നുമാറു മണ്ണിടത്തിൽ മിന്നിത്തിളങ്ങി. അദ്ദേഹം വീണതിന്നശേഷം, ഭരതപുത്രനായ വീരപുഷ്കലൻ അസംഖ്യം വീരന്മാരാൽ പരിശോഭിതമായിരുന്ന ആ വ്യൂഹത്തിലേയ്ക്കു കടന്നു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷാവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, ചിത്രാംഗവധം ഇരുപത്തേഴാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുപത്തൊന്നാമദ്ധ്യായം

ശേഷൻ:—

[൪൯൫ കണ്ണികൾ]

മൃതി വീരസുതനാണെന്നതിൽ..
സ്സുതശോകേന സുബാഹു മന്ത്രവരൻ
വിറകൊണ്ടു തലയ്ക്കുതല്ലിനാൻ;
നയനാബ് ജാൽ പൊടുന്നനുതിർന്നു;
ഞെട, പുരുകീലപോലിരുൾ മൂടി..
ഞെരുതിരംബരം നിലത്തു വീണതായ്,
വളർ ചില്ലിയുഗം വളഞ്ഞതായ്;--
പ്പവിഴച്ചുണ്ടു കടിച്ചിരിപ്പതായ്,
ധൃതകുണ്ഡലമാണ്ടിളങ്ങുമാ
മുഴചന്ദ്രനൊത്തിർ നന്ദനാനനം
കരതാരിലെടുത്തു മേല്പുമേൽ-
പ്പുരിമുഞ്ചിച്ചുതൊഴിച്ചിതിങ്ങിനെ:—

മകനേ, ഹാ ഹാ, നോക്കിടാത്തതെ-
ന്തു,ഴറുന്നൊന്നെ വിടൻ കണ്ണിനാൽ!
ഇവനിൽക്കളിയാടിടാത്തതെ-
ന്തരിശം പൂണ്ടതുപോലെ ശൂര, നീ!

മകനേ, ഹാ ഹാ, മന്ദഹാസമാ-
ണ്ണുതോലും മധുരോക്തിയെന്നമ്മേ
ഇവനോടരിയാടിടാത്തതെ-
ന്തിഹ ചിത്തം കലിരുംപടിക്ക നീ!

സിതചാമരഹേമപത്രികോ-
ജ്ജ്വലശത്രുഛത്രനാരംഗവസ്ത്രനെ
പിടിക്രുക നിശ്ചയിച്ചിടൻ
പടുബുദ്ധിത്തികവുള്ള വീര, നീ!

തവ മുന്നിലിതാ, പ്രതാപവാൻ
ചില കൈകൊണ്ടരിമർദ്ദി പുഷ്കലൻ;
ഇവനൊക്കണതുകി നിന്നുകെ;-
ന്തിഹ മൂർച്ഛിച്ചു കിടപ്പു പോരിൽ നീ!

Digitized By Kerala Sahitya Akademi

രഥസംഘടിതരും ഗജങ്ങളും
വ്രാ വാ, കാലാളുകളും ഭയാത്തരായ്
പൊരുതിക്ക ഭവാനെയാശ്രയിച്ച
പുത്രു വീക്ഷിക്ക മഹാമതേ, ഭവാൻ!
രണഭ്രമിയിൽ നീയെഴുന്നെഴുന്നു പൊരാൻ--
മകനേ, താങ്ങേവതേത്രമട്ട ഞാൻ,
കൊടുവിൽക്കൊടി വിട്ടണഞ്ഞിടം
ശിതശത്രുവ്യൂഹ ശിരീമുഖങ്ങളെ?

ആരുകൊണ്ടു ഭവാടിയുക്കുന്നാം
മമ രക്ഷയ്ക്ക സമർത്ഥനാരിനി?
സുത, നീയുണർവാരെന്നിതുകിലോ
ജയദുഷ്പാൻ പടവാകയുള്ള ഞാൻ!'

ഈപ്രകാരം അ രാജാവു പുത്രനുമായ് പൊരുതുകയ്യായാൽ വല്ലാതെ വിലപിക്കുകയും, പലവുരു കൈകൊണ്ടു നെഞ്ചത്തടിക്കുകയും ചെയ്തു. അപ്പോൾ, വിചിത്രനും, മേനാവാം സ്വന്തം സ്വന്തം തേരിലേറിവന്നു, അച്ഛന്റെ കാൽക്കൽ നമസ്കരിച്ചു സമയോചിതമാംവണ്ണം ഉണർത്തിച്ചു:—

'മാലേന്തും ഞങ്ങൾജീവിച്ചിരുപ്പമളവിവിടത്തെയ്യുകെ?
നിർത്രോഷത്രുത്തു-
മെന്നലേ, വീരർക്ക പോർൽത്തനലയമണെക്കു-
നാളുനാശാസ്യമല്ലീ?
പാലേ മുണ്ടുംകടിച്ചീടുന്നുമരുവി പടി
പ്രാണത്തുമായിങ്ങിടുക്കം
ശ്രീലൻ ചിത്രാംഗദനോരം സുകൃതി!--യരുകിടെ
ങ്ങെവ്വേ പെടുത്തുണ്ട ഞങ്ങളം?
ആകൈയ്യുശ്രീവ്യനഘോരപ്പടയടിതി മുടി-
ച്ചിജ്ജനം ഭ്രഗുഹന്താ--
വാകുന്നാപ്പുംപ്പുലൻതൻ തലമകുടമൊട്ടം
വെട്ടിവീഴ്ത്തുാം രണത്തിൽ;
ശോകത്തെപ്പോകുക,ങ്ങില്ലലിപുഴവുകയോ?
വൈകിടാതാജ്ഞതെങ്ങൾ--
കേകരിപ്പോരിനൊരുങ്ങീടുക മഹിതമതേ,
മാന്യനാകുക ഭവാനും.'

Digitized By Kerala Sahitya Akademi

പുത്രന്മാരുടെ ഈ വീരാന്തരുപമായ ഭാഷിതം മഹാരാജാവി
നെ സമാശ്വസിപ്പിച്ചു യുദ്ധോല്സുകനാക്കിത്തീർത്തു. പിന്നെ അ യു
ദ്ധദുർമ്മദന്മാരിരുവരും ഏതിരാളിയെ തേടിക്കൊണ്ട്, അസംഖ്യം യോ
ദ്ധാക്കൾ നിറഞ്ഞ ശത്രുകടകത്തിലേയ്ക്കു നടകൊണ്ടു. വീരനായ ദമ
നൻ രിപുതാപനോടും, വിചിത്രൻ നീലരത്നനോടും പൊരുതാനോറ്റു,
മഴക്കാലത്തു രണ്ടു കാർമേഘങ്ങളെന്നപോലെ ശരം ചൊരിഞ്ഞുതുട
ങ്ങി. ബലവാനായ സുബാഹുവാകട്ടെ, രത്നമയമായ നകരങ്ങളൊ
ച്ചതും പലതരം കല്പകൾ പതിച്ചതുമായ കനകത്തേരിൽ കയറി, ധ
നുർവിദ്യാവിശാരദരായ വീരത്തലവന്മാരെ തൃണീകരിച്ചുംകൊണ്ട്, അ
സംഖ്യം വീരന്മാരാൽ പരിവൃതനായ ശത്രുഘ്നനോടു പൊരുതാൻ പു
റപ്പെട്ടു. പുത്രനാശത്താൽ പുഷ്ടരോഷനായി സൈന്യത്തെയെല്ലാം
മദ്ദിച്ചുകൊണ്ടു പോരിന്നണയുന്ന സുബാഹുവിനെ കണ്ടിട്ട്, ശത്രു
ഘ്നന്റെ അടുക്കൽ നിന്നിരുന്ന ഹനുമാൻ നഖായുധനായി പെരും
കാർപോലെ ആർത്തലറിക്കൊണ്ടു് അദ്ദേഹത്തോടു പാഞ്ഞെറ്റു.

അട്ടഹാസമിട്ടു നേരെ ചെല്ലുന്ന ഹനുമാനോടു, കണ്ണിൽ അരിശം
നിറഞ്ഞ സുബാഹു ചിരിച്ചുംകൊണ്ടു ചോദിച്ചു:—'ഏതന്റെ മകനെ
പോർക്കളത്തിൽ കൊന്നുംവെച്ചു് പുഷ്കലൻ ഏവിടെ പോയ്ക്കള
ഞ്ഞു? അവന്റെ രുചിരകുണ്ഡലമായ ശിരസ്സിനെ ഞാനിപ്പോൾ നി
ലംപൊത്തിക്കും! അശരക്ഷകൻ ശത്രുഘ്നൻ ഏവിടെ? ഏവിടെ
രാമൻ? ഏവിടെ പടയാളികൾ? യുദ്ധത്തിൽ പ്രാണനെ അപഹരിപ്പാ
നായി വന്നിരിക്കുന്ന ഏതനെ കണ്ടുകൊള്ളട്ടെ!' ഹനുമാൻ മറുപടി പ
റഞ്ഞു:—'രാജാവെ, സൈന്യത്തിന്റെ മേലാവാണ് ലവണനെ കൊ
ന്ന ശത്രുഘ്നൻ; ഭൃത്യൻ മുമ്പിൽനിൽക്കേ, അദ്ദേഹം വേണമോ യു
ദ്ധംചെയ്യാൻ? പോരിൽ ഏതനെ ജയിച്ചിട്ടാവാം, ഭവാൻ അദ്ദേഹ
ത്തോടെതിരിടുക!'

ഈ വിധംപറഞ്ഞു് ഒരു മാമലപോലെ നിലക്കൊണ്ട അ പര
മദാരുണനായ വീരനെ സുബാഹു പത്തു ബാണങ്ങൾകൊണ്ടു മാറിട
ത്തിൽ ആഞ്ഞെയ്തു. ക്രുദ്ധരെ പിളർത്തുന്ന അ ക്രൂരനുകൾ അടുത്തെ
ത്തിയപ്പോഴെയ്ക്കും അദ്ദേഹം കൈകൾകൊണ്ടു പിടിച്ചു് ഏണ്മണി
പ്രായം മുറിച്ചിട്ടു; എന്നിട്ടു മേഘസദൃശത്തിൽ ആർത്തുംകൊണ്ടു്, അ
കരുത്തൻ തേരിനെ വാൽകൊണ്ടു ചുറ്റി വലിച്ചുകൊണ്ടു പോയ്ക്കള
ഞ്ഞു! അപ്പോൾ രാജേന്ദ്രൻ മേല്പോട്ടുചാടി അവിടെത്തന്നെ നിന്നു്,
വാലിന്മേൽ മുന കുത്തി ബാണങ്ങൾ തെരുതെരെ പ്രയോഗിച്ചു. മൊ
ട്ടഴിഞ്ഞ കണകൾ വാലിന്മേൽ തറയ്ക്കയാൽ വാനരേന്ദ്രൻ അ ദിവ്യമാ

Digitized By Kerala Sahitya Akademi

യ കനകത്തേരിനെ കൈവിട്ടു. വിധി കിട്ടിയ സുബാഹു വരുന്ന കോപത്തോടേ ഹനുമാൽ തീക്ഷ്ണസായകങ്ങളാ ആഞ്ഞെയ്തു. പൊ ന്നങ്കളാൽ മുടപ്പെട്ടു മുമ്പും ചോരവാൻ ആ കപിശ്രേഷ്ഠൻ രാജാവി ന്റെ നേരിൽ അത്യന്തം ആരിശംപൂണ്ടു. കുതിരകളോടുകൂടിയ തേരി നെ ഛിക്കന്ന ശംഭുകൾകൊണ്ടു കടിച്ചുടച്ചു! അതിൽ സകലരും അ ത്ഭുതപ്പെട്ടുപോയി.

അ തേർ ഉടയുന്നതോടുകൂടി, ബലവാനായ നരേന്ദ്രൻ മറൊരു തേരിൽ കേറിനിന്നു, അ കുരുത്തനോടമർ ചെയ്തു: വാലിന്മേലും മുഖ ത്തും മാറത്തും കൈകളിലും കാലുകളിലും ഹനുമദ്വൃജ്ഞനായ പാത്രി വൻ തെരുതെരെ ബാണങ്ങൾകൊണ്ടെയ്തു. അതിൽ അരിശംപൂണ്ട വാനരോത്തമൻ കുതിച്ചുചാടി, രണചതുരനായ രാജാവിന്റെ നെഞ്ച ത്തു് ഒരു പവിട്ടികൊടുത്തു. പാദപ്രഹാരമേറ്റ പാത്രിവൻ മോഹാ ലസ്യപ്പെട്ടു മുഹോരു മരത്തിലുകൊണ്ടും ശരാസനംമുട്ടി വിറച്ചുകൊ ണ്ടും നിലത്തുപതിച്ചു. ഉടനേ, അതിക്രുദ്ധനായ ഹനുമാൻ പടക്കള ത്തിൽ പാഞ്ഞു് അന്ന കുതിര തേരുകളേയും വീരന്മാരേയും തവിടുപൊ ടിയാക്കി. അപ്പോഴം, സുബാഹുസോദരൻ സുകേതുവും ലക്ഷ്മീനിധി യും എന്ന രാജാവും തമ്മിൽ യുദ്ധത്തിനൊരുങ്ങി നേരിട്ടിരിക്കയായിരു ന്ന. സുബാഹു മോഹാലസ്യപ്പെട്ടതു കണ്ടിട്ടു് അള്ളകർ, പുഷ്കലൻ കോരിച്ചൊരിഞ്ഞ ബാണജാലത്താൽ മുറിപ്പെട്ടു് അങ്ങുമിങ്ങും പാ ഞ്ഞുപോയിത്തുടങ്ങി. അ ഉടഞ്ഞു ചിന്നന്ന പടയേ ബലവാനായ രാ ജപുത്രൻ ഭമനൻ, ഇളകിമറിഞ്ഞ ജലാശയത്തെ ചിറ എന്നപോലെ അടക്കിനിർത്തി.

പോർനടുവിൽ കപിശ്രേഷ്ഠന്റെ പവിട്ടേറു മോഹാലസ്യപ്പെ ട്ടുവീണ രാജാവു് ഒരു സ്വപ്നം കണ്ടു: അയോധ്യയിൽ, സരയൂതീര ത്തു, രാമചന്ദ്രൻ വളരെ വളരെ ശ്രുതിഗ്രാഹ്മണരാൽ പരിവൃതനാ യി സ്ഥിതിചെയ്യുന്നു; അവിടെ ബ്രഹ്മാദിദേവഗണം അസംഖ്യം ബ്ര ഹ്മാണ്ഡങ്ങളും കൈക്രൂപ്പി നിന്നു്, മാൻകൊമ്പു കൈക്കൊണ്ടവനും മ ഞ്ഞുലോചനനും ശ്യാമളവർണ്ണനുമായ രാമനെ വീണ്ടും വീണ്ടും സ്തുതിക്ക ന്ന; നാരദനും മറും വീണമീട്ടി പാടുന്ന; രംഭ്രതാചി, ഘൃതാക്ക തുടങ്ങിയ അപ്സരസ്സുകൾ നൃത്തംവെയ്ക്കുന്ന; വേദങ്ങൾ മൂർത്തിമത്തുക്കളായി രാഘ വനെ ഉപാസിക്കുന്ന; ഭക്തന്മാർക്കു ഭക്തിപ്രദനായ തന്തിരുവടി എല്ലാ ഗുണവും തികഞ്ഞ പുരുഷശ്രേഷ്ഠന്മാരെപ്പോലെ ദാനം ചെയ്യുപോരുന്ന.

ഇങ്ങിനെ പലതുംകണ്ടു മയങ്ങം വിട്ടുണർന്നിട്ടു, ബ്രാഹ്മണശാപ ത്താൽ ജ്ഞാനം നശിച്ചിരുന്ന ആദ്ദേഹം, എന്തുകാണ്മീക്കണ്ടതെന്ന

Digitized By Kerala Sahitya Akademi

ചൊല്ലിക്കൊണ്ടു, കാൽനടയായി ശത്രുഘ്നന്റെ അരികിലേയ്ക്കു പോകാനൊരുങ്ങി. അസംഖ്യം അശ്വാരോഹികളും, അസംഖ്യം തേരുകളും അദ്ദേഹത്തെ ചുഴന്നുനിന്നിരുന്നു. ആ ധർമ്മജ്ഞൻ സുകേതുവിനേയും വിചിത്രനേയും ദമനനേയും വിളിച്ചു യുദ്ധം നിർത്തുവാനരുളിച്ചെയ്തു:—'അനുജ, ഉണ്ണികളേ, എന്റെ ധർമ്മാനുചിതമായ വാക്കു കേട്ടാലും: നിങ്ങൾ യുദ്ധംചെയ്തുകൂടാ. ഓർക്കാതെ, വല്ലാത്ത ദുർന്നയം പറഞ്ഞുപോയി: രാമചന്ദ്രന്റെ ബലവത്തരമായ തുരംഗത്തെ, ദമന, നീ പിടിച്ചുനിർത്തിയല്ലോ! ഈ ശ്രീരാമൻ ഒരു മനുഷ്യനല്ല; ചരാചര ലോകങ്ങളുടെ നാഥനാണു്! കാര്യകാരണാതീതമായ പരബ്രഹ്മമാണു്! ഈ തത്ത്വം ഇപ്പോഴെ ഞാനറിഞ്ഞുള്ളു; പണ്ടു് അസിതാംഗൻ ശപിച്ചതിനാൽ എന്റെ ജ്ഞാനധനം കൈവിട്ടുപോയിരുന്നു:

ഞാൻ പണ്ടു തത്ത്വബോധോത്സുകയാൽ തീർത്ഥയാത്ര ചെയ്യുകയുണ്ടായി. അന്നു, ധർമ്മജ്ഞശ്രേഷ്ഠരായ അനേകം മഹർഷിമാരെ കണ്ടു. ജ്ഞാനലബ്ധിക്കായി ഞാൻ അസിതാംഗമഹർഷിയുടെ അടുക്കലാണ് ചെന്നതു്. ആ ബ്രാഹ്മണൻ എങ്കൽ ദയചെയ്തു് എന്നോടുപദേശിച്ചു:—'ഈ അയോധ്യാധിപതിയായ രാമൻതന്നെയാണു് പരബ്രഹ്മം; തന്തിരുവടിയുടെ പത്നി, സീത, സാക്ഷാൽ ചിന്മയിതന്നെ. ഇദ്ദേഹത്തെയാണു്, യോഗികൾ ആപാരവും ദുസ്തരവുമായ സംസാരസാഗരം കടക്കുന്നതിനു യത്നാദികൾകൊണ്ടുപാസിച്ചുപോരുന്നതു്. ആ ഗന്ധർവ്വരാജനെ സ്മരിച്ചാൽതന്നെ മാപാപം നശിയ്ക്കും. അദ്ദേഹത്തെ അറിഞ്ഞു സേവിച്ചാൽ സംസാരം കടക്കാം.' അപ്പോൾ ബ്രാഹ്മണനെ അപഹസിക്കയാണു് ഞാൻ ചെയ്തതു്. 'ആരാണു്, ഒരു മനുഷ്യനായ ഈ രാമൻ! സന്തോഷവും സന്താപവും നിറഞ്ഞ ഈ ജാനകീദേവി ആരാണു്! അജന്മാജനനം എങ്ങിനെ? അകർത്താവിനു് ഇവിടെ കർമ്മം എന്തു്? മഹർഷേ, ജന്മവും ജരയും ദുഃഖവുമില്ലാത്തതെന്തോ, അതിനെ എനിക്കു പറഞ്ഞുതരിക.' എന്നു ഞാൻ പറഞ്ഞപ്പോൾ, ആ മുനീന്ദ്രൻ കോപിച്ചു് എന്നെ ശപിച്ചു:—'നീച, നീ തന്തിരുവടിയുടെ സ്വരൂപം അറിയാതെ, എന്നോടു വാദിക്കുന്നുവോ! ഈ ശ്രീരാമനെ മനുഷ്യനെന്നു നീ അപഹസിച്ചു നിന്ദിക്കുകയാണല്ലൊ ചെയ്യുന്നതു്; അതിനാൽ നീ, തത്ത്വം അറിഞ്ഞുകൂടാത്ത ഒരു വയറ്റുപോറിയായിത്തീരും!' ഉടനെ ഞാൻ അദ്ദേഹത്തിന്റെ കാൽ പിടിച്ചു കരയിച്ചു. അപ്പോൾ ആ കരുണാനിധി എനിക്കു ശാപമോക്ഷം തന്നു:—'രാജാവെ, ഭവാൻ രാമന്റെ യാഗത്തിനു വിഘ്നം വരുത്തുന്ന കാലത്തു, ഭവാനെ ഹനുമാൻ പാദംകൊണ്ടു പ്രഹരിക്കും; അന്നേ അങ്ങയ്ക്കു ജ്ഞാനം ഉണ്ടാകൂ. അല്ലാതെ സദ്ബുദ്ധിയാൽ ഉണ്ടാകയില്ല.' എന്നിങ്ങനെ അദ്ദേഹം പണ്ടു

Digitized By Kerala Sahitya Akademi

പറഞ്ഞതു്, ഇപ്പോൾ എനിക്കനുഭവപ്പെട്ടു: ഹനുമാൻ ചൊടിച്ചു് എന്നെ നെഞ്ഞത്തു ചവുട്ടിയതോടുകൂടി, ഞാൻ സീതാപതിയെ പൂർണ്ണ ബ്രഹ്മസ്വരൂപത്തിൽ ദർശിച്ചു! അതിനാൽ, മഹാബലന്മാരേ, ശ്രീമത്തായ കുതിരയെ കൊണ്ടുവരുവിൻ; അതിനേയും, ധനവസ്തുക്കളേയും, ഈ രാജ്യത്തെത്തന്നെയും സമർപ്പിച്ചു്, അതിപുണ്യദമായ യാഗത്തിൽ ശ്രീരാമനെ ദർശിച്ചു കൃതാർത്ഥനാകണമെന്നാണു് എന്റെ ആഗ്രഹം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നവിജയം ഇരുപത്തെട്ടാമദ്ധ്യായം.

(൦)

ഇരുപത്താമ്പതാമദ്ധ്യായം

ശേഷൻ:—ഇതുകേട്ടു മനംകുളിർത്ത ആ വീരയോദ്ധാക്കന്മാർ രാമദർശനം കൊതിക്കുന്ന രാജേന്ദ്രനോടു് അങ്ങിനെയാകട്ടെ എന്നുണർത്തിച്ചു. 'പരന്തപനായ തിരുമേനി, തൃക്കാലൊഴിഞ്ഞു മറൊന്നും അടിയങ്ങൾക്കറിഞ്ഞുകൂടാ. അതിനാൽ തിരുവുള്ളത്തിൽ തോന്നിയതു വേഗത്തിൽ നിറവേറട്ടെ. വെള്ളച്ചാമരവും രത്നമാലയുമണിഞ്ഞു ചന്ദനവും മറവും പൂശി ശോഭിക്കുന്ന ഈ കുതിരയെ അങ്ങോട്ടു കൊണ്ടുപോകാം. സ്വാമിൻ, അജ്ഞാതഫലമായ രാജ്യം, അതി സമൃദ്ധങ്ങളായ ഭണ്ഡാരങ്ങൾ, അഴകേറിയ അശ്വങ്ങൾ, മദമത്തങ്ങളായ മതംഗജങ്ങൾ, പൊന്നിൻനകത്തണിഞ്ഞൊത്ത തേരുകൾ, ചന്ദനം, കർപ്പൂരം, നല്ല ഇഴയും നേമ്പയും ചേർന്ന പലനിറത്തിലുള്ള മേത്തരം വസ്തുക്കൾ, വിവിധാഭരണഭൂഷിതന്മാരായ ദാസിമാർ, മനസ്സിനു രുചിക്കുന്ന ദാസന്മാർ, സൂര്യനൊത്ത മണികൾ, പലതരം രത്നങ്ങൾ, ആനകളുടെ മസ്തകങ്ങളിൽ വിളഞ്ഞ വെണ്മുത്തുകൾ, അസംഖ്യം പവിഴങ്ങൾ, എന്നുവയ്ക്കുണ്ട വിലപിടിച്ചതു സകലവും രാമചന്ദ്രനു സമർപ്പിച്ചുകൊള്ളുക; മഹാപ്രാജ്ഞ, നമ്മുടെ കിങ്കരന്മാരെയും മക്കളായ ഞങ്ങളെ കൂടിയും ഒട്ടൊഴിയാതെ സമർപ്പിച്ചുകൊള്ളുക. അങ്ങയ്ക്കു് എന്താണു് ചെയ്യുകൂടാത്തതു്? ഇവിടുത്തെക്കീഴിലാണല്ലൊ സിംഹാസനം.' എന്നിങ്ങനെ പുത്രന്മാരിരുവരും പറകയാൽ മനംകുളിർത്ത മന്നവൻ അവരോടും, തന്റെ ആജ്ഞ കാത്തു നിൽക്കുന്ന മറുവീരന്മാരോടുമായി അരുളിച്ചെയ്തു:—'എല്ലാവരും സന്നദ്ധരായി ആയുധങ്ങൾ കൈക്കൊണ്ടു, പലതരം തേരുകളോടും പരിവാരങ്ങളോടും കൂടി, അ

Digitized By Kerala Sahitya Akademi

ശപത്തെ കൊണ്ടുവരുവിൻ; എന്നിട്ടവേണം എനിക്കു ശത്രുഘ്നന്റെ അടുക്കലേയ്ക്കു പോകാൻ.'

ഈ അരുളപ്പാടു കേട്ടിട്ടു വിചിത്രൻ, ദമനൻ, സുകേതു എന്നിവരും മറ്റു ശ്രൂരന്മാരും രാജധാനിയിൽ പോയി, അതിമനോഹരമായ അശപത്തെ കൊണ്ടുപോന്ന രാജാവിന്റെ മുമ്പിൽ നിന്നു. വെള്ള ച്ചാമരവും തങ്കപ്പത്രവും രത്നമാലകളും വിചിത്ര മണിഭ്രൂഷകളും മുത്തിൻതൊങ്ങലുകളും ചാർത്തിയും, കാരകിൽ മുതലായവ കൊണ്ടു ധൂപിക്കപ്പെട്ടും, ആഡംബരം തികഞ്ഞ മഹാവീരന്മാർ കടിഞ്ഞാൺപിടിച്ചു മുൻനടന്നും, വമ്പിച്ച ശസ്ത്രാസ്ത്രങ്ങൾ കൈക്കൊണ്ടു യോദ്ധാക്കൾ പിന്തുടർന്നും, തലയ്ക്കുമേൽ വെൺകൊറക്കുട പിടിക്കപ്പെട്ടും, മുൻവശത്തു വെൺചാമരങ്ങൾ വീശപ്പെട്ടും പരിശോഭിക്കുന്ന ആ മനോമരുജ്ജവമായ വാജിമേധാശപത്തെ ദർശിച്ചിട്ടു മതിമാനായ മഹീശ്വരൻ അത്യന്തം സന്തോഷിച്ചു. ഉടനെ അദ്ദേഹം രാജചിഹ്നങ്ങളോടും തന്റെ പുത്രപൌത്രരോടും ക്രൂടി, പരമധർമ്മിഷ്ഠനായ ശത്രുഘ്നന്റെ അടുക്കലേയ്ക്കു കാൽനടയായി ഗമിച്ചു. ഇക്കാണുന്നതൊക്കെ നശ്വരവും സംഗികൾക്കു ദുഃഖപ്രദവുമാണെന്നറിഞ്ഞു, ക്ഷണഭംഗുരമായ സത്വത്തിനെ സദ്വിഷയത്തിൽ ചെലവാക്കാനായിരുന്ന അദ്ദേഹത്തിന്റെ യാത്ര.

വെൺകൊറക്കുട ചൂടിയും, സേവകന്മാർ മുൻവശത്തു നിന്നു വെൺചാമരം വീശിയും, സുമതിയോടു രാമചന്ദ്രചരിതം ചോദിച്ചുകൊണ്ടും, ഭയമെന്ന കഥയെ കേൾക്കാതെയും, വീരോചിതമായ വേഷാഡംബരം പൂണ്ടും, ഒരൊറ്റ തൃക്കടാക്ഷം കൊതിച്ചു് അനേകലക്ഷം വീരന്മാരും വാനരന്മാരും ചുഴെച്ചുഴന്നും വാണരുളുന്ന ശത്രുഘ്നൻ സുബാഹുവിനു കാണ്മാറായി. കണ്ട മാത്രയിൽ കോരംമയിർക്കൊണ്ടു, രാമൈകചിത്തനായ ആ രാജാവു്, 'ഞാൻ ധന്യനായി!' എന്നിങ്ങിനെ, പുത്രന്മാരോടുക്രൂടി ശത്രുഘ്നന്റെ കാൽക്കൽ നമസ്കരിച്ചു. ശത്രുഘ്നനോ, ആ പ്രേമവാനായ രാജവീരനെകണ്ടു, സർവ്വരോടുംക്രൂടി ആസനത്തിൽ നിന്നെഴുന്നേറ്റു, ഇരുകൈകൊണ്ടും അദ്ദേഹത്തെ കെട്ടിപ്പുണർന്നു. ശത്രുവീരഘ്നനായ സുബാഹു ശത്രുഘ്നനെ ഇപ്രകാരം പൂജിച്ചു ഹർഷഗൽഗദത്തോടെ കഥിച്ചു:—

[കിളിപ്പാട്ടു്]

'ധന്യനായ' സകുടുംബൻ ഞാനുമിന്നൊന്നാകുമാറും,
മന്നവ ലക്ഷ്മം വാഴ്ത്തും നിൻപദം ദർശിക്കയാൽ!

Digitized By Kerala Sahitya Akademi

അറിവില്ലാഞ്ഞെൻപുത്രൻ പിടിച്ചാനീയശപത്തെ;—
പ്പൊറുക്കദ്ദേമനന്റെറ തെറിയു കൃപാനിധേ!
ഹാ,വിശപം കളിയായിത്തീർത്തു കാത്തൊടുക്കുന്ന
ദേവാധിദേവൻ രഘുശ്രേഷ്ഠനെന്നോർത്തീലിവൻ!
നാടിതാ സൈന്യാശ്വാദിസമൃദ്ധം; ധനപൂർണ്ണ-
മീടുവെറ്റിതാ; പുത്രന്മാരിതാ; ഞങ്ങളിതാ—
ഞങ്ങളേവരും രാമഭൃത്യർ, നിന്നാജ്ഞാകരർ;
ആജ്ഞനൈകൈക്കൊൾകെല്ലാം; മറിച്ചില്ലൊനിക്കേതും!
എങ്ങൊരാ ഹനുമാൻ ശ്രീരാമപാദാബ്ജഭൃംഗം?
ഇങ്ങുതൽപ്രസാദത്താൽ കാണാകും ദുരാപേന്ദ്രൻ മേ!
അപ്രാപ്യമെന്തെന്തായ്വുസംഗത്തിൽ? വിമൂഢൻഞാൻ
തൽപ്രസാദത്താൽ ബ്രഹ്മശാപമുക്തനായല്ലോ!
അല്ലിത്താർദ്ദാക്ഷനാം തന്നുരാനെപ്പായ്ക്കണ്ട
ദുർല്ലഭം ജനിഫലമൊക്കെയിന്നു ഞാൻ നേടും!
നഷ്ടമായായുസ്സോറാം രാമനെക്കൂടാതെ മേ;
ശിഷ്ടമൊ തെല്ലൊന്നുമെട്ടീശനെക്കാണേണ്ട ഞാൻ?
കല്പായ മുനിപത്നിമാരുടെ പദരേണു
തെല്ലേറെ നിമിഷത്തിൽ ശുഭയായ് ഭവിച്ചിതോ;
അതുടെയമ്പാൽ കാകനൽഗതിപുക്കാൻ; പോരി-
ലാരുടെ മുഖാബ്ജം കണ്ടേറെപ്പേർ വിമുഖരായ്;
അതുടെ തിരുനാമമാരാൽ ജപിച്ചാക്കു,
സാരമാം യോഗീന്ദ്രന്മാർ തേടുമപ്പദംകിട്ടും;
ആ യജ്ഞപ്രവൃത്തനാം രാമനെക്കൊട്ടിത്തരി-
കീയെനിക്കൊ!—ഹാ ധന്യധന്യർതാനയോധ്യക്കാർ:
ശ്രീരാമമുഖാംബുജം കൺകളാൽ നുകർന്നവർ
തീരാത്തമഹാസൌഖ്യം പൂണ്ടല്ലോ മരുവുന്നു!!'

ഇപ്രകാരം ഉച്ചരിച്ച് അദ്ദേഹം അശ്വത്തേയും, രാജ്യത്തേയും, സമ്പത്തിനേയും—സർവ്വത്തേയും—ശത്രുഘ്നന്മാർ സമർപ്പിച്ചു, 'നരേന്ദ്ര, ഇവിടുത്തെ കിങ്കരനാണ് ഞാൻ' എന്നും വീണ്ടും അറിയിച്ചു. ഇതു കേട്ടിട്ടു, വാഗ്മിയായ ശത്രുഘ്നൻ വണക്കം പൂണ്ട വസുധേശ്വരനോട് ഭംഗിയിൽ പറഞ്ഞു:—'രാജാവേ, എന്താണിങ്ങിനെ പറയുന്നതു്? വൃദ്ധനായ ഭവാൻ എനിയ്ക്കു പൂജനീയനത്രെ. അങ്ങയുടെ രാജ്യമെല്ലാം അങ്ങയുടേതു തന്നെ. അതു ദമനൻ ഭരിക്കട്ടെ. യുദ്ധം ചെയ്കെ എന്നതു ക്ഷത്രിയന്മാരുടെ കൃത്യമാണല്ലോ. ഈ നാട്ടം ധനവുമെല്ലാം എനിക്കുവേണ്ടി തിരിയേ വാങ്ങുക. എനിക്കു രഘുനാഥൻ എപ്പോ

Digitized By Kerala Sahitya Akademi

കാരം ത്രികരണാങ്ങൾകൊണ്ടും പൂജനീയനോ, അപ്രകാരം പൂജനീയനാണ് ഭവാനും. ഇനി, ഭവാൻ സന്നാഹനായി ചട്ടയിട്ട വാളെന്തി, രത രാളികളോടൊരുമിച്ചു്, അശ്വത്തെ വിനുടരാൻ ഒരുങ്ങുക.'

ഇതിൻപ്രകാരം, ശത്രുഘ്നനാൽ ആട്ടുതനായ സുബാഹു മഹാരാ ന്മാരാൽ പരിവൃതനായി രാജ്യത്തിൽ മകനെ അഭിഷേകംചെയ്തു. പ്രാഗ്ദ ളത്തിൽ പുഷ്കലനാൽ വധിക്കപ്പെട്ട സൈന്യത്തെ വിധിപൂർവം സംസ്കരിക്കുമ്പോൾ, അദ്ദേഹം വീണ്ടും ക്ഷണനേരം ദുഃഖിതനായി കാണപ്പെട്ടു. എന്നാൽ ആ തത്വജ്ഞാൻ രാമനാമത്തെ സ്മരിച്ച ജ്ഞാനത്താൽ ദുഃഖം അടക്കി; എന്നിട്ടു സന്നദ്ധനായി തേരിൽ കേറി വമ്പിച്ച സൈന്യത്തോടും മഹാരഥന്മാരോടുംക്രൂടി ശത്രുഘ്നന്റെ അടുക്കൽ വന്നുചേർന്നു. ഉടനേ ശത്രുഘ്നൻ അശ്വരക്ഷണത്തിനായി യാത്രയാ ടനാ. ശത്രുഘ്നനാൽ വിടപ്പെട്ട ആ ഫാല്വപത്രാങ്കിതമായ തുരംഗമം ഇടംവുറി സഞ്ചരിച്ചു, കിഴക്കൻരാജ്യങ്ങൾ പലതും പിന്നിട്ടു. അവിടങ്ങളിലെ മഹാശ്രുരപൂജിതരായ മനുഷ്യന്മാർ അതിനെ വന്ദിക്കുകയല്ലാതെ, ഒരുത്തും പിടിയ്ക്കുകയുണ്ടായില്ല: ചിലർ വിചിത്ര വസ്ത്രങ്ങളും, ചിലർ സ്വരാജ്യവും, ചിലർ ധനവും, ചിലർ മറുവല്ലിയും കാഴ്ചവെച്ചു് അതിനെ വന്ദിച്ചുപോന്നു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നസുബാഹുസമാഗമം ഇരുപത്തൊമ്പതാമദ്ധ്യായം.

(0)

മുപ്പത്താമദ്ധ്യായം

ശേഷൻ:—

(ശ്ലോകങ്ങൾ)

കുറികെട്ടിയ വാജി പിന്നുതേജഃ-
പുരമെത്തീനുപസത്യവൽസുഹൃഷ്ടം
തുരഗാനുഗനങ്ങണഞ്ഞുകൊണ്ടാൻ
രാമനാമാനുജനും പ്രഭുതസൈന്യൻ.

കാണായ് തദാ, പെരിയകോട്ട പുഴന്നാനേകം
പൊൻതാഴികക്കുടമൊടും പല കോവിലോടും
സന്ന്യാസിസത്തമർ നിറഞ്ഞ മഠങ്ങളോടും
മിന്നീടുമപ്പുരി പരക്കെ മനോഭിരാമം.

Digitized By Kerala Sahitya Akademi

തീക്കണ്ണമെയലിനദിയുണ്ടൊഴുകുന്നതത്ര
നീർക്കോഴിയന്നാമിവ ചേന്പുഷിമാർ ചൃഴന്നും;
വിപ്രാലയം പ്രതിവിനുതചര ഹോമധൂമ-
മുപ്പാവനാം നരനുമങ്ങുവിശ്രുതിചേർപ്പൂ.

ആ പട്ടണം കണ്ടിട്ട് വറഷ്ടവും അത്ഭുതവും തോന്നിയ ശത്രുഘ്നൻ സുമതിയോട് ചോദിച്ചു:—'മന്ത്രി, ആരുടെയാണ്, ഇക്കാണുന്ന നഗരം? ധർമ്മസംരക്ഷിതമായ ഇത് വ്യാന്റെ വ്യിദയത്തെ ആഹ്ലാദിപ്പിക്കുന്നു.' ശത്രുഘ്നഭൂപാലന്റെ ഈ ചോദ്യംകേട്ട സുമതി വാസ്തവമെല്ലാം വണാകത്തിൽ അറിയിച്ചു:—'തിരുമേനി, വൈഷ്ണവന്റെ സൽക്കഥ ശ്രദ്ധിച്ചുകേട്ടുകൊണ്ടാലും; ഇത് ശ്രവിച്ചാൽ, ബ്രഹ്മഹത്യയ്ക്കാത്ത പാപംപോലും വിട്ടൊഴിയും: ശ്രീരാമന്റെ തൃക്കാൽത്തണ്ടാരിന്ന വണ്ടായ സത്യവാനെന്ന രാജാവത്രേ ഇവിടെ വാഴുന്നത്. യജ്ഞയജ്ഞാംഗങ്ങളറം അറിഞ്ഞവനും അനുഷ്ഠിച്ചവനുമായ ഒരു ജീവന്മുക്തനാണ് ആ മഹാൻ. അദ്ദേഹത്തിന്റെ ആത്മൻ, പരമധാർമ്മികനായ ജ്ഞതംഭരൻ, വളരെ വ്രതങ്ങളംകൊണ്ടു കാമധേനുവിനെ ആരാധിച്ചു. ധേനു പ്രസാദിച്ചു സൽഗുണശാലിയായ ഒരു പുത്രനെ കല്പിച്ചു നൽകുകയുംചെയ്തു. ആ കാന്തിമാനായ പുത്രനത്രേ സത്യവാനെന്ന രാജശ്രേഷ്ഠൻ.'

ശത്രുഘ്നൻ:—'ആരാണ് ജ്ഞതംഭരരാജാവ്? വ്യന്തിനായിരുന്ന ധേനുവിനെ പൂജിച്ചത്? അദ്ദേഹത്തിന്ന വിഷ്ണുവിനെ സേവിക്കുന്ന വൈഷ്ണവനായ പുത്രൻ വ്യങ്ങിനെ കൈവന്നു? ഇതെല്ലാം പറകതന്നെ. വൈഷ്ണവന്റെ കഥ ശ്രവിച്ചാൽ ശരീരികൾക്കു മലപോലുള്ള മാപാപവും നീങ്ങുമല്ലോ.

ശത്രുഘ്നന്റെ സാരമേറിയ വചനംകേട്ടിട്ടു സുമതി സത്യവാന്റെ ഉല്പത്തി വിസ്തരിച്ചു പറവാൻ തുടങ്ങി: പണ്ട് ഇവിടെ വാണിരുന്ന ജ്ഞതംഭരരാജാവിന്ന സന്തതിയില്ലായിരുന്നു. ഭാര്യമാർ വളരെപ്പേരുണ്ടായിരുന്നുവെങ്കിലും ഒരു പുത്രൻപോലും പിറന്നില്ല. അങ്ങിനെയിരിക്കെ, ഭാഗ്യവശാൽ വന്നുചേർന്ന ജാബാലിമഹർഷിയോട് അദ്ദേഹം, കുശലപ്രശ്നവുംമറും ചെയ്തതിന്നുശേഷം, പുത്രനുണ്ടാകാൻ വ്യന്തുവേണ്ടു വ്യന്നു ചോദിച്ചു:—'സ്വാമിൻ, വ്യനിക്ക്, ഇന്നതുചെയ്താൽ വംശത്തെ നിലനിത്തുന്ന ശ്രേഷ്ഠസന്താനം പിറക്കുമെന്ന് ഉപദേശിച്ചുതന്നാലും! മുനീന്ദ്ര, ഇവിടുന്നുപദേശിക്കുന്നതിൻവണ്ണം ദാനമൊ വ്രതമൊ തീർത്ഥസ്നാനമൊ യാഗമൊ, വ്യന്തും, ഞാൻ ശരിക്ക ചെയ്തുകൊള്ളാം.' വണാക്കം

Digitized By Kerala Sahitya Akademi

പുണ്ട പുത്രാർത്ഥിയായ രാജാവിനെ മഹർഷി സന്താനസമ്പാദനോപായം പറഞ്ഞുകൊടുത്തു:—'രാജാവേ, സന്താനലാഭത്തിനു മൂന്നു വഴിയാണുള്ളതു്: വിഷ്ണുപ്രസാദം, ശിവപ്രസാദം, ഗോപ്രസാദം. അതിനാൽ ഭവാൻ ദേവമൂർത്തിയായ ധേനുവിനെ ആരാധിച്ചുകൊൾകെ. അതുടെ വാൽ, മുഖം, കൊമ്പു, പുറം എന്നിവയിൽ ദേവകൾ വാഴുന്നുവോ, ആ ധേനു പ്രസാദിച്ചാൽ ധർമ്മസംയുതമായ വാഞ്ഛിതം ക്ഷണത്തിൽ നിറവേറും. ഇതോടുത്തു ഭവാൻ ഗോവിനെ പൂജിച്ചുകൊൾകെ. ആർ ഏതൊരുത്തൻ നാൾതോറും ഗോവിനെ പുല്ലുകൊണ്ടും മാറും സന്തോഷിപ്പിക്കുന്നുവോ, അവനു ദേവകളും പിതൃക്കളും വന്നെന്നും തൃപ്തരായിരിക്കും. പയ്യിനു് ഒരുനാളുമെത്ത തീറ്റിക്കുളുതു പതിവായി നൽകുന്ന സദ്പ്രതനു്, ആ സത്യത്താൽ സർവ്വമനോരഥങ്ങളും നിറവേറും. തൊഴുത്തിൽ മാറിച്ചു നിറുന്ന പയ്യും, ഗ്രാമത്തിൽ തിരണ്ടിരിക്കുന്ന കന്യകയും നിർമ്മാല്യം നീക്കപ്പെടാത്ത ക്ഷേത്രവും പൂർവ്വപുണ്യത്തെ കെടുത്തുകളയും! തന്റെ പുല്ലുതിന്നുന്ന പയ്യിനെ ആർ തട്ടുക്കുന്നുവോ, അവന്റെ പൂർവ്വപിതൃക്കൾ അധഃപതിക്കുമാറു വിറച്ചുകൊണ്ടിരിക്കും! പയ്യിനെ വടികൊണ്ടടിക്കുന്ന മൂഢൻ കയ്യില്ലാത്തവനായി കാലനഗരം പുകും. ആർ പയ്യിനെ ഈച്ചകടിക്കാതെ നോക്കുന്നുവോ, അവന്റെ പിതൃക്കൾ, 'ഈ ധന്യൻ നമുക്കുൽഗതിവരുത്തും' എന്നിങ്ങനെ അത്യന്തം സന്തോഷിച്ചു കൃതാർത്ഥരായി നൃത്തംവെയ്ക്കും! ഇതിനുദാഹരണമായി ഒരു പഴംകഥയുണ്ടു്; പണ്ടു കാലാലയത്തിൽവെച്ചു ജനകൻചെയ്ത അത്ഭുതം കേട്ടുകൊൾകെ:

ജനകരാജാവു് ഒരിക്കൽ യോഗംകൊണ്ടു ശരീരം വെടിഞ്ഞു. അപ്പോഴെയ്ക്കും, കിങ്ങിണിത്തൊങ്ങലണിഞ്ഞ ഒരു വിമാനം വന്നുചേർന്നു. രാജാവു സേവകന്മാരുടെ കൈപിടിച്ചു് അതിൽകേറി നടകൊണ്ടു. വഴിക്കു് അല്പദൂരം യമന്റെ സംയമിനീപുരിക്കു സമീപത്തെത്തി. അവിടെ അസംഖ്യം നരകങ്ങളിൽ പാപികളെ പീഡിപ്പിക്കുന്നുണ്ടായിരുന്നു. അവർ ജനകന്റെ ശരീരത്തിൽ തട്ടിയ കാറ്റേറ്റുയാൽ സുഖിതരായിച്ചമഞ്ഞു; നരകത്തിലെ കടുംചൂടു് അവക്കു തണുപ്പായി! ജനകാംഗപവനൻ അവരുടെ പീഡയെല്ലാം നശിപ്പിച്ചുകളഞ്ഞു. അദ്ദേഹം പോകാൻ തുടങ്ങുന്നതു കണ്ടപ്പോഴാകട്ടെ, നരകത്തിൽ കിടക്കുന്നവർ അല്പനേരത്തിന്റെ വേർപാടു പൊറായ്കയാൽ പേടിച്ചു് ഉറക്കെ നിലവിളിക്കയായി. അവർ ദയനീയമാംവണ്ണം അപേക്ഷിച്ചു:—'സുകൃതിൻ, ഭവാൻ ഇവിടെനിന്നു പോകരുതേ! അങ്ങയുടെ കാറ്റേറ്റിയാൽ, പീഡിതരായ ഞങ്ങൾക്കു സുഖാസ്വാദം കിട്ടുമായിരുന്നു!' ഇതുകേട്ടപ്പോൾ, ജനകന്റെ ഹൃദയം ദയാർദ്രമായി തിങ്ങിനിറഞ്ഞു. 'എങ്കിൽനി

Digitized By Kerala Sahitya Akademi

ന്ന പ്രാണികൾക്കുംകൂടി സുഖം ഉണ്ടാകുന്നതുണ്ടെങ്കിൽ, ഞാൻ ഈ പുരയിൽ തന്നെ വസിക്കും; ഇതുതന്നെ എനിക്കു മനോരമമായ സ്വർഗ്ഗം!' എന്നിങ്ങനെ വിചാരിച്ച്, അകാരകനിങ്ങനെ അത്യധർമ്മിഷ്ഠൻ ആണെന്നതെന്നു—നരകത്തിന്റെ ദുർവ്വഭാവത്തെ—ദേഹികളെ സുഖിപ്പിപ്പിച്ചും കൊണ്ടു നടന്നിരുന്നു.

അപ്പോൾ, ധർമ്മരാജാവു്, പല തരക്കാരായ പാപികൾക്കു തീവ്രയാതനകൾ ചെയ്യിപ്പാനായി, ദുഃഖപ്രദമായ നരകത്തിന്റെ വാതിൽക്കൽ വന്നുചേർന്നു. അവിടെ വിമാനത്തിന്മേറി നടന്നിരുന്ന ദയാലുവും മഹാപുണ്യവാനുമായ ജനകരാജാവിനെ കാണുകയാൽ യമൻ ചിരിച്ചുംകൊണ്ടു ചോദിച്ചു:—'രാജാവേ, ധർമ്മിഷ്ഠന്മാരിൽവെച്ചു ശിരോരത്നമായ ഭവാൻ എന്താണിവിടെ വന്നിരിക്കുന്നതു്? ഇതു പ്രാണിനിരിസോടി പാപങ്ങൾ ചെയ്തു ദുഷ്ടന്മാർക്കുള്ള സ്ഥലമാണു്. അങ്ങയെപോലുള്ള പുണ്യവാന്മാർ ഇവിടെ വരാറില്ല; പരദ്രോഹികളും പരാപവാദികളും പരനിന്ദകന്മാരും മറ്റുമെ ഇവിടെ വരികയുള്ളു. ആർ തന്നെ ശുശ്രൂഷിച്ചുപോരുന്ന ധർമ്മിഷ്ഠയായ ഭാര്യയെ യാതൊരു കുറവുമില്ലാതെ ഉപേക്ഷിക്കുമോ, അവൻ ഇവിടെ വന്നെത്തും; ആർ പണം കൊടുത്തു സ്നേഹിതനെ ചതിക്കുമോ, അവൻ ഇവിടെ വന്നുചേരും' എങ്കൽനിന്നു ഭാരുണമായ പീഡയനുഭവിക്കും; മംഭമോ ദ്വേഷമോ പുച്ഛമോ മൂലം യാതൊരു മൂഢൻ രാമനെ മനസാ വാചാ കർമ്മണാ സേവിക്കുന്നില്ലയോ, അവനെ ഞാൻ ബന്ധിച്ചു് ഇതുകളിൽ കൊണ്ടിടുകയും വരുകുകയും ചെയ്യാറുണ്ടു്. നരകക്ലേശം നീക്കുന്ന നാരായണനെ സ്മരിക്കുന്നവരാകട്ടെ, എന്റെ പാട്ടിടത്തിൽ വരാതെ വൈകുണ്ഠത്തിലേയ്ക്കാണു് പോവുക. നരേന്ദ്ര, നാവുകൊണ്ടു രാമ എന്നൊന്നു ചൊല്ലുന്നതുവരെയ്ക്കും, മനുഷ്യശരീരങ്ങളിൽ പാപം നിവസിക്കയുള്ളു. മഹാപ്രാജ്ഞ, എന്റെ കിങ്കരന്മാർ മാപാപം ചെയ്തവരെ മാത്രമേ ഇങ്ങോട്ടു കൊണ്ടുപോരൂ; അങ്ങയെപ്പോലുള്ളവരെ നോക്കാൻപോലും അവർക്കു ത്രാണിയില്ല. അതിനാൽ, മഹാരാജാവേ, അങ്ങു മികച്ച വിമാനമേറി പൊയ്ക്കൊൾകം; പുണ്യത്താൽ നേടിയ ഭോഗങ്ങൾ വേണ്ടുവോളം ഭുജിച്ചുകൊൾകം.'

കരുണയാൽ കരം നിറഞ്ഞ കാശ്യപീശൻ ധർമ്മരാജാവിനോടു പറഞ്ഞു:— 'സ്വാമിൻ, ജീവകാരുണ്യത്താലാണു്, ഞാൻ പോകാത്തതു്: എന്റെ കാരുത്തുനാഥു് ഇവർക്കു സുഖകരമായിരിക്കുന്നു. ഇവിടുന്നു് ഇവരെയെല്ലാം നരകത്തിൽനിന്നു വിടയയ്ക്കുന്നതായാൽ, ഞാൻ സ്വസ്ഥനായി, സുകൃതികൾ മേവുന്ന സ്വർഗ്ഗത്തിലേയ്ക്കു പോയ്ക്കൊള്ളാം.' ഇതുകേട്ടപ്പോൾ, ക്രൂരനായ നരകത്തിൽക്കിടക്കുന്ന തു

Digitized By Kerala Sahitya Akademi

നേകം പ്രാണികളെ വെവ്വേറെ പുണ്ടിക്കൊണ്ടിച്ചുംകൊണ്ടു ജനകനോടു രചെയ്തു:—'ഇവൻ വിശ്വസ്തസ്നേഹിതന്റെ ഭാര്യയെ ഗമിച്ചുവനാണ്; അതിനാലത്രെ, ഇവനെ പതിനായിരം കൊല്ലത്തേയ്ക്ക്, ചുട്ടുപഴുപ്പിച്ച ഇരുമ്പുകുറിമേൽ ചേർത്തുനിത്തിയിരിക്കുന്നതു്; പിന്നീടു് ഈ ദുഷ്ടനെ സൂകരയോനിയിൽത്തള്ളും; മനുഷ്യജന്മത്തിൽ ഇവൻ നപുംസകമായിരിക്കും. ഇവൻ പരകളത്രത്തെ ബലാൽക്കാരേണ പുണർന്നുകളഞ്ഞു; അതിനാൽ, നൂറുകൊല്ലം ഈ രൌരവത്തിലിട്ടു വറുക്കേണ്ടിയിരിക്കുന്നു. ഈ കുമതി അന്യന്റെ മുതൽ കട്ടനുഭവിച്ചതിനാലാണു്, കയ്യു രണ്ടും വെട്ടി പൂയശോണിതത്തി (ചലം, ചോര)ലിട്ടിരിക്കുന്നതു്. അന്തിക്കു വിശന്നു പൊരിഞ്ഞുവന്ന അതിഥിയോടു സപ്രാഗതം പറകപോലും ചെയ്യാഞ്ഞ ഇവനെ അന്ധതാമിസ്രത്തിൽ തള്ളേണ്ടിയിരിക്കുന്നു; അതിൽ നൂറുകൊല്ലം കടന്നാൽക്കുത്തേറു വലയണം. ഇവൻ നാണമില്ലാതെ ഉച്ചത്തിൽ മറൊരാളെ പഴിച്ചുവന്നാം, ഇവൻ അതു പല പ്രാവശ്യം ചെവികൊടുത്തു കേട്ടവന്നമത്രെ; അതുകൊണ്ടാണു്, ഇവരിരുവരും പൊട്ടക്കിണറ്റിൽക്കിടന്നു കുഴങ്ങുന്നതു്. മിത്രദ്രോഹത്താലാകുന്ന, ഇവനെ രൌരവത്തിലിട്ടു വേവിച്ചു സങ്കടപ്പെടുത്തുന്നതു്. ഇവരെയെല്ലാം പാപം അനുഭവിച്ചുതീർന്നു വിടുകയുള്ളു. പുരുഷപുംഗവ, വളരെ പുണ്യങ്ങൾ അനുഷ്ഠിച്ച ഭവാൻ പോയ്ക്കാൾകൂ.'

ഇപ്രകാരം പാപികളെ പുണ്ടിക്കൊണ്ടിച്ചു വൈവസ്വതൻ വിരമിച്ചപ്പോൾ, കരുണാപൂർണ്ണമാനസനായ ആ രാമഭക്തൻ ചോദിച്ചു:—'എങ്ങിനെയാണു്, ഈ കുഴങ്ങുന്ന ജീവികൾക്കു നരകത്തിൽ നിന്നു വിടുതി കിട്ടുക? ഇന്നതു ചെയ്താൽ ഇവർ സുഖം നേടുമെന്നു പറഞ്ഞുതരിക.'

യമൻ:—'മഹാരാജാവേ, ഇവർ വിഷ്ണുഭഗവാനെ ആരാധിച്ചിട്ടില്ല; ഇവർ തന്തിരുവടിയുടെ കഥ കേട്ടിട്ടില്ല. പിന്നെയെങ്ങിനെയാണു്, ഈ പാപികൾക്കു നരകത്തിൽ നിന്നു വിടുതി? ഈ മാപാപികളേപ്പോലും വിടുവിക്കേണമെന്നുണ്ടെങ്കിൽ, അങ്ങയുടെ ആ പുണ്യം ഇവർക്കു കൊടുക്കുക. അതിന്നതാണെന്നു പറയാം: ഭവാൻ ഒരുനാൾ പുലർച്ചയ്ക്കെഴുന്നേറ്റു വിശുദ്ധഹൃദയനായി, മാപാപം പോക്കുന്ന തിരുനാമങ്ങളുള്ള ശ്രീരഘുനാഥനെ ധ്യാനിച്ചു, രാമ, രാമ എന്നിങ്ങനെ ചൊല്ലുന്ന ജപിക്കുകയുണ്ടായി. ആ പുണ്യംമാത്രം ഇവർക്കു കൊടുത്താൽ മതി, നരകമുക്തികിട്ടും!'

ധീമാനായ ധർമ്മരാജൻ ഇപ്രകാരം പറഞ്ഞപ്പോൾ, മഹാരാജാവു ജനനം മതൽക്കുള്ള പുണ്യമതൊന്നു ദാനംചെയ്തു. 'ഞാൻ ജനിച്ച മു

Digitized By Kerala Sahitya Akademi

ത്സർക്കേ രഘുനാഥനെ പൂജിച്ചു നേടിയിട്ടുള്ള പുണ്യങ്ങൾകൊണ്ട് ഇവർക്കു നരകത്തിൽ നിന്നു വിടുതി കിട്ടി സ്വാസ്ഥ്യം ഭവിക്കട്ടെ!' എന്നിങ്ങനെ അദ്ദേഹം പറയുന്നതോടുകൂടി, നരകത്തിൽക്കിടന്നിരുന്നവരെല്ലാം അവിടെ നിന്നു വിട്ടുപോന്നു ദിവ്യദേഹരായിച്ചമഞ്ഞു, ജനകനോടരിയാടി:—'രാജാവെ, അങ്ങയുടെ പ്രസാദത്താൽ ഞങ്ങൾ ഇതാ, ക്ഷണേന നരകദുഃഖത്തിൽ നിന്നൊഴിഞ്ഞു പരമപദം പൂകുന്നു!' സൂര്യനൊപ്പം തിളങ്ങുന്ന ആ നരകനിർമ്മുക്തരെ കണ്ടപ്പോൾ, സർവരിലും ദയാശീലനായ രാജാവിന്നുണ്ടായ സന്തോഷം കുറച്ചല്ല. അവരെല്ലാവരും കരുണാനിധിയായ ജനകമഹാരാജാവിനെ പ്രശംസിച്ചുകൊണ്ടു, ദേവന്മാരാൽ അലംകൃതമായ ദിവ്യലോകത്തേയ്ക്കു ഗമിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സത്യവത്യാഖ്യാനാരംഭം മുപ്പതാമദ്ധ്യായം.

—(o)—

മുപ്പത്തൊന്നാമദ്ധ്യായം.

ജൈമിനി:—നരകത്തിൽ വസിച്ചിരുന്നവർ പോയതിന്നുശേഷം നരപാലൻ സർവധർമ്മജ്ഞനായ പിതൃപതിയോടു ചോദിച്ചു:—'ധർമ്മരാജാവെ, ഭവാൻ പറഞ്ഞുവല്ലോ, പാപികളേ അങ്ങയുടെ പാട്ടിടത്തിൽ വന്നുചേരുകയെന്നും ധർമ്മനിരതർ വരികയില്ലെന്നും. എന്നാൽ, എന്തൊരു പാപംകൊണ്ടാണ്, ഞാൻ ഇവിടെ വന്നുചേർന്നതു? എന്റെ ആ പാപം മുഴുവനും ശരിയ്ക്കു പറഞ്ഞുതന്നാൽ കൊള്ളാം.' ഇതു കേട്ടിട്ടു, പരന്തപനായ പരേതനാഥൻ ജനകനു കാലനുരണനായാൻ കാരണമെന്തെന്നു പറഞ്ഞുകൊടുത്തു:—'രാജാവെ, രാമന്റെ പാദാരവിന്ദമകരന്ദം നുകരുന്ന മധുവ്രതമേ, അങ്ങയ്ക്കുള്ളതോളം മറ്റൊരു പുണ്യം ഭൂമിയിൽ ആർക്കുമില്ല. ദോഷത്തെ പിളർത്തുന്നതും തോഷത്തെ വളർത്തുന്നതുമായ ഭവാന്റെ കീർത്തിയാകുന്ന സപ്തഗംഗ പങ്കസംകലരായ പാപികളെപ്പോലും പരക്കെ പരിശുദ്ധരാക്കുന്നു. പക്ഷേ, ചെറുതായ ഒരു പാപം അങ്ങയ്ക്കുണ്ട്; അതുനിമിത്തമത്രേ പുണ്യം നിറഞ്ഞ ഭവാൻ യമപുരിക്കടുക്കൽ വന്നൊത്തിയതു: ഒരുദിവസം ഭവാൻ പുല്ലു തിന്നുന്ന ഒരു പയ്യിനെ തട്ടുകളഞ്ഞു; ആ പാപത്താലാണ്, നരകദർശനം കാണ്മാൻ ഇടവന്നതു. ഇപ്പോൾ ആ പാപം തീർന്നു; ഇനി ഭവാൻ സപുണ്യങ്ങൾകൊണ്ടു നേടിയ അനവധി മഹാഭോഗങ്ങൾ ഭുജിച്ചുകൊൾകെ. ഇവരുടെ സങ്കടം തീർപ്പാൻതന്നെയാണ്, കൃപാംബുധിയായ

Digitized By Kerala Sahitya Akademi

രഘുനാഥൻ വൈഷ്ണവനായ ഭവാനെ സംയമനീമാഗ്രത്തിലൂടെ യാത്രചെയ്യിച്ചതു്; ഭവാൻ ഈ വഴിയ്ക്കു വരില്ലായിരുന്നു എങ്കിൽ, ഇവയ്ക്കെങ്ങിനെ നരകത്തിൽ നിന്നു വിടുതി കിട്ടും? പരദുഃഖത്തിൽ ദുഃഖിക്കുന്നവരായ അങ്ങയെപ്പോലുള്ള ദയാലുക്കൾ പ്രാണികൾക്കുള്ള ദുഃഖം തീർക്കാതിരിക്കില്ല!'

ഈ വിധം കഥിക്കുന്ന കാലനെ വന്ദിച്ചു് അദ്ദേഹം അപ്സരസ്സുകളാൽ പരിശോഭിക്കുന്ന ദിവ്യവിമാനത്തിലൂടെ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. അതിനാൽ, പൈക്കളെ പതിവായി പൂജിക്കണം; മനസ്സുകൊണ്ടുപോലും നിന്ദിക്കരുതു്. നിന്ദിച്ചുപോയാൽ, പതിനായിരത്തമാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കേണ്ടിവരും. യുധിഷ്ഠിരാ, ഭവാൻ ഗോവിനെ പൂജിച്ചുകൊള്ളുക. അവർ പ്രസാദിച്ചാൽ ഉടനെതന്നെ ധർമ്മശീലനായ പുത്രൻ ഉണ്ടായിവരും.' ഇതു കേട്ടിട്ടു് ശ്രുതംഭരൻ, 'ഗോവിനെ അതിരറ്റപൂർവ്വം പൂജിക്കേണ്ടതു് എങ്ങിനെയൊക്കെയാണെ'ന്നു ചോദിച്ചു. അപ്പോൾ ജാബാലി ധേനുപൂജാവിധിയും പറഞ്ഞുകൊടുത്തു:— 'പുത്രാർത്ഥിയായ വ്രതക്കാരൻ നാംതോറും പയ്യിനെ മേയ്ക്കാൻ കാട്ടിലേയ്ക്കു പോകണം; പയ്യിനെ യവം ഭക്ഷിപ്പിച്ചു്, ചാണകത്തിൽ കാണുന്ന യവം പെറുക്കിയെടുത്തു താൻ ഭക്ഷിക്കണം. പയ്യു വെള്ളം കുടിയ്ക്കുമ്പോൾ താനും വെള്ളം കുടിക്കണം: പയ്യു് ഉയർന്നിടത്തു കിടക്കുമ്പോൾ, താൻ താഴെ സ്ഥിതിചെയ്യണം. എപ്പോഴും ഈവ്വകളെ അനുഗമിക്കണം; പുല്ലു താൻതന്നെ കൊണ്ടുവന്നു കൊടുക്കണം. ഇങ്ങിനെയൊക്കെ ചെയ്താൽ ധർമ്മിഷ്ഠനായ പുത്രൻ പിറക്കും.'

ഇതിൻപ്രകാരം, ധർമ്മാത്മാവായ ശ്രുതംഭരൻ പുത്രാർത്ഥമായി ഗോപൂജാവ്രതം അനുഷ്ഠിപ്പാൻ തുടങ്ങി: ആ ബുദ്ധിമാൻ നാംതോറും പയ്യിനെ പുല്ലും മറ്റും കൊടുത്തു തൃപ്തിപ്പെടുത്തും; ഈവ്വയെ അനുഗമിക്കും; യവമേ ഭക്ഷിയ്ക്കൂ. ഇങ്ങിനെ, കാട്ടിൽ നിർഭയമായി പുല്ലും മറ്റും തിന്നുമേയുന്ന പയ്യിനെ പൂജിച്ചുംകൊണ്ടു ദിവസം കുറെ കഴിഞ്ഞു. ഒരു നാൾ, രാജാവു കൈരളകംമുലം നായാട്ടിനു കാടിന്റെ ഭംഗിയിൽ കണ്ണുപതിച്ചു സഞ്ചരിക്കുന്ന ലാക്കിൽ, വനാന്തരത്തിൽ നിന്നു് ഒരു സിംഹം വന്നു പയ്യിനെ പ്രഹരിച്ചുകളഞ്ഞു. അവൾ ദുഃഖിതവശയായി 'ഉമ്പാ' എന്നു നിലവിളിച്ചു. ഉടനെ രാജാവു് അടുത്തെത്തി നോക്കിയപ്പോൾ, തന്റെ പശു സിംഹത്താൽ കൊല്ലപ്പെട്ടതായി കാണപ്പെട്ടു. ദുഃഖം പൊറുക്കായ്കയാൽ അദ്ദേഹം കരഞ്ഞുപോയി. പിന്നീടു് ജാബാലി മഹർഷിയെ ചെന്നുകണ്ടു, പ്രമാദത്താൽ പറ്റിപ്പോയ അഗോഹത്യയുടെ പ്രായശ്ചിത്തം ചോദിച്ചു:—'ഭഗവാനേ, ഇവിടുന്നുപദേ

Digitized By Kerala Sahitya Akademi

ശിച്ചതിൻവണ്ണം, കാട്ടിൽ പയ്യിനെ മേയ്ക്കുകയായിരുന്ന ഞാൻ; അതിനെ, ഒരു സിംഹം എവിടെ നിന്നോ ആട്ടുശ്യമായി വന്നാണഞ്ഞു കൊന്നുകളഞ്ഞു! ഈ പാപം നീങ്ങുന്നതിന്ന ഞാൻ എന്തു ചെയ്യേണമെന്നുപദേശിച്ചു തരുമാറാകണം. എങ്ങിനെയാണ് എന്റെ പ്രോല്പത്തിക്കുള്ള വ്രതം പൂർണ്ണമാവുക?

മാമുനി മറുപടി പറഞ്ഞു:—'രാജാവെ, ബ്രഹ്മഹത്ത്യൻ, കൃതഘ്നൻ, മദ്യപൻ എന്നിവർക്കൊക്കെ പാപംതീരാൻ പ്രായശ്ചിത്തങ്ങളം വിധിക്കപ്പെട്ടിട്ടുണ്ട്: കൃച്ഛ്രചാന്ദ്രായണാദി വ്രതങ്ങളം, യമനിയമങ്ങളം, ദാനങ്ങളം എന്നിവ മുറയ്ക്കനുഷ്ഠിച്ചാൽ ആ വക പാപം അവതിപ്പെട്ടം. എന്നാൽ രണ്ടു മാപാപത്തിന്ന—മനഃപൂർവമായ ഗോഹത്ത്യയ്ക്കും, വിഷ്ണുനിന്ദയ്ക്കും—പ്രായശ്ചിത്തമില്ല! പയ്യിനെ മനഃപൂർവം പീഡിപ്പിക്കുന്ന മഹാനീചൻ പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കും; ഒരൊറപ്രാവശ്യം നാരായണൻതിരുവടിയെ നിന്ദിച്ചാൽ, ആ ദുർഗ്ഗതം പുത്രപൌത്രരോടൊന്നിച്ചു നരകത്തിൽ പതിച്ചുപോകും. അറിഞ്ഞുംകൊണ്ടു മുകുന്ദനെ നിന്ദിക്കുകയും, ഗോവിനെ പീഡിപ്പിക്കുകയും ചെയ്യുന്നവന്ന് ഒരിക്കലും നരകത്തിൽ നിന്നവിടുതി കിട്ടുകയില്ല. എന്നാൽ, അറിയാതെ പറ്റിയ ഗോഹത്ത്യയ്ക്ക പ്രായശ്ചിത്തമുണ്ട്: ഭവാൻ രാമഭക്തനായ ധീമാൻ ജ്യേഷ്ഠണ്ണനെ ചെന്നുകാണുക. ശത്രുവിനേയും മിത്രത്തേയും തുല്യദൃഷ്ട്യാ ദർശിക്കുന്നവനാം, സകലരിലും ഒരേനിലയിൽ പെരുമാറുന്നവനുമായ അദ്ദേഹം ഈ ഗോവധത്തിന്നുള്ള പ്രായശ്ചിത്തം അങ്ങയ്ക്ക വേഗത്തിൽ പറഞ്ഞുതരും. പണ്ട് അദ്ദേഹത്തിന്റെ രാജ്യം ആക്രമിച്ചു അങ്ങയെ അദ്ദേഹം നിഷ്കാസനം ചെയ്തുവല്ലോ; എന്നാൽ ആ വൈരം വെടിഞ്ഞു, ഭവാൻ അദ്ദേഹത്തെ ചെന്നു കണ്ടുകൊള്ളുക. അദ്ദേഹം പറയുന്നതു സശ്രദ്ധമായി ചെയ്താൽ അങ്ങയുടെ പാപത്തിന്നുപശാന്തിവരും.'

ഇതനുസരിച്ച് ജിതംഭരൻ, രാമഭക്തനും ശത്രുമിത്രങ്ങളിൽ സമദൃഷ്ടിയുമായ ജ്യേഷ്ഠണ്ണന്റെ അടുക്കൽചെന്ന, ഗോഹത്ത്യ പറ്റിപ്പോയതും മാറും പറഞ്ഞുകേൾപ്പിച്ചു; ആ പാപത്തിന്റെ പരിശാന്തിക്കാണ് താൻ വന്നിരിക്കുന്നതെന്നും അറിയിച്ചു. അപ്പോൾ, പ്രതാപവാനും ബുദ്ധിമാനും ധർമ്മജ്ഞനുമായ ജ്യേഷ്ഠണ്ണൻ ചിരിച്ചുംകൊണ്ടരിയാടി:—'ശാസ്ത്രജ്ഞന്മാരായ മഹർഷിമാരുടെ മുമ്പിൽ ഞാനാരാണ്? അവരെവിട്ട, ഭവാൻ പണ്ഡിതനെന്ന നടിക്കുന്ന പാമരനായ എന്റെ അടുക്കൽ വന്നതെന്താണ്? പുരുഷപുംഗവ, ഭവാന് ഋഷികൾ വിശ്വാസമുണ്ടെങ്കിൽ ഞാൻ ഒന്നു പറഞ്ഞുതരാം; ആ സശ്രദ്ധം ചെ

Digitized By Kerala Sahitya Akademi

ത്തുകൊടുക്കുക: അങ്ങു മനസാ വാചാ കർമ്മണാ നിശ്ചയമായി ശ്രീരാമനെ സേവിച്ചു പ്രസാദിപ്പിച്ചാൽ മതി. ഈ ലോകേശ്വരൻ, തിരുവുള്ളം തെളിഞ്ഞാൽ രണ്ടഭീഷ്ടവും നിറവേറിത്തരും; അങ്ങേ യ്ക്ക് അറിയാതെ പിഴവിയ ഘോരതരമായ പാപവും നശിപ്പിക്കും. ഭവാൻ ശ്രീരാമനെ സ്മരിച്ചുകൊണ്ടു ഗോവിനെ പാലിക്കുകയും, ബ്രാഹ്മണന്ന സപ്തണ്ണം നൽകുകയും ചെയ്യുക; രണ്ടാൽ പാപം നീങ്ങിപ്പൊള്ളും'

ഇതിൻപ്രകാരം ക്ഷത്രിയോത്തമൻ രാജനെ സ്തുതിച്ചു വിസ്മയിച്ചിരുന്നായി വ്രതം കൈക്കൊണ്ടു, മുനോത്തമന്റെ ഗോവിനെ മേച്ചു പൻ കാട്ടിൽ നടന്നു. രണ്ടേപ്പാടം അളവോളം രാമനാമം സ്മരിക്കും; രണ്ടിപ്പോ ണികൾക്കിടയിൽ വിരാമം ചെയ്യും. അതിൽ അകംതെളിഞ്ഞ ധന്യ രാജാവിനോട്, അഭീഷ്ടവരം ചോദിച്ചുകൊൾവാൻ പറഞ്ഞു. 'രാമഭക്തനും പിതൃഭക്തനും സദ്ധർമപാലകനുമായ ഒരു പ്രിയപുത്രനെ രണ്ടനിക്ക തന്നാലും' രണ്ടന്ന് അദ്ദേഹം അപേക്ഷിച്ചു. ഉടനെ ആ വരം കരുണയോടേ നൽകി. ദേവി കാമധേനു അന്തർധാനംചെയ്തു.

രണ്ടുകാലം അദ്ദേഹത്തിന്ന രാമനെ സേവിക്കുന്ന വൈശ്യണവനായ പുത്രൻ പിറന്നു. ഉണ്ണിക്ക് അച്ഛൻ സത്യവാനെന്ന പേരിട്ടു. രൂക്കനൊത്ത വിക്രമിയും പിതൃഭക്തനുമായ സത്യവാനെന്ന പുത്രനെ ലഭിച്ചതിൽ ഭൂതംഭരന്ന് അത്യന്തം സന്തോഷമുണ്ടായി. സന്തോഷത്താൽ മനം കുളിർത്ത മന്നവൻ ധർമ്മശീലനായ മകനെ തന്റെ മഹാരാജ്യത്തിൽ വാഴിച്ചു, താപസ്സിനായി കാട്ടിലേയ്ക്കുപോയി; അവിടെ ഭക്തിപൂർവം ഹൃഷീകേശനെ ആരാധിച്ചു പാപനിർമ്മുക്തനായി, ഉടലോടേ വൈകുണ്ഠം പൂകുകയുംചെയ്തു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷുവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സത്യവദാഖ്യാനം മുപ്പത്തൊന്നാമദ്ധ്യായം.

(൧)

മുപ്പത്തിരണ്ടാമദ്ധ്യായം

സുമതി:—തിരുമേനി, ഈ സത്യവാനെന്ന രാജാവും സദ്ധർമ്മത്താൽ ജഗദീശനായശ്രീരാമഭദ്രനെ പ്രസാദിപ്പിച്ച ആളാണ്: ഇദ്ദേഹത്തിന്ന ലക്ഷ്മീവല്ലഭൻ തിരുവുള്ളം തെളിഞ്ഞു, വളരെ വളരെ യജ്ഞപുണ്യങ്ങൾകൊണ്ടുപോലും നേടാവതല്ലാത്ത സുസ്ഥിരമായ തൃപ്പാദഭക്തി കൂ

Digitized By Kerala Sahitya Akademi

ല്പിച്ചു നൽകിയിരിക്കുന്നു. ഈ കൃപാശീലൻ സർവ്വജനങ്ങളെക്കൊണ്ടും പാവനമായ ശ്രീരാമചരിതം നാടംതോറും ശ്രദ്ധാഭക്തിയോടെ കീർത്തിപ്പിച്ചുപോരുന്നു. ആരെങ്കിലും രമാകാന്തനായ രാമനാഥൻതിരുവടിയെ ആരാധിക്കാഞ്ഞാൽ, അവനെ, ഇദ്ദേഹം, കാലന്നുക്രൂടി പേടിത്തോന്നിക്കുന്ന ദണ്ഡംകൊണ്ടു പീഡിപ്പിക്കും. എട്ടുവയസ്സിന്നു മേൽ എൺപതുവയസ്സുവരെ സകലമനുഷ്യരും എടുകാടശ്ശി നോറ്റുകൊള്ളണമെന്നാണ് ഇദ്ദേഹത്തിന്റെ ആജ്ഞ. ലക്ഷ്മീദേവിയാളന്റെ കൃപകാരണം ശ്രേഷ്ഠത്തുള്ളസ്ഥി ഇദ്ദേഹത്തിന്റെ ശിരസ്സിൽ നിന്നൊരിക്കലും ഒഴിയാറില്ല. രാമനാമ ധ്യാനരതിയാൽ പരമാനന്ദവും തോഷവും വേർപെടുവാനായ ഇദ്ദേഹം ജീവിച്ചിരിക്കുക്രൂടി പൂജനീയനാകുന്നു; മറ്റുള്ളവർക്കു പിന്നെ പറയാനുണ്ടോ? രാമചന്ദ്രന്റെ പള്ളിക്കുതിര വന്നതറിഞ്ഞാൽ സാത്ത്വികൻ അങ്ങേയുടെ അടക്കൽവന്നു് ഈ നിസ്സംശയമായ രാജ്യം അടിയറവെയ്ക്കും. തിരുമേനി ചോദിച്ചതു ഞാൻ പറഞ്ഞുകഴിഞ്ഞു; ഇനി വ്യത്യസ്തവേണമെന്നു് ആജ്ഞാപിച്ചാലും.'

അശ്വം ആ പട്ടണത്തിലേയ്ക്കു കടന്നു. അതിനെ കണ്ടു് ആളുകളെല്ലാം അത്യന്തം വിസ്മയപ്പെട്ടു, തമ്മിലാണോ ചെന്നണഞ്ഞിച്ചു:—'ഗംഗാജലംപോലെ വെളുത്ത നിറത്തിലുള്ള ഒരു കുതിര നെറ്റിമേൽ തിളങ്ങുന്ന കനകപത്രവുമായി വന്നുചേർന്നിരിയ്ക്കുന്നു.' ഇതുകേട്ടു കുതുകിതനായ രാജാവു്, അശ്വം ആരുടേയാണെന്നാനേഷിച്ചറിവാൻ ആജ്ഞാപിച്ചു. അവർ വീണ്ടും അറിയിച്ചു:—'ശത്രുഘ്നനാൽ രക്ഷിക്കപ്പെട്ടു് നഗരത്തിൽ വന്നെത്തിയിരിക്കുന്ന കുതിര രാമൻതിരുമേനിയുടേതാണു്.' രാമൻ എന്ന അഭിരാമമായ രണ്ടക്ഷരം കേട്ടതോടുക്രൂടി രാജാവിന്റെ മനസ്സു തുള്ളിപ്പോയി. അദ്ദേഹം തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—

[ശ്ലോകങ്ങൾ]

ആരെക്കരേറിക്കാമ്പിലണച്ചു പേർത്തും
ധ്യാനിച്ചുപോരുന്ന നിരന്തരം ഞാൻ
ആ രാമചന്ദ്രന്റെ തുരംഗമേന്ദ്രൻ
ശത്രുഘ്നനൊത്തെൻപുരി പുക്കിതെന്നോ!

ഉണ്ടായിരിക്കും ദൃഢമെങ്കിൽ, സാക്ഷാൽ
ശ്രീരാമസേവാകരനാം ഹനുമാൻ,
ഒരിക്കലും രാമനെ മാനസത്തിൽ
മറന്നുപോകാത്ത മഹാനുഭാവൻ.

ഞാനാശു ശത്രുഘ്നനുമാണ്ടുനേയനും
രാമാംഘ്രിപങ്കേരുഹർ മൂവരുമിന്നു

Digitized By Kerala Sahitya Akademi

നില്ക്കുന്നൊടം പോറുകയാണു;—മാത്യ, മൽ-
സവ്സപവുംകൊണ്ടുവരു ക്ഷണോനനീ.

പോകുന്നുഞാൻ രാമഹയാവനത്തിനാം
ദുഷ്പ്രാപമാം രാമപദാച്ചിനയുമായ്—'
ഇതുംകഥിച്ചാക്ഷിതിപൻ സസൈന്യനായ്-
ശ്രുഘ്നനെക്കാണുവതിന്നിറങ്ങിനാൻ.

അപ്പോഴെയ്ക്കും, രാമാനുജൻ അയോദ്ധ്യാപുരിക്കടുത്തിക്കഴിഞ്ഞു. കുരുത്തോറിയ വീരന്മാർ ഗർജ്ജിക്കുന്നു; തേരൊലി മുഴങ്ങുന്നു; ജയശംഖു ശബ്ദങ്ങളും വീണാകപണിതങ്ങളും സർവ്വത്ര വ്യാപിക്കുന്നു. രാജാവു, സത്യവാൻ, മന്ത്രിമാരൊന്നിച്ചു ശത്രുഘ്നന്റെ അടുക്കലെത്തി നമസ്കരിച്ചു, രാജ്യവും വന്പിച്ച സമ്പത്തും സമർപ്പിച്ചു. ശത്രുഘ്നനാകട്ടെ, സത്യവാൻ രാമഭക്തനാണെന്നറികയാൽ അദ്ദേഹത്തിന്റെ വന്പിച്ച രാജ്യം അദ്ദേഹത്തിന്റെ പുത്രനായ ശമനു കല്പിച്ചുകൊടുത്തു. സത്യവാൻ ഹനുമാനേയും, രാമഭക്തനായ സുബാഹുവിനേയും മറു രഘുനാഥസേവകന്മാരേയും കെട്ടിപ്പുണർന്നു ചാരിതാർത്ഥ്യം ഉൾക്കൊണ്ടു, ശത്രുഘ്നനോടു ചേർന്നാനന്ദിച്ചു. ഇതിനിടയിൽ, വീരപരിരക്ഷിതമായ അശ്വം കുറെ അകലത്തായിക്കഴിഞ്ഞു. ഉടനെ ശത്രുഘ്നൻ ആ രാജാവിനോടും മറു വീരന്മാരോടുംകൂടി യാത്ര തുടർന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷയാത്ര്യായന സംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നസത്യവത്സമാഗമം, മുപ്പത്തിരണ്ടാമദ്ധ്യായം.

(o)

മുപ്പത്തിമൂന്നാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

ശത്രുഘ്നാദിമഹീമഹേന്ദ്രർ വളരെ-
ത്തേരാളരൊത്തെത്തുണ്ണിയാ-
ലെത്താത്തേർകുഴുമായ് ഗ്രമിയ്ക്കുവഴിയിൽ
പ്പെട്ടെന്നിരുട്ടെന്നതാ,

Digitized By Kerala Sahitya Akademi

മെത്തീ ലോകരതരം! തിരിച്ചുറികവ-
ണ്ണാതായ് സകീയാന്ത്രരെ-
ത്തത്ത്വജ്ഞക്കമരേറാ! മറെതുഗഗനം
പാടേ പൊടിച്ചുയർന്നിനാൽ.

തടിച്ചുന്തുകം ചലിച്ചു; പാഴിടിമുഴങ്ങി;ഭീമരഭമായ്.
തടിച്ചുമുകിൽ ചോരും ചലമമേധ്യവും പൊഴിയായ്;
പടുക്കളവരെന്തിതെന്നവശരായ്; കുംക്രരിരവം-
ചുടുചിലമന്ധരായുഴറിവന്നരാം ലോകരും.

ഇരുപം വീരവരക്ഷ ഭീതിയുതകി,-
പ്പാതാളവാസ്തവ്യനാം
വിഭുന്മാലി, ഭരാസ്യപ്രഭു, വളരെ
ക്രവ്യാശനനായരുമായ്,
വിണ്ണാലോത്തുരുപാലെ പോകുമൊരിര-
നാകം വിമാനത്തിൽ വ-
ന്നൊത്തിസ്സുതപരമുത്തുരംഗവരനെ-
ക്കൊണ്ടങ്ങുപോയീടിനാൻ!

ഇരുപം ചെറുതുനേരത്താൽ നീങ്ങി;തെളിഞ്ഞുനഭസ്ഥലം;
തിരുഹയമതെങ്ങെന്നാശ്ചര്യമുൽ നമുഖ്യർ തിരച്ചിലായ്;
ഒരുവനുമഹോ, കണ്ടീലാ,ഹാരവം പൊരുകീ ഭട-
ക്ക,രുവക്ഷളനാമാരെങ്ങോട്ടാഹരിച്ചു ദൈത്യനെ?'
അപ്പോഴാം കാണായ്,തേരാണ്ടുശിരുടയ നിശാ-
ടാഗ്ര്യയോദ്ധാക്കൾ ചൂഴ്ന്നു-
മ്മെയ്യോരാകാശദേശം;
വിസ്പഷ്ടം ഓരിയുന്നും വികൃതമുഖവുമായ്-
സ്സുനയെത്തിനൊക്കാൻ
നിൽപ്പുണ്ടങ്ങുഗ്രരക്ഷസ്സുകളുമുപനെ-
പ്പെന്നുണർത്തീടിനാർ.

'ആരോവാനിലതാ, വിമാനചരനായ്
മായാതമസ്സുറിതീ-
വീരന്മാരെമയക്കി നൽകുതിരയെ-
ക്കൊണ്ടങ്ങു പോയാനവൻ;

Digitized By Kerala Sahitya Akademi

൭൭൨ രാജർഷ്ഭ, ചെയ്യുവേണ്ടതിനി'ന്നെ-
ന്നാകർണ്ണനംചെയ്യുയാൽ
തീരാത്തോരരിശം തിരണ്ടുതുളിനാൻ
ശത്രുഘ്ന'നൊന്നിത്തരം:—
ആരാകട്ടെ, കുമ്പൊടെൻകുതിരമേൽ-
കൈവച്ച രക്ഷസ്സിവൻ;
പാരതാസ്സുവിമാനമെന്നെറവിശിഖ-
ക്കാറേറാറു വീണീടുമേ!
വാരാളും മമ കുത്തിയന്വിഹരിതി-
ട്ടിക്കട്ടെ താമസ്കം!
തേരാകെപ്പൊരുതാനൊരുക്കി രിപുവോ-
ടേൽക്കട്ടെ പോരാളികൾ.'

ഇത്രയും പറഞ്ഞു', അരിശത്താൽ കണ്ണു തുടുത്ത ശത്രുഘ്നൻ നയാനയജ്ഞനും ശൂരനും യുദ്ധകാര്യവിദഗ്ദ്ധനുമായ മന്ത്രിയോട് ചോദിച്ചു:—'പരമാസ്ത്രപടുക്കളും മഹായുധപാണികളുമായ എത്രയെല്ലാം ശൂരന്മാരെയാണ് രാക്ഷസനെക്കൊല്ലാൻ എടുപ്പിട്ടതേണ്ടത്? അതിന്ന തക്ക സാസ്ത്രസമർത്ഥന്മാരായ വീരന്മാരെ വേഗത്തിൽ ആലോചിച്ചു പറയു.' പോരിന്ന തക്ക കരുത്തരായ വീരന്മാരെ യഥോചിതം കൂട്ടിക്കാണിച്ചുകൊണ്ട് സചിവൻ പറഞ്ഞു:—'ആ രാക്ഷസനെ യുദ്ധത്തിൽ ജയിക്കുന്നതിന്ന, വിജയോദ്യതനും ശസ്ത്രാസ്ത്രസംയുക്തനും ശത്രുതാപനനുമായ പുഷ്കലൻ നടകൊള്ളട്ടെ; ലക്ഷ്മീനിധിയും ആയുധഗണമേന്തി ചെന്ന് അവന്റെ വിമാനം തന്റെ ക്രൂരനുകർഷംകൊണ്ടു തകർക്കട്ടെ; അരക്കരോട് പൊരുതാൻ ത്രാണിയുള്ള ദുഷ്പ്രവിക്രമനായ ഹനുമാൻ മുഖംകൊണ്ടും വാൽകൊണ്ടും രാക്ഷസരെ പ്രഹരിക്കട്ടെ; പോരിൽ പടുതപമുള്ള മാറു വാനരവീരന്മാരും ഇവിടത്തെ ആജ്ഞയാൽ പടയ്ക്കിറങ്ങട്ടെ. സുമദൻ, സുബാഹു, പ്രതാപാഗ്ര്യൻ എന്നീ മാന്യന്മാരും തീക്ഷ്ണശരങ്ങളും കൊണ്ടു രാക്ഷസാധമരോടു പൊരുതുവാൻ പോകട്ടെ. ഇവിടുന്നും വമ്പിച്ച ശസ്ത്രങ്ങളോടും പരിവാരങ്ങളോടും കൂടി, തേരിലിരുന്ന, രാക്ഷസനെ കൊല്ലാൻ യുദ്ധംചെയ്തു വിജയം നേടിയാലും. തിരുമേനി, അവനെ തട്ടിപ്പുറപ്പാൻ, ഈ ശൂരയോദ്ധാക്കൾ പോയാൽ മതി എന്നാണ് എനിയ്ക്കു തോന്നുന്നതു; പോരെ വാളെ പോരാളികളെന്തിന്?' അമാത്യപ്രവീരനായ സുമതി ഇപ്രകാരം അഭിപ്രായപ്പെട്ടപ്പോൾ, ശത്രുഘ്നൻ യുദ്ധവിദഗ്ദ്ധരായ വീരന്മാരെ നോക്കി പറഞ്ഞു:—'എല്ലാ ശസ്ത്രാസ്ത്രങ്ങളിലും പരിജ്ഞാനമുള്ള പുഷ്കലാദികളായ വീരന്മാർ രാക്ഷസവധത്തിന്ന് എന്റെ മുമ്പിൽ പ്രതിജ്ഞ

Digitized By Kerala Sahitya Akademi

ചെയ്യട്ടെ. നിങ്ങൾ സ്വന്തം പരാക്രമത്തിന്നൊത്ത മഹാശപഥം ചെയ്തിട്ട സൈന്യവുമായി പോരിന്നിറങ്ങുവിൻ.'

ഇതുകേട്ടിട്ട്, ആ തേജസ്വികളായ കരുത്തന്മാർ അവരവരുടെ മഹാ ശപഥം ഉച്ചരിച്ചു; ഒന്നാമതായി, പരമോത്സാഹസമ്പന്നനായ പുഷ്കലവീരനാണ് പ്രതിജ്ഞ ചെയ്തത്:—'രാജപുംഗവ, സർലോകങ്ങളും കേൾക്കെ ഞാൻ ചെയ്യുന്ന അത്ഭുതകരമായ പരാക്രമപ്രതിജ്ഞ ശ്രവിച്ചുകൊണ്ടാലും: ഞാൻ കട്ടതു കത്തിയുമുകൾ വില്ലിന്മേൽ നിന്നുതിർത്തു രാക്ഷസനെ മുഖത്തു തലമുടി ചിന്നിച്ചിതറുമാറു മോഹിച്ചു വീഴിയ്ക്കാത്തപക്ഷം, സ്ത്രീധനം കൊണ്ടുജീവിക്കുകയും വേദത്തെ നിന്ദിക്കുകയും ചെയ്താലുള്ള പാപം വാക്കു തെറിച്ചതിന്നു എന്നെ ബാധിച്ചുകൊള്ളട്ടെ! മഹാരാജാവെ, ബലം തഴച്ച പടജ്ജനങ്ങൾ എന്റെ ശരങ്ങളാൽ പിളർത്തപ്പെട്ടവീണില്ല · എങ്കിൽ, വിഷ്ണുമഹേശ്വരന്മാരെയും ശക്തിശിവന്മാരെയും രണ്ടായി കരുതിയാലുള്ള പാപം എങ്കൽ പറ്റിക്കൊള്ളട്ടെ! ഞാനിച്ചുറഞ്ഞതിനെയെല്ലാം, ശ്രീരാമപാദാംബുജത്തിൽ എനിക്കുള്ള നിശ്ചലഭക്തിതന്നെ നിറവേറ്റിക്കൊള്ളും!' പിന്നീട് ലക്ഷ്മീനിധിനൃപൻ, തന്റെ പരാക്രമത്തിന്നൊത്ത സത്യപ്രതിജ്ഞ ചെയ്തു:—'വേദങ്ങളെ നിന്ദിച്ചതുകേട്ട മിണ്ടാതിരിക്കുന്നവൻ, അതിൽ രസിക്കുന്ന സർവ്വധർമ്മബഹിഷ്കൃതൻ, രസവും അരക്കും മറ്റും വിൽക്കുന്ന ഭർവൃത്തബ്രാഹ്മണൻ, പണംകൊതിച്ചു പശുവിനെ വിൽക്കുന്ന മൂഢൻ, ശ്ലേച്ഛന്റെ കിണറിലെ വെള്ളം കുടിച്ചിട്ടു പ്രായശ്ചിത്തം ചെയ്യാത്തവൻ, എന്നിവർക്കുള്ള പാപം, യുദ്ധത്തിൽനിന്നു പിന്തിരിഞ്ഞു എങ്കിൽ എന്നെ തീണ്ടിക്കൊള്ളട്ടെ! അതിനുശേഷം, അയോധനചതുരനായ ഹനുമാൻ രാമന്റെ തൃക്കാൽ സ്തുതിച്ചുകൊണ്ടുരിയാടി:—'എന്റെ സ്വാമി—യോഗികൾ നിരന്തരം മനസ്സിലുറപ്പിച്ചു ധ്യാനിക്കുന്നവൻ—ദേവാസുരന്മാരെപ്പോറ്റാം രൗദ്രകിരീടം കവിച്ചു കുമ്പിടുന്നവൻ—അയോദ്ധ്യപ്പെരുമാൾ—ലോകേശപൂജിതനായ ശ്രീരാമൻ—ത്തിരുവടിയെ സ്മരിച്ചുകൊണ്ടു ഞാൻ പറയുന്നതു സത്യമായിട്ടേ വരൂ: തിരുമേനി, വിമാനത്തിലിരിക്കുന്ന ഈ ദുർബ്ബലനായ രാക്ഷസൻ എത്ര നിസ്സാരൻ! കല്പിച്ചനുവദിച്ചാൽ, ഞാൻ തനിയെ വീഴ്ത്തിക്കൊള്ളാം. ദേവേന്ദ്രൻ വാഴുന്ന മഹാമേരുവിനെ ഞാൻ വാലിൻതലകൊണ്ടു പറിച്ചെടുക്കാം! പൂഴികളോടുകൂടിയ സമുദ്രം വറ്റിയ്ക്കുകയോ, ഒന്നായി കൂടിക്കുകയോ ചെയ്യാം! രഘുനാഥൻ തിരുമേനിയുടേയും ജാനകിയുടേയും തിരുവുള്ളത്താൽ എനിക്കസാദ്ധ്യമായി യാതൊന്നും ലോകത്തിലില്ല! ഞാനിച്ചുറഞ്ഞതു പാഴാകുമെങ്കിൽ, തൽക്ഷണം തന്നെ

Digitized By Kerala Sahitya Akademi

ഞാൻ ശ്രീരാമഭക്തിയിൽ നിന്ന് അകന്നുകൊള്ളട്ടെ! എന്റെ വാക്കു തെറ്റിയാൽ, പയ്യിനെ പാലിന്നുവേണ്ടി പോറുന്ന ശൂദ്രന്നുള്ള പാപംഎന്നെ ബാധിച്ചുകൊള്ളട്ടെ; കാമത്താൽ മതിമറന്നു ബ്രാഹ്മണിസ്ത്രീയെ ഗമിക്കുന്ന ശൂദ്രന്നുള്ള പാപം എന്നെ ബാധിച്ചുകൊള്ളട്ടെ; രാമകുപാബലത്താൽ എന്റെ ശപഥം ഞാൻ നിറവേറ്റില്ലെങ്കിൽ, ത്രുണിക്കുകയൊ സ്പർശിക്കുകയൊ ചെയ്താൽ രൌരവനരകത്തിൽ പതിപ്പിക്കുന്ന മദ്യം കൊതിമൂലം കുടിച്ചവന്നുള്ള പാപം തീർച്ചയായും എന്നെ ബാധിച്ചുകൊള്ളട്ടെ!' മറ്റു മഹാവീരന്മാരായ പോരാളികളും സ്വപരാക്രമത്തിനൊത്ത മഹാപ്രതിജ്ഞകൾ ചെയ്തു.

അപ്പോൾ, കൊള്ളാം കൊള്ളാം എന്നിങ്ങനെ ആ യുദ്ധവീരന്മാരെ പ്രശംസിച്ചു ശത്രുഘ്നൻ ഒരു ശപഥം ഉറപ്പിച്ചു:—'യുദ്ധോത്സാഹികളായ മഹാഭാഗന്മാരേ, എന്റെ സത്യശോഭിതമായ ശപഥവും നിങ്ങടെ ശ്രവിച്ചുകൊണ്ടാലും: ഞാൻ രാവണന്റെ തല കണ്ണങ്കടംകൊണ്ടു കഴുത്തിൽനിന്നു കൊയ്തെടുത്തു പിളർത്തി നാഴികെ ഭൂമിയിൽ വീഴിച്ചില്ലെങ്കിൽ, കള്ളസ്സാക്ഷി പറയുക—കനകം കക്കുക—വേദത്തെ നിന്ദിക്കുക എന്നിവയാലുള്ള പാപം തീർച്ചയായും എങ്കൽ പറ്റിക്കൊള്ളട്ടെ!' ഈ ശത്രുഘ്നന്റെ പ്രതിജ്ഞ കേട്ടപ്പോൾ, ആ പരമവീരന്മാർ, 'രാമസോദര, ഭവാൻതന്നെ ധന്യൻ! അങ്ങയെപ്പോലെ മറ്റാരുണ്ട്? സുരന്മാരെയും അസുരന്മാരെയും വലച്ചുപോന്ന മഹാബലനും മധുപുത്രനുമായ ലവണാസുരനെ സംഹരിച്ചു ഭവാൻ ഈ ദുഷ്ടരാക്ഷസൻ എത്രയുള്ളൂണ്ട്? ഇവന്റെ ചെറുസൈന്യം എവിടെ? ഇവനെ ക്ഷണനേരംകൊണ്ടു ഭവാൻ നശിപ്പിക്കാ!' എന്നിങ്ങനെ പ്രശംസിച്ചു, സനദ്ധരായി, യുദ്ധത്തിൽ സപ്രതിജ്ഞകളെ സഫലീകരിക്കുന്നതിന്ന് ആ രാക്ഷസന്റെ നേരെ സഹർഷം നടകൊണ്ടു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, വിഘ്നമാലികൃതയജ്ഞാശ്വാപഹരണം മുപ്പത്തിമൂന്നാമദ്ധ്യായം

(൦)

മുപ്പത്തിനാലാമദ്ധ്യായം

[കിളിപ്പാട്ട്—കാകളി]

ശേഷൻ:—

ശസ്ത്രാസ്ത്രമൊക്കെയുംചേർന്ന സദശാങ്ങ-
ളൊത്ത നാനാമണിത്തേർകളിലാണ്ടവർ
നേരിട്ടുചെൽകെ, വിമാനസ്ഥനാശരൻ
ഭൂരി തഴ്ജിച്ചുകൊണ്ടാതി കാറൊച്ചയിൽ:—

Digitized By Kerala Sahitya Akademi

'നേക്കേണ്ട വീരരേ; വീട്ടിനാപോയ്ക്കൊൾകെ;
പോക്കേണ്ടതൻ പ്രാണനാശത്തെ ഞാൻ വിടാ!
വന്നുവിട്ടുന്മാലി രാവണബന്ധുഞാ-
നിന്നാസ്സുഖാവിൻകൊലയ്ക്കുതിർ ചെയ്യുവാൻ:
എങ്ങുപോയ് രാമനെൻ തോഴനെക്കൊന്നവൻ
എങ്ങു തസ്സോദരൻ ശൂരശിരോമണി
രണ്ടാളെയും കൊന്നാവീഴ്ത്തി,പതഞ്ഞതൽ-
കണ്ടുരകൃതം കൂടിച്ചിട്ടുക വീട്ടവൻ!'
ഇച്ചൊല്ലുകേട്ടാച്ചണയുള്ള വീരനോ-
ടുച്ചരിച്ചാൻ ഭടശ്രീമൻ പുഷ്കലൻ:—
ഉറവും മറയില്ലവീരസ്സുങ്ങമംപോ-
യ്ക്കോറവു തൻകൈൽപുകാണിയ്ക്കയേ ചെയ്തിട്ടു.
അരദ്ദശാസ്യനെക്കൊന്ന ക്രൂരത്തൊടാ,
വീരന്റെ വാജിയെക്കൊണ്ടുനീയെങ്ങുപോം?
വീഴുമേ ശത്രുല്ലനെയ്യു ബാണങ്ങളേ-
റേഴിയിൽ നിൻപിണം ജംബുകർക്കുണ്മാം!
ഈമട്ടിലാത്തലറായ്ക നീ ദുർമ്മതേ,
രാമന്റെസേവകൻ ഞാനിങ്ങിരിക്കവേ!
ചേണെഴും മാറാരെയുദ്ധത്തിൽ വെന്നിട്ട
വേണമലറുവാൻ നൽപ്പടയാളികൾ.

വീരോടിതോതുന്ന പുഷ്കലവീരന്റെ
മാറിനവേലൊന്നു വിട്ടാനരക്കർകോൻ;
കെല്പോടുമുന്നുക്രനാൽമുറിച്ചിത-
ങ്ങപ്പോന്നാണിക്കാരിരുമ്പോൽ പുഷ്കലൻ
മുന്നായ് മുറിഞ്ഞൊളികെട്ടതു വീഴ്കയായ്
മുന്നമറിശക്തിയെന്നതോന്നുംവിധം.
രാക്ഷസൻ മാറരാക്ഷ കാലനിരുമ്പായ
തീക്ഷ്ണശൂലമൊന്നാഞ്ഞുവിട്ടാൻ തദാ;
തീയുഗോപാലോഗ്രമതമ്പിനാലെന്നമണി-
പ്രായം നാകുകിക്കുഞ്ഞുകരുത്തൊടും
ചിത്തവേഗാസ്സുങ്ങമം വില്ലിൽത്തൊടുത്തെയ്തു
സുധ്യാതരമാംശ്രീ പുഷ്കരൻ പുഷ്കലൻ
വേഗത്തിലെത്തിടുതിഞ്ഞാഗ്രിതാസ്സുങ്ങമം
രാഗംപെടുത്തീ നിശാടഹൃത്തിൽത്തുലോം
ഭാഗവതന്റെ മനസ്സിൽ മനോഹര-
ശ്രീഗരുഡാങ്കഗുണങ്ങളും കണക്കിനെ

Digitized By Kerala Sahitya Akademi

ഉൽക്കടനോടൊന്നുച്ചരക്ഷഃസ്സാര
മുൽഗരം വിട്ടാനരാതിയെക്കൊല്ലുവാൻ;
മാറത്തു ഘോരമതോറാശ്രു മോഹിച്ചു
തേരിൽ വിറക്കൊണ്ടു വീണുപോയ് പുഷ്കലൻ.

ഉഗ്രനാം രാക്ഷസേശന്റെ സഹോദര-
നഗ്രഭംഷ്ടൻ തദാ ലക്ഷ്മീനിധിയുമായ്,
വീരരാൽ പ്രാണാഹുതിചെയ്യുമസ്സൂങ്കരം
വാരിച്ചൊരിഞ്ഞടരാടിനിന്നീടിനാൻ.
പുഷ്കലൻ തെല്ലിടകൊണ്ടു തന്റേടമാ-
ർന്നുരാതിയോടുരിയാടിനാൻ:—
'ധന്യനരക്കർകോനേ, നീ; മഹത്തരം
നിന്നുടെ വിക്രമം! കാങ്കിനിയെൻറയും:
ക്രൂരനുകൊണ്ടിതാ, നിൻതല തീർപ്പയായ്—
ട്ടാരിൽ വീഴിപ്പൻ വിമാനത്തിൽനിന്നു ഞാൻ!'
ഇത്രം സുധീരമുരച്ചു, തീപോലെഴും
ദുർഭ്രൂഷ്ടിച്ചതീക്ഷ്ണാസ്യമൊന്നോന്തിനാൻ;
ചെന്നാരു ഭംഷ്ടന്റെ മാറിലേറീ, തു-
ങ്കനാതിനൃക്കവൻ കൊടുംവതിൻമുനാലെ.
കൊണ്ടാപൻ മൂർച്ഛിച്ചുഴന്നുതലചുറ്റി
വീണുവിമാനത്തിൽനിന്നു കീഴ്പോട്ടവൻ;
വീഴുന്ന ചോട്ടനെത്താങ്ങി വിമാനത്തിൽ
വാഴിച്ചു സാശങ്കനഗ്രഭംഷ്ടൻക്രുധാ
ചൊന്നാനരാതിയാം പുഷ്കലവീരനോ-
ടെന്നാണ്ണനെവീഴ്ത്തിയെങ്ങുപോം ദുഷ്ടാ, നീ?
രണ്ടൊന്നു വെന്നോ നീയടയുമഹാജയം;
നിന്നുള്ളിൽ വേണ്ടാ ജയാശ, ഞാനുള്ളനാൾ!'
ഇത്രം കടിക്കുമാഭംഷ്ടന്റെ നെഞ്ചിനു
പത്തമ്പയച്ചു രുഷ്ടോജ്ജ്വലൻ പുഷ്കലൻ.
അപ്പുണ്ണുബാണമേറാശരൻ വൽ കടി-
ച്ചുൽപ്പന്നരോഷം കുമാരനെക്കൊല്ലുവാൻ
മുഷ്ടി ചുരുട്ടിയിടിച്ചിതു മാറത്തു,
പെട്ടന്നിടിവാരം പതിപ്പതിന്നൊപ്പമെ.
മുഷ്ടിപ്രഹാരാൽത്തരിപ്പും കലുങ്ങീല
മുഖ്യാസ്യകോവിദൻ വീരനാം പുഷ്കലൻ
രാക്ഷസമർദ്ദനത്തിനു തുനിഞ്ഞതി-
തീക്ഷ്ണങ്ങളായും വസുദന്തങ്ങളും തുകിനാൻ.

Digitized By Kerala Sahitya Akademi

മാനിലവയ്യോരു നോവാന്തരക്കനാം
വീരാഗ്ര്യപുഷ്പ്കലപ്രൌഢവക്ഷസ്സരസ്സി
ജ്വാലാകരാളമാം മൂന്നു മുനയുള്ള
ശൂലമൊന്നുജ്ജ്വലം ചാട്ടിനാൻ മാരുതം.
ആശ്ശൂലാഘാതമേറാതെ മറാവില്ലാളി
കുശ്ശലപ്പെട്ടാശു തേർത്തട്ടിൽ വീണുപോയ്.
പുഷ്പ്കലൻ മൂർദ്ധ്വിപുളകണ്ട മാരുതി
പുഷ്പ്കലക്രോധമരക്കനോടോതിനാൻ:—
'ഹന്തങ്ങോട്ടുപോകം സുദുർമ്മതിയായനീ-
യിങ്ങുതാൻ പോരിനൊരുങ്ങിനിന്നീടവേ?
വന്നു കുതിരയെക്കട്ടു നിന്നൊപ്പുതു-
കുന്നതുണ്ടംഭ്രിയാവിട്ടു ചാടി ഞാൻ!'
ഖുവം കഥിച്ചുവൻ ചാടി വാനന്തണ-
ഞ്ഞാ, വിമാനസ്ഥരാം രാക്ഷസയോധരെ
കൊൽകയായ് വാൽകൊണ്ടടിച്ചും ചവുട്ടിയും
കൈകളാൽത്തല്ലിയും മാന്തിപ്പിളർത്തിയും.
ചത്തു ചിലർ; ചിലർ മൂർച്ഛിച്ച വീണു; ത-
ന്മട്ടനം പോടിച്ച മണ്ടുകയായ് ചിലർ.
ഒട്ടല്ല രണ്ടായ് പിളർത്തും മുറിച്ചുമ-
ദ്ധൂമ്രനിശാടരെക്കൊന്നകാറന്തകൻ!
ആയുധം തല്ലിത്തകർത്തിതക്കാമഗ-
ശ്രീവിമാനത്തിൻ കുമാനവും കോട്ടയും;
വാവിട്ട കേണാരതിൻ ചുറ്റുമാശരർ;
ദ്രുവിടും ദിക്കാവിലും കാണായ് ക്ഷണമവൻ
എങ്ങെങ്ങേ കാമഗാ ധ്വസ്തവിമാനമ-
തങ്ങങ്ങണകയാന്ത് കാമരൂപൻകപി.
ഇത്ഥം വിമാനത്തെയിട്ടഴറും മരുൽ-
പുത്രനോടേറ്റുത്തുഗ്രംഭൂശരൻ,
'മക്കടത്താനേ, മഹത്ശരം തന്നെയാ-
ണിക്കിങ്കരന്മാരെ വീഴിച്ച നിൻതൊഴിൽ!
നിൽക്കും ക്ഷണനേരമിങ്ങു നീയെങ്കിലോ
നിഷ്ക്രാന്തജീവിതനാക്കുവൻ നിന്നെഞാൻ.'
എന്നംപരന്നാഞ്ഞു കുത്തിനാൻ തീക്ഷ്ണമാ-
കുന്ത ചെന്തീയൊളിശ്ശൂലായുധത്തിനാൽ.
നേക്കെത്തുമാക്കാരിരുമ്പാംത്രിശൂലത്തെ
വായ്ക്കാണ്ടുതീരെക്കടിച്ചു പൊടിച്ചുടൻ

Digitized By Kerala Sahitya Akademi

ശ്രീകരിശ്രേഷ്ഠൻ കരുത്തൊടാട്ടിഷ്ടാനെ-
ക്കൈകൊടം പരത്തിയടിച്ചാൻ തെരുതെരെ.
തല്പകംകൊണ്ടുവലഞ്ഞവൻ, വിഷ്ടപ-
മെല്ലാം നടുങ്ങുന്ന മായ കാട്ടീടിനാൻ:
ക്രൂരിതരംപൊങ്ങീ, സമസ്തമദ്ദശ്യമാ-
യാ,രും തിരിച്ചറിഞ്ഞീലാ നിജാന്യരെ;
കുന്നിൻമുടിക്കൊത്ത കല്പകം യോധരിൽ
പന്നാവീഴുന്ന ചതഞ്ഞുചിന്നംവിധം;
മിന്നലിടിയുമായ് പ്പൊയ്യുന്നമേഘങ്ങ-
ളന്യോന്യമായ് പ്പുലം ഘോര യുദ്ധകരം;
പൂഴ്ന്ന നഭസിൽ നിന്നോരൊക്കൊന്ധങ്ങൾ
വീഴുന്ന കുണ്ഡലം ചോൻ തലകളും;
കാണായി നീളേ മുടിപാറി നഗ്നരായ്
കൊണപർ പാപവിരുപഭയംകരർ.
ഏന്തോ മഹോല്പാതമാണിതെന്നാളുക-
ളന്തർഭയാർത്തരായ് പ്പാഞ്ഞുതുടങ്ങിനാർ.
അപ്പോളണിത്തേരിലേറിയെഴുന്നള്ളി,
നൽപ്പുകളേറിയ ലക്ഷ്മണസോദരൻ
രാമനെധ്യാനിച്ചിരുക്കടംവില്ലിൽത്തൊടു-
ത്താമായംപോക്കിനാൻ മോഹനാസ്ത്രത്തിനാൽ.
സുപ്രസന്നങ്ങളായ് ദിക്കുകളും; ഭാസ്കരൻ
നിഷ്പരിവേഷനായ്; നീങ്ങികാർമിന്നാലും;
നേരിട്ടുകാണായ് രക്ഷോവിമാനവും
കീറുക,വെട്ടുകെന്നഗ്ര കോലാഹലം.
വീരനാം ശത്രുഘ്നനപ്പോഴേസായക-
ധാരയാൽമൂടിനാൻ വാനന്തരക്കനെ;
വിണ്ണൊമയാനന്തിൽ മേന്മേൽപ്പുതിയ്യുയായ്
പൊൻകെട്ടിമിന്നും കണകടം നൂറായിരം.
അങ്ങിനെയന്പേറടഞ്ഞാ വിമാനാഗ്ര-
മങ്ങിളത്തട്ടിലേയ്യാറന്തു,വീണുരതേ:
തുംഗമാമിന്ദ്രപുരത്തിലൊരുഭാഗ-
മെങ്ങാനടഞ്ഞതോ എന്നതോന്നുംവിധം!
ആയതിൽ ക്രോധത്തോടാത്തേറാരക്കനാം
സായകമേറെപ്പൊഴിച്ചു ശത്രുഘ്നനിൽ;
ശത്രുഘ്നമെയ്യിൽത്തറഞ്ഞാശ്ശിതാഗ്രങ്ങ-
ളസ്രുങ്ങളം ചോരപുരണ്ടുവിളങ്ങിതേ.

Digitized By Kerala Sahitya Akademi

ശക്തിമാൻ ശത്രുഘ്നനവന്റെ വായവ്യ-
മസ്ത്രംധനുസ്സിൽകൊണ്ടാക്രമിക്കയാൽ
ഭയകാരണമാനന്ദത്തിൽനിന്നു മുടിവിനായി
വീണുരാക്ഷസ ശ്രേഷ്ഠന്മാരുടനവർ.
ആയുധശാസ്ത്രകുശല പ്രകൃഷ്ടാഗിരൂപികാനൈപുണ്യൻ
വീരനവനാസ്ത്രംകൊണ്ടാക്രമിച്ചാൻ നിശാചരൻ;
ജാതരാഷ്ട്രനിതന്തിൽനിന്നുമുദ്ഭൂതമ്രക്രൂര
ശ്വേതാമ്രമുഖൻ ശ്വേതനവിശാചരം.
കത്തിരിയുംതലയുമായ് ഭയങ്കരന്മാർ
രാത്രിഞ്ചന്മാരായുധരക്തരോഷവായുരഥന്മാർ,
ജീവിപ്പുകൊണ്ടവരുടെ മേലാരും ചെറുതെന്നാടു-
ത്താഹവത്തോളം ചെടിപ്പുവാൻതുടിച്ചിന്നായ്
ഞാസ്ത്രമതൊട്ടുകുവീരരെക്കൊടിയും
മർദ്ദിച്ചുപുകഴ്ന്നതിനൊന്നടുക്കുവാൻ
നാരായണാസ്ത്രമയച്ചു ശത്രുഘ്നനും..
ഞൊടമേ, പേടിച്ചെല്ലാരുമറഞ്ഞുപോയ്
തരുപൊടിച്ചു നിശാചരൻ ശത്രുഘ്നൻ-
റത്യുഷ്ണരശ്മിതീക്ഷ്ണതരിശൂലമൊന്നിനാൻ;
ശൂലമുടഞ്ഞുതുരുമ്പൻറെ കൈകരുത-
ന്നമലർമഹാസ്ത്രമെയ്തരുളിനൻ ലവണൻ.
അനേകരുകൈകരണ്ടുമറുവീണൊപ്പോഴേ,
വെടിഞ്ഞിരുന്നുലിടിച്ചാൻ തുനിഞ്ഞതോ,
'ശത്രുഘ്നൻ, തീർന്നുപോയ്നിൽക്കുവ;-യാർനിനൈ-
യത്രരക്ഷിയുക്കു'മെന്നാതാ രക്ഷസ്സിനെ
ക്രൂരനുകൊണ്ടെയ്തു, കുണ്ഡലമിട്ടമാ-
രീശൂരന്റെ പാഴ്തലകൊയ്തു രാമാനുജൻ.
വൃന്നതുകണ്ടുഗ്രം തൊണ്ണൂറാമുഷ്ടിയായ്-
ച്ചെന്നടിച്ചാനൊരുമൊട്ടെ ശത്രുഘ്നനെ;
ശസ്ത്രാസ്ത്രമെല്ലാം പയറാക്കിവീരരെ-
ത്തത്രപാതഞ്ഞുമവന്റെ ശീഘ്രതയും
കണ്ടിയനൊരാനിനാൽ ഖണ്ഡിച്ചുപീഠത്തിനാൻ
ശത്രുഘ്നനാജ്ഞാസാ ശൂരസംസേവിതൻ.

പോരിൽകൊലച്ചെട്ട ശേഷിച്ചുരാക്ഷസർ
തീരെയനാഥരായൊക്കെത്താഡമിച്ചുടൻ
ശത്രുഘ്നപാദം പണിഞ്ഞാക്കുതിരയെ
പ്രത്യുഷ്ണംചെയ്താഴിഞ്ഞുപോയീടിനാൻ.

Digitized By Kerala Sahitya Akademi

൨൫൩൫൪൫൬൭൮൯൰൱൲൳൴൵൶൷൸൹ൺൻർൽൾൿ൦൧൨൩൪൫൬൭൮൯൰൱൲൳൴൵൶൷൸൹

നാം മുനിശ്രേഷ്ഠന്മാരെല്ലാവരെയും വെവ്വേറെ വന്ദിച്ചുംകൊണ്ടു, സപ്ത പുണ്ഡ്രചാരിയായ തുരംഗമേന്ദ്രന്റെ പിറകെചെന്നു. അപ്പോൾ അവിടെ, ഇലകൾകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു ജീർണ്ണാശ്രമം കാണ്മാറായി. നർമ്മദയുടെ തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്നതും വഴിപോക്കർ വിശ്രമിക്കുന്നതുമായ ആ സ്ഥലം ദർശിച്ചയുടനെ, എല്ലാ ധർമ്മാത്മാക്കളും കർത്തവ്യകർമ്മങ്ങളും അറിയുന്ന ശത്രുഘ്നൻ നയജ്ഞനായ സുമതിയോടു ചോദിച്ചു:—'മന്ത്രി, ആരുടെയാണ് ഈ പുണ്യദർശനമായ ആശ്രമം? പറയുകതന്നെ. അങ്ങേ വിചാരപൂർണ്ണന്മാരിൽ അഗ്രഗണ്യനാണല്ലോ.' ഇതു കേട്ട സുമതി, തന്നുരാനോടു തന്റെ സൌഹൃദം കാണിച്ചുംകൊണ്ടു സുസ്പഷ്ടമായി അറിയിച്ചു:—'മഹാരാജാവെ, ഇവിടെയുള്ള സർവ്വശാസ്ത്രജ്ഞനായ മുനിശ്രേഷ്ഠനെ ദർശിച്ചാൽ നമുക്കു പാപശാന്തിവരും. അതിനാൽ, രഘുനാഥന്റെ ചരണാബ്ജമകരന്ദം ആസ്വദിക്കുന്നതിൽ അതിതല്പരനായ ഭവാൻ അദ്ദേഹത്തെ ചെന്നു വന്ദിച്ചു ചോദിച്ചാൽ, എല്ലാം പറഞ്ഞുതരും. ആരണ്യകനെന്നാണ് ആ രാമഭക്തന്റെ നാമധേയം; അദ്ദേഹം അത്യുഗ്രമായ തപസ്സു തികഞ്ഞവനും സർവ്വശാസ്ത്രപണ്ഡിതനുമത്രേ.'

ഈ ധർമ്മാത്മാംസളമായ വചനം കേട്ടിട്ട, ശത്രുഘ്നൻ എതാനും അകമ്പടിക്കാരോടുകൂടി, അദ്ദേഹത്തെ ദർശിപ്പാൻ നടകൊണ്ടു. ഹനുമാൻ, വീരനായ പുഷ്കലൻ, മന്ത്രിശ്രേഷ്ഠനായ സുമതി, ലക്ഷ്മീനിധി, പ്രതാപാഗ്രണി, സുബാഹു, സുദർശൻ എന്നിവരോടൊന്നിച്ചു, മഹാമനസ്കനായ മന്നവൻ ആശ്രമത്തിൽ ചെന്നെത്തി, താപശ്രേഷ്ഠനായ ആരണ്യകനെ കണ്ടു സാഷ്ടാംഗം നമസ്കരിച്ചു. ആ വിനയാനന്തരായ ശത്രുഘ്നാദി വീരന്മാരെയെല്ലാം ദർശിച്ചിട്ടു ബ്രാഹ്മണേന്ദ്രൻ അവരെ പാദ്യാർഘ്യഫലമൂലാദികൾകൊണ്ടു സൽക്കരിച്ചു ചോദിച്ചു:—'സൌമ്യന്മാരെ. നിങ്ങൾ എവിടെവച്ചു് ഒത്തൊരുമിച്ചു? ഇവിടെ വന്നതിനു കാരണമെന്താണ്? എല്ലാം പറകതന്നെ.' മഹർഷി ചോദിച്ചതിനു, വാഗ്മിയായ സുമതി മറുപടിപറഞ്ഞു:—'രഘുവംശപ്പെരുമാളുടെ കീർത്തിയെ രക്ഷിക്കുന്നവരാണ് ഇവരെല്ലാവരും; അവിടുന്ന് എല്ലാ ഒരുക്കങ്ങളും കൂട്ടി യാഗം ദീക്ഷിച്ചിരിക്കയാണ്.'

ഇതുകേട്ട മുനീന്ദ്രൻ ദന്തകാന്തികൊണ്ടു ശ്ലോരത്നമസ്സിനെ മൂടും അകമ്പടുന്ന മട്ടിൽ അരുളിച്ചെയ്തു:—'എല്ലാ ഒരുക്കങ്ങളുംകൂട്ടി പലതരം യാഗങ്ങൾ ചെയ്തിട്ടെന്താണ്? അവകൊണ്ടു സപല്പമായ പുണ്യവും, നശ്വരമായ പദവുമേ കിട്ടുകയുള്ളു. സുസ്ഥിരമായ ശ്രീശാശ്വതപദം തന്നരുളുന്ന രമാപതിയായ രഘുവീരൻ തിരുവടിയെ വിട്ടു മറന്നാതെ

Digitized By Kerala Sahitya Akademi

ങ്കിലും പൂജിക്കുക എന്നതു മൂഢതയത്രേ. അവിടത്തെ സ്മരിച്ചാൽ മതി, പാപപർവ്വതം പൊടിയാകാൻ. തന്തിരുവടിയെ വിട്ടു മൂഢന്മാർ യാഗവും യോഗവും വ്രതവുമൊരുമ അനുഷ്ഠിച്ചു കഷ്ടപ്പെടുന്നു! ഹാ, നോക്കൂ, ആളുകളുടെ തീരാത്ത മൂഢതാം: എല്ലാറ്റിനുമുള്ള ശ്രീരാമഭജനം വെടിഞ്ഞു പ്രയാസപ്പെട്ടുകൊണ്ടു! സകാമരായിട്ടോ നിഷ്കാമരായിട്ടോ സ്മരിക്കുകമാത്രം ചെയ്യുന്നവർക്കു സകല പാപവും നീക്കി മോക്ഷം നൽകുന്നവനാണ് തന്തിരുവടി.

ഞാൻ പണ്ടു തത്ത്വബോധത്തിനായി, ഒരു ബ്രഹ്മാവിനെ തേടിക്കൊണ്ടു വളരെദൂരങ്ങളിൽ പോവുകയുണ്ടായി; അതും എനിക്കു തത്ത്വം ഉപദേശിച്ചതായില്ല. ഒരുനാൾ ഭാഗ്യംമൂലം ഞാൻ ലോമശമഹർഷിയെ കണ്ടെത്തി. അദ്ദേഹം സപ്തർഷിലോകത്തിൽനിന്നു തീർത്ഥയാത്ര പുറപ്പെട്ടിരിയ്ക്കയായിരുന്നു. ഞാൻ ഉടനെ, മഹായോഗികളാൽ സംസേവിതചരണനും ചിരംജീവിയുമായ ആ മഹർഷിയെ നമസ്കരിച്ചു ചോദിച്ചു:—'ഗുരോ, ദുർല്ലഭമായ മനുഷ്യജന്മം ഇപ്പോൾ എനിക്കു കിട്ടിയിരിക്കുന്നുവല്ലോ; സംസാരമാകുന്ന ഘോരസമുദ്രം കടക്കുന്നതിനു ഞാൻ എന്തു ചെയ്യേണ്ടു? വ്രതമോ, ദാനമോ, ജപമോ, യാഗമോ എന്തെങ്കിലും ആലോചിച്ചുപദേശിച്ചുതന്നാലും. എല്ലാശാസ്ത്രങ്ങളുടേയും മകുടപുരുഷ മഹായോഗിൻ, ഇനി ദേവൻ സംസാരസാഗരം കടത്തിവിടുമെന്നും, ഇനിയതറിഞ്ഞാൽ ഞാൻ ഘോരസംസാരം കടക്കുമെന്നും ദയചെയ്തു പറഞ്ഞാലും.' ഇതുകേട്ടിട്ട് അദ്ദേഹം പറഞ്ഞു:—'ബ്രാഹ്മണ, എല്ലാറ്റിനും ശ്രദ്ധിച്ചു് അനന്യചിത്തനായി കേട്ടുകൊള്ളുക: ദാനം, തീർത്ഥം, വ്രതം, യമം, നിയമം, യോഗം, യജ്ഞം എന്നിങ്ങിനെ, സ്വർഗ്ഗം നൽകുന്നവയായി പലതുമുണ്ടു; എന്നാൽ ഒരു പരമരഹസ്യം ഞാൻ പറഞ്ഞുതരാം. കേൾക്കുക. പാപമെല്ലാം പോകുന്നതും സംസാരസാഗരം കടത്തിവിടുന്നതുമായ ഇതു നാസ്തികനോ അശ്രദ്ധനോ നിന്ദകനോ ശഠനോ ഭക്തദ്വേഷിക്കോ പറഞ്ഞുകൊടുക്കരുതു്; രാമഭക്തനും ശാന്തനും കാമക്രോധരഹിതനുമായവനോ പറഞ്ഞുകൊടുക്കാവൂ: രാമനൊഴികെ മീതെ ഒരു ദേവനില്ല, വ്രതമില്ല, യോഗമില്ല, യാഗമില്ല. തന്തിരുവടിയെ സ്മരിക്കുകയൊ ജപിക്കുകയൊ പൂജിക്കുകയൊ ചെയ്യുന്ന മനുഷ്യന് ഇഹത്തിലും പരത്തിലും മികച്ച ആത്മോദയം സിദ്ധിക്കും. മനസ്സിൽ സ്മരിച്ചു ധ്യാനിച്ചാൽ, സർവ്വകാമങ്ങളും നൽകുന്ന തന്തിരുവടി സംസാരസമുദ്രം കടത്തിവിടുന്നു പരമഭക്തിയെ പ്രദാനം ചെയ്യും. ഒരു ശ്വപചൻപോലും രാമനെ സ്മരിച്ചാൽ ഉൽകൃഷ്ടഗതിയടയും; പിന്നെ വേദശാസ്ത്രജ്ഞാലുക്കളായ ദ്വാദശന്മാരുടെ കഥ പറയാനുണ്ടോ? എല്ലാ വേദശാസ്ത്രങ്ങളുടേയും രഹസ്യം

Digitized By Kerala Sahitya Akademi

ഞാൻ ദയയുള്ള വെളിപ്പെടുത്തിത്തന്നു. ഇനി ഭവാന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഒരേ ദേവൻ രാമചന്ദ്രൻ; ഒരേവ്രതം അവിടത്തെ പൂജിക്കൽ; ഒരേ മന്ത്രം അവിടത്തെ തിരുനാമം; ഒരേ ശാസ്ത്രം അവിടത്തെ സ്തുതിക്കൽ! അതിനാൽ ഭവാൻ സവ്യാസനാ, മനോഹരനായ രാമചന്ദ്രനെ സേവിച്ചുകൊള്ളുക; എന്നാൽ സംസാരസമുദ്രം പൈക്കുളമ്പുപോലെ ചെറുതായിത്തീരും.'

ഈ ഉപദേശം കേട്ടിട്ട ഞാൻ വീണ്ടുംചോദിച്ചു:—'ദേവനെ എങ്ങിനെ ധ്യാനിക്കണം? എങ്ങിനെ പൂജിക്കണം? സർവ്വജ്ഞനായ മഹാബുദ്ധിമൻ, വിസ്തരിച്ചരുളുമാറാകണം. ഇത്ര മാത്സര്യിലായാൽ ഞാൻ മൂന്നാലോകത്തിലുംവെച്ച കൃതാർത്ഥനാകുമല്ലോ!' ഉടനെ ആ ലോമശ മഹർഷി രാമധ്യാനവും മറ്റുംഒന്നിങ്ങുപദേശിച്ചതന്നു:—'അനാലസനായ ബ്രാഹ്മണോത്തമ, എങ്ങിനെയായാൽ സംസാരജ്വരം പോകുന്ന ലക്ഷ്മീവല്ലഭൻ പ്രസാദിച്ചുള്ളമെന്നു ഞാൻ പറഞ്ഞുതരാം കേൾക്കുക:

[കിളിപ്പാട്ട്—൫൫]

രമ്യമായയയോധ്യയിൽ,ക്കല്പദ്രുപ്പുവടിലായ്
നിർമ്മിക്കപ്പെട്ടുള്ളൊരു ചിത്രമണ്ഡപത്തിങ്കൽ,
ഗാഢമതേന്ദ്രാശാദിരത്നാങ്കം പതിച്ചതായ്—
ക്രൂരിരുൾപോക്കിമിന്നും പൊൻസ്വർപാസനത്തിന്മേൽ
വാഴുവോൻ ദൂർവ്വാദളശ്യാമളമനോജ്ഞാംഗൻ,
വാനവർ പൂജിക്കുന്ന തമ്പുരാൻ രാമനാമൻ,
മൃഷ്ടമാംമണിമുടി, നീലകുന്തളജാല—
മഷ്ടമിച്ചന്ദ്രനൊപ്പമാം നെറ്റിത്തടം;
മകരാകൃതിമഞ്ജുകുണ്ഡലദ്വയം, കാന്തി—
ത്തികവാൽ വാർതിങ്കളെത്തോല്പിച്ച തിരുമുഖം,
പവിഴംപോലെമിന്നും ചെഞ്ചൊടി,പനിമതി—
പുഷ്പിയെന്തിയ ദന്തപംക്തിയെന്നിവതയാത്തോൻ;
ചെമ്പരുത്തിപ്പൂപോലെ,ത്തിരുവായി—
ലൻപുറവേദം നാലും ശാസ്ത്രവും കടികൊൾവോൻ;
ശംഖെതിർകണ്ഠൻ, തുംഗമാംസളസിംഹസ്കന്ധൻ;
കങ്കണാംഗദഭൂഷിതാ ജാനുദീർഘബാഹുജൻ;
വീരമുദ്രികോജ്ജ്വലൽപാണി; പുഷ്കരംപോലെ
മാറിടം വിരിമാറിൽ ശ്രീവത്സാദികൾ ചേർന്നോൻ;
ചേലവോടരൻ; നിമ്ന്നാഭികൻ; മണികാഞ്ചീ—
ലാലസന്മധ്യസ്ഥലൻ; വൃത്തോരുജാനുദ്വയൻ;

Digitized By Kerala Sahitya Akademi

ശ്രീവത്സ്യവാംകുരരോകകം തമംയോഗി-
ഭാവനീയമാം മൂർത്തൃക്കഴലിണയുള്ളോൻ—
ഇങ്ങിനെവിളങ്ങുന്ന രാമനെ ധ്യാനിക്കുകിൽ
ലങ്ങയ്ക്കുനാംസാരാബ്ധി പിന്നീടായ്തുരംന്തുനാം.
ചന്ദനാദിയാൽ നിത്യം രാമനെബ്ഭക്ത്യാ പൂജിച്ച
ക്കനാത്തുമിവറപരമപദമൈശ്വര്യപ്രദം.
ഉത്തമം രാമധ്യാനം ചൊല്ലിവച്ചുതോത്തുനാം.
നിത്തരം രവ്യുഭവാൻ നാംസാരം കടുന്നാനാം.

ശ്രീപത്മമഹാപുരാണം, പാരാശര്യം, ശേഷവാത്മ്മീകിനാരദസംവാദം,
രാമശർമ്മോപ്രകരണം, ആരണ്യകോപാഖ്യാനം രണ്ടുത്തരാമദ്ധ്യായം.

—(o)—

മുപ്പത്താറാമദ്ധ്യായം

ശേഷൻ:—മഹത്തരമായ ഇതികേട്ടതിനുശേഷം അഗസ്ത്യകൻ സർവ്വജ്ഞനും യോഗിശ്രേഷ്ഠനുമായ ലോമശമഹർഷിയോട് വീണ്ടും ചോദിച്ചു:—'മുനിപുംഗവ, ഞാനീചോദിയ്ക്കുന്നതുകൂടി ഭവാൻ പറഞ്ഞു തന്നാലും: കൃപാലുക്കളായ ഗുരുനാഥന്മാർ ശിഷ്യന്നു് യുക്തം പറഞ്ഞു കൊടുക്കുമല്ലൊ. ഇവിടുന്നു നിരന്തരം ധ്യാനിയ്ക്കുന്ന ഈ രാമൻ ആരാണു്? യുഗന്തൊക്കെയാണു് അവിടുത്തെ ചരിതം? എന്തിനാണു് മനുഷ്യനായി അവതരിച്ചതു്? മഹാഭാഗനായ ദ്വിജസത്തമ, ഇതെല്ലാം വേഗത്തിൽ പറഞ്ഞുതന്നു് എന്റെ സംശയം തീക്കുമാറാകണം!' അഗസ്ത്യകന്റെ പരമശോഭനമായ അപേക്ഷ കേട്ടിട്ടു ലോമശൻ ശ്രീരാമന്റെ അത്ഭുതചരിത്രം പറയുവാൻ തുടങ്ങി:—

'ലോകങ്ങൾ നരകത്തിൽ മുഴുകുന്നതുകണ്ടിട്ടു, ദുസ്തരണത്തിന്നു തക്കവാ കീർത്തിയെ ലോകത്തിൽ പ്രചരിപ്പിക്കാൻവേണ്ടിയത്രേ, മഹാബുധിയായ യോഗേശ്വരേശ്വരൻ ലക്ഷ്മിയോടുംകൂടി ഭൂമിയിൽ അവതരിച്ചതു്; പണ്ടു ത്രേതായുഗത്തിലാണു്, പരമേശ്വരൻ പൂർണ്ണാംശത്തോടേ നാലായി പേർതിരിഞ്ഞു സൂര്യവംശത്തിൽ രാമനായി പിറന്നതു്. ആ രാജീവലോചനനായ രഘുനന്ദനൻ, രാമൻ, ലക്ഷ്മണനോടൊന്നിച്ചു, കാകപക്ഷധരനായി വളർന്ന യൌവനത്തിൽ പ്രവേശിച്ചു. അന്നു് ആ കുമാരന്മാരെ അച്ഛനായ രാജാവു വിശ്വാമിത്രന്റെകൂടെ അയ

Digitized By Kerala Sahitya Akademi

പ്പുകൊടുത്തു; യാഗരക്ഷയ്ക്കായിരുന്നു, അദ്ദേഹം വീരന്മാരിരുവരും വില്ലേന്തി വണ്ണമെഴുന്നള്ളി വിശ്വാമിത്രനെ അനുഗമിച്ചതു്; വഴിയ്ക്കു് ഒരു കൊച്ചുകാട്ടിലെത്തിയപ്പോൾ അവരെ തടുക്കാനായി താടക എന്നൊരു രാക്ഷസി ഓടിച്ചെന്നതു്. അവളെ, ധനുർവ്വേദവിദുഷകനായിരുന്ന രാമൻ മഹർഷിയുടെ ശുശ്രൂഷയ്ക്കായി കാലാലയം പൂകിച്ചു. രാഘവന്റെ ചരണസ്പർശത്താൽ, ഇന്ദ്രസംയോഗം നിമിത്തം ശിലയായി നിന്നിരുന്ന അഹല്യ, വീണ്ടും മുൻവടിവിലായിച്ചേർന്നു. വിശ്വാമിത്രൻ യാഗം തുടങ്ങിയ അവസരത്തിൽ, മാരീചനേയും സുബാഹുവിനെയും രഘുത്തമൻ ദിവ്യാസ്ത്രങ്ങൾകൊണ്ടു വധിച്ചു. പിന്നീട്, ജനകന്റെ അരമനയിൽ സൂക്ഷിച്ചിരുന്ന മഹാ ശൈവചാപം മുറിച്ചു, പതിനാലുവയസ്സായിരുന്ന രാമൻ ആറുവയസ്സായ മൈഥിലിയെ—ജനകനന്ദിനിയും സുന്ദരിയുമായ സീതയെ—വിവാഹംചെയ്തു. സീതയെ വളിച്ചുതിനായി കുതിരനായിത്തീർന്ന രാഘവൻ അവളോടൊന്നിച്ചു പാലിച്ചുകൊണ്ടിരുന്ന രീതിച്ചവാണം. ഇരുപത്തഞ്ചാംവയസ്സിൽ രാമനെ യുവരാജാവാക്കാൻ ഒരുമ്പാടുചെയ്ത രാജാവിനോടു കൈകേയി രണ്ടുവരം ആവശ്യപ്പെട്ടു. ഒന്നാമത്തതു, രാമൻ സീതാലക്ഷ്മണന്മാരോടുകൂടി, പതിനാലു കൊല്ലത്തേയ്ക്കു നാടുവിടണമെന്നും, രണ്ടാമത്തതു ഭരതനെ യുവരാജാവാക്കണമെന്നുമായിരുന്നു. രാജാവു രാമനെ സീതാലക്ഷ്മണന്മാരോടൊന്നിച്ചു നാട്ടിൽനിന്നയച്ചു. രാമൻ മുന്നാടേ ഒരുക്കുമാത്രം കുടിച്ചും, വാഴാമ്പിലവിടെ കായ് ഭുജിച്ചും, അഞ്ചാംദിവസം ചിത്രകൂടത്തിലെത്തി പർണ്ണശാലയുണ്ടാക്കി.

കാലക്രമേണ, പിന്നെ പതിമ്മൂന്നാം സംവത്സരത്തിൽ പഞ്ചവടിയിൽവെച്ചു രാമനാൽ ശൂർപ്പണഖ എന്ന രാക്ഷസി വിരൂപയാക്കപ്പെട്ടു. അങ്ങിനെ നാവിനു ജന്മകിയുമായി കാനനത്തിൽ വിഹരിക്കെ, രാവണൻ പാപമതിനാലവർ സീതയെ അപഹരിപ്പാനായി വന്നെത്തി; മനുഷ്യമാംസത്തിന്റെ കൊതിയനായ മാരീചനാൽ, വൃദ്ധഗൃദ്ധന്റെ ശ്രദ്ധകെടുത്തി രാമലക്ഷ്മണന്മാരേയും വേർപെടുത്തി സീതയെ കട്ടുകൊണ്ടു പോന്നു. കൊതിയനായ ആ രാവണൻ ആ രാമ, രാമ, എന്നെ രക്ഷിക്കണേ! രാക്ഷസൻ അപഹരിക്കുന്നു എന്നെ രക്ഷിക്കണേ! എന്നിങ്ങിനെ ഒരു കർണ്ണകഠോരമായ നിലവിളിയുണ്ടായി. പക്ഷിമുഖ്യനായ ജടായു എന്നു പേരുള്ള ഒരു വൃദ്ധനായ കഴുകൻ (കാടയന്തിയാൽ) പ്പെടുന്ന ഒരു വൃദ്ധകനാണു, കാമവശംവദനായ രാവണൻ നിലവിളിക്കുന്ന മൈഥിലിയെ കൊണ്ടുപോവുകയാണെന്നു ചെയ്തു. അപ്പോൾ പക്ഷീന്ദ്രനായ ജടായു വന്ന രാവണനോടു പൊരുതിനോക്കി; ആദ്ദേഹത്തെ രാക്ഷസപുരുഷൻ കൊലപ്പെടുത്തിക്കളഞ്ഞു.

Digitized By Kerala Sahitya Akademi

പിന്നീട പത്താംമാസത്തിൽ, മാർഗ്ഗശീർഷത്തിലെ ശുക്ലനവമിയിൽ, മൈഥിലി രാവണഗൃഹത്തിൽ വസിയ്ക്കുന്നുണ്ടെന്ന വിവരം സമ്പാതി വാനരന്മാരോട പറഞ്ഞു. ഏകാദശിനാൾ ഹനുമാൻ മഹേന്ദ്രപർവ്വതത്തിൽനിന്ന നൂറു യോജന ചാടി, രാത്രിയിൽ ലങ്കയിലെങ്ങും നടന്നുനോക്കി; പുലർച്ചയ്ക്ക സീതയെ കണ്ടെത്തി; ദ്വാദശിനാൾ ശിംശപാവൃക്ഷത്തിന്മേൽ സ്ഥിതിചെയ്തു; അന്ന രാത്രിയിൽ ജാനകിയ്ക്ക വിശ്വാസം വരുവാൻ കഥയെല്ലാം കഥിച്ചു; ത്രയോദശിനാൾ അക്ഷകുമാരാദികളോട യുദ്ധംചെയ്തു; പതിന്നാങ്കിൽ ഇന്ദ്രജിത്തിനാൽ ബ്രഹ്മാസ്ത്രംകൊണ്ട ബന്ധിക്കപ്പെട്ടു, വാലിന്മേൽ കൊളുത്തിയ തിയ്യുകൊണ്ട ലങ്കാനഗരം ചുട്ടപൊടിച്ചു; പൌർണ്ണമാസിയിൽ മഹേന്ദ്രപർവ്വതത്തിൽ തിരിച്ചെത്തി; മാർഗ്ഗശീർഷത്തിലെ കറുത്ത പ്രതിപദത്തിൽ മടങ്ങിപ്പോന്ന്, അഞ്ചുനാൾകൊണ്ട്, മധുവനം പുക്ക് —ആറാംനാളിൽ അതു തകർത്തു; സപ്തമി നാളിൽ പ്രത്യഭിജ്ഞാനം സമർപ്പിച്ചു, വൃത്താന്തമെല്ലാം അറിയിച്ചു.

അഷ്ടമീതിഥിയിൽ ഉത്രം നക്ഷത്രത്തിൽ ഉച്ചയ്ക്ക വിജയമുഹൂർത്തത്തിൽ രാമൻ യാത്രപുറപ്പെട്ടു; 'ഞാൻ സമുദ്രവും കടന്ന രാക്ഷസേശനെ സംഹരിയ്ക്കും' എന്ന പ്രതിജ്ഞ ചെയ്തിട്ടാണ തെക്കേദിക്കിലേയ്ക്ക പുറപ്പെട്ടിയത്; സുഗ്രീവനാം സഹായമായിട്ടുണ്ടായിരുന്നു. എട്ടുനാൾകൊണ്ട സമുദ്രതീരത്തെത്തി സൈന്യം ഉറപ്പിക്കപ്പെട്ടു. പൌഷ്ണശുക്ലപ്രതിപദം മുതൽ തൃതീയവരെ സൈന്യാനിതനായ രാമൻ സമുദ്രസമീപത്തിൽ വസിച്ചു. ചതുർത്ഥിനാൾ വിഭീഷണൻ രാമനോടുചേർന്നു. പഞ്ചമിനാൾ സമുദ്രതരണത്തിന്ന ആലോചന നടന്നു. നാലുനാൾ രാമൻ പ്രായോപവേശം ചെയ്തു. ദശമിയിൽ സമുദ്രം വരം നൽകി, ഉപായം പറഞ്ഞുകൊടുത്തു; അന്നുതുടങ്ങി ത്രയോദശികൊണ്ട സേതുബന്ധം അവസാനിച്ചു. ചതുർദ്ദശിയിൽ രാമൻ സുവേലാദ്രിയിലെത്തി സൈന്യത്തെ ഉറപ്പിച്ചു; പൌർണ്ണമാസി മുതൽ ദ്വിതീയവരെ, മൂന്ന നാൾകൊണ്ട സൈന്യത്തെയെല്ലാം സമുദ്രം കടത്തി. കടൽക്കടന്ന വിലക്ഷ്മണനായ രാമൻ കപീശ്വരന്മാരോടൊന്നിച്ച സീതാലബ്ധിക്കായി ലങ്കാപുരം വളഞ്ഞു. തൃതീയ മുതൽ ദശമിവരെ പതിനാലുനാൾകൊണ്ടായിരുന്ന സൈന്യനിവേശനം. ഏകാദശിനാൾ ശുകസാരണന്മാർ അവിടെ വന്ന. പൌഷ്ണത്തിലെ കറുത്ത ദ്വാദശിനാൾ സൈന്യങ്ങളെ കണക്കാക്കലും, ശാർദ്ദൂലൻ വാനരശ്രേഷ്ഠന്മാരുടെ കരുത്തു വർണ്ണിക്കലും. ത്രയോദശി മുതൽ അമാവാസിവരെ പുനരാൾകൊണ്ട ലങ്കയിൽ രാവണന്റെ സേന കണക്കാക്കലും, യുദ്ധാരംഭവും. മാഘമാസത്തിലെ വെളുത്ത പ്രഥമയിൽ അംഗദൻ ദൂതിന പോയി. അന്നുതന്നെ സീതയുടെ മായയാൽ ത്രിജടാവിന്റെ തല്പം കാട്ടി

Digitized By Kerala Sahitya Akademi

ക്കൊടുക്കുകയുണ്ടായി. ദ്വിതീയമുതൽ അഷ്ടമിവരെ ഏഴു ദിവസം രാക്ഷസരും വാനരരും തമ്മിൽ സംകുലയുദ്ധം നടന്നു.

നവമിനാൾ രാത്രിയിൽ ഇന്ദ്രജിത്തു യുദ്ധത്തിൽ രാമലക്ഷ്മണന്മാരെ നാഗപാശംകൊണ്ടു ബന്ധിച്ചു. അതിൽ, കപിശ്രേഷ്ഠന്മാരെല്ലാം ഉത്സാഹംകെട്ട് ഉഴന്നുപോയി. ദശമിനാൾ, നാഗപാശം വേർപെടുന്നതിനുവേണ്ടി, വായു രാമന്റെ കർണ്ണത്തിൽ അവിടുത്തെ തത്പിതാവു പറഞ്ഞുകൊടുത്തു; ഏകാദശിനാൾ ഗരുഡൻ വന്നു. ദ്വാദശിനാൾ ധൂമ്രാക്ഷനേയും ത്രയോദശിനാൾ കുംഭനേയും രാമൻ യുദ്ധത്തിൽ നിഗ്രഹിച്ചു. പതിനാലു മുതൽ കറുത്ത പ്രതിപദംവരെ മൂന്നുനാൾകൊണ്ടു നീലൻ പ്രഹസ്തനെ കൊന്നു. ദ്വിതീയമുതൽ ചതുർദ്ദശിവരെ മൂന്നുനാൾകൊണ്ടു രാമൻ തുമുലയുദ്ധത്തിൽ രാവണനെ ഓടിച്ചു. പഞ്ചമി മുതൽ അഷ്ടമിവരെ നാലുനാൾകൊണ്ടു രാവണൻ കുംഭകർണ്ണനെ ഉണർത്തി; അന്നു കുംഭകർണ്ണന്റെ സാപ്പാട്. നവമിമുതൽ ചതുർദ്ദശിവരെ ഏഴുദിവസംകൊണ്ടു, വളരെ വാനരന്മാരെ തിൻകഴിച്ച കുംഭകർണ്ണനെ രാമൻ സംഗരത്തിൽ സംഹരിച്ചു; അമാവാസിയിൽ ശോകംമൂലം സേന പിന്മാറപ്പെട്ടു. ഫാൽഗുനമാസത്തിലെ വെളുത്ത പ്രഥമമുതൽ ചതുർദ്ദശിവരെ നാലുദിവസങ്ങളിൽ ബിസതന്തു മുമ്പായ അഞ്ചുരാക്ഷസന്മാർ വധിക്കപ്പെട്ടു. പഞ്ചമി മുതൽ അഷ്ടമിവരെ അതികായ വധം. അഷ്ടമിമുതൽ ദ്വാദശിവരെ അഞ്ചു തിഥികളിൽ കുംഭനികുംഭവധം. പിന്നീടു മൂന്നു പക്ഷങ്ങളിൽ മകരാക്ഷവധം. ഫാൽഗുനത്തിലെ കറുത്ത ദ്വിതീയയിൽ ഇന്ദ്രജിത്തിന്റെ വിജയം. തൃതീയമുതൽ സപ്തമിവരെ അഞ്ചുനാളിൽ, മരുന്നുകൊണ്ടു വരലായിരുന്നതിനാൽ യുദ്ധമുണ്ടായില്ല. പിന്നെ ത്രയോദശിവരെ ഒമ്പതു തിഥികൾകൊണ്ടു, പ്രസിദ്ധ ബലപരാക്രമനായ ഇന്ദ്രജിത്തിനെ ലക്ഷ്മണൻ യുദ്ധത്തിൽ വധിച്ചു. ചതുർദ്ദശിയിൽ രാവണൻ സൈന്യത്തെ പിന്മാറി ശേഷക്രിയ ചെയ്തു.

കറുത്തവാവിൻനാൾ ദശകണ്ഠൻ യുദ്ധത്തിനണഞ്ഞു. ചൈത്രമാസത്തിലെ വെളുത്ത പ്രതിപദം മുതൽ പഞ്ചമിവരെ അഞ്ചുതിഥികളിൽ രാവണന്റെ യുദ്ധവും അനേക രാക്ഷസവധവും. ഷഷ്ഠി മുതൽ അഷ്ടമിവരെ മഹാപാശുപാദിവധം. നവമീതിഥിയിൽ സൈന്യമിശ്രി വേൽകൊണ്ടു പിളർത്തപ്പെട്ടു; അതിൽ അരിശംകൊണ്ട രാമൻ ദശകണ്ഠനെ ഓടിച്ചു; രാഘവൻ ലക്ഷ്മണനുവേണ്ടി ദ്രോണപർവ്വതം കൊണ്ടുവന്നു. ദശമിനാൾ അരക്കപ്പട പിന്മാറപ്പെട്ടു. ഏകാദശിനാൾ, ഇന്ദ്രനാൽ അയയ്ക്കപ്പെട്ട മാതലിയാകുന്ന സാരഥി രാമനു രഥം ഭക്തിയോടേ സമർപ്പിച്ചു. വെളുത്ത ദ്വാദശി മുതൽ കറുത്ത പ

Digitized By Kerala Sahitya Akademi

തിന്നാങ്കുവരെ പതിനെട്ടു ദിവസംകൊണ്ടു് ക്രുദ്ധനായ രാമൻ രാവണനെ ഇങ്ങനേ,ർപ്പോരാട്ടത്തിൽ കൊലചെയ്തു. ഇങ്ങിനെ ആ തുമുലയുദ്ധത്തിൽ രാമൻ വിജയം നേടി.

മാഘത്തിലെ വെളുത്ത ദ്വിതീയ മുതൽ ചൈത്രത്തിലെ കറുത്ത ചതുർദ്ദശിവരെയുള്ള പതിന്നാലുദിവസങ്ങളിൽ, ഇടയ്ക്കിടയ്ക്കായി പതിനഞ്ചുനാൾ നിന്നിവെച്ചതു കഴിച്ചു് പതിനാറുദിവസം യുദ്ധം നടന്നു. അമാവാസിയിൽ രാവണാർമുതൽപേർ സംസ്കരിക്കപ്പെട്ടു. വൈശാഖത്തിലെ പ്രഥമയിൽ രാമൻ പോക്കളത്തിൽ വസിച്ചു. ദ്വിതീയനാൾ വിഭീഷണൻ ലങ്കയിൽ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. തൃതീയനാൾ സീതയുടെ അഗ്നിപ്രവേശവും ദേവകളുടെ വരദാനവും. ചതുർത്ഥിനാൾ, ലങ്കേശനെ കൊന്ന ലക്ഷ്മണാഗ്രജൻ ചിരേണ രാക്ഷസനാൽ വലയ്ക്കപ്പെട്ട സാധ്വിയായ സീതയേയും കൊണ്ടു് ഏറ്റവും സന്തോഷത്തോടെ പുഷ്പകവിമാനത്തിൽ കയറി ആകാശമാർഗ്ഗത്തുടെ അയോധ്യയിലേയ്ക്കു തിരിച്ചു. പതിനാലു കൊല്ലത്തിനുശേഷം, വൈശാഖപഞ്ചമിനാൾ, രാമൻ ഭരദ്വാജാശ്രമത്തിലെത്തി; ഷഷ്ഠിനാൾ നന്ദിഗ്രാമത്തിൽ ഭരതനോടു ചേർന്നു; സപ്തമീതിഥിയിൽ അയോധ്യാപുരിയിൽ അഭിഷിക്തനുമായി.

പതിനൊന്നുമാസവും പതിനാലുദിവസവുമത്രേ, രാമനെപ്പിരിഞ്ഞു മൈഥിലി രാവണാലയത്തിൽ പാർത്തതു്. നാല്പത്തിരണ്ടാം വയസ്സിലാണു് രാമനു രാജ്യാഭിഷേകം. സീതയ്ക്കു് അന്നു് മുപ്പത്തിമൂന്നു വയസ്സായിരുന്നു. പതിനാലാണ്ടിനുശേഷം, രാവണഹന്താവായ രാമൻതിരുവടി, തന്റെ, അയോധ്യാപുരിയിൽ തിരിച്ചെത്തി, അവിടെ ഭ്രാതാക്കന്മാരോടൊന്നിച്ചു സസന്തോഷം രാജ്യംഭരിച്ചുവാണു. രാജ്യം ഭരിച്ചുവാഴ്ക്കേ, പുരോഹിതനും വാഗ്മിപ്രവരനുമായ കുംഭസംഭവൻ, അഗസ്ത്യൻ, രഘുദ്വഹന്റെ അടുക്കൽ വന്നെത്തും; അദ്ദേഹം അഭിപ്രായപ്പെട്ടതനുസരിച്ചു് തന്തിരുവടി അശ്വമേധം തുടങ്ങും. അന്നു്, അവിടുത്തെ അശ്വവും പടയാളികളും ഭവാന്റെ ആശ്രമത്തിൽ വരും; ഭവാൻ അവരോടു് മനോഹരങ്ങളായ രാമചരിതങ്ങളം കഥിയ്ക്കുകയും, അവരൊന്നിച്ചു് അയോധ്യയിലേയ്ക്കു പോവുകയും ചെയ്യും; അയോധ്യയിൽ വെച്ചു താമരത്താരിതംക്കണ്ണനായ രാമനെ ദർശിച്ചു്, തൽക്ഷണം തന്നെ സംസാരസാഗരം പിന്നിട്ടാലും!'

ഇതെല്ലാം പറഞ്ഞുതന്നിട്ടു, സർവ്വജ്ഞനായ ലോമശമഹർഷി, 'ഇനി വല്ലതും ചോദിപ്പാനുണ്ടോ?' എന്നെന്നോടു ചോദിച്ചു. അപ്പോൾ ഞാൻ, 'ഇവിടുത്തെ കൃപയാൽ, അത്ഭുതമായ രാമചരിതമെ

Digitized By Kerala Sahitya Akademi

ല്ലാം എനിക്ക മനസ്സിലായി; ഇനി രാമപാദാരവിന്ദമണയുവാനും ഇവിടുത്തെ പ്രസാദമുണ്ടാകണം!' എന്നിങ്ങനെ അറിയിച്ച മഹർഷിയെ നമസ്കരിച്ചു. ഉടനെ അദ്ദേഹം യാത്രയാകയും ചെയ്തു. അദ്ദേഹത്തിന്റെ കരുണയാലത്രെ, രാമപാദാശ്രയം എനിക്ക കൈവന്നത്. അതിനുശേഷം, ഞാൻ രാമചരണത്തെ പതിവായി ധ്യാനിച്ചുപോരുന്നുണ്ട്; തന്തിരുവടിയുടെ ചരിത്രം ഞാൻ മടിക്കൂടാതെ ഇടയ്ക്കിടയ്ക്ക ഗാനംചെയ്യും; മനോഹരമായ ആ ഗാനംകൊണ്ട് അന്യജനങ്ങളേയും പരിശ്രുതരാക്കും; ദശനേത്രയാൽ ലോമശന്റെ അരുളപ്പാടിനെ ഓത്തോത്തു് കോഠമയിർക്കൊള്ളും. ഞാൻ ഭൂമിയിൽ വെച്ച ധന്യൻ തന്നെ, കൃതാത്മൻ തന്നെ, ഭാഗ്യവാൻതന്നെ: എനിക്ക രാമചന്ദ്രന്റെ പാദാംബുജം ദർശിപ്പാൻ അഗ്രഹം തോന്നുന്നുണ്ടല്ലോ! സംസാരസമുദ്രം കടക്കേണമെന്നുണ്ടെങ്കിൽ സകലരും അഭിരാമനായ രാമനെത്തന്നെ സേവിക്കുകയും വന്ദിക്കുകയും ചെയ്യണം.

ആകട്ടെ, നിങ്ങടെ വന്നതെന്തിനാണ്? ഏതു രാജാവാണ് ധർമ്മശീലതയാൽ അശ്വമേധ മഹായാഗം ആരംഭിച്ചിരിക്കുന്നത്? അതെല്ലാം പറകതന്നെ. എന്നിട്ട് അശ്വരക്ഷയ്ക്കായി, പോയ്ക്കാംവിൻ; രഘുനാഥനെ സ്മരിച്ചു സ്മരിച്ചു വീണ്ടും വീണ്ടും സ്മരിച്ചുകൊള്ളുവിൻ!'

ആരണ്യക മഹർഷി ഇപ്രകാരമെല്ലാം പറഞ്ഞുകേട്ടപ്പോൾ അവരെല്ലാം അത്ഭുതപ്പെട്ടുപോയി. അവർ രഘുനാഥനെ സ്മരിച്ചുംകൊണ്ട് അദ്ദേഹത്തോടുരിയാടി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശ്രീരാമചരിതകഥനം മുപ്പത്താറാമദ്ധ്യായം.

(൦)

മുപ്പത്തേഴാമദ്ധ്യായം

ശേഷൻ:—മുനിവര്യൻ ചോദിച്ചതിനാൽ, അവർ, തങ്ങളെ ധന്യരും ഭാഗ്യവാന്മാരുമെന്നു ഗണിച്ചുംകൊണ്ട്, അത്ഭുതമായ രാമചരിതം അത്യാദരവോടെ അറിയിച്ചു:—'ഞങ്ങളെല്ലാം ഇന്നു ഭവാനെ കണ്ടതിനാൽ പരിശ്രുതരായി. ഇന്നുള്ളവരെ ഇവിടുന്ന രാമകഥകൊണ്ട് വിശ്രുതരാക്കുകയാണല്ലൊ ചെയ്യുന്നത്. ബ്രഹ്മർഷിസത്തമ, ഇവിടുന്നു ഞങ്ങളോടു ചോദിച്ചതെല്ലാം പരമാർത്ഥമായി അറിയിക്കാം. ശ്രവിച്ചുകൊണ്ടാലും; ശ്രീരാമൻ തന്നെയാണ്, ബ്രഹ്മഹത്യ നീങ്ങുന്നതിനായി

Digitized By Kerala Sahitya Akademi

അഗസ്ത്യൻ ഉപദേശിച്ചതിനാൽ, വട്ടമെല്ലാം ക്രുട്ടി യാഗം ആരംഭിച്ചിരിക്കുന്നതു്; അവിടുത്തെ കുതിരയുടെ കാവൽക്കാരായിട്ടാണു് ഞങ്ങളെല്ലാം ഇവിടുത്തെ ആശ്രമത്തിൽ വന്നതെന്നതും.' മനോഹരവും രസായനവുമായ ഈ വാക്യം രാമഭക്തനായ ബ്രാഹ്മണനെ അതിമാത്രം ആനന്ദിപ്പിച്ചു.

(ശ്ലോകങ്ങൾ)

'ഇന്നെൻമനോരഥ മറാതരു കായ്ച്ചു, മുറവി-
മിന്നൊന്നെയെൻ ജനനിതൻ വരത്തെ വെറുതായി!
ഇന്നസ്തശല്യമൊരുരാജ്യമെനിക്കുകിട്ടി!-
യിന്നീടുവെച്ചിനി നിരഞ്ഞു! തെളിഞ്ഞുവാനോർ!

ഇന്നഗ്നിഹോത്രഫലമെങ്കലണഞ്ഞു! രാമ-
ചന്ദ്രന്റെ തൃക്കഴലിവൻ വരവു, കാണുമല്ലോ!
രണ്ണിലെന്നുമരുളും ഭഗവാനയോധ്യാ-
മന്നൻമനോഹരനെനിക്കിവ കാണുമാറാം!

ഹനുമാനിവനെത്രയും പുണ്യ-
ന്നനുയോഗിക്കുമനാശ്രയം തദാ;
അനണീയസിയെന്റെ ഭക്തിക-
ണ്ടനഘലഭിക്കുപരിതോഷവും വരും!'

എന്നിങ്ങനെ അരണ്യകൻ ഉച്ചരിക്കെ, വാനരശ്രേഷ്ഠനായ ഹനുമാൻ അദ്ദേഹത്തിന്റെ കാൽപിടിച്ചു, 'സ്വാമിൻ, ബ്രാഹ്മണശ്രേഷ്ഠ, ഹനുമാനെന്ന സേവകൻ ഇതാ, ഇവിടുത്തെ മുമ്പിൽ നിൽക്കുന്നു; രാമദാസന്റെ ഒരു തരിപൊടി മാത്രമാണു് ഞാൻ!' എന്നിങ്ങനെ അറിയിച്ചു. അതോടുക്രൂടി, അത്യന്തം മനസ്സുകളിത്ത മഹർഷി രാമഭക്തിയാൽ വിളങ്ങുന്ന ഹനുമാനെ കെട്ടിപ്പുണർന്നു. ഇരുവരും പ്രേമത്താൽ ഒന്നായിച്ചേർന്നു; ഇരുവരും അമൃതിൽ മുഴുകി; ഇരുവരും ചിത്രത്തിലെഴുത്തപ്പെട്ടവർപോലെ നിശ്ചലരായി കാണപ്പെട്ടു! അവർ അവിടെയിരുന്ന, രാമനാമപാദാംബുജ പ്രേമത്താൽ തിങ്ങിനിറഞ്ഞ ഹൃദയത്തോടേ അതി മനോഹരമായി പലതും സംസാരിച്ചു. ഒടുവിൽ ഹനുമാൻ രാമചരണധ്യാനൈകതാനനായ അരണ്യകമുനീന്ദ്രനോടു് ഭംഗിയിൽ ഉണർത്തിച്ചു:— 'സ്വാമിൻ, ഇതാ, ദശരഥവംശത്തിന്റെ വിജ്രുക്കല്പായ ഈ മഹാൻ—രാമരാജനായ ശത്രുഘ്നൻ—അങ്ങയെ വന്ദിയ്ക്കുന്നു; ഈ പരമശ്രൂരനത്രേ, ലോകത്തിനെല്ലാം ഭയം വളർത്തലവണനെ കൊലചെയ്തു, തപോധനരായ മുനിമാരെയെല്ലാം സ്വാസ്ഥ്യപ്പെടുത്തിയതു്. ഇതാ, ശ്രേഷ്ഠഭടന്മാരാൽ ആരാധിതനായ പുഷ്കലൻ അ

Digitized By Kerala Sahitya Akademi

ങ്ങയെ വണങ്ങുന്നു! ഇദ്ദേഹം പോർക്കളത്തിൽ വളരെ വീരന്മാരെ ജയിച്ച ആളാണ്. വളരെ ഗുണങ്ങളും വമ്പിച്ച കരുത്തുമുള്ള വനും സർവ്വജ്ഞനും ധർമ്മകോവിദനും രഘുനാഥന്റെ പ്രാണനൊപ്പം പ്രിയപ്പെട്ടവനുമായ ശ്രീരാമസചിവനാണിത്. ഇതാ, ക്രൂടലർവംശങ്ങൾക്കു കൊടിയ കാട്ടുതീയും രാമപാദാംബുജഭൃംഗവും മഹാകീർത്തിമാനുമായ സുബാഹു ഭവാനെ നമസ്കരിക്കുന്നു. ഇതാ, പവിത്രീകൃതമായ രാമഭക്തിയാൽ സംസാരസാഗരം പിന്നിട്ട മഹാനായ സുമുഖൻ. കരതിരവനൊത്തിയിട്ടുണ്ടെന്നു ദുർമ്മുഖൻ പറഞ്ഞു കേട്ടതോടുകൂടി, രാജ്യം ശ്രീരാമനു സമർപ്പിച്ച സത്യവാനാണ്, അങ്ങയെ വീണ്ടുപണിയുന്ന ഇദ്ദേഹം.'

ഇതു കേട്ടിട്ട് ആരണ്യകമഹർഷി അവരെയെല്ലാം ആദരപൂർവം അതിശ്ലേഷിക്കുകയും, ഫലമൂലാദികൾകൊണ്ടു സൽക്കരിക്കുകയും ചെയ്തു. സന്തുഷ്ടരായ അവർ അന്ന് ആ ആശ്രമത്തിൽ താമസിച്ചു; പിറ്റെന്നു പ്രഭാതത്തിൽ സന്ധ്യയിൽ നിത്യകാര്യം കഴിച്ചു. അതിനുശേഷം ശത്രുഘ്നൻ ആ മഹർഷിയെ ഒരു പല്ലക്കിൽ കയറ്റി, ആർദ്രകാരോടും കൂടെ, രാമൻ വാണരുളുന്ന അയോദ്ധ്യയിലേക്കു യാത്രയാക്കി.

സൂര്യവംശ രാജാക്കന്മാരുടെ രാജധാനി ദൂരത്തുനിന്നു കണ്ട ഉടനെ മഹർഷി വാഹനത്തിൽ നിന്നിറങ്ങി, രഘുനാഥനെ കാണ്മാൻ വെമ്പലോടെ നടന്നു. രാമദർശനത്തെ സംബന്ധിച്ചു ഓരായിരം മനോരാജ്യത്തോടെ അദ്ദേഹം അകലകം നിറഞ്ഞു രമണീയമായ അയോധ്യാനഗരത്തിലെത്തിച്ചേർന്നു. അവിടെ സരയൂതീരത്തു പരിലസിക്കുന്ന മണ്ഡപത്തിൽ, ദൂർവാദളശ്യാമളനായി താമരക്കണ്ണനായിരിക്കുന്ന രാമൻ കാണുമാറായി. ഭംഗിയുള്ള മാൻകൊമ്പു കൈക്കൊണ്ടിരുന്ന ആ ശ്രീമാനു ചുറും വ്യാസാദി മഹർഷിമാർ സ്തുതിചെയ്യുന്നു; വളരെ ശൂരന്മാരും ഭരതലക്ഷ്മണന്മാരും അടുക്കൽ നിൽക്കുന്നുണ്ട്. ദീനജനങ്ങൾക്ക് അഭീഷ്ടം നൽകിക്കൊണ്ടിരിക്കുന്ന തന്തിരുവടിയെ ദർശിച്ചുതോടുകൂടി ആരണ്യകൻ ചാരിതാർത്ഥ്യം ഉൾക്കൊണ്ടു. 'എന്റെ കണ്ണുകളും, രാമനെ കണ്ടതിനാൽ താമരപ്പൂവിതളുകൾക്കു തുല്യങ്ങളായി! ഇന്ന് എന്റെ ശാസ്ത്ര പരിജ്ഞാനം മുഴുവനും അത്യന്തം അത്ഭുതത്തായി! ഞാൻ ശ്രീരാമനെ അറിഞ്ഞു; ഈ അയോധ്യാപുരിയിൽ എത്തിച്ചേർന്നുവല്ലോ'— എന്നാം മാറും ഉരിയാടിക്കൊണ്ട്, രാമപാദാലോകനത്താൽ ദേഹമെങ്ങും കോരിത്തരിയിൽക്കൊണ്ട മഹർഷി മറ്റുള്ളവർക്ക് അഗമ്യമായ—വിചാരശീലന്മാരായ യോഗേശ്വരർക്കു പോലും സുദുരമായ—ലക്ഷ്മീശസന്നിധിയിൽ ചെന്നണഞ്ഞു. 'ഞാൻ ഇന്നു ധന്യനായി: രാമചരണങ്ങൾ എനിക്ക് അക്ഷിഗോചരമായല്ലോ!' എന്നിങ്ങിനെ, അത്യുദാരം

Digitized By Kerala Sahitya Akademi

രാമനെ സഹർഷം നോക്കി നിൽക്കുകയായി. രാമചന്ദ്രനാകട്ടേ, മൃത്യുമത്തായ തപസ്സാ ൟന്ന തോന്നാംവണ്ണം തേജസ്സാൽ സമുജ്ജ്വലിയ്ക്കുന്ന ആ ബ്രാഹ്മണോത്തമനെ കണ്ട ഉടൻ ൟഴ്നോറുചെന്ന്, അദ്ദേഹത്തിന്റെ കാൽക്കൽ കുമ്പിട്ട—'ബ്രാഹ്മണോത്തമ, ഇന്ന് ൟ ന്റെ ശരീരം പരിശുദ്ധമായി!' ൟന്നിങ്ങനെ പ്രശംസിച്ചുംകൊണ്ട് ദേവാസുര കിരീടരത്നങ്ങളാൽ നീരാജിത ചരണനായ ലോകേശ്വരൻ അദ്ദേഹത്തിന്റെ കാൽക്കൽ നിപതിച്ചു. തപസ്സുറിയ ഭഗീരഥോത്തമൻ നമസ്കരിച്ച നരപാലശ്രേഷ്ഠനായ പൊന്നരുവാനെ പിടിച്ചെഴുന്നേല്പിച്ചു മാറിൽ മുത്താലിംഗനംചെയ്തു. കൌസല്യാനന്ദനനായ തിരുമേനി അദ്ദേഹത്തെ ഒരു മരത്തായ രത്നപീഠത്തിലിരുത്തി, കാൽകഴുകിച്ചു; ആ വെള്ളം തന്റെ ശിരസ്സിലേറ്റു. 'ഞാനും ൟന്റെ അനുചരന്മാരും കുടുംബങ്ങളുമെല്ലാം ഇന്ന പരിശുദ്ധരായി!' ൟന്നരിയാടിക്കൊണ്ടു, നല്ല പാലുള്ള ഒരു പശുവിനെ ചന്ദനം പൂശിച്ചു ദാനംചെയ്തു; പിന്നീട് ആ ദേവദേവേന്ദ്രസേവിതൻ ഭംഗിയാൽ പറഞ്ഞു:—'ഇന്ന് ഇവിടത്തെ തൃപ്പാദത്താൽ പവിത്രീകൃതമാകയാൽ, ൟന്റെ അശ്വമേധയാഗം ൟന്നിങ്ങ ബ്രഹ്മഹത്യയാൽ നേരിട്ട പാപത്തെ തീർച്ചയായും നശിപ്പിക്കും!'

ഇവ്വിധം കഥിയ്ക്കുന്ന രാജരാജേന്ദ്രസേവിതനോട് അരണ്യകമുനി പുഞ്ചിരിക്കൊണ്ടു മധുരമാംവണ്ണം ഉരചെയ്തു:—"സ്വാമിൻ, ബ്രഹ്മണ്യനായ രാജാവേ, ഭവാൻ പറഞ്ഞതു യുക്തം തന്നെ. ഇവിടത്തെ മൂർത്തികളാണെല്ലാ, വേദപാരഗരായ ബ്രാഹ്മണർ; അവരെ പൂജിക്കുക മുതലായ കർമ്മം ഭവാൻ അനുഷ്ഠിച്ചാൽ മറ്റരാജാക്കന്മാരും അനുഷ്ഠിച്ചുകൊള്ളും. മഹാരാജാവെ, ഭവാൻ പറഞ്ഞതുവല്ലോ, 'ബ്രഹ്മഹത്യാമോചനത്തിനാണ് ഞാൻ യാഗംചെയ്യുന്നതെ'ന്ന്; അതു ഒരു കളിവാക്കുമാത്രമാണ്: ഒരു ശാസ്ത്രവും പഠിച്ചിട്ടില്ലാത്ത മൂഢൻ പോലും, ഇവിടത്തെ തിരുനാമം സ്മരിച്ചാൽ സർവപാപങ്ങളുമകന്ന സമുദ്രം കടന്ന പരമപദം പ്രാപിക്കും. പാപത്തിൽനിന്നു കരേറുന്ന രാമനാമസ്മരണം ചെയ്യുക ൟന്നതെത്ര, ൟല്ലാ വേദങ്ങളുടേയും ഇതിഹാസങ്ങളുടേയും ആന്തരാർത്ഥം! രാമചന്ദ്ര, ഇവിടത്തെ ഒരു തിരുനാമം ഉച്ചരിക്കുന്നതുവരെയ്ക്കും ബ്രഹ്മഹത്യാദിപാപങ്ങൾ അട്ടഹാസികയുള്ളൂ; ഭഗവന്നാമഗാനം കേൾക്കുന്നതോടുകൂടി, മാപാപങ്ങളാകുന്ന മദഗജങ്ങൾ വഴിപ്പെടുന്നും പിന്തിരിഞ്ഞോടുന്നു! പിന്നെയുടങ്ങും! മഹാപുണ്യശ്ലോകാ, ഇവിടെയുള്ളോരാ ഫലശ്രവണം? ഇവിടത്തെ സച്ചരിതം കേട്ടാൽമതി, സകലർക്കും പരിശുദ്ധിവരാൻ. ഞാൻ പണ്ട കൃതയുഗത്തിൽ, ഗംഗാതീരത്തു വസിച്ചിരുന്ന പുരാണജ്ഞരായ മഹർഷിമാർ പറഞ്ഞുകേട്ടിട്ടുണ്ട്:—

Digitized By Kerala Sahitya Akademi

'രാമനാമം മധുരമൊന്നുച്ചരിയ്ക്കുംവരെയ്ക്കുതാൻ,
മാപാപംചെയ്ത ചപലമാനുഷക്ക ളുയോടയം!'

രാമചന്ദ്ര, ഭവാകൊണ്ടു ഞാൻ ഇന്നു ധന്യനായി: ഇവിടുത്തെ ദർശനത്തിനാൽ സംസാരശാന്തി അനായാസേന കൈവന്നുവല്ലോ!' ഇതു കേട്ടിട്ട്, അവിടെയുള്ള മുനിജനങ്ങളെല്ലാം ആരണ്യകനെ സാധുവാദം ചൊല്ലി അഭിനന്ദിച്ചു.

മുനിശ്രേഷ്ഠനായ വാത്സ്യായന, അവിടെ ഒരത്ഭുതമുണ്ടായി; അതും രാമനിൽ അതിഭക്തിമാനായ ഭവാൻ ശ്രവിച്ചുകൊള്ളുക: ധ്യാനഗോചരനായിരുന്ന രാമൻതിരുവടിയെ ആത്മരൂപത്തിൽ കണ്ടിട്ട് ആനന്ദതുന്ദിലനായ ആരണ്യകൻ മറ്റുമുനിമാരോടു പറഞ്ഞു:—'മുനിശ്രേഷ്ഠന്മാരേ, എന്റെ മനോഹരമായ വചനം ശ്രവിക്കുവിൻ! എന്നെപ്പോലെ ഒരു ഭാഗ്യവാൻ ത്രിലോകത്തു ആരുള്ളൂ? ആരുമില്ല, ഉണ്ടാകയുമില്ല. രാമഭദ്രൻ എന്നെ വണങ്ങി കുശലം ചോദിച്ചുവല്ലോ! ആരുടെ പാദാംബുജപരാഗം വേദങ്ങളാൽ എപ്പോഴും അന്വേഷണീയമായിരിക്കുന്നുവൊ, അവൻ ഇന്ന് എന്റെ കാൽകഴുകിച്ച വെള്ളം കുടിച്ചു താൻ ശുദ്ധനായെന്നു കരുതിയല്ലൊ!' ഇതുയും പറഞ്ഞുപ്പോഴെയ്ക്ക് അദ്ദേഹത്തിന്റെ മൂർദ്ധാവു പിളർന്ന് ഒരു തേജസ്സു പുറപ്പെടുകയും സരയൂതീരമണ്ഡപത്തിലുണ്ടായിരുന്ന സകലരും കാണ്കെ രഘുനാഥനിൽ ലയിക്കുകയും ചെയ്തു. അദ്ദേഹം യോഗികൾക്കുപോലും ദുഷ്പ്രാപമായ സായുജ്യമുക്തിയടഞ്ഞു. അകാശത്തു പെരുമ്പറയൊച്ചയും വീണാനാദവും മുഴങ്ങി; പൂമഴ പൊഴിഞ്ഞു; കാണികൾ തുലോം വിസ്മയപ്പെട്ടുപോയി. മുനിമാരും ഇതു കണ്ടിട്ട്, 'ഈ ജാബാലിശ്രേഷ്ഠൻ കൃതാർത്ഥൻ തന്നെ; രാമന്റെ തിരുമെയ്യിൽ ലയിച്ചുവല്ലൊ' എന്നിങ്ങനെ ആരണ്യകനെ പ്രശംസിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മ്യായന സംവാദം, രാമാശ്വമേധപ്രകരണം, ആരണ്യകസായുജ്യം, മുപ്പത്തെഴാമദ്ധ്യായം.

മുപ്പത്തെട്ടാമദ്ധ്യായം

വ്യാസൻ:—ഈ കഥ കേട്ടിട്ട് മഹാമനസ്കനായ വാത്സ്യായനനുണ്ടായ സന്തോഷം കുറച്ചല്ല. അദ്ദേഹം സുപ്രാജാവിനോടു പറഞ്ഞു:—'ഭൂജംഗശ്രേഷ്ഠ, ഭക്തർക്കു ദുഃഖം നീക്കുന്ന കീർത്തിയെ പരത്തിയ

Digitized By Kerala Sahitya Akademi

രഘുനാഥന്റെ ചരിതം കേട്ടിട്ട് എനിക്കു മതിവരുന്നില്ല. അരണ്യകമഹർഷി ധന്യൻതന്നെ: ആ പരമവേദജ്ഞൻ രാമനെ ദർശിച്ച നശരമായ ശരീരം വെടിഞ്ഞുവല്ലോ. ആകട്ടെ; തന്തിരുവടിയുടെ കൃതിര എങ്ങോട്ടുപോയി? ആർ പിടിച്ചുകെട്ടി? അനന്തരസംഭവം എങ്ങിനെയൊക്കെയായിരുന്നു? എല്ലാം ശരിക്കു പറഞ്ഞുതന്നാലും. ഭൂമിയെ താങ്ങുന്ന ഭവാൻ തന്തിരുവടിയുടെ ഒരു സപ്തരൂപവും സർവ്വജ്ഞനമാണല്ലോ!' ഇതു കേട്ടിട്ട് ഉള്ളുംതെളിഞ്ഞ ശേഷൻ രാമചരിത്തിലെ ദ്വാണവത്തായ അതാതുഭാഗം വർണ്ണിപ്പാൻ തുടങ്ങി:

ശേഷൻ:—'ബ്രഹ്മർഷേ, കൊള്ളാം! രഘുനാഥന്റെ ഗുണങ്ങൾ പലവുരു കേട്ടിട്ടും കേട്ടിട്ടില്ലാത്തതുപോലെ ഭാവിച്ച തീവ്രമായ ഇച്ഛയോടെ ചോദിക്കുകയാണല്ലോ ഭവാൻ ചെയ്യുന്നതു്!

വളരെ പടയാളികളാൽ പരിവൃതമായ അശ്വം പിന്നീടു മുനിവൃന്ദങ്ങൾ പുഴുന്ന മനോജ്ഞനർമ്മദാ തീരത്തെയ്ക്കു നടകൊണ്ടു. യുദ്ധകോവിദരായ സൈനികന്മാരും അതിന്റെ പിറകെ ചെല്ലുകയായി. നെറിമേൽ കനകപത്രം കെട്ടി കുറിക്കുട്ടു പൂശിക്കപ്പെട്ടിട്ടുള്ള ആ കുതിര നർമ്മദയുടെ ഒരഗാധമായ കയത്തിലേയ്ക്കിറങ്ങി വെള്ളത്തിൽ മുഴുകി. അപ്പോൾ അത്ഭുതപ്പെട്ട ശൂരന്മാരെല്ലാം തമ്മിൽത്തമ്മിൽ ചോദിച്ചു: 'എങ്ങിനെ കുതിരയെ കിട്ടും? അതിനെ വീണ്ടുകൊണ്ടു വരുന്നതിനു് ആർ ഈ വെള്ളത്തിൽ മുങ്ങും?' ഇങ്ങിനെ അവർ ഉദ്വേഗത്തോടെ തങ്ങളിൽ ആലോചന തുടർന്നപ്പോഴേയ്ക്കും, അസംഖ്യം വീരന്മാരോടുക്രൂടിയ ശത്രുഘ്നൻ അവിടെ എത്തിച്ചേർന്നു. പടയാളികളുടെ പരിങ്ങൽ കണ്ടിട്ട് ആ വീരശിരോമണി മേഘഗംഭീരസ്വരത്തിൽ ചോദിച്ചു:—'എന്താണു് നിങ്ങളെല്ലാവരും കൂട്ടംകൂട്ടമായി വെള്ളത്തിൽ നിൽക്കുന്നതു്? സപ്തണ്ണപത്രത്താൽ ശോഭികുന്ന ശ്രീരാമതുരംഗം എവിടെ? വെള്ളത്തിൽ മുങ്ങിക്കളഞ്ഞു എന്നുണ്ടോ? അതോ, വല്ല ഗർവ്വിഷ്ണുനാലും അപഹരിയ്ക്കപ്പെട്ടുവോ? ക്ഷണത്തിൽ പറകതന്നെ. എന്താണു് നിങ്ങൾക്കൊരുഴലിച്ചു?' ആ വീരന്മാരെല്ലാവരുംക്രൂടി രഘുരാജനോടുണർത്തിച്ചു:—'തിരുമേനി, അടിങ്ങൾക്കറിഞ്ഞുക്രൂടെ. കനേരമായി അങ്ങയുടെ മനോഹരമായ കുതിര വെള്ളത്തിൽ മുഴുകിയിട്ടു്! പൊങ്ങുന്നില്ല. ഇവിടുന്നതന്നെ വേഗത്തിൽ അങ്ങോട്ടെഴുന്നള്ളി അശ്വത്തെ കൊണ്ടുപോന്നാലും. ഇവിടുത്തോടൊരുമിച്ചു ഞങ്ങൾക്കു് അങ്ങോട്ടു പോകാൻ വയ്യു.' പടയാളികളുടെ ഈ അറിയിപ്പു കേൾക്കുകയും അവർ വെള്ളത്തിലിറങ്ങാൻ ഒരുങ്ങിനിൽക്കുന്നതു കാണുകയും ചെയ്തതിൽ ഖിന്നനായിത്തീർന്ന രഘുപ്രഭാവൻ മന്ത്രിശ്രേഷ്ഠ

Digitized By Kerala Sahitya Akademi

നോട് ചോദിച്ചു:—'എന്താണിനി ചെയ്യേണ്ടതു്? എങ്ങിനെ കുതിരയെ കിട്ടും? വെള്ളത്തിൽ അന്വേഷിപ്പാൻ എല്ലാം ശൂരന്മാരെയാണു് അയയ്ക്കേണ്ടതു്? ആർ എന്തൊരു ഉപായത്താൽ കുതിരയെ കൊണ്ടുവരും?' ഇതു കേട്ടിട്ടു മന്ത്രിശ്രേഷ്ഠനായ സുമതി ശത്രുഘ്നനെ ആശ്വാസപ്പെടുത്തിക്കൊണ്ടു സമയോചിതമാംവണ്ണം ഉരചെയ്തു:—'തിരുമേനി, വെള്ളത്തിൻനടുവിലൂടെ പാതാളത്തിലേയ്ക്കു പോകാൻ അത്ഭുതകർമ്മാവായ ഇവിടത്തെയ്ക്കും മഹാബലവായ പുഷ്കലനും രാമഭക്തനായ ഹനുമാനുമേ ശേഷിയുള്ളൂ. അതിനാൽ നിങ്ങടെ മുവരുംക്രൂടി അവിടെച്ചെന്നു്, അശ്വത്തെ കൊണ്ടുപോരണം, ധീമാനായ രാമന്റെ അശ്വമേധം നടക്കുമാറാകണം.'

ഇതു കേട്ടതോടുക്രൂടി ശത്രുഘ്നപ്രമാധിയായ ശത്രുഘ്നൻ താൻ തന്നെ ഹനുമൽപുഷ്കലന്മാരൊന്നിച്ചു വെള്ളത്തിലേയ്ക്കിറങ്ങി മുഴുകി. അപ്പോൾ അനേകം ഉദ്യാനങ്ങളാൽ പരിപൂർണ്ണമായ ഒരു നഗരം കാണായിവന്നു. അവിടെ മാണിക്യം പതിച്ചു ഒരു കനകസ്തൂണിന്മേൽ രാമാശ്വത്തെ കെട്ടിയിട്ടുണ്ടായിരുന്നു. ഒരു സുന്ദരി അവിടെ സുഖമായി കട്ടിലിന്മേൽ കിടക്കുന്നു; മനോജ്ഞാംഗിമാരായ മറ്റുള്ളവർ അവളെ ശുശ്രൂഷിക്കുന്നുണ്ടു്. അവർ രാജമാനത്തിയോടു പറഞ്ഞു: 'ഇതാ, കൊഴുത്തു തടിച്ച മുന്നു പുരുഷന്മാർ! ആയുസ്സുറ ഇവരെ ഭവതിക്കു തീൻ കഴിക്കാം; സപ്പാട്ടുള്ള ചോരയും കുടിക്കാം.' ദാസിമാരുടെ അറിയിപ്പു കേട്ടപ്പോൾ ആ സുന്ദരി പുരികം തുള്ളിച്ചുകൊണ്ടു് ഒരു പുഞ്ചിരിയിട്ടു. അപ്പോഴെയ്ക്കും സന്നദ്ധരായി തല്പാവണിഞ്ഞിരുന്ന ആ ശൂരവീരന്മാർ—ശത്രുഘ്നഹനുമൽപുഷ്കലന്മാർ—മുവരും അടുത്തെത്തിക്കഴിഞ്ഞു.

ദേവസ്ത്രീകൾപോലെയുള്ള ആ സുന്ദരിമാരെക്കണ്ടിട്ടു് ആ മഹാത്മാക്കൾ, ഇതെന്തദ്ഭുതം എന്നിങ്ങനെ തങ്ങളിൽ സംസാരിച്ചു്, അവരുടെ കാൽക്കൽ കിരീടരത്നകിരണം ചിതറുമാറു നമസ്കരിച്ചു. ഉടനെ, രാജമാനത്തിയായ സുന്ദരി അവരോടു ചോദിച്ചു:—'വില്ലും കൈക്കൊണ്ടു് ഇവിടെ വന്നുചേർന്ന മനുഷ്യരായ നിങ്ങൾ ആരാണു്? രാമന്റെ ഈ മോഹനമായ വാസസ്ഥാനം വാനവർക്കുപോലും അപ്രാപ്യമാകുന്നു. ഇവിടെ വന്ന ആരും ഒരിക്കലും മടങ്ങിപ്പോകയില്ല! വെൺചാമരം വീശുന്നതും സപ്തസാഗരത്താൽ ശോഭിക്കുന്നതുമായ ഈ കുതിര ഏതു രാജാവിന്റെയാണു്?' അവളുടെ ഈ മോഹനാകാരമായ ചോദ്യത്തിന്നു, ഹനുമാൻ നിഭൃയം ചിരിച്ചുംകൊണ്ടു മറുപടി പറഞ്ഞു:—'മുന്നുലോകത്തിന്നും മുടിരനായ തമ്പുരാന്റെ അശ്വക്കാരാണു് ഞങ്ങൾ. ഭൂതത്തോടു സർവ്വ ഭൂതാധിപത്വത്തെ ലോകം മുന്നും കണ്ടു

Digitized By Kerala Sahitya Akademi

ട്ടുന്നവൊ, ആ രാമചന്ദ്രന്റെ യാഗാശ്വമാണിതു്. ഇതിനെ വിട്ടതന്നാലും; എന്തിനാണ് പിടിച്ചുകെട്ടിയതു്? സ്ത്രീരത്നമെ, സർവ്വശസ്ത്രാസ്ത്രങ്ങളിലും സാമർത്ഥ്യമുള്ളവരായ ഞങ്ങളം, ചെലേന തടുക്കുന്നവരെ പറന്നിച്ചു കുതിരയെ കൊണ്ടുപോകും!' വാനരന്റെ വചനം കേട്ടിട്ടു്, ആ പാതാളവാസിനിയായ സുന്ദരി പുഞ്ചിരിയിട്ടുംകൊണ്ടു് ഭംഗിയിൽ പറഞ്ഞു:—'ഞാൻ കൊണ്ടുവന്ന ഈ കുതിരയെ വിടുവിപ്പാൻ, പതിനായിരംകൊല്ലം ക്രൂരമുത്ത ബാണങ്ങളം വർഷിച്ചാലും ശരി, അതും ആളാകയില്ല. എന്നാൽ, രാമചരണാരവിന്ദം സേവിക്കുന്നവളായ ഞാൻ ആ ധീമാനായ മഹാരാജാവിന്റെ കുതിരയെ പിടിച്ചു നിർത്തുകയില്ല. ഇതിനെ ഞാൻ കൊണ്ടുപോന്നതു വലിയ തെറ്റായിരുന്നുപോയി; ശരണ്യനും ഭക്തവത്സലനുമായ രാമചന്ദ്രൻ മാപ്പുതരട്ടെ! മാന്യന്മാരെ, തന്തിരുവടിയുടെ ആൾക്കാരായ നിങ്ങളം കുതിരയെ തേടി മുടിമുട്ടിയതിനും, ദേവകൾപോലും കിട്ടാവുന്നതല്ലാത്ത വരം ചോദിച്ചുകൊൾവിൻ—എന്റെ ഘോരമായ അപരാധം പുരുഷോത്തമൻ ക്ഷമിച്ചതുമാവു, നിങ്ങളെല്ലാവരും മടിക്കാതെ മികച്ച വരം വാങ്ങിക്കൊണ്ടാലും!' ഇതു കേട്ടിട്ടു് വന്തുമാൻ മറുപടി പറഞ്ഞു:—'രഘുനാഥപ്രസാദത്താൽ എന്തിനും പോന്നവരാണ് ഞങ്ങളം; എന്നാലും ഒരു മികച്ചവരം ചോദിക്കാം: ജന്മംതോറും ഞങ്ങൾക്കു ശ്രീരാമൻതന്നെ സ്വാമിയും, ഞങ്ങളം അവിടത്തെ ദാസന്മാരുമായി വരുന്നതിനു് അനുഗ്രഹിച്ചാലും.'

ആ സുന്ദരി പുഞ്ചിരിയിട്ടു, മാധുര്യത്തോടും വെട്ടറ്റുപോടുംക്രൂടി കഥിച്ചു:—'രാമസേവകന്മാരേ,ദേവകൾക്കുപോലും ദുഷ്പ്രാപമാണെങ്കിലും, നിങ്ങളുടെ അഭിമതം തീർച്ചയായും നിറവേറും. എന്നാലും, തെറ്റുകാരിയായ ഞാൻ രഘുനാഥപ്രസാദത്തിന്നായി ഒരു വരംക്രൂടി തരുന്നുണ്ടു്: ശിവൻ രക്ഷിച്ചുപോരുന്ന വീരമണി എന്ന മഹാബലാനുപിതനായ മന്നവൻ നിങ്ങളുടെ കുതിരയെ പിടിച്ചുകളയും; ആ വമ്പനെ ജയിക്കുന്നതിനു് എന്റെ മഹാസ്ത്രം വാങ്ങിക്കൊണ്ടാലും. ശത്രുഘ്നൻ, ഭവാൻ വേണം, ഇരുതേർപ്പോരിൽ അയാളോടു പൊരുതുവാൻ. യുദ്ധത്തിൽ ഈ അസ്ത്രം ഭവാൻ വിടുന്നതോടുക്രൂടി, അയാൾ വീണ്ടും പരിശുദ്ധനായിത്തീരും രാമന്റെ തത്പം അറിയും; തൽക്ഷണം ആ ശപത്തെ തന്നെ കാൽക്കൽ വീഴുകയും ചെയ്യും. അതിനാൽ, വൈരികളെ പിളർത്തുന്നതായ എന്റെ അസ്ത്രം സ്വീകരിച്ചുകൊൾകം.'

ഉടനെ, ശ്രീരാമസോദരൻ ശ്രുപിയായി വടക്കോട്ടു തിരിഞ്ഞുനിന്നു, യോഗിനിയാൽ നൽകപ്പെട്ട അത്ഭുതകരമായ അസ്ത്രം അംഗീകരിച്ചു. അപ്പോൾ ആ ശത്രുനാശനൻ ഒന്നുക്രൂടി തേജസ്വിയും ദുർദ്ധ

Digitized By Kerala Sahitya Akademi

ഷ്ണം വൈരിവാരണങ്ങൾക്കു തീക്ഷ്ണാങ്കുശവുമായി ശോഭിച്ചു. പിന്നീട് അവളെ നമസ്കരിച്ചു രാഘവശ്രേഷ്ഠനായ ശത്രുഘ്നൻ കുതിരയേയും കൊണ്ട്, അവിടെ നിന്നുപോന്ന സുഖകരമായ നർമ്മദാതീരത്തു തിരിച്ചെത്തി. അദ്ദേഹത്തെ കണ്ടപ്പോൾ പടജ്ജനങ്ങളെല്ലാം പരിതോഷത്താൽ കോരിമയിർക്കൊണ്ടു സാധുവാദം മുഴക്കുകയും, കുതിര കൈവന്നതെങ്ങനെ എന്നു ഘോഷിക്കുകയും ചെയ്തു. കുതിരയെക്കൊണ്ടെത്തിയതും വരം ലഭിച്ചതുമെല്ലാം ഹനുമാൻ അവരെ ധരിപ്പിച്ചു; അവർക്കു വലിയ സന്തോഷമായി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നയോഗിനീസമാഗമം മുപ്പത്തെട്ടാമദ്ധ്യായം.

(൦)

മുപ്പത്തൊമ്പതാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

വീണാമൃദംഗരവഘോഷമൊട്ടും വിമുക്ത-
മാ വാജി ദേവകൃത ദേവപുരത്തിലെത്തീ:
ഗോഹങ്ങളങ്ങുപഹസിച്ചു പളുങ്കുഭിത്തി-
ശ്രീകൊണ്ടു നാഗവൃതവിന്ധ്യമഹാചലത്തെ!

തുവെള്ളി മേടകളുമങ്ങു വിചിത്രരത്ന
മാണിക്യഗോപുരശതങ്ങളുമുജ്ജ്വലിപ്പൂ;
ഗോഹങ്ങൾതോറുമവിടെജ്ജനമാനസത്തെ-
ക്കൊരുന്നു പാടിനികരം പണ്ടു മുഖപ്പുകിട്ടാൽ.

അങ്ങാലയങ്ങളിൽ നിലത്തു പതിച്ചിരിപ്പൂ
ചൂണ്ടോട്ടു മത്സരമിണങ്ങിയ പാണരാഗം!
മാഹേന്ദ്രനീലമയകേളി മഹീധരങ്ങൾ
മേഘഭ്രമം മയിലുകൾക്കുളവാക്കിടുന്നു.

എല്ലാഗ് ഗൃഹങ്ങളിലുമങ്ങു പളുങ്കുക്രുടി-
ന്നുള്ളിൽസുഖേന മരുവും കുളഹംസകങ്ങൾ
തെല്ലും മുകിൽത്തതിയിൽനിന്നു ഭയപ്പെടുന്നി-
ല്ലുള്ളത്തിൽ മാനസസരസ്സിനെയോർപ്പുതില്ല.

ഗംഗാമണാള മകുടേന്ദു തമസ്സുകറു-
മങ്ങില്ല കൃഷ്ണസിതപക്ഷവിഭേദമെന്നും!

Digitized By Kerala Sahitya Akademi

അങ്ങുവ്വി കാത്തു മരുവുന്ന, സമൃദ്ധിയെല്ലാം
തിങ്ങുന്ന വീരമണിഭ്രുപതി ധാമ്മികാഗ്ര്യൻ.

പെരുമപെടുമവന്റെ സൂനു, രുഗ്മാം-
ഗദനിതി പേർ പുകഴുന്ന വീരനന്നാൾ,
രമണികരംമണിമാരുമായ് രമിപ്പാൻ
ശിവഭദ്രനാപവനത്തിലെയ്തിടങ്ങീ.

കാമനികളുടെ കാൽത്രിലമ്പു, പൊൻകൈ-
വളയിവയങ്ങ കിലുങ്ങിടുന്ന ശബ്ദം
മദനനുടയുമുരത്തടം കവർന്നു!
പുനരപരന്റെയവസ്ഥയെന്തുചൊൽവൂ?

മലർമരനിരയാലുത്തുകളൊരും
മരുവിനകാടതിലെത്തി മഞ്ജുവേഷൻ:
സുരഭുജയെ വളർപ്പു കാമികരംക-
ങ്ങലർവുകളുങ്ങരംനിറഞ്ഞ ചന്ദകങ്ങരം.

ഫലഭരനതമായ മാവു നൽപ്പൂം-
കുലകളിണയങ്ങിയ കൊന്ന, പുന്ന, നാഗം,
പന, പയ്യന,ട മാതളം, തമാലം,
വിലസുവതുണ്ടിനറ കൈത, മുല്ല താന്നം.

ആളികുയിലൊലി പൊങ്ങുമാ വനത്തിൽ-
ത്തളിരെതിർചെഞ്ചൊടിമാർ പുഴന്നുമേന്നേൽ
കളിമൊഴികളുഗീതിയും മുതിർത്തും-
ക്കുളിർപെടുമാറു രമിക്കയായ് കുമാരൻ.

ചിലതരുണികരം ഗ്രഹമാടി; പാടീ
ചിലർ; ചിലരോ ചതുരോക്തികൈതുടർന്നു;
ചിലർ പുരികമിളകിയുന്മദത്താൽ;
ചിലർ തഴകിസ്സുഭഗന്നു തുഷ്ടിചേർത്തു.

മൃദുവചനമുതിർത്തു പൂപരിപ്പി-
ട്ടവരെ മുറയ്ക്കുണിയച്ചു കാമരൂപൻ;
ഇതുവിധമവനല്പസിച്ചുവാഴ്ക്കു,-
ത്തദുപവനത്തിലണഞ്ഞു രാഘവാശു.

നിടിലധൃതസുവർണ്ണപത്രമോടൊ-
ത്തുടലിൽ വിപാടലകങ്കുമാദിപൂശി,

Digitized By Kerala Sahitya Akademi

ജിതപവനജവപ്രയാണമാമാ—
സ്സിതഹരിയെക്കരുകേന കണ്ടനേരം,
പ്രിയതമനൊടുരച്ചിതാ പ്രവാളാ—
ധരികഠം,പയോരുഹ ഗർവ്വണ്ണമാനോർ,
സ്മരശരമിഴിയാൽ മനാംമറിപ്പോർ,
ഒശനമതീചിശ്രുചിസ്മിതാസ്യമാർകഠം:—

'കാന്ത, കനകപത്രംകൊട്ടി പരിശോഭിക്കുന്ന ഈ ഉത്തമാശ്വം ഏതായിരിക്കാം, ആരുടെയായിരിക്കാം? ഇതിനെ ചെന്നു പിടിക്കു.' ഇതു കേട്ടതോടുകൂടി, ആ സവിലാസലോചനൻ കുതിരയെ ഒരു കൈത്താർകൊണ്ടു കളിയായി പിടിച്ചു, നെറുകിമേലുള്ള പത്രത്തിൽ സ്വപ്നമായെഴുതിയിട്ടുള്ളതു വായിച്ചുനോക്കി; എന്നിട്ടു സുന്ദരിമാരുടെ ഇടയിൽവെച്ചു ചിരിച്ചുംകൊണ്ടുരിയാടി:—'ശൌര്യംകൊണ്ടും സമ്പത്തുകൊണ്ടും എന്റെ അച്ഛനു തുല്യനായിട്ട് ഭൂലോകത്തിൽ ആരുമില്ല; ആ തിരുമേനിയിരിക്കെ, ഇതു ഗരോ രാമരാജാവിനു്! പിനാകപാണിയാൽ സദാ സംരക്ഷിതനും, ദേവദാനവയക്ഷന്മാർപോലും മണികിരീടം കുനിച്ചു കുമ്പിടുന്ന ബലവാനാമാണു് എന്റെ അച്ഛൻ. ആ ശപമേധം അവിടുന്നു നടത്തട്ടെ! ഇതിനെ എന്റെ പടയാളികൾ കുതിരലായത്തിൽ കൊണ്ടുപോയി കെട്ടട്ടെ.' ഈ വാക്കു് ആ മനോഹരിമാരായ മഹിളമാരെ സന്തോഷിപ്പിച്ചു; അവർ കണവനെ കെട്ടിപ്പുണർന്നു.

രാജകുമാരൻ ആ കുതിരയേയും കൊണ്ടു, ഭായ്മാരൊന്നിച്ചു്, ഉത്സവം നിറഞ്ഞ ആരമനയിലേയ്ക്കു മടങ്ങി. നാലുപാട്ടും മൃദംഗനിർഘോഷം മുഴങ്ങി; വീഥികൾ വാർത്തിസ്തരിച്ചു. അങ്ങിനെ മകൻ അച്ഛന്റെ കൊട്ടാരത്തിൽ ചെന്നെത്തി, അശ്വമേധത്തിനായി വിടപ്പെട്ടതും മഹാബലസമേതനായ ശത്രുഘ്നന്റെ രക്ഷയിൽ യഥേഷ്ടം സഞ്ചരിക്കുന്നതുമായ രാമനാമന്റെ അത്ഭുതാശ്വത്തെ താൻ കൊണ്ടുപോന്ന വിവരം ഉണർത്തിച്ചു. വിപുലബുദ്ധിയായ വീരമണിരാജാവാകട്ടെ, ആ പ്രവൃത്തിയെ അധികം ശ്ലാഘിക്കുകയുണ്ടായില്ല; അതു് ഒരു ക്ഷോരണംപോലെയാണു് ആ മഹാന്നു തോന്നിയതു്. അതിനെപ്പറ്റി അത്യേഹം കനകാംഗദാദി വിഭ്രഷിതാംഗനും ചന്ദ്രശേഖരനും അത്ഭുതകർമ്മാവുമായ ശങ്കരൻ തിരുവടിയോടാലോചിച്ചു.

'രാജാവേ, ഒരു വലിയ കയ്യാണു്, ഭവാന്റെ പുത്രൻ ചെയ്തതു്: ധീമാനായ രാമചന്ദ്രന്റെ വൻകുതിരയെ അപഹരിച്ചതിനാൽ, ഇന്നു്, അസംഖ്യം വീരന്മാർ കൂടിച്ചുള്ള ശത്രുഘ്നമഹാരാജാവുമായി, ദേവാസുരന്മാരെപ്പോലും മയക്കുന്ന ഒരു മഹായുദ്ധം ഉണ്ടായേയ്ക്കാം.

Digitized By Kerala Sahitya Akademi

ഞാൻ മനസ്സുകൊണ്ടു് ആരെ ധ്യാനിക്കുന്നുവോ, നാവുകൊണ്ടു് ആരെ ഉച്ചരിക്കുന്നുവോ, ആ രാമന്റെ യജ്ഞാംഗത്തെ ഭവാന്റെ മകൻ അപഹരിച്ചുവല്ലൊ! എന്നാൽ, ഇതിൽനിന്നു് ഒരു മികച്ച ഗുണം കിട്ടും: പോക്കളത്തിൽ വെച്ചു്, നാം സേവിച്ചുപോരുന്ന രാമപാദാംബുജം നമുക്കു കാണ്മാറാകും! ഇവിടെ കുതിരയെ സൂക്ഷിപ്പാൻ വളരെ പ്രയാസമുണ്ടു്. ഇതിനെ ഞാൻ കാത്തുനിന്നാൽപോലും അവർ ബലേന കൊണ്ടുപോയ്ക്കളയും. അതിനാൽ മഹാരാജാവേ, രാജ്യത്തോടുക്രൂടി ഈ ശോഭനാശ്വത്തെ സവിനയം സമർപ്പിച്ചു്, തൃപ്പാദം ശിരസ്സാകൊള്ളുക.' എന്നാണു് ശിവൻ അഭിപ്രായപ്പെട്ടതു്. അപ്പോൾ, ഇന്ദ്രാദിവന്ദിതപാദാരവിന്ദനായ തന്തിരുവടിയോടു് വീരമണി പറഞ്ഞു:—'ക്ഷത്രിയരുടെ ധർമ്മമാണു് പ്രതാപത്തെ രക്ഷിക്കുക എന്നതു്. അതിനെ ആക്രമിപ്പാനാണല്ലൊ, അശ്വമേധദീക്ഷിതനായ രാമൻ തുടങ്ങുന്നതു്. അതിനാൽ മാനമുള്ള ഒരുത്തൊരുത്തനും, ദോഷനാശംപോലും ഗണിക്കാതെ, അവനെതൊക്കെ ചെയ്തു്, തന്റെ പ്രതാപത്തെ രക്ഷിച്ചുനോക്കണം. ഉണ്ണി കുതിരയെ പിടിച്ചതിനാൽ രാമരാജാവിനെ കോപിപ്പിക്കുക കഴിഞ്ഞു; സ്വാമിൻ, ഇനി, അവസരോചിതം ചെയ്തരുളിയാലും; പെട്ടെന്നു പോടിച്ചുരണ്ടു് ശത്രുവിന്റെ കാൽക്കൽ വീഴുക എന്നതു് ക്ഷത്രിയർക്കു ചേർന്നതല്ലല്ലൊ. അങ്ങിനെ ചെയ്തവനെ, ഭീരുവും ക്ഷുദ്രനും പ്രാകൃതനുമായ ഒരു അപരാധമനാണിഞ്ഞെന്നു്, ശത്രുക്കൾ അപഹസിക്കും. അതിനാൽ യുദ്ധംചെയ്യേണ്ടതായി വന്നിരിക്കുന്ന ഈ വട്ടത്തിൽ ഇവിടുന്നു തക്കതു് ആലോചിച്ചു ചെയ്തു് ഭക്തനെ രക്ഷിക്കുമാറാകണം!'

ഇതുകേട്ട ചന്ദ്രശേഖരൻ പുഞ്ചിരിയിട്ടു, മഹാഗംഭീരസ്വരത്തിൽ, സന്തോഷകരമാംവണ്ണം അരുളിച്ചെയ്തു:—'മുപ്പത്തിമുക്കോടി ദേവകളും ഒത്തൊരുമിച്ചു വന്നാൽത്തന്നെയും, ഞാൻ രക്ഷിക്കുന്ന കുതിരയെ ഭവാൻ നിന്നു് ആർ കൊണ്ടുപോകും? രാമൻ താൻതന്നെ വന്നു പ്രത്യക്ഷീഭവിച്ചാൽ, ഞാൻ അവിടുത്തെ മൂലപാദങ്ങളിൽ നമസ്കരിക്കും: സ്വാമിയോടു പൊരുതുക എന്നതു് വമ്പിച്ച തെറ്റാണല്ലൊ. മറ്റു വീരന്മാരൊക്കെ പൂട്ടിനു ശരി; അവർ ഒന്നിനും ശക്തരാകയില്ല. അതിനാൽ, രാജേന്ദ്ര, ഭവാൻ പൊരുതിക്കൊള്ളുക. ഞാൻ കാത്തുനിൽക്കേ, ലോകം മുന്നം ഒത്തൊരുമിച്ചാൽത്തന്നെയും, കുതിരയെ ധടന്നുപിടിക്കാൻ ആരുണ്ടു്?' ചന്ദ്രചൂഡന്റെ ഈ അരുളപ്പാടു കേട്ടപ്പോൾ, യുദ്ധകൌതുകിയായ മന്നവന്നു് മനസ്സു തുള്ളോടം കളിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നാംഗദകൃതഹയഗ്രഹണം, മുപ്പത്തൊമ്പതാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

നാൽപ്പത്താമദ്ധ്യായം

ശേഷൻ:—ശത്രുഘ്നന്റെ പെരുംപടയോടുള്ള കുതിരയെ കാണായ്കയാൽ, 'കുതിര എവിടെ? ആർ കൊണ്ടുപോയ്ക്കളഞ്ഞു? കാണാനില്ലല്ലൊ! എന്തൊരു മൂഢനാണ് അശ്വത്തെ അപഹരിച്ചു കാലന്തർ പൂകാൻ തുടങ്ങുന്നത്!' എന്നിങ്ങിനെ, തിരഞ്ഞുനോക്കുകയായി. അപ്പോഴേയ്ക്കും, വമ്പിച്ച സൈന്യത്താൽ മുറവിട്ട ശത്രുഘ്നൻ സമീപത്തെത്തി, 'എന്റെ കുതിര എവിടെ? എങ്ങിനെ കാണാതായി' എന്ന് സേവകന്മാരോടെല്ലാം ചോദിച്ചു. അപ്പോൾ അശ്വാനുഗന്മാർ ഉണർത്തിച്ചു:—'സ്വാമിൻ, മനോജ്ഞവും വൃക്ഷതുരംഗമെത്തെ ഈ കാട്ടിൽ നിന്ന് ആരോ കൊണ്ടുപോയ്ക്കളഞ്ഞു; ഞങ്ങൾ തിരഞ്ഞുനോക്കിയിട്ടു കണ്ടെത്തുന്നില്ല. അതിനാൽ, കുതിരയെ കിട്ടുന്നതിനു യത്നം ചെയ്യേണ്ടിയിരിക്കുന്നു.' ഉടനെ, ശത്രുസംഹർത്താവും ശോഭനരൂപനുമായ ശത്രുഘ്നൻ സുമതിയോടു ചോദിച്ചു:—'ആരാണ്, ഇവിടത്തെ രാജാവു്? എങ്ങിനെ കുതിരയെ കിട്ടും? നമ്മുടെ അശ്വത്തെ അപഹരിച്ച നരപാലനു് എത്രകണ്ടു് ബലമുണ്ടു്?'

സുമതി:—'തിരുമേനി, ദേവനാൽത്തന്നെ നിർമ്മിക്കപ്പെട്ട ദേവപുരമാണിതു്; എത്ര ശത്രുക്കൾ ഒത്തൊരുമിച്ചാലും, ഇതു് കൈലാസമെന്നപോലെ, ദുഷ്പ്രാപമത്രെ. ഇവിടെ ധർമ്മാനുസാരേണ നാടുവാഴുന്നതു പ്രതാപവാനായ വീരമണി എന്ന രാജാവാകുന്നു. ആ മഹാശൂരനെ ശിവൻ രക്ഷിച്ചുപോരുന്നു: അദ്ദേഹം ഭക്തികൊണ്ടു കീഴടക്കിയതിനാൽ, സംഹാരകർത്താവായ ചന്ദ്രശേഖരൻ എന്നെന്നും, സ്വഭക്തന്മാർ പ്രതിപത്തി പൂണ്ടിരുക്കുന്നു. അതിനാൽ, കുതിരയെ പിടിച്ചാൽ ഒരു വമ്പിച്ച യുദ്ധം ഉണ്ടായിവരും; ശ്രദ്ധിച്ചു് പടയെ അണിനിർത്തി സൂക്ഷിക്കട്ടെ.'

ഇതിൻപ്രകാരം, രാജാക്കന്മാരെക്കൊക്കെ ശിരോരത്നമായി പേർപുകഴ്ന്ന ശത്രുഘ്നൻ സൈന്യത്തെ അണിയുറപ്പിച്ചു നില്പായി. അപ്പോൾ, കലഹപ്രിയനായ ദേവർഷി അവിടെ വന്നെത്തി. ഉടനെ, ശത്രുഘ്നൻ എഴുന്നേറ്റു് ആ തപോനിധിയെ ഒരു ആസനത്തിന്മേൽ ഇരുത്തി, സ്വാഗതം ചൊല്ലി, മധുപർക്കം നൽകി സൽക്കരിച്ചു് സന്തോഷിപ്പിച്ചു; അതിനുശേഷം ഭംഗിയാംവണ്ണം ചോദിച്ചു:—'മഹാബ്രാഹ്മണ, എന്റെ കുതിര എവിടെയാണു്? എന്റെ ആൾക്കാർ തിരഞ്ഞുനോക്കിയിട്ടും കണ്ടെത്തുന്നില്ല, തപോധന, ഏതു ക്ഷത്രിയനാണു്

Digitized By Kerala Sahitya Akademi

മാനംമൂലം അതിനെ കൊണ്ടുപോയതെന്നും, എങ്ങിനെ വേണം വീണ്ടെടുക്കുക എന്നും പറഞ്ഞുതരിക.' വീണ്ടും വീണ്ടും വീണ മീട്ടി രാമചരിതം പാടുന്ന നാരദൻ മറുപടി പറഞ്ഞു:—'ഇന്ദ്രപുരത്തിലെ രാജാവായ വീരമണിയുടെ പുത്രനാണ്, വനത്തിൽനിന്ന് അങ്ങയുടെ അശ്വമ്മേധത്തെ കൊണ്ടുപോയിട്ടുണ്ട്. ഇവിടെ അങ്ങേയ്ക്ക് അതി ഘോരമായ സമരം ഉണ്ടായി വരും: കരുത്തും ശൌര്യവുമുള്ള വളരെ വീരന്മാർ നേരിടും. അവരെ എല്ലാവരും കരുതലോടെ നിഗ്രഹിക്കണം. പാറലർപ്പടയാനികൾക്കു കയറിച്ചെല്ലാവുന്ന ഒരു രൂപം നിമ്മിച്ചാലും. ഒടുവിൽ ജയം അങ്ങേയ്ക്കുതന്നെയായിരിക്കും: രാജനെ തോല്പിപ്പാൻ ത്രൈലോക്യത്തിൽ ആരുണ്ട്?' ഇപ്രകാരം പറഞ്ഞിട്ട് അന്തർദ്ധാനംചെയ്ത മഹർഷി ദേവാസുരോത്തമമായ ഘോരയുദ്ധം കാണുന്നതിന്ന് അവിടെ തന്നെ നിലകൊണ്ടു.

ശൂരക്കില്ലാം ശിരോമണിയായ വീരമണിരാജാവിനെ, വേഗത്തിൽ അനല്പദർപ്പനായ രിപുവീരനെന്ന പടനായകനെ വരുത്തി, മേഘസദൃശത്തിൽ ആജ്ഞാപിച്ചു:—'സേനാപതി, നമുടെ ശോഭനമായ നഗരത്തിലെങ്ങും ചെന്നറിയിപ്പിക്കുക: നാളെക്കാട്ട് ആയുധപാണികളായി ശത്രുക്കളുടെ നേരെ പുറപ്പെടട്ടെ.' ഉടനെ, പത്തനപാലകൻ പടഹഘോഷം മുഴക്കിച്ചു: ഗജാരോഹം പദാതിരോഹം ചെയ്ത കോകങ്ങളായി. പട്ടണത്തിലുള്ള വീരന്മാരെല്ലാം രാജസന്നിധിയിലെത്തി; വല്ലവരും വീരാഭിമാനത്താൽ തമ്പുരാന്റെ ഉത്തരവുകിട്ടി നടന്നാൽ, പുത്രന്മാരായാലും ശരി, സോദരന്മാരായാലും ശരി, അവർക്കും വധശിക്ഷ കല്പിക്കുന്നതാണ്! വീണ്ടും വീണ്ടും ചെയ്യാറ കൊട്ടുന്നതു വീരന്മാർ കേൾക്കുവിൻ; കേട്ടിട്ട്, ഒട്ടും താമസിക്കാതെ വേണ്ടതു ചെയ്തുകൊൾവിൻ.'

(ശ്ലോകങ്ങൾ)

പെരുമ്പറവിളംബരധ്വനിയിതുകേട്ടു,തെരുവെ
പെരുത്തുറടയാളിമാരരമനയ്ക്കുകരുതിനാർ
സ്ഫുരൽകവചധോരണീ, ശ്ശിരസിനൽത്തലപ്പാവണി-
ഞ്ഞുരത്നസമരോത്സവംകുരിയുംകുഴിത്തുടങ്ങിനാ.

ചിലരിരുകുതിരപ്പുറത്തുവാനമണിത്തേരിലാണ്ടും,
ചിലർ സുവർണ്ണവിരാജദാജിപ്രവണരായും,
ചിലർ മദകരിതന്മേലേറിയും കീഴ്സ്ഥാനന്മാർ
കലഹരഭസമോടങ്ങെത്തി രാജാജ്ഞയാലേ.

Digitized By Kerala Sahitya Akademi

ദുഷ്പ്രഭുത്വിപ്രാണങ്ങു മാനസജവ--
ത്തേരതിരുഗ്രമാംഗദൻ;
തൽഭ്രാതാ[illegible]ഭാംഗദൻ മണിമയ--
പ്പോർ[illegible]ത്തിനാൻ;
പ്രതാപിശ[illegible]വീരസിംഹനാമശേ--
ഷാ[illegible]വീനാൻ, ദ്രുപ
സഹസ്രീയ[illegible]ലമിത്രധാം കവചിയായ് –
വാണ[illegible]വനെഴുന്നിനാർ.

നാല്പംഗാഢ[illegible]തൊരുങ്ങിയെന്ന സേനാ–
പാലൻതന്നെയറിയിച്ചുകേട്ടടൻതാൻ
ഭ്രുലക്ഷ്മീശ[illegible]വനസ്സൂര്യപൂർണ്ണമാകും
സ്ഥലശ്രീകരിയുരുളൊത്ത തേരിലേറീ.

പടനം ശംഖ[illegible]ഴുമടിച്ച യോധരെ–
ക്കുട്ടയ്ക്കിളുകിടി വീരനാദവും;
സ്പുടപ[illegible]ക്കുറകൊട്ടികൊട്ടുകാ–
രടങ്ങിനങ്ങീ പ്രവരന്റെ സേനകൾ.

സുമംഗളം ശുഭനിശ്ചയത്തിലേവരും
സമസ്തശസ്ത്രപൂരണനായു പോർക്കളം;
നമസ്ത്യലോകത്തെ വിളിക്കുവാൻ സമർ–
ത്ഥമിപ്പൂപ്പാർതിങ്കിനി ഭേരിശംഖൊലി.

ദ്രുതാംഗിവാഹങ്ങളുകളുഞ്ഞാടർത്തുള്ളി–
ത്തെന്നീപടപ്പുഴറിനീരമണിക്ഷിതീശൻ;
തുരഗമിപ്പടിലവായ് പടയുന്തപ്പീയം:
ചരുത്രുടനെഴുന്നിനാഴിപോലെ.

ശത്രുക്കളായ തന്നെപ്പടികളോടുകൂടി കോലാഹലംകൂണ്ടു വ
ന്നതറിഞ്ഞു ആ ഒ[illegible]ത്തുതന്നെയുപ്പാം കണ്ടിട്ടു ശത്രുലംനൻ സുമതി
യോടു പറഞ്ഞതു: [illegible]ന്റെ ചരിതത്തെ പിടിച്ചു ബലവാനായ വീരമ
ന്നിരാജാവു വന്നു; ചതുരംഗപ്പടയുമായി യുദ്ധത്തിനു വന്നെത്തിയി
രിക്കുന്നുവല്ലോ; ഇപ്പോൾ നമുക്കിനി എങ്ങിനെ നടത്തണം? നമുക്കെല്ലാം കരുത്ത
നാരാണ് പൊരുതുവാൻ? നമുക്കു ജയമുണ്ടാകുമോ, ആ വീരന്മാരെയെ
ല്ലാം നിർത്തിക്കളഞ്ഞു.'

സുമതി:–'തിരുമനസ്സു, വന്നിട്ടു സൈന്യത്തോടൊന്നിച്ചു
യുദ്ധത്തിനു വരിക്കുന്ന ഈ മഹാരാജാവു വലിയ ശിവഭക്ത
നാണ്; ഇദ്ദേഹത്തിനോടു പരമാസ്തികശ്രേഷ്ഠനായ പുഷ്പ്പലൻ പൊ

Digitized By Kerala Sahitya Akademi

രുതട്ടെ; മറ്റു നീലരത്നാദികളായ പോരാളികളും പൊരാരാകട്ടെ. ശിവനോടു പൊരുതാൻ ഇവിടുന്നുതന്നെവേണം; ബലവും വിക്രമവുമേറിയ തന്തിരുവടിയോടു ഭവാൻ ദ്വന്ദ്വയുദ്ധം നടത്തണം. ഇങ്ങിനെയായാൽ ഇവിടെയുള്ളതിൽ ജയം ലഭിക്കും. പിന്നീ, തിരുമനസ്സുപോലെ.'

ഇതിൻവിധം യുദ്ധത്തിന്നാറ്റു ശത്രുഘ്നൻ വീരന്മാരോടാജ്ഞാപിച്ചു:—'ആയുധപ്രവീണന്മാരായ രാജാക്കന്മാരെല്ലാം സൈന്യത്തോടൊന്നിച്ചു വേഗത്തിൽ പോരിന്നിറങ്ങി, എനിക്കു ജയംകിട്ടുമാറു പ്രയത്നിപ്പിൻ.' ഈ ഉത്തരവനുസരിച്ചു്, ആ പോർവിരുതന്മാരെല്ലാം പടജ്ജനങ്ങളോടൊരുമിച്ചു്, അത്യുത്സാഹത്തോടേ യുദ്ധത്തിന്നിറങ്ങി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, യുദ്ധനിശ്ചയം നാല്പത്താമദ്ധ്യായം.

—(o)—

നാൽപ്പത്തൊന്നാമദ്ധ്യായം

ശേഷൻ:—യുദ്ധത്തിന്നൊരുങ്ങിയ മഹാബലശൌണ്ഡന്മാരായ ശത്രുഘ്നസൈനികന്മാർ വീരമണിയുടെ സൈന്യത്തിൽ ചെന്നുകേറി, ചെറുഞാണൊലിയിട്ടു ശരം വർഷിച്ചു, വളരെ പടയാളികളെ പിളർത്തിത്തുടങ്ങി. അതിൽ അനേകം ആനകൾ കൊല്ലപ്പെട്ടു; കുതിരകളെപ്പൂട്ടിയ മണിത്തേരുകൾ പടക്കളത്തിൽ ഉടഞ്ഞു ചിതറി. അവരുടെ മട്ടുനം കണ്ടിട്ടു, കരുത്തനായ രുഗ്മാംഗദൻ ഒരു മണിമയമായ രഥത്തിൽ കേറി അവരോടു പൊരുതാനണഞ്ഞു. കുപിത കോപത്താൽ കണ്ണുകൾ തുടുത്തു ഭയങ്കരനായിരുന്ന അദ്ദേഹം, അനുജന്മാരുടെ ആ വനാഴികളിൽ നിന്നു ബാണങ്ങളെടുത്തു വില്ലിന്മേൽത്തൊടുത്തു്, ആയിരമായിരം വീരന്മാരെ തെരുതെരെയെയ്തു പരിക്കേല്പിച്ചു. അവിടെയെങ്ങും ഹാ ഹാ ശബ്ദം മുഴങ്ങി. അതിന്നുശേഷം, കരുത്തും യശസ്സും ശ്രീയും ചേർന്ന ആ രാജകുമാരൻ, തനിക്കു ശത്രുവായ ശത്രുഘ്നനേയും ഭരതപുത്രനേയും പോരിന്നു വിളിച്ചു:—'ബലവും വിക്രമവുമേറിയ വീരശിരോമണേ, ഭവാൻ ബലം പൂണ്ടു ശോഭിക്കുന്ന രാജപുത്രനായ എന്നോടു യുദ്ധത്തിന്നു വന്നാലും. വേറെ നോക്കലക്ഷം ആളുകളെ ഉഴറി കൊലപ്പെടുത്തിയിട്ടെന്തുള്ളു? എന്നോടു മഹായുദ്ധം ചെയ്തു വിജയം നേടിക്കൊള്ളുക!'

Digitized By Kerala Sahitya Akademi

ന്നുരയും പറഞ്ഞുറച്ചുഴയ്ക്കും, ബലവാനായ പുഷ്കലൻ പുഞ്ചിരിയിട്ടുംകൊണ്ട് ഏഴുതാന്നം ക്രൂരനുകൾ വിരിഞ്ഞ മാത്തടത്തിലേയ്ക്ക് ആഞ്ഞുവിട്ടു; അതിൽ അമർഷംപൂണ്ട രുഗ്മാംഗദൻ പത്തു ബാണങ്ങൾ വിട്ടിന്മേൽ തൊടുത്തു പുഷ്കലവീരന്റെ വക്ഷസ്സിലേയ്ക്കും എയ്തു. ഇരുപേരും പോർവാശി മൂകി; ഇരുവരും ജയം ഗനാകിത്തുടങ്ങി; അവർ സ്വന്തനം താരകന്മാരെന്നപോലെ യുദ്ധത്തിൽ പരിശോഭിച്ചു. വീരനായ പുഷ്കലൻ ഏഴാറാറും തീക്ഷ്ണങ്ങളായ പത്തുബാണങ്ങൾ വിട്ടിന്മേൽ തൊടുത്തെയ്ത രുഗ്മാംഗദന്റെ തേർ തകർത്തുകളഞ്ഞു: നാലെണ്ണംകൊണ്ടു നാലു കുതിരകളേയും, രണ്ടെണ്ണംകൊണ്ടു സൂതനേയും, ഒരെണ്ണംകൊണ്ടു കൊടിമരത്തേയും, രണ്ടെണ്ണംകൊണ്ടു രണ്ടു രഥരക്ഷകന്മാരേയും വീഴ്ത്തി; ഒന്നു വീരമണിമകുടന്റെ മാറിലേയ്ക്കും വീരോടേ വിട്ടു. ഈ അത്ഭുതം കണ്ടിട്ടു വീരന്മാരെല്ലാം അഭിനന്ദിച്ചു.

കുതിരകളും സൂതനും ചത്തു, തേരുടഞ്ഞു, വില്ലും മുറിഞ്ഞ രുഗ്മാംഗദൻ അത്യന്തം കോപത്തോടേ മറെറാരു തേരിൽ കയറി; അദ്ദേഹം ഒന്നാന്തരം കുതിരകളെ പൂട്ടിയ ആ പൊങ്ങംതേരിൽ നിന്ന്, ഒരു വമ്പിച്ച വില്ലെടുത്തു മുകൾക്കൊലയേറി പുഷ്കലവീരനോട്,—'പരതാപ, ഭവാൻ മികച്ച പരാക്രമം കാണിച്ചിട്ട് എവിടെയ്ക്കു പോയ്ക്കളയും? ഇനി, എന്റെ ബലപരാക്രമം ഒന്നു കാണുക: സൂക്ഷിച്ചു നിന്നോളൂ; ഭവാന്റെ തേരു ഞാൻ ആകാശത്തെയ്ക്കു പറപ്പിയ്ക്കും!' എന്നിങ്ങനെ ഉരചെയ്തു, ഒരു തീക്ഷ്ണവിശിഖം വില്ലിന്മേൽ തൊടുത്തു, ഭ്രാമകമന്ത്രം ജപിച്ചു, പുഷ്കലന്റെ നേരിന്മേലെയ്ക്കു വിട്ടു. ആ പൊന്നകൊടിയ ബാണം പുഷ്കലരഥത്തെ ഒരു യോജന ദൂരത്തേക്കു മാറിക്കളഞ്ഞു; സൂതൻ ഉറപ്പിച്ചു നിർത്തിയിട്ടും, അതു നിലത്തു വട്ടം ചുറുകയായി. ഒരുവിധം സ്വസ്ഥനായ വന്നപ്പോൾ, പരമാസ്ത്രപണ്ഡിതനായ പുഷ്കലൻ ഒരു ബാണം വില്ലിന്മേൽ തൊടുത്തിട്ട് എതിരാളിയോടു പറഞ്ഞു:—'ഹേ വീരശ്രേഷ്ഠ, ഭവാൻ ദേവകളെല്ലാം അധിവസിക്കുന്ന സ്വർഗ്ഗത്തിലേയ്ക്കു പോയ്ക്കൊണ്ടാലും: അങ്ങയെപ്പോലുള്ളവർ ഭൂലോകത്തു പാർക്കേണ്ടവരല്ല, ഇന്ദ്രസഭയിൽ ഇരിക്കേണ്ടവരാണ്! അതിനാൽ ദേവലോകത്തേയ്ക്കു പോകുതന്നെ.' ഈ വിധം കഥിച്ചിട്ട്, ആകാശത്തേയ്ക്കു പറപ്പിക്കുന്നതായ ആ മഹാസ്ത്രം അയ്ക്കുകയ്തു. അതേറിട്ട രുഗ്മാംഗദന്റെ രഥം നേരേ നഭസ്സിലേയ്ക്കുയർത്തി, എല്ലാ ലോകങ്ങളേയും കടന്നു, സൂര്യമണ്ഡലത്തിലണയുകയും, സൂര്യരശ്മിയാൽ സൂതാശ്വങ്ങളോടൊപ്പം ദഹിച്ചുപോകയും ചെയ്തു. രുഗ്മാംഗദനോ, അക്കരശ്മിയാൽ ശരീരം മുഴുവും വെന്തു് അതിസങ്കടത്തിൽപ്പെട്ടു, ക്ലേശനാശനനായ ചന്ദ്രശേഖരനെ സ്മരി

Digitized By Kerala Sahitya Akademi

ച്ചുംകൊണ്ടു ഭൂമിയിലേയ്ക്കു വീണു; പടക്കളത്തിൽ പതിച്ചതോടുകൂടി, അതു പരമദുഃഖിതൻ മോഹാലസ്യപ്പെട്ടുപോയി. അപ്പോൾ പോർത്തലയ്ക്കൽ വന്നിച്ച ഹാ ഹാ ശബ്ദം മുഴങ്ങി.

പുഷ്കലപ്രഭൃതികൾ ജയശ്രീയാൽ അനുഗൃഹീക്കപ്പെട്ടു; അശ്വത്തെ അപഹരിച്ച ശത്രുക്കളൊ, ഓടാൻതുടങ്ങുകയായി. ആ സന്ദർഭത്തിൽ, പുത്രൻ മോഹലസ്യപ്പെട്ടതു കണ്ടിട്ട് കോപം മുഴത്ത വീരമണി ഭൂപാലൻ പോർനടുവിൽ നില്ക്കുന്ന പുഷ്കലനോടടുത്തു. അപ്പോൾ മാട്ടം കൂട്ടം നിറഞ്ഞ ഭൂമി കുലുങ്ങിപ്പോയി! പേടിച്ചുഴന്നുനിന്നിരുന്ന പോരാളികൾ ഉത്സാഹഭരിതരായി. അനൊടുങ്ങാത്ത അനുപനാഴിക ളും വന്നിച്ച് വില്ലും ധരിച്ചിരുന്ന തന്ത്രാൻ രോഷത്താൽ ചീറിക്കൊണ്ട് ശത്രുരാളിയെ പോരിനു വിളിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ഗുഗ്ഗുമാംഗദപാതനം, നാൽപ്പത്തൊന്നാമദ്ധ്യായം.

നാൽപ്പത്തിരണ്ടാമദ്ധ്യായം

ശേഷൻ:—പെരുംപടക്കടലിൽ പുഷ്കലനെ പോരിനു വിളിക്കുന്ന വീരമണിയെ കണ്ടിട്ടു, കപിശ്രേഷ്ഠനായ ഹനുമാൻ അദ്ദേഹത്തോടു പാഞ്ഞെറ—വാലുയർത്തി, ദേഹം വളർത്തി, ഇടിനാദത്തിൽ അലറിക്കൊണ്ട് ആ വാനരേന്ദ്രൻ മറ്റു പടയാളികളെ വിട്ടു നരേന്ദ്രനോടാഞ്ഞടുത്തു. അതു കണ്ടപ്പോൾ, അഭിമാനിയായ പുഷ്കലനു് ഈർഷ്യയും രോഷവുംമൂലം കണ്ണു തുടുത്തുപോയി; ആ പരമാസ്ത്രജ്ഞൻ മേഘഗർജ്ജിതത്തിനൊത്ത ഗംഭീരസ്വരത്താൽ പടകളെ മുഴക്കിക്കൊണ്ട് ഹനുമാനോടരിയാടി:—'വാനരോത്തമ, എന്തിനാണ് ഭവാൻ യുദ്ധത്തിന്നിറങ്ങിയതു്? വീരമണിരാജാവിന്റെ ഈ സപര്യബലം എത്രയുണ്ടു്? മൂന്നുലോകം മുഴുവനും ഒത്തൊരുമിച്ചു് എതിരിട്ടാൽ പക്ഷം ഭവാനു വേണമെങ്കിൽ കളിയായി ഒന്നു പൊരുതാൻ വകയുണ്ടു്! ആരാണീ വീരമണി! ഈ സൈന്യം എത്ര ചെറുതു്! വീര, ഭവാൻ ഇങ്ങോട്ടു വന്നിട്ടു് ഒരാവശ്യവുമില്ല. രഘുനാഥന്റെ കൃപാകടാക്ഷത്താൽ ഞാൻ ക്ഷണനേരംകൊണ്ടു് യുദ്ധത്തിൽ കടക്കാവുതല്ലാത്തതും കടന്നു പോന്നുകൊള്ളാം; വാനരേന്ദ്ര, ഭവാനു വിചാരം വേണ്ട. രാമന്റെ കാ

Digitized By Kerala Sahitya Akademi

രുണ്യത്താൽ അങ്ങ് രാക്ഷസസമുദ്രത്തെ കടന്നില്ലയോ, അതുപോലെ ഞാനും രാമനെ സ്മരിച്ച്, കടക്കാവതല്ലാത്തതും കടക്കും: രാമനെ സ്മരിച്ചാൽ, ഉന്നതമായ ദുഃഖസാഗരവും വറ്റിപ്പോകുമെന്നതിൽ സംശയമില്ലല്ലോ. അതിനാൽ, ഭവാൻ ശത്രുഘ്നന്റെ അടുക്കലേയ്ക്കു മടങ്ങിപ്പോയ്ക്കാൾകം. വീരമണിഭ്രൂപനെ ഞാൻ ഇതാ, ക്ഷണനേന ജയിച്ചു വരുന്നേയ്ക്കാം.'

പുഷ്കലന്റെ ഈ ധീരവചനം കേട്ടിട്ട്, ഹനുമാൻ മറുപടി പറഞ്ഞു:—'വത്സ, വീരമണി ഭ്രൂപന്റെ നേർക്കു സാഹസം തുടങ്ങരുതേ: ഇദ്ദേഹം ദാതാവാണ്, ശരണ്യനാണ്, ബലശൌര്യങ്ങളാൽ പ്രശോഭിതനാണ്. ഭവാൻ ഒരു ബാലൻ; രാജാവൊ, എല്ലാ ശസ്ത്രാസ്ത്രങ്ങളിലും അതിവിദഗ്ദ്ധനായ വൃദ്ധൻ. ഇദ്ദേഹം ശൌര്യശാലികളായ വളരെ വീരന്മാരെ യുദ്ധത്തിൽ തോല്പിച്ചിരിക്കുന്നു. സദാശിവനത്രേ, ഇദ്ദേഹത്തിനു പാർശ്വരക്ഷകൻ. ഇദ്ദേഹത്തിന്റെ ഭക്തിയാൽ വശീകൃതനായിട്ട്, പാർവ്വതീവല്ലഭൻ ഈ പട്ടണത്തിൽ വാണരുളുന്നു. അതിനാൽ, ഈ രാജാവിനോടു ഞാൻ തന്നെ പൊരുതിക്കൊള്ളാം; ഭവാൻ മറ്റു വീരന്മാരെ ചിക്കനെ ജയിച്ചു പരിപൂർണ്ണമായ കീർത്തി നേടിയാലും.'

പുഷ്കലൻ:—'ഇദ്ദേഹം ശിവനെ ഭക്തികൊണ്ടു വശീകരിച്ചു തന്റെ നഗരത്തിൽ വസിപ്പിച്ചിട്ടുണ്ടായിരിക്കാം; എന്നാൽ ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ മഹേശ്വരൻ നിവസിക്കുന്നില്ല! സദാശിവനു് ഉൽകൃഷ്ടസ്ഥാനം കിട്ടിയതു് ആരെ ആരാധിച്ചിട്ടാണോ, ആ രാമൻ ഒരിക്കലും എന്റെ മനസ്സിനെ വിട്ടുപോകുകയില്ല. രാമൻ എവിടെയോ, അവിടെയാണ് ചരാചരലോകം മുഴുവൻ. അതിനാൽ വീരമണിഭ്രൂപനെ ഞാൻ ജയിക്കുന്നുണ്ട്. മറ്റു മാനശാലികളായ വീരസിംഹാദി പാർത്ഥിവന്മാരോടു പൊരുതാൻ പോയ്ക്കാൾകം; എന്നെപ്പറ്റി അങ്ങയ്ക്കു് ഒരു വിചാരവും വേണ്ട.'

പുഷ്കലൻ ധീരതയോടെ ഇപ്രകാരം പറഞ്ഞതിനാൽ, ഹനുമാൻ രാജാനുജനായ വീരസിംഹനോടു യുദ്ധംചെയ്യാൻ നടകൊണ്ടു. ലക്ഷ്മീനിധി മഹാശസ്ത്രാസ്ത്രകുശലനായ വീരമണി പുത്രൻ ശുഭാംഗദനമായി ഇരുതേർപ്പട വെട്ടി. ബലമിത്രനോടു, ശസ്ത്രങ്ങൾകൊണ്ടും അസ്ത്രങ്ങൾകൊണ്ടും പോർനടത്താൻ പോന്ന മഹാബലപ്രതാപനായ സുമദനരേന്ദ്രൻ സമരം തുടങ്ങി.

പോരിനു വിളിക്കുന്ന വീരമണിയോട്, ഇരുതേർപ്പടയിൽ പെട്ടതയുള്ള പുഷ്കലൻ പൊന്നണിത്തേരിൽക്കയറി നേരിട്ടു. അതു കണ്ടിട്ട്, മഞ്ജുഭാഷിതനായ മന്നവൻ നിർഭയം കഥിച്ചു:—'കുട്ടീ, അരിശംകെടുത്തിരിക്കുന്ന എന്നോടു പോരിനു പുറപ്പെടരുതേ! പ്രാണനും കൊ

Digitized By Kerala Sahitya Akademi

ണ്ടു തിരിയേ പോയ്ക്കോൾക. എന്നോടു നീ യുദ്ധംചെയ്യുക്രൂടാ. നിന്നെപ്പോലെയുള്ള കുട്ടികളിൽ എന്നെപ്പോലുള്ളവർ ദയ കരുതുന്നതല്ലാതെ, അസ്ത്രം പ്രയോഗിക്കുകയില്ല. അതിനാൽ, പോരിൽനിന്നു പിന്തിരിഞ്ഞുപോവു! നിന്നെ കൺകൊണ്ടു കാണുന്നതുവരെ, എനിക്കു് ഉത്സാഹം തോന്നിയിരുന്നു; ഇപ്പോഴാകട്ടെ, അസ്ത്രംവിടാൻ എനിക്കു മനസ്സുവരുന്നില്ല! എന്റെ മകനെ നീ ശരങ്ങൾകൊണ്ടു പിളർത്തി മോഹാലസ്യപ്പെടുത്തിയതും മറും ഞാനിപ്പോൾ, നിന്റെ ബാലത്വമോർത്തു ക്ഷമിച്ചിരിക്കുന്നു!!' പുഷ്കലൻ മറുവടി പറഞ്ഞു:—'ഞാനൊരു കുട്ടി; ഭവാനോ, എല്ലാ ശസ്ത്രാസ്ത്രങ്ങളിലും പരിജ്ഞാനമുള്ള മഹാവ്യക്തൻ! എന്നാൽ, ക്ഷത്രിയരുടെ അഭിപ്രായത്തിൽ, കുലത്തു മുതിർന്നവരാണ് വൃദ്ധന്മാർ; വയസ്സുകൂടിയവരല്ല. ഭവാന്റെ ബലശൗര്യങ്ങളിൽപ്രീതനായ പുത്രനെ ഞാൻ മോഹാലസ്യപ്പെടുത്തിയല്ലോ; ഇനി ഭവാനെയും ആയുധങ്ങൾകൊണ്ടു പോർക്കളത്തിൽ വീഴിക്കും. അതിനാൽ പോർരംഗത്തിൽ അങ്ങു സൂക്ഷിച്ചുനിന്നോളു! രാമഭക്തനായ എന്നെ, ഇന്ദ്രാദിദേവന്മാരിൽ ഇരിക്കുന്നവനായാലും ഒരുത്തൻ ജയിക്കുകയില്ല.'

പുഷ്കലന്റെ ഈ വാക്കു കേട്ടിട്ടു വീരമണി ആ ബാലനെ നോക്കി ഒന്നു ചിരിച്ചു, വീണ്ടും അരിശംകൊണ്ടു. അരിശംകൊണ്ട രാജാവിനെ ഉന്മത്തനായ ഭരതപുത്രൻ ഇരുപത്തു ക്രൂരമുകൊണ്ടു മാറിലേയ്ക്കായിട്ടെയ്തു; ആ ബാണങ്ങൾ അടുത്തെത്തിയപ്പോഴെയ്ക്കും, അതിക്രുദ്ധനായ അരിഷ്ടൻ ക്രൂരമൃത്യു ശരങ്ങൾകൊണ്ടു തുണ്ടുതുണ്ടാക്കിക്കളഞ്ഞു. അമ്പുകൾ മുറിച്ചുതു കണ്ടിട്ടു് അത്യന്തം ക്ഷുഭിതനായ പുഷ്കലകുമാരൻ വീരമണിയുടെ നെറ്റിമേൽ മൂന്നു ബാണങ്ങളേല്പിച്ചു. അതുകൾ അവിടെ തറഞ്ഞു ത്രികൂടശിഖരങ്ങൾപോലെ കാണുമാറായി. ബാണമേറ്റിട്ടുള്ള വേദനയാൽ കോപം മുഴുത്ത ഭരതപുത്രൻ പുഷ്കലവീരന്റെ മാറിടത്തെയ്തു് ഒമ്പതു ശരങ്ങൾ അയച്ചുവിട്ടു; അവ വത്സദന്തങ്ങൾ ഭരതപുത്രന്റെ രക്തം ഒട്ടേറെ കുടിച്ചു്, അരിശംകൊണ്ട വിഷധാരങ്ങളെന്നപോലെ, ആ ശരീരത്തിൽ പറ്റിനിന്നു. വീണ്ടും 'കലിപൂണ്ട' പുഷ്കലൻ രാജാവിനെ നൂറു ക്രൂരമുകൾകൊണ്ടു പിളർത്തി; അവ ചട്ട കീറി, കിരീടവും തലപ്പാവും തേരും കുലയേറിയ വൻവില്ലും തകർത്തുകളഞ്ഞു.

ബാണത്താൽ ദേഹം പിളർന്ന ചോരയിലാറാടിയ വീരമണി ക്രുദ്ധനും അമർഷംപൂണ്ടു മറ്റൊരു തേരിലേറി ഭരതപുത്രനോടെതിരിട്ടു, 'വീര, രാമചരണാബ്ജഭൃംഗമേ, നീ ധന്യൻതന്നെ! ഒരു വമ്പിച്ച പടയാണ്, എന്റെ തേരുടച്ചുകളഞ്ഞ നീ ചെയ്തതു്. എന്നാൽ,

Digitized By Kerala Sahitya Akademi

ഇനി ഞാൻ ചെയ്യുന്ന യുദ്ധത്തിൽ നിന്റെ പ്രാണനെ രക്ഷിച്ചുകൊള്ളുക: യമതുല്യനായ ഞാൻ നില്ക്കുമ്പോൾ നിനക്കു ജീവിതം സുലഭമല്ല!' എന്നിങ്ങനെ കഥിച്ചു് അസംഖ്യം ബാണങ്ങളെ വർഷിച്ചു; ഭൂമിയിലും നാലുദിക്കിലും ബാണമല്ലാതെ മറ്റൊന്നും കാണ്മാറുണ്ടായിരുന്നില്ല. അനേകായിരം ആനകളും കുതിരകളും തേരാളികളോടുകൂടിയ തേരുകളും അവിടെ മുറിഞ്ഞുവീണു രണ്ടായി പിളർന്നും ചിന്നിച്ചിതറി. ഒരു രഥസൂഴപ്രദേശത്തിൽ പ്രവർത്തിച്ചു: അതിൽ കാഴ്ചയുടെ പർവ്വതശൃംഗങ്ങളെന്നപോലെയും, പടയാളികളുടെ തലമുടികൾ പായലുകളെന്നപോലെയും കാണപ്പെട്ടു; ചന്ദനവും മാറും പൂശി മോതിരമണിഞ്ഞവയായ മുറിഞ്ഞ കൈകൾ പാമ്പുകളെന്നപോലെയും, തലകൾ ആമകളെന്നപോലെയും ശോഭിച്ചു; മാംസങ്ങൾ ആ പുഴയിലെ മത്സ്യങ്ങളായിച്ചമഞ്ഞു!

ഈ ബഹളത്തിൽ, യോഗിനികൾ കൂട്ടമിട്ടെത്തി, പോരിൽ വീണുകിടക്കുന്നവരുടെ രക്തം പാത്രത്തിലാക്കി മോന്തി, മാംസം കടിച്ചു തിന്നു, ഹർഷവും കൊഴുപ്പുകവും പൂണ്ടു് ആടാനും പാടാനും അട്ടഹസിപ്പാനും തുടങ്ങി. പിടിച്ചുപിടിച്ച പിശാചുക്കൾ പോർക്കളത്തിൽ നിന്നു് ആളുകളുടെ തലകളെടുത്തു് ഇരുകൈകൊണ്ടും 'ഇലത്താളം' കൊട്ടുകയായി. കുറുനരികൾ പടയാളികളുടെ മാംസം തിന്നു തിമർത്തു, കഴുകന്മാർ പോടിതോന്നാവണ്ണം ഓരിയിട്ടു തുടങ്ങി. എത്രയോ പോർത്തൊണ്ടന്മാർ ആനകളുടെ വയറിൽ കടന്നൊളിച്ചു; എന്നാൽ അവരെ പിശാചുക്കൾ പിടിച്ചു തിന്നുകഴിച്ചു: പാവികൾക്കു് എവിടെയും നിൽക്കക്കള്ളിയില്ലല്ലോ!

തന്റെ സൈന്യം ഇപ്രകാരം വലയുന്നതു കണ്ടിട്ടു്, രാക്ഷസശ്രീമാനായ ഹൃഷ്ടലൻ പാറലർപ്പടയെയും പിടിപ്പിക്കുകയായി: അനേകങ്ങളുടെ മസ്തകം പിളർന്നു മുത്തുമണികൾ ഉതിർന്നു; അവയാൽ നിറയപ്പെട്ട ആ ഘോരപുഴ താമ്രവർണ്ണംപോലെ ശോഭിച്ചു. പൃഷ്ടലൻ വിട്ട ബാണങ്ങൾ ദേഹത്തെ സ്പർശിക്കുന്നതോടുകൂടി, വീരന്മാർക്കുപോലും പരക്കെ പ്രാണാപായം പറഞ്ഞറ്റുപോയി. പടയാളികളെല്ലാവരും അവയവങ്ങൾ മുറിഞ്ഞു ഘോരയെലിച്ചു, പിലാശുകംപോലെ കാണപ്പെട്ടു. ഇതിനിടയിൽ പൃഷ്ടവൻ വീരമണിയേയും വീരോടെ വിളിച്ചു, പത്തു സായകങ്ങൾ സക്രോധം അയച്ചുവിട്ടു; അവയേറു കൊണ്ടു കീറി ദേഹം മുറിഞ്ഞ നരേന്ദ്രൻ പൃഷ്ടലന്റെ ബലത്തെഴുപ്പാത്തു്, അനേകം ലക്ഷം അസ്ത്രങ്ങൾ ഒന്നായി പ്രയോഗിച്ചു. അവയാൽ കൊള്ളപ്പെട്ടു ഘോരയിൽ മുഴുകിയ പൃഷ്ടലകളേബരം ശരപഞ്ജരത്തിനുള്ളിൽ തിളങ്ങിക്കാണ്മാറായി. അങ്ങിനെ ശരപഞ്ജരത്തിലകപ്പെട്ടു വിവശനായി

Digitized By Kerala Sahitya Akademi

വുമഞ്ഞ കുമാരന്റ് അനൊടുകാനം തൊട്ടുകൊനം വന്നുതായിട്ടുപ്പോ
യി. പിന്നെ ആ വീരൻ രാമനെ സ്മരിച്ചു വില്ലു കന്തിലെടുത്തു കുല
ച്ചു, ക്രൂടല്പർക്കുട്ടത്തെ പിളർത്തുന്ന ക്രൂരനുകരം പൊഴിച്ചു ആശരപ്പു
ന്തത്തെ പറപ്പിച്ചു, ശംഖൊടുത്തൂതി, രാജാവിനോടു നിർഭയം ഉരചെ
യ്തു:—'ഒരു വലിയ പണിതന്നെയാണ് ഭവാൻ ചെയ്തുത്: ശത്രുക്കളെ ത
പിപ്പിക്കുന്ന മഹാ യോദ്ധാവായ എന്നെ ശരപഞ്ജരത്തിൽ കുടുക്കിക്ക
ളഞ്ഞുവല്ലൊ! വൃദ്ധനാകയാൽ ഭവാനെ ഞാൻ സ്നേഹത്തിൽ മാനിക്കേ
ണ്ടിയിരിക്കുന്നു. എന്നാൽ വീരമണിരാജാവെ, നുനി, എന്റെ ശരാ
പരാക്രമം കണ്ടുകൊള്ളുക: മുന്നേരം കൊണ്ടു ഭവാനെ ഞാൻ ഭൂ
ക്കുത്തിൽ മോഹാലസ്യപ്പെടുത്തുനി വീഴിച്ചില്ലെങ്കിൽ---വീരന്മാരെയെ
ല്ലാം പകർപ്പിക്കുന്നതായ എന്റെ പ്രതിജ്ഞ കേൾക്കുക---പാപഹാരിണി
യായ ഗംഗയെ പ്രാപിച്ചിട്ടും അതിനെ നിന്ദിച്ചു സ്നാനം ചെയ്യാതിരി
ക്കുന്ന പരമമൂഢന്നുള്ള മഹാപാപം എന്നിൽ ചേർന്നുകൊള്ളട്ടെ! ഭ
വാൻ ഒരു വീരന്റെ നിലയിൽ സന്നദ്ധനായി നിന്നുകൊൾക.'

പുഷ്കലന്റെ ഈ ശപഥം കേട്ടിട്ട് ഉദ്വേഗപൂണ്ട പൃതു
ശ്രവൻ അത്യന്തം ചൊടിച്ചു എന്നുതാനും ക്രൂരനുകരം തൊടുത്തുവിട്ടു;
അവ ഭരതപുത്രന്റെ വിരിമാർത്തടം പിളർന്നുകടന്നു, രാമഭക്തി
യില്ലാത്തവരെന്നപോലെ അധ്വപതിച്ചു നിലം പൊരുതി. ഉടനെ പു
ഷ്കലൻ മന്നവന്റെ മണികവചത്തിന്നൊത്ത മാറിടത്തിലേയ്ക്കു അഗ്നി
യെപ്പോലെ തിളങ്ങുന്ന ഒരു തീക്ഷ്ണനാരായം പ്രയോഗിച്ചു; ഭൂപ
ചന്ദ്രവന്റെ ഒരമ്പിനാൽ മുറിയുണ്ടായി, രക്തപ്രവാഹം ഉജ്വ
ലിച്ചുകൊണ്ടു തേർനടുവിൽപ്പതിച്ചു. അപ്പോഴും പുഷ്കലൻ മാത്ര
ഭക്തിയാൽ കൈവന്നതായ മറെറാരു ശരം തൊട്ടെടുത്തു; ഉടൻ വീരമ
ണി മുറിവുകളഞ്ഞു. അതിൽ, 'ഇനി രക്ഷയേണ്ടു' എന്നോർത്തി
നെ ഖേദംപൂണ്ട ഭരതപുത്രൻ, ഭൂരിതരക്ഷാർത്ഥം ദുഃഖാപഹാരനായ രാമ
നെ സ്മരിച്ചുംകൊണ്ടു ഒരു മികച്ച ശരം അയച്ചയച്ചു. പൂർണ്ണചന്ദ്രനൊത്ത
ശോഭയോടെ കത്തിയെരിയുന്ന ആ ബാണം മാറിലേറ്റപ്പോൾ വീരമ
ണി മോഹാലസ്യപ്പെട്ടുപോയി; തമ്പുരാൻ മൂർച്ഛിച്ച വീണതേരുതൃക്കടി
സൈന്യമെല്ലാം ഹാഹാ ശബ്ദം മുഴക്കി പായാൻതുടങ്ങി. പുഷ്കലൻ
വിജയംപൂണ്ടു വിളങ്ങി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, വീരമണിപതനം നാല്പത്തിരണ്ടാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

നാൽപ്പത്തിമൂന്നാമദ്ധ്യായം

(കിളിപ്പാട്ട്—കാകളി)

ശേഷൻ:—

മാരുതിവീരസിംഹാഖ്യനോടേറിട്ടു,
'വീര, നിന്റെയ്ങ്ങു പോകുന്നു നീ? നിന്നെ ഞാൻ
ചിക്കനെ വെൽവനെ'ന്നാച്ചരിക്കെയിടി-
യ്ക്കാകുന്നവില്ലൊലിയിട്ടതിരുഷ്ടനായ്
ഈട്ടറക്രൂരനുതിർത്തു നിന്നാനവൻ:
ആടിയിൽക്കാർക്കൊണ്ടൽ മാരിപൊഴിയുംവിധം.
ക്രൂരനുമെയ്യിൽത്തറഞ്ഞ കൂരീമ്പുനോ,
വാങ്ങാറരോഷേണ വജ്രനോർമുഴിയാൽ
മാത്തടത്തൊന്നാഞ്ഞിടിച്ചാനതേറിട്ടു
പാത്തട്ടിൽ മോഹിച്ചുവീണു യുവാനജൻ.
അപ്പോൾത്തിരിച്ചുകണ്ടു ശുഭാംഗദ-
നുൾപ്പൊരുൾപോലുള്ളോരുഭ്രാതാവാണെന്നറിവാർ
തൽപ്പുത്രരുൾപ്പെടുമേതാനുശരംപൊഴി-
ച്ചിൻപൽ വളഞ്ഞെതിർത്താർ കൂരീമ്പുനെ
വിൽപ്പൊന്തിരുനോക്കുമാ റീരർതാൻ തേരുകൾ
നിൽപ്പാതെയാൽക്കൊണ്ടു മുറിവരിഞ്ഞവർ
ക്ഷോണിയിലിട്ടൊന്നാടിച്ചിതു; തൽക്ഷണം
ശോണിതംവാന്വർ മൂർച്ഛിച്ചുവീണുപോയ്.
മൂപ്പുള്ളവാൽ ചിരേണ സുമേനൻ
മൂർച്ഛാപിണച്ച പെലമിത്രനെ ക്ഷണാൽ
ശരൗധംകൊടുത്തിനാൻ പുഷ്കലൻ; മറ്റിത-
രയോധമാഗ്രുത്രുഘ്നസൈന്യം വിജയിയായ്.
ഇതമാജനങ്ങളെ മൂർച്ഛിച്ചതായ്ക്കണ്ടു
ഭക്തജനാർത്തിനാശനൻ ഭർഗ്ഗൻ മഹേശ്വരൻ
ചെഞ്ചിടക്കെട്ടിലിളംതിങ്കൾ മിന്നുവോ-
നഞ്ചിതവന്നാഗമെയ്ക്കോപ്പണിഞ്ഞവൻ
നല്ലൊരുതേരാണ്ടു ദിവ്യമജഗവ-
വില്ലൊലിക്കൊള്ളിച്ചു, ബ്രതപരീതനായ്,
പാർകുലുക്കിക്കൊണ്ടു ശത്രുഘ്നസൈന്യമു-
ന്മൂകിനാൻമുമ്പുരം പണ്ടെന്നപോലവേ.

Digitized By Kerala Sahitya Akademi

ഭക്തരക്ഷയ്ക്കായ് പ്പൊരുതുവാൻ, സംഹാര-
കൃത്യാവമത്ത്യനിഷേവ്യൻ പിനാകവാൻ
ചീത്തകോപത്താൽതുടുത്ത തൃക്കണ്ണിനാൽ
മേത്തരം വീരരെപ്പാതെഴുന്നാള്ളുവോ,
അസ്സുദ്ദേവശിരോമണി തന്നോട്
നൽസ്സമരത്തിനാടുത്തു രാമാനുജൻ.
മുന്നിലാശ്ശുത്രുഘ്നനെക്കണ്ടതിക്രുധാ
ചൊന്നാൻ കുലച്ചവില്ലേന്തിയ ശങ്കരൻ:—
'വമ്പിച്ചകമ്മമേ സാധിച്ചപുഷ്കല-
നൻപുള്ളരാമന്റെ തൃക്കാൽഭജിപ്പവൻ!
ആരെന്റെഭക്തനെവീഴ്ത്തീരണത്തിലാ,
വീരൻമഹാസ്രുജ്ഞനെങ്ങുപോയ് പുഷ്കലൻ?
എൻഭക്തനിങ്ങെഴൽ ചേർത്തവനാകുമാ-
വമ്പനെക്കൊന്നസുഖംകൊഠംവരുണ്ടുഞാൻ!'
എവമരുംചെയ്തു തൻപാരിഷദനാം
ശ്രീവീരഭദ്രനെച്ചൊല്ലിവിട്ട ശിവൻ,
'ഭക്തന്നമാൽചേർന്ന പുഷ്കലൻതനോട്
യുദ്ധത്തിനായിഗ്ഗമിയ്ക്കുകെ'ന്നിങ്ങനെ;
വിട്ടനന്ദീശനെ മാരുതിയോടടർ-
വെട്ടാൻ, കുശധ്വജനോടോ പ്രചണ്ഡനെ;
ഭൃംഗിയെവിട്ട സുബാഹുവായ് പ്പോരിടാൻ;
ചണ്ഡനെവിട്ട സുമദനോടേല്ക്കുവാൻ.
വീരഭദ്രൻ മഹാരുദ്രന്റെ പാർഷദൻ
നേരേവരുന്നതുകണ്ടിട്ട പുഷ്കലൻ
പോരിനുചെന്നാടുത്തഞ്ചുശരമെയ്തു
പാരംപരിക്കുപെടുത്തീ മഹാശയൻ.
ത്രൃക്ഷഗണാഗ്രൃൻ ത്രിശ്ശൂലമെടുത്താന,-
തക്ഷണംഖണ്ഡിച്ചൊരാറ്റിട്ട പുഷ്കലൻ.
ചിക്കനെഖടപാംഗമൊന്നെടുത്താഗ്രുണം
പുഷ്കലൻതൻതലയ്ക്കാഞ്ഞെടിച്ചീടിനാൻ;
അത്തല്ലിൽ മൂർച്ഛിച്ചിതെന്നാകിലും ക്ഷണാ-
ലുദ്യൽപ്രബോധനായ് വീരനാം പുഷ്കലൻ
ഈശാനഗന്റെ കരസ്ഥിതംഖടപാംഗ-
മാശ്രുമുറിച്ചാനുദാരശരങ്ങളാൽ.
പുഷ്കലക്രോധനായ് വീരഭദ്രൻതദാ
പുഷ്കലൻതന്റെരതേർ തല്ലിത്തകർത്തുടൻ

Digitized By Kerala Sahitya Akademi

അതു ഭഗിനീരനെത്താഴത്തു ചാടിച്ചു
പോരുതുടങ്ങിനാൻ കൈകളെക്കൊണ്ടുതാൻ;
പുഷ്പബലനായ പുഷ്പലനംജവാൽ
മുഷ്ടിപുരുട്ടിയിടിച്ചാൻ ഗണാഗ്രൃനെ.
രുഷ്ടരായ് അങ്ങളിർക്കൊൻവാൻ തുനിഞ്ഞവർ
മുഷ്ടിഭാന്തരുകരൊകൊണ്ടു താഡികയൊയ്,
നാലുനാർരാവുകലിരുപ്പാർനടന്നാതിൽ—
ത്തോലിയോ താഴ്ചയോ നോടീലിരുവരും
അഞ്ചാംദിനം വീരം പുഷ്പലനെയെടു—
ത്തഞ്ചാതെവാനേറി വീരഭദ്രൻബലാൽ;
അങ്ങേവക്കുണ്ടായ് സുരാസുരമോഹനം
സംഗരംമുഷ്ടിഭുജാംഗ്രിനഖങ്ങളാൽ.
കണ്ണൊടിച്ചു നിലത്തടിച്ചാൻ കലി—
കൊണ്ടപുഷ്പലൻ വീരഭദ്രാഖ്യനെ;
അന്നല്പിൽനാഗ്നിയ വാഗ്വദൻ കാകുൽസ്ഥ—
പുത്രനെക്കാൽപിടിച്ചുഴിയിൽത്തച്ചുടൻ
നൽത്രിശൂലംകൊണ്ടു കൊയ്തിതാത്രുരന്റെ—
യുഗ്രീകുണ്ഡലമണ്ഡിത ശിരസ്സിനെ.
പുഷ്പലനെക്കൊലചെയ്തോരാപ്പിട്ടവ—
നാകനവരേകീടുക മഹാബലൻ;
ഘോഷനിനാദംമുഴങ്ങീ ഭൂഴലെ,യ—
ങ്ങാഘവശത്രുരുമാകെ വിറച്ചുപോയ്!
ശത്രുഘ്നനോടറിയിച്ചാരവർ പിന്നെ:
രുദ്രഗണോത്തമൻ വീരഭദ്രാഹ്വയൻ
പുഷ്പദന്തനെയുഡിവീഴിച്ചുതായ് കേട്ടു
ദുഷ്ടംപൊറാതെ വിറച്ചിതാവീരനും.
പുഷ്പദന്തരിംസയാൽ പോർനടക്കില്ലുക—
ട്ടുക്കശത്രുഘ്നനെക്കണ്ടുചൊന്നാൻ ശിവൻ:—
'ആത്മിതേടായ്ചടോ ശത്രുഘ്നൻ: വീരശ്
കീർത്തിദമത്രരണത്തിൽ മരിപ്പതും.
ഭദ്രനാംവീരനാണ,ഞ്ഞുദിനം വീര—
ഭദ്രനോടാഹവമാടിയ പുഷ്പലൻ!
എൻനേക്കുനിന്ദതുടങ്ങിയ ദക്ഷനെ—
ക്കൊന്നവനല്ലയോ വീരഭദ്രൻക്ഷണാൽ?
മുപ്പുരസൈനികത്തൈരേയും ക്ഷണാൽ
മുറുംമൂടിച്ച സംഹാരകർത്താവിവൻ.

Digitized By Kerala Sahitya Akademi

മാൽവിട്ടടർ ചെയ്ത കെല്പെഴും രാജേന്ദ്ര;
നീ വീര,സൂക്ഷിച്ചുനില്ക്കുകെൻ പോരിതിൽ!'
മാൽകൈവെടിഞ്ഞു ചൊടിച്ചാശു സൌമിത്രി
വിൽകുലച്ചുനൃകളെയ്താൻ മഹേശനിൽ;
ചിത്രമാബ്ബാണങ്ങളേറം പരിക്കേറി
ഭീകരരക്ഷാത്മനഞ്ഞ സുരാഗ്ര്യനിൽ!
ശത്രുഘ്നശങ്കരബാണങ്ങൾ വാനണ-
ഞ്ഞത്രയും മഹാഹന്ത, മൂടീജഗത്തിനെ;
ലോകംമുടിക്കും പ്രളയമെത്തിതെ-
ന്നാകൊറ്റുകാച്ചുപോയ് പോരിതുകാണ്മവർ!
കാണാൻവിമാനത്തിലേറി വന്നെത്തിയ
വാനവർവാനിൽനിന്നോരം പുകഴ്ത്തിനാർ:—
'ത്രൈലോക്യസൃഷ്ടിസംഹാരകൃത്തിഷ്ടമാൻ;
ശ്രീലമഹാരാജരാമാനുജനിവൻ;
എന്താകുമോനില പാരിലാർ തോറ്റിടും?
മറന്തു,ജയമേതുവീരനോ പോരിതിൽ?'

ഉണ്ടായ് പതിനൊന്നുനാളിപ്പട; പന്തി-
രണ്ടാംദിനത്തിൽസ്സുരോഷനാം രാഘവൻ
ബ്രഹ്മാസ്ത്രമെയ്താൻ പുരാരിയെപ്പൊല്പവാൻ;
അമ്മഹേശൻ നകന്നാനതു സഹ്യിതം.
തത്രമഹാത്ഭുതം പൂണ്ടിനിവേണ്ടുന്ന
കൃത്യമെന്തെന്നു നിനച്ചുനിൽക്കുംവിധൌ
ശത്രുഘ്നനുത്തടത്തെയ്ത്തുരിതീയ്ക്കാതെ-
രസ്ത്രമയച്ചാൻ സുരേന്ദ്രശിരോമണി;
അപ്പുത്രിയേറങ്ങുവീണുപോയ് ശത്രുഘ്നൻ-
നത്തടസേനയ്ക്കുയർന്ന മഹാരവം.
പോരിലുമുള്ള സുഭാഗ്യസുമദ്യാദി-
വീരരേയും നിലംപൊത്തിച്ച പാണ്ഡർ.
അമ്പോമറ മോഹിച്ചുവീണ ശത്രുഘ്നനെ-
സ്സംപ്രഹാരാങ്കണേ കണ്ടുകാറിൻമകൻ
പുഷ്കലവീരനെത്തേരിൽ നിക്ഷേപിച്ചു
തക്ക ജനങ്ങളെക്കാവലാക്കിസ്വയം
പോരിനു സംഹാരകൃത്താം മഹരനോട്ട
നേരിട്ടണഞ്ഞിതു രാമസ്മരണയാൽ

Digitized By Kerala Sahitya Akademi

തൻപടയാളികൾക്കുള്ളം കുളിപ്പിച്ചു
വന്നൊത്ത വാലും വിറപ്പിച്ചു രുഷ്ടനായ്.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നപരാജയം നാല്പത്തിമൂന്നാമദ്ധ്യായം.

—(o)—

നാൽപ്പത്തിനാലാമദ്ധ്യായം

ശേഷൻ:—

[കിളിപ്പാട്ട്—കേക]

മാരവൈരിയെക്കൊൽവാൻ പോർമുന്നിലടുത്തെത്തി
വീരനാം ഹനുമാനാദ്രവനോടരുൾചെയ്താൻ:—
'ശങ്കര, ധർമ്മത്തിന്നുചിതമെയുള്ളൊന്നല്ലോ
ശങ്കയെന്നിയേ കടന്നാചരിക്കുന്ന ഭവാൻ;
അതിനാൽ, ശ്രീരാമന്റെ ഭക്തരെക്കൊലചെയ്വാൻ
മുതിർന്നഭവാൻമമ ദണ്ഡനീയനായ് ത്തീർന്നു.
മുന്നോഞാൻ പലപ്പോഴും വേദജ്ഞർചൊല്ലിക്കേൾപ്പു-
ണ്ടു,നഹം രാമനാമധ്യാനവാൻ ശിവനെന്നായ്;
ഇന്നതൊക്കയും ഭോഷ്കായ്: പുഷ്കലകുമാരനെ-
ക്കൊന്നുനീ! പടവെട്ടിവീഴിച്ചുശത്രുഘ്നനെ!
ഇപ്പോഴേവീഴിയ്ക്കും ഞാൻ പോർമുടിപ്പാനാംനിന്നെ;—
തപ്പാതെ നിൽക്ക രാമസന്നിധിയില്ലാത്തോനേ!'
ചൊന്നാനാപ്രവഗേന്ദ്രൻതന്നോടു പിനാകിയും:—
'ധന്യൻ നീ! പ്രവീരൻ നീ! ഭോഷ്കല്ല കഥിച്ചു നീ:
എൻപുരാൻ, സുരാസുരർ കുമ്പിടും രഘുനാഥൻ!
വൻപുററ തദ്ദാസനെ ഹരിച്ചാൻ മമ ഭക്തൻ;
വന്നിതു തദ്രക്ഷയ്ക്കായ് ത്തദ്ഭക്തി വിധേയൻ ഞാൻ;
വല്ലവണ്ണവും ഞാനാപ് ഭക്തനെപ്പാലിക്കേണം.
വന്നുകാണട്ടേ കുനിഞ്ഞെൻ നാഥൻ മടിക്കാതീ,—
ട്ടുന്നയാലല്പം ചൊടിച്ചാത്മഭക്തനാമെന്നെ!'
എന്നോതും ചണ്ഡീശന്റെ തേരിന്നേരേ വൻകു-
ല്ലൊന്നെടുത്തെറിഞ്ഞാനൽക്രോധനാം കപിനാഥൻ;
സ്ഫീതമാക്കല്ലേറിട്ടു തവിടുപൊടിയായ് പ്പോയ്
സൂതാശ്വധ്വജപതാകാനപിത മത്തേർമുറവും.

Digitized By Kerala Sahitya Akademi

'ധന്യൻനീ കപിശ്രേഷ്ഠ! നിൻതൊഴിൽ മഹത്തിതെ'-
ന്നന്യൂനം പ്രശംസിച്ചാർ വാനാണ്ട സുരരെല്ലാം.
തേരുടഞ്ഞതുകണ്ടു വൃഷഭം മഹേശന്റെ
ചാരത്തു മണ്ടിയണഞ്ഞൻപുറത്തേറാമെന്നാൻ;
കാളയേറിയ കാളകണ്ഠനെക്കപിവീരൻ
ചീളെന്നങ്ങൊരുമരം പറിച്ചുതാഞ്ഞാൻ മാറിൽ.
സാലതാഡിതൻ ക്രുദ്ധനേന്തിനാൻ ചെന്തീജ്വാല-
പോലൊളി തിളങ്ങുന്ന തീക്ഷ്ണാഗ്രം ത്രിശൂലത്തെ;
നേർക്കെത്തുമഗ്നിജ്വാലമാശ്ശൂലം ക്ഷണാൽ കയ്യി-
ലാക്കിയിട്ടൊരുപ്രായമായ് മുറിച്ചാൻ പൃഥുഗ്രീവൻ.
മുന മൂന്നൊഴം ശൂലം മുറിക്കപ്പെട്ടപ്പോഴോ,
മുഴുവനിരുമ്പായ വേലൊന്നാ കൈകൊണ്ടീശൻ
ചാട്ടിനാൻ ധീമാനാമകപി തൻമാറത്തെയ്യും;-
തേറിട്ട മയങ്ങിപ്പോയ് മാരുതിയല്പനേരം;
സപ്രസ്ഥനായ് ക്ഷണാലവൻ മാമരമൊന്നു പറി-
ച്ചുഗ്രമടിച്ചാനാപ്പാനവണിത്തിരുമാറിൽ.
ആത്തല്ലിലുഴന്നംഹരിമുഖ്യർ ദേവനെ വിട്ടു
സത്വരം പാതാളത്തെയ്ക്കോടിനാർ പലവഴി!
നിഗ്രഹസപ്തം നിജമാത്തടം കണ്ടു ചൊടി-
ച്ചുഗ്രമാം മുസലമൊന്നിരുകൈകൊണ്ടും പൊക്കി,
'ചത്തു നീ കീശാധമ! പോർവെടിഞ്ഞോടിപ്പായുക്കാ-
കുത്രനിന്നായിരിതാ, പോകുവനൊ'ന്നാബ്ഭർഗ്ഗൻ
നേക്കിടിച്ചുതകണ്ടു രാഘവസ്മൃതിപൂണ്ടു
ലാക്കുതെറിച്ചാനൊരു ചാട്ടത്താൽക്കപിശ്രേഷ്ഠൻ.
അ മഹാമുസലമോ നിലത്തു പതിച്ചാശു
ഭൂമിയെപ്പിളർത്തകംപുക്കിതു രസാതലം.
രാമസേവകൻ ഹനുമാനഥ പെരുത്തക്രോധാൽ
മാമലയൊന്നു പറിച്ചടിച്ചാൻ മഹേശനെ;
ഹരനഗ്രിരി ഖണ്ഡിപ്പാനൊരുങ്ങുമ്പോഴെയ്ക്കും
പൃശാഖകരംചേന്ന മരത്താൽ തച്ചാൻ കീശൻ;
തരുവെറ്റുമ്പിടിക്കുവാൻ തുനിഞ്ഞീടുമ്പോഴെയ്ക്കു-
മൊരുകല്ലെടുത്തുകിലെറിഞ്ഞാൻ പവനജൻ;
കല്പതു പിളർത്തുവാൻ തുടന്നപ്പോഴോ, മേന്മേൽ-
ക്കല്പദ്രിമരമിവ തൂകിനാൻ മുകണ്ണുകൾ;
വാലിനാൽ പൂറകിക്കെട്ടി പ്രഹരിക്കയും ചെയ്താൻ
ശൂലിയെത്തെരുതെരെശ്ശൂരനാം മരുൽപുത്രൻ.

Digitized By Kerala Sahitya Akademi

കറിനാശാദ്രിദ്രുമലതാംഗ്രുലാഹതികളാൽ
നടുങ്ങീ വൃഷമേററം, നടുങ്ങീ മുടിത്തിഖം;
വല്ലാതെ വശംകെട്ട രുഷ്ടനാം മഹാദേവൻ
ചൊല്ലിനാൻ തെരുതെരെത്തല്ലുന്ന കപിയോടായ്:—

'രാമകിങ്കര, നീ ധന്യൻതന്നെ! നിൻെറ പരാക്രമത്താൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. സപല്നമായ ദാനമോ, യാഗമോ, തപസ്സോ മൂലം എന്നെ കണ്ടുകിട്ടുകയില്ല. അതിനാൽ നിന്നോട് വരം അഭ്യർത്ഥിച്ചുകൊൾകുക.' ഇങ്ങിനെ സന്തോഷം അരുളിച്ചെയ്യുന്ന ശിവനോട് ഹനുമാൻ നിർഭയമായി ചിരിച്ചുംകൊണ്ടു പറഞ്ഞു:—'മഹേശ്വര, രാമനാഥപ്രസാദത്താൽ സകലവും എനിയ്ക്കുണ്ട്; എന്നാലും, യുദ്ധത്താൽ സന്തുഷ്ടനായിരിക്കുന്ന ഇവിടത്തോട് ഒരു വരം ഞാൻ അവശ്യപ്പെടുന്നു: ഇതാ, ഞങ്ങളുടെ നൃപ്പ്കുലകുമാരൻ പോരിൽ കൊലപ്പെട്ട കിടക്കുന്നു; ശ്രീരാമൻെറ അനുജൻ ശത്രുലക്ഷ്മനും മോഹാലസ്യപ്പെട്ടിരിക്കുന്നു. വേറെയും വളരെ വീരന്മാർ അമ്പേറു മുറിപ്പെട്ട മരിച്ചും മൂർച്ഛിച്ചും കിടപ്പുണ്ടല്ലൊ. അവരെയെല്ലാം വമ്പിച്ച ഭ്രതവേതാള പിശാചുക്കളോ കുറുനരി മുതലായവയോ കൊണ്ടുപോയി തീൻ കഴിക്കാത്തവിധത്തിൽ പാർശ്വാനിതന്മായ ഇവിടത്തെ പരിപാലിക്കണം. അവരുടെ ദേഹത്തിനു തരക്കേടു വരാത്തവിധം അങ്ങു സൂക്ഷിക്കുമാറാകണം! ഞാൻ പോയി ഇന്ദ്രനെ പൊരുതിജ്ജയിച്ച ദ്രോണപർവ്വതമോ, അതിങ്കലുള്ള മരുന്നുകളോ കൊണ്ടുവന്ന്, പോരാളികളെയെല്ലാം ബലേന ജീവിപ്പിക്കുന്നുണ്ട്; അതുവരെ ഇവിടത്തെ സർവ്വ കാവലേർപ്പെടുത്തണം. ഞാൻ, ഇതാ, സംജീവനൌഷധികളുള്ള ദ്രോണമഹാപർവ്വതം കൊണ്ടുവരാൻ പോകുന്നായി.' 'അങ്ങിനെതന്നെ' എന്ന ശങ്കരൻ അനുവദിച്ചു:—'പർവ്വതംകൊണ്ടുവരാൻ വേഗത്തിൽ പോയ്ക്കൊൾക; നിൻെറ മരിച്ച പടയാളികളെ ഞാൻ നോക്കിക്കൊള്ളുന്നു.'

ഹനുമാൻ ദ്രോണപർവ്വതത്തിലെയ്ക്കു ഗമിച്ചു, ദീപുകളെല്ലാം കടന്നു പാലാഴിയിൽ ചെന്നൊരുങ്ങി. മഹാശിവനാകട്ടെ, ബലവും വിക്രമവുമേറിയ തൻെറ ഗണങ്ങളോടൊന്നിച്ചു പരിതരെ നോക്കി രക്ഷിക്കുകയായി. ഹനുമാൻ ദ്രോണമഹാപർവ്വതത്തിൽച്ചെന്ന്, അതിനെ വാലിന്മേലെടുത്തു വെച്ചു പടക്കളത്തിലേയ്ക്കു മടങ്ങാൻ തുടങ്ങി. അപ്പോൾ ആ പർവ്വതം കുലുങ്ങുകയാൽ, അതിനെ രക്ഷിച്ചുപോരുന്ന ദേവകൾ ഹാഹാരാശബ്ദം മുഴക്കി. 'ഇതെന്തായിരിക്കാം? ഏതോ മഹാബലപരാക്രമനായ ഒരു വീരൻ ഇതാ, പർവ്വതം കൊണ്ടുപോകുന്നു.' എന്നിങ്ങനെ, ദേവന്മാർ ഒന്നൊരുമിച്ചുണർത്തുപോൾ വാനരൻ ദൃഷ്ടിഗോചരമായി,

Digitized By Kerala Sahitya Akademi

'ഉടനെ ഇവനെ വിടുക' എന്നും പറഞ്ഞു് അവർ അനവധി ശസ്ത്രാസ്ത്രങ്ങളും പ്രയോഗിച്ചുതുടങ്ങി. അവരെയെല്ലാം വീരനായ വൃത്രാസുരൻ ഗദകൊണ്ടു് കൊന്നുകളഞ്ഞു, ശക്രൻ അനുചരന്മാരെയെന്നപോലെ ക്ഷണനേരംകൊണ്ടു നിഗ്രഹിച്ചു—ചിലരെ കാലുകൾകൊണ്ടും, ചിലരെ കൈകൾകൊണ്ടും, ചിലരെ വായ്കൊണ്ടും, ചിലരെ ഗിരിശൃംഗംകൊണ്ടും മർദ്ദിച്ചു. വജ്രായുധത്താൽ അവരെല്ലാം ക്ഷണംകൊണ്ടരിഞ്ഞുവീഴ്ത്തപ്പെട്ടുപോയി: ചിലർ ഭയന്നിട്ടോടി നിലത്തു പതിച്ചു; ചിലർ മുറിഞ്ഞുവീണ കൈകാൽ വലിച്ചുപൊക്കിക്കൊണ്ടു ശത്രുവിന്റെ അരികിലേയ്ക്കുചെന്നു.

ആ ശ്രേഷ്ഠനു ക്ഷതിപറ്റി, വജ്രായുധത്തിനുമായ വാസവൻ സംഭ്രമത്തോടെ ചോദിച്ചു:—'നിങ്ങൾക്കെന്താണിത്ര ക്ഷീണം? നിങ്ങൾ ശത്രുവിൽ മുഴുകിപ്പോയതെങ്ങിനെ? ഏതൊരു നീചനായ മാനവനൊ രാക്ഷസനൊ ആണ് നിങ്ങളെ ഹിംസിച്ചതു്? എല്ലാം ശരിക്കു പറകതന്നെ; അറിഞ്ഞാൽ ഞാൻ ചെന്നു, നിങ്ങളെ ഹനിച്ച ആ ഗർവിഷ്ഠനെ വെടിച്ചു കൊന്നവരാം.' വൃത്രാസുരനമസ്കൃതനായ മഹേന്ദ്രനോടു ശ്രേഷ്ഠൻ ദീനഭാവത്തിൽ അറിയിച്ചു:—'ഏതോ, വാനരശ്രേഷ്ഠനായ ഒരുത്തൻ വന്നു ശ്രോണപ്രമാണം വാൽകൊണ്ടു മുറിവരിഞ്ഞുകൊണ്ടു പോകാൻ തുടങ്ങി. അപ്പോഴാം ഞങ്ങളെല്ലാവരും ക്രുദ്ധരായി ശസ്ത്രാസ്ത്രങ്ങൾ വർഷിച്ചുകൊണ്ടു് അവനോടു യുദ്ധംചെയ്തു; ആ ക്രൂരനാകട്ടേ ഞങ്ങളെയെല്ലാം തോല്പിച്ചുകളഞ്ഞു: വളരെ വളരെ ദേവശ്രേഷ്ഠന്മാർ കൊലചെയ്ത് അവിടെ നിലംപൊത്തിപ്പോയി. ഞങ്ങൾ മഹാഭാഗ്യത്താൽ ഒരുവിധം രക്ഷപ്പെട്ടു, ദേഹം മുറിഞ്ഞ വേദനപൂണ്ടും പോരയിലാണ്ടും ഇവിടെ വന്നുചേർന്നു'

ഇതുകേട്ടു പുരന്ദരൻ മഹാരോഷത്തോടെയുള്ള നില്പിനോടെല്ലാവരോടുമായി ആജ്ഞാപിച്ചു:—'നിങ്ങൾ ശ്രോണമാമലയിൽ ചെന്നു, യുദ്ധത്തിൽ ദേവകളെ വീഴ്ത്തിച്ച ആ ക്രൂരനായ കുരങ്ങനെ പിടിച്ചുകെട്ടി കൊണ്ടുവരുവിൻ.' ശ്രീമഹേന്ദ്രനാൽ അപ്രകാരം ശ്രോണാചലത്തിലേയ്ക്കു നിയോഗിക്കപ്പെട്ടു എന്ന് എല്ലാവരും ഗ്രഹിച്ചു, വിനയനായ വാനരേന്ദ്രൻ നിസ്സാരനല്ല എന്ന് എല്ലാവരും ഗ്രഹിച്ച ആ കുരങ്ങനെ പ്രഹരിപ്പാൻ തുടങ്ങി. ധീരനാകട്ടെ, അവരെ പൂർണ്ണമായുപേക്ഷിച്ചതുമില്ല. ക്ഷണനേരംകൊണ്ടു നിലം പൊത്തിച്ചു. എങ്കിലാകട്ടെ മുറിഞ്ഞു പോയതും വാൽ പഴുത്തുപോയി, വിണ്ണിൽക്കൂടെ വിവശം ധരിപ്പിച്ചു. അതിൽ അരിശംപൂണ്ട ശക്രൻ പ്രധാനദേവന്മാരെല്ലാവരേയും മരുദ്ഗണങ്ങളുടെ അടുക്കലേയ്ക്കു നിയോഗിച്ചയച്ചു. അവരുടെ ആഗ്ര

Digitized By Kerala Sahitya Akademi

മനാം കണ്ടിട്ട കരുത്തനായ കപിത്തലവൻ കഥിച്ചു:—വീരന്മാരേ, സംഹാരശക്തനായ ഏതിനോടു നിങ്ങടം പോരിനു പുറപ്പെടേണ്ടാ: നിങ്ങളെ ഞാൻ ഇപ്പോഴംതന്നെ കാലാന്തരിൽ കൊണ്ടാക്കിക്കളയും!' ഇതുകേട്ടിട്ടം, ആ മഹാപ്രഭന്മാർ സന്നദ്ധരായി ഒത്തൊരുമിച്ചു, വാനരനെ പലതരം ശസ്ത്രാസ്ത്രങ്ങടം കൊണ്ടു പ്രഹരിപ്പാൻ തുടങ്ങി. ചില സുരോത്തമന്മാർ കോപകലുഷരായി ശൂലവും, ചിലർ വെണ്മഴുവും, ചിലർ വാളും, ചിലർ പട്ടിശവും, ചിലർ ഉലക്കയും, ചിലർ വേലും പ്രയോഗിച്ചു; ഏന്നാൽ അവരെയെല്ലാം ഹനുമാൻ കല്പകംകൊണ്ടു ക്ഷണത്തിൽ കൊന്നുകളഞ്ഞു! ഏതാനം പേർ പാഞ്ഞുപോയി വിവരം ശക്രനോടറിയിച്ചു; ഇന്ദ്രൻ ഭയപ്പെട്ടുപോയി.

ഉടനെ അദ്ദേഹം സപത്നീവാസികടംകട മന്ത്രിയും ഗുരുവുമായ ബൃഹസ്പതിയുടെ അടുക്കൽ ചെന്നു വന്ദിച്ചു പോദിച്ചു:—'ഗുരോ, ദ്രോണപർവ്വതം കൊണ്ടുപോകാനായി വന്ന, ശസ്ത്രധാരികളായ ഏന്റെ ദേവവീരന്മാരെ കൊലചെയ്ത ഈ വാനരൻ ആരാണ്? പേടിച്ചരണ്ടിരുന്ന ദേവേന്ദ്രനോട് ബൃഹസ്പതി മറുപടിപറഞ്ഞു:—'ആർ രാവണമഹായുദ്ധത്തിൽ കുംഭകർണ്ണനെ വെണ്ണീറാക്കിയോ, ആർ ഭവാന്റെ ശത്രുക്കളെ കൊന്നൊടുക്കിയൊ, ആ ആളുടെ കിങ്കരനാണിതു:—ആർ വാലിന്മേലെത്തിയ്യുകൊണ്ടു ലങ്കയെ തിക്രടത്തോടൊപ്പം മുട്ടുപൊടിച്ചുവോ, ആർ അക്ഷനെ കൊന്നുവോ, ആ ഹനുമാനാണിതു! ഇവൻ ദേവകളെ കൊന്നതു ദ്രോണം കൊണ്ടുപോകാനാണ്. രാമനാമ മഹാരാജാവു് അശ്വമേധം തുടങ്ങിയിരിക്കുന്നു; അദ്ദേഹത്തിന്റെ അശ്വത്തെ ശിവഭക്തനായ വീരമണിരാജാവു് പിടിച്ചു നിത്തിക്കളഞ്ഞു; അതുനിമിത്തം ദേവകളും മയങ്ങുന്ന യുദ്ധം ഉണ്ടായിവന്നു; അതിൽ രാമന്റെ വീരന്മാർ വളരെപ്പേർ ശിവനാൽ ഹനിക്കപ്പെട്ടുപോയി; അവരെ ജീവിപ്പിക്കാനാണ്, ഈ ബലവാൻ ദ്രോണം കൊണ്ടുപോന്നതു്. ഇദ്ദേഹത്തെ അനേകം വട്ടാണ്ടുകൊണ്ടും അടങ്ങയ്ക്കു ജയിപ്പാൻ കഴികയില്ല. അതിനാൽ, മലയിലുള്ള മരുന്നുകൊടുത്തു പൂവശേഷത്തെ പ്രസാദിപ്പിക്ക.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാർഷ്ണേയസംവാദം, രാമാശ്വമേധപ്രകരണം, ഹനുമദ്ദ്രോണയുദ്ധം നാല്പത്തിനാലാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

നാൽപ്പത്തഞ്ചാമദ്ധ്യായം

ശേഷൻ:—വ്യാഴന്റെ വാക്കിൽനിന്നു, രാമകാര്യത്തിന്നായി വന്ന ഹനുമാനാണതെന്നു മനസ്സിലായപ്പോൾ വാനവപ്പെരുമാൾക്കു വാനരൻമൂലമുണ്ടായ ഭയമെല്ലാം വിട്ടൊഴിഞ്ഞു, വളരെ സന്തോഷംതോന്നി. അദ്ദേഹം ഗുരുവിനോടു ചോദിച്ചു:—'ദേവഗുരോ, എന്താണ് ചെയ്യേണ്ടതു്? ദ്രോണപർവ്വതം കൊണ്ടു പോയ്ക്കളയുമെങ്കിൽ, ദേവകർമം മേലിൽ ജീവിക്കുന്നതെങ്ങിനെ? അതിനാൽ, ഏതുവിധത്തിലും ഇവിടുന്നു ഹനുമാനെ പ്രസാദിപ്പിച്ചാലും: രാമനു വളരെ പ്രീതി വരണം; ദേവകർമ്മപദ്രവം നേരിടരുതുതാനും.'

അഖണ്ഡലന്റെ അപേക്ഷയാൽ വാചസ്പതി സർവ്വദേവാനപിതനായ സഹസ്രാക്ഷനെ മുന്നിലാക്കി, ഹനുമാന്റെ അടുക്കലേയ്ക്കു പുറപ്പെട്ടു. അവർ, നിർജ്ജരന്മാരെയെല്ലാം ബലേന ജയിച്ചു നിർഭയം ഗർജ്ജിച്ചുംകൊണ്ടു സുഖമായി സ്ഥിതിചെയ്യുന്ന സമീരപുത്രന്റെ സമീപത്തെത്തി, സാഷ്ടാംഗം നമസ്കരിച്ചു; അതിന്നുശേഷം, ആ വീരനോടു, വിഷ്ടപേശ്വരനായ വിഷ്ണുവർകോന്റെ പ്രേരണയാൽ, വാഗ്മികളിൽ മുമ്പനായ വാചസ്പതി പറഞ്ഞു:—'ധീമൻ, അറിയാഞ്ഞിട്ടാണു്, അങ്ങയോടു ദേവന്മാർ പടയ്ക്കൊരുങ്ങിയതു്. അങ്ങു ശ്രീരാമന്റെ ചരണസേവകനാണല്ലൊ. എന്തിനാണു് ഈ ആരംഭം? ഇവിടെ വന്നൊത്തിയതെങ്ങിനെ? താഴ്മപൂണ്ട ഞങ്ങളെല്ലാവരും, അങ്ങു പറയുന്നതുപോലെ ചെയ്തുകൊള്ളാം. വായുപുത്ര, ദൈത്യഭയംകരാകാരനായ ഭവാൻ അരിശംവിട്ടു, കരുണപൂണ്ടു ദേവേന്ദ്രനെ ദർശിച്ചാലും!' ദേവാചാര്യന്റെ ഭാഷിതം കേട്ടിട്ടു, മഹാശയസ്സായ മരുത്സുതൻ ബൃഹസ്പതിയോടും ദേവകളെല്ലാരോടുമായി കഥിച്ചു:—'വീരമണിരാജാവുമായുണ്ടായ യുദ്ധത്തിൽ വളരെ പടയാളികൾ ശിവനാൽ വധിക്കപ്പെട്ടുപോയി; അവരെ ജീവിപ്പിപ്പാനാണ് ഞാൻ ദ്രോണപർവ്വതം കൊണ്ടുപോകുന്നതു്. ബലവീര്യദർപ്പത്താൽ ഇതിനു വിഘ്നം വരുത്തുന്നവരാരായാലും, അവരെ ഞാൻ ക്ഷണനേരംകൊണ്ടു കാലാലയം പൂകിച്ചുകളയും! അതിനാൽ നിങ്ങൾ ദ്രോണമോ അതിങ്കലുള്ള മരുന്നോ, പോർക്കളത്തിൽ മരിച്ചുകിടക്കുന്ന വീരന്മാരെ ജീവിപ്പിക്കുന്നതിന്നായി, ഏനിക്കു തന്നേയ്ക്കണം.' ദേവകളെല്ലാവരും നമസ്കരിച്ചു, സംജീവനൌഷധം ഹനുമാന്റെ കയ്യിൽ കൊടുത്തു, ഭയംപോക്കി സ്വാസ്ഥ്യത്തോടും സന്തോഷത്തോടുംകൂടി ശക്രനെ മുന്നിലാക്കി സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു:

Digitized By Kerala Sahitya Akademi

അതു വന്വിച്ച കാര്യത്തിൽ ഉൽക്കണ്ഠപൂണ്ട ദേവന്മാരാലെല്ലാം സ്തുതിക്കപ്പെട്ട രന്തുമാൻ മരുന്നുംകൊണ്ടു് യുദ്ധസ്ഥലത്തെയ്ക്കു മടങ്ങിപ്പോന്നു. അനിലജന്റെ ആഗമനം കണ്ടിട്ടു, ശത്രുക്കൾ പോലും പരമെ അത്യത്ഭുതം പൂണ്ടു കൊള്ളാം കൊള്ളാമെന്നു ശ്ലാഘിച്ച തുടങ്ങി. വാനരൻ വന്വിച്ച സന്തോഷത്തോടേ, മരിച്ചുകിടക്കുന്ന ശ്രീരാമഭക്തനായ പുഷ്കലവീരന്റെ സമീപത്തെത്തി; അവിടെ ശിവൻ കാവൽ നിന്നിരുന്നു. രന്തുമാൻ മറ്റസാമാന്യ മന്ത്രിയായ സുമതിയെ വിളിച്ചു, 'യുദ്ധത്തിൽ മരിച്ച വീരന്മാരെയെല്ലാം ഞാനിപ്പോൾ ജീവിപ്പിക്കാം' എന്നാം പറഞ്ഞു, പുഷ്കലന്റെ മാറ്റു മരുന്നു പുരട്ടി, തല ഉടലോടു ചേർത്തുവെച്ചു്, ഇങ്ങിനെ പ്രാർത്ഥിച്ചു:—

'മനസാ, കർമ്മണാ, വാചാ, രാമനെ സ്വാമിയാക്കിഞാൻ
ഭജിച്ചിട്ടുണ്ടെങ്കിലിടനെഞ്ചിൽ കൊക്കീ മരുന്നിനാൽ!'

അതോടുകൂടി, ആ വീരശിരോമണിയായ പുഷ്കലൻ പോർക്കളത്തിൽ എഴുന്നേറ്റതിനാം കോപത്താൽ പല്ലുകടിച്ചു്, 'എന്നെ യുദ്ധത്തിൽ മോഹാലസ്യപ്പെടുത്തിയിട്ടു് വീരഭദ്രൻ എവിടെ പോയിക്കളഞ്ഞു? ഞാൻ ഉടനടി അവനെ നിഗ്രഹം ചെയ്തിട്ടുണ്ടു്; എന്റെ മുകച്ച വില്ലെവിടെ?' എന്നിങ്ങനെ ഉരചെയ്ത കാലനെപ്പോലെ കാണപ്പെട്ടു. അപ്പോൾ ശിവൻ പറഞ്ഞു:—'വീര, ഇവിടെ നീ ധന്യൻതന്നെ: വീണ്ടും ഇങ്ങിനെ സംഹാരിപ്പാൻ ഇടവന്നുവല്ലോ! യുദ്ധത്തിൽ അങ്ങനെ വീരഭദ്രൻ കൊന്നുകളഞ്ഞു; എന്നാലും രണ്ടുനാഥപ്രസാദത്താൽ ഭവാൻ പുനർജ്ജീവിച്ചു. വരൂ, നമുക്കു മോഹിച്ച കിടക്കുന്ന ശത്രുഘ്നന്റെ അടുക്കൽ പോകാം.' പിന്നീടു, രന്തുമാൻ ശിവന്റെ ബാണമേറ്റു ശ്വാസമാത്രനായി കിടക്കുന്ന മഹാത്മാവായ ശത്രുഘ്നന്റെ അടുക്കൽ ചെന്നു്. മരുന്നു മാറ്റു പുരട്ടി, 'സജ്ജന ശ്രേഷ്ഠനായ ശത്രുഘ്ന, ജീവിച്ചാലും. . മഹാബല പരാക്രമനായ ഭവാൻ എങ്ങിനെ യുദ്ധത്തിൽ മൂർച്ഛിച്ചുപോയി' എന്നിങ്ങനെ പറഞ്ഞു പ്രാർത്ഥിച്ചു:—

'യാവജ്ജീവം സുദൃഢമാം ബ്രഹ്മചര്യത്തിനാണെ ഞാൻ
നിഷ്ഫലമതെങ്കിൽ, ജീവിക്ക വീരൻ ശത്രുഘ്നനിക്ഷണം!'

തൽക്ഷണം ശത്രുഘ്നൻ, 'ശിവൻ രണഭൂമി വിട്ടു് എവിടെപ്പോയി, എവിടെപ്പോയി' എന്നിങ്ങനെ, ബോധം പൂണ്ടുണർന്നവനായി. പിന്നാകിയായ ശ്രീരുദ്രനാൽ യുദ്ധത്തിൽ വധിക്കപ്പെട്ട വീരന്മാരെല്ലാവരേയും മഹാത്മാവായ വാനരേന്ദ്രൻ ജീവിപ്പിച്ചു. ഉടനെ അരിശം മൂത്ത സകലരും സന്നദ്ധരായി, മുറിപ്പെട്ട ശരീരത്തോടെ സ്വന്തം സ്വന്തം തേരിൽക്കേറി ശത്രുക്കളോടെതിർത്തു. പുഷ്കലൻ വീരഭദ്രനോ

Digitized By Kerala Sahitya Akademi

ട്ടം, കൃശധ്വജൻ: ചണ്ഡനോട്ടം, വീരനായ ഹനുമാൻ നന്ദികേശ്വരനോട്ടം, ശത്രുഘ്നൻ ശ്വേതനോട്ടം പൊരുതാനേറ്റു. ശിവനെ പോരിനു വിളിച്ചു ചെറുതായൊന്നു മറിയിട്ടുനിലൂന്നിയ മഹാബലനായ ശത്രുഘ്നനോടു വീരമണിരാജാവാണ് നേരിട്ടത്. അവരിരുവരും തമ്മിൽ മഹർഷിമാരെ വിസ്മയിപ്പിക്കുന്ന ഒരു യുദ്ധം നടന്നു: ശത്രുഘ്നന്റെ തേരിൽപ്പുറം തേരുകാരൻ വീരമണിനാരേന്ദ്രൻ ക്ഷണനേരം കൊണ്ട് ഛിന്നഭിന്നമായം തകർത്തുകളഞ്ഞു. അതിൽ അത്യന്തം ക്രുദ്ധനായ ശത്രുഘ്നൻ വീരമണിയുടെ നേർക്ക് ആഗ്നേയാസ്ത്രം വിട്ടു: അദ്ദേഹത്തിന്റെ സൈന്യം കരിതിയെരിയുകയായി. ആ മഹാഘോരമായ അഗ്നിയെ തടുക്കാൻ വിസ്മൃതക്രോധനായ വീരമണി വാരുണാസ്ത്രം പ്രയോഗിച്ചു: വാരുണാസ്ത്രത്താൽ തണുത്തുവിറച്ച സൈന്യത്തെ കണ്ടിട്ട് കരുത്തേറിയ രാമസോദരൻ വായവ്യാസ്ത്രം വിട്ട്, ഒരു വമ്പിച്ച വായുവിനെ പുറപ്പെടുവിച്ചു: ആ കാറു നാലുപാടും തിങ്ങിക്കൂടിയിരുന്ന മേഘങ്ങളെ മുഴുവൻ ചിന്നിച്ചിതറിച്ചു; വീരമണിയുടെ സൈന്യം കാറോറാറു കുഴങ്ങുകയാണി. അപ്പോൾ അദ്ദേഹം പർവ്വതാസ്ത്രം വില്ലിൽ തൊടുത്തുവിട്ടു: പർവതങ്ങൾ വർഷിച്ചുപതിച്ചതിനാൽ കാറു വീശാതായി. അതുകണ്ട ശത്രുഘ്നൻ വജ്രാസ്ത്രം എയ്തുവിട്ടു: പർവതങ്ങളെല്ലാം വജ്രാസ്ത്രമേറ്റ് ഛിന്നഭിന്നികരിച്ചൊട്ടും നേരുങ്ങിപ്പോയി; വീരന്മാരും വജ്രാസ്ത്രത്താൽ വിളർത്തുപെട്ടു രഥവുമൊലിച്ചു നിപ്പായി. ഈ യുദ്ധം വന്നിച്ച വീരന്മാരെപ്പോലും വിസ്മയിപ്പിച്ചു എന്നോ പറയേണ്ടൂ! അപ്പോൾ നാരിശം തട്ടി വീരമണിമഹാരാജാവ് വൈരികളെ ഒറ്റിപ്പിടിക്കുന്ന അത്ഭുതകരമായ ബ്രഹ്മാസ്ത്രം വില്ലിന്മേൽ തൊടുത്തു; അതുകണ്ട ശത്രുഘ്നൻ, ആ യോഗിവീ കൊത്തമനോഹരമായ മോഹനാസ്ത്രം സ്മരിച്ചു. വീരമണി ബ്രഹ്മാസ്ത്രംവിട്ട ക്ഷണത്തിൽത്തന്നെ, ശത്രുഘ്നൻ മോഹനാസ്ത്രവും പ്രയോഗിച്ചു. ബ്രഹ്മാസ്ത്രം മോഹനാസ്ത്രത്താൽ ക്ഷണനേരങ്കൊണ്ടിടഞ്ഞി നാശപ്പെട്ടു, വീരമണിയുടെ മാറിൽത്തന്നെ താഞ്ഞു, അദ്ദേഹത്തെ മോഹാലസ്യപ്പെടുത്തിക്കളഞ്ഞു.

പിന്നീട് ശത്രുഘ്നന്റെ ബാണങ്ങളൊന്നൊന്നായി പൊഴിഞ്ഞു, വീരന്മാരെയെല്ലാം മൂർച്ഛയാൽ വീഴിച്ചു. ശിവചൈതന്യമഹിമയങ്ങിമഹേശന്റെ തൃക്കാൽക്കൽ ചെന്നാഞ്ഞീണു. അപ്പോൾ അരിശം പൂണ്ട ഗിരീശൻ തേരേറി ശത്രുഘ്നനോടെതിർത്തു. ശത്രുഘ്നനും ശങ്കരനോടരിനാട്ടത്തു, വില്ലു കുഴിയെക്കുലച്ചു യുദ്ധംതുടങ്ങി. ശത്രുക്കളെപ്പിളുത്തുന്ന ഒരു ഘോരയുദ്ധം അവിടെ നടന്നു: പലമട്ടിൽ പ്രയോഗിക്കപ്പെട്ട ശസ്ത്രാസ്ത്രങ്ങൾകൊണ്ട് ദിഗന്തരങ്ങളും മിന്നിത്തിള

Digitized By Kerala Sahitya Akademi

ങ്ങി; അസ്ത്രപ്രത്യസ്ത്രങ്ങൾ കൊണ്ടും താഡനപ്രതിതാഡനങ്ങൾ കൊണ്ടും ആ യുദ്ധം ദേവകളെക്കൂടി ഭയാകുലരാക്കിത്തീർത്തു. ഇങ്ങിനെ ശിവനോടുള്ള പൊരുതലിൽ ശത്രുഘ്നൻ വല്ലാതെ ക്ഷീണിച്ചുപോയി. അപ്പോഴാം ഹനുമാൻ ഉപദേശിച്ചതിനാൽ അദ്ദേഹം സ്വാമിയെ സ്മരിച്ചു.

(ശ്ലോകങ്ങൾ)

'ഹരേ, നാഥ, കരാളനാം ശിവൻ
കവരുന്നു മമ ജീവനെപ്പുലാൽ;
പ്രിയപുത്രരെ, പാളുളിവിട്ടെടു-
ത്തടരിൽക്കാത്തരുളുണമേ ഭവാൻ!
അഴലാമലയാഴിയെത്രയും
രിഹപിന്നിട്ട ഭവാന്റെ തൃഷ്ടിയാൽ!
കനിവാൻ,ഴലാളുമെന്നെയും
കരകേറീടുക രാമ, രാഘവ!'

ഇത്രയും പറഞ്ഞപ്പോഴെയ്ക്കും, നീലോല്പലദളശ്യാമളനായി താമരക്കണ്ണനായിരിക്കുന്ന രാമൻ, മാൻകൊന്നും കയ്യിൽ ധരിച്ചു യാഗദീക്ഷാവേഷത്തിൽ ആ പടനിലത്തു് ആവിർഭവിച്ചു. തന്തിരുവടിയെ കണ്ടു ശത്രുഘ്നൻ വിസ്മയപ്പെട്ടുപോയി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, പുഷ്കലാദിപുനർജ്ജീവനം നാല്പത്തഞ്ചാമദ്ധ്യായം.

(൦)

നാൽപ്പത്താറാമദ്ധ്യായം

ശേഷൻ:—ബ്രാഹ്മണോത്തമ, പ്രണതാർത്തിഹരനായ ജ്യേഷ്ഠൻ, ശ്രീരാമൻ വരുന്നതു കണ്ടപ്പോൾത്തന്നെ ശത്രുഘ്നനു സകല ദുഃഖവും വിട്ടൊഴിഞ്ഞു. ഹനുമാൻ സന്തോഷസംഭ്രമത്തോടെ രാമന്റെ കാൽക്കൽ നമസ്കരിച്ചു, ഭക്തരക്ഷയ്ക്കായി വന്നുചേർന്ന തന്തിരുവടിയോടുണർത്തിച്ചു:—'സ്വാമിൻ, രാഘവനാഥ, ഈ സ്വഭക്തസംരക്ഷണം ഇവിടുത്തേയ്ക്കു യുക്തംതന്നെ. ഇവിടുന്നു യുദ്ധത്തിൽ ശിവകൃതമായ പാശബന്ധം വിടുത്തിയല്ലൊ. ഇപ്പോൾ ദൃഷ്ടിപാതം ലഭിച്ചതിനാൽ ഞങ്ങൾ ധന്യരായി! ഇവിടുത്തെ കരുണയാൽ ക്ഷണനേരംകൊണ്ടുതന്നെ ഞങ്ങൾ ശത്രുക്കളെ ജയിക്കും!' പിന്നീടു് ശിവൻ യോഗികൾക്കു ധ്യാനവിഷയമായി പ്രണതാഭയപ്രദനായിരിക്കുന്ന രാമനോടു്, കാൽക്കൽ വീണുണർത്തിച്ചു:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

'പ്രകൃതിക്കു പരൻ സാക്ഷാലോകനാം പുരുഷൻഭവാൻ
നിജാംഗകലയാൽ വിശ്വംതീർത്തു കാത്തുമുടിയ്ക്കുവോൻ.

അരുപനങ്ങനന്തലകിന്നൊക്കെയും മുഖ്യകാരണം
ഏകൻ ഭവാൻതാൻ മുമ്മൂർത്തിപൂണ്ടു മേവുന്ന മായയാൽ:

സൃഷ്ടിയിൽ ബ്രഹ്മരുപൻ നീ; താൻതന്നെ പരിരക്ഷയിൽ;
ലോകത്തിൻ സംഹൃതിയിലോ സാക്ഷാൽ ശർവ്വനായഞാൻ.

പരമേശൻ ഭവാൻ ബ്രഹ്മഹത്യപോകുന്നതിനതാ,
അശ്വമേധം കഴിയ്ക്കുന്നതൊരാശ്വാസമാർന്നടിപുതാൻ!

ആർതൻ പിഭക്ഷാളനനീരായ ഗംഗയെ മൌലിയിൽ
വഹിപ്പൂ ഞാനതേലാർദ്രചിത്തികാ, ഖി' ഭവാനെങ്ങു പാതകം?

ഭക്തനെക്കാക്കുവാനത്രേ സത്യമിതൊഴിൽ ചെയ്തുഞാൻ;
എന്നെറയീയപരാധത്തെപ്പൊറുത്താലും കൃപാനിധേ!

ഹന്ത,സത്യം പുലർത്തീടാനിതു ചെയ്തെങ്കിവനാരമേ:
തൽപ്രഭാവമറിഞ്ഞിട്ടും ഭക്തരക്ഷയ്ക്കു വന്നുഞാൻ.

ഇപ്പുരം പണ്ടുജയിനിയിൽ മഹാകാളനികേതനേ,
ശിപ്രാസരിത്തിൽ സ്നാനംചെയ്തുചരിച്ചാൻ പെരുന്തപം;

അതിൽത്തെളിഞ്ഞുഞാൻ ചെന്നോൻ വരംവാങ്ങിപ്പുകൊള്ളുവാൻ;
വരിപ്പുമാം രാജ്യമത്രേ വരിച്ചു ഭ്രമിഭൃത്തിവൻ;

അപ്പോൾ, 'ദേവപുരത്തിങ്കൽബ് ഭവാൻ രാജ്യം ഭരിച്ചിട്ടും;
രാമന്റെ യാഗതുരഗം നഗരത്തിൽ വരുംവരെ

കാവലായ് നിൽക്കയും ചെയ്യൻ ഞാനങ്ങെയ്ത്തു'മാ രാഘവ,
വരംകൊടുത്തേനസ്സത്യം നിറവേറാതെ പറയുമോ?

ഇപ്പോൾ സ്വപൻ ലജ്ജിതനായ് സപുത്രപാത്രബാന്ധവൻ;
അശ്വമെത്തയങ്ങയ്ക്കുപിടിച്ചു തുപ്പാദത്തെബ് ഭജിച്ചിട്ടും.'

ശിവൻ ഇങ്ങനെ പറഞ്ഞപ്പോൾ, തൃക്കണ്ണിൽ കരുണ നിറഞ്ഞ രാമനാഥൻ ധീരസ്വരത്തിൽ അരുളിച്ചെയ്തു:— 'ഭക്തനെ രക്ഷിയ്ക്കുക എന്നതാണ് ദേവന്മാരുടെ ധർമ്മം. ഇവിടെ ഭക്തനെ രക്ഷിപ്പാനായി ഭവാൻ ചെയ്തതു യുക്തംതന്നെ. ഭവാൻ എന്റെ മനസ്സിലും, ഞാൻ ഭവാന്റെ മനസ്സിലും സ്ഥിതിചെയ്യുന്നു. നാമിരുവരും ഒന്നുതന്നെയാണ്; ബുദ്ധികെട്ട മൂഢന്മാരെ രണ്ടായി കരുതു. എപ്പോഴുമായ നമ്മളെപ്പറ്റി

Digitized By Kerala Sahitya Akademi

ഭേദബുദ്ധി ആക്കുണ്ടോ, അവർ ആയിരംകുപ്പം മുഴുവൻ കുംഭീപാക ത്തിൽ പചിയ്ക്കട്ടെ! ധർമിഷ്ഠന്മാരായ അങ്ങയുടെ ഭക്തന്മാർ ഒ ന്നൊന്നും എന്റെ ഭക്തന്മാരാണ്; എന്റെ ഭക്തന്മാർ അങ്ങയെ പര മഭക്തിയോടേ പണിയുന്നവരുമാണ്.

പിന്നീടു ചന്ദ്രശേഖരസ്വാമി മൂർച്ഛിച്ചുകിടക്കുന്ന വീരമണിരാ ജാവിനേയും പ്രാണപ്രീതിരായ പുത്രന്മാരേയും മറവുള്ളവരേയുമൊ ക്കെ കൈകൊണ്ടു തലോടിയും മറും ഉണർത്തിയെഴുന്നേല്പിച്ചു് ശ്രീരാ മചരണങ്ങളിൽ നമസ്കരിപ്പിച്ചു. വീരമണി ഭാഗ്യവാൻതന്നെ: ദേ നേകായിരം കൊല്പം യോഗം ശീലിച്ചു യോഗികൾക്കുപോലും കണ്ടുകി ട്ടാൻ പ്രയാസമുള്ള രാമനാഥനെ അദ്ദേഹം ദർശിച്ചുവല്ലോ! അവർ ശ്രീരാമനെ നമസ്കരിച്ചു കൃതാർത്ഥകളേബരന്മാരായി, ബ്രഹ്മാദികൾ ക്കും അത്യന്തം പൂജനീയനായിത്തീർന്നു. ശത്രുഘ്നൻ, ഹനുമാൻ, പുഷ്കലൻ മുതലായ വീരന്മാരും രാമനാഥനെ സ്തുതിച്ചു. വീരമണി ശിവന്റെ പ്രേരണയാൽ കുതിരയെ സപുത്രപത്രബാന്ധവമായ ത ന്റെ സാമ്രാജ്യത്തോടുംകൂടി ശ്രീരാമനു സമർപ്പിച്ചു. പിന്നീടു, തന്റെ വൈരികളായിരുന്നവരാലും, സേവകന്മാരാലും, വിശേഷിച്ചും അത്യു ത്സുകരായ ശത്രുഘ്നാദികളാലും പൂജിക്കപ്പെട്ട രാമനാഥൻ മണിമ യമായ രഥത്തിൽ കേറി മറഞ്ഞു.

രാമഭദ്രൻ മറഞ്ഞപ്പോൾ, എല്ലാവരും അത്യാശ്ചര്യപ്പെട്ടു. ലോ കൈകവന്ദ്യനായ രാമൻ ഒരു മനുഷ്യനാണെന്നു കരുതിപ്പോകരുതു്; തന്തിരുവടി നീരിലും കരയിലും—എല്ലാടത്തും—ഉറംപ്പോന്നരുളുന്നു. മ നംകുളിർത്ത വീരന്മാർ തമ്മിൽത്തമ്മിൽ കെട്ടിപ്പുണർന്നു. പെരുംപറ തു ടങ്ങിയ മംഗളവാദ്യങ്ങളും മുഴങ്ങി; ഒരു കേമമായ ഉത്സവം അവിടെ ന ടന്നു. പിന്നീടു് കുതിരയെ വിട്ടു. വിസ്മയവും സന്തോഷവും പൂണ്ട ശ സ്ത്രാസ്ത്രകോവിദരായ വീരന്മാരെല്ലാം അതിനെ അനുഗമിച്ചു. സൃഷ്ടി യും സംഹാരവും നടത്തുന്ന ശിവനാകട്ടേ, പ്രതിജ്ഞ നിറവേറി, ആ ഭക്തനോടു്, 'ഭവാൻ ലോകദുർല്ലഭമായ ശ്രീരാമപദം പ്രാപിച്ചാലും' എന്നിങ്ങനെ പറഞ്ഞു വിടയും വാങ്ങി, തന്റെ പാർഷദരോടൊന്നി ച്ചു മറഞ്ഞു കൈലാസത്തിലെത്തിച്ചേർന്നു. വീരമണിരാജാവു് രാമച രണാരവിന്ദം ധ്യാനിച്ചുകൊണ്ടു്, ശത്രുഘ്നനോടൊന്നിച്ചു സസൈ ന്യനായി പുറപ്പെട്ടു.

ഈ രാമചരിതം ശ്രവിക്കുന്ന സജ്ജനങ്ങൾക്കു് ഒരിക്കലും സം സാരദുഃഖം സംഭവിക്കുന്നതല്ല.

ശ്രീപദ്മമഹാപുരാണാ, പാതാളഖണ്ഡാ, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശ്രീരാമശിവസമാഗമം നാല്പത്താറമധ്യായം.

(0)

Digitized By Kerala Sahitya Akademi

നാൽപ്പത്തഞ്ചാമദ്ധ്യായം

ശേഷൻ:-—

ദ്വിജോത്തമ, അനേകായിരം പടയാളികളാൽ പരിരക്ഷിതമായിരുന്ന ആ വെൺചാമരം കെട്ടിയ കുതിര ഭാരതവർഷത്തിന്റെ അതിർത്തിയിൽ ഹേമക്രൂടത്തിൽ ചെന്നെത്തി. കനകരജതാദിമയങ്ങളായ ശോഭനശൃംഗങ്ങളോടുകൂടിയ ആ പർവ്വതത്തിന്നു പതിനായിരം യോജന പൊക്കവും പരപ്പുമുണ്ട്. അവിടെ ഒരു വമ്പിച്ച ശ്രേഷ്ഠാശ്രമമുണ്ട്: പയൻ, കരിമ്പന, പാച്ചില, കൊങ്ങ, ഈന്ത, നാഗം, പുന്ന, കൊന്ന, ക്രൂവളം, ചമ്പകം, ഇലഞ്ഞി, കടമ്പ്, മന്ദാരകാര, കടകപ്പാല, മാവ്, ഇരിപ്പ, മാതളം മുതലായ വൃക്ഷങ്ങളും, മുല്ല, പിച്ചകം മുതലായ ലതകളും അവിടെ തിങ്ങിനില്ക്കുന്നു; പലതരം പക്ഷികാം ക്രൂകുന്നു; വണ്ടുകൾ മുരളുന്നു; മയിലുകളുടെ കേകാരവം മുഴങ്ങുന്നു. പരന്ന നെറിമേൽ മനോഹരമായ പൊന്നിൻപത്രം ധരിച്ചിരുന്ന മനോവേഗിയായ ശത്രുഘ്നൻ ആശ്രമം ആ സർവ്വസുഖമായ പുണ്യാവിലേയ്ക്കു കടന്നു; അതോടുകൂടി പെട്ടെന്ന് ഒരത്ഭുതമുണ്ടായി: ആ അശ്വമേധകുതിരയുടെ ശരീരം അകെ സ്തംഭിച്ചുപോയി; അതു യാതൊരനക്കവുമില്ലാതെ, ഹേമക്രൂടംപോലെതന്നെ, വഴിയ്ക്കു നില്പായി! കുതിരക്കാർ ചമ്മട്ടികൊണ്ട് അടിച്ചുനോക്കി; എന്നിട്ടും അതു് ഇളകുകയുണ്ടായില്ല. അവർ ശത്രുഘ്നന്റെ അടുക്കൽ ചെന്നറിയിച്ചു:—'തിരുമേനി, കുതിരയ്ക്ക് എന്തുപറ്റി എന്നറിഞ്ഞുകൂടാ; അതു മനോജവത്തോടെ നടകൊള്ളുന്നതിനിടയ്ക്കു പെട്ടെന്നു സ്തബ്ധമായിപ്പോയി! ഞാടിയങ്ങളും ചമ്മട്ടികൊണ്ടടിച്ചിട്ടും ഇളകുന്നില്ല. ഇനി വേണ്ടതു കല്പിച്ചാലോചിച്ചു ചെയ്താലും.' ഇതിൽ വിസ്മയപ്പെട്ട ശത്രുഘ്നൻ പടയാളികളോടെല്ലാമൊന്നിച്ച് ആ മഹാശ്രമത്തിന്റെ അരികിൽ ചെന്നെത്തി.

പുഷ്കലൻ കുതിരയുടെ കാല്കൾ കൈകൊണ്ടു പിടിച്ചു നിലത്തുനിന്നു പറിച്ചെടുക്കാൻ നോക്കി; അവ ഇളകിയതേ ഇല്ല. ആ കരുത്തൻ ഊക്കിട്ടു പിടിച്ചു വലിച്ചിട്ടും കുതിരയ്ക്ക് ഇളക്കമുണ്ടായില്ല. ഉടനേ മഹാശയനായ ഹനുമാൻ അശ്വത്തെ വാൽകൊണ്ടു ചുറ്റി ആഞ്ഞു വലിച്ചുനോക്കി; അപ്പോഴും അതു് ഇളകിയില്ല. അതിൽ ആശ്ചര്യംമൂഴുത്ത വാനരേന്ദ്രൻ ബലവാന്മാരിൽ മുന്പനായ ശത്രുഘ്നനോടു്, ചുറ്റുമുള്ള വീരന്മാർ കേൾക്കേ, പറഞ്ഞു:—'ഞാൻ ഇപ്പോഴത്തെന്നായാണല്ലോ, ദ്രോണപർവ്വതം അനായാസേന വാൽകൊണ്ടു പറിച്ചെടുത്തതു്; ഇതെന്താശ്ചര്യം: ഈ ചെറിയ കുതിര ഇളകുന്നതേ ഇ

Digitized By Kerala Sahitya Akademi

ല്ല! വിധിതന്നെയായിരിയ്ക്കും ഇതിന്റെ കാരണം: എറ്റവും കരുത്തുള്ള മഹാവീരന്മാർ പിടിച്ചുവലിച്ചിട്ടും കുതിര നിന്ന നിലയിൽനിന്ന് ഏ ള്ളോളവും നീങ്ങുന്നില്ലല്ലോ!' ഇതുകേട്ടിട്ട് വിസ്മയംപൂണ്ട ശത്രുഘ്നൻ മന്ത്രിശ്രേഷ്ഠനായ സുമതിയോട് ചോദിച്ചു:—'മന്ത്രി, എന്തുകൊണ്ടായിരിയ്ക്കാം അശ്വം സ്തംഭിച്ചുപോയത്? ഇതിനെ നടത്തുവാൻ എന്താണ് ഉപായം?'

സുമതി:—'തിരുമേനി, എല്ലാ ജ്ഞാനങ്ങളുമുള്ള ഒരു മഹർഷിയെ കണ്ടെത്തി ചോദിക്കണം; എന്നിട്ട പ്രത്യക്ഷമായ ദേശചരിത്രമല്ലാതെ പരോക്ഷമായിട്ടുള്ളതു് അറിഞ്ഞുക്കൂടാ.'

ധർമ്മകോവിദനായ ശത്രുഘ്നൻ ഒരു മഹർഷിയെ തിരയുന്നതിന് ഏതാനും ഭടന്മാരെ കൂട്ടിവ്വയച്ചു. ആ ഭടന്മാർ നാലുപുറവും നടന്നുനോക്കിയിട്ടും ധർമ്മജ്ഞനായ ഒരു ബ്രാഹ്മീശ്വരനെ കണ്ടെത്തിയില്ല. എന്നാൽ അവരിൽ ഒരു ഭടൻ ഒരു യോജന കിഴക്കോട്ടുപോയപ്പോൾ ഒരു മഹത്തായ ആശ്രമം കാണുമാറായി. അവിടെ ജന്തുക്കൾതമ്മിൽത്തമ്മിൽ വൈരമില്ല; ആളുകൾ ഗംഗാസ്നാനത്താൽ ഗതപാതകരായി സൌമ്യരായി ശോഭിക്കുന്നു; ചിലർ അവിടെ ഹവിസ്സുശിച്ചും, ചിലർ തലകീഴായിനിന്നു പുകയുണ്ടും, ചിലർ വായുഭോജികളായും ശ്രേഷ്ഠതപം ചെയ്യുന്നു; അവിടെ, രോമധൂമം സദാ പരിശ്രുതി നൽകുന്നു. വളരെ മഹർഷിമാർ ചേർന്നും മികച്ചു തരുലതകളാൽ മൂടപ്പെട്ടതുമായ ആ മഹനീയാശ്രമം ശൌനകമഹർഷിയുടേതാണെന്നറിഞ്ഞിട്ട് സവിസ്മയനായ ആയാൾ തന്നുരാനോടറിയിച്ചു.

അതുകേട്ട്, എറ്റവും സന്തോഷംപൂണ്ട ശത്രുഘ്നൻ രഥത്തിൽ പുഷ്കലാദികളോടും സേവകന്മാരോടും കൂടി ആ ആശ്രമത്തിലേയ്ക്കു ഗമിച്ചു; അവിടെ സമാധിയിൽ രോമഹർഷംകഴിച്ചു സ്ഥിതിചെയ്യുന്ന മാമുനിയെ ദർശിച്ചു്, അദ്ദേഹത്തിന്റെ പാദപത്മങ്ങളായ പാദങ്ങളിൽ ദണ്ഡനമസ്കാരംചെയ്തു. ആ മഹാബലനായ ശത്രുഘ്നനാണെന്നറിഞ്ഞിട്ട്, തദ്ദർശനത്താൽ പ്രീതനായ ശൌനകൻ ആഭ്യുപാഭ്യാഭികരം നൽകി; രാജാവു സുഖമായിരുന്നു വിശ്രമിച്ചതിനുശേഷം, മുനീന്ദ്രൻ ചോദിച്ചു:—'എന്തിനായിട്ടാണ് ഭവാന്റെ സഞ്ചാരം? ഇതൊരു ദീർഘസഞ്ചാരമാണല്ലോ. അഥവാ, അങ്ങയെപ്പോലുള്ള രാജാക്കന്മാർ ഭ്രമണ്ഡലത്തിലെങ്ങും പുറപ്പെടാതിരുന്നാൽ, സജ്ജനങ്ങളെ ദുഷ്ടന്മാർ ഉപദ്രവിച്ചുകൊണ്ടിരിക്കും. അതിനാൽ, ഭൂവാന്മാരിൽ ശ്രേഷ്ഠനായ ശത്രുഘ്നരാജാവെ, ഭവാന്റെ ഈ സഞ്ചാരവും മറ്റും ഞങ്ങളുടെ നന്മയ്ക്കുതന്നെയായിരിയ്ക്കും!' ഇപ്രകാരം

Digitized By Kerala Sahitya Akademi

പറഞ്ഞ ബ്രാഹ്മണനോട്, ശരീരം കോപംമയിർക്കൊണ്ട ശത്രുഘ്നൻ ഗൽഗദസ്വരത്തിൽ പറഞ്ഞു:—'മഹാപ്രാജ്ഞ, രമണീയമായ രാമാശ്വത്തിന്നു പെട്ടെന്നു് ഒരത്ഭുതം സംഭവിച്ചു: ഇവിടുത്തെ ആശ്രമത്തിൽ നിന്നു് ഏറെയകലത്തല്ലാതെ ഒരു ശ്രേഷ്ഠോദ്യാനമുണ്ടല്ലൊ; യദൃശ്ചയാ അതിൽ കടന്നതോടുകൂടി, കുതിരയുടെ ദേഹം സ്തംഭിച്ചുപോയി. ഉടനെ, പുഷ്കലപ്രഭൃതികളായ എന്റെ കരുത്തേറിയ വീരന്മാർ അതിനെ പിടിച്ചുവലിച്ചുനോക്കി; എന്നിട്ടും അതു് ഇളകിയില്ല. ഇതിനെന്താണു് കാരണമെന്നു പറഞ്ഞുതരിക. ആരാഗിച്ചാലുടൻ ദുഃഖസമുദ്രത്തിൽ പതിപ്പിക്കുന്ന ഞങ്ങൾക്കു് ഒരു കൂട്ടുലായ ഭവാനെ കാണുമാനിടവന്നതു മഹാഭാഗ്യംതന്നെ!'

മഹാമതിയായ മാമുനി, അശ്വം സ്തംഭിച്ചതിന്റെ കാരണം അറിവാനായി ക്ഷണനേരം ധ്യാനത്തിലിരുന്നു; ക്ഷണനേരംകൊണ്ടു് അതു് അദ്ദേഹത്തിന്റെ അറിവിൽപ്പെട്ടു. ഉടനെ, വിസ്മയത്താൽ കൺവിടർന്ന ശൌനകൻ ശങ്കയും ദുഃഖവും പൂണ്ടിരുന്ന ശത്രുഘ്നനോടു പറഞ്ഞു:—'രാജാവെ, കുതിര ഇളകാതായതിന്റെ കാരണം ഞാൻ പറയാം; ഈ അത്യദ്ഭുതകഥ കേട്ടാൽ ദുഃശാന്തിവരും:

കാവേരീ തീരത്തിന്നു് ഒരാഭരണമായിരിക്കുന്ന മഹാരമ്യമായ ഗൗഡദേശത്തു സാത്വികൻ എന്നൊരു ബ്രാഹ്മണൻ മികച്ച തപസ്സുതുടങ്ങി. ഒരുനാൾ വെറും വെള്ളംകുടിച്ചും, ഒരുനാൾ കാറ്റുണ്ടും, ഒരുനാൾ യാതൊന്നും ഭക്ഷിക്കാതെയും മൂന്നുനാൾ കഴിക്കും; ഈ തോതിലായിരുന്നു തപസ്സു്. അങ്ങിനെയിരിക്കെ, സർവ്വത്തേയും സംഹരിക്കുന്ന കാലന്റെ ദംഷ്ട്ര അദ്ദേഹത്തെ സ്പർശിച്ചു—ആ മഹാതപസ്വി മരണമടഞ്ഞുപോയി. ഉടനെ, സ്വർണ്ണാലംകൃതമായി വിളങ്ങുന്ന ഒരു വിമാനം വന്നുചേർന്നു; അതിൽ കേറി സാത്വികൻ മേരുശിഖരത്തിലേയ്ക്കു ഗമിച്ചു, അവിടെയുള്ള മഹാജംബൂവൃക്ഷത്തിൽ നിന്നൊഴുകിയ ജംബൂനദിയിൽ ചെന്നണഞ്ഞു. ആ കനകജലയായ നദിയിൽ, വളരെ തപസ്സുചെയ്തു പുണ്യംനേടിയ മഹർഷിമാർ സർവ്വസുഖങ്ങളോടുംകൂടി അപ്സരസ്സുകളൊന്നിച്ചു സകൌതുകം വിഹരിക്കുന്നുണ്ടായിരുന്നു. അദ്ദേഹവും അതിൽ ഇപ്പോലെ അപ്സരസ്സുകളൊന്നിച്ചു സസന്തോഷം വിഹരിച്ചുപോന്നു. ഒരിക്കൽ, അദ്ദേഹം, താനാണു് എല്ലാമാനവൻ എന്ന ഗർവിനാൽ, മഹർഷിമാക്കു് എന്തോ അപ്രിയം ചെയ്തുപോയി; അതിനാൽ അവർ, 'ദുർമ്മുഖനായ നീ ഒരു രാക്ഷസനായിപ്പോകട്ടെ' എന്നു ശപിച്ചു. അപ്പോൾ സാത്വികൻ അതി സങ്കടത്തോടെ ആ തപോവിദ്വാന്മാരായ മുനിമാരോടു്, 'ബ്രഹ്മണരെ, എന്നെ അനുഗ്രഹിക്കണെ! നിങ്ങളെല്ലാവരും ദയാശീലരാണല്ലൊ' എന്നപേക്ഷിച്ചു

Digitized By Kerala Sahitya Akademi

൨൬. ഉടനെ, അവർ അനുഗ്രഹം നൽകി:—'ഭവാൻ എപ്പോഴും രാമന്റെ കുതിരയെ സ്തംഭിപ്പിക്കുമൊ, അപ്പോഴും രാമചരിതം ശ്രവിപ്പാൻ ഇടവരും; അതോടുകൂടി, ഈ ഘോരശാപം വിട്ടൊഴിയും.' ആ രാക്ഷസനായിത്തീർന്ന ബ്രാഹ്മണനെ കുതിരയെ സ്തംഭിപ്പിച്ചതു്; രാമന്റെ കഥകൾ കീർത്തിച്ചു വിടുവിച്ചുകൊള്ളുക.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, അശ്വസ്തംഭനം നാല്പത്തെഴാമദ്ധ്യായം.

—(o)—

നാൽപ്പത്തെട്ടാമദ്ധ്യായം

ശേഷൻ:—ഇങ്ങിനെ ശൌനകൻ ചൊന്നതുകേട്ടിട്ടു വിസ്മയം മൂഴുത്ത ശത്രുഘ്നൻ ആ മുനിയോടാവശ്യപ്പെട്ടു:—'കർമ്മത്തിന്റെ അവസ്ഥ അജ്ഞേയംതന്നെ. സാത്വികൻ സ്വർഗ്ഗം പ്രാപിച്ചിട്ടും, വന്നിട്ടു കർമ്മത്താൽ രാക്ഷസനായിപ്പോയല്ലൊ! സ്വാമിൻ, മഹർഷെ, ഇന്നയിന്ന കർമ്മത്താൽ സ്വർഗ്ഗം കിട്ടുമെന്നും ഇന്നയിന്ന കർമ്മത്താലാണ് നരകം വരുക എന്നും പറഞ്ഞുതരിക.'

ശൌനകൻ:—'രഘൂത്തമ, ഭവാൻ ധന്യൻ തന്നെ: ഇതാണല്ലൊ, ഭവാന് എപ്പോഴും വിചാരം! അറിയാമെങ്കിലും അങ്ങു ചോദിക്കുന്നതു ലോകനന്മയ്ക്കായിട്ടത്രെ. അതിനാൽ വിചിത്രങ്ങളായ കർമ്മങ്ങളുടെ വിവിധമായ ഗതി ഞാൻ പറയാം; മഹാരാജാവേ, ഇതു കേട്ടാൽ മുക്തികിട്ടും:

പരധനത്തേയും പരസ്ത്രീയേയും പരസന്തതിയേയും ബലാൽകാരേണ അപഹരിച്ചനുഭവിയ്ക്കുന്നവൻ ആരോ, ആ ദുർബുദ്ധി കരുത്തേറിയ യമകിങ്കരന്മാരാൽ കാലപാശംകൊണ്ടു ബദ്ധനായി ഓരായിരം കൊല്പം താമിസ്രത്തിലിട്ടു താഡിക്കപ്പെടും; പാപം അനുഭവിച്ചു തീർന്നാൽ സൂകരയോനിയിൽ ജനിച്ചു വളരെ കഷ്ടപ്പെടും; ഒടുവിൽ മനുഷ്യനായി ജനിച്ചു രോഗത്താലും മറവും വലയുകയും ദുഷ്കീർത്തി നേടുകയും ചെയ്യും. പ്രാണിദ്രോഹംകൊണ്ട് സകുടുംബത്തെ പുലർത്തുന്ന പാപി അന്ധതാമിസ്രത്തിൽ പതിയ്ക്കും. പ്രാണികളെ വൃഥാവിൽ കൊല്ലുന്നവർ രൌരവത്തിൽ പതിച്ചു രുരുക്കളാൽ സക്രോധം പിളക്ക

Digitized By Kerala Sahitya Akademi

ത്തപ്പെടും. സ്വന്തം വയറിനായി പ്രാണിവധം ചെയ്യുന്നവൻ യമാജ്ഞയാൽ മഹാരൌരവത്തിൽ വീഴിയ്ക്കപ്പെടും. തന്റെ അച്ഛനേയും ബ്രാഹ്മണനേയും ദ്രോഹിയ്ക്കുന്ന പാപി പതിനായിരം യോജന പരപ്പുള്ള കാല സൂത്രത്തിൽ കിടന്ന കഷ്ണിയ്ക്കും. ഗോവധം ചെയ്യുവനെ യമഭടന്മാർ, അതിന്റെ മേൽ എത്ര രോമമുണ്ടോ അത്രയും കൊല്ലം ഇട്ടു വറുക്കും. യാവനൊരുത്തൻ ഭൂമിയിൽ രാജാവായിട്ട് അബ്ദ്ധനെ ദണ്ഡിപ്പിക്കുകയും ലോഭത്താൽ ബ്രാഹ്മണനു പരിക്കേല്പിയ്ക്കുകയും ചെയ്യുന്നവോ, അവനെ യമകിങ്കരന്മാർ ദുഷ്ടസൂകരങ്ങളെക്കൊണ്ടു കടിപ്പിക്കും; പിന്നെ അവൻ പാപം തീരുവോളം കൊടുയോനികളിൽ ജനിക്കും. ബ്രാഹ്മസ്വമോ പൈക്കറുംകു തിന്നാനുള്ളതോ സ്വല്പമെങ്കിലും ബലേന കൈക്കലാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നവർ പരലോകത്ത് അന്ധകൂപത്തിൽ കിടന്നു കുഴങ്ങും. യാതൊരാൾ മധുരമായ അന്നം തീൻകൊതിയാൽ ദേവനോ സ്നേഹിതനോ കൊടുക്കാതെ സ്വയം ഭക്ഷിക്കുന്നുവോ, അവൻ കൃമിഭോജന നരകത്തിൽ പതിക്കും. ബ്രാഹ്മണന്റെ ധനമോ സ്വർണ്ണം മുതലായതോ ആപത്തുശീലില്ലാതെ അപഹരിച്ചവൻ ഒഷ്ടേറിയ സന്ദംശ നരകത്തിൽ വീഴും. മറാരേയും നോക്കാതെ തന്റെ ശരീരം മാത്രം പുലർത്തിപ്പോരുന്ന മൂഢൻ എണ്ണ തിളച്ചു മറിയുന്ന കുംഭീപാകത്തിലിട്ടു വേവിക്കപ്പെടും. അഗമ്യയായ സ്ത്രീയെ അജ്ഞാനത്താൽ കാമിക്കുന്നവനെക്കൊണ്ട് യമകിങ്കരന്മാർ തപ്തലോകപ്രതിമയെ ആലിംഗനം ചെയ്യിക്കും. ബലദർപ്പത്താൽ വേദമുദ്ദാ കെടുക്കുന്നവർ വൈതരണിയിൽ നീന്തി രക്തവും മാംസവും ഭുജിക്കും. വൃഷലിയെ ഭാര്യയാക്കി ഗൃഹസ്ഥാശ്രമം കൊള്ളുന്നവൻ പൂയോളത്തിൽ പതിച്ചു വമ്പിച്ച ദുഃഖമനുഭവിക്കും. ആളുകളെ പതിപ്പാൻ പാശികളിലും മറും തുടങ്ങുന്നവൻ വൈശസനരകത്തിൽ പതിച്ചു യമന്റെ തല്ലുകൊള്ളും. സജാതീയസ്ത്രീയെക്കൊണ്ടു രേതഃപാനം ചെയ്യിക്കുന്ന പാപികൾ രേതഃകുല്യകളിൽ പതിച്ചു രേതഃപാനം ചെയ്യേണ്ടിവരും. മോഷണം, തീവെപ്പ്, വിഷം കൊടുക്കുക, ഗ്രാമം കൊള്ളയിടുക ഈ വക പാപം ചെയ്തവർ സാരമേയാദനത്തിൽ പതിക്കും. കള്ളസാക്ഷി പറയുന്നവനും പരദ്രവ്യത്തെ തട്ടിപ്പറിക്കുന്നവനും അവീചി നരകത്തിൽ തലകീഴായി വീണു വളരെ കഷ്ടപ്പെട്ട്, പാപയോനിയിൽ പിറക്കും. കൊതിമൂത്തം മദ്യം കുടിക്കുന്ന മൂഢനെക്കൊണ്ടു യമകിങ്കരന്മാർ ലോഹം ഉരുക്കിയ വെള്ളം കുടിപ്പിക്കും. വിശ്വാസഘാതം ചെയ്യുന്ന അധർമ്മികൾ ശൂലപ്രോതനരകത്തിൽ പതിച്ചു വളരെ വേദനയനുഭവിക്കും. ഏഷണികൊണ്ട് ആളുകളെയെല്ലാം സങ്കടപ്പെടുത്തുന്നവൻ ദന്ദശൂകംപുഴു

Digitized By Kerala Sahitya Akademi

പാപ്പുകളുടെ കടിയേല്ക്കും. തന്റെ പഠിപ്പുകൊണ്ടും നടപ്പുകൊണ്ടുമുള്ള ഗർവ്വിനാൽ ഗുരുക്കന്മാരെ അവമാനിക്കുന്നവൻ മരിച്ചാൽ ക്ഷാരനരകത്തിൽ തല കീഴായി വീഴും.

രാജാവേ, പാപം ചെയ്യുന്നവർക്ക് ഇങ്ങിനെ അനേകം നരകങ്ങളുണ്ട്. പാപം ചെയ്താൽ ഘോരപീഡയനുഭവിക്കാതെ കഴിയില്ല. രാമചരിതം കേട്ടിട്ടില്ലാത്തവരും പരോപകാരം ചെയ്തിട്ടില്ലാത്തവരും നരകംപുക്ക് എല്ലാ ദുഃഖങ്ങളും അനുഭവിയ്ക്കേണ്ടിവരും. ഇവിടെ സുഖത്തിലിരിക്കുന്നവർ സ്വർഗ്ഗത്തിൽനിന്നും, ഇവിടെ രോഗികളും ദുഃഖികളുമായിട്ടുള്ളവർ നരകത്തിൽനിന്നും പോന്നവരായിരിയ്ക്കും.' ഇതുകേട്ട് കശ്യപനും തോന്നം നട്ടങ്ങിരുന്നുകൊണ്ടിരുന്ന നരപാലൻ എല്ലാ സംശയവും നീങ്ങുന്നതിനായി വീണ്ടും ആ ബ്രാഹ്മണനോട് ചോദിച്ചു:—'മഹർഷേ, ഓരോ പാപത്തിന്റേയും അടയാളംകൂടി പറഞ്ഞുതരിക. എന്തു പാപംകൊണ്ട് എന്തടയാളമാണ് ഭൂമിയിൽ കാണപ്പെടുക?' മഹർഷി മറുപടി പറഞ്ഞു:—'പാർത്ഥിവ, കേട്ടുകൊള്ളുക; പാപികളുടെ അടയാളങ്ങൾ ഞാൻ പറയാം:

സുരാപായി നരകാനന്തരം ഭൂമിയിൽ ജനിച്ചാൽ കരിമ്പല്ലനായിരിക്കും; അഭക്ഷ്യം ഭക്ഷിച്ചവൻ ഗുന്മരോഗിയായി പിറക്കുന്നു; രജസ്വലസ്ത്രീ ഭുജിച്ചതു ഭുജിച്ചവൻ കൃമിരോഗിയായി പിറക്കുന്നു; നായയും പൂച്ചയും മറ്റും തൊട്ടതു ഭക്ഷിച്ചവന്നു ദുർഗ്ഗന്ധമുണ്ടായിവരും; ദേവകർമ്മങ്ങൾ മറ്റും നിർവ്വഹിക്കാതെ ഭക്ഷിച്ചവൻ വന്നിച്ചു ഉദരരോഗത്താൽ പീഡിതനായിരിക്കും; അന്യന്റെ അന്നം മുടക്കിയവന്നു് അജീർണ്ണം പറ്റും; വകയുണ്ടായിരിക്കെ, ചീത്ത അന്നംകൊടുത്തവന്നു് അഗ്നിമാന്ദ്യം വന്നുകൂടും; വിഷംകൊടുത്തവന്നു് ഛർദ്ദിയും വഴിമുടക്കിയവന്നു പാണ്ഡുരോഗവും വൃഷണിക്കാരന്നു കാസശ്വാസവും പാശികളിക്കാരന്നു അപസ്മാരവും പരദ്രോഹിക്കു ശൂലരോഗവും തീവെച്ചവന്നു രക്തഭേദിസാരവും സംഭവിക്കും; ദേവാലയത്തിലൊ ജലത്തിലൊ അമേധ്യം കൊണ്ടിടുന്ന പാപിയ്ക്കു് അതിഘോരമായ ഗുദരോഗംവരും; ഗർഭം അലസിച്ചാൽ യകൃൽപ്ലീഹരജലോദരങ്ങൾ ഉണ്ടാവും; വിഗ്രഹം ഉടച്ചവൻ നിലകിട്ടാതെ മുറവും; ഭംഗംചെയ്തവൻ ഖണ്ഡിതനാവും; അന്യനെ നിന്ദിച്ചവൻ കഷണ്ടിക്കാരനാവും; സഭയിൽ പക്ഷപാതം ഉരുക്കൊണ്ടവൻ പക്ഷവധരോഗിയാവും; അന്യൻ പറഞ്ഞതിനെ പരിഹസിച്ചവൻ ഒറമണ്ണനും ബ്രാഹ്മണന്റെ സ്വർണ്ണം അപഹരിച്ചവൻ കുഷ്ഠരോഗനുമാകും; ചെന്നുകുട്ടാൽ വയറുവീർപ്പും, ഓടുകുട്ടാൽ പുണ്ഡ

Digitized By Kerala Sahitya Akademi

രീകമെന്നാകുമ്പും സംഭവിക്കും; പിച്ചള കട്ടവന്ന തലമുടി മഞ്ഞച്ചിരിക്കും; ഈയം കട്ടവന്ന ശിരോരോഗം; നെയ്യു കട്ടവന്ന നേത്രരോഗം; തോലു കട്ടവൻ തടിച്ചു തള്ളിയവനായിരിക്കും; തേൻ കട്ടവൻ ദുർഗ്ഗന്ധിമൂത്രനായിരിക്കും; ഇരിമ്പുകട്ടവന്റെ ദേഹം പരുപരുത്തിരിക്കും; എണ്ണകട്ടവന്ന വല്ലാത്ത ചൊറിയുണ്ടാവും; അപകടാന്നം അപഹരിച്ചവന്ന പല്ലുകൊഴിയും; പകടാന്നം അപഹരിച്ചവന്ന ജീർണപാരോഗം വരും; മാതാവിനെ ഗമിച്ചവൻ ലിംഗഛേദിനനായിരിക്കും; ഗുരുതല്പഗന്ന മൂത്രകൃച്ഛ്രവും, പുത്രിയെ ഗമിച്ചവന്ന രക്തകുഷ്ഠവും, സോദരിയെ ഗമിച്ചവന്ന പീതകുഷ്ഠവും, ഭ്രാതൃപത്നിയെ ഗമിച്ചവന്ന ശ്വിത്രകുഷ്ഠവും, സഖിപത്നിയെ ഗമിച്ചവന്ന ഭഗ്നകുഷ്ഠവും, വിശ്വസ്തന്റെ ഭാര്യയെ ഗമിച്ചവന്ന ഗജചർമ്മവും, അച്ഛൻറെ പെങ്ങളെ ഗമിച്ചവന്ന് ദക്ഷിണാംഗവ്രണവും, മാതുലപത്നിയെ ഗമിച്ചവന്ന വാമാംഗവ്രണവും, അപ്പന്റെ പത്നിയെ ഗമിച്ചവന്ന കടീകുഷ്ഠവും കാണാം; സ്നേഹിതന്റെ ഭാര്യയെ പുണർന്നവൻ മൃതഭാര്യനായിത്തീരും; തന്റെ ഗോത്രത്തിലെ സ്ത്രീയെ ഗമിച്ചാൽ ഭഗന്ദരം; താപസസ്ത്രീയെ ഗമിച്ചാൽ പ്രമേഹം; ശ്രോത്രിയസ്ത്രീയെ ഗമിച്ചാൽ നാസികാവ്രണം; ദീക്ഷിതസ്ത്രീയെ ഗമിച്ചാൽ ദുഷ്ടരക്തസ്രാവം; സപിണ്ഡസ്ത്രീയെ ഗമിച്ചാൽ ഹൃദയവ്രണം; ഉയർന്നജാതിയിലെ സ്ത്രീയെ ഗമിച്ചാൽ ശിരോവ്രണം; പത്നിയെ ഗമിച്ചാൽ മൂത്രാഘാതം; ഈ വക ദോഷങ്ങൾതന്നെ, അതാത് പുരുഷന്മാരോട് ചേർന്നാൽ സ്ത്രീകൾക്കും.

രാജാവേ, ഈ വകയൊക്കെയാണ് പാപികൾക്കുള്ള അടയാളങ്ങൾ. ദാനധർമ്മം, തീർത്ഥസ്നാനം, രാമകഥാശ്രവണം, തപസ്സു മുതലായവയാൽ പാപങ്ങൾക്ക് ശാന്തിവരും. എല്ലാ ഉപായത്തിലും മീതെ വിഷ്ണുകീർത്തനം തന്നെ; അതാകുന്ന പുഴ പാപികളുടെ പങ്കം കഴുകിക്കളയുമെന്നുള്ളതിൽ സംശയം വേണ്ട. വിഷ്ണുവിനെ നിന്ദിക്കുന്നവനോ, ഗംഗകൊണ്ടും മറേറതൊരു പുണ്യതീർത്ഥം കൊണ്ടും ശുദ്ധികിട്ടുകയില്ല. വിഷ്ണുചരിതം ചൊല്ലുമ്പോൾ അപഹസിക്കുന്ന ജ്ഞാനശൂന്യൻ കല്പാന്തത്തിൽപോലും നരകത്തിൽ നിന്നു വിടുതിയില്ല. രാജാവേ, ഇനി അനുചരന്മാരോടുകൂടി അശ്വത്തെ വിടുവിപ്പാൻ പൊയ്ക്കൊൾക. വിഷ്ണുചരിതം കേൾപ്പിച്ചാൽ കുതിരയുടെ നടക്കുമാറാകും.'

ഇതു കേട്ടിട്ട് മനം കുളിർത്ത ശത്രുഘ്നൻ അദ്ദേഹത്തെ വലം വെച്ചു വന്ദിച്ചു. അനുചരന്മാരോടുകൂടി മടങ്ങി. കുതിരയുടെ അടുത്തെത്തിയതിന്റെ ശേഷം ഹനുമാൻ വമ്പിച്ച ഭക്തികളെ പോകുന്ന രാമചരിതം കീർത്തിച്ചു. 'രാമകീർത്തന പുണ്യത്താൽ ഭവാൻ സപദം ദേവ

Digitized By Kerala Sahitya Akademi

വിമാനം ആരോഹണം ചെയ്താലും! കുത്സിതയോനിയിൽ നിന്നൊഴിഞ്ഞു സൈരമായി സ്വർഗ്ഗത്തിൽ സഞ്ചരിച്ചാലും!' എന്നീ വാക്കു കേൾക്കാറായതോടുകൂടി ശത്രുഘ്നൻ ഒരു തേജസ്വിയായ ദേവനെ വിമാനത്തിൽ ദർശിച്ചു. 'ധീമാനായ രാജാവേ, രാമചരിതം കേട്ടതിനാൽ ഞാൻ പരിശുദ്ധനായി. എനിക്കു സ്വർഗ്ഗത്തിലേയ്ക്കു പോകാൻ വിടതന്നാലും.' എന്നും പറഞ്ഞു് ആ വിമാനസ്ഥനായ ദേവൻ നടകൊള്ളുകയും ചെയ്തു. ശത്രുഘ്നനും അനുചരന്മാരും അത്ഭുതപ്പെട്ടുപോയി കുതിരയോ ഗാത്രസ്തംഭനം നീങ്ങി, ആ രക്ഷികാടം നിറഞ്ഞ കാടെങ്ങും ചുറ്റിക്കൊണ്ടു യാത്രയും തുടർന്നു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, അശ്വമുക്തി നാല്പത്തെട്ടാമദ്ധ്യായം.

(൦)

നാൽപ്പത്തെട്ടാമദ്ധ്യായം

ശേഷൻ:—ആ തുരംഗമേന്ദ്രൻ അനേകം രാജാക്കന്മാരുള്ള ഭാരതവർഷത്തിൽ സ്വച്ഛന്ദം സഞ്ചരിച്ചു തുടങ്ങിയിട്ടു് ഏഴുമാസം കഴിഞ്ഞു. ശത്രുഘ്നാദികളായ മഹാവീരവരന്മാരാൽ പരിവൃതമായി ഭാരതവർഷം ചുറ്റുന്ന ആ കുതിരയെ രാജാക്കന്മാരെല്ലാം പൂജിച്ചു പോന്നു. അതു ഹിമാലയത്തിന്നടുക്കൽ വളരെ രാജ്യങ്ങളിൽ ചുറ്റിനടന്നു. രാമന്റെ പ്രഭാവം ഓർത്തിട്ടു് അതിനെ ആരും പിടിക്കുകയുണ്ടായില്ല. അതു് അംഗ വംഗ കലിംഗ രാജാക്കന്മാരാൽ ആദരിക്കപ്പെട്ടിട്ടു്, സുരഥരാജാവിന്റെ കുണ്ഡലമെന്ന മനോഹരനഗരത്തിൽ ചെന്നെത്തി: അതിതിയുടെ ഭയഹർഷകമ്പിതങ്ങളായ കണ്ണുകളിൽ നിന്നു കുണ്ഡലം അവിടെ നിലത്തു വീണതിനാലത്രേ, ഈ പേർ വന്നതു്.

കുണ്ഡലനഗരത്തിൽ ആരും ഒരിക്കലും ധർമ്മത്തെ ലംഘിക്കാറില്ല; ആട്ടകഥ പതിവായി ശ്രീരാമനെ ഭക്തിപൂർവ്വം സ്മരിക്കും; രാമനാമ ഭജനത്താൽ നിഷ്കൽമഷരായ അവിടുത്തുകാർ അരയാലിനേയും തുളസിയേയും പ്രതിദിനം പൂജിക്കാറുണ്ടു്; അവിടെ ശ്രീരാമനെ പ്രതിഷ്ഠിച്ച രമണീയ ക്ഷേത്രങ്ങളിൽ കപടമില്ലാത്ത വിശുദ്ധചിത്തന്മാർ മുടങ്ങാതെ പൂജനടത്തുന്നു. വാക്കിൽ വിഷ്ണുവിന്റെ തിരുനാമമല്ലാതെ, കലഹത്തിന്റെ കഥയും, മനസ്സിൽ വിഷ്ണുധ്യാനമല്ലാതെ കാമസ്പർശവും അവിടെയില്ല. രാമകീർത്തനങ്ങളാൽ പരിശുദ്ധരായ

Digitized By Kerala Sahitya Akademi

അവിടുത്തുകാർ പൂതുകളി മുതലായ സപ്തവ്യസനങ്ങളിൽ ഒരിക്കലും ഏർപ്പെട്ടാറില്ല. അന്നാടിടെ വാഴുന്ന സുരഥൻ സത്യധർമ്മശീലനും ബാല്യം രഘുനാഥചരണാരുണത്താൽ ആനന്ദ തുന്ദിലനുമായിരുന്നു. രാമഭക്തനായ സുരഥനെ എങ്ങിനെ വർണ്ണിക്കാം? അദ്ദേഹത്തിന്റെ എല്ലാ ഗുണങ്ങളും ലോകത്തിൽ വ്യാപിച്ചു പാപം പോകുന്നവയത്രെ.

ആ രാജാവിന്റെ എതിരാളം അരിംകാർ, ഒരിക്കൽ ചുറ്റിനടക്കുമ്പോൾ, ചന്ദനം പൂശിയ വാജിമേധാശ്വത്തെ കണ്ടെത്തി. അവർ അത്ഭുതത്തോടെ, കുതിരയുടെ നെറ്റിമേലുള്ള പത്രത്തിൽ സ്വർണ്ണമയി എഴുതിയിരുന്നതു വായിച്ചുനോക്കി; ആ കൺകവരുന്ന കുതിര ശ്രീരാമൻ വിട്ടതാണെന്നറിഞ്ഞ ക്ഷണത്തിൽ ഹർഷവും ഔത്സുക്യവും പൂണ്ട ആ ഭടന്മാർ സഭയിലിരുന്നരുളുന്ന തമ്പുരാനോടു ചെന്നണത്തിച്ചു:—'തിരുമേനി, അയോദ്ധ്യാപുരി വാഴുന്ന ശ്രീരാമൻ അശ്വമേധത്തിനായി വിട്ടിരിക്കുന്ന കുതിര അരിംകാരോടുകൂടി സഞ്ചരിച്ചു് ഇവിടുത്തെ പട്ടണത്തിനടുക്കൽ വന്നൊത്തിയിരിക്കുന്നു. എന്തായാലും അഴകുള്ള അതിനെ കൂപ്പിച്ചു പിടിച്ചുനിത്തിയാലും.' ഇതു കേട്ടിട്ട ഹർഷഗിമഗനായ നരേന്ദ്രൻ മേഘഗംഭീരസ്വരത്തിൽ ആ വീരന്മാരോടു രചെയ്തു:—'നാം സുകൃതികളായി: രാമന്റെ തിരുമുഖം നമുക്കു കാണാം! അസംഖ്യം ഭടന്മാരാൽ പരിവൃതമായ അവിടുത്തെ കുതിരയെ ഞാൻ പിടിച്ചുനിത്തുന്നുണ്ടു്; എന്നെക്കാലമായി ധ്യാനിച്ചുപോരുന്ന ഒരു ഭക്തനായ എങ്കൽ ദയചെയ്ത രാമൻ എപ്പോഴാണ വന്നുചേരുമെന്നു, അപ്പോഴെ ഞാൻ അശ്വത്തെ വിടുകയുള്ളു.'

ഇപ്രകാരം പറഞ്ഞു് പാർത്ഥിവൻ അരിംകാരെ നിയോഗിച്ചു:—'കുതിരയെ പിടിച്ചു നിത്തുവിൻ; കണ്ടെത്തിയ സ്ഥിതിക്കു, വിട്ടുകൂടാ. ഇതുവഴിയായി ഒരു വമ്പിച്ച ലാഭം എനിക്കുണ്ടാകുമെന്നാണു് എന്റെ വിശ്വാസം: ബ്രഹ്മാവു്, ഇന്ദ്രൻ മുതൽപേക്കുപോലും കണ്ടുകിട്ടാവുന്നതല്ലാത്ത രാമചരണങ്ങളെ ദർശിക്കുമാറാകും. രാമനെ കാണ്മാൻ ഇടവരുത്തുന്ന സ്വജനമൊ പുത്രനൊ ബന്ധുവൊ പശുവൊ വാഹനമൊ തനെയാണു് സുകൃതി! അതിനാൽ, കനകരഥത്താൽ ശോഭിക്കുന്ന കാമഗാമിയായ കമനീയ യാഗാശ്വത്തെ പിടിച്ചു, കുതിരലായത്തിൽ കൊണ്ടുവന്നു കെട്ടുവിൻ.' ഉടനെ അവർ സർവ്വാംഗ സുന്ദരമായ രാമതുരംഗമത്തെ പിടിച്ചുകൊണ്ടുപോയി തിരുമുമ്പിൽ നിത്തി.

മഹാബുദ്ധിമാനായ വാത്സ്യായനൻ, മനസ്സുറപ്പിച്ചു കോപരഭസ: സുരഥന്റെ രാജ്യത്തു്, പരസ്ത്രീയേയോ പരധനത്തേയോ കാമിക്കുന്നവനില്ല; ഭോഗലമ്പടനില്ല; നാവുകൊണ്ടു് രാമനെ കീത്തിക്കയല്ലാതെ നി

Digitized By Kerala Sahitya Akademi

ഷിഷ്ഠം പറയുന്നാവനില്ല; അദ്ദേഹം, സേവനത്തിനു വരുന്നവരോടു ചോദിക്കും:—'നിങ്ങളുടെ സ്ഥിതിയെന്താണ്? ധർമ്മകർമ്മങ്ങളിൽ ശ്രദ്ധിപ്പും, ഏകാദശീവ്രതം അനുഷ്ഠിച്ചും, പരദ്രവ്യം കൊതിക്കാതെയും, പരന്മാരെ പഴിക്കാതെയും, വേദമാർഗ്ഗത്തിൽനിന്നു തെറ്റാതെയും, പതിവായി ശ്രീരാമനെ സ്മരിക്കുകയും മറ്റും ചെയ്യുപോരുന്നവരെ മാത്രമേ ഞാൻ എന്റെ അടുക്കൽ സേവനത്തിനു നിർത്തുകയുള്ളൂ; ഈ വിധത്തിലല്ലാത്ത ദുഷ്ടപാപികളെ എന്റെ രാജ്യത്തുതന്നെ പാർപ്പിയ്ക്കുകയില്ല.' മനസ്സുകൊണ്ടും പാപം ചെയ്യുന്നവർ അദ്ദേഹത്തിന്റെ രാജ്യത്തില്ല; വിഷ്ണുധ്യാനത്താൽ കന്മഷമെല്ലാം നീങ്ങി, അനുനിമിഷം ഉള്ളു. ഇപ്രകാരം ധർമ്മിഷ്ഠനായ രാജാവു് നാടുവാഴുന്നതിനാൽ അവിടുത്തുകാർ സകലരും മരിച്ചാൽ മോക്ഷം പ്രാപിക്കുകയായി; യമദൂതന്മാർക്കു സുരഥന്റെ പുരിയിൽ പ്രവേശമില്ല.

ഇതു നിമിത്തം യമൻ വൽക്കലമുടുത്തു ജടാഭാരവും ധരിച്ചു് ഒരു മുനിയുടെ വേഷത്തിൽ സുരഥ നരേന്ദ്രന്റെ അടുക്കൽ വന്നുചേർന്നു. ശിരസ്സിൽ തുളസിയും നാവിന്മേൽ ഹരിനാമവും വഹിക്കുന്ന ആ വിഷ്ണുഭക്തൻ അപ്പോഴും തന്റെ അയൽക്കാരോടു ധർമ്മകർമ്മങ്ങളെപ്പറ്റി സംസാരിച്ചുംകൊണ്ടു സഭയിലിരിക്കയായിരുന്നു. ഉടൽപൂണ്ട തപസ്സോ ഏതുമതോ നാമാദി ശോഭിക്കുന്ന മഹർഷിയെ കണ്ടപ്പോൾ മഹാരാജാവു് അദ്ദേഹത്തിന്റെ കാൽക്കൽ വണങ്ങി, പാദ്യവും മറ്റും നൽകി, ആസനത്തിന്മേലിരുത്തി വിശ്രമിപ്പിച്ചു; പിന്നീടു് ഇങ്ങിനെ പറഞ്ഞു:—'ഇന്നു് എന്റെ ജന്മം ധന്യമായി! ഇന്നു് എന്റെ ഗൃഹം ധന്യമായി! ശ്രവിക്കുന്നവർക്കു് അടിക്കടി പാപശാന്തി വരുത്തുന്നവയായ ശ്രീരാമന്റെ വിവിധ സൽകഥകളും എനിക്കു പറഞ്ഞുതന്നാലും.' ഇതിനു മറുപടിയായി, പല്ലെല്ലാം പുറത്തുകാട്ടി കൈകൊട്ടിച്ചിരിക്കാണു് മഹർഷി ചെയ്തതു്:—'എന്താണു് ചിരിക്കുന്നതു്? ദയചെയ്തു പറഞ്ഞു്, എന്റെ മനസ്സിനെ സ്വാസ്ഥ്യപ്പെടുത്തുമാറാകണം!' എന്നിങ്ങിനെ അരചൻ അപേക്ഷിച്ചു. അപ്പോൾ മുനി പറഞ്ഞു:—'രാജാവേ, സശ്രദ്ധം കേൾക്കുക: ഞാൻ ചിരിച്ചതിന്റെ കാരണം പറയാം:

ഭവാൻ എന്നോടാവശ്യപ്പെട്ടതു വിഷ്ണുകീർത്തിയെ വർണ്ണിച്ചാണല്ലോ; ആരാണു് വിഷ്ണു? അതിനു് എന്തുള്ളു കീർത്തി? സകലരും കർമ്മവശഗരത്രേ: കർമ്മത്താൽ സ്വർഗ്ഗം നേടുന്നു; കർമ്മത്താൽ നരകം പൂകുന്നു; പുത്രപൗത്രാദി സർവ്വസമൃദ്ധിയും കർമ്മത്താൽത്തന്നെ. ഒരു നൂറു യാഗം ചെയ്തതിനാൽ ശക്രൻ അത്യുന്നതസ്ഥാനം അധിരോഹണം ചെയ്തു; ബ്രഹ്മാവു് കർമ്മംമൂലം സത്യമെന്ന അത്ഭുതലോകം പ്രാപിച്ചു; മരുദാദികളായ മറ്റനേകരും കർമ്മസിദ്ധിയാലത്രേ, അപ്സരസ്സുക

Digitized By Kerala Sahitya Akademi

ളൊന്നിച്ചു സുഖമനുഭവിക്കുന്നതു്. അതിനാൽ, ഭവാൻ ദേവന്മാർക്കായി യാഗവും മറ്റും ചെയ്യണമെന്നില്ലെങ്കിൽ; മറ്റെന്നാൽ, അങ്ങയുടെ ഇഹലോകത്തിൽ നിർമ്മലമായ യശസ്സുണ്ടായിവരും.'

ഇതുകേട്ടപ്പോൾ രാജാവിന്റെ ഹൃദയം കോപത്താൽ ക്ഷോഭിച്ചുപോയി. രാജർഷിശ്രേഷ്ഠനായ അദ്ദേഹം കാർക്കശ്യം പുകഴ്ത്തുന്ന ബ്രാഹ്മണനോടു ചോദിച്ചു:—'നിശ്ചയമായും നൽകുന്ന കാര്യത്തിന്റെ ഫലത്തെയോർത്തു പറയാതെ, ലോകഗർഹിതനായ ഭവാൻ തുടർന്നു രാജധാനി വിട്ടു പുറത്തുപോവുക. ഇങ്ങനെ ക്ഷണനേരംകൊണ്ടു് അധഃപതിപ്പിക്കുന്നു; ബ്രാഹ്മണൻ അധഃപതിക്കുന്നു. ഭൂമിയെന്നോ, അധഃപതനം ധ്രുവൻ, പ്രഹ്ലാദൻ, വിഭീഷണൻ തുടങ്ങിയവരെ തൊടുകയില്ല. മറ്റു രാജർഷികളെന്നോ ഒരിക്കലും അധഃപതിക്കുകയില്ല. രാമനെ നിന്ദിക്കുന്ന ഗർഹ്യജനങ്ങളെ ഭൂമിദേവന്മാർ കയർക്കൊണ്ടു കൊട്ടിവരിഞ്ഞു്, ഇരുമ്പുലക്കകൊണ്ടടിക്കും. ദ്വിജാധമ, ഒരു ബ്രാഹ്മണനാണെന്നു വെച്ചിട്ടാണു്, അങ്ങയെ ഞാൻ ഉണ്ഡിപ്പിക്കാത്തതു്. പോവൂ, എന്റെ മുമ്പിൽ നിന്നു പോവൂ; ഇങ്ങില്ലെങ്കിൽ ഞാൻ തള്ളിക്കളയുന്നതു ചെയ്യും!'

സത്തമനായ പൃഥുവീശ്വരൻ ഇപ്രകാരം പറഞ്ഞുതീർപ്പാക്കുമ്പോൾ, രാജഭടന്മാർ ബ്രാഹ്മണനെ പിടിച്ചു തള്ളാൻ ഒരുമ്പെട്ടു. തൽക്ഷണം ധർമ്മൻ ലോകൈകവന്ദ്യമായ സ്വന്തം രൂപം ധരിച്ചു സുദർശനോടു പറഞ്ഞു:—'ഒന്നിങ്ങു വരുക സുദർശനാ; വിഷ്ണുഭക്തരെ, വരം തന്നു മോഹിപ്പിച്ചുകൊൾക. സുവ്രത, ഞാൻ രണ്ടുപേരുടെയും പ്രഭാവത്തിനിപ്പിടിച്ചു: സൽസേവിതനായ ഭവാൻ ഭാഗവതനായിൽ നിന്നിട്ടുണ്ടു്!' സുദർശനനായ കൃതാന്തനെ കണ്ടിട്ടു് പാർത്ഥിവൻ പറഞ്ഞു:—'ധർമ്മരാജാവേ, ഇവിടുന്നു പ്രസാദിച്ചുവെങ്കിൽ, ഈ ശ്രേഷ്ഠവരം വർദ്ധിക്കണമെന്നാണു്: രാമനോടുള്ള സമാഗമം ഉണ്ടാകുന്നതുവരെ ഞാൻ മരിക്കരുതു്; എനിക്കു് ഒരിക്കലും ഭഗവാങ്കൽ നിന്നു ഭയവും നേരിടരുതു്.' 'ഭൂപാലാ, അങ്ങിനെതന്നെ: അങ്ങയുടെ അഭിമതം മുഴുവനും രഘുനാഥൻ നിറവേറും.' എന്നിങ്ങിനെ വരം കൊടുത്തു മറഞ്ഞു യമൻ, ആ വിഷ്ണുഭക്തരിൽ പാരായണനെ പ്രശംസിച്ചുകൊണ്ടു് തന്റെ പുരിയിലേയ്ക്കു തിരിച്ചു.

ഇപ്രകാരം രാജർഷിശ്രേഷ്ഠനായിരിക്കുന്ന ആ സുരഥന്റെ ജീവൻ വളരെ സന്തോഷത്തോടെ കുതിരയെ പിടിച്ചു്, വിഷ്ണുസേവകരായ തന്റെ സേവകരോടരുളിച്ചെയ്തു:—'രാജവീരന്മാരുടെ ഈ കുതിരയെ ഞാൻ പിടിച്ചിരിക്കുന്നു; നിങ്ങളെല്ലാവരും യുദ്ധത്തിനൊരുങ്ങിക്കൊൾവിൻ.' ആ കുതിരയെ കണ്ട രാജഭടന്മാരെല്ലാം ക്ഷണം

Digitized By Kerala Sahitya Akademi

നേരംകൊണ്ടു സന്നദ്ധരായി വെമ്പലോടേ ആ സ്ഥാനത്തെത്തിച്ചേ ന്നു. ചമ്പകൻ, മോഹകൻ, രിപുഞ്ജയൻ, ദുർദ്ധരൻ, പ്രതാപി, ബല മോദകൻ, ഹർഷക്ഷൻ, സഹദേവൻ, ഭൂരിദേവൻ, അസുതാപനൻ എ ന്നീ പത്തു സുരഥപുത്രന്മാരും സന്നാഹംപൂണ്ടു രോക്കളത്തിലേയ്ക്കിറ ങ്ങാൻ അത്യുത്സാഹത്തോടെ സ്ഥിതിചെയ്തു. രാജാവും വേഗമേറിയ വാജികളെ പൂട്ടി വിചിത്രമായ തന്റെ പൊന്നാണിത്തേർ വരുത്തി, യുദ്ധോത്സാഹം പൂണ്ടു, സേവകന്മാരോട് ഓരോന്നു കല്പിച്ചുംകൊണ്ടു സർവ്വസൈന്യങ്ങളാലും ചുറ്റപ്പെട്ട സഭയിൽ ഇരിപ്പായി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, സുരഥകൃതഹയഗ്രഹണം നാല്പത്തൊമ്പതാമദ്ധ്യായം.

—(o)—

അമ്പതാമദ്ധ്യായം

ശേഷൻ:—രാമാനുജൻ വേഗത്തിൽ സമീപിച്ച് 'മനോഹരമായ യാഗാശ്വം എവിടെ' എന്നു തന്റെ ഭടന്മാരോടു ചോദിച്ചു. അപ്പോൾ, കുതിരയെ അറിയുന്ന ശത്രുഘ്നനോട് അവർ അറിയിച്ചു:—'കുതിര യെ ഏതോ ചില ഭടന്മാർ പിടിച്ചു പട്ടണത്തിലേയ്ക്കു കൊണ്ടുപോ യി; ഞങ്ങളെ ആ കുതിരക്കള്ളന്മാരായ രാജപുരുഷന്മാർ ധിക്കരിച്ചുകള ഞ്ഞു! ഇനി ഏറ്റവും വേണ്ടതു ഏന്നാ, തിരുമേനിതന്നെ തീരുമാനിക്കണം.' ഇതു കേട്ടിട്ടു വീരനായ ശത്രുഘ്നൻ അതിക്രോധത്താൽ പല്ലു കടിച്ചു കൊണ്ടും നാവിനാൽ ചുണ്ടു തുടച്ചുകൊണ്ടും ഉരിയാടി:—'എന്റെ കു തിരയെ അപഹരിച്ചവൻ ഏവിടെച്ചെന്നാകും? ഈ ഭൂമി നിറഞ്ഞ ന ഗരം ഞാൻ അടക്കംകൊണ്ടു വീണ്ടുണ്ടേ! സുമതി, ഏതാണീനഗരം? ഇതിന്റെ ഉടമസ്ഥനാരാണ്? ആര്യയായിരിക്കുമല്ലോ, എന്റെ കുതി രയെ കൈക്കലാക്കിയത്?' ശത്രുഘ്നന്റെ കോപംചേർന്ന ചോദ്യത്തിനു മന്ത്രി വെട്ടിപ്പിലും ഭംഗിയിലും മറുപടിപറഞ്ഞു:—'കുണ്ഡലമെന്നാണ്, ഈ മനോഹരമായ നഗരത്തിനു പേർ; സുരഥനെന്ന ബലവാനായ ക്ഷത്രിയനത്രെ ഇവിടെ വാഴുന്നതു്. അദ്ദേഹം ഹനുമാനെന്നപോലെ ശ്രീരാമപാദങ്ങളെക്കൊണ്ടും രാമചരണങ്ങളെ സദാ സേവിക്കുന്ന ഒരു ധ ർമ്മിഷ്ഠനാകുന്നു. അദ്ദേഹത്തിന്റെ കുഡ്മകം വളരെയുണ്ടു്. എല്ലാംകൊ ണ്ടും നല്ലവനും വമ്പിച്ച സൈന്യങ്ങളുള്ളവനുമാണ് സുരഥൻ. അതി നാൽ കുതിരയെ പിടിച്ചാൽ വലിയ യുദ്ധമുണ്ടായിവരും; യുദ്ധവിദ ഗ്ധരായ വളരെ വീരന്മാർ പൊരുതാനെത്തും.'

Digitized By Kerala Sahitya Akademi

മന്ത്രിയുടെ ഈ മറുപടി കേട്ടിട്ട്, വാഗ്മികളിൽ വരിഷ്ഠനായ ശത്രുഘ്നൻ വീണ്ടും ചോദിച്ചു:—'എന്നാൽ എന്തു ചെയ്യേണ്ടു? രാമാശപ്തത്തെ അദ്ദേഹമാണ് പിടിച്ചതെങ്കിൽ, വീരന്മാർ ചുഴന്ന സൈന്യത്തിലേയ്ക്കു പൊരുതാൻ വരാത്തതെന്താണ്?'

സുമതി:—'മഹാരാജാവേ, സുരഥന്റെ അടുക്കലേയ്ക്ക് ഒരു വാഗ്മിയായ ദൂതനെ കല്പിച്ചയയ്ക്കുക: അയാൾ ചെന്നാൽ, അവൻ വേഗം വാൻ സൈന്യവുമായി വന്നൊത്തും. അതല്ല, അതറിഞ്ഞാൽ അഭിമാനത്താൽ കുതിരയെ അറിയാതെ പിടിച്ചതാണെങ്കിൽ, അതിനെ വേഗത്തിൽ നമുക്കു തിരിച്ചയക്കാം.'

ഉടനേ ശത്രുഘ്നൻ വിനീതനായ അംഗദനെ വിളിച്ച് ഇപ്രകാരം ആജ്ഞാപിച്ചു:—'ഭവാൻ അടുത്തുള്ള സുരഥനഗരത്തിൽ ഒരു ദൂതനായി ചെന്ന്, ആ രാജാവിനോടു പറയുക:—'ഭവാൻ അറിഞ്ഞോ അറിയാതെയോ പിടിച്ച രാമാശപ്തത്തെ തിരിച്ചയയ്ക്കുക; അല്ലെങ്കിൽ വീരന്മാരൊന്നിച്ചു പോരിനു വരിക' എന്ന്. വമ്പിച്ച ബലവും ബുദ്ധിയുമുള്ള ഭവാൻ ലങ്കയിൽ രാവണന്റെ അടുക്കൽ രാമന്റെ ദൂത്യം ആചരിച്ചുവല്ലോ; അതുപോലെതന്നെ ചെയ്യുക.' 'അങ്ങിനെതന്നെ' എന്നംപറഞ്ഞു വീരനായ അംഗദൻ നടകൊണ്ടു, സഭാമധ്യത്തിൽ വീരവൃന്ദത്താൽ പരിവൃതനായ സുരഥഭൂപനെ ദർശിച്ചു. തുളസി ധരിച്ചു, തന്റെ സേവകന്മാരോടു രാമഭദ്രനെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുന്ന ആ രാജാവിനു കമനീയാംഗനായ കപിശ്രേഷ്ഠനെ കണ്ടപ്പോൾ ശത്രുഘ്നന്റെ ദൂതനാണെന്നു മനസ്സിലായി; എങ്കിലും, അദ്ദേഹം ആ ബാലിപുത്രനോടു ചോദിച്ചു:—'വാനരോത്തമ, ഭവാൻ എവിടെനിന്നു വരുന്നു? എന്തിനാണു വന്നത്? വിവരമെല്ലാം പറകതന്നെ.' രാജാവിന്റെ രാമഭക്തികണ്ട് ഏറ്റവും വിസ്മയംപൂണ്ട അംഗദശ്രേഷ്ഠൻ മറുപടി പറഞ്ഞു:—'നൃപശ്രേഷ്ഠ, ബാലിയുടെ മകനായ വാനരേശ്വരനാണ് ഞാൻ; ശത്രുഘ്നൻ എന്നെ ഇവിടത്തെ അടുക്കലേയ്ക്കു ദൂതനായി അയച്ചിരിയ്ക്കുകയാണ്. അങ്ങയുടെ എന്തോന്നം അശ്വക്കാർ ഞങ്ങളുടെ കുതിരയെ പിടിച്ചിരിയ്ക്കുന്നു; അറിയാഞ്ഞിട്ടാണിരിയ്ക്കാം ഈ അന്യായം അവർ ചെയ്തത്. ആ കുതിരയെ രാജ്യത്തോട്ടയ്ക്കുടി, ഭവാൻ സസന്തോഷം പുത്രാനുജിതനായി പോന്ന് ശത്രുഘ്നന്റെ കാൽക്കൽവീണു തിരിയെ കൊട്ടത്തെന്നുക; അല്ലെങ്കിൽ, ഒരുങ്ങുന്ന ശത്രുഘ്നശരങ്ങളാൽ ദേഹംമുറിഞ്ഞു, തലപോയി നിലംപൊത്തിക്കിടക്കേണ്ടിവരും! ആർ കളിയായി ക്ഷണനേരംകൊണ്ടു ലങ്കാപതിയെ നശിപ്പിച്ചുവോ, ആ തിരുമേനിയുടെ യാഗത്തിനുള്ള കുതിരയെ കവർന്നിട്ട ഭവാൻ എവിടെ പോകും?'

Digitized By Kerala Sahitya Akademi

ഈ വിധമെല്ലാം കഥിയ്ക്കുന്ന അംഗദനോടു പാർത്ഥിവൻ പറഞ്ഞു:—'ഭവാൻ പറയുന്നതൊക്കെ പരമാർത്ഥമാണു; അവാസ്തവമായിട്ടൊന്നും ഇതിലില്ല. എന്നാൽ, ശത്രുഘ്നകിങ്കര, ഞാൻ പറയുന്നതു കേൾക്കുക: ധീമാനായ രാമഭദ്രന്റെ കുതിരയെ ഞാൻ പിടിച്ചുനിത്തിയിട്ടുണ്ടു; ശത്രുഘ്നൻ മുതൽപടയെ പോടിച്ചു, അതിനെ ഞാൻ വിടുകയില്ല. രാമൻ താൻതന്നെ എഴുന്നള്ളിവന്നു് എന്നിയ്ക്കു ദർശനം തന്നാൽ, പുത്രാനുചിതനായ ഞാൻ തൃക്കാൽക്കൽവീണു് അതിനെ തിരിച്ചു കൊടുക്കും; എന്റെ രാജ്യം, കുടുംബം, സമൃദ്ധമായ ധനം, ധാന്യം, സൈന്യം എന്നിവയെയും സമർപ്പിക്കും. സ്വാമിയോടും വേണ്ടി വന്നാൽ പൊരുതുക എന്നതു ക്ഷത്രിയധർമ്മമത്രെ; ഈ യുദ്ധമോ, രാമനെ ക്കാണ്മാൻ വേണ്ടിയുണ്ടാക്കിയതല്ലോ. യുദ്ധം നിമിത്തമായില്ല. രാമൻ വരികയില്ലെങ്കിൽ, ഞാൻ ശത്രുഘ്നനടി വീരന്മാരെ ക്ഷണനേന ജയിച്ചു് എന്റെ ശരീരമെങ്കിൽ ബന്ധനത്തിലാക്കട്ടെ!'

ഇതുകേട്ടിട്ടു് അംഗദൻ ഒരു ചിരി ചിരിച്ചു; പിന്നെ ആ ബുദ്ധിമാൻ രാജാവിനോടു് അതിധീരമായി കഥിച്ചു:—'അതലോചനയില്ലാതെയാണു് ഭവാൻ സാസാരിക്കുന്നതു്. അതു വാർദ്ധക്യത്താൽ പോയ്പോയിരിക്കാം: ശത്രുഘ്നൻതിരുമേനിയെ ധിക്കരിക്കയാണല്ലോ ബുദ്ധിബലമുള്ള ഭവാൻ ചെയ്യുന്നതു്! അതു മാന്ധാതാവെപ്പോലെയുള്ള ലവണാസുരനെ ലീലയാ സംഹരിച്ചുവോ, അതു അനേകം ബലോദ്ധതരായ വീരന്മാരെ രണപാരിൽ ജയിച്ചുവോ, അതു വിമാനസ്ഥനായ വിദ്യുന്മാലിരാക്ഷസനെ വധിച്ചുവോ അതു വീരശ്രേഷ്ഠനെ ഭവാൻ ബന്ധനത്തിലാക്കുകയോ! അങ്ങു് ഒരു വിചാരശൂന്യനാണെന്നു് എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ ഭ്രാതൃപുത്രൻ, പുഷ്കലൻ യുദ്ധത്തിൽ തുല്യപാർഷ്ണിനായ വീരഭദ്രനെ സന്തോഷിപ്പിച്ച പരമാസ്ത്രകുശലനാണു്; ആ ബലവാന്റെ പരാക്രമം എങ്ങിനെ വർണ്ണിക്കാം? ബലംകൊണ്ടും യശസ്സുകൊണ്ടും ശ്രീ കൊണ്ടും അതു കുമാരനു തുല്യൻ ഭൂലോകത്തില്ല. രഘുനാഥപാദാബ്ജം ധ്യാനിക്കുന്ന ഹനുമാൻ ശത്രുഘ്നന്റെ അടുക്കലുണ്ടു്; അതു വാനരേന്ദ്രന്റെ അനേകം വിക്രമങ്ങളും അങ്ങു് കേട്ടിരിക്കും: അദ്ദേഹം ലങ്കയെ തൃണത്തോടുകൂടിത്തന്നെ ക്ഷണനേന ചുട്ടുപൊടിച്ചു; അദ്ദേഹം ബുദ്ധികെട്ട രാക്ഷസേന്ദ്രന്റെ പുത്രനായ അക്ഷനെ വധിച്ചു; അദ്ദേഹം പലവുരു പടയാളികളെ ജീവിപ്പിക്കാനായി, ദേവകൂടം ചേന്നു് ദ്രോണപർവ്വതം വാലിൻതുമ്പത്തെടുത്തു കൊണ്ടുവന്നു; അദ്ദേഹത്തെപ്പോലെ രാമചരിതം അറിയുന്നവനായി മറാരുമില്ല; അതു ഭക്തനെ രാമൻ ഒരിക്കലും തിരുമനസ്സിൽ വിസ്മരിക്കാറില്ല! ഭൂമിയെ മുഴുവൻ ശ്ര

Digitized By Kerala Sahitya Akademi

സിക്കുന്ന സുഗ്രീവാദി വാനരേന്ദ്രന്മാരും ശത്രുഘ്നനെ കാണ്മാൻ ഉഴറിക്കൊണ്ടു സേവിച്ചു പോരുന്നു. കുശധ്വജൻ, നീലരത്നൻ, രിപുതാപനൻ, മുഖ്യാസ്ത്രവേദിയായ പ്രതാപാഗ്ര്യൻ, സുബാഹു, വിമലൻ, സുമദ്രൻ, വീരമണി, രാമഭക്തനായ സത്യവാൻ മുതലായ നാടുവാഴുന്ന നരേന്ദ്രന്മാരും ശത്രുഘ്നനൊന്നിച്ചുണ്ടു്. ഈ വീരസമൂഹത്തിൽ ഭവാൻ ഒരു കൊച്ചുകുമാരനാണെന്നറിഞ്ഞു ലവണനായ ശത്രുഘ്നന്റെ അടുക്കലേയ്ക്കു പോകുന്നു, അശ്വത്തെ സമർപ്പിച്ചു, രാജീവാക്ഷനായ രാമനെ ധ്യാനിച്ചു കൊണ്ടു, ഭയം സംഭവിക്കാതിരിക്കുക.'

ഇങ്ങിനെ പലതും പറയുന്ന ദൂതന്മാരോടു രാജാവുകൽപ്പിച്ചു:—'ഇവരെല്ലാം എനിക്കു പരിചിതരല്ലെന്നോ? ദൂത, എനിക്കുള്ളോടത്തോളം ബലം ഹനുമാനില്ല: അദ്ദേഹം രാമനെ വിട്ടു കുതിരയെ രക്ഷിപ്പാൻ പോകുമെല്ലോ! ഞാൻ മനസാ വാചാ കർമ്മണാ രാമനെ സകൌതുകം സേവിക്കുന്നുണ്ടെങ്കിൽ, തന്തിരുവുടൽ എനിക്കു വേഗത്തിൽ കാണ്മാറാകും. അല്ലാത്തപക്ഷം, രാമഭക്തന്മാരായ ഹനുമദാദി വീരന്മാർ എന്നെ ബലേന ബന്ധിച്ചു കുതിരയെ കൈക്കലാക്കിക്കൊള്ളട്ടെ. ഭവാൻ പോയി, ഞാനിപ്പറഞ്ഞതു ശത്രുഘ്നനപ്പോലെ അറിയിച്ചീടുക. പടയാളികൾ ഒരുങ്ങിക്കൊള്ളട്ടെ; ഞാനിതാ, സൈന്യത്തോടൊന്നിച്ചു പോരുന്നു വെല്ലുകയായി. അദ്ദേഹം തക്കതു് ആലോചിച്ചു ചെയ്തുകൊള്ളും. ഒന്നുകിൽ അവർ പോരാടി കുതിരയെ വിടുവിക്കട്ടെ; അല്ലെങ്കിൽ എന്നെ കൈക്കൊള്ളട്ടെ.'

അംഗദവീരൻ ഇതുകേട്ടു ചിരിച്ചു തിരിയെ പോന്നു, സുഭടൻ പറഞ്ഞതെല്ലാം ശത്രുഘ്നനെ അറിയിച്ചു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദേ, രാമാശ്വമേധപ്രകരണം, അംഗദവീര്യം അമ്പതാമധ്യായം.

(൦)

അമ്പതാമധ്യായം

ശേഷൻ:—

(കിളിപ്പാട്ടു്—കല്യാണി.)

കപിഗദിതസുഭടവചനമതു കേട്ടടൻ
കല്യർ തേരേറിപ്പടയ്ക്കൊരുങ്ങീടിനാർ.
പടഹഭടരടിതമൊടു നിബിഡരഥഘോഷവും
പാരിച്ച കൊമ്പർതൻ ചിന്നം വിളികളും;

Digitized By Kerala Sahitya Akademi

അടർമഹിയിൽ മൃതിരുരുനിനദമുലകം നിറ-
ഞ്ഞംബരവീഥിയിൽച്ചെന്നലച്ചു തുലോം.
പടവിരുതർ ഭടരടരിന്നഴറി വിവിധാസ്ത്രം
പാടേമുഴക്കിനാർ ഭീരു ഭയങ്കരം.

ബാഹളമിതുപെരുകുമളവമരിന്ദ സപുത്രനായ്-
ബ്ബൃഹത്സനീകാഢ്യനായ് വന്നാൻ സുരഥനും;
പടുഗരുഠരുരഗഗജപടലമതു കാണായി
പാർമുകുവാനേറ്റുമാഴിപോലെങ്ങുമേ.
കുപ്പിതദരജയനിനദമവനടരിനേറാതു
കണ്ടുശത്രുഘ്നൻ സചിവനോടോതിനാൻ:—
'അരചനിതു, പെരിയപട പുഴലെയഭിയാതനാ-
യ്;—രുചോൽകൊണ്ടു നാം ചെയ്യേണ്ടു സന്മതേ?'
'പൊരുതുകിഥ രണനിപുണഭടർ പലരുമായ് പ്പുലർ
പുഷ്കലാത്മന്മാരശേഷാസ്ത്ര കോവിദർ;
സുരഥനുപനൊടു പവനതനയരടരാടട്ടെ
സുഷ്ഠുപ്രഹാരവിദഗ്ധൻ മഹാബലൻ.'
സുമതിമരുവചനമിതു പറകെ നൃപസൂനുക്കൾ
സാന്മദം വില്ലൊലിയിട്ടു രണാങ്കണേ.
വിപുലബലർ ബലസഹിതരവരൊടടു ചെന്നേറു,
വില്ലുമായ് ത്തേരാണ്ട പുഷ്കലാദിഭടർ.

ചന്ദ്രകനോട് പരമാസ്ത്രകുശലനായ പുഷ്കലവീരൻ ഇരുതേപ്പട തുടങ്ങി; മോഹകനോട് കുശധ്വജൻ ലക്ഷ്മീനിധിയും, രിപുഞ്ജയനോടു വിമലനും, ദുർദ്ധരനോട് സുഖോദ്ഭവും, പ്രതാപിയോട് പ്രതാപാഗ്ര്യനും, ബലമോദകനോട് അംഗദനും, ഹർഷക്ഷനോട് നീലരത്നനും, സഹദേവനോട് സത്യവാനും, ഭ്രൂരിദേവനോട് വീരമണിയും, അസുതാപനനോട് ഉഗ്രാശപനും വന്നിച്ചു ഇരുതേപ്പട നടത്തി. എല്ലാവരും ശസ്ത്രാസ്ത്രസമർത്ഥന്മാരാണ്; എല്ലാവർക്കും യുദ്ധാവൈദഗ്ധ്യവുമുണ്ട്. മഹതേ, ഇപ്രകാരം പ്രാരംഭിച്ച സംഗരത്തിൽ ഇരുകക്ഷികർക്കും വളരെ പരിക്കു പറ്റി.

പുഷ്കലൻ ചന്ദ്രകനോടു ചോദിച്ചു:—'രാജകുമാര, ഭവാന്റെ പേരെന്താണ്? ഭവാൻ ധന്യൻതന്നെ: എന്നോടു പൊരുതാനണഞ്ഞുവല്ലോ! നില്ക്കു; ഭവാൻ എവിടെ പോകും? എങ്ങിനെ ഉയിർക്കൊള്ളും? ഹേ സർവശസ്ത്രാസ്ത്രവിശാരദ, ഭവാൻ എന്നോട് പൊരുതുകതന്നെ!' ഇതുകേട്ടിട്ട്, കരുത്തനായ രാജകുമാരൻ മേഘഗംഭീരസ്വരത്തിൽ പറഞ്ഞു:—

Digitized By Kerala Sahitya Akademi

(കിളിപ്പാട്ട്---കേക.)

'പേർകൊണ്ടും കുലംകൊണ്ടുമല്ല പോരെ,ന്നാലുമെൻ
പേർ കുലമിവച്ചൊല്ലാം: രാമഭദ്രനെന്നാകുന്നു;
വ്യന്നാമ്മ രഘുനാഥൻ; ജ്ഞാതിമേ ശ്രീരാഘവ–
നെ;–ൻബന്ധു സീതാകാന്തൻ; രാമദാസനെന്നൊൻപേർ.
വ്യപ്പോഴും ശ്രീരാമനെസ്സേവിച്ചുപോരുമെനി–
യ്ക്കിപ്പോരിൽത്തരും കോറും ഭക്തവത്സലൻ രാമൻ!
ലൌകികനിലയ്ക്കിനിപ്പറയാം: സുമതനാം
ഭ്രകാന്തനച്ഛൻ; വീരവതി മേ ജനയിത്രി;
യാതൊന്ന വസന്തത്തിലെന്നാടും പുഷ്പിയ്ക്കുന്ന,
യാതൊന്നിലണയില്ലാ തേൻകൊതിയേറും ഭൃംഗം,
തങ്കനേർനിറം മധ്യേ ലിംഗത്തിൻവടിവിവ
തംകുമായതിൻപേരാണെന്നിയ്ക്കുനറിഞ്ഞാലും.
അന്വയച്ചുടർ ചെയ്കുകാ,രെന്നെ വെൽവാനാളാം?
സന്പ്രതികാട്ടിത്തരാമത്ഭുതമെൻവിക്രമം.'

(ചന്ദ്രികിപ്പാട്ട്)

കല്യവാക്യമിതു കേട്ടൊരുല്ലാസമുൾക്കൊണ്ടിവനെ
വെല്ലാൻ പണിയുണ്ടെന്നോർത്തുംകൊണ്ടു പുഷ്കലൻ
കോടികോടിയസൂക്കോട്ടക്രുടിയയയ്യവിട്ടാന,തിൽ–
ക്കോപംപൂണ്ട ചന്വകനും വിൽകുലയേറി,
പൊന്നുകെട്ടിത്തൻപേർ കൊത്തിമിന്നും വൈരിദാരണമാ–
മന്യൂനാസ്ത്രമനവധിയാഞ്ഞുവിട്ടുതേ.
വീരൻ പുഷ്കലനതെല്ലാം തീരെ മുറിച്ചിട്ടാൻ പോരിൽ–
ക്രൂരനസുകൃതിത്തെങ്ങും ക്രൂരിതുളാക്കി.
അന്വശ്രേഷ്ഠം മുറിഞ്ഞതിൽച്ചുന്വകനും പുണക്രുദ്ധി;
വന്വനാകും പുഷ്കലനെ വിളിച്ചായവൻ
'പോർത്തട്ടിൽനിന്നോടായ്ക്ക'ന്നുപോർത്തുംപോർത്തുംചൊല്ലിക്കൊണ്ടു
മാർത്തടത്തായ് വലിച്ചെയ്താൻ പത്തുബാണൊത്താൽ;
പാരിപ്പായുമക്കണകരം ചീറിച്ചെന്ന പുഷ്കലന്റെ
മാറിൽത്തറഞ്ഞുറമോടേ കുടിച്ചു രക്തം.
അന്നേരത്താവീരൻ ചൊടിച്ചുയ്യു ക്രൂരനുകളെയ്താൻ
കുന്നുകളെപ്പിളർത്തുവാനെന്നാതിൻവണ്ണം!
അസ്ത്രങ്ങൾ ചന്വകന്റെയസ്സൃങ്ങളോടേറിടഞ്ഞി–
ട്ടുംബരത്തിൽവെച്ചു ന്തായ് നുരുങ്ങിവീണു.

Digitized By Kerala Sahitya Akademi

അക്രൂരനുകളെ മുറിച്ചഗ്രൃഹബലൻ സുഭദ്രജൻ
പുഷ്കലന്റെ മാരത്തെയ്യുപായ് തുരന്ധ്രം വിട്ടാൻ;
അത്യന്തരം രഹസ്യമതിപുരുഷാഗണമേറെ
പതിച്ചിതു പലപാടായ് തകർന്ന പോരിൽ.
തു വൻതൊഴിൽകണ്ടു, കിടഞാട്ടംസുഭദ്രന്റെ സുത-
നായിരം ശരങ്ങൾകൊണ്ടു മാരത്താഞെയ്യാൻ;
അതുകളും മഹാസ്രുജങ്ങനുത്തിട്ടാൻ ഭരതജ-
നത്ര പതിനായിരമന്വയച്ചാനന്ദ്യൻ;
അതുകളും മഹാസ്രുജങ്ങനുത്തിട്ടു ഭരതജ-
നതിരോഷാൽഗുരമാരി ചൊരിഞ്ഞുകൊണ്ടാൻ.
ഖണ്ഡനതുകണ്ടച്ചമ്പകൻ നനാനെന്നരച്ചുകൊ-
ണ്ടൊന്നാന്തരമെയ്തെയ്തിട്ട പുഷ്കലൻതങ്കൽ
ചമ്പകന്റെ ഭുജവീര്യവനു കണ്ടാസ്സുഭദ്രാസ്രുജ-
നംശഭോജോൽഭ്രതാസ്രും വിപ്രിൽതൊടുത്തു വിട്ടാൻ;
അമ്മഹാസ്രും ദിശകളത്തുമംബരാവ്രികപ്പും മറ-
ച്ചുന്മഹസ്സായ് പാരനുതിയ്ക്കുന്നിയപോലെ.
അരുവനവൻ ചമ്പകനാം ശത്രുവിൻനേക്കെയ്തു വിട്ടാ-
നട്ടിവ്യാസ്രും സംഹരിപ്പാനട്ടിവ്യാസ്രും താൻ.
രണ്ടിന്റെയും തേജസ്സാനായ് കണ്ടുലോകംനടുങ്ങിപ്പോയ്;
രണ്ടുമൊന്നായ് പുരസ്പരം കെട്ടടങ്ങീ.
വല്ലാത്തീയത്ഭുതംകണ്ടു, നില്പു, നില്ലെന്നരച്ചെണ്ണ-
മില്ലാത്തനു ചമ്പകകുലത്തെ പുഷ്കലൻ.
അരക്ഷണകഥം ഗണിക്കാതെയുർക്കെട്ടിയാളും ചമ്പകനാ-
പുഷ്കലങ്കർ ബ്ഭീഷണരാം രാമാസ്രുംവിട്ടാൻ;
അസ്രുമതുഖണ്ഡിക്കുവാനാട്ടുശനായയച്ചാഴേയ്ക്കും
ഗ്രസ്തനായിതരിനാലേ കാകുൽസപുത്രൻ!
ബന്ധിച്ചഥ പുഷ്കലനെത്തൻതേരേറിച്ചമ്പകനാം
സപന്തപുരിക്കയയ്ക്കുവാനൊരുങ്ങീ വീരൻ.

പുഷ്കലനെബ്ബന്ധിക്കയാൽ തിക്കിപ്പൊങ്ങീ ഹാഹാനാദം;
ക്ഷിക്കനോടിഗ്ഗുരുഘ്നങ്കർചെന്നൊത്തീ യോധർ
'എന്തെൻവീരർ ചൂഴംപടയേതു വീരനടിച്ചിതി-
ങ്ങെ'ന്നാനാഞ്ജനേയനോടു ശത്രുഘ്നപ്പോർ.
'പുഷ്കലനെബ്ബന്ധിച്ചിതാ, പുരിക്കയയ്ക്കുന്നു പര-
ക്കൊക്കെക്കൊലൻ കുറുമ്പോടും ചമ്പകവീരൻ!'

Digitized By Kerala Sahitya Akademi

എന്നതുകേട്ടു ഘനശ്യാമനോടൊന്നാലാശ്രിതവിഭീഷണൻ
കൈതൊഴുകൂപ്പിക്രോധാലുരചെയ്യുവാൻ വീണ്ടും ശത്രുലംഘനൻ:—
'നൽക്കരുത്തനകുമാരൻ: പ്രഹസ്തനെന്നുബന്ധിച്ചുവല്ലോ!
നിൽക്കയോ? രോഷംവിടുവിടുന്നു വീരരതുകൊണ്ടു, നീ.'
'ഏറാ'യെന്നു, ഘനശ്യാമനാം സ്വാമിതന്റെ സുതനോടു
ചാരത്തൊരു പ്രഹസ്തനെ വിടാവിട്ടാനായ്.
നേരിട്ടേറകപീന്ദ്രങ്കൽ ന്താരിരം വിശിഖങ്ങൾ
വാരിച്ചൊരിഞ്ഞിത്ര രൂക്ഷം വായ്ച ചന്ദ്രകൻ;
അക്കണകളനില്പതൊക്കെ വെട്ടിമുറിച്ചിട്ടാ-
നുക്കണക്കിൽ വീണ്ടുമെയ്താനന്ദ ചന്ദ്രകൻ.
അന്നാരാചങ്ങളമൊട്ടുക്കൊന്നായ് ത്തകർത്ത ചമര-
മൊന്നുപറിച്ചുഞ്ഞടിച്ചാൻ വൈരിയെക്കീശൻ.
മരമതെറിപ്രായമാകീ സുരഥനുടനൊരു കവചി-
യൊരാനയെക്കയ്യിലേന്തിത്തലയ്ക്കടിച്ചാൻ.
അക്കൊമ്പനം ചന്ദ്രകൻറെനാലുകൊണ്ട ചത്തുവീണു;
ചിക്കന്നവ വൻകല്ലുകരം ചാടി ഹനുമാൻ.
അക്കല്ലുകളെല്ലാം ശരത്തിനിൽപ്പൊടിപെടുത്താനാ-
നൽക്കരുത്തൻ ഞൊടിയിടയിൽത്രവിനുഗ്രം!
താനെറിഞ്ഞ കല്പാദമെയും തറിടായ് കണ്ടിവൻ വീണ്ടു-
വാനെന്നോർത്തു കോപാകുലത്ത വായുനന്ദനൻ
ചന്ദ്രകനെച്ചെന്നൊടുത്തിടനാർത്തുതനയ്ക്കു കുതി-
ച്ചമ്പിൻവേഗാൽ,കരുണ്ണത്താതനായ് ത്തീർന്നു.
വാനിൽനിന്ന ഞാറ്റുടൻ വായുജനെത്തടന്നിട്ടാ-
വായുജനെത്താൻ മറീരാസവചനത്രൻ.
സ്ഥൂലക്രോധമുറപ്പാർത്ത ഗർജ്ജിച്ചാഞ്ചന്ദ്രകനെ-
ക്കാലാൽത്തട്ടിനിലത്തിട്ടു മാരുടി കീശൻ.
ഹാ, തെറ്റിടയാലെണീറ്റാനീരാനീതരുവിഗ്രൻ സുപരാക്രമൻ
വാതജനെ വാൽപിടിച്ചു വട്ടംചുഴറ്റീ.
അക്കരുത്തുകണ്ടു കപിമുഖ്യനെന്നാനിരിട്ടു-
മൊക്കം ചന്ദ്രകനെയൊട്ടു, മറിഞ്ഞുകൊണ്ടു,
നരുവട്ടം ചുറ്റിച്ചാനരനിരിനിലയ്ക്കാഞ്ഞെറിഞ്ഞാൻ;
വീരനവൻ മുറ്റിലാടുത്ത വീണാനന്തരിതിൽ.
ചന്ദ്രകനാ വീരർ ചൂഴും വൻപടപ്പാരിനാണിനിയാണ്-
സ്സന്മതിയെച്ചെയ്യരുതാതെന്നാപ്പോൾ തൽപ്പുത്രർ.

Digitized By Kerala Sahitya Akademi

ബദ്ധനായ പുത്രനെബ്ബദ്ധമോദം മോചിപ്പിച്ച
യുദ്ധസീമ്നി വിളങ്ങിനാൻ വാനരശ്രേഷ്ഠൻ.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം,
രാമാശ്വമേധപ്രകരണം, ചന്ദ്രകാദിയുദ്ധാരംഭം അമ്പത്തൊന്നാമദ്ധ്യായം.

(1)

അമ്പത്തിരണ്ടാമദ്ധ്യായം

ശേഷൻ:—

(കിളിപ്പാട്ട്—കാകളി)

ചന്ദ്രകൻവീണതുകണ്ടു സുതശോക-
സന്ദഗ്ധനായ സുരഥസുക്ഷത്രിയൻ
തേരേറി വൻപടയൊത്തണഞ്ഞുൽക്രുധാ
ഭ്രരിവീറ്റിട്ടു വിളിച്ചാൻ കപീന്ദ്രനെ.
അക്ഷതവേഗനാം വീരൻ ഹന്യമാന-
മക്ഷണം ക്ഷ്മാണീശനോടടുത്തീടിനാൻ.
യോധരെസ്സൂചിപ്പിക്കീ നേർക്കുനേർ വീരന്മാ-
രോതിനാൻ ഭീമഗംഭീരസ്വരൻ നൃപൻ:—
'ധന്യൻ കപിശ്രേഷ്ഠ, രാമന്റെ വൻകാര്യ-
മന്യൂനമാശരധാക്കി സാധിച്ചു നീ!
വീര, നീ ഭക്തിമാൻ രാമാംഘ്രിസേവകൻ
വീഴ്ത്തിയല്ലോ മമ കൈപ്പെഴും പുത്രനെ;
കെട്ടിപ്പുരത്തിലണയ്ക്കുവൻ നിന്നെ ഞാൻ;
പിടിച്ചിതാ,വരം സൂക്ഷിച്ചുനിൽക്ക നീ!'
ഗീരിതമുകേട്ടു കപീന്ദ്രനും ധീരമായ്
വീരവിഭ്രഷ്ടിതപ്പോരിൽവെച്ചോതിനാൻ:—
'അങ്ങുന്ന രാമന്റെ പാദം സ്മരിപ്പവൻ;
ഞങ്ങളും രാമന്റെ സേവകർ ഭ്രൂപതേ;
അങ്ങുന്നിവനെപ്പിടിച്ചുകെട്ടീടുകി-
ലിങ്ങു വിടുവിച്ചുകൊള്ളുമെൻ തമ്പുരാൻ!
ചെയ്തകൊർംകങ്ങോത്തുറച്ചതു: വേദോക്ത,-
മാധിപ്പെടാ രാമഭക്തനെന്നാല്ലയോ?'

Digitized By Kerala Sahitya Akademi

ഇച്ചൊല്ലു കൊണ്ടാടി മന്നവൻ, ചാണയ്ക്കു
വെച്ച ക്രൂരന്വേഷമെയ്താൻ കപീന്ദ്രനിൽ.
മാരുതി ചോരകുടിയ്ക്കുമാബ്ബാണങ്ങളം
സഹരമാക്കാതെ, കുലച്ച വില്ലുംക്രുധാ
ചാടിപ്പിടിച്ചൊടിച്ചു,ത്തഗ്ര്യയോധരെ-
പ്പേടിപ്പെടുത്തി, നഖത്താൽ പിളർത്തിനാൻ.
ഞാൺചെത്ത തൻവില്ലൊടിച്ചതു കണ്ടു, വൻ-
ഞാൺചാർത്തുമന്യധനുസ്സെടുത്താൻ സുഷേൻ.
അക്കാമ്മുകവും പിടിച്ചൊടിച്ചാൻ കരു-
ത്തൊക്കും കപി; സുഷേൻ വേറെ വില്ലേന്തിനാൻ;
തെറ്റെന്നൊടിച്ചാനതും കീശന്തു,ഴിഷേൻ
മറ്റൊന്നെടുത്താനൊ,ടിച്ചാനതും കപി;
ഇത്തരമെൺപതു വില്ലൊടിച്ചാനതി-
ക്രൂദ്ധൻ പ്രതിക്ഷണമാത്മാർത്ഥകൊണ്ടവൻ.
അപ്പോൾ ചൊടിച്ചാരു വേഗേന്തി മന്നവൻ;
തൽപ്രഹാരത്താൽ നിലംപൊത്തി വാനരൻ;
വീണ്ടും ക്ഷണത്താലഴനോറതിക്രോധ-
മാണ്ടു സുഷേന്റെ കൊടിയണിത്തേരവൻ
കയ്യിലെടുത്തു കുതിച്ചു മേല്പോട്ടു,
കണ്ടരചൻ ഹൃദി തച്ചാൻ ഗദകളാൽ;
ദൂരത്തുനിന്നുകൈവിട്ടു രഥം കപി--
വീരൻ; ക്ഷണാലതു വീണു തകർന്നപായ്!
വേറേരഥംകോടിനാൻസുഷേൻ; ഹയ-
സാരഥികേളുസമന്വിതമാ രഥം
വാൽകൊണ്ടുചുറ്റി മലിച്ചുടച്ചിട്ടിതു
വായുതനൂജനടർക്കളത്തിൽ ക്ഷണാൽ.
മറ്റൊരു തേരാണ്ടടുത്താൻ മഹീപതി;
മക്കടശ്രേഷ്ഠനടച്ചാനതും രുഷാ.
വേറേരഥത്തിൽക്കരേറീ സുഭഗനാ;-
ത്തേരും സസൂതാശ്വമിട്ടടച്ചാൻ കപി.

ഒമ്പതും നാല്പതും തേരുടച്ചാനവ;-
മന്വോ, പകച്ചപായ് ഭ്രുപന്നം ക്രുദ്ധരും!
ക്രുദ്ധൻ നരേന്ദ്രൻ കപീന്ദ്രനോടോതിനാൻ:-
'എത്രയും ധന്യൻ സമീരസുനോ, ഭവാൻ!

Digitized By Kerala Sahitya Akademi

ഇത്ര മികച്ച പരാക്രമമേവനു-
മത്രപ്പെയ്തിട്ടില്ല, ചെയ്കയുമില്ലിനി!
നില്പൂ ഞൊടിയിടമാത്രം; കുലയ്ക്കട്ടെ
നില്ലെന്നു ഞാൻ രാമപാദാബ്ജഭൃംഗമേ!!'
പാരംചൊടിച്ചുഗ്ര വിൽകുലച്ചുഴിപൻ
പാശുപതാസ്ത്രമൊരമ്പിലിണക്കിനാൻ:
ഭ്രൂവേതാളപിശാചങ്ങളം തൽക്ഷണം
ജാതരായ് ബ്ഭീതിപ്പെടുത്തീ കപീന്ദ്രനെ;
ക്രോശിച്ചുകൊൾകയായ് ലോകരാ, വീരനെ-
പ്പാശുപതാസ്ത്രനിബദ്ധനായ് കാണ്കയാൽ;
തത്ര കപീന്ദ്രനോ, രാമനെയുള്ളിലോ-
ത്സ്മൃം ക്ഷണത്താലുത്തു നിർമുക്തനായ്
യുദ്ധംതുടർന്നാൻ; മഹാസ്ത്രപ്രവീണനാ
മെത്തും ബലം കണ്ടജാസ്ത്രമെയ്തു നൃപൻ.
അസ്ത്രമതൊന്നു ചിരിച്ചു വിഴുങ്ങിനാ-
നത്രകുരുത്തുള്ള മാരുതനന്ദനൻ.
അതെഴിൽ കണ്ടു ദശരഥപുത്രനെ-
ച്ചിത്തേനിനച്ചു രാമാസ്ത്രംതൊടുത്തുടൻ,
'ബദ്ധനായ് പ്പോയീ കപീന്ദ്ര, ഭവാനെ'ന്ന
ബദ്ധപ്രകോപം പ്രയോഗിച്ചുമന്നവൻ;
അതു വാക്കുകേട്ടെതിർക്കൈക്കൊരുങ്ങുന്നൊഴെ-
യ്ക്കാവു, രണക്ഷോണിതന്നിൽസുരഥനാൽ
രാമാസ്ത്രബദ്ധനായ്ത്തീർന്ന മഹാഭടൻ
രാമാംഘ്രിസേവകനായ മരുത്സുതൻ!
ചൊല്ലിനാൻ കുണ്ഡലാധീശപരൻതന്നോടു
കല്യൻകപീശപരൻ:—'എന്തുചെയ്യുന്ന ഞാൻ?
ഹാ, മറുവല്ലതിനാലുമല്ലെൻപ്രിയ--
സ്വാമിതന്നസ്ത്രമേറ്റല്ലി ഞാൻ ബദ്ധനായ്!
കൊണ്ടോടി മാനിച്ചിടുന്നോനതിനെഞ്ഞാൻ;
കൊണ്ടുപോയ് ക്കൊൾക പുരിയ്ക്കുന്നെ മന്നവ;
ഇങ്ങെഴുന്നള്ളി വിടുവിച്ചുകൊള്ളുമേ
തുംഗദയാശീലനെൻപൊന്നതനുരാൻ!!'
കാറിൻകുമാരനൊബ്ബുദ്ധിച്ചുതിൽച്ചൊടി-
പ്പേററാൻസുരഥനോടങ്ങു ഭരതജൻ.
നേരിട്ടടുക്കുന്ന പുഷ്കലവീരനെ-
ബ്ഭീരിബാണങ്ങൾകൊണ്ടെയ്തിതു പാർത്ഥിവൻ.

Digitized By Kerala Sahitya Akademi

ന്നൂറായിരം ശരമെയ്തു കുമാരനും;
പേരിലതെല്ലാം മുറിച്ചാൻ നരേശ്വരൻ.
ആടോപമോടവർ പോർ ചെയ്യുയമ്പിനാൽ
മൂടീചരാചരവിസ്തൃതമൊക്കയും.
അപ്പടകണ്ടു മയങ്ങീ നിലിമ്പരും
ക്ഷിപ്രഭയരാം നരടേരെതിനി?
അസ്ത്രത്തിനസ്ത്രം സമസ്ത്രമുതിർത്തട-
രത്രമുതിന്നിതു വീരരോമാഞ്ചദം.
നാരാചമൊന്നു ചൊടിച്ചുട്ടുത്താൻ ഗുപൻ;
പാരാതതെയ്തു മുറിച്ചാൻ ഭരതജൻ.
മറൊരമ്പൊന്നീ മഹീന്ദ്രൻ ചൊടിച്ചു;-തു
മുറുംമുറിപ്പാൻ തുടങ്ങുമൊരേയ്ക്കുമെ
മാറിൽവന്നോല്ക്കയാൽ മൂർച്ഛിച്ചുവീണുപോയ്
ഭൂരിതേജോബലൻ രാഹന്ത,ു പുഷ്കലൻ!

ക്ഷോണിപനോടടർചെയ്താമഹാശയൻ
വീണനേരം, രിപുമാഥി രാമാനുജൻ
മറ്റൊരംചൊടിച്ചു തേരേറിസ്സുരപനോ-
ടേറണഞ്ഞൊന്നരിയാടിനാനുജ്ജിതൻ:—
'വൻതൊഴിലത്രെ നരേന്ദ്ര, ഭവാൻചെയ്തു;
ബന്ധിച്ചുവല്ലൊ പവനാത്മജനെ;
പുഷ്കലാദ്ധൂർജ്ജപസഹി മതൈസനികരേയു-
മുഗ്രസമരത്തിൽ വീഴ്ത്തിയല്ലൊ ഭവാൻ!
ഇങ്ങുനില്പ്പൻമഹാവീരരെ വീഴ്ത്തിയി-
ട്ടെങ്ങുപോകും ഭവാൻ? താങ്ങുകെന്നാനുകൻ!!'
ഈ മൊഴികേട്ടുബലവാൻ സുരപനും
രാമന്റെ തൃക്കഴലോർത്തുകൊണ്ടോതിനാൻ:—
'പോരിൽഞാൻ വീഴിച്ചുവല്ലൊ, ഭവാനുടെ
മാരുതപുത്രാദ്യരാകിയ വീരരെ;
ഇന്നിവീഴിപ്പൻ ഭവാനെയും! ശത്രുഘ്നു;
വന്നുരക്ഷിപ്പാൻ സ്മരിക്കുക രാമനെ;
അല്ലായ്കിലെൻമുമ്പിലങ്ങുന്ന ജീവിക്കു-
കില്ലെ'ന്നരച്ചാശു കുണ്ഡലനായകൻ
അസ്രൃങ്ങരം നൂറുനൂറായിരമാഞ്ഞെയ്തു
ശത്രുഘ്നനെസ്സരക്ഷുട്ടീലാക്കീടിനാൻ.

Digitized By Kerala Sahitya Akademi

ശത്രുഘ്നനാ മൊട്ടുഴിഞ്ഞ ശരൌഘത്തെ
നിഗ്രഹിപ്പിക്കുവാനഗ്ര്യസ്ത്രമെയ്തതേ;
വാരുണാസ്ത്രത്താലതുകെടുത്തനുകഠം
വാരിച്ചൊരിഞ്ഞാൻ സുരക്ഷിതീശ്വരൻ.
യോഗിനീദത്തമാം മോഹനാസ്ത്രംതദാ
രാഘവൻ വിൽച്ചേർത്തുവീരനിദ്രാകരം;
അത്ഭുതാസ്ത്രമതുകണ്ടു പൃതനാപതി
നിത്യം രാമനെയോർത്തശേഷാസ്ത്രജ്ഞവാൻ;
'ശ്രീരാഘവസ്മൃതികൊണ്ടേ മയങ്ങേ ഞാൻ;
വേറെയൊന്നെന്നെ മയക്കിയെന്നാസ്ത്രരാ;
മായയുംപേടിയുള്ളമെന്നൊ'യെന്നുച്ചരി.
ച്ചായതിൻനേരെക്കൊരു ക്രൂരനായച്ചതേ.
അഗണ്യമേറാറുമോഹനാസ്ത്രം പട-
ത്തിക്കിൽപ്പുതിച്ചതുകണ്ടതിവിസ്മയാൽ,
ഇന്ദ്രാദികളെ മർദ്ദിച്ച ലവണനെ-
ക്കൊന്ന കാലാനലദീപ്രഘോരശരം
വില്ലിൽത്തൊടുത്താൻസുമിത്രാകുമാരകൻ;
ചൊല്ലിനാനപ്പോഠം സുരഥനസംഭ്രമം:—
'ദുഷ്ടന്റെ മാറിലേ കേറു ശരമിതു;
നഷ്ടാഭമാം രാമഭക്തനിലേൽക്കിലും!'
ഇത്രയും ചൊൽകെയുരസ്സിലേയ്ക്കാഞ്ഞെയ്തു
ശത്രുഘ്നൻശ്ശരം വഹ്നിനികീലപ്രഭം.
ബാണമതേറേറെ നോവാൻ മൂർച്ഛിച്ചു
വീണിതു തേർത്തട്ടിലാർത്തനായ് പ്പാർത്ഥിവൻ;
എന്നാൽ ക്ഷണേന താൻ സ്വസ്ഥനായെ,'നൊയ്ത്തി-
തൊന്നോല്ക്കുകെ,ന്മുന്നിൽനിന്നൊങ്ങേപോം ഭവാൻ'
എന്നോതി വില്ലിൽത്തൊടുത്താനൊരു ശര-
മുന്നമജ്ജാഢ്യം സുവർണ്ണപുംഖോജ്ജ്വലം.
അക്കണച്ചെല്ലുംവഴിയ്ക്കു മുറിയ്ക്കീല-
മഗ്ര്യമുനയാശ്ശു മാറിൽപ്പുതിയ്ക്കയാൽ
മോഹിച്ചുതേർത്തട്ടിൽ വീണുപോയ് ശത്രുഘ്ന-
നാ,ഹേതി തോറേറാടി സൈന്യങ്ങളൊക്കയും.
ശ്രീരാമസേവകനാകും സുരഥനു
ഭൂപാരിൽജ്ജയം ഹന്ത, കൈവന്നിതീഞ്ഞിനെ!

Digitized By Kerala Sahitya Akademi

ഈരഞ്ചുവീരരെത്തൽപുരീരഞ്ചു-
രേവരങ്ങൊരടുത്തു മോഹിച്ചു വീഴ്ത്തിനാർ.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാരുണ്യായനസംവാദം, രാമാശ്വമേധപ്രകരണം, സുരഥവിജയം അനാത്തിരണ്ടാമദ്ധ്യായം.

(൦)

അനാത്തിരുനാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

പെരുംപടയുടഞ്ഞതും പ്രളയപതിച്ചതും കണ്ടു, പോർ
പെറും സുരഗനോടെതിർത്ത കപീന്ദ്രനക്കാനനൻ,
'വരു നീവരു; ഞങ്ങളെ ക്ഷിതിയിൽ വീഴ്ത്തിയിട്ടെങ്ങുപോം?
തരുരണപടോ, ദേവാനടർ ജവാലെനിയ്ക്കുനമായ്,
സശാഖമൊരുമാമരം ലഘുപറിച്ചുമൂർദ്ധാവിലാ
വിശാംപതിയെ വീഴുകിനാനു;—തിലമറ്റിയായ് മനാനാ
നിശാതവിശിഖങ്ങളെച്ചിലയിലോറിയെയ്താൻശരി-
യ്ക്കശാന്തബലപൌരുഷൻ കപിവരന്റെ മാർവീഥിയിൽ.
ശരങ്ങളുവയൊക്കയും ചിരിയൊടുതിനീക്കി, ഗ്രജം,
മരങ്ങളും, മല,ശൃംഗമെന്നിതുകരംകൊണ്ടു പൃത്ഥപീശനെ
ഉരസ്സിലടിക്രുട്ടിനാനരുനഖങ്ങളാൽമാന്തിനാ
തരസ്സൊടുബലത്തഴറ്റുടയബാലിതൻസോദരൻ.

രാമാസ്ത്രം ചെറുശ്ലോകമെയ്തുവടനെയും
ബന്ധിച്ചു ഭ്രൂപൻ ജവാൽ;
ധീമാൻ രാഘവഭക്തനീസ്തുടനെ-
നോത്താപൂവംഗേശ്വരൻ,
ഭീമംകാലിനിരുമുചങ്ങലകൊടും
കൊമ്പൻറമട്ടെന്തുവാ-
നാമട്ടിൽ സചയമൊന്നിനാംപടുതയി-
ല്ലാതെനിലക്കൊംകയായ്!

പോരിൽബ്ബാണബലത്തിനാൽ വിജയമാ-
ന്നാ, വീരരെല്ലാരെയും
തേരിൽക്കേറി നിജാലയം പ്രതിഗമി-
ച്ചാനന്ദമാണ്ടുഴിപൻ

Digitized By Kerala Sahitya Akademi

ചാരേബന്ധഗനായ മാരുതിയൊടായ്-
ച്ചൊന്നാൻ:—'സ്മരിയ്ക്ക ഭവാൻ
നേരേഭക്തരെയുള്ളലിഞ്ഞുപരിപാ-
ലിക്കും രഘുശ്രേഷ്ഠനെ;

എന്നാലിപ്പൊഴതേ ഭവാനെ വിടുവി-
ച്ചേയ്ക്കും പ്രസാദാർദ്രനു;-
ല്ലെന്നാലോ, പതിനായിരം സമകഴി-
ഞ്ഞല്ലാതെ ഞാൻവിട്ടിടാ!'
എന്നായ് കേട്ടേപ്രതന്റെ ബന്ധനിലയും
വൈയ്ക്ലസ്യമേറാത്തിപ-
ട്ടൊന്നായ് വീരർമയങ്ങിവീണതുമപോ-
ക്ഷിപ്പാസ്സമീരാത്മജൻ.

സപ്രബന്ധനസ്ഥിതിയതുവിട്ടുപോകുവാൻ
വിശോധിത്രികരണനായ് സ്മരിക്കയാണ്
വിദേഹജാരമണനെ, രാമചന്ദ്രനെ,
സ്സരോരുഹാക്ഷനെ, രഘുവംശജാതനെ:—
'ഹാ നാഥ! ഹാ നരവരോത്തമ! ഹാ ദയാലോ!
സീതാപതേ! രുചിരകുണ്ഡലമണ്ഡിതാസ്യ!
ഭക്തോത്തിഭാഹക, മനോഹരരൂപ, ചിക്ക-
നിക്കെട്ടിൽനിന്നു വിടുവിച്ചുരുംകിഞ്ജനത്തെ!

തിട്ടംഭവാനരുളി മുക്തിഗജാദികൾക്കും,
പെട്ടെന്നുദൈത്യമടവാരുടെ ചാരുക്രന്തൽ-
ക്കെട്ടിന്നു;-മോക്ഷകടിയത്തിനെയും ദയാലോ!

യാഗംനടത്തിടുകയാണവിടുന്നധർമ്മ-
ഭാഗംനിനച്ചുമുനിമുഖ്യരുമായ് മഹാത്മൻ;
ഞാനോ ഇതാ, സുരഹനാശനിഷ്ഠനെ,ന്നോ
ക്ഷോണീന്ദ്രവന്ദ്യ, വിടുവിക്കുകടൻ പുരാനേ!

നാകിപ്രധാനർ മുഴുവൻ നതിചെയ്തുക്കാ-
ലേകംസ്മരിച്ചുമരുമെന്നൊ വിട്ടുതിരുന്നിൽ,
ലോകങ്ങളങ്ങയെവൃഥാ കളിയാക്കുമല്ലോ!
വൈകിച്ചിടൊല്ല, വിടുവിക്കുക വൈകുമെന്നോ!!'

Digitized By Kerala Sahitya Akademi

ഇതുകേട്ട ക്ഷണത്തിൽ, ജഗദീശനായി കൃപാനിധിയായിരിക്കുന്ന രഘുവീരൻ ഭക്തനെ മോഹിപ്പിക്കുവാൻവേണ്ടി, വേഗമേറിയ പുഷ്പകത്തിലൂടെ അവിടെ വന്നെത്തി. ലക്ഷ്മണൻ, ഭരതൻ എന്നിവരും വ്യാസാദികളായ മഹർഷിമാരും അവിടുത്തെ ഒന്നിച്ചുണ്ടായിരുന്നു. തന്റെ സ്വാമി എഴുന്നള്ളിവന്നതുകണ്ടിട്ട് ഹനുമാൻ സുരഥനോടു പറഞ്ഞു:—'രാജാവേ, നോക്കൂ; ഭഗവാൻ ഇതാ, സ്വഭക്തനെ മോഹിപ്പിക്കാൻ സത്വരം എഴുന്നള്ളിയിരിക്കുന്നു. തന്നെ സ്മരിച്ച ഭക്തന്മാരുടെ ദുരിതങ്ങൾ പരിഹരിക്കുന്ന പരമപുരുഷൻതന്നെ എന്നെയും പാശമോചനത്തിൽനിന്നു വിടുവിക്കാനാണ്, എഴുന്നള്ളിവന്നിരിക്കുന്നത്.' ആഗതനായ ശ്രീരാമചന്ദ്രനെ കണ്ടതോടുകൂടി, ഭക്തിപൂരത്തിൽ മുഴുകിയ സുരഥൻ തൃക്കൺപാർവണങ്ങി. ചതുർഭുജനായ ശ്രീരാമൻ ആ സ്വഭക്തനെ തൃക്കൈകൊണ്ടുഴിഞ്ഞു പുണർന്ന്, മൂർദ്ധാവിൽ ഹസ്തപദ്മം തൃടിച്ചുംകൊണ്ടരുളിച്ചെയ്തു—'ഭവാൻ ധന്യൻതന്നെ; വലിയ കയ്യുതന്നെ ഞങ്ങൾ ചെയ്തത്: എങ്ങും തടവില്ലാത്ത കയ്യുകളുള്ള ഹനുമൽകപീന്ദ്രനെ ബന്ധനത്തിലാക്കിയല്ലോ!'

രഘുനാഥൻ ആ വാനരേന്ദ്രനെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു, മോഹിച്ചുകിടക്കുന്ന യോദ്ധാക്കളെല്ലാവരെയും ഒന്നു തൃക്കൺപാർത്തു; അസുരാന്തകനായ രാമന്റെ കടാക്ഷമേറ്റതോടുകൂടി, അവർ മോഹാലസ്യം വിട്ടെഴുന്നേറ്റു; അപ്പോൾ ശ്രീരാമന്റെ അഭിരാമരൂപം കാണ്മാറായി. ഉടനെ അവർ സ്വാമിയെ നമസ്കരിച്ചു. തൻതിരുവടി അവരോട് അനാമയം ചോദിക്കുകയും സ്വസ്ഥരായ അവർ തങ്ങൾക്കു കുശലംതന്നെ എന്നുണർത്തിക്കുകയും ചെയ്തു. ഭക്തവാത്സല്യത്താൽ എഴുന്നള്ളിവന്ന ശ്രീരാമനെ ദർശിച്ച് അതിസന്തോഷം പൂണ്ട സുരഥൻ അശ്വത്തെ തന്റെ സകല രാജ്യത്തോടും കൂടി തന്തിരുവടിയ്ക്കു സമർപ്പിച്ച് അനേകസൽക്കാരങ്ങൾ കൊണ്ടാരാധിച്ചു, 'തിരുമേനി, എന്റെ കുറവിന്നു മാപ്പുതരണേ!' എന്നുണർത്തിച്ചു.

ശ്രീരാമൻ:— 'സ്വാമിയോടും പൊരുതുക എന്നതു ക്ഷത്രിയധർമ്മമത്രേ. അങ്ങ് ചെയ്തതു യുക്തം തന്നെ! യുദ്ധത്തിൽ വീരന്മാരെ സന്തോഷിപ്പിച്ചുവല്ലോ.'

ഇപ്രകാരം അരുളിച്ചെയ്ത പുരുഷകേസരിയെ സുരഥനും പുത്രന്മാരും പരിപൂജിച്ചു. ശ്രീരാമൻ അവിടെ മൂന്നു നാൾ പാർത്തു, സുരഥനോടു യാത്ര പറഞ്ഞു, മഹർഷിമാരൊന്നിച്ചു കാമഗവിമാനം കേറി മടങ്ങിപ്പോന്നു. തന്തിരുവടിയെ ദർശിച്ചവർ മനോഹരങ്ങളായ തച്ചരിതങ്ങളം വർണ്ണിയ്ക്കുകയായി.

Digitized By Kerala Sahitya Akademi

ബലവാനായ സുരഥക്ഷത്രിയൻ, തന്റെ രാജധാനിയിൽ ചമ്പകനെ വാഴിച്ചു ശത്രുഘ്നനോടൊന്നിച്ചു യാത്ര ചെയ്യാൻ നിശ്ചയിച്ചു. യജ്ഞാശ്വം കൈവന്ന ശത്രുഘ്നൻ സർവ്വത്ര പടഹനാദങ്ങളും ശംഖനാദങ്ങളും തെരുതെരെ മുഴങ്ങിച്ചു, അതിനെ വീണ്ടും വിട്ടു. അതു മറുരാജ്യങ്ങളിൽ സഞ്ചരിക്കുകയായി; ഒരിടം കടന്നു പിടിയ്ക്കുകയുണ്ടായില്ല. കുതിര എങ്ങെല്ലാം നാട്ടിലും നഗരത്തിലും സഞ്ചരിച്ചുവോ, അവിടെയെല്ലാം സുരഥാനപിതനായ സുമിത്രാരാജനും അനുഗമിച്ചു. അങ്ങിനെ ഒരു ദിവസം ഗംഗാതീരത്തു, വളരെ മഹർഷിമാർ വാഴുന്നതും രാവിലത്തെ ഹോമധൂമം വ്യാപിച്ചിരുന്നതുമായ വാല്മീകിയുടെ പുണ്യാശ്രമത്തിൽ ചെന്നെത്തി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വപ്രകരണം, സുരഥരഘുനാഥ സമാഗമം അമ്പത്തിമൂന്നാമദ്ധ്യായം.

(൦)

അമ്പത്തിനാലാമദ്ധ്യായം

ശേഷൻ:—രാവിലെ മഹർഷിയുടെ തേവാരത്തിനുള്ള ചമത പറിപ്പാൻ മുനികുമാരന്മാരോടു കൂടി പോന്നിരുന്ന ജാനകീസൂനുവായ ലവൻ ആ കുതിരയെ കണ്ടെത്തി. കനകപത്രം കെട്ടി, കസ്തൂരി-കുങ്കുമം-അകിൽ മുതലായവയുടെ ദിവ്യപരിമളം വീശിയിരുന്ന അതിനെ കണ്ടിട്ടു കൌതുകം തോന്നിയ ആ ബാലൻ, 'യദ്യപ്യയാ നമ്മുടെ ആശ്രമത്തിൽ വന്നുചേർന്ന ഈ മനോജ്ഞവമായ തുരംഗമം ആരുടെയായിരിയ്ക്കാം? എന്റെ കൂടെ വരുവിൻ, പേടിയ്ക്കണ്ടാ; കാണാമല്ലോ!' എന്നും പറഞ്ഞു പാഞ്ഞു കുതിരയുടെ അടുക്കലെത്തി. വില്ലും അമ്പും തോളിലിട്ടിരുന്ന ആ രാജകുമാരൻ അശ്വത്തിന്റെ സമീപത്തു ഊർജ്ജയനായ ജയന്തനെന്നപോലെ പരിശോഭിച്ചു. അവൻ മുനിസുതന്മാരൊന്നിച്ചു, അതിന്റെ ഫാലപത്രത്തിൽ സുവ്യക്തമായി എഴുതപ്പെട്ടിരുന്നതു വായിച്ചു നോക്കി.

'§ * * * * *

ക്ഷത്രിയസ്ത്രീകളിൽസ്സുക്ഷത്രവംശത്തി-
ലത്രേ പിറപ്പൈങ്കിലായവർ വാജിയെ
വന്നുപിടിയ്ക്കട്ടെ;—യല്ലാത്തവർ താന്നു
വന്ദിച്ചുരാമന്നനൽകട്ടെ രാജ്യവും!'

§ പാതാളഖണ്ഡം പത്താമദ്ധ്യായത്തിൽ നോക്കുക.

Digitized By Kerala Sahitya Akademi

ഈ വക അക്ഷരങ്ങളം ലവനെ അരിശംകൊള്ളിച്ചു. അ ധാന്യ ഭരൻ കോപത്താൽ തൊണ്ടയിടറിക്കൊണ്ടു് മുനിസുതന്മാരോടുചൊ ല്ലു:—'നോക്കൂ, ഈ ക്ഷത്രിയന്റെ തള്ളിച്ച: തന്റെ പ്രതാപപ്പെരുമ വലിച്ചെഴുതിയിരിക്കുന്നു! ആരാണീ രാമൻ? ആരാണ് ശത്രുഘ്നൻ? പുഴക്കം, ഇത്തിരി കരുത്തുണ്ടെന്നുവെച്ചു് ഞെളിയുന്നു! ഇവരേയുള്ള ക്ഷത്രിയരായിട്ടു്; ഞങ്ങളാരും കുലീനരല്ലുപോൽ! ഇപ്പുള്ളുടെ അമ്മ റീ രമാതാവാണു്; കുശന്റെ അമ്മ—കുശനൊന്നാ രത്നത്തെ, ആരണി അ ഗ്നിയെ എന്നപോലെ ഗർഭത്തിൽ ധരിച്ച—ജാനകി അങ്ങിനെയല്ലുതാ നും! ക്ഷത്രിയത്വം മറവും തുപ്പോൾ ഞാൻ വ്യക്തമായി കാട്ടിക്കൊടു ക്കാം. ഈ ശത്രുഘ്നൻ ഒരു ക്ഷത്രിയനാകണമെങ്കിൽ, ഞാൻ പിടി ച്ചുകെട്ടിയ യാഗാശ്വത്തെ വീണ്ടെടുക്കണം! ഇപ്പുറം കുനുപ്പിട്ട കുശ ന്റെ കാൽക്കൽ കുമ്പിടാത്തപക്ഷം, രൂന്റെ വില്ലിൽനിന്നതിനു ബാ ണങ്ങളേറ്റു് മയങ്ങി വീണുപോവും; പോക്കെത്തിനാഭരണങ്ങളായ മറ്റു മഹാവീരന്മാരും അങ്ങിനെതന്നെ!!' എന്നും മറ്റും പറഞ്ഞു്, അ ക്ഷത്രബ്രാഹ്മണധർമ്മനായ ലവൻ രാജാക്കന്മാരെയൊക്കെ പുല്ലായി ഗ ണിച്ചു്, കുതിരയെ കടന്നുപിടിച്ചു.

കുതിരയെ കൊണ്ടുപോകാൻ തുടങ്ങുന്ന ലവനോടു് താപസകുട്ടി കൾ അഭിപ്രായപ്പെട്ടു:—'അയോദ്ധ്യപ്പെരുമാളായ രാമൻ വമ്പിച്ച ബ ലവും പരാക്രമവുമുള്ള ആളാണു്; ആദ്ദേഹത്തിന്റെ കുതിരയെ ബല ദ്ധനായ ദേവേന്ദ്രൻപോലും പിടിക്കുകയില്ല. ഭവാൻ പിടിക്കരുതേ; ഞങ്ങൾ ഹിതംപറയുന്നതു കേൾക്കു.' ഇതുകേട്ടിട്ടു് ലവൻ പറഞ്ഞു:—'ബ്രാഹ്മണപുത്രന്മാരേ, ക്ഷത്രിയരുടെ ബലം നിങ്ങൾക്കറിഞ്ഞുകൂടാ: ക്ഷത്രിയക്കു് വീര്യത്തിലും, ബ്രാഹ്മണക്കു് ഭോജനത്തിലുമാണു് മിടുക്കു്. നിങ്ങൾ ഗൃഹത്തിലേക്കു തിരിച്ചു്, അമ്മമാർ തരുന്നതു വാങ്ങി ഭക്ഷി ച്ചുകൊൾവിൻ!' ഇതുകേട്ടപ്പോൾ ആ മുനിസുതന്മാർ മൌനം പൂണ്ടു. അവർ ലവന്റെ പരാക്രമം കാണ്മാൻ, അകലത്തുമാറി നി ല്ലായി.

അപ്പോഴെയ്ക്കും ശത്രുഘ്നന്റെ അകമ്പടിക്കാർ അവിടെയെത്തി; അവർ പിടിച്ചുകെട്ടപ്പെട്ട കുതിരയെ കണ്ടിട്ടു്, ലവനോടു ചോദിച്ചു:—'അമ്പോ, കുതിരയെ ആർ പിടിച്ചുകെട്ടി? അതുടെ പേരിലാണു്, കാ ലൻ കയത്തിരിക്കുന്നതു്! അതാണു്, ശരനിരയുടെ നടുവിൽപ്പെട്ടു് പ്രാ ണവേദനയനുഭവിപ്പാൻ തുടങ്ങുന്നതു്?' അപ്പോൾ ലവൻ പറഞ്ഞു:—'ഞാനാണു് മികച്ച കുതിരയെ കെട്ടിയതു്; ആർ വിടുവിക്കുമോ, അവ കൽ എന്റെ ജ്യേഷ്ഠൻ, കുശൻ കോപിച്ചുരുളും! യമൻ എന്തു ചെയ്യാ നാണു്? ആ ഭഗവാൻ വന്നാൽത്തന്നെ ക്ഷണനേര ശരവർഷത്താൽ പ്ര

Digitized By Kerala Sahitya Akademi

സാദിച്ച കമ്പിട്ട മടങ്ങിപ്പോകയേ ഉള്ളൂ!' ഇതുകേട്ടിട്ട്, 'ഇതൊരു കട്ടിയല്ലേ' എന്നും പറഞ്ഞ് അവർ കുതിരയ മോചിപ്പിക്കാൻ ചെന്നു; ചെന്ന ശത്രുഘ്നന്മാരെയൊക്കെ, ലവൻ വില്ലു കയ്യിലെടുത്ത് ബാണങ്ങൾകൊണ്ടെയ്തു. അവരെല്ലാം കൈകൾമുറിഞ്ഞ് സങ്കടത്തോടെ ശത്രുഘ്നന്റെ അടുക്കലേയ്ക്കോടി, ചോദ്യംചെയ്ത അദ്ദേഹത്തോട് ലവൻ കൈകൾമുറിച്ച വിവരം ഉണർത്തിച്ചു.'

ശ്രീപ്രഭാകരപുരാണം, ചതുരക്ഷരഗ്രന്ഥം, ശ്രീരാമായണസംഗ്രഹം, രാമാശ്വമേധപ്രകരണം, ലവകുശോദയഗ്രഹണം അവിത്തിനാളോമത്തുണ്ണിയായ.

— (൦) —

ലവകുശോദയം

വ്യാസൻ:—"ബലവാനായ ലവന്റെ ഈ ചാരുചരിതം കേട്ടിട്ട സംശയം പൂണ്ട വാത്സ്യായനൻ ഓരായിരം പടമുള്ള സർപ്പത്താനോട ചോദിച്ചു:—'അങ്ങേ മുന്നം പറഞ്ഞുവല്ലോ. രാജ്യപ്രിയനായ രാമൻ രജകന്റെ ദുർവചനം മൂലം, സീതയെ തനിയേ കാട്ടിൽ കളഞ്ഞു എന്ന്. ജാനകിയ്ക്ക് എവിടെ വെച്ചാണ് രണ്ട് ആൺകുട്ടികൾ ഉണ്ടായത്? അവർ ധനുർവേദം എവിടെ അഭ്യസിച്ചു? എങ്ങിനെ, രാമാശ്വത്തെ പിടിപ്പാൻ തക്കവണ്ണം വിദ്വാന്മാരായി? ഇപ്രകാരം ചോദിച്ച ബ്രാഹ്മണനെ അഭിനന്ദിച്ചു, ബുദ്ധിയേറിയ ശേഷനാഗേന്ദ്രൻ അത്ഭുതമായ രാമചരിതം വർണ്ണിപ്പാൻ തുടങ്ങി:—

'രാമൻ തന്റെ പത്നിയോടും അനുജന്മാരോടും ക്രൂടി, ഭൂഖണ്ഡമെല്ലാം ധർമ്മരീതിയാൽ പാലിച്ചുകൊണ്ട് അയോദ്ധ്യയിൽ നാടുവാണു. അന്നു സീത ഗർഭിണിയായി; അഞ്ചുമാസം കഴിഞ്ഞു. ദേവി, പുരുഷംധരയായ ശ്രുതി എന്നപോലെ അത്യന്തം ശോഭിച്ചു. അന്നൊരിയ്ക്കൽ രാമൻ വിദേഹരാജയോട് ചോദിച്ചു:—'സാധ്വി, എന്താണ് ഭവതിയ്ക്ക് അഭിഗ്രഹം? ഞാൻ സാധിപ്പിച്ചുതരാം.' രഹസ്സിൽവെച്ചാണ് ഭർത്താവിതു ചോദിച്ചതെങ്കിലും, ദേവിയ്ക്കു നാണം തോന്നി, ആ പതിവ്രത ലജ്ജയാൽ ഗൽഗതം പൂണ്ട മധുരമാംവണ്ണം മറുവടി പറഞ്ഞു:—'പ്രിയതമാ, ഇവിടത്തെ ദയയാൽ നല്ലതൊക്കെ ഞാൻ അനുഭവിച്ചിരിയ്ക്കുന്നു; ഇനി അനുഭവിയ്ക്കുകയും ചെയ്യും. അതിലും മീതെ, ഇക്കുറ്റം ഒന്നും തോന്നുന്നില്ല. അങ്ങയെപ്പോലെ ദേവസ്തുതപദനായ ഒരു ഭർത്താ

Digitized By Kerala Sahitya Akademi

വു് അങ്ങേക്കുണ്ടോ, അവർക്കു സകലവും സ്വാധീനം തന്നെ; ഒന്നിനും കുറവുണ്ടാകില്ല. പ്രാണനാഥ, അറിയാനാണല്ലോ, എനിയ്ക്കുള്ള ആഗ്രഹം ഇവിടുന്നു ചോദിയ്ക്കുന്നതു്; എന്നാൽ, എന്റെ അഭിമതം ഉറന്നു പറയാം: വളരെക്കാലമായല്ലോ, ലോപാമുദ്ര തുടങ്ങിയ പതിവ്രതമാരെ ഞാൻ കണ്ടിട്ടു്; അ സുന്ദരിമാരെ ഒന്നു കാണണമെന്നുണ്ടു്. അങ്ങയോടൊന്നിച്ചു നാട്ടിലെത്തി വളരെ സുഖത്തിലിരിയ്ക്കയാണല്ലോ ഞാൻ. ഒരിയ്ക്കലെങ്കിലും അവരെ ചെന്നൊന്നു വണങ്ങാൻ തോന്നാഞ്ഞാൽ, അതെത്ര കൃതഘ്നതയായിരിയ്ക്കും! ഞാൻ അവിടെച്ചെന്നായി വസ്ത്രങ്ങളും മിന്നിത്തിളങ്ങുന്ന രത്നങ്ങളും അത്തരങ്ങളും മറ്റും സമ്പാദിച്ചു് താപസിജനങ്ങളെ ഒന്നാരാധിയ്ക്കട്ടെ! എന്നാൽ അ പതിവ്രതമാർ പ്രീതിച്ചു് എനിയ്ക്കു വേണ്ടുന്ന അനുഗ്രഹമെല്ലാം തരുമല്ലോ. കാന്ത, എന്റെ ഈ അഭിലാഷം നിറവേറിത്തരിക.'

സീതയുടെ ഈ മനോഭാവവചനം കേട്ടിട്ടു് ഏറ്റവും പ്രീതിതോന്നിയ രാമചന്ദ്രൻ വല്ലഭയോടരുളിച്ചെയ്തു:—'ജാനകി പുണ്യത്തിനിതന്നെ! നാളെ രാവിലെ പോയി, താപസിമാരെ കണ്ടിട്ടു് കൃതാർത്ഥയായി മടങ്ങിച്ചെല്ലാം.' രാമൻ അവതരിച്ചതിനാൽ, 'നാളെ കാണാമല്ലോ താപസിമാരെ' എന്നിങ്ങനെ സീത വളരെ സന്തോഷിച്ചു.

അന്തരാത്രിയിൽ, എഴുന്നേറ്റു പാതിരയ്ക്കു്, രാമൻ തന്നെച്ചുറ്റിയുള്ള ജനസംസാരം കേട്ടറിവാനായി നിയോഗിച്ചിരുന്ന ചാരന്മാർ പതുക്കെ പുറപ്പെട്ടു: പതിവായി രാമനെ പ്രശംസിക്കുന്നതു കേട്ടുപോന്നിരുന്ന അവരിൽ ഒരാൾ അന്നാത്തെ യാത്രയിൽ, ഒരു ധനികന്റെ വലിയ ഗൃഹത്തിൽ വിളക്കുകത്തുന്നതു കണ്ടിട്ടു് അങ്ങോട്ടു കടന്നു. അവിടെ അതുരോ സംസാരിച്ചിരുന്നു; അതിനാൽ ആ ചാരൻ കുറച്ചിടെ അവിടെ നിന്നു. അപ്പോൾ രാമനെ സ്തുതിയ്ക്കുന്നതു കേൾക്കുമാറായി. അവിടെ ഒരു സുന്ദരി മുലകുടിക്കുന്ന ആൺകുട്ടിയെ നോക്കി മനംകുളിർത്തു്, ഈ തിഭംഗിയിൽ പാടുകയായിരുന്നു:—

(ചെറുശ്ശേരിരീതി)

എന്നകന്നാലോളം നന്നായ് നകന്നുകൊണ്ടം—
കമ്മിഞ്ഞുപ്പാലിതു മേലിൽക്കിട്ടാ:
ഇപ്പുരിയ്ക്കീശ്വരൻ ശ്രീരാമനല്ലയോ
നൽപ്പുതുനീലാബ്ജപത്രവർണ്ണൻ;
തൽപുരിയിങ്കൽ വസിക്കും ജനങ്ങടംകു
ചിപ്പുടൊരിക്കലുമില്ല ജന്മം!

Digitized By Kerala Sahitya Akademi

ജന്മമില്ലായ്കിൽ മലപ്പാൽ കുടിയ്ക്കുവാ-
നെന്മണിപ്പൈതലേ, മാർഗ്ഗമുണ്ടോ?
രാമനെയ്യാനിയ്ക്കു,കുള്ളിൽ സൂരിക്ക, ത-
ന്നാമം ജപിയ്ക്കുകയെന്നിവയെ
ചെയ്യാവതെന്നാകിലോ പാലുമൊരിയ്ക്കലും
മാതൃമുലകുടിയില്ല മേലിൽ!'

ഇപ്രകാരമെല്ലാം ശ്രീരാമക്കീർത്തിവിധേയം നകുന്നതിനാൽ അയാൾക്കു മനസ്സു കുളിർത്തു. മറെറാരു ചാരൻ ഒരു ഭാഗ്യവാന്റെ വമ്പിച്ച ഗൃഹത്തിലേയ്ക്കു കേറി. ആ ഗൃഹം അയാളുടെ മനസ്സിനെ രമിപ്പിച്ചതിനാൽ, ശ്രീരാമയശസ്സിനെ ശ്രവിപ്പാനായി അയാൾ കുറച്ചു നേരം അവിടെ നിന്നു. അവിടെ, പൊൻവളകളും മറവുമണിഞ്ഞു കർപ്പൂരരാഗധൂപമേറിരുന്ന ഒരു കമനീയാംഗി ഭർത്താവിനാൽ പ്രേമത്തോടെ നൽകപ്പെട്ട വെറിലമുറുക്കുകയായിരുന്നു; ആ സുന്ദരി കട്ടിലിന്മേലിരിയ്ക്കുന്ന കാമസുന്ദരനായ കണവനെ വിടാതെ കണ്ണുകൊണ്ടു വീക്ഷിച്ചു ഇപ്രകാരം ഉരിയാടി:—

[ചാന]

'പ്രാണനാഥ, രഘുനാഥനെപ്പോലെ-
യാണെനിയ്ക്കതിരമ്യരൂപൻ ഭവാൻ!
തുമലർമേനി, താമരക്കണ്ണുക-
ളുറം,മയക്കം ഹരിവാൻ മാറിടം,
ആംഗദമണിക്കൈകളിവയെഴു-
ന്നള്ളു സാക്ഷാൽ ജനകരാജാതി താൻ!'
കാന്ത തുകമിത്തേനൊഴി കേട്ടിട്ടാ-
ക്കാമി കണ്മുന തുള്ളിച്ചു ചൊല്ലിനാൻ:—
'ഓമനേ, നന്നു നിന്മതം, സാധികാ
രാമനായ്ത്താൻ ഗണിയ്ക്കും മണാളനേ!
പക്ഷെയെങ്ങളോ, മന്ദഭാഗ്യനിവ-
ന,ക്ഷുതഭാഗ്യനെങ്ങു രഘുപഠാൻ?
ഏങ്ങെങ്ങൊരു പുഴുപ്രായനാമേഴഞാ-
നെങ്ങജാദിനിലിനചരം ക്ഷുദ്രപുവോൻ?
എങ്ങു മിനാമിനങ്ങെങ്ങു ഭാസ്കരൻ?
ഏങ്ങെങ്ങൊരു പാറയെങ്ങു ഖദ്യോതൻ?
ഏങ്ങെങ്ങൊരു പുണ്ണയില്ലാത്ത പുഴുമുയ
ലെങ്ങു കൊമ്പനെപ്പീഡിയ്ക്കുന്ന കേസരി?

Digitized By Kerala Sahitya Akademi

എങ്ങു തേർവഴിച്ചാലിലെച്ചേർവെള്ള--
മെങ്ങു ജാഹ്നവിയാകുമദ്ദേവിയാഠം?
എങ്ങു കുന്നിക്കുരുക്കഠം തൻക്രമ്പാര--
മെങ്ങുവാനവർവാഴും മഹാമേരു?
എവമെങ്ങു ഞാനെങ്ങു രാല്പദപഹൻ?
ആ വിഭുവിന്റെ കാൽപ്പൊടിയേൽക്കയാൽ
ബ്രഹ്മമോഹനത്രൈലോക്യത്തീന്പ്പോ,
കുമ്പണാ പാറയായവഠം കാൽക്ഷണാൽ!'

ഇതെല്ലാം കേട്ട് അയ്യാഠം മറെറാരു ഗൃഹത്തിലേയ്ക്കു നടകൊണ്ടു. അവിടെ ഒരു ചാരൻ രാമയശസ്സിനെ ശ്രവിച്ചതിങ്ങിനെയാണു്: ഒരു സ്ത്രീ, പൂക്കഠംകൊണ്ടുള്ള മെത്ത, കർപ്പൂരം ചേർന്ന ചന്ദനം മുതലായ കാമസാധനമെല്ലാം ഒരുക്കിയിട്ട ഭർത്താവിനെ വിളിച്ചു:—

[കിളിപ്പാട്ട്—അന്നനട]

'വരൂ, കാന്ത, സുഖം ഭുജിയ്ക്കുവാനിതാ
വിരിമലർമെത്ത കുറിക്കുട്ടംമറും;
ഭവാദൃശരേ സുഖാർഹരാകുന്നു
ഭിവാനിശം, രാമപരാങ്മുഖരല്ല!
ഉപഭുജിച്ചുകൊഠംകുരിയ രാമന്റെ
കൃപയാൽക്കൈവെന്നതഖിലവും നന്നായ്.
പരിചേറും ഞാനാമൊരു ദയിതയാഠം,
പരിമളംപെറും കുളിർമലയജം
നറുമലർ വിരിപ്പിതൊക്കയും രാമ--
കരുണയാലരേ ഭവാനു കൈവന്നു!
കരുത്തെങ്ങു രാമഭജനം ചെയ്യാത്തോ--
രിരു മറയ്ക്കാനോ വയർ പുലർത്താനോ?'
'അതേ, രാല്പത്തമ കൃപാസിദ്ധമെനി--
യ്ക്കിതൊക്കെ'യെന്നാനരംകുളിർന്ന കാന്തനും.

ഇതെല്ലാം കേട്ടു് അയ്യാഠം യാത്ര തുടർന്നു. മറെറാരു ചാരൻ വേറെയൊരു ഗൃഹത്തിൽ ചെന്നപ്പോഠം, അവിടെ ഒരു കാമിനി, കണവനോടൊന്നിച്ചു കട്ടിലിന്മേലിരുന്നു, വീണ മീട്ടിക്കൊണ്ടു ശ്രീരാമയശസ്സിനെ ഗാനംചെയ്യുകയായിരുന്നു:—

(കല്യാണി—ചെമ്പട)

'എത്രയും ധന്യർ നാം:—പ്രാണേശ, നമ്മുടെ
പുത്തനാം വഴിവരൂ--രാമനല്ലോ!

Digitized By Kerala Sahitya Akademi

അത്തിരുമേനി, തന്നെ—യെല്ലാപ്രജകളെയും
പുത്രരെപ്പോലെയല്ലോ—കാത്തരുളീടുന്ന.
അഴിയെക്കീഴാക്കി—സ്സുര തീർത്തീലേ;മ—
റാരാക്കിത്ര വന്വിച്ച—കായ്വുമെളുതാകും?
രാവണനെ വധിച്ചു—ലങ്കേശരാലുത—
ച്ചാ വൈദേഹിയെ വീണ്ടു—കൊണ്ടുത്തന്നവൻ പുരുഷോത്തമൻ!'

ഈ മധുരഗാനം കേട്ടിട്ട മണാളൻ പുഞ്ചിരികൊണ്ടു പറഞ്ഞു:—

(പറയൻതുള്ളൽ)

'വിമുഗ്ദ്ധ, രാമചന്ദ്രനാ വവുതല്ലുണ്ണിവെത്തക്കീ—
ഗമത്തിവെച്ചുള്ളം പങ്കജമുഖനെപ്പൊന്നിളം മറവം:
വിരിഞ്ചാദിപ്രാർത്ഥനയാൽ ധരിത്രി പുകവിടുന്ന
ഉരിതരമ്പിനചരിത്രങ്ങളം കണ്ടിയായ്ത്താൻ പുലർത്തുന്ന!
മനുഷ്യനല്ല കൈതപ്രല്യാമകനാം രഘുവീരൻ; ലീലാ—
മനുഷ്യനിമ്മഹാൻ വിശ്വം ത്രമച്ചു കാത്തഴിയുന്നോൻ.
ലഘുവാണോ, ഭൃഹിണാദിസുരർക്കം കണ്ടുകിട്ടാത്ത
രഘുനാഥമുഖം കണ്ണാൽ നുകരും നമ്മുടെ പുണ്യം?'

ഇതുവിധമെല്ലാം പുകഴ്ത്തപ്പെട്ട രാമചന്ദ്രചരിതം പുറത്തു നി ന്നിരുന്ന ചാരന്റെ കണ്ണുസുഖം വരുത്തി. മറെറാരു ചാരൻ മറെറാരു ഗൃ ഹത്തിൽ കേറി; അയോദ്ധ്യയിലെ ശോഭനമായ ശ്രീരാമയശസ്സു കേൾക്കുമാ റായി. അവിടെ ഒരു സുന്ദരി ഭർത്താവോടൊന്നിച്ചു, കൈവളകൾ നു ത്തംചെയ്യുമാറു മൃദുകളിയ്ക്കുകയായിരുന്നു.

('കമലാകാന്തന്റെ' എന്ന മട്ടു)

'കണവ, വെന്നാങ്ങാൻ വെക്കം, ഭവാൻ വെച്ച
പണയമൊട്ടുമെനിയ്ക്കായിതെ' ന്നെല്ലാം
പ്രണയലീലയാ ചേലിലോതിദ്ധ്വം
പുണരുമോമലാളോട ചൊന്നാൻ പ്രിയൻ:—
'സുതനാ, വെന്ന നീ; പക്ഷി, രാമഭദ്രച—
സ്തുതിവിടാത്തള്ള ഞാനെങ്ങു തോറിടും?
ഇതിനാ, രാമനെ ധ്യാനിച്ച നിന്നെ ഞാൻ
ദിതിജദ്വേഷർ പോലെ വെൽവാൻ ക്ഷണാൽ!'
കരുവുരുട്ടിനാൻ പിന്നീടതിൽഞ്ജയി—
പുരുരസാലോതി:—'ഞാൻ ചൊന്നതൊത്തില്ലെ:
തരുണി, തോറരു നീ! രാമനെസ്സമ്പ്രീയും
പുരുഷനെന്നെന്നുമില്ല ശത്രുഭയം!!'

Digitized By Kerala Sahitya Akademi

എന്നാംമറവും തമ്മിൽ സംസാരിച്ചുകൊണ്ട് ആ ദമ്പതിമാർ പ്രേമോത്സുക്യത്തോടേ കെട്ടിപ്പുണർന്നു. ചാരൻ അവിടെ നിന്നു മടങ്ങി. ഇങ്ങിനെ അഞ്ചു ചാരന്മാർ തന്നുരാന്റെ പുകഴ്കേട്ടു സന്തോഷിച്ചു തങ്ങളിൽ പ്രശംസിച്ചുകൊണ്ട് അവരവരുടെ ഗൃഹത്തിലേയ്ക്കു നടകൊണ്ടു; ആറാമത്തെ ചാരൻ ഒരു രജകന്റെ ഗൃഹം കണ്ടു, തിരുമേനിയെ പുകഴ്ത്തുന്നതു കേൾക്കാമെന്നു നിശ്ചയിച്ചു, അങ്ങോട്ടു കയറി. അവിടെ രജകൻ, ഭാര്യ മറെറാരു ഗൃഹത്തിൽപോയി പാർത്തതിനാൽ വ്യാകുലചിത്തനായി ഇരുന്ന കണ്ണുമായി, അവളെ ചവുട്ടിപ്പുറത്താക്കുകയായിരുന്നു:—'ഒറ്റുടീ, നീ ആരുടെ വീട്ടിൽപോയി പാർത്തുവൊ, അവന്റെ അടുക്കലേയ്ക്കുതന്നെ പോ: പാരുന്തു കേൾക്കാത്ത ഭ്രഷ്ടായായ നിന്നെ ഞാൻ കൈക്കൊള്ളുകയില്ല!' അപ്പോൾ അവന്റെ അമ്മ പറഞ്ഞു:—'ഇവളെ വീട്ടിൽ നിന്നു പുറത്താക്കരുതേ! ഒരു തെറ്റും കുറവും ഇവൾ ചെയ്തിട്ടില്ല'. ആ കലികൊണ്ട അലക്കുകാരന്റെ മറുപടി ഇങ്ങിനെയായിരുന്നു:—'അന്യഗൃഹത്തിൽ പാർത്ത ഭാര്യയെ, രാമനെപോലെ ഞാൻ കൈക്കൊള്ളുകയില്ല. അദ്ദേഹം രാജാവാണ്; മറ്റുള്ള ചെയ്തിയും നീതിയായേ വരൂ! മറിയിട്ടു് പരഗൃഹത്തിൽ പാർത്ത ഭാര്യ വേണ്ടതാണു.' അവൾ വീണ്ടും വീണ്ടും പ്രാർത്ഥനയായി:—'പരഗൃഹത്തിൽ പാർത്ത ജാനകിയെ വീണ്ടുമെടുത്തരാമൻ തിരുമനിയല്ല ഞാൻ!'

ഇതുകേട്ടതോടുകൂടി, ആ ചാരൻ കോപത്തിൽ മുങ്കിപ്പോയി; അയാൾ അവളെ കൊല്ലുന്നതിനു് വാൾ ഉയർത്തിപ്പിടിച്ചു. പക്ഷേ, 'ഒരുത്തിയും വഴിപിഴച്ചുപോകരുതു്' എന്നു രാമൻ താക്കീതു ചെയ്തിരുന്നതോർത്തു്, ആ മഹാമനസ്കൻ ക്രോധത്തെ ഒരു വിധം അടക്കി. എന്നിട്ടു് വമിച്ച താപവും കോപവും മൂലം നെടുവീർപ്പിട്ടുകൊണ്ടു്, മറ്റു ചാരന്മാർ അഞ്ചുപേരുടെ അടുക്കലേയ്ക്കു പോന്നു. അവർ ഒത്തൊരുമിച്ചു്, തങ്ങളം ശ്രവിച്ച സർവ്വലോകപൂജിതമായ രാമചരിതം വർണ്ണിയ്ക്കുകയായിരുന്നു. ആറാമന്റെ അനുഭവം പറഞ്ഞു കേട്ടപ്പോൾ, 'ഈ ദുഷ്ടജല്പനം രഘുനാഥനോടു് അറിയിച്ചുകൂടാ' എന്നു അവർ ആലോചിച്ചുറച്ചു; അതിനുശേഷം, 'തിരുമേനിയെ കാലത്തു കാണാ'മെന്നും നിശ്ചയിച്ചു്, ഉത്സുകരായ അവർ ഗൃഹങ്ങളിൽ ചെന്നു കിടന്നുറങ്ങി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷാദ്ധ്യായന സംവാദം, രാമാശ്വമേധപ്രകരണം, സീതാപവാദശ്രവണം അനുഷ്ഠാനമെന്ന അമ്പത്തൊമ്പതാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

അമ്പത്താറമദ്ധ്യായം

ശേഷൻ:—രഘുനാഥൻ രാവിലെ നിത്യകർമ്മം കഴിച്ചു, വേദജ്ഞവയ്ന്മാരെ കനകദാനംകൊണ്ടു് സന്തോഷിപ്പിച്ചു സഭയിലേയ്ക്കു് എഴുന്നെള്ളി. അവിടെ, പ്രജകളെയെല്ലാം പുത്രനിർവ്വിശേഷം പരിപാലിക്കുന്ന തന്വുരാനെ വണങ്ങുന്നതിനു വളരെ ആളുകൾ വന്നുകൂടിയിരുന്നു. ലക്ഷ്മണൻ ക്ഷിതിപതിയ്ക്കു് വെൺകൊറകുടപിടിച്ചു; ഭരതനും ശത്രുഘ്നനും വെൺചാമരം വീശി. വസിഷ്ഠാദിമഹർഷിമാരും, സുമന്ത്രപ്രഭൃതികളായ ന്യായം നടത്തുന്ന മന്ത്രിമാരും തിരുമേനിയുടെ അടുക്കൽ സ്ഥിതിചെയ്തു. അപ്പോഴേയ്ക്കും, ആ ചാരന്മാർ അവരുടേതായ ഭംഗിയിൽ മെയ്ക്കോപ്പുണ്ടാക്കി, സഭാസ്ഥിതനായ തന്വുരാനെ കുമ്പിടുവാൻ വന്നൊത്തി. അവർക്കു് എന്തോ ഉണർത്തിപ്പാനുണ്ടെന്നു കാഴ്ചയിൽ തോന്നിയതിനാൽ ഉത്സുകനായ മഹാരാജാവു് സഭയിലെ വിജനമായ അന്തർഗൃഹത്തിലേയ്ക്കു് എഴുന്നെള്ളിയിരുന്നു്, അവരോടെല്ലാവരോടുമായി ചോദിച്ചു:—'ധൈരികളെ അമർത്തുന്ന ചാരന്മാരേ, വാസ്തവം പറയണം: എന്നെപ്പറ്റിയും എന്റെ ഭാഗ്യത്തെപ്പറ്റിയും ജനങ്ങൾ എന്തുപറയുന്നു? മന്ത്രിമാരുടെ നടപടിയെപ്പറ്റി എന്തൊക്കെയാണു് പറയുന്നതു്?'

ഇങ്ങിനെ മഹാഗംഭീരസ്വരത്തിൽ ചോദ്യം ചെയ്തു രഘുനാഥനോടു ചാരന്മാർ ഉണർത്തിച്ചു:—'തിരുമേനി, ഭൂവിട്ടൊഴിയാതെ കീർത്തി ഭൂമിയിൽ സകലരേയും പരിശുദ്ധരാക്കുന്നു; ഗൃഹത്തോടും പുരുഷന്മാരും സ്ത്രീകളും പുകഴ്ത്തുന്നതു് അടിയങ്ങൾ കേട്ടു. പരമേഷ്ഠിയായ തിരുമേനി സൂക്ഷ്മമഹാവിഷ്ണുതന്നെ അലങ്കരിപ്പാനായി അവതരിച്ചു, ഭൂമിയിലെങ്ങും യശസ്സു പരത്തിയിരിക്കുന്നു. സഗരൻ തുടങ്ങിയ കൃതാത്മരായ വളരെ രാജാക്കന്മാർ ഇതിനു മുമ്പുണ്ടായിട്ടുണ്ടു്; അവരിലാർക്കും ഇത്ര കീർത്തി കിട്ടിയിട്ടില്ല. ഇവിടുത്തെ വാഴ്ചയാൽ പ്രജകളെല്ലാം കൃതാർത്ഥരായിരിയ്ക്കുന്നു. അവരുടെ ഇടയിൽ അകാലമരണമില്ല; രോഗാദ്യുപദ്രവമില്ല. ചന്ദ്രനും ജാഹ്നവീനദിയും എപ്രകാരമോ, അപ്രകാരംതന്നെ ഇവിടുത്തെ സൽക്കീർത്തി ഭൂമണ്ഡലത്തെ ശോഭിപ്പിക്കുന്നു. ബ്രഹ്മാദികൾപോലും ഇവിടുത്തെ യശസ്സു കേട്ടിട്ടു തലോം നാണിച്ചിരിയ്ക്കുന്നു! തന്വുരാനേ, ഇവിടുത്തെ കീർത്തി സർവ്വത്ര ജനങ്ങളെ പരിശുദ്ധരാക്കുന്നു. നരേന്ദ്ര, ഇവിടുത്തെ ചാരരായ അടിയങ്ങൾ എത്ര ഭാഗ്യ

Digitized By Kerala Sahitya Akademi

ശാലികളാണ്! ഈ മനോഹരമായ തിരുമുഖം ക്ഷണംതോറും ദർശിയ്ക്കുന്നുണ്ടല്ലൊ.'

അപ്പൊ ചാരന്മാരും ഇങ്ങിനെയാണുണർത്തിച്ചത്. ആ രാമന്റെ മുഖത്തു് ഒരു പന്തികേടുണ്ടായിരുന്നു; അതുകണ്ടിട്ടു രാഘവൻ അയാളോടരുളിച്ചെയ്തു:—'ധീമൻ, ജനങ്ങളുടെ ഇടയിൽ പറഞ്ഞു കേട്ടതു്, അതേവിധത്തിൽത്തന്നെ, പരമാർത്ഥമായി പറയുക; അല്ലെങ്കിൽ പാപം പറഞ്ഞുപ്പോകും.' കേട്ടതു പറയുവാൻ വീണ്ടും വീണ്ടും രാമൻ നിർബന്ധിച്ചു; എന്നിട്ടും, ആ ചാരൻ രാമനെ ഒരു സാധാരണ മനുഷ്യനായി ഗണിച്ചു, മിണ്ടാതെ നിന്നതേ ഉള്ളു. ഒടുവിൽ രാമൻ, 'എന്റെ സത്യത്തെ പിടിച്ചു ഞാൻ ആണയിടും! വാസ്തവമൊക്കെ പറയൂ' എന്നിങ്ങിനെ തീർത്തും അരുളിച്ചെയ്തു. അപ്പൊഴാണു, ആ രാജകോപകരമായ അപവാദം, പറഞ്ഞുകൂടാത്തതാണെങ്കിലും, മെല്ലെ മെല്ലെ ഉണർത്തിപ്പാൻ തുടങ്ങി:—'തിരുമേനി, രാവണവധം മുതലായ നാകലത്തിലും ഇവിടേയ്ക്കു നല്ല ദേഷ്യമാണു്; എന്നാൽ, ഇവിടത്തെ പതി രാക്ഷസഗൃഹത്തിൽ വസിച്ചതിനെസ്സംബന്ധിച്ചേടത്തോളം—അയ്യോ—മറിച്ചാണു്! ഇന്നാലെ പാരിയ്ക്കു്, ഒരു ദുഷ്ടരജകൻ, അവന്റെ ഭാര്യയെ പരഗൃഹത്തിൽ പാർത്തതിനു തള്ളിപ്പുറത്താക്കാൻ തുടങ്ങി. അപ്പൊഴാം അവന്റെ അമ്മ, 'എന്തിനാണിവളെ തള്ളുന്നതു്? ഇവൾ ഒരു തെറ്റും ചെയ്തിട്ടില്ല; സ്വീകരിയ്ക്കു. സ്ത്രീയെ നിന്ദിയ്ക്കരുതു്. ഞാൻ പറയുന്നതു് കേൾക്കു—' എന്നു, തടുത്തു. അതിനു് അവൻ പറഞ്ഞതിങ്ങിനെയാണു്:—'ഞാൻ രാമരാജാവല്ല! അവിടുന്നു രാക്ഷസഗൃഹത്തിൽ പാർത്ത സീതയെ സ്വീകരിച്ചവല്ലോ. നാടുവാഴുന്ന തമ്പുരാൻ ചെയ്താലും നീതിയായിരിയ്ക്കും; മറ്റുള്ളവരോ, പുണ്യം ചെയ്താലും അനീതി!' പിന്നെയും പിന്നെയും അവൻ, 'ഞാൻ രാമരാജാവല്ല!' എന്നിങ്ങനെ പുലമ്പിക്കേട്ടപ്പൊഴാം അടിയനു് അരിശം കയറി. പക്ഷേ, ഇവിടത്തെ ശാസനം ഓർക്കുകയാലാണു് അപ്പൊഴത്തന്നെ അവന്റെ തല കൊയ്തു നിവർത്തു വീഴ്ത്താഞ്ഞതു്. വീണ്ടും, 'രാമൻ എവിടെ, ഒരു രജകൻ എവിടെ' എന്നോർത്തു് സമാധാനിച്ചു. ഈ ദുഷ്ടൻ വല്ലതും പുലമ്പുന്നതു് അരുതു ശരിയ്ക്കില്ലല്ലോ. കല്പനയുണ്ടായാൽ, അടിയൻ അവനെ ഇപ്പൊഴാം വീഴ്ത്തിച്ചെയ്യാം! പാടുപെട്ടു കൂടാത്തതും ഉണർത്തിച്ചതു് ഇവിടത്തെ നിർബന്ധത്താലത്രെ. ഇനി, ഇതിൽ തിരുമേനി പ്രമാണം; കല്പിച്ചരുളാലും.'

വമ്പിച്ച വജ്രംപോലുള്ള ഈ വാക്കു കേട്ടിട്ടു രാമൻ വളരെ നിശ്വാസോച്ഛ്വാസങ്ങളിട്ടു മോഹിച്ചുവീണുപോയി. സംഭ്രമംപൂണ്ട ചാ

Digitized By Kerala Sahitya Akademi

രന്മാർ വസ്ത്രത്തുനുകൊണ്ടു വീശുകയായി. തെല്ലിടയാൽ തന്റേടം വീണ തമ്പുരാൻ, 'വേഗാ ചെന്നു ഭരതനെ ഇങ്ങോട്ടയപ്പിൻ' എന്നു് ആജ്ഞാപിച്ചു. ദുഃഖിതരായ ആ രാജചാരന്മാർ ക്ഷണനേരം ഭരതന്റെ ഗൃഹത്തിൽ ചെന്നു രാമസന്ദേശം അറിയിച്ചു. ധീമാനായ ഭരതൻ സഭയിലെത്തി; രാമൻ അകത്താണെന്നു കേട്ടിട്ടു് ആ മഹാശയൻ വെമ്പലോടെ, 'എന്റെ ജ്യേഷ്ഠൻ, കരുണാനിധിയായ രാമഭദ്രൻ എവിടെ' എന്നു തവണക്കാരനോടു ചെന്നുചോദിച്ചു. അയാൾ സ്ഥലം കാണിച്ചുകൊടുത്തു; ഭരതൻ ആ മനോഹരമായ മണിയറയിലേയ്ക്കു കടന്നു.

രാമന്റെ വല്ലായ്മ കണ്ടപ്പോൾ അദ്ദേഹം, 'രാമൻ കോപിച്ചിരിയ്ക്കയാണോ? സഹോദരിയ്ക്കു വല്ല ദുഃഖവും നേരിട്ടുവോ?' എന്നിങ്ങനെ ഭയപ്പെട്ടുപോയി. വീണ്ടും വീണ്ടും നെടുവീർപ്പിടുന്ന സഹോദരനോടു ഭരതൻ ചോദിച്ചു:—'തിങ്കളേന്തി, ഇവിടത്തെ പ്രസന്നമായിരുന്ന തിരുമുഖം കറുത്തും കരുവീരിത്തുനങ്ങിയും, രാഹു ഗ്രസിച്ച ചന്ദ്രനെപ്പോലെ കാണപ്പെടുന്നതെന്തുകൊണ്ടാണു്? സംഗതിയെല്ലാം ശരിയ്ക്കറിയിക്കുവിൻ. അടിയൻ എന്തു ചെയ്യേണ്ടു? മഹാരാജാവേ, ദുഃഖം കളയുക: ഇവിടുന്നു ദുഃഖിയ്ക്കുകയോ!' ഇപ്രകാരം ഉണർത്തിയ്ക്കുന്ന സോദരനോടു ധാർമികനായ രാമൻ താഴെപറയുന്ന ശ്ലോകങ്ങൾ ചൊല്ലി:—

(ശ്ലോകങ്ങൾ)

'അനഘ ഭരത, കേട്ടുകൊൾകെന്നി-
ങ്ങഖിലാകൃത്തിനുള്ള കാരണം;
അത്രമായ്വരു കുലപതിതന്നെയു
മതിമാനാം മമ ഭരതൻ മൃതൻ!

അയശസ്സു പിണഞ്ഞതില്ലിനാ-
നപയസംജ്ഞാതരിലോളു ദ്രുപദനും;
മമ കീർത്തി കറുത്തുപോയി ഹാ,
യമുനാസംഗതഗംഗ പോലവെ!

എവനണ്ടിളയിങ്കൽ നല്ലപോ-
രുവനാകുന്ന വിശിഷ്ടജീവിതൻ;
അപകീർത്തി പിണഞ്ഞ മർത്ത്യനൊ,
നന്നു ജീവിയ്ക്കുകിലും മൃതോപമൻ!

എവനണ്ടിളയിങ്കൽ നല്ലപോ-
രുവനേ ശാശ്വതലോകമേറിടൂ;

Digitized By Kerala Sahitya Akademi

അപകീർത്ത്യുരഗം കടിച്ചുവൻ
നിപതിയ്ക്കുന്ന ചുവട്ടിലേയ്ക്കു താൻ!

ഉചകിൽ പ്രവഹിച്ച മാമക–
പ്പുകളാം ഗംഗ കലക്കമാന്ത്രപോന്തു:
ഒരു ധാവകനിപ്പുരത്തിലെൻ–
പ്രിയസീതയ്ക്കപവാദമോതിനാൻ!

ഇനിയെന്തിനാ പൊയ്യരോധിയായ്ക്കൊണ്ടു ഞാൻ?
മടിയാതെന്നെയ്യിൽ താൻ ത്യജിയ്ക്കയോ?
ജനകാത്മജയെ ത്യജിയ്ക്കയൊ?
ഹിതമേതാണിതു രണ്ടിൽവെച്ചു മെ?'

ഇപ്രകാരം കഴിച്ചു, കണ്ണീരൊലിപ്പും ശരീരമാകെ വിറപ്പും ആ ധാർമ്മികശിരോമണി ബോധംകെട്ടു വീണു. ദുഃഖഭരിതനായിത്തീർന്ന ഭരതൻ പത്തുകൊല്ലത്തെ വീശി ജ്യേഷ്ഠന്റെ മോഹാലസ്യം നീക്കി; അതിനശേഷം, ആത്മയാർത്തിതനായ രാമഭദ്രനെ ആശ്വസിപ്പിയ്ക്കുന്നതിനായി മനോഹരമാംവണ്ണം ചോദിച്ചു:—'ഏതാണീ രജകൻ? ഏതപവാദമാണ് പറഞ്ഞതു്? ജാനകിയ്ക്കപവാദം പറഞ്ഞുണ്ടാക്കിയവന്റെ നാവു് ഞാൻ അരിഞ്ഞുകളയും!' ഉടനെ തന്നെ, അലക്കുകാരൻ പറഞ്ഞു് ചാരൻ കേട്ടതൊക്കെ മഹാത്മാവായ ഭരതനോടറിയിച്ചു. അതു കേട്ടിട്ട ഭരതൻ ദുഃഖിതനായ ജ്യേഷ്ഠനോടഭിപ്രായപ്പെട്ടു:—'വീരപൂജിതയായ വൈദേഹി ലങ്കയിൽവെച്ചു് അഗ്നിപ്രവേശം ചെയ്തില്ലയൊ? ഇവർ പരിശുദ്ധയാണെന്നു ഗ്രഹമാവും അഗ്നിൻ ദശരഥനും ഇവിടത്തോടു പറകയുമുണ്ടായി. അതുകൊണ്ടു്, ഇപ്പോൾ ഒരു രജകൻ പറഞ്ഞതുകൊണ്ടു് അവർക്കു ദോഷമോ? അതിനാൽ ഇവിടുന്നു് സീതാപവാദത്താലുണ്ടായ മഹാദുഃഖം വെടിഞ്ഞു്, ആ ഗർഭിണിയായ സൌഭാഗ്യവതിയോടുക്രൂരി നാകരുതു കേട്ടോ. ഇവിടുന്നു ശോഭനമാം തിരുവുടൽ ഉപേക്ഷിയ്ക്കുകയോ! ദുഃഖനാശകനായ ഇവിടുത്തോടു പിരിഞ്ഞാൽ ഞങ്ങളൊക്കെ അനുജീവിച്ചുകഴിഞ്ഞു! ശ്രീമതിയായ സീത ഒരു ഞൊടിനേരം പോലും അങ്ങയെക്കൂടാതെ ജീവിച്ചിരിയ്ക്കില്ല. ആ പതിവ്രത അങ്ങയോടൊന്നിച്ചു മികച്ച ലക്ഷ്മിയെ അനുഭവിയ്ക്കട്ടെ!'

ഇതിനു്, ആ വാഗ്മിപ്രവരനായ ധർമ്മിഷ്ഠൻ ഇങ്ങിനെയാണ് മറുവടി പറഞ്ഞതു്:—'സോദരം, ഭവാൻ പറയുന്നതു്, ഭവാന്റെ ധർമ്മത്തിനു യോജിച്ചതുതന്നെ. എന്നാൽ ഞാൻ പറയുന്നതു കേൾക്കുക—ഏന്റെ കല്പന നടത്തുക: ലോകപൂജിതയായ ഇവർ അഗ്നിപ്രവേശത്താൽ

Digitized By Kerala Sahitya Akademi

വീണ്ടും വിശ്രുതനൊ എന്ന് എനിയ്ക്കറിയാം; പക്ഷേ, ലോകാപവാദഭയത്താൽ എന്റെ ജാനകിയെ ഞാൻ ഉപേക്ഷിയ്ക്കുണ്ടിയിരിക്കുന്നു. അതിനാൽ ഭവാൻ ഒരു മൂർച്ചയേറിയ വാൾ കയ്യിലെടുത്ത് അവളുടെ തല വീശ്രുകയൊ, അവളെ കാട്ടിൽ കളയുകയൊ ചെയ്തെയ്ക്കൂ!' ഇതു കേട്ടപ്പോൾ ഭരതന്റെ ദേഹം മുഴുവൻ വിറക്കൊണ്ടുപോയി. അദ്ദേഹം കണ്ണുനീരിൽ മുഴുകി ബോധംകെട്ട നിലത്തുപതിച്ചു.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധ പ്രകരണം, രാമഭരത മന്ത്രണം അമ്പത്തേഴാമദ്ധ്യായം.

—(o)—

അമ്പത്തേഴാമദ്ധ്യായം

വാത്സ്യായനൻ:—'പ്രഭോ, ജഗൽപാവനകീർത്തിയായ ജാനകിയ്ക്ക് അപവാദം പറയാൻ എന്താണ് കാരണം? അതുക്രുടി പറഞ്ഞു, എന്റെ മനസ്സിനെ സമാധാനപ്പെടുത്തുക. അങ്ങയുടെ മുഖത്തുനിന്നു പൊഴിയുന്ന സംസാരനാശനമായ വചനാമൃതം നുകർന്നാലുണ്ടൊ, എനിയ്ക്കു മതി വരുന്നു?'

ശേഷൻ:—'മിഥില എന്ന മികച്ച രാജധാനിയിൽ ജനകരാജാവു ധർമ്മത്താൽ പ്രജകളെ രഞ്ജിപ്പിച്ചുംകൊണ്ടു രാജ്യം ഭരിച്ചുപോന്നു. ഒരിക്കൽ ആ സീരധ്വജൻ കരി(കലപ്പ)കൊണ്ടു നിലം ഉഴുത ചാലിൽ നിന്നു, രതിദേവിയെപ്പോലെ സുന്ദരിയായ ഒരു പെൺകുട്ടി പുറത്തേയ്ക്കു വന്നു. അപ്പോൾ അദ്ദേഹത്തിനു വളരെ സന്തോഷം തോന്നി. ആ വിശ്വമോഹിനിയായ ലക്ഷ്മിക്കു് അദ്ദേഹം സീത എന്ന പേരിട്ടു. ആ മനോഹരി ഒരുനാൾ പൂങ്കാവിൽ കളിയാടുമ്പോൾ, ഭംഗിയിൽ സംസാരിയ്ക്കുന്ന ഒരാൺതത്തയേയും പെൺതത്തയേയും കണ്ടെത്തി. ഏറ്റവും സന്തുഷ്ടരും ഏറ്റവും കാമലോലുപരുമായ ആ ശുകദമ്പതിമാർ സ്നേഹത്തോടെ ഓരോ മധുരസല്ലാപം ചെയ്തുകൊണ്ടു രമിയ്ക്കയായിരുന്നു. പെട്ടെന്ന് അവ രണ്ടും മേല്പോട്ടു പറന്ന് ഒരു പർവ്വതത്തിന്മേൽ ചെന്നിരുന്നു സംസാരിയ്ക്കുകയായി:—

[കിളിപ്പാട്ട്—അന്നനട]

'ധരണിയിലുണ്ടായ് വരുമതിമനോ-
ഹരൻ ശ്രീരാമനെന്നൊരു നരപാലൻ;

Digitized By Kerala Sahitya Akademi

തിരുവുരുവഴകിയന്നാ സീതയെ-
ന്നൊരുവളാകുമപ്പുമാനുപത്നിയാം;
പതിനോരായിരം സമയവത്സമായ്
ക്ഷിതിവാഴും സവ്വനുപജേതാവവൻ.
സുഭഗതനൊയാജ്ജനകജാദേവി:
സുഭഗൻ തനൊയാസ്സുമതിയാം രാമൻ:
അവരിരുവരും പരസ്പരം ചേന്നൊ-
ത്തവനിയിൽമുദാ വിളയാടുമല്ലൊ!'

ഇപ്രകാരം പല്ലവിയുന്നാ ആ തത്തകൾ രണ്ടു ഭിവ്യരായിരിക്കണമെന്നു മൈഥിലിയുക്കു തോന്നി. 'എന്നെപ്പറ്റിയാണല്ലോ, ഈ തത്തകൾ ഭംഗിയിൽ സംസാരിയുന്നാതു്; ഇവയെ പിടിച്ചു്, ഇപ്പുറത്തിന്റെയൊക്കെ സാരം എന്തെന്നു ചോദിയുണം.' എന്നു നിശ്ചയിച്ചു് അവർ സഖിമാരോടു്, ആ മനോഹരമായ ശുകയുഗത്തെ ഉപായത്തിൽ പിടിച്ചുകൊടുപ്പാൻ ആവശ്യപ്പെട്ടു. അവർ തോഴിയുടെ പ്രീതിക്കായി, ആ പവ്വതത്തിന്മേൽ കേറി, പക്ഷികൾ രണ്ടിനേയും പിടിച്ചുകൊണ്ടുവന്നു കൊടുത്തു. പലതരം ശണ്ഠങ്ങൾ പുറപ്പെടുവിച്ചിരുന്ന അവയോടു സീത സമാശ്വസിപ്പിച്ചു ചോദിച്ചു:—'ഭയപ്പെടേണ്ട. രമണീയരായ നിങ്ങളിരുവരും ആരാണു്? എവിടെനിന്നു വരുന്നു? ആ രാമൻ ആരാണു്? സീത ആരാണു്? അവരെപ്പറ്റി നിങ്ങൾക്കു എങ്ങിനെ അറിവുകിട്ടി? ഇതെല്ലാം പറയുവിൻ. ഞാൻ നിങ്ങളെ ഉപദ്രവിയ്ക്കുകയില്ല.'

പക്ഷികൾ മറുവടി പറഞ്ഞു:—'ധർമ്മജ്ഞരിൽവെച്ചു ശ്രേഷ്ഠനായി വാല്മീകി എന്നൊരു മഹർഷിയുണ്ടു്; അദ്ദേഹത്തിന്റെ മനോഹരമായ ആശ്രമത്തിലാണു്, ഞങ്ങളുടെ സ്ഥിരവാസം. ആ സവ്വഭൂതഹിതൈഷിയായ താപസൻ വരാൻപോകുന്ന രാമായണം, രാമനെ സദാ സ്മരിച്ചുകൊണ്ടു, ശിഷ്യരെ പഠിപ്പിച്ചിരുന്നു. അതു മുഴുവനും ഞങ്ങൾ കേട്ടിട്ടുണ്ടു്; കേട്ടുകേട്ടു ഞങ്ങളും പഠിച്ചു. രാമൻ ആരെന്നും, ജാനകിയാരെന്നും, രാമനൊന്നിച്ചു രമിക്കുന്ന അവർക്കു് എന്തൊന്നു സംഭവിക്കുമെന്നും ഞങ്ങൾ പറയാം; കേട്ടുകൊൾകെ:

(ശ്ലോകങ്ങൾ)

ശ്രുശ്രൂഷുശ്ശൈഷ്ഠിയാൽ നാലുമെയ് പൂണ്ടവതരിച്ചിട്ടും
സുരസ്ത്രീ ഗീതസൽക്കീർത്തിയാകും ശ്രീമാൻ ജനാർദ്ദനൻ;
ഗാഢേയനൊത്തു മിഥിലപൃകും സാനുജനാമവൻ;
മറു മനോജ്ഞൈക്ഷ്വാകവല്ലാഞ്ഞ വില്ലാളിവീരൻ ശ്രീരാമൻ

Digitized By Kerala Sahitya Akademi

കലപ്പൊടിച്ച,ഴകെഴും വിദേഹജയെ വേട്ടിടും;
അവളൊത്തു മഹാരാജ്യം ഭരിച്ചു പുരി വാണിടും.

എന്നുംമറ്റും അവിടെയുള്ളവർ ചൊല്ലിക്കേട്ടിട്ടുണ്ട്. സുന്ദരി, ഇനി ഞങ്ങൾ പോകട്ടെ; വിട്ടയയ്ക്കുക.'

പക്ഷികളുടെ ഈ മധുരകഥനം കേട്ടിട്ടു മൈഥിലി വീണ്ടും ചോദിച്ചു:—'ആ രാമൻ എവിടെ വാഴും? ആരുടെ മകനായിരിക്കും? അവളെ എങ്ങിനെ വേർപിരിക്കും? അദ്ദേഹത്തിന്റെ ആകൃതി എങ്ങിനെ?' ജാനകിയെ കാമപീഡിതയായി കണ്ടതിനാൽ ആ പെൺതത്ത ഇവൾ സീതതന്നെയാണെന്നൂഹിച്ചു് ഇപ്രകാരം ചൊല്ലിത്തുടങ്ങി:—

[ശ്ലോകങ്ങൾ]

'സൂര്യവംശക്കൊടിമരം ദ്രുപൻ ദശരഥൻ ബലി,
വിണ്ണോക്കെങ്ങും വിമതരപ്പാടെ വെൽവാൻ തുണപ്പവൻ;
അവനു ഭായ്മാർ മൂവരിന്ദ്രമോഹനരൂപമാർ;
അവർക്കു ബലവാന്മാരാം നാലുണ്ണികൾ പിറന്നിടും:
ഏവർക്കുമഗ്രജൻ രാമൻ; രണ്ടാമൻ ഭരതാഹ്വയൻ
മൂന്നാമൻ ലക്ഷ്മണൻ ശ്രീമാൻ; പിന്നൊരുത്തുഘ്നനജിതൻ.
രാഘവനിതിഖ്യാതിനേടും രാമൻ മഹാശയൻ;
അകക്കാമ്പിന്റെ നാമങ്ങൾ തോഴി, പൊന്നാലൊടുങ്ങിടാ!
നീർത്താരിനൊത്ത മുഖ,മബ്ജദളായതങ്ങൾ
നേത്രങ്ങൾ, ക്രുദ്ധപുരികങ്ങൾ മനോഹരങ്ങൾ,
നേർത്തൊട്ടിയൻ തിരുനാസിക, ശംഖിനോടു
നേർനീടുമാഭ രുടവും ചുരുതായ കണ്ഠം,
കാലിന്റെ മുട്ടുവരെ നീണ്ട ഭുജം, കവാടം
പോലേ പരന്ന മണിമാറു സുലക്ഷണാഢ്യം,
ചേലാർന്നൊരുങ്ങുമര, തുൺ തുട, വൃത്ത ജാനു,
മാലോകരൊക്കെയനിശം പണിയും പദാബ്ജം—
രാമന്റെ രൂപമിതു പക്ഷികൾ ഞങ്ങൾ വാഴ്ത്താ—
നാമോ? സഹസ്രവദനനുമിതാവതല്ല!
ആമണ്ഡലാംഗിയരുകണ്ടു മയങ്ങുമല്ലൊ
രൂമങ്കപോലു,മവർപിന്നെ മയങ്ങുകില്ല?
ആമോഹനാംഗനതിവീര്യബലാനുഭാവ—
നൈശപ്പൂർണ്ണനവനെങ്ങിനെ വർണ്ണനാം മെ?
ഹാ, ധന്യതാൻ സുതനുസീത: രമിക്കുമല്ലൊ
ശ്രീരാമനൊത്തു പതിനായിരമാണ്ടു മോദാൽ!

Digitized By Kerala Sahitya Akademi

സുന്ദരി, രാമനെപ്പററി ഇത്ര ശ്രദ്ധാന്തിയോടെ ചോദ്യം ചെയ്യു ന്ന ഭവതി ആരാണ്? പേരെന്താണ്?' ജാനകി, തന്റെ ജനനവും മ റും അ പക്ഷികളോടു ഭംഗിയിൽ പറഞ്ഞു:—'നീ പറഞ്ഞ ജനക പുത്രിയായ സീത തന്നെയാണ് ഞാൻ. ആ മനോഹരനായ രാമൻ വന്ന് എന്നെ എന്ന വേർപെടുത്തുമോ, അന്നേ ഞാൻ നിങ്ങളെ വിട്ടയയ്ക്കൂ. നിങ്ങളുടെ സംസാരം എന്നെ കൊതിപ്പിച്ചിരിക്കുന്നു! നിങ്ങൾക്ക് എ ന്റെ ഗൃഹത്തിൽ മധുരപദാർത്ഥങ്ങൾ തിന്നു സുഖമായി താമസിക്കാം.' ഇതുകേട്ടപ്പോൾ പക്ഷികൾക്ക വലിയ ഭയമായി; അവ പരസ്പരം മു ഖം നോക്കി, മൈഥിലിയോട് മറുപടി പറഞ്ഞു:—'സാധ്വി, ഞങ്ങൾ, പക്ഷികൾ കാട്ടിലും മരത്തിന്മേലുമൊക്കെ പറന്നു നടക്കുന്നവരാണ്; ഗൃഹത്തിൽ ഞങ്ങൾക്ക സുഖമുണ്ടാകില്ല. എനിക്ക ഗർഭമുണ്ട്; ഞാൻ സ്വസ്ഥാനത്തു പോയി പ്രസവിച്ചതിനുശേഷം ഇങ്ങോട്ട വരാം; സം ശയം വേണ്ട.' പെൺതത്ത ഇങ്ങിനെ വാഗ്ദാനം ചെയ്തിട്ടും, ബാലിക യായ സീത വിട്ടയച്ചില്ല. അപ്പോൾ ഉൽകണ്ഠിതനായ ആൺതത്ത താഴ്മയോടേ അപേക്ഷിച്ചു:—'സീതേ, വിടൂ. എന്റെ മനോഹരി യായ ഭാര്യയെ പിടിച്ചുവെയ്ക്കുന്നതെന്തിനാണ്? ഞങ്ങൾ കാട്ടിൽ പോയി സ്വച്ഛന്ദം സഞ്ചരിച്ചുകൊള്ളട്ടെ! ഭദ്രേ, എന്റെ പ്രിയപത്നി ഗർഭിണിയാണ്; പ്രസവം കഴിഞ്ഞിട്ട ഞങ്ങൾ ഇങ്ങോട്ട വന്നുകൊ ള്ളാം.' 'സുമതേ, ഭവാൻ യഥേഷ്ടം പോയ്ക്കൊള്ളുക; ഇവൾ എന്റെ അ ടുക്കൽ സുഖമായിത്താമസിക്കട്ടെ' എന്നായി, അപ്പോൾ സീത. അ തിൽ സങ്കടംമൂഴത്ത പക്ഷി ഭാര്യയോടായി പറഞ്ഞു:—

'മിണ്ടിപ്പോകൊല്ല, മിണ്ടിപ്പോകൊല്ലാ; ശീലിയ്ക്ക മൌനമേ;
അല്ലായ്കിൽ, വാക്യദോഷാലാഗ്രഹിതൻ ബന്ധനത്തിലാം!'

എന്ന യോഗികൾ ഉപദേശിക്കുന്നത് എത്ര വാസ്തവം! നമ്മൾ അ കുന്നിന്മേൽ ശബ്ദിക്കാതിരുന്നുവെങ്കിൽ, നമുക്കീബന്ധനം പിണ യുമായിരുന്നുവോ? അതിനാൽ മൌനം തന്നെ നല്ലത്. സീതേ, സു ന്ദരി, ഇവളെക്കൂടാതെ ഞാൻ ജീവിക്കുകില്ല; എന്റെ ഭാര്യയെ വിട്ട തരണേ!' എത്രയൊക്കെപ്പറഞ്ഞിട്ടും സീത വിട്ടില്ല. അതിനാൽ താ പവും കോപവും പൂണ്ട തത്തപ്പിട ജനകപുത്രിയെ ശപിച്ചു:—'എ ന്നെ ഭർത്താവിനോടു വേർപെടുത്തുകയാണല്ലൊ നീ ചെയ്യുന്നത്; അതി നാൽ നീയും ഗർഭമുള്ളപ്പോൾ രാമനോട വേർപെടുക!' ഇത്രയും പറ ഞ്ഞതോടുകൂടി ഭർത്തൃദുഃഖപീഡിതയായ അവളുടെ പ്രാണൻ നിഷ്ക്രമിച്ചു കഴിഞ്ഞു. വീണ്ടും വീണ്ടും രാമനെ സ്മരിച്ചുകൊണ്ടും കീർത്തിച്ചു കൊണ്ടും മരണമടഞ്ഞ ആ പെണ്ണുക്ഷി, തൽക്ഷണം വന്നുചേർന്ന ശോ

Digitized By Kerala Sahitya Akademi

ഭനവിമാനത്തിലൂടേ സപദ്ത്തിലേയ്ക്കു ഗമിച്ചു. അവളുടെ ഭത്താവോ, ഭാര്യാമരണത്താലുള്ള ദുഃഖം പൊറുക്കാതെ ഗംഗയിൽ ചാടി മുങ്ങി: ഞാൻ രാമന്റെ നഗരത്തിൽ ജനിക്കണം; ഈ സീത എന്റെ വാക്കു മൂലം വിരഹിതയായി വലയുമാറാകണം!' എന്നിങ്ങനെ അതിക്രോധത്തോടേ ഉച്ചരിച്ചും ദുഃഖിച്ചും പേടിച്ചു വിറച്ചുമാണ്, ആ പക്ഷീന്ദ്രൻ ഗംഗയിലെ ചുഴിയിൽ മുഴുകിച്ചത്തത്. ക്രോധം, ദുഃഖം, ജാനകീദ്വേഷം എന്നിവ നിമിത്തം അവൻ ക്രോധനനെന്ന രജകനായി അന്ത്യജാതിയിൽ വന്നു ജനിച്ചു: ആർ ക്രോധത്തോടും മഹത്തുക്കളിൽ ദ്വേഷത്തോടുംകൂടി പ്രാണനെ ത്യജിക്കുന്നുവോ, അവൻ അന്ത്യജനായി പിറക്കും!

അതിൻപ്രകാരം രജകൻ അപവാദം പറകയാൽ, പെൺതത്തയുടെ ശാപമേറിരുന്ന ജാനകി ഭത്താവോട് വേർപെട്ട കാട്ടിൽ പാർക്കേണ്ടിവന്നു. വൈദേഹിയെപ്പറ്റി ഭവാൻ ചോദിച്ചതു ഞാൻ പറഞ്ഞുകഴിഞ്ഞു; ഇനി, പ്രകൃതത്തിലെ അനന്തരഭാഗം പറയാം:

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷരാത്ര്യായന സംവാദം, രാമാശ്വമേധപ്രകരണം, ജാനകീശാപാപനീകഥനം അമ്പത്തേഴാമദ്ധ്യായം.

:o:

അമ്പത്തേഴാമദ്ധ്യായം

ശേഷൻ:—ഭരതൻ മോഹാലസ്യപ്പെട്ടതു കണ്ടിട്ട് അതിദുഃഖിതനായ രാജ്യനാഥൻ തവണക്കാരനോട് ശത്രുഘ്നനെ വേഗത്തിൽ ക്ഷണിക്കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ക്ഷണനേരംകൊണ്ട് ശത്രുഘ്നൻ രാമഭരതന്മാരുടെ സന്നിധിയിൽ ആനയിയ്ക്കപ്പെട്ടു. അദ്ദേഹം ഭരതന്റെ മോഹാലസ്യവും രാമന്റെ ദുഃഖവും കണ്ടിട്ട്, 'ഇതെന്തൊരു ഉരവസ്ഥയാണെ'ന്ന്, സവിഷാദം വന്ദിച്ചു ചോദിച്ചു. ഉടനെ രാമൻ അന്ത്യജനാൽ പറയപ്പെട്ട നിന്ദാവചനം ചരണസേവകനായ ശത്രുഘ്നനെ ധരിപ്പിച്ചു; തലതാഴ്ത്തി, ദീനഗൽഗദസ്വരത്തിൽ വീണ്ടും അരുളിച്ചെയ്തു:—'അനുജ, മടിക്കാതെ, ഞാൻ പറയുന്നതു വേഗത്തിൽ ചെയ്യുക; എന്നാലോ, ഗംഗപോലെ ഭൂമിയിൽ പരന്നിട്ടുള്ള എന്റെ കീർത്തി തെളിയുകയുള്ളൂ: സീതയ്ക്കു ലോകത്തിലുള്ള ദുഷ്പേർ അന്ത്യജൻ പറഞ്ഞു കേട്ടതിനാൽ എന്റെ ദേഹത്തേയൊ ജാനകിയേയൊ ഉപേക്ഷിപ്പാനാണെ ഞാൻ വിചാരിയ്ക്കുന്നതു്.' ഇതുയും കേട്ടപ്പോഴേയ്ക്കു, പാറലരെപ്പിളർത്തുന്ന ശത്രുഘ്നൻ ദുഃഖത്താൽ വിറകൊണ്ടു വീണുപോയി!

Digitized By Kerala Sahitya Akademi

കുറച്ചുനേരംകൊണ്ട് മോഹാലസ്യം മാറിയപ്പോൾ അദ്ദേഹം ശ്രീരാമനോടു ചോദിച്ചു:—'തിരുമേനി, ജനകപുത്രിയെപ്പറ്റി ഇങ്ങി നെ ഭയങ്കരമായി അരുളിച്ചെയ്യുന്നതെന്താണ്? യാതൊരു ധർമ്മവുമി ല്ലാത്ത ദുഷ്ടപാഷണ്ഡർ ദുഷിക്കുന്നതുപോലെ നാന്മറയെ ബ്രാഹ്മ ണർ ത്യജിക്കാറുണ്ടോ? ലോകങ്ങളെക്കെല്ലാം പാപവും ദുരിതവും പോ ക്കുന്ന ഗംഗാനദി, പാപികളാൽ സ്പർശിക്കപ്പെടാത്തതുകൊണ്ടു, സ ത്തുക്കൾക്കു സ്നാനയോഗ്യയല്ലാതായിപ്പോകുമോ? സൂര്യൻ ജഗത്തുക്കളെ പ്രകാശിപ്പിപ്പാനായി ഉദിച്ചുയരുന്നു; അതു ശുദ്ധന്മാർക്കുനിഷ്പ്രയോ ജകമാണെങ്കിൽ, എന്താണൊരു ഹാനി? അതിനാൽ മൈഥിലിയെ ഇവിടുന്നു സ്വീകരിയ്ക്കുകതന്നെ വേണം; ദോഷമില്ലാത്ത സ്ത്രീയെ പെടിയ്ക്കരുത്. ശ്രീരാമഭദ്ര, ഭയമെന്യേ അടിയന്റെ അപേക്ഷ കൈക്കൊള്ളണേ!' ഇ തിന്നു, ഭരതനോടു പറഞ്ഞതുതന്നെയായിരുന്ന രാമഭദ്രന്റെ തീർപ്പു മറു വടി. അതുകേട്ടിട്ടു ദുഃഖം പൊറുക്കായ്കയാൽ മഹാബലവാനായ ശത്രു ഘ്നൻ മോഹാലസ്യപ്പെട്ടു, വേരറ്റുള്ള മരംപോലെ നിലത്തു പ തിച്ചു.

സഹോദരനായ ശത്രുഘ്നൻ വീണതു കണ്ടിട്ട് അത്യധികം ദുഃ ഖിതനായിത്തീർന്ന ശ്രീരാമൻ സവണക്കാരനോടു ലക്ഷ്മണനെ വരുത്തു വാൻ ആജ്ഞാപിച്ചു. അയാൾ ലക്ഷ്മണന്റെ അരമനയിൽച്ചെന്ന്, 'സ്വാമിയെ മഹാരാജാവു കല്പിച്ചുവിളിയ്ക്കുന്നു' എന്നറിയിച്ചു. ഉടനടി ലക്ഷ്മണൻ ജ്യേഷ്ഠന്റെ അരികത്തെത്തി; ഭരതശത്രുഘ്നന്മാർ മോ ഹിച്ചു കിടക്കുന്നതും, രാമഭദ്രന്റെ ദുഃഖൈകവശ്യവും കണ്ടി ട്ട് അദ്ദേഹം ചോദിച്ചു:—'എന്താണീ വല്ലായ്മ? ഇവർ മോ ഹാലസ്യപ്പെട്ടതും മറ്റും എന്തുകൊണ്ടാണെന്നു യോഗത്തിൽ അ രുളിച്ചെയ്യണെ!' വർത്തമാനമെല്ലാം ആദ്യം മുതൽക്കു, ദുഃഖത്തിൽ മുഴുകിയ മഹാരാജാവു ലക്ഷ്മണനെ അറിയിച്ചു. സീതയെ ത്യജി ക്കുക എന്നതു കേട്ടതോടുകൂടി, ലക്ഷ്മണന്റെ ശരീരമെല്ലാം മരവി ച്ചുപോയി! അദ്ദേഹം തെരുതെരെ നെടുതായി വീർപ്പിടുകയും വിറ യ്ക്കൊള്ളുകയും ചെയ്തതല്ലാതെ, യാതൊന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല. അതുകണ്ടു ശോകപീഡിതനായ കാകുൽസ്ഥൻ ചോദിച്ചു:—'ശ്രീമൻ, ഞാൻ ദുഷ്കീർത്തിയോടെ ഭൂമിയിലിരുന്നിട്ടെന്തുവേണ്ടു? എന്നെ ത്തന്നെ ത്യജിച്ചേയ്ക്കാം; ലോകാപവാദം എനിക്കു ദുഃഖകരമാകുന്നു. എന്റെ വിദ്വേഷരായ സഹോദരന്മാർ എന്നെന്നും ഞാൻ പറയുന്നതു ചെയ്യു മുണ്ടായിരുന്നു; ഇപ്പോൾ അവരും വൈകല്പിതത്താൽ മറിച്ചായിത്തീ ർന്നു! ഞാൻ എവിടെ പോകും? ആരോടു പറയും? രാജാക്കന്മാരെല്ലാം എന്നെ പരിഹസിക്കുമെല്ലോ! ദുഷ്കീർത്തി പററിയ എന്നെ അഭ്യുദയം

Digitized By Kerala Sahitya Akademi

ഒരു കുഷ്ഠരോഗിയെ എന്നപോലെ വെറുക്കുമെല്ലൊ! എത്രയേറെ ഗുണമുള്ള രാജാക്കന്മാരേ മുമ്പു മനുവംശത്തിൽ ജനിച്ചിട്ടുള്ളൂ; ഞാൻ ജനിച്ചതേപ്പാഠം അതു മറിച്ചായി!'

ഇങ്ങിനെയെല്ലാം പറയുന്ന രാമഭദ്രനോടു ലക്ഷ്മണൻ കനത്ത കണ്ണുനീരടക്കി, ഇടറിയ സ്വരത്തിൽ ഉരിയാടി:—'തിരുമേനി, വ്യസനിക്കരുതേ! ഇവിടത്തെ ബുദ്ധി എങ്ങിനെ പോയ്പോയി? ദോഷമില്ലാത്ത ജാനകിയെ ആരുപേക്ഷിക്കും? ഇവിടുന്നു ശാസ്ത്രജ്ഞനാണല്ലൊ. അടിയൻ ആ രജകനെ വിളിച്ചു', 'എന്തിനാണ് നീ ഉത്തമസ്ത്രീയായ ജാനകിയെ നിന്ദിച്ചതെ'ന്നു ചോദിക്കാം. ഇവിടത്തെ രാജ്യത്തു സാധുക്കളെ പിടിച്ചുപദ്രവിക്കാറില്ലല്ലൊ; അവനെപ്പറ്റി തിരുവുള്ള, എങ്ങിനെയൊ അങ്ങിനെ കല്പിച്ചു ചെയ്തുകൊള്ളുക. പാതിവ്രത്യശാലിനിയായ അബലയെ പരിത്യജിക്കാമൊ? അന്യസ്മരണപോലും ജാനകിക്കില്ലതെന്ന അതിനാൽ മൈഥിലിയെ ഇവിടുന്നു കൈയ്ക്കൊള്ളണൊ! ത്യജിച്ചുകളയരുതേ! അടിയന്റെ പേരിൽ ദയ വിചാരിച്ചു, അടിയന്റെ വാക്കെടുക്കണേ!'

ത്യജിപ്പാൻതന്നെ തീർപ്പുറപ്പെടുത്തി ശോകകശ്മലനായിരുന്ന രാമൻ ലക്ഷ്മണനോടു ധർമ്മം സ്മരിപ്പിച്ചുകൊണ്ടരുളിച്ചെയ്തു:— 'എന്തുകൊണ്ടാണ് നീ, 'നിർദ്ദോഷയായ ഇവളെ ത്യജിക്കരുതെ'ന്ന് എന്നെ തടുക്കുന്നതു്? ലോകാപവാദത്താലത്രെ, പരിശുദ്ധയെന്നറിയാമെങ്കിലും, ഞാൻ ത്യജിക്കുന്നതു്. എന്റെ യശസ്സിനുവേണ്ടി ഞാൻ എന്റെ ദേഹംപോലും ഉപേക്ഷിക്കും; പ്രിയസോദരനായ നിന്നെക്കൂടി ലോകാപവാദം പറിയാൽ, ഞാൻ പരിത്യജിച്ചുകളയും; പിന്നെയാണൊ, ഗൃഹം, പുത്രന്മാർ, മിത്രങ്ങൾ, ധനം എന്നിവയെ! എന്റെ യശസ്സിനുവേണ്ടി എന്തും ഞാൻ സഹിക്കും; പിന്നെയാണൊ മൈഥിലിയെ!! സോദരനൊ, ഭാര്യയൊ, ബന്ധുക്കളൊ, ഒന്നും തന്നെ എനിക്കു ലോകത്തിൽ പരമനിർമ്മലകീർത്തിയോളം പ്രിയപ്പെട്ടതല്ല. ഇനി, രജകനോടു് ഒന്നും ചോദിപ്പാനില്ല. കാലംകൊണ്ടു പ്രജകൾ പരക്കെ പ്രീതിപ്പെട്ടുകൊള്ളും. ചില രോഗങ്ങൾക്കു് ആദ്യാവസ്ഥയിൽ ചികിത്സയില്ല; കാലത്താൽ പരിപാകത വന്നു മരുന്നുകൊണ്ടു ശമിക്കുമതുപോലെ, കാലത്താൽ എല്ലാം ശരിയായിക്കൊള്ളും. നീ ഒട്ടും താമസിക്കാതെ ഈ സാധ്വിയെ കാട്ടിൽ കളകയൊ വെട്ടിക്കൊല്ലുകയൊ ചെയ്തൊഴുകൂ.'

ഈ അരുളപ്പാടു ലക്ഷ്മണനെ കുറെനേരത്തേയ്ക്കു സംജ്ഞയില്ലാത്ത സങ്കടത്തിൽത്തള്ളിവിട്ടു; പിന്നെ അദ്ദേഹം, 'അച്ഛന്റെ ആജ്ഞയാൽ ജാമദഗ്ന്യൻ അമ്മയെ വധിച്ചുവല്ലൊ; ഗുരുവിന്റെ ആജ്ഞ,

Digitized By Kerala Sahitya Akademi

തെറ്റായാലും ശരിയായാലും, ലംഘിച്ചുകൂടാ. അതിനാൽ, ജ്യേഷ്ഠന്റെ പ്രീതിക്കായി ദേവിയെക്കൊണ്ടുപോയി തൃജിക്കുകതന്നെ!' എന്നിങ്ങനെ ആലോചിച്ചുറച്ചു ജ്യേഷ്ഠനോടുണർത്തിച്ചു:— 'അതൃത്വവും ചെയ്യുക എന്നേ വരൂ; ഗുരുനിയോഗം ലംഘിച്ചുകൂടല്ലോ. അതിനാൽ കല്പിച്ചരുളിച്ചെയ്തതിൻവണ്ണം അടിയൻ ചെയ്തുകൊള്ളാം.'

രാമൻ:—'കൊള്ളാം, മഹാപ്രാജ്ഞ, കൊള്ളാം. വൃത്തനിക്കു സന്തോഷമായി. ഇന്നലെ രാത്രി ജാനകി ചാകയുണ്ടായി, താപസിമാരെ കാണ്മാൻ ആഗ്രഹമുണ്ടെന്നു; അതിനാണെന്ന ഭാവത്തിൽ, അവളെ തേരേറിക്കൊണ്ടുപോയി വൻകാട്ടിൽ വിട്ടേയ്ക്ക.'

ഇതുകേട്ടു മുഖം വരണ്ടുണങ്ങി, കണ്ണുനീർവാർത്തു കരഞ്ഞുംകൊണ്ടു ലക്ഷ്മണൻ സഭാഗൃഹത്തിലേയ്ക്കു പോന്നു; പിന്നീടു സുമന്ത്രനെ വിളിച്ചു, നല്ല കുതിരകളെ പൂട്ടിയതും നല്ല വിരിപ്പിട്ടതുമായ ഒരു തേർ തെയ്യാറാക്കുവാൻ പറഞ്ഞു. സുമന്ത്രൻ ഉടനെ തേർ കൊണ്ടുവന്നു. സകടത്തിന്റെ അങ്ങേഅറത്തെത്തിക്കഴിഞ്ഞ ലക്ഷ്മണൻ ആ പള്ളിത്തേരിൽകേറി നെടുവീർപ്പിട്ടുംകൊണ്ടു ജാനകിയുടെ അരമനയിലേയ്ക്കു യാത്രയായി. അവിടെ ചെന്നു് അകത്തേയ്ക്കു കടന്നു് ആ ജ്യേഷ്ഠഭക്തൻ ദുഃഖത്തിൽ മുഴുകി നെടുവീർപ്പിട്ടുകൊണ്ടു മൈഥിലിയോടറിയിച്ചു:— 'അമ്മേ, ജാനകി, ജ്യേഷ്ഠൻ കല്പിച്ചയച്ചിരിക്കയാണെന്നെ; ദോഹദ(ഗർഭകാലത്തിലെ ആശ) സിദ്ധിക്കു താപസിമാരുടെ അടുക്കലേയ്ക്കു പുറപ്പെടാം.' വൈദേഹിക്കു വളരെ വളരെ സന്തോഷമായി. 'രാമചരണം സ്മരിച്ചുപോരുന്ന ഈ ജാനകീരാജ്ഞി ഭാഗ്യവതിതന്നെ: അവർക്കു ദോഹദം നിറവേറാൻ ലക്ഷ്മണനെ കല്പിച്ചയച്ചുവല്ലോ! ഇന്നെനിക്കു കാട്ടിൽ വസിക്കുന്ന ആ താപസപതിവ്രതമാരെ കൈവണങ്ങാം; ആ മഹാമോഹരിമാരെ വസ്ത്രാദികൾകൊണ്ടു പൂജിക്കാം!!' എന്നിങ്ങിനെ പറഞ്ഞു് ആ രഘുനാഥപ്രിയപത്നി ഭംഗിയുള്ള വസ്ത്രങ്ങളും മികച്ച ആഭരണങ്ങളും തെളിഞ്ഞ മുത്തുമണികളും കർപ്പൂരചന്ദനാദി വിചിത്രഗന്ധദ്രവ്യങ്ങളും പിന്നെയും പിന്നെയും ദാസിമാരെക്കൊണ്ടെടുപ്പിച്ചു വാങ്ങി ലക്ഷ്മണനൊന്നിച്ചു പുറപ്പെട്ടു. ഇറയത്തു ദേവിയുടെ കാലിടറുകയുണ്ടായി; എന്നാൽ ഉൽകണ്ഠാമൂലം അതു വകവെയ്ക്കാതെ, പ്രിയകാരിയായ ലക്ഷ്മണനോടു്, എന്നെ കൊണ്ടു പോകാനുള്ള തേർ എവിടെ എന്നു ചോദിക്കയാണു് ദേവി ചെയ്തതു്.

ലക്ഷ്മണൻ നേടുവീർപ്പിട്ടുകൊണ്ടു് മൈഥിലിയോടും കൂടി കാഞ്ചനരഥത്തിൽ കയറി, സുമന്ത്രനോടു കുതിരകളെ പതുക്കെ തെളിച്ചുകൊൾവാൻ പറഞ്ഞു. അദ്ദേഹം കണ്ണീരൊഴുകുന്ന വീര ലക്ഷ്മ

Digitized By Kerala Sahitya Akademi

ണനെ ഒന്നു നോക്കി, തേർ തെളിപ്പാൻ തുടങ്ങി. എന്നാൽ ചമ്മട്ടി കൊണ്ടടിച്ചപ്പോഠം കുതിരകഠം വഴിയിൽ വീണ് ഇളകാതെ കിടക്കുകയാണുണ്ടായത്! 'തിരുമേനി, വ്യാജ ചെയ്തിട്ടും കുതിരകഠം അനങ്ങുന്നില്ല! എന്തു ചെയ്യേണ്ടു? അശ്വങ്ങഠം ഇങ്ങിനെ വീണതെന്തുകൊണ്ടാണെന്നും അടിയനു മനസ്സിലാകുന്നില്ല.' എന്നിങ്ങനെ പറയുന്ന സുമന്ത്രനോടു ലക്ഷ്മണൻ ധൈര്യം പിടിച്ചു, 'ചമ്മട്ടികൊണ്ടും മറും നല്ല അടി അടിയ്ക്കു' എന്നു ഗാൽഗദസ്വരത്തിൽ മറുപടി പറഞ്ഞു. സൂതൻ കുതിരകളെ ഒരുവിധത്തിൽ നടത്തിത്തുടങ്ങി. അപ്പോഠം ജാനകിയുടെ ദുഃഖസൂചകമായി വലംകണ്ണു വിറച്ചു; ഹൃദയത്തിലും ഒരസുഖം തോന്നി. ശ്രുഭപക്ഷികഠം വലംചുറ്റിപ്പറന്നു. ഇതെല്ലാം കണ്ടു വൈദേഹി ദേവരനോടു ചോദിച്ചു:—'എന്താണ്, താപസിമാരെ കാണ്മാൻ പോകുന്ന വനിയ്ക്കു് അമംഗളം നേരിടുന്നതു്? ശ്രീരാമനും, ഭരതനും, ഭവാന്റെ അനുജനും പ്രജകഠംകളുമൊക്കെ നന്മ വരട്ടേ! മറിച്ചൊന്നും സംഭവിയ്ക്കുതേ!' ഈവിധം പ്രാത്ഥിക്കുന്ന വൈദേഹിയോടു ലക്ഷ്മണൻ ഒന്നും സംസാരിച്ചില്ല; അദ്ദേഹത്തിന്റെ കണ്ണം അശ്രുസംരുദ്ധമായിരുന്നു.

വഴിയുടെ ദുർഗ്ഗങ്ങഠം ദുഃഖം സൂചിപ്പിച്ചുകൊണ്ടു് ഇടംചുറ്റുന്നതുകണ്ടിട്ട വൈദേഹി വിചാരിച്ചു:—'ഇന്നു ദുർഗ്ഗങ്ങഠം ഇടംചുറ്റുന്നതു യുക്തംതന്നെ: ശ്രീരാമപാദം വെടിഞ്ഞു പോവുകയാണല്ലോ ഞാൻ ചെയ്യുന്നതു്! സ്ത്രീകഠംക്കു മുഖ്യധർമ്മം സപദർത്തു ശുശ്രൂഷയാണു്; അതുവിട്ടു മറൊരേടത്തേയ്ക്കു പോകുന്ന വനിയ്ക്കു് ഇതെല്ലാം, സംഭവിക്കേണ്ടതുതന്നെ!' ഇങ്ങിനെ പരമാത്മബുദ്ധ്യാ ചിന്തിച്ചുകൊണ്ടിരിക്കെ, വഴിയുടെ മുന്നിവ്വന്നുസേവിതയായ ഗംഗാനദി കാണ്മാറായി. അതിലെ പാലൊളിനിറംപൂണ്ട തിരമാലകഠം സപർശ്ശത്തിലേയ്ക്കുള്ള സോപാനങ്ങളോ എന്നു തോന്നുംവണ്ണം പരിശോഭിച്ചു. യാതൊന്നിലെ ഒരൊറ നീർത്തുള്ളി തൊട്ടാൽ, മഹാപാപസഞ്ചയം ഒരേടത്തും നിലകിട്ടാതെ പുറം നോക്കിക്കൊണ്ടു പാഞ്ഞുപോകുമോ, ആ ഗംഗയുടെ തീരത്തു ചെന്നപ്പോഠം ലക്ഷ്മണൻ കണ്ണീർ വാർത്തുകൊണ്ടു സീതയോടു, തേരിൽ നിന്നിറങ്ങാമെന്നറിയിച്ചു. ഉടനേ സീത ലക്ഷ്മണന്റെ കൈ പിടിച്ചു തേരിൽനിന്നിറങ്ങി; അപ്പോഠം വഴിയിലെ മുള്ളുതട്ടി ദേവി'യുടെ കാലിടറിപ്പോയി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, സീതാത്യാഗം അമ്പത്തെട്ടാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

അനുഃതന്താൻപ്രാമജ്ജ്വരയം

ശേഷൻ:—

(പാന)

തോണിയേറിയുഗ്രംഗകടന്നിട്ട
രാണിതൻകൈ പിടിച്ചു നടന്നുടൻ
അത്തലേകുന്ന വൻകൊടുംകാടെന്നി—
ലെത്തി സൌമിത്രി രാഘവാജ്ഞാകരൻ:
ആഞ്ഞൂവം, നൂവരി, കോൽപ്പുളി,
തുംഗമാം കരിങ്ങാലി, ഞമകള്ളം
കാട്ടുതിയ്യിൽക്കരിഞ്ഞുനില്പു; രുഷാ
പോട്ടിൽനിന്ന വൻപാമുകം ചീറുന്നു;
മൂളിടുന്ന ഭയാനകം മൃങ്ങുകം;
നീളെയോരിയിടുന്ന കുരുക്കന്മാർ;
ആളെത്തിന്നും പുലി, നരി, തേറാക—
ളാളിന പന്നി, പോത്തു, സിംഹങ്ങളും
ഉറുപ്പുകപൂണ്ടു ദേഹികൾക്കൊത്തിചേ—
ത്പ്രദേശെ തിമർത്തുനടക്കുന്നു.

വായ് വരണ്ടും, വഴിക്കങ്ങടിക്കടി
ചോവടിത്തളിർ മുള്ളിനാൽ കീറിയും,
ആ വനംപുക്ക പൂറും നിരീക്ഷിക്കെ—
ദ്ദേവി പേടിച്ചൊരിപൊരിക്കൊണ്ടുപോയ്!
'ഹാ, മിഴികൾക്ക സൌഖ്യകരങ്ങളാം
മംമുനികൾതൻ പുണ്യാശ്രമങ്ങളും
നൽത്തപസ്സുള്ള നൽപതിമാരുമ—
ല്ലിസ്ഥലത്തു കാണായിവരുന്നുമെ!
ദുഷ്ടവൃക്ഷങ്ങളേയും ഭയപ്പെട—
ത്തക്കപക്ഷിമൃഗാൽക്കരത്തെയുമെ
കാണ്മതുള്ള ഞാൻ; കഷ്ടമിതെവാട്ടം
കാട്ടുതിയ്യിൽക്കരിഞ്ഞാത കാടല്ലോ!
ലക്ഷ്മണ, തുലോം ദുഃഖവിവശനാ—
യക്ഷിനീരുണ്ടു കാണ്മൂ ഭവാനെയും!
ദുഷ്കൃതമൊ തെല്ലില്ലടിക്കടി!!
വിശപവീര, കടിക്കണെ വേഗത്തിൽ:

Digitized By Kerala Sahitya Akademi

കൈവെടിഞ്ഞുകളഞ്ഞുവെന്നോ മഹാ-
ത്മാവു രാഘവൻ ദുഷ്ടയാണീയെന്നൊ?'
എന്ന മൈഥിലി ചോദിക്കെ ലക്ഷ്മണ-
നൊന്നുമോതീല ബാഷ്പപരിഭ്രാന്തൻ.
അക്കൊടുംകാട്ടിലൂടെ നടക്കവെ
ദുഃഖദീനയായാൾ ചോദിച്ച പിന്നെയും;
അപ്പൊഴും നോക്കിനിന്നാതല്ലാതവൻ
കെൽപ്പുപോരാഞ്ഞുരച്ചീല യാതൊന്നും.
എന്നാളുകണ്ടൊടുക്കം വിദേഹജ
നന്നെ നിർബന്ധമോടു ചോദിക്കയാൽ,
വ്യാകുലൻ വിക്കിവിക്കിപ്പറഞ്ഞവൻ
ത്യാഗവൃത്താന്തമങ്ങറിയിച്ചുതെ.

മാമുനിമണെ, വജ്രസമാനമാ-
മീമൊഴി കേട്ടമാത്രയിൽജ്ജാനകി
തീരെയുൾബോധമില്ലാതെ വീണുപോയ്:
വേരറുത്തോരു പൂങ്കൊടിപോലവെ.
അപ്പൊഴേതന്നെയംഗീകരിച്ചതി-
ല്ലിപ് പൃഥിവിയാളാ നിജപുത്രിയെ:
'കൈവിടാ പാപഹീനയെ രാമനെ'-
ന്നീവിധമുള്ള ശങ്കയാലാസ്സുരാം!
ആശ്രമം പൂകിച്ച സീതയെ ലക്ഷ്മണൻ
വീശിനാനിളം ചെന്തളിർച്ചാത്തിനാൽ.
ദേവിമെല്ലെന്നുണർന്നതി ദുഃഖത്താൽ,
'ദേവര, കളിവാക്കു പറയൊല്ലേ!
സന്ത്യജിക്കുമോ നിർദ്ദോഷയാമെന്നൊ-
ത്തന്തിരുമേനി'യെന്നൊക്കെ മേല്ക്കുമേൽ
ലക്ഷ്മണാനനം നോക്കി വിലപിച്ചു
ലബ്ധമൂർച്ഛയായ് വീണിതു പിന്നെയും.
തെല്ലിടകൊണ്ടു ബോധമുദിച്ചുള-
വല്ലലിലാണ്ടു രാമനെയോർത്തവൾ,
'എന്നെയെങ്ങിനെ കൈവെടിഞ്ഞീടുമ-
ത്യന്നതാശയനായ രഘൂദ്വഹൻ?
എന്നെച്ചൊല്ലിക്കപികളൊത്തണ്ണവം
തന്നിൽ വൻചിരതീർത്ത വീരാഗ്രിമൻ

Digitized By Kerala Sahitya Akademi

സന്ത്യജിക്കുമ്പോ നിർദ്ദോഷയാമെന്നെ-
യന്ത്യജനാമൊരുത്തന്റെ വാക്കിനാൽ?
ഇന്നിതെന്നുടെ ഭാഗ്യപ്പിഴവു താൻ!'
എന്നു, മോഹിച്ചുവീണിതു വീണ്ടുമെ.
എന്നതു കണ്ടു തേങ്ങിക്കരഞ്ഞുപോയ്
വന്നാധോദം സഹിയാഞ്ഞു ലക്ഷ്മണൻ!

വീണ്ടുമുൾബ്ബോധമാന്നതിവൈവശ്യ-
മാണ്ട സൌമിത്രി തൻമുഖം പാർത്തവാ
ങ്ങല്പൽമുത്തിടനെഞ്ഞുപൊട്ടുംപടി
ചൊല്ലിനാ'ളിനിപ്പൊയ്ക്കൊൾക ലക്ഷ്മണ;
ധർമ്മമൂർത്തിയാം കീർത്തിമാൻ രാമനോ-
ടമ്മുനികേൾക്കെയോതുകിതൊന്നു താൻ:
'എന്നെ നിർദ്ദോഷയാണെന്നറിഞ്ഞിട്ടും
ധന്യകീർത്തേ, വെടിഞ്ഞുവല്ലോ ഭവാൻ;
ചേരുമോ തവവംശത്തിനിതൊഴിൽ?
ഏറിയ പഠിപ്പിന്റെ ഫലമിതോ!
താവകോച്ചിഷ്ടമുണ്ടു നിത്യം പട-
സേവചെയ്തുവളാകുമെന്നൊർ ഭവാൻ
കൈവെടിഞ്ഞുകളഞ്ഞുവല്ലോ; മമ
ദൈവദോഷമെ ഹേതുവിതിന്നെല്ലാം!
വീരവീരരിൽ മുമ്പനാമങ്ങയ്ക്കു
ചേരുമാറാക സർവ്വത്ര കല്യാണം!
ആങ്ങയെത്തന്നെയുള്ളിൽ സ്മരിച്ചുകൊ-
ണ്ടിങ്ങു കാട്ടിൽപ്പൊറുത്തുകൊള്ളാമിവൾ!
കർമ്മണാ ഹൃദാ വാചാ ഭവാനൊരാൾ
സമ്മതൻ മമ; നിസ്സാരർ മറെല്ലാം;
ജന്മംതോറുംഭവാൻ താൻ മമപതി!
കന്മഷം തൽസ്മൃതിയാലകറുവൻ.'
ഭർത്തൃമാതാക്കളോടുമെൻസന്ദേശം
വ്യക്തമായ് ചൊൽകവേണം രഘൂത്തമ:
'ത്യക്തയായ് വ്യർത്ഥാ, ഗർഭിണിയായ ഞാ-
നത്തമാത്മാവു രാമനാൽ വൻകാട്ടിൽ;
നിങ്ങളന്തൻകഴലോർത്തു വാഴ്വൻ മൃഗ-
സംഗതമാമരണ്യസ്ഥലത്തിവൾ!'

Digitized By Kerala Sahitya Akademi

ലക്ഷ്മണ, ശുഭം രാമന! തദ്പീഠ-
രക്ഷയേറ്റാണയിൽ വെടിയാത്തു ഞാൻ.
രാമസേവകനസ്വതന്ത്രൻ ഭവാൻ
രാമശാസനംചെയ്തുയുക്തംതാൻ;
രാമസന്നിധൌ പോയ് ചൊൽകിനി;-ത്തവ
ക്ഷേമമങ്ങളായ് ത്തീരട്ടെ മാർഗ്ഗങ്ങൾ!
നേർക്കെം കനിഞ്ഞെന്നെയിടയിട-
യ്ക്കാക്കണേ!!' എന്ന മൂർദ്ധ്നിച്ചുംബിനെയും
വീണാസീതയെ വസ്ത്രാഞ്ചലത്തിനാൽ
വീശിമെല്ലെന്നണത്തി രാമാനുജൻ
അസ്വസ്ഥയാ നല്ലവാക്കാൽ പവ്വുര-
വിശ്വസിപ്പിച്ചു, 'ദേവി, ഞാൻ പോകട്ടെ;
ആങ്ങണത്തിപ്പനെപ്പോ,മടുക്കലു-
ണ്ടിങ്ങു വാല്മീകിതന്റെ പുണ്യാശ്രമം.'
എന്നുമാത്രനായ് ചൊല്ലി വലംവെച്ചു
മന്ദമശ്രുവും വാർത്തുമടങ്ങിനാൻ.

ദേവരൻ നടകൊൾവതു വിസ്മയം
താവുമക്ഷിയാൽ വീക്ഷിച്ചു ജാനകി,
'എന്നെയിട്ട കളിപ്പിയ്ക്കയാണതി-
ധന്യനീ ഭ്രർത്തൃസോദരൻ ലക്ഷ്മണൻ!
ജീവിതാധികപ്രേയസിയാമെന്നെ-
ക്കൈവിടുമോ വൃഥൈവ രാഘവൻ?'
എന്നുചിന്തിച്ചുകൊണ്ടിമവെട്ടാതെ
നിന്നുലക്ഷ്മണൻ ഗംഗ കടപ്പോളും;
പിന്നെയെന്തു, താൻ തൃക്കയായ് വാസ്തവം
തന്നെയെന്നറിഞ്ഞല്പൽ പൊറുക്കാതെ
പ്രാണസംശയാവസ്ഥയിൽ മൂർച്ഛിച്ചാ-
ക്ഷോണിമേൽവീണ വൈദേഹനന്ദിനി!
അപ്പോഴന്നങ്ങരം പക്ഷിയൂഗങ്ങളാൽ
ശുഭ്രനീർകൊണ്ടുവന്ന തളിച്ചുതേ;
പൂമലർമണം പൂണ്ടുകൊണ്ടെമ്പോട്ടം
കോമളമായിവീശീ കുളിർതെന്നൽ;
കൊമ്പനാനകം വന്നൊത്തി പുറമെ
തുമ്പിക്കയ്യിൽനിറച്ച തണ്ണീരുമായ്:
ധൂളിപറിയ പൊന്തിരുമെയ്യിനെ
ക്ഷാളനംചെയ്യുവാനെന്നപോലവെ;

Digitized By Kerala Sahitya Akademi

എന്തിതെന്നു പകച്ചു മിഴിയുമാ-
യന്തികേവന്നുനിന്ന മൃഗവ്രജം;
സാധു പുഷ്പിച്ചുനില്പായി വൃക്ഷങ്ങളം
മാധവമാസമോടുക്രൂരാതെ താൻ!
ആ മഹാസാധ്വിയപ്പോളുണർവാനാ
രാമരാമേതി നേത്രം വിലപിച്ചുപാം.
'ഹാ, മമനാഥ, ദീനൈകബാന്ധവ,
രാമഭദ്ര, കരുണാസമുദ്രമേ,
എന്തിനാണൊരു തെറുമില്ലാതെന്നെ-
സ്സന്ത്യജിച്ചതു കാനനത്തിൽവെ ച്ചവാൻ?'
മുറുമേവം വിലപിച്ചിടയ്ക്കിടെ-
ച്ചുറുമേനോക്കി മങ്ങിമയങ്ങിനാൾ.

അപ്പൊഴുതുതൻ ശിഷ്യരൊത്തു വന-
മുറംപ്പൂക്ക മഹാഭാഗനാം വാല്മീകി
വികിളബന്ധുപരമമിക്കരത്തിൽ കേ-
ട്ടറിക്കനിവാൻ ശിഷ്യരോടോതിനാൻ:—
'ഭോലാരകാന്താരമധ്യത്തിലുത്തൽ പു-
ണ്ടൊരുവാൻ കേഴ്വതെന്നു പോയ്നോക്കുവിൻ.'
ആ മുനിശിഷ്യർ, സീത കണ്ണീരൊട്ടും
രാമരാമേതി കേഴുമിടത്തെത്തി,
സ്ത്രീയെയാരുത്തിയെക്കണ്ടതുഴറൊട്ടും
പോയറിയിച്ചുകൊണ്ടാർ ഗുരുവിനെ.
എത്തിനാനുടൻ സീതാന്തികേ മുനി;-
യത്തപസ്വിയെക്കണ്ടുടൻ മൈഥിലി
'മാമുനേ, തൊഴാം വേദമൂർത്തേ, വ്രത-
ശ്രീമഹാംബുധേ!' എന്നു വണങ്ങിനാൾ.
'വല്ലഭനൊത്തുവാഴ്ക വളരെനാൾ!
നല്ലമക്കളുമുണ്ടായ് വരട്ടെ തെ!'
എന്നിവണ്ണമനുഗ്രഹിച്ചാസ്ഥയാ
സുന്ദരിയോടുചോദിച്ച താപസൻ:—
'ആരുവാൻനീ? കൊടുംകാടു പൂകുവാൻ
കാരണമെന്ത,ഴലെന്തു? ചൊൽകെല്ലാം.'
ചൊല്ലിനാൾസീത ദീനസ്വരത്തില-
ക്കല്യനോടേറെ വീർത്തും വിറക്കൊണ്ടും:—
'നേരശേഷം കഥിക്കാം മഹാമുനേ:
ശ്രീരഘുനാഥനിയാകുന്നുഞാൻ;

Digitized By Kerala Sahitya Akademi

ഹേതുവെന്തൊ, മഹീശനപേക്ഷിച്ചാ-
നേതുമെ പിഴയില്ലാതെ താനെന്നൊ.
ഏന്നെയിങ്ങു വെടിഞ്ഞു മടങ്ങിപ്പോയ്
മന്നവനടെയാജ്ഞയാൽസ്സൌമിത്രി!'
പൂവൊളിമുഖത്രശ്രു പൊഴിഞ്ഞുകൊ-
ണ്ടേവമോതിയ സീതയെ മാമുനി
സാന്ത്വനംചെയ്തു ചൊന്നാൻ:—'വിദേഹജെ,
ഞാൻതവ പിതൃദേശികൻ വാല്മീകി;
ചെറുമല്ലൽ വേണ്ടെ,ന്നാശ്രമം തവ
മറൊരുദിക്കിലുള്ള പിതൃഗൃഹം!
പോരികങ്ങോട്ടു; കോപമെനിക്കുണ്ടെൻ-
ചാരുശീലേ, നരേന്ദ്രനിച്ചെയ്തതിൽ.'
ചൊല്ലിതുകേട്ടു സാധ്വിയാം മൈഥിലി-
യുള്ളലലിവും കുറഞ്ഞു കരംക്കാനിൽ.

ഏവമാശ്വസിപ്പിച്ചു ദുഃഖാശ്രുവാ-
ലാവിലാക്ഷിയാം സീതയെ വാല്മീകി
കൊണ്ടുപോയാൻ, തപസ്വിനിമാർ കൂടി-
കൊണ്ട പുണ്യാശ്രമത്തിങ്കലേയ്ക്കുടൻ.
വൻതപോനിധിയായ വാല്മീകിയെ-
ക്കുറിച്ചുതന്നെ നടക്കുമെജ്ജാനകി
ചാരുത്രപനാം ചന്ദ്രനെ പിൻചെന്ന
താരപോലെ വിളങ്ങിമനോഹരി.
താപസാവൃതം സാശ്രമം പുക്കവൻ
താപസിമാർക്കു കാട്ടിനാൻ സീതയെ;
സീതയസ്സ്തിമാരെ വണങ്ങിനാഠം
പ്രീതിയോടവർ പുൽകിനാരേവരും.
ചൊല്ലെഴുമൃഷിശ്രേഷ്ഠൻ സശിഷ്യനെ-
ച്ചൊല്ലിവിട്ടുടൻ, ജാനകിദേവിക്കായ്,
നന്മരമിലയെന്നിവകൊണ്ടതി-
രമ്യമായൊരു പാപ്പിടം തീർപ്പിച്ചാൻ.
തത്രകായ് കിഴങ്ങുണമായ് വാല്മീകി-
യെത്താത്ത ശ്രശ്രൂഷചെയ്തു പാത്താളവരം—
രാമനാമം സ്മരിച്ചും ജപിച്ചുമാ
ശ്രീമഹാസാധ്വിയങ്ങു നാഠംപോക്കിനാഠം.

Digitized By Kerala Sahitya Akademi

ജാതരായ്വന്നപിന്നെ യഥാകാലം
പൂതഗാത്രികരണ്ടുകുമാരകർ,
രാമചന്ദ്രന്റെറനേർ പകപ്പായഭി-
രാമത്രപരായശ്ചികഠംക്കൊപ്പമേ.
സീതപെററ കിടാങ്ങഠംക്ക ഹ്വഷ്ടനായ്—
ജാതകമ്മാടി ചെയ്തിതു വാല്മീകി—
കമ്മമെല്ലാം കശലവത്താലെയാ-
ണമ്മുനി ചെയ്തതഗ്രിമമന്ത്രജ്ഞൻ;
എന്നതുമൂലമല്ലോ കശൻ ലവ-
നെന്നപേരിൽ വിളിപ്പെട്ട കുട്ടികഠം.
മംഗളക്രിയ മാമുനി ചെയ്തയാൽ
മഞ്ജുളാക്ഷിക്കകം കളിത്തു തുലോം.
അന്ന രാവിങ്കലത്രേ. ലവണനെ-
ക്കൊന്ന തെല്ലുഭടരുമായ് ശത്രുഘ്നൻ
ചെന്നതാശ്രമേ; തത്ര ശത്രുഘ്നനോ-
ടൊന്നുചൊല്ലിയുറപ്പിച്ച വാല്മീകി:—
'സീതപുത്രരെപ്പെററതു രാമനോ-
ടോതരുതങ്ങു; ഞാൻ കണ്ടു ചൊല്ലുവൻ.'

മൈഥിലീപുത്രർ ശുക്ലപക്ഷേന്ദുവിൻ
ചാതുരിയിൽ വളന്നുവന്ന ക്രമാൽ,
കായ്തിഴഞ്ഞു ഭജിച്ചുങ്ങഴകെഴും
മെയ് കൊഴുത്തുരുണ്ടോടിത്തിമത്തുമേ.
ചെയ്യകാലത്തുപനയനം മുനി
വേദവേദാംഗപാഠം കഴിപ്പിച്ചു;
ശ്രീധനുർവേദരാമായണങ്ങളും
മൈഥിലേയരെയഭ്യസിപ്പിച്ചുതേ.
പിനു നൽകിനാൻ പൊന്നണിച്ചാപവു-
മമ്പൊടുങ്ങാത്ത തൂണീരയുഗവും,
വൈരികഠം വിറക്കൊള്ളുമഭേദ്യമാം
ചാരുചട്ടയും, ചട്ടററ ഖഡ്ഗവും,
കീറിയെന്നുവരാത്ത പരിചയും
ക്രൂരിയന്നിരുപേക്കും ഗുരുനാഥൻ.
വാഠംപരിച വില്ലേന്തിയങ്ങാശ്രമേ
വായ് ചശോഭയോടശ്വികഠം പൊലവേ

Digitized By Kerala Sahitya Akademi

മോദശീലരായ് സ്സഞ്ചരിയ്ക്കും ധന-
വേദപാരഗരാമകദമാരരെ
കണ്ടുസീതയ്ക്കു വിദ്വേഷജാതമാ-
മിണ്ടൽനീങ്ങിക്കളിർത്തു മനസ്സേററം.

ജാനകിക്കു കിടാങ്ങളുണ്ടായതു
ഞാനിതാ, ഭവാനോടു ചൊല്ലീടിനോൻ;
വീരർതൻകയ്യുറുത്തുവല്ലോ ലവ-
നാരണ, കേൾക്ക ചിന്നാതെതവൃത്താന്തം:

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷ്ഠവാത്സ്യായന സംവാദം, രാജശ്വമേധപ്രകരണം, കുശലവോല്പത്തി കഥനം അമ്പതഞ്ചാമദ്ധ്യായം.

(0)

അറുപത്തൊന്നാമദ്ധ്യായം

ശേഷൻ:—തന്റെ വീരന്മാരുടെ കൈമുറിക്കപ്പെട്ടതു കണ്ടിട്ട് ശത്രുഘ്നൻ കോപം വളർന്നു; അദ്ദേഹം അരിശത്താൽ പുണ്ടുകടിച്ചു ചോദിച്ചു:—'ഏതൊരു വീരനാണ് നിങ്ങളുടെ കൈ മുറിച്ചുകളഞ്ഞതു്? ദേവകീം രക്ഷിച്ചാൽക്രുടി അവന്റെ കൈരണ്ടും ഞാൻ കൊയ്യുന്നുണ്ടു്! ആ അവിമൃഢനു രാമചന്ദ്രന്റെ വന്മിച്ചു ബലം മനസ്സിലായിട്ടില്ല; അതു ഞാൻ എന്റെ പരാക്രമംകൊണ്ടു കാട്ടിക്കൊടുക്കാം! ആ വീരൻ എവിടെ? മനോഹരമായ കുതിര എവിടെ? ഉറങ്ങിയിരുന്ന പാവുകളെ, കരുത്തോക്കാതെ കടന്നോടുന്ന മൂഢൻ ആരാണ്?' രാമചന്ദ്രന്റെ രൽസപത്രപത്തിലുള്ള ഒരു ബാലനാണെന്നു്, ആ വീരന്മാർ ശത്രുഘ്നനോടും അശ്വരക്ഷകരോടുംക്രുടി അറിയിച്ചു. ഒരു കുട്ടിയാണ് കുതിരയെ പിടിച്ചതെന്നു കേട്ടപ്പോൾ ക്രോധത്താൽ കൺചുകന്ന ശത്രുഘ്നൻ പൊരുതാൻതന്നെ നിശ്ചയിച്ചു് കാലാജിത്തു് എന്ന സേനാപതിയോടാജ്ഞാപിച്ചു:—'സേനാപതി, സൈന്യമെല്ലാം ഒരുക്കുക; ഇപ്പോൾ മഹാബലപരാക്രമനായ ഒരു ശത്രുവിനോടു നേരിടേണ്ടിയിരിക്കുന്നു: അതു് ഒരു വെറും കുട്ടിയല്ല; ഇന്ദ്രനൊ രുദ്രനൊ മറൊ ആയിരിക്കാം. അല്ലെങ്കിൽ നമ്മുടെ കുതിരയെ പിടിക്കില്ലായിരുന്നു. തീവ്രയായും സൈന്യത്തിനു വലിയ പരിശ്രമ പറഞ്ഞേക്കും. നമ്മുടെ വീരന്മാർ നന്നായി സന്നാഹം ക്രുടിവേണം, ആ കുട്ടി ക്രസൽക്രുടാതെ തായ്യാട്ടം കൂട്ടി കളിയാടുന്നേടത്തേയ്ക്കു പോകുവാൻ.' ഉടനെ സേനാപതി

Digitized By Kerala Sahitya Akademi

സൈന്യത്തെ തെയ്യാറാക്കി; അതിനെ ശത്രുഘ്നൻ കുതിരയെ പിടിച്ച കുട്ടിയുടെ അടുക്കലേയ്ക്കു തെളിച്ചുവിടുകയും ചെയ്തു.

ആ നാലംഗപ്പെരുമ്പട, മന്നിടം കുലുങ്ങുകയും മാറലർ നടുങ്ങുകയും ചെയ്യുമാറു നടകൊണ്ടു. പടത്തലവൻ ആ കുമാരനെ രാമന്റെ തത്സദൃരൂപത്തിൽ കണ്ടിട്ടു, ഗുണദോഷം പറഞ്ഞുനോക്കി:—'ഉണ്ണി, കരുത്തേറിയ രാമന്റെ മികച്ച കുതിരയെ വിട്ടേയ്ക്കുക. ഒരു തിരുമേനിയുടെ പടത്തലവൻ, കുറുമ്പു ക്രൂടിയ കാലജിത്താണ് ഞാൻ. ഉണ്ണിയ്ക്കു രാമന്റെ ഛായയുള്ളതുകൊണ്ടു് മറ്റൊരാളോടു കനിവു തോന്നു; അല്ലെങ്കിൽ എന്റെ വപ്പായ് മയാൽ ഉണ്ണിക്കു് ഉയിരു പോയ്പ്പോകും!' ശത്രുഘ്നസേവകന്റെ ഈ വാശ കേട്ടിട്ടു ലവൻ ഒന്നു പുഞ്ചിരിക്കൊണ്ടു; പിന്നീടു് അല്പം അരിശത്തോടേ ഉരിയാടി:—'താൻ പോയ്ക്കൊള്ളു; തന്നെ ഞാൻ വിട്ടിരിയ്ക്കുന്നു. കുതിരയെ പിടിച്ച വിവരം ആ രാമനോടു ചെന്നു പറയു. തന്റെ മിരട്ടു കേട്ടാൽ പേടിയ്ക്കുന്നവനല്ല ഞാൻ. ഇതിലൊന്നും ഞാൻ ശ്രദ്ധിയ്ക്കുകയില്ല: തന്നെപ്പോലെ നൂറുനൂറായിരം പേർ വന്നാൽത്തന്നെ, അമ്മയുടെ തിരുവുള്ളത്താൽ രക്ഷനിയ്ക്കു പതിരിന്നു ശരി! തന്റെ കാലജിത്ത് എന്ന പേർ, തൊണ്ടിപ്പഴംപോലെ, വണ്ണത്താലാണ് വീര്യത്താലല്ല മനോജ്ഞമായിരിയ്ക്കുന്നത്; പേരിന്നപേക്ഷ കരുത്തു തനിയ്ക്കുണ്ടെങ്കിൽ കാണിയ്ക്കു; തന്റെ കാലനായ എന്നെ ജയിച്ചാൽ തന്റെ പേർ സാർത്ഥമാകും!' ഈ വജ്രതുല്യമായ വചനം ആ സേനാധ്യക്ഷനെ വല്ലാതെ ശുണ്ഠി പിടിപ്പിച്ചു; അയാൾ വീണ്ടും കഥിച്ചു:—'കുട്ടി ഏതു വംശത്തിൽ പിറന്നവനാണ്; പേരെന്താണ്? കുട്ടിയുടെ പേരും വംശവും ശീലവും പ്രായവും എനിയ്ക്കറിഞ്ഞുകൂടാ; വെറും നിലത്തുനില്ക്കുന്നവനോടു ഞാൻ തേരിൽനിന്നു പൊരുതുന്നതു അധർമ്മമാകുമല്ലോ!' ഉടനെ ലവൻ അത്യന്തം കോപത്തോടെ പറഞ്ഞു:—'കുലവും ശീലവും പേരും പ്രായവും എന്തിന്? ഞാൻ, ലവൻ, പറവലർപ്പടകളെ മുഴുവനും ക്ഷണത്തിൽ ജയിയ്ക്കുന്നുണ്ടു്; ഇതാ, തന്നെയും ഞാൻ കാലാളാക്കിയേയ്ക്കാം!'

ഇപ്രകാരം പറഞ്ഞു ബലവാനായ ലവൻ വില്ലു കുലച്ചു, വീരന്മാരെ വിറപ്പിച്ചുംകൊണ്ടു് ഒരു ചെറുഞാണൊലിയിട്ടു; പിന്നെ, ഒന്നാമതായി വാല്മീകിയേയും രണ്ടാമതു സീതയേയും സ്മരിച്ചു, സദ്യഃപ്രാണഹരങ്ങളായ തീക്ഷ്ണബാണങ്ങളം എയ്തുവിട്ടു. പോർവിരുതുള്ള കാലജിത്തും ക്രോധത്തോടെ വില്ലു കുലയേറി ലവനെ ബാണങ്ങളം കൊണ്ടെയ്തു; കുശാനുജൻ അവയെ ക്ഷണനേ ഖണ്ഡിച്ചു് എട്ടു ശരങ്ങളം

Digitized By Kerala Sahitya Akademi

കൊണ്ടു പടത്തലവന്റെ തേർ ഉടച്ചുകളഞ്ഞു. ഉടനെ അയാളുടെ ആഠംക്കാർ പിഴുതു മിശിരുടേ മഷിനീർ ഒഴുകുന്ന ഒരു ഉഗ്രക്കേറിയ കൊമ്പനാനയെ അരികത്തെത്തിച്ചു. അയാൾ അതിന്റെ പുറത്തു കേറിയ തോട്ടക്കുടി, ശത്രുക്കളെയെല്ലാം ജയിയ്ക്കുന്ന ലവൻ വില്ലിൽനിന്നു പത്തു ബാണങ്ങൾ എയ്തുവിട്ടു. ലവന്റെ വീര്യം കണ്ടിട്ട് അത്ഭുതംപൂണ്ട കാലജിത്ത് ഒരു വമ്പിച്ച കാരിരുമ്പിൻഗദ അതെഞ്ഞോടിങ്ങു. പതിനായിരം ഭാരം ഇരിമ്പുകൊണ്ടു നിർമ്മിച്ചതായ ആ ഗദ അടുത്തെത്തിയപ്പോഴ്ക്കും ലവൻ കത്തിയമ്പുകൊണ്ടു മൂന്നായി മുറിച്ചുകളഞ്ഞു. ഉടനേ കാലജിത്തു പാറലിങ്ങളുടെ പ്രാണനെ കവരുന്ന ഒരു ഘോരപരിഘം പ്രയോഗിച്ചു. അതും ക്ഷണത്തിൽ ലവൻ മുറിച്ചിട്ടു; പിന്നീട് അയാളുടെ അനുപുറത്തുള്ള ഇരിമ്പു കണ്ടിട്ട് അരിശത്താൽ കൺചുകന്ന കൃശാനുജൻ വാരിക്കൊണ്ടു രഥനയുടെ തുമ്പിക്കൈ വെട്ടി, രണ്ടു കൊമ്പിന്മേലുമായി ചവുട്ടി പുറത്തേയ്ക്കു കയറി, കാലജിത്തിന്റെ തലപ്പാവും കവചവും തൂരായി നൂക്കി, തലമുടി പുറകിലിട്ടിട്ടു അയാളെ നിലത്തു തള്ളിയിട്ടു. ആനപ്പുറത്തുനിന്നു വീഴ്ത്തപ്പെട്ടതിൽ അരിശംമൂത്ത കാലജിത്തു ലവനെ വജ്രംപോലുള്ള മുഷ്ടിചുരുട്ടി മാറത്തിടിച്ചു. ലവൻ ക്ഷണത്തിൽ വില്ലുവളച്ചു മൂർച്ചയേറിയ കത്തിയമ്പുകൊണ്ടു കാലജിത്തിന്റെ മാറത്തേയ്ക്കു വിട്ടു. എത്രയെത്ര ശരങ്ങളേറാലും പൊട്ടാത്ത ചട്ടയും തൊപ്പിയും ധരിച്ചിരുന്ന ലവൻ വലയാകൃതിയിലുള്ള വില്ലുമായി പടകളത്തിൽ വിളയാടി. ക്രൂരനുകളേറെ കാലജിത്തു കോപത്താൽ പല്ലു കടിച്ചുകൊണ്ടും മേൽക്കുമേൽ കിതച്ചുകൊണ്ടും ലവനെ കൊല്ലുന്നതിന്നു ഒരു വാളെടുത്തു നേരിട്ടു. ഉടനെ ലവൻ കത്തിന്റെ നടുക്കായി ഒരു വെട്ടുവെട്ടി. കൈപ്പിടം വാളോടുകൂടി നിലത്തു വീണു. അപ്പോൾ സേനാപതി ഇടത്തെ കയ്യുകൊണ്ടു ഗദയെറിയാൻ തുടങ്ങി. തോൾവളയണിഞ്ഞിരുന്ന ആ കയ്യും ലവന്റെ ക്രൂരനുകളാൽ ഛേദിയ്ക്കപ്പെട്ടു. അതിൽ കലികൊണ്ട കാലജിത്തു ലവനെ രണ്ടു കാലുകൊണ്ടും ചവുട്ടുകയായി. ആ ചവുട്ടേറിട്ടും ലവൻ മാലകൊണ്ടു അടിക്കപ്പെട്ട മാതംഗമെന്നപോലെ കുനുങ്ങാതെ നിന്നു, കാലജിത്തിന്റെ കാലുകളും ഖണ്ഡിച്ചുകളഞ്ഞു. അപ്പോൾ അയാൾ തലകൊണ്ടു താഡിപ്പാൻ ഒരുമ്പെട്ടു. ആ പൌരുഷംകണ്ട ലവൻ കാലാനലോപമമായ ഒരു കൈവാൾ വലുത്തു മികച്ച തലപ്പാവുകൊണ്ടു ശോഭിച്ചിരുന്ന അയാളുടെ തല വീഴ്ത്തി.

സേനാപതി വീഴിക്കപ്പെട്ടപ്പോൾ ഒരു വമ്പിച്ച 'ഹാഹാ'ശബ്ദം ഉയർന്നു. പടജ്ജനങ്ങൾ പരമക്രോധത്തോടെ ലവനെ കൊല്ലുവാൻ പാഞ്ഞടുത്തു. അവരെയാകട്ടെ ലവൻ തെരുതെരെ അമ്പുകൊണ്ടെയ്തു പായിക്കുകയായി. [ചിലർ മുറിപ്പെട്ടു; ചിലർ പിളർത്തപ്പെട്ടു; ചിലർ

Digitized By Kerala Sahitya Akademi

പടക്കളത്തിൽ നിന്നോടി.] ലവൻ പടയാളികളെയെല്ലാം തടുത്തു വരാഹമൂർത്തി പ്രളയസമുദ്രത്തിലേയ്ക്കെന്നപോലെ പെരുംപടയിലേയ്ക്കു കടന്നു. അനേകം, മസ്തകം പിളർന്നു വീണതിനാൽ, മന്നിടം മുത്തുമണികളെ കൊണ്ടു മൂടി, പർവതങ്ങളിലെന്നപോലേ ദുർഗ്ഗമമായിച്ചമഞ്ഞു. പൊന്നിൻചീനികളെകൊണ്ടും രത്നാഭരണങ്ങളെകൊണ്ടും പരിശോഭിച്ചിരുന്ന ഒലിവുങ്ങളായ തുരഗങ്ങൾ രക്തകയത്തിൽ നിപതിച്ചു. തേരാളികൾ കയ്യിൽ വില്ലുമായി തേരിട്ടിൽ വീണ്, സപര്യത്തിൽ ദേഹങ്ങളുടനെ ശവമായ് ശയിച്ചു. ജീവൻ വിടുവാനുള്ള പടയാതിവീരന്മാർ ചുറ്റുകടിച്ചും മുറിവുകടിച്ചുകടി പൂണ്ടും വിപ്രംപൊരുതിക്കാണ്മാനായി. കതിരഞ്ഞലകളാകുന്ന ശ്രീകണ്ഠരുടെക്രുടിയ ചോരപ്പുഴ വൈരികൾ ഭയപ്പെടുമാറു കുത്തിയൊലിച്ചു തുടങ്ങി. ചിലർക്കു കൈകളും, ചിലർക്കു കാലുകളും, ചിലർക്കു തൊടികളും, ചിലർക്കു മുകളും മുറിഞ്ഞുപോയി. കവചകുണ്ഡലങ്ങൾ തകർന്നു. ഇങ്ങിനെ, പടത്തലവൻ വണപ്പോൾ, ആ പടസ്സുകൾ വല്ലാത്ത പരിഭ്രമം പറഞ്ഞറിയിച്ചു. വീരന്മാരെല്ലാം വീണുകിടപ്പായി; തേരും തകർന്നുപോയിട്ടില്ല. ലവനോ, ആ ശത്രുപടയെ ജയിച്ചു മറവരെങ്കിലും വന്നതാരോടാ എന്നു നോക്കി നില്പായി.

ഭാഗ്യംകൊണ്ടു യുദ്ധത്തിൽ മരിക്കാതെ പാഞ്ഞുപോന്ന ഏതാനും പേർ ശത്രുഘ്നന്റെ അടുക്കലെത്തി, പോക്കളത്തിൽ ഉണ്ടായതെല്ലാം അറിയിച്ചു. കാലജിത്തിനെ ഒരു ബാലൻ വധിച്ചുവെന്നും അവന്റെ വിചിത്രമായ ഭാവഭാവത്തെയും കേട്ടിട്ടു ശത്രുഘ്നൻ പകച്ചുപോയി. അദ്ദേഹം കോപത്താൽ പല്ലുകടിച്ചുകൊണ്ടു ചോദിച്ചു:—'എന്തു! വീരന്മാരെ, നിങ്ങൾക്കു ഭ്രാന്തുണ്ടോ? അതോ, കള്ളു പോകുന്നോ? എന്തും പോകടം പറയാൻ? കാലജിത്തു മരിച്ചു എന്നോ? അയാൾ യുദ്ധത്തിൽ അനേകം ശത്രുക്കളെ പിളർത്തി ജയം നേടിയിട്ടുള്ളവനാണ്. അന്തകൻപോലും അടുത്തുകൂടാത്ത അയാളെ ഒരു കുട്ടി കൊലപ്പെടുത്തുകയോ!' ആ ചോരയിലാറാടിയിരുന്ന വീരന്മാർ ഉണർത്തിച്ചു:—'തിരുമേനി, ഞങ്ങൾപോകട ഭ്രാന്തില്ല; കള്ളോ കള്ളിനോ പറയുകയുമല്ല. കാലജിത്തിനെ ലവൻ കൊലചെയ്തതു പരമാർത്ഥമാണ്. എന്നാലും, ആ നിസ്തുല്യശൌര്യനായ ബാലൻ സൈന്യത്തെയും മുഴുവൻ മർദ്ദിച്ചുകളഞ്ഞു. ഇനി എന്തുവേണ്ടു? ഏതെല്ലാം രാജശ്രേഷ്ഠന്മാരെയാണ് അയയ്ക്കേണ്ടതു്? കുട്ടിയാണെന്നു വിചാരിച്ചു് ഇവിടുന്ന് അവനോടു നേരിടാൻ ഒരുമ്പെടരുതു്. ഇതുകേട്ടിട്ടു ശത്രുഘ്നൻ യുദ്ധനിശ്ചയത്തിന്നുവേണ്ടി ബുദ്ധിമാനായ സുമതിയോടു ചോദിച്ചു:—

Digitized By Kerala Sahitya Akademi

അറുപത്തൊന്നാമദ്ധ്യായം

ശത്രുഘ്നൻ:—'മന്ത്രിശ്രേഷ്ഠ, ഭവാനറിയാമോ, കുതിരയെ പിടിച്ച കട്ടി ഏതാണ്? അവൻ എന്റെ കടലുപോലുള്ള സൈന്യത്തെയെല്ലാം മുടിച്ചുകളഞ്ഞുവല്ലോ.'

സുമതി:—'തിരുമേനി, വാല്മീകിമഹർഷിയുടെ പുണ്യാശ്രമമാണിത്; ഇവിടെ ക്ഷത്രിയരില്ല. ഇന്ദ്രനോ, ശിവനോ അയിരിയ്ക്കാം, അസൂയകൊണ്ടു കുതിരയെ പിടിച്ചുനിർത്തിയതു്; അല്ലാതെ, അങ്ങയുടെ കുതിരയെ ആർ പിടിയ്ക്കും? രാജേന്ദ്ര, കാലജിത്തിനെ കൊലചെയ്ത മഹാ ശൂരനോടെതിരിടാൻ പുഷ്കലനൊഴിഞ്ഞു് ആരുള്ളു? മാറലരെ മർദ്ദിക്കുന്ന ഭവാനും വീരഭടന്മാരാലും രാജാക്കന്മാരാലുമെല്ലാം പരിവൃതനായി, വമ്പിച്ച സൈന്യത്തോടേ അങ്ങോട്ടെഴുന്നള്ളുകതന്നെ. എന്നിട്ടു് ആ വീരനെ ജീവനോടേ പിടിച്ചു കൊണ്ടുപോയി, നേരംപോക്കിനായി രാമൻ തിരുമേനിയെ കാണിയ്ക്കണമെന്നും എനിയ്ക്കു തോന്നുന്നു.'

ഉടനെ ശത്രുഘ്നൻ വീരന്മാരോടെല്ലാം, 'വമ്പിച്ച സൈന്യവുമായി നിങ്ങളും മുമ്പെ നടക്കുവിൻ; ഞാൻ പിന്നാലെ വരാം' എന്നാജ്ഞാപിച്ചു. അവർ തൽക്ഷണം, ബലവാനായ ലവൻ വില്ലു കുഴിയെ കുലച്ചു ഞാണൊലിയിട്ടുകൊണ്ടു നിന്നുനേടത്തേയ്ക്കു ചെന്നു. ആ വീരന്മാർ നിറഞ്ഞ പെരുംപട നേരിട്ടുനോക്കുകണ്ടിട്ടു് ഒരു ക്രൂസലും ലവനു തോന്നുകയുണ്ടായില്ല. ആ കരുത്തൻ ഒരു സിംഹത്തെപ്പോലെ ഇറങ്ങി, ഭടന്മാരെയെല്ലാം മൃഗങ്ങളായി ഗണിച്ചു, സന്തോഷം ഞാണൊലിയിട്ട ബാണങ്ങൾ ആയിരക്കണക്കിനു ചൊരിയുകയായി. അവയേറ്റു് അരിശംതഴച്ച പടയാളികൾ കൂട്ടി വീരൻതന്നെ എന്നോത്തും കൊണ്ടു നേരെ പാഞ്ഞടുത്തു, വട്ടത്തിലുള്ള അണികളായി ചുഴന്നുനിന്നു: ഒന്നാമത്തെ അണിയിൽ ആയിരവും, രണ്ടാമത്തേതിൽ പതിനായിരവും, മൂന്നാമത്തേതിൽ ഇരുപതിനായിരവും, നാലാമത്തേതിൽ അമ്പതിനായിരവും, അഞ്ചാമത്തേതിൽ ലക്ഷവും, ആറാമത്തേതിൽ ഒരുലക്ഷത്തിപ്പതിനായിരവും, ഏഴാമത്തേതിൽ രണ്ടു ലക്ഷവും യോദ്ധാക്കളുണ്ടായിരുന്നു. ലവൻ ഈ ഏഴണികളുടെ ഇടയിൽ ചെന്തീപോലെ സഞ്ചരിച്ചുകൊണ്ടു പടഭൂനങ്ങളെയെല്ലാം ചുട്ടെരിക്കുകയായി: ചിലരെ വാൾകൊണ്ടും, ചിലരെ ശരംകൊണ്ടും, ചിലരെ പ്രാസംകൊണ്ടും, ചിലരെ കുന്തംകൊണ്ടും, ചിലരെ പട്ടസംകൊണ്ടും, ചിലരെ

Digitized By Kerala Sahitya Akademi

പരിഘംകൊണ്ടും, ആ മഹാത്മാവു സംഹരിച്ചു; അണികളെല്ലാം ഉടഞ്ഞുപോയി. അണികളിൽ നിന്ന നിർഭീകനായ കുശാനജൻ, ശരൽക്കാലത്തു കാറിൻനിരയിൽനിന്ന വേർപെട്ട ചന്ദ്രനെന്നപോലെ ശോഭിച്ചു. ആ ബാലൻ പടയാളികളെ എന്നിവാടും പ്രഹരിച്ചു; അനകളുടെ തുമ്പിക്കയ്യുകളും വളരെ വെട്ടി വീഴ്ത്തി; ചക്രംകൊണ്ടു വീരന്മാരുടെ വന്ദിച്ച തലകളും കൊയ്തു. വളരെ വീരന്മാർ ലവന്റെ ബാണങ്ങളേറ്റു ചത്തുവീണു; ചിലർ മോഹാലസ്യപ്പെട്ടു; ചിലർ പേടിച്ചുരന്നു് പിഞ്ഞെഞ്ഞിച്ചു.

സൈന്യങ്ങൾ ലവന്റെ ബാണമേറ്റഴിഞ്ഞ പിഞ്ഞുമുടങ്ങിയപ്പോൾ, പുഷ്കലക്രോധനായ പുഷ്കലവീരൻ മികച്ച കുതിരകളെ പൂട്ടിമിനുന്ന തേരിലേറി, നില്ലു നില്ലു എന്നും പറഞ്ഞുകൊണ്ടു ലവനോടു പോർ പൊരുതാനടുത്തു. ആ പരമാസ്ത്രപണ്ഡിതൻ ലവനോടു പറഞ്ഞു:—'ഞാൻ നല്ല കുതിരകളെ പൂട്ടിയ ഒരു തേർ തരാം; ഭവാൻ അതിൽകേറി പൊരുതാൻ നില്ലു. അല്ലാതെ, പദാതിയായ ഭവാനോടു ഞാൻ എങ്ങിനെ യുദ്ധംചെയ്യും? ഭവാൻ തേരിൽകേറു; എന്നിട്ടുവേണം എനിക്കു ഭവാനോടു പൊരുതാൻ.' ലവൻ മറുപടി പറഞ്ഞു:—'ഭവാൻ തന്ന തേരിൽകേറി യുദ്ധംചെയ്താൽ എനിക്കു ദോഷമേ വരൂ; ജയം സന്ദിഗ്ധമായിരിക്കും: വീര, ഞങ്ങൾ ദാനംവാങ്ങുന്ന ബ്രാഹ്മണരല്ല; നാംതോറും ദാനംകൊടുക്കുന്ന ക്ഷത്രിയരാണ്. ഇതാ, ഭവാന്റെ രഥം ഞാൻ തകർത്തേയ്ക്കാം; അപ്പോൾ ഭവാനും പദാതിയാകുമല്ലൊ. എന്നിട്ടു യുദ്ധംചെയ്യാം!' ഈ ധർമ്മവും ധൈര്യവും ചേർന്ന വാക്കിനാൽ ഏറ്റവും ആശ്ചര്യപ്പെട്ട പുഷ്കലൻ വില്ലുകുലച്ചു; അതിനെ ലവൻ തൽക്ഷണം അമ്പെയ്തു മുറിച്ചു. പുഷ്കലൻ മറൊരു വില്ലു കുലയേറാൻ തുടങ്ങി; അപ്പോഴെയ്ക്കും ലവൻ ചിരിച്ചുകൊണ്ടു തേർ തകർത്തുകളഞ്ഞു. വില്ലു മുറിച്ചതും തേരുടച്ചതും കണ്ടിട്ടു്, ഇതൊരു മഹാവീരൻതന്നെ എന്നറിച്ച പുഷ്കലൻ പദാതിയായി പോരിനാടുത്തു.

രണ്ടുപേരുടേയും കയ്യിൽ വില്ലുണ്ടു്; രണ്ടുപേരും ശരങ്ങൾ പൊരിയുന്നു; രണ്ടുപേരും ചോരയിലാറാടുന്നു; രണ്ടുപേർക്കും ചട്ട പൊട്ടിപ്പോകുന്നു; രണ്ടുപേർക്കും അമ്പേറു ശരീരം മുറിപ്പെടുന്നു; രണ്ടുപേരും ജയേച്ഛയോടേ പരസ്പരം സംഹരിപ്പാൻ തരം നോക്കുന്നു; ഇങ്ങിനെ അവർ ജയന്തകാത്തികേയന്മാരെന്നപോലെയും പുരാന്തക മുരാന്തകന്മാരെന്നപോലെയും പടക്കളത്തിൽ പടവെട്ടുകയായി. ഇടയ്ക്കു പുഷ്കലൻ, 'ശൂരന്മാർക്കു ശിരോരത്നമായ ലവ, അങ്ങയ്ക്കൊത്ത ഒരു വീരമൌലിയെ ഞാൻ കണ്ടിട്ടില്ല; ഞാൻ ഇതാ, അങ്ങയുടെ തല ക്ര

Digitized By Kerala Sahitya Akademi

രനുകർംകൊണ്ടു കൊയ്തുവീഴ്ത്തുകയായി; യുദ്ധത്തിൽ നിന്നോടിക്കളയരുതു". കുരുതിനിന്ന പ്രാണനെ രക്ഷിച്ചുകൊള്ളുക!' എന്നരചനറഞ്ഞു, വീരലവനെ ശരപഞ്ജരത്തിലാക്കിക്കളഞ്ഞു: പുഷ്കലന്റെ ബാണങ്ങൾ ഭൂമിയിലും ആകാശത്തും നീളെ നിറഞ്ഞു! ശരപഞ്ജരത്തിൽ അകപ്പെട്ട ലവൻ, 'വീര, ഭവാൻ ചെയ്തതു ശ്ലാഘ്യംതന്നെ: എന്നെ ശരങ്ങൾകൊണ്ടു പീഡിപ്പിച്ചുവല്ലോ!' എന്നിങ്ങിനെ, അനുകളെയും, ആ ശരസംഘാതത്തെ ഭേദിച്ചിട്ട, വീണ്ടും വീരപുഷ്കലനോടരിയാടി:—'ഘോരിൽ സൂക്ഷിച്ചു നിന്നോളു; ഭവാൻ എന്റെ ബാണമേറു മുറിപ്പെട്ട ചോരയിൽ മുങ്ങി നിലംപൊത്തിപ്പോകും!' ഇതുകേട്ടിട്ട കോപംമുഴുത്ത പുഷ്കലൻ കുരുത്തറിയ വീരലവനോട് ഉടനിൽ പൊരുതുകയായി. അതിൽ അരിശംവളർന്ന ലവൻ ശത്രുക്കളെപ്പിളർത്തുന്ന പാമ്പുപോലുള്ള ഒരു തീക്ഷ്ണസായകം ആവനാഴിയിൽനിന്നു വലിച്ചെടുത്തു; അതു വില്ലിൽനിന്നു പാഞ്ഞു് സമുജ്ജ്വലിച്ചുംകൊണ്ടു് മാറിടം പിളർന്നാൻ അടുത്തപ്പോഴേയ്ക്കും ഭരതപുത്രൻ ഒരു പ്രാണഹാരിയായ ശരംകൊണ്ടു് മുറിച്ചുകളഞ്ഞു. അതിൽ അമർഷംതഴച്ച ലവൻ മറൊരു ഘോരശരം എടുത്തു് ചെവിവരെ വലിച്ചു വില്ലിന്മേൽ തൊടുത്തുവിട്ടു; ആ സായകം പാഞ്ഞതണഞ്ഞു് പുഷ്കലന്റെ മാർത്തടം പിളർത്തുകതന്നെ ചെയ്തു. ആ ശൂരശിരോമണി നിലത്തു പതിച്ചുപോയി.

അതുകണ്ടു് ഹന്തമാൻ മോഹാലസ്യപ്പെട്ട പുഷ്കലനെ എടുത്തു രാമാനുജന്റെ അരികിലെത്തിച്ചു. പുഷ്കലൻ മോഹിച്ചുവീണതിൽ ദുഃഖവിവശനായിത്തീർന്ന ശത്രുഘ്നൻ ലവനെ കൊല്ലുന്നതിനു് ക്രോധത്തോടെ വായുപുത്രനെ കൂവിച്ചയച്ചു. അരിശംകൊണ്ടെരിഞ്ഞ ഹന്തമാൻ കുരുത്തേറിയ ലവനെ ജയിപ്പാൻ ഒരു പൂള (ഇലവു്) വൃക്ഷവുമോങ്ങി പാഞ്ഞടുത്തു്, ആ മരം ലവന്റെ മൂർദ്ധാവിലേയ്ക്കു ചാട്ടി; അതു് അടുത്തുചെന്നപ്പോഴേയ്ക്കും ലവൻ വ്യാജമി നടുക്കിക്കളഞ്ഞു. വീണ്ടും, മഹാബലനായ മാരുതി വൃക്ഷങ്ങളം വേരോടെ പറിച്ചെടുത്തു്, നെഞ്ഞത്തും തലയ്ക്കും താഡിച്ചു. ലവനോ, പ്രഹരിപ്പാനായി ഹന്തമാൻ കൈക്കൊണ്ട വൃക്ഷങ്ങളെ മുച്ചൂടും ക്രൂരനൃകർംകൊണ്ടു് മുറിച്ചിട്ട. അപ്പോഴം വാനരേന്ദ്രൻ ഗന്ധശൈലത്തോളം പോന്ന കല്പകം പറിച്ചെടുത്തു ശിരസ്സിലേയ്ക്കാഞ്ഞെറിഞ്ഞു; അവയേയും വില്പയത്തിയ ലവൻ ബാണങ്ങൾകൊണ്ടു്, ധാന്യങ്ങളെ തിരികല്ലുകർംകൊണ്ടെന്നപോലെ പൊടിപൊടുത്തി. അതിൽ കലികൊണ്ട കപിശ്രേഷ്ഠൻ ലവനെ വാലുകൊണ്ടു കൌശലത്തിൽ ചുറ്റിവരിഞ്ഞു; ഉടനേ ലവൻ അമ്മയെ മനസ്സിൽ സ്മരിച്ചുകൊണ്ടു് വാലിന്മേൽ കൈചുരുട്ടിയിടിച്ചു ആ ഇടിയാൽ വേദനപ്പെട്ട മാരുതി ലവനെ വിട്ടു. ലാംഗ്രലബന്ധത്തിൽ

Digitized By Kerala Sahitya Akademi

നിന്നു വേർപെട്ടപ്പോൾ ആ ബലവാൻ ബാണങ്ങൾ തെരുതെരെ പൊഴിക്കുകയായി; അവ തറഞ്ഞു ഹനുമാന്റെ ശരീരമെല്ലാം മുറിപ്പെട്ടുപോയി. ആ ശരവർഷം അദ്ദേഹത്തിനു ദുസ്സഹമായിത്തീർന്നു. ഞാൻ എന്തുചെയ്യേണ്ടു? ഇവിടംവിട്ടോടിയാൽ, അത് എന്റെ സ്വാമിക്കു് കുറച്ചിലായി വരും; ഇവിടെയോ, കുട്ടിയുടെ കൈയ്ത്തു! ബ്രഹ്മാവിന്റെ വരംമൂലം എനിക്കു മോഹാലസ്യമില്ല, മരണമില്ല; ഈ ശരവർഷം സഹിപ്പാൻ വയ്യതാനും! എന്താണിനി ചെയ്യേണ്ടതു്? ശത്രുഘ്നൻ വന്നു പൊരുതി കുട്ടിയെ ജയിച്ചുകൊള്ളട്ടെ. അതിനുവേണ്ടി, ഞാൻ കളവായി മോഹാലസ്യംപ്പെട്ടു കിടന്നായ്ക്കാം.' എന്നു നിശ്ചയിച്ചു് അദ്ദേഹം കപടമൂർച്ഛിതനായി, വീരരെല്ലാം കാണ്കെ രഥത്തട്ടത്തിൽ പതിച്ചുകളഞ്ഞു. മഹാബലനായ മാരുതിയെ മോഹാലസ്യപ്പെട്ടതായി കണ്ടിട്ടു്, ലവൻ രാജാക്കന്മാരെയെല്ലാം ശരവർഷംകൊണ്ടു സംഹരിച്ചു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, ഹനുമൽപതനം അനുപത്തൊന്നാമദ്ധ്യായം.

(൭)

അനുപത്തൊന്നാമദ്ധ്യായം

ശേഷൻ:—ഹനുമാൻ മോഹാലസ്യപ്പെട്ടതു കണ്ടിട്ടു് വിഷാദമുൾക്കൊണ്ട ശത്രുഘ്നൻ, 'ഞാൻ എന്തുചെയ്യേണ്ടു? ഈ കുട്ടി വലിയ ബലവാൻതന്നെ' എന്നു ചിന്തിച്ചുകൊണ്ടു, താൻതന്നെ പൊന്നിൻതേരിലേറി, വീരശ്രേഷ്ഠന്മാരോടുമൊന്നിച്ചു, വിചിത്രയുദ്ധപ്രിയനായ ലവന്റെ അടുക്കലേയ്ക്കു പോർദ്ദേശം ചെന്നു. അപ്പോൾ, പോർമുന്നിൽ വില്ലുമമ്പും കൈക്കൊണ്ടു വീരന്മാരെ പതറിക്കുന്ന ലവനെ, കുട്ടിയായിച്ചമഞ്ഞ രാമനെ എന്നപോലെ അദ്ദേഹം കണ്ടു. 'രാമന്റെ തത്സദൃശത്തിലുള്ള ഇവൻ ആരായിരിക്കാം? ശരീരം കരിങ്കൂവളപ്പൂവിന്റെ ഇതൾപോലെ ശ്യാമളവും മനോഹരവുമായിരിക്കുന്നു! ഇവൻ വൈദേഹിയുടെ പുത്രൻ തന്നെയായിരിക്കണം; മറിച്ചു വരില്ല. ഇപ്പൂളവരെ യുദ്ധത്തിൽ ജയിച്ചു് ഇവൻ ഒരു സിംഹംപോലെ പരിശോഭിക്കുന്നു! ശക്തിയോടു പോർപൊരുതുകയാൽ ഞങ്ങൾക്കു ജയം സിദ്ധിക്കുകയില്ല; യുദ്ധസമർത്ഥരാണെങ്കിലും ശക്തിരഹിതരായ ഞങ്ങൾ എന്തുചെയ്യും?' എന്നിങ്ങനെ അത്യന്തരം ചെയ്തു ശത്രുഘ്നൻ, ഒരുനൂറുകുരമാംവണ്ണം പോരാടി

Digitized By Kerala Sahitya Akademi

അസംഖ്യം വീരരെ നിലംപൊത്തിച്ച ആ ബാലകനോടു ചോദിച്ചു:—'കുട്ടി, നീയാരാണ്? നീ ഞങ്ങളുടെ വീരന്മാരെ വീഴിക്കയാണല്ലൊ ചെയ്യുന്നതു്. അസുരധ്വംസിയായ രാമന്റെ ബലം നിനക്കറിഞ്ഞുകൂടെയോ? നിന്റെ അമ്മ ആരാണ്? വിജയം നേടിയ ഭാഗ്യശാലിയായ അച്ഛൻ ആരാണ്? മഹാബല, നിന്റെ പേർ എന്താണെന്നും എനിക്കറിയണമെന്നുണ്ടു്. കുതിരയെ വിട്ടേയ്ക്കു; എന്തിനാണ് പിടിച്ചു നിർത്തിയതു്? കുട്ടിയാകയാൽ അതിനെ ഞാൻ മാപ്പുതരാം. വരൂ, രാമനെ കാണാം; അവിടുന്നു വളരെ സമ്മാനം തരും.' വീര ബാലകൻ മറുവടി പറഞ്ഞു:—'എന്തിനാണു്, പേരും അച്ഛനും കുലവും വയസ്സുമൊക്കെ? കരുത്തുണ്ടെങ്കിൽ യുദ്ധംചെയ്യു; അല്ലെങ്കിൽ, വീരകുശന്റെ കാൽക്കൽവീണു പോയ്ക്കൊള്ളുക! രാമനു വീരഭ്രാതാവായ ഭവാൻ ഞങ്ങൾക്കു് ഒരു വലിയ ബലവാനല്ല; ഭവാനു ത്രാണിയുണ്ടെങ്കിൽ, കുതിരയെ ബലാൽക്കാരേണ വിടുവിക്കു.'

ഇപ്രകാരം പറഞ്ഞു് ആ ഉത്തമയോദ്ധാവു ബാണങ്ങൾ തൊട്ടു മാറത്തും മൂർദ്ധാവിലും കൈകളിന്മേലും എയ്തു. അതിൽ അരിശംകൊണ്ട രാജാവു ചാപം കുലയേറി, ബാലനെ പേടിപ്പിപ്പാനെന്നപോലെ ഇടികൊത്ത ഞാണൊലിയിട്ടു് അനവധി ശരങ്ങൾ അയച്ചുവിട്ടു. ആ ശരനിരയെ മുഴുവനും ബാലൻ ബലേന മുറിച്ചുകളഞ്ഞു. ലവൻ കോടിക്കണക്കിനു വിട്ട ബാണങ്ങൾകൊണ്ടു ഭ്രമണ്ഡലം മറഞ്ഞു; വ്യതീപാതത്തിൽ ചെയ്ത ദാനത്തിന്റെ ഫലമെന്നപോലെ അക്ഷയമായിച്ചമഞ്ഞ ലവന്റെ ബാണഗണം ആകാശത്തും മുഴുവൻ വ്യാപിച്ചു, സൂര്യമണ്ഡലമണഞ്ഞു നാലിടത്തും പ്രസരിച്ചു. ആ ശരക്രൂടത്തിനുള്ളിൽ കാറുപോലും കടക്കുകയുണ്ടായില്ല; പിന്നെയാണൊ, അല്പായുസ്സുകളായ മനുഷ്യർ! ആ തിങ്ങിനിറഞ്ഞ ബാണങ്ങൾ കണ്ടിട്ടു വിസ്മയംപൂണ്ട ശത്രുഘ്നൻ നൂറും ആയിരവും അമ്പുകൾവിട്ടു് ആ വയെയെല്ലാം മുറിച്ചുതള്ളി. അപ്പോൾ കുശസോദരൻ ശത്രുഘ്നന്റെ ചാപം എയ്തുമുറിച്ചു. അദ്ദേഹം വേറെ വില്ലെടുത്തു ബാണങ്ങൾ വിടുംപോഴെയ്യും, ലവൻ മൊട്ടഴിഞ്ഞ ശരങ്ങൾകൊണ്ടു രഥം തകർത്തു; കുലയേറിപ്പിടിച്ചിരുന്ന വില്ലും മുറിച്ചുകളഞ്ഞു! അതുകണ്ടു പോർക്കളത്തിലെ വീരന്മാർ കൊണ്ടാടി.

സൂതനും അശ്വങ്ങളും ചത്തു തേരുടഞ്ഞു വില്ലുംമുറിഞ്ഞ ശത്രുഘ്നൻ മറ്റൊരുതേരിൽക്കേറി ലവനോടു പൊരുതാനടുത്തു. അനവധി ബാണങ്ങളേറു ശരീരം മുറിപ്പെട്ടു ചോരയൊലിച്ചിരുന്ന ലവൻ, ഒരു പൂത്ത പിലാശ്ശുപോലെ പോർനടുവിൽ ശോഭിച്ചു. ശത്രുഘ്നന്റെ ശരങ്ങളേറിട്ടു് അരിശംപൂണ്ട ലവൻ വില്ലു വട്ടത്തിൽ പിടിച്ചു

Digitized By Kerala Sahitya Akademi

പ്രാണങ്ങളം തൊട്ടുതുവിട്ട, ശത്രുഘ്നന്റെ കവചവും കിരീടവും പൊടിപെടുത്തു, ശരീരം മാരത്തിലാറാടിച്ചു. അതിൽ അതിക്രോധം പൂണ്ട രാമാനുജൻ പ്രാണനെ കവരുന്ന പത്തു പ്രസന്നമുകം തുടുവിട്ടു; ലവൻ അവയെ നിശിതവിശിഖങ്ങളാൽ തുണ്ടമണിപ്രായം വരുക്കിയിട്ട, ശത്രുഘ്നന്റെ മാത്തട്ടിൽ തുട്ട ശരം തുടുത്തു. അതിൽ വല്ലാതെ നൊന്തുഴന്ന ശത്രുഘ്നൻ, കുട്ടിയെങ്കിലും ലവന്റെ ഇരുകള സഹിക്കാവതല്ലെന്നോർത്തുംകൊണ്ടു് പൊരിച്ചുതുടങ്ങി. അപ്പോഴം ലവൻ ശത്രുഘ്നന്റെ വിരിഞ്ഞ മാറിടത്തിൽ ഒരു മൂർച്ചയേറിയ അർദ്ധചന്ദ്രശരം തുടുത്തുവിച്ചു; അതിനാൽ മാത്തടം പിളർത്തപ്പെട്ട ശത്രുഘ്നൻ വല്ലാത്ത വേദനയോടെ കയ്യിൽ വില്ലുമായി തേരത്തട്ടിൽ വീണുപോയി.

ശത്രുഘ്നൻ മോഹാലസ്യപ്പെട്ടതു കണ്ടിട്ട, സുരഥൻ, വിമലൻ, വീരമണി, സുമദൻ, രിപുതാപൻ മുതലായ രാജാക്കന്മാർ ലവനെ യുദ്ധത്തിൽ ജയിപ്പാൻ ഒരുമെപ്പെട്ടുത്തു, നാലുവശവും വളഞ്ഞു; തുനിട്ട ചിലർ കുതിരയുകംകൊണ്ടും, ചിലർ ഉലകുകംകൊണ്ടും, ചിലർ ഘോരശരങ്ങൾകൊണ്ടും, ചിലർ പ്രാസകുന്തപരശുധങ്ങൾകൊണ്ടും ഒപ്പം പ്രഹരിക്കുകയായി. അങ്ങിനെ അധർമ്മയുദ്ധം തുടങ്ങിയ അനുചന്മാരെ വീരശിരോമണിയായ ലവൻ പതിപ്പിച്ചു ബാണങ്ങൾ കൊണ്ടെയ്തു. ആനുകൾ തെരുതെരെ വീഴുകയാൽ അവർ നിലക്കൊള്ളാതായി: ചിലർ പാഞ്ഞു; ചിലർ പോർക്കളത്തിൽ മോഹിച്ചുവീണു.

അപ്പോഴെയ്ക്കും ശത്രുഘ്നൻ മോഹാലസ്യംവിട്ട, വധിച്ച സൈന്യത്തോടുമൊന്നിച്ച മഹാവീരനായ ലവനോടു പോരിനടുത്തു. 'ബാലാകൃതിയായ ഭവാൻ ധന്യൻതന്നെ! ഭവാൻ, ബാലനല്ല, എന്നെ വഞ്ചിപ്പാൻ വന്ന ഏതോ ദേവനാണ്: ഒരു വീരനും എന്നെ പോർനടുവിൽ വീഴിക്കുകയുണ്ടായിട്ടില്ല; ഭവാൻ എന്നെ, നേരിൽ നോക്കിനിൽക്കെ, മോഹാലസ്യപ്പെടുത്തിക്കളഞ്ഞതുവല്ലോ! ഇനി, എന്റെ വീര്യം കണ്ടുകൊള്ളുക: ഭവാനെ ഞാൻ വീഴിക്കുകയാണി. കുട്ടി, ഒരൊറബാണം താങ്ങുക; ഓടരുതു്!' എന്നിങ്ങനെ ബാലനോടുപ്രഖ്യാപിച്ചു് അദ്ദേഹം ലവനെനെ സംഹരിച്ച മൃത്യുവക്രം പോലെയുള്ള ഘോരശരം എടുത്തു; അതു വില്ലിന്മേൽതൊടുത്തു്, അമനകാന്തിരം വീരന്മാരെ ചെന്തിയുപോലെ പുടുരിച്ച ലവന്റെ മാത്തടത്തിലേയ്ക്കു് എയ്യാൻ തുടങ്ങി. പത്തുദിഗന്തരനേയും പ്രകാശിപ്പിച്ചുജ്ജ്വലിക്കുന്ന ആ നിശിതശരം കണ്ടിട്ട ലവൻ ശത്രുക്കളെ വീഴ്ത്തുന്ന മഹാബലനായ കുശനെ സ്മരിച്ചു. 'എന്റെ വീരനായ ജ്യേഷ്ഠൻ ബലവാനാണെങ്കിൽ, എനിക്കിപ്പോൾ ശത്രുഘ്നനിൽ നിന്നു ഭയം സംഭവിക്കുകയില്ല!' എന്നിങ്ങു

Digitized By Kerala Sahitya Akademi

നെ വിചാരിക്കുമ്പോഴെയ്ക്കും, ആ കാലാഗ്നികരാളമായ ബാണം മഹാത്മാവായ ലവന്റെ മാത്തടത്തിൽ തറഞ്ഞുകഴിഞ്ഞു; അതോടുകൂടി ആ വീരബാലൻ മോഹാലസ്യപ്പെട്ടു, വീരന്മാരുടെ തലകളാൽ അലംകൃതമായിരുന്ന പടക്കളത്തിൽ പതിച്ചു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശ്രേഷ്ഠമാത്സ്യായന സംവാദേ,
രാമാശ്വമേധപ്രകരണം, ലവമൂർച്ഛനം അറുപത്തിരണ്ടാമധ്യായം.

(൦)

അറുപത്തിമൂന്നാമധ്യായം

ശേഷൻ:—പോർത്തടത്തിൽ ജയംനേടിയ ശത്രുഘ്നൻ മോഹാലസ്യപ്പെട്ട ലവനെ—തലപ്പാവുംമാറുമണിഞ്ഞു് രാമന്റെ തത്സദൃപത്തിൽ ശോഭിയ്ക്കുന്ന ആ വൈരിമാരണനായ ബാലനെ—തേരിലേറി അവിടെനിന്നു കൊണ്ടുപോരാൻ നിശ്ചയിച്ചു. അപ്പോൾ, തങ്ങളുടെ ചങ്ങാതി ശത്രുവംശത്തിൽ ചെന്നുപോയതിൽ സങ്കടംപൂണ്ട മുനികുമാരന്മാർ ഓടിച്ചെന്നു് സീതയോടറിയിച്ചു:—'അമ്മേ, ജാനകി, ഇവിടത്തെ മകൻ ബലവാനും മാനിയുമായ ഒരു മഹാരാജാവിന്റെ കുതിരയെ പിടിച്ചുനിത്തി; അതിൽപ്പെട്ടു് ഒരു ഭയങ്കരമായ യുദ്ധമുണ്ടായി. ആ സൈന്യത്തെയെല്ലാം ഇവിടത്തെ പുത്രൻ നിലംപൊത്തിച്ചു. അപ്പോൾ രാജാവു് താൻതന്നെ യുദ്ധത്തിനടുത്തു; അദ്ദേഹത്തെയും ഇവിടത്തെ ഓമനമകൻ പടക്കളത്തിൽ മോഹിച്ചുവീഴ്ത്തി, ജയംനേടി. പിന്നീടു് മോഹാലസ്യംവിട്ടു് ആ അതിശ്രേഷ്ഠനായ രാജാവു് അരിശത്തോടെ ഇവിടത്തെ മകനെ രഥാർനിലത്തു വീഴിച്ചു കളഞ്ഞു! കുതിരയെ പിടിയ്ക്കേണ്ടാ എന്നു ഞങ്ങൾ മുമ്പേതന്നെ വിലക്കുകയുണ്ടായി; അപ്പോൾ ഞങ്ങളൊക്കെ ബ്രാഹ്മണരാണെന്നും പറഞ്ഞു ധിക്കരിക്കയാണു് ലവൻ ചെയ്തതു്.' കുട്ടികളുടെ ഈ ഘോരഭാഷിതം കേട്ടിട്ടു് ശോകാകുലയായിത്തീർന്ന ജാനകി നിലത്തുവീണു നിലവിളിക്കുകയായി:—

(ശ്ലോകങ്ങൾ)

'ശിക്ഷയോടടർ ചെയ്കയോ മനം-
സ്സലിവില്ലാതൊരു മേദിനീശ്വരൻ?
അരുഷ്ടനധർമ്മസക്തനാ-
മവനെൻ കുഞ്ഞിനെ വീഴ്ത്തിയില്ലയോ!

Digitized By Kerala Sahitya Akademi

ലവ, വീര, ഭവാൻ കിടപ്പതെ-
ങ്ങി,തുമട്ടെന്തിനു പോയ് പ്പിടിച്ചു നീ
കനിവറമഹാബലാഢ്യനാ-
മൊരു ഭ്രൂപന്റെ തുരംഗമേന്തുനെ?

കരു പിഞ്ചുകിടാവു നീ; ഉരാ-
സുരർ സമ്പാസ്യസമൃദ്ധരാമവർ!
അവർ തേർകളിൽ; നീ വെറുംനില-
ത്തു!-ടർ പിന്നൊടുരിയാവതെങ്ങിനെ?

മകനേ, ഭവടാഹ്വിയല്ലയോ
രഥനാഥത്വജനാർത്തി പോകുമി മമ;
ഇനി ഞാനയിർക്കൊമംവതെങ്ങിനെ
വനഭ്രുവിൽബ്ബുത, നിങ്ങളെന്നിയേ?

മഖവാജിയെ വിട്ടു പോരികി-
ങ്ങടയി; പോയ്ക്കൊട്ടെ വസുന്ധരേശ്വരൻ;
മമ മാലറിയുന്നതില്ലയോ
മമ ദുഃഖാശ്രു തുടപ്പവൻ ഭവാൻ!

കുശനുണ്ടിവിടത്തിലെങ്കിലോ,
യുധി നിന്നൊത്തനിവീരമുത്തവൻ
വിടുവിച്ചിടുമായിരുന്ന ഭ്രു-
വലയേശനെ വശത്തുനിന്നുടൻ!

അവനും വിധിയോഗമൂലമെ-
ന്നരികത്തില്ലിനിയെന്തു ചെയ്വു ഞാൻ?
ഇവിടത്തിലുമല്ലലീവിധം
മമ നേരിട്ടതു ദൈവശക്തി താൻ!'

ഏന്നും മറ്റുമായി വളരെ വിലപിച്ചിട്ട് ആ ശ്രീമതിയായ പതിവ്രത കണ്ണുനീർ വാർത്തുകൊണ്ടും കാൽപ്പെരുവിരലിനാൽ നിലത്തു വരച്ചുകൊണ്ടും കുട്ടികളോടു ചോദിച്ചു:—'കുഞ്ഞുങ്ങളേ, ആ സേനാപതി എന്റെ മകനെ യുദ്ധത്തിൽ വീഴിച്ചു് എങ്ങോട്ടുപോകാനാണ് തുടങ്ങുന്നതു്?' ഇതുയും ചോദിച്ചപ്പോഴേയ്ക്കും കുശൻ അമ്മയുടെ അടുക്കൽ ഏത്തിച്ചേർന്നു: ആ ബാലൻ മഹർഷിമാരുമൊന്നിച്ചു് ഉജ്ജയിനിയിൽപോയി മാഹത്തിലെ കൃഷ്ണചതുർദ്ദശിയിൽ മഹാകാളനെ പൂജിച്ചു് അനവധി വരങ്ങളുംവാങ്ങി വരികയായിരുന്നു. അമ്മ ദുഃഖത്താൽ വശംകെട്ടു് കണ്ണീരും വാർത്തുകൊണ്ടിരിക്കുന്നതു കണ്ടിട്ടു് കുശൻ ഉഴറോ

Digitized By Kerala Sahitya Akademi

ടേ സംസാരിപ്പാൻ തുടങ്ങി; അപ്പോഠം അ മഹാരഥനന് യുദ്ധസൂചക
മായി വലംകൈ വിറച്ചു; മനസ്സിൽ യുദ്ധോത്സാഹവും ഉളവായിവന്നു.
കണ്ണീർപൊഴിഞ്ഞും തൊണ്ടയിടറിയും കരുണസ്വരത്തിൽ എന്തോ
സംസാരിച്ച ജനയിത്രിയോട്, അ ദുഃഖംകണ്ടു പെട്ടെന്നു ദുഃഖിതനാ
യിത്തീർന്ന ധീരപുത്രൻ ചോദിച്ചു:—

[ശ്ലോകങ്ങൾ]

'അമ്മേ, മനസ്സിലഴലെന്തിവിടെയുള്ളൂ? പുത്രൻ
ഞാനിങ്ങിരിയ്ക്കുമ്പോൾ മിഴിനീർ ഉവി വീഴ്ത്തുമോ നീ!
എൻതമ്പി വൈരിമഥനൻ ലവനെങ്ങു? ഞാൻ വ-
ന്നാലെന്നടുക്കലവനാസ്ഥയൊടെത്തുമല്ലോ;
കാണാത്തതെന്തവനെ? വല്ലിടവും കളിപ്പാൻ
പോയോ കരുത്തനവ്? നവ്വാ, ശിശുചാപലത്താൽ
അരാനമൊത്തിവനെ നോക്കിടുവാൻ ഗമിച്ചോ?
ചൊൽകെന്തിനെൻജനനി കേഴുവതെ?ങ്ങു വത്സൻ?'

സീത സംകടത്തോടെ മറുവടി പറഞ്ഞു:—'ലവൻ ഇവിടെവെച്ച്, ഒരു കുതിരയെ രക്ഷിയ്ക്കുന്ന രാജാവിൻറ പിടിയിൽപ്പെട്ടുപോയി: എൻറ കുട്ടി ഒരു യാഗാശ്വത്തെ പിടിച്ചുകെട്ടി; അതിനെ സംരക്ഷിയ്ക്കുന്ന വളരെപ്പേരെ അവൻ ഓറയ്ക്കു പൊരുതി ജയിയ്ക്കുകയും ചെയ്തു. ഒടുവിൽ അവനെ രാജാവു യുദ്ധത്തിൽ മോഹാലസ്യപ്പെടുത്തി ബന്ധനത്തിലാക്കിക്കളഞ്ഞു. ഈ വിവരം, ക്രൂടപ്പോയിരുന്ന കുട്ടികാം പറഞ്ഞുകേട്ടിട്ടു വ്യസനിച്ചിരിക്കയാണു ഞാൻ. ഉണ്ണിതക്ക സമയത്തു വനെന്തിയല്ലോ; അവനെ രാജാവിങ്കൽ നിന്നു ബലാൽക്കാരേണ വിടുവിയ്ക്കു.' അമ്മയുടെ വാക്കുകേട്ടിട്ടു കുശൻ കോപത്താൽ പുരികടിച്ചുകൊണ്ടും പല്ലിറുമ്മിക്കൊണ്ടും പറഞ്ഞു:—

(ശ്ലോകങ്ങൾ)

'അമ്മേ, ലവൻ വിടുതലാൻകഴിഞ്ഞു! കൊൽവ-
നമ്മനനെപ്പടയൊടൊത്തു ശരങ്ങളാൽ ഞാൻ;
ആയാളമത്സ്യനഥവാ പുരൈരിതനെ-
യാകട്ടെ; ഞാനടരിലുണ്ണിയെ വീണ്ടെടുക്കും!
എന്നമ്മ കേഴരുതു: വീരനു പോരിൽ വീഴ്ച
കീർത്തിയ്ക്കുതാൻ; തിരികെയോടുകിലാണകീർത്തി!

Digitized By Kerala Sahitya Akademi

തന്നാലുമമ്മ മികവേറിയ ചട്ട, തൊപ്പി,
ഞാണൊറ വില്ലുമതിതീക്ഷ്ണനൃപാണവും മെ.
പോകുന്ന ഞാൻ; പെരിയ സേനയെ വീഴ്ത്തുവൻ ഞാൻ;
മൂർച്ഛിച്ച സോദരനെ ഞാൻ യുധി വീണ്ടെടുപ്പൻ;
വൻപോരിൽനിന്നു തവ പുത്രനെ വീണ്ടിടായ്കി-
ലെൻപേരിൽ വേണ്ട തവ തൃക്കഴലിൻപ്രസാദം!'

ഇതുകേട്ടിട്ട് മനം തെളിഞ്ഞു സുലക്ഷ്മണായ തൊഴിലി കന്ന് അതുധങ്ങളെല്ലാം വഴിത്തുകൊടുത്ത് 'ഉണ്ണീ, യുദ്ധത്തിനു പോയ്ക; മോ ഹാലസ്യപ്പെട്ട ലവനെ വിടുവിയ്ക്ക.' എന്നിങ്ങനെ ഉപദേശിച്ചുകൊണ്ടും പോയ്ക്കി യാത്രയാക്കി. കരുത്തേറിയ കുശൻ കവചകുണ്ഡലകിരീടങ്ങ ളണിഞ്ഞു, വാളും പരിചയും വില്ലും കൈക്കൊണ്ട്, തനൊപ്പമുള്ളോരു അശ്വനാഴികപ്പടയും സിംഹസ്കന്ധങ്ങളിൽ തൂക്കി, മാതൃപാദങ്ങളിൽ നമ സ്കരിച്ചു വേഗത്തിൽ നടകൊണ്ടു; പോർക്കളത്തിലെത്തിയ ഉടനെ, ശ ത്രുവിനാൽ വീഴിക്കപ്പെട്ട ലവനെ അദ്ദേഹം കണ്ടെത്തി. കുശന്റെ ആഗമനം കണ്ട പോരാളിവീരന്മാർക്ക്, സർവ്വസംഹാരത്തിനാ യി കൃതാന്തൻ വരികയാണെന്നു തോന്നിപ്പോയി! മഹാബലനായ ജ്യേ ഷ്ഠൻ, കുശൻ വന്നൊത്തിയതു കണ്ടതോടുകൂടി ലവൻ, കാറിനോടു ചേ ന്ന ചെന്തീയ്യുപോലെ അത്യന്തം സമുജ്ജ്വലിച്ചു, തേരിൽനിന്ന് പുറ ത്തേയ്ക്കു ചാടി പൊരുതാനൊരുമ്പെട്ടു; കുശൻ പോർക്കളത്തിൽ കിഴ ക്കു ഭാഗത്തു വീരന്മാരെയെല്ലാം ചിതറിക്കുകയായി. ലവൻ പടിഞ്ഞാറു ഭാഗത്തും കോപത്തോടെ പടവെട്ടി. കുശന്റെ ശരങ്ങളാൽ കുഴങ്ങിയും ലവന്റെ ബാണങ്ങളാൽ ഞെരുങ്ങിയും പടജ്ജനങ്ങളെല്ലാം കൊള്ള ടുത്ത കടൽപോലെ മുട്ടി മറിഞ്ഞുപോയി. കുശലവന്മാരുടെ ശര നിരയേറിട്ട് ആ വീരസൈന്യത്തിനു ഒരു പൊറുതിയുമില്ലെന്നായി. ആ പട അങ്ങുമിങ്ങും ഉടഞ്ഞു വീണ്ടും വീണ്ടും മുടലുകയായി; ആരും ഒരേടത്തും നിലകൊണ്ടു യുദ്ധത്തിനു തുനിഞ്ഞില്ല.

ഈ ഘട്ടത്തിൽ, വൈരിതാപനനായ ശത്രുഘ്നൻരാജാവു് പൊ ന്നിൻതേരിലൂടേ വീരകുശനോടു യുദ്ധത്തിനണഞ്ഞു. കുശനേയും ല വനെപ്പോലെ തന്നെ രാമന്റെ തനുപുത്രനിൽ കണ്ടിട്ട് അദ്ദേ ഹം ചോദിച്ചു:—'ഭ്രാതാവായ ലവനെപ്പോലെ തന്നെയിരിക്കുന്ന മ ഹാബലനായ ഭവാൻ ആരാണ്?' പോരുന്നതാണ്? മഹാവീര, അച്ഛ നാരാണ്? അമ്മയാരാണ്? നരപുംഗവ, കുലമുകൊണ്ടാണ് ദിവ്യ സേവിതമായ വനത്തിൽ വസിക്കുന്നതു്? എല്ലാം പറയുക. എന്നിട്ട്

Digitized By Kerala Sahitya Akademi

വേണം എനിയ്ക്കു ഭവാനോട് പോർ ചെയ്യാൻ.' മേഘഗംഭീരസ്വരത്താൽ പോർക്കളത്തെ മുഴക്കിക്കൊണ്ടു കുശൻ മറുവടി പറഞ്ഞു:—'പാതിവ്രത്യ ശാലിനിയായ സീത പ്രസവിച്ചവരാണ് ഞങ്ങൾ; വാല്മീകിയുടെ ചരണം സേവിച്ചുകൊണ്ടും അമ്മയെ ശുശ്രൂഷിച്ചുകൊണ്ടും കാട്ടിൽ പാർത്തുപോരുന്നു. രാജാവേ, എല്ലാ വിദ്യകളും ഞങ്ങൾ അഭ്യസിച്ചിട്ടുണ്ട്. കുശനെന്നും ലവനെന്നുമാണ് പേർ. പോരിനു പോന്ന വീരനായ ഭവാൻ ആരാണ്? എന്തിനാണ്, ഈ ശ്രേഷ്ഠാശ്രമത്തെ പിടിച്ചിരിക്കുന്നത്? ഇന്ദ്രയുദ്ധത്തിൽ ബലവാനായ പോൻ ജയിച്ചുവല്ലോ; എന്നാൽ, വീരനാകുന്നെങ്കിൽ എന്നോട് യുദ്ധം ചെയ്യുക. ഞാൻ ഇതാ, ഭവാനെ പോർത്തല്യത്തിൽ വീഴിയ്ക്കും!'

അവൻ രാമന്റെ സീതയിൽ പിറന്ന പുത്രനാണെന്നറിഞ്ഞപ്പോൾ ശത്രുഘ്നന്റെ ഹൃദയം ആശ്ചര്യഭരിതമായി. അദ്ദേഹം കോപത്താൽ വില്ലെടുത്തു. അതുകണ്ടു് അരിശം പൂണ്ട കുശനും, തന്റെ ഉറപ്പേറിയ പെരുംവില്ലു് ഒലിപ്പെടുത്തി. സർവ്വശസ്ത്രകുശലനായ ശത്രുഘ്നൻ എതാനും ക്രൂരനുകരം എയ്തുവിട്ടു; അവയെല്ലാം കുശൻ കളിയായി ചിരിച്ചുംകൊണ്ടു മുറിച്ചിട്ടു. കുശനും ശത്രുഘ്നനും തെരുതെരെ പൊരിഞ്ഞ പോരാണുണ്ടായതു് ലോകത്തികളെല്ലാം തിങ്ങിനിറഞ്ഞു എന്നേ പറയേണ്ടു! കരുത്തനായ കുശൻ അഗ്നേയാസ്ത്രംകൊണ്ടു സകലരേയും ചുട്ടെരിച്ചു; അതിനെ വീഴ്ത്തുവാനായ ശത്രുഘ്നൻ പർജ്ജന്യാസ്ത്രംകൊണ്ടു കെടുത്തു. അപ്പോൾ, അമിതവിക്രമനായ കുശൻ വായവ്യാസ്ത്രം പ്രയോഗിച്ചു; അന്തരീക്ഷത്തിലെങ്ങും വമ്പിച്ച കാറ്റു വീശി. ആ ഇളകിമറിയുന്ന വായുവിനെ ശത്രുഘ്നൻ പർവ്വതാസ്ത്രംകൊണ്ടു നിലയ്ക്കുച്ചു; പർവ്വതങ്ങളെ കുശൻ കല്പിശാസ്ത്രംകൊണ്ടു തകർത്തു, നാരായണാസ്ത്രം വലിച്ചയച്ചു; എന്നാൽ അതു ശത്രുഘ്നനിൽ എശിച്ചില്ല. അതിൽ അരിശം മൂത്ത കുശൻ മഹാബലപരാക്രമനായ ശത്രുഘ്നനോടു പറഞ്ഞു:—'ഭവാൻ പോരിൽ വിജയം നേടുന്ന ഒരു മഹാവീരനാണെന്നു് എനിക്കു മനസ്സിലായി; ഭയങ്കരമായ എന്റെ നാരായണാസ്ത്രം ഭവാങ്കൽ എശിയില്ലല്ലോ! അതുകട്ടെ, മുന്നു ശരങ്ങൾകൊണ്ടു ഭവാനെ ഞാൻ നിലം പൊത്തിക്കും; ഇല്ലെങ്കിൽ—എന്റെ ശപഥം കേട്ടുകൊള്ളുക: കോടികോടി പുണ്യങ്ങൾകൊണ്ടും കിട്ടാവതല്ലാത്ത മനുഷ്യജന്മം നേടിയിട്ടു് അതിനെ അജ്ഞാനംമൂലം അനാദരിക്കാത്തവന്നുള്ള പാതകം എനിക്കുണ്ടായിക്കൊള്ളട്ടെ! ഭവാൻ പോർക്കളത്തിൽ കരുതിനില്ക്കുക; ഇതാ ഞാൻ വീഴിക്കുകയായി!' എന്നിങ്ങിനെ കാലാനലകരാളമായ ഒരു ശരം എടുത്തു ശത്രുവിന്റെ പ

Digitized By Kerala Sahitya Akademi

രപ്പും കട്ടപ്പുമുള്ള മാരിനെ ലാക്കാക്കി വില്ലിന്മേൽ തൊടുത്തു. അ തുകണ്ടു് അരിശം നിറഞ്ഞ ശത്രുഘ്നൻ കുശന്റെ നേരെ ശരീരം പി ളർത്തുന്ന ക്രൂരമുകം തിരുത്തെരെ വിട്ടു. കുശന്റെ ശരം ശത്രുഘ്ന ന്റെ മാറിടം പിളർത്തുന്നതിനു് അഗ്നിപോലെ ഘോരമായും സർപ്പം പോലെ ചീറിക്കൊണ്ടും പുറപ്പെട്ടു. ഉടനെ രാമനെ സ്മരിച്ചുകൊ ണ്ടു ശത്രുഘ്നൻ പ്രയോഗിച്ച ശരം കുശന്റെ ക്രൂരസ്വഭാവത്തെ ഗ്രഹിച്ചുകള ഞ്ഞു. അതിൽ അരിശം സഹിക്കാതെ കുശൻ മറ്റൊരു തീക്ഷ്ണസായ കം വില്ലിന്മേൽ തൊടുത്തു. അപ്പോം മാറു പിളർത്താൻ ഉദ്ദേശിച്ചുകൊണ്ടു അ ടുത്തപ്പോഴെയ്ക്കു ശത്രുഘ്നശരത്താൽ മേൽപ്പറഞ്ഞപ്രകാരം ഭേദിക്കപ്പെട്ടുപോയി. അ പ്പോൾ ഏറ്റവും ക്രുദ്ധനായ കുശൻ പ്രാജ്ഞനായ സാരഥിയെ സ്മരിച്ചു കൊണ്ടു് മൂന്നാമതൊരു മഹാബാണം തൊടുത്തു. അതിനെയും മുറി ച്ചുതള്ളുവാൻ ഒരു ശരം തൊടുത്തപ്പോഴേയ്ക്കും, അതു മാറത്തേറ്റ ശത്രു ഘ്നൻ നിലത്തു പതിച്ചുപോയി. ശത്രുഘ്നൻ വീഴിക്കപ്പെട്ടതിൽ 'ഹാഹാ' ശബ്ദം മുഴങ്ങി. സപത്നീബാലകന്മാരെ കൊൽവാൻ നിശ്ചയം നേ ടിനിന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, രേക്ഷ്വാകുന്യായേന സംഖ്യാകം, രാമാശ്വമേധപ്രകരണം, ശത്രുഘ്നമുർച്ഛനം അറുപത്തിമൂന്നാമദ്ധ്യായം.

:0:

അറുപത്തിനാലാമദ്ധ്യായം.

ശ്രേഷ്ഠൻ:—ശത്രുഘ്നൻ വീണതുകണ്ടിട്ടു സുരഥമഹാരാജാവു് അത്യുത്തമമായ ഒരു മണിമയരഥത്തിൽ കേറി പുറപ്പെട്ടു. മുമ്പു യുദ്ധത്തിൽ വീഴിയ്ക്കപ്പെട്ട പുഷ്കലൻ ഉണ്ടു് അതിബലവാനായ ലവമഹാവീരനോടും പൊരുതാനാരംഭിച്ചു. മഹാവീരൻ മഹാരഥനായ സുരഥൻ കുശനെ വളരെനേരം ശരങ്ങൾകൊണ്ടു പൊരിഞ്ഞുതുട ങ്ങി. കുശനാകട്ടെ, പത്തു ക്രൂരമുകം കൊണ്ടു സുരഥന്റെ രഥം തകർത്തു; കുലയേറിയ വില്ലും മുറിച്ചു. അസ്ത്രത്തിനു പ്രത്യസ്ത്രവും ക്ഷേപണത്തിനു പ്രതിക്ഷേപണവുമായി, അവരുടെ യുദ്ധം വീരന്മാ രെ കോരിത്തയിർക്കൊള്ളിച്ചുകൊണ്ടു മുതിർന്നു. ദുർജ്ജയനായ സുരഥ നുപൻ യുദ്ധത്തിൽ വല്ലാതെ കേറിയപ്പോൾ, കുശൻ വൈഷ്ണവേണ്ടു വെന്നിങ്ങിനെ ചിന്തിച്ചു് ഒരു ഘോരശരം വലിച്ചുതൂ വൈരാളിനെ കൊല്ലാനായി അയച്ചുവിട്ടു. കാലാഗ്നിയെപ്പോലെ തിളങ്ങുന്ന അ മ്പുകണ്ടു ഞെട്ടിക്കൊണ്ടു കണ്ണു മുറിയ്ക്കുവാൻ കരങ്ങളെടുപ്പതിനുമുമ്പേ അതു സു

Digitized By Kerala Sahitya Akademi

രഥന്റെ മാറിൽ തറഞ്ഞു കഴിഞ്ഞു; അതോടുകൂടി, ആ മഹാവീരൻ മോഹാലസ്യപ്പെട്ട തേർത്തട്ടിൽ വീണു. തേരിനെ സാരഥി പിൻ മാറുകയും ചെയ്തു.

സുരഥൻ വീണതും വിജയം നേടിയ കുശൻ വീരവ്രതത്തെ ഇട്ടിഴ റുന്നതും കണ്ടു ഹനുമാൻ പാഞ്ഞടുത്തു. കുതിരയോടിയ കാറിനെക നായ വാനരേന്ദ്രൻ അടുത്തുവരുന്നതു കണ്ടിട്ട കുശൻ അദ്ദേഹത്തെ ചൊ ടിപ്പിയ്ക്കുവാനായി ഇളിച്ചുകാട്ടിക്കൊണ്ട പറഞ്ഞു:—'നേരിട്ടുവരിക. രണ്ട ന്റെ ബാണഗണത്താൽ പിളർത്തപ്പെട്ട നിനക്ക കാലാന്തരത്തിൽ ചെന്ന ചേരാം.' ആ മഹാബലൻ രാമന്റെ മകനാണെന്നു ഹനുമാനു മനസ്സിലായി. രണ്ടുപേരും സ്വാമികാര്യം അന്വഷിക്കണമല്ലൊ എന്നു വച്ച് അദ്ദേഹം വടിനെ നിശാനുക്കുള്ള ഒരു തടിമരം പറിച്ചു കുശ ന്റെ മാറിനെ ലാക്കാക്കിപ്പിടിച്ചു പൊരുതുവാൻ പാഞ്ഞടുത്തു. അതു കണ്ട കുശൻ മൂന്ന് അർദ്ധചന്ദ്രബാണങ്ങളം കൊണ്ട് ഹനുമാനെ രണ്ടായ്തു. ആ ബാണങ്ങളേറ്റ മാരുതി പല്ലുകടിച്ചു കരുത്തനായ കുശ ന്റെ മാറ്റു മരംകൊണ്ട പ്രഹരിച്ചു. രണ്ടാൽ വൃക്ഷംകൊണ്ടുള്ള തല്ലേറിട്ട് കുട്ടി ഒന്നനങ്ങുകയുണ്ടായില്ല. ആ കുട്ടിക്കുറുമ്പിനെ വീരന്മാർ പ്രശംസിച്ചു. ദിവ്യാസ്ത്രകുശലനായ കുശൻ കോപത്താൽ രണ്ടുതിരാളിയെ സംഹരിപ്പാനായി സംഹാരാസ്ത്രം തൊട്ടുവിട്ടു. അതു തടുക്കാവതല്ലെന്നു കണ്ട് ഹനുമാൻ ഭക്തപീഡാവിനാശക നായ ശ്രീരാമനെ സ്മരിച്ചു. അപ്പോഴെയ്തും കുശൻ അയച്ചുവിട്ട അ സ്ത്രം മാരുതിയുടെ മാറിൽ ചെന്നു കൊള്ളുകയും, അദ്ദേഹം വല്ലാത്ത വേദനമൂലം മോഹാലസ്യപ്പെട്ട പോകയും ചെയ്തു.

കുരങ്ങൻ മോഹാലസ്യപ്പെട്ട വീണ കണ്ടിട്ട, ബലവാനായ കു ശൻ ക്രൂരനുകർഷംകൊണ്ട് ആ മഹാസൈന്യത്തെയെല്ലാം വധിയ്ക്കുകയായി. കുശന്റെ ശരനികരത്താൽ ഉടഞ്ഞ നാലാംഗപ്പട മുഴുവനും പോക്കളം വിട്ട പായാൻ തുടങ്ങി. അപ്പോഴം, സൈന്യത്തെ രക്ഷിക്കുന്ന വാനര പ്പെരുമാളായ സുഗ്രീവൻ ചൊടിച്ച് അനേകം മരങ്ങളും പറിച്ചെട്ടു ത്തു, വീരനായ കുശനോട പാഞ്ഞടുത്തു. കുശൻ ആ വൃക്ഷങ്ങളെയെ ല്ലാം കളിയായി ചിരിച്ചുംകൊണ്ട മുറിച്ചിട്ട; വീണ്ടും എറിയപ്പെട്ട വൃ ക്ഷങ്ങളേയും ആ കരുത്തൻ ചിക്കനെ മുറിച്ചുതള്ളി. അനവധി ബാ ണമേറുഴന്ന സുഗ്രീവൻ ഒരു ഭയങ്കരമായ പർവ്വതം കുശന്റെ നിറുക യിലേയ്ക്കെറിഞ്ഞു; നേരെ വന്നെത്തുന്ന ആ ശൈലത്തെ കുശൻ ചി ക്കനെ ബാണങ്ങൾകൊണ്ട ചില പാടായി നുറുക്കി, ശിഷ്ടമുള്ള പൂശത്ത

Digitized By Kerala Sahitya Akademi

കതാക്കിത്തീർത്തു! കുട്ടിയുടെ ഈ വമ്പിച്ച വിക്രമം കണ്ടതോടുകൂടി, സുഗ്രീവന്റെ യുദ്ധത്തിൽ ജയാശ തീരെ ഇല്ലാതായിക്കഴിഞ്ഞു. പോർ നടുവിൽ ദുരാധർഷനായ കുശൻ സുഗ്രീവന്റെ വാലിന്മേൽ എയ്യുകയായി. അതിൽ കലികൊണ്ട സുഗ്രീവൻ കുശനെ ഹനിപ്പാനായി ഒരു പർവ്വതം കൈക്കൊണ്ടു. അതുകണ്ട കുശൻ സുഗ്രീവനെ അനവധി ക്രൂരനുകർഷംകൊണ്ടു് എന്പാടും അയച്ചെയ്തു. പലതരം ശരങ്ങളേറു വലഞ്ഞ സുഗ്രീവൻ കുശനെ ഹനിപ്പാനൊരുമ്പെട്ടു് ഒരു വൃക്ഷം പറിച്ചെടുത്തു; അപ്പോഴെയ്യും ലവാഗ്രജനായ വീരൻ വായുണാസ്ത്രം പ്രയോഗിച്ചു് അദ്ദേഹത്തെ പാശത്താൽ കെട്ടി വരിഞ്ഞുകളഞ്ഞു. അദ്ദേഹം മുഴുപ്പുള്ള പാശംകൊണ്ടു കരുത്തേറിയ കുശനാൽ ബന്ധിക്കപ്പെട്ടു, മഹാവീരരാൽ അലംകൃതമായ പോർനിലത്തു പതിച്ചു. സുഗ്രീവൻ വീണതുകണ്ടിട്ട വീരന്മാർ നാലുദിക്കിലേയ്ക്കും പാഞ്ഞു. മഹാവീരശ്രേ മകുടരത്നമായ ലവാഗ്രജൻ വിജയംനേടി.

അപ്പോഴേയ്ക്കു ലവനും പുഷ്കലാംഗദന്മാരേയും വീരമണിപ്രതാപാഗ്ര്യാദി രാജാക്കന്മാരേയും മറ്റു യോദ്ധാക്കളേയും തോല്പിച്ചു വിജയംനേടി, യുദ്ധത്തിൽ നൂറുനൂറായിരം വൈരികളെ വീഴിച്ച ജ്യേഷ്ഠന്റെ അടുക്കൽ വന്നെത്തി. വിജയദർപ്പിതരായിരുന്ന അവരിരുവരും മനംകുളിരെ തങ്ങളിൽ കെട്ടിപ്പുണർന്ന് ഓരോന്നു സംസാരിച്ചു. 'ജ്യേഷ്ഠ, ഇവിടുത്തെ പ്രസാദത്താൽ യുദ്ധസമുദ്രം കടന്നുകഴിഞ്ഞു; ഇനി നമുക്കു പടക്കളം ഒന്നു പരിശോധിക്കാം.' എന്നിങ്ങനെ പറഞ്ഞ ലവനോടുകൂടി കുശൻ ശത്രുഘ്നന്റെ അടുക്കൽച്ചെന്നു്, അദ്ദേഹത്തിന്റെ വിചിത്രമായ കാഞ്ചനകിരീടം കൈയ്യ്കൊലാക്കി; ലവൻ പുഷ്കലന്റെ മികച്ച കിരീടവും എടുത്തു. ശത്രുഘ്നന്റെ വിലയേറിയ തോൾവളകളും, മറ്റൊരു രാജാവിന്റെ ആയുധങ്ങളും എന്നിവയും എടുത്തു്, അവരിരുവരുംകൂടി ഹനുമൽസുഗ്രീവകപീന്ദ്രന്മാരുടെ അടുക്കൽച്ചെന്നു. ലവൻ വായുപുത്രന്റെ വാൽ പിടിച്ചു ജ്യേഷ്ഠനോടു പറഞ്ഞു:— 'ഞാൻ ഈ കുരങ്ങനെ വാലിന്മേൽ പിടിച്ചു', അമ്മയുടെ പ്രീതിക്കും മുനികുമാരന്മാക്കു കളിപ്പാനും എന്റെ നേരംപോക്കിനുമായി ആശ്രമത്തിലേയ്ക്കു കൊണ്ടുപോകാം!' 'ഈ കരുത്തുള്ള കപിയെ ഞാനും പിടിക്കാം.' എന്നു കുശൻ അനുവദിച്ചു. ഇങ്ങിനെ അവർ ആ ബലിഷ്ഠന്മാരായ വാനരേന്ദ്രന്മാരിരുവരേയും ബന്ധിച്ചു വാലും പിടിച്ചു് ആശ്രമത്തിലേയ്ക്കു കൊണ്ടുനടന്നു. അപ്പോഴും ആ കപീന്ദ്രന്മാർ പോടിച്ചു വിറച്ചുംകൊണ്ടു് തങ്ങളിൽ സംസാരിച്ചു. ഭയചകിതനായ ഹനുമാൻ പുറഗട്ടുമാംകൊതുരിയാടി:—

Digitized By Kerala Sahitya Akademi

[കിളിപ്പാട്ട്—കേക]

'ഹാ, മമ സ്വാമിൻ, സ്വന്തമാശ്രമത്തിലേയ്ക്കുത്രേ
രാമനന്ദനരിവർ കൊണ്ടുപോകുന്നു നമ്മെ!
പണ്ടുസീതയെത്തേടും ഞാൻ ചെയ്തതൊഴിലിനാ-
ലുണ്ടായി ദേവിയ്ക്കുന്നൊക്കുറിച്ചു മതിപ്പേററം;
ഇന്നെന്നെ രിപു പാശബദ്ധനായ് കണ്ടാക്ഷിതി-
നന്ദിനി ചിരിയ്ക്കുന്നുപോളെത്ര ലജ്ജിതനാം ഞാൻ!
ചെയ്തതെന്തിവിടെ ഞാനയിർപോകുക നല്ലു;
ഹാ, വല്ലാത്തഴൽ പറവീ! രാഘവനൊന്തോ മതം?'
'ശരിതാനേവം കൊണ്ടുപോകയാണെങ്കിൽസ്സഖേ,
മരിക്കനല്ലു ഞാനു'മെന്നാനാസ്സുഗ്രീവനും.

ഇങ്ങിനെ അവർ തമ്മിൽ പേടിച്ചുരുകുന്നു സംസാരിക്കെ, മനോഹരന്മാരായ കുശലവന്മാർ അമ്മയുടെ പാർപ്പിടത്തിൽ ചെന്നെത്തി. തന്റെ പുത്രന്മാർ വന്നുചേർന്നുകണ്ടിട്ട് അതിനന്തോഷത്താൽ മനംകുളിർത്ത മൈഥിലി രണ്ടുപേരേയും കെട്ടിപ്പുണർന്നു. അവർ കയർ കൊണ്ടു കെട്ടി വാൽ പിടിച്ചുകൊണ്ടുചെന്നു നിറുത്തിയ വാനരവീരന്മാക്കെല്ലാം അരചനായ സുഗ്രീവനുമാണെന്നു കണ്ടറികയാൽ ദേവി ഒന്നു പുഞ്ചിരിക്കൊണ്ടു, അവരെ വിടാൻ അരുളിച്ചെയ്തു. ഉണ്ണികളേ, ഈ കുരുത്തറിയ കപിവീരന്മാരെ വിടുവിൻ: ഈ നിലയിലായിട്ട് എന്നെ കണ്ടാൽ ഇവർ പ്രാണത്യാഗം ചെയ്തുകളയും! ലങ്കാപുരം ചുട്ടുപൊടിച്ച ഹനുമാനാണിതു; ഇദ്ദേഹം വാനരന്മാക്കെല്ലാം രാജാവായ സുഗ്രീവനുമാണു. എന്തിനാണു, എവിടെ വെച്ചാണു, ഇവരെ അവമാനിച്ചു വാലിന്മേൽ പിടിക്രുടിയതു? അന്തഗ്രുതമെല്ലാം പറകതന്നെ.'
എന്നിങ്ങിനെ മാതാവു മധുരമായി പറഞ്ഞപ്പോൾ, പുണ്ഡരീകന്മാരായ പുത്രന്മാർ സവിനയം അറിയിച്ചു:—'അമ്മേ, ദശരഥപുത്രനായി രാമൻ എന്നൊരു ബലവാനായ രാജാവുണ്ടത്രേ; അദ്ദേഹം ഒരു കുതിരയെ നെറിമേൽ കനകപത്രവും കെട്ടിച്ചു വിട്ടിരിക്കുന്നു. അമ്മേ, അതിൽ എഴുതിയിട്ടുണ്ടു, 'എന്റെ അമ്മയെ വീരമാതാവായിട്ടുള്ളു; ക്ഷത്രിയരുണ്ടെങ്കിൽ പിടിക്കട്ടെ; അല്ലെങ്കിൽ കാൽവണങ്ങട്ടേ!' എന്നു. അതു വായിച്ചപ്പോൾ, ഇവിടുന്ന ക്ഷത്രിയസ്ത്രീയല്ലയോ, വീരമാതാവല്ലയോ എന്നൊന്നിക്കു തോന്നിപ്പോയി. രാജാവിന്റെ അശ്വമാടികണ്ടിട്ടു വന്നവിച്ച കുതിരയെ ഞാൻ പിടിച്ചു; സൈന്യത്തെയെല്ലാം വീരനായ കുശൻ പോരിൽ തോല്പിച്ചു നിലംപൊത്തിക്കയും ചെയ്തു. സാധു, ഇതാ, രാജാവിന്റെ കിരീടം; പുഷ്കലൻ എന്നു മറൊരു വീരന്റെ

Digitized By Kerala Sahitya Akademi

താണ്, മണിമുത്തുകൾകൊണ്ട് മിന്നിത്തിളങ്ങുന്ന ഈ കിരീടം. ഇതാ, രാജാവിന്റെ സചിവസുന്ദരിയും മനോഹരവുമായ കുതിര; എന്റെ ബലവാനായ ഭ്രാതാവിനെ കേറിനടക്കാം. യുദ്ധംചെയ്തിരുന്ന ബലിഷ്ഠന്മാരായ ഈ കുരങ്ങന്മാരെ അമ്മയുടെ നേരംപോക്കിനായി കളിപ്പാൻ വേണ്ടി കൊണ്ടുപോന്നതെന്നോ ഉള്ളു.'

ഇതുകേട്ടിട്ട്, പതിവ്രതയായ സീത 'ഈ വീരന്മാരെ വിടു, വിടു' എന്നിങ്ങിനെ, വീണ്ടും അരുളിച്ചെയ്തു.—'ഉണ്ണികൾ ചെയ്തതു തെറ്റാണ്: രാമന്റെ ശ്രേഷ്ഠാശ്രമത്തെ പിടിച്ചു; വളരെ വീരന്മാരെ വീഴിച്ചു; ഈ വാനരത്തലവന്മാരെ ബന്ധിക്കുകയും ചെയ്തു! വീരന്മാരെ, അശ്വം നിങ്ങളുടെ അച്ഛന്റേതാണ്; അദ്ദേഹം യാഗത്തിനായി വിട്ടിരിക്കയാണ്; അദ്ദേഹത്തിന്റെ ഉൽകൃഷ്ടമായ യജ്ഞത്തിനുള്ള കുതിരയേയും പിടിച്ചുനിർത്തുകയോ! ഈ വാനരേന്ദ്രന്മാരെ വിടുവിൻ; കുതിരയേയും വിടുവിൻ; രാവിന്റെ അന്തകനും ദൈത്യകുലത്തിൽ കോപിഷ്ഠനുമായ ശത്രുഘ്നനോട് ക്ഷമായാചനവും ചെയ്യുവിൻ.' ആ കുരുന്നമ്മാർ അമ്മയോട് മറുവടി പറഞ്ഞു:—'ക്ഷത്രിയധർമ്മജ്ഞയാണ്, ആ ബലവാനായ ഭ്രാവിനെ ഞങ്ങൾ തോല്പിച്ചതു്. ക്ഷത്രിയധർമ്മത്താൽ പൊരുതിയതിൽ ഞങ്ങൾക്കു തെറ്റൊന്നുമില്ല. മുമ്പു, ഞങ്ങൾ പാർക്കാനിരിക്കുമ്പോൾ, വാല്മീകി അരുളിച്ചെയ്തുകയുണ്ടായി—പണ്ടു ദശരതൻ കണ്വാശ്രമത്തിൽവെച്ചു് യാഗാശ്വത്തെ പിടിച്ചുനിർത്തി, ദുഷ്യന്തനോട് യുദ്ധംചെയ്തു എന്നു്. അതിനാൽ അച്ഛനോട് മകനും, ജ്യേഷ്ഠനോട് അനുജനും, ഗുരുവിനോട് ശിഷ്യനും പോർചെയ്യാം. ഞങ്ങൾക്കിതിൽ യാതൊരു പാപവും വരാനില്ല. എന്നാൽ, അമ്മ കല്പിച്ചതുകൊണ്ട് ഞങ്ങൾ കുതിരയെ തിരിച്ചുകൊടുക്കാം; ഈ വാനരന്മാരെ വിട്ടയയ്ക്കുകയും ചെയ്യാം: അമ്മ പറയുന്നതേ ഞങ്ങൾക്കുള്ളു!' ഇപ്രകാരം കഥിച്ചു് ആ വീരന്മാർ പോക്കളത്തിലേയ്ക്കു പോന്നു് വാനരേന്ദ്രന്മാരിരുവരെയും അശ്വമേധാശ്വത്തെയും അഴിച്ചുവിട്ടു.

പതിദേവതയായ സീതാദേവിയാകട്ടെ, തന്റെ പുത്രന്മാർ സൈന്യത്തെ വീഴിച്ചതു കേട്ടിട്ട്, മനസ്സിൽ ശ്രീരാമനെ ധ്യാനിച്ചു, സാക്ഷിയായ സൂര്യനെ നോക്കി,

കർമ്മണാ മനസാ വാചാ രഘുനാഥനെ വിട്ട ഞാൻ
ഭജിച്ചിട്ടില്ലിതരനെയെങ്കിൽജ്ജീവിക്കുകീ നൃപൻ!
ബാലാലെൻ പുത്രർ വീഴിച്ച മഹത്താം നൃപസൈന്യവും
ജീവിപ്പൂതാക നിശ്ലേഷമെന്റെ സത്യത്തിനാലുടൻ!'

Digitized By Kerala Sahitya Akademi

എന്നിങ്ങിനെ ഉച്ചരിച്ചു; അതോടുകൂടി, പോർത്തലയ്ക്കൽ മരണമടഞ്ഞ സൈന്യമെല്ലാം പ്രത്യജ്ജീവിക്കുകയും ചെയ്തു!

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സൈന്യപ്രത്യജ്ജീവനം അറുപത്തിനാലാമദ്ധ്യായം.

(൧)

അറുപത്തിഞ്ചാമദ്ധ്യായം

(ശ്ലോകങ്ങൾ)

ശേഷൻ:—

ക്ഷണാൽ മൂർച്ഛവിട്ടേറ്റു ശത്രുഘ്നവീരൻ
രണപ്പുരിൽ മറഗ്ര്യയോദ്ധാക്കളോടും;
ഹയം മുന്നിൽ നിൽപ്പുണ്ടു, താൻ മൌലിഹീനൻ,
സ്വയം സേന ജീവിച്ചിതിത്യാദിയെല്ലാം
സമീക്ഷിച്ചു സാശ്ചര്യനായ്ത്തേഹമോതീ
സമം മൂർച്ഛവിട്ടേറ്റ മന്ത്രീന്ദ്രനോടായ്:—
'മഹത്താം ഹയത്തെക്കനിഞ്ഞേകി ബാലൻ
മഖത്തിന്റെ പൂർത്തിക്കു നമ്മൾക്കു ധീമൻ;
തിരിക്കാമിനി, ക്ഷിപ്രമശ്വാഗമം കാ—
ത്തിരിക്കുന്ന രാമന്റെ പാർശ്വത്തിലേയ്ക്കായ്.'
ഇതോതിത്തുരംഗത്തെയുംകൊണ്ടിളേന്ദ്രൻ,
ദൃതം തേരിലാണ്ടാശ്രമം വിട്ടു പോന്നാൻ
കുറെച്ചൂരദേശത്തിലെത്തുംവരെയ്ക്കും
പറക്കൊട്ടു ശംഖൂത്തുഘോഷങ്ങളെന്യേ;
പെരുംസൈന്യവും സ്വാമിയെപ്പിന്തുടർന്നു,
ഭരത്താൽ ഫണീന്ദ്രൻ ഞെരുങ്ങുംവിധത്തിൽ.
തരംഗങ്ങളം പൊങ്ങും മഹാഗംഗ പിന്നി—
ട്ടരം ലോകർ തിങ്ങുന്ന തൻനാട്ടിലെത്തി,
പെരും വില്ലുമായ് പ്പൂമണിത്തേരിൽവാഴും
ധരാഭർത്തനേകായിരം തേർകൾ പൂഴ്ത്തി,
ഉരത്താത്ത വൻവില്ലരും കുണ്ഡലാധീ—
ശ്വരൻ തൊട്ടമന്നോരുമായ് പ്പുഷ്കലാഢ്യൻ,

Digitized By Kerala Sahitya Akademi

സിതച്ഛത്രവെൺചാമരോപേതമായ-
മ്മണീമണ്ഡിതാശപത്തെ മുമ്പെനടത്തി,
ക്രമാൽ വന്നാണഞ്ഞാൻ ദിനാധീശവംശ-
ക്ഷമാപാലർ വാഴും മഹാപത്തനത്തിൽ;
അത്തുക്കൻ മതിൽക്കെട്ടുമായ് മേന്മക്രുദ്ധം
പതാകാസംഹസ്രുങ്ങളം ചാത്തിത്തിളങ്ങീ.
വന്നീ ഹയത്തൊട്ട സപുഷ്കലവീരനായ
ശത്രുഘ്നനെന്നാറികെ മോദമുയർന്ന രാമൻ
മെത്തും ചതുർവിധബലത്തൊടയച്ച വൻകെ-
ല്പൊത്തുള്ള ലക്ഷ്മണനെയങ്ങെതിരേല്പിനായി.
പടയൊടുമൊരുമിച്ച ചെന്നാണ-
ഞ്ഞുടനടിയുള്ള കളിത്ത ലക്ഷ്മണൻ
അടർമുറികളണിഞ്ഞ തന്വിത-
ന്നടൽ തഴുകിക്കുശലാദി ചൊല്ലിനാൻ.
വീരൻ മഹാശ്വാവവനംപ്രഹർഷം
പൂരിച്ച ശത്രുഘ്നനോടൊത്തുചിന്നെ
തേരിൽക്കരേറി സപുരത്തിലയ്ക്കാ-
നീരസ്രമാം സേനയുമായ് ത്തിരിച്ചാൻ.

(ശീതങ്കൻ തുള്ളൽ)

രാമപദരജഃപൂതയായ് സ്സംഗ്രഹി
പാർമൂന്നിനം ചേത്ത പുണ്യസലിലയായ്,
അന്നങ്ങളം നീക്കോഴി കോകങ്ങളം തിങ്ങിയു-
മന്യവിചിത്രഖഗങ്ങളും ക്രുകിയും
ശാരദേന്ദുപാഭയായ് മിന്നംസരയുവിൻ-
തീരപ്രദേശത്തു രാമൻ തിരുവടി
തീർപ്പിച്ചുശാലാശതങ്ങളിൽ വെവ്വേറെ-
യേറ്റെപ്പെട്ട വേദങ്ങളംചൊല്ലുന്ന വൈദികർ;
ക്ഷത്രിയന്മാർപലർ വില്ലേന്തി നിന്നാങ്ങു
പൃതഥി മുഴക്കുന്ന ചീത്ത ഞാണൊച്ചയാൽ.
രമ്യമാം സദ്മയിലഷ്ടികഴിയ്ക്കുന്ന
തമ്മിൽവെടിയുംപറഞ്ഞുകൊണ്ടന്തണർ:
പാൽനറുതേൻപഞ്ചസാര നെ ചേന്നതായ്-
പ്പൂനിലാവിൻനിറം പൂണ്ടുള്ള പായസം,
നൽപ്പൂർണ്ണചന്ദ്രനു നേരാം വടിവൊത്തു
കർപ്പുരസൌരഭം വീശുമപ്പങ്ങളും.

Digitized By Kerala Sahitya Akademi

സോദകം, ദോശകം, നാനാമുകരകം,
ഒന്നൊന്നുകം, മധുരങ്ങളടകളും,
മുൽഗൂപൂരിപൂ ചോദ്നാബദപൂവിനോ-
ടൊപ്പം മനോജ്ഞസുഗന്ധിഭക്ഷണങ്ങളും
കർപൂരമെത്തുമാർ ഒന്തും വിശ്വതരാം
ഒറ്റുകാർഒപ്പു വിളമ്പർ വിളമ്പിനാർ;
പാത്രത്തിൽ നന്നായ് വിളമ്പിയ പായസം
പാത്തൊത്തവിപ്രൻ പറഞ്ഞാനിതെന്തുവാൻ,
രാഹുഭയാൽ ഭൂവി വീണ വാർതിങ്കളോ?
വാവാ, മൃതിവരം പീസുഷമുണ്ടിതിൽ!'
മറൊരാൾ കണ്ണും പുകപ്പിച്ചുചൊല്ലിനാൻ:—
'മുറുമമൃതാണ്ട വാർതിങ്കളായ് വരാ:
ഒന്നിലധികമില്ലിവുചിന്തു;—മിതോ
നന്നായ് വിരുദ്ധന്ന പാത്രലക്ഷങ്ങളിൽ.
കർപൂരമാണിത,ല്പെങ്കിലൊ കൈരവം!
ത്രുഭുഭയാൽ മൃഗതിങ്കളെന്നോഹൊലാ.'
ഓതീചൊടിച്ചു തലയാട്ടി മറൊരാൾ:—
'സുപാദുതിരിനാത്ത വിദ്വൽഗ്രികളുന്തണർ!
ക്ഷീരക്കിഴങ്ങിന്റെ നീരിൽപ്പചിച്ചു വെൺ-
നീരലരാണീ മധുരമാം സാധനം.'
റ്റൊന്നൊക്കെ വാങ്ങിച്ചു വാരിക്കഴിക്കയായ്
കന്ദഫലാശനരാത്രിയോടാട്ടിജർ.
തത്ര കവിചിത്തു വേറൊരാനന്തണൻ:—
'ക്ഷത്രിയർതൻ പിറപ്പാണു മെച്ചംസഖേ:
ത്ര വിശ്രേഷ്ഠമാമന്നമല്ലാ രുചി-
യ്ക്കുത്തു ഭുജിക്കുന്ന ഭാഗ്യയോഗാലവർ!'
അപ്പോഴാം പരൻ ചൊല്ലി:—'ദാനഫലമിതു:
വിപ്രക്ക നൽകിയാൽക്കിട്ടുമെന്തിഷ്ടവും.
നാനാനിവേദ്യങ്ങൾകൊണ്ടു നിരന്തരം
നാരായണാരാധനം ചെയ്യാതിരിക്കിലോ,
കാണുവാൻപോലും കിടയ്ക്കുകില്ലിത്രയും
ചേണാറാ ഭോജനമേതൊരാൾക്കും ദുഢം.
വിപ്രക്ക സദ്യ കഴിച്ചവൻ നേടുന്ന
നൽബ് ഭുക്തി; പാപിയോ കാൺകയേ ചെയ്തിടാ!'
ഇങ്ങിനെ തൃഷ്ണാന്ധരായ് ബ്രാഹ്മണാ-
ധമങ്ങാത്തു ചൊല്ലുന്ന മണ്ഡപാഗ്രങ്ങളിൽ.

Digitized By Kerala Sahitya Akademi

സുതമൊരേടത്തു, ഹാസ്യമൊരേടത്തി-
ലുത്കടംക്കേകലൊരേടത്തിവണ്ണമായ്
വ്യത്യയെന്നില്ലാതെയുത്സവം ജൃംഭിക-
മന്ഥലത്തെത്തിനാൻ ലക്ഷ്മണസോദരൻ.

പുഷ്കരനോടൊപ്പം വന്നതേപോൽ ശത്രുഘ്നനെ കണ്ടപ്പോൾ രാമഭദ്രനു സന്തോഷം സഹിയ്ക്കുവാതായി! അവിടുന്നു അനുജനെ കെട്ടിപ്പുണരാനായി എഴുന്നേല്പുവോഴയ്ക്കും, ആ ശത്രുഘ്നൻ തൃക്കാൽക്കൽ വീണുകഴിഞ്ഞു. രാമൻ ക്ഷണനേരത്തിൽ പിടിച്ചെഴുന്നേല്പിച്ചു് അതു വിനീതനായ സഹോദരന്റെ യുപചാരങ്ങളുണർത്തുന്ന കുളുമ്പെല്ലാം മുറുകെപ്പുണർന്നു, ശിരസ്സിൽ മന്ദമന്ദാശീർവചനവുമരുളിക്കൊണ്ടു, അനിർവ്വചനീയമായ സന്തോഷത്തിലും ആനന്ദത്തിലും മുങ്കി; ഭക്തിവിവശനായി കാൽക്കൽ പതിച്ചു പുഷ്പകത്തോടും മുകളിൽ മുകൾ തിരുമാറോടണച്ചു; വീരനായ ഹനുമാൻ, സുഗ്രീവൻ, അംഗദൻ, ജനകപുത്രനായ ലക്ഷ്മീനിധി, പ്രതാപാഗ്രൃൻ, തിഗ്മതേജൻ, നളൻ, സുമദൻ, വിമലൻ, നീലരത്നൻ, സത്യവാൻ, വീരമണി, രാമഭക്തനായ സുഷേണൻ എന്നിവരേയും, കാൽ വണങ്ങിയ മറ്റു മിത്രന്മാരേയും രഘുനാഥൻ ഗാഢമായി സമാശ്ലേഷിച്ചു. മാതാക്കളായ സുമതി ഭദ്രയെ ആനന്ദാശ്രുക്കളുണർത്തുന്ന രാമഭദ്രനെ മുകർന്നുണർത്തി സന്തുഷ്ടനാക്കി തിരുമുമ്പിൽ നിന്നു. അപ്പോൾ രഘുകുലനാഥൻ രാമൻ സർവ്വകുശലപ്രശ്നങ്ങളുടെ ശേഷം സഹോദരനോടായി ചോദിച്ചു:—'സുമതേ, സത്രുഘ്നാ, മറ്റാരുമറിയാതെ, ഈ രാജ്യകാര്യമാരെയാണ് നീ ഏല്പിച്ചിട്ടു പോന്നതു? എങ്ങിനെ ഒരെണ്ണമുണ്ടു? കുതിര എവിടെയൊക്കെപ്പോയി? ആരൊക്കെ പിടിച്ചുകെട്ടി? എന്റെ അതിബലവാനായ അനുജൻ വിട്ടുവിച്ചതെങ്ങിനെ? എല്ലാം പറയു.'

ഇതു കേട്ടിട്ടു് ആ മഹാബുദ്ധിമാനായ മന്ത്രീന്ദ്രൻ പുഞ്ചിരിച്ചുകൊണ്ടു മേഘഗംഭീരസ്വരത്തിൽ ഉണർത്തിച്ചു:—'രാജാക്കന്മാരെല്ലാം ശിരോരത്നമായുള്ളോരേ, സർവ്വജ്ഞനായ ഇവിടുത്തെ മുമ്പിൽ അടിയൻ ഉണർത്തിയ്ക്കേണ്ടതെന്താണു? ഇവിടുന്നു് നൈകിക്കുരീതിയുടെ പോലിയുടെ നുവെന്നോ ഉള്ളു; സകലവും സർവ്വസാക്ഷിയായ ഇവിടെയ്ക്കറിയാമല്ലോ. എന്നാലും ഇവിടുത്തെ ആജ്ഞയെ ശിരസാവഹിച്ചു് അടിയൻ ഉണർത്തിയ്ക്കുകതന്നെ ചെയ്യാം; കനിവോടു കേട്ടുകൊണ്ടാലും:

തിരുമേനി, ഇവിടുത്തെ കുതിര ഇവിടുത്തെ പുരുഷന്മാർ, തേരിന്മേൽ സാധിക്കുന്ന പത്രവുമായി, ഭൂമണ്ഡലത്തിലെങ്ങും സഞ്ചരിച്ചു; ആരും ബലാത്കാരേണപോലും പിടിച്ചുനിർത്തുകയുണ്ടായില്ല. തന്നെ

Digitized By Kerala Sahitya Akademi

മറിച്ചു്, ഓരോരുത്തനും സ്വന്തം സ്വന്തം രാജ്യം സമർപ്പിച്ചു് തൃക്കാൽ വണങ്ങുകയാണു് ചെയ്തതു്: ജരാമരണമില്ലാത്തവനായാൽപോലും ആരാണു് ജയം കൊതിച്ചു്, രാവണരാക്ഷസേന്ദ്രന്റെ കുതിരയെ തൊടുക? അങ്ങിനെ, മനോഹരമായ തുരംഗമം അഹിച്ഛത്രയിൽ ചെന്നെത്തി; അവിടത്തെ രാജാവു്, സുമദ്രൻ, ഇവിടത്തെ അശ്വം എത്തിയിട്ടുണ്ടെന്നു കേട്ട നിമിഷത്തിൽ, പുത്രന്മാരാലും വന്ദിച്ച സൈന്യത്താലും പരിവൃതനായി വന്നു്, തന്റെ നിസ്സീമമായ രാജ്യം മുഴുവനും സമർപ്പിച്ചു. ജഗത്തുകളുടെ അംബികയും നായികയുമായ ദേവിയെ പ്രസാദിപ്പിച്ചു് ദീർഘായുസ്സും നിഷ്കണ്ടകമായ രാജ്യവും നേടിയ ആളാണു് സുമദ്രൻ; ആ രാജാവിതാ, പ്രത്യേകം സേവിതനായ തിരുമേനിയെ പ്രണമിക്കുന്നു. എന്നെന്നാളായി ദർശനം കൊതിച്ചുപോരുന്ന ഇദ്ദേഹത്തെ സദയം കടാക്ഷിച്ചാലും.

പിന്നെ സുബാഹുവിന്റെ തൈന്യനിറഞ്ഞ നഗരത്തിൽചെന്നെത്തിയപ്പോൾ, അദ്ദേഹത്തിന്റെ പുത്രൻ, ദമനൻ തുരംഗമേന്ദ്രനെ പിടിച്ചുകളഞ്ഞു; അതിൽവെച്ചു്, ദമനനുമായി ഒരു വലിയ യുദ്ധം നടന്നു. പുഷ്കലൻ സുബാഹുസുതനെ മൂർച്ഛിപ്പിച്ചു വിജയംനേടി. അപ്പോൾ അരിശംപൂണ്ട സുബാഹു യുദ്ധത്തിനു വന്നു്, ഭവൽപ്പാദസേവകനും ബലിഷ്ഠനുമായ വായുപുത്രനോടു് പോർചെയ്തു. ഹനുമാന്റെ വായിട്ടുകൊണ്ടതോടുകൂടി, അദ്ദേഹത്തിനു ശാപത്താൽ മാഞ്ഞുപോയിരുന്ന ജ്ഞാനം പ്രകാശിക്കുകയും, അദ്ദേഹം സൗസവും ഇവിടത്തെ സൈന്യവും സമർപ്പിച്ചു് അശ്വരക്ഷകനുമായുടെ കൂട്ടത്തിൽ ചേരുകയും ചെയ്തു. ആ യുദ്ധകോവിദനായ സുബാഹുരാജാവിതാ, അങ്ങയെ വണങ്ങുന്നു; ഈ തുരംഗകായനെ ഇവിടുന്ന കൃപാദൃഷ്ടിയാൽ അഭിഷേചിച്ചരുളിയാലും.

അവിടുന്നു വിടപ്പെട്ട അശ്വം നമ്മളാദ്രിത്തിൽ മുഴുകിപ്പോയി. അവിടെവെച്ചു ബലിഷ്ഠനായ ശത്രുഘ്നൻ നന്നേ മോഹനാസ്ത്രം കൈവന്നു. പിന്നെ ചെന്നതു്, ശിവസാന്നിദ്ധ്യത്താൽ അലംകൃതമായ ദേവപുരത്തിലായിരുന്നു; അവിടെയുണ്ടായതു്, അവിടെ എഴുന്നള്ളിയിരുന്ന ഇവിടെയുള്ളറിയാമല്ലോ. പിന്നീടു വിദ്യുന്മാലി എന്നു രാക്ഷസൻ കൊല്ലപ്പെട്ടു. പിന്നെ സത്യവാൻ ഒന്നിച്ചു ചേർന്നു. സുരഥനോടുണ്ടായ യുദ്ധം ഇവിടുന്നറിഞ്ഞതാണല്ലൊ. കുണ്ഡലത്തിൽനിന്നു വിടപ്പെട്ടതിന്നുശേഷം കുതിര പലേടത്തും നടന്നു; ഒരുരും ബലാബലപ്രയോഗത്താൽ പിടിക്കുകയുണ്ടായില്ല.

വാല്മീകിയുടെ ആശ്രമത്തിൽ ചെന്നെത്തിയപ്പോൾ ഒരാശ്ച[illegible]

Digitized By Kerala Sahitya Akademi

തിനാറോളം വയസ്സുചെന്ന ഒരു ബലിഷ്ഠനായ ബാലൻ പരാക്രമിതമായ വാജിയെ പിടിച്ചുനിത്തി! അപ്പോഴാം കാലജിത്തു വന്വിച്ച യുദ്ധം തുടങ്ങി. അയാളെ ആ വീരനായ ബാലൻ മുഷ്ടിയേറിയ വാർകൊണ്ടു വെട്ടിക്കൊന്നു; എന്നല്ല, വളരെപ്പേരെ യുദ്ധത്തിൽ കൊലപ്പെടുത്തി; പുഷ്കലൻ തുടങ്ങിയ മഹാബലന്മാരേയും ശത്രുഘ്നനെക്കൂടിയും ആ വീരശിരോമണി മോഹാലസ്യപ്പെടുത്തിക്കളഞ്ഞു! അതിൽ വല്ലാത്ത ദുഃഖം തോന്നിയ ശത്രുഘ്നവീരൻ പിന്നീടു കോപാന്ധനായി ആ ബലിഷ്ഠനേയും മോഹാലസ്യപ്പെടുത്തി, അപ്പോഴേയ്ക്കും, അതേ മട്ടിൽ മറെറാരു ബാലൻ വന്നണഞ്ഞി. അവനും മോഹാലസ്യം നീങ്ങിയ ഇവനംപ്രതി അങ്ങയുടെ സൈന്യത്തെ മുച്ചൂടും സംഹരിച്ചു; എന്നിട്ടോ, മുഴിച്ചുവീണവരുടെയെല്ലാം ആയുധങ്ങളും അമ്പരാത്തങ്ങളും കൈക്കലാക്കി, ഹനുമൽസുഗ്രീവന്മാരെ ബന്ധിച്ചു അശ്രമത്തിലേയ്ക്കു കൊണ്ടുപോയി. ഒടുവിൽ ഭയങ്കരനായ ശാശ്വതത്തെ ആ കുട്ടി തിരിച്ചുതന്നു; ചത്തുകിടന്നിരുന്ന സൈന്യവും നിശ്ശേഷം ജീവിച്ചു; ഞങ്ങൾ കുതിരയേയുംകൊണ്ടു് ഇവിടത്തെ സന്നിധിയിലേയ്ക്കു പോരികയും ചെയ്തു. ഇത്രയൊക്കയേ അടിയനറിഞ്ഞുകൂടൂ; അതിവിടെ ഉണർത്തിച്ചു.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, അശ്വപ്രത്യാഗമനം അനുപത്തഞ്ചാമദ്ധ്യായം.

(൦)

അനുപത്തഞ്ചാമദ്ധ്യായം

ശൌഭരൻ:—സുമതി പറഞ്ഞ അശ്രമകുട്ടികൾ തങ്ങൾറ പുത്രന്മാരായിരിക്കും എന്നോർത്തു രാമൻ വാല്മീകിയോടു ചോദിച്ചു:—'മഹർഷേ, എന്റെ ഭ്രായയുള്ള ആ ബലിഷ്ഠന്മാരായ കുട്ടികൾ ആരാണ്? എന്തിനാണ്, ആ ധനുർവിദ്യാവിദഗ്ധന്മാർ അവിടെ താമസിക്കുന്നത്? മന്ത്രി പറഞ്ഞതിൽ എനിക്കത്ഭുതം തോന്നുന്നു: അവർ ശത്രുഘ്നനേയും ഹനുമാനേയും കളിയായി ബന്ധിച്ചുകളഞ്ഞുവല്ലോ! അതിനാൽ ആ ബാലന്മാരുടെ കഥയൊക്കെ പറഞ്ഞുതരിക; എനിക്കതിൽ വളരെ പ്രതിപത്തി തോന്നുന്നുണ്ട്.'

ധീമാനായ രാജരാജന്റെ ഈ വാക്കുകേട്ടിട്ട് വാല്മീകി വെളിവാം വണ്ണം പറഞ്ഞു:—'സർവാന്തര്യാമിയായ ഇവിടെയുള്ള് എന്താണറിഞ്ഞുകൂടാത്തത്? എന്നാലും ഇവിടത്തെ സന്തോഷത്തിനായി ഞാൻ പറ

Digitized By Kerala Sahitya Akademi

യാം: ക്ഷത്രിയരാണ്, എന്റെ ആശ്രമത്തിലുള്ള ആ ബലിഷ്ഠന്മാരായ ബാലന്മാർ; അവരുടെ മനോഹരമായ കളേബരം ഇവിടത്തെ തപോ ധനത്തിൽ പരിശോഭിക്കുന്നു. ഒരു തെറ്റുമില്ലാതെ ഇവിടുന്നുപേക്ഷിച്ച ഗർഭിണിയായിരുന്ന ജാനകി സങ്കടം സഹിക്കാതെ കൊടുങ്കാട്ടിൽവെച്ച് കരരി എന്നപോലെ വീണ്ടും വീണ്ടും നിലവിളിക്കാൻ തുടങ്ങി. അപ്പോഠം ഞാൻ കണ്ടെത്തി ആ സാധ്വിയായ ജനകപുത്രിയെ---അങ്ങയുടെ ഭാര്യയെ—എന്റെ ആശ്രമത്തിലേയ്ക്കു കൊണ്ടുപോയി; മുനിപുത്രന്മാരെക്കൊണ്ട് ഒരു ഭംഗിയുള്ള പർണ്ണശാലയും തീർപ്പിച്ചു. അതിൽവെച്ച് അവർ പത്തുദിക്കുകളേയും പരിശോഭിപ്പിക്കുന്ന രണ്ടുണ്ണികളെ പ്രസവിച്ചു. അവർക്ക് ഞാൻ കുശനെന്നും ലവനെന്നും പേർ വിളിച്ചു. അവർ ശുക്ലപക്ഷത്തിലെ ചന്ദ്രനെന്നപോലെ വളർന്നുവന്നു. കാലമായപ്പോഠം ഉപനയനം മുതലായതും കഴിച്ച് ഞാൻ വേദവേദാംഗങ്ങൾ പഠിപ്പിച്ചു; ആയുർവ്വേദം, ധനുർവ്വേദം, ശസ്ത്രവിദ്യ, ജാലംധരീവിദ്യ എന്നിവയും സരഹസ്യം ഉപദേശിച്ചു; പിന്നീട് സംഗീതത്തിൽ സാമർത്ഥ്യമുണ്ടാക്കി. [എല്ലാ വിദ്യകളിലും വിദഗ്ദ്ധരായിത്തീർന്ന അവരിരുവരും ഗംഗാതീരത്തു വനലതാനികുഞ്ജങ്ങളിൽ പാട്ടംപാടി നടക്കുകയായി. അതിൽ എനിക്കു വളരെ സന്തോഷംതോന്നി.] ഞാൻ എല്ലാ ആയുധങ്ങളും കൊടുത്തു് ആ ഓമനകിടാങ്ങളുടെ ശിരസ്സിൽ കൈവെച്ചു! ഷഡ്ജമധ്യമഗാന്ധാരസ്വരവിദ്യയിൽ പരിജ്ഞാനം നേടിയ അവരുടെ ഗാനചാതുര്യം ലോകങ്ങളെ വിസ്മയപ്പെടുത്തി. അപ്പോഠം ഞാൻ ഭാവിജ്ഞാനത്താൽ നിർമ്മിച്ച ശ്രീരാമായണം ആ സുകുമാരന്മാരെക്കൊണ്ടു് പാടിക്കുകയായി. മൃദംഗപണവാദിവാദ്യങ്ങളോടും വീണാദി യന്ത്രങ്ങളോടുംകൂടി അവർ കാടുതോറും പാടുമ്പോഠം മൃഗപക്ഷികൾപോലും മയങ്ങിപ്പോകും!

(കിളിപ്പാട്ട്- ൭൬൬)

അന്നാളിൽക്കുമാരർതന്നാത്തഗാനാമൃത-
മൊന്നാസ്വദിപ്പാൻ മോഹം വരുന്നുണ്ടാസ്സന്ന;
കൊണ്ടുപോയിതു ഗീതവിദ്യാബ്ധി കടന്നോരാം
രണ്ടുപേരെയും വിഭാവരിയിലേയ്ക്കാദ്ദേവൻ.
അവിടെവെച്ചാമണിപ്പൈതങ്ങൾ പാടീ ഭംഗ്യാ
പവിത്രം തുലോം രമ്യം ചരിത്രം മധുരം തേ.
തൻകുടുംബവും പാട്ടുകാരുമൊത്തതു കേട്ടു
വൻകടൽപ്പെരുമാൾക്കു വന്നതില്ലവിഭാവം;
ഗാനത്തിൽസ്സുധാധികസ്വാദുനിൻചരിതം കേ-
ട്ടാനന്ദാൽ മയങ്ങി നിറ്റേർന്നുനായ് മിത്രാനുജിതൻ.

Digitized By Kerala Sahitya Akademi

തിരിയേ വീട്ടിലവൻ ബാലരെ,സ്സസ്സുഖമായ്-
പ്പെരിയ പദവിയിലുങ്ങു പാറ്റിക്കാമെന്നാൻ;
എന്നാലും, ഗുരുവേയും മാതാവിനേയും ഭജി-
യ്ക്കുന്നതിൽനിന്ന മനം നിൻപുത്രക്കിളകീലാ.
പിന്നൊഞാൻ പോയേൻ ശ്രീമദ്പാരുണാലയത്തിങ്ക-
ലെന്നെ നൽസ്നേഹത്താടേ പൂജിച്ചാദ്ദിഗീശപരൻ
സർവ്വജ്ഞനെന്നാകിലും വെറ്റേറെ ചോദിക്കയാൽ
സർവ്വം തൊന്നോൻ ബാലബ്രഹ്മാദിചരിതം ഞാൻ.
ദീർഘതൻസുതിനെന്നറിഞ്ഞുടൻ പ്രഹർഷേണ-
സാദരമെന്നെ കീടിനാനംപരാലങ്കാരങ്ങൾ;
വാങ്ങിക്കാം ദേവൻ തന്നതെന്നൊൻറെ പൊല്പാലത്രേ
വാങ്ങിച്ചതവയെല്ലാമാരാജകുമാരന്മാർ.
അവർതൻകൊട്ടം പാട്ടും ഗുണവും പെരുപ്പവും
ഭവനപാലന്നുള്ളിൽസ്സന്തോഷം തഴപ്പിച്ചു.

സീതയെക്കുറിച്ചെന്നോടോതിനാൻ പ്രഭു പിന്നെ:—
'സ്സീതസതീരത്നം, ത്രപയൗവനവതി,
വീരരെ പ്രസവിച്ച സൌഭാഗ്യവതി, ധർമ്മ-
ചാരിണി വെടിയാവുന്നവളല്ലൊരിക്കലും!
തത്ത്യാഗാൽ കുറഞ്ഞൊട്ടുമുണ്ടെയ്തുരാജ്യമഹം;
സിദ്ധികൾക്കുപരിയാമക്ഷയസിദ്ധിയവൾ!
പാമരരിവളുടെ മാഹാത്മ്യമറിയാതെ
പാഴിലേ പഴിയ്ക്കിലെന്തിടിവു ത്രൈകീത്തേ?
ഞങ്ങടം സാക്ഷികളെന്നുമിവർതൻ സത്യത്തി-
ലിങ്ങു തൽസ്മരണവും സദ്യസ്സിദ്ധിദമത്രേ.
ഇവർതൻനിനവൊന്നാലജസ്രം നടക്കുന്ന
ഭവനസ്തംഭിലയാദ്യൈശ്വര വ്യാപാരങ്ങൾ.
മൃത്യുവുമമൃതും തേജസ്സും വെയിലും വിണ്ണും
മുക്തിയും തപോ യോഗം ദാനവും വൈദേഹി താൻ!
ബ്രഹ്മേശരേയും ദിക്പാലാസ്ത്രാദികളേയും
നിർമ്മിച്ചൊളിവിടുത്തെബ്ഭാര്യ മൈഥിലി തന്നെ:
അച്ഛനങ്ങുലകങ്ങൾക്കമ്മ ജാനകി;—യെന്നാൽ-
ഭർത്തൃകയൊരിക്കലും നല്ലതല്ലിവളിൽത്തെ.
നിത്യവും പ്രാണപ്രേയസ്യായ ഭ്രസുത സീത
ശുദ്ധയെന്നറിവീലേ സർവ്വജ്ഞൻ ഭവാൻ സ്വയം?
അതിനാൽക്കൈക്കൊള്ളേണമാരോമലാളെ സ്വാമി:
പതിതസ്ഥിതി പറാ സീതയ്ക്കുമിവിടെയ്ക്കും.

Digitized By Kerala Sahitya Akademi

മാമുനേ, ഞാനിച്ചൊന്നതൊക്കെയും ലോകേശനാം
രാമനെക്കണ്ടു കഥിച്ചീടേണം ഭവാനെ'ന്നാൻ.
വരുണൻ ചൊന്നവിധം തന്നെയാണിക്കായ്ത്തി-
ലുരചെയ്തതു മറവു ലോകപാലകന്മാരും.

ഉണ്ണികാം രാമായണം ഗാനംചെയ്തതുകേട്ട
വിണ്ണോരും ഗന്ധർവ്വരുമസുരന്മാരുമെല്ലാം
പ്രീതരായ്ച്ചൂകത്തിനാര,വർതൻ വധയാത്രാ-
ഗീതനന്മകൾകൊണ്ടു മുറ്റുമാരും മയങ്ങിപ്പോയ്.
ലോകേശർ സമ്മാനങ്ങൾ കൊടുത്താർ നിൻപുത്രന്മാ-
ക്കേകിനാർ വരം മുനിശ്രേഷ്ഠർ കീർത്തിച്ചാരന്യർ.
'ഒരു രാമനേ പാരിലുണ്ടായിരുന്നുള്ളു മു-
മ്പിരുവർ നിൻപുത്രരാൽസ്സാമ്പ്രതം മൂന്നായ് രാമൻ!
ഒരു കാമനെക്കൊണ്ടേ മുമ്പുള്ള ജഗത്തിനം
പരതന്ത്രതയിലുഴന്നാലു കാമനാലായി!'

മറവുമെല്ലാടത്തും നിൻപുത്രർ പാടുമാറുണ്ടു;
പറവാനെന്തേ ഫാനി വിജ്ഞനാമങ്ങയ്ക്കിതിൽ?
മൈഥിലീത്യാഗമൊഴിഞ്ഞങ്ങു ചെയ്തതിലെല്ലാം
സാധുകീർത്തിയേ കേൾപ്പൂ പുണ്യശ്ലോകോത്തംസമേ!
ഗൃഹസ്ഥനായി വാഴും ശ്രീജഗൽപതി ഭവാൻ
സഹസാ കൈവെടിഞ്ഞേണം പ്രാജ്ഞരാം സൽപുത്രരെ.
അമ്മയെവിട്ടു ഭവദന്തികേ പാർക്കില്ലവ-
രമ്മയോടൊപ്പം വരുത്തീടുക കുമാരരെ.
അവർ താനത്രേ ചതുരസൈന്യത്തിനായിരേകീ;
ഭവനങ്ങൾക്കെന്തിതിൽ മീതെ വിശ്വാസം വേണ്ടു?
അറിയാതെന്നാലുള്ളും ഞങ്ങളും വിണ്ണോരുമി-
ന്നവർതൻ വിശ്രുതിയിലുറപ്പായ് പ്രജകളും.'

സർവ്വജ്ഞനെങ്കിലും വാല്മീകിയാൽ ഇപ്രകാരം അറിയിയ്ക്കപ്പെട്ട രാമൻ അദ്ദേഹത്തെ വണങ്ങി സ്തുതിച്ചു ലക്ഷ്മണനോടാജ്ഞാപിച്ചു:—'ഉണ്ണി, ഇപ്പോൾത്തന്നെ ധർമ്മചാരിണിയായ സീതയേയും കുമാരന്മാരേയും കൊണ്ടുവരുവാൻ സുമന്ത്രനോടുത്തരവു തേരിൽക്കേറി പോയാലും; എന്നേറയും മഹർഷിയുടേയും ഈ വാക്കുകൾ കേൾപ്പിച്ചു് അവളെ വേഗത്തിൽ ഈ രാജധാനിയിലേയ്ക്കു കൊണ്ടുപോരണം.'

ലക്ഷ്മണൻ:—'തിരുമേനി കല്പിച്ചതിൻവണ്ണം അടിയൻ പോകാം; നീങ്ങളിലൊക്കെ പ്രീതിപ്പെട്ട ദേവി പോരികയാണെങ്കിൽ അടി

Digitized By Kerala Sahitya Akademi

യന്റെ യാത്ര സഫലമായി! എന്നാൽ മുൻചെയ്ത കുറ്റംമൂലം അടിയങ്കൽ ആ സാധ്വിയ്ക്ക് അരിശമുണ്ടാകാം; അതിനാൽ ദേവി പോരാത്ത പക്ഷം അടിയനു മാപ്പുതരണം!'

ഇത്രയും ഉണത്തിച്ച ലക്ഷ്മണൻ സുമന്ത്രനോടും ഒരു വാല്മീകിശിഷ്യനോടുംകൂടി തേരിൽ കയറി സീതയുടെ ആശ്രമത്തിലേയ്ക്കു ഗമിച്ചു. 'സീതാദേവിയെ ഞാൻ എങ്ങിനെ പ്രസാദിപ്പിയ്ക്കുണ്ടു? രാമന്റെ ആജ്ഞയാലാണ് ഞാൻ ഇന്നു കുറ്റം ചെയ്തതെന്നു ദേവിയ്ക്കറിയാമല്ലോ.' എന്നിങ്ങിനെ ചിന്തിച്ചുംകൊണ്ട് സന്തോഷത്തിന്റെയും സംകോചത്തിന്റെയും മദ്ധ്യത്തിൽപ്പെട്ട ലക്ഷ്മണൻ ശ്രമനാശനമായ സീതാശ്രമത്തിൽ ചെന്നെത്തി; ഉടനേ തേരിൽനിന്നിറങ്ങി കണ്ണുകളിൽ ബാഷ്പം നിറഞ്ഞും ശരീരമാകെ വിറച്ചും 'ആര്യേ, പൂജ്യേ, ഭഗവതി, ഭദ്രേ' എന്നിങ്ങനെ വീണ്ടും വീണ്ടും ഉച്ചരിച്ചുകൊണ്ടും സീതയുടെ കാൽക്കൽ വീണു. ദേവി സ്നേഹവൈവശ്യത്തോടേ ആദ്ദേഹത്തെ എഴുന്നേല്പിച്ചു.

(ശ്ലോകങ്ങൾ)

'ഭദ്രൻ ഭവാനെന്തിനാ വന്നുചേർന്നതു
തപഃസിലോകപ്രിയമാം വനത്തിൽ?
കൌസല്യയാം ശില്പിയിലുത്ഭവിച്ച
മുത്താകുമദ്ദേവനു സൌഖ്യമല്ലീ?

എൻപേരിലില്ലല്ലി നൃപന്നമപ്പ?—
മെല്ലാവരും വാഴ്ത്തിവരുന്നതില്ലേ,
അനാരതം കേവലയായ കീർത്തി—
യ്ക്കധീനനാമസ്സുഗുണാണ്ണവത്തെ?
അകീർത്തി പേടിച്ച നരേന്ദ്രനെന്നെ—
കൊല്ലാൻ നിയോഗിച്ച ഭവാനെയെന്നോ?
ലോകത്തിലൊട്ടുക്കവിടെയ്ക്കു ശുദ്ധ—
സൽക്കീർത്തിയുണ്ടാമിതുകൊണ്ടുമെങ്കിൽ,

ചത്തും മണാളനു യശസ്സുറപ്പിൽ
നിത്തീടുവോളാണു നിരാകുലം ഞാൻ;
എന്നാലയേ ദേവര, ഭർത്തൃലോക—
മെനിയ്ക്കു ചിക്കന്നു ലഭിക്കുമല്ലോ!

അദ്ദേഹമെന്നൊണ്ണുത! തള്ളിയാലും
ഞാൻ തള്ളിയിട്ടില്ലവിടത്തൊഴയാട്ടം:
ഫലം നിമിത്തത്തിനധീനമത്രേ;
നിമിത്തമുണ്ടോ ഫലമാവശ്യമായ്വൂ?

Digitized By Kerala Sahitya Akademi

കൌസല്യ ശല്യം പിണയാതെ സൌഖ്യ-
ത്തോടല്ലയോ വാണരുളുന്ന നിത്യം
ജഗത്രയീപാലകനായവന്റെ
പെറമ്മ,യെന്നിൽക്കനിവേറമുള്ളോർ?

സുഖത്തോടല്ലീ ഭരതാദിസവ്-
ബന്ധുക്കളും ലക്ഷ്മണ, വാണിടുന്നു
സൌഭാഗ്യമേറുന്നവളെ,ന്റെ പേരിൽ
പ്രാണാധികസ്സംറ സുമിത്രതാനും?

ഭവാനെയും സർവ്വജഗൽപ്രസിദ്ധി-
ക്കെന്നെക്കണക്കാശ്ര വെടിഞ്ഞുപെന്നോ!
എന്തുള്ള തൻപേരിലുമൻപിണങ്ങാ-
ത്താക്ഷ്വോണിപാലനാനുപേക്ഷ്യമായി?'

എന്നുംമറും ചോദിച്ച സീതയോട് രാമാനുജൻ മറുപടി പറഞ്ഞു:—'ദേവി, തിരുമേനിക്ക് കുശലം തന്നെ; അവിടുന്ന ഭവതിയോട് കുശലം ചോദിക്കുന്നു. കൌസല്യ, സുമിത്ര എന്നിവരും മറു രാജ്ഞിമാരും ഭവതിയെ സസ്നേഹം ആശീർവ്വദിച്ച് കുശലം ചോദിക്കുന്നു. ഭരതശത്രുഘ്നന്മാർ കുശലം ചോദിച്ചുകൊണ്ടു ഭവതിയുടെ പാദങ്ങളിൽ അഭിവാദ്യം ചെയ്യുന്നു. ഗുരുക്കന്മാർ, ഗുരുപത്നിമാർ എന്നിവരുമെല്ലാവരും ഭവതിയെ ആശീർവ്വദിക്കുകയും, കുശലം ചോദിക്കുകയും ചെയ്യുന്നു. ജനകനന്ദിനി, കൃതാത്മാവായ തിരുമേനി ഭവതിയെ നിർവ്യാജം ക്ഷണിച്ചുകൊള്ളുന്നു. അവിടുത്തേയ്ക്കു ഭവതിയൊഴിഞ്ഞു മറൊന്തിലും മനസ്സുഖം കിട്ടുന്നില്ല: ഭവതിയോടു പിരികയാൽ നമ്മുടെ തമ്പുരാൻ ദിക്കുകളെല്ലാം ശൂന്യങ്ങളായി കണ്ടു, മറുള്ളവരും കരഞ്ഞുപോകുമാറു കണ്ണീർ വാർക്കുന്നു. വൈദേഹി, ഇവിടുന്ന് എവിടെ സ്ഥിതി ചെയ്യുന്നുവോ, അവിടത്തെപ്പുറിയാണ് രാഘവന്നു സദാ വിചാരം; അവിടംമാത്രമേ ശൂന്യമല്ലാത്തതായി അവിടുന്നു കരുതുന്നതുള്ളൂ. 'വാല്മീകിയുടെ ആശ്രമം ധന്യം തന്നെ: അവിടെയാണല്ലോ ജാനകി!' എന്നിങ്ങനെ വീണ്ടും വീണ്ടും അരുളിച്ചെയ്തുകൊണ്ടാണ്, സ്വാമി കാലം കഴിച്ചുകൂട്ടുന്നതു്. അവിടുന്നു കരഞ്ഞുംകൊണ്ടു പറഞ്ഞയച്ചിട്ടുള്ളതു കേട്ടാലും; അതുകൊണ്ടു ശരിയായിട്ടറിയാം അവിടുത്തെ അന്തർഗ്ഗതം:

(പാന)

'എന്നെയത്രേ സമസ്തേശ്വരേശ്വര-
നെന്നുചൊല്ലിവരുന്ന ജഗത്തുകൾ,

Digitized By Kerala Sahitya Akademi

പാരിനെല്ലാം സ്വതന്ത്രമായ് നിലകൊള്ളുന്ന
കാരണമാമദൃഷ്ടവും ഞാൻ തന്നെ.
ഈശ്വരനദൃഷ്ടത്തിനെത്തന്നെ–
യാശ്രയിച്ചുപോരുന്ന കായ്ങ്ങളിൽ;
പിമ്പിതിനെ മറവുള്ളവരെങ്ങിനെ
പിന്തുടരില്ല സൌഖ്യദുഃഖങ്ങളിൽ?
വില്ല പൊട്ടിയ്ക്കുക, യൊരുകെയിതനാളുടൽ–
വല്ല ബാധിയ്ക്കലു,മുകന്റെ തീപ്പെടൽ,
തനി, കാനനം പുകലു,വിടെയോ
നിന്നെ മോഹിയ്ക്കലു,ണ്ണവം പിനിടൽ,
ആശരേന്ദ്രനെപ്പോരിൽ വധിയ്ക്കലു,–
ങ്ങംശരർക്ഷുപ്രവംഗർ സഹായിയ്ക്കൽ,
നിന്നെ നേടൽ, ശപഥം നിറവേറൽ,
ധന്യശീലേ, സബന്ധുസമാഗമം,
നാടുവാഴ്ച്ച, രണ്ടാമതും നിന്റെ വേർ–
പാടിവയ്ക്കാതെയ്ക്ക മൂലമദൃഷ്ടംതാൻ;
ഉന്നിവാരമതു താൻ പ്രസാദിപ്പി–
തിന്ന നാം വീണ്ടുമൊത്തൊരുമിപ്പതിൽ!
ആരുമറ മറൊരുമട്ടാക്കു,–
മാരിൽനിന്നലകിന്നുഭയക്ഷയം,
ആദിഹേതുവാജ്ഞാനം ജഗദ്ന–
യാതനായിച്ചമഞ്ഞിതദൃഷ്ടത്താൽ;
ജന്തുവർഗ്ഗങ്ങളെല്ലാം വിദേഹജേ,
പിന്തുടരുന്ന നിത്യമദൃഷ്ടത്തെ;
ഈയദൃഷ്ടം ഭുജിക്കിലെ തീരുള്ളു;
നീയിതു ഭുജിച്ചല്ലോ വനാന്തരേ.
തനി, ദൂർവ്വാരമായി വളരുന്ന
നിന്നിലെസ്നേഹമിയ്യിവനാ,കയാൽ
ലോകരേയുമദൃഷ്ടത്തെയും തള്ളി
സ്വീകരിപ്പാൻ വിളിക്കുന്ന നിന്നെ ഞാൻ.
ദോഷശങ്കയാൽ സ്നേഹം വിശ്രുദ്ധമാം;
ദോഷജ്ഞക്തെ പാരമാസ്വാദ്യമാം.
നിർണ്ണയം സ്നേഹശോധനമാണു, ഞാൻ
നിന്നിലിച്ചെയ്തതെന്തെ ധരിക്ക നീ;
ലോകരക്ഷയും സാധിച്ചു ഞാനിതിൽ
ശ്രീകരി,സദാചാരനിവൃത്തിയാൽ.

Digitized By Kerala Sahitya Akademi

ദേവി, നാം നടപ്പെങ്ങാൻ ഗണിക്കായ്കിലി-
ലാവിധംചെയ്ത ലോകർ നശിച്ചീടുപാം!
ഉജ്ജ്വലിപ്പാനു നമ്മുടെ സൽകീർത്തി;—
യുജ്ജ്വലിപ്പാനു നമ്മുടെ സൌഹൃദം;
ഉജ്ജ്വലിപ്പവ നമ്മുടെ വംശങ്ങ—
ളുജ്ജ്വലിപ്പവ നമ്മുടെ കാമ്പങ്ങളും;
ഇമ്മഹിധിങ്കലുജ്ജ്വലരായ് വാണം
നമ്മുടെ കീർത്തിപാത്രം രക്ഷിക്കുക;
നമ്മളിൽഭേദിതഭാവമാർക്കുണ്ടു,വർ
ജന്മമൃത്യുമയാബ്ധി കടന്നീടുപാം!'

ഇപ്രകാരമാണ്, ദേവിയുടെ ഗുണങ്ങളാൽ പ്രീതനായിരിക്കുന്ന തന്തിരുമേനിയുടെ സന്ദേശം; ദേവി ഭർത്താവിന്റെ പാദപത്മം ദർശിപ്പാൻ കനിഞ്ഞരുളിയാലും! വിലയേറിയ രമണീയ വസ്ത്രാഭരണങ്ങളും, മനോജ്ഞങ്ങളായ സുഗന്ധകുറിക്കൂട്ടുകളും തേരാനകുതിരകളും ദാസിമാരും വെൺകൊറ്റക്കുടയും വെൺചാമരങ്ങളും ഇവിടുത്തെ സന്തോഷത്തിന്നായി രാമനാൽ കൽപിച്ചയയ്ക്കപ്പെട്ടിട്ടുണ്ട്. മഹാറാണി, ഇവിടുന്നു ദിഗ്വിജയത്തിന്നുന്മാരാളും സുരഭിമാഗധവന്ദികളാലും സ്തുതിക്കപ്പെട്ടുകൊണ്ടും,നഗരസ്ത്രീകളാൽ നമിക്കപ്പെട്ടുകൊണ്ടും, യോദ്ധാക്കളാൽ സേവിക്കപ്പെട്ടുകൊണ്ടും, ദേവദേവാഗ്രസനമാരാൽ പുഷ്പവർഷം ചെയ്യപ്പെട്ടുകൊണ്ടും, ബ്രാഹ്മണർക്കും മറ്റും യഥായോഗ്യം ധനങ്ങൾ നൽകിക്കൊണ്ടും, ഉണ്ണികളിരുവരേയും മുമ്പിൽ ഞാനടുപ്പുത്തുകേറി, ഞാനാകുന്ന അനാഥരനോടൊന്നിച്ച് സ്വന്തം അയോദ്ധ്യാപുരിയിലേയ്ക്ക് എഴുന്നള്ളിയാലും. ഇവിടുന്ന് അവിടെ എത്തി കാന്തനോട് ചേരുകയാൽ ഇന്നു രാജ്ഞിമാക്കും മുനിപത്നിമാക്കും—യാഗത്തിന്ന വന്നൊത്തിയിട്ടുള്ള സകലർക്കും—മംഗളഗീതവാദ്യാദികരംകൊണ്ട് മഹോത്സവം മുതിരുമാറാകട്ടെ!'

ഈ അറിയിപ്പിന്ന് സീതാദേവിയുടെ മറുവടി ഇങ്ങിനെയായിരുന്നു:—'ഞാൻ രാജാവിനെ കീർത്തിവരുത്തുന്നവളല്ല; കീർത്തി താൻതന്നെയുമല്ല ഞാൻ! ധർമ്മാർത്ഥകാമരഹിതയായ എന്നെക്കൊണ്ട് അദ്ദേഹത്തിന്നെന്താണ് കാര്യം? ഇത്ര നിരങ്കുശനായ നിങ്ങളുടെ തമ്പുരാനെ എങ്ങിനെ വിശ്വസിക്കാം? ഭർത്താവിന്റെ ദോഷം, പ്രത്യക്ഷമാകട്ടെ, പരോക്ഷമാകട്ടെ, എന്നെപ്പോലുള്ള ഒരു കുലീനയ്ക്ക് ഒരിക്കലും പുറത്തു പറയാവുന്നതല്ല. പാണിഗ്രഹണകാലത്ത് എതൊരു സ്വരൂപത്തിലായിരുന്നുവോ, അതേ സ്വരൂപത്തിൽ അദ്ദേഹം എന്നെന്നും എന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ലക്ഷ്മണ, അദ്ദേഹത്തിന്റെ

Digitized By Kerala Sahitya Akademi

തേജസ്സിൽനിന്നു ജനിച്ചവരായ എന്റെ ഉണ്ണികളെ—ധനുർവിദ്യാവിദഗ്ദ്ധരും മഹാവീരന്മാരുമായ ഈ വംശാങ്കുരങ്ങളെ—അച്ഛന്റെ അടുക്കൽ കൊണ്ടുപോയി ശ്രദ്ധാഭക്തിയോടേ ലാളിച്ചുകൊള്ളുക; ഞാൻ ഇവിടെത്തന്നെ പാർത്തു തപസ്സുചെയ്തു രാമനെ ആരാധിച്ചുകൊള്ളാം. ഉണ്ണികളേ, അച്ഛന്റെ അടുക്കലേയ്ക്കു പോയ്ക്കാംവിൻ; നിങ്ങൾക്കു സപത്നീസ്ഥാനം നൽകുന്ന അദ്ദേഹത്തെ ശ്രദ്ധിച്ചുകൊള്ളണം.'

അമ്മ സമ്മതിച്ചിട്ടും കുശലവകുമാരന്മാർക്കു പോരാൻ താല്പര്യമുണ്ടായിരുന്നില്ല. വാല്മീകി പറഞ്ഞതുകൊണ്ടാണു്, അവർ ലക്ഷ്മണനൊന്നിച്ചു പോന്നതു്; വാല്മീകിയുടെ അടുക്കൽത്തന്നെയാണു് അവർ ചെന്നുനിന്നതും. ലക്ഷ്മണനും ബാലകരോടുകൂടി ചെന്നു വാല്മീകിയെ വണങ്ങി. പിന്നീടു വാല്മീകി, ലക്ഷ്മണൻ, കുമാരന്മാർ എന്നിവർ നാലുപേരുംകൂടി സഭയിലിരിക്കുന്ന രാമന്റെ സമീപത്തെത്തിച്ചേർന്നു. സുബുദ്ധിയായ ലക്ഷ്മണൻ ഹർഷത്തോടും ശോകത്തോടുംകൂടി രാമനെ വന്ദിച്ചു മൈഥിലിയുടെ മുഖവടിയെല്ലാം അറിയിച്ചു. സീതയുടെ സന്ദേശം ശ്രീരാമനെ മോഹാലസ്യപ്പെടുത്തിക്കളഞ്ഞു; ബോധം വീണതിന്നുശേഷം അദ്ദേഹം നയദക്ഷനായ ലക്ഷ്മണനോടുരിയാടി:—'പ്രിയപ്പെട്ട സഹോദര, നീ ഒന്നുകൂടി പോവുകതന്നെ; എന്റെ സന്ദേശം അറിയിച്ചു് അവളെ എത്ര പണിപ്പെട്ടിട്ടെങ്കിലും ക്ഷണത്തിൽ കൂട്ടിക്കൊണ്ടുവരു. ജാനകി, ഇങ്ങോട്ടു പോരാതെ കാട്ടിൽ തപസ്സിലിരിപ്പാൻ നീ, ഞാനൊഴിഞ്ഞു മറെറാരുഗതിയെ ചിന്തിക്കയൊ കേൾക്കയൊ കാണുകയൊ ചെയ്തിട്ടുണ്ടോ? നിന്റെ ഇച്ഛയാൽത്തന്നെയാണല്ലൊ, നീ ഇവിടെനിന്നു മുനിപ്രിയമായ കാനനത്തിലേയ്ക്കു ഗമിച്ചതു്; നീ ആ മുനിപത്നിമാരേയും മുനിമാരേയും കണ്ടു പൂജിച്ചതിനാൽ, ഇപ്പോൾ നിന്റെ മനോരഥം നിറവേറിക്കഴിഞ്ഞു. പിന്നെയെന്താണ്, ഇങ്ങോട്ടു പോരാത്തതു്? സ്വച്ഛയായ്ചെയ്ത കാര്യത്തിൽ നീ എന്നെത്തെറുകാരനായി കരുതരുതെ! സുന്ദരി, എവിടെപ്പോയാലും സ്ത്രീകൾക്കു ഭർത്താവേ ഗതിയുള്ളു; അവൻ ഗുണഹീനനായാലും ഗുണസമ്പന്നനായാലും ശരി. പിന്നെ സ്നേഹമുള്ള ഭർത്താവിന്റെ കഥ പറയാനുണ്ടോ? കുലസ്ത്രീകളുടെ ഏതൊരു പ്രവൃത്തിയും ഭർത്താവിനെ സന്തോഷിപ്പിക്കുന്നതായിരിക്കണം. മുമ്പുതന്നെ നിങ്കൽ സന്തുഷ്ടനാണ് ഞാൻ; ഇപ്പോൾ വിശേഷിച്ചും. ഞാൻ സന്തോഷിച്ചാൽ, യാഗം, ജപം, തപം, ദാനം, വ്രതം, ഗയാദിതീർത്ഥം, ദേവകർമ്മം എന്നിതെല്ലാം സന്തോഷിച്ചുകഴിഞ്ഞു!"

ഇങ്ങിനെ ജഗദീശന്റെ സീതയോടുള്ള സന്ദേശം കേട്ടിട്ടു ലക്ഷ്മണൻ സസ്നേഹം വന്ദിച്ചു സ്വാമിയോടണത്തിച്ചു: —'സീതയെ ആന

Digitized By Kerala Sahitya Akademi

യിപ്പാനായി തിരുവുള്ളം തെളിഞ്ഞരുളിച്ചെയ്തതെല്ലാം ഞാൻ സവിനയം അവിടെ അറിയിക്കാം.' ഇത്രയും ഉണർത്തിച്ച സെന്തമിത്രി രാമന്റെറ കാൽക്കൽ കുമ്പിട്ട് ബഹുപ്രാടോടെ ഒരു വേഗമേറിയ രഥത്തിൽ കയറി സീതാസമീപത്തേയ്ക്കു ഗമിച്ചു.

വാല്മീകിയാകട്ടെ, ഓജസ്സേറിയ ശ്രീമന്മാരായ രാമപുത്രന്മാരെ നോക്കി, മനുഷ്യിതസുന്ദരാസ്യനായിട്ടരുളിച്ചെയ്തു:—'ഉണ്ണികളേ, നിങ്ങടെ വീണ മീട്ടിക്കൊണ്ട് അത്ഭുതമായ രാമചരിതം ഭംഗിയിൽ ഗാനംചെയ്യുവിൻ' ഉടനെ ആ മഹാഭാഗരായ കുമാരന്മാർ നല്ല വാക്യങ്ങളാലും പദങ്ങളാലും ചിത്രിതമായി ബഹുപുണ്യമായിരിക്കുന്ന രാമചരിതം പാടൻ തുടങ്ങി. സാക്ഷാൽ ധർമ്മവിധിയും, പാതിവ്രത്യവും, മികച്ച ഭ്രാതൃസ്നേഹവും, ഗുരുഭക്തിയും, സ്വാമിസേവകനീതിയും, രാമനാഥന്റെറ ദുഷ്ടനിഗ്രഹം യാതൊന്നിൽ മുഖ്യമത്തായി സ്ഥിതിചെയ്യുന്നതൊ, അതിനെ ഗാനംചെയ്തത് ലോകത്തിലെങ്ങും വ്യാപിച്ചു: ദേവകിന്നരന്മാർ ആകശത്തു വന്നുനിന്ന് ആ പാട്ടുകേട്ട് ക്ഷണനേരത്താൽ മയങ്ങിപ്പോയി. താളമാനങ്ങളോടുചേർന്ന വീണാരണിതം ശ്രവിച്ചിട്ട സഭയെല്ലാം പാവയെപ്പോലെ നിശ്ചേഷ്ടമായിരുന്നുമഞ്ഞു. രാമൻ മൃതലായ രാജാക്കന്മാർ രാവിഷ്കൃക്കം ചെയ്തിരുന്നുകയായി; ആ ഗാനപഞ്ചമാലാപം അവരെ മയക്കി നിർത്തിക്കൊണ്ടുതന്നെ പാലാക്കിത്തീർത്തു. മികച്ച പാട്ടിനാൽ മനം മയങ്ങുന്ന മഹാരാജാക്കന്മാരാരാമൻ ലക്ഷംവീതം പൊൻപണം കല്പിച്ചുകൊടുത്തു. അതു കണ്ടിട്ട് അവർ കുറഞ്ഞൊന്നും വളരെ പുരികങ്ങളുമായി ചിരിച്ചുംകൊണ്ടു വാല്മീകിമഹർഷിയോടു പറഞ്ഞു:—'മഹർഷേ, രാജാവിച്ചെയ്യുന്നതു വലുതായ ഒരപനയമാണ്: ഞങ്ങളെ പ്രലോഭിപ്പിച്ചു പൊൻനാണ്യം തരികയാണല്ലൊ? ദാനംവാങ്ങുക എന്നതു ബ്രാഹ്മണർക്കേ ചേരൂ; ക്ഷത്രിയർ ദാനംവാങ്ങാൻ തുടങ്ങിയാൽ നരകത്തിൽ വീണുപോകും. ഞങ്ങടെ ഭയത്തെ വിട്ടുകൊടുത്ത രാജ്യമത്രേ നരേന്ദ്രൻ അനുഭവിക്കുന്നത്; അങ്ങിനെയുള്ള അതും ശ്രേയസ്സിനായി സമ്പന്നംകൊടുക്കാൻ തുടങ്ങുകയോ?' ഇപ്രകാരം പറഞ്ഞതുകേട്ടിട്ട മനം കനിഞ്ഞ വാല്മീകി, 'നീതിജ്ഞ സത്തമന്മാരേ, നിങ്ങളുടെ അഭിപ്രായമാണിതെ'ന്ന് അവരെ ധരിപ്പിച്ചു. അതോടുക്രൂടി, മാതൃഭക്തിയാൽ അതിനിർമ്മലരായ കുട്ടികളിരുവരും താഴ്മയോടേ അച്ഛന്റെറ കാല്ക്കൽ നിപതിച്ചു. രാമൻ കുട്ടികളെ മാറിൽ ചേർത്തു പുണർന്നു, തന്റെറ ധർമ്മം രണ്ടു ശരീരംപൂണ്ടു വന്നിരിക്കയാണെന്നു സസന്തോഷം അഭിമാനിച്ചു. മുനിശ്രേഷ്ഠൻ, സഭികന്മാരും രാമപുത്രന്മാരുടെ ഓമനമുഖം കണ്ടിട്ട മൈഥിലിയുടെ ഭർതൃഭക്തി വാസ്തവം തന്നെ എന്നു നിശ്ചയിച്ചു.'

Digitized By Kerala Sahitya Akademi

ശേഷൻ ഇത്രയും പറഞ്ഞപ്പോൾ, സർവധർമ്മങ്ങളും ചേർന്ന രാമായണം ശ്രവിപ്പാൻ അത്യഗ്രഹം തോന്നിയ വാത്സ്യായനൻ ചോദിച്ചു:—'പ്രഭോ, ഏതുകാലത്താണ് ഈ മഹാരാമായണം നിർമ്മിച്ചത്? എന്തായിരുന്ന നിർമ്മിപ്പാൻ കാരണം? ഏതൊക്കെയാണ് അതിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നത്?'

ശേഷൻ:—

[കിളിപ്പാട്ട്—കാകളി]

ഏകദാ വാല്മീകി പുക്കാനൊരു വനം
കോകിലാലാപ്രഞ്ജിതപക്ഷിനാദാകുലം:
ചമ്പകം, താലം, തമാലമില്ലഞ്ഞികം,
ചെമ്മൂവണിപ്പാശ്ശു, നൽപ്പൊൻകുറിഞ്ഞികം
കൊന്ന മുമ്പായ വൃക്ഷങ്ങളൊട്ടല്ല;
നന്നായ് മുരണ്ടുനാടുകുന്ന വണ്ടുകം;
കൈതുടിക്കൊത്ത വെൺകൈതകൂപ്പുകൾ—
ങ്ങാമോദമെങ്ങും പരത്തുന്ന ധൂളിയാൽ.

നീളേ മനോജ്ഞമാമാവനഭൂമിയിൽ,
നാളീകബാണാസ്ത്രമേറു വിവശരായ്,
ചേവൽപിടകളാം രണ്ടു നൽക്രൌഞ്ചങ്ങളാ
ഭാവമിണങ്ങി രമിച്ചിരുന്ന രസാൽ.
വന്നൊരു വേടനത്രാപിലാൺപക്ഷിയെ—
ക്കൊന്നാനിറച്ചിക്കുവേണ്ടിസ്സുനിർദ്ദയൻ!
കാന്തനെക്കൊടൻവധിച്ചതു കണ്ടു ശോ—
കാന്ധയായ് ക്രൌഞ്ചിയുറക്കെക്കരയവേ,
രുഷ്ടനായ് മാമുനി പുണ്യനദീജലം
തൊട്ടാചമിച്ചു ശപിച്ചാൻ നിഷാദനെ:—

'മാ നിഷാദ പ്രതിഷ്ഠാം ത്വമഗമശ്ശാശ്വതീസ്സമാഃ
യൽ ക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം.'

ശ്ലോകമാണിക്കേട്ടതെന്നു കണ്ടാരണ—
രാകുലരുളിത്തോതിനാർ നന്നനന്നൊന്നടൻ:—
'ശോകാകുതിയെ ശ്ലോകമാക്കിനാൻ ഭാരതി;
ഹാ, പരം രമ്യമീ ശ്ലോകം മഹാമുനേ!'
അന്നേരമൻപാന്ന വാല്മീകിതന്നോടു
വന്നരുൾചെയ്താൻ വിരിഞ്ചൻ സുതാനുചിതൻ:—

Digitized By Kerala Sahitya Akademi

'ധന്യൻ മുനീന്ദ്ര നീ: വാഗ്ദേവി നിന്മുഖം-
തന്നിൽ വസിച്ചിതാ, ശ്ലോകമായിത്തീർന്നതേ!
തീക്ക രാമായണം രമ്യമധുരമായ്;-
പ്പാൽക്കീർത്തിയാകല്പമുണ്ടാം ഭവാനിതിൽ.
രാമനാമം ചേർന്ന വാക്കേ ശുഭം; മറ്റു
കാമകഥ നരക്കല്പത്തിടുംപെടും.
അതുകയാൽ നിർമ്മിച്ചുകൊൾക ഭവാൻ സർ-
ലോകപ്രസിദ്ധമാം രാമകഥാനകം;
പാപിജനത്തിന്നിതുകൊണ്ടു മാമുനേ,
പാപപ്രശാന്തി ലഭിക്കും പദേ പദേ.'
ഏവമരുൾചെയ്ത തത്ര മറഞ്ഞിതു
ദേവകളെല്ലാരുമൊത്ത പിതാമഹൻ.

അമ്മുനിപിന്നെ രാമായണം ചിന്തിച്ചു
രമ്യനദീതടംതന്നിലിരിക്കയായ്.
അവിധം ധ്യാനിക്കെ വാല്മീകി തന്നുള്ളി-
ലാവിർഭവിച്ചിതു രാമൻ മനോഹരൻ.
ഇന്ദീവരദളശ്യാമനായ് രാജീവ-
സുന്ദരനേത്രനാം രാഘവൻതന്നെയും
ഭ്രാതൃഭവൽഭാവി തച്ചരിത്രത്തെയും
ചേതസികണ്ടതിമോദമോടാദിജൻ
രാമായണമഥ തീർത്തുകൊണ്ടാനഭി-
രാമപദാഢ്യം ബഹുവൃത്തമണ്ഡിതം.

ധീമൻ, ആ രാമായണത്തിൽ രമണീയങ്ങളായ ആറു കാണ്ഡങ്ങളുണ്ട്: ബാലം, അരണ്യം, കിഷ്കിന്ധ, സുന്ദരം, യുദ്ധം, ഉത്തരം എന്നീ കാണ്ഡങ്ങളാം ആറും യാതൊരാൾ ശ്രവിക്കുന്നുവോ, അയാൾക്കു സർവ്വ പാപങ്ങളും വിട്ടൊഴിയും. ബാലകാണ്ഡത്തിലെ പ്രമേയം ഇതൊക്കെയാണ്: ദശരഥൻ പുത്രകാമേഷ്ടി ചെയ്ത് സനാതനബ്രഹ്മമായ സാക്ഷാൽ വിഷ്ണുതന്നെയാകുന്ന നാലു പുത്രന്മാരെ ലഭിച്ചു സന്തുഷ്ടനായി; അവരിൽ ജ്യേഷ്ഠനായ രാമൻ വിശ്വാമിത്രന്റെ യാഗം രക്ഷിച്ചു, സീതയെ വേട്ടു, പരശുരാമനോടു സമാഗമിച്ചു, രാജധാനിയിൽ തിരിച്ചെത്തി; യുവരാജാവായി അഭിഷേചിക്കപ്പെടാൻ ഒരുങ്ങിയപ്പോൾ അമ്മയുടെ വാക്കുമൂലം രാമൻ ഭാര്യാലക്ഷ്മണന്മാരോടുകൂടി കാട്ടിലേയ്ക്കു പോന്നു, ഗംഗകടന്നു, ചിത്രകൂടപർവ്വതത്തിലെത്തി പാർത്തു; അതു കേട്ടിട്ടു തിരിയേ കൊണ്ടുപോകാനായി വന്ന ഭരതൻ ജ്യേഷ്ഠനെ കിട്ടാഞ്ഞതിനാൽ സ്വയം നന്ദിഗ്രാമത്തിൽ പാർപ്പുറപ്പിച്ചു.

Digitized By Kerala Sahitya Akademi

ആരണ്യകാണ്ഡത്തിൽ, മുനിമാരുടെ ആശ്രമത്തിൽ പാർപ്പ്; അവിടവിടെ വർണ്ണനം; ശൂർപ്പണഖാ നാസികാച്ഛേദം; ഖരദൂഷണവധം; മായാമാരീചനിഗ്രഹം; രാവണകൃത സീതാപഹരണം, വിരഹത്താൽ ഒരു സാധാരണ മനുഷ്യന്റെ മട്ടിൽ കാട്ടിലുഴന്നു നടക്കുക; കബന്ധദർശനം; പമ്പാഗമനം; ഹനുമൽ സമാഗമം.

ഏഴു സാലങ്ങളെ പിളർത്തലും, ബാലിയെ അത്ഭുതകരമാവണ്ണം വധിക്കലും, സുഗ്രീവനു രാജ്യം കൊടുക്കലും, പർവതവർണ്ണനയും, ലക്ഷ്മണമുഖേന സന്ദേശിക്കലും, സുഗ്രീവവിവാസനവാർത്തയും, സൈന്യത്തെ ഒരുക്കലും, സീതാന്വേഷണവും, സമ്പാതിദർശനവും, ഹനുമാൻ സമുദ്രം ചാടി അക്കരെ ചെല്ലുമത്രെ കിഷ്കിന്ധാകാണ്ഡത്തിൽ.

അത്ഭുതമായ രാമചരിതം അടങ്ങിയ സുന്ദരകാണ്ഡവും കേട്ടുകൊള്ളുക: ഹനുമാൻ ലങ്കയിൽ ചുറ്റിനടന്നു പല അത്ഭുതങ്ങളും കണ്ടു; ഒടുവിൽ ജാനകിയെ കണ്ടെത്തി സംസാരിച്ചു; പൂങ്കാവു തകർത്തു; രാക്ഷസർ കോപിച്ചു ഹനുമാനെ പിടിച്ചുകെട്ടി; അദ്ദേഹം ലങ്ക ചുട്ടുപൊടിച്ചു; തിരിയെ പോന്നു വാനരന്മാരോടു ചേർന്നു; രാമന്ന് അഭിജ്ഞാനം സമർപ്പിച്ചു; സൈന്യങ്ങൾ പുറപ്പെട്ടു; സമുദ്രത്തിൽ ചിറ കെട്ടി; ശത്രുകുലസംഹാരണാന്മാർ വന്നാണഞ്ഞു.

യുദ്ധകാണ്ഡത്തിൽ സീതാസമാഗമം; ഉത്തരകാണ്ഡത്തിൽ ഋഷിസംവാദവും, യാഗാരംഭവും ശ്രോതാക്കൾക്കു പാപം പോക്കുന്ന മറ്റനേകം രാമകഥകളും അടങ്ങിയിരിക്കുന്നു. ഇങ്ങിനെ ബ്രഹ്മഹത്യയെപ്പോലും പോക്കുന്ന ആറു മനോഹര കാണ്ഡങ്ങളെ ഞാൻ ചുരുക്കത്തിൽ അങ്ങയോടു പറഞ്ഞു. ഇരുപത്തിനാലായിരം ശ്ലോകങ്ങളും ആറു കാണ്ഡങ്ങളുമുള്ള ആ മഹാപാപനാശനമായ രാമായണം ശ്രവിച്ചിട്ടു സന്തോഷംപൂണ്ട രാഘവൻ പുത്രന്മാരെ മുറുകെപ്പുണർന്ന് സീതാസനത്തിനേല്പിച്ചു, പ്രിയതമയായ സീതയെ സ്മരിക്കുകയായി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, രാമായണഗാനം അറുപത്താറാമദ്ധ്യായം.

(൦)

അറുപത്തേഴാമദ്ധ്യായം

ശേഷൻ:—ലക്ഷ്മണൻ സീതയുടെ അടുക്കൽ ചെന്നൊത്തി, വീണ്ടും വീണ്ടും വന്ദിച്ചു, പ്രേമഗൽഗദത്തോടെ രാമൻ പറഞ്ഞയച്ചത

Digitized By Kerala Sahitya Akademi

റിയിച്ചു. വന്നെത്തി കാൽവണങ്ങിയ ലക്ഷ്മണനെ കാണുകയും, തന്മുഖത്തിൽനിന്നു രാമസന്ദേശം കേൾക്കുകയും ചെയ്ത മൈഥിലി സലജ്ജം ഉരിയാടി:—'സൌമിത്രേ, ഭവാൻ രാമനെവിട്ടു വൻകാട്ടിലേയ്ക്കു പോന്നതെന്തിനാണ്? ഞാൻ രാമനെ സ്മരിച്ചുകൊണ്ടു വാല്മീകിയുടെ ആശ്രമത്തിൽ വസിച്ചുകൊള്ളാം.' ഇതുകേട്ടിട്ടു സൌമിത്രി പറഞ്ഞു:—'അമ്മേ, പതിവ്രതേ, ഭവതിയെ രാമൻ വീണ്ടും വീണ്ടും വിളിക്കുന്നു. പതിവ്രത ഭർത്താവിന്റെ കുറവു മനസ്സിൽക്കരുതുകയില്ലല്ലൊ. അതിനാൽ ഭവതി ഏന്നോടൊന്നിച്ചു വള്ളിത്തേരിൽകേറി പോന്നാലും!' ഇതെല്ലാം കേട്ടിട്ടു പതിദേവതയായ സീത അരിശം വെടിഞ്ഞു ലക്ഷ്മണനോടൊന്നിച്ചു രഥത്തിൽ ആരോഹണംചെയ്തു—താപസിമാരേയും വേദനിപുണരായ മുനിമാരേയുമെല്ലാം വണങ്ങി, രാമനെ സ്മരിച്ചുകൊണ്ടു തേരിൽകേറി, രാജധാനിയിലേയ്ക്കു പോന്നു.

ക്രമേണ നഗരത്തിൽ വന്നെത്തി, മേന്മേലും ആഭരണങ്ങളണിഞ്ഞ ആ പരമപതിവ്രത, രാമൻ വാണരുളുന്ന സരയൂതീരത്തണഞ്ഞു തേരിൽനിന്നിറങ്ങി ലക്ഷ്മണനോടൊന്നിച്ചു രാമന്റെ തൃക്കാൽക്കൽ പതിച്ചു. ആ വന്ദ്യചേന്ന പ്രേമവിവശയായ ജാനകിയെ കണ്ടിട്ടു രാമൻ അരുളിച്ചെയ്തു:—'സാധ്വി, ഇനി ഭവതിയോടൊന്നിച്ചു ഞാൻ യാഗം അവസാനിപ്പിക്കട്ടെ!' സീത വാല്മീകിയേയും മറ്റു ബ്രഹ്മണശ്രേഷ്ഠരേയും നമസ്കരിച്ചു, അമ്മമാരെ അടിപണിയാൻ ഉൽകണ്ഠയോടെ നടകൊണ്ടു. ആ വന്ദ്യചേന്ന വീരമാതാവായ പ്രിയജാനകിയെ കരഗതകളിത്ത കൌസല്യ പലതരത്തിൽ ആശീർവദിച്ചു; കൈകേയി കാൽവണങ്ങിയ വിദേഹപുത്രിയെ, 'ഭർത്താവിനോടും പുത്രന്മാരോടും ക്രടിവളരെക്കാലം വാഴുക' എന്നനുഗ്രഹിച്ചു; സുമിത്ര സപദത്തിൽ നമിച്ച പുത്രവതിയായ ജാനകിക്കു പുത്രപൌത്രപ്രദായകമായ ആശീർവാദം ഉച്ചരിച്ചു. ആ സാധ്വിയായ രാമഭദ്രപ്രേയസി എല്ലാവരേയും വന്ദിച്ചു് ഏറ്റവും സന്തുഷ്ടയായി നിന്നു.

അഗസ്ത്യൻ രാമചന്ദ്രന്റെ പതി വന്നെത്തിയതു കണ്ടിട്ടു്, കനകപതിയെ ഉപേക്ഷിച്ചു് അവളെത്തന്നെ സഹധർമചാരിണിയാക്കി. യാഗത്തിൽ സീതയോടുചേന്ന രഘുനാഥൻ, താരയോടിണങ്ങിയ ചന്ദ്രനെന്നപോലെ ശോഭിച്ചു. തന്തിരുവടി ധർമചാരിണിയായ വൈദേഹിയോടൊന്നിച്ചു യഥാകാലം സർവപാപനാശനമായ യജ്ഞകർമം അനുഷ്ഠിക്കുകയായി. സീതയോടൊന്നിച്ചു യാഗം നടത്തുന്ന രാമനെ സകൌതുകം ദർശിച്ചിട്ടു് അവിടെയുള്ളവക്കെല്ലാം മനസ്സു കുളിർത്തു. ആ ശ്രേഷ്ഠയജ്ഞത്തിന്നിടയിൽ രാമൻ ധീമാനായ വസിഷ്ഠനോടു ചോദിച്ചു:—'ഗുരോ, ഇനി ഏന്താണു്, ഞാൻ ചെയ്തേകഴിയൂ എന്നുള്ളതു്?' മ

Digitized By Kerala Sahitya Akademi

ഹാമതിയായ ഗുരുനാഥൻ മറുവടി പറഞ്ഞു:—'ബ്രാഹ്മണരെ പൂജിച്ചു സന്തോഷിപ്പിക്കണം: പണ്ടു മരുത്തൻ വട്ടമെല്ലാംകൂട്ടി യാഗം കഴിക്കുകയുണ്ടായി; അന്നു ബ്രാഹ്മണരെ ധനാദികംകൊണ്ടു സന്തോഷിപ്പിച്ചു. അവർ ആ ധനച്ചുമട് കൊണ്ടുപോകാൻ വയ്യാതാകയാൽ ഹിമവൽ പ്രാന്തത്തിലിടുകയാണ് ചെയ്തത്! അതിനാൽ, ശ്രീമന്മഹാരാജാവായിരിക്കുന്ന ഭവാനും ബ്രാഹ്മണർക്കു തികച്ചും സന്തോഷമാകുവോളം ദാനവും മറും നൽകുക.' ഇതിൻവണ്ണം ആ രാജഗുരുവിൻ്റെ നാമധേയനായ തപോനിധിയെത്തന്നെ വളരെ വളരെ കനകരത്നാഭരണങ്ങൾ കൊണ്ടു പൂജിച്ചു; പിന്നെ ജനപുണ്യങ്ങളായ ദേശങ്ങൾ നൽകി സപത്നീകനായ ഭഗസ്ത്യനെ അത്യന്തം സന്തോഷിപ്പിച്ചു; രത്നങ്ങൾ, സപുണ്യങ്ങൾ, പവ്വതരാ ദേശങ്ങൾ എന്നിവകൊണ്ടു സത്യവതീപുത്രനായ വ്യാസനെ സൽക്കരിച്ചു; സഭാര്യനായ ച്യവനനും മികച്ച രത്നങ്ങൾ ദാനംചെയ്തു; മറ്റു തപോനിധികളായ യാജകമുനിമാരേയും ഒട്ടൊഴിയാതെ രത്നകാഞ്ചനഭാരാദികൾകൊണ്ടു് ആരാധിച്ചു. ബ്രാഹ്മണർക്കു പരമക്ഷീരവീതം പൊൻനാണ്യം രാമൻ യാഗദക്ഷിണായായി കൊടുത്തു. ദീനർ, അന്ധർ, ദരിദ്രർ എന്നിവർക്കും മനോഹരങ്ങളായ രത്നാധനങ്ങളും വിചിത്രങ്ങളായ പട്ടുകളും സദ്യയും തൃപ്തിയാകുവോളം കൊടുത്തു് സകലരേയും സന്തോഷഭരിതരാക്കി. ഇങ്ങിനെ എല്ലാവർക്കും ദാനം നൽകുന്നതു കണ്ടിട്ടു് കലശോത്ഭവമഹർഷിക്കുണ്ടായ സന്തോഷം ചൊല്ലാവുന്നതല്ല.

പിന്നീടു് അതിനൊത്ത ക്ഷാളനജലം (കുതിരയെ കുളിപ്പിക്കാനുള്ള വെള്ളം) കൊണ്ടുവരുന്നതിനു, പതിമാരോടുകൂടിയ അറുപത്തിനായിരം രാജാക്കന്മാരെ വസിഷ്ഠമുനി നിയോഗിച്ചു. സർവ്വാലംകാരശോഭിതനായ രാമൻ സീതയോടൊന്നിച്ചു പൊന്നിൻകുടവുമേന്തി വെള്ളംകൊണ്ടുവരുവാൻ എഴുന്നള്ളി. ലക്ഷ്മണൻ ഊർമ്മിളയോടും, ഭരതൻ മാണ്ഡവിയോടും, ശത്രുഘ്നൻ ശ്രുതകീർത്തിയോടും, പുഷ്കലൻ കാന്തിമതിയോടും, സുബാഹുസേനൻ സത്യവതിയോടും, സത്യവാൻ വീരശ്രേഷ്ഠയോടും, സുമദൻ സൽക്കീർത്തിയോടും, വിമലൻ രാജ്ഞിയോടും, വീരമണി മനോജ്ഞയായ ശ്രുതവതിയോടും, ലക്ഷ്മീനിധി കോമളയോടും, രിപുതാപൻ അംഗസേനയോടും, വിഭീഷണൻ മഹാമൂർത്തിയോടും, പ്രതാപാഗ്ര്യൻ പ്രതീതയോടും, ഉഗ്രാശപൻ കാമഗമയോടും, നീലരതൻ അധിരമ്യയോടും, സുരഥൻ സുമനോഹരിയോടും, സുഗ്രീവൻ താരയോടും ഒരുമിച്ചു നടകൊണ്ടു. മന്ത്രജ്ഞനായ വസിഷ്ഠൻ നിർമ്മലപുണ്യജലപൂർണ്ണയായ സരയൂനദിയിൽ ചെന്നു വെള്ളംതൊട്ടു വേദമന്ത്രം ജപിച്ചു.

Digitized By Kerala Sahitya Akademi

'ശുദ്ധീകരിക്ക രമ്യം നീയിത്തുരംഗത്തെ വെള്ളമേ,
ലോകൈകനാഥനാം രാമചന്ദ്രന്റെ യജ്ഞത്തിനായ്!'

ഏന്നിങ്ങിനെ മഹർഷിയാൽ സ്പർശിക്കപ്പെട്ട ജലം രാമാദിരാജാക്കന്മാരെല്ലാവരും ബ്രാഹ്മണശ്രേഷ്ഠരാൽ അലംകൃതമായിരുന്ന മണ്ഡപത്തിലേയ്ക്കു കൊണ്ടുപോന്നു. ആ നിർമ്മലജലം കൊണ്ടു പാൽനിറം ചേർന്ന കുതിരയെ കുളിപ്പിച്ചു രാമനെക്കൊണ്ടു തൊടുവിച്ചു മഹർഷി മന്ത്രം ജപിപ്പിച്ചു.

'മഹാശമേ, ശുദ്ധനാക്കുകെന്നെ, ബ്രഹ്മസദസ്സിതിൽ
നിന്മേധത്താൽ പ്രസാദിച്ചീടട്ടേ ദേവകളേവരും!'

ഏന്നുച്ചരിച്ചു് രാമൻ സീതയോടുകൂടി കുതിരയെ സ്പർശിച്ചപ്പോൾ ബ്രാഹ്മണർക്കെല്ലാം കൌതുകവും വിസ്മയവും തോന്നി. 'അഹോ, ആരുടെ തിരുനാമം സ്മരിച്ചാൽ മനുഷ്യർക്കു മാപാപം നീങ്ങുമോ ആ രാമൻ ഏന്താണീ അരുളിച്ചെയ്യുന്നതു്!' ഏന്നിങ്ങിനെ അവർ തങ്ങളിൽ സംസാരിച്ചു. അതിന്നശേഷം കുംഭജമഹർഷി വാരം ജപിച്ചു രാമന്റെ കയ്യിൽ കൊടുത്തു. രാമൻ വാളിന്മേൽ കൈവെച്ചതോടുകൂടി, ആ യാഗാശ്വം പശ്ചാത്താപംവിട്ടു ദിവ്യരൂപം പൂണ്ടു് ഒരു പതാകാലംകൃതമായ ശ്രേഷ്ഠവിമാനത്തിൽ കയറി; അതിനെ അപ്സരസ്ത്രീകരം വെൺചാമരം കൊണ്ടു് വീശാനാരംഭിച്ചു! കുതിര ഒരു ദിവ്യപുരുഷനായിച്ചമഞ്ഞതു കണ്ടിട്ടു് ആളുകളെല്ലാം അത്ഭുതപ്പെട്ടു. അപ്പോൾ, പരമധാർമ്മികനായ രാമൻ, തനിക്കറിയാമെങ്കിലും എല്ലാവരേയും അറിയിയ്ക്കുന്നതിന്നുവേണ്ടി, ആ ദിവ്യപുരുഷനോടു ചോദിച്ചു:—'ദിവ്യനായിത്തീർന്ന ഭവാൻ ആരാണ്? ഏന്തുകാരണത്താലാണ് കുതിരയായിപ്പോയതു്? ഏങ്ങിനെ ദേവസ്ത്രീകളോടു ചേർന്നു? ഏന്താണ് ചെയ്യാൻ തുടങ്ങുന്നതു്?' രാമഭദ്രപാലന്റെ ചോദ്യത്തിന്നു് ആ ദിവ്യൻ ചിരിച്ചുകൊണ്ടു മേഘസ്വരത്തിൽ മനോഹരമായി മറുവടി പറഞ്ഞു:—

'സർവ്വത്ര പുറത്തും അകത്തും വ്യാപിച്ചിരിക്കുന്ന നിന്തിരുവടി അറിയാത്തതായി യാതൊന്നുമില്ല; എന്നാലും കല്പിച്ചുചോദിച്ചതിനാൽ, ഞാൻ വാസ്തവമെല്ലാം ഉണർത്തിക്കാം: രാമ, വൈരികളെത്തപിപ്പിയ്ക്കുന്നാവനേ, ഞാൻ മുൻജന്മത്തിൽ പരമധാർമ്മികനായ ഒരു ബ്രാഹ്മണനായിരുന്നു; എന്നാൽ, നിന്തിരുവടിക്കു് ഒരു തെറ്റു ചെയ്തുപോയി: ഒരിക്കൽ ഞാൻ അനേകം വൃക്ഷങ്ങൾനിറഞ്ഞു് സർവ്വത്ര മനോരമമായ ധൃതപാപാനദിയുടെ തീരത്തുചെന്നു്, അതിൽ കുളിച്ചു് പിതൃതർപ്പണ

Digitized By Kerala Sahitya Akademi

വും യഥാവിധി ദാനവും കഴിച്ചു, വേദോക്തപ്രകാരേണ നിന്തിരുവടിയെ ധ്യാനിച്ചുകൊണ്ടിരുന്നു. അപ്പോൾ വളരെയാളുകൾ അവിടെ വന്നുകൂടിയിരുന്നു. അവരെ വഞ്ചിക്കാനാണ് ഈ കളവു ഞാൻ പ്രയോഗിച്ചത്. എന്റെ അടുക്കൽ അനവധി യജ്ഞസംഭാരങ്ങൾ നിരത്തിവെച്ചിരുന്നു; വസ്ത്രങ്ങൾകൊണ്ടു ഭംഗിയിൽ വിതാനിച്ചിരുന്നു; ചഷാലം (യൂപമദ്ധ്യത്തിൽ യജ്ഞപാത്രവിനെ കെട്ടാനുള്ളവട്ട്) മുതലായതും തെയ്യാറാക്കിയിരുന്നു. ഗോമയംകൊണ്ടു വിചിത്രാകൃതിയായി മേല്പോട്ടുയർന്ന ഗഗനമണ്ഡലത്തെ രമണീയമാക്കിക്കൊണ്ടിരുന്നു. മഹാതപസ്വിയായ ഞാൻ വളരെ തിലകങ്ങളും തൊട്ടു, ചമത കയ്യിലേന്തി, മൂത്തിമുറ്റായ ദംഭ(ധർമ്മനാട്യ)ത്തെ എന്നെ തോന്നുംവണ്ണം ഭർഗ്ഗിരിപ്പിൽ സ്ഥിതിചെയ്തു. അപ്പോൾ, ഭൂമിയിലെല്ലാടവും സൈരമായി സഞ്ചരിച്ചിരുന്ന മഹാതേജസ്സായ ഉപാസസ്സു് ആ നദീതീരത്തു് എന്റെ മുമ്പിൽ വന്നെത്തി. കള്ളത്തരങ്ങൾ ചെയ്തുകൊണ്ടിരുന്ന ഞാൻ അദ്ദേഹത്തിന്നു് അഭ്യുത്ഥാനമോ സ്വാഗതം പറകയോപോലുമോ ചെയ്തില്ല. എന്റെ തെമ്മാടിത്തം കണ്ടിട്ടു് വല്ലാതെ അരിശംകൊണ്ട മഹർഷി, വേലിയേറാത്തിൽ സമുദ്രമെന്നപോലെ ക്ഷോഭിച്ചു, ഭാഭികനായ എങ്കൽ ഒരു ശ്ലോകശാപം ഉച്ചരിച്ചു:—'നീ നദീതീരത്തുവെച്ചു വല്ലാത്ത കള്ളത്തരം കാണിക്കയാണല്ലോ; അതിനാൽ, താപസാധമ, നീ ഒരു നാല്ക്കാലിയായിത്തീരട്ടെ!' ഇതിൽ ദുഃഖിതനായ ഞാൻ ഉപാസസ്സിന്റെ കാൽപിടിച്ചു. അതിനാൽ അദ്ദേഹം എനിക്കു് ഉത്തമമായ അനുഗ്രഹം കല്പിച്ചു നൽകി:—'താപസ, നീ രാമചന്ദ്രന്റെ യാഗാശ്വമായിത്തീരുക; അദ്ദേഹത്തിന്റെ കരസ്പർശത്താൽ ദംഭംവിട്ടു മനോഹരമായ ദിവ്യശരീരംപൂണ്ടു, പരമപദവും പ്രാപിക്കുക.'

രാമ, മഹർഷിയുടെ ശാപവും എനിക്കനുഗ്രഹമായിട്ടാണ് തീർന്നതു്: ഇവിടുത്തെ മനോരമമായ കരസ്പർശം ഞാൻ അനുഭവിച്ചുവല്ലോ—ദേവാദികൾക്കുപോലും അനേക ജന്മങ്ങൾകൊണ്ടുപോലും ലഭിയ്ക്കാവുന്നതല്ലാത്ത ഇവിടുത്തെ കരസ്പർശം ഞാൻ അനുഭവിച്ചുവല്ലോ! മഹാരാജാവെ, വിടതരിക: ഇവിടുത്തെ പ്രസാദത്താൽ ഞാൻ ദുഃഖാദിരഹിതമായ നിന്തിരുവടിയുടെ നിത്യ മഹാസ്ഥാനത്തെയ്ക്കു നടകൊള്ളട്ടെ—നരേന്ദ്ര, ഇവിടുത്തെ പ്രസാദത്താൽ ഞാൻ ദുഃഖമോ ജരയോ മരണമോ കാലഭേദമോ ഇല്ലാത്തതായ ആ സനാതനത്തെയ്ക്കു നടകൊള്ളട്ടെ!' ഇപ്രകാരം ഉണർത്തിച്ചു് ആ ദിവ്യൻ സർവ്വദേവകളാലും വന്ദിക്കപ്പെട്ട രത്നവിമാനത്തിൽ കയറി, രാമപാദപ്രസാദത്താൽ, പുനരാവൃത്തിശൂന്യവും ദുഃഖമോഹരഹിതവുമായ ശാശ്വതസ്ഥാനത്തെയ്ക്കു ഗമിച്ചു.

Digitized By Kerala Sahitya Akademi

അദ്ദേഹം പാഞ്ഞതിൽ നിന്നു രാമനെ അറികയാൽ അവിടെയുണ്ടായിരുന്ന സർവ്വജനങ്ങൾക്കും വമ്പിച്ച വിസ്മയവും സന്തോഷവും ഉണ്ടായി. ബുദ്ധിമാനായ ബ്രാഹ്മണൻ, വിഷ്ണുവിനെ കള്ളത്തരംകൊണ്ടു സ്മരിച്ചാൽപോലും മോക്ഷം കിട്ടും; നേർവഴിക്കായാൽ പിന്നെ പറയാനുണ്ടോ! ഏതുവിധത്തിലെങ്കിലും രാമനെ സ്മരിച്ചുകൊള്ളണം; എന്നാൽ, ദേവാദികൾക്കുംകൂടി കിട്ടാത്ത പരമപദം പ്രാപിക്കാം. ആ അത്ഭുതം കണ്ടിട്ട് മഹർഷിമാർ, തങ്ങടം കൃതാർത്ഥരായതായി തോന്നി; രാമന്റെ തൃക്കാൽ ദർശിക്കയും, തൃക്കൊസ്പർശം ലഭിക്കുകയും ചെയ്തതിനാലാണല്ലോ ആ ബ്രാഹ്മണൻ പരിശുദ്ധനായത്. കൃതിയായിരുന്ന അദ്ദേഹം ദേവനായി സ്പർശിച്ചിട്ടുപോലും പോയതിനുശേഷം, രാമൻ വേദജ്ഞപ്രവരന്മാരായ തപോധനന്മാരോടു ചോദിച്ചു:—'ഇനി ഞാൻ എന്തുചെയ്യേണ്ടു? കൃതിയെന്നും പോയിക്കഴിഞ്ഞല്ലോ. ദേവതകളെയെല്ലാം തൃപ്തിപ്പെടുത്താറുള്ള മഹാമഖം ഇനി എങ്ങിനെ നടത്തും? മഹർഷിമാരേ, ദേവന്മാർക്ക് തൃപ്തിവരുന്നതിനും, എന്റെ യാഗം പൂർണ്ണമാകുന്നതിനും വേണ്ടതു ചെയ്യുവിൻ' ഇതുകേട്ടു്, ദേവന്മാരുടെയെല്ലാം ഉള്ളറിയുന്ന വസിഷ്ഠമഹർഷി അഭിപ്രായപ്പെട്ടു:—'വേഗത്തിൽ കർപ്പൂരം വരുത്തുക; എന്നാൽ, ദേവകൾ ഒന്റെ ആവാഹനത്താൽ സ്വയം മുമ്പിൽ വന്നുനിന്നു, തവിസ്സു സ്വീകരിച്ചുകൊള്ളും.' ഉടനേ രാമൻ ദേവപ്രീതിക്കായി, ഒന്നാന്തരം കർപ്പൂരം ധാരാളം കൊണ്ടുവരുവിച്ചു. അപ്പോഴാം മനം കുളിത്ത മഹർഷി ദേവകളെ ആവാഹിക്കുകയും, അവരെല്ലാം സ്വന്തം പരിവാരങ്ങളുമായി തൽക്ഷണം വന്നെത്തുകയും ചെയ്തു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, യജ്ഞാശ്വസ്പർശനം അറുപത്തെഴാമദ്ധ്യായം.

:൭:

അറുപത്തെട്ടാമദ്ധ്യായം

ശേഷൻ:—ദേവകളോടുകൂടിയ ഇന്ദ്രനും ആ യാഗത്തിൽ രാമചന്ദ്രനാൽ വീക്ഷിപ്പെട്ട തൃപ്തഹവിസ്സു് ഒട്ടുമാകുന്നിട്ടും മതിവന്നില്ല! ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ, വരുണകുബേരവായ്വാദി ലോകപാലന്മാർ എന്നിവരും അവിടെ വസിഷ്ഠനാൽ സംസ്കരിക്കപ്പെട്ട ഹവിസ്സിനെ, വിശന്നു വലഞ്ഞവരെന്നപോലെ ഭക്ഷിക്കുകയായ്! കരുണാനിധിയായ രാമൻ ദേവന്മാരെല്ലാവരേയും ഹവിസ്സുകൊണ്ടു് തൃപ്തിപ്പെടുത്തിയി

Digitized By Kerala Sahitya Akademi

ട്ടു്, വസിഷ്ഠൻ പൊന്നാതിർവണ്ണം മറ്റുള്ള കർമ്മങ്ങളെയും നടത്തി. ബ്രാഹ്മണർ ദാനങ്ങളാൽ സന്തുഷ്ടരായി; ദേവകൾ ഹവിസ്സിനാൽ സന്തുഷ്ടരായി; എല്ലാവരും സംതൃപ്തി പൂണ്ടു് അവരവരുടെ പങ്കുംകൊണ്ടു സ്വസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു. ഹോതാവു തുടങ്ങിയ ഋഷിമാക്കു രാമൻ രാജ്യം ദാനംചെയ്തു; ആ ബ്രാഹ്മണർ സന്തോഷത്തോടേ രാമനു ശുഭാശിസ്സുകൾ നൽകി.

വസിഷ്ഠൻ പൂർണ്ണാഹുതി കഴിച്ചു, യാഗം നിറവേറിയ മഹാരാജാവിനെ കൊണ്ടാടുവാൻ സുമംഗലസ്ത്രീകളോടാജ്ഞാപിച്ചു. തൽക്ഷണം അവർ, സൌന്ദര്യംകൊണ്ടു കാമദേവനെ ജയിച്ച ഭൂമിപാലേന്ദ്രങ്കൽ, സന്തോഷത്തോടേ ലാജവർഷം അചരിച്ചു. പിന്നീടു് അവഭൃഥസ്നാനത്തിനു നിയോഗിക്കപ്പെട്ട രാമൻ, തന്റെ ഋത്വിക്കുകാരോടും പാദചാരികളായ അനേകലക്ഷം രാജാക്കന്മാരോടും ക്രൂടി, പക്ഷികൾ നിറഞ്ഞ സരയൂനദിയിലേയ്ക്കിഴന്നള്ളി.

(ശ്ലോകങ്ങൾ)

ഇന്ദ്രമാൻ,സുപാലർപൂഴെയുഡുവ്രജാവൃതനായ പൂ-
വമ്പിളിക്കെതിരായ് വിളങ്ങിയ രാമനെബ്ബുത! കാണുവാൻ
വെമ്പിവന്നജനങ്ങളാരറിവൂ, സീതയൊത്തു ഗമിക്കുമ-
ത്തമ്പുരാന്റെ മുഖം നുകർന്നു രസിക്കയായ് നിഭൃതാക്ഷിയാൽ.

ഹന്ത! സർവ്വമാനമിച്ച വസുന്ധരാമണവാളനെ-
പ്പിന്തുടർന്നു സമുജ്ജ്വലപ്പുകൾ പാടിനാർ പല പാട്ടുകാർ;
അന്തരംഗമുലഞ്ഞുരോമാഞ്ചപാടി പൂണ്ടു നടിച്ചനം;
യന്ത്രനീരുമ തമ്പിലൂത്തിനു സേവകാംഗനമാർ ചിലർ;

കുംകുമാങ്കിതവിലേപനശ്രീയ തനുരാജനടത്തി ം
മങ്കമാർകളം മനോമോഹനത്തു തമ്പിലവർപൊടു ചെയ്തുയായ്;
തങ്കനിമ്മലകുണ്ഡലോജ്ജ്വലവക്ത്രമാർ മണിമുത്തണി-
ക്കൊങ്കുമാരിടതിങ്ങിതത്തു വഴിയ്ക്കു പൂരുഷവൃന്ദവും.

പൂതപുണ്യനരിതണഞ്ഞു വസിഷ്ഠനോടു സമേതനായ്-
സ്സീതതൻ പതി തജ്ജലത്തിലിറങ്ങിനാൻ നളിനേക്ഷണൻ;
മേദിനീരമണാദ്യരും ജഗദേകവന്ദ്യതയൊത്ത തൽ-
പാദപാംസു പവിത്രയാം നദിയിങ്കലൊപ്പമിറങ്ങിനാർ.

ഛായയുറ്റുജലം പരസ്പരമുത്തു കണ്ണു തുടുത്തുകു-
ത്താരിലൊട്ടുമൊതുങ്ങിടാതൊരു ഹർഷമാണ്ടിതു സർവ്വരും;
ആ രഘൂദ്വഹനോമലാളൊടുമാറിലെത്തിരമാലയിൽ
സൈരമായ് സുചിരം രമിച്ചു കരേറിനിന്നഥ ധാർമ്മികൻ.

Digitized By Kerala Sahitya Akademi

നേത്ത വെൺതുകിൽ ചുറ്റി, നൻമുടി-യംഗദം-വള-കുണ്ഡലം
ചാർത്തി, മന്മഥകോടിഭാസ്സോടു ലാലസിച്ച മഹാശയൻ,
വാഴ്ത്തിടും സുഖമുഖ്യർ ചൂഴെ നദിക്കരയ്ക്കുണ്ടിയുപവും
തീർത്തതീവ ഉരാപമാം ത്രിജഗൽസമൃദ്ധിയെ നേടിനാൻ.

ഇങ്ങിനെ ജനകപുത്രിയോടൊന്നിച്ച് അശ്വമേധം നടത്തിയ രാമൻ മൂന്നു ലോകത്തിലും സുദുർല്ലഭമായ നിസ്തുല്യകീർത്തിയെ സമ്പാദിച്ചു. ബ്രാഹ്മണ, രാമന്റെ സച്ചരിതം ഭവാൻ ചോദിച്ചതനുസരിച്ച് അശ്വമേധം ഞാൻ സവിസ്തരം വർണ്ണിച്ചുപറഞ്ഞു; ഇനി എന്താണ്, അങ്ങയ്ക്കു ചോദിപ്പാനുള്ളതു്?

ഈ രാമാശ്വമേധം വിഷ്ണുഭക്തിയോടേ ശ്രവിച്ചാൽ, അവൻ ബ്രഹ്മഹത്യയെപ്പോലും പിന്നിട്ട സനാതനബ്രഹ്മം പ്രാപിക്കും; അപുത്രനു പുത്രനും, നിർദ്ധനനു ധനവും, രോഗിക്കു് ആരോഗ്യവും, ബദ്ധനു മോചനവും കൈവരും. ഒരു ദുഷ്ട ശപചണ്ഡൻപോലും ഇക്കഥ ശ്രവിച്ചാൽ പരമപദമടയും; പിന്നെ, രാമഭക്തനായ ബ്രാഹ്മണേന്ദ്രന്റെ കഥ പറയാനുണ്ടോ? രാമൻതിരുവടിയെ സ്മരിച്ചാൽ പാപികൾപോലും ശക്രാദിദേവന്മാർക്കുകിട്ടാത്ത പരമസ്ഥാനത്തിൽ ചെന്നെത്തും. രാമനാഥനെ സ്മരിക്കുന്നവരത്രേ, ലോകത്തിൽ ധന്യന്മാർ: അവർ ക്ഷണനേരംകൊണ്ടു സംസാരകടന്ന നിത്യസുഖം നേടും! ഇതിലെ ഓരോ അക്ഷരവും ബ്രഹ്മഹത്യയാകുന്ന മുളകുട്ടത്തിനു കാട്ടുതീയ്യാകുന്നു; അതിനെ ശ്രവിപ്പിക്കുന്ന ഗുരുവിനെ ബുദ്ധിമാൻ പൂജിക്കണം! ശ്രവണാനന്തരം, വായിച്ച ബ്രാഹ്മണനേയും പത്നിയേയും വസ്ത്രാലംകാരഭോജനങ്ങൾകൊണ്ടു പൂജിച്ചു പാത്രദക്ഷിണമെത്ര ദാനം ചെയ്താൽ പിതൃദേവകർക്കു തൃപ്തികിട്ടും. [illegible]

ഭവാൻ ചോദിച്ച രാമകഥ ഞാൻ പറഞ്ഞുതന്നു; മറ്റെന്താണിനി ധീമാനായ ഭവാനോടു ഞാൻ പറയേണ്ടതു്? ബ്രഹ്മഹത്യാസമൂഹത്തെ പാടേ നശിപ്പിക്കുന്നതായ ഈ കഥ ശ്രവിയ്ക്കുന്നവർ ദേവകർക്കുപോലും കിട്ടാത്ത പരമപദം പ്രാപിക്കും; ഗോഹത്യ, ഭ്രൂണഹത്യ, മദ്യപാനം, ഗുരുതല്പഗമനം എന്നിവ ചെയ്തവനും ക്ഷണനേന പരിശുദ്ധിയടയും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, രാമാശ്വമേധ സമാപ്തി അറുപത്തെട്ടാമദ്ധ്യായം.

(൬)

Digitized By Kerala Sahitya Akademi

ഋഷിമാർ:—"മഹാപ്രാജ്ഞ, രാമാശ്വമേധം വഴിപോലെ ഭവാൻ പറഞ്ഞുതന്നുവല്ലോ; ഇനി, മഹാത്മാവായ ശ്രീകൃഷ്ണന്റെ മാഹാത്മ്യം കൂടി ചൊല്ലാലും."

സൂതൻ:—"മുനിപുംഗവന്മാരേ, ശ്രീകൃഷ്ണന്റെ ചരിതാമൃതം ശ്രവിച്ചുകൊൾവിൻ; പാർവ്വതി പരമേശ്വരനോട് ചോദിക്കയുണ്ടായതു ഞാൻ വിവരിക്കാം:

ഒരുനാൾ, പ്രേമവതിയായ പാർവ്വതീദേവി ശിവനെ സാദരം വന്ദിച്ച് ഇപ്രകാരം ആവശ്യപ്പെട്ടു:—'മഹാപ്രഭോ, ബാഹ്യാഭ്യന്തരങ്ങളായ അനന്തകോടി ബ്രഹ്മാണ്ഡങ്ങളിൽവെച്ച് ഏറ്റവും പ്രധാനവും ശ്രേഷ്ഠവുമായ വിഷ്ണുസ്ഥാനം ഏതാണ്? കൃഷ്ണന് എല്ലാറ്റിലുമേറെ പ്രിയപ്പെട്ട മനോഹരസ്ഥാനം ഏതാണെന്നറിവാൻ എനിക്കാഗ്രഹമുണ്ട്; പറഞ്ഞുതന്നാലും!'

ശിവൻ:—പരമാനന്ദപ്രദമായി ബ്രഹ്മാണ്ഡാപരിസ്ഥിതമായിരിക്കുന്ന വൃന്ദാവനമത്രേ, വിഷ്ണുവിന്റെ പരമരഹസ്യസ്ഥാനം. അത് ഗ്രഹങ്ങളിൽവെച്ചു ഗുരുവും, പുണ്യങ്ങളിൽവെച്ചു പുണ്യവും, അത്ഭുതങ്ങളിൽവെച്ച് അത്ഭുതവും, ഉർവ്വരകളിൽവെച്ചു ഉർവ്വരയും, മോഹനങ്ങളിൽവെച്ചു മോഹനവും, സാധുതരവും, സാത്വികസ്ഥാനങ്ങളിൽവെച്ച് അത്യൽകൃഷ്ടവും പൂർണ്ണബ്രഹ്മസുഖൈശ്വര്യവും, നിത്യവും, ആനന്ദവും, അവ്യയവുമാകുന്നു. ഗോലോകത്തിന്റെ അംശംമാത്രമാണ് ഈ വൃന്ദാവനമെന്നുകാണ്, ഭൂമിയിൽ ശോഭിക്കുന്നതും. ഗോലോകത്തിലെ ഐശ്വര്യവും ഗോകുലത്തിലും, വൈകുണ്ഠത്തിന്റെ വൈഭവം മഥുരയിലും പരമൈശ്വര്യമൈശ്വര്യവും വൃന്ദാവനത്തിലും നിത്യമായി വർത്തിക്കുന്നതിനാൽ, ഭൂമിലോകത്തിലുംവെച്ചു ഭൂലോകമത്രേ ധന്യം!

വിഷ്ണുവിന് അത്യധികം പ്രിയപ്പെട്ട ഒരു പാവ്വിടമാണ് മഥുരാമണ്ഡലം; അതിന്റെ മധ്യഭാഗം പരമമായ ഗൂഢസ്ഥാനമാകുന്നു; സഹസ്രപത്രകമലത്തിന്റെ ആകൃതിയിലത്രേ മഥുരാമണ്ഡലം. ആ അത്ഭുതവൈഷ്ണവസ്ഥാനത്തെ വിഷ്ണുചക്രം കാക്കുന്നു. കണ്ണികയിലെ ഗ്രന്ഥികളും വൈഷ്ണവന്മാരുമായി ക്രമേണ പറയാം: അവയിൽ പ്രാധാന്യം മഥുരയ്ക്കാണുള്ളതാകുന്നു. ഭദ്രവനം, ശ്രീവനം, ലോ

Digitized By Kerala Sahitya Akademi

ഹവനം, ഭാണ്ഡീരവനം, മഹാവനം, താലവനം, ഖദിരവനം, ബകുള വനം, കുമുദവനം, കാമ്യവനം, മധുവനം, വൃന്ദാവനം എന്നീ പന്തിര ണ്ടു വനങ്ങളിൽ ഏഴഴെണ്ണം കാളിന്ദിക്കു പടിഞ്ഞാറും, അഞ്ചെണ്ണം കി ഴക്കുമാകുന്നു. അവയിൽ ഗോകുലമെന്ന മഹാവനവും മനോജ്ഞമായ മ ധുവനവും പരമഗ്രാഹ്യസ്ഥാനമത്രേ. ഭദ്രം തുടങ്ങിയ അഞ്ചു വനങ്ങളും കി ഴക്കും, താലം തുടങ്ങിയ ഒന്നു വനങ്ങളും പടിഞ്ഞാറും സ്ഥിതിചെയ്യുന്നു. വേറേ ഉപവനങ്ങളുമുണ്ട്: കദംബഖണ്ഡികം, നന്ദവനം, നന്ദീശ്വരം, നന്ദനാനന്ദഖണ്ഡം, പലാശവനം, അശോകവനം, കേതകവനം, സു ഗന്ധിമാദനം, കൈലാസം, അമൃതം, ഭോജനസ്ഥലം, സുഖപ്രസാധനം, വത്സഹരണം, ശേഷശായനം, ശ്യാമപുരം, ഭധിഗ്രാമം, ചക്രതീർത്ഥപുരം, സംകേതം, വിഷമം, ബാലക്രീഡം, ധൂസരം, കേമു (കേളി) ദ്രുമം, ഖരോ വീരം, ഉത്സുകം, നന്ദനം എന്നിവയാകുന്ന ഉപവനങ്ങൾ. ഇവയെല്ലാം പലതരം ക്രീഡകളുടേയും ലീലകളുടേയും സ്ഥാനങ്ങളാണ്.

സഹസ്രപത്രകമലത്തിന്റെ കണ്ണികയാണ്, ഗോകുലം എ ന്ന പരമപദം; അതിന്റെ മുകളിലുള്ള മണിമണ്ഡപത്തിൽ ഗോവി ന്ദൻ കനകാസനത്തിന്മേൽ വാണരുളുന്നു. അതിനു നാലു ദിക്കുകളി ലും കോണുകളിലുമുള്ള ഇതളുകൾ മൂടിയ പായാ: തെക്കുവശത്തെ ഇ തൾ പരമഗ്രാഹ്യമാകുന്നു; അതിങ്കൽ ഗോപരാജകുമാരികളോടുകൂടി യോഗീന്ദ്രർക്കും ദുഷ്പ്രാപമായ മഹാപീഠം ശോഭിക്കുന്നു. അഗ്നി കോണിലെ ഇതളാകുന്ന രഹസ്യസ്ഥാനത്തിൽ നികുഞ്ജകവും കുടീര വും സ്ഥിതിചെയ്യുന്നു. കിഴക്കുവശത്തെ ഇതളാകുന്ന പ്രധാന സ്ഥാ നം ഗാഗാദി സാധീതങ്ങളെക്കാളും ശ്രേഷ്ഠമായുള്ള പരിശുദ്ധമത്രേ. ഈശാനകോണിലെ ഇതളിൽ സിദ്ധപീഠം പരിലസിക്കുന്നു. അ തിങ്കൽ കാത്യായനിയെ പൂജിച്ചിട്ടാണ് ഗോപിമാർ കൃഷ്ണനെ ഭ ർത്താവായി നേടിയത്; ആ ദളത്തിൽത്തന്നെയാണ് വസ്ത്രാലങ്കാരാ ദരണവും. വടക്കുവശത്തെ ഇതൾ മറ്റുള്ള ഇതളുകളെക്കാളും മീതെയാ കുന്നു; അതു പന്തിരണ്ടാദിത്യന്മാരുടെ അധിഷ്ഠാനവും കണ്ണികയോട് സ ദൃശവുമത്രെ. വായുകോണിലെ ഇതളിൽ കാളീഗൃഹം സ്ഥിതിചെയ്യു ന്നു; ആ ഉത്തമോത്തമമായ ദളവും പ്രധാനസ്ഥാനാന്തരമാം. പടിഞ്ഞാ റുവശത്തെ ഇതൾ യജ്ഞപത്നിമാർക്ക് വരംനൽകിയതും, അഘാസുര നുപോലും അമരദുർല്ലഭമായ മോക്ഷം സിദ്ധിപ്പിച്ചതും, ബ്രഹ്മാവി നെ മോഹിപ്പച്ചതും ബ്രഹ്മഹൃദത്തോടുകൂടിയതുമാകുന്നു. നിർത്തികോ ണിലെ ദളത്തിൽവെച്ചത്രേ വ്യോമാസുരശംഖചൂഡവധവും, പലതരം ക്രീഡകളും. ഈ ദളങ്ങൾ എട്ടും വൃന്ദാവനത്തിന്റെ ഉള്ളിലുള്ളവയാ

Digitized By Kerala Sahitya Akademi

ണ്. യമുനയാൽ ചുറ്റപ്പെട്ട രമണീയമായിരിക്കുന്ന ശ്രീമദ്വൃന്ദാവനത്തിൽ ഭഗവാൻ ഗോപീശ്വരൻ എന്ന പേരോടെ ഒരു ശിവലിംഗത്തിൽ സന്നിധിചെയ്യുന്നുണ്ട്.

പുരത്തു ശ്രീകൃഷ്ണങ്ങളായി പതിനാറിരുപ്പുകളുണ്ട്; അവയെ പ്രദിക്ഷണക്രമത്തിൽ വിവരിക്കാം: ഒന്നാമത്തെ ദളം കണ്ണികയ്ക്കാത്ത മാധവീപുഷ്പമായിരിക്കുന്നു; അതിങ്കലാണ് മധുവനം; അതിങ്കലത്രേ, സൃഷ്ടികാരണങ്ങളിലൊന്നായ മഹാവിഷ്ണുവിന്റെ സദ്മം നാലു തൃക്കൈകളോടുകൂടി ആവിർഭവിച്ചിട്ടുള്ളത്; ആ സനാതനൻതിരുവടിയെ അവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ദേവിയായ ലീലാരസസ്ഥാനമായിരുന്ന രണ്ടാമത്തെ ദളം; അതിലാണ് ഭദ്രിവനം; നിത്യാനന്ദരസത്തിന്നിരിപ്പിടമായ ഗോവർദ്ധനാദ്രിയും അവിടെയുണ്ടു; ഇതിങ്കൽ കൃഷ്ണൻ വമ്പിച്ച ലീലകളാടി രസിച്ചിട്ടുള്ള കാര്യമൊന്നുമല്ല; എന്തിനേറെ പറയുന്നു? വൃന്ദാവനത്തിന്റെ നിത്യനാഥനായതും ഗോവിന്ദനായതും ഇവിടെവെച്ചത്രേ. മൂന്നാമത്തെ ദളം സർവ്വശ്രേഷ്ഠമാണ്, ഉത്തമോത്തമമാണ്. നാലാമത്തെ ഇതാ വമ്പിച്ച അത്ഭുതങ്ങളുടെ ഇരിപ്പിടവും, പൂർണ്ണാനന്ദസ്ഥാനമായ കദംബഖണ്ഡികയാൽ മണ്ഡിതവുമാകുന്നു. അഞ്ചാമത്തെ ദളത്തിലാണ്, നന്ദീശ്വരവനവും നന്ദാലയവും; ഇതിങ്കൽ കൃഷ്ണൻ പശുപാലനായി വാണരുളുന്നു. ആറാമത്തെ ദളത്തിൽ നന്ദവനവും, ഏഴാമത്തതിൽ ബകുളവനവും, എട്ടാമത്തതിൽ ധേനുകാസുരവധം നടന്ന താലവനവും, ഒമ്പതാമത്തതിൽ കുമുദവനവും, പത്താമത്തതിൽ കാമ്യവനവും സ്ഥിതിചെയ്യുന്നു; ഇവിടെവെച്ചാണ്, അസംഖ്യം വിഷ്ണുക്കളെ കാണിച്ചതും, ബ്രഹ്മാവു സ്തുതിച്ചതും. പതിനൊന്നാമത്തെ ദളം ഭക്തസംഗ്രഹകരവും, ചിറകെട്ടുക മുതലായ പലതരം കളികളും നടന്നതുമാകുന്നു. പന്ത്രണ്ടാമത്തെ ദളത്തിൽ, കൃഷ്ണൻ ശ്രീദാമാവും മറ്റുമായി ക്രീഡിച്ച മനോഹരമായ ഭാണ്ഡീരവനവും, പതിമൂന്നാമത്തേതിൽ ഭദ്രവനവും, സർവ്വസിദ്ധിപ്രസ്ഥലമായ പതിന്നാലാമത്തേതിൽ സങ്കൈശ്വര്യകാരണമായ ശ്രീവനവും, ശ്രീകീർത്തികാന്തികളെ വർദ്ധിപ്പിക്കുന്ന പതിനഞ്ചാമത്തതിൽ കൃഷ്ണലീലാമയമായ ലോഹവനവും പരിലസിക്കുന്നു. കർണ്ണികാസദൃശപ്രഭാവമായ പതിനാറാമത്തെ ദളത്തിലത്രേ, പരമത്രൈമായ മഹാവനം; ഇവിടെവെച്ചാണ്, ഇടയപ്പിള്ളരാനിരുന്നു കളിയാട്ടവും, പൂതനാദിവധവും, നീർമരുതിണയെ മുറിച്ചതും; ഇവിടെ, പ്രേമാനന്ദരസാബ്ധിയായ കൃഷ്ണൻ അഞ്ചു വയസ്സുചെന്ന ബാലഗോപാലനായി ദാമോദരൻ എന്ന തിരുനാമത്തോടേ അടിയുറച്ചതും. ഇങ്ങിനെ ഷോഡശദളാത്മകമാകുന്ന, സിദ്ധിപ്രധാനമായ കൃഷ്ണന്റെ ക്രീഡാകിഞ്ജൽക്കം.

Digitized By Kerala Sahitya Akademi

പാർവതി:—'വൃന്ദാവനത്തിന്റെ മാഹാത്മ്യം, ഭഗവദ്ഭക്തരഹസ്യം എന്നിവ എനിക്കു പറഞ്ഞുതന്നാൽകൊള്ളാം.'

ശിവൻ:—

(കിങ്കിണിപ്പാട്ട്—൭൯)

'വല്ലഭേ, രഹസ്യാധിരഹസ്യം, നിത്യാൽ ഗുഹ്യം,
ദുർല്ലഭാൽസുദുർല്ലഭം, ധൂപ്താദിത്തൈലപ്പുഷ്പം ഗന്ധം
ഭേഷേശ വിരിഞ്ചാദിവന്ദ്യമിതം, സുരസിദ്ധ—
സേവിതം, മുനിജനാധീശ്വരാദിനാരായണം,
അപ്പസരോഗന്ധർവാപ്സരസ്സാനന്ദകന്ദാലയം,
ചിൽപരാനന്ദമാപ്പദം രമ്യമീ വൃന്ദാവനം.
നിണ്ണയമിക്കിലെക്കണ്ടുകൊൾക ചിന്താമണി;
തണ്ണീരോ തന്നിഷ്ടധ; മരക്കൽ കല്പദ്രുമം;
പൈക്കളൊക്കെയും കാമധേനുക്കൾ; പുരന്ധ്രിമാർ
പാൽക്കടൽക്കുമാരിതാൻ; പുരുഷൻ മുകുന്ദൻ താൻ!
അക്കാട്ടിലന്തിനം നടനം ക്രുത്താടിയും
സൽക്കഥാലാപം തെറ്റും പുണ്യപുരിതി പൊരുൾ
ഭമവിനാ സമാനമാത്രപന്നാം കിടാവിനെ
മേദുരപ്രേമത്തോടേ ധ്യാനിച്ചു ക്രമത്താലെ
തന്മയരായിപ്പൂണ്ടു ചിത്തപ്പേ മുഴുകുന്ന
നിർമ്മലസത്വപരാം നൈഷ്ഠിക് യാദൃശ്ചാരെ
കോകിലസ്തുകുകപോതങ്കൾ കോമളഗാനം
തുകുന്ന; മുരണ്ടുള്ള തിമർപ്പു വണ്ടിനങ്കകൾ;
കേകികൾ ക്രുത്താടുന്നു; ചിത്രവർണ്ണമാം പൂക്ക—
ളാകവേ പരത്തുന്ന പൊടിയും നൈരന്ത്യവും.
നിത്യമങ്ങളിപ്പുപൊങ്ങുന്നിതു മുന്നിൽകൂടെ;
പൊയ്ത്തീർന്നാരിന്മണാളനോ സപ്തപുരേ പുരപ്പെട്ടിതു!
ഭദ്രമ്പോം ദുർഘടാരണ്യം മുറിച്ചീനാ—
മഭിനാമനാരതമുച്ചാരണാലെ
സമ്പൂർണ്ണാനന്ദാമൃതം സമ്പൂർണ്ണപ്രമാദ്യം
സമ്പൂർണ്ണപ്രേമാത്മകനാമവും ഗുണനിധിം.
മരങ്ങളോടോടാലും പുരാണത്തിനു പൊരുളോതി
ഗിരിജേ, സനകാദികൾ ബ്രഹ്മപുത്രന്മാരെ പിന്നീ
ഗോവിന്ദപദപാദസുഖപ്രാപ്തനായ് സനാതന—
നാവനം സഹസ്രപുരുഷാഭിധിയുള്ളതാകും.

Digitized By Kerala Sahitya Akademi

പൃഥ്വി തൽസ്പർശാൽ ധന്യം വിഷ്ണുപത്രയത്തിൽവെ-
ച്ചു;-ത്രയോ മഹാഗ്രഹ്യം വൃന്ദാരണ്യത്തിൻമധ്യം
അക്ഷരം പരാനന്ദം വിഷ്ണുവിൻതിരുമെയ് താ-
നക്ഷയബ്രഹ്മാനന്ദമന്ദിരം ഹരിസ്ഥാനം.
അങ്ങെഴും പൊടിയേറാർ മുക്തിയായ്! തന്മാഹാത്മ്യ-
മിങ്ങെന്തുചൊല്ലാം? ചെയ്ത സർവ്വാ തദ്ധ്യാനം നീ.
കാർവർണ്ണൻ കിടാവായി ക്രീഡയാടിന വൃന്ദാ-
കാനനത്തിനെ വലുവെറ്റിതു കാളിന്ദിയും:
ലീലയാ നീവ്വാണോദ്ഭം, പക്ഷിമാരാപലാദിസുമ-
ജാലത്താൽ പെറുവിധവർണ്ണഭാസുരം, രമ്യം,.
ആനന്ദാമൃതമിശ്രമരന്ദസാന്ദ്രം, വല-
മാനസൌരഭഗുണം ഗംഭീരമതിൻജലം;
കോകാദിവിഹംഗങ്ങളം കളമഞ്ജുളമങ്ങ
ക്രുകുനു; മനോജ്ഞമായലകളം തുളുമ്പുനു;
സപർണ്ണമണ്ഡിതം രണ്ടു തീരവും; പുണ്യമിതു
കർണ്ണികാസ്പർശാലൊരു കോടിഗംഗയ്ക്കുസമം.
കർണ്ണികയുണ്ണിക്കണ്ണൻ കളിച്ച നിലമല്ലോ;
കർണ്ണിക കാളിന്ദിയും കൃഷ്ണനുമഭിന്നർ താൻ!'

പാർവ്വതി:—'ഭയാനിധേ, ഗോവിന്ദന്റെ സുന്ദരസ്വരൂപവും വർണ്ണിച്ചുകേൾപ്പാൻ എനിക്കാഗ്രഹമുണ്ട്.'

ശിവൻ:—

(ചെറുശ്ശേരിരീതി)

യോജനപ്പാട്ടു പടന്നൊരു പാടവ-
രാജന്റെ ചെന്തളിർക്കൊന്നുകളാൽ
മണ്ഡിതമാകിയ വൃന്ദാവനത്തിന്റെ
മധ്യത്തിൽ, മഞ്ജുവാം മന്ദിരത്തിൽ,
എട്ടുകോണൊത്തൊരു നാനാസമുല്ലോത-
മുഷ്മമാം ശ്രീയോഗപീഠത്തിന്മേൽ
ചട്ടറാ മാണിക്യസിംഹാസനത്തിങ്ക-
ലെട്ടിതൾപ്പൊയ്ത്താരിൻകർണ്ണികയിൽ
സൈരമായ് വാഴുന്ന വൈഷ്ണവീസേവ്യനാം
ശ്രീഹരിതൻ സൌന്ദര്യമെന്തുചൊല്ലാം!

Digitized By Kerala Sahitya Akademi

ഏവക്കുമാദ്യനനാദി പരനജൻ
യൌവനോത്ഭിന്നകൌമാരൻ കൃഷ്ണൻ
ദിവ്യവയോൽഭ്രതരൂപൻ വ്രജാധിപ-
നവ്യയൈശ്വര്യനാസ്ഥായമൃഗ്യൻ
നന്ദനനം പതിക്കുമോമനനന്ദനൻ
വൃന്ദാവനേശൻ ബ്രഹ്മൈകമൂലം
അമ്പാടിപ്പിള്ളക്കു ചങ്ങാതി ഗോപിമാ-
ക്കൻമനു വളർത്തുവോൻ ധ്യേയനെന്നാം.
ശ്യാമളം മോഹനം പൂല്ലികുവലയ-
കോമളം കാർമേഘസ്നിഗ്ധമുഗ്ധം
അഞ്ജനക്കല്ലു പൊളിച്ചിട്ടതിന്നൊപ്പം
മഞ്ജുമസൃണമപൂമെയ്യഴകു.
ആകെയിരുണ്ടുരുണ്ടു പരിമളം
തുകുന്നാപട്ടൊളിക്കുന്തലിന്മേൽ
ചാർത്തിയമേചകോത്തംസം വിളങ്ങുന്ന
ചാരുനെറികൾ വലത്തുവശം
ചിത്രമയിൽപ്പീലി ചാർത്തും ചിലനേരം;
തത്രചിലനേരം പൊവാൽ ചാർത്തും;
മന്ദാരച്ചെണ്ടു ചിലപ്പോൾ; ചിലപ്പോഴൊ
സുന്ദരമാണിക്യമൌലിചാർത്തും.
കസ്തൂരി ഗോരോചനാദികുറികളാൽ
കമ്രം കുറുനിര ചിന്നം ഫാലം;
വക്രമൊരർബുദം ചന്ദ്രനൊക്കൊക്കുമെ;
തത്തിക്കളിപ്പൂ കുനുചില്ലികൾ;
ഇന്ദീവരായതസ്നിഗ്ധനേത്രങ്ങളിൽ-
നിന്നിളകുന്ന കടാക്ഷം മേന്മേൽ;
നൽത്തിരുമുകത്തെണിഞ്ഞ ഗജകുംഭ-
മുത്തിൻനിറത്തിൽ മുപ്പാർ മയങ്ങും;
സിന്ദൂരംപോലെ തുടുത്തുള്ള വായ്മലർ
മന്ദസ്മിതാർദ്രമായ് ശ്ലോഭികുന്നു;
ഉത്തംസിതോല്പലമായ കണ്ണത്തിലെ-
ച്ചിത്രമകരാഭപ്പൊൻ കുണ്ഡലം
പൊംബിള്ള കാണാപ്പെടുന്ന കണ്ണാടിതാൻ-
പൊംപൊകുംകുട്ട കവിൾത്തടത്തിൽ;
പൊന്നാണിമാണിക്യ മൌക്തികമാലകാം
മിന്നിവിളങ്ങുന്ന തുക്കഴത്തിൽ;

Digitized By Kerala Sahitya Akademi

തോരംവള കങ്കണം ബാഹുയുഗളത്തിൽ;
ശ്രീവത്സം കൌസ്തുഭം മാറിടത്തിൽ;
രോമാളിലാഞ്ഛിതമാവിലനേർവയ-
രോ;-മനറ്റൊക്കിം ഗഭീരമേറാം;
കർപ്പൂരഗോരോചനാഗരുചന്ദന-
കസ്തൂരീകല്പിതമംഗരാഗം;
മധ്യത്തിൽ,പ്പീവടിപ്പീരോളം ഞാത്തൊരാ
മഞ്ഞപ്പട്ടാടയും കിങ്ങിണിയും;
വട്ടമൊത്തുള്ള നനുപ്പുമായ്, തുപ്പാൽത്തുള്ളു-
യിട്ട,നഖേന്ദു നിലാവു തൂകി,
അബ്ജധ്വജാങ്കുശവജ്രാംകിതതല-
മഭ്യുല്ലസിക്കുന്ന പാദയുഗം.

നിത്യചിൽബ്രഹ്മമിതിന്റെയൊരംശം പോൽ!
പത്തിലൊന്നത്രേ മുകുന്ദദേവൻ!

കണ്ണും ചെരിച്ചിടംതോളിൽക്കവിൾതൊട്ടു,
കർപ്പൂപ്പോൻകുണ്ഡലകാന്തി ചിന്നി,
മൂന്നു വളവുമായ്, മുല്ലപ്പൂപ്പുഞ്ചിരി-
യാന്നൊളിക്കൺമുനനോട്ടമോടും,
കുഞ്ചിതച്ചുണ്ടു മുകന്ദ മുരളിത-
ന്നഞ്ചിതമായ കളസ്വനത്താൽ
മുപ്പാർമയക്കിയും, പ്രേമസുധാബ്ധിയിൽ
മുങ്ങിയും നിൽപ്പുമാ രൂപമത്രേ
ധ്യാനിച്ചുപോരുന്ന യോഗിജനങ്ങളാൽ
മാനിതരായ സനകാദ്യന്മാർ;
കോടാനകോടി മനോജ്ഞരെ വെല്ലുമ-
തീടാളും സവ്വലാളിത്യസാരം.'

പാർവതി:—'ദേവദേവേശ, പരമകാരണമായി ബ്രഹ്മത്തിന്നും ഏകകാരണമായിരിക്കുന്ന വൃന്ദാവനേശ്വരനായ ഗോവിന്ദന്റെ അതാതു ശ്രുദ്ധമാഹാത്മ്യം ഐശ്വര്യം എന്നിവ കൂടി പറഞ്ഞുതന്നാൽക്കൊള്ളാം.'

ശിവൻ:—

(ചെന്താരിരീതി)

ആരുടെ കാൽനഖ ചന്ദ്രന്റെ രശ്മിതൻ
ചാരുമഹിമയ്ക്കുമില്ലൊരറുതി,

Digitized By Kerala Sahitya Akademi

അപ്പുമാൻതന്നുടെ മാഹാത്മ്യമെത്രയെ-
ന്നൊപ്പിച്ചു ചൊല്ലുവതെങ്ങിനെ ഞാൻ?
ചെമ്മേ ഗുണത്രയോല്പന്നാങ്ങളാകുമീ
ബ്രഹ്മാണ്ഡകോടീ സഹസ്രങ്ങളിൽ
ആയവൻ തൻകലാകോടികോട്ട്യംശങ്ങ-
ളായെഴും ബ്രഹ്മവിഷ്ണീശാനന്മാർ
സൃഷ്ടിരക്ഷാവിനാശങ്ങടം നടത്തുന്ന
തിട്ടമവനുടെ വൈഭവത്താൽ!
തദ്രൂപകോടികോട്ട്യംശമാം മന്മഹൻ
ചിത്തവിമോഹം വളർപ്പൂ പാരിൽ
തദ്ദേഹകാന്തിതൻ കോടികോട്ട്യംശക-
മത്രേ സുധാമയനായ ചന്ദ്രൻ!
തൽപ്രകാശാനന്തകോടികോട്ട്യംശമാ-
ണപ്രമേയാഭരാമാദിത്യന്മാർ!
തൽഗന്ധകോടികോട്ട്യംശത്തിനാലല്ലോ
നൽഗന്ധം വീശുന്ന ഗന്ധവാഹൻ!
വേദസുഗുഹ്യമം തൽപദാബ്ജ് ജനഖ-
ജ്യോതിസ്സാണാസ്പദം ബ്രഹ്മത്തിന്നും!
തൽപ്രിയ രാധതൻ കോടികോട്ട്യംശകം
തൈത്രൈണ്യരൂപമാർ ദുർഗ്ഗാദ്യമാർ!
ആയവർതൻ കഴൽപ്പൂമ്പൊടിയല്ലുകി-
ലായിരംകോടി മുകുന്ദരുണ്ടാം!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വര സംവാദം, വൃന്ദാവനമാഹാത്മ്യകഥനം, അറുപത്തൊന്നാമദ്ധ്യായം.

(0)

എഴുപത്തൊന്നാമദ്ധ്യായം

പാർവ്വതി:—'തന്തിരുവടിയുടെ പാരിഷദർ ആരൊക്കെയാണെന്നും കേൾക്കേണമെന്നുണ്ട്'.

ശിവൻ:—മുൻപറഞ്ഞതിൻവണ്ണമുള്ള രൂപലാവണ്യത്താൽ ഗോപസ്ത്രീകളുടെ നയനങ്ങൾക്കു നക്ഷത്രമായ ശ്രീകൃഷ്ണൻ ദിവ്യവസ്ത്രാഭരണ മാല്യങ്ങൾ ചാർത്തി ത്രിഭംഗീമനോഹരനായി, രാധയോടൊ

Digitized By Kerala Sahitya Akademi

നിച്ചു സപ്പണ്ണസിംഹാസനത്തിൽ വാണരുളുന്നു. അതിനു പുറത്തു യോഗപീഠങ്ങളിൽ സപ്പണ്ണസിംഹാസനങ്ങളിൽ, അംഗംതോറും പ്രേമരഭസം പൂണ്ട പ്രധാന കൃഷ്ണപ്രിയമാർ സ്ഥിതിചെയ്യുന്നു; അവർ രാധയാകുന്ന മൂലപ്രകൃതിയുടെ ഓരോ അംശമത്രേ. മുൻവശത്തു (പടിഞ്ഞാറു) ലളിതാദേവി; വായുകോണിൽ ശ്യാമള; വടക്കുവശത്തു ധന്യയായ ശ്രീമതി; ഈശാനകോണിൽ ഹരിപ്രിയ; കിഴക്കുഭാഗത്തു വിശാഖ; അഗ്നികോണിൽ ശൈബ്യ; തെക്കുഭാഗത്തു പദ്മ; നിർൃതികോണിൽ ചന്ദ്രാവതി. ചന്ദ്രാവലി, ചിത്രരേഖ, ചന്ദ്ര, മദനസുന്ദരി, ശ്രീമധുമതി, ചന്ദ്രരേഖ മുതലായി പ്രധാന കാന്തമാർ രണ്ടായിരത്തെയുമുണ്ട്. ഇവരിൽ വൃന്ദാവനേശ്വരിയായ രാധാദേവിയെ തന്നെ പ്രിയതമയാണ് ചന്ദ്രാവലി.

[കിളിപ്പാട്ട്—കാകളി]

ആവിധം സൌന്ദര്യലാവണ്യനന്മകൾ
താവിന ഗോപാലകന്യമാർ രണ്ടായും
മുന്നിൽ വിളങ്ങുന്ന നൂറു നൂറായിരം
കന്നൽമിഴിമാർ, കമനീയവേഷമാർ,
ചെമ്പൊൻനിറമാർ,ചെറുപ്പമിയന്നവർ,
തന്നുരാനെട്ടൃഢം പുൽകാനഴകുവോർ,
തദ്രൂപമേ വ്യഥി ചേർത്തു സുധാരസ-
സ്സത്തിൽ മുഴുകുവോർ, താദാത്മ്യമാന്നവർ,
കണ്ണുകളാകും കുവലയപുഷ്പങ്ങളാൽ
കണ്ണന്റെരൂപാമൃതപാനമാചരിപ്പവർ;
പത്തായിരം ശ്രുതികന്യകമാർ വല-
ത്തുറും,ത്താരിൽ മേവിന കൃഷ്ണനിൽതൃഷ്ണയാ
അത്തിരുമേനിതൻ ഗൂഢതത്വങ്ങളെ-
യെത്രയും പ്രേമാകുലകളായ് പുണ്ടവോർ,
ചിത്രസപരാലാപഭംഗിയാൽ ഒരുലോകൃ-
ചിത്തം മയക്കുവോർ, മോഹനഗാത്രിമാർ;
വാനവസ്ത്രീകളിടത്തു രസോജ്ജ്വല-
നാനാവിലാസമാർ, ദിവ്യസുവേഷമാർ,
പുഞ്ചിരിക്കൊണ്ടൊളികണ്കോണെറിയുവോർ,
നെഞ്ചമവങ്കൽ മുഴുകി നിർല്ലജ്ജമായ്
അത്തിരുമെയ്യാനന്ദതൊട്ടിടാനൽക്കണ്ണു-
മെത്തിയോർ, ദിവ്യ സൌന്ദര്യസമൃദ്ധമാർ.
നല്ല ചങ്ങാതിമാർ ഗോപബഹിർസ്ഥലേ
തുല്യവയോവേഷർ തുല്യകമ്മഗുണർ

Digitized By Kerala Sahitya Akademi

തുല്യബലവീര്യർ തുല്യവിഭ്രഷണർ
തുല്യസംഗീതവേണുനാദപ്രിയർ;
ശ്രീരാമസംജ്ഞൻ പടിഞ്ഞാറുവാതിൽക്കൽ;
മോദാൽ വടക്കു വസുദാമനാമകൻ;
മയൂരിയാളേ, കിഴക്കു സുദാമാവു;
തെക്കുവശത്തു വസിക്കുന്ന കിങ്കിണൻ.
പിന്നൊച്ചഴലാര്യം പൊന്നിൻഗൃഹങ്ങളിൽ-
റ്റൊന്നിൻതറകളിൽറ്റൊന്നുപീഠങ്ങളിൽ,
സ്തോകകൃഷ്ണാംശുഭദ്രാദ്യർ ന്നൂറായിരം
ഗോകുലബാലകർ പൊൻകോട്ടുണിഞ്ഞവർ
വീണ,യോടക്കുഴൽ, കൊന്നു, പുരലിവ
പാണിയിലേന്തിയോർ കൃഷ്ണഗുണങ്ങളെ
ഓരോന്നാർത്തു പാടിവസിപ്പു സമവയോ-
മൂർത്തി വേഷസംഭരേറാം രസാർദ്രരായ്;
സവ്വാംഗവും കോമളമിഴിക്കൊണ്ടു, പാൽപുര-
ന്ന,വ്യാജഹർഷാശ്രു മേൽക്കുമേൽ തൂകിയും,
ചിത്രാപ്പിതങ്ങൾപോലെത്രയോ നൽപ്പൈക്കൾ
തത്ര മേവുന്ന മഹായോഗിരീതിയിൽ.

കോടിസൂയ്യാഭപ്പുറപ്പൊൻമതിൽക്കകം-
ത്തുഡസൌരഭ്യങ്ങളായ പൂങ്കാവുകൾ
നാലിടത്തുമുണ്ടു;-തിൽപ്പടിഞ്ഞാറിടം
ശ്രീലമാം പാരിജാതത്തിൻപുവട്ടിലായ്
പൊന്മന്ദിരത്തിൻനടുക്കു പൊൻപീഠത്തിൽ
നന്മണിമാണിക്യദിവ്യസിംഹാസനേ
വാഴ്വൂ ഗുണത്രയാതീതസച്ചിന്മയൻ
വാസുദേവൻ സവ്കാരണകാരണം
മേചകകുഞ്ചിതകുന്തളസഞ്ചയൻ
മേടുരാനന്ദൻ മകരാഭകുണ്ഡലൻ
ഇന്ദ്രനീലഘനശ്യാമളാംഗനര-
വിന്ദപത്രേക്ഷണൻ വിശൈകനായകൻ
ജ്യോതിർമ്മഹാധാമമഗ്രിമപുരുഷ-
നാദിമധ്യാന്തമില്ലാത്ത പുരാതനൻ
ചക്രശംഖാസിഗദാബ്ജധരൻ നാല്യ
തൃക്കൈകളുള്ളവൻ ദിവ്യവിഭ്രഷണൻ

Digitized By Kerala Sahitya Akademi

മഞ്ഞത്തുകിൽ വനമാലയണിഞ്ഞവൻ
മഞ്ജുളദിവ്യാംഗരാഗവിചിത്രിതൻ;
രുഗ്മിണി, ഭാമ, സുലക്ഷണ, സത്യയും
മിത്രവിന്ദ,യന്ദവിന്ദ, സുനന്ദയും,
ജാംബവതിയുമരികേ വസിക്കുന്ന
മേന്മയേറും ഹരിപത്നിമാരെട്ടുപേർ.
ഉത്തരോദ്യാനേ ഹരിചന്ദനതലേ
സ്ഫുരൽമണിമണ്ഡപത്തിൻനടുക്കലായ്
പൊന്നിൻതറയിൽസ്സുദീപ്ത സിംഹാസനം-
തന്നിൽ വസിക്കുന്ന സീരി സംകർഷണൻ
ശ്രീപതിയച്യുതനനന്തൻ സമഗ്രണ-
ശ്രുപൻ തെളിഞ്ഞ പളുങ്കൊളി പൂണ്ടവൻ
നീലാംബരൻ ചാരുദിവ്യവിഭ്രൂഷണ-
മാലകുരം ചാർത്തിയ ചെന്താമരേക്ഷണൻ
രേവതിയൊത്തു മധുനകൻരംമ്മദം
കൈവളർന്നാടിമറിയുന്ന കണ്ണുമായ്
ഭക്ഷിണോദ്യാനപ്രദേശത്തു സന്താന-
വൃക്ഷച്ചുവട്ടിൽ മണിമണ്ഡപാന്തരേ
ശ്രീമഹാമാണിക്യസിംഹാസനത്തിങ്ക-
ലാമോദമോടേ വസിപ്പൂ രതിയുമായ്
ലോകം മയക്കുമഴകിൻ തനിച്ചു സ-
ത്താകുമാ പ്രദ്യുമ്നനുമ്പ് ജഭളേക്ഷണൻ
ദിവ്യനീലോല്പലാഭാത്ഭുതവിഗ്രഹൻ
ദിവ്യഭ്രൂഷാംബരഗന്ധാനുലേപനൻ.
ചാരുപൌരസ്ത്യമലർക്കാവിലോ, സുര-
ദ്രുമച്ചുവട്ടിലായ് പൊന്മണ്ഡപാന്തരേ
വിദ്യോതിസിംഹാസനത്തിൽ വസിക്കുന്ന
വിശ്വനാഥനനിരുദ്ധാനുഷ്ണയുമായ്.
നീലസുസ്നിഗ്ധമാം കുന്തളവും, ധൃത-
ലീലംവളഞ്ഞ പുരികക്കൊടികളും,
ചേലൊഴും നാസാകപോലകണ്ഠങ്ങളും,
ചാലേ വിരിഞ്ഞ മാർത്തട്ടമിയന്നവൻ
കോടീരകുണ്ഡലഗ്രൈവേയകരുലാ-
കോടിവിഭ്രൂഷിതൻ വാരിദശ്യാമളൻ.

Digitized By Kerala Sahitya Akademi

സംഗീതലോലുപം പൂർണ്ണപരബ്രഹ്മ-
മിങ്ങിനെ ഭൃത്യപ്രിയജനാരാധ്യനായ്
പൂതസത്പാനന്ദരൂപം ലസിപ്പതിൻ
മീതേ ദിവിവാഴ്വു സർവ്വേശപരേശപരൻ
അവ്യക്തനാദ്യനനാദി ചിദാനന്ദ-
നവ്യയൻ വിഷ്ണുരഗുണാതീതനക്ഷയൻ
നീരദശ്യാമളകോമളവിഗ്രഹൻ
നീലസ്നിഗ്ദ്ധനിബിഡീസകുന്തളൻ
പൊയ്ത്തുരിതത്തെതിർ ചാരുദീർഘനേത്രകടാക്ഷണ-
നത്തമകോടീരകുണ്ഡലമണ്ഡിതൻ
ശ്രുഭാസത്പാർശ്വൈകരാകിമാനസമാരാമ-
രത്തിരുമേനിയെത്തന്മയത്വേന സാ
സുസ്ഥിരം ധ്യാനിച്ചു പുറകം മരുവുന്ന
ചിദ്രൂപർ നാസാഗ്രവിന്യസ്തനേത്രരായ്;
സിദ്ധവിദ്യാധരഗന്ധർവയക്ഷര-
മുത്തമമാരാകുമപ്സരസ്ത്രീകളും
ഗീതവൃത്താദികർംകൊണ്ടു ഭഗവാനെ-
യാദരാൽ സേവചെയ്യുന്നിതിടംവശം;
നാരദപ്രഹ്ലാദമുഖ്യരാം വൈഷ്ണവ-
ന്മാരുംകുമാരശുകജനകാദ്യരും
മുനിൽസ്സുഖാസനസംസ്ഥരായ് മെയ്യാകെ-
യുന്നതപ്രേമജ രോമാഞ്ചവാഞ്ഛാട്ടം
മന്ത്രാവതംസമാമർദ്ധായുഗ്രാക്ഷര
മന്ത്രംജപിപ്പു രഹസ്യാമൃതാർദ്രരായ്.
സ്ഫാടികോത്തുംഗഗോപുരം കോട്ടതൻ നാല്പു-
പാടുമേ വാതിൽ കാക്കുമന്ത ചതുർഭുജൻ
ശംഖചക്രാബ്ജഗദാധരൻ കുണ്ഡല-
പൊൻകിരീടവനമാലാ വിഭൂഷിതൻ:
ശോഭനൻ പടിഞ്ഞാറു; രഭസൻ വടക്കിടം;
പീതൻ കിഴക്കുടൻ; തെക്കു നീലപ്രഭൻ.

നേക്കാരോമീ വരിക്കുമെ ചൊൽകയാ
കേർക്കയോ ചൊന്നാൽ കിടയ്ക്കുമെ പരപദം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീകൃഷ്ണപാരിജാതാദിവർണ്ണനം എഴുപതാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

എഴുപത്തൊന്നാമദ്ധ്യായം

പാർവ്വതി:—

[പാന]

'സർവ്വജ്ഞനേശ, സർവ്വജ്ഞ, സർവ്വാത്മൻ,
സർവ്വയോനെ, ഭഗവൻ, മഹാദേവ,
എങ്കിൽ വീണ്ടും കനിഞ്ഞരുൾചെയ്താലു-
മെൻകൃപാനിധെ: ഗോപികമാരുമായ്
രമിച്ചിനെയൊക്കെയാണാ വിഹരിച്ച-
തിങ്ങുമോരാനവിഗ്രഹനല്ലോവൻ?'

ശിവൻ:—

'വാസുദേവാവതാരമറിഞ്ഞൊരു
വാസരത്തിൽ മുനീന്ദ്രനാം നാരദൻ
വീണവായനയോടു മമ്പാടിയിൽ-
ച്ചെന്നെഴും നന്ദഗേഹത്തിലെത്തിനാൻ.
തത്ര കാണായ് മഹായോഗമായേശ-
നത്തിരുവടിവിഷ്ണു നാരായണൻ
ആവതില്ലാത്തൊരുണ്ണിക്കിടാവെന്നാ
ഭാവമോടൊരു കാഞ്ചനക്കട്ടിലിൽ
പട്ടുമെത്തവിരിപ്പിൽക്കിടപ്പതും,
തൃഷ്ടഗോപിമാർ നോക്കിനില്ക്കുന്നതും.
നഗ്നനാമിളംകുഞ്ഞിന്റെ കാന്തിയിൽ
മഗ്നമാമണിമച്ചകമൊക്കയും;
പൊന്നൊപ്പൊതലിൻ പേലവമേനിയും,
ചിന്നിവീണ ചുരുളിരുംശ്രോന്തലും,
ഒന്നരണ്ടു പൽമൊട്ടു വെളിപ്പെട്ടും
മന്ദഹാസവും, മുഗ്ധനോട്ടങ്ങളും
പാർത്തതി ഹർഷമാൻ വിഷ്ണുപ്രിയൻ
വാസ്തവമൊക്കെ നന്ദനോടോതിനാൻ: —
'സൈരജീവതരായീ ഹരിപര-
രാ!-രറിയുമിവന്റെ വൻപ്രാഭവം?
ബ്രഹ്മശക്രാദികളുമിബ്ബാലനിൽ
നിർമ്മലനിത്യഭക്തിയെത്തേടുന്നു;

Digitized By Kerala Sahitya Akademi

വിശപഹരിഷ്ടമേതദിതി വഞ്ചിതം
വെച്ചുപാടുന്നു, കേട്ടു കൊണ്ടോടുന്നു.
അപ്രതർക്യപ്രഭാവന്നീ നിന്മക-
ന്നു;-പ്രണയമിവങ്കലാക്കുണ്ടു,വർ
ഘോരസംസാരമേല്ക്കാതെ പോയ്ക്കര-
യേറുമേ ദുഢം ഗോപചൂഡാമണേ.
നീയിഹപരത്രാണവിഭ്രേകവ്യ-
ത്തായി ലാളിച്ചുകൊൾകീക്കുമാരനെ.'
ഏന്നരചെയ്തുവിടെ നിന്നു തിരി-
യുന്നതിനൊഴുന്നോരാ മഹർഷിയെ
നന്ദനച്യുതഭാവേന പൂജിച്ചു
വന്ദനംചെയ്തു യാത്രയാക്കീടിനാൻ.

'പിൻപു ചിന്തിച്ചു വൈശ്യോത്തരേന്ദ്രൻ മുനി:—
തന്നുരാട്ടി ഹരിപ്രിയ ലക്ഷ്മിയും
നീരജാക്ഷന്റെ ലീലയ്ക്കു ഗോപികാ-
കാരമാർന്നു പിറന്നിരിക്കും ദുഢം.
ഏതുദിഗ്നാഥശപവനമ്പാടിതന്നിലെ
പീടുകൾതോറുമിന്നിയവളെ ഞാൻ.'
മറ്റുനോ, ഗോപരാജർതോറുമതിനിയായ്-
ച്ചെന്നുവിഷ്ണുപോലവ്വിതനായ് മുനി
നന്ദജദ്വകുതിഗോപരിൽ നീളുക-
ണ്ടന്നരരെ മനസ്സാൽ വണങ്ങിനാൻ.
ഗോപമന്ദിരംതോറുമേ കാണായി
രൂപവൈണമൃണ്ടെങ്കാരു പെൺപൈതലാറും;
തണ്ടലർമങ്ക താനിതെന്നുഹിച്ചു-
കൊണ്ടു ബുദ്ധിമാനായ തപോധനൻ,
നന്ദമിത്രമായ് ഗോപാഗ്രിനാം ഭാനു-
ഭവനാവൻതൻ മഹാഗ്രഹം പൂകിനാൻ.
ആ മഹാത്മാവു വേണ്ടുപോലവ്വിച്ചു
മാമുനി പിൻപവനെ പ്രശംസിച്ചാൻ:—
ധർമ്മനിഷ്ഠയാൽ വിശ്രുതൻ മന്നിൽനീ;
സന്മതേ, വേണ്ട സവ്വത്തുമുണ്ടു നേ.
ഇല്ലയോ തവ യോഗ്യനാം പുത്രനോ,
നല്ല ലക്ഷണംയ്പെന്ന പെൺകുട്ടിയോ?

Digitized By Kerala Sahitya Akademi

എങ്കിൽ നിൻകീർത്തി ലാത്തുമേ പാരെങ്ങു'—
മെന്നിതുകേട്ടു ഭാനുഗോപോത്തമൻ
തണ്ടലക്ണ്ണനായ തന്നുണ്ണിയെ—
ക്കൊണ്ടുവന്ന മുനീന്ദ്രനെക്കുറ്റിച്ചാൻ.
മുഗ്ധചില്ലീരദകണ്ണകണ്ണനായ്
നിസ്തുലത്രൂപനാമക്കുമാരന്റെ
ദുഷ്ടതേജസ്സുകണ്ടു, കൈ രണ്ടാലും
ബദ്ധവാത്സല്യമാഞ്ഞു പുണർന്നടൻ
പ്രേമബാഷ്പംപൊഴിച്ചു സഗൽഗദം
മാമുനി ഗോപവയ്യനോടോതിനാൻ:—
'ഈയ മണിപ്പൈതലുറ ചങ്ങാതിയായ്
രാമകൃഷ്ണരൊത്തെപ്പൊഴും ക്രീഡിക്കും!'

പിന്നെ യാത്രപറഞ്ഞു പുറപ്പെട്ട
ധന്യവിപ്രനോടോതിനാൻ ഭാനുവും:—
'പൈങ്കിടാവുമൊന്നുണ്ടെനിക്കു മലർ—
മങ്കപോലിമ്മകന്നനുജത്തിയായ്;
കണ്ണുകാണില്ലവർക്കു; പെറ്റികേർക്കാ;
പെണ്ണൊരുമയുമാണെന്നു തോന്നുന്നു!
ഉള്ളലിഞ്ഞൊരു നോക്കാൽ ഭവാനവർ—
ക്കുള്ള വല്ലായ്മ പോക്കിയാലും വിഭോ!'
ഭക്തിനമ്രനാം ഭാനുപൊത്തമ്മുനി
ചിത്തകൌതുകം പൂണ്ടുകേയ്ക്കപോയ്
തത്ര മന്നിൽക്കിടന്നുരുണ്ടീടുമ—
പ്പുത്രിയെയെടുത്തങ്കത്തിൽ വെച്ചുടൻ.
സ്നേഹഭാരാൽ തളർന്നുപോയ് വൈഷ്ണവ—
വ്യൂഹമുഖ്യനാം താപസന്തൊഴുതടം;
ഹന്ത, കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത
ചന്തമാളുമക്കുഞ്ഞിനെക്കാങ്കയാൽ
മുൻപടി മോഹമാന്നാ ഹരിപ്രിയൻ
മുങ്ങിനാൻ പരാനന്ദൈകസിന്ധുവിൽ!
നാലുനാഴികയോളമൊരു ശില
പോലിരുന്നാനവിടെ മുനീശ്വരൻ!
പിന്നെ മെല്ലെയുണർന്നു മിഴിത്തുറ—
ന്നന്നാതാത്തുതാൽ മിണ്ടാതെ മേവിനാൻ!

Digitized By Kerala Sahitya Akademi

പാരിലെല്ലാം നടന്നവനാണല്ലോ
സൈരസഞ്ചാരശീലനായുള്ള ഞാൻ;
ഏതിടത്തിലും ദർശിച്ചിട്ടില്ലിതേ-
മാതിരിയൊഴകൊക്കുമൊരുത്തിയെ.
അഷ്ടമൂർത്തിവിരിഞ്ചമഹേന്ദ്രർതൻ
വിഷ്ടപത്തിലും പോകുമാറുണ്ടു ഞാൻ
എങ്ങുമാഹന്ത, കണ്ടീലിവളുടെ-
യംഗലക്ഷ്മിതൻ ലക്ഷശതാംശവും!
പാർ മുഴുവൻ മയങ്ങുമഴകൊക്കും
ശ്രീമഹാമായയായ ഗിരിജയെ
കണ്ടിട്ടുണ്ടു ഞാനി,ത്ര സൌന്ദര്യമ-
ക്കൊണ്ടൽവേണിക്കുമില്ലിതു നിർണ്ണയം!
പൂമകൾ വാണികാന്തി വിദ്യാദിക
രാമമാക്കിതിൻ പ്രഭയും കാണ്മീലാ!
കണ്ടിട്ടുണ്ടു, മഹേശൻ മയക്കമും-
ക്കൊണ്ട വിഷ്ണുവിൻമോഹിനീരൂപം ഞാൻ;
ആയതുമിതിനൊക്കില്ലൊ,നിക്കറി-
വായതല്ലിവർ തൻതത്വമെന്നാലും!
അന്യരും മിക്കപേരുമറിയില്ലീ-
ദ്ധന്യയാകുമധോക്ഷജകാന്തയെ;
കണ്ടമാത്രയുൾക്കുയർന്നൊ ഹരിപ്രേമം,
പണ്ടൊരിക്കലുമിത്ര തോന്നീലമേ!
കണ്ണനമഹാദൃഷ്ടിദമാസ്യരൂം
കന്യകയുടെ രൂപമിത്രത്തമം;
ഞാനിവളെ രഹസ്സിൽ വണങ്ങുവൻ
മാനിതമാംമഹിമ വെളിവാക്കി.'

ഇത്തരംനിനച്ചുമ്മുനി വല്ലവ-
സത്തമനെപ്പുറത്തെയ്കയച്ചുടൻ
ദിവ്യരൂപമായപ്പൊങ്കിടാവിനെ
നിർവൃതീകം പുകഴ്ത്തിനാനേകാന്തെ:—
ഹേ മഹാദേവി, മായേ, മഹായോഗേ,
ഹേ മഹാമോഹനോജ്ജ്വലദിവ്യാംഗി,
ഹേ മഹത്തരമാധുര്യവർഷിണി,
ഹേ മഹാത്ഭുതാനന്ദമാന്യപ്രദേ,

Digitized By Kerala Sahitya Akademi

ഹാ, മഹാഭാഗ്യമൊന്നിനാലിന്നെനി-
യ്ക്കീമിഴികൊണ്ടു കാണായിവന്നുനീ!
എന്നുമുള്ളിൽസ്സുഖാനന്ദതൃപ്തി നീ-
യെന്നുചൊല്ലുന്നുദേവി, നിൻ ദൃഷ്ടികൾ—
സുപ്രസന്നമീസ്സൌമ്യരമ്യം മുഖ-
മത്ഭുതമാമൊരുൾസ്സുഖം കാട്ടുന്നു.
സൃഷ്ടിരക്ഷാലയകരി ശക്തി നീ;
പുഷ്ടസത്വയാമപ്പുരാവിദ്യ നീ;
വൈഷ്ണവാനന്ദസന്ദോഹമത്ഭുത-
വൈഭവെ, നീ കലയാൽ വഹിക്കുന്നു.
ശാംഭവത്മജാദ്യക്കും സുദുർല്ലഭേ,
ഭാവിഭാവ്യ നീ യോഗികൾക്കും സദാ.
നിൻറെയംശമെന്നൊന്നതം, നിൻപ്രിയൻ-
തൻറെയിച്ഛാക്രിയാജ്ഞാനശക്തികൾ.
മായയാൽ കിടാവായ മഹേശനാം
മാധവനുടെ മായാവിഭ്രതികൾ
ഒക്കെനിൻകലാംശങ്ങളചിന്ത്യങ്ങൾ;
തുക്മില്ലാപരമാനന്ദശക്തി നീ
നിന്തിരുവടിയൊത്തു കളിയാട്ടം
ഹന്ത, നന്ദജൻ വൃന്ദാവനാന്തരേ.
ഇക്കുമാരവയസ്സിലെ വിശ്വത്തെ-
യൊക്കയും മയക്കുന്ന തവ രൂപം;
യൌവനപ്രായമെത്തുന്നൊരാളെങ്ങിനെ-
യായ്തുരുംപിന്നെ നിന്നാഴകത്ഭുതം!
ഇന്ദിരേശൻകൊതിച്ച നിൻനോട്ടവും
മന്ദഹാസവുമെത്രയാശ്ചര്യമാം!
നന്ദപുത്രൻ മയങ്ങുമാ നിൻവടി-
വൊന്നുകാണാവു ഞാനെൻ വിധുപ്രിയേ!
വന്നാടിതൊഴുമെന്നൊയത്തൻവടി-
വൊന്നു കാണിക്കുംകനിഞ്ഞംബികേ!'

ഈവിധമുരചെയ്തു തച്ചിത്തനായ്—
കൈവെണങ്ങിക്കമെല്ലജനന്ദനൻ
പ്രേമജൈത്രസൃക്യപൂർണ്ണപുണ്യാക്ഷിയാ-
മാ മഹാനന്ദമായാമഹേശിയെ

Digitized By Kerala Sahitya Akademi

പാത്തുകൊണ്ടു യശോദാകുമാരനെ
വാഴ്ത്തിനാൻ:—'വെൽക കൃഷ്ണ, ജഗൽപതേ!
വെൽക വൃന്ദാവനപ്രിയ! വല്ലവ-
സ്ത്രീകളെ മയക്കുന്ന മനോഹര!
വെല്ലുക പീലിപൂടിയോനേ, കുര-
ുവിള്ളിയോട്ടം കുഴലൂതിനില്പോനേ!
കുംകുമംപൂശി രതാങ്ങദം ചാർത്തിയ
തനുപ്പൈതലേ, വെൽകെ!—നകാണും ഞാൻ
യൌവനാരംഭരമ്യാംഗിയാകുമി-
ട്ടേവിയായ് ചേർന്ന നിന്നെ നിന്നൻപിനാൽ!'

ഈവണ്ണം മുനി ചൊല്ലുന്നതോടൊപ്പം,
ദിവ്യത്രുടയായുള്ള കുമാരിയാം
ഹർഷനദി, രതിനാലു വയസ്സോത്ത
മോഹനതരമാം വടിവേന്തിനാൾ!
വേറെയും ചില ഗോകുലപ്പൈൻതയ്യൽ-
മാരുടൻ വന്നു കൂടിനാർ ചുറ്റുമേ
അത്രതാൻ വയസ്സാൻവർ, ദിവ്യമാം
വസ്ത്രഭൂഷണമാലകം ചാർത്തിയോർ.
അത്ഭുതത്താൽ മയങ്ങി മരവിച്ചു
വിപ്രവയ്യനിൽത്തോഴിയാൾ തന്നുടെ
തൃക്കഴൽനീർ തളിച്ചു വെളിവണ-
ച്ചൂർക്കനിവിയന്നറ്റുരിച്ചാരവർ:—
'മാമുനേ, മഹാഭാഗ, ഉള്ളിപ്പോക്കു
കാമപൂരകൻ ദേവനാരായണൻ
തുംഗഭക്ത്യാ സുപൂജിതനായ് ദൃഢ-
മങ്ങയാൽ മഹായോഗേശ്വരേശ്വരൻ:
ഈ വിധുകാന്തയെന്തോ മഹാഭാഗ്യാൽ
താവകാക്ഷിക്കു ഗോചരമായല്ലോ!
രുദ്രപത്നജാട്യക്കൂഷ്മീശ്വര-
സിദ്ധക്കം മറു ഭാഗവതേന്ദ്രക്കം
ഉന്നിരീക്ഷയും ദുഷ്പ്രാപയുമാണീ-
സുന്ദരാത്ഭുതരൂപവിമോഹിനി.
സതുരമെഴുന്നോല്ലു, രുഴുന്നോല്ലു,
ചിത്തമൈവശ്യമാകെന്നീക്കിബ്ഭവാൻ;

Digitized By Kerala Sahitya Akademi

കേതിപൂവ്വം വലംവെച്ചുമേല്ക്കുമേ-
ലിത്തിരുവടിയിങ്കൽപ്പണിഞ്ഞാലും!
കാണ്മതില്ലേ കമനിതൻ വല്ലായ്മ?
പോയ് മറഞ്ഞെയ്ക്കുമിക്ഷണം താനിവർ.
ലഭ്യമല്ലിവളോട് തേ സല്ലാപം;
വിപ്രസത്തമ, കാങ്ക്ഷയുമില്ലിനി.
താരജസ്സുമൊത്തെങ്ങും മണം വീശു-
ന്നോരശോകസുവല്ലി വൃന്ദാവനേ
മിന്നിനിൽപ്പുണ്ടു ഗോവർദ്ധനാചല-
ത്തിന്നാടുത്തു കുസുമസരയൂടേ.
പാതിരയ്ക്കതിൻപോട്ടിൽ വന്നാൽത്തവ
പാത്തുകാണാമീ ഞങ്ങളൊക്കെയും.'
സ്നേഹവിക്ലുബ്ധമീ മൊഴികേട്ടിട്ടാ,-
ട്ടേഹഭംഗി തികഞ്ഞ കുമാരിയെ
ലാലസനായ് വലത്തുവെച്ചു വടി-
പോലെവീണു പണിഞ്ഞാൻ മുനീശ്വരൻ.

പാതിയാമം കഴിഞ്ഞതിൽപ്പിന്നു, ത-
ത്താതനെ വിളിച്ചോതിനാൻ നാരദൻ:—
'ആവതില്ലിക്കിടാവിൻ നിലമാറാൻ
ദേവമുഖ്യക്കു;-മെന്നാലിവളുടെ
ചേവടി പതിഞ്ഞെടുത്തു വാഴ്മേ
ദേവളൊക്കെയൊത്തു മുകുന്ദനും,
സിദ്ധികളൊക്കെയൊന്നിച്ചു ലക്ഷ്മിയും;
നിത്യമാകയാലാലയമെവിച്ചു നീ
കാത്തുകൊൾകിസ്സുഗാത്രിയെബ്ഭ്രഷ്കരം
ചാർത്തിച്ചുപരദേവിയെപ്പോലവേ.'
ഏവമോതിത്തദേകസ്മരണയോ-
ടാവനം പുക്കശോകലതാതലേ
ദേവിതന്നാഗമനം പ്രതീക്ഷിച്ചു
മേവിനാൻ പ്രേമവിഹ്വലൻ താപസൻ.

പാതിരയ്ക്കതാ, വന്നൊത്തി മുൻകണ്ട
കാന്തരും, ചില മങ്കമാർ വേറെയും!
ചിത്രമാല്യവിഭ്രക്ഷണയുക്തരാ-
മുത്തരണീജനങ്ങടെക്കണ്ടപ്പോൾ

Digitized By Kerala Sahitya Akademi

വിഭ്രമാൽ വടിപോലെ വീണാൻ മുനി;
വിഭ്രനെച്ചുറ്റിനിന്നാരവരെല്ലാം.
വല്ലതും പ്രിയംചൊൽവാൻ കൊതിക്കിലും
കല്യനായീലതിനും മുനിവരൻ,
വല്ലവികരുതൻ പ്രേമ,മഴകു, തേൻ—
ചൊല്ലിവയിൽ മയങ്ങിച്ചമകയാൽ!
അമ്പരന്നു പകച്ചു കൊക്രുറ്റി നി—
ശ്ചലനുമഭകുത്യാ കുനിഞ്ഞു വിനീതനായ്
നിന്ന മാമുനിയോടു കനിഞ്ഞുമ
വന്നൊരാനാളശോകവനേശ്വരി:—
'ഇന്നയശോകലതികയ്ക്കൽ വാഴുന്ന
ദേവയതീന്ദ്ര, ഞാൻ 'കുമുളിമാലിനി',
ചെമ്പകിൽ, ചെംകുറിക്കുട്ടി, ചെമ്മലർ;
ചെമ്പകമലരാം കണ്ണാവതംസവും.
ശ്രീമാണിക്യ കേയൂരചൂഡാദി—
ഭൂഷണങ്ങളും സിന്ദൂരപ്പൊട്ടുമായ്
വഴുകദാ വസന്തോത്സവവേളയിൽ,
ശ്രീകമനനോടൊത്തു കളിയാടാൻ
ഒത്തുകൂടിനാരിങ്ങു വിചിത്രമാം
നൽത്തുകിലുടുത്തായർകുമാരിമാർ.
ഞാനുമന്നാളശോകമാല്യങ്ങളാൽ—
ത്താനിടയക്കിടാവാം ഹരിയെയും
ഇന്ദിരയ്ക്കുമാ മങ്കമാരെയു—
മൊന്നൊഴിയാതെ പൂജിച്ചീടുൻ ഭക്തിയാൽ.
അന്നതൊട്ടിഗ്ഗുണത്തിലായ്, ക്ലമ്മണനു
നന്ദി ചേർപ്പുഞാൻ നാനാവിധങ്ങളാൽ.
ഹാ, പരാപരമൊക്കെയറിയാഥാം ഞാൻ
ഗോപഗോ ഗോപികാഭിരഹസ്യവും;
ഞാനറിഞ്ഞേൻ ഭവാന്റെ വിചാരവും:
'ആനന്ദാത്മൃതത്രൂപയാമദ്ദേവി
ഹീരമോതിരമിട്ടവം പൊൻനിറം
ചേരുമച്യുതപ്രേയസി ലോലാക്ഷി
എങ്ങിനെ മമ കാണാകു?—മിക്കഴു—
ലെങ്ങിനെ ബഹുഭക്തിയാൽ പൂജിച്ചീടുൻ?'
എന്നതല്ലോ ഭവാനറിയേണ്ടുന്ന—
തെങ്കിലോ കേട്ടുകൊണ്ടാലുമതന്നു:

Digitized By Kerala Sahitya Akademi

മാണ്ഡവ്യമെന്നുപത്തിയോരായിരം
മാമുനിമുഖ്യർ. മാനസസരീരത്തിൽ.
സിദ്ധമന്ത്രം ജപിച്ചുവാഴും തൻപദ-
പ്പൊൽത്തളിരിണ കാണുവാൻ വേണ്ടിത്താൻ
ആദിദേവനെപ്പ്രീതിപ്പെടുവാൻതപം
ചെയ്യുവാനാരംഭിച്ചു വൻതപം.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം, നാരദപുണ്ഡരീകോപാഖ്യാനങ്ങൾ എഴുപത്തൊന്നാമദ്ധ്യായം.

(1)

ഏഴുപതിരണ്ടാമദ്ധ്യായം

ശിവൻ:—ഷണ്മുഖി, അശോകമാലിനി പറഞ്ഞതു് ഏകാഗ്രചിത്തയായി കേട്ടുകൊൾകെ:—

ഉഗ്രതപസ്സ് എന്നൊരു ദൃഢവ്രതനായ മഹർഷിയുണ്ടായിരുന്നു. അദ്ദേഹം അഗ്നിമദ്ധ്യത്തിൽ അഗ്നിയെത്താനെ ആരാധിച്ചുകൊണ്ടു്, അത്യുഗ്രമായ തപസ്സു ചെയ്തുപോന്നു. അദ്ദേഹത്തിൽ കാമബീജവും (ക്ലീം) എല്ലാറ്റിനും ഒടുവിൽ കൃഷ്ണായ നമഃ എന്നും ചേർന്ന പതിനഞ്ചക്ഷരമുള്ള പരമസിദ്ധമന്ത്രമാണ് അദ്ദേഹം ജപിച്ചിരുന്നതു്.

(ധ്യാനം: ശ്ലോകം)

കൈകൊണ്ടു കാന്തയെ രമ്യമായ പിടിച്ചു, വേണു
തുണ്ടത്തണച്ചു വിലസി മുനിതൻ മനസ്സിൽ
പീതാംബരൻ മുകിൽനിറൻ നവയൌവനാഢ്യൻ
രാസോത്സവത്തിലുഴറും വരദായി കൃഷ്ണൻ.

ഇങ്ങിനെ ധ്യാനിച്ചു പോന്ന ആ മുനിശ്രേഷ്ഠൻ നൂറു കല്പങ്ങൾക്കുശേഷം ശരീരമുപേക്ഷിച്ചു്, സുനന്ദൻ എന്ന ഗോപന്റെ മകളായി ജനിച്ചു; ആ സുനന്ദയാണ്, ഈ വീണയുമേന്തി നില്ക്കുന്നവൾ.

വേറെ സത്യതപസ്സു് എന്നൊരു മഹാവ്രതനായ മുനി ഉണക്കിലമാത്രം ഭക്ഷിച്ചുകൊണ്ടു തപസ്സുതുടങ്ങി: അദ്ദേഹം വെള്ളത്തിൽ നിന്നുകൊണ്ടു്, ആദ്യന്തങ്ങളിൽ കാമബീജവും എല്ലാറ്റിനും ഒടുവിൽ നമസ്സുമെന്നുവും ചേർന്ന ദശാക്ഷരമന്ത്രം ജപിച്ചുപോന്നു.

Digitized By Kerala Sahitya Akademi

(ധ്യാനം : ശ്ലോകം.)

ഏഴുടത്താർമധ്യമാർഗതൻ കനകവളയണി-
കയ്യൂ രണ്ടും പിടിച്ചും,
ക്രുടെക്കുടുപ്പുണരാം, കുതുകഭരിതനായ്—
ക്രുത്തടിച്ചും, ചിരിച്ചും,
മുട്ടോളം ഞാന്ന പൂമാല്യമൊടണിമുരളീ-
പാണിയായ്, പ്പാരുന്നെറി—
ത്തട്ടിൽത്തുവേർപ്പുണിഞ്ഞും മുനിഹൃദി വിലസീ
ചിത്രവേഷൻ മുകുന്ദൻ.

അ മഹർഷി പലജന്മം ജനിച്ചു; പത്തു കല്പങ്ങൾക്കുശേഷം, ഇവിടെ അമ്പാടിയിൽ സുഭദ്രൻ എന്ന ഗോപന്റെ ഭദ്ര എന്ന പുത്രിയായി പിറന്നു; അവളിതാ, പിൻവശത്തു് ഒരു ദിവ്യവിശറിയും തിരുകി നിൽക്കുന്നു.

ഹരിധാമാവെന്ന മറൊരു മഹർഷി തീരെ നിരാഹാരനായി തീവ്രതപസ്സനുഷ്ഠിച്ചു. കാമബീജാനന്തരം ദേവതാശബ്ദവും, പിന്നെ മായ, ആകാശം, ഹംസം, അഗ്നി, ചന്ദ്രൻ എന്നീ ബീജങ്ങളും (ഹ്രീം, ഹ്സ്ത്രീം) പിന്നെ ദശാക്ഷരവും ഒടുവിൽ നമശ്ശബ്ദവും കാമബീജവും ചേർന്ന മന്ത്രമായിരുന്ന അദ്ദേഹം ജപിച്ചതു്.

(ധ്യാനം : കാകളി.)

വൃന്ദാവനത്തിങ്കൽ മാധവീമണ്ഡപേ
സുന്ദരമാകിയ ചെറതളിർമെത്തമേൽ
സൈരം മലർന്നുകിടന്നു, രുക്മാക്ഷിയായ്
മാരാരായായുള്ളോരോമനയ്ക്കോപിയെ
രുപാർകൊങ്കതൻവിരിമാറിലണച്ചി, ന-
കൈകളാലുംപുണർന്നാനന്ദസുസ്മിതം
പൊൻകവിൾതുടുപ്പിച്ചുധരംനുകരുന്ന
പദ്മജനോരുനെല്പ്യാനിച്ചിതാ മുനി.

അദ്ദേഹം അനവധി ജന്മം ജനിച്ചു്, പതിനാലുകല്പങ്ങൾക്കുശേഷം, സുരംഗനെന്ന ഗോപന്റെ മകളായി പിറന്നു; ചിത്രമെഴുത്തിൽ നിപുണയായ ആ സുലക്ഷണയ്ക്കു് രംഗവേണി എന്നാണു് പേർ. ഇതാ, അവളുടെ പല്ലുകളിന്മേൽ ചില രേഖകൾ പുള്ളികൾ.

ജാബാലി എന്നൊരു ബ്രഹ്മവാദിയായ മഹർഷിയുണ്ടായിരുന്നു; അദ്ദേഹം നാലുനിന്ദ്യന്മാരെ ഭ്രൂണരൂപത്തിലെങ്കിലും സംരക്ഷിക്കേ, നമ്മുടെ ഭ

Digitized By Kerala Sahitya Akademi

രു യോജന നീളവും വീതിയുമുള്ള ഒരു വൻകാട്ടിൽ ചെന്നുകേറി. അവിടെ അതിശോഭനമായ ഒരു തടാകം കണ്ടെത്തി; നാലുപാടും പച്ചിലകല്പടകളോടും മധുരജലത്തോടും വിരിഞ്ഞു താമരപ്പൂക്കളുടെ സൌരഭ്യംപൂണ്ട കുളിർകാറ്റിനോടും ക്രൂടിയ അതിന്റെ പടിഞ്ഞാറേക്കരയ്ക്ക് ഒരു പേരാലിൻപൂവട്ടിൽ, സൌന്ദര്യംകൊണ്ട് മനംകവരുന്ന ഒരു തരുണി ഏകാന്തമായി ചെയ്യുന്നുണ്ടായിരുന്നു. ആ നിലാവുപോലെ വിളങ്ങുന്ന സർവ്വാംഗസുന്ദരി, തുടരത്തുകെട്ടിയ അരഞ്ഞാൺ തൊട്ടും, വലത്തുകയ്യിൽ ജ്ഞാനമുദ്ര ധരിച്ചും, അന്യാരാധനാഭാവം വിട്ട് കണ്ണുമിഴുക്കുകൂടി ചെയ്യാതെ നിശ്ചലയായി സമാധിചെയ്യുകയായിരുന്നു. അവർ ആരെന്നറിവാൻ മുനിശ്രേഷ്ഠൻ ഒരു തീരുമാനമുണ്ടായി അവിടെ താമസിച്ചു. പിന്നീട് അവർ സമാധിയിൽനിന്നുണർന്നപ്പോൾ, ജാബാലി സവിനയം ചോദിച്ചു:—'ആശ്ചര്യമുള്ള പിണ്ണി, ഭവതി ആരാണ്? എന്തുചെയ്യുന്നു? വിരോധമില്ലെങ്കിൽ സത്യം പറഞ്ഞാൽ കൊള്ളാം.' തപസ്സുകൊണ്ട് ത്രിലോകം മെരിഞ്ഞിരുന്ന ആ യുവതി മറുവടി പറഞ്ഞു:—'യോഗീന്ദ്രന്മാർ തേടിച്ചെല്ലുന്ന നിസ്തുല്യയായ ബ്രഹ്മവിദ്യയാണ് ഞാൻ; വളരെക്കാലമായി വിഷ്ണുപാദാരവിന്ദം കാമിച്ച്, ഈ കൊടുംകാട്ടിൽ പുരുഷോത്തമനെ ധ്യാനിച്ചുംകൊണ്ട് തപം ചെയ്യുകയാണ്. ബ്രഹ്മാനന്ദം നിറഞ്ഞവളും ആ ആനന്ദത്താൽ സംതൃപ്തയുമാണ് ഞാൻ; എന്നാലും, കൃഷ്ണഭക്തിയില്ലായ്മയാൽ, ഞാൻ വെറും ശൂന്യയാണെന്നു തോന്നിച്ചേരുന്നു! ഇപ്പോൾ, വന്നിച്ച നിശ്ചേദംമൂലം ഈ പുണ്യാശ്രമസ്ഥിൽത്തന്നെ ദേഹത്യാഗം ചെയ്യാനാണ് ഞാൻ ഭാവിക്കുന്നത്.' ഇതു കേട്ടപ്പോൾ മാറ്റാർക്ക് വളരെ വിസ്മയംതോന്നി. അദ്ദേഹം ബ്രഹ്മധ്യാനത്തെവിട്ട്, അതിപ്രീതിയോടെ അവളുടെ കാൽക്കൽ വീണ്, കൃഷ്ണോപാസനാവിധി ഉപദേശിച്ചുതരേണമെന്നപേക്ഷിച്ചു. അവൾ ഇരുപത്തക്ഷരമുള്ള ഒരു സിദ്ധമന്ത്രം ഉപദേശിച്ചുകൊടുത്തു.

ഉടനെ മുനിശ്രേഷ്ഠൻ മാനസസരസ്സിലേയ്ക്കു നടകൊണ്ട്, അവിടെ അതിദുശ്ചരവും അത്ഭുതകരവുമായ തപസ്സുതുടങ്ങി: അദ്ദേഹം ഒരുകാലിന്മേൽ നിന്നു സൂര്യനെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ട് ആ മന്ത്രം ജപിച്ചുപോന്നു.

(ധ്യാനം: ചെറുശ്ശേരിരീതി)

തങ്കച്ചിലങ്ക കിലുങ്ങുമാറോമന-
ച്ചെംകഴൽവെച്ചോടുമമ്പാടിയിൽ
പാതകംതീരുമൊരേസ്സെസ്സലീലാമം
രീതിയിൽച്ചാറിനടക്കും കൃഷ്ണൻ.

Digitized By Kerala Sahitya Akademi

൯൪൨൨ പുരാണസഞ്ജീവിക [൧൪൬൫൦൫൭൩൭൩൭൩

അളിയെതിർകണ്ണമകക്കാമുമേറെ--
ക്കുളിത്തഗോകുല കുമാരിമാർ പുറം
തെരുതെരെപ്പുതുകുമലർമഴയുമേ-
റാരുള്ളംകണ്ണനെ വാഴ്ത്തിച്ചോത്താരവർ.

ഒരു കല്പത്തിനുശേഷം, അവർ ദേഹത്യാഗംചെയ്ത് ഇവിടെ സ്ത്രീകളായി പിറന്നു; ഇതാ, അവരുടെ കാതുകളിൽ രത്നകുണ്ഡലങ്ങളും, കഴുത്തിൽ രത്നമാലകളും, തലമുടിയിൽ രത്നപുഷ്പവൃങ്ങളും കാണപ്പെടുന്നു.

കുശധ്വജബ്രഹ്മർഷിയുടെ പുത്രന്മാരായ ശ്രുചിശ്രവസ്സ്, സുവർണ്ണൻ എന്നീ വേദപാരഗന്മാർ കാൽ മേല്പോട്ടാക്കിനിന്നു കഠിന തപസ്സാരംഭിച്ചു: ശ്രീം, ഹം, സ എന്നിവ ഒടുവിൽ ചേർത്ത ത്ര്യക്ഷരമന്ത്രമാണ്, അവർ മനസ്സടക്കി ജപിച്ചിരുന്നത്.

(ധ്യാനം: ശ്ലോകം.)

പൊയ്ത്താർശരന്നുശരിയാം തനുസൌഖ്യവത്താൽ
നിത്യംവ്രജാംഗനകൾതൻ നയനാനന്ദമാക്കി,
പുത്തൻതൊടിച്ചെന്നൊരു കുമാരകനായ് വ്രജത്തിൽ
വന്നിച്ചകൃഷ്ണനവർതന്നകമേ വിളങ്ങീ.

അവരിരുവരും ഒരു കല്പത്തിനുശേഷം, ഉടൽ വെടിഞ്ഞു്, അമ്പാടിയിൽ സുവീരനെന്ന ഗോപന്റെ സുതമാരായി ജനിച്ചു; അപരമസുന്ദരിമാരുടെ കയ്യിലിതാ ഭംഗിയിൽ സംസ്കരിക്കുന്ന ഓരോ പൊൻതണ്ടു!

ജടിലൻ, ജംഘപൂരൻ, കൃതാശി, കർണ്ണപൂരൻ എന്നീ നാലു മാമുനിമാർ ഇഹത്തിലും പരത്തിലും ഇച്ഛവിട്ടു കേവലം ഗോപികാവല്ലഭനെന്നൊരു ശരണംപ്രാപിച്ചു തപസ്സു തുടങ്ങി: അവർ വെള്ളത്തിൽ മുഴുകി, അത്യന്തങ്ങളിൽ കാമബീജം തന്ന ദശാക്ഷരമന്ത്രം ഇരുതലയ്ക്കലും മാറുന്ന ലക്ഷ്മീബീജ (ശ്രീം)ങ്ങൾചേർത്തു ജപിച്ചപോന്നു.

(ധ്യാനം: ശ്ലോകം)

പടീരാലിപ്പൂമേനിയൊരരപ്പൂന്തുകിലായ്,-
ത്തൊഴുവാരുത്തിപ്രസൂനം
പുടി,പ്പീതാംബരംപുറിയു,മസിതനിറ-
പ്പട്ടുതോളത്തുണിഞ്ഞും,
വാടാക്കലിറൊരുമാല്യത്തൊടുമടവികളിൽ-
ക്കോകവസ്ത്രീകളോടെ-
ന്നാടിപ്പാടിച്ചരിക്കും ഹരിയെയവർമനം-
കൊണ്ടു ഗാഢം സ്മരിച്ചാർ.

Digitized By Kerala Sahitya Akademi

അവർ പിന്നെ മൂന്നു കല്പങ്ങൾക്കു ശേഷം, നല്ല ലക്ഷണങ്ങൾ ചേർന്നു നാലു ഗോപികമാരായി പിറന്നു; അതു പുരികം വളഞ്ഞ സുന്ദരിമാർ ഇതാ, കൈത്തണ്ടുകളിൽ മുത്തു തുടങ്ങിയ ദിവ്യരത്നങ്ങൾ പതിച്ച വിചിത്രപ്പൊൻവളകളുമിട്ട്, മുൻവശത്തിരിക്കുന്നു.

മുൻകല്പത്തിലെ വ്യാസനായിരുന്ന ദീർഘതപസ്സെന്ന മഹർഷിയുടെ മകൻ, മതിമാനായ ശുകൻ, കുട്ടിക്കാലത്തുതന്നെ സമ്പൂർണ്ണ ലബ്ധി ക്കായി, അച്ഛനമ്മമാരെയും മറവും വെടിഞ്ഞു, കൃഷ്ണനെ ധ്യാനിച്ചും കൊണ്ടു കാട്ടിലേയ്ക്കു പോയി; അവിടെ ആ മുനിശ്രേഷ്ഠൻ ആഹാരമില്ലാതെ, രാപ്പകൽ മാനസദിവ്യോപചാരങ്ങൾകൊണ്ടു ഗോപമുത്തിയായ മുകുന്ദൻ തിരുവടിയെ പൂജിച്ചുപോന്നു. ആദ്യന്തങ്ങളിൽ ലക്ഷ്മീ ബീജംചേർന്ന പതിനെട്ടക്ഷരമുള്ള മന്ത്രമാണ്, ജപിച്ചിരുന്നത്.

(ധ്യാനം: പാദം)

പൊന്നമരത്തിന്റെ മുകളിലായ്—
പ്പൊന്നമണ്ഡപേ പൊന്നസിംഹാസനേ,
പൊൻകമലംമുഴറും വലംകയ്യും
പൊന്മുരളികയേന്തുമിടംകയ്യും
കാന്തയാടം പൊതികുറിക്കുട്ടി പൂശിച്ചു
പീതാംബരവുമായ് പൂർണ്ണപ്രഭാന്തത്താൽ
പുഞ്ചിരിതൂകിമേവുന്ന കൃഷ്ണനെ
നെഞ്ചിലോർത്താനന്ദപ്രേമമോടവൻ.

അങ്ങിനെയിരിക്കെ, ഭഗവാൻ ആദ്ദേഹത്തിന്റെ ആശ്രമത്തിൽ ആവിർഭവിച്ചു. മഹർഷി ഹർഷബാഷ്പത്തിൽ മുങ്കി രോമാഞ്ചകഞ്ചുകിതനായിട്ട്, 'നാഥ പ്രസാദിക്കണേ!' എന്നിങ്ങനെ ഉച്ചത്തിൽ ഉച്ചരിച്ചു വിറച്ചുംകൊണ്ടു ശ്രീജഗൽസൃഷ്ടാവിന്റെ തൃക്കാൽക്കൽ ദണ്ഡനമസ്കാരം ചെയ്തു. തന്തിരുവടി ആദ്ദേഹത്തെ രണ്ടു കൈയ്യും പിടിച്ചു നിർത്തുനിന്നെഴുന്നേല്പിച്ചു. തൃക്കരസ്പർശത്താൽ ശുദ്ധി, ശുകൻ ഒരു സ്ത്രീയായിത്തീർന്നു! പിന്നീട് ഭഗവാൻ അരുളിച്ചെയ്തു:—'ഭദ്രേ, നീ എന്നെന്നും എന്റെ പ്രിയതമയായി എന്റെ അടുക്കൽ വസിക്കുക: എന്റെ ശുദ്ധത്തെ ധ്യാനിയ്ക്കയാൽ നീ എനിക്കു പ്രേമാസ്പദമായിത്തീർന്നിരിക്കുന്നു.' ഒരേ പ്രായം, ഒരേ വ്രതം, ഒരേ നിഷ്ഠ, ഒരേ നാമം, ഒരേ പേർ—ഇങ്ങിനെ രണ്ടു പ്രധാന ഗോപിമാരും ഭഗവാന്റെ ഇടത്തും വലത്തുമായുണ്ടായിരുന്നു. അവരിൽ ഒരുവളുടെ നിറം പൊന്നിനൊത്തതും, മറ്റവളുടെ നിറം മിന്നലിനൊത്തതുമാണ്; ഒരുവളുടെ നീണ്ട കണ്ണുകളും

Digitized By Kerala Sahitya Akademi

കറുത്തൊരാനക്കണ്ണുകളും, മാറത്തുള്ള കണ്ണുകൾ പ്രസന്നങ്ങളുമാണ്. അവരിരുവരേയും മഹർഷി പരമഭക്തിയോടേ പൂജിച്ചു. ഒരു കല്പത്തിനു ശേഷം ദേഹമുപേക്ഷിച്ച് അദ്ദേഹം അനാടിയിൽ മഹാത്മാവായ ഉപനന്ദന്റെ മകളായി പിറന്നു: അതീലോലലവണ്ണയായ കൃഷ്ണപ്രിയ ഇതാ, മണത്തുപുട്ടുത്തും, കുങ്കുമം പൂശിയ പൊങ്കടകൊങ്കകൾ നുകരുന്ന വണ്ടുകളാൽ മറയ്ക്കും, സിന്ദൂരപ്പൊട്ടു തൊട്ടും, പൊന്നണിലതകളാൽ കവിൾത്തടം തിളങ്ങിയും തന്നുതാമരമാലയായിട്ടും, കൃഷ്ണൻ കൊടുത്ത വൈജയന്തിമാലകൾ കൂടിൽ ധരിച്ചും പരിശോഭിക്കുന്നു. കൃഷ്ണനാണ് അതിസന്തോഷത്തോടുകൂടി ഓടക്കുഴലൂതുന്നതിൽ നുവർണ്ണനല്ല നൈപുണ്യമുണ്ട്: ഒരിക്കൽ സംഗീതത്താൽ സന്തുഷ്ടനായ കൃഷ്ണൻ കൃത്തിലിടുവിച്ചതാണ്, ഈ മിന്നിത്തിളങ്ങുന്ന കുനിക്കുഴൽ. കൃഷ്ണൻ അരികത്തില്ലാത്തപ്പോഴാകട്ടേ, ഇവർ മന്മഥദീപ്തമുലയം സഖിമാരുടെ കൊട്ടം തന്റെ മധുരമായ പാട്ടുമായി, ഈ വധുവിനെ പ്രിയന്റെ വേഗം കെട്ടിച്ചു വുത്തം ചെയ്യിക്കും; കൂടെക്കൂടെ ഗോവിന്ദനെന്നു സങ്കല്പിച്ചു പുണർന്നു രംഭിക്കുകയും ചെയ്യും. ഗോപസ്ത്രീകൾക്കെല്ലാവർക്കും കൃഷ്ണനും വളരെ വളരെ പ്രിയപ്പെട്ടവളാണിവർ.

ശ്വേതകേതുവിന്റെ പുത്രനായ ഒരു വേദവേദാംഗപാരഗൻ സർവ്വം സന്ത്യജിച്ചു തീവ്ര തപസ്സിലിരുന്നു, നിരന്തരമായി വൃക്കാദ്യാക്ഷരമന്ത്രം ജപിച്ചുപോന്നു.

ധ്യാനം: മൂലകം:

ഹരികഴൽ തടവുന്നോൻ, ബ്രഹ്മരുദ്രാദികൾക്കും
ഗുരുവിനും,മുകുന്ദനോമലായുള്ള ശക്തി,
അമൃതതിർമധുരപ്രാപ്യജ്യോതിയുൾക്കാമ്പിലുള്ള
രമയവനുടെയുപാസ്യയെ ലാലസിച്ചു.

രണ്ടു കല്പംകൊണ്ടു സിദ്ധനായിച്ചമഞ്ഞ അദ്ദേഹം ഇവിടെ അവനിയുടെമകളായി ജനിച്ചു; ആ പെങ്കിടാവിതാ, കൃശമായ ശരീരത്തോടും പൂമൊട്ടിനൊത്ത കുളിർകൊങ്കകളോടുംകൂടി, കഴുത്തിൽ മുത്തുമാലയിട്ടും, വെള്ളത്ത പുഴിനൂൽപുട്ടുത്തും, മുത്തുമണികൾ പതിച്ച തളവള്ളതോൾവളമോതിരങ്ങളും അമൃതൊഴുക്കുന്ന ദിവ്യകുണ്ഡലങ്ങളുമണിഞ്ഞും, കസ്തൂരിപുത്തിക്കീറിന്നിടയിൽ വിന്ദുരുപുള്ളികൾ പൂണ്ടും, നെറുകമേൽ ചന്ദനക്കുറി തൊട്ടും, രാഗതയാനി പരമപദം ജപിച്ചും കൊണ്ടു സുഖിതയായ്വരുന്നു.

Digitized By Kerala Sahitya Akademi

ചന്ദ്രപ്രഭൻ എന്നൊരു പ്രിയദർശനനായ രാജർഷിയുണ്ടായിരുന്നു. അദ്ദേഹത്തിനു കൃഷ്ണപ്രസാദത്താൽ, ചിത്രധ്വജൻ എന്നൊരു മഹാരകളേബരനായ മകനുണ്ടായി. കൌമാരം മുതൽക്കേ വൈഷ്ണവനായിച്ചമഞ്ഞ പുത്രനു പതിമൂന്നാംവയസ്സിൽ ചന്ദ്രപ്രഭൻ ഒരു ബ്രാഹ്മണനെക്കൊണ്ട് അഷ്ടാദശാക്ഷരമന്ത്രം ഉപദേശിപ്പിച്ചു. മന്ത്രജലംകൊണ്ടു സ്നാനം ചെയ്യിക്കപ്പെട്ട ബാലൻ, അന്നു തന്നെ, പട്ടുചിയായ വസ്ത്രം ധരിച്ചു മുത്തുമാല മുതലായ കണ്ഠാഭരണങ്ങളും കടകാംഗദാദ്യാഭരണങ്ങളും രാടികളുമണിഞ്ഞു വിഷ്ണുക്ഷേത്രത്തിൽ തൊഴാൻ പോയി. വിഷ്ണുഭക്തിയാൽ വിശുദ്ധചിത്തനായിരുന്ന ആ കുട്ടി അവിടെ തനിയേ ഇരുന്ന് ആലോചന തുടങ്ങി:—'ഗോപസ്ത്രീകളുടെ മനോമയത്തിക്കൊണ്ട് അവരോടൊന്നിച്ചു കാളിന്ദീതീരകാനനത്തിൽ കളിയാടുന്ന കൃഷ്ണനെ ഞാൻ എങ്ങിനെ ഭജിക്കേണ്ടു?' ഇപ്രകാരം വ്യാകുലനായി ചിന്തിച്ചുകൊണ്ടിരിക്കെ ചിത്രധ്വജനു മഹാവിദ്യ കൈവരികയും, ഒരു സ്വപ്നം കാണുമാറാകയും ചെയ്തു: 'ആ ക്ഷേത്രത്തിൽ, ലക്ഷണമെല്ലാം തികഞ്ഞതായ ശ്രീകൃഷ്ണന്റെ ഒരു ശിലാപ്രതിമ പൊന്നിൻപീഠത്തിന്മേൽ പ്രതിഷ്ഠിയ്ക്കപ്പെട്ടിരുന്നു; കരിങ്കുവളപ്പൂവുപോലെ ശ്യാമളസ്നിഗ്ധമായി, മൂന്നു വളവിനാൽ അഴകൊത്തു, മയിൽപ്പീലി ചൂടി, മിന്നിത്തിളങ്ങുന്ന ആ പ്രതിമ പൊന്നോടക്കുഴൽ ചുണ്ടത്തു വെച്ചു സന്തോഷത്തോടേ ഊതുകയും, വലത്തും ഇടത്തുമായി സ്ഥിതിചെയ്യുന്ന രണ്ടു സുന്ദരിമാർക്കു രാധാപൌർണമാസിദേവിമാരാൽ കാമം വളർത്തുകയും ചെയ്തുകൊണ്ടിരുന്നു. കൃഷ്ണന്റെ ആ വേഷവും വിലാസവും കണ്ടിട്ടു ചിത്രധ്വജൻ നാണംപൂണ്ടു താതിരുമുമ്പിൽ തല കുനിച്ചു.

അപ്പോഴും ഭഗവാൻ പുഞ്ചിരിക്കൊണ്ടു, വലത്തുവശത്തുള്ള വല്ലഭയോടരുളിച്ചെയ്തു:—'പദ്മാക്ഷി, നീ ലജ്ജിതനായ ഇവനെ നിന്റെ അംശത്താൽ നിന്നെപ്പോലെയുള്ള ഒരു ദിവ്യതരുണിയാക്കിത്തീർത്താലും നിന്റെ ശരീരവും ഇവനും ഒന്നാണെന്നു സങ്കല്പിച്ചാൽമതി; അപ്പോൾ നിന്റെ ശരീരതേജസ്സിന്റെ ഇവൻ നിന്റെ വടിവിലായിക്കൊള്ളും.' ഉടനെ ആ പങ്കജാക്ഷി ചിത്രധ്വജന്റെ അടുക്കൽ ചെന്നു, തന്റെയും അവന്റെയും അവയവങ്ങൾക്ക് അഭേദം സങ്കല്പിച്ചുനിന്നു; അതോടുക്കുടി, അവളുടെ തേജസ്സിനാൽ അവന്റെ ദേഹം നിറയപ്പെട്ടു: അവളുടെ കുചങ്ങളുടെ തേജസ്സുകൊണ്ട് അവനും അഴകൊത്ത പോർമുലകൾ ഉണ്ടായിവന്നു; നിതംബതേജസ്സുകൊണ്ടു മനോഹരമായ നിതംബബിംബവും, കുന്തളജ്യോതിസ്സുകൊണ്ടു വാർകുന്തളവും, കരതേജസ്സുകൊണ്ടു കരങ്ങളും—ഇങ്ങിനെ സകലവും ശരിയ്ക്കുള്ളവായി. വസ്ത്രാഭരണമാല്യാദികളും തത്തുല്യങ്ങളായിച്ചമഞ്ഞു. ദീപത്തിൽനിന്നു ദീപം

Digitized By Kerala Sahitya Akademi

മെന്നപോലെ, ചിത്രധ്വജൻ ഒരു സുഭഗകന്യകയായി കാണപ്പെട്ടു. കലകളിൽ കുശലയും സുരഭിലകളേബരയും ലജ്ജാഭംഗിയോടെ പുഞ്ചിരിക്കൊള്ളുന്നവളുമായ ആ മനോഹരിയെ കൃഷ്ണപ്രണയിനി സന്തോഷത്തോടും പ്രേമത്തോടുംകൂടി കൈക്കലാക്കിക്കൊണ്ടു ചെന്നപ്പോൾ, കൃഷ്ണൻ ഇടത്തുവശത്തുള്ള വല്ലഭയെ പുണർന്നുകൊണ്ടു പറഞ്ഞു:—'നിന്റെ ദാസിയാണിവൾ. ഇവൾക്കു ചെയ്തുകൊടുക്കുക; യാതൊന്നും സേവാവിധിയും കല്പിച്ചുകൊടുക്കുക.' അവൾ ഉടനെ ചിത്രകല എന്ന പേർവിളിച്ചു; സേവാവിധിയും കല്പിച്ചു:—'നീ ഒരു വീണയെടുത്തു് എപ്പോഴും അരികിൽനിന്നു പരമാത്മാവിനോടു സംഭാഷണത്തോടെ എന്റെ പ്രാണനാഥന്റെ ഗുണങ്ങളും വർണ്ണിച്ചു പാടുക; ഇതാണു്, നിനക്കുള്ള ജോലി.' ചിത്രകല മാധവനേയും പ്രിയതമയേയും നമസ്കരിച്ചു തൃക്കാൽപ്പൊടി കൂടി, അനുജ്ഞാപിച്ചതിൻവണ്ണം, അവർക്കു് ആനന്ദം തോന്നുമാറു മധുരഗാനങ്ങളും പാടുകയായി. അതിൽ തിരുവുള്ളംതെളിഞ്ഞു് ആനന്ദമൂർത്തിയായ കൃഷ്ണൻ അവളെ ആലിംഗനംചെയ്തു സുഖസമുദ്രത്തിൽ മുഴുകിച്ചു; അതോടുകൂടി ചിത്രധ്വജൻ ഉണർന്നുപോയി. അവൻ വമ്പിച്ച പ്രേമത്താൽ പരവശകലനായി, ആ പരമാനന്ദത്തെത്തന്നെ സ്മരിച്ചുംകൊണ്ടു വാവിട്ടു കരയാൻ തുടങ്ങി.

അമൃതുൽക്കു് അവനു് ആഹാരമില്ല, വിഹാരമില്ല; അച്ഛനും മറ്റും എത്ര ചോദിച്ചാലും മറുപടി പറയലില്ല; എപ്പോഴും കരയുകതന്നെ! ഇങ്ങിനെ ആ കൃഷ്ണഭക്തൻ ഒരുമാസം അരമനയിൽ കഴിച്ചുകൂട്ടിയിട്ടു്, ഒരുനാൾ പാതിരയ്ക്കു കാട്ടിലേയ്ക്കുപോയി, മുനികൾക്കുപോലും ദുഷ്കരമായ തപസ്സുചെയ്യുകയായി. ആ തപസ്വി ഒരു കല്പത്തിനപ്പുറം ദേഹത്യാഗം ചെയ്തിട്ടു് വീരഗുപ്തനെന്ന ഗോപന്റെ മകളായി ജനിച്ചു; പേർ ചിത്രകല എന്നുതന്നെ. അവളുടെ നിമലിൽ സച്ചിത്സുഖരാലംകൃതമായ ഒരു മനോഹര വീണ എപ്പോഴും കാണാം; ഇതാ, അവൾ ഇടത്തുകയ്യിൽ ഒരു രത്നക്കിണ്ടിയും, വലത്തുകയ്യിൽ ഒരു രത്നക്കൊളാമ്പിയും പിടിച്ചിരിയ്ക്കുന്നു.

പണ്ടു്, എല്ലാത്തപസ്വികളാലും അഭിവന്ദിതനായി പുണ്യശ്രവസ്സു് എന്നൊരു മഹർഷിയുണ്ടായിരുന്നു; അദ്ദേഹത്തിന്റെ അച്ഛൻ, സർവധർമ്മജ്ഞനും, ശൈവനുമായിരുന്ന കശ്യപൻ, ശതരുദ്രീയമന്ത്രങ്ങളാൽകൊണ്ടു, ഭക്തവത്സലനായ ഭഗവാൻതിരുവടിയെ സ്തുതിച്ചുപോന്നു. ആ വിശ്വനാഥനായ ഭഗവാൻ, ദേവദേവേശൻ, പാർവ്വതിയോടുകൂടി, ചതുർദ്ദശിനാളിൽ അർദ്ധരാത്രിയിൽ പ്രത്യക്ഷീഭവിച്ചു, കശ്യപനു വരംകൊടുത്തു:—ഭവാന്റെ പുത്രൻ ബാല്യത്തിൽത്തന്നെ കൃഷ്ണഭക്തനായി

Digitized By Kerala Sahitya Akademi

വരും; എട്ടാം വയസ്സിൽ ഉപനയിച്ചു് അവനു, ഞാനീ പറഞ്ഞുത രുന്ന വിദ്യാഗോപാലമെന്ന സിദ്ധമന്ത്രം ഉപദേശിച്ചുകൊടുക്കുക. ഇ തു വാങ്സിദ്ധിപ്രദമാകുന്നു. ഇതഭ്യസിക്കുന്നവന്റെ ജിഹ്വാഗ്രത്തിൽ, വരദായിനിയായ ആനന്ദമൂർത്തി താൻതന്നെ വന്നു കുടികൊള്ളും. കാ മൻ, മായ, ലക്ഷ്മി, കണ്ഠം, ഇന്ദ്രൻ, ദാമോദരൻ എന്നീ ബീജങ്ങളും (ക്ലീം, ഹ്രാം, ശ്രീം, സൌം, ഐം) ആദിയിലും അവസാനത്തിലും ഉച്ച രിയ്ക്കുക; മധ്യത്തിൽ ദശാക്ഷരമന്ത്രവും. ഋഷിമുതലായതു ദശാക്ഷര ത്തിന്റേതു തന്നെ. ധ്യാനവും പറയാം:

(൩൫൫)

നീലോൽപലദളശ്യാമം ജ്യോതിർമ്മണ്ഡലമധ്യഗം,
സൂരിഭിർയമുനായാശ്ച പുണ്യമാം പുരുഷോത്തമം;
സാന്ദ്രസുസ്മിതവല്ലികാനികാമനും
സംഗീതംമുതിർക്കുന്ന കോകിലപുംഗങ്ങളും
മദമോടാടും മയിൽകുലത്തിൻപാട്ടും ചേരു-
മതിനനുരൂപമൊരു സുരയോജനപ്പാങ്ങി
കൊണ്ടുചില്ലകം പടർന്നൊരു പാരിജാതം;
വണ്ടൊക്കുമാവൃക്ഷത്തിൻതെളിഞ്ഞമൂവട്ടിലായ്
വട്ടമിട്ടമരുന്ന പൈക്കളുടെപുറിന്നരുളിൽ
വട്ടത്തിൽ നിൽപു കുഴൽകൊണ്ടുള്ള പുജമ്പാലർ;
അറുപുറം,പലകാഴ്ച്ചകാട്ടുമായ് പുഴയുറവി
നിൽപുണ്ടു മദാലസ്യംപൂണ്ട വല്ലവിമാരും,
ഉർവ്വീപ്രമാകുമാരായ് ശൈശവപുഷ്ടിചൊല്ലും
ഗുരുവേന്ദ്രകുമാർ ശ്രുതികന്യകമാരും;
തന്മധ്യേ മണിഞ്ഞിന്നുപുറത്തു, കളുളികാ-
ഡംബരം കവരുന്ന രാധതൻതുടതന്മേൽ,
തന്നിടംകഴലല്പം മടക്കിയവളുടെ
ധന്യസുസ്മിതവക്ത്രചന്ദ്രനെ നോക്കിക്കൊണ്ടും
മുരളിയേന്തുമിടംകയ്യിനാൽ തഴുകിയും,
സരസംവലംകൈചെരിഞ്ഞുകുത്തിന്മേൽ വെച്ചും
ശയിച്ച മരകതക്കല്ലിനോ തുമുത്തിനോ
ശരിയാം നിറംചേർന്ന സാരസവിശാലാക്ഷൻ,
ചെൺതുകിൽ പുതച്ചവൻ, മണിതുടുത്തവൻ,
ചെന്താമരക്കാൽവരെ ഞാന്നുള്ള വനമാലയും പൂണ്ടോൻ,
കുങ്കുമാംഗദോമ്മികാന്തപുരകാഞ്ചീഹാരാ-
ലംകൃതൻ, മകരാഭകുണ്ഡലമണിഞ്ഞോൻ;

Digitized By Kerala Sahitya Akademi

അതു മയിൽപ്പീലിച്ചെണ്ടു ചൂടിന കിശോരനെ—
കോമളതനുവാകും കൃഷ്ണനെ—ധ്യാനിക്കണം.

പൂജ ദശാക്ഷരത്തിനു പറഞ്ഞതു തന്നെ; ലക്ഷമുരു ജപിക്കണം; ഹോമത്തിപ്പണ്ണബ്രാഹ്മണഭോജനങ്ങളും വേണം.' ഈവിധം അരുളിച്ചെയ്തു പരമേശ്വരനും സതിയായ പാർവതീദേവിയും അന്തർദ്ധാനം ചെയ്തു.

മഹർഷി ഗൗതമനിഗ്രഹോപാന്തകഥയിൽ അതിൻപ്രകാരം ഉപദേശം നൽകി. അതനുസരിച്ചു പുണ്യശ്രവസ്സുകളും, ശ്രവണപുണ്യങ്ങളുമായ അനേകം കേൾവികളെ പലതരത്തിൽ സ്തുതിച്ചു മഹർഷിമാരിലെല്ലാം അഗ്രഗണ്യനായിത്തീർന്നു; ആ ബാലൻ ഹർഷത്തോടെ ഗുരുഗൃഹത്തിൽനിന്നു പോന്ന മുപ്പതിനായിരം കല്പം വായുഭോജിയായി തപസ്സനുഷ്ഠിക്കുകയും അതിനുശേഷം അമ്പാടിയിൽ നന്ദഗോപരുടെ നന്ദിനിയായി ജനിക്കുകയും ചെയ്തു. കൃഷ്ണന്റെ പാകംനോക്കുന്ന അവർക്കു ലവാഗയെന്നാണ് പേർ. അവളുടെ കയ്യിലിതാ, ഒരു ചീട്ടു്. ഇങ്ങിനെ എനിക്കാനം പ്രധാന കൃഷ്ണവല്ലഭമാരെ ഞാൻ അങ്ങയ്ക്കു പറഞ്ഞുതന്നു.'

കൃഷ്ണന്റേയും ചാരുസ്മിതവിലോചനമാരായ ഗോപസുന്ദരിമാരുടേയും വിവിധ ഭാവരസാദികം ചേർന്നതായ ഈയദ്ധ്യായം ഭക്തിയോടെ ചൊല്ലുകയോ ചൊല്ലിക്കുകയോ ചെയ്യുന്ന മാനവൻ ശ്രീവാസുദേവ ഭഗവാന്റെ മന്ദിരത്തിൽ ചെന്നാണയും.

ശ്രീഭാഗവതപുരാണം, പാരായണഖണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീകൃഷ്ണപ്രധാനവല്ലഭാവർണ്ണനം എഴുപത്തിരണ്ടാമദ്ധ്യായം.

— (൦) —

എഴുപത്തിമൂന്നാമദ്ധ്യായം

ശിവൻ:—ഭവതി ചോദിച്ച ആശ്ചര്യം ഞാൻ ഒരു വിധത്തിൽ പറഞ്ഞു. ഇതിൽ ബ്രഹ്മാവു മുതൽപേർ ഭ്രമി മയങ്ങിപ്പോകുന്നു; പിന്നെ ആർ മയങ്ങുകയില്ല? എന്നാലും, വ്യാസമഹർഷി വിഷ്ണുഭക്തനായ അംബരീഷമഹാരാജാവിനു ചൊല്ലിക്കൊടുക്കയുണ്ടായതു ഞാൻ പറയാം:

ആ രാജാവു വിഷ്ണുധർമ്മജ്ഞാനത്തിനു വേണ്ടി, ബദര്യാശ്രമത്തിൽ ചെന്നു്, ജിതേന്ദ്രിയനായി സർവജ്ഞനായി പുരുഷോത്തമനായി

Digitized By Kerala Sahitya Akademi

രിക്കുന്ന വേദവ്യാസമഹാഭാഗനെ നമസ്കരിച്ചു സ്തുതിച്ചു:—'അടിയനെ നിന്തിരുവടി ഈ ഘനരമായ സംസാരസമുദ്രത്തിൽനിന്നു കരയേറുമാറാകണം. അടിയൻ വിഷയങ്ങളാകുന്ന വെടിഞ്ഞിരിക്കുന്നു. നിന്തിരുവടിക്കു നമസ്കാരം, നമസ്കാരം! അനാദിയായും അനാമയവും അനാകാരവും സച്ചിദാനന്ദാത്മകവും പരാകാശവുമായിരിക്കുന്ന പരബ്രഹ്മമാകുന്നതു യാതൊന്നാണോ, യാതൊന്നിനെ സാക്ഷാൽക്കരിച്ചു മുനിമാർ സംസാരസാഗരം കടക്കുന്നുവോ, അതു എന്റെ മനസ്സിനു എങ്ങിനെ സദാ ഗോചരമായിവരും?'

വേദവ്യാസൻ:—'വിഷ്ണുപ്രിയ, അതിശ്രേഷ്ഠമാണു് ഭവാൻ ചോദിച്ചതു്: എന്റെ മകനായ ശുകനും പോലും ഇതു ഞാൻ പറഞ്ഞുകൊടുത്തിട്ടില്ല. എന്നാലും ഭവാനോടു പറയാം: ഈ ലോകം അതിൽനിന്നാണുണ്ടായതു, അതിൽ ഉറച്ചു നിൽക്കുന്നുവോ, അതു അവ്യാകൃതനും അവ്യയനുമായ ഈശ്വരനെ ധ്യാനിച്ചു ഞാൻ പണ്ടു് അനേകായിരം കൊല്ലം തപസ്സു ചെയ്തു; കായും, കിഴങ്ങും, ഇലയും, വെള്ളവും കാറ്റുമായിരുന്നു, എനിക്കു് ക്രമേണ ആഹാരം. ഒടുവിൽ വിഷ്ണുഭഗവാൻ എന്നോടു ധ്യാനവേളയിൽ അരുളിച്ചെയ്തു:—ധീമൻ, ഭവാനു് എന്തു ചെയ്യാനോ അറിവാനോ അതുണ്ടാഗ്രഹം? ഞാൻ പ്രസാദിച്ചിരിക്കുന്നു. വരപ്രദന്മാരിൽ വരിഷ്ഠനായ എന്നോടു വരം വാങ്ങിക്കൊൾകെ. എന്നെക്കാണുന്നതുവരെയുള്ള സംസാരമുള്ള എന്നതു തീച്ചയാണു്!' ഞാൻ സാഷ്ടാംഗം കോരിത്തരിച്ചു കൃഷ്ണനോടുണർത്തിച്ചു:—'മധുസൂദനു, അങ്ങു സത്യാപരബ്രഹ്മമെന്നും ജഗജ്ജ്യോതിസ്സെന്നും ജഗദീശനെന്നും ഉപനിഷത്തുകൾ ഉൽഘോഷിക്കുന്നുവോ, ആ നിന്തിരുവടി എനിക്കു കണ്ണുകൾ കൊണ്ടു കാണുമാറാകണം!'

ഭഗവാൻ:—'ഈ വിധം തന്നെ പണ്ടു ബ്രഹ്മാവു് എന്നോടരുളിച്ചെയ്തിരുന്നു; അതിനു ഞാൻ മറുപടി പറഞ്ഞതു് അങ്ങയോടും പറയാം: ചിലർ എന്നെ പ്രകൃതിയെന്നും, ചിലർ പുരുഷനെന്നും, ചിലർ ഈശ്വരനെന്നും, ചിലർ ധർമ്മമെന്നും, ചിലർ അർത്ഥമെന്നും, ചിലർ നിത്യമായ മോക്ഷമെന്നും, ചിലർ ശൂന്യനെന്നും, ചിലർ പൂർണ്ണനെന്നും, ചിലർ സദാശിവനെന്നും, മറു ചിലർ വേദശിരസ്സുകൾ സ്ഥിതി ചെയ്യുന്ന ഏക സനാതനനെന്നും കരുതിപ്പോരുന്നു. എന്നാൽ, സത്യവും നിർവികാരവും സച്ചിദാനന്ദാത്മകവും വേദഗർഭവുമായ എന്റെ സ്വരൂപം ഇതാ, കാണിച്ചുതരാം; കണ്ടുകൊൾകെ.'

രാജാവേ, ഉടനെ, പദ്മപത്രകന്യകമാരായും ഇടയസ്ത്രീകളായും ചുറ്റിപ്പറ്റി പുഞ്ചിരിക്കൊള്ളുന്ന കാർമേഘവർണ്ണനായ ഗോപാലബാലൻ എനിക്കു കാണുമാറായി: മഞ്ഞളാടയുടുത്തിരുന്ന ആ ആ

Digitized By Kerala Sahitya Akademi

ത്ഭുതകുമാരൻ, ഇളംതളിർനിറഞ്ഞു കയിലുകളുടേയും വണ്ടുകളുടേയും കളകൂജിതത്താൽ കമനീയമായ വൃന്ദാവനത്തിൽ ഒരു കടമ്പിൻചുവട്ടിൽ നിൽക്കുകയായിരുന്നു; കരിംനീലവളർപ്പുനിറംപൂണ്ട കാളിന്ദി സമീപത്തിലൂടെ ഒഴുകുന്നുണ്ട്; ഇന്ദ്രന്റെ ഗർവ്വകാരി, ഗോക്കൾക്കും ഗോപർക്കും സുഖം വരുത്താനായി കൃഷ്ണൻ ഇടംതൃക്കൈകൊണ്ടെടുത്തു പൊക്കിയ ഗോവർദ്ധനത്തേയും ഞാൻ ദർശിച്ചു. സുന്ദരിമാരുടെ ചേഷ്ടയാൽ സന്തുഷ്ടനായി ഓടക്കുഴലൂതുന്ന അത്ര സാഭരണാലംകൃതനെ കണ്ടപ്പോൾ എനിക്കുണ്ടായ ഹർഷം കുറച്ചൊന്നുമല്ല! വൃന്ദാവനസഞ്ചാരിയായ ഭഗവാൻ സ്വയം എന്നോടരുളിച്ചെയ്തു:—'ഭവാൻ ദർശിച്ച എന്റെ ഈ ദിവ്യസ്വരൂപം സനാതനവും നിഷ്കലവും നിഷ്ക്രിയവും ശാന്തവും സച്ചിദാനന്ദപൂർണ്ണവുമാകുന്നു; എനിക്കു പതിനായിരം അക്ഷമായ ഇതിനെക്കാൾ മീതെയായി ഒരു സ്വരൂപമില്ല. ഇതുതന്നെയാണ്, കാരണങ്ങൾക്കും കാരണം, സത്യം, പരാനന്ദം, ചിൽഘനം, ശാശ്വതം, ശിവം എന്നൊക്കെ വേദങ്ങളാൽ കീർത്തിക്കപ്പെടുന്നതു്. മഥുര, വൃന്ദാവനം, യമുന, ഗോപകന്യകമാർ, ഗോപാലബാലന്മാർ എന്നിവ എനിക്കു നിത്യങ്ങളാകുന്നു; ഇവിടെ എന്റെ അവതാരം എന്നെന്നുമുണ്ടെന്നുള്ളതിൽ സംശയംവേണ്ട. എനിക്ക് എന്നെന്നും പ്രിയതമയത്രേ രാധ. സർവ്വജ്ഞനും സർവ്വകാമനും സർവ്വാധാരനും സർവ്വാനന്ദനും പരാൽപരനുമാണ് ഞാൻ. ഈ മായാവിജൃംഭിതമായ ലോകം മുഴുവനും എൻചൊന്നാൽ ശോഭിക്കുന്നു.' ഞാൻ, തന്തിരുവടിയോടു ചോദിച്ചു:—'ജഗത്തിന്റെ കാരണങ്ങൾക്കും കാരണമായുള്ളോവേ, ആരാണ് ഗോപികമാർ? ആരാണ് ഗോപന്മാർ? ഈ വൃക്ഷം എന്താണ്? ഈ വനവും, കയിൽ മുതലായവയും, പുഴയും, മലയുമൊക്കെ എന്താണ്? ലോകാനന്ദത്തിന്റെ ഏകാധാരമായ ഈ പൊന്നോടക്കുഴലെന്താണ്?'

ഭഗവാൻ പ്രീതിയാൽ മുഖാരവിന്ദം തെളിഞ്ഞരുളിച്ചെയ്തു:—'ശ്രുതികളത്രേ ഗോപികമാർ; ഗോപകന്യകമാർ ഋക്കുകളും ദേവകന്യകമാരുമാണ്; മുക്തിക്കായി തപംചെയ്ത മുനികളാകുന്നു വൈകുണ്ഠാനന്ദമൂർത്തികളായ ഗോപാലന്മാരെല്ലാം; പരാനന്ദത്തിന്റെ പരമാസ്വദ്യമായ കല്പകവൃക്ഷമാണ് ഈ കടമ്പ്; മായാപാപങ്ങളെ പോക്കുന്ന ഈ വനം നന്ദനംതന്നെ; കയിലുകളും മറ്റും സിദ്ധസാധ്യഗന്ധർവ്വാദികളാകുന്നു; സാക്ഷാൽ ചിദാനന്ദപ്രവാഹമത്രേ കാളിന്ദി; പണ്ടേയുള്ള പരബ്രഹ്മസനായിട്ടുള്ളവനാണ് ഈ പർവ്വതം; ഓടക്കുഴൽ ഒരു ബ്രാഹ്മണനാണ്.

ആരെയും അങ്ങയുടെയും അറിവുണ്ടാകാം: ശാന്തനായി ദാന്തനായി തപസ്വാധ്യായനിരതനായി കർമ്മകാണ്ഡപണ്ഡിതനായി ദേവവ്രതൻ എ

Digitized By Kerala Sahitya Akademi

ന്നൊരു ബ്രാഹ്മണന്നണ്ടായിരുന്നു. അദ്ദേഹം വൈഷ്ണവരാൽ പരിവൃതനായി യജ്ഞകർമ്മത്തിലേർപ്പെട്ടിരിക്കെ, ആ വൃത്താന്തം കേട്ടിട്ട് ഏന്റെ ഭക്തനായ ഒരു ബ്രാഹ്മണൻ അവിടെ ചെന്നൊത്തി. എങ്കിൽത്തന്നെ സ്ഥിരചിത്തനായിരുന്ന ആ ദ്വിജൻ ദേവവ്രതന്റെ ഗൃഹത്തിൽ ഒരേടത്തുവെച്ചു, തുളസീദളവും ജലവുംകൊണ്ട് എന്നെ പൂജിച്ചു് ഒരുതാനും ഫലമൂലങ്ങൾ നിവേദിച്ചു; കുറെ തീർത്ഥവും ഫലവും ആ ധീമാൻ പ്രീതിമൂലം ദേവവ്രതന്നു നൽകുകയും ചെയ്തു. എന്നാൽ അശ്രദ്ധനായി ചിരിച്ചുകൊണ്ടാണു് ദേവവ്രതൻ അതു മേടിച്ചതു്. ആ പാപത്താൽ അദ്ദേഹം അതിദാരുണമായ ദാരിദ്ര്യം പ്രാപിച്ചു; പക്ഷേ, ആ പുണ്യാത്മാവു് എനിക്കു പ്രിയപ്പെട്ടവനായി; ഇനി യുഗാവസാനത്തിൽ വിഷ്ണുപരനായിത്തീരുന്ന മഹതിയുടയും.

ഹാ, മനുഷ്യരുടെ ദുരാശയത്വം! സുരേന്ദ്രനാഗേന്ദ്രമുനീന്ദ്ര സംവൃതമായി സനാതനമായി മധുരമായിരിക്കുന്ന എന്റെ മഥുരാപുരത്തെ ഓർക്കുന്നില്ലല്ലോ! കാശി മുതലായി പല പുരികളും വേറെയുണ്ടു്; എന്നാൽ അവയിൽ വെച്ചു മഥുരയ്ക്കു മഹിമക്കുറവു്. അവിടെ ജനിയ്ക്കുക, ഉപനയിയ്ക്കുക, മരിയ്ക്കുക, മറിവുകിട്ടുക എന്നിവ നാലും മുക്തിപ്രദങ്ങളാകുന്നു. തപസ്സു മുതലായതുകൊണ്ടു് മനശ്ശുദ്ധിയും സമാധിസ്ഥൈര്യവും എപ്പോഴാണു സിദ്ധിക്കുക? അപ്പോഴില്ലാതെ എന്റെ ശ്രേഷ്ഠപുരം കാണാനിടവരുന്നതല്ല. മഥുരാവാസികൾ സകലരും ഒരുപോലെ ധന്യരും ദേവകൾക്കുകൂടി പൂജനീയരും അപ്രമേയപ്രഭാവരും ചതുർബാഹുക്കളെപ്പോലെ. മനുഷ്യർക്കു സാധാരണമായ ജന്മമൃത്യുശതങ്ങളാലുള്ള ദോഷം മഥുരാവാസികളിൽ കാണുകയില്ല. മഥുരയെ സ്മരിക്കുന്നവർപോലും മഹാസുകൃതികളാകുന്നു. അവിടെ പാപികൾക്കുകൂടി മോക്ഷം കൊടുക്കുന്നതിനായി ഭൂതേശ്വരനായ ദേവൻ നിവസിയ്ക്കുന്നുണ്ടു്. അദ്ദേഹം എനിയ്ക്കു ലോകം പ്രിയപ്പെട്ടവനാകുന്നു; എന്റെ പ്രീതി കരുതി ഒരിക്കലും ആ പുരംവിട്ടു പോകാറില്ല. ഭൂതേശ്വരനെ നമസ്കരിയ്ക്കുക, പൂജിയ്ക്കുക, സ്മരിയ്ക്കുക എന്നിവ ചെയ്യാത്ത ദുർവൃത്തൻ സ്വയംപ്രകാശയായി പരദേവത എന്നു പേരുള്ളതായ എന്റെ മഥുരാപുരി കണ്ടെത്തുകയില്ല. എന്റെ പരമഭക്തനായ ശിവനെ അർ പൂജിയ്ക്കില്ലയോ, ആ പാപിയ്ക്കു് ഒരിക്കലും എന്റെ പേരിൽ ഭക്തി സിദ്ധിയ്ക്കുന്നതല്ല. ഭൂതേശ്വരനെ നമസ്കരിക്കുകയും സ്മരിക്കുകയും സ്തുതിയ്ക്കുകയും ചെയ്യാത്തവർ എന്റെ മായയാൽ മയക്കപ്പെട്ട മനുഷ്യാധമർതന്നെ. എവിടെ വെച്ചു് എന്നെ ആരാധിച്ചിട്ടാണോ ബാലകനായ ധ്രുവൻപോലും പൂർവികന്മാർക്കു കൈവരാത്ത പരമപദവി

Digitized By Kerala Sahitya Akademi

ശ്രുപദം പ്രാപിച്ചുള്ളൂ, ദേവകൾക്കും ദുർല്ലഭമായ ആ മഥുരാപുരിയിൽ ചെന്നിട്ടു വേണം, കാൽമുടന്തനായാലും കണ്ണൊപൊട്ടനായാലും മരണമടയുവാൻ! മഹാഭാഗനായ വേദവ്യാസ, ഒരിയ്ക്കലും സംശയംവേണ്ടാ: ഉപനിഷത്തുകളുടെ രഹസ്യമാണ് ഞാനീ വെളിപ്പെടുത്തിയതു്.'

ഭഗവാൻ അരുളിച്ചെയ്ത ഈ അദ്ധ്യായം അതി വിശുദ്ധനായി രാവിലെ വായിയ്ക്കുകയും കേൾക്കുകയും ചെയ്യുന്നവരുടെ, അവരുടെ ശാശ്വതമുക്തി സിദ്ധിയ്ക്കും.'

ശ്രീഭഗവന്മാഹാപുരാണം, പാദ്മപ്രഖണ്ഡം, ഉമാമഹേശ്വരസംവാദം,
രണ്ടാമാഹാത്മ്യ കഥനം എഴുപത്തിമൂന്നാമദ്ധ്യായം.

— (൧) —

എഴുപത്തിനാലാമദ്ധ്യായം

ശിവൻ:—ഒരിക്കൽ വിജ്ഞാനത്തിൽവെച്ചു്, ഭഗവാന്റെ പ്രിയപാരിഷദനായ ശ്രീമാൻ ഉദ്ധവൻ സനൽകുമാരനോടു ചോദിയ്ക്കുകയുണ്ടായി:—'മുനിപുംഗവ, ഗോവിന്ദൻ എന്നെന്നും ഗോപസ്ത്രീകളോടൊരുമിച്ചു കേളിയാടുന്ന സ്ഥലം എവിടെയാണു്? എങ്ങിനെയുള്ളതാണു്? അതായ ക്രീഡകളുടെ വൃത്താന്തവും മറ്റുള്ളതെങ്ങളും ഇവിടെയുണ്ടെങ്കിൽ, എന്റെ മനസ്സിനു ഭയമെയ്യാ പറഞ്ഞുതന്നാൽക്കൊള്ളാം.'

സനൽകുമാരൻ:—ഒരിക്കൽ കാളിന്ദീതീരത്തു് ഒരു വൃക്ഷത്തിന്റെ വുവട്ടിൽ സ്ഥിതിചെയ്തിരുന്ന ഭഗവൽപാദ്ധനായ പരീക്ഷിത്തിന്റെ മഹാത്മാവിന്റെ അനുഭവം—അദ്ദേഹം കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമൊക്കെ—പ്രസംഗവശാൽ എന്നോടു പറകയുണ്ടായി; അതു ഞാൻ ഭവാനെ പറഞ്ഞുതരാം; മനസ്സിരുത്തി കേട്ടുകൊൾക. എന്നാൽ, ഇതു വല്ലേടത്തുംവെച്ചു് ഒരിക്കലും വെളിയ്ക്കാക്കരുതു്.

അർജ്ജുനൻ:—'ദേവ, ഭയാനിധേ, ശിവബ്രഹ്മാദികൾപോലും കാണ്മാനോ കേൾക്കാനോ ചെയ്തിട്ടില്ലാത്തതു യാതൊന്നോ, അതു മുഴുവനും കനിഞ്ഞരുളിച്ചെയ്താലും: നിന്തിരുവടി മുമ്പു പറകയുണ്ടായല്ലോ, ഗോപസ്ത്രീകൾ ഇവിടെയുള്ള പ്രിയപ്പെട്ടവരാണെന്നു്; അവർ എത്ര മട്ടിലുണ്ടു്? എന്തു പേരുണ്ടു്? എന്തൊക്കെയാണു് വേഷം? വാസം

Digitized By Kerala Sahitya Akademi

൧വിടെ? കമ്മം, പ്രായം, വേഷം ൧ന്നിവ ൧ന്ത്? അവരിൽ ആരോടെല്ലാമൊന്നിച്ചു നിന്തിരുവടി ൧ുതെല്ലാം വനത്തിൽ രഹഃക്രീഡയാടുന്നു? നിത്യവും നിത്യസുഖാസ്പദവും നിത്യവിഭവുമായ ആ പരമശാശ്വതസ്ഥാനം ൧ങ്ങിനെയുള്ളതാണ്? ൧വിടെയാണ്? ൧ന്റെ നേരിൽ അരുളുക ദയയുണ്ടെങ്കിൽ, അരുളിച്ചെയ്യുമാറാകണം! ദീനബന്ധോ, ഞാൻ ചോദിക്കാത്ത മറ്റു നിഗൂഢരഹസ്യവും ഒട്ടൊഴിയാതെ കനിവിച്ചു ചൊല്ലിത്തന്നാലും.

ഭഗവാൻ:—'വത്സ, ൧ന്റെ ആ പാഠ്പീടം, ആ പ്രിയതമമാർ, ആ കളി ൧ന്നിവ, ൧ന്റെ പ്രാണനെപ്പോലുള്ളവർക്കുക്രുടി തീച്ച്യായും അഗോചരമാകുന്നു. പറഞ്ഞാൽ നിനക്കു കാണാൻ കൊതിതോന്നും; ആ സ്ഥലമാകട്ടെ, ബ്രഹ്മാവു മുതൽപ്പേർക്കുക്രുടി കണ്ടെത്താവുന്നതല്ല; പിന്നെയല്ലേ, മറ്റുള്ളവർക്ക്! അതിനാൽ, ഇതു വേണ്ടെന്നു വെച്ചുകൂടേ. വേറെ ൧ന്തുവേണം?'

ഭഗവാന്റെ ഈ അരുളപ്പാട് അർജ്ജുനന്നു കണ്ണാരുവുദമായിരുന്നു. അദ്ദേഹം അവശനായി ദുഃക്കാൽത്തണ്ടലരിൽ വടിപോലെ വീണു. ഉടനെ, ഭക്തവത്സലനായ ഭഗവാൻ പുഞ്ചിരിപൊണ്ടു് ആ ഭക്തനെ ഇരുകൈകൊണ്ടും പിടിച്ചെഴുന്നേല്പിച്ചു, പരമപ്രേമത്തോടെ പറഞ്ഞു:—'അതു പറകുമാത്രം ചെയ്താൽ ൧ന്തുള്ളു? നിനക്കു കാണണമെന്നുണ്ടെങ്കിൽ, സൃഷ്ടിസ്ഥിതിസംഹാരകാരിണിയായ ത്രിപുരസുന്ദരീദേവിയെ പരമ ഭക്തിയോടേ ആരാധിച്ചുണർത്തിക്കുക; ആ ഭഗവതിയെ കൂടാതെ, ഇതു പദം നൽകുന്നതിനു ഞാൻ ഒരിക്കലും ആളാകയില്ല.' ഇതു കേട്ടിട്ടു ഹർഷപൂർണ്ണാക്ഷനായ പാർത്ഥൻ ത്രിപുരസുന്ദരിയുടെ ശ്രീപാദസന്നിധിയിൽ ചെന്നെത്തി.

(കിളിപ്പാട്ട്: കാഴ്ച)

തത്രൈവ രത്നവിധരതാസേവാനാങ്ക-
ളൊത്ത ചിന്താമണിരമ്യത്തറയുമായ്
നിൽപുണ്ടുകല്പകവൃക്ഷമൊന്നൊപ്പാഴം
പുഷ്പഫലാനതം പല്ലവശോഭിതം;
പൂന്തേനതിങ്കൽനിന്നിറ്റിറുവീഴുന്ന
പൂവൽത്തളിരിട്ടലയ്ക്കുന്ന കാറ്റിനാൽ;
പാടേ മുരണ്ടുനടക്കുന്ന വണ്ടുകൾ;
പാടുന്ന തത്ത പിറാവു, കുയിലുകൾ;

Digitized By Kerala Sahitya Akademi

ലീലാചകോരാദി പക്ഷിനാദങ്ങളും
ചേലാന്നിണങ്ങുമതിന്റെ വൃത്തിലായ്
മിന്നും മഹാരത്നതദിവ്യരത്നാലയം—
തന്നിൽസ്സുകാഞ്ചനരത്നസിംഹാസനേ
മേവുന്ന ബാലാക്കവർണ്ണയായ് നൂതന—
യൌവനയാകിയ ദേവി മനോഹരി;
വില്ലുമുത്തോട്ടികയർപൂണ്ട നാല്പ കൈ-
വല്ലിയൊത്തുട്ടുപരിചിത്രവിക്ഷയായ്,
ബ്രഹ്മവിഷ്ണുശിരാദിമൌലിമണിപ്രഭാ-
സമ്മാജ്ജിതമായ പാദപീഠതലത്തോടും,
വക്ത്രംതെളിഞ്ഞു,ണിമാത്രൂർദൃഗ്ദ്വന്ദ്വം
ഭക്തപ്രിയയാകുമാ വരദാത്രിയെ
കണ്ടു, 'ഞാനർജ്ജുന'നെന്നു, മഹാഭക്തി
കൊണ്ടുതെരുതെരെക്കുമ്പിട്ടു ഫൽഗ്ഗുനൻ.

പിന്നെ, വിജനത്തിൽ തൊഴുകയ്യുമായി നിന്ന വിജയന്റെ ഉപാസനയും, ഭഗവൽപ്രസാദവും മറും ഓർത്തുള്ള ദയാവിവശയായി ച്ചമഞ്ഞ ദേവി അദ്ദേഹത്തോടരുളിച്ചെയ്തു:—'വത്സ, അസാധാരണമായ എന്തൊരു ദാനമാണ് നീ പാത്രത്തിൽ സമർപ്പിച്ചിട്ടുള്ളത്? എന്തു യജ്ഞമോ തപസ്സോ ആണ് ചെയ്തിട്ടുള്ളത്? ഭഗവാങ്കൽ എന്തൊരു നിഷ്കളംക ഭക്തിയാണ്, മുറ്റു സമ്പാദിച്ചിട്ടുള്ളത്? ലോകത്തിൽ ദുസ്സാധമായ എന്തൊരു സൽക്കർമ്മമാണ് സാധിച്ചിട്ടുള്ളത്? പ്രപന്നനായ നിങ്കൽ ഭഗവാൻ ഇത്ര ഗ്രഹാതിഗ്രഹവും അനന്യലഭ്യവുമായ പ്രസാദം ഉരംകൊണ്ടുവല്ലോ! ദ്യുവാസികളിലാകട്ടെ, പാതാളവാസികളിലാകട്ടെ, സപ്തർഷിവാസികളിലാകട്ടെ, തപസ്സിദ്ധശ്രേഷ്ഠരിലാകട്ടെ, യോഗീന്ദ്രന്മാരിലാകട്ടെ, മറു ഭക്തന്മാരിലാകട്ടെ, ഇത്രയും പ്രസാദം വിശ്വാത്മാവിന്നുണ്ടായിട്ടില്ലതന്നെ! അതിനാൽ നീ വരിക: ഇതാ, സർവ്വാഭീഷ്ടങ്ങളും നൽകുന്ന ഒരു ദേവി; ഇവളോടൊന്നിച്ചു കലകുണ്ഡം എന്ന സരസ്സിൽ പോയി വഴിപോലെ സ്നാനം കഴിച്ചു വേഗത്തിൽ ഇങ്ങോട്ടു വരു.' അർജ്ജുനൻ ഉടനേ അതിൽ പോയി കുളിച്ചു വന്നു. അപ്പോൾ ദേവി ന്യാസവും മറും ചെയ്യിച്ചു് അദ്ദേഹത്തിന്റെ വലത്തേ ചെവിയിൽ സദ്യസ്സിദ്ധികരമായ ബാലാമന്ത്രം ഉപദേശിച്ചു; അനുധ്യാനം, ലക്ഷമുരുക്കഴിക്കൽ, കുണ്ഡീരൂപ്പൊട്ടകംകൊണ്ടുള്ള പൂജ എന്നിവയും ശരിക്കു ശീലിപ്പിച്ചു. അതിനുശേഷം പരമേശ്വരി മനം കനിഞ്ഞരുളിച്ചെയ്തു:—'ഇതേ സമ്പ്രദായത്തിൽ എന്നെ ഉപാസിച്ചുകൊൾകുക. എന്നാൽ ഞാൻ പ്രസാദിച്ച നിന്നെ അനുഗ്രഹിക്കും; അതോടുകൂടി,

Digitized By Kerala Sahitya Akademi

നീ കൃഷ്ണലീലയ്ക്ക് അധികാരിയുമാകും. ഇങ്ങിനെയത്രേ പണ്ടു ഭഗവാൻ തന്നെ കല്പിച്ചുവെച്ചിട്ടുള്ള നിയമം.'

അജ്ജുനൻ അതേപ്രകാരത്തിൽ ദേവിയെ പൂജിച്ചുപോന്നു; യഥാവിധി സ്നാനവും ഹോമവും ജപവും പൂജയും അനുഷ്ഠിച്ച് അദ്ദേഹം ദേവിയെ പ്രസാദിപ്പിച്ചു. തന്റെ മനോരഥം സാധിതപ്രായമായി—എല്ലാ സിദ്ധികളും കൈവന്നുകഴിഞ്ഞു—എന്നിങ്ങിനെ, പാർത്ഥന് ഒരു ചാരിതാർത്ഥ്യം തോന്നി. അപ്പോൾ ദേവി എഴുന്നള്ളി വന്ന പുഞ്ചിരികൊണ്ടരുളിച്ചെയ്തു:—'ഉണ്ണി, നിന്റെ ഗൃഹത്തിലേയ്ക്കു കടന്നുകൊള്ളുക.' പാർത്ഥൻ പരിഭ്രമത്തോടെ എഴുന്നേറ്റ്, ഉള്ളിൽ അളവില്ലാത്ത സന്തോഷം നിറഞ്ഞു, ദേവിയുടെ കാൽക്കൽ ദണ്ഡനമസ്കാരം ചെയ്തു; പിന്നീട്, അവിടുന്നാജ്ഞാപിച്ചതിൻവണ്ണം, അതുനയ്ക്കു നിന്ന ദേവിയോടൊന്നിച്ചു, സീമാതീതപ്രഭാവമില്ലാത്ത രാധാവല്ലഭന്റെ പാർപ്പിടത്തിലേയ്ക്കു നടകൊണ്ടു. ഭൂലോകത്തിനുമീതെ വായുവിനാൽ ഉറപ്പിൽ നിർത്തപ്പെട്ടതും നിത്യവും സത്യവും സച്ചിദാനന്ദവും എന്നെന്നും രാസക്രീഡോത്സവത്തോടുകൂടിയതും പൂർണ്ണപ്രേമമയവുമായ വൃന്ദാവനം എന്ന പരമരഹസ്യസ്ഥലം അവർ അജ്ജുനനു കാട്ടിക്കൊടുത്തു. അവളുടെ വാക്കിനാൽ ദിവ്യലോചനംകൊണ്ട് ആ നിഗൂഢസ്ഥാനം ദർശിച്ച പാർത്ഥൻ വർദ്ധിച്ചുവന്ന പ്രേമംമൂലം പരമാകുലനായിട്ട് അവിടെ മോഹിച്ചു വീണുപോയി! ഉടനെ ആ ദേവി പിടിച്ചെഴുന്നേല്പിച്ച് പണിപ്പെട്ട് ബോധംവരുത്തി സാന്ത്വനവാക്കുകൾകൊണ്ട് ഒരുവിധം സമാശ്വസിപ്പിച്ചു. അപ്പോൾ അദ്ദേഹം, ഇനി ഞാൻ എന്തുചെയ്യേണ്ടു? പറഞ്ഞുതരണേ!' എന്നിങ്ങിനെ, വർദ്ധിച്ച തദ്ദർശനോൽക്കണ്ഠയാൽ വിവശനായി നിന്നു. ദേവിയാകട്ടെ, അദ്ദേഹത്തെ കൈക്കുപിടിച്ച് ആ സ്ഥലത്തിന്റെ തെക്കുവശത്തു കൊണ്ടുചെന്നിട്ട്, ഇപ്രകാരം പറഞ്ഞു:—'പാർത്ഥ, സഹസ്രദളപദ്മാകൃതിയായി നടുവിൽ മൊട്ടോടുകൂടിയതായി ചതുർദ്വാരമായ് അത്യദ്ഭുതങ്ങളും നിറഞ്ഞതായിരിക്കുന്ന ഈ ചതുസ്സരസ്സിലെ ജലത്തിൽ ഇറങ്ങി മുങ്ങിയാട്ടും; എന്നാൽ, അവിടെ ഒരു വിശേഷം ഭവാനു കാണ്മാറാകും. ഇതാ, മധുമധുരോദകമായ തെക്കുവശത്തെ പൊയ്ക; മലയനിഷ്ഠുരം എന്നാണ്, ഇതിനു പേർ. ഇതാ, എതിരെ നിൽക്കുന്ന ഒരുദ്യാനം; ഇവിടെയെത്രെ, വാസുദേവൻ വസന്തത്തിൽ രമിക്കുകയുമുണ്ടായതുകൊണ്ടു മദനോത്സവം നടത്താറുള്ളതു്. ഇവിടെ രാപ്പകൽ കൃഷ്ണാവതാരസ്തുതികൊണ്ടുകൊണ്ടിരിക്കാം. ഇതിനെത്തന്നെ പുരിപ്പിച്ചാണ്, മഹർഷിമാർ രതിഭാവം നേടുന്നതു്. ഭവാൻ ഈ പൊയ്കയിൽ കുളിച്ചു, കിഴക്കുവശത്തെപ്പൊയ്കയിൽച്ചെന്നു് അതുമാനം കഴിച്ചാൽ മനോരഥം നിറവേറും.'

Digitized By Kerala Sahitya Akademi

(പെരുശ്ശേരിരീതി)

എന്നതുകേട്ടു, കല്പഹാരകുമുദാര-
വിന്ദക്കുവലയപൂപ്പൊടിയാൽ
രഞ്ജിതമായി നൽത്തുമണം പൂണ്ടതായ്
മഞ്ജുമധുബിന്ദുനിലമായ്
പ്പറവംമണികളാൽ കൊട്ടിപ്പുകത്തതായ്
മറവംമരാളാദിനാദിതമായ്
ഓമനത്തെന്നലാലോലം ഇളകീടു-
മാമണിപ്പായ്കയിൽമുങ്ങി പാദൻ,
അത്തറില്ലാതെ മറഞ്ഞിതദ്ദേവിയാ-
ളുതാനംചെയ്കവാൻ നിസ്സാരായൻ
സംഭ്രമിപ്പിനാഭം വീങ്ങിക്കെത്താനൊരു
പെൺപുരുതനമായ്ക്കാണപ്പെട്ടു!
നന്നായ് മിനുത്തുചുരുണ്ട കാർക്കുന്തലും,
സിന്ദൂരപ്പൊട്ടണിഞ്ഞുനെറിയും,
ചിത്തജവില്ലിനെവെല്ലുന്ന ചില്ലിയും,
തത്തിക്കളിക്കും കൺപെണ്ണഴകും,
ശ്രീരത്നകുണ്ഡലം തിങ്ങിവിളങ്ങിയ ഗണ്ഡവും,
ശാരദേന്ദുകളെത്തോന്നുന്നവും,
ചാരുമൃണാളംപണിഞ്ഞ ഭുജങ്ങളും,
ശാരദാബ്ജോപമ പാണികളും,
ശില്പവിശാരദർതീർത്ത പൊൻതുടിനാ-
ഭിതടജാസമാനമാം തുമധ്യവും,
കാഞ്ചികിലുങ്ങിവിളങ്ങിവിളങ്ങും ജഘനവും,
പൂഞ്ചേലമൂടിയ നൽശ്രോണിയും,
പേർത്തുരുണ്ടുള്ളുതുടകളും പൊൻതള-
പ്പാത്തോലിഞ്ചിനാ കാൽപ്പായ്ത്തടാർകളും—
ഇങ്ങിനെലക്ഷണപൂർണ്ണയായ്, പ്പൊടുന്നാളി-
യംഗനതിൽപ്പ്രീതികളെല്ലാം ചാർത്തി,
ഭൂരി വിധങ്ങളാം കാമകലകളിൽ-
പ്പാരംവിരുതു വിളഞ്ഞവളായ്,
ഈരഞ്ചുമഖം വയസ്സാനൊരാശ്ചര്യ-
നാരിയായ്ത്തീർന്നാനുപുരുഷോത്തമൻ.

Digitized By Kerala Sahitya Akademi

മൻമൈയ്യവസ്ഥമറന്നാവാം വല്ലവ-
ട്ടെൻമണവാളന്റെ മായയാലേ
വല്ലുവാൻ ചെയ്യേണ്ടതെന്നറിഞ്ഞീടാതെ
വന്തപകച്ചു നിന്നുകയായ്!

അന്നേരമംബരത്തിങ്കൽനിന്നണ്ടായി-
വന്നൊരട്ടന്നൊരു ധീരശബ്ദം:—
'നീയീ വഴിക്കേ കിഴക്കോട്ടുരസ്സിനാൽ-
പ്പോയാചമിച്ചാലഭീഷ്ടം നേടാം:
തനേ, നിൽതോഴിമാരങ്ങളെ; മാഴ്കാലാ;
നിന്നിഷ്ടമായവർ സാധിച്ചിടും!'
എന്നീയശരീരിവാക്യം ശ്രവിച്ചവം
ചെന്ന കിഴക്കേസ്സുരസ്സണഞ്ഞാർ:
നാനാവിധാദ്ഭുതന്നീരൊഴുക്കങ്ങളും
നാനാവിഹംഗമജാതികളും
പങ്കജമുദകൽഹാരോല്പലാദിയും
പുണ്യരാഗോജ്ജ്വലൽക്കൽപ്പടയും
തീരങ്ങളം നാലിലും നാനാതരുങ്ങളാം
താരണിവൃക്ഷനികുഞ്ജങ്ങളും
ചേരുമപ്പോഴ്തിവ്വാചമിച്ചിന്തിരി-
നേരം നിലയൊന്നടിതങ്ങ തനേ.

അപ്പൊഴേ കോൾക്കായി കാഞ്ഞി തള്ളുമാന്ത്
നൽപ്പൊൻവളകം കിലുങ്ങും ശബ്ദം.
പിപ്പാടൊരംഗനാവൃന്ദവും കാണായി-
തത്ഭുതയൌവനമത്ഭുതാംഗാ
അത്ഭുതസല്ലാപസുസ്മിതാലോകന-
വിഭ്രമം സർവ്വമാധുര്യപൂർണ്ണം
അത്ഭുതലാവണ്യമത്ഭുതസൌന്ദര്യ-
മത്ഭുതാലംകാരസന്നിവേശം
അത്ഭുതനൃത്തനമത്ഭുതാനുഗ്രഹാ-
മത്ഭുതമൊക്കെയൊന്നിച്ചുചേർന്നാലെ!
അപ്പരമാത്ഭുതം കണ്ടെന്നിതെന്നാവ-
ള്ളർപ്പൂവിലോലാർദ്ര മുഖാബ്ജം നാണി,
കാലിൻപെരുവിരൽത്തുമ്പിനാലൂഴിയിൽ-
വ്യാലേഖരൂപം കൊണ്ടങ്ങുനിന്നാൾ.

Digitized By Kerala Sahitya Akademi

'ആരിവർ നമ്മുടെ ജാതിയിൽപ്പെട്ടവർ
ഭ്രരികുതൂഹലമേകിടുന്നോർ?'
എന്നസലീലമായ് തങ്ങളിൽക്കണ്ണോടി-
ച്ചുനാല്വാർമൌലിമാരെല്ലാവരും
'ആരെന്നറിയേണ'മെന്ന മന്ത്രിച്ചുറ-
ച്ചുരാലണഞ്ഞിതു കൌതുകത്താൽ.

അവരിൽ പ്രിയമുദ എന്നൊരു മനസ്വിനി പ്രീതിയോടെ മധുരസ്വരത്തിൽ ചോദിച്ചു:—'ഭവതി ആരാണ്? ആരുടെ മകളാണ്? ആരുടെ പ്രാണവല്ലഭയാണ്? എവിടെ ജനിച്ചുവളർന്നാണ്? ഇവിടെ ആർ കൊണ്ടുവന്നു? അതോ, താൻതന്നെ വരികയോ? ഇതെല്ലാം ഞങ്ങളോടു പറയുക. വിചാരമെന്തിന്? പരമാനന്ദമയമായ ഈ സ്ഥലത്തു് ആർക്കെന്തു ദുഃഖമുള്ള?' ഈ ചോദ്യം കേട്ടിട്ടു് അവർ വിനയനമ്രയായി നിന്നു, മഞ്ജുളസ്വരത്താൽ അവരുടെ മനം മയക്കിക്കൊണ്ടു് മറുപടി പറഞ്ഞു:—'ഞാൻ ആരോ? ആരുടെ മകളോ? ആരുടെ പ്രിയതമയോ? ആർ ഇവിടെ കൊണ്ടുവന്നു? അതല്ല, താൻതന്നെ വന്നെത്തുകയോ? ഇതൊന്നും എനിക്കറിഞ്ഞുകൂടാ; ദേവിക്കേ അറിഞ്ഞുകൂടൂ. ഞാൻ പറയുന്നതിൽ വിശ്വാസമുണ്ടെങ്കിൽ കേൾക്കുവിൻ: ഇതിന്റെ തെക്കേ വശത്തു് ഒരു ശ്രേഷ്ഠസരസ്സുണ്ടു്; അതിൽ സ്നാനംചെയ്യാൻ വന്നെത്തിയ ഞാൻ അവിടെനിന്നു് അത്യൽകണ്ഠിതയായി നാലുപുറത്തും നോക്കുമ്പോൾ ഒരത്ഭുതമായ ആകാശഭാഷിതം കേൾക്കുമാറായി:—

'നീയീവഴിക്കേ കിഴക്കേസ്സരസ്സിങ്കൽ-
പ്പോയാചമിച്ചാലഭീഷ്ടം നേടാം:
തന്വി, നിൻതോഴിമാരങ്ങുണ്ടു; മാശ്ശൈലാ;
നിന്നിഷ്ടമായവർ സാധിപ്പിക്കും.'

ഇതുകേട്ടിട്ടാണു്, ദുഃഖവും ഹർഷവും ചിന്തയും നിറഞ്ഞ ഞാൻ ഇങ്ങോട്ടു പോന്നതു്; ഇവിടെ വന്നു്, ഇതിലെ വെള്ളംകൊണ്ടു് ആചമിച്ചതോട്ടുക്കുടി, നാനാതരത്തിലുള്ള ശോഭനശബ്ദം കേൾക്കുകയും, അനന്തരക്ഷണത്തിൽ ശ്രേഷ്ഠന്മാരായ നിങ്ങളെ കണ്ടെത്തുകയും ചെയ്തു. ഇതുമാത്രമേ ഞാൻ തൃകരണങ്ങളാംകൊണ്ടും അറിയുന്നുള്ളൂ. ദേവിമാരേ, നിങ്ങളാരാണു്? ആരുടെ മക്കളാണു്? എവിടെ ജനിച്ചു? ആരുടെ വല്ലഭന്മാരാണു്?'

പ്രിയമുദ പറഞ്ഞു:—'ആകട്ടേ, ഞങ്ങൾ ഭവതിയുടെ പ്രാണസഖിമാർ തന്നെ. ഭദ്രേ, വൃന്ദാവനകലാനാഥന്റെ വിളയാട്ടത്തിന്നുള്ള

Digitized By Kerala Sahitya Akademi

൯൩൭൩൭ പുരാണസഞ്ചിക [൨൭൪൫൭൩൭൩൭൩

ന്ദ്രിക എന്നാണ് പേർ; ഇവൾ ചന്ദ്രമാല; ഇവളും ചന്ദ്രാവലിതന്നെ; ഇവൾ ചന്ദ്രപ്രഭ; ഇവൾ ചന്ദ്രകല; ഇവൾ വണ്ണാവലി; ഇവൾ വണ്ണമാല; ഇവൾ മണിമാല; ഇവൾ മല്ലിക; ഇവൾ നവമല്ലിക; ഇവൾ ശേഫാലിക; ഇവൾ വർണ്ണപ്രഭ; ഇവൾ സുപ്രഭ; ഇവൾ മണിപ്രഭ; ഇവൾ ഹാരാവലി; ഇവൾ താരാമാലിനി, ഇവൾ മാലതി; ഇവൾ യൂഥിക; ഇവൾ വാസന്തി; ഇവൾ നവമല്ലി; ഇവൾ സൌഗന്ധിക; ഇവൾ കസ്തൂരി; ഇവൾ പദ്മിനി; ഇവൾ കുമുദാതി; ഇവൾ രസോല്ലാസ; ഇവൾ ചിത്രാവൃദ്ധ; ഇവൾ രംഭ; ഇവൾ ഉർവ്വശി; ഇവൾ സുരേഖ; ഇവൾ സപർണ്ണരേഖ; ഇവൾ കാഞ്ചനമാല; ഇവൾ സതസന്തതിക. ഇവരും മറ്റെല്ലാവരുമായി ഭവതി പരിചയപ്പെടണം. ഇവരെങ്ങളോടെല്ലാവരോടുമൊരുമിച്ചു ഭവതിക്കും വിഹരിക്കാം. തോഴി കിഴക്കെ സരസ്സിന്റെ തീരത്തെയ്ക്കുവരു; അവിടെ ഭവതിയെ വിധിപോലെ സ്നാനംചെയ്യിച്ചു. സിദ്ധിപ്രദമായ ഒരു മന്ത്രം ഞാൻ ഉപദേശിച്ചുതരാം.' എന്നിങ്ങിനെ പറഞ്ഞു, അവളെ വേഗത്തിൽ സ്നാനംചെയ്യിച്ചു, ദീക്ഷാവിധിക്കുശേഷം, വൃന്ദാവനകലാനാഥപ്രേയസിയുടെ വിശിഷ്ടമന്ത്രം രഹസ്യത്തിൽ ഉപദേശിച്ചു. ആദ്യന്തങ്ങളിൽ പ്രണവം, വരുണാഗ്നിബീജങ്ങളും, നാദബിന്ദുസമന്വിതമായ ഈകാരം എന്നിവ ചേർന്നതും, മുപ്പാരിൽവെച്ചു് അതിദുർല്ലഭവുമായ ആ മന്ത്രം ഗ്രഹിച്ചാൽത്തന്നെ സർവ്വസിദ്ധികളും കൈവരും! പൂജാവിധി, ധ്യാനം, ഹോമം, ജപസംഖ്യ എന്നിവയും പ്രിയമുള പറഞ്ഞുകൊടുത്തു.

അതിൻവണ്ണം അർജ്ജുനി, രത്നകാഞ്ചനഗൌരാംഗിയായി സർവ്വാഭരണഭൂഷിതയായി വിസ്മയനീയ ലാവണ്യയായി സുപ്രസന്നായായി വരപ്രദയായിരിക്കുന്ന ദേവിയെ സഖിമാർ കൊണ്ടുവന്ന കൽഹാരം–കണവീരം–ചമ്പകം–താമര–സൌഗന്ധികം മുതലായ സുഗന്ധപുഷ്പങ്ങൾകൊണ്ടും, മനോജ്ഞങ്ങളായ പാദ്യാർഘ്യാചമനധൂപദീപങ്ങൾകൊണ്ടും, പലതരം ദിവ്യനൈവേദ്യങ്ങൾകൊണ്ടും വിധിപോലെ പൂജിച്ചു, മന്ത്രം ലക്ഷമുരു ജപിച്ചു, ഹോമിച്ചു, സ്തുതിച്ചു വടിപോലെ നിലത്തു വീണു വണങ്ങി. ഈ പൂജ, ജപം, സ്തുതി, നമസ്കാരം, ഭക്തി എന്നിവയാൽ തിരുവുള്ളം തെളിഞ്ഞ ദേവിയാകട്ടെ, കാണിനേരവും പിരിയാൻ പെടലില്ലാത്ത കാന്തന്റെ അരികിൽ തന്റെ മായയെ കല്പിച്ചുനിത്തി, സഖിമാരാൽ പറഞ്ഞയച്ചു, അർജ്ജുനിയുടെ അരികിൽ എഴുന്നള്ളിനിന്നു: പൊന്നിൻചമ്പകപൂവിനൊത്ത വർണ്ണം, അംഗങ്ങളിലും പ്രത്യംഗങ്ങളിലും വിളയാടുന്ന ലാവണ്യലാളിത്യമാധുര്യങ്ങൾ, കളങ്കമില്ലാത്ത ശരൽപൂർണ്ണചന്ദ്രനെപ്പോലുള്ള തിരുമുഖം, സ്നിഗ്ധമൃദുലങ്ങളായ

Digitized By Kerala Sahitya Akademi

കടാക്ഷമന്ദഹാസങ്ങൾ൧ന്നിവ ചേർന്ന വിചിത്രാഭരണഭ്രഷിതയായ ആ ജഗത്രയമനോഹരിയുടെ ശരീരകാന്തി പത്തുദിക്കുകളേയും മിന്നിത്തിളങ്ങിച്ചുകൊണ്ടിരുന്നു. 'എന്റെ തോഴിമാർ പറഞ്ഞതു ഭോഷ്കാകയില്ല: നീ എനിക്കു പ്രിയസഖി തന്നെ. എഴുന്നേൽക്കൂ, വരൂ. നിന്റെ കാമം ഞാൻ നിറവേറ്റാം.' എന്നിങ്ങിനെ, ആ വരപ്രദയായ ഭക്തവത്സലയുടെ അഭീഷ്ടാനുകൂലമായ അരുളപ്പാടു കേട്ടപ്പോൾ അർജ്ജുനിക്കു് ദേഹമെല്ലാം കോരിത്തരിച്ചു; കണ്ണുകൾ ബാഷ്പപൂർണ്ണങ്ങളായി. അവൾ പ്രേമവൈവശ്യത്തോടെ വീണ്ടും തൃക്കാൽക്കൽ വീണു. അപ്പോൾ ദേവി പ്രിയംവദയെന്ന സഖിയോടരുളിച്ചെയ്തു:—'ഇവളെ കൈക്കു പിടിച്ചുശ്വസിപ്പിച്ചു്, എന്റെകൂടെ കൊണ്ടുവരിക.' പ്രിയംവദ അതിവേഗത്തിൽ അർജ്ജുനിയെ ദേവിയുടെ കൂടെ കൊണ്ടുപോയി, വടക്കേസ്സരസ്സിന്റെ തീരത്തെത്തി, സങ്കല്പസ്നാനവും പൂജയും ശരിക്കു കഴിപ്പിച്ചു. പിന്നീടു് കൃഷ്ണപ്രണയിനിയായ ദേവി സർവ്വസിദ്ധിപ്രദവും സർവ്വതന്ത്രഗോപിതവുമായ മോഹനമെന്ന മന്ത്രം ഉപദേശിച്ചു; ഗോവിന്ദങ്കൽ സുസ്ഥിരമായ ഭക്തിയും കല്പിച്ചു നൽകി; സ്മരണത്താൽ തന്നെ സിദ്ധി നൽകുന്നതായ മോഹനമഹാമന്ത്രത്തിന്റെ ധ്യാനവും പറഞ്ഞുകൊടുത്തു:—

'നീലോല്പലദളശ്യാമൻ നാനാലങ്കാരഭ്രഷിതൻ
കോടികന്ദർപ്പസൌന്ദര്യൻ ധ്യേയൻ രാസരസാകുലൻ.'

പിന്നെ അവർക്കു രഹഃസ്ഥാനം സിദ്ധിക്കുന്നതിനുവേണ്ടി, പ്രിയംവദയോടാജ്ഞാപിച്ചു:—'ഇവളുടെ ഉപാസന ശരിക്കു മുഴുമിക്കുന്നതുവരെയ്ക്കും നീ സഖിമാരോടുകൂടി ഇവളെ മനസ്സിരുത്തി രക്ഷിച്ചുകൊള്ളണം.' ഇതുയും അരുളിച്ചെയ്തു, രാധാദേവി കൃഷ്ണപാദാബ്ജസന്നിധിയിലേയ്ക്കു തിരിച്ചു, തന്റെ മായയെ പ്രിയസഖിമാരിൽ ഒരുത്തിയാക്കി, അവിടെ മുൻമട്ടിൽ സ്ഥിതിചെയ്തു.

അർജ്ജുനിയെയും, പ്രിയംവദ പറഞ്ഞുകൊടുത്തതിൻവണ്ണം, ചന്ദനഗോരോചനാ കുങ്കുമാദി നാനാദ്രവ്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ടു് അഷ്ടദളപദ്മമാകുന്ന ഒരു വിശിഷ്ട യന്ത്രം വരച്ചു, ആ ശ്രുതിമന്ത്രം ജപിച്ചു, ന്യാസവുംമറ്റും കഴിച്ചു്, അർഘ്യപാദ്യങ്ങൾകൊണ്ടും പല ഋതുക്കളിലെ പുഷ്പങ്ങൾകൊണ്ടും കുങ്കുമചന്ദനങ്ങൾകൊണ്ടും ധൂപദീപനൈവേദ്യങ്ങൾകൊണ്ടും മുഖവാസനതാംബൂലവസ്ത്രാഭരണമാല്യങ്ങൾകൊണ്ടും നന്ദനന്ദനനേയും പരിവാരങ്ങളേയും ആയുധവാഹനങ്ങളേയുമെല്ലാം പൂജിച്ചു, സ്തുതിച്ചു, നമസ്കരിച്ചു, മനസ്സിനാൽ ശരണംപ്രാപിച്ചു

Digitized By Kerala Sahitya Akademi

ച്ചു. അപ്പോഠം ഭക്തിവശനായ യശോദാപുത്രൻ തിരുവടി സസ്മിതം കടാക്ഷിച്ചുംകൊണ്ട്, 'അവളെ വേഗത്തിൽ ഇങ്ങോട്ട വരുത്തുക' എന്ന രാധയോടരുളിച്ചെയ്തു. തൽക്ഷണംതന്നെ ദേവി ശാരദ എന്ന സഖിയെ ചൊല്ലിവിട്ട് അച്യുതനിയെ സരസമാനസനായ ശ്രീകൃഷ്ണന്റെ തിരുമുമ്പിൽ വരുത്തി. സകലവും അത്ഭുതമായി ദർശിച്ചുംകൊണ്ട് അടുത്തെത്തിയ അവർ പ്രേമവൈവശ്യത്താൽ നിലത്തുപതിച്ചുപോയി; പിന്നെ പണിപ്പെട്ടെഴുന്നേറ്റു കണ്ണുകൾ പതുക്കെ തിരിച്ചപ്പോൾ, വിയർപ്പ്—കണ്ണുനീർ—രോമാഞ്ചം—നെഞ്ചിടിപ്പ് എന്നിവയാൽ പരിപ്ലുതയായിരുന്ന അവ സാധിക്കട്ടെ, ഒന്നാമതായി വിചിത്രവും മനോഹരവുമായ ആ സ്ഥലം കാണ്മാറായി:

[ചന്ത]

കല്പവൃക്ഷമൊന്നുണ്ടങ്ങു;തിൻതളിർ
നൽപ്പവിഴ,മിലകും മരകതം,
വേർ പളുങ്ക,തടിയൊ തനിത്തങ്കം;
ശ്രീപെരുമതു യാചകക്കിഷ്ടദം,
കാമദമാമതിന്റെ പുവട്ടിലായ്—
ത്തുമണിഗൃഹേ രത്നസിംഹാസനേ
ശംഖപദ്മനിധികുട്ടിടംവലം
തംകുമെട്ടിതഠംത്തണ്ടാർ വിലസുന്നു.
നാലിടത്തും സുരഭികഠം നിൽപ്പുണ്ടു;
ലാലസിക്കുന്ന പുറവും സുരോദ്യാനം;
പാരമങ്ങുതുവാരിലൊപ്പുക്കളും
ചാരുവാംമണം നീളെപ്പരത്തുന്നു;
തെന്നൽ വീശുന്നു; പൂന്തേൻ പൊഴികയാൽ
മന്നിടം കുളിക്കുന്നു മനോഹരം;
ഝാംകൃതി മുഴക്കുന്നു സദാ മലർ—
ത്തേൻകുടിച്ചു മദിച്ചു പെൺവണ്ടുകഠം;
കാകളി മുതിക്കുന്നു കപോതികാ—
കോകിലാശാരകാദിവിഹംഗികഠം;
നൃത്തമാടുന്നു മത്തമയൂരങ്ങഠം
ചിത്തരജോദ്ദീപ്തി ചേരുമാറാകവേ.

ആ മണിപീഠമേറിയരുളുന്ന
രാമസോദരൻ രാസരസാലസൻ;
നീരിൽമുങ്ങിവെട്ടിത്തിളങ്ങിയ മികു—

Digitized By Kerala Sahitya Akademi

വേറുമഞ്ചനത്തിന്റെ നിറംപൂണ്ടും,
നന്മണമെഴും കാർകുറുനിരകുന്തലി-
ലുന്മദമയിൽപ്പീലി തിരുകിയും,
മുഗ്ധവണ്ടണിപൂപ്പൊണ്ടു മൂടിയും,
ചിത്രമാം പൊട്ടു നെറിമേൽ മിന്നിയും,
പൂണ്ണകുന്തളപാളികപോലം ദർപ്പണ-
പൂർണ്ണഭാസ്സാം കവിളിൽ ചിത്രവും,
തത്തതൻകൊക്കുമെള്ളിന്റെ പുഷ്പവും-
മത്തൽതേടുന്ന മുകാലഴകാർന്നം,
തൊണ്ടിവായ്മലർ പ്രകിന പുഞ്ചിരി-
കൊണ്ടു മന്മഥത്തിരുനെയാട്ടിടും,
മത്തഭംഗങ്ങളം ശേൽകുമേലോ പാ-
ന്നൊത്തുമുന്നർമരമലർമാലയാൽ
മെത്തിയ തോരം വിളങ്ങിയും, കുണുങ്ങി-
ലുത്തമ വനമാലിക ചാർത്തിയും,
ചാരുകൌസ്തുഭശ്രീവത്സയുക്തമാം
മാറിൽവെൺമുത്തുമാലകളാടിയും,
മുട്ടുതൊട്ട തൃക്കൈകൊ-രുഴിഞ്ഞു പ്രകാശം-
ദുഷ്ടികട്ട മുഗേന്ദ്രകടിതടം-
മഞ്ഞപ്പട്ടാൽ മറഞ്ഞ നിതംബവും-
മാജ്ഞവാം തുട-മുട്ടുമിണങ്ങിയും.
കങ്കണാംഗദ നൂപുരാദ്യങ്ങളാം
തങ്കരത്നവിഭൂഷകളം ചാർത്തിയും,
കോടിമന്മഥന്മാരെ വെല്ലുമതി-
പ്രൌഢലാവണ്യസൌന്ദര്യമേന്തിയും,
മാനസം കക്കുമോടക്കുഴലിന്റെ
ഗാനരാഗങ്ങളംകൊണ്ടു മൂപ്പാരിനെ
തുംഗസൌഖ്യത്തിൽ മുക്കി മയക്കിയു,-
മംഗമാകെയനംഗൻ കൂടികൊണ്ടും;
മാല, ചന്ദനഗന്ധങ്ങളം, ചാമര-
മാലവട്ടം, രത്നാഭരണികളളം,
വെറ്റിലച്ചുരുൾ, കുപ്പായി, യുകാളാനി,
മറ്റുമോരോ വിലാസപ്രകാരവും
കയ്യിലേന്തി വിടുവിൻമുഖാബുജത്തിൽ
മയ്യണിക്കണ്ണുറപ്പിച്ചനുക്രമാൽ
പാകവുംനോക്കിനിൽപ്പുനിതാസ്ഥയാ

Digitized By Kerala Sahitya Akademi

ഗോകുലസ്ത്രീജനങ്ങൾക്കുപയോഗസ്ഥാനം;
ദേവിരാധയിടത്തുനിന്നൽസ്മിതം
തൂവിവെണ്ണിലാവോടേകുന്ന താംബൂലം.

ഇതെല്ലാം കണ്ടിട്ട് അർജ്ജുനൻ മന്മഥാവേശത്താൽ വിവശയായിത്തീർന്നു! അതറിഞ്ഞതു, സർവ്വജ്ഞനായ മഹായോഗേശ്വരൻ തിരുവടി അവളുടെ കൈയിരുപിടിച്ചു ശ്രീവൃന്ദാവനത്തിലെല്ലാം കൊണ്ടുനടന്നു്, അവളുടെ മുമ്പിൽ തന്റെ കഴുത്തിലണിഞ്ഞ മുഴുമണിമാലയും വിവരിച്ചു. പിന്നീട തിരിയെപോന്ന രുക്മിണീദേവൻ ശാരദാദേവിയോടരുളിച്ചെയ്തു:—'ഇവൾ മൂലപ്രകൃതിയായ കൃഷ്ണാംഗിയെ വേഗം പടിഞ്ഞാറേപ്പായ്ത്തലയിൽ കുളിപ്പിയ്ക്കുക; ഇവൾ കളിയാട്ടത്താൽ തളർന്നിരിക്കുന്നു.' ശാരദാദേവി അവളെ ആ ക്രീഡാസരസ്സിൽ കൊണ്ടുപോയി, കുളിച്ചുകൊൾവാൻ പറഞ്ഞു; ക്ഷീണിച്ചിരുന്ന അവൾ വെള്ളത്തിൽ മുങ്ങിയതോടുകൂടി, വീണ്ടും അർജ്ജുനൻതന്നെയായിച്ചമകയും, ശ്രീവൈകുണ്ഠേശ്വരൻതിരുവടിയുടെ സമീപത്തു പൊങ്ങുകയുംചെയ്തു! മനോഭംഗത്താൽ വിഷണ്ണനായിരുന്ന ധനഞ്ജയനെ കൃഷ്ണൻ മായയാൽ തരംകൊണ്ടു സ്പർശിച്ചു മുൻനിലയിലാക്കി.

ശ്രീകൃഷ്ണൻ:—'അർജ്ജുന, ഭവാൻ നല്ലതുവരട്ടെ! എന്റെ പ്രിയസഖനാണ് ഭവാൻ. ഭവാനെപ്പോലെ എന്റെ രഹസ്യം അറിയുന്നവനായി, ത്രിഭുവനത്തിൽ ആരുമില്ല. എന്നാൽ, അങ്ങു കണ്ടതും അനുഭവിച്ചതുമായ രഹസ്യം, മറ്റാരെന്നെ സത്യം, യാതൊരാളോടും പറഞ്ഞുപോകരുതു!'

ഈവിധം ശാസനം ചെയ്തയച്ചിട്ട പിൽഗ്നനൻ പ്രസാദലാഭത്താൽ മനംകുളിർത്തു, ആ അത്ഭുതത്തെത്തന്നെ സ്മരിച്ചുംകൊണ്ടു, സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. ഇതാ, എനിക്കറിവുള്ള ഗോവിന്ദരഹസ്യവും, മറ്റാരോടും പറകയില്ലെന്ന ശപഥവും ഒട്ടൊഴിയാതെ ഞാൻ ഭവാനോടു പറഞ്ഞു.'

ശിവൻ:—ബദര്യാശ്രമത്തിൽവെച്ചു സനൽകുമാരന്റെ ഈ വാക്കു കേട്ടിട്ടു സിദ്ധി നേടിയ ഉദ്ധവൻ വൃന്ദാവനത്തിലേയ്ക്കു പോന്നു; അദ്ദേഹം കൃഷ്ണന്റെ നിത്യലീലകളെ അനുഭവിച്ചുംകൊണ്ട് ഇന്നും അവിടെ നിവസിക്കുന്നുണ്ടു്. നാരദൻ ചോദിച്ചിട്ടും ഈ രഹസ്യം ഞാൻ പറഞ്ഞിട്ടില്ല; എന്നാലും അദ്ദേഹത്തിന്റെ പ്രകൃതിപ്രാപ്തിയാൽ ഇതു ഗോചരമായി. സ്നേഹത്താലത്രേ, ഇതു ഞാൻ നിന്നോടു പറഞ്ഞതു്; അതിനാൽ ഇതു മറ്റാരോടും പറയാതെ, സ്വന്തം ഗൃഹ്യസ്ഥലമെന്നപോലെ മറച്ചുവെയ്ക്കുകതന്നെ വേണം.

Digitized By Kerala Sahitya Akademi

ശ്രീഭഗവൽക്ഷേത്രത്തിന്റെ മാഹാത്മ്യം വർണ്ണിച്ചതായ ഈയദ്ധ്യായം ചൊല്ലുകയോ, കേൾക്കുകയോ ചെയ്യുവാനും വിഷ്ണുഭക്തിൽ രതിഭാവം ഉണ്ടായിവരും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം, ആഷ്ടോത്തരശതാധ്യായരൂപമായ ഉത്തരഭാഗം എഴുപത്തിനാലാമദ്ധ്യായം.

(൧)

എഴുപത്തഞ്ചാമദ്ധ്യായം

പാർവ്വതി:—'സ്വാമിൻ, വൃന്ദാവനരഹസ്യം ഭവാൻ പല മട്ടിൽ വർണ്ണിച്ചുവല്ലോ; എന്തൊരു പുണ്യവിശേഷത്താലാണ് നാരദന്നു പ്രകൃതിപ്രാപ്തി സിദ്ധിച്ചതു?'

ശിവൻ:—'ഓമനേ, പണ്ടൊരിക്കൽ ഈ അശ്വത്ഥം അറിവാനായി ഞാൻ ബ്രഹ്മാവിനോടു ചോദിച്ചു; അദ്ദേഹം കൃഷ്ണമുഖത്തുനിന്നതന്നെ കേട്ട രഹസ്യം എന്നോടു പറകയും ചെയ്തു. പിന്നെ നാരദൻ എന്നോടു ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു:—'അതിന്റെ മാഹാത്മ്യം ഒരുവിധത്തിലും എനിക്കു പറയാവുന്നതല്ല; എന്തു ചെയ്യട്ടെ; ബ്രഹ്മാവിനോടു ചെയ്തിട്ടുള്ള ശപഥം ഓർത്തു ഞാൻ വല്ലായ്മപ്പെട്ടു!' ഇതുകേട്ടിട്ടു നാരദൻ ദുഃഖിതനായിത്തീർന്നു. അപ്പോൾ ഞാൻ ബ്രഹ്മാവിനെ വരുത്തി, 'ഭവാൻ എന്നോടു പറഞ്ഞതു നാരദന്നും പറഞ്ഞുകൊടുക്കുക' എന്നാവശ്യപ്പെട്ടു. ഉടനേ ബ്രഹ്മാവു നാരദനോടൊരുമിച്ചു കൃഷ്ണന്റെ സന്നിധിയിൽ ചെന്നെത്തി, നമസ്കരിച്ചു ചോദിച്ചു:—'പ്രജാനാഥനായ ഭഗവാനേ, ഈ വൃന്ദാവനം എന്നതു് എന്താണ്? എനിക്കു കേൾക്കേണമെന്നുണ്ടു്; ഞാൻ അർഹനാണെങ്കിൽ അരുളിച്ചെയ്താലും.'

ശ്രീഭഗവാൻ:—'ഈ രമണീയ വൃന്ദാവനം എന്റെ ഏകവാസസ്ഥാനമാകുന്നു. അവിടെയുള്ള പശുക്കളും വൃക്ഷങ്ങളും പുഴുക്കളും മനുഷ്യരും ദേവകളുമൊക്കെ അവസാനത്തിൽ എന്റെ സന്നിധിയിൽ വന്നുചേരും. എന്റെ പാവ്വിടമായ അവിടത്തിൽ നിവസിച്ചുപോരുന്ന ഗോപസ്ത്രീകളും യോഗിനികളും വൃക്ഷാദികളും ദേവകളുമത്രേ. ഇങ്ങിനെ ദേവാത്മകമായ ഒന്നാകുന്നു, അപ്രമേയമാഹാത്മ്യമുള്ള വൃന്ദാവനം. പരമമായ അമൃതത്തെ വഹിക്കുന്ന കാളിന്ദി സുഷുമ്നയാ

Digitized By Kerala Sahitya Akademi

കുന്നു; അതിനാൽ ദേവകളും ഭൂതങ്ങളും സൂക്ഷ്മരൂപേണ വർത്തിക്കുന്നു. സർവ്വവ്യാപിയായ ഞാൻ ഈ വനത്തെ ഒരിക്കലും വിട്ടുപോകാറില്ല; ഇവിടെ യുഗംതോറും ആവിർഭവിക്കുകയും തിരോഭവിക്കുകയും ചെയ്യും. ഈ തേജോമയമായ സ്ഥാനം മാംസദൃഷ്ടികൊണ്ടു ദർശിക്കാവുന്നതല്ല. ഏതു യുഗത്തിലും എന്റെ പ്രഭാവരഹസ്യമത്രേ വൃന്ദാവനം; ബ്രഹ്മാവു തുടങ്ങിയ ദേവകൾപോലും ഇതു ഒരിക്കലും കണ്ടുകിട്ടുകയില്ല.'

ഇതുകേട്ടിട്ടു നാരദൻ നാരായണനെയും കൃഷ്ണനെയും വന്ദിച്ചു ഭൂമിയിലേയ്ക്കിറങ്ങി നൈമിശാരണ്യത്തിൽ ചെന്നെത്തി. അവിടെ ശൌനകാദി മുനിശ്രേഷ്ഠന്മാർ അദ്ദേഹത്തെ സൽക്കരിച്ചു, 'ബ്രഹ്മൻ, എവിടെനിന്നാണു വരുന്നതെ'ന്നും മറ്റും ചോദിച്ചു. നാരദൻ മറുപടി പറഞ്ഞു:—'ഞാൻ കൃഷ്ണന്റെ തിരുമുഖത്തുനിന്നു വൃന്ദാവനരഹസ്യം കേട്ടിട്ടു, ഗോലോകത്തുനിന്നു വരികയാണ്. അവിടെവച്ചു വീണ്ടും വീണ്ടും പലതരം ചോദ്യങ്ങൾ ചോദിക്കയുണ്ടായി: എല്ലാ മന്ത്രങ്ങളും യാഗങ്ങളും ഞാൻ ശ്രവിച്ചു. അവ, ചോദിച്ചാൽ ശരിക്കു നിങ്ങളോടു പറയാം.'

ശൌനകൻ:—'ലോകേശൻ അങ്ങയോടു പറഞ്ഞ വൃന്ദാവനരഹസ്യം, ഞങ്ങളിൽ ദയയുണ്ടെങ്കിൽ, ഞങ്ങൾക്കു പറഞ്ഞുതരിക.'

നാരദൻ:—'ഒരിക്കൽ സരയൂതീരത്തുവെച്ചു ഞാൻ ഗൌതമനെ കണ്ടെത്തി: അയാൾക്കു വലിയ ദുഃഖവും വല്ലാത്ത വിചാരവുമുണ്ടായിരുന്നു. എന്നെ കണ്ടതോടുകൂടി, അയാൾ നിലത്തു പതിച്ചു. ഉടനേ ഞാൻ സമാശ്വസിപ്പിച്ചു:—'ഉണ്ണി, ഉണ്ണി, എഴുന്നേല്ക്കു. ഭവാനെന്താണ് ദുഃഖമെന്നു, വിരോധമില്ലെങ്കിൽ, പറയുക.'

ഗൌതമൻ:—'സൽഗുരോ, ഇവിടുന്നു തത്ത്വാദ്ധ്യാത്മമായ കൃഷ്ണതത്വം എനിക്കു പറഞ്ഞുതന്നുവല്ലോ: ദ്വാരകയുടേയും മഥുരയുടേയും മറ്റും രഹസ്യം ഞാൻ കേട്ടു; എന്നാൽ, വൃന്ദാവനത്തിന്റെ രഹസ്യം ഭവാൻ എന്നെ കേൾപ്പിച്ചിട്ടില്ല. അതു കേട്ടേ എനിക്കു മനഃസ്വസ്ഥ്യം ഉണ്ടാകുകയുള്ളൂ.'

നാരദൻ:—'രഹസ്യങ്ങളിൽവെച്ചു രഹസ്യമത്രേ വൃന്ദാവനരഹസ്യം; ഈ പരമഗുഹ്യം എനിക്കു പറഞ്ഞുതന്നതു ബ്രഹ്മാവാണ്: 'അച്ഛ, ദേവേശ, വൃന്ദാവനരഹസ്യം എന്നോടരുളിച്ചെയ്താലും' എന്നിങ്ങിനെ, ജിജ്ഞാസുവായ ഞാൻ അപേക്ഷിച്ചപ്പോൾ അവിടുന്നു ക്ഷണനേരം മൌനത്തിലിരുന്നിട്ട്, 'ഉണ്ണി, എന്റെ സ്വാമിയായ മഹാവിഷ്ണുവിന്റെ അരികിൽ പോവുക; ഞാനും നിന്നോടൊരുമിച്ചു' അ

Digitized By Kerala Sahitya Akademi

ങ്ങോട്ടു പോരാം' എന്നരുളിച്ചെയ്തു്, എന്നെയുംകൊണ്ടു വിഷ്ണുവിന്റെ മന്ദിരത്തിലണഞ്ഞു, ഞാനാവശ്യപ്പെട്ടതു തന്തിരുവടിയോടണത്തിച്ചു. അപ്പോൾ മഹാവിഷ്ണു സ്വയംഭ്രുവിനോടു, 'ഭവാൻതന്നെ നാരദമുനിയെ കൊണ്ടുപോയി അമൃതസരസ്സിൽ സ്നാനം കഴിപ്പിക്കുക' എന്നാജ്ഞാപിച്ചു. അദ്ദേഹം അതിൻവണ്ണം പ്രവർത്തിച്ചു. ഞാൻ അമൃതസരസ്സിൽ മുഴുകിയതോടുടനെ, എനിയ്ക്കുള്ളതും, എല്ലാ ലക്ഷണങ്ങളും തികഞ്ഞ ഒരു സ്ത്രീയായിത്തീർന്നു, സരസ്സിന്റെ മറുതീരത്തുണ്ടായിരുന്ന പെണ്ണുങ്ങളുടെ അടുക്കൽ ചെന്നാണഞ്ഞു.

ഞാൻ ചെല്ലുന്നതു കണ്ടിട്ടു് അവർ തെരുതെരെ ചോദിച്ചു:—'ഭവതി ആരാണു്? എവിടെനിന്നു വരുന്നു? സ്വന്തം കഥയൊക്കെ പറയു' ഞാൻ മറുപടി പറഞ്ഞു:—'ഞാൻ ആരോ? വരുന്നതെവിടെനിന്നോ? സ്ത്രീയായിച്ചമഞ്ഞതെങ്ങിനെയോ? എല്ലാം ഒരു സ്വപ്നം പോലെ; എനിക്കൊന്നും അറിഞ്ഞുകൂടാ!' അപ്പോൾ ദേവി മധുരസ്വരത്തിൽ ഉരിയാടി:—'കൃഷ്ണചന്ദ്രന്നു് എന്നെന്നും പ്രിയപ്പെട്ട വൃന്ദാപുരിയാണിതു്. ഞാൻ തുയ്യാതീതയും നിഷ്കളങ്കയുമായ ലളിതാദേവിയാകുന്നു.' വീണ്ടും കരുണാപൂർണ്ണഹൃദയനായ ആ മഹാദേവി, 'എന്റെകൂടെ വരിക' എന്നിങ്ങനെ എന്നോടരുളിച്ചെയ്തു. അപ്പോൾ കൃഷ്ണഭക്തമാരായ മറ്റു സ്ത്രീകളുമെല്ലാവരും 'ദേവിയോടൊരുമിച്ചു പോന്നുകൊൾക' എന്നെന്നെ പ്രേരിപ്പിച്ചു. പിന്നീടു് മഹാത്മാവായ കൃഷ്ണചന്ദ്രന്റേയും ആ ദേവിയുടേയും ചതുർത്ഥാക്ഷരമന്ത്രം എനിക്കു സദയം ഉപദേശിക്കപ്പെട്ടു; തൽക്ഷണംതന്നെ ഞാൻ സകലാംകൊണ്ടും തത്സദൃശിയായിച്ചമഞ്ഞു, ആ സ്ത്രീകളോടൊപ്പം സനാതനനായ കൃഷ്ണന്റെ സമീപത്തേയ്ക്കു പോയി. സ്ത്രീകളിൽ മനം രമിച്ച സ്ത്രീമയൻ തന്നെയായിരിക്കുന്ന ആ സച്ചിദാനന്ദരൂപകൻ എന്നെ കണ്ടിട്ടു്, 'ഓമനേ വരൂ; സുന്ദരി, എന്നെ പ്രേമത്തോടു് കെട്ടിപ്പുണർന്നാലും' എന്നിങ്ങനെ വീണ്ടും വീണ്ടും അരുളിച്ചെയ്തു്, ഒരു കൊല്ലം മുഴുവൻ അവിടെത്തന്നെ രമിച്ചു.

അതിന്നുശേഷം ഭഗവാൻ രാധാദേവിയോടരുളിച്ചെയ്തു:—'എന്റെ പ്രകൃതിയായ ഇവൾ നാരദൻ എന്നവനായിരുന്നു; ഇയ്യാളെ രമണീയമായ അമൃതസരസ്സിൽ കൊണ്ടുപോയി സ്നാനം ചെയ്യിക്കുക.' പ്രിയതമൻ അരുളിച്ചെയ്തയ്തു് ആ ദേവി എന്നോടരിയാടി:—'രാധ എന്നും കീർത്തിക്കപ്പെടുന്ന ലളിതാദേവിയാണു് ഞാൻ; എന്നെന്നും കാമകലാത്മകനായ വാസുദേവനുമാണു് ഞാൻ. ഞാൻ വായുവൃത്തിൽ സ്ത്രീരൂപനും സനാതനിയായ സ്ത്രീതന്നെയുമാകുന്നു. ലളിതാദേവിയാ

Digitized By Kerala Sahitya Akademi

യ രൂപത്തെ പുരുഷശ്രേഷ്ഠന്മാർ ധ്യാനിക്കുന്നു. നാരദ, വാസുദേവത്തിൽ ഞങ്ങളിരുവർക്കും ഒന്നുതന്നെ. രൂപത്തിന്റെ ഈ ഗുണവും സമയവും മന്ത്രവും സമാചാരവും സങ്കൽപവും ആർ അറിയുന്നുവോ, അവൻ എനിക്കു ലക്ഷ്മീപതിയെപ്പോലെ പ്രിയനായിരിക്കും. ഈ വൃന്ദാവനം എന്റെ നിഗ്രഹസ്ഥാനമാകുന്നു; മുള്ള് എന്നും രൂപവിടെയും വെളിപ്പെടുത്തരുത്—വിശേഷിച്ചും ശ്രീകൃഷ്ണന്റെ പാദത്തിനടുത്ത് പാടില്ലതന്നെ.'

ഇതിന്റെ ശേഷമവൻ തന്റെ ശ്രേഷ്ഠസ്ത്രീയെ കൊണ്ടുപോകുന്നതിനായി, ശ്രീപാർവ്വതിയുടെ വാഹനമായ വിമാനത്തെ തിരിച്ചുവരുത്തി. ഞാൻ അതിൽ കയറുകയും, വൈകുണ്ഠത്തെയായിത്തീരുകയും ചെയ്തു! വീണ്ടുമീ ഈ ഭൂമണ്ഡലത്തെ വീണ്ടുംവീണ്ടും പാടിക്കൊണ്ടു ഞാൻ വിഷ്ണുഭക്തന്മാരുടെ വിരിഞ്ചന്റെ അടുക്കൽ ചെന്നു നമസ്കരിച്ചു. സ്വയംപ്രഭു എന്നെ മുകുന്ദൻ പാതിരിപ്പിക്കാതെ രണ്ടാമതൊന്നും ഉരിയാടുകയുണ്ടായില്ല.

ഉണ്ണി, ഇത് അതിഗോപ്യമെങ്കിലും ഞാൻ നിനക്കു പറഞ്ഞുതന്നു; നീയും കൃഷ്ണപാദ്രന്റെ ചിന്മയമായ കൈവല്യധാമത്തെ, മാതാവിന്റെ പ്രിയപുത്രനെ എന്നപോലെ പണിപ്പെട്ടും മറച്ചുവെപ്പുകൊള്ളണം.'

മുനിശ്രേഷ്ഠരേ, ഞാൻ ശിഷ്യനായ ഗൌതമനു പറഞ്ഞുകൊടുത്ത രഹസ്യം ഇതാ, ഒട്ടൊഴിയാതെ നിങ്ങളോടും പറഞ്ഞു. ഇതു രൂപവിടെയും രൂപം പുറത്താക്കരുത്; പുറത്താക്കിയാൽ ശാപം പറ്റുമെന്നാണ്, ശ്രീകൃഷ്ണപാദ്രന്റെ നിശ്ചയം.'

കൃഷ്ണലീലാസംബന്ധിയായ ഈ ശ്രേഷ്ഠാധ്യായം വായിക്കുകയൊ ചൊല്ലുകയൊ ചെയ്യുന്നതാരോ, അവനും പരമപദം പ്രാപിക്കും.

ശ്രീബൃഹന്മഹാപുരാണം, പാദ്മഖണ്ഡം, ഉമാമഹേശ്വരസംവാദം,
നാരദസ്തീർത്ഥപ്രവൃത്തികഥനം എഴുപത്തഞ്ചാമദ്ധ്യായം.

രണ്ടാമദ്ധ്യായം

ശിവൻ:—ശ്രീകൃഷ്ണന്റെ ഒരുവേലചെയ്തുള്ള കേട്ടിട്ട് ദന്തവക്ത്രൻ കൃഷ്ണനോടു യുദ്ധംചെയ്യുവാൻ വീണ്ടുമതിൽ ചെന്നേറി. അതുകേട്ട് കൃഷ്ണനാം തരുണിയോടു വീണ്ടുമതിൽ തുടങ്ങിടുവാൻ, അവനെ നിഗ്രഹിച്ചു; പിന്നെ കളിന്ദി തന്നെ അവഗാഹിയിലുടനാളുകി, അച്ഛനമ്മമാ

Digitized By Kerala Sahitya Akademi

രെ വന്ദിച്ചാശ്വസിപ്പിച്ച് അവരാൽ ആലിംഗിതനായിട്ട്, ഗോപവൃദ്ധന്മാരെയെല്ലാം പുണ്യം സമാശ്വസിപ്പിച്ച്, അവിടെയുള്ളവക്കെല്ലാം വളരെ വസ്ത്രാഭരണങ്ങളും മറ്റും സമ്മാനംകൊടുത്തു. അതിനു ശേഷം, പുണ്യവൃക്ഷാവൃതമായ കാളിന്ദിയുടെ കമനീയപുളിനത്തിൽ ഗോപസ്ത്രീകളൊന്നിച്ചു രാത്രികൾ ക്രീഡിച്ചുകൊണ്ട് മൂന്നുദിവസം താമസിച്ചു. വാസുദേവപ്രസാദത്താൽ അമ്പാടിയിലെ നന്ദഗോപാദിജനങ്ങളെല്ലാവരും—പശുപക്ഷിമൃഗാദികളും പോലും—പുത്രകളത്രങ്ങളോടൊന്നിച്ചു ദിവ്യരൂപംപൂണ്ട വിമാനങ്ങളിലേറി പരമമായ വൈഷ്ണവലോകം പ്രാപിച്ചു. ശ്രീകൃഷ്ണനോ, നന്ദഗോപന്റെ അമ്പാടിയിലുണ്ടായിരുന്നവക്കെല്ലാം നിരാമയമായ സ്വസ്ഥാനം കല്പിച്ചു നൽകി ദേവന്മാരാലും ദേവസ്ത്രീകളാലും സ്തുതിക്കപ്പെട്ടുകൊണ്ട്, ശ്രീമത്തായ ദ്വാരകയിലേയ്ക്കെഴുന്നള്ളി.

അവിടെ ആ വിശ്വാത്മാവ് വസുദേവൻ, ഉഗ്രസേനൻ, ബലഭദ്രൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ, അക്രൂരൻ മുതൽപേരാൽ നാൾതോറും സംപൂജിതനായി, പതിനാറായിരത്തെട്ടു പത്നിമാരൊന്നിച്ച് ദിവ്യലതാഗൃഹങ്ങളിൽ കല്പകവൃക്ഷപുഷ്പകം ചിതറിയ പട്ടുകിടക്കകളിൽ രമിച്ചുപോന്നു.

ഇപ്രകാരം ദേവകർമ്മങ്ങൾക്കെല്ലാം നന്മയ്ക്കായി ഭൂഭാരം മുഴുവനും നശിപ്പിക്കുന്നതിനു് യദുവംശത്തിൽ അവതരിച്ച വാസുദേവൻ രാക്ഷസരെ കൊന്നൊടുക്കി, വന്നിച്ച ഭൂഭാരം നീക്കി, അമ്പാടിയിലും ദ്വാരകയിലുമുണ്ടായിരുന്ന സ്ഥാവരജംഗമങ്ങളെ സംസാരബന്ധത്തിൽനിന്നു വേർപെടുത്തി യോഗിധ്യേയമായ ശാശ്വതപരമധാമത്തിൽ ചേർത്ത്, നിത്യവും ദിവ്യമഹിഷ്യാദികളാൽ സേവിക്കപ്പെട്ടുകൊണ്ട് സർവ്വവ്യാപ്തനായി വാണരുളുന്നു. അവ്യാകൃതമായ ബ്രഹ്മം, പ്രകൃതിയിൽ സ്ഥിതിചെയ്ത് ത്രിഗുണങ്ങളെ ഉപഭുജിച്ച്, ആലിൻപഴവും നെയ്യുമെന്നപോലെ അലിഞ്ഞു വിണ്ണണഞ്ഞു!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീകൃഷ്ണചരിതസംക്ഷേപം എഴുപത്താറാമദ്ധ്യായം.

(൧)

Digitized By Kerala Sahitya Akademi

രണ്ടാമദ്ധ്യായം

പാർവതി:—'ദേവേശാ, വിശ്വേശ്വരനായ വിഷ്ണുവിന്റെ മ
ന്ത്രഗൌരവവും സത്കഥാസന്താനവിസ്തൃതികളും പരമധാമവും, നിർ
ണ്ണാഖ്യങ്ങളായ വ്യൂഹരൂപങ്ങളുമെല്ലാം ശരിക്ക വിസ്തരിച്ചു പറഞ്ഞുതന്നാലും!'

ശിവൻ:—

[കിളിപ്പാട്ട്—ആനന്ദനട]

ശതലക്ഷശ്ലോകമിതിഭഗവൽസൃഷ്ടിപ്രകാരം
വൃത്തം വൃത്താവന്തം പരമാനന്ദവന്തം,
പരിലസിക്കുന്ന പലരൂപം വൃവിൻ
പരിമളംപൂണ്ട മരുത്തു വീശിയും,
കളിന്ദജാനദിയുടെ മികവെഴു--
മലയടികളാൽ കുളിർമ തേടിയും,
സനകൻ മുനായ ഭഗവൽഭക്തരാം
മുനിപ്രവരരാൽ നിഷേവിതമായും,
മധുരമാമൊലിയിടും പൈങ്കരം മേഞ്ഞും
മലർമാലയണിഞ്ഞിടാങ്ങരം മേളിച്ചും.
ഒരു തങ്കപ്പുറ്റുമുണ്ടു തറ
സുരുചിരനാമമണിഭൂതലം;
അതിൻചുവട്ടിൽ നമ്രശിരസ്കരായിമേൽ
ശ്രുതിമയശ്ലോകമണിസിംഹാസനേ
മരുവുന്ന ജഗൽപതി, നൂലക്ഷം
മദനന്മാരുടെയഴകുഴം കൃഷ്ണൻ,
ശശിസൂര്യകോടിസമാനതേജസ്സാൽ
ദിശ പത്തും തലോം പ്രകാശിപ്പിപ്പവൻ,
അരിപ്പൂന്നിനൊരു പിശംഗവർണ്ണവു-
മിരുകയ്യും മുന്നു തിരുമിഴിയുമായ്,
സനാതനൻ, ഭക്തവശൻ, വിരിഞ്ചാദി-
സനകാദിധ്യേയൻ, ഗുണാധ്യാശീതൻ;
ശതലക്ഷലക്ഷശ്ലോകാത്മകം ഗോപികാ-
കൃതി നേടി,കൃഷ്ണപദാബ്ജജ്ഞാൻ തേടി,
മദാൽ വട്ടംപൂരും മിഴിയുമായ് പുഴ
മഹോത്സവം ചേർത്തു നടനമാടുന്നു,

Digitized By Kerala Sahitya Akademi

ചിരി പൊഴിക്കുന്ന, പരിപുഞ്ചിരിക്കുന്ന,
തെരുതെരെക്കെട്ടിപ്പുണർന്നുകൊള്ളുന്ന;
അവരുടെയെല്ലാം നടുവിലായ്, തരുണ-
സുവർണ്ണവർണ്ണമാമുടലിൻ കാന്തിയാൽ
ദിശകളിലെങ്ങും പിണർന്നിടുന്ന വിധി
പ്രശസ്തദേവിയാം ഭഗവതി വാഴുന്നു:
അവളാലേ വ്യാപ്തമിതൊക്കെയും;—ഭവ—
ദ്വിദ്യയായ് സ്സൃഷ്ടിസ്ഥിതിലയങ്ങൾ ചെയ്യുന്നു;
അവരം പരാവിദ്യ, ത്രയി, ശ്രുതിരൂപ;—
യവരം മായാരൂപ, സപരാപര, ചിന്മയി;
അവളുടെ മായ പുണർന്നിരിപ്പോളീ
ഭുവനംതന്നിലെച്ചരാചരമെല്ലാം;
ശിവവിഷ്ണുബ്രഹ്മവാദികൾക്കുമമ്മതാ—
മവളെ ശ്രീവൃന്ദാവനേശി രാധയായ്—
പുണർന്നു,മാനന്ദാലവരം പേർത്തിങ്ങോട്ടും
പുണർന്ന ചുംബിയ്ക്കുലഹരിയുംകൊണ്ടും
വിളങ്ങുന്ന വൃന്ദാവനേശരൊ ടൊത്തി
വിഭാവനംചെയ്താൽ വരുമല്ലോ സിദ്ധി.
രഹസ്യമാമന്ത്രം ജപിയ്ക്കുകോടംഗരൊ.
നിഹ ചെയ്യുന്നവനസാമാന്യമഹാൻ!

സതി രാധ, ചന്ദ്ര, യഥ ചിത്രരേഖ,
മദനസുന്ദരി, പ്രിയ, മധുമതി,
ശശിരേഖയെന്നീ ഹരിപ്രിയമാരിൽ
പ്രശമിനി രാധ സുവർണ്ണവർണ്ണയാൾ,
സുവർണ്ണമാലിനി, പ്രണയരോമാഞ്ച—
വിവർണ്ണതാസേപദവിമോഹശാലിനി,
പ്രിയംവദ, ദീനാനുകമ്പിനി, രാസ—
പ്രിയ, സകലസ്ത്രീസുജീവനയായോൾ;
കരളിലൊട്ടുമേ കറപെടാത്തവൾ
തിരുനാമാമൃതരസം നുകരുന്നാൾ;
ഹരിയുടെ വലത്തിരുപ്പുറം, തീരെ
കറഞ്ഞവൾ, ചന്ദ്രയുടൽ തെളുഞ്ഞവൾ,
നടനവാദനനിരതയെപ്പൊഴും,
സ്ഫുടപ്രേമമൂർച്ഛാപുളകഭൈരവ്യയാൾ,
സമസ്തസന്മയപ്രിയ, മനസിജ—

Digitized By Kerala Sahitya Akademi

സമാവേശംമൂലം മധുരിമ പൂണ്ടോരാം;
ഉരുക്കുപൊൻനിറമിയന്ന രാധയേപോ-
ലുരുപ്രണയമാം പുഴയൊഴുക്കുവോരാം,
സുരതോത്സവത്തിൽത്തിമർക്കും മയ്ക്കണ്ണാം,
മറിമായങ്ങളുമിണക്കുത്തുമുള്ളോരാം,
സദാ പുഞ്ചിരിക്കൊള്ളുവോരാം ചിത്രരേഖ
പ്രധാനസാമ്രാജ്യസുശീലനയത്രു;
സുരതിതാഞ്ജനദ്യുതി, സവിലാസ-
മൃദുഗതി, രാസകേളിരാസ കുമതി,
മിഴിതെല്ലൊന്നാടഞ്ഞവരം, തെളിപ്രേമം
പൊഴിച്ചുവരം, കൃഷ്ണപ്രണയകാംക്ഷിണി,
അഹന്തപൂണ്ടവരം, ജിതേന്ദ്രിയമുടി-
യ്ക്കണിമണി, മുഖവിജിതചന്ദ്രയാരാം,
മധുരഭാഷണചതുരയരാം, മന്ദ-
സ്മിതമനോഹരി മദനസുന്ദരി;
തരുണിമയുടെ നടുവിൽ നിൽപ്പവരാം,
തിരുവുരുകരുത്തഴകിയന്നവരാം,
അനുരാഗത്താലുമൊളിനോട്ടത്താലു-
മനുവേലം കൃഷ്ണമനം മയക്കുവോരാം,
രഹോരാസപ്രിയ, ജിതേന്ദ്രിയ, രോഷ-
വിഹീനയാളത്രേ പ്രിയയെന്ന ദേവി;
ഉരുക്കുപൊന്നൊളിയുടലിൽ പ്രേമത്താ-
ലുരുരോമാഞ്ചമാണ്ടഴകയന്നവരാം,
സലീലഗാമിനി, സുമന്ദഹാസിനി,
സരസഭാഷിണി, ജിതേന്ദ്രിയമണി,
അതിപ്രണയത്താൽ, കരകയ്യും ചേർപ്പോരാം,
മതിയെതിർമഞ്ഞുമുടി, മധുമതി;
സ്ഫടൽപ്രേമചരാചരൈകമോഹനയാരാം,
പരമമാനമാം പൊടിയിൽ ക്രീഡിപ്പോരാം,
തിരുവുടൽ കരുത്തഴകുറുമ്പവരാം,
നറുതേനിൻനിറം മിഴിയുള്ളിലന്നവരാം,
ഭൂശംരാസശ്രമത്താൽ നടനമാടുവോരാം
ശശിരേഖയെന്നാമുകുന്ദപ്രേയസി.

എന്നെറ പരമേശ്വരി ശിവകുണ്ഡത്തിൽ ശിവാനന്ദയായും, ദേ
വികാതീരത്തു നന്ദിനിയായും, ഭാരകയിൽ രുഗ്മിണിയായും, വൃന്ദാവ

Digitized By Kerala Sahitya Akademi

നത്തിൽ രാധയായും, മഥുരയിൽ ദേവകിയായും, ചിത്രകൂടത്തിൽ സീതയായും, വിന്ധ്യനിൽ വിന്ധ്യവാസിനിയായും, വാരാണസിയിൽ വിശാലാക്ഷിയായും,പുരുഷോത്തമത്തിൽ വിമലയായും കുടികൊള്ളുന്നു. മറുള്ളവയിൽവെച്ചു വൃന്ദാവനത്തിനാത്രേ ശ്രീകൃഷ്ണൻ കനിഞ്ഞുനൽകിയിട്ടുള്ളതു്: വൃന്ദാവനത്തിലാണല്ലൊ രാധാദേവി.

നിത്യാനന്ദമാണ് കൃഷ്ണന്റെ തിരുവുടൽ; അവിടുന്ന് അശരീരനത്രേ. ബ്രഹ്മത്തിന്നും പഞ്ചഭൂതാധിഷ്ഠാനദേവതപം സങ്കല്പിക്കപ്പെടുന്നുണ്ടല്ലൊ; അതുപോലെ കൃഷ്ണനും ശരീരവും. സൂര്യനെങ്കിലും സൂര്യൻ തേജസ്സുനിമിത്തം ദൃഷ്ടിഗോചരമാകാത്തതെപ്രകാരമോ, അപ്രകാരം കൃഷ്ണൻ കാന്തിയാൽ കാലത്തെ മയക്കിക്കളയുന്നു! മാംസാസ്ഥിമേദോമയമായ പ്രാകൃതദേഹമല്ല തന്തിരുവടിയുടേതു്; അതു സാമാന്യനായ ഈശ്വരൻ യോഗിയും സാധാരണനും നിത്യവിഗ്രഹനുമാകുന്നു. നിയതിവശാൽ, ആലിപ്പഴവും നെയ്യും കട്ടിപ്പെട്ടുന്നതുപോലെ, കൃഷ്ണൻ സത്യരൂപനായിത്തീരുന്നു എന്നേ ഉള്ളൂ. ആനന്ദകിരണോൽക്കരം നിറഞ്ഞ ഒരു വിശ്വകലാനിധിയാണ് കൃഷ്ണൻ; അതുണ്ണാമൂതാത്മാവിന്റെ കിരണാംശങ്ങളത്രേ ശരീരികൾ.

വൃന്ദാവനത്തിലെ ഒരു തരി പൊടിയിൽ നൂറുനൂറായിരം വിഷ്ണുക്കൾ ഉണ്ടായിരിക്കും; അതിനെ ഞാൻ വന്ദിക്കുന്നു! കൃഷ്ണനുതുല്യൻ രണ്ടേ ഉള്ളൂ; ഒരിക്കലും നാലില്ല. അവിടുന്ന് ഒരു ഗോപിയോടുക്രൂടി എന്നെന്നും അവിടെ കളിയാടുന്നു. ഗോവിന്ദൻ മാത്രമാണ് പുരുഷൻ; ബ്രഹ്മാദികളൊക്കെ വെറും സ്ത്രീകൾ: ഇതാണല്ലൊ പ്രകൃതിയുടെ സ്വഭാവം. പ്രകൃതിയുടെ നാഥനാകുന്ന ഈശ്വരൻ; അദ്ദിമരായ പ്രകൃതിപുരുഷന്മാരത്രേ രാധയും വൃന്ദാവനേശ്വരനും. വൃന്ദാവനേശ്വരനൊഴിഞ്ഞു മറെറല്ലാം പ്രകൃതിയുടെ വികാരംതന്നെ! ഉണ്ടാക്കുമ്പോഠം തിരുവുടലുണ്ടാകുന്നു; അതു നശിച്ചാലൊ ഭേദം നശിച്ചു എന്നു മാത്രം. കടകാദികൾ നശിച്ചാലും സ്വർണ്ണത്തിനു നാശമില്ലല്ലൊ; അതുപോലെ, മത്സ്യാദിരൂപങ്ങൾ നശിച്ചാലും കൃഷ്ണനു നാശമില്ല. ത്രിഗുണജന്യമായ ഈ പ്രപഞ്ചം വൃന്ദാവനവിഹാരിയുടേതാകുന്നു: സമുദ്രത്തിന്റെറയാണല്ലൊ തിര; തിരയുടേതല്ല സമുദ്രം.

രാധയെപ്പോലെ ഒരു സ്ത്രീയില്ല; കൃഷ്ണനെപ്പോലെ ഒരു പുരുഷനില്ല; കൈശോരത്തെക്കാൾ ശ്രേഷ്ഠമായ ഒരു പ്രായമില്ല; പ്രകൃതിയെക്കാൾ മീതെ ഒരു സ്വഭാവമില്ല. കൈശോരവും വൃന്ദാവനവും ശ്യാമരൂപവും ആദിദൈവവും ശൃംഗാരവും തന്നെ ധ്യേയം! അജ്യൂവയസ്സു

Digitized By Kerala Sahitya Akademi

വരെ ബാല്യം; പത്തുവരെ പൌഗണ്ഡം; പതിനഞ്ചുവരെ കൈശോരം; കൈശോരത്തോടു യൌവനം ഇടചേർന്നാൽ നവയൌവനം. ഈ പ്രായമാണ് അവിടുത്തെ സർവ്വസം; മറു പ്രായം പ്രപഞ്ചമത്രേ.

(ശ്ലോകങ്ങൾ)

തൊഴുന്നോൻ ബാല്യപൌഗണ്ഡകൈശോരകമനോജ്ഞനായ്
സ്മരഗോപാലവടിവാം ബാലഗോപാലഗോപനെ!
തൊഴാം മദനഗോപാലനെന്നുചൊല്ലും കിശോരനെ,
യൌവനംചേർന്ന മദനമോഹനാത്ഭുതരൂപനെ.
നിസ്തുലാഖണ്ഡപീയൂഷരസാനന്ദമഹാർണ്ണവം
വെൽവൂ കൈശോരകം ഗ്രുഡം ശ്രീകാന്തന്റെ വയസ്സഹോ!
ഗോപീമധ്യഗനാമേകനാകും നിത്യപുരാണനെ
ധ്യാനത്തിൽ നാനാഭേദേന കാണുന്നു ഭേദബുദ്ധികം.
അർതൻ നഖേന്ദുശ്രീബ്രഹ്മം ധ്യേയം ബ്രഹ്മാദികംക്കുമേ,
തൊഴുന്നോൻ ത്രിഗുണാതീതനാമാ വൃന്ദാവനേശനെ.
വൃന്ദാവനം വിട്ടിരിക്കലില്ല കൃഷ്ണനൊരിക്കലും;
അന്യത്ര തന്തിരുവുടൽ കൃത്രിമംതന്നെ നിർണ്ണയം!
ഗോപസ്ത്രീകൾക്കു സുലഭം, മുമുക്ഷുക്കൾക്കു ദുർല്ലഭം
അർതൻനഖദ്യുതിബ്രഹ്മ,മാനന്ദജന വന്ദനം!'

പാർവ്വതി:—'ഭുക്തിമുക്തിസ്പൃഹയാകുന്ന പിശാചി മനസ്സിൽ കിടക്കുമ്പോൾ, എങ്ങിനെയാണ് തൻതിരുവടിയിൽ പ്രേമത്താലുള്ള സുഖം ഉണ്ടാവുക?'

ശിവൻ:—'ഭദ്രേ, കൊള്ളാം, എന്റെ ഉള്ളിലുള്ളതുതന്നെയാണ് ഭവതി ചോദിച്ചത്. എല്ലാം ഞാൻ പറയാം; ശ്രദ്ധിച്ചു കേൾക്കുക: എല്ലായ്പോഴും ഗുണങ്ങളെ സ്മരിച്ചു മനോഹരമായ തിരുനാമം പാടിക്കൊണ്ട് ആത്മാവിനെ ആത്മാവിനാൽ ഉണർത്തുക; എന്നാൽ പ്രേമത്തിൽ ലയിയ്ക്കാം.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീകൃഷ്ണതുലസീഗുണവർണ്ണനം എഴുപത്തേഴാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

എഴുപതെട്ടാമദ്ധ്യായം

പാർവ്വതി:—'യാതൊന്നാലുള്ളുവ്വാൽ മനുഷ്യരെല്ലാം സംസാരസാഗരം കടക്കുമോ, ആ വൈഷ്ണവധർമ്മവും മുഴുവൻ എനിയ്ക്കു പറഞ്ഞുതന്നാലും.'

ശിവൻ:—'വൈഷ്ണവന്മാർക്ക് പതിനെട്ടു ശ്രുതിയുണ്ട്; അതു കേട്ടുകൊൾക:

അമ്പലം മെഴുകുക, ഭഗവാനെ അനുഗമിയ്ക്കുക, ഭക്തിപൂർവ്വം വലത്തുവെയ്ക്കുക; ഇതു പാദശ്രുതിപ്രദമാകുന്നു. വിഷ്ണുവിനെ പൂജിപ്പാൻ പത്രങ്ങളും പുഷ്പങ്ങളും ആദരത്തോടെ പറിയ്ക്കുക; ഇതു സർവ്വോപരിയായ കരശ്രുതിയത്രേ. ശ്രീകൃഷ്ണൻതിരുവടിയുടെ തിരുനാമങ്ങളും ഗുണങ്ങളും കീർത്തിച്ചാൽ വാക്ശ്രുതി വരും. തന്തിരുവടിയുടെ കഥ കേൾക്കുക, ഉത്സവം കാണുക എന്നിവ ശ്രോത്രത്തിന്നും നേത്രത്തിന്നും വിശ്രുതിയെ നൽകും. തൃപ്പാദതീർത്ഥം ആടുക, നിർമ്മാല്യപുഷ്പം ചൂടുക എന്നിവ ശിരസ്സിനെ ശ്രുതിപ്പെടുത്തും. നിർമ്മാല്യപുഷ്പം ഘ്രാണിച്ചാൽ നാസിക പരിശുദ്ധമാകും. പത്രവും പുഷ്പവും മറവും പദ്മനാഭന്റെ തൃക്കൊഴുൽ നമസ്കരിയ്ക്കുക എന്നാകട്ടേ, ലോകത്തിൽ സർവ്വശ്രുതിയെയും നൽകുന്നതാകുന്നു.

പൂജ അഞ്ചുതരത്തിലുണ്ട്: അഭിഗമനം, ഉപാദാനം, യോഗം, സ്വാധ്യായം, ഇജ്യ. അവയെ യഥാക്രമം വിവരിക്കാം: അമ്പലം അടിച്ചുവാരുക, തെയ്ക്കുക, നിർമ്മാല്യങ്ങൾ നീക്കുക എന്നിവയാകുന്നു അഭിഗമനം; ഗന്ധപുഷ്പാദികൾ ശേഖരിയ്ക്കുക ഉപാദാനം; ദേവതയെ സ്വാത്മനാ ധ്യാനിക്കുന്നതാണു യോഗം; സ്വാധ്യായമെന്നതു്, മന്ത്രത്തെ അത്മഗ്രഹണപൂർവ്വം ജപിക്കുകയും സൂക്തസ്തോത്രാദികൾ ചൊല്ലുകയും ഭഗവാനെ കീർത്തിക്കുകയും തത്ശാസ്ത്രാദികൾ അഭ്യസിക്കുകയുമത്രേ; ഇഷ്ടദേവതയെ ശരിക്കു പൂജിച്ചാൽ ഇജ്യയായി. ഇപ്പറഞ്ഞ അഞ്ചുതരം പൂജ യഥാക്രമം സാർഷ്ടി, സാമീപ്യം, സാലോക്യം, സായുജ്യം, സാരൂപ്യം എന്നിവയെ സമ്പാദിപ്പിക്കുന്നു.

പ്രസംഗവശാൽ സാളഗ്രാമപൂജയും പറഞ്ഞുതരാം; ചതുർഭുജന്റെ വലത്തേ മേൽക്കയ്യുകളുടെ മുറയ്ക്കു കേശവാദിനാമങ്ങൾ കല്പിക്കപ്പെടണം:

Digitized By Kerala Sahitya Akademi

ശ്ലോകങ്ങൾ]

ശംഖചക്രഗദാബ്ജങ്ങളേന്തും കേശവനെത്തൊഴാം;
പൊയ്ത്താർഗദാചക്രശംഖധാരി നാരായണൻതുണ;
ചക്രശംഖാംബുജഗദയേന്തും മാധവനെത്തൊഴാം;
ഗദാബ്ജശംഖചക്രങ്ങളേന്തും ഗോവിന്ദനെത്തൊഴാം;
പത്മശംഖാരിഗദകളേന്തും വിഷ്ണുവിനെത്തൊഴാം;
ശംഖാംബുജഗദാചക്രീമധുസൂദനനെത്തൊഴാം;
ഗദാരിശംഖാബ്ജധര ത്രിവിക്രമ വന്ദനം;
ചക്രം ഗദാംബുജം ശംഖമേന്തും വാമനനെത്തൊഴാം;
ചക്രാബ്ജഗദാശംഖമേന്തും ശ്രീധരനെത്തൊഴാം;
ദ്യുരചക്രഗദാബ്ജധാരിൻ ഹൃഷീകേശ നമോസ്തുതേ;
സാബ്ജരംഗഗദാചക്ര, പദ്മനാഭ, നമോസ്തുതേ;
തൊഴാം ശംഖഗദാചക്രപത്മിൻ, ദാമോദര, പ്രഭോ;
ശംഖാബ്ജചക്രഗദിനം സങ്കർഷണ വന്ദനം;
ചക്രശംഖഗദാപദ്മിൻ, വാസുദേവ, നമോസ്തുതേ;
ശംഖചക്രഗദാബ്ജങ്ങളേന്തും പ്രദ്യുമ്നനെത്തൊഴാം;
ഗദാശംഖാബ്ജചക്രായുധനനിരുദ്ധൻ തുണയ്ക്കണം;
പത്മശംഖഗദാചക്രീ പുരുഷോത്തമനെത്തൊഴാം;
ഗദാശംഖാരിപദ്മായുധനധോക്ഷജൻ വന്ദനം;
പത്മാരി, ഗദ, ശര, ചക്രധരനാം നരസിംഹമേ;
പത്മാരിശംഖഗദകളുള്ളോരച്യുതനേ, തൊഴാം;*
ഗദാബ്ജചക്രശംഖങ്ങളേന്തും ശ്രീകൃഷ്ണനെത്തൊഴാം.

ഉപാരിഭാഗത്തു രണ്ടു ചക്രചിഹ്നങ്ങളുള്ളതും വെളുത്തതുമായ സാളഗ്രാമം വാസുദേവനെന്നു പറയപ്പെടുന്നു; ആ ശ്രീഗദാധരൻ രക്ഷിയ്ക്കുമാറാകട്ടെ! പൂർവ്വഭാഗത്തു രണ്ടു ചക്രങ്ങളോടുകൂടിയതും ചുകന്നതും മുഴുപ്പുള്ളതുമായ സാളഗ്രാമത്തെ സംകർഷണനെന്നും, നേരിയ ചക്രത്തോടുകൂടി മഞ്ഞച്ചുതിനെ പ്രദ്യുമ്നനെന്നും പറയുന്നു; നീണ്ട സുഷിരച്ഛിദ്രം, ഉപരിഭാഗത്തു പുന്ന രേഖകളും ഇവയോടുകൂടി കറുത്ത വട്ടത്തിലുള്ളതു് അനിരുദ്ധൻ; കറുത്ത നടുവിൽ ഗദാരേഖയോടും നാഭിസ്ഥലത്തു വലിയ ചക്രരേഖയോടും കൂടിയതു് നാരായണൻ; പരന്ന ചക്രരേഖ, കഴുതക്കുഴത്തിൻനിറം മുന്നേ രാജ്ഞിയും പുള്ളികളും ഇവ ചേർന്നതു് ബ്രഹ്മചാരികളും പുഞ്ചിരിയുള്ളതു നരസിംഹം; നല്ല ലക്ഷണങ്ങളും ഒരേ മാതിരിയുള്ളോരു രണ്ടു ചക്രമുള്ളതു് വാരാഹം; നീലവും സ്ഥൂലവുമായി മൂന്നു രേഖകളും പുള്ളികളും ചേർന്നതു ക്രമ്മം; വട്ടത്തിലുള്ള ചുഴി,

* ഇതിനു മുമ്പുഭാഗം വിട്ടുപോയതായിട്ടു തോന്നുന്നു.

Digitized By Kerala Sahitya Akademi

ഉയന്ന പുറം, അഞ്ചു രേഖകളം, വനമാലാഗദാചിഹ്നങ്ങളം ഏന്നിവ യൊത്തു കറുത്തനിറത്തിലുള്ളതു ശ്രീധരൻ; വട്ടമൊത്തു നടുവിൽ ചക്ര ത്തോടുക്രൂടി കറുത്തതു വാമനൻ; പലനിറവും പല വടിവും ചേന്നതു് അനന്തൻ; സ്ഥൂലമായി നീലമായി നടുവിൽ ചക്രത്തോടുക്രൂടി സംകീ ർണ്ണഭാരമായിട്ടുള്ളതു ദാമോദരൻ; തുലോം ചുകന്ന നീണ്ട രേഖയും സു ഷിരവും ഓരോ ചക്രപത്മങ്ങളും ചേന്ന പരന്നിട്ടുള്ളതു് ബ്രഹ്മാവു്; പ രന്ന സുഷിരം, തടിച്ച ചക്രം, പുള്ളികളം ഇവയോടുക്രൂടി കറുത്തിട്ടുള്ള തു് വിഷ്ണു; അഞ്ചു രേഖയും കൌസ്തുഭചിഹ്നവും ചേന്നു് അനന്തോ ട്ടിപോലിരിയ്ക്കുന്നതു് ഹയഗ്രീവൻ; നിമ്നലമായി ഓരോ ചക്രപത്മക ളോടു ക്രൂടി കറുത്തിട്ടുള്ളതു് വൈകുണ്ഠൻ; നീണ്ട പത്മചിഹ്നവും ഭാ ർഭാഗത്തു രേഖയും പൂണ്ടു വെളുത്തിട്ടുള്ളതു് മത്സ്യം; ഇടത്തുവശത്തു ച ക്രവും, വലത്തു ഭാഗത്തു രേഖയും ശ്യാമവർണ്ണവുമുള്ളതു് ത്രിവിക്രമൻ.

ഒരഞ്ചയാളമുള്ളതു സുദർശനം; രണ്ടെണ്ണമുള്ളതു ലക്ഷ്മീനാരായണൻ; മൂന്നെണ്ണമുള്ളതു ത്രിവിക്രമൻ, നാലെണ്ണമുള്ളതു് ചതുർവ്യൂഹൻ; അഞ്ചെ ണ്ണമുള്ളതു് വാസുദേവൻ; ആറെണ്ണമുള്ളതു പ്രദ്യുമ്നൻ; ഏഴെണ്ണമുള്ളതു സംകർഷണൻ; എട്ടെണ്ണമുള്ളതു പുരുഷോത്തമൻ; ഒമ്പതെണ്ണമുള്ളതു നവവ്യൂഹൻ, പത്തെണ്ണമുള്ളതു ദശാവതാരൻ; പതിനൊന്നെണ്ണമുള്ള തു് അനിരുദ്ധൻ; പന്തിരണ്ടെണ്ണമുള്ളതു് ദ്വാദശാത്മാവു്; അതിലധി കമുള്ളതു് അനന്തൻ.

ദണ്ഡും കമണ്ഡലുവും പൂമാലയും ധരിച്ച നാന്മുഖനായ ബ്ര ഹ്മാവു്, അഞ്ചു മുഖവും പത്തു കയ്യുമുള്ള വൃഷധ്വജൻ മഹേശ്വരൻ, ആയുധങ്ങളം, ഗൌരി, ചണ്ഡിക, സരസ്വതി, മഹാലക്ഷ്മി, മാതാക്കളം, പത്മപാണിയായ സൂര്യൻ, ഗജസ്കന്ധനായ ഗണപതി, ഷൺമുഖൻ, പലതരം പ്രമഥന്മാർ ഏന്നിവരേയും ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു് പൂജിക്കണം; ഏന്നാൽ മനുഷ്യനു ധർമ്മാർത്ഥകാമമോക്ഷങ്ങളം കൈ വരും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം, സാളഗ്രാമനിർണ്ണയം എഴുപത്തെട്ടാമദ്ധ്യായം.

—(o)—

എഴുപത്തെൊൻപതാമദ്ധ്യായം

ശിവൻ:—വെറും ആലയത്തിലല്ല, സാളഗ്രാമം, മണി, യന്ത്രം, മണ്ഡലം, പ്രതിമ ഏന്നിവയിൽ വേണം പതിവായി വിഷ്ണുവിനെ

Digitized By Kerala Sahitya Akademi

പൂജിക്കുക. ഗണ്ഡകീനദിയിൽ ഒരേടത്തത്രേ സാളഗ്രാമം ഉണ്ടാകുന്നത്: ആ സ്ഥലത്തെ കല്ലുതന്നെയാണു സാളഗ്രാമം. സാളഗ്രാമശില സ്പർശിച്ചാൽത്തന്നെ ഒരുകോടി ജന്മങ്ങളിലെ പാപം നീങ്ങും; പിന്നെ, വിഷ്ണുവിന്റെ സാന്നിദ്ധ്യമുള്ള അതിനെ പൂജിച്ചാലത്തെ അവസ്ഥ പറയാനുണ്ടോ? ഒരൊറ്റ സാളഗ്രാമം പൂജിച്ചാൽ ഒരു ന്നൂറു ലിംഗം പൂജിച്ചാലത്തെ ഫലം കിട്ടും. അനവധി ജന്മങ്ങളിലെ പുണ്യത്താൽ, ഗോഷ്പദാങ്കിതമായ ഒരു സാളഗ്രാമം കൈവന്നാലുണ്ടാകുന്നു; അതുകൊണ്ടു തന്നെ ജന്മം ഒടുങ്ങിക്കൊള്ളും. സ്നിഗ്ധവും കൃഷ്ണവുമായ സാളഗ്രാമത്തിനു ശ്രേഷ്ഠത കൂടും; കറുപ്പു കുറഞ്ഞതു മധ്യമമത്രേ; മിശ്രം (പലനിറം ചേർന്നത്) മിശ്രഫലത്തെ നൽകുന്നു. വൃക്ഷപ്പൊഴം മരത്തിലിരിയ്ക്കുന്ന അഗ്നി കടഞ്ഞാൽ ഉജ്ജ്വലിക്കുന്നതെപ്രകാരമോ, അപ്രകാരം സർവ്വവ്യാപിയായ വിഷ്ണു സാളഗ്രാമത്തിൽ പ്രകാശിച്ചുരുളുന്നു. നാലുതോരും പന്തിരണ്ടു ഗണ്ഡകീശിലകളേയോ ദ്വാരകാശിലകളേയോ പൂജിച്ചു പോരുന്നവൻ വൈകുണ്ഠത്തിൽ മാനിക്കപ്പെടും. സാളഗ്രാമം പൂജിച്ചു തർപ്പണം ചെയ്താൽ അവന്റെ പിതൃക്കൾ ഒരു കല്പം മുഴുവൻ സംതൃപ്തരായി സ്വർഗ്ഗത്തിൽ വസിക്കും. ദ്വാരകാശില രണ്ടിടെയുണ്ടോ, അവിടം വൈകുണ്ഠഭവനംതന്നെ; അതിന്റെ മുന്നു യോജന ചുറും തീർത്ഥമാകുന്നു. അവിടെവെച്ചു മരിച്ചാൽ, പുഴുപോലും വിഷ്ണുലോകം പൂകും; അവിടെവെച്ചു ചെയ്യുന്ന ജപഹോമപൂജാദികൾക്കു കോടിമടങ്ങായിരിക്കും ഫലം. ഗണ്ഡകീശിലയും ദ്വാരകാശിലയും ക്രുടിച്ചേർന്നാലോ, തീർത്ഥയായും മുക്തി അവിടെത്തന്നെ! ബാഹ്യചക്രചിഹ്നിതവും ചക്രാകൃതിയുമായ ദ്വാരകയിലെ കല്ലു് നിരഞ്ജനനായ ചിത്സ്വരൂപൻ തന്നെയാകുന്നു.

'ഓംകാരരൂപനാം നിത്യാനന്ദാത്മാവിനു വന്ദനം!
സാളഗ്രാമ, മഹാഭാഗ, നൽക ഭക്തനനുഗ്രഹം
നിന്നനുഗ്രഹമിച്ഛിപ്പാൻ കടത്തിൽപ്പെട്ട ഞാൻ പ്രഭോ.'

ദേവി, ഇനി തിലകവിധി പറഞ്ഞുതരാം; ഇതു കേട്ടാൽത്തന്നെ മനുഷ്യർക്കെല്ലാം വിഷ്ണുസാരൂപ്യം സിദ്ധിക്കും: പന്തിരണ്ടു സ്ഥാനങ്ങളിൽ കുറി തൊടണം; അതു് പന്തിരണ്ടു തിരുനാമങ്ങളും ജപിച്ചുകൊണ്ടുവേണം: നെറുകമേൽ കേശവൻ; കുഴുത്തിൽ ശ്രീപുരുഷോത്തമൻ; നാഭിയിൽ നാരായണൻ; നെഞ്ചിൽ വൈകുണ്ഠൻ; ഇടത്തേ വാരിഭാഗത്തു ദാമോദരൻ; വലത്തേതിൽ ത്രിവിക്രമൻ; ശിരസ്സിൽ ഹൃഷീകേശൻ; പുറത്തു പദ്മനാഭൻ; കണ്ണുങ്ങളിൽ കാളിന്ദിയും ഗംഗയും; കൈകളിൽ കൃഷ്ണനും ഹരിയും, ഇടുകൊണ്ടു് അതാതു ദേവതകളും പ്ര

Digitized By Kerala Sahitya Akademi

സാദിക്കും; പാപമെല്ലാം നീങ്ങി, വിഷ്ണുലോകവും കൈവരും. അതുടെ നെറ്റിമേൽ ഊർദ്ധപുൺഡ്രം (ഗോപിക്കുറി) ഉണ്ടോ, അവൻ ചണ്ഡാലനാണെങ്കിൽക്കൂടി തീച്ചയായും പരിശുദ്ധനും പൂജ്യനുമത്രെ. നെറ്റിമേൽ ഊർദ്ധപുൺഡ്രമില്ലാത്ത മനുഷ്യനെ കാണുകയേ അരുത്; കണ്ടാൽ സൂര്യദർശനം അനുഷ്ഠിക്കണം. ത്രിപുൺഡ്രമോ ഊർദ്ധപുൺഡ്രമോ ഇല്ലാത്ത ബ്രാഹ്മണനെ കാണുകയൊ തൊടുകയൊ ചെയ്തുപോയാൽ സചേലസ്നാനം (വസ്ത്രത്തോടെ മുങ്ങുക) അചരിക്കണം. ഇടയിട്ട വിഷ്ണുവിന്റെ തൃക്കാലിനൊത്ത വടിവിൽ വേണം പുൺഡ്രം ധരിക്കുക; ഇടയിടാതെ ഊർദ്ധപുൺഡ്രം ധരിക്കുന്നവൻ ദ്വിജാധമനാകുന്നു. അവന്റെ നെറ്റിമേൽ എപ്പോഴും നായിൻ കാലുകൾതന്നെ, സംശയമില്ല! മൂക്കുമുതൽ തലമുടിവരെയുള്ള ഊർദ്ധപുൺഡ്രമാണ് ഉത്തമം; നടു ശൂന്യമായിരിക്കണം. അതു വിഷ്ണുപാദത്രിരമത്രെ. ഇടത്തു ബ്രഹ്മാവും വലത്തു ശിവനും നടുവിൽ വിഷ്ണുപാദങ്ങളുന്നു; അതിനാൽ നടുഭാഗം ഒഴിച്ചിടണം. ആർ കണ്ണാടിയിലൊ വെള്ളത്തിലോ നോക്കി ഭംഗിയിൽ ഗോപിക്കുറി തൊടുന്നുവൊ, ആ മഹാഭാഗൻ പരമഗതി പ്രാപിക്കും. അഗ്നി, ജലം, വേദങ്ങൾ, സൂര്യചന്ദ്രന്മാർ, വായു, ഗംഗ എന്നിവ ബ്രാഹ്മണരുടെ വലത്തെ കൈചവിമേൽ വസിക്കുന്നു; ഹുതാശനൻ മുഖത്തും സ്ഥിതിചെയ്യുന്നു; അതു രണ്ടും തൊട്ടാൽ തൽക്ഷണം ശുദ്ധിവരും.

വെള്ളം ശംഖിലാക്കി തുളസീപത്രവുമിട്ടു മഹാത്മാക്കളായ വൈഷ്ണവക്കു നൽകുകയും, സേവിക്കുകയും, തലയിലാടുകയും, പൃത്തുമിക്കാടികളുടെ മേൽ തളിക്കുകയും ചെയ്യണം: വിഷ്ണുപാദോദകം സേവിച്ചാൽ കോടിജന്മങ്ങളിലെ പാപം നീങ്ങും; നിലത്തു തളിച്ചാൽ ദശതിലും എട്ടു മടങ്ങു പാപം നശിക്കും. ശംഖു കയ്യിലെടുത്തു സ്തുതിച്ചു വണങ്ങി വലത്തുവെച്ചു, അതിലെ വെള്ളം തലയിലാടിയാൽ ജന്മം സഫലമായി! കലികാലത്തു് അതുടെ ഗൃഹത്തിൽ ശംഖും ഗരുഡപതാകയും (ഗരുഡപ്രതിമയോടുകൂടിയ കൊടിമണി) വിഷ്ണുവിന്റെ തിരുമുമ്പിലായി കാണപ്പെടുന്നില്ലയോ, അവൻ ഭാഗവതനല്ല തന്നെ!

വാഹനമേറിയോ മെതിയടിയിട്ടോ ഭഗവൽക്ഷേത്രത്തിൽ പോവുക-ദേവന്റെ ഉത്സവങ്ങളിൽ ചെല്ലായ്ക-തിരുമുമ്പിൽ വണങ്ങായ്ക-എച്ചിൽ പുല എന്നിവ ഉള്ളപ്പോൾ അന്തിരുവടിയെ വന്ദിക്കുകയും മറ്റും ചെയ്യുക-ഒറ്റക്കൈകൊണ്ടു വണങ്ങുക-വലത്തുവെയ്ക്കായ്ക-തിരുമുമ്പിൽ കാൽനീട്ടുക-കട്ടിലിന്മേലിരിക്കുക-കിടക്കുക-ക്ഷണം കഴിക്കുക-പാഴ്വാക്കു പറയുക-ഉറക്കെപ്പറയുക-കുശുകുശുപ്പുക-കൽ

Digitized By Kerala Sahitya Akademi

യുക–കലഹിക്കുക–നിഗ്രഹിക്ക–അനുഗ്രഹിക്ക–സ്ത്രീകളെ ശകാരിക്ക–പുതപ്പിടുക–പരനിന്ദ–പരസ്തുതി–അസഭ്യവചനം–അധോവായുവിടുക–കഴിവുണ്ടായിരിക്കെ വേണ്ടവിധം ഉപചരിക്കായ്ക–നിവേദിച്ചതു ഭക്ഷിക്കായ്ക–അതാതു ഋതുക്കളിലെ പഴവും മറും നിവേദിക്കായ്ക–ഉപയോഗിച്ചതിന്റെ ബാക്കി നിവേദിക്കുക–വെളിയിലിരുന്നുണ്ണുക–ഗുരുവിനെ സ്തുതിക്കായ്ക–തന്നെ പുകഴ്ത്തുക–ദേവകളെ നിന്ദിക്കുക എന്നിവ മുറ്റുത്തി രണ്ടും വിഷ്ണുവിങ്കൽ ചെയ്യുന്ന അപരാധങ്ങളത്രേ.

'ന്നൂറായിരം തെറ്റുകൾ ഞാൻ ചെയ്യുന്നുണ്ടാമഹന്നിശം;
തദ്ദീയനിവനെന്നോർത്തു പൊറുക്ക മധുസൂദനാ!'

എന്നീ മന്ത്രം ഉച്ചരിച്ചു് പതിവായി നിലത്തു ദണ്ഡനമസ്കാരം ചെയ്താൽ, എത്ര വളരെ തെറ്റുകളും ഭഗവാൻ ക്ഷമിച്ചരുളും. രാവിലേയും വൈകുന്നേരവും ബ്രാഹ്മണനു വേദോക്തമായ ഭക്ഷണം വിഷ്ണുനൈവേദ്യമാകുന്നു; അതു് അന്നാന്നത്തെ പാപം പോക്കും. അന്നം ബ്രഹ്മരസമാണെന്നും, അതിനെ വിഷ്ണു ഭക്ഷിക്കുന്നു എന്നും സങ്കല്പിച്ചുവേണം ഭക്ഷണം കഴിപ്പാൻ; എന്നാൽ അന്നദോഷങ്ങളൊ ബാധിക്കുകയില്ല. വട്ടച്ചുരങ്ങ, തൊലികളയാത്ത ഉള്ളി, കരിമ്പനക്കായ, ഇരുന്ന പുളിച്ചതു്, പുണ്യാഹച്ചുണ്ടങ്ങ, എന്നിവ വൈഷ്ണവൻ ഭക്ഷിക്കരുതു്. അരയാൽ, പേരാൽ, എരുക്കു്, തേക്കു്, പനച്ചി, മന്താരം, കടമ്പു് എന്നിവയുടെ ഇലയിൽ വൈഷ്ണവൻ ഭക്ഷണം കഴിക്കരുതു്. ശ്രാവണത്തിൽ ശാകവും, ഭാദ്രപദത്തിൽ തയിരും, ആശ്വിനത്തിൽ പാലും, കാർത്തികത്തിൽ മാംസവും വൈഷ്ണവൻ വർജ്ജിക്കണം. കരിഞ്ഞ ചോറു്, നാരങ്ങ, വിഷ്ണുവിനു നിവേദിക്കാത്തതു്, ഉറുമാമ്പഴം, ശാകം, പ്രത്യക്ഷ ലവണം എന്നിവ യദൃച്ഛയാ ഭക്ഷിച്ചുപോയാൽ, തൽക്ഷണം ഭഗവന്നാമം സ്മരിച്ചുകൊള്ളണം. ഹൈമന്തികം (ഹേമന്തകാലത്തു വിളയുന്ന ഒരുതരം നെല്ലു്), രക്തശാലി, പുഴുങ്ങിയ ധാന്യം, ചെറുപയർ, എള്ളു്, യവം, കടലയ്ക്ക, തിന, വരി, കാനകവാഴ, കരുവേപ്പില, വസ്ത്രച്ചീര, കേമുകം ഒഴിച്ചുള്ള കന്ദശാകം, ഇന്തുപ്പു്, കടലുപ്പു്, തയിർ, നെയ്യു്, കടയാത്ത പാൽ, ചക്ക, മാങ്ങ, കടുക്ക, തിപ്പലി, ജീരകം, ചെറുനാരങ്ങ, പുളിങ്ങ, കടലിപ്പഴം, വെള്ളിലം, നെല്ലിക്ക, വെല്ലമൊഴിച്ചുള്ള കരിമ്പിൻവികാരം, എണ്ണയിൽ പചിച്ചതല്ലാത്തതു് എന്നിവ ഹവിഷ്യാന്നം (വ്രതങ്ങളിൽ ഭക്ഷിക്കാവുന്നതു്) ആണെന്നു മുനിമാർ പറയുന്നു.

തുളസിയുടെ ഇല, പൂവു മുതലായവ കൊണ്ടുള്ള മാല ആർ ധരിക്കുന്നുവോ, അവൻ വാസ്തവത്തിൽ വിഷ്ണുതന്നെ, സംശയമില്ല.

Digitized By Kerala Sahitya Akademi

നെല്ലിമരം നട്ടുവളർത്തുന്നവൻ വിഷ്ണുതുല്യനായിത്തീരും; അതിന്റെ മുന്നൂറമ്പതുകോൽ ചുറ്റളവു സ്ഥലം കുരുക്ഷേത്രം തന്നെയായിരിക്കും! തുളസിമരം മുറിച്ചു ചെത്തി രുദ്രാക്ഷംപോലെയാക്കി നിർമ്മിച്ച മാല കഴുത്തിലിട്ടിട്ടുവേണം വിഷ്ണുവിനെ പൂജിപ്പാൻ; നെല്ലിക്കുരു, താമരക്കുരു എന്നിവയാൽ ഉണ്ടാക്കിയ മാലയും ഉത്തമം തന്നെ. നിർമ്മാല്യമായ തുളസീമാല ശിരസ്സിൽ ചൂടണം; നിർമ്മാല്യചന്ദനംകൊണ്ടു വിഷ്ണുവിന്റെ അടയാളങ്ങൾ ശരീരത്തിൽ നാമജപപൂർവ്വം ഉണ്ടാക്കുകയും വേണം: നെറ്റിമേൽ ഒന്ന, ശിരസ്സിൽ വില്ലുമമ്പും; മാറത്തു നന്ദകം; ഇരുകൈകളിൽ ശംഖചക്രങ്ങൾ. ശംഖചക്രാങ്കിതനായ വിപ്രൻ ചുടുകാട്ടിൽവെച്ചു മരിച്ചാലും, പ്രയാഗത്തിൽവെച്ചു മരിച്ചാലത്തെ സൽഗതിയടയും. എല്ലാ കൃത്യവും തുളസീദളം ചൂടി സമാചരിച്ചുപോരുന്ന വൈഷ്ണവന്നുള്ള ഫലം അക്ഷയമായിരിക്കും. തുളസീമാലയണിഞ്ഞു പിതൃദേവതർപ്പണം ആചരിച്ചാൽ അതിന്റെ ഫലം കോടിമടങ്ങായിവരും. തുളസിമാല വിഷ്ണുവിനു നിവേദിച്ചു ഭക്തിപൂർവ്വം ധരിച്ചാൽ പാപശാന്തി സിദ്ധിക്കും. മാദ്ധ്യയെ പാദ്യാദികർമ്മംകൊണ്ടു പൂജിച്ചു് ഈ മന്ത്രം ഉച്ചരിക്കണം:—

(൫൫)

'ഏതിനെക്കണ്ടാൽ പാപമകലുമോ, തൊട്ടാൽദ്ദേഹം
പൂതമാം, വന്ദിക്കുകിൽസ്സർവ്വരോഗവും മാറും,
ഏതിനെ നനയ്ക്കുകിലന്തകൻ നടുങ്ങിടുമോ,
ഏതിനെ നട്ടാൽ വിഷ്ണുസാമീപ്യം ലഭിച്ചീടും,
ഏതിനെപ്പ് ഭഗവാന്റെ കാൽക്കലർപ്പിച്ചാൽ മുക്തി
സാധിക്കും നിയത,മാത്തുളസിക്കായിത്തൊഴാം!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ഉമാമഹേശ്വരസംവാദം,
വൈശ്യവതിലകാദിനിയമകഥനം എഴുപത്തൊന്നാംതാമല്ല്യായം.

(0)

എൺപതാമല്ല്യായം

പാർവ്വതി:—'ഘോരമായ കലിയുഗം വന്നാൽ, പുത്രകളത്രവിത്താദിവിഷയങ്ങളാൽ പീഡിതരായവർക്കു പൊരുതിക്കെന്തുപായമാണുള്ളതു്? മഹാദേവ, ദയചെയ്തു പറഞ്ഞുതന്നാലും.'

Digitized By Kerala Sahitya Akademi

ശിവൻ:—'ഹരിനാമം, ഹരിനാമം, ഹരിനാമം കൊണ്ടുതന്നെ ഉദയം: ഹരേ, രാമ, ഹരേ, കൃഷ്ണ, കൃഷ്ണ, കൃഷ്ണ എന്നിങ്ങിനെ അതിതിരുനാമം ഉച്ചരിക്കുന്നതൊ, അവനെ കലി ബാധിക്കുകയില്ല. അതിനാൽ, എന്നുകൊണ്ടും കൃഷ്ണ, കൃഷ്ണ, കൃഷ്ണ, കൃഷ്ണ എന്നിങ്ങിനെ തിരുനാമം വീണ്ടും വീണ്ടും സ്മരിച്ചുകൊള്ളണം. എന്നേറയും നിന്നേറയും നാമം ഇടകലർത്തി ഉച്ചരിക്കുന്നതാകട്ടെ, അഥവാ പതിരിൻക്രമത്തെ എന്നതാകട്ടെ, വാക്കിനെ മറിച്ചിടുക. പകൽ, രാത്രി, സന്ധ്യ എന്നില്ല സർവകാലങ്ങളിലും നാമം സ്മരിക്കുന്നവനു കൃഷ്ണനെ കൺകൊണ്ട് കാണാം! അശുദ്ധനാകട്ടെ, ശുദ്ധനാകട്ടെ, എല്ലാ കാലങ്ങളിലും ഇടവിടാതെ നാമസ്മരണം ചെയ്താൽ ക്ഷണനേ സംസാരമോചനം സിദ്ധിക്കും. പലതരം അപരാധങ്ങൾ ചെയ്തവനും നാമജപത്താൽ പാപം നീങ്ങികൊള്ളും. അംഗങ്ങളോടുകൂടിയ യജ്ഞം, വ്രതം, തപസ്സ്, ദാനം എന്നിവ കലിയുഗത്തിൽ ഇല്ലതന്നെ; ഗംഗസ്നാനം, ഹരിനാമം എന്നീ രണ്ടിനുമെ നിരുപാധമായിട്ടുള്ളു. ആയിരം കൃച്ഛ്രാപവാസം, കോടി ഗുരുശുശ്രൂഷാദാനം മറ്റു പ്രായശ്ചിത്തങ്ങളും ഗോവിന്ദനാമത്താൽ അവസാനിച്ചീടും. അശുദ്ധനാകട്ടെ, ശുദ്ധനാകട്ടെ, എവിടെയിൽനിന്നായാലും പുണ്ഡരീകാക്ഷനേയും തന്നാമത്തേയും തൽപാദത്തേയും സ്മരിച്ചാൽ അകത്തും പുറത്തും ശുദ്ധിവരും.

സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ അരിമാവുകൊണ്ടോ പദങ്ങളിൽ അടയാളങ്ങളോടുകൂടി പ്രതിമയുണ്ടാക്കിയിട്ടുവേണം പൂജിപ്പാൻ: വലത്തെക്കാലിന്റെ പെരുവിരലിനടിയിൽ, ഭക്തന്മാരുടെ സംസാരം അവസാനിപ്പിക്കുന്ന ചക്രം നിർമ്മിക്കണം; നടുവിരലിനടിയിൽ, ധ്യാതാവിന്റെ മനോഭംഗത്തെ മായക്കുന്ന മനോഹരമായ താമര പൂവുണ്ടാക്കണം; അതിന്റെ പുറത്തിൽ സർവാനർത്ഥവിജയധ്വജമായ ധ്വജം വിരചിക്കണം; ചെറുവിരലിനടിയിൽ ഭക്തപാപപ്രഭേദിയായ വജ്രവും, പാർശ്വമധ്യത്തിൽ ഭക്തചിത്തഗജങ്ങളെ അടക്കിനിർത്തുന്ന തോട്ടിയും, പെരുവിരൽസന്ധിയിൽ ഭോഗസാധനമായ യവവും, ചൂണ്ടുനടിയിൽ സർവഭീതികളുടേയും പാപപർവതങ്ങളെ തല്ലിപ്പൊടിക്കുന്ന ഗദയും നിർമ്മിക്കണം; എല്ലാ വിദ്യകളേയും പ്രകാശിപ്പിക്കുന്നതിന പത്മാദി ചിഹ്നങ്ങളെ കരുണാനിധിയായ ഭഗവാൻ ഇടത്തെതായ കാലിലും ധരിച്ചരുളുന്നു.

പൂജാനന്തരം, ആനന്ദസുന്ദരമായ ഗോവിന്ദമഹാത്മ്യം പതിവായി ശ്രവിക്കുകയൊ പഠിക്കുകയൊ ചെയ്യണം; എന്നാൽ തീപ്പെടുന്നതിനും മുക്തി സിദ്ധിക്കും.

Digitized By Kerala Sahitya Akademi

൯൯൦ പുരാണസഞ്ജീവിക [൭൩൯൭൫൭൪൦൩൭൪൦൩൭൪൦൩

വദേവന്റെ തിരുമുമ്പിലിരുത്തി ബ്രാഹ്മണരെ ഊട്ടണം; ഭാഗവതഭക്തി ജന്മാരെ ഭഗവൽബുദ്ധിയോടെ പൂജിക്കണം: ആസ്സ് ഒരു ബ്രാഹ്മണനെ ഊട്ടിയാൽ കോടിപ്പേരെ ഊട്ടിക്കഴിഞ്ഞു! വിപ്രക്കു് ഭോജനം കൊടുത്താൽമതി, അംഗങ്ങൾക്കു പൂർണ്ണത വരാൻ. ശുക്ലപക്ഷമിയിൽ കേശവനെ മാവിൻതളിരിട്ടു വെള്ളംകൊണ്ടഭിഷേചിച്ചു പലതരം നേത്ത സുഗന്ധപ്പൊടികളം ചാത്തിക്കണം; വിളക്കുകളം ധാരാളം കൊളുത്തണം; മുന്തിരി, കരിമ്പു്, കദളിവാഴ, ചെറുനാരകം, നാരകം, കമുങ്ങു്, തെങ്ങു്, നെല്ലി, പുലാവ്, കടുക്ക എന്നിവകൊണ്ടും, മറു സവ്വത്തു പുഷ്പഫലവൃക്ഷങ്ങളംകൊണ്ടും ഒരു കാനനമുണ്ടാക്കി, പൂമാലകളാലും മാവിന്റെ ശാഖോപശാഖകളാലും വിതാനിച്ചു, ജലകലശത്തുചാമരങ്ങളംകൊണ്ടു മോടിപ്പെടുത്തി 'ജയകൃഷ്ണ' എന്നിങ്ങിനെ വലഞ്ഞുവെച്ചു ഡോളോത്സവം, വിശേഷിച്ചും കലിയുഗത്തിൽ, നടത്തണം. ഫാല്ഗുനമാസത്തിൽ, പതിന്നാമിൽ എട്ടാം യാമത്തിൽ—അഥവാ പൌർണ്ണമാസിയിൽ പ്രതിപൽ സന്ധിയിൽ—കരുപ്പും വെളുപ്പും കൃകുപ്പും മഞ്ഞയുമാകുന്ന നാലു നിറത്തിലുള്ളരും കർപ്പൂരവും മറും ചേർത്തരുമായ നേമ്പൊടികൊണ്ടോ, മഞ്ഞൾചേർത്ത പലതരം ധാതുചൂർണ്ണങ്ങളംകൊണ്ടോ പരമേശ്വരനെ അരാധിക്കണം. ഡോളോത്സവം ഏകാദശിനാൾ തുടങ്ങി പഞ്ചമിനാൾ അവസാനിപ്പിക്കണം; അഞ്ചോ മൂന്നോ ദിവസങ്ങളിലുമാകാം. ഉഞ്ഞാലിനേൽ തെക്കോട്ടുനോക്കി ഇരുന്നാരുളുന്ന കൃഷ്ണനെ ഒരുതവണ ദർശിച്ചാൽ ഏഴുജന്മപാപവും വിട്ടൊഴിയും, സംശയമില്ല. ചൈത്രമാസത്തിൽ സാളഗ്രാമം, അല്ലെങ്കിൽ വിഷ്ണുപ്രതിമ, സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ മണ്ണുകൊണ്ടോ ഉള്ള പാത്രത്തിലാക്കിയ വെള്ളത്തിൽവെച്ചു പൂജിച്ചു ഭമനാരോപണവും (ഒരുത്സവം ഉത്സവം) കഴിച്ചു ശ്രീവിഷ്ണുവിങ്കൽ സമർപ്പിക്കണം; വൈശാഖത്തിലൊ ശ്രാവണത്തിലൊ പ്രൌഷ്ഠപദത്തിലോ ആകാം സമർപ്പണം. സമർപ്പണം ശരിക്കുചെയ്യാഞ്ഞാൽ കർമ്മം നിഷ്ഫലമായിപ്പോകും. വൈശാഖമാസത്തിൽ തൃതീയനാൾ വെള്ളത്തിലൊ മണ്ഡലത്തിലൊ മണ്ഡപത്തിലൊ കാനനത്തിലൊവെച്ചു്, ഒരു കൃശമായ പ്രതിമയെ നാൾതോറും സുഗന്ധചന്ദനം ചാത്തിച്ചു പുഷ്പിപ്പിക്കണം: ചന്ദനം, അകിൽ, ഇരുവേലി, കാരകിൽ, കുംകുമം, ഗോരോചനം, കർപ്പൂരം, ചിറ്റീന്തൽ എന്നിവ എട്ടാണ് വിഷ്ണുവിന്റെ ഗന്ധദ്രവ്യങ്ങൾ; ഇവകൊണ്ടോ, തുളസിമരം കർപ്പൂരവും അകിലും ചേർത്തരച്ചതുകൊണ്ടോ, നാഗപുഷ്പവൃക്ഷത്തിയ രക്തചന്ദനംകൊണ്ടോ, ഭക്തവാത്സല്യം ചെയ്യാം.

Digitized By Kerala Sahitya Akademi

ആ കൃഷ്ണനെ മതികാലത്തു ഭക്തിപൂർവം ആർ ദർശിക്കുമോ അവർക്ക് നൂറുകോടി കല്പങ്ങൾ കഴിഞ്ഞാലും പുനരാവൃത്തിയുണ്ടാകയില്ല. സുഗന്ധജലംകൊണ്ടു ദേവദേവന്ന് അഭിഷേകം ചെയ്യണം. അപ്പിന്മേൽ വൃന്ദാവനത്തിൽ ചെന്ന ലോകനാഥനെ പുഷ്പമധ്യത്തിൽ പ്രതിഷ്ഠിച്ച് ഫലങ്ങൾ നിവേദിച്ചു, വിഷ്ണുഭക്തനായ തക്ക ആൾക്കു ഭക്ഷിപ്പാൻ കൊടുക്കണം: പാൽചോറും ചിരട്ടയും കളഞ്ഞ തേങ്ങ, തോടുകളഞ്ഞ അടയ്ക്ക, കുരു കളഞ്ഞ ചാമ്പഴം, തയിരും നെയ്യും ചേർത്ത അന്നം, നെയ്യപ്പം, വെള്ളപ്പം, വെൺചോറ് മറ്റു പലവിധം വിശേഷിച്ച വിഭവങ്ങളും, മറ്റു തനിയ്ക്കു പ്രിയപ്പെട്ടതു യാതൊന്നോ അതും ഭഗവാനു നിവേദിച്ചുകൊള്ളണം. വിഷ്ണുവിനെ ഉദ്ദേശിച്ചു, വിശേഷിച്ചു വിഷ്ണുഭക്തന്മാർക്കു, നൽകപ്പെട്ട നൈവേദ്യവസ്തുക്കൾ ഒരു വിധത്തിലും തിരിച്ചെടുത്തുപോകരുതു്. മഹേശ്വരി, ഞാൻ മുമ്പുക്കത്തിൽ ഇപ്പറഞ്ഞതു, സ്വന്തം ഗൃഹസ്ഥധർമമെന്നപോലെ, ശ്രദ്ധിച്ചുവെച്ചു ദാനം ചെയ്തുപോരേണ്ടതാകുന്നു.

ശ്രീകൃഷ്ണത്രൈലോക്യനാഥാസ്യബോധം
സിദ്ധിക്കിലെന്തിനിതരാഗമശീലനങ്ങൾ?
തൽപ്രേമഭക്തിയുടെ ഭാവരിലാസവായ്മ...
മുക്തപ്രതീക്ഷ നരനെന്തിനു മന്യമാർഗം?
ശ്രീരാധികാഭർകനെയും യമുനാജലശ്രീ...
വൃന്ദാവനങ്ങളെയുമാസ്മരനെയോർവണങ്ങി,
ത്രൈലോക്യനാഥനുടെ പൂങ്കഴൽവെച്ച മുഴി...
മേൽപ്പുരിയോർക്ക പുനരെന്തിനു ഘനനാട്യം?

ശ്രീവത്സമഹാപുരാണം, പാദ്മാഖ്യണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീകൃഷ്ണഭക്തിയുടെ നിരൂപണം, എണ്പത്തൊന്നാമധ്യായം.

—(൧)—

എണ്പത്തൊന്നാമധ്യായം

ശ്രുതിധരൻ:—"സത്തമനായ സൂതൻ, ചിരകാലം ജീവിച്ചാലും! ഭക്തന്മാരെ സംസാരം കടത്തിവിടുന്ന ശ്രീകൃഷ്ണചരിതാമൃതമെല്ലാം ഭവാൻ വെളിപ്പെടുത്തി; ഇനി ശ്രീകൃഷ്ണന്റെ മറ്റൊന്നിനലീല മുഴുവൻ വർണ്ണിച്ചാലും. അതുകേട്ടാൽ കൃഷ്ണനിൽ ഭക്തി വർദ്ധിയ്ക്കുമല്ലോ. ത്രയോദശിയുടേയും മന്ത്രത്തിന്റേയും ലക്ഷണം വിധി എന്നിവയും ഞങ്ങൾക്കു വേർതിരിച്ചു പറഞ്ഞുതരിക; മറ്റാരേക്കാളും, ഞങ്ങൾക്ക് ഏറ്റം സ്നേഹിതനാണല്ലോ ഭവാൻ."

Digitized By Kerala Sahitya Akademi

സൂതൻ:—"ഒരുനാൾ യമുനാതീരത്തു സ്ഥിതിചെയ്യുന്ന ജഗൽഗുരുവായ സദാശിവൻതിരുവടിയോടു നാരദൻ നമസ്കരിച്ചു ചോദിച്ചു:—'ദേവദേവ, മഹാദേവ, സർവ്വജ്ഞ, ലോകനാഥ, ഭഗവൻ, ധർമ്മതത്പരജ്ഞ, കൃഷ്ണമന്ത്രജ്ഞന്മാരിൽ ശ്രേഷ്ഠനായുള്ളോവേ, നിന്തിരുവടിയിൽ നിന്നും എന്റെ അച്ഛൻ നിന്നും ലഭിച്ച മന്ത്രരാജാദിമന്ത്രങ്ങളാം ഞാൻ പണിപ്പെട്ടു—അനേകായിരം കൊല്ലം ഫലമൂലശാകങ്ങളും, ഉണക്കില; പച്ചവെള്ളം, ധാരറ് എന്നിവ ഭുജിച്ചും, ഭക്ഷണം തീരെ വെടിഞ്ഞും, സ്ത്രീകളെ കാണുക സംസാരിക്കുക എന്നിവ വർജ്ജിച്ചും, വെറുംനീലത്തു കിടന്നും, കാമാദിഷഡ്വർഗ്ഗത്തെ ജയിച്ചു ഇന്ദ്രിയങ്ങളെ അടക്കിയും—പരിശീലിച്ചിരിക്കുന്നു; എന്നീട്ടും എനിക്കു് അതുറപ്പിച്ചു വരുന്നില്ല. അതിനാൽ, സ്വാമിൻ, സംസ്കാരാദികർമ്മം ക്രടാതെ ഒരിക്കൽ ഉച്ചരിക്കമാത്രം ചെയ്താൽ ശ്രേഷ്ഠഫലം നൽകുന്നതായ ഒരു മന്ത്രം—ഞാൻ അതിന്നർഹനാണെങ്കിൽ—എനിക്കു ദയയുപദേശിച്ചുതന്നാലും!'

ശിവൻ:—'മഹാഭാഗ, കൊള്ളാം, ലോകഹിതൈഷിയായ ഭവാൻ അവശ്യപ്പെട്ടതു്. അതിഗോപ്യമെങ്കിലും മന്ത്രചിന്താമണിഞാൻ അങ്ങേയ്ക്കു പറഞ്ഞുതരാം. രഹസ്യങ്ങളിൽവെച്ചു രഹസ്യവും ഗുഹ്യങ്ങളിൽവെച്ചു ഗുഹ്യവുമാണിതു്; ദേവിയോങ്കാകട്ടെ, ഭവാന്റെ പൂർവ്വജന്മാരോടാകട്ടെ, ഞാൻ പറകയുണ്ടായിട്ടില്ല. യുഗളമെന്ന മഹാശ്രേഷ്ഠമായ കൃഷ്ണമന്ത്രം ശ്രവിച്ചുകൊൾകെ. മന്ത്രചിന്താമണി, യുഗളം, ദ്വയം, പഞ്ചപദി എന്നിവ ആ മന്ത്രത്തിന്റെ പര്യായങ്ങളാകുന്നു; ഗോപീജന ശബ്ദത്തോടു വല്ലഭശബ്ദംചേർത്തു ചതുർത്ഥി ചരണാന്ത പ്രണവത്തോ എന്നുച്ചരിക്കുക; ഇങ്ങനെ അഞ്ചു പദങ്ങളും പതിനാറക്ഷരവുമുള്ളതത്രെ, മന്ത്രചിന്താമണി എന്ന മഹാമന്ത്രം. നമസ്ശബ്ദത്തോടു ഗോപീജന വല്ലഭാഭ്യാം എന്നു ചേർത്താൽ, രണ്ടു പദമുള്ള ദശാക്ഷരമന്ത്രമായി.

ഈ പഞ്ചപദി ശ്രദ്ധിച്ചോ ശ്രദ്ധിക്കാതെയോ ഒരിക്കൽ ജപിച്ചാൽ തീർച്ചയായും കൃഷ്ണസാന്നിദ്ധ്യം സിദ്ധിക്കും. ഇതിന്നു പുരശ്ചരണംവേണ്ട, ന്യാസംവേണ്ട, ദേശകാലവ്യവസ്ഥവേണ്ട, ശുദ്ധ്യാദിപരീക്ഷവേണ്ട; ചണ്ഡാലൻവരെ സകലരും ഒരുപോലെ അധികാരികൾതന്നെ. സ്ത്രീകളും ശൂദ്രരും ജഡരും മൂകരും ഹൂണകിരാതപുളിന്ദപുൽക്കസരും ആഭീരയവന കങ്കഖശാദിപാപജാതികളും ദാംഭികരും അഹംകാരികളും പിശുനരും ഗോവിപ്രഹർത്താദി മഹാപാതകികളും ജ്ഞാനം–വൈരാഗ്യം–ശ്രവണം എന്നിവയില്ലാത്തവരും—എന്നുവേണ്ട സർവരും—ഈ മന്ത്രത്തിന്നു് അധികാരികളത്രെ: സർവ്വ

Digitized By Kerala Sahitya Akademi

ശ്വരേശ്വരനായ കൃഷ്ണനിൽ ഭക്തിയുണ്ടെങ്കിൽ, ഇതു് അവശ്യം ജപിക്കാം; അതില്ലെങ്കിലൊ, യജ്വാവ്–ദാതാവ്–സർവതന്ത്രോപസേവി–സത്യവാദി–യതി–വേദവേദാംഗപാരഗൻ–ബ്രഹ്മനിഷ്ഠൻ–കുലീനൻ–തപസ്വി–വ്രതതല്പരൻ എന്നിവർക്കുകൂടി പാടില്ല. അതിനാൽ, കൃഷ്ണഭക്തിയില്ലാത്തവനും കൃതഘ്നനും ഊറക്കാരനും അശ്രദ്ധനും നാസ്തികനും ഇതു പറഞ്ഞുകൊടുക്കരുതു്; ശ്രവണേച്ഛയില്ലാത്തവൻ, ഓരാണ്ടു സേവിക്കാത്തവൻ എന്നിവർക്കും ഉപദേശിച്ചുകൂടാ. കൃഷ്ണൈകഭക്തനായി കാമക്രോധലോഭദംഭരഹിതനായിട്ടുള്ളവനേ, ഉപദേശിച്ചുകൊടുക്കാവൂ.

ഈ മന്ത്രത്തിനു ഋഷി ഞാൻതന്നെ; ഛന്ദസ്സു ഗായത്രി; ദേവത ഗോപീകാന്തൻ; പ്രിയാനിതനായ കൃഷ്ണന്റെ ദാസ്യത്തിന്നായി വിനിയോഗം. അഷ്ടാക്ഷരങ്ങൾകൊണ്ടു പഞ്ചാംഗങ്ങൾ (ജപഹോമർഘ്ണാഭിഷേകവിപ്രഭോജനങ്ങൾ) നടത്തണം; സബീജാക്ഷരംകൊണ്ടു കരാംഗന്യാസങ്ങളും ചെയ്യണം: മന്ത്രത്തിന്റെ ഒന്നാമത്തെ അക്ഷരത്തോടു ബിന്ദു (അനുസ്വാരം) ചേർത്താലുണ്ടാകുന്ന 'ശ്രീം' എന്നതു ബീജം; ഇതിൽ നമസ്സുകൂടി അടങ്ങിയിരിക്കുന്നു. അന്യാക്ഷരങ്ങൾകൊണ്ടു ദശാംഗങ്ങൾ സ്പർശിക്കണം; ഗന്ധപുഷ്പാദികളില്ലെങ്കിൽ വെറും വെള്ളംകൊണ്ടെങ്കിലും പൂജിക്കുക. ന്യാസപൂർവമായി ജപിച്ചാൽ കൃഷ്ണൻ ഏറെ പ്രീതികരമായിരിക്കും; അതിനാലത്രെ, ചിലർ ന്യാസവും മറ്റും വിധിച്ചിരിക്കുന്നതു്. ഈ മന്ത്രം ഒരിക്കൽ ഉച്ചരിച്ചാൽത്തന്നെ കൃതാർത്ഥത ലഭിക്കുമെങ്കിലും, പത്തുരു വീതിവരെയായി ജപിച്ചുകൊള്ളണം. ദ്വിജോത്തമ, ഇനി ധ്യാനം പറയാം:

(കീളിപ്പാട്ടു്: കേക.)

മഞ്ഞപ്പട്ടുടുത്തവൻ, ദ്വിഭുജൻ, വനമാലി,
മഞ്ജുവാംബർഹംചൂടും കോടിചന്ദ്രാഭമുഖൻ,
കർണ്ണികാരോത്തംസകൻ, കണ്ണിണയിളകുന്നോൻ,
കണ്ണാടിക്കവിൾത്തട്ടിൽ വിയർപ്പു ഞൊടിഞ്ഞവൻ,
ചന്ദനഗോപികുറികിടയിൽച്ചെങ്കുങ്കുമ–
ബിന്ദുവിൻ വട്ടപ്പൊട്ടും നെറിമേലിണങ്ങിയോൻ,
തരുണാദിത്യസ്ഫുരൽ കുണ്ഡലൻ, സലീലമായ്–
പ്പൂരികംപൊക്കിക്കാന്താമുഖത്തിൽക്കൺവെച്ചവൻ,
ഒന്തചന്ദ്രികയണിച്ചെന്തൊണ്ടിച്ചൊടിയുള്ളോൻ,
പൊന്തിയതിരുമൂക്കത്തൊളിമുത്തണിഞ്ഞവൻ,

Digitized By Kerala Sahitya Akademi

വാമഭാണിയിലോടക്കുഴലും വലത്തേതിൽ-
ത്താമരപ്പൂവുംപൂണ്ടോൻ, സുരതരസാകുലൻ,
കാഞ്ചനാംഗദരത്നമോതിരലസൽക്കരൻ,
കാഞ്ചികാവൃതമദ്ധ്യൻ, കാൽകളിൽത്തള്ളയിട്ടോൻ,
ഓമലാളൊത്തുരസിച്ചുവളെ രസിപ്പിപ്പോൻ—
ഈമട്ടിൽവൃന്ദാരണ്യേ കല്പദ്രുച്ചുവട്ടിലായ്
ശ്രീമണി സിംഹാസനത്തിങ്കൽ വാണീടുംവിധം -
ശ്യാമളശരീരനാം കൃഷ്ണനെധ്യാനിക്കേണം.

തന്തിരുവടിക്കിടത്തായിമേവുന്ന തങ്ക-
പ്പൊൻതനു, തനുമദ്ധ്യ, രാധയാകും പൃഥുശ്രോണി,
പട്ടുടുത്ത,ണിനീലറൌക്കിയിട്ട,ഴകുറ
വട്ടണിപ്പോർകൊങ്കമേൽ മുത്തുമാലകൾതഞ്ഞാന്നം,
കിങ്കിണി മണിക്കമ്മൽ മോതിരം ചുമൽവള
കങ്കണംചിലങ്കകൾചാത്തിയും, തെളിവാന്നം;
താമരപ്പൂവഞ്ചുത്തിൽപ്പുഞ്ചിരിപൂണ്ടീശന്റെ
തുമുഖത്തിങ്കൽച്ചകോരാലോലനേത്രംനിത്തി,
നീണ്ടവെറിലച്ചുരുൾ വല്ലഭമുഖാബ് ജത്തിൽ-
ച്ചൂണ്ടാണിപെരുവിരൽത്തുമ്പിനാലേകുനോളായ്
നവ്യയൌവനയായി ലാവണ്യക്കുഴമ്പാമ-
സ്സുവ്വാംഗമനോജ്ഞയെധ്യാനിക്കപിനൊ ബ്രഹ്മൻ.

ആനന്ദനിമഗ്നയാമവർതൻ സഖിമാരും
ധ്യാനയോഗ്യമാർവയോനന്മയാലവർകൊത്തോർ
ചാമരവ്യജനങ്ങൾ വീശിയുംമറും ശരി-
യ്ക്കാമഴകുശരിയാളെസ്സേവിച്ചുവസിപ്പവർ.

നാരദ, ഇനി മന്ത്രത്തിന്റെ അർത്ഥം ഭവാനു പറഞ്ഞുതരാം: പ്രപഞ്ചത്തിന്റെ ബഹിരംഗങ്ങളായ മായാദിശക്തികളും, അന്തരംഗങ്ങളായ ചിദാദികളും ആരുടെ വിഭ്രതിയുടെ അംശങ്ങളാണോ, ആ കൃഷ്ണവല്ലഭയായ രാധയെ ഗോപനംമൂലം ഗോപി എന്നു പറഞ്ഞുവരുന്നു. കൃഷ്ണമയി തന്നെയാണ്, പരദേവതയായ രാധാദേവി. സർവ്വലക്ഷ്മീസ്വരൂപയായ അവർ കൃഷ്ണനെ ആകർഷിച്ചുപോരുന്നു; അതിനാൽ അവളെ കൃഷ്ടിനി എന്നും വിദ്വജ്ജനങ്ങൾ പറയാറുണ്ട്. അവളുടെ ഒരു കലയുടെ കോടികോട്യംശങ്ങൾ മാത്രമത്രേ, ത്രിഗുണാത്മികമായ ദുർഗ്ഗ മുതലായവർ! സാക്ഷാൽ മഹാലക്ഷ്മിയാകുന്ന രാധ; കൃഷ്ണൻ നാരായണസ്വാമി തന്നെ. മുനിസത്തമ, ഇവരിരുവരും ത

Digitized By Kerala Sahitya Akademi

മ്മിൽ യാതൊരു ഭേദവുമില്ല. ഇവൾ ഉഷ; കൃഷ്ണൻ ശിവൻ. ഇവൾ ശചി; കൃഷ്ണൻ ഇന്ദ്രൻ. ഇവൾ സാവിത്രി; കൃഷ്ണൻ ബ്രഹ്മാവു്. ഇവൾ ധൂമോർണ്ണ; കൃഷ്ണൻ യമൻ. എന്തിനേറെ? അവരൊഴിഞ്ഞു യാതൊന്നുമില്ല; ചിത്തും അചിത്തുമായ ലോകം മുഴുവനും രാധാകൃഷ്ണമയംതന്നെ. ഇതൊക്കെയും അവരുടെ വിഭൂതിയാകുന്നു; നൂറുകോടി സംവത്സരങ്ങളും കൊണ്ടും അതിനെ വിവരിപ്പാൻ ഞാനാളാവില്ല. മൂന്നുലോകങ്ങളിൽവെച്ചു മെച്ചം ഭൂമിയും ക്രുദ്ധം; അതിൽവെച്ചു് ശ്രേഷ്ഠമാണു് ജംബൂദ്വീപ്; അതിൽവെച്ചു ഭാരതവർഷം; അതിൽവെച്ചു മഥുരാപുരി; അതിൽവെച്ചു വൃന്ദാവനം; അതിൽവെച്ചു ഗോപീഗണം; അതിൽവെച്ചു രാധയുടെ സഖീവർഗ്ഗം; അതിൽവെച്ചു രാധ! അവളുടെ സാന്നിധ്യത്തിന്റെ അധികൃത്താലത്രേ, ഭൂമി മുതലായവയ്ക്കു യഥോത്തരം മെച്ചം; മറ്റൊന്നും ഇവിടെ പറയാനില്ല.

ആ രാധതന്നെ ഗോപി; ജനം അവളുടെ സഖീവർഗ്ഗം; ആ സഖീജനത്തിനു വല്ലഭരും പ്രാണനാഥരുമാകുന്ന രാധാകൃഷ്ണന്മാർ; അവരിരുവരുടേയും ചരണങ്ങളെ എറ്റവും ദുഃഖത്തിൽപ്പെട്ട ജീവനായ ഞാൻ ശരണം പ്രാപിക്കുന്നു. ശരണപ്രാപ്തനായ എനിക്കു യാതൊന്നുണ്ടോ, അതൊക്കെയും അവർക്കു ഭുജിപ്പാനുള്ളതാണ്; എനിക്കുള്ളതല്ല! ബ്രാഹ്മണ, ഇതാണ്, പുരുക്കത്തിൽ മന്ത്രത്തിന്റെ അർത്ഥം. യുഗളാർത്ഥം, ന്യാസം, പ്രപത്തി, ശരണപ്രാപ്തി, ആത്മസമർപ്പണം എന്നിവ അഞ്ചും പര്യായപദങ്ങളാകുന്നു. ഈ അർത്ഥം രാപ്പകൽ മടിക്കൂടാതെ ചിന്തിച്ചുകൊള്ളണം.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശിവനാരദസംവാദം,
മന്ത്രചിന്താമണികഥനം എൺപത്തൊന്നാമദ്ധ്യായം.

എൺപത്തിരണ്ടാമദ്ധ്യായം

ശിവൻ:—നാരദ, ഇനി ദീക്ഷാവിധി ശരിക്കു പറയാം; അതുകേട്ടാൽ മതി—ആചരിക്കേണമെന്നില്ല—മുക്തി സിദ്ധിപ്പാൻ!

ബ്രഹ്മാവുമുതല്ക്കുള്ള ലോകം മുഴുവനും നശ്വരം. ആദ്ധ്യാത്മികാദി ത്രിവിധദുഃഖങ്ങളും അനുഭവിക്കണം; സുഖങ്ങളൊക്കെ അനിത്യങ്ങളുമാണ്. അതിനാൽ അഭിജ്ഞൻ അവയേയും ദുഃഖങ്ങളായി ഗണിച്ചു്,

Digitized By Kerala Sahitya Akademi

അവയിൽനിന്നൊഴിഞ്ഞു വൈരാഗ്യംപൂണ്ടു്, സംസാരം നീങ്ങി പരമസുഖം നേടുന്നതിനുള്ള വഴി നോക്കണം. ബ്രാഹ്മണ, കമ്മങ്ങൾ സുകരങ്ങളല്ല; സംസാരദുഃഖിതൻ ശ്രീമാനായ ഗുരുവിനെ ശരണംപ്രാപിച്ചുകൊള്ളണം: ശാന്തൻ, നിർമ്മത്സരൻ, കൃഷ്ണനിൽ ഭക്തിയൊഴിഞ്ഞു് മറൊരു ചിന്തയുമില്ലാത്തവൻ, ക്രോധലോഭരഹിതൻ, ശ്രീകൃഷ്ണരസതത്പരജ്ഞൻ, കൃഷ്ണമന്ത്രജ്ഞരിൽ ശ്രേഷ്ഠൻ, എന്നെന്നും കൃഷ്ണമന്ത്രത്തെ ആശ്രയിച്ചവൻ, മന്ത്രത്തിൽ വിശ്വാസമുള്ളവൻ, എപ്പോഴും വിശുദ്ധൻ, സാധുധർമ്മം ഉപദേശിക്കുന്നവൻ, സദാചാരം കൈപ്പിടുത്തുന്നവൻ, സംപ്രദായ(പാരമ്പര്യോപദേശ)മുള്ളവൻ, ദയാപൂർണ്ണൻ, വിരക്തൻ—ഇങ്ങിനെയുള്ള ആളായിരിക്കണം ഗുരു; ഏതാണ്ടു് ഈ വക ഗുണങ്ങളുള്ളവനും, ഗുരുവിങ്കൽ അതിഭക്തിയോടേ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നവനും മുക്തി തേടുന്നവനുമത്രേ ശിഷ്യൻ. ഭഗവാനെ പ്രത്യക്ഷമായി പ്രേമത്തോടേ സേവിക്കുക എന്നതാണു്, വേദവേദാംഗവേദികൾ മോക്ഷമെന്നു പറയുന്നതു്.

ശിഷ്യൻ ഗുരുവിന്റെ അടുക്കൽച്ചെന്നു നമസ്കരിച്ചു് തന്റെ വൃത്താന്തം അറിയിക്കണം; ഗുരു ഏറ്റവും ഹർഷത്തോടേ, സപാദസേവകനും ശാന്തനുമായ ശിഷ്യന്റെ സംശയങ്ങൾ പോക്കി വീണ്ടും വീണ്ടും ബോധംവരുത്തി, മന്ത്രോപദേശം ചെയ്യണം: ഇടം വലം കൈകളുടെ മൂലഭാഗത്തു ചന്ദനമോ ഗോപിമണ്ണോ കൊണ്ടു് യഥാക്രമം ശംഖും ചക്രവും എഴുതുകയും, നെറ്റിമേലും മറ്റും ഗോപിക്കുറി തൊടുകയും വേണം. പിന്നീടു മന്ത്രം രണ്ടും വലത്തേച്ചെവിയിൽ പറഞ്ഞുകൊടുക്കണം. മന്ത്രത്തിന്റെ അർത്ഥവും മുറയുംപോലെ ശിഷ്യനെ ധരിപ്പിക്കണം. അവന്റെ പേരോടുകൂടി ദാസശബ്ദം ചേർക്കണം. തദനന്തരം ഭക്തിയോടും സ്നേഹത്തോടുംകൂടി വൈഷ്ണവരെ ഊട്ടണം. ഗുരുവിനേയും വസ്ത്രാഭരണാദികൾകൊണ്ടു പൂജിക്കണം: ഉള്ള മുതൽ മുഴുവനുമോ, പകുതിയെങ്കിലുമോ ഗുരുവിന്നു സമർപ്പിക്കണം; തന്റെ ശരീരംകൂടി ഗുരുവിന്നു സമർപ്പിച്ചു് അകിഞ്ചനനായി സ്ഥിതിചെയ്യുകയാണുത്തമം.

പഞ്ചസംസ്കാരങ്ങൾ സാധിച്ച പണ്ഡിതനല്ലാതെ, അനേകം കോടി കല്പങ്ങൾകൊണ്ടും കൃഷ്ണദാസ്യം കൈവരികയില്ല; അങ്കനം, ഊർദ്ധ്വപുണ്ഡ്രം, മന്ത്രം, നാമധാരണം, യാഗം എന്നിവയത്രേ, പണ്ടത്തെ വിദ്വാന്മാർ പറഞ്ഞിട്ടുള്ള പഞ്ചസംസ്കാരങ്ങൾ. അങ്കനം ശംഖം ചക്രവും എഴുതൽ; പുണ്ഡ്രം ഇടയിട്ട ഗോപിക്കുറി; മന്ത്രം യുഗളമെന്നതു്; നാമധാരണം ദാസശബ്ദം ചേർക്കൽ; യാഗമെന്നതു് ഗുരുവിനേയും വൈഷ്ണവരേയും പൂജിക്കൽ.

Digitized By Kerala Sahitya Akademi

നാരദ, ഇനി പ്രപന്നരുടെ (ഗുരുവിനെ ആശ്രയിച്ചവരുടെ) ധ
മ്മങ്ങളം കേട്ടുകൊള്ളുക; കലികാലത്തു് അവ ആചരിച്ചാൽ മതി, വി
ഷ്ണുമന്ദിരം പ്രാപിപ്പാൻ: മേൽപ്രകാരം ഗുരുവിങ്കൽനിന്നു മന്ത്രം ല
ഭിച്ച ബുദ്ധിമാൻ ഗുരുഭക്തിപരായണനായി സദാ ഗുരുവിനെ പരിച
രിച്ചുംകൊണ്ടു് ഗുരുകാരുണ്യം സമ്പാദിച്ചുകൊള്ളണം. സജ്ജനങ്ങള
ടെ—വിശേഷിച്ചും പ്രപന്നരുടെ—ധർമ്മങ്ങളം പരിശീലിക്കണം; വൈ
ഷ്ണവരെ സ്വന്തം ഇഷ്ടദേവതകളായി കരുതി നാൾതോറും പ്രസാ
ദിപ്പിക്കണം: ഒരു കാമുകൻ സ്ത്രീയുടെ തല്പും ശകാരവും സമ്മാനമായി
കൈക്കൊള്ളുന്നതെപ്രകാരമോ, അപ്രകാരം വൈഷ്ണവന്റേതും അ
ഭിജ്ഞൻ കൈക്കൊള്ളണം. ഒരിക്കലും ഐഹികമോ ആമുഷ്മികമോ
ആയ വിചാരം ഉണ്ടാകരുതു്: ഐഹികം പ്രാഗ്ജന്മകർമ്മത്താൽ വ
ന്നുചേരുന്നതാണു്; ആമുഷ്മികമാകട്ടേ, കൃഷ്ണൻ സ്വയം നിറവേറി
ക്കൊള്ളും. അതിനാൽ അവയ്ക്കായിട്ടുള്ള പ്രയത്നം മനുഷ്യർ ഉപേക്ഷി
ക്കുകതന്നെ വേണം. എല്ലാ ഉപായങ്ങളേയും ത്യജിച്ചു് കൃഷ്ണങ്കൽ
ആത്മസമർപ്പണം ചെയ്യണം.

ഭർത്താവിങ്കൽ അനുരക്തയായ ഒരു പതിവ്രത ഏറെ നാളായി
ദേശാന്തരം പോയിരിക്കുന്ന വല്ലഭനെച്ചൊല്ലി ഖേദിച്ചു്, അവന്റെ
സംഗമം ഒന്നുമാത്രം കാംക്ഷിച്ചുകൊണ്ടു് എപ്പോഴും അവന്റെ ഗുണ
ങ്ങളം ഓർക്കുകയും പാടുകയും കേൾക്കുകയും ചെയ്യുന്നതെപ്രകാരമൊ,
അപ്രകാരം ശ്രീകൃഷ്ണന്റെ ഗുണലീലാദികളം സ്മരിക്കുകയും മറും ചെ
യ്തുകൊണ്ടിരിക്കണം; എന്നാൽ അതു് ഒരിക്കലും സാധനതേപന ചെ
യ്താൽ പോര. ഏറെനാളായി ദേശാന്തരം പോയിട്ടു തിരിയെവന്ന പ്രി
യതമനെ ഭാര്യ കണ്ണുനീരുകൊണ്ടു നനയ്ക്കുകയും ചുംബിക്കുകയും പുണരു
കയും ചെയ്യുന്നതുപോലെ, ബ്രഹ്മാനന്ദത്തിൽ മുഴുകിക്കൊണ്ടു് ഭഗവൽ
പ്രതിമയെ സേവിച്ചു പരിചരിക്കണം. എന്നെന്നും അനന്യശരണ
നായി അനന്യസാധനനായി അനന്യസാധനാർത്ഥിയായി അനന്യപ്ര
യോജനനായിരിക്കണം: അന്യദേവനെ പൂജിക്കരുതു്, വന്ദിക്കരുതു്,
സ്മരിക്കരുതു്, ദർശിക്കരുതു്, കീർത്തിക്കരുതു്; ഒരിക്കലും നന്ദിക്കയുമരുതു്.
അന്യന്റെ ഉച്ഛിഷ്ടം ഭുജിക്കരുതു്; അന്യന്റെ നിർമ്മാല്യം ധരിക്കരുതു്;
വൈഷ്ണവരല്ലാത്തവരോടു സംസാരിക്കുക, വന്ദിക്കുക മുതലായതും വ
ർജ്ജിക്കണം. ശൈവനേയൊ വൈഷ്ണവനേയൊ നിന്ദിക്കുന്നതു് ഒ
രിക്കലും കേൾക്കരുതു്; ഒന്നുകിൽ ചെവികളം പൊത്തി പോയ്ക്കൊ
ള്ളണം; കഴിവുണ്ടെങ്കിൽ ദണ്ഡിപ്പിക്കണം.

ബ്രാഹ്മണ, ശരീരപാതംവരെ ദയത്തിന്റെ അർത്ഥം ചിന്തിച്ചു
ചാതകവൃത്തിയിൽ സ്ഥിതിചെയ്യണമെന്നതന്നെയാണു് എന്റെ

Digitized By Kerala Sahitya Akademi

പക്ഷം. വേഴാമ്പൽപ്പക്ഷി പൊയ്ക, പുഴ, കടൽ മുതലായവയെ വിട്ടു മേഘത്തോടു യാചിക്കുന്നു, അഥവാ ദാഹിച്ചു ചാവുന്നു; അപ്രകാരം, തന്റെ ഇഷ്ടദേവരോടേ എന്നെന്നും യാചിയ്ക്കാവൂ: 'അവർതന്നെ എനിക്കു ശരണം' എന്നുറച്ചുകൊള്ളണം. ഇഷ്ടദേവർ, തൽഭക്തന്മാർ, വിശേഷിച്ചും ഗുരുനാഥൻ എന്നിവക്ക് ആനുകൂല്യമല്ലാതെ പ്രാതികൂല്യം ഒരിക്കലും ചെയ്യുകയുമരുത്. രാധാകൃഷ്ണന്മാരുടെ കല്യാണഗുണങ്ങളും സ്മരിച്ചു്, 'അവർതന്നെ ശരണപ്രാപ്തനായ എന്നെ കരയേറ്റിക്കൊള്ളു'മെന്നു വിശ്വസിക്കണം.

(കിളിപ്പാട്ടു്—അന്നനട)

'ഗൃഹപുത്രമിത്രത്തിരകളേന്തിന
മഹാഭവപയോനിധിയിൽനിന്നെന്നെ
കരയേറ്റിക്കാപ്പാൻ, പ്രപന്നാക്കുഭയം
കളഞ്ഞരുളുമെൻ തിരുമേനികഠംതാൻ!
ഇഹപരങ്ങളിലെനിക്കുള്ളതെല്ലാ-
മിതാ,വെച്ചേൻചെംതുപ്പദത്തിലെന്നെയും!
അഘനിധിയസാധനനഗതിഞാൻ;
അടിയന്നാശ്രയം തിരുമേനികഠംതാൻ!
തപദീയനാണഞ്ഞാൻവിഭോ, രാധാപതേ,
തൊഴിൽമൊഴിമനമിവ മൂന്നിനാലും;
ഭവദീയൻതന്നെയിവൻ ഹരികാന്തേ;
ഭവാന്മാരേ മമ ശരണമായുള്ളൂ!
തിരുമേനികളെശ്ശരണമാണ്ടോൻ ഞാൻ
പുരുകരുണതൻ വിളനിലങ്ങളെ;
ദുരിതവും ദുഷ്ടുമെഴുമടിയനിൽ-
ക്കരൽതെളിഞ്ഞു തന്നാരുഠംക ദാസ്യത്തെ!'

എന്നീ പദ്യങ്ങഠം പതിവായി ചൊല്ലിയാൽ, അവരുടെ ദാസ്യം വൈകാതെ ലഭിക്കും. ചുരുക്കത്തിൽ ഇപ്പറഞ്ഞവയെല്ലാം ബാഹ്യധമ്മങ്ങളാണു്; ശ്രേഷ്ഠമായ ആഭ്യന്തരധമ്മവും പറയാം: താൻ കൃഷ്ണപ്രിയാസഖിയാണെന്നു ദൃഢമായി സങ്കല്പിച്ചു്, അവരിരുവരേയും രാപ്പകൽ മടിക്കൂടാതെ ശുശ്രൂഷിച്ചുകൊള്ളണം. നാരദ, മന്ത്രവും അതിന്റെ അംഗങ്ങളും അധികാരികളും ധമ്മങ്ങളും തൽഫലവും പറയപ്പെട്ടുവല്ലൊ; ഇതു ഭവാനും അനുഷ്ഠിച്ചുകൊഠംക; എന്നാൽ, പ്രാരബ്ധക്ഷയത്തിൽ അവരുടെ ദാസ്യം സമ്പാദിക്കാം, യാതൊരു സം

Digitized By Kerala Sahitya Akademi

ശയവുമില്ല. ഒരൊറത്തവണ 'അടിയൻ നിന്തിരുവടിയുടെയാണെ' ന്നിങ്ങിനെ ശരണം പ്രാപിച്ചു യാചിച്ചാൽമതി, കൃഷ്ണൻ ദാസ്യം കല്പിച്ചു നൽകും! എനിക്കിതിൽ സംശയമില്ല. ഇവിടെ ഒരത്യത്ഭുത രഹസ്യം പറഞ്ഞുതരാം; പണ്ടു കൃഷ്ണഭഗവാൻതന്നെ എന്നോടു നേരിട്ടരുളിച്ചെയ്തതാണ്; ഈ ഗുഹ്യാൽഗുഹ്യമായ ആഭ്യന്തരധർമ്മം എന്തായാലും പുറത്തുപറയരുതെ:

ഞാൻ പണ്ടു കൈലാസത്തിന്മുകളിൽ കൊടുംകാട്ടിൽ, മന്ത്രരത്നം ജപിച്ചു വിഷ്ണുദേവനെ ധ്യാനിച്ചു മേവുകയായിരുന്നു. അങ്ങിനെയിരിക്കെ, ഭഗവാൻ പ്രസാദിച്ചു് എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു്, 'വരംചോദിക്കാം' എന്നരുളിച്ചെയ്തു. ഞാൻ കണ്ണുതുറന്നപ്പോൾ, പ്രിയാസഹിതനായ തന്തിരുവടി ഗരുഡന്റെ പുറത്തു കാണുമാറായി. ഉടനെ ഞാൻ തെരുതെരെ നമസ്കരിച്ചു ലക്ഷ്മീപതിയോടുണത്തിച്ചു:—

(കിളിപ്പാട്ടു്—മട്ടു)

'കരുണാസിന്ധോ, തവ യാതൊരു രൂപത്തിനെ–
പ്പരമാനന്ദപ്രദ,മഖിലാനന്ദാധാരം,
നിർഗ്ഗുണം, നിരുപായം, സർവ്വാതിരിക്തം, ശാന്തം,
നിഷ്ക്രിയം, മുത്ബ്രഹ്മമെന്നു ചൊല്ലുന്നു ബുധർ,
ആ രൂപം കണ്ണാൽ കാണ്മാനാശയുണ്ടെനിക്കെ'ന്നീ–
ഗ്ഗീരുകേട്ടു,ടിമയാമെന്നോടു ജഗദീശൻ,
'എന്നാൽ നീ യമുനതൻ പശ്ചിമതീരത്തെത്തു:
വൃന്ദാവനത്തിൽക്കാണാമീപ്സിതമാരൂപംതേ'
എന്നോതിപ്രിയയുമായ് മറഞ്ഞാൻ മഹേശ്വരൻ;
ചെന്നിതുയമുനതൻ ശോഭനേതടത്തിൽഞ്ഞാൻ.

കാണായിതെന്നിക്കങ്ങൊരാനായക്കിശോരന്റെ
ചേണാന്വേഷത്തോടും സർവ്വദേവേശ്വരൻ;
വല്ലഭയുടെ തോളിലിടം കൈത്തളിർവെച്ചും,
വല്ലവീമദ്ധ്യത്തിൽവെച്ചവളെച്ചിരിപ്പിച്ചും
ഉല്ലസിച്ചരുളുമക്കാർവ്വർണ്ണൻ ശുഭനിധി
ചൊല്ലിനാനമൃതച്ചൊല്ലിനോടു സ്മിതൻ:—
'പ്രത്യക്ഷനായേൻതവ നിന്നിച്ഛയറിഞ്ഞുഞാൻ;
രുദ്ര,നീയീട്ടശ്ചിച്ചമദ്രൂപമലൗകികം,
നിർമ്മലപ്രേമക്കുഴമ്പു,ഖണ്ഡാനന്ദം, വ്യാപി,
നിർഗ്ഗുണമവിഭാവ്യം നിഷ്ക്രിയം പരാൽപരം.

Digitized By Kerala Sahitya Akademi

ഇതുതാനുപനിഷദ്വർണ്ണിതം; കണ്ണാൽക്കാണി-
ല്ലതിനാലത്രുപനെന്നോതുന്ന ശ്രുതിയെന്നെ;
എൻഗുണംകിട്ടാവതല്ലാകയാലഗുണൻഞാ-
നെ,ങ്ങുമേചിതംശത്താൽ വ്യാപ്തനായഞാൻ ബ്രഹ്മം;
പ്രകൃതിഗുണങ്ങളുമറവുമില്ലായ്കയാൽ
സുകൃതിൻ, മഹേശൻ ഞാനെ,ന്നിയനകർതൃതാൽ:
മായയാലെന്നംശങ്ങൾ സൃഷ്ട്യാദി നടത്തുന്നു;
മാമലമകറ്റുകാന്ത, ഞാൻ സ്വയം ചെയ്തീലൊന്നും.
മുറുമിഗ്ഗോപീജനപ്രേമത്താൽ വിവശൻഞാൻ
മറെറാരുതൊഴിലെന്നല്ലറിവീലെന്നെറ്റോലും:
ഇവളായ് രമിക്കുന്നോൻ പ്രേമത്തിന്നാധീനൻ ഞാ-
നി,വളെൻപ്രിയരാധ പരദേവതയല്ലൊ.
ഇവർതൻപുറുംകാഞ്ഞു തോഴിമാർ നൂറായിര,-
മിവരുമെല്ലാം സനാതനിമാരെന്നപ്പോലെ,
മിത്രങ്ങൾപിതാക്കളെൻ ഗോഗോപർവൃന്ദാവനം—
നിത്യമാണിതുസർവ്വം സച്ചിദാനന്ദമയം.
അതുലാനന്ദകന്ദമറികീ വൃന്ദാവനം;
ഇതിലുൾപുക്കാൽപ്പിന്നെപ്പിണയാ ഭവബന്ധം!
എൻകാട്ടിൽവന്നെത്തിയിട്ടന്യത്രപോകും മൂഢൻ,
ശങ്കര, സത്യംചൊല്ലാമാത്മഹിംസകൻ തന്നെ!
പോവുകില്ലെങ്ങും വൃന്ദാകാനനം വെടിഞ്ഞു ഞാൻ;
മേവുന്നോനിവിടെത്താനിവളൊന്നിച്ചെന്നെന്നും.
എന്നിതൊക്കയും ചൊന്നോനെ,ന്തിനിക്കേൾക്കേണം തേ?
ചന്ദ്രശേഖര, ചൊല്ലിക്കൊൾക നിന്നന്തർഗ്ഗതം.'
'മാർഗ്ഗമെന്തി,തിന്മട്ടാമങ്ങയായ് ചേരാനെ,ന്നാ
മാധവനോട് തദാ ചോദിച്ചേൻ മുനീന്ദ്ര, ഞാൻ.
അരുളിച്ചെയ്തു ദേവൻ:—'നന്നു നിൻചോദ്യം ശംഭോ!
പരമഗോപ്യമിതു പുറത്താക്കൊല്ലേ തെല്ലും:
ഇങ്ങില്ലാ വഴി വേറിട്ടൊ,രികൽ പ്രപന്നനായ്,
ഞങ്ങളെഗ്ഗോപീഭാവാൽ ഭജിപ്പോനെങ്കൽച്ചേരും;
ഒരിക്കലെൻകാന്തയെ മാത്രമോ പ്രപന്നനായ്,-
പ്പരചിന്തനമെന്യേ ഭജിപ്പോനെങ്കൽച്ചേരും;
എൻപ്രിയതമയെവിട്ടെന്നെത്താൻ ഭജിപ്പോനോ,
സംപ്രാപിക്കുകിലെന്നെത്തീച്ചയാണൊരിക്കലും!

Digitized By Kerala Sahitya Akademi

ഒരിക്കൽ പ്രപന്നനായ്ത്തപദ്ദീയൻ ഞാനെ'ന്നോതും
നരനു മറെറാന്നുംവേണ്ടെന്നൊട്ട ചേരാൻ ദൃഢം.
സവ്വഥാ സമാശ്രയിച്ചാലുമെൻ പ്രിയയെ നീ:
ശവ്വ, മൽപ്രിയാസേവ ചെയ്തിൽ നിൻവശത്താം ഞാൻ!
പരമഗ്രഹ്യം ഞാനിപ്പുറഞ്ഞതി,തു നീയും
പുറത്താക്കാതെ പണിപ്പെട്ട താൻ സൂക്ഷിക്കേണം.
എന്നാൽനീയെന്നോമലാം രാധയെശ്ശരണംപൂ--
ക്കെന്നൊന്നും ദ്വയമന്ത്രം ജപിച്ചു വാഴ്ക്ഷൻ ഗ്രഹേ.'

ഇപ്രകാരം കഥിച്ചിട്ട്, കരുണാനിധിയായ കൃഷ്ണൻ എന്റെ വലത്തേ ചെവിയിൽ യുഗളമന്ത്രം ഉപദേശിച്ചു് സംസ്കാരങ്ങളും നടത്തി, ഞാൻ നോക്കിനിൽക്കേ, സപരിവാരം അന്തർദ്ധാനം ചെയ്തു. ഞാൻ അന്നുമുതൽ ഇവിടെത്തന്നെ പാർക്കുകയാണു്. ബ്രാഹ്മണോത്തമ, ഇതൊക്കയും സാംഗമായി ഭവാനു ഞാൻ പറഞ്ഞുതന്നു; ഇനിയെന്താണു് ഭവാനു കേൾക്കേണ്ടതു്?'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശിവനാരദസംവാദം,
മന്ത്രദീക്ഷാവിധികഥനം എൺപത്തിരണ്ടാമദ്ധ്യായം.

—(o)—

എൺപത്തിമൂന്നാമദ്ധ്യായം

നാരദൻ:—'ഭഗവൻ, ഗുരോ, ഞാൻ ചോദിച്ചതെല്ലാം ഇവിടുന്നരുളിച്ചെയ്തു; ഇനി, ശ്രേയസ്സുമായ സങ്കല്പമാർഗ്ഗം കേൾക്കേണമെന്നുണ്ടു്.'

ശിവൻ:—'ബ്രാഹ്മണ, സർവ്വലോകങ്ങൾക്കും നന്മ കരുതുന്ന ഭവാൻ ആവശ്യപ്പെട്ടതു കൊള്ളാം. കേൾക്കു, അതു രഹസ്യമെങ്കിലും ഞാൻ പറകതന്നെ ചെയ്യാം:

ഹരിയുടെ ദാസന്മാർ, സഖാക്കൾ, പിതാക്കൾ, പ്രിയതമമാർ എന്നിവരെല്ലാം തത്തുല്യഗുണശാലികളും സനാതനരുമത്രേ. അവർ, അവതാരലീലയിൽ പുരാണങ്ങളാൽ കീർത്തിക്കപ്പെട്ടിട്ടുള്ളതുപോലെ, ഭൂമിയിൽ വൃന്ദാവനത്തിൽ നിത്യലീലയിൽ സംബന്ധിക്കുന്നവരാകുന്നു. ഭഗവാൻ നാൾതോറും ചങ്ങാതിമാരൊത്തു പൈക്കളെ മേപ്പാൻ കാട്ടിലേയ്ക്കു പോവുകയും ഗോകുലത്തിലേയ്ക്കു മടങ്ങിവരികയും ചെയ്യുന്നുണ്ടു്; അസുരസംഹാരം മാത്രമില്ല. പരകീയമാർ എന്നു നടിക്കുന്നവ

Digitized By Kerala Sahitya Akademi

രായ അവന്റെ പ്രിയതമമാർ ഒളിവായി സ്വന്തം വല്ലഭനെ രമിപ്പിച്ചു പോരുന്നുമുണ്ട്. അവരിൽ ഒരുത്തിയാണ് താൻ എന്നു സംകല്പിക്കണം: മനോരമരൂപയായി കിശോരവയസ്കയായി പലതരം ശില്പകലകളിൽ കുശലയായി, കൃഷ്ണഭോഗത്തിനാർഹയായി കൃഷ്ണൻ അപേക്ഷിച്ചാലും രതിയ്ക്കാരുങ്ങാത്തവളായി, രഹസ്യേപ്പോഴും രാധാനുചരിയായി രാധയെ ശ്രുശ്രൂഷിക്കുന്നവളായി രാധയെ കൃഷ്ണനെക്കാളേറെ സ്നേഹിക്കുന്നവളായി പ്രീതിയാൽ പ്രതിദിനം അവരെ ചേർത്തിണക്കുന്നവളായി, തൽസേവനസുഖാസ്വാദത്താൽ സുനിർവൃതയായിരിക്കുന്ന ഒരു സ്ത്രീയാണ് താൻ എന്നു സംകല്പിച്ചുംകൊണ്ട്, ബ്രാഹ്മമുഹൂർത്തംമുതൽ രാത്രിവരെ തൽഭജനം ചെയ്തുകൊള്ളണം.'

നാരദൻ:—'കൃഷ്ണന്റെ ദൈനന്ദിനലീല ശരിക്കു പറഞ്ഞുതന്നാൽക്കൊള്ളാം: ലീലയറിയാതെ എങ്ങിനെയാണ് ഭഗവാനെ ധ്യാനിക്കുക?'

ശിവൻ:—'നാരദ, കൃഷ്ണലീല ശരിയായിട്ടെനിക്കറിഞ്ഞുകൂടാ; വൃന്ദാദേവിയുടെ അടുക്കൽ ചെല്ല: അവൾ പറഞ്ഞുതരും. ഇവിടെനിന്ന് ഏറെദ്ദൂരത്തല്ലാത്ത കേശിതീർത്ഥത്തിനടുക്കലത്രേ, ആ ഗോവിന്ദപരിചാരിക സഖിമാരോടൊന്നിച്ചു നിവസിക്കുന്നത്.'

ഇതുകേട്ട നാരദമഹർഷി മനംകുളിർത്തു മഹാദേവനെ വീണ്ടും വീണ്ടും നമസ്കരിച്ചു, വൃന്ദയുടെ ആശ്രമത്തിൽ ചെന്നെത്തി. അവൾ നാരദനെ കണ്ടു തെരുതെരെ വന്ദിച്ചു ചോദിച്ചു:—'മുനിശ്രേഷ്ഠ, എന്തിനായിട്ടാണ് ഭവാൻ ഇവിടെ വന്നതുചെന്നാലും?'

നാരദൻ:—'ഭദ്രേ, എനിക്കു കൃഷ്ണന്റെ ദിനചര്യ കേൾക്കേണമെന്നുണ്ട്; ഞാൻ അതിനാർഹനാണെങ്കിൽ, ആദിമുതൽക്കേ പറഞ്ഞുതരിക.'

വൃന്ദ:—നാരദ, അതു ഗോപ്യമാണെങ്കിലും ഞാൻ പറയാം: അങ്ങ് കൃഷ്ണഭക്തനാണല്ലൊ. എന്നാൽ, ഈ പരമമഹാരഹസ്യം ഭവാൻ പുറത്താക്കരുതെ.

(കിളിപ്പാട്ട്—കാകളി)

വൃന്ദാവനാന്തരേ, കുഞ്ജുങ്ങളമ്പതൊ-
ക്കുന്നാകല്പദ്രുമച്ചുവട്ടിൽ മണിഗൃഹേ
കെട്ടിപ്പിടിച്ചുകിടന്നുറങ്ങു,മൊരു
കട്ടിലിന്മേലാമുകുന്ദനും രാധയും.

Digitized By Kerala Sahitya Akademi

പക്ഷികളെന്നാജ്ഞയാലെ പുലർച്ചയ്ക്കു
പള്ളിക്കുറുപ്പുണത്തീടിലുമായവർ
മെത്തമേൽനിന്നൊഴുന്നോപ്പാനൊരുങ്ങുകി-
ലദ്ദ്യഢാലിംഗനാനന്ദഭംഗഭയാൽ;
ശാരികാകീരാദ്യർപേർത്തും പലതരം
ഗീരാലുണർത്തുകകൊണ്ടൊരുമട്ടവർ
മെത്തപ്പുറത്തെഴുന്നോററിഞ്ഞാൽ പെണ്ണു
ത്രു വേണ്ടുന്നതുചെയ്യും സവീജനം;
പിന്നെയുംപൈങ്കിളിക്കൊഞ്ചലാൽ മെത്തമേൽ-
നിന്നെഴുന്നോറു ഭയോൽക്കണ്ണുപൂണ്ടവർ
നന്മന്ദിരങ്ങളിൽപ്പോകും; പ്രഭാതത്തി-
ലമ്മവിളിച്ചാലുണർന്നെഴുന്നോറിടും.
മാധവൻതാലോങ്കനൊന്നിച്ചു പൽതേച്ചു
മാതാവൊടുവിടവാങ്ങിസ്സുമിത്രനായ്
ഗോശാലപൂകിടും. രാധയൊപല്ലുതേ-
ച്ചാശ്രുകളിറ്റുരയ്ക്കുള്ളിലണഞ്ഞിടും;
എണ്ണതേപ്പിച്ചുകളിറ്റിച്ചു തോഴിമാർ
മണ്ഡനമന്ദിരം പൂകിച്ച ദേവിയെ
നാനാവിഭ്രഷണദിവ്യഗന്ധാലേപ-
സൂനമാല്യങ്ങൾകൊണ്ടങ്ങണിയിച്ചിടും;
അപ്പൊഴെയ്ക്കും, ശ്വശ്രൂവോടപേക്ഷിച്ചരി-
വെപ്പാൻവിളിക്കുമവളെ യശോദതാൻ.'

നാരദൻ:—'വെപ്പിനു രോഹിണിയും മറുമുണ്ടായിരിക്കെ, യ
ശോദ രാധയെ വിളിക്കുന്നതെന്തുകൊണ്ടാണു"?'

വൃന്ദ:—'മഹർഷേ, പണ്ടു ദുർവ്വാസസ്സ് രാധയ്ക്കു, 'ദേവി, ഭവതി പ
ചിക്കുന്ന അന്നം അമൃതുപോലിരിക്കും; അതുണ്ണുന്നാവന്നു് ആയുസ്സും
വർദ്ധിക്കും' എന്നിങ്ങിനെ ഒരു വരം കൊടുത്തിട്ടുള്ളതായി കാത്യായ
നി പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്; ഇതുനിമിത്തമത്രെ, പുത്രവത്സലയാ
യ യശോദ മകന്നു രുചികൃദുവാന്നം ആയുർവ്വർദ്ധനയ്ക്കുമായി രാധയെ
വെപ്പിന്നു വിളിക്കുന്നതു്. അവർ ശ്വശ്രൂവിന്റെ അനുജ്ഞ നേടി സ
ഖീജനത്തോടൊന്നിച്ചു സഹർഷം നന്ദഗൃഹത്തിലെത്തി വെപ്പുകഴി
ക്കും. അപ്പൊഴെയ്ക്കും, ചില പൈക്കളെ താൻതന്നെ കറക്കുകയും മ
റുചിലവയെ ആൾക്കാരെക്കൊണ്ടു കറപ്പിക്കുകയും ചെയ്ത കൃഷ്ണ
ൻ, അമ്മുൻ വിളിക്കുകയാൽ ചങ്ങാതിമാരോടൊന്നിച്ചു സഗൃഹത്തി

Digitized By Kerala Sahitya Akademi

ലെത്തും. ഉടനെ തന്തിരുമേനിയെ വാലിയക്കാർ എണ്ണതേപ്പിച്ചു നീരാട്ടിക്കും.

(പാന)

പിൻഘവിടുന്നലക്കിയമുണ്ടുട്ട--
ത്തുമ്പിളിപ്പൊട്ടു തെറിമേൽക്കുത്തിയും,
തെറിതൻമീതെ രണ്ടുവശത്തുമായ്-
ക്കറുകക്കാർകുഴൽ കെട്ടിവെച്ചുംമുദാ,
തുമലയജംപൂമെയ്യിൽപ്പൂശിയും,
ശ്രീമകരാദ്ധകുണ്ഡലം ചാത്തിയും,
കങ്കണാംഗദകേയൂരമുദ്രികാ--
ലംകൃതികളാൽ കൈകൾംവിളങ്ങിയും;
മുത്തുമാലപൂമാലകൾം ഞാന്നാമാ--
റൊത്തു,മബ്ബലദേവന്റെ പിന്നാലെ,
മിത്രഹസ്തംപിടിച്ചു മടപ്പുള്ളി--
യ്ക്കുത്തിടു,മമ്മ മേന്മേൽ വിളിക്കവേ;
തത്രക്രുട്ടരൊത്തോരോ ഫലിതങ്ങൾ
തട്ടിവിട്ടു ചിരിച്ചും ചിരിപ്പിച്ചും
മൃഷ്ടമായമറേത്തു കഴിച്ചുണി--
ക്കട്ടിലേറിക്കിടക്കും കുറേനേരം;
വിശ്രമാന്തേപരിജനം നൽകിയ
വെറിലതിന്നു ചങ്ങാതിമാരുമായ്,
താതമാതാക്കളോടുവിടവാങ്ങി,
പ്രീതരായ് പ്പിന്തുടന്നജനങ്ങളെ
തൃക്കടാക്ഷാദികൊണ്ടു യഥോചിതം
സക്കൽക്കരിച്ചു തിരികെയയച്ചുടൻ
കാടുപൂകിട്ടം പൈക്കളെമേയ്ക്കുവാ--
നാടുമങ്ങുപലതരം ക്രീഡകൾം;

അക്കളികൾംക്കിടയ്ക്കു സഖാക്കളെ--
യൊക്കെവഞ്ചിച്ചു, കാന്തയെക്കാണ്മാനായ്,
രണ്ടുമൂന്നുറമിത്രങ്ങളൊത്തു സോൽ--
ക്കണ്ണെമെത്തിടും സങ്കേതഭ്രമിയിൽ.
ഓമലാളും ദിനേശാദിപൂജയ്ക്കു
പൂമലർ പറിപ്പാനെന്നാ ഭാവത്തിൽ,
അമ്മയച്ഛൻമുതൽപേരെ വഞ്ചിച്ചി--
ട്ടമ്മഹാവനംപൂകും രമിക്കുവാൻ.

Digitized By Kerala Sahitya Akademi

ഇങ്ങിനെപണിപ്പെട്ട വനാന്തരേ
തങ്ങളിൽച്ചെന്നു ലീലകോലുമവർ
ഊയലിന്മേൽക്കയറിരുന്നിട്ട-
ലാ,യതുപിടിച്ചാടിക്കും ക്രൂരകാർ;
കയ്യിൽനിന്നുവീണോമലൊളിറ്റിച്ച
കമ്രവേണുവെത്തേടുന്ന കൃഷ്ണനെ
കള്ളത്തോഴിമാർ മേന്മേൽക്കളിയാക്കും,
കണ്ണനങ്ങതുകണ്ടു നിലക്കൊള്ളും;
മുഖ്യമാധവത്തെന്നൽവീശ്രുംവനം
പുക്കവർഗന്ധകങ്കുമാദിജലം
നൽക്കുഴലിനാലൂക്കും പരസ്പരം
തൽക്കുറിക്കൂട്ടു തങ്ങളിൽപ്പൂശിക്കും;
തോഴിമാരെയും നീരുകൊണ്ടുത്തിടും,
തോഴിമാരിരുവരേയും ശരിക്കുക്കും;
ഇക്കണക്കിലതാതു കാലത്തിനു
തക്കലീലകളാടി വാടുമവർ
നൽത്തരുത്തണലാണ്ടു ദിവ്യാസന-
സംസ്ഥരായ് മധുപാനം തുടന്നിടും;
ആ മധുമദാൽക്കണ്ണടഞ്ഞം,ഗജ-
മാൽമുഴുത്തു, കൈകോർത്തുപിടിച്ചവർ,
ചൊല്ലുമുള്ളുമിടറി നടകൊണ്ടു
വല്ലികക്കുടിലിൽപുക്കു രതിചെയ്യും;
തോഴിമാരുംമദനിദ്രതാങ്ങാഞ്ഞു
പൂഴെവള്ളികുടിൽകളിൽപ്പോയ് വീഴും;
ഒറമെയ്യാലവരെയെല്ലാരെയു-
മൊപ്പമെത്തി രമിപ്പിക്കുമെൻപുരാൻ,
തൻപ്രിയ തുലോം പ്രേരണംചെയ്കയാൽ:
കൊമ്പനാനപിടികളെപ്പോലവെ;
കോമലാളുമവരുമായ് പ്പിന്നീടു
താമരാക്ഷൻ സരസ്സിലെഴുന്നള്ളും;
തങ്ങളിൽജ്ജലംകോരിയുഴുത്തുകൊ-
ണ്ടങ്ങു കേളികളാടുമെല്ലാവരും;
പിന്നു ചന്ദനവസ്തുമാല്യങ്ങളും
വന്നിയന്ന മെയ്ക്കോപ്പുമണിഞ്ഞവർ
അസ്സരസ്സിൻകരയ്ക്കുതാൻ മിന്നുന്നൊ-
രസ്സുലാം മണിഗേഹമണഞ്ഞിടും;

Digitized By Kerala Sahitya Akademi

മുന്നമേ ഞാനൊരുക്കിയ കായ്വനി
തനപിയങ്ങു വിളമ്പിക്കൊടുത്തിടും,
അതയതു ഭുജിച്ചച്യുതൻ പുമയ-
മായ മെത്തമേൽച്ചെന്നു ശയിച്ചിടും;
രണ്ടുമൂന്നു നല്ലാർകഠം വിശറികഠം-
കൊണ്ടു വീശിയും തൃക്കാൽ തലോടിയും
വെറിലച്ചുരുഠം നൽകിയും പുഞ്ചിരി-
യുറവ കൃഷ്ണനെ പ്രീതിപ്പെടുത്തിയും;
വിഷ്ടപേശൻ കിടന്നാൽ, തദനുവിഷ്ട-
മൊട്ടശിച്ചു സസഖിയാം രാധയും
നൽകിടുപ്പുറ പുകും, ചകോരി പോ-
ലക്കണവമുഖേന്തുവെക്കാണുവാൻ;
അംഗജാതൻ ചവച്ച താംബൂലമോ-
ടങ്ങെഴും സ്തീകളുപ്പിച്ച താംബൂലം
തൽഗതപ്രാണയാമവഠം വായ് കൊള്ളും,
അഗ്ര്യമാരാം സഖികഠംക്കുമേകിടും;
ശൌരിയൊ, രഹസ്സിങ്കലാ സ്തീകഠംതൻ
സൈരസല്ലാപമൻപോടു കേഠംക്കുവാൻ,
നിദ്രിതനെന്ന മട്ടിലനിദ്രനായ്
വസ്തുംകൊണ്ടു പുതച്ചു കിടന്നിടും;
സ്തീകളൊട്ടിട ചൂളയിട്ടീഷലാൽ
കൈകഠംകൊണ്ടരഞാണിനെപ്പാക്കിയും,
തങ്ങളിൽ മുഖം നോക്കിയും, ലജ്ജയിൽ
മുങ്ങിയപോലെ മിണ്ടാതെ നിന്നിടും;
അല്പനേരത്തിനള്ളിലവങ്കൽനി-
ന്നുപ്പുതപ്പു വലിച്ചെടുത്തിട്ടവർ,
'നന്നു, പള്ളിക്കുറുപ്പായ് തിരുമേനി'-
യെന്നു ചൊല്ലിച്ചിരിച്ചു ചിരിപ്പിക്കും;

ഇത്തരം പല ലീലചെയ്തിത്തിരി
നിദ്രയും പൂണ്ടു രാധമുകുന്ദന്മാർ
നന്മഹാസനത്തിന്മേലിരുന്നോരോ
നമ്മവാക്കുരച്ചിഷ്ടജനത്തോടും
അന്തരാ വരാരപുംബന്നാദ്ദേവഷങ്ങർ
പുന്തരംവെച്ചു പൂതിനൊരങ്ങിടും;

Digitized By Kerala Sahitya Akademi

തോൽക്കിലും, 'വെന്നുഞാനെ'ന്ന പന്തയം
കൈക്കലാക്കാൻ ശ്രമിക്കെ, മുഖാബ്ജത്തിൽ
രാധ തൃക്കരംകൊണ്ടൊന്നാടിക്കയാൽ
വൈധുരിപ്പൂണ്ടുപോരാൻ മുതിർന്നവൻ,
'തോൽവിയീങ്ങെനിക്കെങ്കിലെട്ടത്താലും
ദേവി, മേ ചുംബനാദിയാം പന്തയം'
എന്നിവണ്ണമുരചെയ്തുകൊണ്ടുത-
സ്സുന്ദരിക്കു കൊടുക്കും മടിക്കാതെ,
കാന്തതൻ കൃത്രിമപ്പിണക്കത്തു,
കാണുവാനും ശകാരങ്ങൾ കേൾപ്പാനും!
ശാരികാശ്ലോകവായ്പ്പാട കേട്ടുമ
പോരുവാനായ് പുറത്തിറങ്ങുമവർ;
ഗോവിന്ദൻ പ്രിയയോടു വിടവാങ്ങി-
പ്പോക്കവും മേയുന്നിടത്തെയ്ക്കുഴന്നാള്ളും;
തൽക്കമനിയോ, തോഴിമാരോടുമൊ-
ത്തക്കമന്ദിരത്തേയ്ക്കു നടകൊള്ളും;
അല്പദൂരംഗമിച്ചു തിരിച്ചൊരു
വിപ്രനായ് രവിക്കോവിൽ പുക്കച്യുതൻ
അക്കപൂജതുടങ്ങും സഖീവാക്കാ-
ലുപ്പോഴേതീർത്ത ഹാസ്യമന്ത്രങ്ങളാൽ;
അപ്പോഴാളെയറിഞ്ഞാ വിദഗ്ദ്ധമാ-
രുൽപ്പരാനന്ദമാരായ് മയങ്ങിപ്പോം;
രണ്ടരയാമമേവം പലകളി-
കൊണ്ടുപോക്കിയ സ്ത്രീകൾഗൃഹംപൂകും;
കേശവനും സഖാക്കളിൽപ്പെന്നുചേ-
ർന്നാഗ്രഗോക്കളെക്കൊണ്ടു മടങ്ങിടും.

അൻപൊടന്നാടിതന്നിലെയ്ക്കുവരും
തന്നുരാന്റെ മുരളീരവംകേട്ടും
ഗോഖുരധ്വളിപ്പാളിനിപ്പോളിത-
മാകുമംബരം കണ്ടുമുഴറോടെ
നന്ദമുഖ്യരും സ്ത്രീകളും ബാലരു-
മെന്നുവേണ്ടാ വ്രജസ്ഥിതരേവരും
ജോലിയൊക്കയുമിട്ടെറിഞ്ഞു വന-
മാലിയെക്കാണ്മതിന്നായണഞ്ഞിടും;

Digitized By Kerala Sahitya Akademi

പാതയിങ്കലും കോട്ടവാതിൽക്കലും
പ്രീതരായ്ത്തിങ്ങിയോരെ മുറയ്ക്കുവൻ
പുഞ്ചിരിപൂണ്ടദർശനം, സ്പർശനം,
കൊഞ്ചലെന്നിവകൊണ്ടു മാനിച്ചിടും;
വാക്കുകൊണ്ടുമനന്തരം മെയ്കൊണ്ടും
നോക്കുകൊണ്ടിടും ഗോപാലവൃദ്ധരെ;
മാതൃതാതരെസ്സാഷ്ടാംഗപാതത്താ-
ലാദരിച്ചിടും രോഹിണിതന്നെയും;
താഴ്മതേടിയ തൃക്കടാക്ഷത്തിനാ-
ലോമലാളെയും സംഭാവനംചെയ്യും;
ഗോകുലസ്ഥരാൽ പൂജിതനായിട്ട
ഗോക്കളെച്ചുറ്റുമാലയിൽക്കൊണ്ടാക്കി,
താതമാതാക്കൾ ചൊൽകയാൽ തൻഗൃഹം
ഭ്രാതൃയുക്തനായ്പ്പുക്കു കുളിച്ചുടൻ
തായ നൽകിയ ഭോജ്യമല്പം ഭുജി-
ച്ചായവൻ വീണ്ടുമാലയിൽച്ചെന്നൊത്തി
പൈക്കളെക്കറന്നീടും കറപ്പിക്കും
തൈക്കിടാങ്ങളെപ്പാലും കുടിപ്പിക്കും;
പിന്നെയേറിയ ചങ്ങാതിമാരുമായ്-
ത്തന്നഗാരമണഞ്ഞു ജനാർദ്ദനൻ
തത്ര താതൻ, പിതൃവ്യർ,വരുടെ
പുത്രർ താലാങ്കനെന്നിവരോടൊപ്പം
ചവ്യചോഷ്യാദിനാനാവിധാന്നത്താൽ
നിവ്യലീകമമമീത്തു കഴിച്ചിടും;
മുന്നമേ രാധ തോഴിമാർതൻപക്ക-
ലന്നമിങ്ങോട്ടയച്ചതു സാദരം
വാഴ്ത്തി വാഴ്ത്തിബ് ഭുജിച്ചവൻ, വന്ദികൾ
കാത്തുനില്ക്കും സഭാഗൃഹമുൾപ്പുകും.
നന്ദപത്നി തദ്ദുഷ്ടയും ബഹു
സുന്ദരാന്നവുമേകിയതപ്പൊഴേ
ശൌരികാന്തയ്ക്കു കൊണ്ടുപോയ് നൽകിടും
ചോറു കൊണ്ടിങ്ങു വന്ന വയസ്യമാർ;
രാധയുമ്മൻ കഴിച്ചഭിസാരത്തി-
നാദരാൽ സഖീധാരിതഭ്രഷയായ്,
ഞാനയച്ചുകൊടുക്കും സഖിയൊത്തു
ഭാനുജാനദീതീരത്തു വന്നൊത്തും;

Digitized By Kerala Sahitya Akademi

ശുക്ലകൃഷ്ണനിശകളിലന്നൊയ്ക
തക്കവേഷത്തിലാളിയോടൊത്തവഠം
ചൊവ്വിലിക്കല്പവൃക്ഷനികുഞ്ജത്തിൽ-
ട്ടിവ്യരത്നഗൃഹത്തിലെഴുന്നള്ളും;
കണ്ണനും പല കാഴ്ചകഠം കണ്ടങ്ങു,
കണ്ണമോഹനം കാത്യായനീഗാനം
തുച്ചവിക്കൊണ്ടു, സമ്മാനമേവക്കു-
മിച്ചുപോലേ കൊടുത്തുഠംകുളിരേറി,
തന്മണിമച്ചിലേയ്ക നടകൊള്ളും;
അമ്മയുൺകഴിച്ചാലയമുഠംപുക്കാൽ
ആരുമേതുമറിയാതെ സംകേത-
മാണ്ടു വല്ലഭയോടിങ്ങിടചേരും;
ഒത്തുക്രുടി രമിച്ചു വനങ്ങളിൽ
നൃത്തഗീതാദിനാനാവിഹാരത്താൽ
രണ്ടരയാമമല്ലിൽക്കഴിച്ചിട്ടു
രണ്ടുപേരുമിക്കുഞ്ജമകംപൂകി,
പൂവണികളിമെത്തയിന്മേൽ സഖീ-
സേവിതരായുറങ്ങും രഹസ്സിങ്കൽ.

ഇതാ, കൃഷ്ണന്റെ ദിനചര്യ മുഴുവനും ഞാൻ അങ്ങയോടു പറഞ്ഞു. നാരദ, ഇതു കേട്ടാൽ പാപികും മുക്തികിട്ടും.'

നാരദൻ:—'ഞാൻ ധന്യനായി; ദേവി എന്നെ അനുഗ്രഹിച്ചു, സംശയമില്ല: കൃഷ്ണന്റെ ദൈനന്ദിനലീല എനിക്കു പറഞ്ഞുതന്നുവല്ലോ!'

ഇത്രയും പറഞ്ഞു് നാരദമുനീന്ദ്രൻ അവളെ വലത്തുവെച്ചു്, അവളാൽ പൂജിതനായിട്ടു്, അവിടെ അന്തർദ്ധാനംചെയ്തു. ഞാനും ഇതെല്ലാം മുറയ്ക്കു ഭവാനെ കേൾപ്പിച്ചു. ശ്രേഷ്ഠമായ ദ്വയമന്ത്രം നാഠംതോറും മനസ്സിരുത്തി ജപിക്കണം. ഇതു പണ്ടു കൃഷ്ണൻ സദാശിവനുപദേശിച്ചു; ശിവൻ നാരദനോടരുളിച്ചെയ്തു; നാരദൻ സംസ്കാരങ്ങളഠം ചെയ്തു് എനിക്കു പറഞ്ഞുതന്നു; ഞാൻ ഭവാനോടും പറഞ്ഞു. അത്യദ്ഭുതവും രഹസ്യവുമായ ഇതിനെ ഭവാൻ പുറത്താക്കരുതെ!'

ശൌനകൻ:—"ഗുരോ, ഭവാന്റെ പ്രസാദത്താൽ ഞാൻ കൃതാർത്ഥനായി: രഹസ്യങ്ങളിൽവെച്ചു രഹസ്യമായിട്ടുള്ളതും ഭവാൻ പറഞ്ഞുതന്നുവല്ലോ!"

Digitized By Kerala Sahitya Akademi

സൂതൻ:—"ഈ ധർമ്മങ്ങളും ആചരിച്ചുംകൊണ്ടു് മന്ത്രം രാപ്പകൽ ജപിച്ചുപോന്നാൽ അങ്ങയ്ക്കു തീർച്ചയായും താമസിയാതെ കൃഷ്ണന്റെ ദാസ്യം ലഭിക്കും. ബ്രാഹ്മണ, ഞാനും എന്റെ ഗുരുവിന്നുംഗുരുവായ ഗോപീശ്വരസ്വാമിയുടെ കാളിന്ദീതീരത്തുള്ള ക്ഷേത്രത്തിൽ പതിവായി പോകാറുണ്ടു്.

(ശ്ലോകങ്ങൾ)

മഹേശ്വരൻചൊന്ന മഹാനുഭാവ-
മാമിച്ചരിത്രം പരമം പവിത്രം
ഭക്ത്യാ ശ്രവിക്കുന്ന ജനത്തിനെല്ലാം,
കില്ലില്ല, വൈകുണ്ഠപദം ലഭിക്കും.

ധന്യം യശസ്യമായുഷ്യമാരോഗ്യാഭീഷ്ടസിദ്ധിദം
സപ്താപവർഗ്ഗശ്രീമൂലമിതു പാപവിനാശനം
ഭക്ത്യാ നിത്യം ശ്രവിക്കുന്ന വൈഷ്ണവക്കൊതുമട്ടിലും
വിഷ്ണുലോകത്തിൽനിന്നിട്ടു പുനരാവൃത്തി നേരിടാ."

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, പുണ്ഡരീകസംവാദം,
രാധാകൃഷ്ണദിനചര്യാകഥനം എൺപത്തിമൂന്നാമദ്ധ്യായം.

—(൦)—

എൺപത്തിനാലാമദ്ധ്യായം

ഋഷിമാർ:—"സൂത, മഹാഭാഗനായ സൂത, ലോമഹർഷണന്റെ മകനേ, ഭവാൻ ചൊന്ന രമ്യചരിതം ലോകത്തിന്നു് ആനന്ദകരം തന്നെ. മഹത്തും അത്ഭുതവുമായ ശ്രീകൃഷ്ണചരിതമെല്ലാം ഭവാൻ പറഞ്ഞുകേട്ടതിനാൽ ഞങ്ങൾക്കു മനസ്സു കുളിർത്തു. അഹോ, ഭക്തർക്കു ഗതിപ്രദമായ ശ്രീകൃഷ്ണന്റെ മാഹാത്മ്യം! അതു കേട്ടാലുണ്ടോ, മതിവരുന്നു? അതിനാൽ, ശ്രീമൻ, ഇനിയും മഹത്തായ കൃഷ്ണചരിതം ഞങ്ങൾക്കു കേൾക്കേണമെന്നുണ്ടു്; വ്രതദാനസ്നാനപൂജാദിയും, ഇന്നാൾ ഇന്നവിധം പണ്ടു ചെയ്തിട്ടുണ്ടെന്നു്, വിസ്തരിച്ചു പറഞ്ഞു ഞങ്ങളെ നിർവൃതിപ്പെടുത്തിയാലും."

സൂതൻ:—"കൊള്ളാം; ബ്രാഹ്മണശ്രേഷ്ഠരേ, ലോകത്തിന്നൽഗതി വരുത്തുന്നതാണു് നിങ്ങൾ ചോദിച്ചതു്. കൃഷ്ണഭക്തിയാൽ മനം നി

Digitized By Kerala Sahitya Akademi

റഞ്ഞ നിങ്ങടം കൃതാത്ഥന്മാർതന്നെ. കൃഷ്ണന്റെ പുണ്യചരിതം സജ്ജനങ്ങടംക്കു സന്തോഷകരമായിരിക്കും. ഒരു മഹത്തായ അത്ഭുതത്തെ പ്പറ്റിയാനം ഞാൻ പറയാം:

ഒരിക്കൽ, ഭഗവൽപ്രിയനായ നാരദമഹർഷി ലോകസഞ്ചാരത്തിനിടയിൽ, മഥുരയിൽ വ്രതംപൂണ്ടു കൃഷ്ണപൂജയിലേർപ്പെട്ടിരുന്ന മഹാഭാഗനായ അംബരീഷന്റെ അടുക്കൽ ചെന്നെത്തി. ആ സുപോത്തമൻ മനംകുളിർത്തു മാമുനിയെ സശ്രദ്ധം സൽക്കരിച്ചു്, നിങ്ങടം ചോദിച്ചതുതന്നെ ചോദിച്ചു:—'മുനേ, വേദവാദികടം ആരെ പരബ്രഹ്മമെന്നു പറയുന്നുവോ, ആ പുണ്ഡരീകാക്ഷനായ നാരായണൻതിരുവടിയെ ഏതൊരു രൂപത്തിൽ, എങ്ങിനെ ധ്യാനിക്കേണ്ടു? വ്യക്താവ്യക്തനായി സനാതനനായി സച്ചിത്സുഖരൂപനായിരിക്കുന്ന വിഷ്ണുഭഗവാൻ അചിന്ത്യനാണല്ലോ. ആരിൽ ഈ ലോകമെല്ലാം കോർത്തും തുന്നിയും ചേർത്തിൻവണ്ണം സ്ഥിതിചെയ്യുന്നുവോ, അവ്യക്തനും ഏകനും പരമനുമായ ആരെ പരമാത്മാവെന്നു കീർത്തിക്കുന്നുവോ, ആരിൽനിന്നാണോ ജഗത്തിന്റെ ഉല്പത്തി, ആർ ബ്രഹ്മാവിനെ സൃഷ്ടിച്ചു, തങ്കൽത്തന്നെ സ്ഥിതിചെയ്തിരുന്ന വേദങ്ങടം അദ്ദേഹത്തിന്നു നൽകിയോ, യോഗികടംക്കും ദുർല്ലഭനായ ആ സച്ചിപുരുഷാത്ഥദായകനെ എങ്ങിനെ ആരാധിക്കാമെന്നു സദയം പറഞ്ഞുതന്നാലും: പുരുഷോത്തമനെ പൂജിക്കാത്തവന്നു് അഭയമോ, തപോയജ്ഞദാനങ്ങളുടെ ശ്രേഷ്ഠഫലമോ കൈവരികയില്ലല്ലോ. നാരായണപദാംബുജത്തിലെ നറുംതേൻ നുകരാത്തവന്നുണ്ടോ മനോരഥഫലം ലഭിക്കുന്നു? മാധവാരാധനമല്ലാതെ, ദേഹികടംക്കു ദുരിതംപോക്കുന്ന മറെറാരു പ്രായശ്ചിത്തം ഞാൻ കാണുന്നില്ല! എല്ലാ സിദ്ധികളും ആരുടെ പുരികക്കൊടിയിളകുന്നതിൽ സ്ഥിതിചെയ്യുന്നുവോ, ആ ക്ലേശനാശനനായ കേശവനെ ഏതുവിധം ആരാധിക്കേണ്ടു? ആ ഭഗവാനെ സർവ്വരും എങ്ങിനെ ഉപാസിച്ചുപോരുന്നു? സ്ത്രീകളും ആരാധിക്കുന്നതെങ്ങിനെ? ഇതെല്ലാം ലോകഹിതത്തിന്നായി എനിക്കു പറഞ്ഞുതരിക. ഭക്തപ്രിയനായഭഗവാൻ എങ്ങിനെയുള്ള ഭക്തികൊണ്ടാണ് പ്രസാദിക്കുക? ഭക്തി എങ്ങിനെ ഉണ്ടാകും? സകലരും ഏതുവിധം ആരാധിക്കണം? ബ്രഹ്മജ്ഞരിൽ ശ്രേഷ്ഠനായ ബ്രാഹ്മണ, ഭവാൻവൈഷ്ണവനാണു്, വിഷ്ണുവിന്നു പ്രിയപ്പെട്ടവനാണു്, തത്വജ്ഞനാണു്; അതിനാലത്രെ, ഞാൻ ഇവിടത്തോടുതന്നെ ചോദിക്കുന്നതു്. കൃഷ്ണനെപ്പററിയുള്ള ചോദ്യം ശ്രോതാവിനേയും വക്താവിനേയും പ്രഷ്ടാവിനേയും, തൽപ്പാദതീർത്ഥമെന്നപോലെ ശുദ്ധിപ്പെടുത്തുമല്ലോ. ക്ഷണഭംഗുരമെങ്കിലും, മനുഷ്യദേഹം ദേഹികടംക്കു ദുർല്ലഭമാണു്; അതിലും ദുർല്ലഭമത്രെ, വൈഷ്ണവരെ കണ്ടെത്തുക എന്നതു്. ഈ സം

Digitized By Kerala Sahitya Akademi

സാരത്തിൽ, അരക്ഷണമെങ്കിലും സജ്ജനസംസർഗ്ഗം മനുഷ്യക്കു് ഒരു നിധിയാണു്: അതിൽനിന്നു പുരുഷാർത്ഥം നാലും കൈവരുമല്ലൊ! ഭഗവൻ, പുണ്യശ്ലോകമാർഗ്ഗത്തിലൂടെയുള്ള ഭവാന്റെ യാത്ര, അച്ഛനമ്മമാരുടെ യാത്ര കൂട്ടികൾക്കെന്നപോലെ, സർവ്വദേഹികൾക്കും നന്മയ്ക്കായിട്ടത്രെ. ദേവകളുടെ സഞ്ചാരം ദേഹികൾക്കു സുഖവും ദുഃഖവും വരുത്താം; അങ്ങയെപ്പോലെ ഭാവിതാത്മാക്കളായുള്ള സജ്ജനങ്ങളുടെ സഞ്ചാരമൊ, സുഖമേ വരുത്തുകയുള്ളു. ദേവകളെ എത്രത്തോളം സേവിക്കുന്നുവൊ, അത്രത്തോളമെ അവർ സഹായിക്കു; അത്തരക്കാരുടെ സത്തുക്കളൊ, സദാ നിഴലെണവണ്ണം അനുസരിക്കും! അതിനാൽ, ഭഗവാനേ, വൈഷ്ണവധർമ്മം എനിക്കുപദേശിക്കുക. ഇതു കൊണ്ടുതന്നെ വേദഫലം കൈവരുമെല്ലൊ."

നാരദൻ:—'രാജാവേ, വിഷ്ണുവിങ്കൽ ഭക്തിമാനായ ഭവാന്റെ ചോദ്യം കൊള്ളാം. ഗോവിന്ദസേവനം മാത്രമാണല്ലൊ ഉറ്റ ധർമ്മമായി ഭവാൻ കരുതുന്നതു്. വിഷ്ണുവിനെ ആരാധിച്ചാൽ വിശ്വം ആരാധിക്കപ്പെട്ടു! സർവ്വദേവാത്മാവായ തന്തിരുവടി പ്രസാദിച്ചാൽ സർവ്വരും പ്രസാദിച്ചുകഴിഞ്ഞു! ആരെ സ്മരിക്കുന്ന മാത്രയിൽ മഹാപാപങ്ങളെല്ലാം നടുങ്ങിപ്പോകുമൊ, ആ വിഷ്ണുതന്നെയാണു് സേവ്യൻ. [ഋഷികളാലും ദേവകളാലും ഉപാസിക്കപ്പെടുന്ന മുകുന്ദപാദാംബുജത്തെ, എന്നാട്ടും മരണം ചുഴന്നുനില്ക്കുന്ന ഏതൊരു ശരീരി സേവിക്കുകയില്ല? സത്യായ ധർമ്മം കേൾക്കുക, ചൊല്ലുക, ധ്യാനിക്കുക, മാനിക്കുക, അനുമോദിക്കുക എന്നിവയാൽ വിശ്വദ്രോഹികൾക്കും തൽക്ഷണം ശുദ്ധിവരും.] കാരണവും കാര്യവും കാരണത്തിനും കാരണവും അനന്യകാരണനും യോഗിയും ജഗജ്ജീവനും ജഗന്മയനും അണുവും ബൃഹത്തും കൃശനും സ്ഥൂലനും നിർഗ്ഗുണനും സഗുണനും മഹാനും അജനും ജന്മമൃത്യുവിഹീനനും യാവനൊരുത്തനൊ, ആ വിഷ്ണുവിനെ വേണം സദാ ധ്യാനിക്കുക. പുരുഷപുംഗവ, അങ്ങയുടെ ഒരുക്കം നല്ലതുതന്നെ: ലോകത്തിനു ശ്രേയസ്കരമായ ഭാഗവതധർമ്മമാണല്ലൊ ഭവാൻ ചോദിക്കുന്നതു്. സജ്ജനസംസർഗ്ഗം നിമിത്തം, കരൾക്കും ചെവിക്കും രസായനങ്ങളായ കൃഷ്ണന്റെ സച്ചരിതങ്ങൾ കീർത്തിപ്പാനിടവരുന്നു! ഭാവ(ഭക്തി) സാധ്യനാണ് തന്തിരുവടി; അതു ഭവാനു സപ്തേ അറിയാമെങ്കിലും, അങ്ങയെക്കുറിച്ചുള്ള ബഹുമാനത്താൽ, ലോകനന്മയ്ക്കായി, ഞാൻ പറയാം:

പ്രധാനം, പരൻപുരുഷൻ, പരബ്രഹ്മം എന്നൊക്കെ കീർത്തിക്കപ്പെടുന്നവനും, ഈ ലോകമെല്ലാം മായകൊണ്ടു നിർമ്മിക്കുന്നവനും

Digitized By Kerala Sahitya Akademi

ആരോ, ആ അച്യുതൻ ഭക്തിയോടെ പൂജിക്കുന്നാവക്ക് പുത്രകളത്ര ദീർഘായുസ്സുകളും രാജ്യവും സ്വർഗ്ഗാപവർഗ്ഗങ്ങളും—എന്നുവേണ്ട ഇഹപരമെന്തും—കല്പിച്ചുനൽകുന്നു. തന്തിരുവടിയെ തേടുന്നാവക്കുള്ള മാനസിക കായിക വാചികവ്രതങ്ങൾ അങ്ങയുടെ പ്രീതിക്കായി ഞാൻ വിവരിക്കാം: അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, നിർമ്മലത എന്നിവയാകുന്നു, വിഷ്ണുപ്രസാദത്തിനുതകുന്ന മാനസിക വ്രതങ്ങൾ; ഒരിക്കലൂണ്, രാത്രിയിൽമാത്രം ഊണ്, ഉപവാസം, താനേകിട്ടിയതു ഭക്ഷിക്കുക എന്നിവ കായികവ്രതങ്ങൾ; വേദംചൊല്ലുക, വിഷ്ണുവിനെ കീർത്തിക്കുക, സത്യം പറയുക, ഗുരുഷണിക്രുട്ടായ്ക എന്നിവയത്രെ വാചികവ്രതങ്ങൾ. നാരായണന്റെ തിരുനാമം എപ്പോഴും എവിടെയും കീർത്തിക്കാം; അശുദ്ധി നോക്കാനില്ല: എപ്പോഴും ശുദ്ധി നൽകുന്നവനാണല്ലൊ തന്തിരുവടി, വർണ്ണാശ്രമാചാരങ്ങളോടുക്രൂടിവേണം പരമപുരുഷനെ ആരാധിക്കുക; ഇതുതന്നെയാണ്, തന്തിരുവടി പ്രസാദിക്കുന്നതിനുള്ള മാർഗ്ഗം. സ്ത്രീകൾ ദയാനിധിയായ വാസുദേവനെ, ഹിതാചാരത്തോടും വാങ്മനഃകായസംയമത്തോടും വ്രതങ്ങളോടുംക്രൂടി ഭർത്തൃരൂപത്തിൽ ആരാധിക്കണം; ശൂദ്രർ കൃഷ്ണചന്ദ്രനെ തങ്ങൾക്കു വിധിച്ചിട്ടുള്ളതിൻവണ്ണം ബ്രാഹ്മണരൂപത്തിൽ പൂജിക്കണം; മറു മൂന്നു ജാതികൾ വേദത്തിൽ ചൊല്ലിയിട്ടുള്ളതിൻവണ്ണം പൂജിച്ചുകൊള്ളണം. സ്ത്രീശൂദ്രാദികൾ നാമംജപിച്ചാൽത്തന്നെ ആരാധനയായി. പൂജയാലില്ല, യാഗത്താലില്ല, വ്രതത്താലില്ല, ഭക്തിയാൽമാത്രമെ ഭഗവാൻ പ്രസാദിക്കു. [പതിവ്രതമാരായ സ്ത്രീകൾക്കു ഭർത്താവുതന്നെയാണല്ലൊ ഈശ്വരൻ; അവനെ വിഷ്ണുവായിക്കരുതി, ത്രികരണങ്ങൾകൊണ്ടും പൂജിക്കണം. പതിയെ പരിചരിച്ചുപോരുന്ന സ്ത്രീകൾക്കു വിഷ്ണുപൂജയും മറ്റും അധികപ്പടിയെന്നത്രെ, സനാതനിയായ ശ്രുതി. ശൂദ്രർ നാമം ജപിച്ചാൽത്തന്നെ ദേവപൂജയായി; മറു ജാതിക്കാരെല്ലാം വേദോക്തപ്രകാരം ആചരിക്കണം. ചുരുക്കിപ്പറകയാണെങ്കിൽ, ആര് എന്തു വിധിക്കപ്പെട്ടിരിക്കുന്നുവൊ, അവൻ അതുതന്നെ ചെയ്തുകൊള്ളണം: എന്നാൽ കേശവൻ പ്രസാദിക്കും.]

വിദ്വാന്മാർ വിഷ്ണുവിനെ അഗ്നിയിൽ ഹവിസ്സുകൊണ്ടും, ജലത്തിൽ പുഷ്പങ്ങൾകൊണ്ടും, മനസ്സിൽ ധ്യാനംകൊണ്ടും, സൂര്യമണ്ഡലത്തിൽ ജപംകൊണ്ടും ആരാധിച്ചുപോരുന്നു. ഒന്നാമത്തെ പുഷ്പം അഹിംസ; രണ്ടാമത്തത് ഇന്ദ്രിയനിഗ്രഹം; മൂന്നാമത്തതു ജീവകാരുണ്യം; നാലാമത്തതു ക്ഷമ; അഞ്ചാമത്തതു ശമം; ആറാമത്തതു ദമം; ഏഴാമത്തതു ധ്യാനം; എട്ടാമത്തതു സത്യം. ഈ എട്ടുപുഷ്പങ്ങൾകൊണ്ടു പൂജിച്ചാൽ ഭഗവാൻ പ്രസന്നനായിവരും. മറു ബാഹ്യങ്ങ

Digitized By Kerala Sahitya Akademi

ളായ പുഷ്പങ്ങളും ഭക്തിയോടേ കൊണ്ടുവന്നു പൂജിച്ചാൽ ഭക്തപ്രിയനായ വിഷ്ണു പ്രസാദിക്കും: ജലമാകുന്ന വാരുണപുഷ്പം, പാൽ--നെയ്തയിരുകളാകുന്ന സൌമ്യപുഷ്പം, അന്നവും മറ്റുമാകുന്ന പ്രാജാപത്യപുഷ്പം, ധൂപവും ദീപവുമാകുന്ന ആഗ്നേയപുഷ്പം, ഫലപത്രാദിയാകുന്ന വാനസ്പത്യപുഷ്പം, കുശമൂലാദിയാകുന്ന പാർത്ഥിവപുഷ്പം എന്നിവകൊണ്ടു പൂജിച്ചാൽ വിഷ്ണു തൽക്ഷണം പ്രസാദിക്കും. സർവ്വോപരി ശ്രദ്ധയാകുന്നു, വിഷ്ണുവിനെ പൂജിപ്പാനുള്ള പുഷ്പം. സൂര്യൻ, അഗ്നി, ബ്രാഹ്മണൻ, പൈക്കൾ, വൈഷ്ണവൻ, ആകാശം, വായു, ജലം, ഭൂമി, ആത്മാവു്, എല്ലാ ഭൂതങ്ങളും എന്നിവ വിഷ്ണുപൂജാസ്ഥാനങ്ങളത്രേ: സൂര്യന്മാർ ഗായത്രികൊണ്ടും, അഗ്നിയിങ്കൽ ഹവിസ്സുകൊണ്ടും, ബ്രാഹ്മണന്മാർ ആതിത്ഥ്യംകൊണ്ടും, പൈക്കളിൽ തൃണജലാദികൊണ്ടും, വൈഷ്ണവന്മാർ ബന്ധുസൽക്കാരംകൊണ്ടും, ഹൃദയമാകുന്ന ആകാശത്തിൽ ധ്യാനംകൊണ്ടും, വായുവിങ്കൽ മുഖ്യബുദ്ധികൊണ്ടും, ജലത്തിൽ ജലാദിവസ്തുക്കൾകൊണ്ടും, ഭൂമിയിൽ (നിലത്തു്) യന്ത്രങ്ങൾകൊണ്ടും, ആത്മാവിങ്കൽ ഭോഗങ്ങൾകൊണ്ടും, ഭൂതങ്ങളിലെല്ലാം ക്ഷേത്രജ്ഞബുദ്ധികൊണ്ടും സ്വാമിയെ പൂജിച്ചുകൊള്ളണം—ഈ സ്ഥാനങ്ങളിലെല്ലാം, ശംഖചക്രഗദാപദ്മങ്ങളേന്തിയ നാലു തൃക്കൈകളുള്ള ഭഗവാന്റെ ശാന്തസ്വരൂപത്തെ സശ്രദ്ധം പൂജിച്ചുകൊള്ളണം. ബ്രാഹ്മണരെ പൂജിച്ചാൽ വിഷ്ണു പൂജിക്കപ്പെട്ടു; അവരെ അനാദരിച്ചാലോ, ഭഗവാൻ അനാദരിക്കപ്പെട്ടു! വേദവും ധർമ്മശാസ്ത്രവും ആരെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നുവോ, ആ ബ്രാഹ്മണൻ മനുഷ്യരെ ശുദ്ധിപ്പെടുത്തുന്ന വിഷ്ണുസ്വരൂപമത്രേ. ധർമ്മത്തിൽനിന്നാണ് ലോകത്തിൽ എല്ലാ നന്മയും ഉണ്ടാകുന്നതു്; ആ ധർമ്മം വേദത്തിൽനിന്നും സ്മൃതിയിൽനിന്നുമത്രേ സിദ്ധിക്കുന്നതു്; അവ രണ്ടിന്നും ബ്രാഹ്മണരാണല്ലോ ഇരിപ്പിടം. അതിനാൽ അവരെ പൂജിച്ചാൽ ജഗദീശൻ പൂജിക്കപ്പെട്ടുകഴിഞ്ഞു! യജ്ഞംകൊണ്ടോ ദാനംകൊണ്ടോ തീവ്രതപസ്സുകൊണ്ടോ യോഗംകൊണ്ടോ സംപൂജനംകൊണ്ടോ, ഭൂദേവാരാധനംകൊണ്ടുള്ളതിന്മണ്ണം ദേവദേവപ്രസാദം കൈവരികയില്ല. ബ്രഹ്മണ്യനും, ബ്രഹ്മജ്ഞനും, ബ്രഹ്മാവും, ബ്രഹ്മദൈവപ്രവർത്തകനും, ബ്രഹ്മദൈവതവുമായ തന്തിരുവടി ബ്രാഹ്മണാരാധനംകൊണ്ടേ സന്തുഷ്ടനാകയുള്ളു.

ഏറെക്കാലമായി നരകത്തിൽ മുഴുകിക്കിടക്കുന്ന കുലദായപൂർവ്വികന്മാക്കു സദ്ഗതികിട്ടാൻ, ഒരു മകൻ വിഷ്ണുവിനെ ഒന്നു പൂജിച്ചാൽ മതി! ജഗന്മയനായ ജനാർദ്ദനൻ മനസ്സു ചെല്ലാത്തവക്കു് ഇഹത്തിൽ ജീവിതംകൊണ്ടെന്തുണ്ടു്? പശ്ചാത്താപമായ നടപടികൊണ്ടെന്തുണ്ടു്? തന്തിരുവടിയുടെ ധ്യാനം—അതുരും കണ്ടെത്തിയിട്ടില്ലാത്തതു്—ഞാൻ പ

Digitized By Kerala Sahitya Akademi

റഞ്ഞുതരാം; അതു നിർമ്മലമായ നിത്യകൈവല്യത്തെ പ്രദാനംചെയ്യും. കാററില്ലാത്തേടത്തു് ഇളക്കമെന്നിയെ കത്തുന്ന ദീപം അന്ധകാരത്തെയെല്ലാം അകറുന്നതെപ്രകാരമോ, അപ്രകാരം വിഷ്ണുധ്യാനം അജ്ഞാനത്തെയും അശുദ്ധിയേയും അസ്ഥൈര്യത്തേയും വൈരസ്നേഹങ്ങളേയും ശോകദുഃഖഭയദ്വേഷലോഭമോഹഭ്രമാദികളേയും വിഷയസംഗത്തെയും നശിപ്പിക്കുന്നു. കത്തുന്ന ദീപം എണ്ണയെ വറിക്കുന്നതുപോലെ, വിഷ്ണുധ്യാനം കർമ്മത്തെ ക്ഷയിപ്പിക്കുന്നു. ആ ധ്യാനം നിർഗ്ഗുണമെന്നും സഗുണമെന്നും രണ്ടുവിധത്തിലുള്ളതായി ശിവപ്രോക്തികം പറഞ്ഞിട്ടുണ്ടു്; അവയിൽ ഒന്നാമത്തതു കേൾപ്പിൻ:

എപ്പോഴും പരമാത്മപരന്മാരായി ധ്യാനംചെയ്യുന്ന യോഗികൾ തന്തിരുവടിയെ കേവലം ജ്ഞാനദൃഷ്ട്യാ ദർശിക്കുന്നു. അവിടെയ്ക്കു കയ്യില്ല, കാലില്ല, എന്നാലും എല്ലാററിനേയും എടുക്കുന്നു, നടക്കുന്നു; വായും മൂക്കുമില്ലെങ്കിലും ഭുജിക്കുന്നു പ്രാണിക്കുന്നു; ചെവിയില്ലെങ്കിലും, അവ സർവ്വസാക്ഷിയായ ജഗദീശൻ എല്ലാററിനേയും ശ്രവിക്കുന്നു; സർവ്വജഗൽപ്രാണനായ തന്തിരുവടി അശരീരനെങ്കിലും പഞ്ചഭൂതങ്ങൾക്കധീനനായി ശരീരം കൈക്കൊണ്ടു് ചരാചരങ്ങളാൽ പൂജിക്കപ്പെടുന്നു; അവിടുന്നു നാവില്ലെങ്കിലും, വേദശാസ്ത്രങ്ങളെല്ലാം അരുളിച്ചെയ്യുന്നു; തപിക്കില്ലെങ്കിലും ശീതോഷ്ണാദിസ് പർശമനുഭവിക്കുന്നു. സദാനന്ദനും, വിവിക്താക്ഷനും, ഏകകർത്രുവനും, നിരാശ്രയനും, നിർഗ്ഗുണനും, സഗുണനും, നിർമ്മമനും, സർവ്വവ്യാപിയും, നിർമ്മലൌജസ്സും, അവശ്യനും, സർവവശ്യനും, സർവദനും, സർവവിത്തമനും, സ്വയംഭ്രുവും, സർവമയനുമാണ് തന്തിരുമേനി. ഇങ്ങിനെ അമൂർത്തിനൊത്ത നിർഗ്ഗുണധ്യാനം ഏകാഗ്രചിത്തനായി ചെയ്യുന്നതെവനോ, അവൻ പരമപദം പ്രാപിക്കും. മഹാബുദ്ധിമാനായ രാജാവേ, ഇനി, രണ്ടാമത്തതു്, നിരാലംബനായി നിരാശ്രയനായിരിക്കുന്ന തന്തിരുവടിയുടെ സഗുണധ്യാനം, കേട്ടുകൊള്ളുക:

(കിളിപ്പാട്ടു്—കേക)

വാസനയാലേ സർവ്വബ്രഹ്മാണ്ഡത്തെയുമധി-
വാസിതമാക്കുകയാൽ വാസുദേവാഖ്യനവൻ,
സ്നിഗ്ധതോയദശ്യാമൻ, സൂര്യസന്നിഭതേജ-
സ്സുൾത്തീപ്രത്തിരുമുടി ചൂടിന ഗുഡാകേശൻ,
അല്ലിത്താരിതഠംക്കണ്ണും പവിഴത്തുച്ചെഞ്ചുണ്ടും
മുല്ലപ്പൂരദങ്ങളുമിണങ്ങും സുവൃത്താസ്യൻ,
അംബുജബന്ധുജ്വലകുണ്ഡലൻ, ജനാർദ്ദനൻ,
കുംഭസന്നിഭകണ്ഠൻ, കേശവൻ, ഹൃഷീകേശൻ,

Digitized By Kerala Sahitya Akademi

വലത്തുമഹാരത്നംവഹിച്ച ശംഖംപൈത്യ-
കുലംവിട്ടുകൊടുമോടുകീഴാടയും വിളങ്ങുന്നു,
ഇടത്തോ പദ്മം, കയ്യു,---മീവിധം തൃക്കൈകൾ നാ-
ലുടയ ദേവേശ്വരൻ, ശാർങ്ഗധാരൻ, ജഗദീശൻ,
ശ്രീവത്സമെഴും മാറിൽകൈരവപ്പൂമാ പൂണ്ടോൻ, മഞ്ഞ-
പ്പൂവാടയുറുമാ ധന്യനാമനിവിരോകാന്തൻ,
കയ്യുണ്ടാഹാരമാഗ്രഹിപ്പോരെയിക്കാണുമ്പോൾത്തന്നെ
ലാഘവത്തോടെയ് ഞാൻചെയ്യുന്നുവെന്നിരിപ്പവൻ;
ഭക്തർതൻവാടാമോഹഭരമെത്രയിരട്ടിയെയീ
വ്യക്തിയിൽശ്രദ്ധിപ്പാനിപ്പുണ്യധ്യാനം രാജൻ.

രണ്ടുതരം ധ്യാനവും അങ്ങയോടു ഞാൻ പറഞ്ഞു. ഇതനുഷ്ഠിച്ചവന്നു വാങ്ങ് മനഃകായപാപങ്ങളെ വിട്ടൊഴിയും. എന്നല്ല, അവൻ ഇച്ഛിച്ചതെല്ലാം നേടുകയും, ദേവകളാൽക്കൂടി പൂജിക്കപ്പെട്ട വിഷ്ണുലോകത്തിൽ ചെന്നു ചേരുകയും ചെയ്യും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, നാരദാംബരീഷസംവാദം, വിഷ്ണുധ്യാനവിധിവർണ്ണനം എൺപത്തിനാലാമദ്ധ്യായം.

(o)

എൺപത്തഞ്ചാമദ്ധ്യായം.

അംബരീഷൻ:—'നല്ലതു, നല്ലത്: ലോകത്തെ അനുഗ്രഹിക്കുന്ന മഹർഷേ, വിഷ്ണുവിന്റെ നിരാകാരധ്യാനവും സാകാരധ്യാനവും ഇവിടുന്നു പറഞ്ഞുതന്നുവല്ലോ! ഇനി, സൽകൃപാവിളനിലമെ, ഭക്തിയുടെ ലക്ഷണം ഒട്ടൊഴിയാതെ അരുളിച്ചെയ്താലും.'

നൃപോത്തമൻ ഇങ്ങിനെ ആവശ്യപ്പെട്ടപ്പോൾ, മനംകുളിർത്ത മഹർഷി പറവാൻതുടങ്ങി:—'രാജാവേ, കേൾക്കുക; സർവപാപങ്ങളേയും പോക്കുന്ന വിഷ്ണുഭക്തിയെ ഞാൻ ശരിക്കു വിവരിക്കാം: മാനസി, വാചികി, കായികി, ലൌകികി, വൈദികി, ആധ്യാത്മികി എന്നിങ്ങിനെ ഭക്തി പലതരത്തിലുണ്ട്. സശ്രദ്ധമായ ധ്യാനധാരണം, വേദസ്മരണം എന്നിവകൊണ്ടു വിഷ്ണുവിനെ പ്രീതിപ്പെടുത്തുന്നതു യാതൊന്നോ, അതത്രേ മാനസിയായ ഭക്തി; പകലും ഇരവും ഇടവിടാതെ വേദ

Digitized By Kerala Sahitya Akademi

മന്ത്രോച്ചാരണത്തോടും, അരണ്യകജപത്തോടും ക്രൂടിയതു് വാചികീഭക്തി; വ്രതോപവാസ നിയങ്ങമളോടും പഞ്ചെന്ദ്രിയജയത്തോടും ക്രൂടിയതാകുന്നു സാഗ്നിഹിത്രികളേയും നൽകുന്ന കായികീഭക്തി; പാദ്യം അർഘ്യം മുതലായ ഉപചാരങ്ങളും, സ്തുത്യവാദ്യഗീതങ്ങളും, ബലി, ഉറക്കമിളയ്ക്കൽ, പൂജ എന്നിവയോടുക്രൂടിയതു ലൌകികീ ഭക്തിയത്രെ; ജ്യോതിഷ്ടോമസംഹിതാധ്യയനങ്ങളും, ഹോമക്രിയകളുമാകുന്ന വൈദികിയായ ഭക്തിയുടെ അംഗങ്ങളും; കറുത്തവാവു്, വെളുത്തവാവു്, വിഷുവം മുതലായവയിൽ യാഗം നടത്തുന്നതും വൈദികീഭക്തിതന്നെ. ഉത്തമ, ഇനി, ആധ്യാത്മികി എന്ന ഭക്തിയും പറയാം:

പ്രധാനം മുതലായ ഇരുപത്തിനാലു തത്വങ്ങളും അചേതനങ്ങളാകുന്നു; ഇരുപത്തഞ്ചാമത്തെ തത്വമായ പുരുഷനത്രെ ചേതനൻ; ആ നിത്യനായ ആത്മാവു കർമ്മങ്ങളുടെ കർത്താവും, ഭോക്താവും, എന്നാൽ അസകൃതനും, അധിഷ്ഠാതാവും, പ്രയോജകനുമാകുന്നു. കാരണങ്ങളൊക്കും കാരണമായ ആ നിത്യചേതനൻ വ്യക്തി കൈക്കൊണ്ടു തത്വങ്ങളേയും ഭാവങ്ങളേയും ഭ്രൂതങ്ങളേയും സൃഷ്ടിക്കുന്നു. പ്രധാനം ഗുണാത്മകമാകുന്നു. ഗുണാത്മകമായ പ്രധാനത്തിന്റെ സാധർമ്മ്യ വൈധർമ്മ്യങ്ങളും ധരിച്ചുകൊൾക: പ്രധാനത്തിന്റെ ബ്രഹ്മകാരണതത്വം സാധർമ്മ്യവും, നാനാതത്വം വൈധർമ്മ്യവുമത്രേ. തത്വങ്ങളാകുന്ന കായ്ങ്ങളുടെ കാരണമായ തത്വാന്തരവും, പ്രയോജനവും പ്രയോജ്യവുമാണ് പ്രധാനമെന്നു, സർവ്വതത്വാർത്ഥചിന്തകരായ സാംഖ്യശാസ്ത്രജ്ഞന്മാർ പറയുന്നു. പ്രധാനത്തെ ബ്രഹ്മത്തിലും മീതെയായി കരുതുകയെന്നതാണു്, സാംഖ്യന്മാർ വിധിച്ചിട്ടുള്ള ആധ്യാത്മികീഭക്തി. യോഗത്താലുണ്ടാകുന്ന ആധ്യാത്മികീഭക്തിയും കേട്ടുകൊൾക: നാംതോറും പ്രാണായാമം, ധ്യാനം, ഇന്ദ്രിയനിഗ്രഹം, ഭിക്ഷാന്നം മാത്രം ഭക്ഷിക്കുക, വിഷയനിവൃത്തി എന്നിവയോടുക്രൂടി, ഭാസമാനവദനനും അരക്കെട്ടിൽ ബ്രഹ്മസൂത്രം ധരിച്ചവനും ശ്വേതവർണ്ണനും പീതവസ്ത്രനും ചാരുനേത്രനും ചതുർഭുജനും വരദാഭയപാണിയുമായ മഹേശ്വരനെ യോഗത്താൽ മനസ്സിൽ ധ്യാനിക്കണം. [ഈ യോഗജന്യമായ വിഷ്ണുഭക്തിക്കു മെച്ചം ക്രൂടും; ഇത്തരം ഭക്തിയുള്ളവനത്രേ വിഷ്ണുഭക്തൻ. ഇങ്ങിനെ ഭക്തി പലതരത്തിലുണ്ടു്] സാത്വികി, രാജസി, താമസി എന്ന മൂന്നു തരത്തിലായും ഭക്തിയെ വിഭജിക്കാം.

എല്ലാ രസങ്ങളുടേയും മുഖ്യസാരമായ സാക്ഷാൽ അമൃതുപോലുള്ള വിഷ്ണുഭക്തിയെ ആസ്വദിക്കാത്തേടത്തോളംകാലം, ജീവികൾ ജന്മജരാമരണദുഃഖങ്ങൾ അളവില്ലാതെ അനുഭവിച്ചുകൊണ്ടിരിക്കും!

Digitized By Kerala Sahitya Akademi

പതിവായി സ്മരിക്കുകയൊ കീർത്തിക്കുകയൊ ചെയ്യുകൊണ്ടാൽ, മഹാനുഭവനായി അനന്തനായിരിക്കുന്ന ഭഗവാൻ, വായു മേഘത്തെ എന്നപോലെയും, സൂര്യൻ അന്ധകാരത്തെ എന്നപോലെയും ദുരിതത്തെയെല്ലാം ദൂരീകരിക്കും. ദേവപൂജ, യജ്ഞം, തീർത്ഥസ്നാനം, വ്രതാചരണം, തപസ്സ് എന്നിവകൊണ്ടൊന്നും, ഭഗവദ്ധ്യാനം കൊണ്ടുള്ളതോളം വിശുദ്ധി അന്തരാത്മാവിനു കൈവരികയില്ല. ഒരുത്തൻ ഭക്തിയെ കൽപ്പിച്ചുനൽകുന്ന പവിത്രകീർത്തിയായ വിഷ്ണുമൂർത്തിയെ കീർത്തിക്കുന്ന സൽക്കഥകൾതന്നെയാണ്, തന്ത്രങ്ങളും പതന്ത്രങ്ങളും വൈഷ്ണവർക്കു കതന്ത്രങ്ങളും. ധാർമ്മികനായ ധരിത്രീശ്വര, പുരുഷോത്തമധ്യാനത്തിൽത്തന്നെ നിരതനായിരിക്കുന്ന ഭവാൻ ധന്യൻതന്നെ! അങ്ങയുടെ സുഭഗമായ മനസ്സ് എന്നെന്നും ശ്രീകൃഷ്ണചന്ദ്രന്റെ സുചരിതം ശ്രവിക്കുന്നതിൽ ഉത്സുകമാണല്ലൊ. വരം തരുന്ന സനാതനനായ വാസുദേവനെ ആരാധിക്കാതെ, ആത്മാഭിമാനം കൊള്ളുന്ന മനുഷ്യനുണ്ടൊ ശ്രേയസ്സു സിദ്ധിക്കുന്നു? മായയെ ജനിപ്പിക്കുന്ന അമായനായ തന്തിരുവടിയെ സജ്ജനങ്ങൾ കണ്ടെത്തുന്നതു നിർമ്മായ ഭക്തിയാലാകുന്നു; അതു് അങ്ങയ്ക്കു സ്വതേ അറിയാം. ഈ വിപുലമായ ധർമ്മതത്വം അങ്ങറിയാത്തതല്ല; എന്നിട്ടും എന്നോടു ചോദിക്കുന്നതു തീർത്ഥപ്രസംഗത്താലും വൈഷ്ണവരിലുള്ള ആദരംകൊണ്ടുമാകുന്നു. ഇതിൽപ്പരം പരമാനന്ദസന്ദായകമായും പുണ്യമായും മറെറാന്നു ഞാൻ കാണുന്നില്ല. രതിഭാവം മുഴുത്ത സത്തുക്കൾ അനന്തശ്രേയസ്സുകൾക്കിരിപ്പിടമായ ഭഗവൽഗുണങ്ങളെ തേടിക്കൊണ്ടിരിക്കും.

ബ്രാഹ്മണൻ, പയ്യ്, സത്യം, ശ്രദ്ധ, യാഗം, തപസ്സ്, ശ്രുതി സ്മൃതി, ദയ, ദീക്ഷ എന്നിവ വിഷ്ണുവിന്റെ ശരീരങ്ങളത്രെ. സൂര്യനും, ചന്ദ്രനും, വായുവും, പൃഥ്വിയും, ജലവും, ആകാശവും, ദിക്കുകളും, ബ്രഹ്മവിഷ്ണുമഹേശ്വരന്മാരും സർവ്വഭൂതാത്മാവായ തന്തിരുവടി തന്നെ. ആ വിശ്വരൂപൻതന്നെയാണ്, ഈ ചരാചരജഗത്തെല്ലാം. ആവിടുന്ന് എന്നെന്നും ബ്രാഹ്മണനെ ആവേശിച്ച് അന്നം ഭുജിച്ചുപോരുന്നു. അതിനാൽ, ഭൂധരന്റെ ആത്മാക്കൾതന്നെയായ ബ്രാഹ്മണരുടെ പുണ്യലക്ഷ്മീസമ്പൽസമൃദ്ധങ്ങളും അഖിലാത്മഭൂതങ്ങളുമായ പാദരേണുക്കളെ ഭവാൻ സശ്രദ്ധം പൂജിച്ചുകൊണ്ടാലും. അഭിജ്ഞനായ ബ്രാഹ്മണനെ വിഷ്ണുവായി കാണുന്നവനും, സ്വധർമ്മത്തിൽ സ്ഥിതിചെയ്യുന്നവനും ആരോ, അവനത്രെ വൈഷ്ണവൻ.

ഭവാൻ ചോദിച്ച ഭക്തിലക്ഷണം ഒട്ടൊഴിയാതെ ഞാൻ പറഞ്ഞു; ഏറെ സംസാരിപ്പാൻ ഇപ്പോൾ സമയമില്ല. എനിക്കു ഗംഗാസ്നാനത്തി

Digitized By Kerala Sahitya Akademi

ന്ന പോകണം. മാധവന്ന തുലോം പ്രിയപ്പെട്ട മാധവമാസമാണിത്; വിശേഷിച്ചും, ആ മാസത്തിലെ വെളുത്ത സപ്തമിയിൽ ഗംഗാസ്നാനം എളുപ്പത്തിൽ കിട്ടാവുന്നതല്ല: വൈശാഖത്തിലെ ശുക്ലസപ്തമിയിലത്രേ, ജഹ്നു പണ്ടു ക്രോധത്താൽ പാനംചെയ്തു ഗംഗയെ വലത്തേ ചെവിയിലൂടെ പുറത്തേയ്ക്കുവിട്ടതു്; ആ തിഥിയിൽ, ഗഗനത്തിന്നാഭരണമായ ഗംഗാദേവിയെ ശരിക്കു സ്നാനംചെയ്തു പൂജിക്കുക വന്നതു് ഒരു വലിയ സുകൃതമാകുന്നു. അന്നു വഴിപോലെ സ്നാനംചെയ്തു പിതൃദേവകളെ തൃപ്തിപ്പെടുത്തുവൻ പാപം വേർപെട്ടു, ഗംഗയുടെ കടാക്ഷം നേടും. വൈശാഖംപോലെ ഒരു മാസമില്ല; ഗംഗയെപ്പോലെ ഒരു നദിയുമില്ല. ഇതു രണ്ടും ഒത്തുകിട്ടേണമെങ്കിൽ വിഷ്ണുഭക്തിതന്നെ വേണം. യാതൊരുവൻ വിഷ്ണുവിന്റെ തൃപ്പാദത്തിൽ നിന്നുത്ഭവിച്ച ബ്രഹ്മലോകത്തുനിന്നു പോന്ന പരമശിവന്റെ ജടാമുടിയിൽ കുടികൊള്ളുന്നുവൊ, യാതൊരുവൻ ദുഃഖങ്ങളേയും ദുരിതങ്ങളേയും നിശ്ശേഷം അകറ്റുകയും ഭക്തന്മാരിൽനിന്നു കുറയ്ക്കുകയും ചെയ്യുന്നുവൊ, യാതൊരുവൻ മൂന്നു പ്രവാഹങ്ങൾകൊണ്ടു മൂന്നുലോകത്തേയും ശുദ്ധിപ്പെടുത്തുന്നുവൊ, സ്വർഗ്ഗത്തിലേയ്ക്കുള്ള സോപാനശ്രേണിയായ യാതൊരുവൻ നിത്യാനന്ദത്തെ പ്രദാനംചെയ്യുന്നുവൊ, യാതൊരുവൻ സേവകരുടെ ഹൃദന്തത്തിൽ കളിയാടുന്നുവൊ, യാതൊരുവൻ സഗരവംശത്തിന്നു നിർവ്വാണം നൽകിയൊ, യാതൊരുവൻ ധർമ്മം നടത്തിക്കൊണ്ടു ത്രിമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്നുവൊ, ലോകത്തിന്നലങ്കാരമായി ശോഭിയ്ക്കുന്ന ആ ദേവി ദർശനം, സ്പർശനം, സ്നാനം, കീർത്തനം, ധ്യാനം, സേവനം എന്നിവയാൽ പാപികളെപ്പോലും ശുദ്ധിപ്പെടുത്തി സുകൃതികളാക്കിത്തീർക്കുന്നു. അതിദൂരത്തിരുന്നു ത്രിസന്ധികളിൽ ഗംഗ, ഗംഗ, ഗംഗ എന്നിങ്ങനെ മൂന്നരു ഉച്ചരിച്ചാൽത്തന്നെ മൂന്നു ജന്മങ്ങളിലെ പാപം വിട്ടൊഴിയും! അനന്നേകായിരം യോജന ദൂരത്തിരുന്ന ഗംഗയെ സ്മരിക്കുകമാത്രം ചെയ്താൽ, പാപികളുടേയും പരമഗതി കിട്ടും. വിശേഷിച്ചും, വൈശാഖത്തിലെ ശുക്ലസപ്തമിയിൽ ഗംഗാസ്നാനം വിഷ്ണുവിന്റേയും വിപ്രരുടേയും പ്രസാദംകൊണ്ടേ സാധിക്കു. മാധവത്തെപ്പോലെ ഒരുമാസമില്ല; മാധവനെപ്പോലെ ഒരീശ്വരനില്ല. ഭൂരിതക്കടലിൽവീണ മുങ്ങുന്നവർക്ക് ഒരു കൂപ്പലത്രെ തന്തിരുവടി. വൈശാഖമാസത്തിൽ ഭക്തിയോടെ ചെയ്യുന്ന ജപവും ഹോമവും സ്നാനവും ദാനവും നൂറുകോടി മടങ്ങു പുണ്യത്തെ നൽകും; അതിന്നു നാശമില്ല. ദേവകളിൽ വിശ്വാത്മാവായ നാരായണൻതിരുവടിയും, മന്ത്രങ്ങളിൽ ഗായത്രിയുമെന്നപോലെ നദികളിൽ മീതെയാകുന്ന ജാഹ്നവി. സ്ത്രീകളിൽ പാർവ്വതിയും, പൂടേകുന്നവരിൽ സൂര്യനും, ലാഭങ്ങളിൽ ആരോഗ്യലാഭവും, മനുഷ്യരിൽ ബ്രാഹ്മണനും, പുണ്യങ്ങളിൽ പരോപകാ

Digitized By Kerala Sahitya Akademi

രവും, വിദ്യകളിൽ വേദവും, മന്ത്രങ്ങളിൽ പ്രണവവും, ധ്യാനങ്ങളിൽ ആത്മധ്യാനവും, തപസ്സുകളിൽ സപരമ്മനിഗ്രഹവും, ശൌചങ്ങളിൽ ആത്മശുദ്ധിയും, ദാനങ്ങളിൽ അഭയദാനവും, ഗുണങ്ങളിൽ ലോഭരാഹിത്യവും എപ്രകാരമൊ, അപ്രകാരം മാസങ്ങളിൽ ശ്രേഷ്ഠമത്രെ മാധവമാസം. അന്നത്തെയുള്ള ദാനവും ജപവും സ്നാനവും ഉപവാസവും അദ്ധ്യയനവും പൂജയുമെല്ലാം അക്ഷയമായ ഫലത്തെ ഉളവാക്കും. പാപങ്ങൾ വൈശാഖവരെ; ഇരട്ട സുഖസ്വാദ്യവരെ; സുകൃതങ്ങൾ പരോപകാരം തെറ്റിയുള്ളവരെ!

കാർത്തികത്തിൽ തുലാമാസത്തിലെ സ്നാനം ദാനം മുതലായതിന്റെ പരാർദ്ധം മടങ്ങു ഫലമുണ്ട്; അതിലും ആയിരം മടങ്ങേറും മാഘത്തിൽ മകരത്തിലേതിന്ന്; അതിലും നൂറുമടങ്ങുകൂടും വൈശാഖത്തിൽ മേടത്തിലേതിന്ന്. വൈശാഖമാസത്തിൽ പ്രാതഃസ്നാനം കഴിച്ചു വേണ്ടതിൻവണ്ണം വിഷ്ണുവിനെ പൂജിക്കുന്നവർ യാവ ചിലരോ, അവർതന്നെ ഭാഗ്യവാന്മാർ! അവർതന്നെ സുകൃതികൾ! വൈശാഖത്തിൽ പ്രാതഃസ്നാനവും യജ്ഞവും ദാനവും ഉപവാസവും ഹവിഷ്യവും ബ്രഹ്മചര്യവും മാപാപങ്ങളെ പോക്കുന്നതത്രെ. രാജാവേ, മാധവമാസം അശ്വമേധത്തെക്കാളും മഹിമയേറിയതാകയാൽ ഇത് കലിയുഗത്തിൽ ശ്രേഷ്ഠമായിരിക്കും. പുണ്യമായ അശ്വമേധയാഗം കലികാലത്തു നടക്കുകയില്ലല്ലൊ; അതിന്ന പകരമത്രെ വൈശാഖവിധി. അശ്വമേധത്തിന്റെ സഹസ്രമോരംശപ്രമാണമായ പുണ്യം കലികാലത്തു കല്മഷശീലത്വംമൂലം ജനങ്ങൾ അറികയില്ല; അതൊന്നുകൊണ്ട് ആളുകൾ പാപത്താൽ നരകസമുദ്രം പൂകുകതന്നെ വേണ്ടിവരും. അതിനാൽ, ഇതിന്റെ പ്രചാരം പുരുങ്ങിയിരിക്കയേ ഉള്ളു.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, നാരദാംബരീഷ സംവാദം, വൈശാഖമഹിമ പ്രസ്താവം എൺപത്തൊമ്പതാമദ്ധ്യായം.

:o:

എൺപത്തൊമ്പതാമദ്ധ്യായം

സൂതൻ:—മഹാത്മാവായ നാരദന്റെ ഈ വാക്കുകൾ കേട്ടിട്ട് അംബരീഷരാജർഷി വിസ്മയത്തോടെ ചോദിച്ചു:—

'മഹർഷേ, പുണ്യമായ മാഘശീഷ്ടത്തെയും മറ്റും വിട്ടു വൈശാഖത്തെ എല്ലാമാസങ്ങളിലും മീതെയായി പ്രശംസിക്കുന്നതെന്തുകൊണ്ടാണ്? മാധവന്ന പ്രിയപ്പെട്ട മാധവമാസമാണ് എല്ലാറ്റിലും മീതെ

Digitized By Kerala Sahitya Akademi

എങ്കിൽ, അന്നോത്തെ അനുഷ്ഠാനം എന്ത്? ദാനം എന്ത്? തപസ്സെന്ത്? ദേവത ആർ? ഞാൻ നിന്തിരുവടിയുടെ തൃക്കാൽപ്പൊടിയാൽ ശ്രുദ്ധീകൃതനായിരിക്കുന്നു; ഉപദേശംകൂടി തന്ന് എന്നെ അനുഗ്രഹിക്കുമാറാകണം! ധർമ്മജ്ഞനും ധർമ്മമാർഗ്ഗങ്ങളെ ഉപദേശിക്കുന്ന ആളുമാണല്ലൊ ഇവിടുന്ന്; മുനിശ്രേഷ്ഠ, അങ്ങൊരാൾക്കെ എല്ലാ തത്വാർത്ഥവും അറിഞ്ഞുകൂടൂ. ധർമ്മംചെയ്യുന്നവൻ, ചെയ്യിക്കുന്നവൻ, ഉപദേശിക്കുന്നവൻ, അനുവദിക്കുന്നവൻ എന്നിവർക്കെല്ലാം ഫലം ഒപ്പമാണെന്നല്ലെ, ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്? വ്രതം, യാഗം, തപസ്സ്, ദാനം എന്നിവയാൽ കിട്ടുന്ന ഫലം മുഴുവനും, ധർമ്മോപദേശദാനംകൊണ്ടു സിദ്ധിക്കും. തീർത്ഥസ്നാനം, തപസ്സ്, യാഗം എന്നിവയാൽ കിട്ടുന്ന നന്മയിൽ നേർപകുതി, അവ ചെയ്യിച്ചാൽക്കും കിട്ടുമല്ലൊ. അതിനാൽ, കൃപാനിധെ, ഭവാൻ എനിക്കു പുണ്യം ഉപദേശിച്ചതന്നാലും: ദേശത്തും കാലത്തും ഗുരുവിനെ കണ്ടെത്തുക എളുപ്പമല്ലല്ലൊ. രാജ്യലാഭം മുതലായ അഭ്യുദയങ്ങൾപോലും, എനിക്ക് ഇവിടുത്തെ സമാഗമത്തോളം മനസ്സു കുളിർപ്പിക്കുന്നവയല്ല.'

ഉടനെ നാരദമുനീന്ദ്രൻ മന്ദസ്മിതത്താൽ ദന്തപ്രഭ ചിന്നിച്ചുകൊണ്ട് അംബരീഷനോടു മറുവടിപറഞ്ഞു:—'രാജാവെ, കേൾക്കു; ലോകഹിതത്തിനായി, ബ്രഹ്മാവു പണ്ടരുളിച്ചെയ്ത വൈശാഖവിധി ഞാൻ അങ്ങയോടു പറയാം: ഭാരതവർഷത്തിൽ ജനനം കിട്ടാൻതന്നെ പ്രയാസം; അതിലും ദുർല്ലഭമാകുന്ന മനുഷ്യത്വം; മനുഷ്യത്വത്തിലും ദുർല്ലഭമാകുന്ന സദ്ധർമ്മാചരണം; അതിലും ദുർല്ലഭമാകുന്ന വിഷ്ണുഭക്തി; അതിലും ദുർല്ലഭമത്രെ, മാധവന്നു പ്രീയപ്പെട്ട മാധവമാസം. ആ മാസം വന്നുചേർന്നാൽ, സ്നാനം ദാനം ജപം മുതലായവ വിധിപോലെ ചെയ്യുന്നവർ യാവച്ചിലരൊ, അവർതന്നെ സുകൃതികൾ! അവരെ ഒന്നുകണ്ടാൽ പാപികൾപോലും ദുരിതമൊഴിഞ്ഞു ഭഗവൽസ്മൃതിപൂണ്ടു ധർമ്മകാംക്ഷികളായി ഭവിക്കും.

വൈശാഖത്തിൽ പതിവായി പ്രാതഃസ്നാനം ചെയ്യുന്നവർ യാവച്ചിലരോ, അവർ ഒരുകോടിക്കൊല്ലം മുഴുവൻ നന്ദനവനത്തിൽ വിഹരിക്കും. സമുദ്രംപോലെ ഒരു ജലാശയം ലോകത്തിലില്ലല്ലൊ; അപ്രകാരം, വൈശാഖംപോലെ മാധവന്നു പ്രിയപ്പെട്ട മാസവുമില്ല. ദോഷങ്ങളെ നശിപ്പിക്കുന്ന വൈശാഖമാസം വരുന്നതുവരേയ്ക്കു, മനുഷ്യശരീരത്തിൽ പാപങ്ങൾ നില്ക്കുകയുള്ളൂ! വൈശാഖമാസത്തിലെ ഏകാദശിമുതൽ ഒടുവിലെ അഞ്ചുദിവസങ്ങൾ തന്നെ മറെറല്ലാ മാസങ്ങളോടും കിടനില്ക്കും. മാധവത്തിൽ മധുസൂദനനായ മാധവനെ വിധിധോപ

Digitized By Kerala Sahitya Akademi

ചാരങ്ങൾകൊണ്ട് പൂജിച്ചാൽ, ജന്മം സഫലമായി! വൈശാഖത്തിൽ സ്നാനവും വിഷ്ണുപൂജനവും യഥാവിധി ചെയ്താൽ, അതിദുർല്ലഭമായ എന്തെന്തു കൈവരികയില്ല? ദാനമില്ല, ഹോമമില്ല, ജപമില്ല, തീർത്ഥത്തിൽവെച്ചു മരണമില്ല; നിഖിലപാപങ്ങളേയും നീക്കുന്ന നാരായണനെ ധ്യാനിക്കാത്ത മനുഷ്യർക്കു ജന്മം നിഷ്ഫലംതന്നെ! ദ്രവ്യമുണ്ടായിരിക്കെ, പിതൃക്കൾമൂലം ദാനംചെയ്യാതെ മരിച്ചുപോകുന്നവന്നു ദ്രവ്യം നിഷ്പ്രയോജനമല്ലയോ? ദാനംകൂടാതെ യാതൊന്നും നിലനിൽക്കുകയില്ല. തീർത്ഥസ്നാനം, തപസ്സു മുതലായവയാലാണല്ലോ, സത്കുലത്തിൽ ജനനം കിട്ടുന്നതു്; വൈശാഖത്തിൽ അഞ്ചുനാളിലെ സ്നാനംകൊണ്ടുതന്നെ നല്ല വംശത്തിൽ ജനനവും, പലതരം സമ്പത്തും ലഭിക്കും. നല്ല പുത്രൻ, നല്ല വംശം, ധനധാന്യങ്ങൾ, ഉത്തമസ്ത്രീകൾ, നല്ല ജനനമരണങ്ങൾ, നല്ല ഭോഗങ്ങൾ, സുഖം, എപ്പോഴും ദാനത്തിൽ മികച്ച താല്പര്യം, ഔദാര്യം, ധൈര്യം—എന്നുവേണ്ട വാഞ്ഛിച്ചതെന്തും—മഹാത്മാവായ നാരായണൻ പ്രസാദിച്ചാൽ കൈവന്നുകൊള്ളും. കാർത്തികം, ജ്യേഷ്ഠം, മാധവപ്രിയമായ മാധവം എന്നീ മാസങ്ങളിൽ, വിശേഷിച്ചും, സ്നാനംചെയ്ത മധുസൂദനനായ ദാമോദരനെ ഭക്തിയോടെ പൂജിച്ചു്, കഴിയുന്ന ദാനങ്ങളും ചെയ്തവൻ ഇഹത്തിൽ സുഖമനുഭവിച്ചു് വിഷ്ണുലോകത്തു ചെന്നാണയും.

വസുധേശ്വര, വൈശാഖസ്നാനത്താൽ അനേകജന്മങ്ങളിലെ പാതകോച്ചയം, സൂര്യോദയത്താൽ അന്ധകാരമെന്നപോലെ അറുതിപ്പെടുമെന്നു വിരിഞ്ചൻ എന്നോടരുളിച്ചെയ്തിട്ടുണ്ടു്. മാധവമാസത്തിന്റെ മാഹാത്മ്യം യമൻ മറച്ചുവെച്ചിരിക്കയാണെന്നു കണ്ടിട്ടു് വിഷ്ണുതാൻതന്നെയാണു് അതിനെ മനുഷ്യലോകത്തിൽ ധാരാളം പ്രചരിപ്പിച്ചതു്. അതിനാൽ, വൈശാഖമാസം വന്നുചേർന്നാൽ, പ്രഭാതത്തിൽ സൂര്യോദയത്തിന്നു മുമ്പു്, ഗംഗയുടേയൊ നർമ്മദയുടേയൊ യമുനയുടേയൊ സരസ്വതിയുടേയൊ പുണ്യതീർത്ഥത്തിൽ യഥാവിധി സ്നാനംചെയ്തു്, മുകുന്ദൻതിരുവടിയെ പൂജിച്ചുകൊള്ളണം. എന്നാൽ സന്തതിയും സമ്പത്തും ശ്രേയസ്സും വാഞ്ഛിച്ച സുഖങ്ങളും നേടി, ഒടുവിൽ അക്ഷയമായ സ്വർഗ്ഗം പ്രാപിക്കാം. മഹാഭാഗ, ഇതോർത്തു മാധവനെ പൂജിച്ചുകൊൾകെ—വിശേഷിച്ചും വൈശാഖത്തിൽ വഴിപോലെ സ്നാനംചെയ്തു്, നിരാമയനായ നാരായണനെ പൂജിച്ചുകൊൾക. പാപനാശനനായ പദ്മനാഭൻതിരുവടിയെ സേവിച്ചാൽ അങ്ങയ്ക്കു സുഖവും പുത്രനും ധനവും വൈകുണ്ഠവാസവും കൈവരും.

വൈശാഖം പിറക്കുന്ന പൌർണ്ണമാസിയിലാണ് ഈ വ്രതം തുടങ്ങേണ്ടതു്; യമനിയമങ്ങൾ പൂണ്ടു് യഥാശക്തി ദാനവും ചെയ്തിട്ടുവേണം

Digitized By Kerala Sahitya Akademi

തുടങ്ങുവാൻ. ഹവിഷ്യം ഭുജിക്കണം; ഭൂമിയിൽ നിലത്തു കിടക്കണം; ബ്രഹ്മചര്യം കൊള്ളണം; ക്രൂരവും മറ്റും ചെയ്തു ക്രൂശഗാത്രനായി, മനസ്സിൽ മാധവനെ ധ്യാനിക്കണം. അവസാനത്തിൽ, ബ്രാഹ്മണശ്രേഷ്ഠർക്കു തേൻ നെല്ലി മുതലായും ഭക്ഷണവും പാത്രവിനേയും ദക്ഷിണയും ഭക്തിയോടെ നൽകണം; അ സ്നാനത്തിനു മുടക്കം വരുത്തരുതേ എന്നു ബ്രാഹ്മണരോടു പ്രാർത്ഥിക്കുകയും ചെയ്യണം. ജഗദീശനായ ജനാർദ്ദനന്റെ ലക്ഷ്മീദേവി ഏ പ്രകാരമോ, ആപ്രകാരം തന്നെ പ്രിയപ്പെട്ടതാകുന്ന വൈശാഖമാസം. ഈ വിധികളോടുകൂടി, പാനീയങ്ങൾകൊണ്ടും വൈശാഖസ്നാനം അനുഷ്ഠിച്ച യഥാശക്തി കാലംകൂട്ടിയാൽ മധുസൂദനൻ പ്രസാദിച്ചരുളും.

നരേന്ദ്ര, ഇങ്ങിനെ വൈശാഖമാഹാത്മ്യം അങ്ങയോടു ഞാൻ പറഞ്ഞു; പണ്ടു ബ്രഹ്മാവരുളിച്ചെയ്ത കഥയാണിത്.'

ശ്രീപരമേശ്വരപുരാണേ പ്രഥമഭാഗേ, നാരദാംബരീഷസംവാദേ, വൈശാഖമാഹാത്മ്യപ്രകരണം, നാരദാംബരീഷസംവാദവർണ്ണനം എന്നുള്ള ഏഴുനൂറ്റാമദ്ധ്യായം

൭൧൩൰൭൰൭൰ാമദ്ധ്യായം

സൂതൻ:—നാരദന്റെ ഈ വാക്കുകേട്ടിട്ടു നരേന്ദ്രൻ അത്ഭുതപ്പെട്ടു; അദ്ദേഹം വിഷ്ണുവിനെ സ്മരിച്ചുംകൊണ്ടു താഴ്മയോടേ ചോദിച്ചു:—'മഹർഷേ, ഇതെങ്ങിനെയായിരിയ്ക്കാം: അല്പായാസംകൊണ്ടു—സ്നാനം കൊണ്ടുമാത്രം—അതിദുർല്ലഭമായ ഫലം സിദ്ധിയ്ക്കുമെന്നോ?'

നാരദൻ:—'രാജാവേ, അങ്ങു ചോദിച്ചതു ശരിതന്നെ. എന്നാൽ അല്പായാസംകൊണ്ടു അനല്പഫലം കിട്ടും; ഇതിൽ ബ്രഹ്മാവിന്റെ അരുളപ്പാടു വിശ്വസിച്ചുകൊൾകിം: ധർമ്മത്തിന്റെ ഗതികഠം സൂക്ഷ്മങ്ങളാണ്; അവ ഈശ്വരന്മാർക്കും അറിഞ്ഞുകൂടാ. അചിന്ത്യശക്തിയായ വിഷ്ണുവിന്റെ വിചേഷ്ടിതത്തിൽ വിദ്വാന്മാർ പോലും അന്ധാളിച്ചു പോകുന്നു! രാജാവേ, ക്ഷത്രിയരായിരുന്ന വിശ്വാമിത്ര പ്രഭൃതികഠം ധർമ്മത്തിന്റെ അധികൃതത്താൽ ബ്രാഹ്മണ്യം നേടിയില്ലയോ? അതിനാൽ സൂക്ഷ്മമത്രേ, ധർമ്മഗതിയുടെ ഗതി. ധർമ്മചാരിയെ വെടിഞ്ഞു തേവിടിശ്ശിയുടെ കണവനായിത്തീർന്നു, നാൾതോറും ദുരിതം ചെയ്തുപോന്ന അജാമിളനും, മരിക്കുമ്പോൾ പുത്രനെയോർത്തു നാരായണ എന്നിങ്ങിനെ ഒരു തിരുനാമം ഉച്ചരിച്ചതിനാൽ ദുഷ്പ്രാപമായ സ്ഥാനം പ്രാപിച്ചതായി കേട്ടിട്ടില്ലയോ? വേണമെന്നില്ലാതെ തൊട്ടാലും തീ പൊള്ളിയ്ക്കുമല്ലോ; അതിൻവണ്ണം, അന്യോദ്ദേശേന ചൊന്നതായാലും വിഷ്ണുനാമം പാപത്തെ ദഹിപ്പിയ്ക്കും. കന്യാപുത്രനായ മുനിയുടെ

Digitized By Kerala Sahitya Akademi

(വ്യാസന്റെ) പൌത്രന്മാരും, ഗോലകനായ (വിധവയിൽ പിറന്ന) പാണ്ഡുവിന്റെ കുണ്ഡപുത്രന്മാരും (പരപുരുഷന്മാക്കു് പിറന്നവർ) ഭ്രാതൃപത്നിയെ ഗമിക്കുന്നവരുമായിരുന്നുവല്ലോ പാണ്ഡവന്മാർ; ഒപ്പം പാഞ്ചാലിയിൽ രമിച്ചിരുന്ന അവർ അഞ്ചുപേർപോലും പുണ്യശ്ലോകത്വം നേടിയില്ലയോ? അതിനാൽ, സൂക്ഷ്മമത്രേ ധർമ്മത്തിന്റെ ഗതി.

കർമ്മങ്ങൾ പലതരം; ഭ്രൂണഭാവനകർമം പലതരം; ഭ്രൂണങ്ങൾ പലതരം; കർമ്മശക്തികൾ പലതരം. ഒരിക്കൽ ചെയ്ത സുകൃതം കൂടസ്ഥമായി നിന്നു്, വല്ല സൽകർമ്മത്താലും വളർന്നുവന്നു്, ഏതൊരു ജന്മത്തിലെങ്കിലും മഹത്തരമായ ഫലത്തെ പ്രദാനംചെയ്യുന്നു. സൂക്ഷ്മവും അതിഗഹനവുമായ ധർമ്മം ശരിക്കു് അളക്കപ്പെടാവുന്നതല്ല. ഇതിന്റെ ഫലദാനത്തിന്നു വ്യവസ്ഥയൊന്നുമില്ല. ഒരു സുകൃതം പാപങ്ങളാൽ മറയ്ക്കപ്പെട്ടാലും, എടുത്തുകൊണ്ടോ എവിടെയൊ വെച്ചേന്നു് അതിന്റെ ഫലത്തെ നൽകുന്നു. ചെയ്ത പുണ്യത്തിന്നാകട്ടേ പാപത്തിന്നാകട്ടേ നാശമില്ലതന്നെ; എന്നാലും പുണ്യത്തിന്റെ ആധിക്യത്തിൽ ഘോര പാപം അനുഭവിപ്പിക്കും.

ഭവാൻ പറഞ്ഞുവല്ലോ—വലിയ പുണ്യത്തിന്നു് അധികം അയാസപ്പെടേണമെന്നു്; അതിന്നും സമാധാനം പറയാം: അയാസത്തിന്റെ കുറവും കൂടുതലുമാണു് അല്പതപത്തിന്നും അനല്പതപത്തിന്നും ഹേതുവെങ്കിൽ, കൃഷിപ്പണിക്കാക്കും മറ്റും അയാസബാഹുല്യത്താൽ വലിയ പുണ്യം ഉണ്ടാകേണ്ടിയിരിക്കുന്നു; സിംഹനാദം മന്ത്രജപത്തേക്കാൾ ഫലവത്തായും തീരേണ്ടിയിരിക്കുന്നു. നേരേമറിച്ചു്, പഞ്ചഗവ്യം വ്രതാംഗതേപന പ്രശസ്തമല്ലാതായും തീരും. കർത്തവ്യങ്ങളുടെ ബാഹുല്യത്താലാണു് മഹത്തപമെങ്കിൽ, ജലാഗ്ന്യാദിപ്രവേശം വ്രതങ്ങളെക്കാൾ താഴെയാണെന്നു വരും. വാസ്തവത്തിൽ, ഇതു് അല്പം, ഇതു് അനല്പം എന്നു നിയമമൊന്നുമില്ല; ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള ഫലം എന്തോ, അതുതന്നെ വലുതു്! വലുതുകൊണ്ടു് ചെറുതെന്നപോലെ, ചെറുതുകൊണ്ടു വലുതും നശിക്കാവുണ്ടല്ലോ: ഒരു ചെറിയ തീപ്പൊരി പുൽക്കൂട്ടത്തെ ചുട്ടെരിക്കുന്നു; അതിൻവണ്ണം, അറിയാതെ പറ്റിയ ഓരായിരം ഹത്യാപാപങ്ങളും ഒരുകോടി ഗുരുദാരഗമനപാപങ്ങളും സ്തേയാദിപാപങ്ങളുമൊക്കെ വിഷ്ണുഭക്തിയാൽ നശിപ്പിക്കപ്പെടുന്നു. വീര, വിഷ്ണുഭക്തിയുള്ള വിദ്വജ്ജനം ചെറുതായ സുകൃതം വല്ലതും ചെയ്താൽ, അതും അക്ഷയഫലമായിത്തീരും. ഇതിൽ സംശയം തോന്നേണ്ടാ മാധവമാസത്തിൽ മാധവനെ ഭക്തിപൂർവ്വം ആരാധിച്ചാൽ ഇച്ഛിച്ചതൊക്കെ സാധിക്കും. സന്തതിയും സമ്പത്തും രത്നവും ഭാര്യയും മാളികയും

Digitized By Kerala Sahitya Akademi

അനേകതിരകളും സുഖങ്ങളും സ്വർഗ്ഗവും മോക്ഷവുമൊക്കെ വിഷ്ണുഭക്തന്റെ കരസ്ഥംതന്നെ! അതിനാൽ അല്പമായ ശാസ്ത്രോക്തവിധികൊണ്ടും അനല്പമായ പാപത്തിന്റെ നാശംവരും; പുണ്യം വർദ്ധിക്കുകയും ചെയ്യും. എന്നാൽ, ഭക്തിയുടേയും കർമ്മത്തിന്റേയും അധിക്യത്തിൽ ഫലവും അധികമായി വരും. മഹാത്മാവായ മാധവന്റെ പ്രിയപ്പെട്ട മാധവമാസവ്രതം ഒരാണ്ടിൽമാത്രം അനുഷ്ഠിച്ചാൽത്തന്നെ സർവ്വാഭീഷ്ടങ്ങളും നിറവേറും.

കാലത്തും ദേശത്തും പവിത്രമായ ഗംഗാജലത്തിൽ സ്നാനംചെയ്തുപോന്നാലും, ജനനംമുതൽക്കേ ഭക്തിയില്ലാത്തവന്റെ വിശുദ്ധി വരുന്നതല്ല എന്നാണ് എന്റെ അഭിപ്രായം. ഗംഗയിലും മറ്റും മത്സ്യാദികളും ദേവാലയത്തിൽ പക്ഷികളും വസിക്കുന്നുണ്ടല്ലോ; അവ ഉപവാസം ചെയ്താൽ ചത്തുപോകുമെന്നല്ലാതെ,ഭക്തിയില്ലായ്മയാൽ ഗതി നേടുമാറില്ല. ഭക്തിയെ ചിത്തപദ്മത്തിലുറപ്പിച്ച്, വൈശാഖത്തിൽ സ്നാനംകഴിച്ച് ശ്രദ്ധനായി ലക്ഷ്മീകാന്തനെ പൂജിക്കുന്നതായാലോ, അവന്നുള്ള പുണ്യം വർണ്ണിപ്പാൻ നാം ശക്തരല്ല! യഥാകാലം അഗ്നിയെ നെയ്യും എണ്ണയും പകർന്ന് ജ്വാലകൾ വലംചുറ്റുമാറാളിച്ച്, അതിൽ ചാടി ദഹിച്ചാലും, ഭക്തിയില്ലാത്തവന്നു സ്വർഗ്ഗമോ മറ്റു ഫലമോ കിട്ടുകയില്ല. അതിനാൽ രാജാവേ, വൈശാഖഫലത്തെ ഭവാൻ വിശ്വസിച്ചുകൊൾക: ചെറുതായാലും ഒരു സൽക്കർമ്മം വളരെ ദുഷ്കർമ്മങ്ങളെ നശിപ്പിക്കും. മേടമാസത്തിൽ പുലർച്ചയ്ക്കു തീർത്ഥത്തിൽ കുളിച്ചു വിഷ്ണുവിനെ സ്തുതിച്ചാൽ, ആ തിരുനാമത്തെ പേടിച്ച് ദുരിതക്കൂട്ടമെല്ലാം ഒളിച്ചുകളയും! ഗരുഡന്റെ തേജസ്സിനാൽ സർപ്പങ്ങളെന്നപോലെ, വൈശാഖത്തിൽ പ്രാതഃസ്നാനത്താൽ പാപങ്ങൾ പാഞ്ഞുപോകും, സംശയമില്ല. മേടത്തിൽ ഗംഗയിലോ നർമ്മദയിലോ സ്നാനംചെയ്ത്, ഒരുനേരമോ രണ്ടുനേരമോ മൂന്നു സന്ധ്യകളിലുമോ പാപപ്രശമനസ്തോത്രം ഭക്തിയോടേ ചൊല്ലുന്നവൻ പാപമെല്ലാമൊഴിഞ്ഞു പരമപദം പ്രാപിക്കും.

അംബരീഷ, വൈശാഖസ്നാനമാഹാത്മ്യം ഇതാ, ഞാൻ ചുരുക്കത്തിൽപ്പറഞ്ഞുകഴിഞ്ഞു; ഇനിയെന്താണ് ഭവാനു കേൾക്കേണ്ടതു്?'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, നാരദാംബരീഷസംവാദം, വൈശാഖസ്നാനമാഹാത്മ്യകഥനം എണ്ണത്തേഴാമധ്യായം.

—(0)—

Digitized By Kerala Sahitya Akademi

എൺപത്തെട്ടാമദ്ധ്യായം

അംബരീഷൻ:—'മഹർഷേ, പാപപ്രശമനസ്തോത്രം ചൊല്ലിക്കേൾപ്പാൻ എനിക്കാഗ്രഹമുണ്ട്; ആയ സ്മരിച്ചാൽത്തന്നെ പാപസഞ്ചയം അലിഞ്ഞുപോകുമല്ലൊ. ഞാൻ ധന്യനായി, അനുഗ്രഹീതനായി: യാതൊന്നു ശ്രവിച്ചാൽത്തന്നെ ദുരിതം നീങ്ങുമോ, അതു സദ്വ്രതം അങ്ങു പറഞ്ഞുതന്നുവല്ലോ! വിഷ്ണുഭക്തനും വൈശാഖമാസത്തിലെ സ്നാനം പുണ്യകരമാണെന്നുള്ളതിൽ എന്താണത്ഭുതം? തന്തിരുവടിയുടെ തിരുനാമം ചൊല്ലിയാൽത്തന്നെ പാപരാശിക്കരുതി വരുമല്ലോ. 'മാധവമാസത്തിൽ മംഗളമായ മാധവനാമം ഉച്ചരിക്കുക എന്നതുതന്നെയാണ് ലോകത്തിൽവെച്ച് പുണ്യവും പരിശുദ്ധവും ഹൃദ്യവും സുകൃതൈകലഭ്യവും എന്നു ഞാൻ വിചാരിക്കുന്നു. യാവചിലർ വൈശാഖത്തിൽ വൈകുണ്ഠന്റെ തിരുനാമം സ്മരിച്ചുപോരുന്നുവോ, അവർതന്നെ സുകൃതികൾ! അതിനാൽ ഇവിടെയുള്ള സമ്മതമാണെങ്കിൽ, അതിനെപ്പറ്റിത്തന്നെ കുറഞ്ഞൊന്നു വീണ്ടും പറഞ്ഞുതന്നാലും.'

ആ വിഷ്ണുപ്രിയനായ രാജശ്രേഷ്ഠൻ ഇങ്ങിനെ ആവശ്യപ്പെട്ടതിനാൽ മനംതെളിഞ്ഞ മഹർഷി, വൈശാഖസ്നാനസമുത്സുകനാണെങ്കിലും വിഷ്ണുകഥാരസംമൂലം പറവാൻതുടങ്ങി:—'ഭൂമിപാല, വിഷ്ണുഭക്തനായ ഭവാനുമായി വിഷ്ണുവിനെപ്പറ്റി സംസാരിക്കുക എന്നതു വൈശാഖധർമ്മസ്നാനത്തെക്കാളും മീതെയാണെന്നു് എനിക്കു തോന്നുന്നു! ജീവിതം ധർമ്മത്തിനായും ധർമ്മം വിഷ്ണുവിനായും രാഷ്ട്രകലുകർ പുണ്യത്തിനായും ആകുന്നു, അവനത്രേ ഭൂമിയിൽ വൈഷ്ണവൻ. രാജാവേ, വൈശാഖസ്നാനത്തിന്റെ ഫലം കുറഞ്ഞൊന്നു പറയാം; മുഴുവനും വിസ്തരിച്ചു പറയാൻ എന്റെ അച്ഛൻപോലും ആളാവില്ല! വൈശാഖസ്നാനംകൊണ്ടുതന്നെ പാപികൾപോലും മോക്ഷം കിട്ടും:

പണ്ടു് മുനിശർമ്മാവെന്നൊരു മഹർഷി തീർത്ഥങ്ങളാടിക്കൊണ്ടു സഞ്ചരിക്കയായിരുന്നു. ധാർമ്മികനും സത്യമധുരഭാഷിയും വിശുദ്ധനും ശമദമക്ഷമാശാലിയും ശ്രുതിസ്മൃതിവിധിജ്ഞനും പിതൃകാര്യം—വിഷ്ണുപൂജ—വൈഷ്ണവസംസർഗ്ഗം എന്നിവയിൽ തല്പരനും ത്രികാലജ്ഞാനിയും തത്വദർശിയും ബ്രാഹ്മണപ്രിയനും അതിതേജസ്വിയും ദയാശീലനുമായിരുന്ന അദ്ദേഹം വൈശാഖത്തിൽ നർമ്മദാസ്നാനത്തിനു നടകൊള്ളുമ്പോൾ, അതിദുഃഖിതരായി കൂത്തിരുണ്ട അഞ്ചു പുരുഷന്മാരെ

Digitized By Kerala Sahitya Akademi

കണ്ടെത്തി. അവർ തങ്ങളിൽ സംസാരിച്ചുകൊണ്ടും ദുരിതംമൂലം മനം നട്ടങ്ങി നാലുവശത്തെയ്ക്കും നോക്കിക്കൊണ്ടും ഒരു പേരാലിൻ തണലത്തിരിക്കയായിരുന്നു. അവരെക്കണ്ടിട്ട് ബ്രാഹ്മണശ്രേഷ്ഠൻ പകച്ചുപോയി. 'എന്തുകൊണ്ടായിരിക്കാം, ഈ വികൃതസ്വരൂപന്മാർ കൊടുംകാട്ടിൽ ദുഃഖിച്ചിരിക്കുന്നത്? ചാരന്മാരായിരിക്കുമോ? കാഴ്ചയിൽ പാപികളാണെന്നു തോന്നും. പൊട്ടിച്ച അഞ്ജനക്കല്ലുപോലിരിക്കുന്ന ശരീരം! തമ്മിൽ ഓരോന്നു സംസാരിക്കുന്നുമുണ്ട്,' എന്നിങ്ങിനെ ആ ധീരമാനസനായ ബ്രാഹ്മണേന്ദ്രൻ വിചാരിക്കുമ്പോഴെയ്ക്കും, അവർ അടുത്തെത്തി തൊഴുതു നിന്നുരിയാടി:—'ഭവാൻ ഒരു സൽപുരുഷശ്രേഷ്ഠനാണെന്നു ഞങ്ങൾക്കു തോന്നുന്നു. ദ്വിജശ്രേഷ്ഠ, പ്രസാദിക്കണേ! ഞങ്ങളുടെ ദുഃഖം ഞങ്ങൾ അറിയിക്കാം; അതു കേൾപ്പാനുമാറാകണം: വിധിവശാൽ പാപം പറ്റിപ്പോയ പാവങ്ങൾക്കു സജ്ജനങ്ങളേ ശരണമായുള്ളു; സത്തുക്കൾ ദർശനത്താൽത്തന്നെ ആതുരന്മാക്കു് ആധി നീക്കുമല്ലോ.

ഞാൻ പാഞ്ചാലരാജ്യക്കാരനായ നരവാഹനൻ എന്നൊരു ക്ഷത്രിയനാണ്; വഴിയിൽവെച്ചു്, അന്ധാളിത്തത്താൽ ഒരു ബ്രാഹ്മണനെ അമ്പെയ്തു കൊന്നുപോയി. ആ പാപംചെയ്ത ഞാൻ കുടുമ്മയും പൂണൂലും തിലകവുമില്ലാതെ ഭൂമിയിൽ ചുറ്റിനടക്കുകയാണ്. 'ഞാൻ ബ്രഹ്മഹത്യക്കാരനാണേ; ബ്രഹ്മഹത്യാമഹാപാപം പൂണ്ട എനിക്കു ഭിക്ഷതരണേ!' എന്നിങ്ങിനെ വിളിച്ചു പറഞ്ഞുംകൊണ്ടു് തീർത്ഥങ്ങളിലെല്ലാം സഞ്ചരിച്ചു്, ഇവിടെയും വന്നുചേർന്നു. ഇപ്പോഴും ബ്രഹ്മഹത്യ എന്നെ വിട്ടുപോകുന്നില്ല. ഇങ്ങിനെ ഒരുകൊല്ലമായി, ഞാൻ പാപത്താൽ വെന്തു് ശോകത്താൽ കഷ്ടപ്പെടുന്നു! മഗധദേശക്കാരനായ ചന്ദ്രശർമ്മാവു് എന്നൊരു ബ്രാഹ്മണനാണ് ഈ നില്ക്കുന്ന ആൾ. ഇദ്ദേഹം വ്യാമോഹത്താൽ മനം കലങ്ങി ഗുരുവിനെ കൊന്നുകളഞ്ഞു; അതിനാൽ സ്വജനങ്ങളാൽ നാട്ടിൽനിന്നു പുറത്താക്കപ്പെട്ടു്, കുടുമ്മയും പൂണൂലും ബ്രാഹ്മണചിഹ്നവും ക്രമാതെ അലഞ്ഞുനടന്നു് ഇദ്ദേഹവും വിധിവശാൽ ഇവിടെ വന്നെത്തി. ഞാൻ വൃത്തമാനം ചോദിച്ചപ്പോൾ, ഇദ്ദേഹം ഗുരുകുലത്തിൽ വസിക്കുമ്പോൾ ക്രോധത്താൽ മതിമറന്നു്, ഗുരുവിനെ കൊലപ്പെടുത്തിയ വിവരം തുറന്നുപറഞ്ഞു. ആ പാപത്താൽ വെന്തു ദുഃഖിച്ചു വലയുകയാണിദ്ദേഹം. സ്വാമിൻ, ഈ ശർമ്മാവെന്നൊരു ബ്രാഹ്മണനാണു്, ഈ വാടിത്തളർന്ന മൂന്നാമൻ. ഇദ്ദേഹം അന്ധാളിത്തത്താൽ വേശ്യാസക്തനും കള്ളുകുടിയനുമായിത്തീർന്നു; ഞാൻ ചോദിച്ചപ്പോൾ,ഇദ്ദേഹവും തന്റെ പൂർവ്വചേഷ്ടിതം അന്തസ്താപത്തോടെ അറിയിച്ചു. ആ പാപംമൂലം ഭാര്യ, ബന്ധുക്കൾ മൃത

Digitized By Kerala Sahitya Akademi

ലായ സവ്രാല്യം സന്ത്യകൃതനായി അലഞ്ഞുനടന്ന് ഇദ്ദേഹവും ഇവിടെ വന്നെത്തി. നാലാമൻ വിധുരനെന്നൊരു വൈശ്യനാണ്; ഇദ്ദേഹം ഗുരുഭാര്യയെ ഗമിച്ചുപോയി; എന്നല്ല, വേശ്യയായി വിദേഹത്തിൽ പാത്തിരുന്ന അമ്മയോടൊന്നിച്ചും അറിയാതെ മൂന്നുമാസം രമിച്ചു. ഒടുവിൽ വസ്തുതയറിഞ്ഞപ്പോൾ ദുഃഖത്തോടെ അവിടെനിന്നു പോന്ന ഭൂമിയിലെങ്ങും അലഞ്ഞുനടന്ന് ഇവിടെ വന്നുചേർന്നു. നന്ദൻ എന്നൊരു വൈശ്യനാണ് അഞ്ചാമൻ. ഈ മാനുഷപിതൃപണം സമ്പാദിപ്പാൻ ദുഷ്ടരോടു ചേർന്ന് വളരെ കൂവാച്ചയും മറ്റും നടത്തിപ്പോന്നു; ആ പാതകങ്ങൾമൂലം സജ്ജനങ്ങളാൽ പരിത്യക്തനായി, നിർദ്ധനം ഉൾപ്പെടെ ഉണ്ട്, യദൃച്ഛയാ ഇവിടെ എത്തിച്ചേർന്നു. ഇങ്ങിനെ അഞ്ചു മഹാപാപികളും ഒരേ സ്ഥലത്തൊത്തുകൂടി.

ആരും ആരോടും ഉണ്ണുകുടുപ്പു മുതലായവയിൽക്കൂടി സമ്പർക്കം ചെയ്യാറില്ല; സംസാരിക്കയില്ലാതെ, ഒരേ ആസനത്തിന്മേലിരിക്കാറില്ല; ഒരേ വിരിപ്പിൽ കിടക്കാറില്ല. ഇങ്ങിനെ ദുഃഖാക്രാന്തരായ ഞങ്ങൾ പല തീർത്ഥങ്ങളിൽ പോവുകയുണ്ടായി; എന്നിട്ടും ഘോരപാപം നീങ്ങുന്നില്ല. എന്നാൽ, മുനിസത്തമ, തേജസ്വിയായ നിന്തിരുവടിയെ കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ മനഃപ്രസാദം, സത്തമനായ നിന്തിരുവടിയുടെ പുണ്യദർശനത്താൽ ദുരിതശാന്തി വരുമെന്ന് സൂചിപ്പിക്കുന്നു. ഗുരോ, ഞങ്ങൾക്കു പാപം നീങ്ങാനുള്ള ഉപായം ഉപദേശിച്ചുതന്നാലും: ഇവിടുന്നു വേദാർത്ഥവേദിയും ദയാശീലനുമാണെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾ ദുഃഖശാന്തി തേടി വലയുമ്പോൾ എഴുന്നള്ളിവന്ന നിന്തിരുവടി തീർച്ചയായും, അന്ധാളിത്തത്താൽ പാപം പറഞ്ഞുപോയ ഞങ്ങളെ കരയേറുമാറാകണം!'

അവർ ഇങ്ങിനെ അപേക്ഷിച്ചപ്പോൾ, കരുണാംബുധിയായ മുനിശ്രേഷ്ഠപുംഗവൻ ആലോചിച്ചു മറുപടി പറഞ്ഞു:—അറിയാതെയാണ്, നിങ്ങൾ പാപത്തിൽപ്പെട്ടത്; പശ്ചാത്താപം പൂണ്ടു പരമാർത്ഥം പറയുകയും ചെയ്യുന്നു. അതിനാൽ നിങ്ങളെ ഞാൻ അനുഗ്രഹിയ്ക്കുണ്ടിയിരിയ്ക്കുന്നു. എന്റെ വാസ്തവമായ വാക്കു കേൾക്കുവിൻ; ഞാൻ കയ്യുയർത്തിപ്പറയുന്നു; [ഞാൻ പണ്ടു മുനിസദസ്സിൽ വെച്ച് അംഗിരസ്സു ചൊല്ലിക്കേട്ടതും, പരമ്പരാ വിശ്വാസം വരത്തക്കവിധം വേദശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളതുമാണിത്.] ഒന്നാമതായി, പൂജിയ്ക്കപ്പെട്ട വിഷ്ണു താൻതന്നെ ശരിയ്ക്കരുളിച്ചെയ്തതാണിത്:

(ശ്ലോകങ്ങൾ)

തൃപ്തിയില്ലുണിലും മീതെ,യില്ലുണ്ണുന്നാപ്പുറം ഗുരു
പാത്രമില്ലന്തണരൊഴിഞ്ഞീ,ശനില്ലച്യുതാൽ പരൻ,

Digitized By Kerala Sahitya Akademi

ഗംഗനേർതീർത്ഥമില്ലി,ല്ല ദാനം ഗോദാനസന്നിഭം,
ഗായത്രി പോലില്ല മന്ത്രം,മില്ലേകാദശിനേർ വ്രതം,
ഇല്ല ഭായ്യാസമം മിത്രം,മില്ല ധർമ്മം ദയാസമം,
സ്വാതന്ത്ര്യം പോലില്ല സൌഖ്യം, ഗൃഹം പോലീല്ലൊരാശ്രമം,
ഇല്ലാചാരം നേരിൽ മീതെ, തുഷ്ടി പോലില്ല നിർവൃതി;
വൈശാഖം പോലെമാപാപം പോകുമാസവുമില്ലഹോ!

വൈശാഖവ്രതം ശരിയ്ക്കനുഷ്ഠിപ്പാൻ എളുപ്പത്തിൽ തരം വരികയില്ല; വിശേഷിച്ചും ഗംഗാദിതീർത്ഥങ്ങളിൽ. പാപിഷ്ഠന്മാരെ, അശ്വമേധാദികളായ പ്രായശ്ചിത്തങ്ങളൊക്കെ, വൈശാഖം വരുന്നതുവരേയ്ക്കു ഞെളിഞ്ഞുനില്ക്കും! പുണ്യമായ വൈശാഖമാസത്തിൽ ആർ വിഷ്ണുവിനെ സ്മരിച്ചുകൊണ്ടു, തൻതിരുവടിയുടെ തൃക്കാലിൽനിന്നുണ്ടായ ജലത്തിൽ സ്നാനം ചെയ്യുമോ, അവൻ പാപമെല്ലാമൊഴിഞ്ഞു മനം തെളിഞ്ഞു പരമഗതിയടയും. വൈശാഖത്തിൽ മേടമാസത്തിൽ, കൽമഷഘ്നിയും ശർമ്മദായിനിയുമായ നർമ്മദയിൽ സ്നാനം ചെയ്തവനും പാപമുക്തിവരും. വൈശാഖത്തിൽ മഹാനദികളിൽ കുളിയ്ക്കുക എന്നതു് എളുപ്പത്തിൽ സാധിയ്ക്കുന്നതല്ല; വിശേഷിച്ചും ഗംഗായമുനാനർമ്മദകളിൽ. വൈശാഖത്തിൽ, ഇവ മൂന്നിൽ ഏതിലെങ്കിലും ചെന്നു ഭക്തിയോടേ സ്നാനംചെയ്തവൻ പാപം വേർപെട്ടു വിഷ്ണുവിനോടു ചേരും. അതിനാൽ പാതകികളായ നിങ്ങൾ എന്നോടൊരുമിച്ചു പോന്നു, സുകൃതൈകസാരമായ വൈശാഖത്തിൽ മുനിനിഷേവിതയായ നർമ്മദയിൽ സ്നാനം ചെയ്‌വിൻ; എന്നാൽ സർവ്വപാപഭയവും വിട്ടൊഴിയും.'

ഇതുകേട്ടു് മനംതെളിഞ്ഞ ആ പാപികളെവരും മുനിശർമ്മാവോടൊരുമിച്ചു്, അത്ഭുതം അത്ഭുതമെന്നിങ്ങിനെ, നർമ്മദയിലേയ്ക്കു നടകൊണ്ടു. ബ്രാഹ്മണൻ നർമ്മദാതീരത്തു ചെന്നെത്തി, പ്രഹൃഷ്ടചിത്തനായി, പ്രഭാതത്തിൽ വേദോക്തപ്രകാരേണ സ്നാനംകഴിച്ചു. അദ്ദേഹം ചൊന്നതിൻവണ്ണം ആ പാപികളും ശ്രീമദ്വൈശാഖമാസത്തിൽ നർമ്മദാജലത്തിൽ മുഴുകി; അതോടുകൂടി, അവരുടെയെല്ലാം വിവർണ്ണശരീരം സുവർണ്ണപ്രഭമായിച്ചമഞ്ഞു! ഉടനേ മുനിശർമ്മാവു് പാപപ്രശമനസ്തോത്രവും ചൊല്ലിക്കൊടുത്തു; അവർ, സകലരും കാഞ്ചന അതിതേജസ്വികളായി വിളങ്ങി. എന്നാൽ, സ്നാനമാത്രത്താൽ നിർമ്മലരായിത്തീർന്ന അവരെ പാപിസംസർഗ്ഗശങ്കയാൽ അവിടെയുള്ള ഋഷികൾ കൂട്ടിത്തൊട്ടില്ല. തൽക്ഷണം, മുനിശർമ്മാവിന്റെ സങ്കല്പത്താലും ധർമ്മത്തിന്റെ പ്രാമാണ്യത്താലും ഒരാകാശവാക്കു കേൾക്കുമാറായി:—'വൈശാഖത്തിൽ വൈകുണ്ഠനെ സ്മരിച്ചു കുളിക്കുകയും പാപപ്രശമനസ്തോത്രം

Digitized By Kerala Sahitya Akademi

ആദരവോടേ കേൾക്കുകയും ചെയ്തതിനാൽ ഇവർ പാപനിർമ്മുക്തരായിരിക്കുന്നു: എല്ലാ പാപങ്ങൾക്കും ഒരു മികച്ച പ്രായശ്ചിത്തമാണു്, വൈശാഖത്തിൽ പ്രാതഃകാലത്തു തീർത്ഥസ്നാനം.' ഈ അത്യദ്ഭുതമായ അശരീരിവാക്കു കേട്ടപ്പോൾ ആളുകളെല്ലാം ആ സുകൃതികളെവരേയും വൈശാഖത്തേയും നമ്മദയേയും മഹർഷിയേയും പ്രശംസിക്കുകയായി.

രാജേന്ദ്ര, ഇനി പാപപ്രശമനസ്തോത്രം കേട്ടുകൊൾകം; ഇതു ഭക്തിയോടേ ശ്രവിച്ചാൽ ദുരിതമെല്ലാം വിട്ടൊഴിയും. ഏതൽശ്രവണത്താൽത്തന്നെ, വേറെയും വളരെപ്പാപികൾ, അറിയാതെ പറഞ്ഞ പാപം വേർപെട്ടു പരിശുദ്ധരായിത്തീർന്നിട്ടുണ്ടു്. പരകളത്രം, പരധനം, പ്രാണിഹിംസ മുതലായവയിൽ മനസ്സു ചെല്ലുന്നതെപ്പോഴും, അപ്പോൾ ഈ സ്തോത്രമത്രേ മനുഷ്യർക്കു പ്രായശ്ചിത്തം.

[ശ്ലോകങ്ങൾ]

വിഷ്ണോ, വിഷ്ണോ, നമസ്കാരം വിഷ്ണോ, വിഷ്ണോ, നിരന്തരം!
ചിത്താഹങ്കാരഗതനാം വിഷ്ണുവെപ്പണിയുന്ന ഞാൻ.
ചിത്തസ്ഥനീശനവ്യക്തനനന്തനപരാജിതൻ
വിഷ്ണു സർവ്വജനസ്തുത്യനനാദിനിധനൻ ഹരി.
ചിത്തസ്ഥിതൻ വിഷ്ണു മമ വിഷ്ണു ബുദ്ധിസ്ഥിതൻ മമ
അഹങ്കാരസ്ഥിതൻ വിഷ്ണു വിഷ്ണുവെങ്കലധിഷ്ഠിതൻ.
കർത്താവാണത്തിരുവടി ചരത്തിനാചരത്തിനും;
അറിയപ്പെട്ടപോം പാപമാവിഷ്ണുവിനെയോർക്കുകിൽ.
ആരെയോർക്ക കിനാവിൽക്കാണുകിലയാൽ പാപമറുപോം,
ക്രൂപ്പാം നതരിലൻപേറുമാ വിഷ്ണുവെയുപേന്ദ്രനെ.
ആർതൻസ്തോത്രം കരാലംബം നിരാലംബജഗത്തിതിൽ,
തൊഴുന്നോനജനാകുന്നാശ്ചര്യാശ്ചര്യാക്ഷരവിഷ്ണുവെ.
സർവേശപരേശപര, വിഭോ, പരമാത്മന്നധോക്ഷജ,
ഹൃഷീകേശ, ഹൃഷീകേശ, ഹൃഷീകേശ, നമോസ്തുതേ!
നൃസിംഹാനന്ത, ഗോവിന്ദ, ഭൂതഭാവന, കേശവ,
ദുർവ്വാശൃഷ്ണമ്മദുശ്ചിന്താ ശാന്തി നൽക ജനാർദ്ദന!
നിനച്ചേൻ തിന്മ യാതൊന്നാ മനസ്സിനാടിപെട്ടു ഞാൻ,
അതുകേട്ടു മഹാബാഹോ, മാപ്പു നൽകുക കേശവ!
ബ്രഹ്മണ്യ, ദേവ, ഗോവിന്ദ, പരമാർത്ഥപരായണ,
ലോകേശ, ലോകകർത്താവേ, തീർക്കുകെൻപാപമച്യുത!
പാപം പൂർവ്വാഹ്നമധ്യാഹ്നസായാഹ്നങ്ങളിലില്ലിലും
അപ്പുണ്ടാൽ കരളാൽ വാക്കാലറിഞ്ഞുമറിയാതെയും

Digitized By Kerala Sahitya Akademi

ഞാൻചെയ്തതു ഹൃഷീകേശ, പുണ്ഡരീകാക്ഷ, മാധവ
എന്നീ നാമത്രയം ചൊരുകകൊണ്ടൊട്ടുകൊഴിയേണമേ!
ശാരീരം മാനസം വാഗ് ജമെന്നീ ത്രിവിധപാപവും
നീങ്ങട്ടെ മേ ഹൃഷീകേശ, പുണ്ഡരീകാക്ഷ, മാധവ!
ഇരിപ്പിലന്നപാനത്തിൽ നിദ്രയിൽജ്ജാഗരത്തിലും
വാക്കാലുള്ളാൽ വപുസ്സാൽഞാൻ ലോഭത്താൽ ചെയ്തപാതകം
വലുതും ചെറുതും സർവ്വമുരുകിപ്പോയിടേണമേ
ദുഷ്കൃതനിനരകം നൽകും പാപവും ഹരികീർത്തനാൽ!
പരബ്രഹ്മം പരം ശുഭ്രം പരം ധാമവുമേവനോ,
ആ വിഷ്ണുവിൻ നാമജപാൽ പാപമെല്ലാമറേണമേ!
ഗന്ധസ്പർശങ്ങളില്ലാത്ത യാതൊന്നർത്ഥിപ്പുകെ പണ്ഡിതർ
മടങ്ങുമാറില്ലാവിഷ്ണുപദം മേ കൈവരേണമേ!

ഈ പാപപ്രശമനസ്തോത്രം ചൊല്ലുകയോ കേൾക്കുകയോ ചെയ്തവൻ വാങ്മനഃകായപാപങ്ങളിൽനിന്നും ദുർഭ്രതാദികളിൽനിന്നും വിടുതി നേടി, വിഷ്ണുവിന്റെ പരമപദത്തിൽ ചെന്നുചേരും. അതിനാൽ, സർവപാപങ്ങൾക്കും പ്രായശ്ചിത്തമായിരിക്കുന്ന ഈ പാപപ്രശമനസ്തോത്രം സജ്ജനങ്ങൾ എത്ര പണിപ്പെട്ടും ചൊല്ലിപ്പോരേണ്ടതാകുന്നു. പ്രായശ്ചിത്തം, സ്തോത്രപഠനം, വ്രതം എന്നിവയാലത്രേ പാപശാന്തി; അതിനാൽ ഭക്തിക്കും മുക്തിക്കുമായി അവ ആചരിച്ചുകൊള്ളണം. നരേശ്വര, മുൻജന്മത്തിലെപ്പാപവും ഇജ്ജന്മത്തിലെപ്പാപവും ഈ സ്തോത്രം ശ്രവിക്കുന്നതോടുകൂടിത്തന്നെ അലിഞ്ഞുപോകും! പാപവൃക്ഷങ്ങൾക്ക കോടാലിയാണ്, പാപവിറകുകൾക്ക് കാട്ടുതീയായാണ്, പാപക്കുരിരുട്ടിനു സൂര്യനാണ് ഈ സ്തോത്രം. ഇതു ഞാൻ അങ്ങയ്ക്കു പറഞ്ഞുതന്നതു് ലോകാനുകമ്പയാലത്രേ; ഞാൻ അത്രിയിൽനിന്നു ശ്രദ്ധയായി ഗ്രഹിച്ചതാണിതു്. ഞാനീച്ചൊല്ലിയ പാപപ്രശമനസ്തോത്രത്തിന്റെ പുണ്യമാഹാത്മ്യം വർണ്ണിപ്പാൻ വിഷ്ണു താൻതന്നെയേ ശക്തനാകൂ.

അങ്ങയ്ക്കു സ്വസ്തി! എനിക്കു ഗംഗാസ്നാനത്തിനു പോകാൻ തിടുക്കമായി: മാസങ്ങളിൽവെച്ചു ശ്രേഷ്ഠമായ വൈശാഖമാണല്ലോ ഇതു്.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം,
നാരദാംബരീക്ഷസംവാദം, പാപപ്രശമനസ്തോത്രകഥനം, എണ്ണത്തെട്ടാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

൧എൺപത്തൊമ്പതാമദ്ധ്യായം

സൂതൻ:—'പോകാൻ തുടങ്ങുന്ന മഹർഷിദയാട്ട്, സ്നാനദാനാദികളുടെ വിധി ചുരുക്കത്തിൽ പറയേണമെന്ന് അംബരീഷൻ ആവശ്യപ്പെട്ടു:—'മഹർഷേ, ഈ വൈശാഖമാസത്തിൽ, സ്നാനം-ദാനം-വിഷ്ണുപൂജ എന്നിവയുടെ വിധി എങ്ങിനെയാണ്? മികച്ച തപസ്സെന്താണ്? ദയചെയ്തരുളിച്ചെയ്താലും. തീർത്ഥപാദനായ ഭവാൻ സർവ്വജ്ഞനും വിഷ്ണുപ്രിയനുമാണല്ലൊ. വിശേഷിച്ചും പൂജാവിധി പറഞ്ഞുതരിക.'

നാരദൻ:—'വസന്തമാസത്തിൽ, സൂര്യൻ മേടത്തിൽ കടന്നാൽ മഹാനദിയിലൊ നദിയിലൊ നദത്തിലൊ സരസ്സിലൊ ചോലയിലൊ ദേവഖാതത്തിലൊ കുളത്തിലൊ കിണറിലൊ—സൌകര്യംപോലെ ഏതു ജലാശയത്തിലെങ്കിലും—പതിവായി പദ്മനാഭനെ സ്മരിച്ചും കൊണ്ടു സ്നാനം കഴിക്കണം. മധുമാസത്തിലെ വെളുത്ത ഏകാദശിനോൽക്കണം; പിന്നെ വാവിൻനാളൊ മേഷസംക്രമത്തിലൊ ബ്രാഹ്മണാനുജ്ഞയോടെ വിഷ്ണുവിനെ പൂജിച്ചുവേണം വൈശാഖസ്നാനം തുടങ്ങുവാൻ.

(ശ്ലോകങ്ങൾ)

'മേഷസംക്രമണംതൊട്ടു വൈശാഖം കഴിവോളവും
പ്രാതഃസ്നാനംകഴിക്കുന്നോൻ; പ്രസാദിക്ക ജനാർദ്ദനൻ!
മധുജിൽപ്രീതിയാലും മേ വിപ്രാശിസ്സുകളാലുമേ
മുടങ്ങാതെനടക്കട്ടെ പുണ്യം വൈശാഖമജ്ജനം!
മധുവിൽബ്ഭാസ്കരൻ മേടംപുക്കുനിൽക്കെപ്പുലച്ചയിൽ
സ്നാനംചെയ്യുമെനിക്കീശ, നൽക ചൊന്നാഫലം ഹരേ!
പ്രിയമല്ലോ മധുദ്വേഷിൻ, മധുമാസം തവ പ്രഭോ;
അതിൽ പ്രഭാതസ്നാനാൽ മെ പാപം നീക്കീഫലംതരൂ!'

എന്നിങ്ങിനെ ഉച്ചരിച്ചുവേണം സ്നാനംചെയ്യാൻ; തീർത്ഥത്തിൽ കാലുകഴുകി മൌനംപൂണ്ടു, നാരായണൻതിരുവടിയെ സ്മരിക്കുകയും വേണം. ഒരു കയ്യിൽ പിടിച്ചാചമിച്ചു കുനിഞ്ഞുനിന്നു, 'ഓം നമോ നാരായണായ' എന്ന മൂലമന്ത്രം ജപിച്ചു വെള്ളത്തിൽ നാലുകൈ ചുറവുള്ള സ്ഥലം തീർത്ഥമാക്കി, അതിലേയ്ക്കു ഗംഗയെ ആവാഹിക്കണം. അതിനുള്ള മന്ത്രം ഇതാണ്:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

വിഷ്ണുപാദാൽ പിറന്നോഠം നീ വിഷ്ണുദേവതവൈഷ്ണവി
ഞങ്ങഠംക്കു ദുഷ്കൃതം നീക്കുകാജന്മമരണാവധി!
ന്യാവാപൃഥ്വിവ്യന്തരിക്ഷങ്ങളിലായ് വായുചൊല്ലിനാൻ
തീർത്ഥങ്ങഠം മൂന്നരക്കോടി; നിങ്കലുണ്ടവ ജാഹ്നവി!'

ഗംഗയുടെ വേദങ്ങളിൽ പറഞ്ഞിട്ടുള്ള നന്ദിനി, നളിനി, ദക്ഷ, പൃത്ഥ്വി, വിയൽഗംഗ, വിശ്വകായ, ശിവ, അമൃത, വിദ്യാധരി, മഹാദേവി, ലോകപ്രസാദിനി, ക്ഷേമംകരി, ജാഹ്നവി, ശാന്ത, ശാന്തിപ്രദായിനി എന്നീ തിരുനാമങ്ങളും, സ്നാനസമയത്തുച്ചരിക്കണം; എന്നാൽ ത്രിപഥഗാമിനിയായ ഗംഗ വന്നുചേരും. വെള്ളം കുടന്നയിലെടുത്തു് ഏഴരു ജപിച്ചു നാലോ ആറോ ഏഴോ പ്രാവശ്യം തലയിലൊഴിക്കുക. മണ്ണുകൊണ്ടും മന്ത്രം ജപിച്ചു സ്നാനം ചെയ്യണം:—

(ശ്ലോകങ്ങൾ)

'അശ്വക്രാന്തേ, രഥക്രാന്തേ, വിഷ്ണുക്രാന്തേ, വസുന്ധരേ,
മുടിയുടെ മണ്ണേ, ഞാൻമുമ്പു ചെയ്ത പാതകമൊക്കയും!
പൊക്കപ്പെട്ടവഠം നീ കൈകഠം നുറെഴും വിഷ്ണുപോത്രിയാൽ;
നമോസ്തുതേ സർവ്വജഗൽപ്രഭവോരിണി, സുവ്രതേ!'

ഈവിധം സ്നാനംചെയ്തു ശരിക്കാചമിച്ചിട്ടു വെള്ളത്തിൽ നിന്നു കേറി വെളുത്ത വസ്ത്രങ്ങഠം ധരിക്കണം. പിന്നീടു തർപ്പണംകൊണ്ടു ലോകം മൂന്നിനേയും തൃപ്തിപ്പെടുത്തണം: ആദ്യം ബ്രഹ്മാവിന്നും അനന്തരം വിഷ്ണുവിന്നും രുദ്രന്നും പ്രജാപതിയുടെയും തർപ്പണം ചെയ്യണം; പിന്നെ ദേവകഠം, യക്ഷന്മാർ, നാഗത്താന്മാർ, ഗന്ധർവന്മാർ, അപ്സരസ്സുകഠം, അസുരന്മാർ, സർപ്പങ്ങഠം, സുവർണ്ണന്മാർ, വൃക്ഷങ്ങഠം, പക്ഷിമൃഗങ്ങഠം, വിദ്യാധരന്മാർ, ജലധരന്മാർ, മറാകാശചാരികഠം, നിരാശ്രയരായ പ്രാണികഠം, പാപശീലരായ പ്രാണികഠം എന്നിവക്കും, 'ഞാൻ ജലംകൊണ്ടു തർപ്പണംചെയ്യുന്നു' എന്നു സങ്കല്പിക്കണം. ദേ, വതർപ്പണം കഴിഞ്ഞാൽ പൂണുനൂൽ കഴുത്തിൽ ചുറ്റിയിട്ടു മനുഷ്യർ ഋഷിപുത്രന്മാർ, ഋഷികഠം എന്നിവരേയും ഭക്തിപൂർവ്വം തർപ്പിക്കണം: 'സനകൻ, സനന്ദനൻ, സനാതനൻ, സനൽകുമാരൻ, കപിലൻ, ആസുരി, വോഢു, പഞ്ചശിഖൻ എന്നിവരും, മറു മുഖ്യരായ മുനിപുത്രന്മാരും എന്റെ ജലദാനത്താൽ തൃപ്തിയടയട്ടെ!' മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, പ്രചേതസ്സ്, വസിഷ്ഠൻ, ഭൃഗു, നാരദൻ എന്നിവരേയും, എല്ലാ ദേവബ്രഹ്മർഷികളേയും അക്ഷ

Digitized By Kerala Sahitya Akademi

തജലംകൊണ്ടു തൃപ്തിക്കണം. ഇടത്തേമുട്ടു കുത്തിയിരുന്നു്, അഗ്നിഷ്വാത്തർ, സൌമ്യർ, ഹവിഷ്മാന്മാർ, ഊഷ്മപന്മാർ, കവ്യാനലന്മാർ, ബർഹിഷത്തുക്കൾ, മാതാമഹർ എന്നീ പിതൃക്കൾക്കും ഉദകദാനംചെയ്തു് ഈ മന്ത്രം ഉച്ചരിക്കണം:—

(ശ്ലോകങ്ങൾ)

'ബാന്ധവന്മാര,ബന്ധുക്കൾ, മറുജന്മനിബാന്ധവർ—
നീരെങ്കൽനിന്നു തേടുന്നോരേവരും തൃപ്തരാകുമേ!'

അനന്തരം വഴിപോലെ ആചമിച്ചു്, മുൻവശത്തു 'പഞ്ച'മിട്ടു്, പുഷ്പം, അക്ഷതം, രക്തചന്ദനം, ജലം എന്നിവകൊണ്ടു, സൂര്യനെ സ്തുതിച്ചു് അർഘ്യം നൽകണം:

(ശ്ലോകങ്ങൾ)

'തൊഴാം തേ വിഷ്ണുരൂപന്ന!ധാതൃരൂപന്ന കൈതൊഴാം!
സഹസ്രരശ്മിയായ് സ്സവ്തേജസ്സാം തേ തൊഴാം സദാ!
തൊഴാം തേ രുദ്രരൂപന്ന!തൊഴാം തേ ഭക്തവത്സല!
തൊഴാമങ്ങയ്ക്കബ്ജനാഭ, കുണ്ഡലാംഗദഭ്രഷിത!
ഉറങ്ങിയ ജഗത്തെല്ലാമുണർത്തുന്നാവനേ, തൊഴാം!
സൽക്കർമ്മവും ദുഷ്കൃതവുമൊക്കെക്കാണുന്ന നീ സദാ;
സത്യദേവ, തൊഴാമങ്ങയ്ക്കു,ലിവുഠംക്കൊഠംക ഭാസ്കര!
ദിവാകര, തൊഴാം നിത്യം! പ്രഭാകര തൊഴാം സദാ!'

എന്നിങ്ങിനെ സൂര്യനെ വണങ്ങി, ഏഴു പ്രദക്ഷിണം വെയ്ക്കണം. പിന്നെ ബ്രാഹ്മണനേയും പശുവിനേയും സപ്ണത്തേയും സ്പർശിച്ചു ഗൃഹത്തിലേയ്ക്കു മടങ്ങണം; ആശ്രമസ്ഥരേയും പ്രതിമയേയും പൂജിയ്ക്കണം. തീർത്ഥത്തിലും ഗൃഹത്തിലും ഭക്തിയാൽ മനസ്സടക്കി ഗോവിന്ദനെ ശരിയ്ക്കു പൂജിയ്ക്കണം. വിശേഷിച്ചും വൈശാഖമാസത്തിൽ വൈകുണ്ഠനെ പൂജിച്ചാൽ, ഒരു കൊല്ലം മുഴുവൻ പൂജിച്ചുകഴിഞ്ഞു! വസന്തത്തുവിൽ, മേടമാസത്തിൽ, വിഷ്ണുപ്രീതിയ്ക്കായി വൈഷ്ണവ വ്രതങ്ങളും അനുഷ്ഠിയ്ക്കണം; എള്ള്, നെയ്യു മുതലായവ ദാനം ചെയ്യണം. എന്നാൽ ഒരു കോടിജന്മങ്ങളിലെ പാപങ്ങളുംക്കുമതി വരും. ജലം, അന്നം, പഞ്ചസാര, പയ്യ്, എള്ള് മുതലായവ പിശുക്കു കൂടാതെ ദാനം ചെയ്താൽ അഭീഷ്ടം നിറവേറും. വൈശാഖം മുഴുവൻ പതിവായി പ്രാതഃസ്നാനവും ജപവും ചെയ്തു, ഹവിഷ്യം ഭുജിച്ചു, ജിതേന്ദ്രിയനായി സ്ഥിതിചെയ്താൽ സർവപാപവും നശിയ്ക്കും. വൈശാഖത്തിൽ

Digitized By Kerala Sahitya Akademi

ഒരിയ്ക്കലുണ്ടോ, രാത്രിയിലുണ്ടോ, ആവശ്യപ്പെടാതെ കിട്ടിയതു ഭക്ഷിച്ചോ നാഠം കഴിച്ചാൽ എന്തഭീഷ്ടവും സാധിയ്ക്കും. വൈശാഖത്തിൽ പുറത്തു നദിയിൽ രണ്ടുനേരം കുളിയ്ക്കുക, ഹവിഷ്യം ഭുജിയ്ക്കുക, ബ്രഹ്മചര്യം, നിലത്തു കിടപ്പ്, നിയമനിഷ്ഠ, വ്രതം, ദാനം, ജപം, ഹോമം, വിഷ്ണുപൂജ എന്നിവയാൽ ഓരായിരം ജന്മങ്ങളിലെ മഹാരപാപത്തിന്നും അറുതി വരും. മാധവനെ ധ്യാനിച്ചാൽ ദുരിതം നീങ്ങുമല്ലോ; അതുപോലെതന്നെയാണ് മാധവത്തിൽ പതിവായി കുളിച്ചാലും. നാഠംതോറും തീർത്ഥത്തിൽ സ്നാനം, എള്ളുകൊണ്ടു പിതൃതർപ്പണം, ധർമ്മഘടവും (ഗണ്ഡാദകഭോജ്യാദിസഹിതമായ ഘടം) മറവും ദാനം ചെയ്യുക വിഷ്ണുവിനെ പൂജിയ്ക്കുക എന്നിവ വൈശാഖത്തിൽ അനുഷ്ഠിച്ചാൽ വൈകുണ്ഠൻ പ്രസാദിയ്ക്കും. എള്ള്, വെള്ളം, സ്വർണ്ണം, അന്നം, പഞ്ചസാര, വസ്ത്രം, പയ്യ്, ചെരുപ്പ്, കുട, താമരപ്പൂവ്, കുടം എന്നിവ ബ്രാഹ്മണർക്കു നൽകണം. മൂന്നു സന്ധ്യയ്ക്കും മുകുന്ദനേയും വിമലയായ സാക്ഷാൽ ശ്രീദേവിയേയും ഭക്തിയാൽ ഏകാഗ്രചിത്തനായി പൂജിയ്ക്കണം; കനകതിലപാത്രങ്ങളം കൊണ്ടോ ക്ഷീരപാത്രങ്ങളം കൊണ്ടോ പതിവായി ബ്രാഹ്മണരെ തൃപ്തിപ്പെടുത്തുകയും ചെയ്യണം. എന്നാൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും.

വൈശാഖത്തിൽ നദിയിൽ പ്രാതഃസ്നാനം ചെയ്ത്, അക്കാലത്തെ പുഷ്പഫലങ്ങളം കൊണ്ടു പുണ്ഡരീകാക്ഷനെ ഭക്തിപൂർവ്വം പൂജിയ്ക്കണം; പാഷണ്ഡരോടു സംസാരിക്കരുതു; ബ്രാഹ്മണർക്കു ഗോവസ്ത്രാദിധനങ്ങളം യഥാശക്തി നൽകുകയും ചെയ്യണം. വകയില്ലാത്തവനാണെങ്കിൽ, മാധവമാസത്തിൽ, മധുസൂദനനായ മാധവനെ പൂക്കളംകൊണ്ടു പൂജിച്ചാൽത്തന്നെ, പാപമെല്ലാം വേർപെട്ടു പരമപദം പ്രാപിച്ചുകൊള്ളും. നെയ്യും പണവും കഴിവുപോലെ അല്പാല്പം ദാനം ചെയ്യുന്നവനും, നൂറായിരം ജന്മമുണ്ടായാലും യാതൊരു ദുഃഖവും നേരിടുകയില്ല; രോഗഭയം, ദാരിദ്ര്യം, ബന്ധനം എന്നിവയും സംഭവിയ്ക്കുകയില്ല; അവൻ ജന്മം തോറും വിഷ്ണുഭക്തനായി ധന്യനായി ഭവിയ്ക്കും; ഒരു ലക്ഷത്തിയെണ്ണായിരം യുഗം മുഴുവൻ അധീരൻ സ്വർഗ്ഗത്തിൽ വസിയ്ക്കും; പിന്നെ രാജാവായി പിറന്നു, വിവിധഭോഗങ്ങളം നിർബാധം ഭുജിച്ചു, മാധവപ്രസാദത്താൽ മാധവങ്കൽ ലയിയ്ക്കുകയും ചെയ്യും.

ശ്രീപദ്മമഹാപുരണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, നാരദാംബരീഷസംവാദം, വൈശാഖവ്രതനിരൂപണം എന്നുത്തൊമ്പതാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

തൊണ്ണൂറാമദ്ധ്യായം

നാരദൻ:—മഹാരാജാവേ, പാപനാശനമായ വിഷ്ണുപൂജനം പുരുക്കത്തിൽ കേട്ടുകൊൾകം. പൂജാവിധിക്ക് അവസാനമില്ല; അത് അനന്തമത്രേ. അതിനാൽ ക്രമേണ പുരുക്കിപ്പറയാം:

വൈദികം, താന്ത്രികം, മിശ്രം എന്ന മൂന്നുതരത്തിലുണ്ട്, വിഷ്ണുപൂജ; മൂന്നിനും വിധികളും പറഞ്ഞിട്ടുണ്ട്. വൈദികവും മിശ്രവും ബ്രാഹ്മണാദികൾക്കത്രേ; താന്ത്രികം വിഷ്ണുഭക്തനായ ശൂദ്രനും ള്ളതാണ്. അവനവന്നു വിധിച്ചിട്ടുള്ളതിൻവണ്ണം പുരുഷൻ ബ്രഹ്മചാരിയായി സശ്രദ്ധനായി വിഷ്ണുവിനെ ശരിക്കു പൂജിച്ചുകൊള്ളണം. നിലത്തോ, അഗ്നിയിലോ, സൂര്യങ്കലോ, ബ്രാഹ്മണങ്കലോ, തന്റെ മനസ്സിൽത്തന്നെയോ പൂജ നടത്താം. ഗുരുവിനെ ഭക്തിപൂർവം ദ്രവ്യത്താൽ ആരാധിച്ച്, അനുവാദം വാങ്ങണം. ഒന്നാമതായി, പല്ലുതേച്ചു കുളിച്ച് ദേഹശുദ്ധി വരുത്തണം; സ്നാനം രണ്ടുവിധത്തിലുമാകാം: മന്ത്രം ജപിച്ചും, മണ്ണെടുത്തും. പിന്നെ വേദതന്ത്രങ്ങളിൽ ചൊന്നതിൻവണ്ണം സന്ധ്യാവന്ദനകർമ്മങ്ങൾ കഴിക്കണം. പൂജാവസാനത്തിൽ കർമ്മശുദ്ധിക്കായി വേണ്ടുംപോലെ സങ്കല്പവും ചെയ്യണം.

ശിലാമയി, ധാതുമയി, ലോഹമയി, ലേപ്യ. ലേഖ്യ, മൃന്മയി, മണിമയി, മനോമയി എന്നിങ്ങനെ പ്രതിമകൾ എട്ടുതരത്തിലത്രേ; ചര, അചര എന്ന രണ്ടുതരത്തിലാണ് പ്രതിഷ്ഠ. ചരപ്രതിഷ്ഠയിൽ പൂജിക്കുമ്പോൾ ആവാഹനോദ്വാസനങ്ങളില്ല; അചരയിൽ വേണമെങ്കിലാവാം. നിലത്താണെങ്കിൽ രണ്ടുമുണ്ട്. ലേപ്യയൊഴിഞ്ഞുള്ള പ്രതിമകളിൽ അഭിഷേകവും മാർജ്ജനവും വേണം. പൂജ പ്രസിദ്ധദ്രവ്യങ്ങൾകൊണ്ടുതന്നെ; ഭക്തന്നോ, കിട്ടിയതുകൊണ്ട്: ഭക്തിയാണല്ലോ പ്രധാനം. പ്രതിമയെ അഭിഷേചിക്കുകയും അലങ്കരിക്കുകയും ചെയ്യണം. വിഷ്ണുഭക്തൻ സശ്രദ്ധം നിവേദിച്ചാൽ, വെറും വെള്ളവും ശ്രേഷ്ഠംതന്നെ; ഗന്ധം, ധൂപം, ദീപം, പൂക്കൾ, അന്നം മുതലായവയെപ്പറ്റി പിന്നെ പറയാനുണ്ടോ?

ശുചിയായി, സംഭാരങ്ങൾ ഒരുക്കി, തല കിഴക്കോട്ടായി വിരിച്ച ഭർഭയിൽ വടക്കോട്ടതിരിഞ്ഞോ പ്രതിമയ്ക്കഭിമുഖമായോ ഇരുന്നു, ന്യാസങ്ങൾ ചെയ്തു വിഷ്ണുഗായത്രിയെ കൈക്കൊണ്ടു സ്പശ്രിയ്ക്കണം; കലശത്തിൽ (ജലപാത്രത്തിൽ) പ്രോക്ഷണീയം വഴിപോലെ

Digitized By Kerala Sahitya Akademi

യിട്ട്, അതിലെ ജലംകൊണ്ടു പൂജാദ്രവ്യങ്ങളേയും തന്നേയും പ്രോക്ഷണംചെയ്തു (തളിച്ചു), തത്തദുപസ്തുക്കളിട്ട മൂന്നു പാത്രങ്ങൾ പാദ്യാർഘ്യാചമനങ്ങൾക്കായി സമർപ്പിച്ചു, ഹയശിരസ്സ്, ശിഖ, ഗായത്രി എന്നിവ തൊട്ടു ജപിയ്ക്കണം. ദേഹം വായുവിനാലും അഗ്നിയാലും പരിശുദ്ധമായാൽ, ഹൃൽപദ്മസ്ഥയായി പരയായി അതിസൂക്ഷ്മയായി നാദാന്തത്തിൽ സിദ്ധഭാവിതയായിരിയ്ക്കുന്ന ജീവകലയെ ധ്യാനിച്ച്, ആത്മഭൂതയായ അതിനെ ദേഹത്തിലെങ്ങും വ്യാപിപ്പിച്ചു തന്മയനായി, അതിനെ പ്രതിമയിലേയ്ക്കാവാഹിച്ച്, അംഗന്യാസം ചെയ്തു, പാദ്യം- അർഘ്യം-സ്നാനം-മുതലായ ഉപചാരങ്ങൾകൊണ്ടു പൂജിയ്ക്കണം.

ധർമ്മം മുമ്പായ ഒമ്പതെണ്ണംകൊണ്ടു വിഷ്ണുവിന്നു് ആസനം കല്പിക്കണം; അതിന്മേൽ, കർണ്ണികയാലും അല്ലികളാലും പ്രശോഭിക്കുന്ന അഷ്ടദളപദ്മത്തിൽ, മന്ത്രം തന്ത്രം എന്നിവ രണ്ടുകൊണ്ടും, രണ്ടും സാധിപ്പാനായി, സുദർശനം-പാഞ്ചജന്യം-ഗദ-വാൾ-ശരം-ചാപം-കലുപ്പ-ഉലയ്ക്ക-കൌസ്തുഭം-മാല-ശ്രീവത്സം എന്നിവയെ പൂജിക്കണം; നന്ദൻ, ഉപനന്ദൻ, ഗരുഡൻ, ചണ്ഡൻ, പ്രചണ്ഡൻ, ബലൻ, മഹാബലൻ, കുമുദൻ, കുമുദേക്ഷണൻ, ദുർഗ്ഗ, വിനായകൻ, വ്യാസൻ, വിഷ്വക്സേനൻ, ഗുരുക്കൾ, ദേവകൾ എന്നിവരേയും സപരിവാരസ്ഥാനങ്ങളിൽ പ്രോക്ഷണാദികർമ്മംകൊണ്ടു പൂജിക്കണം. വകയുണ്ടെങ്കിൽ, ചന്ദനം- രാമച്ചം- കർപ്പൂരം- കുങ്കുമം- അകിൽ എന്നിവയാൽ സുരഭീകൃതമായ ജലംകൊണ്ടു നാൾതോറും മന്ത്രംചൊല്ലി അഭിഷേകം ചെയ്യണം; പൂണൂൽ, വസ്ത്രാഭരണമാല്യങ്ങൾ, ഗന്ധക്കുറിക്കൂട്ടുകൾ മുതലായവ യഥോചിതം പ്രേമത്തോടെ ചാർത്തിക്കണം. വാദ്യം, ആചമനീയം, ഗന്ധം, പുഷ്പം, അക്ഷതം, ധൂപം മുതലായവ സമൃദ്ധം സമർപ്പിക്കണം; വെല്ലം, പായസം, നെയ്യ്, മുരുക്ക്, അപ്പം, കൊഴുക്കട്ട, തയിർ, പാൽ തുടങ്ങിയ പലതും നിവേദിക്കണം; കണ്ണാടി കാട്ടി പല്ലുതേപ്പിച്ച് എണ്ണയാടി വാക ചാർത്തി നീരാടിക്കണം; വിശേഷദിവസത്തിൽ ആട്ടം പാട്ടു മുതലായതും വേണം.

മേഖല, ആവർത്തം, വേദി എന്നിവയോടുകൂടി വിധിപോലെ തീർത്ഥകുണ്ഡത്തിൽ പുറവും അഗ്നിയെ ഇട്ട്, കയ്യിൽ വെള്ളമെടുത്തു തളിച്ച വിറകു വിരിച്ചു, പ്രോക്ഷണികൊണ്ടു ദ്രവ്യങ്ങളെടുത്തു നെയ്യിൽ മുക്കി അഗ്നിയിലിടണം; തനിത്തങ്കത്തിന്നൊത്ത വർണ്ണവും ശംഖചക്രഗദാപദ്മങ്ങളേന്തിയ നാലു തൃക്കൈകളും താമരയല്ലിയുടെ നിറം തിരണ്ട തിരുവുടയാടയും പൂണ്ടു, കിരീടകടകകടിസൂത്രാംഗുലീയകങ്ങൾ ചാ

Digitized By Kerala Sahitya Akademi

ത്തി, മാറിൽ ശ്രീവത്സകൌസ്തുഭങ്ങളോടും വനമാലയോടുംക്രൂടി ശോ
ഭിക്കുന്ന ശാന്തനെ ധ്യാനിച്ചുകൊണ്ടുവേണം നെ പൂരട്ടിയ വിറകും
ഹവിസ്സും അഗ്നിയിൽ നിക്ഷേപിപ്പാൻ. അങ്ങിനെ നെയ്യും വിറകും
ഹവിസ്സും നൽകി നമസ്കരിച്ചു, പാഷ്ദന്മാക്കു ബലി വിതരണം; പി
ന്നെ മുഖവാസം, പരിമളംപൂണ്ട താംബൂലം എന്നിവ സമർപ്പിക്കണം.
കമ്മത്തിൽ ഉപയോഗം അഭിരവമന്ത്രംകൊണ്ടുച്ചരിക്കണം. എ
ന്നിട്ടു കുറേനേരം സൽക്കഥ കേട്ടും കേൾപ്പിച്ചും രസിക്കണം. ഒടു
വിൽ പൌരാണികങ്ങളും പ്രാകൃതങ്ങളുമായ പലതരം സ്തോത്രങ്ങൾ
ചൊല്ലി, 'ഭഗവൻ, പ്രസീദ!' എന്നിങ്ങനെ ദണ്ഡനമസ്കാരംചെയ്തു, ശി
രസ്സിനെ തൃപ്പാദങ്ങളിൽ ചേർത്തു രണ്ടു കൈകൊണ്ടും പിടിച്ചു, 'നാഥാ,
മൃത്യുഗ്രഹ സമുദ്രത്തിൽ നിന്നു ഭീതനായി ശരണംപ്രാപിച്ചിരിക്കുന്ന
അടിയനെ രക്ഷിക്കണെ!' എന്നിങ്ങനെ, നിർമ്മാല്യം ആദരവോടെ
തലയിൽചൂടി, ഉദ്വാസനം വേണ്ടതാണെങ്കിൽ, ജ്യോതിസ്സിനെ ആ
ത്മജ്യോതിസ്സിലേയ്ക്കു് ഉദ്വസിക്കണം. സർവ്വഭൂതങ്ങളിലും ആത്മാവി
കലും സ്ഥിതിചെയ്യുന്ന സർവ്വാത്മാവിനെ പ്രതിമാദികളിൽ ആവാഹി
ച്ചിട്ടുവേണം സശ്രദ്ധം പൂജിക്കാൻ. ഈ വിധം വൈദികവും താന്ത്രി
കവുമായ കർമ്മയോഗം അനുഷ്ഠിക്കുന്നവനു ഭഗവാൻ സർവ്വാഭീഷ്ടങ്ങ
ളേയും പ്രദാനം ചെയ്യും.

വിഷ്ണുപ്രതിമയെ പ്രതിഷ്ഠിച്ചു് അമ്പലം ഉറപ്പിൽ ഉണ്ടാക്കി
ക്കണം; പൂജയ്ക്കായി പൂങ്കാവുകളും ഭംഗിയിൽ നിർമ്മിക്കണം. വിശേ
ഷ ദിവസങ്ങളിലും നിത്യവും പൂജാദികർമം മുടങ്ങാതെ നടക്കുന്നതിനു
വയൽ, അങ്ങാടി, പുരം, ഗ്രാമം എന്നിവയും 'തിരിച്ചുവെയ്ക്കു'ണം. എ
ന്നാൽ സായുജ്യം കിട്ടും. പ്രതിഷ്ഠിച്ചാൽ ചക്രവർത്തിപദവും, ക്ഷേത്രം
തീർപ്പിച്ചാൽ ത്രൈലോക്യാധിപത്യവും, പൂജാദികർമം നടത്തിച്ചാൽ ബ്ര
ഹ്മലോകവും, മൂന്നുംചെയ്താൽ വിഷ്ണുസാമ്യവും കൈവരും. അശ്വ
മേധം കഴിച്ചാലും ഭക്തിയോഗം കൈവരികയില്ല; ഇപ്രകാരം വി
ഷ്ണുവിനെ പൂജിച്ചെ ഭക്തിയോഗം സിദ്ധിക്കൂ.

(ശ്ലോകം)

വൈകുണ്ഠാംഘ്രിയിൽവീണു ധൂളിയണിയും
മെയ്താൻ ശ്രുഭം! വിഷ്ണുവെ-
ട്ടുശിക്കുന്നവതാൻ തപപ്പെരുമയാൽ
ശ്ലോഭിച്ചിട്ടും കണ്ണുകൾ!

Digitized By Kerala Sahitya Akademi

ലക്ഷ്മീശൻ കുടികൊള്ളുമക്കരളുതാൻ
ശംഖേന്ദുബിംബാമലം!
ഗോവിന്ദസ്തുതി പേത്തുപേത്തുരുവിടും
നാവെ മുദ്ധന്യജന്മഫലം.

സ്ത്രീശൂദ്രരും മറവു വൈഷ്ണവരും മൂലമന്ത്രത്താൽ മുകുന്ദനെ പൂജിക്കുക ഗുരുമുഖേന വേണം. ഇങ്ങിനെ, പാവനമായ വിഷ്ണുപൂജനം മുഴുവനും അങ്ങയോടു ഞാൻ പറഞ്ഞു; ഇതു വൈശാഖത്തിൽ വിശേഷിച്ചും ഭവാൻ ചെയ്തുകൊള്ളുക.'

ഇപ്രകാരം ആ സദാരനായ നരേന്ദ്രനോടുപദേശിച്ചു, മന്ത്രജ്ഞനായ അദ്ദേഹത്താൽ പൂജിയ്ക്കപ്പെട്ട ബ്രാഹ്മണമഹർഷി വൈശാഖസ്നാനത്തിന്നായി ഗംഗയിലേയ്ക്കു നടകൊണ്ടു. ലോകപവിത്രകീർത്തിയായ അംബരീഷനും മുനി ചൊല്ലിക്കൊടുത്ത വൈശാഖവ്രതം പുണ്യമനസ്കയായ പത്നിയോടൊന്നിച്ചു വിഷ്ണുവിനെ ചിന്തിച്ചും കൊണ്ടനുഷ്ഠിച്ചുപോന്നു."

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, നാരദാംബരീക്ഷസംവാദം, വിഷ്ണുപൂജാവിധികഥനം തൊണ്ണൂറാമദ്ധ്യായം.

—(൦)—

തൊണ്ണൂറൊന്നാമദ്ധ്യായം

ഋഷിമാർ:—"സൂത, മഹാപ്രാജ്ഞനായ സൂത, ഭവാൻ എന്നെന്നും ജീവിച്ചിരുന്നാലും! ലോകത്തിന്നു ഹിതമായ പുണ്യകാലം അങ്ങു ഞങ്ങളെ കേൾപ്പിച്ചുവല്ലോ. ഇനിയും പറകതന്നെ. അങ്ങയുടെ വാക്കിനെ ഞങ്ങൾ ധാരാളം നുകരട്ടെ! എത്രയെത്ര നുകർന്നിട്ടും ഞങ്ങൾക്കു മതിവരുന്നില്ല."

സൂതൻ:—"ഇതിൽ, പഴയ ഒരിതിഹാസം— ഭൂമിദേവിയും ആദിവരാഹമൂർത്തിയായ ജഗദീശനും തമ്മിൽ നടന്ന ഒരു സംവാദം— പറഞ്ഞുവരുന്നുണ്ടു":

ആറായിരം യോജന പൊക്കവും മുവ്വായിരം യോജന വണ്ണവും പൂണ്ട വരാഹമൂർത്തി ഭൂമിയെ ഇടത്തേ തേറകൊണ്ടുദ്ധരിച്ചുവല്ലോ; ആ തേറമേൽ ഓരായിരം ദിവ്യസംവത്സരം സ്ഥിതിചെയ്ത ഭൂദേവി ധർമ്മകഥാപ്രസംഗത്തിൽ തന്തിരുവടിയോടു ചോദിച്ചു:—'കേശവ, പന്തിരണ്ടു മാസവും മുന്നൂററുപതു ദിവസവുമുണ്ടല്ലോ; അവയിൽ ഇവി

Digitized By Kerala Sahitya Akademi

ടുത്തേയ്ക്കു തുലോം പ്രിയപ്പെട്ടതും പുണ്യവുമായിട്ടുള്ളതേതാണ്"? സൂ
ര്യൻ തുലാത്തിൽ സ്ഥിതിചെയ്യുന്ന കാർത്തികമാസവും, ഭാസ്കരൻ മേട
ത്തിൽ നില്ക്കുന്ന വൈശാഖവും മാർഗ്ഗശീർഷവും മാസങ്ങളിൽ വെച്ചു പാ
വനമാണെന്നു പണ്ഡിതന്മാർ പറയുന്നുണ്ട്; അതിൻവണ്ണം, ചില ദിവ
സങ്ങളും പവിത്രങ്ങളെന്നു കീർത്തിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, യുഗാദി,
യുഗാന്തം, കല്പാദി മുതലായ എല്ലാറ്റിനെക്കാളും പാവനമായും സർ
വയജ്ഞമയമായുമിരിയ്ക്കുന്ന ഒന്നിനെ തീർച്ചപ്പെടുത്തി, എന്നോടരുളി
ച്ചെയ്താലും!'

വരാഹമൂർത്തി:—'വസുന്ധരേ, വൈശാഖമാസത്തിൽ എന്നെ വി
ധിപോലെയോ അല്ലാതെയോ ആർ ഭക്തിപൂർവം പൂജിക്കുമോ, അവ
രാൽ ഞാൻ എന്നെന്നും പൂജിക്കപ്പെട്ട! വരാരോഹേ, മാധവമാസ
ത്തിലാണ് ഹിരണ്യാക്ഷനും മധുവും കൊല്ലപ്പെട്ടതു; ആ ആദിദൈത്യ
ന്മാരിരുവരേയും കൊലചെയ്തിട്ടത്രേ ഞാൻ നിന്നെ ഉദ്ധരിച്ചതു. ത്രേ
തായുഗത്തിൽ വേദധർമ്മം ജ്ഞാനവർണ്ണവ്യവസ്ഥ എന്നിവ ഏർപ്പെട്ടതും
വൈശാഖത്തിലാണ്; അതിനാൽ വൈശാഖമാകുന്ന എനിക്കു പ്രി
യം. ത്രേതായുഗത്തിൽ വൈശാഖത്തിലെ വെളുത്ത തൃതീയയിലായിരു
ന്നു, പവിത്രമായ വേദധർമ്മം ഏർപ്പെട്ടതു; വിഷ്ണുവിന്നു പ്രിയപ്പെട്ട
ആ തൃതീയയെ സ്നാനം, ദാനം, അർച്ചനം, ശ്രാദ്ധം, പിതൃതർപ്പണം എ
ന്നിവയിൽ അക്ഷയയെന്നു പറയുന്നു. വിഷ്ണുവായ എന്നെ ശ്രദ്ധാ
ന്തിയോടെ പൂജിക്കുകയും ചാർത്തമൂട്ടുകയും ചെയ്യുന്നവർക്ക് സർവമനോര
ഥങ്ങളും ഞാൻ നിറവേറിക്കൊടുക്കാറുണ്ട്; ദാനങ്ങൾ ചെയ്യുന്ന ധാ
ർമ്മികന്മാരും ധന്യന്മാർതന്നെ. എന്നാൽ, നാനൂതോറും എനിക്കായി
പലതരം യജ്ഞങ്ങൾ നടത്തുന്നവർക്കുള്ളതിലും കൂടുതൽ ഫലം, വൈ
ശാഖത്തിൽ എന്നെ പൂജിക്കുന്നവർക്കാണ്. ദേവി, സ്നാനം, ദാനം, ജ
പം, ഹോമം, തപസ്സ്, യജ്ഞം, വ്രതം മുതലായതു വൈശാഖത്തിൽ
ചെയ്താൽ, അതിന്നുള്ള പുണ്യഫലം കേട്ടുകൊള്ളുക: അവർ ഇരുപ
ത്തിരണ്ടുകോടി മന്വന്തരം മുഴുവൻ ഭയരഹിതരായി എന്റെ സന്നി
ധിയിൽ നിവസിക്കും! ഗ്രഹങ്ങൾ ക്രൂരരായി പന്തിരണ്ടിലും എട്ടിലും
നിന്നാലും, വൈശാഖത്തിൽ പ്രാതഃസ്നാനം ചെയ്താൽ അവരെല്ലാം
സൌമ്യരായിത്തീരും. വൈശാഖത്തിൽ ബ്രാഹ്മണരെ ഭക്തിപൂർവം ഊ
ട്ടിയാൽ, ഓരോ വറും പിതൃക്കൾക്ക് ഓരോ യുഗത്തേയ്ക്കു തൃപ്തി വരു
ത്തും. അന്നു ബ്രാഹ്മണർക്കു മധുരമേറിയ ഭോജ്യവും യവതിലജലപാത്ര
ങ്ങളും കുടയും വസ്ത്രവും ചെരുപ്പും ആഭരണവും യാവചിലർ ദാനംചെ
യ്യുന്നുവോ, അവർതന്നെയാണ്, വിഷ്ണുവിനെ പ്രീതിപ്പെടുത്തുന്ന സു
കൃതികൾ! വിശേഷിച്ചും, അന്നു തേനും എള്ളും ദാനംചെയ്താൽ, ദീർഘ

Digitized By Kerala Sahitya Akademi

ദുരിതങ്ങളം ക്ഷയിച്ചു ധമ്മം വർദ്ധിച്ചുവരും. ഈവിധം ചെയ്ത മനുഷ്യ ക്കു കിട്ടുന്ന പുണ്യം നൂറുകോടി സംവത്സരങ്ങൾകൊണ്ടുപോലും കണക്കാക്കാൻ ആക്കു കഴിയും? അവർ യഥേഷ്ടം ഇഹത്തിൽ സന്തതിയും സമ്പത്തും ദീഘ്ലായുസ്സും നേടി, പരത്തിൽ എന്നോട്ടതന്നെ ചേരും. വൈശാഖവ്രതംവിട്ട് മറെറാന്നിനെ ആർ അനുഷ്ഠിക്കുമോ, അവൻ കയ്യിലുള്ള മഹാരത്നം കളഞ്ഞു് മൺകട്ട തേടുകയാണ് ചെയ്യുന്നതു്!'

ഇപ്രകാരമത്രേ വൈശാഖത്തെപ്പററി, പണ്ടു ബ്രഹ്മരനായ ഭഗവാൻ ആദിദേവൻ ഭൂമിയോടരുളിച്ചെയ്തതു്. എന്തിനേറെ പറയുന്നു? ബ്രാഹ്മണരേ, വൈശാഖത്തിൽ വാസുദേവനെ പൂജിച്ചാൽ കിട്ടാത്തതായി യാതൊന്നുമില്ല. ഇതിനെസ്സംബന്ധിച്ചു്, ഒരത്യത്ഭുതമായ ഇതിഹാസം—ഒരു ബ്രാഹ്മണനും മഹാത്മാവായ യമനും തമ്മിലുണ്ടായ സംഭാഷണം—കേട്ടുകൊൾകം:

മധ്യദേശത്തു്, ഗംഗായമുനകളുടെ മദ്ധ്യത്തിൽ, യാമുനപർവ്വതത്തിന്റെ അടിവാരത്തു, മഹത്തു് എന്നൊരു ബ്രാഹ്മണഗ്രാമമുണ്ടായിരുന്നു. അവിടെപ്പാർത്തിരുന്നവർ ഏറെപ്പേരും വിദ്വാന്മാരായിരുന്നു. ഒരുനാൾ യമൻ കറുത്ത മഞ്ഞച്ച നിറവും തുടുത്ത കണ്ണും 'എണീറുനിൽക്കുന്ന' തലമുടിയും കാക്കയുടേതിനൊത്ത കണംകാലും പതിമൂക്കും ചേർന്ന ഒരു കിങ്കരനോടാജ്ഞാപിച്ചു:—'എടോ, നീ മഹൽഗ്രാമത്തിൽ ചെന്നു്, വസിഷ്ഠഗോത്രജനും ശാന്തനും വിദ്വാനും യജ്ഞകർമ്മവിദഗ്ധനുമായ യജ്ഞദത്തനെന്ന ബ്രാഹ്മണനെ ഇങ്ങോട്ടു കൊണ്ടുവരിക. അയൽപക്കത്തുതന്നെ ഇതേപേരിൽ മറെറാരു ബ്രാഹ്മണനുണ്ടു്; അദ്ദേഹത്തെ കൊണ്ടുപോരരുതേ! പഠിപ്പും അറിവും ആകൃതിയും അടയാളങ്ങളുമൊക്കെ രണ്ടുപേർക്കും ഒരുപോലെയാണു്. ആദ്യം പറഞ്ഞ ആളെത്തന്നെ കൊണ്ടുവരണം; എനിയ്ക്കു് അദ്ദേഹത്തെ പൂജിക്കേണ്ടിയിരിയ്ക്കുന്നു.' കിങ്കരൻ പോന്ന നേരേമറിച്ചാണ് ചെയ്തതു്: യമൻ അരുതെന്നു പറഞ്ഞ ആളെത്തന്നെ കൊണ്ടുചെന്നു!

ധർമ്മജ്ഞനായ യമൻ അദ്ദേഹത്തെ എഴുന്നേറു സൽക്കരിച്ചു്, 'ഇദ്ദേഹത്തെ തിരിയേ കൊണ്ടുപോ; മറാളെ കൊണ്ടുവാ' എന്നാജ്ഞാപിച്ചു. ഇതു കേട്ടപ്പോൾ, പോരാൻ മടി തോന്നിയ ആ ബ്രാഹ്മണൻ ധർമ്മരാജാവിനോടു ചോദിച്ചു:—'പ്രഭോ, എന്തുകൊണ്ടാണ് എന്നെ ഇങ്ങോട്ടു വരുത്തിയതു്? എന്തുകൊണ്ടാണു് തിരിച്ചയയ്ക്കുന്നതു്? വീണ്ടും മനുഷ്യലോകത്തേയ്ക്കു പോകാൻ എനിക്കു താല്പര്യമില്ല.'

Digitized By Kerala Sahitya Akademi

യമൻ:—'ആയുസ്സൊടുങ്ങിയ പുണ്യവാന്മാക്കേ ഇവിടെ പാത്തു ക്കൂട്ടൂ. ഇതത്രേ, ധർമ്മരാജനായ എന്റെ ലോകത്തിലെ ധർമ്മം. ഭൂമീസു ര, സ്വർഗ്ഗത്തിലെ സുഖഭൂമിയാണിതു്. ധർമ്മരാജൻ നന്മതിന്മകൾ നോക്കി ദേഹികൾക്കു സുഖവും ദുഃഖവും നൽകിപ്പോരുന്നു: പാപികൾ ക്കു ഞാൻ നരകം നൽകുന്ന യമനാണു്; പുണ്യവാന്മാക്കോ, സുഖസ്വ ർഗ്ഗം നൽകുന്ന ധർമ്മനാണു്. ഭവാൻ ഇപ്പോൾത്തന്നെ, വന്ന വഴിയേ സ്വർഗ്ഗഗൃഹത്തിലേയ്ക്കു പോയ്ക്കൊൾകെ: ഇനി പത്തുകൊല്ലത്തെ ആയു സ്സുകൂടി അങ്ങയ്ക്കുണ്ടു്; ആയുസ്സൊടുങ്ങിയാൽ ഈ ലോകത്തേയ്ക്കു പോരാം. വേറെ വല്ലതും ചോദിപ്പാനുണ്ടെങ്കിൽ ചോദിച്ചുകൊള്ളുക; ഞാൻ പറഞ്ഞുതരാം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, പുരുഷോത്തമമാഹാത്മ്യസംവാദം, വിഷ്ണുപൂജാപുണ്യവർണ്ണനം തൊണ്ണൂറാമദ്ധ്യായം.

—(൦)—

തൊണ്ണൂറിരണ്ടാമദ്ധ്യായം

ബ്രാഹ്മണൻ:—'ദേവ, ഇന്ന മഹാപുണ്യം ചെയ്താലാണ് സ്വർഗ്ഗം കിട്ടുക എന്നു് എനിക്കു പറഞ്ഞുതന്നാലും. ഏവർക്കും ധർമ്മാധർമ്മനി ശ്ചയത്തിൽ ഇവിടുന്നാണല്ലോ പ്രമാണം. ഞാൻ സ്വർഗ്ഗഗൃഹത്തിലേയ്ക്കു മടങ്ങിപ്പോകേണമെങ്കിൽ, മനുഷ്യർ എന്തു കർമ്മത്താൽ നരകത്തിൽ പതിക്കുമെന്നും എന്തു കർമ്മത്താൽ സ്വർഗ്ഗം പൂകുമെന്നും സദയം പറ ഞ്ഞുതരുമാറാകണം!'

യമൻ:—

(ശ്ലോകങ്ങൾ)

കർമ്മണാ മനസാ വാചാ ധർമ്മം തേടാത്ത മർത്ത്യരും
വിഷ്ണുഭക്തി പെടാത്തോരും നരകത്തിൽപ്പതിച്ചുപോം.
ബ്രഹ്മവിഷ്ണുശിവരെബ് ഭിന്നബുദ്ധിയാൽക്കാണുവോർകളും
വിഷ്ണുവിദ്വേഷിമുഖരും നരകത്തിൽപ്പതിച്ചുപോം.
ക്ഷേത്രം, നിലയനം, കൊറു, വേഴ്ച,യാശയിവയ്ക്കുവർ
ഭംഗംവരുത്തു,മക്രൂട്ടർ നരകത്തിൽപ്പതിച്ചുപോം.
വകയില്ലാഞ്ഞു കൊറിന്നായ് വന്നുകേറിയ വിപ്രരെ
പരീക്ഷിക്കും മഹാമൂഢൻ നരകാതിഥിയായ് വരും.
അനാഥദീനരോഗാർത്തവൃദ്ധവൈഷ്ണവമുഖ്യരിൽ
ദയതോന്നാതെഴും മൂഢൻ നരകാതിഥിയായ് വരും.

Digitized By Kerala Sahitya Akademi

നിയമങ്ങളം സമാരംഭിച്ചജിതേന്ദ്രിയതാവശാൽ
പിന്നെത്തെറിച്ചുകളയും മൂഢന്നം നരകാഫ്നാം.
സപ്ഗ്രമിന്നതിനാൽ പൂകും ദയാലു നരനെന്നാളും
കേഠംക്രു, പുരുക്കിപ്പറയാം ഭവൽപ്രീതിക്കുവേണ്ടി ഞാൻ:
നിത്യനായ് ഇജിഷ്ണുവാം വിഷ്ണുഭഗവാനെ യജിപ്പവർ,
നാരായണനജൻദേവൻ ചതുർവ്യൂഹമുകുന്ദനെ
ധ്യാനിപ്പോർ, ദിവ്യപുരുഷനച്യുതൻതന്നെയോക്കുവോർ,
ചെന്നെത്തീടും പരിസ്ഥാനത്തെന്നാളെ ശാശ്വതശ്രുതി.
ഗോവിന്ദകീർത്തനം യാതൊന്നാ,തേ മംഗളസാധനം;
അതേധനാർജ്ജനം; മർത്ത്യന്നതേ ജീവിതസൽഫലം!
തേജസ്സേറും ദേവദേവവിഷ്ണുവിൻ കീർത്തനത്തിനാൽ,
ദിനോദയത്താലിരുൾ പോലൊഴിയും ദുരിതോച്ചയം.
എവർപാടുന്നിതൊ വിഷ്ണുഗാഥ നാംതോറുമാസ്ഥയാ
നിത്യംസപാദ്ധ്യായരതരാ നരർ വിണ്ണിലണഞ്ഞിടും.
കൃഷ്ണകീർത്തനസക്തന്മാർ വിപ്ര, പാപികളാകിലും
അവരോടുസമീപിക്കാ യമദൂതർ സുദാരുണർ.
ഗോവിന്ദകീർത്തനമൊഴിഞ്ഞൊന്നും കാണുന്നതില്ലഞാൻ
സർവപാപപ്രശമനപ്രായശ്ചിത്തം ദ്വിജോത്തമ.
യാചിച്ചാലുരുക്കളിരൊടുംനൽകി പ്രിയമുരയ്ക്കുവോർ
സംത്യക്തദാനഫലരാര,വർ വിണ്ണിലണഞ്ഞിടും
പകൽനേരമുറങ്ങാത്തോരെ,ന്തിനേയും സഹിപ്പവർ,
വേണ്ടപ്പോരും തുണനില്പോരാര,വർ വിണ്ണിലണഞ്ഞിടും.
എന്നും ശത്രുവൊട്ടും ദ്വേഷാലഹിതം പറയാതെവർ
അവന്നെറനന്മതാൻ വാഴ്ത്തുമവർ വിണ്ണിലണഞ്ഞിടും.
പരദാരങ്ങളിലെവർ മനസാ കർമ്മണാ ഗിരാ
രമിക്കുകില്ലാ,സ്സുതപസ്ഥർ ശാന്തർ വിണ്ണിലണഞ്ഞിടും.
ഏതുവംശജരായാലു,മൻപും കനിവുമാണ്ടവർ
യശസ്കികരം സദാചാരരവർ വിണ്ണിലണഞ്ഞിടും.
കോപംവരാതേവ്രത,മുൾസ്പർദ്ധ തീണ്ടാതെ ലക്ഷ്മിയും,
മാനാപമാനംതോന്നാതെ വിദ്വ, കാമംപെടാതകം,
ദുസ്സംഗമെന്നിയേ ധർമ്മം, വീഴ്ചപറയാതെ തൻനില,
ലോഭമേലാതെനിനവും കാപ്പോർ വിണ്ണിലണഞ്ഞിടും.
ഇരുപക്ഷങ്ങളിലെയുമേകാദശി യഥാവിധി
നോറുപോരുന്നാജനവും വിപ്ര, വിണ്ണിലണഞ്ഞിടും.

Digitized By Kerala Sahitya Akademi

പെറമ്മ കുട്ടികൾക്കെല്ലാം, രോഗികൾക്കൊക്കെയൌഷധം,
ലോകരക്ഷയ്ക്കു നിമ്മിക്കപ്പെട്ടോനോകാദശീതിഥി!
ഏകാദശിക്കു സദൃശമൊന്നില്ലാ പാപനാശനം;
അതിനെശ്ശരിയായ് നോല്ക്കുനാവർ വിണ്ണിലണഞ്ഞിടും.
സവ്വേശനാകും മധുമഥിയായ
നാരായണനുൽഭൂതഭക്തിയുള്ളോർ,
അസത്യരാം രാജസരാകിലും, വി–
ണ്ണേറീടുമല്ലോ നിരപായപുണ്യാൽ.

വേതസി, യമുന, സീത, ഗോദാവരി എന്നീ പുണ്യനദികളിൽ സ്നാനവും ദാനവും ചെയ്യുന്ന സദ്പുത്തർ എവരോ, അവർ ഒരിയ്ക്കലും നരകമാഗ്ഗത്തെ കാണുകയില്ല. ശമ്മദായിനിയായ നമ്മദയിൽ കുളിയ്ക്കുകയോ അതിനെ സഹഷ്ം ദർശിയ്ക്കുകയോ ചെയ്യുന്നവർ യാവചിലരോ, അവർ പാപം നീങ്ങി മഹേശ്വരലോകത്തു ചെന്നു്, അവിടെ ചിരകാലം രമിയ്ക്കും. ചമ്മണ്വതിയിൽ സ്നാനംചെയ്തു്, അതിൻ തീരത്തു്, വിശേഷിച്ചും വ്യാസാശ്രമത്തിൽ, മൂന്നുനാൾ ഉപവസിയ്ക്കുന്നവർ സപ്തഗാമികളത്രേ. ഗംഗ, പ്രയാഗം, കേദാരം, പുഷ്കരം, വ്യാസാശ്രമം, പ്രഭാസം എന്നിവിടങ്ങളിൽവെച്ചു മരിച്ചവർ വിഷ്ണുവിനോടു ചേരും. ദ്വാരകയിലോ കുരുക്ഷേത്രത്തിലോ വെച്ചോ, യോഗാഭ്യാസത്താലോ, ഹരി എന്ന രണ്ടക്ഷരം ജപിച്ചുകൊണ്ടോ മരിച്ചവരും വിഷ്ണുപ്രിയരത്രേ. ബ്രാഹ്മണ, മൂന്നുനാൾ ദ്വാരകാപുരിയിൽ വസിച്ചാൽത്തന്നെ, പതിനൊന്നിന്ദ്രിയങ്ങളും കൊണ്ടും ചെയ്ത പാപം മുഴുവനൊഴിഞ്ഞു മനുഷ്യൻ സപ്തം പൂകുമെന്നാണ് നിശ്ചയം. ആയിരമായിരം അശ്വമേധമോ, നൂറുനൂറു രാജസൂയമോ ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നിനു കിടനിൽക്കില്ല! ഒരു തട്ടിൽ എല്ലാ യജ്ഞങ്ങളേയും തീർത്ഥതപസ്സുകളേയും മഹാദാനങ്ങളേയും, മറേറത്തട്ടിൽ വൈഷ്ണവവ്രതത്തേയും വെച്ചു ബ്രഹ്മാവു തൂക്കിനോക്കുകയുണ്ടായി; അതിൽ, വൈഷ്ണവവ്രതത്താലുള്ള ധർമ്മമാണു്, യജ്ഞാദി ധർമ്മത്തെക്കാൾ കനത്തുനിന്നതു്!

ഹരിവാസരം നോറു്, അച്യുത അച്യുത എന്നുച്ചരിക്കുന്നാവരെ ഞാൻ ശാസിക്കുകയില്ല; നേരേമറിച്ചു് അവരെ രക്ഷിക്കുന്നവനാണ് ഞാൻ. ഒരു പുത്രനോ പൌത്രനോ ഏകാദശി നോറാൽ, അവന്നും നൂറു തലമുറക്കാൾക്കും ഉർദ്ധ്വഗതിയായി! അതിനാൽ ഇരുപക്ഷങ്ങളിലും ഏകാദശി നോറുകൊള്ളണം; അതു് ഭുക്തിക്കും മുക്തിക്കും ഉതകുന്നതത്രേ. ജയ, വിജയ, ജയന്തി, പാപനാശിനി, ത്രിസ്പൃശ, വ

Digitized By Kerala Sahitya Akademi

ഞ്ജൂളി, പക്ഷസംവർദ്ധിനി, തിലദശ്ച, അഖണ്ഡ, മനോരഥ, ഭീമ എന്നിങ്ങിനെ വിഷ്ണുദ്വാദശികം പലതരത്തിലുണ്ട്; ഇവ നോല്ക്കുന്നവർ പരബ്രഹ്മത്തിൽ ലയിക്കും.

ധർമ്മവിശ്വാസത്തോടെ ധർമ്മശാസ്ത്രം ശ്രവിക്കുന്നവരും ബാലക്കു പ്രിയംചെയ്യുന്നവരും സ്വർഗ്ഗാമികളത്രേ. മാസംതോറും കറുത്തവാവിൽ മാത്രമെങ്കിലും ശ്രാദ്ധംകഴിച്ച് പിതൃക്കളെ തൃപ്തിപ്പെടുത്തുന്ന ധന്യന്മാർ സ്വർഗ്ഗാമികളാകുന്നു. ഉണ്ണാൻവരുന്നവക്ക്, മുഖഭാവം മാറാതെ ആദരവോടുകൂടി ഭക്ഷണംകൊടുക്കുന്ന വിശിഷ്ടന്മാർ വിണ്ണണയും. ഭൂമിയിൽ നരനാരായണന്മാരുടെ പാവ്വിടത്തിലോ നന്ദയിലോ മൂന്നാറം വസിച്ച സുകൃതികളിൽ വാസുദേവൻ പ്രസാദിക്കും. പുരുഷോത്തമസന്നിധിയിൽ ആറുമാസം പാർത്തവർ വിഷ്ണുസാരൂപ്യം നേടും; അവരെക്കണ്ടാൽത്തന്നെ പാപം നശിക്കും. അനേകജന്മങ്ങളിലെ പുണ്യംമൂലം യാവചിലർ കാശിയിൽച്ചെന്ന് മണികർണ്ണികയിൽ സ്നാനംചെയ്ത വിശ്വനാഥനെ വണങ്ങുമോ, അവർ എന്നിക്കും വന്ദനീയരാകുന്നു. വിഷ്ണുവിനെ ശരിക്കു പൂജിച്ച്, നിലത്തു ദർഭയും എള്ളും വിതറി, ലോഹവും പശുവിനേയും ദാനംചെയ്ത മരിച്ചവക്കു സ്വർഗ്ഗംകിട്ടും.

പുത്രന്മാരെ ജനിപ്പിച്ച പിതൃപൈതാമഹസ്ഥാനത്തു വാഴിച്ചതിന്നുശേഷം മമതയും അഹംകാരവും വിട്ടു മൃതിയടഞ്ഞവർ സ്വർഗ്ഗാമികളാകുന്നു. എപ്പോഴും സ്നേയം വർത്തിച്ച സ്വന്തം മുതൽകൊണ്ടു സന്തുഷ്ടരായി, അതുകൊണ്ടുതന്നെ നാമംകഴിക്കുന്നവർ നാകമണയും. നിർദ്ദോഷവും നിഷ്കൃഷ്ടവും മസൃണവും മധുരവുമായി സ്വാഗതവും സംസാരിക്കുന്നവർ സ്വർഗ്ഗത്തിൽ ചെന്നെത്തും. ശുഭങ്ങളും അശുഭങ്ങളുമായ കർമ്മങ്ങളുടെ ശരിയായ ഫലം അറിയുന്നവർ സ്വർഗ്ഗയോഗ്യരാകുന്നു. ധർമ്മമാർഗ്ഗത്തെ അനുസരിച്ചു ദാനധർമ്മം നടത്തുന്നവക്ക് ഉത്സാഹം വളർത്തുന്നവർ യാവചിലരോ, അവർ വളരെക്കാലം സ്വർഗ്ഗത്തിൽ സുഖിക്കും. ഹേമന്തത്തിൽ വിറകും വേനലിൽ വെള്ളവും വർഷത്തിൽ പാവ്വിടവും നൽകുന്നവൻ നാകലോകത്തു പൂജിക്കപ്പെടും. നിത്യനൈമിത്തികാദി പുണ്യകാലങ്ങളിലൊക്കെ ഭക്തിയോടെ ശ്രാദ്ധം കഴിക്കുന്നവന്നു തീർച്ചയായും സ്വർഗ്ഗംകിട്ടും. ദരിദ്രന്നു ദാനവും, ശക്തന്നു ക്ഷമയും, യുവാവിന്നു തപസ്സും, ജ്ഞാനിക്കു മൌനവും, സുഖം ശീലിച്ചവന്നു് ഇച്ഛാനിവൃത്തിയും, ഭ്രൂതദയയും സ്വർഗ്ഗപ്രാപകമത്രെ.

പാപമെന്നും പുണ്യമെന്നും രണ്ടുതരത്തിലുണ്ട് കർമ്മം; സത്യമനുസരിച്ചു ചെയ്യുക എന്നതാണ്, ഇതിൽ തീരുമാനം. ധ്യാനത്തോടുകൂ

Digitized By Kerala Sahitya Akademi

ടിയ തപസ്സു സംസാരസമുദ്രത്തെ കടത്തിവിട്ടും; പാപമൊ, അധോഗതിക്കുതന്നെ, സംശയമില്ല. ബലവും പരിവാരങ്ങളും ശൌര്യവുമൊക്കെയുണ്ടായാലും, പുണ്യമില്ലാത്തവന്ന് അധോഗതിയേ വരൂ. ഗിരിദുർഗ്ഗങ്ങളിൽ തടിച്ചുയന്ന നില്ക്കുന്ന വൃക്ഷങ്ങളും, മേഘങ്ങളും എന്നിവപോലും കാററടിയേററു പൂഴങ്ങിവീഴുന്നില്ലയൊ? സർവ്വജന്തുക്കൾക്കും ധർമ്മം ഒന്നുതന്നെയാണ് ബലം. ഇതത്രെ, പ്രാണികൾക്ക് ഇഹത്തിലും പരത്തിലും ഉൽഗതി വരുത്തുന്നത്.

ഇന്നതുകൊണ്ടു സ്വർഗ്ഗം കിട്ടുമെന്നുള്ളതു്. പുരുക്കത്തിൽ ഞാൻ പറഞ്ഞുകഴിഞ്ഞു; ഇനിയെന്താണ് ഭവാന കേൾക്കേണ്ടതു്?'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം,
ബ്രാഹ്മണയമസംവാദം, നരകസ്വർഗ്ഗപ്രാപക കർമ്മനിരൂപണം
തൊണ്ണൂറിരണ്ടാമദ്ധ്യായം.

—(o)—

തൊണ്ണൂറിമൂന്നാമദ്ധ്യായം

ബ്രാഹ്മണൻ:—'സൽക്കർമ്മം ചെയ്യുവൻ നരകവും ദുഷ്കർമ്മംചെയ്യുവൻ സ്വർഗ്ഗവും പൂകില്ലെന്ന മൂഢന്നുപോലും അറിയാം. പലതരം യജ്ഞങ്ങളും, വ്രതം, ദാനം, ജപം, സത്യം എന്നിവയാൽ സദ്വൃത്തരായിട്ടുള്ളവർ സ്വർഗ്ഗസുഖം നേടുന്നു; വിദ്യാചാരധനവാന്മാരും വേദപാരഗരുമായ മഹർഷിമാരും പുണ്യയോഗത്താലൊ യജ്ഞത്താലൊ സ്വർഗ്ഗമടയുന്നു. ദാനത്തിന ധനംവേണം; ധനമുണ്ടായാലും, കുടുംബം പുലത്തേണ്ടവന്ന വലിയ ദാനം നടത്താനാവുകയില്ല. അഗ്നിഹോത്രാദി ധർമ്മങ്ങളും കലിയുഗത്തിൽ വിശേഷിച്ചും ദുഷ്കരങ്ങളാണ്; ദാനധർമ്മവും ദുഷ്കരംതന്നെ. അതിനാൽ, ധർമ്മാധർമ്മങ്ങളെ കാട്ടുന്ന ഭഗവാനെ, അല്പായാസംകൊണ്ടു് അനല്പമായ ധർമ്മം നേടാനുള്ള വഴി എനിക്കു പറഞ്ഞുതരിക. യാതൊന്നുമാത്രം ചെയ്താൽ സർവപാപങ്ങളും നശിക്കുമൊ, അങ്ങിനെയുള്ള സർവോത്തമമായ ഒരു ധർമ്മം അരുളിച്ചെയ്താലും. യാതൊന്നുകൊണ്ടു ധനധാന്യങ്ങളും യശസ്സും ആയുസ്സും വർദ്ധിക്കുമൊ, യാതൊന്നുകൊണ്ടു ഭൂമിയിലും സൌഖ്യം നേടി, എന്നെന്നും സ്വർഗ്ഗത്തിൽ വസിക്കാമൊ, യാതൊന്നുകൊണ്ടു ഭക്തഭയപ്രദനായ സാക്ഷാൽ ശ്രീനാരായണൻ പ്രസാദിച്ചു കാമസിദ്ധി വരുത്തുമൊ, യാതൊന്ന സർവയജ്ഞതപോദാനതീർത്ഥസ്നാനങ്ങളെക്കാളും ശ്രേഷ്ഠതമായ ഫലത്തെ നൽകുമൊ, അങ്ങിനെ ഒന്നുണ്ടെങ്കിൽ അതു

Digitized By Kerala Sahitya Akademi

ഉപദേശിക്കുക. ദേവ, വൈവസ്വത, എന്നോ·ധർമ്മോപദേശംകൊണ്ട നഗ്രഹിക്കാമെങ്കിൽ, എല്ലാറ്റിലും മീതെയായ ഒരു ധർമ്മം ദയചെയ്തു പറഞ്ഞുതരിക. പാപങ്ങൾക്ക തക്ക പ്രായശ്ചിത്തങ്ങൾ പണ്ഡിതന്മാർ ആലോചിച്ചു നിശ്ചയിച്ചിട്ടുണ്ട്; എന്നാൽ അവ മനുഷ്യർക്ക പരക്കെ സാദ്ധ്യങ്ങളല്ല. എല്ലാ പാപങ്ങളേയും നശിപ്പിക്കുന്നതായി ഒരൊറ്റപുണ്യമുണ്ടെങ്കിൽ അതു പറഞ്ഞുതരുമാറാകണം!'

ഇത്രയും പറഞ്ഞു, സൂക്ഷ്മധർമ്മം തേടുന്ന ആ ബ്രാഹ്മണശ്രേഷ്ഠൻ ധർമ്മസ്വരൂപിയായ വൈവസ്വതനെ വണങ്ങി സ്തുതിച്ചുതുടങ്ങി:—

(പാന)

'കൈതൊഴാം തെ സമസ്തപ്രശമന!
കൈതൊഴാം ദേവരൂപ, ജഗല്പതെ!
കൈതൊഴാം സച്ചിമാർഗ്ഗം തരുന്നോനെ!
കൈതൊഴാം ധർമ്മശാസ്ത്ര സ്വരൂപനെ!
ദേവ,ഹെ ധർമ്മരാജ, ഭവാനല്ലൊ
ദ്യോവു ഭൂവന്തരിക്ഷവും രക്ഷിപ്പൂ;
നീതരിപ്പൂ മഹർജ്ജനലോകങ്ങൾ,
ശോഭനതപസ്സത്യലോകങ്ങളും.
അങ്ങൊഴിഞ്ഞീ പ്രപഞ്ചത്തിലൊന്നുമി-
ല്ലുങ്ങു കൈവെയ്താൽ വിശപം മുടികയായ്!
സർവ്വജീവർക്കുമാത്മഭ്രതൻ ഭവാൻ;
സജ്ജനങ്ങൾക്ക സത്പാത്രണം ഭവാൻ;
രാജസർക്ക രജസ്സാകുവോൻ ഭവാൻ;
താമസർക്ക തമസ്സും ഭവാൻതന്നെ!
സർവ്വയജ്ഞമയമാം മഹാധർമ്മം
ചൊവ്വിനോടൊരു മെയ് പൂണ്ടതാം ഭവാൻ!
കണ്ണിനാൽ ജഗദീശ, ഭവാനെ ഞാൻ
കണ്ടുവല്ലോ; തൊഴാം തേ തൊഴാം വിഭോ!
സർവ്വഭ്രതഹൃദിസ്ഥിതനായ് ബ് ഭവാൻ
സർവദാ പുണ്യപാപങ്ങൾ കാണുന്നു;
ഭ്രതശാസ്താവു ദണ്ഡധരൻ ഭവാൻ,
സാധുധർമ്മം നടത്തുന്ന നായകൻ.
സർവധർമ്മൗഘസാരമാമൊന്നിനെ
നിർവികല്പമരുൾചെയ്കവേണമേ!'

Digitized By Kerala Sahitya Akademi

യമൻ:—'ബ്രാഹ്മണ, അങ്ങയുടെ സ്തോത്രം എന്നെ സവിശേഷം സന്തോഷിപ്പിച്ചു. ധർമ്മശാസ്ത്രത്താലും അങ്ങെനിക്കു മാന്യനാണല്ലോ. അതിനാൽ, ആരോടും പറഞ്ഞിട്ടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ പരമഗോപ്യം വിനയതോഷിതനായ ഞാൻ അങ്ങയ്ക്കു പറഞ്ഞുതരാം; സർവ്വനരകങ്ങളിൽനിന്നും തീരെ മോചനംകിട്ടുന്നതിനു, ഞാൻ എല്ലാറ്റിന്റേയും സാരമെടുത്തു തീരുമാനിച്ചിട്ടുള്ള ഒന്നാണിത്':

ഓരോ പുരാണവും ശാസ്ത്രവും പ്രളയംവരെ ചരാചരജഗത്തിനെ അന്ധാളിപ്പിച്ചുകൊണ്ട്, അതാതു ദേവതയ്ക്കു ശ്രേഷ്ഠത ജല്പിച്ചുകൊള്ളട്ടേ! വാസ്തവത്തിൽ, സർവ്വശാസ്ത്രപ്രതിപാദനങ്ങളേയും ക്രട്ടിയിണക്കി നോക്കിയാൽ, ഭഗവാൻ വിഷ്ണുമാത്രം എന്നു ബോധംവരും. ശിവൻ, ബ്രഹ്മാവു്, വിഷ്ണു എന്നീ ത്രിമൂർത്തികൾ വിളക്കും, കത്തുന്നതിരിയും, എണ്ണയുംപോലെയത്രേ. വിഷ്ണുവിനെ ഭക്തിപൂർവ്വം ആരാധിക്കാതെ ആർക്കു നല്ലലോകങ്ങൾ കിട്ടും? വിഷ്ണുവിനെ ആരാധിച്ചാലോ, സർവ്വഭീഷ്ടവും കരസ്ഥം! എല്ലാവർക്കും എല്ലാറ്റിനേയും നൽകുന്ന നാരായണനെ പൂജിക്കാഞ്ഞാൽ ആർക്കും എങ്ങും എന്നും കൈവരികയില്ല, തീർച്ചതന്നെ.

സത്വപ്രധാനനായ തന്തിരുവടി രജസ്തമസ്സുകൾ കൈക്കൊണ്ടു്, നാഭികമലത്തിൽ, രജസ്സും സത്വവുമേറിയ ബ്രഹ്മാവിനെ സൃഷ്ടിച്ചു; കമലാസനൻ രജസ്സും തമസ്സുമേറിയ രുദ്രനെ സൃഷ്ടിച്ചു. സത്വം, രജസ്സു്, തമസ്സു് എന്നീ ത്രിഗുണങ്ങളിൽവെച്ചു് സത്വംകൊണ്ടത്രേ ശരീരിക്കു് മുക്തി: സത്വഗുണമാണു് വിഷ്ണുസ്വരൂപം. കർമ്മത്തിൽ സത്വവും രജസ്സും ചേർന്നാൽ ശ്രീമാനും കീർത്തിമാനുമാകും; രജസ്സും തമസ്സും ചേർന്നാൽ രാജാവാകും; രജസ്സോടുകൂടാതെ തമോഗുണംമാത്രം ചേർന്നകർമ്മമോ, മനുഷ്യനു് ഇഹത്തിലും പരത്തിലും ദുർഗ്ഗതി വരുത്തുന്നു. വിഷ്ണു താൻതന്നെയാണു് ബ്രഹ്മാവു്; ബ്രഹ്മാവു താൻതന്നെയാണു് ശിവൻ; ഈ മൂന്നു ദേവന്മാരും നിത്യം യജ്ഞങ്ങളിൽ പൂജനീയരാകുന്നു. അവരിൽ വ്യത്യാസം കരുതുന്നതു പാപമാണു്; ആ പാപം ചെയ്യുവനു് ദുർഗ്ഗതിയേ വരൂ.

വിഷ്ണുതന്നെ പരബ്രഹ്മം! വിഷ്ണുതന്നെ ലോകം! തന്തിരുവടിക്കു് എല്ലാ കർമ്മങ്ങളിലും പ്രിയപ്പെട്ടതു വൈശാഖമത്രേ. അതു് അശ്വമേധാദി മഹായാഗങ്ങളുടെ ഫലം നൽകും. തീർത്ഥസ്നാനം, ദാനം, തപസ്സു്, ജപം, യജ്ഞം എന്നിവയ്ക്കു് അനന്ത ഫലംകൂട്ടും. മേടമാസത്തിൽ മുടങ്ങാതെ നദിയിൽ പ്രാതഃസ്നാനം കഴിച്ചു് വിഷ്ണുവി

Digitized By Kerala Sahitya Akademi

നെ പൂജിക്കുന്നവർ യാവചിലരോ, അവക്ക് എന്റെ ദണ്ഡം ഏൽക്കേണ്ടിവരികയില്ല. വൈശാഖത്തിൽ പതിവായി തീർത്ഥസ്നാനം ചെയ്യുന്നവൻ എന്റെ കിങ്കരന്മാരെ അകത്തിയകത്തി, ചിത്രഗുപ്തന്റെ കണക്കു തിരുത്തിത്തിരുത്തി പണ്ടുപണ്ടുള്ളവരെ പാപത്തിൽനിന്നു കരയേറ്റും. സംസാരനാശനമായ ഈ പരമരഹസ്യം പുറത്താക്കരുതാത്തതാണ്: ഇതു നരകത്തെ നാടുകടത്തുന്നതാകയാൽ എന്റെ അധികാരത്തിന്നു ഹാനി വരുത്തുകക്രൂടി ചെയ്യും!

ഗംഗ, നർമ്മദ, യമുന, സരസ്വതി, വിശോക, വിതസ്ത എന്നിവ വിന്ധ്യന്നു വടക്കും, ഗോദാവരി, ഭീമരഥി, തുംഗഭദ്ര, വേദിക, താപി, പയോഷ്ണി എന്നിവ വിന്ധ്യന്നു തെക്കും കിടക്കുന്നു; വൈശാഖത്തിൽ പ്രാതഃകാലത്തു് ഒരു നദിയിൽ യഥാവിധി സ്നാനംചെയ്യുവൻ ഈ പന്തിരണ്ടു മഹാനദികളിലും പതിവായി കുളിച്ചുകഴിഞ്ഞു! അവനാൽ എല്ലാ പുണ്യനദികളും പുണ്യഗിരികളും പുണ്യക്ഷേത്രങ്ങളും പുണ്യാശ്രമങ്ങളും മുറയ്ക്കു് അവഗാഹിതങ്ങളും ദൃഷ്ടങ്ങളും വന്ദിതങ്ങളും സേവിതങ്ങളുമായിക്കഴിഞ്ഞു!! വൈശാഖത്തിൽ നാൾതോറും സൂര്യൻ പകതിയുദിയ്ക്കുമ്പോൾ സ്നാനംചെയ്താലത്തെ പുണ്യം കുറച്ചെങ്കിലും പറഞ്ഞൊപ്പിയ്ക്കാവുന്നതല്ല; ആയിരമായിരം മുഖങ്ങളും ബ്രഹ്മാവിന്നൊപ്പം ആയുസ്സും ലഭിച്ചാലേ, മാധവമാസത്തിന്റെ മാഹാത്മ്യം വർണ്ണിപ്പാൻ സാധിയ്ക്കൂ!

മാധവനെപ്പോലെതന്നെ, മഹാ നരകങ്ങളാകുന്ന ഉണക്കിലകൾക്കു തീപ്പന്തീയാണു് മാധവം. ബ്രഹ്മഹത്യ, അഗമ്യാഗമനം മുതലായ പാപവും, മനസാ വാചാ കർമ്മണാ വേണ്ടിയോ വേണ്ടാതേയോ ചെയ്ത പാപവും മാപാപവും ഉപപാപവും, നിഗൂഢപാപവും, സംകരം–ജാതിഭ്രംശം–ഘോരമായശ്ചിത്രം–ദോഷം എന്നിവയെ ഉല്പാദിപ്പിക്കുന്ന പാപവും പ്രകീർണ്ണപാപവുമെല്ലാം വൈശാഖത്തെ ശരിയ്ക്കുപാസിച്ചാൽ ഭസ്മീഭവിച്ചുകൊള്ളും. വൈശാഖത്തിൽ വൈകുണ്ഠനെ പൂജിച്ചവൻ ശ്രീമാനായി, നൂറായിരംകോടി കല്പം മുഴുവൻ വിഷ്ണുപുരത്തിൽ വസിക്കും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, ബ്രാഹ്മണന്യായമസംവാദം, വൈശാഖസ്നാനമഹിമാനുവർണ്ണനം തൊണ്ണൂറിമൂന്നാമദ്ധ്യായം.

—(0)—

Digitized By Kerala Sahitya Akademi

തൊണ്ണൂറിനാലാമദ്ധ്യായം

സൂതൻ:—ധർമ്മരാജന്റെ ഈ വചനം കേട്ടിട്ട ബ്രാഹ്മണൻ വീണ്ടും, വൈശാഖവിധി ചോദിച്ചു:—'മഹാഭാഗനായ ധർമ്മരാജാവേ, മനുഷ്യർക്ക പരമമുക്തിസാധനമായ വൈശാഖസ്നാനപുണ്യം, ഗോപ്യമെങ്കിലും, ഭവാൻ വെളിപ്പെടുത്തിയല്ലോ! വൈശാഖത്തിൽ സശ്രദ്ധം പ്രാതഃസ്നാനം കഴിച്ചിട്ട് വൈകുണ്ഠദേവനെ എങ്ങിനെ ഏതേതു പുഷ്പങ്ങൾ കൊണ്ടു പൂജിയ്ക്കണം? അതിന്റെ വിധിയും പറഞ്ഞുതരിക.'

യമൻ:—പത്രജാതികളിലെല്ലാം വെച്ച് തുളസിയാണ് വിഷ്ണുവിന്ന പ്രിയപ്പെട്ടത്. പുഷ്കരം തുടങ്ങിയ തീർത്ഥങ്ങളും ഗംഗാദിനദികളും വാസുദേവൻമുമ്പായ ദേവന്മാരും തുളസീദളത്തിൽ സ്ഥിതിചെയ്യുന്നു. ഏതുകാലത്തും എപ്പോഴും വിഷ്ണുപ്രിയയാണ് തുളസി. പിച്ചകപ്പൂവുംവേണ്ട, താമരപ്പൂവുംവേണ്ട; തുളസീപത്രം കൈക്കൊണ്ടു, മാധവനെ ഭക്തിപൂർവ്വം പൂജിച്ചാലത്തെ പുണ്യഫലം വർണ്ണിപ്പാൻ ശേഷന്നും ശേഷിയില്ല! ദേവപൂജയ്ക്കോ ശ്രാദ്ധത്തിന്നോ തുളസിയില കൂടിയ്ക്കാതെ നുള്ളിയാൽ, അതൊക്കെ നിഷ്ഫലമായിപ്പോകും; പിന്നെ ശുദ്ധി വരാൻ പഞ്ചഗവ്യം വേണം. എത്ര വർദ്ധിച്ച ദാരിദ്ര്യദുഃഖപാപങ്ങളേയും, കടുക്ക രോഗങ്ങളെ എന്നപോലെ, തുളസി ചിക്കന്ന നശിപ്പിക്കും. കൃഷ്ണഗൌരതുളസികൊണ്ടു മധുമാധവിയെ പൂജിച്ചാൽ, ആ മനുഷ്യൻ വിശേഷിച്ചും വിഷ്ണുഭക്തനായി വിഷ്ണുതന്നെ ആയിത്തീരും! വൈശാഖം മുഴുവൻ വൈകുണ്ഠനെ മൂന്ന സന്ധ്യയ്ക്കും തുളസികൊണ്ട് ആർ പൂജിക്കുമോ, അവന്ന പുനർജ്ജന്മമില്ല. ഇലയും പൂവും കിട്ടാതെവന്നാൽ, ചെന്നല്ലരി—കോതമ്പ—യവം മുതലായവകൊണ്ടും പുരുഷോത്തമനെ പൂജിയ്ക്കാം. ഒടുവിൽ സർവ്വദേവാത്മാവായ തന്തിരുവടിയെ വലത്തു വെയ്ക്കണം. പിന്നെ പിതൃദേവമനുഷ്യർക്കും ചരങ്ങൾക്കും അചരങ്ങൾക്കും തർപ്പണംചെയ്യണം.

ആർ അരയാലിനചുറും വെള്ളമൊഴിക്കുമോ, അവൻ തീർച്ചയായും പതിനായിരം തലമുറയ്ക്ക് ഉൽഗതി വരുത്തും. അലക്ഷ്മി, 'കാക്കപ്പുള്ളി', ദുസ്സ്വപ്നം, ദുർവ്വിചാരം—എന്നുവേണ്ടാ സകല ദുഃഖവും—അശ്വത്ഥതർപ്പണത്താൽ നശിക്കും. അരയാലിനെ പൂജിച്ചാൽ, പിതൃക്കളും വിഷ്ണുവും ഗ്രഹങ്ങളും പൂജിക്കപ്പെട്ടുകഴിഞ്ഞു!

Digitized By Kerala Sahitya Akademi

വെള്ളെരിക്കിൻപൂവ്, അക്ഷതം, അഗ്നി, ചന്ദനം, സൂര്യബിംബം, അരയാൽ എന്നിവയെ സ്പർശിച്ചിട്ടുവേണം സ്വജാതിധർമ്മം അനുഷ്ഠിപ്പാൻ. അഷ്ടാംഗയോഗം ശീലിച്ചവനും, കുളിച്ച് അരയാലിനെ നമസ്കരിച്ച് നാരായണനെ പൂജിച്ചേ ദൃഷ്ടി പറാതിരിയ്ക്കൂ! ഒന്നിനും അവതില്ലെങ്കിൽ, സ്ത്രീയോ പുരുഷനോ വൈശാഖത്തിൽ ത്രയോദശി ചതുർദ്ദശി വാവ് എന്നീ മൂന്നു തിഥികളിൽ പ്രാതഃകാലത്തു മുൻചൊന്നതിൻവണ്ണം ഭക്തിയോടേ സ്നാനംചെയ്താൽത്തന്നെ, നിഖില പാപവും നീങ്ങി എന്നെന്നും സ്വർഗ്ഗമനുഭവിക്കും. വൈശാഖത്തിൽ മൂന്നാഠം പ്രാതഃസ്നാനംചെയ്തു ശുചിയായി പ്രയതനായി ഒരുനേരം പന്തിരണ്ടു ബ്രാഹ്മണരെ ഭക്തിപൂർവ്വം ഊട്ടി, വെള്ളത്തോ കറുത്തതോ ആയ എള്ളും തേനും നൽകി, അവരെക്കൊണ്ടു് സ്വസ്തി ചൊല്ലിച്ചു്, 'ധർമ്മരാജൻ എങ്കൽ പ്രസാദിക്കട്ടേ!' എന്നിങ്ങിനെ പിതൃദേവകളെ തൃപ്തിച്ചാൽ, അവൻ ജീവകാലത്തുചെയ്ത പാപം മുഴുവൻ തൽക്ഷണം നശിക്കും; എന്നല്ല, അവൻ എന്നെ കാണുകയേ ചെയ്യാതെ, ദേവകളാലെല്ലാം പൂജിതനായി ഇരുപതിനായിരം കൊല്പം സ്വർഗ്ഗത്തിൽ സുഖിക്കും. ത്രയോദശി, പതിനാങ്ക്, വാവു് എന്നീ മൂന്നു തിഥികളിൽ പിതൃദേവപ്രസാദത്തിന്നായി പകലാന്നവും ഉദകവും ഭക്തിയോടെ നൽകുന്നവൻ സർവ്വപാപങ്ങളിൽനിന്നും മോചനമടയും. നാഴിതോറും കഴിവുപോലെ എള്ളുനിറച്ച പൊൻപാത്രവും ജലപാത്രവും ബ്രാഹ്മണന്നു ദാനംചെയ്താൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും. വൈശാഖപൂർണ്ണിമയിലത്രേ ബ്രഹ്മാവ് എള്ളിനെ സൃഷ്ടിച്ചതു്; അന്നു് അതു കൊടുക്കുകയും ഭക്ഷിക്കുകയും ചെയ്താൽ സന്തതിയും ശ്രേയസ്സും വർദ്ധിക്കും.

സുവ്രത, വൈശാഖപൂർണ്ണിമയുടെ ഫലം പരമാത്ഭുതമത്രെ. മേഷസംക്രമം മുതൽക്കുള്ള മുപ്പത്തു തിഥികളും സർവ്വ യജ്ഞങ്ങളെക്കാളും പുണ്യങ്ങളാണെന്നു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു; വിശേഷിച്ചും വിശുദ്ധങ്ങളാണു്, പിതൃദർശ്ശങ്ങളായ മൂന്നു തിഥികളും; അവയിലും മേലെയാകുന്നു, വിഷ്ണുപ്രിയയായ വൈശാഖപൂർണ്ണിമ. വരാഹകല്പം തുടങ്ങുന്നതായ ഈ തിഥി മഹത്തായ ഫലത്തെ പ്രദാനംചെയ്യുന്നു: പണ്ടു് ഈ തിഥിയിലത്രെ വിഷ്ണു ഹിരണ്യാക്ഷനേയും മധുവിനേയും വധിച്ചു ഭൂമിയെ ഉദ്ധരിച്ചതു്. വൈശാഖമാസത്തിലെ ത്രയോദശി, പതിനാങ്ക്, വാവ് ഈ തിഥികളിലാണ് വിഷ്ണു മുവ്വടിവെച്ചതു്; അതിനാലത്രെ, കല്പാരംഭസാക്ഷിണിയായ പൂർണ്ണിമ വിശേഷിച്ചും കർമ്മങ്ങൾക്കു ഖ്യാതിപ്പെട്ടതു്. [വൈശാഖത്തിൽ പതിവായി പ്രാതഃസ്നാനം ആർ ചെയ്യില്ലയൊ, ആത്മഘാതിയായ അവന്നു ജന്മം കൊണ്ടെന്തുള്ളു? വിശേഷിച്ചും ത്രയോദശിയിലും ചതുർദ്ദശിയിലും പൂ

Digitized By Kerala Sahitya Akademi

ണ്ണിമയിലും] മുടങ്ങാതെ പ്രാതഃസ്നാനം ശരിക്കു ചെയ്താൽ സ്ത്രീയാകട്ടെ പുരുഷനാകട്ടെ സർവപാപങ്ങളിൽനിന്നും മോചനമടയും. അതുകൊണ്ട്, സ്നാനദാനാച്ചനന ശ്രാദ്ധപുണ്യങ്ങളും ചെയ്യാതെ വൈശാഖപൂർണ്ണിമ കഴിഞ്ഞുപോകുന്നവൊ, അവന്റെ വാസം തീച്ചയായും നരകത്തിൽ തന്നെ! വേദംപോലെ ഒരു ശാസ്ത്രമില്ല; ഗംഗപോലെ ഒരു തീർത്ഥമില്ല; ജലധേനുദാനംപോലെ ഒരു ദാനമില്ല; വൈശാഖവാവുപോലെ ഒരു തിഥിയില്ല. വൈശാഖവാവിന്നാൾ വിഷ്ണുഭക്തിയോടെ ജലധേനുവിനെ ദാനംചെയ്യുവൻ ത്രിമൂർത്തികളിൽ നാലാമനായിത്തീരും! മാതൃഹത്യ, പിതൃഹത്യ, ഭ്രൂണഹത്യ, ഗുരുദാരഗമനം എന്നീ പാപങ്ങളും പോലും നശിപ്പാൻ ജലധേനുവിനെ കണ്ടാൽമതി. വൈശാഖവാവിന്നാൾ പത്തു ജലധേനുക്കളെ യഥാവിധി ദാനംചെയ്താൽ, മേലും കീഴും പതിപ്പത്തു തലമുറയ്ക്ക് ഉൽഗതി സിദ്ധിക്കും; പഞ്ചസാര, പഴം, താംബൂലം, ചെരുപ്പ്, കുട എന്നിവ ബ്രാഹ്മണശ്രേഷ്ഠർക്കു നൽകുന്നവർ ഇഹത്തിലും പരത്തിലും സുകൃതികളംതന്നെ; മണികം (മങ്കലി) ജലകുംഭം, ചോറ്, സ്വർണ്ണം എന്നിവ വൈശാഖവാവിന്നാൾ ദാനംചെയ്യുവന്നു അശ്വമേധഫലം കിട്ടും. ഇതിൽ, ഒരു പഴയ ഇതിഹാസം പറഞ്ഞുവരുന്നുണ്ട്; ഒരു ബ്രാഹ്മണൻ വൻകാട്ടിൽവെച്ചു ചില പ്രേതങ്ങളുമായി സംസാരിക്കയുണ്ടായി:

മധ്യദേശക്കാരനായ ധനശർമ്മാവ് എന്നൊരു വിശിഷ്ട ബ്രാഹ്മണൻ ഭർയ്യും മറ്റുമായി ഒരു കാട്ടിൽ പോയപ്പോൾ അതിഘോരരായ മൂന്നു പ്രേതങ്ങളെ കണ്ടെത്തി. 'എണ്ണീറാനില്ല'ന്ന തലമുടിയും തുടുത്ത കണ്ണും കറുത്ത പല്ലും ഒട്ടിയ വയറുമായി പല ശബ്ദങ്ങളും പുറപ്പെടുവിച്ചുംകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും പായുന്ന അവരെ കണ്ടപ്പോൾ ബ്രാഹ്മണൻ വല്ലാതെ ഭയപ്പെട്ടു ക്ഷണത്തിൽ പിന്മാറിക്കളഞ്ഞു; അപ്പോൾ അവരും നിലവിളിച്ചുംകൊണ്ടു പിന്നാലെ ക്കൂടി. അദ്ദേഹം അവരോടു ഭംഗിയിൽ പറഞ്ഞു:—'നിങ്ങളാരാണ്? ഈ നരകാവസ്ഥ എങ്ങിനെ സംഭവിച്ചു? എനിക്കു വല്ലാത്ത ഭയം തോന്നുന്നു; ദുഃഖിതനായ എന്നെ—വലിയ കുടുംബമുള്ളവനും ദരിദ്രനുമായ ഈ വൈഷ്ണവബ്രാഹ്മണനെ—നിങ്ങൾ ദയചെയ്തു രക്ഷിക്കണം. എന്നാൽ ബ്രഹ്മണ്യനായ വിഷ്ണുഭഗവാൻ—കായാമ്പൂനിറംചേർന്ന പീതാംബരനായ കേശവൻ—തീച്ചയായും പ്രസാദിച്ചു നിങ്ങൾക്കു നന്മവരുത്തും: ആരുടെ തിരുനാമം ശ്രവിക്കുന്നതോടുക്കൂടി പാപമെല്ലാം നശിക്കുമൊ, അനാദിനിധനനായി അവ്യയനായി ശംഖചക്രഗദാപാണിയായി പുണ്ഡരീകാക്ഷനായിരിക്കുന്ന ആ ദേവൻ പ്രേതങ്ങൾക്കും മോക്ഷപ്രദനാണല്ലൊ.'

Digitized By Kerala Sahitya Akademi

വിഷ്ണുവിന്റെ തിരുനാമം ശ്രവിച്ചതോടുകൂടി, പൈദാഹങ്ങളാൽ പീഡിതരായിരുന്ന ആ പിശാചുക്കൾക്കു സംതൃപ്തിയും സദ്വിചാരവും ദയാദാക്ഷിണ്യങ്ങളും ഉണ്ടായിവന്നു. ബ്രാഹ്മണന്റെ വാക്കിനാൽ പ്രീതരായിച്ചമഞ്ഞ ആ പ്രേതങ്ങൾ ദൈവപ്രേരണയാൽ അദ്ദേഹത്തിനോടു് ഇപ്രകാരം ഉരചെയ്തു:—'ബ്രാഹ്മണ, അങ്ങയെ കണ്ടതിനാലും, ഹരിനാമം ശ്രവിച്ചതിനാലും ഞങ്ങൾ മറെറാരവസ്ഥയടഞ്ഞു, ദയാശീലരായിത്തീന്നിരിക്കുന്നു! വൈഷ്ണവസംസർഗ്ഗം പെട്ടെന്നു് അംഹസ്സിനെ അകത്തുന്നു; ശ്രേയസ്സിനെ വരുത്തുന്നു; യശസ്സിനെ പരത്തുന്നു. രസായനത്തിനു സദൃശവും ശാന്തവും പരമാനന്ദപ്രദവുമായ വൈഷ്ണവനിലാവ് ഏതൊരു ഗ്രഹത്തെ ആഹ്ലാദിപ്പിക്കുകയില്ല?

ഇയ്യാൾക്കു കൃതഘ്നൻ എന്നാണ് പേരു്; ഇയ്യാൾ അദൈവതനാണ്; മൂന്നാമൻ, അവൈശാഖൻ, മുവ്വരിലുംവെച്ചു പാപി! ഏപ്പോഴും അതികൃതഘ്നതയേ ഈ ദുഷ്ടൻ ചെയ്തിട്ടുള്ളൂ; ആ കർമ്മത്താലാണ് കൃതഘ്നൻ എന്ന പേർ വന്നതു്. ഇട്ടപേർ സുദാസൻ എന്നായിരുന്നു. മുൻജന്മത്തിൽ ദ്രോഹംചെയ്ത പാപത്താൽ കൃതഘ്നൻ ഈ അവസ്ഥയിലായി. ഗുരുവിനും സ്വാമിയ്ക്കും അഹിതംചെയ്ത ധൂർത്തനായ മാപാപിയ്ക്കുപോലും പ്രായശ്ചിത്തമുണ്ടു്; കൃതഘ്നനു പ്രായശ്ചിത്തമില്ലതന്നെ. ദ്വിജോത്തമ, യാതനാദേഹങ്ങൾകൊണ്ടു പലതരം നരകം അനുഭവിച്ചിട്ടു് ഇയ്യാൾ ഈ അന്തിമാവസ്ഥയെ പ്രാപിച്ചു! ഇയ്യാൾ ദേവപൂജ ചെയ്യാതെയും ഗുരുബ്രാഹ്മണർക്കു നൽകാതെയുമാണ് അന്നം ഭക്ഷിച്ചിരുന്നതു്; അതിനാൽത്തന്നെയാണു് അദൈവതനായിത്തീന്നതു്. ഇയ്യാൾ മുൻജന്മത്തിൽ പതിനായിരം ഗ്രാമങ്ങൾക്കധിപതിയായ ഹരിവീരൻ എന്നൊരു രാജാവായിരുന്നു; അന്നു രോഷവും അഹംകാരവും നാസ്തികതയുംമൂലം ഗുരുക്കന്മാരുടെ ആജ്ഞ ലംഘിച്ചും ബ്രാഹ്മണരെ നിന്ദിച്ചും യാഗങ്ങൾ കഴിക്കാതെയും ഭോഗം ഭുജിച്ചുപോന്നു. ആ ദുഷ്കൃതത്താൽ അദൈവതൻ എന്ന പേർ നേടി, വമ്പിച്ചു നരകമനുഭവിച്ചു പ്രേതമായിത്തീന്നു. ഞാൻ, മൂന്നാമൻ, മുവ്വരിലുംവെച്ചു പാപിയായ അവൈശാഖനാണ്. ഞാൻ മുൻജന്മത്തിൽ, നാമംകൊണ്ടും ഗോത്രംകൊണ്ടും ഗൌതമനായ ഒരു ബ്രാഹ്മണനായിരുന്നു. മധ്യദേശത്തു വാസപുരത്തിലായിരുന്നു എന്റെ വാസം. ശ്രൌതമാർഗ്ഗം ഒന്നിനെമാത്രം അനുസരിച്ചിരുന്ന ഞാൻ വൈശാഖത്തിൽ വൈകുണ്ഠദേവനെ ഉദ്ദേശിച്ചു് സ്നാനമോ ദാനമോ ഹോമമോ ചെയ്കയുണ്ടായില്ല; മാധവനെ പൂജിച്ചില്ല; മനീഷികൾക്കു മണികോദകകുംഭങ്ങൾ ദാനംചെയ്തില്ല; ദേവകളെ തൃപ്തി

Digitized By Kerala Sahitya Akademi

ച്ചില്ല; എള്ളും തേനും ശ്രോത്രിയക്ക് നൽകിയില്ല; പുഷ്പം, ഫലം, താംബൂലം, ചന്ദനം, ഭോജനം, വസ്ത്രം എന്നിവകൊണ്ട് പിതൃദേവതൃപ്തിക്കായി വിദ്വാന്മാരെ ആരാധിച്ചില്ല; പൂർണ്ണഫലപ്രദയായ ഒരൊറ വൈശാഖപൂർണ്ണിമയിൽപ്പോലും സ്നാനദാനാച്ചനസുകൃതങ്ങൾ അനുഷ്ഠിച്ചില്ല. അതിനാൽ എന്റെ വൈദികകർമ്മമെല്ലാം വെറുതെയായിപ്പോയി; ഞാൻ അവൈശാഖനെന്ന പേരോടേ പ്രേതമായിത്തീർന്ന് അലയുകയുമായി!

ഇതാ, മൂന്നുപേരുടേയും കർമ്മമെല്ലാം ഞാൻ പറഞ്ഞു. അങ്ങു ഞങ്ങളെ പാപത്തിൽനിന്നു കരയേറുമാറാകണം: ബ്രാഹ്മണനാണല്ലോ അങ്ങുന്ന്. സുകൃതസാധുക്കളായ ബ്രാഹ്മണർ, ആശ്രിതരെ മാപാപനരകങ്ങളിൽനിന്നു കരയേറുന്ന കാര്യത്തിൽ തീർത്ഥങ്ങളെക്കാളും മീതെയാണ്. ഗംഗാദിതീർത്ഥങ്ങളിൽ നിത്യം കുളിക്കുക, സജ്ജനങ്ങളോടിടപെടുക എന്നിവയിൽ, സൽസംസർഗ്ഗത്തിനു ശ്രേഷ്ഠത കൂടും. അല്ലെങ്കിൽ, ഇവിടുന്നു ഞങ്ങൾക്കുവേണ്ടി, എന്റെ ധനശർമ്മാവ് എന്ന പുത്രനോടു ചെന്നു പറഞ്ഞാൽ മതി. സ്വാമിൻ, പരകാര്യത്തിൽ തകർശ്രമംചെയ്താൽ, യജ്ഞദാനങ്ങളാലുള്ളതിനെക്കാളും തികഞ്ഞ ഫലം സിദ്ധിക്കുമല്ലോ.'

പ്രേതവചനംകേട്ട ധനശർമ്മാവ്, നരകത്തിൽ പതിച്ചിരിക്കുന്നതന്റെ അച്ഛനാണതെന്നറിഞ്ഞ് അതിസങ്കടംപൂണ്ട് തന്നത്താൻ നിന്ദിച്ചുംകൊണ്ട് പറഞ്ഞു:—'സ്വാമിൻ, ഞാനാണ്, ഗൌതമനായ അങ്ങയുടെ നിഷ്പ്രയോജനനായ പുത്രൻ. യാതൊരു മകൻ മടിക്കുടാതെ അച്ഛന്ന് ഉൽഗതി വരുത്തില്ലയോ, അവനു, ദ്രവ്യരഹിതനെന്നപോലെ ശ്രദ്ധിവരികയില്ല. എത്ര ആലോചിച്ചാലും അറിയാവുന്നതല്ല ധർമ്മത്തിന്റെ ഗതി: എന്റെ അച്ഛനായ ഇവിടുന്നും ഈ ദുരവസ്ഥയിൽ പെട്ടുവല്ലോ! ഒരു സുഖവും എങ്കൽനിന്ന് ഭവാനു കൈവന്നില്ല. ഇരുലോകങ്ങളിലും അച്ഛന്ന് സുഖംവരുത്തുന്നവനത്രേ പുത്രൻ. മനുഷ്യനിവിടെ ധർമ്മത്താൽ രണ്ടു ഗുരുക്കന്മാരാണുള്ളത്: അച്ഛനും, അമ്മയും; അവരിൽവെച്ചും, ബീജപ്രാധാന്യത്താൽ ശ്രേഷ്ഠത പിതാവിനു കൂടും. അച്ഛാ, ഞാൻ എന്തുചെയ്യേണ്ടു? എവിടെ പോകേണ്ടു? ഇവിടെയ്ക്കെങ്ങിനെ ഗതിവരും? ധർമ്മതത്പരം എനിക്കറിഞ്ഞുകൂടാ; അച്ഛൻ പറയുന്നതു ചെയ്യാം.'

പ്രേതം:—'മകനേ, കേൾക്കുക: ഭവിതവ്യതാബലത്താൽ എനിക്കു വല്ല സുകൃതംകൊണ്ടും സൽഗതി കിട്ടിയേയ്ക്കാം. പണ്ടു ശ്രൌതകർമ്മങ്ങൾ ചെയ്യുപോന്നിരുന്ന ഞാൻ ഗുരുവാക്കിനെ ആദരിച്ചില്ലെന്നല്ല, ഗുരുവിനെ അപമാനിക്കുകടി ചെയ്തുകളഞ്ഞു. ഹർഷവും ക്രോധവും ഗർ

Digitized By Kerala Sahitya Akademi

വും പൂണ്ടു് ഗുരുവിനെ അപമാനിച്ച ഞാൻ അജ്ഞാനംമൂലം പൌരാണികമുറിയിൽ ശ്രൌതകർമ്മം മാത്രമേ ചെയ്തിരുന്നുള്ളു; പാപേന്ധനങ്ങൾക്കു കാട്ടുതിയ്യായ—പാപവൃക്ഷങ്ങൾക്കു കോടാലിയായ—വൈശാഖപൂർണ്ണിമയെ ഒരിക്കലെങ്കിലും ഉപാസിക്കയുണ്ടായിട്ടില്ല. വൈശാഖ വാവിന്നാൾ വ്രതം അനുഷ്ഠിക്കാത്തവൻ അവൈശാഖനായിത്തീർന്നു, പത്തുജന്മം തിര്യഗ്യോനികളിൽ ജനിച്ചു വളരെ ദുഃഖമനുഭവിച്ചു്, ഒടുവിൽ പ്രേതമായിച്ചമയും; പിന്നെ ഒരുവിധത്തിൽ, അതിദുർല്ലഭമായ മനുഷ്യജന്മം കിട്ടി എന്നും വരാം.

പ്രേതത്തിന്നു മുക്തിവരാനുള്ള ഉപായം ഞാൻ പറഞ്ഞുതരാം; ഇതു്, മുൻ ജന്മത്തിൽ എന്റെ ഗുരു പറഞ്ഞു ഞാൻ കേട്ടിട്ടുള്ളതാണു്: മകനേ, യമുനയിൽ യഥാവിധി സ്നാനംചെയ്തു ഗൃഹത്തിലേയ്ക്കു പോയ്ക്കൊള്ളൂ. വരുന്ന അഞ്ചാംനാൾ വൈശാഖവാവായി; ആ കല്പാരംഭതിഥി പിതൃദേവാവ്വനത്തിന്നു പറഞ്ഞയയ്ക്കുന്നതു മത്രേ. അന്നു്, എള്ളോടുകൂടിയ വെള്ളം, നീർക്കുടം, അന്നം, ഫലം എന്നിവ പിതൃക്കൾക്കായി നൽകിയാൽ, അവർ അതുകൊണ്ടു് ഓരായിരം കൊല്ലത്തേയ്ക്കു സംതൃപ്തരായിരിക്കും. വൈശാഖപൂർണ്ണിമയിൽ ഭൂമിദേവന്മാരെ ഊട്ടിയാൽ, ഓരോ വറും ഓരോ യുഗം മുഴുവൻ പിതൃക്കളെ പ്രീതിപ്പെടുത്തും. വൈശാഖവാവിന്നാൾ വിധിപോലെ സ്നാനംചെയ്തു പത്തു ബ്രാഹ്മണരെ പായസമൂട്ടിയാൽ സർവപാപങ്ങൾക്കും അറുതിവരും, സംശയമില്ല. ആർ എള്ളും യവവും മേലെല്ലാം തേച്ചു സ്നാനംചെയ്യുമോ, അവനു ബ്രഹ്മാവും ധർമ്മവും അഭീഷ്ടവരം കൊടുക്കും. ധർമ്മരാജപ്രീതിക്കായി നീർക്കുടങ്ങൾ ദാനം ചെയ്താൽ, ഏഴേഴു തലമുറയ്ക്കു് ഉൽഗതി സിദ്ധിക്കും. മകനേ, ത്രയോദശി, ചതുർദ്ദശി, വാവ് ഈ തിഥികളിൽ ഭക്തിപൂർവം സ്നാനവും ദാനവും ജപവും ഹോമവും മാധവാർച്ചനവും കഴിച്ചു്, അതിന്റെ ഫലം ഞങ്ങൾക്കു തന്നോയ്ക്കു. ഈ സ്നേഹിതരായ രണ്ടു പ്രേതങ്ങളെ വിട്ടു് ഞാൻ സ്വർഗ്ഗത്തിലേയ്ക്കു പോകയില്ല. ഇവക്കും പാപനാശം വരുത്തണം.

അങ്ങിനെതന്നെ എന്നു സമ്മതിച്ചു് ധനശർമ്മാവു ഗൃഹത്തിലേയ്ക്കു തിരിച്ചു്, പരമഭക്തിയോടെ വൈശാഖവ്രതം അനുഷ്ഠിച്ചു. മനം തെളിഞ്ഞ ആ ബ്രാഹ്മണേന്ദ്രൻ വൈശാഖപൂർണ്ണിമയിൽ ഭക്തിയോടെ സ്നാനംകഴിച്ചു്, വളരെ ദാനങ്ങളും ചെയ്തു്, ആ പുണ്യം പ്രേതങ്ങൾക്കു പകുത്തുകൊടുത്തു; അതോടുകൂടിത്തന്നെ, അവർ മൂവരും സന്തോഷിച്ചു വിമാനത്തിലേറി സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. ശ്രുതിസ്മൃതിപുരാണജ്ഞനായിരുന്ന ധനശർമ്മാവും ഏറിയകാലം ഭോഗങ്ങൾ ഭുജിച്ചു്, ഒടുവിൽ ബ്രഹ്മലോകമടഞ്ഞു.

Digitized By Kerala Sahitya Akademi

ഇത്ര മഹാ പുണ്യവും വിശേഷഭാവനയുമത്രേ വൈശാഖപൂർണ്ണിമ. അതിഗൌരവംമൂലം ഞാൻ പുരുക്കത്തിൽ പറയാം: വൈശാഖത്തിൽ നാംതോറും പ്രാതഃസ്നാനംകഴിച്ചു, മനഃശ്രദ്ധിയോടെ മാധവനെ പൂജിക്കുന്നവർ യാവചിലരോ, അവർതന്നെ ഭാഗ്യവാന്മാർ! അവർതന്നെ സുകൃതികൾ! അവർതന്നെ ലോകത്തിൽ ജനിച്ചു പുരുഷാർത്ഥം സാധിച്ചവർ! വൈശാഖത്തിൽ പ്രാതഃസ്നാനംചെയ്തു ലക്ഷ്മീകാന്തനെ പൂജിക്കുന്നവൻ തീർച്ചയായും യമനിയമങ്ങളോടിണങ്ങി പാപശാന്തിയടയും. യാവചിലർ പ്രഭാതത്തിൽ ഉണർന്നഴനേറും വിഷ്ണുപൂജയ്ക്കായി ഗംഗയിൽ മുഴുകുന്നുവോ, അവരാണ് കൃതകൃത്യർ! അവരാണ് നിഷ്കൃന്മഷന്മാർ! അവരാണ് ധന്യന്മാർ! ഹാ! അതിധന്യവും സുകൃതൈകസാരവും സർവ്വോൽകൃഷ്ടവുമാകുന്ന വൈശാഖമാസം! അന്ന് വല്ലപാടും തെല്ലൊരു പുണ്യംചെയ്താൽ, അതു കല്പം മുഴുവൻ നിലനില്ക്കും. വൈശാഖത്തിൽ രാവിലേ വിഷ്ണുപൂജയ്ക്കായി സ്നാനംചെയ്യുന്നവങ്കൽനിന്നു ഒരുതുള്ളി വെള്ളം മേലെയ്ക്കു തെറിച്ചാൽ, വെറും തമോഗ്രഹണക്കാരൻപോലും പരിശുദ്ധനായിത്തീരും! ലക്ഷ്മീവല്ലഭനു പ്രിയപ്പെട്ട വൈശാഖമാകുന്ന ഗരുഡൻ വരുന്നതുവരെയ്ക്കു, പാപസഞ്ചയം മനുഷ്യന്റെ ദേഹത്തിൽ പെരുമാറുകയുള്ളൂ. വിഷ്ണുമാസത്തിൽ പ്രാതഃസ്നാനത്തിനു തീർത്ഥത്തിലേയ്ക്കു ശ്രീഹരിയെ സ്മരിച്ചുകൊണ്ടും തിരുനാമം ജപിച്ചുകൊണ്ടും പോകുന്നവന്റെ ഓരോ കാൽവെപ്പും ഓരോ അശ്വമേധത്തിനു കിടനില്ക്കും! മേരുമന്ദരങ്ങളോളം പോന്ന പലതരം ഘോരപാപങ്ങളുംപോലും വൈശാഖവ്രതാനുഷ്ഠാനംകൊണ്ടു വെണ്ണീറായിപ്പോകും.

ശ്രവിച്ചാൽത്തന്നെ പാപം പോയ്മറയുന്നതായ ഈ വൈശാഖസ്നാനമാഹാത്മ്യം അങ്ങയുടെ പേരിലുള്ള പ്രീതിയാൽ ഞാൻ ചുരുക്കത്തിൽ പറഞ്ഞു. ഞാനീപ്പുരാണേതിഹാസം ഭക്തിയോടെ ശ്രവിക്കുന്നവനും പാപമോചനം കിട്ടുന്നതാകയാൽ എന്റെ ലോകം പൂകേണ്ടിവരില്ല. പലവുരുചെയ്ത ബ്രഹ്മഹത്യാദി പാപങ്ങൾക്കുപോലും വൈശാഖോപാസനത്താൽ തീർച്ചയായും അറുതിവരും; മേലും കീഴും മുപ്പതു മുപ്പതു പിതൃക്കൾക്കു ഉൽഗതിയും സിദ്ധിക്കും. അക്ലിഷ്ടകർമ്മാവായ വിഷ്ണുഭഗവാനു പ്രിയപ്പെട്ടതാകയാൽ മാസങ്ങളിൽവെച്ചു ശ്രേഷ്ഠമാകുന്ന വൈശാഖം. മഹീസുര, വൈശാഖമാസത്തെപ്പറ്റി ഞാൻ ചുരുക്കിപ്പറഞ്ഞതിൽ ഭവാന് യാതൊരു സംശയവും വേണ്ട. ഈ വിഷയത്തിൽ, അത്ഭുതകരമായ ഒരിതിഹാസംകൂടി കേട്ടുകൊള്ളുക; ഗോപ്യമാണെങ്കിലും അതുകഥയും ഞാൻ പറഞ്ഞുതരാം:

ശ്രീപദ്മമഹാപുരണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം,
ബ്രഹ്മനാരദസംവാദം, പ്രേതത്രയമുക്തി കഥനം തൊണ്ണൂറിനാലാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

തൊണ്ണൂറാമധ്യായം

(കിളിപ്പാട്ട്—കേക)

പണ്ടൊരായിരുന്നുപോൽ, പ്രാഗ് ജന്മസുകൃതങ്ങളാ-
കൊണ്ടു നല്ലൈശ്വര്യശ്രീ ചേർന്നൊരു നരപാലൻ;
ആ'മഹീരഥ'ഭൂപൻ ധർമ്മാർത്ഥം വെടിഞ്ഞില്ലാ
രാമമാരുമായ് ക്രീഡിച്ചതിൽത്താൻ മുഴുകിപ്പോയ്!
രാജ്യകാര്യങ്ങളമാത്യേന്ദ്രരെയേല്പിച്ചവൻ
രാജീവാക്ഷികളൊത്തു ഭോഗങ്ങളം ഭുജിയ്ക്കയായ്:
നാട്ടുകാർ, ധനം, ധർമ്മമർത്ഥമെന്നിതുകളിൽ
നോട്ടമില്ലവനൊന്നും പെൺക്രുത്താട്ടമെവേണ്ടു!

ഏതാനാളം കഴിഞ്ഞപ്പോളം, കശ്യപൻ തദാചായ്യൻ,
'ഓരാതേ നൃപൻചെയ്യുമകൃത്യം തടയായ്കിൽ
തൽപാപം ഗുരുവിനും പറ്റിപ്പോം;-മതുകൊണ്ടു
സൽപഥം ചൊല്ലിക്കൊടുത്തീടേണം പുരോഹിതൻ;
ചൊന്നാലും കേൾക്കായ്കിലോ, ഗുരു നിർദ്ദോഷനതിൽ
മന്നനാണെല്ലാക്കേട്ടു'മെന്നറച്ചവനോടായ്
പറഞ്ഞാൻ:—'രാജാവേ, കേൾ ധർമ്മാർത്ഥയുക്തം തത്ത്വം
ഗുരുവാം മമ വാക്യമരാഗസ്പൃഹമത്ഥ്യം:
ഗുരുവിൻ ചൊൽക്കീഴിലായ് നിൽക്കതാൻ മഹാധർമ്മം;
ഗുരുവാശ്ലേശം നൃപക്കായുശ്രീ സുഖപ്രദം.
ദാനമേകീലാ വിപ്രക്കാ,ചരിച്ചീലാ തീർത്ഥ-
സ്നാനവും വ്രതം തപസ്സിവയും കാമാന്ധൻ നീ,
ഹരിയെപ്പൂജിച്ചീലാ, തന്നാമം നിരൂപിച്ചീ-
ല,റിവുള്ളവരോടു ചേർന്നീല നാരീസംഗാൽ.
കാമസേനകൾ നല്ലാരാക്ക വേണ്ടാത്തു? പക്ഷേ,
കാററിലാടിന രംഭാദളങ്ങൾക്കൊത്തോരവർ!
കല്പോലതരളങ്ങളാകിയ ധനങ്ങളും,
ക്ഷിപ്രിയാട്ടങ്ങൾക്കൊക്കുമസ്ഥിരഭോഗങ്ങളും,
ഇത്തിരിനേരം ഭുജിക്കാവതാം താരുണ്യവു-
മുത്തമാശയന്മാരെയിട്ടുഴുള്ളിക്കാറില്ല!
സ്ത്രീകളിൽ മയങ്ങിയോനെന്തിനു വിദ്യ, തപം
ത്യാഗവും? നയമെന്തിന്നൊ?ന്തിനു മന്ത്രജ്ഞത?

Digitized By Kerala Sahitya Akademi

മുറിന ധമ്മമൊന്നേ മൃതിയിൽക്രൂടെപ്പോരു;
മറുപഭോഗദ്രവ്യമൊട്ടുക മറഞ്ഞുപോം!
ധമ്മത്തെ ക്രുമാൽ നേടു പുററിനെച്ചിതൽപോലെ:
ധമ്മമേ ഇണനിൽക്രൂ ദുസ്തി കടക്കുവാൻ.
അസ്ഥിരം തള്ളിപ്പോങ്ങുമാററിലെത്തിരപോലെ
മർത്യജീവിത,മെന്നൊന്തോക്കാത്തു നരേന്ദ്ര, നീ?
ഉത്തമവിനയമെന്നുള്ളൊരു തലപ്പാവും,
സത്യധമ്മാഭ്യങ്ങളാം രണ്ടു കുണ്ഡലങ്ങളും,
ത്യാഗമാം വലയവും യാതൊരാഭരണങ്ങളാ, മഹാ-
ഭാഗനെന്തിനു മെയ്യിൽപ്പുഴുകുമലങ്കാരം?
മരണമടഞ്ഞാലീപ്പുഴുടൽമങ്കുട്ടയോ
മരത്തിൻഇണ്ടോ പോലെ മന്നിലെങ്ങാനും തള്ളി
തിരിയേ നടകൊള്ളും ബാന്ധവരഖിലരും;
പിരിയാതതുപോലും പിന്തുടരുന്നു ധമ്മം.
ആയുസ്സു മുടിഞ്ഞുയിർ നശിയ്ക്കുമ്പോൾ,സകലരും
പോയിടുമപ്പോളെഴുന്നോറു പായുമോ ഭവാൻ?
പുത്രമിത്രാരികളും സമ്പത്തും ശരീരവു-
മന്ധിരം, പരകീയം; പുണ്യപാപമേ സ്വന്തം.
ഒക്കെ വിട്ടവശനായ് പ്പോകേണ്ടിയിരിക്കെ, നീ
മുഖ്യമാം സ്വധമ്മം വിട്ടനയ്ക്കം കൊഠംവാനെന്തേ?
ഇരിപ്പാൻ തണലില്ല, തിന്നാനം കുടിപ്പാനു-
മൊരുസാധനമില്ല, മാർഗ്ഗദർശിയുമില്ല;
ഇങ്ങിനെയുള്ളവരും വൻകാട്ടിലൂടേ തനി-
ച്ചെങ്ങിനെ നടകൊള്ളും മരണമടഞ്ഞ നീ?
അപ്പോക്കിൽ നിൻപിന്നാലെ പോരുകില്ലൊന്നും രാജൻ;
തൽപാപപുണ്യങ്ങളേ പിന്തുടരുകയുള്ളൂ!
അമൃതസാതനഞ്ചിശ്രുതിസ്മൃത്യുക്തം ഹിതം
കുലദേശാർഹം ധമ്മമൂലമാം സദാചാരം.
ധമ്മമൊത്തിണങ്ങായ്കിൽത്തള്ളേണം കാമാർത്ഥങ്ങളും:
ധമ്മത്താൽ സ്വയംകിട്ടും കാമാർത്ഥാദികളെല്ലാം.
ഇന്ദ്രിയജയയോഗം രാപ്പകൽ ശീലിയ്ക്കുണം,-
മിന്ദ്രിയജിത്തേ പോര്ര നാട്ടാനെ നേരേനിത്താൻ.
കപ്രഗൽഭസ്ത്രീകടാക്ഷം പോലത്ര ചഞ്ചലം സമ്പ-
ത്തീടുറു നില്പാൻഭ്രപർ വിനയം പുലത്തേണം:
കാമമപ്പാക്രാന്തരായ് ചിന്തിയാതെന്തുംചെയ്യും
പാമരർക്കായുസ്സാടേ സമ്പത്തും മുടിഞ്ഞുപോം.

Digitized By Kerala Sahitya Akademi

ഭ്രതികഠം കൈവന്നാലും വിട്ടുപോയാലും ഭാവ-
ഭേദമൊന്നുളവാകാ ഗംഭീരാശയന്മാരിൽ:
ആറുകളെത്തിച്ചേന്നാലെന്തുവാനി,ല്ലെങ്കിലെ-
ന്തേ,റലും കുറയലുമില്ല വാരിധിയ്ക്കല്ലോ.
വ്യസന മൂതികളിൽ ദുസഹം വ്യസനം താൻ:
വ്യസനിക്കധോഗതി;-യവ്യസനനോ സ്വർഗ്ഗം!
കാമജവ്യസനം ഹാ, ദുഃഖദം വിശേഷിച്ചും;
ഭ്രമീന്ദ്ര, ധർമ്മജ്ഞനാം കാമമങ്ങുപേക്ഷിയ്ക്ക.
അവിവേകക്കും ദുഷ്ടാസുരഗ്ഗം നീതിജ്ഞകക്കും
വിവിധം ഭോഗൈശ്വര്യം ഒക്കുവതുമാകുന്നെ;-നാൽ
സ്ഥിരമായ് നിൽക്കില്ലതു ദുരിതാവരണത്താൽ
വിരകുചെന്തീയിനാൽപ്പോലവേ ദഹിച്ചുപോം,
ജ്ഞരിപ്പിൽ നടപ്പിലും നിദ്രയിൽജ്ജാഗ്രത്തിലും
ശരിയാം വിചാരമില്ലാത്തവൻ മൃതപ്രായൻ!
ആചാര്യനായിത്തോന്നും ശാന്തിമാനുപദേഷ്ടാ-
വാ,സന്നാവിനാശനോ തല്പനോരുപദേശം!
ബുദ്ധിമാൻ വിഷയമാം ജ്വരത്തെപ്പാർക്കി,സ്സമ-
സ്ഥയാം വ്യവഹാരയുക്തിയാൽ കാര്യംനേടും.
തിന്മയാലും നന്മ, നന്മയാലും ദിന്മ;
നമ്മഠംതൻമനമൊരുപൈതൽപോലോടിച്ചാടും;
വൃദ്ധർതൻധർമ്മാദേശം ധരിച്ച ശരിയായ
ബുദ്ധിയാലടക്കേണം മനസ്സിൻതായാട്ടിനെ.
ധർമ്മമോ, ബന്ധുക്കളോ, സ്നിഗ്ദ്ധരോ, കരപദ-
കർമ്മമോ, ദേശാന്തരയാത്രയോ, കൂട്ടിപ്പാടോ,
ക്ഷേത്രതീർത്ഥാദിസമാസേവനമോ ഹിതംനൽകാ;
പേർത്തുമീ മനസ്സിനെജ്ജയിച്ച വിലകിട്ടും.
അതിനാൽ വിഷയത്തിലുഴലും മനസ്സിനെ-
യതിയായ് പ്രയത്നിച്ചു നിയന്ത്രിക്കേണം പ്രാജ്ഞൻ:
മനസ്സിന്നടിപെട്ടനിനിടായ്കയാലത്രേ
മുനിമാർ കർമ്മങ്ങളാലതാനു ഹിതംനോടീ.
അറിവില്ലെന്നാല,ൻപുള്ളഭിജ്ഞരെത്തേ ചോദി-
ച്ചു,വർ ചൊന്നതുപോലെ യഥാർഹം ചെയ്യാമെല്ലോ.
എമ്മട്ടെന്നാലും കാമക്രോധങ്ങളടക്കേണം
നന്മതേടുവോന,വ നന്മയ്ക്കു വിരോധികഠം.
കാമനോ, ദേഹസ്ഥനാം വമ്പിച്ച രിപുവത്രേ;
കാമന വശഗ്നരായ് പ്പോകൊല്ലാ സ്ത്രഭാത്മികഠം.

Digitized By Kerala Sahitya Akademi

കാമനെപ്പണ്ടു മഹാദേവനാം ശൂലായുധ-
നാ മിഴിത്തിയ്യിലെരിച്ചനംഗനാകിത്തീർത്താൻ.
ധർമ്മത്തെശ്ശരിക്കനുഷ്ഠിപ്പതേ ശ്രുഭകരം;
ധർമ്മംതാനനുഷ്ഠിക്ക ധീരതപൂണ്ടു ഭവാൻ.
ഏത്രചഞ്ചലശ്വാസമിതൊരുഞൊടികളുള്ളിൽ-
പ്പത്തുന്തറുരുവോഗം വരവുംകഴിക്കുന്നു!
ഈമട്ടാമുയിരിനു വശനായ് വാഴുന്നവൻ
താമസംവരുത്താമോ ധർമ്മസേവനത്തിങ്കൽ?
ഹാ,കഷ്ടം കിഴവനാത്തീനിട്ടം നിനക്കരുതാ--
ന്നാകാത്ത വിഷയത്തിൽനിന്നു പിന്മാറുനീവേഗം.
കാമദോഷത്താൽ പാഴാന്മൂഢം നിന്നായുസ്സുകാലം;
ഭ്രമീശ, നിജഹിതമിനിയെങ്കിലും ചെയ്ക!
കഥിക്കാം സർവ്വോത്തമം ഹിതം തെ,ഞാൻ നിൻവാധ്യാൻ
സദസൽക്കർമ്മങ്ങളിൽപ്പുനഃ കൊള്ളുന്നോനല്ലോ:

പാപനാശിയാം പുണ്യമൊട്ടുമേ ചെയ്താത്താലും
ഭൂപ,തത്സമംനിശ്ചം ഔശീരം ചരിത്രിയം.
ബ്രഹ്മർഷിനൻ, സുരാചാര്യ, നുശനൻ, സ്തനം--
നിർമ്മഹാപാപനാശം ഔശീരമേകം ശാന്തി.
കരളാൽ മെയ്യാൽ ചൊല്ലാൽ ചെയ്ത പാതകമേതും
ഹരിമാസത്താൽ നീങ്ങുമക്നാലിരുപോലെ.
അതിനാലനുഷ്ഠിക്ക വൈശാഖവ്രതം ഭവാൻ;
ക്ഷിതിപാലക, മർത്യൻ തൽപുണ്യപ്രഭാവത്താൽ
പിറപ്പുതൊട്ടേചെയ്ത പോരുമാപാപമപോലും
മുരടോടറിട്ടൊടുവച്ചുതാലയംപൂകും.
ഒരുവൈശാഖംകൃത്യാനുഷ്ഠിപ്പാൻതക്കതെന്നാ
ദുരിതനിധികരംകും വൈകുണ്ഠവാസംകിട്ടും.
അതുകയാലീ വൈശാഖമാസത്തിൽ പ്രാതഃസ്നാന-
മാദരാൽചെയ്ക ഭവാനാഗ്രഹമുദകുംഭവും.
നെന്മണിയുമിപോലെ, പൊന്നിനു കറപോലെ,
കമ്മത്താലകന്നപോം നരനു പൻപ്രോഷ്മവും—
നെന്മണിയുടേതുപോലാജന്മസിദ്ധാംഗഭംഗം—
തിന്മയും ജീവന്നാനും; ചെയ്തുകാർത്തികത്രുവാൻ.'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, തൊശ്രാവ്യമാഹാത്മ്യപ്രകരണം,
ബ്രാഹ്മണയമസംവാദം, മഹീരഥോപാഖ്യാനാരംഭം തൊണ്ണൂറഞ്ചാമദ്ധ്യായം.

Digitized By Kerala Sahitya Akademi

തൊണ്ണൂറാമദ്ധ്യായം

(ശ്ലോകങ്ങൾ)

മഹീരഥൻ:—

'കുളിർവെണ്മകരംപൂണ്ടപാൽമഴ—
യ്ക്കുതിരാം നിൻ സുവിചിത്രവാക്കുകരം
പരിതോഷമിയറിടുന്ന മേ
കരളിൽ ബ്രാഹ്മണമൌലിരത്നമേ.

അപയോധിസമുത്ഭവം സുധാ—
രസമദ്രവ്യമനത്ഥഭേഷജം
നകരുന്നതിനേകി സൌമ്യ, നീ
മമ സംസാരവികാരനാശനം!

പരിതോഷകരം, നരന്നഹോ
ദുരിതഘ്നം, ദ്വിജ, സൽസമാഗമം
ജര മൃത്യുവിവറിനെത്തടു—
ത്തരുളും നല്ലൊരു ജീവനൌഷധം!

ധരയിങ്കൽ നരന്ന കേവലം
ദുരപാപങ്ങരം മനോരഥങ്ങളും
നിറവേറിടുമാകമാനമീ—
യുരപേറീടിന സാധുസംഗമാൽ.

ഏവനോ മുഴുകുന്ന കൽമഷം
കളയും സജ്ജനസംഗഗംഗയിൽ,
അവനെന്തിന തീർത്ഥസേവയും
തപവും ദാനവുമധ്വരങ്ങളും?

മമ, കാമസുഖോപഭോഗമേ
സതതം തേടിയിരുന്നമ്മട്ടിതാ,
തവ ദർശനഭാഷണങ്ങളാ—
ലധുനാമാറിമറിഞ്ഞുപോയ് വിഭോ!

ഒരു ജന്മനി. സൌഖ്യമേൽക്കുവാൻ
പല ജന്മങ്ങരം കെടുക്കുമേ ജഡൻ;
ബുധനോ, ഭുവി ജന്മമൊന്നിനാൽ
പലജന്മത്തിന മേന്മ ചേർത്തിടും.

Digitized By Kerala Sahitya Akademi

ശിവനേ, വിഷയോപഭോഗമാം
സുഖമൊന്നിൽക്കൊതിപ്പെച്ചുപോന്നാഞാൻ
അറിമൂഢതകൊണ്ടുചെയ്തതി-
ല്ലിവിടെത്തന്റെ ഗുണത്തിനൊന്നുമേ!
ഹാ മന്മതിമോഹ:-മംശനാ-
നിരയെച്ചൊല്ലി വൃഥാവിലെന്നൊഞാൻ
ദുരുദ്ധക്കൊരന്ത ദാരുണ-
വ്യസനക്കുണ്ടിലെറിഞ്ഞതില്ലയോ!
സഭയമെന്നൊവിളിച്ചുണത്തി ഹാ,
ഭഗവാനേ, കരുണാർദ്രനാം ഭവാൻ!
വഴിപോലുപദേശമൊന്നുത-
ന്നിനിയെന്നെക്കരയേറിടേണമേ!!

മധുമാസവിധാനമെന്നൊടൊ-
ന്നരുളിച്ചെയ്യുക വാഗ്മിസത്തമ;
അതുകൊണ്ടു സമസ്തപാപവും
കെടുമെന്നല്ലിയുപന്യസിച്ചു നീ.

കളിയെങ്ങിനെ? ദാനമെന്തുവാൻ?
പതിവെമ്മട്ടിഹ? ദേവനാരുവാൻ?
അരുൾചെയ്യുകിതൊക്കെയെന്നൊടീ-
ദുരിതം പിന്നിടുവാൻ ദ്വിജോത്തമ!'

ഇതുകേട്ടിട്ട് കരുണാനിധിയായ ഭഗവാൻ കശ്യപൻ ധർമ്മ്യവും വിശദഹിതവുമാംവണ്ണം മറുപടി പറഞ്ഞു:—'മേലും കീഴും ആലോചിക്കുന്നതിൽ ശ്രദ്ധ ചെലുത്താതെ പാപത്തിലേയ്ക്കിട്ടുപോയ നികൃഷ്ടനും ജ്ഞാനംചോദിച്ചാൽ പറഞ്ഞുകൊടുക്കണം: അങ്ങിനെ ദുർവൃത്തനായിരുന്നവനു സൽബുദ്ധിയുണ്ടാക്കിക്കൊടുത്താൽ, വിദ്യാദാനഫലം ശരിക്കു കിട്ടും. സംശയമില്ല. എന്നാൽ ചോദിക്കാത്തവനും, ന്യായംവിട്ടു ചോദിക്കുന്നവനും പറഞ്ഞുകൊടുത്തുകൂടാ; അറിവുണ്ടെങ്കിലും ബുദ്ധിമാൻ മൂഢനെപ്പോലെയിരിക്കയേ ചെയ്യാവൂ. നേരേമറിച്ച്, വിദ്വാന്മാർ, ശിഷ്യന്മാർ, പുത്രന്മാർ, ശ്രേയഃകാംക്ഷികൾ എന്നിവർക്ക്, ചോദിച്ചില്ലെങ്കിലും വേണ്ടതു പറഞ്ഞുകൊടുക്കണം. ഇപ്പോൾ ഭവാൻ എന്തോ പൂർവപുണ്യംമൂലം എന്റെ വാക്കിനാൽ പരിശുദ്ധചിത്തനായിത്തീർന്നു—രാജാവേ, പാപാവസ്ഥയിലിരുന്നിരുന്ന ഭവാന്റെ ശരീരം, എന്റെ സംസർഗ്ഗത്താൽ ധർമ്മശാസ്ത്രം ശ്രവിച്ചതുകൊണ്ടു ധർമ്മാവസ്ഥയെ അവലംബിച്ചിരിക്കുന്നു. ദേഹം മൂന്നുവിധത്തിലുണ്ടെന്നു വേദജ്ഞന്മാ

Digitized By Kerala Sahitya Akademi

ന്മാർ പറയുന്നു: ഒന്നാമത്തേത്, ധർമ്മവും ജ്ഞാനവുമില്ലാത്ത അധമ്മ്യമെന്ന പാപശരീരം; രണ്ടാമത്തേത്, സമ്പാദ്യങ്ങളോടുകൂടിയതായ ധാമ്മിക ശരീരം; മൂന്നാമത്തേത്, ധർമ്മാധർമ്മങ്ങളെ ഉണ്ടാക്കുന്നതായ യാതനാശരീരം. ധമ്മഭോഗവും മുക്തിയുമില്ലാത്തതിന്റെ കാരണമായ പാപശരീരം തന്നെ. ഇപ്പോൾ, ഗുരുവിങ്കൽ ഭക്തി ഒട്ടുമില്ലാതിരിക്കുകയും മറ്റൊന്നായ പാപങ്ങൾ കേർക്കുകയും ചെയ്തതിനാൽ അങ്ങയുടെ ശരീരം പാമ്പിനെപ്പോലെ ഇഴഞ്ഞിരിക്കുന്നു; തന്മൂലം, ധർമ്മാചരണത്തിനായി ഉണ്ടാകുന്ന മനഃശ്രദ്ധയിയും അങ്ങയ്ക്കുണ്ടായിരിക്കുന്നു. ഭൈരോഗ്യത്തെ വെറുക്കുന്ന മനസ്സിനും നടപടിക്കും ശരീരത്തിനും ക്രൂരഗ്രഹങ്ങളുടെ മാറാം വരാറുണ്ട്. ഇപ്പോൾ അങ്ങയുടെ മനസ്സു ധർമ്മത്തിൽ ചെന്നാവല്ലോ; അതുകൊണ്ട് ഭവാനെ ഞാൻ ശ്രേഷ്ഠമായ വൈശാഖസ്നാനം അനുഷ്ഠിപ്പിക്കാം.'

പിന്നെ പുരോഹിതനായ കശ്യപൻ ആ രാജാവിനെക്കൊണ്ടു വൈശാഖത്തിൽ സ്നാനവും മറ്റും പൂജയും ചെയ്യിച്ചു. ആ മഹർഷി ശാസ്ത്രത്തിൽ കണ്ടിരിക്കുന്ന വൈശാഖസ്നാനവിധി നരേന്ദ്രനെ പറഞ്ഞുകൊടുത്തു; ചോദിക്കയോ ചൊൽകയോ ചെയ്താൽ വഴിപോലെ ഫലം നൽകുന്നതായ വിഷ്ണുമാത്രവും ഉപദേശിച്ചു. പാർത്ഥിവൻ ഗുരുപദേശമനുസരിച്ചു സൂര്യനായ വൈശാഖവ്രതം അന്നുമുതൽ ആദരവോടെ ആചരിച്ചുപോന്നു: അല്ലെന്നാ രാവിലേ കുളിക്കും; പാദ്യം, അർഘ്യം, നൈവേദ്യം മുതലിവകൊണ്ടു പുരുഷോത്തമനെ ഭക്തിപൂർവ്വം ആരാധിക്കുകയുംചെയ്യും. ഇങ്ങിനെ, പതിവായി ദാനം നിയമനിഷ്ഠ എന്നിവയോടുംകൂടി വൈശാഖവ്രതം ആണ്ടുതോറും ഭക്ത്യാദരങ്ങളോടെ അനുഷ്ഠിക്കുന്നവൻ ഒരുത്തരോ, ബ്രാഹ്മണശ്രേഷ്ഠനോ, അവൻ വിഷ്ണുമന്ദിരത്തിൽ ചെന്നാണയും.

മറുമാസങ്ങളിൽ മഹീരഥൻ വീണ്ടും ഭോഗൈകലമ്പടനായി കാമിനീകുചങ്ങളിൽ യഥേഷ്ടം കളിയാടുകതന്നെ ചെയ്തു; വൈശാഖം കഴിഞ്ഞാൽ പിന്നെ, ആ കാമവശംവദന ധർമ്മചര്യയുമില്ല, രാജ്യകാര്യചിന്തയുമില്ല! ബ്രാഹ്മണോത്തമ, മഹാത്മാക്കൾ തടുക്കാവുന്നവനല്ലല്ലോ, ക്രൂടെപ്പിറക്കുന്ന മന്മഥൻ. വാസനയുണ്ടോ ആദ്ധിയും അറിവും? തൊട്ടുകൂടാത്ത ചെന്തീജ്വാലകളുണ്ട്, തലമുടിയാകുന്ന മഷിയോടുകൂടിയവരും കാഴ്ചയ്ക്കു നല്ലവരുമായ പെണ്ണുങ്ങളും; അവർ പുരുഷനെ പുല്ലിനെയെന്നപോലെ ചുട്ടെരിക്കുന്ന മനഃശ്ശുദ്ധി, ശരീരത്തിൽത്തന്നെ പാർക്കുന്ന ഒരു ഭയങ്കരശത്രുവത്രെ ധരണ്ടു; ആ പാപി മോഹധൂമങ്ങൾകൊണ്ടു 'ആരെ കണ്ണുകാണാതാക്കിക്കളയുന്നില്ല?

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, ബ്രാഹ്മണയമസംവാദം, മഹീരഥകൃതവൈശാഖപ്രോക്ഷാസ്നം തൊണ്ണൂറാറാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

തൊണ്ണൂറേഴാമദ്ധ്യായം

യമൻ:—അങ്ങിനെ അമിതമായ രതിസേവയാൽ ക്ഷയം പിടിച്ചു ക്ഷീണിച്ചിരുന്ന ആ രാജാവു് കാലത്തിന്റെ നോട്ടത്തിനു ലാക്കായി, പരമഗതിയടഞ്ഞു. ഉടനേ എന്റെ ദൂതന്മാർ ഇങ്ങോട്ടു കൊണ്ടുപോരികയായി. അവർ ക്രൂടക്രൂടെ പ്രഹരം ക്രൂട്ടുകയാൽ അദ്ദേഹം തന്റെ പാപത്തെ ഓർത്തുംകൊണ്ടു വാവിട്ട നിലവിളിക്കേ വിഷ്ണു പാർഷദർ അടുത്തെത്തി എന്റെ ഭൃത്യരെ തള്ളിനീക്കി, 'ഇയ്യാൾ ധർമ്മിഷ്ടനാണെ'ന്നും പറഞ്ഞു് അദ്ദേഹത്തെ വിമാനത്തിൽ കേറ്റി വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോയി. വൈശാഖപ്രാതഃസ്നാനത്താൽ പാതകം ക്ഷയിച്ചിരുന്ന പാർത്ഥിവനെ അപ്സരസ്ത്രീകൾ സ്തുതിച്ചുകൊണ്ടിരുന്നു. എന്നാൽ പുനരാലോചനയിൽ ഇയ്യാൾ ധർമ്മഹീനനെന്നു കണ്ടു്, വിഷ്ണുകിങ്കരന്മാർ നരപാലകനെ നരകമാർഗ്ഗത്തിന്നരികിലൂടെ കൊണ്ടുനടന്നു. അതിലേ നടക്കുമ്പോൾ, നരകത്തിൽ കിടന്നു വേവുന്ന ദേഹികളുടെ പലതരത്തിലുള്ള മുറവിളി രാജാവിന്നു കേൾക്കുമാറായി. പാപികളുടെ ആ അതിഭയംകരമായ ആക്രന്ദനം കേട്ടിട്ടു് അത്ഭുതവും അഴലും മൂഴുത്ത മഹീരഥൻ ദേവദൂതന്മാരോടു ചോദിച്ചു:—'എന്താണിങ്ങിനെ ഘോരമായ നിലവിളി കേൾക്കുന്നതു്? ഇതിനെന്തായിരിക്കാം കാരണം? മുഴുവനും പറഞ്ഞുതന്നാൽ കൊള്ളാം.'

ദേവദൂതന്മാർ:—'മദ്ധ്യാദവിട്ടു പാപം ചെയ്തവരും പുണ്യമില്ലാത്തവരുമായ ശരീരികളെ താമിസ്രാദി ഘോരനരകങ്ങളിൽ തള്ളിയിരിക്കയാണു്. ഭൂമിയിൽ പാപം ചെയ്തവർ മരണാനന്തരം യമലോകത്തു വന്നു തീവ്രദുഃഖം അനുഭവിച്ചുപോരുന്നു: യാതനാദേഹമുപേക്ഷിക്കുന്ന പാതകികളെ ഘോരരായ യമദൂതന്മാർ അങ്ങോട്ടുമിങ്ങോട്ടും വലിച്ചിഴച്ചു് അന്ധകാരത്തിൽ കൊണ്ടു തള്ളും; അവിടെ നായ്, കുറുനരി, കാക്ക, കഴു, കൊറ്റി, വായിൽനിന്നു് തീ പറക്കുന്ന ചെന്നായ്, നരി തുടങ്ങിയ മാംസഭോജികളും, പാമ്പു തേൾ മുതലായവയും അവരെ അതിഘോരമാംവണ്ണം ഇട്ടു കടിയ്ക്കും; തിന്മിൽ പൊരിയ്ക്കും; മുള്ളുകൊണ്ടു കുത്തും; ഈറ്റു വാൾകൊണ്ടു പിളർത്തും; പൈദാഹങ്ങളും മഹാവ്യാധികളും പിടികൂടി വലയ്ക്കും; ഘോരചലങ്ങളുടെ നാറാം ഇടയ്ക്കിടയ്ക്കു മോഹാലസ്യപ്പെടുത്തും; തിളച്ച എണ്ണയിലിട്ടു വറുക്കും; ഉലയ്ക്കകൊണ്ടടിക്കും; പഴുപ്പിച്ച ഇരുമ്പിന്മേലും പാറപ്പുറത്തും കിടത്തും. ചിലേടത്തു ഛർദ്ദിച്ചതും, ചിലേടത്തു ചോരയും, ചിലേടത്തു ചലവും കൂടിപ്പിക്കും; എല്ലു്, തലനാരു്, ചോര, ചലം, മാം

Digitized By Kerala Sahitya Akademi

സം എന്നിവ ചിന്നിച്ചിതറിയ സ്ഥലങ്ങളിലും, കരുവാളിച്ച ഒഗ്ഗന്ധം തിരണ്ട ശവങ്ങൾ കുന്നുകൂട്ടിയിട്ടതിന്മേലും കൊണ്ടുനിറ്റ്ത്തും; കരപത്രം, ശിലാപാതം, തപ്തസികതം, ലോഹം, തൈലം, വസ, സ്തംഭം, ക്രൂടശാല് മലി, ക്ഷുരകണ്ടകകീലങ്ങൾ, ജ്വാലാതരംഗം, അവയവങ്ങളെ അരിഞ്ഞുതള്ളുന്ന അസിപത്രവനം എന്നിവയിൽ വെവ്വേറെ പീഡിപ്പിയ്ക്കും; തിളപ്പിച്ച വൈതരണിച്ചലത്തിൽ മുക്കും; കൊടുതായ പൊട്ടക്കിണറ്റിൽ മറിക്കും; ഘോരാഗ്നിയിൽ വേവിയ്ക്കും; കഴുത്തിൽ കയർകെട്ടി മുറുക്കും; ദേഹത്തിൽ പാമ്പുകളെ ചുറ്റിക്കും; ചക്കിലിട്ടു വട്ടംതിരിയ്ക്കും. ഇങ്ങിനെ വലയ്ക്കപ്പെടുന്ന പാപികൾ പലതരം സ്വരത്തിൽ ഘോരമായി നിലവിളിയ്ക്കുന്നതാണിത്. വിഷയസുഖം അനുഭവിച്ച തോട്ടുക്രൂടിത്തന്നെ, അവർ വാവിട്ടു കരയുകയും ചെയ്യുന്നു! എല്ലാവരും പൂർവ്വകർമ്മം അനുഭവിയ്ക്കയാണിപ്പെയ്യുന്നത്.

സന്തോഷത്തിനു വേണ്ടിപ്പെയ്തു പരസ്ത്രീസംഗം സന്താപത്തിനായിത്തീരുന്നു! കുറച്ചുനേരത്തെ വിഷയസുഖം വളരെ കല്പങ്ങളിൽ ദുഃഖത്തിന്നിടവരുത്തുന്നു! രാജേന്ദ്ര, വൈശാഖപ്രാതഃസ്നാനത്താൽ വിശുദ്ധനായിരിക്കുന്ന ഭവാന്റെ കാറു തട്ടിയതിനാൽ ഈ നരകവാസികൾക്കു ക്ഷണനേരത്തേയ്ക്കാശ്വാസം കിട്ടിയിട്ടുണ്ട്; അങ്ങയുടെ തേജസ്സിനാൽ നിർവൃതരാകയാലത്രേ; ഇവർ കരച്ചിൽ നിറ്ത്തിയതു്. പുണ്യശീലരുടെ പേരുപോലും സൌഖ്യത്തെ ജനിപ്പിക്കുന്നതാണ്; അവരുടെ ദേഹത്തിൽ തട്ടിയ കാറ്റേറ്റാൽ വളരെ സുഖം തോന്നും.'

ഇതു കേട്ടപ്പോൾ അത്യന്തം കനിവു തോന്നിയ നരേന്ദ്രൻ അത്ഭുതകർമ്മാവായ വിഷ്ണുവിന്റെ ദൂതന്മാരോടു പറഞ്ഞു: വെണ്ണപോലെ മൃദുലമാണ് സജ്ജനങ്ങളുടെ ഹൃദയം; അതു പരസന്താപത്താൽ തീച്ചൂയായും അലിഞ്ഞുപോവും! 'പീഡയനുഭവിച്ചവനായ ഞാൻ ഈ ദുഃഖിതരെ വെടിഞ്ഞു പോവാൻ വിചാരിക്കുന്നില്ല: വലഞ്ഞവരുടെ സങ്കടം തീർക്കാത്തവൻ മഹാപാപിയത്രേ. എന്റെ ശരീരത്തിൽ തട്ടിയ കാറേററതിനാലാണ്, ഈ ജീവികൾക്കാശ്വാസം ലഭിച്ചുതെങ്കിൽ, എന്നെ അവിടെ കൊണ്ടാക്കുവിൻ. ചന്ദനമരങ്ങൾപോലെ പരസന്താപം പോക്കുന്നവരാണ് സജ്ജനങ്ങൾ; അതു സുകൃതികൾ പരോപകാരത്തിന്നായി പീഡയേൽക്കുന്നു! വലഞ്ഞവർക്കു സങ്കടം തീർത്തുകൊടുക്കുന്നതിൽ സ്വന്തം പ്രാണനെപ്പോലും പുല്ലായിക്കരുതുന്നവർ യാവചിലരൊ, അവർ തന്നെയാണ് ലോകത്തിൽ സത്തുക്കൾ. അതു പരപ്രീതോദ്യരത്രേ ഭൂമിയെ താങ്ങുന്നതു്. മനസ്സുഖം എവിടെയോ, അവിടം നരകമായാലും സ്വർഗ്ഗംതന്നെ. എന്നെന്നും പരസുഖം തന്നെയാണ് സത്തുക്കൾക്കു സുഖം. നരകത്തിൽ വീഴുന്നതും കൊള്ളാം;

Digitized By Kerala Sahitya Akademi

പ്രാണൻ പോകുന്നതും കൊള്ളാം; വലഞ്ഞവരുടെ സങ്കടം പോക്കാതെ ക്ഷണനേരംപോലും സുഖിയ്ക്കുക എന്നതു വയ്യതന്നെ!'

ദേവദൂതന്മാർ:—'ഭൂമിയിൽ പാപംചെയ്ത പ്രാണികൾ ഘോരനരകത്തിൽ പതിച്ചു സകർമ്മംഅനുഭവിച്ചുപോരുന്നു; ഇതിൽ അന്ധാളിപ്പാനൊന്നുമില്ല. ദാനമോ പുണ്യതീർത്ഥസ്നാനമോ ഹോമമോ പരോപകാരമോ യജ്ഞമോ തപസ്സോ ജപമോ, മറ്റു സുകൃതമോ സശ്രദ്ധം ചെയ്തിട്ടില്ലാത്തവർ ഇവിടെ, പരലോകത്തു് ഘോരനരകങ്ങളിൽ പതിയ്ക്കപ്പെടുക പതിവാണു്. ദുശ്ശീലർ, ദുർവൃത്തർ, നിന്ദിതചേഷ്ടിതർ, പരദ്രോഹികൾ, ദുർവ്യവഹാരികൾ, 'കൊള്ളിച്ചു പറഞ്ഞു' പരഹൃദയം പിളർത്തിയവർ, പരസ്ത്രീയുമായി രമിച്ചവർ എന്നീ പാപികൾ നരകത്തിൽ പചിക്കപ്പെടുന്നു. അതിനാൽ, മഹാഭാഗനായ രാജാവേ, വരൂ; നമുക്കു വൈകുണ്ഠത്തിലേയ്ക്കു പോവാം: പുണ്യശാലിയായ ഭവാൻ ഇനി ഇവിടെ നിന്നുക്രൂടാ.'

മഹീപതി:—'ദൂതന്മാരേ, ഞാൻ സുകൃതിയാണെങ്കിൽ, എന്തു കൊണ്ടാണു് എന്നെ ഈ ഭയങ്കരമായ നരകമാർഗ്ഗത്തിൽ കൊണ്ടുവന്നതു്? എന്തൊരു ദുഷ്കൃതമാണു്, ഞാൻ ചെയ്തിട്ടുള്ളതു്? അതല്ല, കാമസേവിയായിരുന്ന ഞാൻ അല്പമായുള്ള സുകൃതം ചെയ്തിട്ടില്ലെങ്കിൽ, എങ്ങിനെ വിഷ്ണുമന്ദിരത്തിലേയ്ക്കു പോരും? ഈ സംശയം തീർത്തുതരുവിൻ.'

ദേവദൂതന്മാർ:—'കാമവശനായിരുന്ന ഭവാൻ സുകൃതം ചെയ്തിട്ടില്ല, ശരിതന്നെ: അങ്ങു് യജ്ഞം കഴിച്ചിട്ടില്ല; യജ്ഞശിഷ്ടം ഭുജിച്ചിട്ടില്ല. പക്ഷേ, ഗുരുപദേശത്താൽ മുന്നുകൊല്ലം വൈശാഖത്തിൽ പ്രാതഃസ്നാനം അനുഷ്ഠിച്ചിട്ടുണ്ടു്; മാപാപങ്ങളേയും അതിപാപങ്ങളേയും മുരടരുക്കുന്ന ഭക്തവത്സലനായ മധുസൂദനൻതിരുവടിയെ ഭക്തിപൂർവ്വം ആരാധിക്കയും ചെയ്തിട്ടുണ്ടു്. എല്ലാറ്റിന്റേയും ഏകസാരമായ അതൊന്നുകൊണ്ടത്രേ, ദേവകളാൽ സ്തുതിക്കപ്പെടുന്ന ഭവാനെ വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകുന്നതു്. നരേശ്വര, ഒരൊറ്റത്തീപ്പൊരിയാൽ ഒരുക്കൂട്ടം പുല്ലെന്നപോലെ, വൈശാഖപ്രാതഃസ്നാനത്താൽ പാപസഞ്ചയം ചുട്ടെരിക്കപ്പെടും. വൈശാഖത്തിൽ പ്രഭാതസമയത്തു തീർത്ഥത്തിൽ മുഴുകുന്നതുവരെയ്ക്കു, പാപങ്ങൾ ശരീരത്തിൽ സ്ഥിതിചെയ്യൂ. വൈശാഖത്തിൽ വേണ്ടുന്ന നിയമങ്ങളോടുകൂടിയിരുന്നാൽ, ആ വിഷ്ണുഭക്തൻ മാപാപങ്ങളിൽനിന്നും വേർപെട്ടു മുകുന്ദമന്ദിരത്തിൽ ചെന്നാണയും. ജനിച്ചുമുതല്ക്കു് മറ്റു സുകൃതമൊന്നും ഭവാൻ ചെയ്തിട്ടില്ല; അതിനാലാണു്, അങ്ങയെ നരകമാർഗ്ഗത്തിൽ കൊണ്ടുവന്നതു്. വ

Digitized By Kerala Sahitya Akademi

സുധേശ്വര, ഇനി ഞങ്ങളോടൊന്നിച്ചു ദേവഗണത്താൽ സ്തുതിക്കപ്പെട്ടുംകൊണ്ടു് ഭവാൻ വൈകുണ്ഠത്തിലേയ്ക്കു പോന്നാലും.[2]

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, ശ്രവണ യമസംവാദം, മഹീരഥനിഷ്ക്രാണം തൊണ്ണൂറേഴാമദ്ധ്യായം.

—(0)—

തൊണ്ണൂറെട്ടാമദ്ധ്യായം

യമൻ:—അവരുടെ ദുഃഖത്താൽ പീഡിതനായിത്തീർന്ന കരുണാംബുധിയായ നരേന്ദ്രൻ ആ വിഷ്ണുഭൃത്യരോടു് താഴ്മയിൽ പറഞ്ഞു: 'ഐശ്വര്യം, അഭിജാത്യം, ഗുണങ്ങൾ, സുകൃതം എന്നിവയുടെ പ്രയോജനം ദീനസംരക്ഷണമെന്നത്രേ സജ്ജനമതം:—'എനിക്കു വല്ല സുകൃതവുമുണ്ടെങ്കിൽ, അതുകൊണ്ടു് ഈ ജീവികൾ നരകംവിട്ടു സ്വർഗ്ഗത്തിലേയ്ക്കു പോകട്ടെ; ഇവരുടെ സ്ഥാനത്തു ഞാൻ പാർത്തുകൊള്ളാം!'

ഇതുകേട്ടിട്ടു്, മനോഹരരായ മാധവഭൃത്യന്മാർ രാജാവിന്റെ നിർവ്യാജമായ ഔദാര്യത്തെ ശ്ലാഘിച്ചുംകൊണ്ടുരചെയ്തു:—'നരേന്ദ്ര, ഈ ദയാമസൃണമായ വാക്കിനാൽ അങ്ങു സമ്പാദിച്ച ധർമ്മത്തിനു സർവ്വശ്രേഷ്ഠമായ അഭിവൃദ്ധി വന്നിരിക്കുന്നു—ഭവാൻ വൈശാഖത്തിൽ അനുഷ്ഠിച്ച സ്നാനവും ദാനവും ജപവും തപവും ഹോമവും വിഷ്ണുപൂജയും മറ്റും അനന്തഫലമായിത്തീർന്നിരിക്കുന്നു. യജ്ഞദാനങ്ങൾ ചെയ്തവൻ സ്വർഗ്ഗത്തിൽ ദേവകളോടൊന്നിച്ചു്, കല്പവൃക്ഷാവൃതങ്ങളായ പൊൻതാമരപ്പൊയ്കകളിൽ കളിയാട്ടകയും, ഗീർവ്വാണരമണിമാരുടെ ഗീതങ്ങളാൽ ആനന്ദിക്കുകയും ചെയ്യും; അന്നപാനങ്ങൾ കൊടുത്തവൻ ശോഭനമായ വരുണലോകത്തിൽ വസിക്കും; ഗോദാനം ചെയ്തവൻ ഏഴുതലമുറയെ നിഷ്പ്രയാസം കരയേറ്റും; അശ്വദാതാവു് സൂര്യലോകവും, വിദ്യ നൽകിയവൻ ബ്രഹ്മലോകവുമടയും; സ്വർണ്ണദാനം, അഭയദാനം, കന്യകാദാനം എന്നിവ ചെയ്തവൻ സുരലോകം പ്രാപിക്കും. വൈശാഖത്തിൽ സ്നാനവും ദാനവും വിഷ്ണുപൂജയും അനുഷ്ഠിച്ചവനൊ, വാഞ്ഛിച്ചതൊക്കെയും സാധിച്ചു വൈകുണ്ഠത്തിൽ ചെന്നുചേരുന്നു! തപസ്സു്, ദാനം, യാഗം, ഇഷ്ടി മുതലായ സൽക്കർമ്മങ്ങൾ ഒന്നായിച്ചേർന്നാലും, അതിനു കിടനില്ക്കും വൈശാഖവ്രതം. വൈശാഖമാസത്തിൽ ഒരൊറ്റദിവസം ഭോജനം ചെയ്ത പുണ്യം കൊടുത്താൽ

Digitized By Kerala Sahitya Akademi

ത്തന്നെ സർവ്വദാനങ്ങളിലും മീതെയായി! അതിനാൽ, ദയാലൊ, നരകത്തിൽ എരിപൊരികൊള്ളുന്നവർക്ക് ഒരു ദിവസത്തെ പുണ്യം കൊടുത്തേയ്ക്കുക. ദയപോലൊരു ധർമ്മമില്ല; ദയപോലൊരു തപസ്സില്ല; ദയപോലൊരു ജ്ഞാനമില്ല; ദയപോലൊരു സുഹൃത്തില്ല. പുണ്യം നൽകിയവന്നു പുണ്യം ലക്ഷമിരട്ടിയാവും. ദയമൂലം വിശേഷിച്ചും അങ്ങയ്ക്കു ധർമ്മം വർദ്ധിച്ചിരിക്കുന്നു. ദുഃഖത്തിൽപ്പെട്ടവർക്കു ദുഃഖം തീർത്തുകൊടുക്കുന്നവൻ ആരോ, അവനത്രെ സുകൃതി. അവനെ വിഷ്ണുപദമായി കരുതണം. വീര, ഭവാൻ വൈശാഖവ്രാവിന്നാഠം സർവപാപഹരമായ തീർത്ഥസ്നാനവും ദാനവും മറ്റും ചെയ്തിട്ടുള്ളതു്, വിഷ്ണുവിനെ സാക്ഷിയാക്കി മൂന്നരു ഉച്ചരിച്ചു് ഇവർക്കു് കൊടുത്തേച്ചാൽ ഇവർ സ്വർഗ്ഗം പൂകിക്കൊള്ളും.

പണ്ടു ദയാനിധിയായ ശിബി, പിറാവിനെ രക്ഷിപ്പാൻവേണ്ടി തന്റെ മാംസം കൊടുത്തതിനാൽ മഹാകീർത്തിമാനായി സ്വർഗ്ഗമടഞ്ഞു; ദധീചിരാജർഷി, തന്റെ അസ്ഥി ദാനം ചെയ്തയാൽ മൂന്നുലോകത്തിനും വെണ്ണിലാവായ കീർത്തിയും അക്ഷയമായ സ്വർഗ്ഗവും നേടി. സഹസ്രജിത്തെന്ന രാജർഷി ഒരു ബ്രാഹ്മണന്നുവേണ്ടി തന്റെ പ്രാണൻ വെടികയാൽ വലിയ യശസ്സു നേടി, ശ്രേഷ്ഠലോകങ്ങളും പ്രാപിച്ചു. ദീനസംരക്ഷണത്താലുള്ള സുഖം സ്വർഗ്ഗത്തിലൊ അപവർഗ്ഗത്തിൽത്തന്നെയൊ കൈവരികയില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്! പണ്ടേ ഏറ്റെടുത്തിട്ടുള്ള സർവദാനങ്ങളിലും വെച്ചു ദയാദാനംതന്നെ പ്രശസ്തം. സൌമ്യ, ദയാദാനത്തിൽ അങ്ങയ്ക്കുള്ള മനഃസ്ഥൈര്യം കണ്ടിട്ടു വേദവാദികളായ ഞങ്ങൾക്കും അഭിമാനം തോന്നുന്നു! രാജാവെ, അങ്ങയ്ക്കു സമ്മതമാണെങ്കിൽ, നരകദുഃഖങ്ങളെ നശിപ്പിക്കുന്നതായ ആ പുണ്യം ഇവർക്കു കൊടുക്കാം, താമസിക്കേണ്ട.'

ഇതിൻവണ്ണം ആ ദയാലു ഗദാധരദേവനെ സാക്ഷിയാക്കി മൂന്നരു ഉച്ചരിച്ചു് വൈശാഖമാസത്തിലെ ഒരുദിവസത്തെ പുണ്യം നരകവാസികൾക്കു ദാനംചെയ്തു. അതോടുക്കുടി, അവരെല്ലാവരും യാതനാദുഃഖങ്ങളിൽനിന്നു വേർപെട്ടു്, വസുധേശ്വരനെ വണങ്ങി സ്തുതിച്ചുകൊണ്ടും, സഹർഷം വീക്ഷിച്ചുകൊണ്ടും, ശ്രേഷ്ഠവിമാനമേറി സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു.

[ശ്ലോകങ്ങൾ]

വൈശാഖമാസൈകദിനോത്ഥപുണ്യം
നരേശ്വരൻ നൽകിയതേറുവാങ്ങി

Digitized By Kerala Sahitya Akademi

നാകംഗമിച്ചാർ നരകംവെടിഞ്ഞു
വിമാനമാണ്ടേവരുമെത്രചിത്രം!
പുണ്യം വിശേഷേണ വളർന്ന ഭൂപനും
ദേവർഷിവൃന്ദസ്തുതി കേട്ടുകൊണ്ടുതാൻ
യോഗീശ്വരക്കും കിടയാത്ത സൽപദം
പുക്കാൻ മുകുന്ദാനുഗപൂജ്യമാനനായ്.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം,
ബ്രാഹ്മണയമസംവാദം, മഹീരഥവൈകുണ്ഠഗമനം തൊണ്ണൂറെറട്ടാമദ്ധ്യായം.

—(o)—

തൊണ്ണൂറെറാൻപതാമദ്ധ്യായം

യമൻ:—ബ്രാഹ്മണശ്രേഷ്ഠ, വൈശാഖമാസത്തിന്റേയും വിശേഷിച്ചു വാവിന്റേയും മാഹാത്മ്യം കുറഞ്ഞൊന്നു ഞാൻ ചുരുക്കിപ്പറഞ്ഞു. ഈ വിഷ്ണുപ്രിയമായ ഇതിഹാസം വൈശാഖത്തിൽ വായിച്ചാൽ, മനുഷ്യൻ വേഗേന വിശുദ്ധനായി വൈകുണ്ഠമടഞ്ഞു, വളരെ കല്പങ്ങളം അവിടെ സുഖിച്ചു വാഴും. ധന്യവും യശസ്യവും ആയുഷ്യവും ശ്രേയസ്സിന്നിരിപ്പിടവും സ്വർഗ്ഗ്യവും ശ്രീകരവും മനം തെളിയിക്കുന്നതും മഹാപാപങ്ങളെ പോക്കുന്നതുമാണിത്. ഈ വൈകുണ്ഠപ്രിയമായ വൈശാഖമാഹാത്മ്യവും, മഹീരഥചരിതവും നമ്മുടെ സംവാദവും വഴിപോലെ ശ്രവിയ്ക്കയോ പഠിയ്ക്കയോ ചെയ്താൽ ക്ലേശനാശനമായ ഭഗവൽഭക്തി ഉണ്ടായിവരും.

മഹാഭാഗ, ഇനി ഭവാൻ ഈ ദേവലോകത്തുനിന്നു മടങ്ങിപ്പോയാലും. ബന്ധുക്കൾ അങ്ങയുടെ ശരീരം 'നിലത്തിറക്കി' കരയുകയാണിപ്പോഴും; അതിനെ അവർ വിലപിച്ചുംകൊണ്ടു തീയ്യിൽ വെയ്ക്കുന്നതിന്നുമുമ്പേ, ഭവാൻ ചെന്ന ഉറക്കമുണർന്ന മട്ടിൽ എഴുന്നേല്ക്കു. എന്റെ പ്രീതിയാൽ ഇവിടെവെച്ചു പുണ്യയോഗം ഭവാൻ ശ്രവിച്ചുവല്ലോ; ഇതു യഥാകാലം ശരിക്കനുഷ്ഠിച്ചുകൊള്ളുക. ഒടുവിൽ അങ്ങേയ്ക്കു ദേവകളോടു ചേരാം.'

ഇങ്ങിനെ ദേവവചനംകേട്ടു മനം തെളിഞ്ഞ ബ്രാഹ്മണൻ ധർമ്മരാജനെ നമസ്കരിച്ചു തിരിയെ ഭൂമിയിലേയ്ക്കു പോന്നു, ധർമ്മരാജപ്രസാദത്താൽ ബന്ധുമദ്ധ്യത്തിൽ ഉറക്കമുണർന്നപോലെ എഴുന്നേറ്റു. അ

Digitized By Kerala Sahitya Akademi

ദ്ദേഹം പിന്നെ കൊല്ലംതോറും വൈശാഖസ്നാനം വഴിപോലെ അനുഷ്ഠിക്കയും അനുഷ്ഠിപ്പിക്കയും ചെയ്തുപോന്നു.

വൈശാഖസ്നാനപുണ്യ പ്രസംഗത്താൽ ഈ ബ്രാഹ്മണ യമസംവാദം ഞാനിവിടെ അറിയിച്ചു. എന്നെന്നും വിഷ്ണുപ്രിയമായ വൈശാഖമാസത്തിൽ ഭക്തിയോടെ സ്നാനവും ദാനവും ഹോമവും മറ്റു സൽക്കർമ്മവും ചെയ്തുപോരുന്ന പ്രാജ്ഞനു വൈകുണ്ഠപദം ഒരിക്കലും ദുഷ്പ്രാപമാകയില്ല. മേഷമാസമാഹാത്മ്യം ഏകാഗ്രചിത്തനായി ശ്രവിച്ചാൽത്തന്നെ, മനുഷ്യൻ പാപമൊഴിഞ്ഞു വിഷ്ണുവിന്റെ പരമപദം പ്രാപിക്കും."

ഋഷിമാർ:—"സൂത, മഹാപ്രാജ്ഞനായ സൂത, ഭവാൻ ഏറ്റവും ദയപൂണ്ടു് പാപനാശനമായ വൈശാഖമാഹാത്മ്യം പറഞ്ഞുതന്നു; ശ്രൌതസ്മാർത്തവിധിപ്രകാരമുള്ള സ്നാനദാന വിഷ്ണുപൂജാദി നിയമങ്ങളും അങ്ങു വിവരിച്ചു. ഇവകൊണ്ടു, മാപാപം പോക്കുന്ന മാധവൻ തിരുവടി പ്രസാദിയ്ക്കുമല്ലോ. ഇനി, ആ ഭക്തവത്സലനായ മഹാത്മാവിന്റെ സംസാരതാരണമായ ധ്യാനാക്രുടി കേൾക്കേണമെന്നുണ്ടു്."

സൂതൻ:—"മഹർഷിമാരെല്ലാവരും കേട്ടുകൊൾവിൻ; ജഗദാത്മാവായി ഗോപക്കും ഗോപിമാക്കും ഗോക്കൾക്കും പ്രാണനായി വൃന്ദാവനസഞ്ചാരിയായിരിക്കുന്ന കൃഷ്ണന്റെ ധ്യാനം ഒരിക്കൽ ഗൌതമൻ ചൊദിച്ചപ്പോൾ നാരദൻ അദ്ദേഹത്തിനു പറഞ്ഞുകൊടുക്കുകയുണ്ടായി; പാപനാശനമായ അതു ഞാൻ പറയാം:

(കിളിപ്പാട്ടു്—കേക.)

'മേല്ക്കുമേലിളംതളിരണിഞ്ഞു മണംപെറും
പൂക്കളാൽ തേൻതുകുന്ന വൃക്ഷങ്ങളിടതിങ്ങി,
വിടന്ന മലർക്കുലചേന്നവല്ലികം ചൂഴെ-
പ്പടന്ന വൃന്ദാവനം ധ്യാനിയ്ക്കു മനംനിത്തി:
പെരികെപ്പുന്തേൻ നുകന്നൊ,ലികൊള്ളുമാറങ്ങു
മുരണ്ടു മണ്ടീടുന്ന വണ്ടുകളതാതിടം;
ശുകശാരികാപികകളുകണ്ടൊടിഖഗ-
പ്രകരം ക്രുകീടുന്നു; മൈലുകം ക്രുത്താടുന്നു;
ഉല്ലുളൽകളിന്ദജാവീചിനീർക്കണമേന്തി,—
ഫുല്ലപങ്കജങ്ങൾതന്നുള്ളിലെപ്പാടിപൂശി,
പ്രൌഢമന്മഥമാരാം ഗോപികമാർ തന്നുട-
യാടകളുലച്ചുങ്ങു വീശുന്ന കുളിർതെന്നൽ.

Digitized By Kerala Sahitya Akademi

വിദ്രുമത്തളിർ ഗാരുത്മതമാമിലയും വെൺ–
മുത്തുപൂമൊട്ടും പത്മരാഗമാം കായും തിങ്ങി,
ദ്യുതുക്കളാറും സദാ ചേന്നം, വേരുറച്ചത്യു–
ന്നതമായങ്ങുണ്ടൊരു കാമദം കല്പദ്രുമം.
ചാരുപീയൂഷം ചാറുമായതിൻ ചുവട്ടിൽ, ശ്രീ–
മേരുശൃംഗോദ്യൽ സൂര്യദീപ്രമാം പൊന്നഴിയിൽ,
പൂമ്പൊടി ചിന്നുമൊരു രത്നമണിത്തറ പിന്നിടം–
ക്കാമ്പിലോക്കേണം ബുധൻ കാമാദിഷട്കാപേതം.
അത്തറയിന്മേൽ മഹായോഗപീഠത്തിൽബ്ബാലാ–
ദിത്യഭാസപരമാമൊരെട്ടിതൾത്താമരയ്ത്താരിൽ
സപ്രസ്ഥനായ് മദ്ധ്യേ വാഴ്വൂ കലിശഭിനാഞ്ജന–
പ്രത്യഗ്ര കുവലയമേഘനേർവർണ്ണൻ കണ്ണൻ:
പട്ടിനൊത്തിടതൂർന്ന പുരുണ്ട കരിംകുഴൽ
കെട്ടിവെച്ചതിലോമന്മയിൽപ്പീലികൾചൂടി,
വണ്ടുകൾമുകരുന്നൊരണ്ടർമാമരമലർ–
ച്ചെണ്ടണിനവോല്പലം തുച്ചെവിതന്മേൽ ചാർത്തി,
അളകാവലി ചിന്നം നെറിമേൽ ഗോരോചനാ–
തിലകം തൊട്ട,ലസൽകുന്തചില്ലികളോടും,
നീരലരിതൾനെടുംകൺകളൊത്ത,കളങ്ക–
ശാരദമുഴുതിങ്കൾപോലുള്ള മുഖത്തോടും,
രമ്യോച്ചനാസയൊടും, മകരസൽകുണ്ഡല–
രത്നരശ്മിയാൽ മിന്നും ഗണ്ഡദ്വന്ദ്വത്തോടും,
മന്ദാരകുന്ദേന്ദുശ്രീമന്ദഹാസത്താലാശാ–
മണ്ഡലം തിളങ്ങിച്ച സിന്ദൂരാധരത്തോടും,
ചേലെഴും വനപുഷ്പപല്ലവങ്ങളാൽ കോത്ത
മാലയിട്ടൊളിതങ്കുംശംപൊളിക്കഴുത്തോടും,
മത്തഭൃംഗങ്ങൾ മുരണ്ടെമ്പാടും പറക്കുന്ന
മന്ദാരമാല്യംതൊലുമുന്നതോച്ചുമലോടും,
മൌക്തികതാരാവൃതപീനവക്ഷസ്സാം വാനിൽ–
ക്കൌസ്തുഭസൂര്യൻ മിന്നി, ശ്രീവത്സലക്ഷ്മത്തോടും,
പരിചിൽ മുട്ടോളം നീണ്ടുരുണ്ട തുക്കയ്യോടു,–
മരിയ വയറോടും, ഗംഭീരനാഭിയോടും
വരിവണ്ടെതിരൊളിപൂണ്ട രോമാളിയോടും,
പെരിയകുറിഞ്ഞിപൂശിയപൂമെയ്യോടും,

Digitized By Kerala Sahitya Akademi

അങ്കുശധ്വജമത്സ്യവജ്രാബ്ജയവചക്ര-
ശംഖരേഖാലംകൃതച്ചെംകൈകാൽത്തലത്തോടും,
പലകല്ലുകൾവെച്ച താലി-തോൾവള-കാഞ്ചി-
തള-മോതിരം-വള-യിടക്കെട്ടിവയോടും,
മഞ്ഞപ്പൂന്തുകിലണിനിതംബബിംബത്തോടും,
മഞ്ഞുവാംതുട-മുട്ട-കൈതപ്പൂക്കണംകഴൽ-
കമഠോന്നതപ്പുറവടിയെന്നിവയോടും,
കമലായുധഗവ്വംകളയുമഴകോടും,
മാണിക്യമുകുരനേർനഖങ്ങൾവിളങ്ങിന
ശോണാഭാംഗുലിദളപാദപങ്കജത്തോടും,
പൂവദനത്താലൂതുംവേണുവിൻതുളകളിൽ-
കൈവിരൽകളാൽ മീട്ടിട്ടിവ്യഗീതികൾതുകി
സവ്ജീവികളേയും മയക്കിനിറുത്തിക്കൊ-
ണ്ട,വ്യയസുഖാണ്ണവം സൌന്ദര്യസാരോച്ചയം.

അവിടെത്തദപാക്ഷാബ്ജംനോക്കിനില്ക്കുന്നതൈപ്പെക്ക-
ളവിടിൻകനംമൂലമലസഗമനകൾ,
വല്ലികപോലെനീണ്ടുതുങ്ങിയ വാലും, വായിൽ-
ത്തെല്ലൊക്കെച്ചവച്ചപുൽത്തുണ്ടുമായ് ച്ചുഴലവും;
ചുരന്ന മുലയിന്മേലനങ്ങാതമരുന്ന
ചെറുവായ്കളിൽനിന്ന പാൽപ്പതയൊഴുകിയും,
ഭുവനമനോജ്ഞമാമുരളീഗാനംകേൾപ്പാൻ
ചെവിപൊങ്ങിച്ചുംനിൽപ്പുപൈക്കൾതൻതൈക്കുഞ്ഞുങ്ങൾ;
മുഴക്കെത്തടിവെച്ചു താടയും കുറെത്തുങ്ങി
മുതിന്നകിടാങ്ങളോ, വാൽപൊക്കിനിലക്കൊൾവൂ
ഇളതാംശിരസ്സിങ്കൽ മുളച്ച കൊമ്പാൽക്കുത്തി-
ക്കളിപ്പാൻതുനികയാലിളകും കളമ്പോടും;
വനവിച്ചപൂഞ്ഞക്കെട്ടുപണിപ്പാടോടേ ചുമ-
'ന്നമ്പ'യിട്ടുലകെല്ലാമുലയ്ക്കും കാളക്രൂറർ
മൂക്കുകൾവിടത്തിനിന്നാവേണുനാദാമൃതം
മേല്ക്കുമേൽ നുകരുന്ന നിവന്ചെവികളാൽ.

പ്രായവും സ്വഭാവവും വേഷവുമൊരേമട്ടി-
ലായനല്ലായർപ്പിഞ്ഞുപൈതങ്ങൾചുഴലവും
വേണുവൂതുന്ന, വീണമീട്ടുന്ന,കളോല്ലള-
പാണികൾ പുലിനഖമോതിരമണിഞ്ഞവർ;

Digitized By Kerala Sahitya Akademi

മന്ദോച്ചതാരസ്വരം പാട്ടുകൾ പാടീടുന്നു;
സുന്ദരദോവ്ല്ലികളിളക്കിക്കുത്താട്ടുന്നു;
കണംകാൽവരെഞാലുമരഞാണിലെപ്പോൻ-
കിങ്ങിണികൾകിലുങ്ങുമാറഴകിൽനടക്കുന്നു.

സേവനംചെയ്വൂചുറവും ഗോപസുന്ദരിമാർകൾ
പീവരശ്രോണീഭരമന്ഥരപ്രയാണമാർ,
രോമരേഖാധ്യാരൂഢത്രിവലിസോപാനമാർ,
പോർമുലക്കനംകൊണ്ടു തുമദ്ധ്യം കുനിഞ്ഞവർ,
നിതരാം മധുരിമ പൂണുമാ വേണുഗാനാ-
മൃതത്താൽ തളിരിട്ട മന്മഥത്രൂമത്തിന്റെ
പൂമൊട്ടിൻനിരപോലെ പൊങ്ങിയ രോമാഞ്ചത്താൽ
കോമളതനുലതയ്ക്കഴകു മുഴുത്തവർ,
നന്ദജനുടെ മന്ദഹാസമാം നിലാവിനാൽ
നന്നായി വളർന്നോരു രാഗവാരിധിയുടെ
ലോലവീചികകൾതൻ ശീകരനിരയെന്നാ-
പോലവേ വിയർപ്പുനീർത്തുള്ളികൾ ചിതറിയോർ
കണ്ണന്റെ കുനുചില്ലിവില്ലിൽനിന്നരപേറും
കണ്മനകളാം കാമബാണങ്ങൾ പൊഴികയാൽ
മർമ്മങ്ങളെല്ലാം കീറിത്തളർന്ന പൊറാവല്ലാ-
ത്തമ്മഹാരുജയാൽ പോലാവോളം വിറക്കൊണ്ടവോർ,
ആയർകോൻകുമാരന്റെ ഭാസുരാകൃതിവേഷ-
ശ്രീയാകുമാമൃതിനെച്ചീത്ത കൌതുകത്തോടേ
അലസാലോലമിഴിപ്പൊയ്ത്താരാൽ നുകരുവോ-
രുലാലപ്രേമപയഃപൂരത്തിൻ സരിത്തുകൾ,
അഴഞ്ഞ കേശത്തിൽനിന്നുതിരും പൂവിൻതേനി-
ന്നൂഴറി വരിവണ്ടു പേത്തുപേത്തണയുവോർ,
അരഞാണിളകിക്കുത്തഴിയും ചീനപ്പട്ടി-
നുകമേ കാണാകുന്ന നിതംബഭൃതിചേന്നോർ,
ഇടറും പൂഞ്ചുവടിവെപ്പിലാശകൾ മുഴ-
ങ്ങിടുമാറണിരത്നത്തളകൾ കിലുങ്ങുവോർ,
പൂടുറ്റ നെടുവീർപ്പേറോമനത്തളിർച്ചുണ്ടു
വാടുവോരൊ,ളിമിന്നും കുണ്ഡലമണിഞ്ഞവർ
മന്മഥോന്മാദമദാൽ മഞ്ജുവാക്കിടുവോർ,
നന്മല്ലക്കരങ്ങളിൽ നാനോപഹാരംപൂണ്ടോർ;

Digitized By Kerala Sahitya Akademi

ആ ലളിതാംഗികംതന്നാലോലവിശാലാക്ഷി-
നീലനീരജദളമാലകം മെയ്യിൽച്ചാർത്തീ,
തന്മുഖപദ്മത്തേനുണ്ണും പ്രേമോന്മദ-
ക്കൺമുനവണ്ടിണ്ടയാൽ കരളകക്കുന്നോനായ്,
ഏറിയ വിലാസങ്ങളം പൂണ്ടു വാണരുളുന്ന
ശൌരിതൻ മുന്നിൽശ്ശുവ്ബ്രഹ്മേന്ദ്രാദ്യമരന്മാർ
ശ്രീപദയോഗം തേടി സ്തുതികളം ചൊല്ലീടുന്നു
ഗോപഗോഗോപാംഗനാവൃന്ദത്തിൻവെളിക്കായി;
വലത്തുവശത്തെന്നും ധർമ്മസുസ്ഥിതിക്കായി-
പ്പലരും ചൊല്ലിപ്പുകഴ്ത്തുന്ന മാമുനിവൃന്ദം;
പിന്നിലോ, സനകാദി യോഗീന്ദ്രർ വിമുക്തിക്കാ-
യുന്നതസമാധിയിലുള്ളുറച്ചരുളുന്നു;
സിദ്ധചാരണവിദ്യാധരകിന്നരർ പതീ-
യുക്തരായിടത്തങ്ങു യക്ഷഗന്ധർവ്വന്മാരും,
കാമസംപ്രാപ്തികായിട്ടസ്സരോവരമാരും
കേമമായ് നടത്തുന്നിതാട്ടവും പാട്ടും കൊട്ടും.
വാനിലായ്നിൽപ്പൂ സർവ്വശാസ്ത്രജ്ഞൻ കന്ദേന്ദുഭാഭൻ
ജ്ഞാനജസുതൻ തടിൽപിംഗളജടാജൂടൻ,
മറെറാന്നുമിച്ഛിക്കാതെ മാധവപദാബ്ജഭക്തി-
ലുറപ്പേകിയെമാത്രം തേടി,ത്തൽപ്രസാദാത്മം
സപ്തസുസ്വരഗ്രാമത്രിതയനാനാശ്രുതി-
വ്യക്തമൂർച്ഛനാചാരുഗീതങ്ങളം പാടിക്കൊണ്ടേ.
സച്ചിദാത്മാവാം നന്ദപുത്രനെയേവം വസ്തു-
സ്പർശചിത്തനായ് ജ്ഞാനിച്ചിറരസങ്കല്പത്താലും
അച്ചിക്കവീണ്ടും ഭക്ത്യാബാഹ്യോപഹാരത്താലും'
ഇപ്പോലിതൊക്കെ ഞാൻ ചൊല്ലിനേൻ ദ്വിജേന്ദ്രരേ.."

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, വൈശാഖമാഹാത്മ്യപ്രകരണം, ശൌനകനാരദസംവാദം, കൃഷ്ണധ്യാനകഥനം തൊണ്ണൂറൊന്പതാമദ്ധ്യായം.

ഒരുന്നൂറാമദ്ധ്യായം

ഋഷിമാർ:—"മഹാഭാഗ, അത്ഭുതമായ രാമചരിതം വീണ്ടും വണ്ണിച്ചാലും: രാമന്റെ മഹിമയെല്ലാം ഭക്തന്മാക്കു തുഷ്ടികരമാണല്ലൊ.

Digitized By Kerala Sahitya Akademi

അശ്വമേധമഹായാഗത്തിന്നശേഷം, ശാസ്ത്രകൃത്യവിശാരദനായ ദാശരഥി എന്തെല്ലാം ലോകകൃത്യങ്ങളാണു് നടത്തിയതു്?"

സൂതൻ:—"മഹാത്മാവായ പരമേശ്വരൻ പാർവ്വതിയോടുകൂടി അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു്, ഒരു ബ്രാഹ്മണന്റെ വേഷത്തിൽ സരയൂതീരത്തിരിയ്ക്കുകയായിരുന്നു. അപ്പോഠം കശ്യപാദിമഹർഷിമാർ തേജസ്സേറിയ തന്തിരുവടിയുടെ അടുക്കൽ ചെന്നു ചോദിച്ചു:—'മുനിശ്രേഷ്ഠ, ഭവാനു സ്വാഗതം! ഭവാനും ഭാര്യയും എവിടെനിന്നു വരുന്നു? എന്തിനാണിവിടെ വന്നതു്? എങ്ങോട്ടു പോകുന്നു?'

ശിവൻ:—'ഞാൻ ഹിമാലയവാസിയായ ശംഭു എന്നൊരു ബ്രാഹ്മണനാണു്; ശ്രീരാമനെ കാണാൻ പോകയാണു്. അവിടെ എനിക്കു വലിയ ഒരു കാര്യമുണ്ടു്: അദ്ദേഹമു പുരാണം വായിപ്പാൻ എന്നെ ക്ഷണിച്ചിരിക്കുന്നു. നിങ്ങളും പോന്നുകൊഠംവിൻ; രാഘവനു സന്തോഷമാവും.'

ശിവനോടൊന്നിച്ചു് ആ മഹർഷിമാരും രാമനെ കാണാൻ നടകൊണ്ടു. അവർ വന്നതറിഞ്ഞു് വസിഷ്ഠൻ രാമനെ ഗ്രഹിപ്പിച്ചു. പരന്തപനായ രഘുപുംഗവൻ വെമ്പലോടേ എഴുന്നേറ്റു് പുരോഹിതനോടുകൂടിച്ചെന്നു് ആ മുനിമാരെല്ലാവരേയും സ്വാഗതംചൊല്ലി പാദ്യാർഘ്യാദികഠം കൊണ്ടു സൽക്കരിച്ചു്, അരമനയിലേയ്ക്കു കൊണ്ടുപോന്നു് വെവ്വേറെ ആസനങ്ങളിലിരുത്തി; പിന്നീടു മധുരഭാഷണംകൊണ്ടു് അവരെ മാനിച്ചു സന്തോഷിപ്പിച്ചു:—'ഇന്നു് എനിക്കു ജന്മം സഫലമായി! ഇന്നു് തപസ്സിന്റെ ഫലം കൈവന്നു! ഇന്നു് വിദ്യാഭ്യാസം ഫലവത്തായി! ഇന്നു് എന്റെ പിതൃക്കഠം സന്തോഷിച്ചു! ഇന്നു് എന്റെ രാജ്യം സഫലമായി! ഇന്നു് എന്റെ നടപടി സഫലമായി! ഇന്നു് എന്റെ ശാസ്ത്രജ്ഞാനം സഫലമായി!'

മുനിമാർ:—'ഇതാ, കൈലാസവാസിയായ ശംഭുബ്രാഹ്മണൻ വന്നിരിക്കുന്നു. സർവ്വശാസ്ത്രജ്ഞൻ—വേദവേദാംഗവിശാരദൻ—സർവ്വഭൂതഹിതൈഷി— സദാ തപോനിരതൻ— ബ്രഹ്മതേജസ്സിൽ ബ്രഹ്മാവിനോടുസദൃശൻ—ബ്രഹ്മജ്ഞരിൽ ശ്രേഷ്ഠൻ—ബ്രാഹ്മണവാത്സല്യത്തിൽ വിഷ്ണുവിനോടും, പ്രസാദത്തിൽ ശിവനോടും തുല്യൻ— ഇങ്ങിനെയെല്ലാമുള്ളാളാണു് ശംഭുബ്രാഹ്മണേന്ദ്രൻ. അഷ്ടാദശപുരാണങ്ങളിലും ന്യായമീമാംസകളിലും ഈ മുനിപുംഗവനു പൂർണ്ണ പാണ്ഡിത്യമുണ്ടു് മഹാപ്രഭോ, ഇവിടുന്നു ക്ഷണിച്ചതിനാൽ, ഇവിടുത്തെ ആവശ്യം പ്രമാണിച്ചു, കൈലാസത്തിൽ നിന്നു വന്നിരിക്കയാണിദ്ദേഹം. അതിനാൽ ശ്രേഷ്ഠമായ ഒരു പുരാണം വായിപ്പാൻ ആവശ്യപ്പെട്ടാലും

Digitized By Kerala Sahitya Akademi

കേൾപ്പാൻ വേണ്ടിയാണ് ഞങ്ങൾ ഇങ്ങോട്ടു പോന്നതു്. വേദങ്ങളുടെ മറുകരപുക്കവനായാലും സർവ്വശാസ്ത്രതത്പജ്ഞനായാലും, പുരാണം കേൾക്കാത്തവനുണ്ടോ, സൽഗതി കണ്ടെത്തുന്നു?'

തത്ത്വദർശികളായ മുനിമാരുടെ ഈ വാക്കു് പുരാണശ്രവണേച്ഛുവായ രാജപുംഗവനു നിസ്തുല്യമായ സന്തോഷമുളവാക്കി.

രാമൻ:—'സുവ്രതനായ മുനിവരോത്തമ, ലിംഗപൂജാവിധിയും, ലിംഗം, പൂജ, ശിവനാമം, നമസ്കാരം, ദർശനം, ജലധൂപദീപഗന്ധപുഷ്പാപ്പണം എന്നിവയുടെ മാഹാത്മ്യവും, പാപനാശനങ്ങളായ പലതരം ഉപാഖ്യാനേതിഹാസകഥകളും, ധർമ്മാർത്ഥകാമമോക്ഷോപായങ്ങളും—ഇതൊക്കെ— ഇവിടുന്നു പറഞ്ഞു കേൾപ്പാൻ എനിയ്ക്കു് അത്യഗ്രഹമുണ്ടു്.'

ശംഭു:—'രാമ, രാമ, മഹാഭാഗോ, രാഘവ, ഭവാൻ പുണ്യവാനാകുന്നു: രാജ്യകാര്യം നോക്കുന്ന ഭവാനു പുരാണം കേൾക്കേണമെന്നു തോന്നിയല്ലോ! ഇതു മഹത്സംസർഗ്ഗംകൊണ്ടും പുണ്യതീർത്ഥസേവനംകൊണ്ടുമേ തോന്നുകയുള്ളു. ശിവനെ കീർത്തിയ്ക്കുന്നതു യാതൊന്നോ, അതാണു് നാവു്! തൻതിരുവടിയിങ്കൽ അർപ്പിക്കപ്പെട്ടതു യാതൊന്നോ. അതാണു് മനസ്സു്! തൻതിരുവടിയെ പൂജിക്കുന്നവ മാത്രമാണു് ശ്ലാഘ്യങ്ങളായ കൈകൾ! ശിവനാമകീർത്തനത്തിൽ യാതൊന്നു കോൾമയിർകൊള്ളുന്നുവോ, അതു ശരീരമാണു് ഏതു ജന്മത്തിലും ശ്രേഷ്ഠതരം! മഹാരാജാവേ, ഇവിടുന്നു് കൃതാർത്ഥൻതന്നെ: ഇതു ചോദിപ്പാൻ തോന്നിയല്ലോ!'

ഇത്രയും പറയുമ്പോഴേയ്ക്കും ഏതാനും പേർ ഓടിക്കിതച്ചുകൊണ്ടു് അവിടെ വന്നെത്തി, ഒരെഴുത്തു രാഘവങ്കൽ സമർപ്പിച്ചു. രാമൻ അതു വായിച്ചിട്ടു്, 'ഇതെങ്ങിനെ പറ്റി' എന്നു വിചാരിച്ചുകൊണ്ടിരിക്കെ, പാർവ്വതിയോടുകൂടി ബ്രാഹ്മണരൂപം ധരിച്ചിരുന്ന പരമേശ്വരൻ ചോദിച്ചു:—'കാകുൽസ്ഥ, മഹർഷിമാർ മുൻവശത്തുതന്നെ സ്ഥിതിചെയ്കെ, ഭവാൻ എന്താണാലോചിക്കുന്നതു്?' ഉടനെ ശ്രീരാമൻ മുനിശ്രേഷ്ഠന്മാരോടു ചോദിച്ചു:—'ഞാൻ പ്രതിഷ്ഠിച്ച രാമേശ്വരശിവലിംഗത്തെ ദർശിപ്പാൻ ചെന്ന വിഭീഷണനെ ദുഷ്ടകുടിലന്മാരായ ദ്രാവിഡന്മാർ ചങ്ങലകൊണ്ടു ബന്ധിച്ചുകളഞ്ഞതെങ്ങിനെ? അതാലോചിച്ചാൽക്കൊള്ളാം.' മഹർഷിമാർ ആലോചിച്ചുനോക്കി; എന്നാൽ അവക്കു തെല്ലും മനസ്സിലായില്ല. 'ഞങ്ങൾക്കറിഞ്ഞുകൂടാ' എന്നവർ മറുവടി പറഞ്ഞു. അപ്പോൾ രാമൻ അഭിപ്രായപ്പെട്ടു:—'സത്തമന്മാരെ, പുരാണം വഴിപോലെ (പകുത്തു) നോക്കി, ഇതെല്ലാം പറയുവിൻ: നിങ്ങൾക്കറിഞ്ഞുകൂടാതായതിന്റെ കാരണവും വഴിയേ ആലോചിക്കണം. ഏതേതു

Digitized By Kerala Sahitya Akademi

പുരാണം നോക്കണം? ഏതേതു വർഞ്ജിക്കണം? എങ്ങിനെയുള്ള ശ്ലോകമാണ് പ്രശസ്തം? എങ്ങിനെയുള്ളതാണ് അപ്രശസ്തം? ഏതുതരം കാര്യങ്ങളിൽ ഏതുതരം പൂജകൻ വേണം? തീരുമാനം കാണാൻ ഏതുതരം ഭക്തന്മാർ പൂജ നടത്തണം?' ആ ബ്രാഹ്മണശ്രേഷ്ഠന്മാർ ചിന്താകുലിതചിത്തനായിരുന്ന രഘുനാഥനോടു മറുവടിപറഞ്ഞു:—'രാമ, ഞങ്ങളല്ല പറയാൻ; പുരാണജ്ഞനോടാവശ്യപ്പെട്ടുക.' ഉടനെ രാമൻ ശംഭുവിനോടു സവിനയം ചോദിക്കുകയും, ആ മഹാപ്രാജ്ഞൻ പറയാൻ തുടങ്ങുകയും ചെയ്തു:—

'പുരാണംവായിച്ചു നാഥം കഴിക്കുന്നവൻ വേണം പൂജിപ്പാൻ: തന്റെ ശാഖ പഠിച്ച ശ്രോത്രിയനും, ശുചിയും, മീമാംസാതത്വജ്ഞനും, കളവില്ലാത്തവനും, ദേവന്മാരിലൊക്കെ സമദൃഷ്ടിയും, ശിവഭക്തനും, ശതരുദ്രീയം ജപിക്കുന്നവനും, അഗ്നിഹോത്രിയും, വിശേഷിച്ചു യജുർവേദിയുമായിരിക്കുന്ന വായനക്കാരൻ താളിയോല ഗ്രന്ഥംവച്ചു പൂജിക്കണം; അതു ദേവലിപികളാൽ എഴുതിയതായിരിക്കണം: രണ്ടു പട്ട(പത്ര)വും വലത്തുവശത്തു മുകളിൽ വളഞ്ഞ രേഖയും താഴെ അനുസ്വാരവും ചേർന്നതു പ്രണവാക്ഷരം; പ്രണവത്തിന്റെ വലത്തുവശം, വളഞ്ഞ രേഖയ്ക്കു പകരം കീഴ്പോട്ടൊരു വരയിട്ടാൽ അകാരം; അതിന്റെ വലത്തു് കീഴ്പോട്ടൊരു വരയിട്ടാൽ ആകാരം; അക്ഷരേഖയോടുക്രടി ഇടത്തോട്ടു രണ്ടു ഷഡ്ചക്ര (?) ബിന്ദുക്കളിട്ടാൽ ഇകാരം; ഇകാരത്തിന്നു മുകളിൽ ഒരു വളഞ്ഞ രേഖ കൊടുത്താൽ ഈകാരം; പ്രണവമൊഴിച്ചു് എല്ലാ അക്ഷരങ്ങൾക്കും മുകളിലെ വര വളയാത്തതായിരിക്കണം; കീഴ്വരയുടെ അറ്റം അരിവാൾ പോലായാൽ ഉകാരം; രണ്ടു് അരിവാൾ വര ചേർന്നാൽ ഊകാരം. ഇങ്ങിനെ മറ്റു ലിപികൾക്കും സരസ്വതി ലക്ഷണം വിധിച്ചിട്ടുണ്ടു്. ഇത്തരം ലിപിയാൽ എഴുതപ്പെട്ട പുരാണമത്രെ മുഖ്യം. ബ്രാഹ്മം, പാദ്മം, വൈഷ്ണവം, സൌരം, നാരദീയം, മാർക്കണ്ഡേയം, ആഗ്നേയം, കൌർമ്മം, വാമനം, ഗാരുഡം, ലൈംഗം, സ്കാന്ദം, മാത്സ്യം, നാരസിംഹം, കാപിലം, വാരാഹം, ബ്രഹ്മവൈവർത്തം, ശൈവം, ഭാഗവതം, ഔശ്ശം, ഭവിഷ്യോത്തരം, ഭവിഷ്യം എന്നിവയാണു് ശകുനം (പകർത്തു) നോക്കാൻ പ്രശസ്തങ്ങൾ; മറ്റുള്ളവ പാടില്ല.

ഗ്രന്ഥം ചരടഴിച്ചു മടിത്തിപീഠത്തിന്മേൽ വെയ്ക്കണം; കുളിച്ചു ശുദ്ധനായി അലക്കിയ വസ്ത്രം ധരിച്ചു പൂജകൻ ശാന്തനായി വെമ്പൽ കൂടാതെ ആത്മ്യം സങ്കല്പംചെയ്തു് ആത്മാവിനെ പൂജിച്ചു്, പാശാങ്കുശ പുസ്തകാക്ഷസൂത്രധാരിണിയായി ശുഭ്രവർണ്ണയായി പ്രസന്നവദനയായിരിക്കുന്ന സരസ്വതിയെ ധ്യാനിയ്ക്കണം; പിന്നെ പാലിനൊത്ത ധവളവ

Digitized By Kerala Sahitya Akademi

ണ്ണവും മൂന്നു തൃക്കണ്ണും പുഞ്ചിരിക്കൊണ്ട മുഖവും പൂണ്ടു ശാന്തനായി, ശുഭ്രവസ്ത്രധാരിയായി, വൃഷഭവാഹനനായി, മുകളിലെ ഇരുകൈകളിൽ മാൻ അഭയമുദ്ര എന്നിവയേയും താഴത്തെ ഇരുകൈകളിൽ വ്യാഖ്യാന വരമുദ്രകളേയും ധരിച്ചവനായി, കിരീടാദി നാനാമണിഭ്രഷണാലംകൃത നായി, വളരെ മഹർഷിമാരാൽ ധ്യാനിക്കപ്പെടുന്നവനായി, മൂർത്തി മത്തുക്കളായ വേദപുരാണങ്ങളാൽ സ്തുതിയ്ക്കപ്പെടുന്നവനായി മറവു സ വ്വലോകങ്ങളാലും സംസേവിത പാദപത്മനായിരിക്കുന്ന ശിവനേയും ധ്യാനിച്ചു പൂജ തുടങ്ങണം: ആപോ വാ എന്ന മന്ത്രം കൊണ്ടു ജ ലകലശം അഭിമന്ത്രിച്ചു് അതിൽനിന്നു വെള്ളമെടുത്തു്, 'ഓം തൽ സൽ ബ്രഹ്മ' എന്നുച്ചരിച്ചു തങ്കലും എല്ലാ പാത്രങ്ങളിലും തളി ക്കണം; യദ്പാകു് എന്ന ഋക്കുകൊണ്ടോ പുരുഷസൂക്തംകൊണ്ടോ ഗായത്രികൊണ്ടോ ഭാരതികൊണ്ടോ ഷോഡശാക്ഷരം ചെയ്യണം; 'ഓം നമോ ഭഗവതേ അമുകപുരാണായ' എന്നു, പുരാണത്തെ പൂജിക്ക ണം. കാണ്ഡാൽ എന്ന മന്ത്രം ചൊല്ലി കറുക കൊണ്ടുവന്നു്, അ തിനെ, 'ഓം നമോ ഭഗവത്യൈ ദുർഗ്ഗായൈ' എന്നു പൂജിക്കണം; ദിക്പാ ലപൂജാനന്തരം ഒരു പെൺകുട്ടിയെ—അഞ്ചുവയസ്സിനു മീതേയും പത്തു വയസ്സിനു താഴേയുമുള്ളവളേയോ ഋതുമതിയായിട്ടില്ലാത്തവളേയോ— ഗന്ധപുഷ്പാക്ഷത ധൂപദീപ താംബൂലഭ്രഷണങ്ങളും കൊണ്ടു പൂജി ക്കണം; എന്നിട്ടു് അവളെക്കൊണ്ടു്, 'സത്യബ്രൂഹി പ്രിയം ബ്രൂഹി ഭഗവതി, സരസ്വതി, നമസ്തേ നമസ്തേ' എന്ന മന്ത്രം ചൊല്ലിക്കണം; ഗ്രന്ഥത്തിന്നടുക്കൽ പുവട്ടിലായി സഹസ്രപരമ എന്ന ഋക്കു ചൊല്ലി നിരത്തിവെച്ചിട്ടുള്ള ഇണക്കറുകകളിൽനിന്നു് അവശ്യപ്പെടുന്ന മൂന്നു ഇണക്കറുകകളും അവളുടെ കയ്യിൽ കൊടുക്കുകയും ചെയ്യണം; അവൾ അതു മൂന്നും ഗ്രന്ഥത്തിന്റെ ഇരുപൊളികൾക്കിടയിലേയ്ക്കു റിയണം.

പിന്നീടു് അവളെ അയച്ചു്, 'ശിവാഭ്യാം നമഃ' എന്നുച്ചരിച്ചു വീ ണ്ടും ഗ്രന്ഥം പകുക്കണം. രണ്ടേടുകളിൽ നേരേ നടുവിലായി വരുന്ന ശ്ലോകമാണു് കായ്ത്തെ സൂചിപ്പിക്കുന്നതു്. ആ ശ്ലോകം മുമ്പത്തെ ഏടിൽ അവസാനിച്ചിരിക്കുന്ന എങ്കിൽ, പിന്നത്തെ ഏടിലെ ശ്ലോ കം വായിച്ചു് അർത്ഥം വേർതിരിച്ചു പറയണം: പതുക്കെപ്പതുക്കെ വാ യിച്ചു പതുക്കെപ്പതുക്കെ വ്യാഖ്യാനിച്ചുകൊള്ളണം. ബദ്ധപ്പെടരുതു്; ബദ്ധപ്പെട്ടാൽ വാഗ്ദേവി കോപിയ്ക്കും. കാൽനാഴികയോ അതിലധി കമോ താമസിച്ചാലും വായിയ്ക്കുന്ന ബ്രാഹ്മണനെ അറിയാനുള്ളതു പറയാൻ തിടുക്കരുതു്. പൂജകൻ ശ്ലോകം ചൊല്ലി അർത്ഥം നിർണ്ണയി ച്ചതിന്നു ശേഷം അതു യുക്തമായാലും അയുക്തമായാലും ശരിയ്ക്കു പറ

Digitized By Kerala Sahitya Akademi

യണം. ഗ്രന്ഥത്തിലേതല്ലാതെ മറെറാരു ശ്ലോകമാണ് ബ്രാഹ്മണൻ ചൊല്ലിപ്പോയതെങ്കിൽ, അതു ശരിവെയ്ക്കുകതന്നെവേണം; സമ്മതിയ്ക്കാതിരുന്നക്രൂടാ: ദൈവേച്ഛയാ വന്നതായിരിയ്ക്കും ആ ശ്ലോകം. ദൈവബലം ചെറുതല്ലല്ലോ. ഉപശ്രുതികളിലെന്നപോലെ ഇതിലും വായനക്കാരന്നപരാധമില്ല; നാം അത്ഭുതപ്പെടേണ്ടതുമില്ല: ദൈവഗതി കുടിലമാണല്ലോ. പദങ്ങൾക്കു മാറിമറിച്ചിലോ ഏടിനു വല്ല കേടോ ഉണ്ടെങ്കിൽ അതു വിട്ടു രണ്ടാമത്തതു വായിച്ചുകൊള്ളണം; അതും പറ്റില്ലെങ്കിൽ മൂന്നാമത്തതു വായിച്ചു കായ്യം ചിന്തിയ്ക്കാം.

ആദ്യന്തങ്ങളിൽ വിസർഗ്ഗവും സ്തുതിയും ലിട്ടും (ക്രിയാപദവിശേഷം) ഇല്ലാത്തതും, അഞ്ചാമക്ഷരം പവർഗ്ഗത്തിൽപ്പെട്ടതല്ലാത്തതുമായ ശ്ലോകം ശകുനത്തിൽ നല്ലതാകുന്നു; അദ്ധ്യായാരംഭം, അദ്ധ്യായസമാപ്തി, എഴുതാത്ത ഏടു്, വെറുതേ വല്ലതും എഴുതിയതു്, പറഞ്ഞതുതന്നെ പറയുന്നതു്, സ്തുതിയ്ക്കുടുത്തതു്, കരിഞ്ഞ ഏടു്, മാഞ്ഞ അക്ഷരം, സന്ദിശ്ധാക്ഷരം എന്നിവ നന്നല്ല. ദീപ്തം ശാന്തം എന്നു രണ്ടുതരത്തിലുണ്ടു് പ്രശ്നം; ശാന്തവും ഉല്പത്തിസ്ഥിതിവൃദ്ധികളാൽ രണ്ടുതരത്തിൽ വരും. അതിൽ, യത്രോക്തലക്ഷണാനപിതമായ ശാന്തമാണുത്തമം.

ഇനി, മനുഷ്യക്കുപയോഗത്തിന്നായി ചില അവസ്ഥാഭേദങ്ങളും പറയാം: ഒരാളുടെ കായ്യം ചിന്തിയ്ക്കുമ്പോൾ, മറെറാരാൾ പ്രശ്നത്തിന്നായി വന്നു്, 'എന്താണാലോചിക്കുന്നതു്' എന്നു ചോദിക്കുക, എഴുത്തു സമപ്പിക്കുക എന്നീ രണ്ടിൽ എഴുത്താണു് ശുഭം; അഥവാ, വന്ന ആൾ മുൻകായ്യം കഴിയട്ടേ എന്നു കാത്തുനില്ക്കുന്നതും ശുഭം തന്നെ. കണ്ട ദിക്കിൽ വെച്ചു ചോദിക്കുക, സ്തുതിച്ചു ചോദിക്കുക? എന്നിവയിൽ ആദ്യത്തേതാണു് ഭേദം. മരണഘട്ടത്തിൽ, 'പറഞ്ഞതു മനസ്സിലായോ' എന്ന പ്രശ്നം ശുഭകരമാണു്; വാദാവസരത്തിൽ ജയത്തെപ്പററിയുള്ള പ്രശ്നം ജയസൂചകമാകുന്നു; ഇവിടെ മഴ പെയ്യുന്നതും കൊള്ളാം: വന്പിച്ചു മഴയാണെങ്കിൽ ജയം പ്രയാസപ്പെട്ടും, നേരിയ മഴയാണെങ്കിൽ ഉപായങ്ങൾ കൊണ്ടും, ഇടത്തരം മഴയാണെങ്കിൽ യത്നോപായങ്ങൾ കൊണ്ടുമായിരിക്കും. പുരാദിവർണ്ണനം ഇടമട്ടിലാണെങ്കിൽ നന്നു്; ശൃംഗാരവർണ്ണനം കലഹദ്യോതകമത്രേ. രാജ്യകായ്യാലോചനയിൽ രാജചിഹ്നം നല്ലതാണു്. ഏതിൽ എങ്ങിനെയുള്ളതന്തരൂപമോ, അതിൽ അങ്ങിനെയുള്ളതു പണ്ഡിതന്മാർ ആലോചിച്ചുകൊള്ളണം.

സ്തുതി, വൈരാഗ്യം എന്നിവ കായ്യത്തിന്നല്പസിദ്ധിവരുത്തിതെററിച്ചുകളയും; പൂർണ്ണസിദ്ധി വരുത്തില്ല. രാഘവ, ശാന്തവിചാരണത്തിൽ പൂർവ്വാർദ്ധങ്ങൾക്കു മാറിമറിച്ചിലും വിസർഗ്ഗസമാപ്തിയും ഒരു കാ

Digitized By Kerala Sahitya Akademi

യ്യത്തെ മറൊരു മട്ടിലാക്കും; അദ്ധ്യായസമാപ്തിയാൽ സങ്കല്പത്തിന്ന് അന്യഥാ ഭാവംവരും; കാണ്ഡാദികളുടെ അവസാനം കായ്യത്തെ നശിപ്പിക്കതന്നെ ചെയ്യും. ഈവക ദോഷങ്ങൾ ശകുനത്തെ വിപരീതമാക്കിത്തീർക്കും. തുമ്മുക, ഗ്രന്ഥം വീഴുക, തലയൊ മറൊ വല്ലേടത്തുംവെച്ചു മുട്ടുക, വായനക്കാരന്ന മടുപ്പു തോന്നുക എന്നിവ ശകുനനാശനങ്ങളത്രെ; അതിനാൽ ഈ വക ദോഷങ്ങളിൽ ശകുനം പാടില്ല.

ഉപമയാണ് കണ്ടതെങ്കിൽ കായ്യസിദ്ധി സന്ദിശ്ധമെന്നു പറയണം; ഇവിടെയും ഇടത്തരം മഴ കായ്യസിദ്ധിയെ സൂചിപ്പിക്കുന്നതത്രെ.

സ്മൃതിയും ചിലേടത്തു—നിർണ്ണയം, വിവാഹം, ഔഷധം, ദാനം, വ്യവഹാരം, കൃഷി എന്നിവയിൽ—കൊള്ളാം. യഥാർത്ഥമായ സ്മൃതി പൂർണ്ണസിദ്ധിയെ കെടുത്തുകയില്ല; അയഥാർത്ഥസ്മൃതിയാണ് കായ്യസിദ്ധിയെ കെടുത്തുന്നതു്. ശാന്തപ്രശ്നത്തിൽ ശ്ലോകാർത്ഥം മനസ്സിലാകായ്ക, നാട്ടുവിട്ടോടുക, രോഗം പിടിപെടുക, കവർച്ചക്കാരൊ മറൊ വന്നുകേറുക എന്നിവ കായ്യനാശനങ്ങളാണെന്നു പുരാണജ്ഞന്മാർ അഭിപ്രായപ്പെട്ടുന്നു.'

രാമൻ:—'ശ്ലോകാർത്ഥം മനസ്സിലാകാഞ്ഞാൽ വായനക്കാരൻ എങ്ങിനെ പറയും? പറയാഞ്ഞാൽ തീർപ്പിന്നതാണെന്നു ശ്രോതാക്കൾക്കറിയാറാകുമൊ? ഇതിന്നു് ഒരുദാഹരണം പറഞ്ഞു് അർത്ഥം ചിന്തിച്ചാൽക്കൊള്ളാം. പണ്ഡിത, ഭാഗാബുദ്ധശ്ലോകവും ഒന്നു ചൊല്ലുകതന്നെ.'

ശംഭു:—

'മധുനിചമധുന്യത്ര മധുമ്മധുഭൂജം മധുഃ
മധുനാമധുനാദത്ഥവിഷാണിച വിഷാണിച.'

ഈമാതിരി അർത്ഥം മനസ്സിലാകാത്ത ശ്ലോകം ശകുനത്തിൽ നന്നല്ല;

'രുതേ രുതേ രുതേ രോരൊ രീരീരാരം രിരീരിരം
ഏവം കരോതി ശ്രുദ്ധാത്മാ ബ്രാഹ്മണോ ബ്രഹ്മതോഥിഃ.'

ഇത്തരം ഭാഗാബുദ്ധശ്ലോകവും ശകുനത്തിൽ നന്നല്ല. രാമ്മത്തമ, ഈ മാതിരി ശ്ലോകങ്ങൾ പുരാണങ്ങളിൽ കണ്ടേയ്ക്കാം. അവ വ്യാഖ്യാനിപ്പാൻ വയ്യ; ചൊല്ലാമെന്നമാത്രം. ചൊല്ലുന്നവന്നും കേൾക്കുന്നവന്നും മറിച്ചു തോന്നാരുതു്; വ്രതനിയമങ്ങളിലും അങ്ങിനെതന്നെ;

Digitized By Kerala Sahitya Akademi

വേദമെന്നപോലെ പുരാണങ്ങളും എങ്ങിനെ എന്നു ചിന്തിക്കാവുന്നവയല്ല. മൂന്നുനാലുരു പൊല്ലി ആലോചിച്ചാൽ അർത്ഥം ഉണ്ടായി എന്നും വരാം. ശ്ലോകത്തിന്റെ അർത്ഥവും പ്രകരണവും ശരിക്കു വിചാരിക്കണം; എന്നാൽ അവയിൽ ശ്ലോകത്തിനാണ് പ്രാധാന്യം. പ്രകരണം അതിൽ താഴെ.

വൃഥാപഠം (എഴുതാത്ത ഏടു്)വൃഥായാസവും, ദഗ്ധ (കരിഞ്ഞ), പഠം നാശവും വരുത്തും; നിവാഹപഠം മറഞ്ഞിരുന്നാൽ അതു കാര്യസൂചകമാകയില്ല; ദ്രവിച്ച ഏടും അക്ഷരംപോയ ഏടും വ്യയത്തെ സൂചിപ്പിക്കുന്നവയാണ്; വൃഥാലിപിയിൽ വൃഥാ ക്ലേശം; പുനരുക്തിയിൽ വിസമ്മതം; ഉപമയിൽ കാര്യം സാധിക്കുമോ ഇല്ലയോ എന്ന സന്ദേഹം; അഥവാ സാധിപ്പാൻ കാലതാമസം; അക്ഷരം അസ്പഷ്ടമെങ്കിൽ, നിർദ്ദിഷ്ടദിവസങ്ങളിലായാലും കാര്യം സംശയസ്ഥിതിയിലാകും. നാഥംതോറും പുരാണം പഠിത്തുനോക്കിക്കൂടാ; ഊൺ കഴിച്ചിട്ടും നിന്നിട്ടും പുരാണം നോക്കരുതു്; തലേന്നാൾ രാത്രി പൂജ കഴിച്ചിട്ടു പിറേന്നാൾ രാവിലേയും, പൂജിയ്ക്കാതെ പെട്ടെന്നും നോക്കരുതു്.

സന്ദർഭാദികളുടെ വ്യത്യാസത്താൽ ശകുനത്തിന്നും വ്യത്യാസം വരും: എല്ലാ ശുഭകാര്യങ്ങളിലും പ്രേതശ്രാദ്ധാദിസന്ദർഭം വർജ്ജിക്കണം; ശിക്ഷവിധിക്കൽ, ശാപം, ദേശംമാറൽ, രാക്ഷസാദി ദുഷ്ടസംഹാരം, ദഹനം, ദേവപ്രതിമാനിർമ്മാണം, വമനം, ക്ഷൗരം, ചിരി, അറപ്പു്, ദുഃഖം, ദുസ്വപ്നം, തല തിരിച്ചിൽ, വസ്ത്രവും മറവും കീറുക, കഷ്ടപ്പാടു്, കലഹം, മരണം, ക്രൂരന്മാരുടെ വരവു്, മഹത്തുക്കൾക്കു ഭയം മുതലായ സന്ദർഭങ്ങൾ നന്നല്ല. സന്ധ്യാഭത്തെപ്പറ്റി ചിന്തിക്കുമ്പോൾ മഴയും, ഗ്രഹങ്ങളുടെ ഉദയവും രോഗശാന്തിയും പ്രശസ്തമത്രേ. ഏറെ പറയുന്നതെന്തിനു്? അതാതു സന്ദർഭം സ്വയം നിരൂപിച്ചുകൊള്ളണം.

എല്ലാ പുരാണങ്ങളിലും വെച്ചു് ഇതിനു നല്ലതു സ്കാന്ദമാണു്; വിഷ്ണുപുരാണം, രാമായണം എന്നിവയും ഉത്തമങ്ങളെന്നു ചിലർക്കഭിപ്രായമുണ്ടു്. സത്യാദികൾക്കെല്ലാം ദോഷമുണ്ടായാൽത്തന്നെയും വിഷ്ണുപുരാണം ദോഷകരമാകയില്ല; സ്കാന്ദരാമായണങ്ങളായാൽ ദോഷം കുറയുമെന്നേ ഉള്ളു.പക്ഷേ, വിഷ്ണുപുരാണം പൂജിപ്പാൻ അത്രും ഒരുങ്ങുകയില്ല; സദാചാരം കുറഞ്ഞവൻ പൂജിച്ചുപോയാൽ ശകുനം ശുഭമാവില്ല; കാര്യം സാധിക്കയുമില്ല.'

ശംഭുബ്രാഹ്മണൻ ഈവിധം അറിയിച്ചപ്പോൾ, ശ്രീരാമൻ വിഭീഷണനെപ്പറ്റി ശകുനം നോക്കാൻ ആരംഭിച്ചു—സവ്യതപ്രജ്ഞനും

Digitized By Kerala Sahitya Akademi

പുരാണപണ്ഡിതന്മാരായ വസിഷ്ഠനോട്ടു പുരാണം നോക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ വസിഷ്ഠൻ,—'രാമ, ഈ മഹർഷിയുടെ സന്നിധിയിൽവെച്ചു നോക്കാനോ പറയാനോ എനിയ്ക്കു ത്രാണിയില്ല!' എന്നിങ്ങിനെ പറഞ്ഞു ശംഭുവിന്റെ മുഖത്തേയ്ക്കു നോക്കി. ഉടനെ രാമൻ അദ്ദേഹത്തോടപേക്ഷിച്ചു:—'ഇവിടുന്നു് തപോവേദിയും പുരാണപ്രവീണനുമാണല്ലോ; അതിനാൽ പുരാണം നോക്കി എന്റെ കാര്യം പറഞ്ഞുതരുമാറാകണം.'

'അങ്ങിനെതന്നെ' എന്നു, ശംഭു ശുചിയായി സ്കാന്ദപുരാണം പൂജിച്ചു്, 'എന്തിനാണു്, എന്റെ ഭക്തനായ വിഭീഷണൻ ചങ്ങലകൊണ്ടു ബന്ധിയ്ക്കപ്പെട്ടതു്' എന്ന പ്രശ്നം വിധിപോലെ അനുഷ്ഠിച്ചു. അപ്പോൾ ഈ മൂന്നു ശ്ലോകമാണു് കണ്ടതു്:—

'വാരാശിയിങ്കൽച്ചിറതീർത്തു രാത്രി–
ഞ്ചരേന്ദ്രരെച്ചെന്നു വളഞ്ഞു രാമൻ;
അപ്പോളടക്കായെതിരിട്ട ലങ്കാ–
പുരസ്ഥിതന്മാരതികായമുഖ്യർ.'

'നാട്ടുകാർ ചോരുവില്പോരാം; വേദംവിപ്പവരാംദ്വിജർ;
കലികാലത്തു പെണ്ണുങ്ങടം കേശം വില്പോരുമാസ്തരും.'

'ഈ സ്തവംകേട്ടു വിശേഷശൻശിവൻ സുരരൊടോതിനാൻ:—
'യുഷ്മൽസ്ത്രീകടംകൊഴിപ്പാൻ ഞാൻ മല്ലാസുരനിരോധനം.'

ഈ ശ്ലോകം മൂന്നും വായിച്ചിട്ടു, 'ബന്ധനം വാസ്തവം തന്നെ' എന്നും, 'എന്നാൽ വിടുതി കിട്ടാൻ താമസമില്ലെ'ന്നും ശംഭു തീർത്തു പറഞ്ഞു.

തൽക്ഷണം തന്നെ രാമൻ മുനിമാരോടും വാനരന്മാരോടുമൊന്നിച്ചു്, വിഭീഷണനെ അന്വേഷിപ്പാൻ പുറപ്പെട്ടു്, ശ്രീരംഗനഗരത്തിൽ എത്തിച്ചേർന്നു. അവിടെയുണ്ടായിരുന്ന രാജാക്കന്മാർ രഘുനാഥനെ സൽക്കരിച്ചു. അവരോടു രാമൻ, 'വിഭീഷണനെവിടെയാണെന്നു ചോദിച്ചു. 'തിരുമേനി, അക്കഥ ഞങ്ങൾക്കറിഞ്ഞുകൂടാ' എന്നായിരുന്നു ഉത്തരം. ഉടനെ കാകുൽസ്ഥൻ നാലു ദിക്കിലേയ്ക്കും വാനരന്മാരെ കല്പിച്ചയച്ചു. അവർ പലേടത്തും നടന്നിട്ടും, കണ്ടെത്തിയില്ല. പിന്നീടു രാമൻ ശംഭുവിനോടാവശ്യപ്പെട്ടു, പറഞ്ഞു കൊടുപ്പാൻ. കണ്ടുപിടിക്കാമെന്നും പറഞ്ഞു് ആ മഹർഷി രാമനോടും ബ്രാഹ്മണരോടുമൊന്നിച്ചു വിപ്രഘോഷത്തിൽ ചെന്നെത്തി, അവിടെയുള്ള ബ്രാഹ്മണരോടു ചോദിച്ചു; അവർ ഒരു നിലവറയിൽ ചങ്ങലകൊണ്ടു കെട്ടിയിടപ്പെട്ടിരുന്ന രാക്ഷസനെ കാട്ടിക്കൊടുത്തു.

Digitized By Kerala Sahitya Akademi

'ദ്വിജന്മാരേ, എന്താണിയ്യാഠം ചെയ്തതെ'ന്ന രാമൻ ചോദിച്ചു. അവർ മറുവടി പറഞ്ഞു:—'ബ്രഹ്മഹത്യ: വൃദ്ധബ്രാഹ്മണൻ എന്നൊരു മഹാധമ്മിഷ്ടനായ ബ്രാഹ്മണൻ വാർദ്ധക്യത്താൽ വാടി മെലിഞ്ഞു, ഉപവനത്തിൽ വിജനസ്ഥലത്തു ധ്യാനത്തിന്നിരിക്കയായിരുന്നു; വിഭീഷണൻ അതിലേ നടക്കെ കാൽ ആ ബ്രാഹ്മണന്റെ മേൽ തട്ടിപ്പോയി; അതോടുക്രൂടി, അദ്ദേഹം തവിടുപൊടിയായി! അവിടെനിന്നങ്ങോട്ട് ഒരടി വെപ്പാൻ വിഭീഷണൻ അതുളായില്ല. ഒഷ്ടനെ ഞങ്ങൾ വളരെ വളരെ പ്രഹരിച്ചു. എന്നിട്ടും ചത്തില്ല! ഇവിടുന്ന് ഈ പാപിയെ കൊന്നു ധമ്മം രക്ഷിച്ചാലും.' രാമൻ സംശയത്തിലകപ്പെട്ടു ബ്രാഹ്മണരോടുരചെയ്തു:—'ഞാൻ തന്നെ ചാവുകയാണ് ഭേദം; എന്റെ ഭക്തനെ എങ്ങിനെ കൊല്ലും? ഇയ്യാഠംക്കു രാജപദവിയും ആയുസ്സും ഞാൻ കൊടുത്തിട്ടുള്ളതു്, അങ്ങിനെതന്നെയിരിക്കണം. എവിടെയും ഭൃത്യൻ കുറ്റം ചെയ്താൽ സ്വാമിയ്ക്കാണ് ശിക്ഷ വേണ്ടതു്.' ഇതു കേട്ടു ബ്രാഹ്മണർ പകച്ചുപോയി.

അവർ അഭിപ്രായപ്പെട്ടു:—'രാമ, ചവിട്ടേറു മരിയ്ക്കുക എന്നതു മഹർഷിമാക്കു സങ്കടമാണ്. അതിനാൽ വസിഷ്ഠാദിമുനിശ്രേഷ്ഠരുമായി വേണ്ടതു് ആലോചിച്ചാലും.' രാമൻ മഹർഷിമാരോടു ചോദിച്ചു. അവർ പ്രായശ്ചിത്തം വിധിച്ചു:—'അറിയാതെ പറ്റിയ ബ്രഹ്മഹത്യ പ്രായശ്ചിത്തം കൊണ്ടു നീങ്ങും. ഇതു് അറിയാതെ പറ്റിപ്പോയതാണല്ലോ. അതിനാൽ പ്രായശ്ചിത്തമായി, മുന്നൂററുപതു പശുക്കളെ വിഭീഷണൻ ദാനംചെയ്യട്ടെ.' പിടിച്ചുകെട്ടിയ ബ്രാഹ്മണരും, 'അങ്ങിനെയാകട്ടെ, പ്രായശ്ചിത്തം ചെയ്താൽ രാക്ഷസനെ വിടാ'മെന്നു തങ്ങളിൽ പറഞ്ഞുറച്ചു, വിഭീഷണനെ ബന്ധനത്തിൽ നിന്നു വേർപെടുത്തി, വിവരം രാഘവനെ ധരിപ്പിച്ചു. രാമൻ വിഭീഷണനോടു നേരിട്ടു സംസാരിയ്ക്കാതെ, 'ഇടവെച്ച'രുളിച്ചെയ്തു:—'പാപി രാക്ഷസൻ കൂളിച്ചു കുപിതരായ മുനിമാരോടു ചോദിച്ചു് പ്രായശ്ചിത്തം കഴിച്ചിട്ടു വേണം എന്റെ അടുക്കൽ വരുവാൻ.' അതിൻപ്രകാരം വിഭീഷണൻ ക്ലേശപ്രകൃതമായ പ്രായശ്ചിത്തം കഴിച്ചു വിശുദ്ധനായി രാമസന്നിധിയിൽ വന്നൊത്തി, രഘുനന്ദനനെ നമസ്കരിച്ചു. രാഘവൻ ആ സഭയിൽവെച്ചു പുഞ്ചിരിക്കൊണ്ടാജ്ഞാപിച്ചു:—'പൌലസ്ത്യ, ഇന്നു മുതല്ക്കു്, ആലോചിച്ചു വേണ്ടതിൻവണ്ണം നടന്നു കൊള്ളുക. രാക്ഷസ, ഭവാനെപ്പോല്ലി, ഞങ്ങൾ ഇത്രയും ബുദ്ധിമുട്ടേണ്ടിവന്നുവല്ലോ. എല്ലാവരിലും ദയാശീലനായി വർത്തിയ്ക്കുക. എന്റെ സേവകനാണല്ലോ ഭവാൻ.'

Digitized By Kerala Sahitya Akademi

രഘുനാഥന്റെ കാര്യത്തിന്നു തീരുമാനം വന്നതിന്നുശേഷം ആ മഹർഷിമാർ ശംഭുവിനോടു ചോദിച്ചു:—'ഞങ്ങൾക്കു പെട്ടെന്നു് അജ്ഞാനം വന്നതെങ്ങിനെയാണു്?'

ശംഭു:—'ബ്രാഹ്മണാവജ്ഞയാൽ അതുക്കും അജ്ഞാനം വന്നുപോകും.'

ശൌനകാദികൾ:—"ഇതു ത്രേതായുഗത്തിലെ കഥയാണല്ലോ. ദ്വാപരാവസാനത്തിൽ ഭാരതവും ശകുനത്തിന്നൊടുക്കുന്നുണ്ടു്; അതെങ്ങിനെയാണു്?"

സൂതൻ:—"വ്യാസൻ അരുളിച്ചെയ്തതെല്ലാം പുരാണം തന്നെ. മഹാഭാരതവും ശകുനത്തിന്നു തുലോം നന്നു്. ആദിപർവ്വം മാത്രം പൂജിച്ചു 'പകുത്തിനോക്കി'ക്കൊള്ളുണം; അഥവാ, എല്ലാ പർവ്വങ്ങളുമാകാം. ശ്ലോകാദിലക്ഷണമെല്ലാം മുൻപറഞ്ഞതുപോലെതന്നെ. ശ്ലോകം അനുഷ്ടുപ്പിച്ചും, താല്പര്യം ഗ്രഹിച്ചും കാര്യനിർണ്ണയംചെയ്യാം; എന്നാൽ സാരാർത്ഥമാണു് എടുക്കേണ്ടതു്. അതുകൊണ്ടാണല്ലോ സർവ്വത്ര വസ്തുനിരൂപണം. ഏതിൽ അർത്ഥമുണ്ടോ, അതു ധാതു. ശബ്ദത്തിന്റെ അർത്ഥം മാത്രം നോക്കിയിട്ടുള്ള നിരൂപണം വെറുതെ തന്നെ. അതിനാൽ അഭിജ്ഞന്മാർ എല്ലാറ്റിലും താല്പര്യമാണു് എടുക്കേണ്ടതു്."

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
ശംഭുരാഘവസംവാദം, വിഭീഷണബന്ധമോചനം ഒരുനൂറാമധ്യായം.

———(0)———

ഒരുനൂറൊന്നാമധ്യായം

ശൌനകാദികൾ:—"മഹാഭാഗ, പിന്നീടു രഘുനാഥനും, ആ മഹർഷിമാരും എന്തുചെയ്തു?"

സൂതൻ:—"രാമചന്ദ്രൻ വിഭീഷണകപീശ്വരരോടൊന്നിച്ചു സുഖമായി സ്ഥിതിചെയ്കെ, മഹർഷിമാർ ശംഭുവിനോടു് ഒരു സൽക്കഥ പറവാൻ ആവശ്യപ്പെട്ടു. അപ്പോൾ പരമേശ്വരൻ പാർവ്വതിയെ നോക്കി പറഞ്ഞു:—

(കിളിപ്പാട്ടു്—അന്നനട)

'ഇതാ, സുശോഭനേ തരുപവന-
ലതാവാപീരമ്യമൊരു വിപ്രഗൃഹം,

Digitized By Kerala Sahitya Akademi

അളിക്രുജിതത്താലലർ വിശിഖനെ
വിളിച്ചിട്ടും മട്ടിൽ വിളങ്ങിക്കാണ്മൂന്നു.
നടുവിലെസ്സന്ധ്യയൊടുക്രുടിച്ചേരാൻ
തുടരുന്ന സൂയ്യൻ; വരിക: വാപിയിൽ
കുളിച്ചു, നൽത്തുകിലുടുത്തു, കസ്തൂരീ-
കുളിർഘനസാരപടീരങ്ങളം പൂശി,
കുഴൽക്കെട്ടിലീന്തൽമലർമാല ചൂടി,-
യഴകൊട്ടും മധുനകന്റ മത്തരായ്,
സകർപ്പൂരതാംബൂലകമന്യോന്യം വായ്-
പകന്റ, നീർക്കണമുതിരും പൂമച്ചിൽ
മയൂരകേകയും പുറത്തുനിന്നുള്ള.
മധുരഗീതവും ശ്രവിച്ചതിസുഖം,
വിരിമെത്തയിന്മേൽക്കിടന്നു, പുഞ്ചിരി
പുരണ്ട ചെഞ്ചൊടിയണിമുഖം തമ്മിൽ
മുകരുകെ;-ന്നാലേ ഭുജിച്ചതായ്ത്രു
മികച്ച സംസാരഫലം പ്രിയേ, നമ്മൾ!'

ഇതു കേട്ടപ്പോൾ മഹർഷിമാക്കു് ശുണ്ഠികേറി. 'ഇതാണോ, ഞങ്ങളോടു ഭഗവാൻ പറഞ്ഞ സച്ചരിതം! ഞങ്ങൾ ആവശ്യപ്പെട്ടതു ചെയ്യാതെ, ഭവാൻ പ്രണയസല്ലാപം തുടങ്ങിയതെന്താണു്?' എന്നിങ്ങനെ അവർ ചെയ്ത അത്യക്ഷോപം ശംഭുവിനെ കുപിതനാക്കിത്തീർത്തു. അതോടുക്രുടി, തന്തിരുമുഖത്തുനിന്നു് ഒരു ചെന്തീജ്വാല പുറപ്പെടുകയും, അതു ഒരു ഭയങ്കരമുഖിയായിച്ചമഞ്ഞു മഹർഷിമാരിൽ ഒരാളുടെ ഭാര്യയുടെ നേരേ പാഞ്ഞടുക്കുകയും ചെയ്തു. ആ സ്ത്രീ പേടിച്ചു രാമനെ നോക്കി പാച്ചിൽ തുടങ്ങി. ഉടനെ രാമനും, 'ശ്രുഞ്ജ്വാമണിയെ ഞാൻ രക്ഷപ്പെടുത്തും' എന്നിങ്ങനെ വീണ്ടും വീണ്ടും ഉച്ചരിച്ചുകൊണ്ടു പുഷ്പകത്തിലേറി പിന്തുടർന്നു; എന്നാൽ ശരം വില്ലിന്മേൽ തൊടുക്കുക എന്നതു് രാഘവൻ മറന്നുപോയി! ശംഭുവാകട്ടെ, രാമനെ സ്മരിയ്ക്കാതെ, പരമപുണ്യങ്ങളായ പലതരം വനങ്ങളും ക്ഷേത്രങ്ങളും നഗരങ്ങളും സന്ദർശിയ്ക്കുകയായി.

ക്ഷണനേരം കൊണ്ടു രാഘവൻ ലോകാലോകമാമലയിൽ ചെന്നെത്തി. ആ ഗുഹകളും വഴികളും ചുഴന്ന പർവ്വതം കണ്ടിട്ടു്, 'മഹാബ്രാഹ്മണരേ, ബ്രാഹ്മണസ്ത്രീ എവിടെപ്പോയി' എന്നു രഘുനാഥൻ ചോദിച്ചു. 'ഇങ്ങോട്ടു പോയി' എന്നിങ്ങനെ, അവർ മലയുടെ ഇരുട്ടടഞ്ഞ വശം ചൂണ്ടിക്കാണിച്ചപ്പോൾ ശ്രീരാമന്റെ മുഖം വിവർണ്ണമായിപ്പോയി!

Digitized By Kerala Sahitya Akademi

അദ്ദേഹം 'കഷ്ട'മെന്നിങ്ങിനെ ചിന്തിച്ചുനിൽക്കേ, തേജസ്സേറിയ ശംഭു ഒരു നിസ്തുല്യമായ വെളിച്ചം ഉളവാക്കി. ആ വെളിച്ചത്താൽ രാമൻ കൃത്യയെ അനുഗമിച്ചു. ബ്രഹ്മാണ്ഡകടാഹം മുഴുവൻ ഇരുട്ടടഞ്ഞു, നൂറുകോടി യോജന വിസ്താരത്തിൽ, യാതൊരു പ്രാണിയുമില്ലാതെ കിടക്കുന്ന ഒരു സ്ഥലമാണതു്. ആ തമോഭൂമിയുടെ നടുവിലായി ഒരു സപ്തഭൂമിയുണ്ടു്. അവിടെ വിഷ്ണുപുരം ഒരുകോടി സൂര്യന്മാക്കൊപ്പം മിന്നിത്തിളങ്ങുന്നു. അതു കണ്ടപ്പോൾ രാമനും കൂടേയുള്ള മഹർഷിമാരും അത്ഭുതരസപ്പോയി.

ഇതെന്തായിരിയ്ക്കാം? നമുക്കു് എങ്ങിനെ കടക്കാം? പരമാത്മാവിന്റെ മായയാൽ പ്രളയാഗ്നി ഉജ്ജ്വലിക്കുന്നതായിരിക്കുമോ ഇതു്? നമുക്കിപ്പോൾ മരണം പറ്റിയേയ്ക്കുമോ? അതോ, ഗുണം വരുമോ?' എന്നിങ്ങിനെ ചിന്താവിവശരായിത്തീർന്ന അവരോടു ശംഭു പറഞ്ഞു:—'രാഘവ, കേൾക്കു; ഞാൻ പറഞ്ഞുതരാം: ഞാൻ ഒരു മായ പ്രയോഗിച്ചതാണു്; കൃത്യയല്ല ഇതു്. ഈ അത്ഭുതകരമായ മിന്നിത്തിളങ്ങുന്ന ശ്രേഷ്ഠമന്ദിരം വിഷ്ണുവിന്റെതത്രേ. ഇവിടെ ചൂടില്ല, തണുപ്പില്ല. ഇതു ജ്ഞാനത്തിന്നല്ലാതെ ലോചനത്തിന്നു വിഷയമാകുന്നതല്ല. നോക്കു: ഇതാ, മുകളിൽ ബ്രഹ്മാദികളും നാലുവശത്തുംനിന്മലരായ മുനിമാരും പൂജനടത്തുന്നു; വേദങ്ങൾ നാലും ഇതാ, പരമപദത്തെ സ്തുതിക്കുന്നു; ഇതാ, സനകാദി യോഗീന്ദ്രന്മാർ പണിപ്പെട്ടു യോഗംപൂണ്ടു പരമതേജസ്സിനെ ധ്യാനിക്കുന്നു; ലോമശനും കോടികോടി ബാലഖില്യമുനീന്ദ്രന്മാരും ഇതാ പ്രദക്ഷിണനമസ്കാരങ്ങൾ ചെയ്യുന്നു; ഇതാ, ലക്ഷ്മി മുതലായ സ്ത്രീകളെല്ലാം പരമപദത്തെ പരിചരിക്കുന്നു. സാകാരമായും നിരാകാരമായും കീർത്തിക്കപ്പെടുന്ന ഈ പരബ്രഹ്മത്തെ അജ്ഞാനികൾ കണ്ടെത്തുകയില്ല; ജ്ഞാനചക്ഷുസ്സുള്ളവരേ കാണൂ.'.

ശംഭുവിന്റെ വാക്കു കേട്ടിട്ടു് എല്ലാവരും വിഷ്ണുവിനെ പൂജിപ്പാൻ തുടങ്ങി: വിഷ്ണുക്രാന്തി, തുളസി, ഈന്തൽ, താമര, കരിങ്കുവളം എന്നിവകൊണ്ടും ചന്ദനം കൊണ്ടും കൃഷ്ണാനദിയിലെ നിർമ്മലജലം കൊണ്ടും പുരുഷോത്തമനെ പൂജിയ്ക്കുമ്പോൾ, ആ മഹാത്മാക്കൾ ആകാശത്തു നാരദനെ ദർശിച്ചു. വമ്പിച്ച ജടയും, നീണ്ട താടിയും പൂണൂനൂലും കയ്യിൽ വീണയുമായി വിഷ്ണുവിനെ സ്തുതിച്ചു നിന്നിരുന്ന ആ മഹർഷി, 'ഇതാരായിയ്ക്കാ'മെന്നിങ്ങിനെ, ശംഭുസ്വാമിയുടെ ആനന്ദപൂർണ്ണമായ തൃപ്പാദത്തിൽ പതിച്ചു ശിവപഞ്ചാക്ഷരം മനസ്സുകൊണ്ടുരുവിട്ടു. 'ഇന്നു ഞാൻ ധന്യനായി, അനുഗൃഹീതനായി; ഇന്നു എനിക്കു് ജന്മം സഫലമായി: ബ്രഹ്മാദികൾക്കുപോലും വന്ദനീയവും അപ്രാപ്യവുമായ നിന്തിരുവടിയുടെ പദം കാണുമാറായല്ലോ!' ശംഭു നാരദനെ വി

Digitized By Kerala Sahitya Akademi

ലക്കി:—'ഇതൊന്നും പറയേണ്ട: ഇവർ ഏന്നെ അറിയാതിരിക്കത്ത ക്കവിധം പെരുമാറുക. ചെല്ലു, ഞാൻ വന്ന വിവരം വിഷ്ണുവി നെ അറിയിയ്ക്കു.' നാരദൻ ബദ്ധപ്പെട്ടുപോയി എല്ലാം വിഷ്ണുവി നെ ഉണത്തിച്ചു.

തൽക്ഷണം അമേയാത്മാവായ ഗരുഡധ്വജൻ നാരദനെ കൈ ക്കു പിടിച്ചു്, ശ്രീദേവിയോടുക്രൂടി കോടികോടി യോഗികളാൽ പരിവൃത നായി, അർഘ്യവും കൈക്കൊണ്ടു പുറത്തേയ്ക്കെഴുന്നള്ളി, 'ശങ്കരന്ന നമ സ്കാരം! നമസ്കാരം! നമസ്കാരം!' ഏന്നിങ്ങിനെ വന്ദിച്ചു്, സകലരേയും സൽക്കരിച്ചു്, തന്റെ പുരിയിൽ കൊണ്ടുപോയി പള്ളിമേടയിലിരു ത്തി; അതിന്നശേഷം ചോദിച്ചു:—'ഇവർ ഏങ്ങിനെ ഇവിടെ വന്നെ ത്തി? ഈ കീർത്തിമാനായ പാർത്ഥിവൻ ആരാണു്? ഈ ദിവ്യപ്രദേശം ബ്രഹ്മാദികൾക്കും അപ്രാപ്യമാണല്ലോ.'

ശംഭു:—'ഞങ്ങൾ മുനിപതിയെ പിൻതുടന്നു വന്നതാണു്. അ ങ്ങയുടെ അംശമായ രാമചന്ദ്രനാണു്, ഈ പ്രതാപവാനായ രാജാവു്. ഇദ്ദേഹം അങ്ങയുടെ പത്നിയെ ചെന്നുകാണുന്നതിൽ വല്ല വിരോധ വുമുണ്ടോ?'

'ഒന്നുമില്ല, അകത്തേയ്ക്കു പോകാം' ഏന്നു നാരായണൻ അനു വദിച്ചു. ശ്രീരാമൻ അന്തഃപുരത്തിൽ ചെന്നു ലക്ഷ്മീദേവിയെ വന്ദി ച്ചു് വണക്കത്തിൽ ആ സുചരിതയോടരിയാടി:—'ഞാൻ തീച്ചയായും കൃതാർത്ഥനായി! പറയു, എന്താണിവിടുത്തെ അഭിമതം?'

ശ്രീദേവി:—'രാഘവ, ഭവാൻ ഒരു ചെറുപ്പക്കാരൻ, സുന്ദരൻ, കാമപീഡിതൻ. ഭവാന്റെ ഭാര്യ, സീതയും സർവ്വാംഗസുന്ദരിയാണ്. അവളോടു വേർപിരികയാൽ ഭവാൻ വല്ലാതെ വിരഹതാപത്തിൽ പ്പെട്ടുപോയല്ലോ! അതിനാൽ എന്തും എന്നോടു പറഞ്ഞുകൊൾകം.'

യുവാക്കന്മാരുടെ കരൾ കവരുന്ന ഈ കളിവാക്കുകൾ കേട്ട പ്പോൾ, സംയതാത്മാവായ രാമഭദ്രൻ മുഖാരവിന്ദം കുനിച്ചു പുറത്തേ യ്ക്കു പോരാൻ തുടങ്ങി. അപ്പോഴെയ്ക്കും പദ്മവനപ്രിയയായ പദ്മാ ദേവി, ഏതോ ഒരു സ്ത്രീയെപ്പോലെ, കാമദേവന്റെ അമ്പായ താമര പ്പൂവു കൊണ്ടു രഘുശ്രേഷ്ഠനെ ഒന്നു താഡിച്ചു പുറത്തേയ്ക്കു പോയിക്ക ഴിഞ്ഞു! ഉടനേ, പുറത്തിരുന്നിന്നിരുന്നവർ രാമന്റെ അടുക്കലെത്തി. അപ്പോൾ ആ ഏകപത്നീവ്രതനായ രാജാവു് അടി മുതൽ മുടിവരെ വിറച്ചുംകൊണ്ടു കാലിടറി നടക്കുകയായിരുന്നു. അതുകണ്ടു ശിവനാരാ യണന്മാർ അത്യന്തം അത്ഭുതപ്പെട്ടുപോയി! 'അമ്പോ, മായകൊണ്ടു

Digitized By Kerala Sahitya Akademi

വിവശനായെങ്കിലും ഇദ്ദേഹത്തിന്റെ മനസ്സിന്നുള്ള സ്ഥൈര്യം നോക്കു, എന്തു ധൈര്യം! ഇവകൊണ്ടു തന്നെയാണു് രാമൻ വലിയ കീർത്തിമാനായതു്. ഇദ്ദേഹത്തിന്നു സർവ്വത്ര ശുഭമേ വരൂ; ഒരേടത്തും അശുഭം വരില്ല.' അപ്പോഴും രാമൻ ഉണർത്തിച്ചു:—'സ്വാമിൻ, ഭഗവാനേ, ഞാൻ പോകുന്നു.' വിഷ്ണു വിടനൽകി.

ഉടനേ രാമൻ ശങ്കരനാരായണന്മാരോടും മഹർഷിമാരോടും കൂടി പുഷ്പകത്തിൽ കേറി പോന്ന ലോകാലോകവും പാൽക്കടലും മറ്റു സമുദ്രദ്വീപുകളും കടന്നു ജംബൂദ്വീപിൽ തിരിച്ചെത്തി, ഗൌതമിയുടെ കരയ്ക്കു ഭരദ്വാജാശ്രമത്തിന്നടുക്കൽ സ്ഥിതിചെയ്തു. ആ മഹാനദിയിൽ ശിഷ്യരാൽ പരിവൃതനായി സ്നാനം ചെയ്തിരുന്ന ശ്രീമാൻ ഭരദ്വാജമഹർഷി പുഷ്പകം കണ്ടിട്ടു് അവിടെച്ചെന്നു മഹാഭാഗനായ രാമനേയും മഹേശമാധവന്മാരേയും ഋഷിമാരേയും വഴിപോലെ സൽക്കരിച്ചു്, 'സത്തമന്മാരേ, നിങ്ങളും എന്റെ ആശ്രമത്തിൽ ഊണ്കഴിച്ചാൽ കൊള്ളാ'മെന്നു ക്ഷണിച്ചു. രാമൻ അതു് ഒരുവിധം സമ്മതിച്ചു. അപ്പോൾ, ആ മഹാനദിയിൽ സ്നാനവും ദേവതർപ്പണാദിയും കഴിച്ച വസിഷ്ഠൻ ഭക്ഷണത്തിന്നൊരുങ്ങിയ രാമനെ ഉൽബോധിപ്പിച്ചു:—'രാമ, ശ്രാദ്ധം കഴിക്കാഞ്ഞാൽ ധർമ്മത്തിന്നു ഹാനിവരും.'

ശ്രീരാമൻ:—'ഭഗവൻ, ശ്രാദ്ധം മുടങ്ങീട്ടപ്പോയാലല്ലേ, കറുത്ത വാവിലോ ഗ്രഹണത്തിലോ തീർത്ഥത്തിലോ വ്യതീപാതത്തിലോ സംക്രമത്തിലോ രണ്ടാമതു് അനുഷ്ഠിക്കേണ്ടു? നിത്യശ്രാദ്ധം വീണ്ടും നടത്തേണ്ട എന്നാണല്ലോ ഇവിടുത്തെ ഉപദേശം. എന്റെ അമ്മമാർ മരിച്ചു പുലയായപ്പോൾ മുടങ്ങിപ്പോയ നിത്യശ്രാദ്ധം ഇവിടുന്നു ചൊന്നതിൻവണ്ണം വ്യതീപാതത്തിലും മറ്റും ഞാൻ നടത്തുകയുമുണ്ടായല്ലോ.'

വസിഷ്ഠൻ:—'ഇതാ, മഹർഷിമാരെല്ലാവരും; ,ഇതാ, ശംഭുബ്രാഹ്മണൻ; ഇവരുടെ മുഖത്തുനിന്നു് എല്ലാറിന്റേയും തീരുമാനം അറിയാം'.

ഉടനേ മഹർഷിമാരെല്ലാവരും കൂടി ശംഭുവിനോടാവശ്യപ്പെട്ടു:—'എല്ലാം ഇവിടുന്നു പറഞ്ഞുതരണം; ബ്രാഹ്മണേന്ദ്ര, ഭവാൻ മഹാനാണല്ലോ.'

ശംഭു:—'ഈറ്റുപുല മുതലായ വിഘ്നങ്ങളിൽ നിന്നിവയ്ക്കുണ്ടി വന്ന ശ്രാദ്ധം പിന്നെ എപ്പോൾ നടത്തേണമെന്നും മറ്റും ഞാൻ പറയാം;

Digitized By Kerala Sahitya Akademi

മാസികശ്രാദ്ധം ഉദകുംഭശ്രാദ്ധം എന്നിവ ഈറ്റുപുലയിലും അനുഷ്ഠിക്കാം; ആണ്ടുചാത്തം ഈറ്റുപുല കഴിഞ്ഞിട്ടുവേണം. മറ്റു കർമ്മങ്ങളും ഈറ്റുപുലകൊണ്ടു മുടങ്ങിപ്പോയാൽ അതു കഴിഞ്ഞതിന്നു ശേഷം വേണം ചെയ്യാൻ; സംശയമില്ല. വേറെ വിഘ്നം നേരിട്ടാൽ, നന്മ തേടുന്നവൻ കറുത്ത ഏകാദശീതിഥിയിൽ നടത്തിക്കൊള്ളണം; അതും തെറ്റിയാൽ അമാവാസിയിൽ. ഇതിൻവണ്ണം, മുടങ്ങിപ്പോയതു പിന്നൊപ്പിന്നെയുള്ള വിശേഷദിവസങ്ങളിൽ കഴിച്ചുകൊള്ളുക. മരിച്ചതു് ഇന്നമാസത്തിലാണെന്നറിവില്ലെങ്കിൽ, മാഗ്ഗശീർഷമാഘമാസങ്ങളിലെ ആ ദിവസം ഏടുക്കണം. മാസം അറിയാം, ദിവസം അറിഞ്ഞുകൂടാ എങ്കിൽ, ആ മാസത്തിലെ അമാവാസിയിലത്രേ ആണ്ടുചാത്തം ഊട്ടേണ്ടതു്. മരണം മറ്റു വല്ലേടത്തും വെച്ചായതിനാൽ ദിവസവും മാസവും അറിഞ്ഞുകൂടാ എങ്കിൽ ആശ്വിനമാഗ്ഗശീർഷമാഘങ്ങളിലെ അമാവാസികളിൽ ഒന്നു ശ്രാദ്ധത്തിന്നൊടുക്കാം. വൃദ്ധിശ്രാദ്ധം, പ്രേതശ്രാദ്ധം, മാസികശ്രാദ്ധം, നിത്യശ്രാദ്ധം, ഉദകുംഭശ്രാദ്ധം എന്നിവ അധിമാസ (സൂര്യസംക്രമമില്ലാത്ത ചാന്ദ്രമാസ)ത്തിലുമാകാം. ഗൃഹണകർമ്മം, ജാതകർമ്മം, ശാന്തികർമ്മം എന്നിവയിൽ അധിമാസത്തിന്നു ദോഷമില്ല.

ശ്രാദ്ധക്കാരന്നു വല്ല രോഗവും വന്നാൽ, ഭാര്യയെക്കൊണ്ടോ ഭ്രാതാവിനെക്കൊണ്ടോ ശിഷ്യനെക്കൊണ്ടോ ശ്രാദ്ധം കഴിപ്പിക്കാം; ഇതു നിമിത്തം ശ്രാദ്ധകർമ്മത്തിന്നു് ഒരു ഹാനിയും വരികയില്ല. നിത്യശ്രാദ്ധമാണെങ്കിൽ, ചാത്തമുണ്ണുന്നാവനെക്കൊണ്ടു കഴിപ്പിക്കാം. മുടങ്ങിയ ശ്രാദ്ധത്തിന്നും അമാവാസ്ശ്രാദ്ധത്തിന്നും മാസികശ്രാദ്ധത്തിന്നും സ്വയം ശക്തനല്ലാതെ വന്നാൽ മകനേയോ ബ്രാഹ്മണനേയോ ഏല്പിട്ടുത്താം. രാജകാര്യത്തിൽപ്പെട്ടുക, ദാസവൃത്തിയിലാവുക മുതലായ ഉർഘടങ്ങളിലെല്ലാം ശ്രാദ്ധം ബ്രാഹ്മണനെക്കൊണ്ടു കഴിപ്പിച്ചാൽ മതി.

ശ്രാദ്ധം പ്രഭാതത്തിൽ പാടില്ല. എന്നാൽ നൈമിത്തികശ്രാദ്ധത്തിന്നു സമയവ്യവസ്ഥയില്ല; ഗൃഹത്തിലും മറ്റും വെച്ചല്ലാത്ത പക്ഷവും സമയവ്യവസ്ഥയില്ല. കുതപ (പകലിന്റെ എട്ടാമത്തെ മുഹൂർത്ത)ത്തിലാണു് ശ്രാദ്ധം ആരംഭിക്കേണ്ടതു്; അതിന്നു മുമ്പാണെങ്കിൽ കുതപത്തിനുള്ള സമയത്താവണം. മാസികശ്രാദ്ധം അപരാഹ്നത്തോടു സമീപിച്ചുവേണം. വാവു രണ്ടുദിവസം അപരാഹ്നത്തിൽ തട്ടുന്നുണ്ടെങ്കിൽ ക്ഷയമാസത്തിൽ ഒന്നാമത്തെ ദിവസവും അധിമാസ സമമാസങ്ങളിൽ രണ്ടാമത്തെ ദിവസവുമത്രേ ശ്രാദ്ധത്തിന്നു മുഖ്യം. ചന്ദ്രക്ഷയത്തിൽവേണം പാർവ്വണശ്രാദ്ധം. വാവു് മുച്ചയും തട്ടുന്ന നാളിൽ ഏഴു

Digitized By Kerala Sahitya Akademi

കോട്ടിഷ്ട ശ്രാദ്ധവും, സായാഹ്നത്തിൽ തട്ടുന്ന നാളിൽ പാവ്ണശ്രാദ്ധവും അനുഷ്ഠിക്കണം. വാവു് അപരാഹ്നത്തെ സ്പൃശിച്ചിരുന്നാൽ മതി ശ്രാദ്ധാദികർംക്കു്; മരിച്ച നാളിൽ സായംകാലത്തു് ആറുനാഴിക യ്ക്കു വാവുണ്ടായിരിക്കേ, ശ്രാദ്ധം പിറേറന്നായാൽ മൃത്തമകൻ മരിച്ചു പോകും! ദ്വിജനല്ലാത്തവന്നു്, വാവു് ഉച്ചയ്ക്കു തട്ടിയിരുന്നാൽ മതി.'

ശ്രീരാമൻ:—'ശ്രാദ്ധകർമ്മങ്ങളുടെ ക്രമവും, അതിൽപ്പെട്ട ധർമ്മങ്ങളുടെ വ്യവസ്ഥയും ഒട്ടൊഴിയാതെ പറഞ്ഞാൽക്കൊള്ളാം.'

ശംഭു:—'ശ്രാദ്ധദിവസത്തിന്റെ തലേന്നാൾ, ബ്രാഹ്മണലക്ഷണമുള്ള ബ്രാഹ്മണരെ ക്ഷണിക്കണം. അന്നും ശ്രാദ്ധനാളിലും ഒരിക്കലെ ഉണ്ണാവൂ; ബ്രഹ്മചര്യം അനുഷ്ഠിക്കണം; ശ്രുദ്രാദികളോടു സംസാരിക്കരുതു്; പല്ലുതേപ്പു്, എണ്ണതേപ്പു്, ക്ഷൗരം, നഖംമുറിക്കൽ എന്നിവയും വർജ്ജിക്കണം; താഴത്തെ കിടക്കാവൂ. മുന്നുനേരം പൂജയുണ്ടെങ്കിൽ പ്രാതഃകലത്തു പരമദേവതയെ പൂജിക്കണം. അരുണോദയത്തിൽ, ഉണർന്നെഴുന്നേറു കുളിച്ചു പ്രഭാതകൃത്യം കഴിച്ചിട്ടു പൂജ നടത്തിയാൽ കടം മൂന്നും വീടി പരബ്രഹ്മത്തോടു ചേരാം; സൂര്യോദയത്തിൽ ശിവനെ പൂജിക്കുന്നവൻ സൂര്യനൊത്ത തേജസ്വിയായി ശിവലോകത്തു സുഖിക്കും; സൂര്യൻ ഉദിച്ചു് ഒരുനാഴിക കഴിയുന്നതിന്നുമുമ്പു പൂജിക്കുന്നവൻ ശിവനെപ്പോലെ തേജസ്വിയായി ശിവലോകത്തു സുഖിക്കും; രണ്ടുനാഴികയ്ക്കകം പൂജിക്കുന്നവൻ വായുവിനെപ്പോലെ തേജസ്വിയായി ശിവലോകത്തു സുഖിക്കും; മൂന്നുനാഴികയ്ക്കകം പൂജിക്കുന്നവൻ വൈശ്രവണനൊത്ത തേജസ്വിയായി ശിവലോകത്തു സുഖിക്കും; നാലും അഞ്ചും ആറും ഏഴും നാഴികകളിൽ ഭക്തിപൂർവ്വം പൂജിക്കുന്നവൻ മരുത്തുക്കൾം സദൃശനായി ശിവലോകത്തു സുഖിക്കും. ഏഴു മുതൽ സമയത്താണൊ വേണ്ടതു് ആ സമയത്തു പൂജകഴിക്കണം; അല്ലെങ്കിൽ, സ്വന്തം നിശ്ചയമനുസരിച്ചു പതിവു വെയ്ക്കാം. ഉപചാരങ്ങൾം യഥാശക്തി മതി. പതിവു തെറ്റരുതു്: പതിവു തെറ്റിയാൽ യാഗവും പാഴാകുമല്ലൊ.'

ശ്രീരാമൻ:—

(ശ്ലോകങ്ങൾ)

'എങ്ങുപൂജിക്കണം തേജസ്സേറുന്ന പരമേശനെ—
സ്മരിച്ചാൽ പാപഹരനെ—സ്മരിച്ചാൽ മുക്തിദായിയെ—
ശിവനെശ്ശിവതതാത്പർവിജ്ഞനെശ്ശിവരൂപനെ—
സോമനനസ്സോമനെപ്പൂടി വിളങ്ങും സോമനേത്രനെ—

Digitized By Kerala Sahitya Akademi

വേദസാരത്തെ-വിദ്വാനെ-വേദാത്മാവെയരൂപനെ—
വേദവേദാംഗപടുവെ-വേദ്യാവേദ്യനെ--യോഗിയെ—
പാലാടിയാൽ പ്രസാദിക്കുന്നോനെറ്റപ്പാൽവണ്ണഗാത്രനെ—
വൃഷാംകനെ-ത്ര്യംബകനെ-ത്രയീനേത്രനെ-മായിയെ?'

ചോദ്യത്തിനിടയിൽ രാമനെ ശിവജ്ഞാനം ആവേശിച്ചു. അതിനാൽ അദ്ദേഹം നാസാഗ്രന്യസ്ത ദൃഷ്ടിയായി ഒരു കുറിയെന്നപോലെ സ്ഥിതിചെയ്തു, പശുവിൻ പാലിനൊത്ത തിരുമെയ് നിറംചേർന്ന ദേവദേവനെ ഹൃദയപദ്മത്തിൽ പ്രതിഷ്ഠിച്ചു. ആനന്ദക്കണ്ണുനീരൊഴുകി കവിൾത്തടം നനഞ്ഞിരുന്ന രാമന്റെ ശരീരത്തിൽ, നാലു തൃക്കയ്യും മൂന്നു തൃക്കണ്ണുമുള്ള ശങ്കരൻ പ്രതിബിംബിച്ചു കാണുമാറായി! രാമന്റെ മാറിടത്തിൽ ശോഭിക്കുന്ന ശങ്കരന്റെ സപ്തരൂപം കണ്ടിട്ട് ഋഷിമാക്കും വാനരേന്ദ്രക്കുമെല്ലാം അതിയായ വിസ്മയം തോന്നി. അവർ അരയാമം നേരം യാതൊന്നും സംസാരിച്ചില്ല. പിന്നീടു രാമൻ ഉണർന്ന്, തന്റെ ചോദ്യം ഓർത്ത്, 'എല്ലാം പറകതന്നെ' എന്നാവശ്യപ്പെട്ടു.

ശംഭു:—'അചരത്തിലൊ, ചരത്തിലൊ യഥേഷ്ടം പൂജനടത്താം. ലിംഗത്തിലാണ് മുഖ്യം; അതില്ലെങ്കിൽ പ്രതിമാദികളിൽ. അധികരണ വ്യത്യാസത്താൽ പൂജയ്ക്ക് ഗുണമൊ ഗുണഹാനിയൊ വരാം; ലിംഗപൂജനം സഫലമാകുന്നു; പ്രതിമാദികളിൽ ചെയ്യുന്ന പൂജ വിഗുണവും വിഫലവുമത്രെ. അചരമൊ ചരമൊ ആയ ലിംഗത്തിലാണ് പൂജ മുഖ്യം. ചരപൂജനം പറയാം: പ്രതിഷ്ഠിക്ക, ഉദ്വസിക്ക എന്നിവ രണ്ടും ഒരു മുനിക്കുപോലും അനാദരിച്ചു കൂടാത്തതാണ്. യോഗിമാർ എന്നെന്നും ദേവേശനായ ശങ്കരനെ ഹൃദയപദ്മത്തിൽ പ്രതിഷ്ഠിക്കുന്നു; ഗോപനംചെയ്യുന്നു; പൂജിക്കുന്നു; ഉദ്വസിക്കുന്നു. ഹോതാക്കൾ മുക്കണ്ണൻതിരുവടിയെ അഗ്നിയിങ്കൽ പൂജിക്കുന്നു. സ്വർണ്ണം, വെള്ളി, മുള, ലതാതന്തു, മരം, വസ്ത്രം, മണ്ണ് എന്നിവയിലൊന്നുകൊണ്ടു നാലു കാലുള്ള ഒരു സഞ്ജിക (ക്രുട്?) ചൂടോ തണുപ്പോ ബാധിക്കാത്ത മട്ടിലും ചുളിവൊ മുറിവൊ വരാത്തമട്ടിലും കൃമികീടങ്ങൾ കടക്കാത്ത മട്ടിലും ഉണ്ടാക്കുക; അതിന്മേൽ സൌരഭ്യമുള്ള അലക്കിയ ഇണവസ്ത്രം ചുറ്റി, സർവ്വത്ര മൃദുവസ്ത്രവേഷ്ടിതമായ ശിവലിംഗം അതിന്റെ നടുവിലായി വെച്ചു വിജനസ്ഥലത്ത്, ഭിത്തിമൂലത്തിലൊ ദേവവേദിമേലൊ പ്രതിഷ്ഠിക്കുക; അവിടം നന്നായി രക്ഷിപ്പാൻ ആളേയുമാക്കണം. യാവജ്ജീവം നിയമങ്ങൾ കൈവിട്ടുപോകരുത്.

ലിംഗം അവയവങ്ങളിൽ ധരിക്കാം; ശരീരത്തിൽ ഗോപനംചെയ്യാം (മറച്ചുവെയ്ക്കാം): കിരീടത്തിന്റെ അറ്റത്തു പതിച്ചു് ധരിക്കുന്ന

Digitized By Kerala Sahitya Akademi

തു ശ്രുതിമാത്രേ; ശിരസ്സിൽ ധരിക്കുന്നതു മുഖ്യം; ബ്രഹ്മാവു് അങ്ങിനെയാണു ചെയ്തിട്ടുള്ളതു്. നെറ്റിമേൽ ധരിക്കുന്നതും കൊള്ളാം; ലക്ഷ്മി അങ്ങിനെയാണ് ചെയ്തിട്ടുള്ളതു്. ബാണൻ നിറുകയിലത്രേ ധരിച്ചിരുന്നതു്; ദക്ഷൻ മാറത്തും ഹരികണ്ണമഹർഷി കണ്ണത്തിലും ധരിച്ചുപോന്നു. ചില രാക്ഷസശ്രേഷ്ഠന്മാർ ലോഹത്തിന്നു പകരം അവയവം പിളർത്തി അതിന്നുള്ളിൽ ധരിക്കാറുണ്ടു്. ഒരേടത്തു സ്ഥിരവാസമില്ലാത്ത നിസ്സംഗന്മാർ ശിരസ്സിൽ ധരിക്കുന്നു. മടിക്കുത്തിലും മറ്റും ധരിക്കുന്നതു തുലോം അധമമാകുന്നു. മുൻപറഞ്ഞ അവയവങ്ങളിൽ അശ്രദ്ധി നേരിടുമ്പോൾ എടുത്തു തലയിൽ വച്ചുകൊള്ളണം. തുലോം അധമവൃത്തികളായ പാപികൾപോലും സദാ ശിവലിംഗം ധരിക്കുന്നതായാൽ യമലോകം കാണേണ്ടിവരില്ല; എന്താശ്ചര്യം!'

ശ്രീരാമൻ:—'ചിത്രഗുപ്തൻ തലയിലെഴുതിയതു മാഞ്ഞുപോകയില്ലല്ലോ; ആ തലയിലെഴുത്തുമൂലം നരകാനുഭവം ക്രൂടിയേ കഴയൂ എന്നുള്ളവക്കു ശിവപൂജയാൽ പാപശാന്തി വരുന്നതെങ്ങിനെയാണ്?'

ശംഭു:—'മഹേശസ്മരണം നൂറുജന്മങ്ങളിലെ പാപങ്ങളെപ്പോലും നിശ്ശേഷം നീക്കിക്കളയും. എല്ലാ പാപങ്ങളേയും ഭർത്സിക്കുന്നതുകൊണ്ടു് യാതൊന്നിനെ ഭസ്മമെന്നു പറയുന്നുവോ, ആ അഗ്നിവീര്യത്തെ നെറ്റിമേൽ ധരിച്ചാൽ, അതു അന്തകലിപിയെ, അഗ്നി വസ്തുലിപിയെ എന്നപോലെ നശിപ്പിക്കും. ചെവിമേൽ ധരിച്ചാൽ ചെവി ചെയ്ത പാപം നീങ്ങും; കഴുത്തിൽ ധരിച്ചാൽ കഴുത്തിന്റെ കല്മഷം നീങ്ങും; കൈകളിൽ ധരിച്ചാൽ അവയുടെ പാപവും, മാറിൽ ധരിച്ചാൽ മനസ്സുചെയ്ത പാപവും, നാഭിയിൽ ധരിച്ചാൽ ശിശ്നകൃതമായ പാപവും, പൃഷ്ഠത്തിൽ ധരിച്ചാൽ ഗുദപാപവും, പാർശ്വങ്ങളിൽ ധരിച്ചാൽ പരദാരാശ്ലേഷപാപവും വിട്ടൊഴിയും. എല്ലാടത്തും ത്രിപുൺഡ്രകമായിട്ടു(മൂന്നു വര)വേണം ധരിക്കുക; അതു ത്രിമൂർത്തികളേയും അഗ്നിത്രയത്തേയും ധരിക്കതന്നെയാണ്! പതിനഞ്ചു സ്ഥാനങ്ങളിൽ ശുദ്ധ ഭസ്മത്രിപുൺഡ്രം ആർ മന്ത്രപൂർവ്വം ധരിക്കുന്നുവോ, അവൻ ത്രിഭുവനത്തെ സംരക്ഷിക്കുന്നു! വയറിന്റെ ഇരുവശങ്ങളിലും, മേൽ വയറിന്റെ ഇരുവശങ്ങളിലും ഇരുകൈകളിലും ധർമ്മസമ്മതമായ ഭസ്മധാരണം ഏതു ദേഹത്തേയും പൂജനീയമാക്കുന്നു. പതിവായി ഭസ്മം തിന്നുക, ഭസ്മത്തിൽ കിടക്കുക, ഭസ്മം മേലൊക്കെ പൂശുക, ഭസ്മത്തിൽ കുളിക്കുക എന്നിവയാൽ തീർച്ചയായും പാപമോചനം കിട്ടും. ആദിയിൽ ബ്രാഹ്മണദീക്ഷയിൽ ത്രിയായുഷമെന്ന വിളിപ്പെട്ടതും പ്രസവത്തിലും ഭ്രൂതബാധയിലും രക്ഷാകരവും സപ്പാടി വിഷങ്ങളെ ശമിപ്പിക്കുന്നതും—സർവ്വസാധകവുമത്രേ ഭസ്മം. വൈഷ്ണവനാകട്ടെ, മറ്റാരെങ്കിലുമാകട്ടേ ഭസ്മസ്നാനവും ഭസ്മധാരണവും ചെയ്യേ കർമ്മങ്ങൾക്കധികാരിയാകൂ.'

Digitized By Kerala Sahitya Akademi

ശ്രീരാമൻ:—'ഭസ്മത്തിന്റെ മാഹാത്മ്യം മുഴുവൻ എനിക്കു പറഞ്ഞുതരിക; അതുകൊണ്ട് ഭസ്മം അത്യുഷ്കരമായതു്? ഇതുകൊണ്ടു രക്ഷ കിട്ടുന്നതെങ്ങിനെ?'

ശംഭു:—'മൂന്നുതരം ദേഹികർക്കും അത്യുഷ്കരവും പാപഹരവും തൊട്ടാൽത്തന്നെ ശിവപദത്തെ നൽകുന്നതുമാണ് ഭസ്മം. ഇതിലേയ്ക്കു ഒരു പഴയ കഥ പറഞ്ഞുതരാം:

വസിഷ്ഠഗോത്രത്തിൽ ധനംജയൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. ആ താപസന്നു സുന്ദരിമാരായ നാറു ഭാര്യമാരിൽ നാറു പുത്രന്മാർ പിറന്നു. ശാഭാക (ശലാക) എന്ന ഭാര്യയിൽ ജനിച്ച മകന്നു കരുണൻ എന്നാണ് പേർ. മക്കൾ നാറുപേക്കും അച്ഛൻ ശരിക്കു മുതൽ പകുത്തുകൊടുത്തു. എന്നാലും ആ ഭ്രാതാക്കന്മാർ തമ്മിൽ വൈരം വർദ്ധിച്ചുവന്നു: ശേഷക്കാരാവുക, ഒരേ മുതൽ കൊണ്ടുപജീവിക്കുക എന്നീ അവസ്ഥയിൽ വൈരം വരിക പതിവാണല്ലോ.

ഒരിക്കൽ കരുണമുനി വേറേ പല മുനിമാരൊന്നിച്ചു് നരസിംഹദർശനത്തിന്നായി ഭവനാശിനീതീരത്തേയ്ക്കു പോയി. അവിടെ ദർശനത്തിന്നു് ഒരു ബ്രാഹ്മണൻ ഒരൊന്നാന്തരം ചെറുനാരങ്ങ കൊണ്ടുവന്നിരുന്നു. അഴകും മണവുംപൂണ്ട അതിനെ കരുണൻ കയ്യിലെടുത്തു് ഒന്നു ഘ്രാണിച്ചു. അപ്പോഠം, അവിടെയുണ്ടായിരുന്ന ബ്രാഹ്മണർ അയാളെ ശപിച്ചു:—'പാപി, നീ ഒരു നാറുവർഷം ഈച്ചയായിത്തീരുക! മഹാത്മാവായ ഭഗീചൻ നിനക്കു ശാപമോക്ഷം നൽകും.' തൽക്ഷണം ഈച്ചയായിത്തീർന്ന കരുണൻ, 'ഭദ്രേ, ഞാൻ ഈച്ചയായിപ്പോയി; എന്നെ രക്ഷിച്ചുകൊള്ളണേ' എന്നിങ്ങിനെ ഭാര്യയോടു പറഞ്ഞു്, അവിടവിടെ പറന്നുനടക്കുകയായി. ഈ തഞ്ചംകണ്ടു് പാപനിരതരായ ശേഷക്കാർ അയാളെ എണ്ണയിൽ വീഴ്ത്തി കൊന്നുകളഞ്ഞു. ശവം എടുത്തു് ആ കൃശോദരി ദുഃഖിച്ചിരിക്കെ അരുന്ധതീദേവി അവളെ സമാശ്വസിപ്പിച്ചു:—'ശുചിസ്മിതേ, ഇയ്യാളെ ഞാൻ ഭസ്മംകൊണ്ടു് ഇപ്പോഠംതന്നെ ജീവിപ്പിക്കാം.' ദേവി അഗ്നികുണ്ഡത്തിൽനിന്നു കുറെ ഭസ്മം എടുത്തു മൃത്യുഞ്ജയമന്ത്രം ജപിച്ചു ശവത്തിന്മേലിട്ടു; ഭാര്യ, ശുചിസ്മിത, വിശറികൊണ്ടു പതുക്കെ വീശി. ആ ഭസ്മത്തിന്റെ മാഹാത്മ്യത്താൽ ഈച്ച ജീവിച്ചു!

നാറുകൊല്ലം കഴിഞ്ഞതിൽപ്പിന്നെ ഒരു ശേഷക്കാരൻ അതിനെ വീണ്ടും കൊലപ്പെടുത്തി. ഭർത്തൃമരണത്താൽ ദുഃഖിതയായിത്തീർന്ന ശുചിസ്മിത മഹാശൈവനായ ഭഗീചബ്രഹ്മർഷിയെ ശരണം പ്രാപിച്ചു. ആ തപോധനൻ അവളോടു പറഞ്ഞു:—'മുന്നപ്രാവശ്യം മൃതിയടഞ്ഞ ജമദഗ്നിമുനിയേയും, കശ്യപനേയും, ഭേകകുലത്തേയും, എന്നേയും

Digitized By Kerala Sahitya Akademi

പണ്ടു ഭസ്മമാണ് ജീവിപ്പിച്ചതു്; അതിനാൽ ഭസ്മംകൊണ്ടുതന്നെ ഇതിനേയും ഞാൻ ജീവിപ്പിച്ചുതരാം.' ഭഗവാൻ ഭധീചൻ മഹേശ്വരനെ ശരണം പ്രാപിച്ചു്, കുറെ ഭസ്മം കയ്യിലെടുത്തു മന്ത്രം ജപിച്ചു്, ആ പതിവ്രതയുടെ ഭർത്താവിനെ പുനർജ്ജീവിപ്പിച്ചു; ശിവഭക്തന്റെ കരസ്പർശംമൂലം കരുണനും ശാപമോക്ഷവും കൈവന്നു. അയാൾ മുൻവടിവിലായി തന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചു.

അയാളുടെ ഭാര്യ ഭധീചനെ ഊണിന്നു ഗൃഹത്തിലേയ്ക്കു ക്ഷണിച്ചുകൊണ്ടുപോന്നു. ആ ബ്രഹ്മർഷി വളരെവളരെ ശിഷ്യരോടുകൂടി ഉണ്ണാനിരിക്കേ, ദേവകർ അവിടെ വന്നെത്തി. ശിവഭക്തിയാൽ മേലാകേ ഭസ്മം പൂശിയിരുന്ന അവർ ഭധീചനെ നമസ്കരിച്ചു പറഞ്ഞു:—'മഹാമതേ, ഞങ്ങൾക്കു പണ്ടു ജ്ഞാനം നശിച്ചുപോയി. ഞങ്ങൾ ഗൌതമന്റെ ഭാര്യയെ കണ്ടിട്ടു കാമാതുരരായിത്തീർന്നു, വിവാഹമംഗളം ആചരിച്ച ആ ദേവിയെ തിണ്ടിക്കളഞ്ഞു. അതിനാലാണ് ജ്ഞാനഭ്രംശം പറ്റിയതു്. അതിൽ ഭീതരായ ഞങ്ങൾ എല്ലാവരുംകൂടി ദ്വൈപായസ്സു മഹർഷിയുടെ അടുക്കൽച്ചെന്നു. ഉടനേ, അദ്ദേഹം, 'നിങ്ങൾക്കു പറ്റിയ ദോഷമെല്ലാം ഞാൻ തീർത്തുതരാം: ശംഭു താൻതന്നെ ശതരുദ്രീയമന്ത്രം ജപിച്ചു് എന്റെ പക്കൽ തന്നിട്ടുള്ള ഭസ്മം ബ്രഹ്മഹത്യാദികളെപ്പോലും അകറ്റുന്നതാണ്.' എന്നിങ്ങനെ പറഞ്ഞു്, ശ്രേഷ്ഠമായ ഭസ്മം ഞങ്ങൾക്കു തന്നു. ആ മുനി ചൊന്നതിൻവണ്ണം ശതരുദ്രീയം ജപിച്ചു ദേഹത്തിൽ പൂശിയതോടുകൂടി ഞങ്ങൾക്കെല്ലാവർക്കും ദോഷം നീങ്ങുകയും ജ്ഞാനം ലഭിക്കുകയും ചെയ്തു. മഹർഷേ, എന്താശ്ചര്യം, ഇത്രയുണ്ടു ഭസ്മത്തിന്റെ ശക്തി!'

ഭധീചൻ:—'ശൈവഭസ്മത്തിന്റെ ശക്തി മുഴുക്കത്തിൽ ഞാൻ പറയാം; വിസ്തരിച്ചുപറവാൻ ഓരായിരം കൊല്ലംകൊണ്ടും സാധിക്കയില്ല. ഇതിലേയ്ക്കു വിഷ്ണുശിവന്മാരുടെ ഒരു പഴയ കഥ പറഞ്ഞുതരാം; അതുതന്നെ മതി, ബ്രഹ്മഹത്യാദികളം വിട്ടൊഴിയാൻ:

പണ്ടു് ഏകാർണ്ണവമയമായ ഭയങ്കര ബ്രഹ്മപ്രളയത്തിൽ ഭഗവാൻ മഹാവിഷ്ണു മഹാജലത്തിൽ പള്ളികൊണ്ടു; തന്തിരുവടിയുടെ ഇരുപാർശ്വങ്ങളിൽ നൂറുവീതവും പാദപാശ്വത്തിലും, ശിരോമധ്യത്തിലും ഇരുപതുവീതവും ബ്രഹ്മാണ്ഡങ്ങളം പറ്റിനിന്നിരുന്നു. ഒരു ബ്രഹ്മാണ്ഡം അവിടെയ്ക്കു നാസാമൌക്തികമായി ശോഭിച്ചു! നാഭിമണ്ഡലത്തിൽ, ലോമശാഖികളായ എഴുനൂറു മാമുനിമാർ വന്ദനംചെയ്തു തന്തിരുവടിയെ ഉപാസിക്കുന്നവരായിരുന്നു. അങ്ങിനെയിരിക്കെ, തേ

Digitized By Kerala Sahitya Akademi

ജസ്സേറിയ വിഷ്ണു സൃഷ്ടിക്കൊരുമ്പെട്ട്, ധ്യാനയോഗത്തിൽ സ്ഥിതി ചെയ്യു; പക്ഷെ ഒന്നും കണ്ടെത്തിയില്ല. അതിൽ വമ്പിച്ച ദുഃഖംമൂലം തേങ്ങിത്തേങ്ങി കരയുകയായി. അപ്പോൾ ലോകസാധാരണമല്ലാത്ത ഒരു പ്രഭാപൂരം കാണുമാറായി. ഭഗവാൻ ഭയപ്പെട്ട കണ്ണടച്ചു. പശുവിൻ പാലിന്റെ നിറംപൂണ്ട ഒരു സുന്ദരസപ്തരൂപൻ അവിടെ വന്നെത്തി. ഇരുകൈകളിലും ഓരോ കോടി ബ്രഹ്മാണ്ഡങ്ങൾകൊണ്ടു കോത്ത ഓരോ മാല ചുറ്റിക്കെട്ടിയിട്ടുണ്ട്; ഒരുകോടി ബ്രഹ്മാണ്ഡങ്ങളുടെ ഒരു മാല മാറിൽ ധരിച്ചിട്ടുണ്ട്; ഓരോ ബ്രഹ്മാണ്ഡംകൊണ്ടു ഇരുകൈകളാൽ അമ്മാനമാടുന്നമുണ്ട്—ഇങ്ങിനെയുള്ള ആ സനാതനന്റെ സർവ്വാഭരണഭ്രഷിതമായ സപ്തരൂപം ശരിക്കു കാണ്മാൻ വേണ്ടി വിഷ്ണു തന്തിരുവടിയെ സ്തുതിപ്പാൻ തുടങ്ങി:—

(കിളിപ്പാട്ട്—കേക)

'ദേവദേവേശ, തൊഴാം! ശാശ്വത, തൊഴാം! ഭവാ-
നേവനെന്നറിഞ്ഞീല ഞാനു,തങ്ങറിയുന്നു.
ഞാനറിയുന്നീല നിൻ ഭാവവും; നോക്കാവല്ല
താനുമിതപ്രത്തേജസ്സു; നിത്യാത്മൻ, തൊഴാം, തൊഴാം!
ശ്രേഷ്ഠമാണിക്യമയകുണ്ഡല രത്നോമ്മികാ-
കോഷ്ഠബാഹ്യലംകാരഹേമ മാലകളം ചാർത്തി,
ചെവികളംവരെനീണ്ടു വിരിഞ്ഞ മിഴികളും,
പവിഴപ്പൊളിക്കൊത്ത ചൊടിയും നെറിക്കണ്ണും
മാരവില്ലിനെ വെല്ലും ചില്ലിയും സ്നിഗ്ധോന്നത-
ചാരുനാസയും വെണ്മയേറിയ കവിൾത്തട്ടും
പുഞ്ചിരി തൂകിത്തെളിഞ്ഞുള്ള വക്ത്രവും ബാല-
വെൺചന്ദ്രപ്പൊലിമയും വേദമഞ്ജീരങ്ങളും
ജ്ഞാനച്ചെന്തുകിലുമായ് മിന്നുമങ്ങയെ യൊന്നു
കാണുവാനടിയന്നു കണ്ണനൽകേണം വിഭോ!
ദീനാന്ധകൃപണൻ ഞാൻ ശരണം പ്രാപിക്കുന്നേൻ;
ജ്ഞാനഹീനനാമെന്നൊക്കാത്തുകൊണ്ടാലും സ്വാമിൻ!'

ആ സപ്തരൂപം കാണത്തക്ക ദിവ്യലോചനം ഉടനെ നൽകപ്പെട്ടു. അപ്പോൾ മുൻവശത്തു നില്ക്കുന്ന മുക്കണ്ണനെ കണ്ടിട്ടു നാരായണൻ ഉണത്തിച്ചു:—'മഹാകീർത്തിമാനായ ഭവാൻ ആരാണ്? എനിക്കു മനസ്സിലായില്ല. നമസ്കരിക്കാൻ മാത്രമല്ലാതെ, നിന്തിരുവടിയെ അറിയാൻ ഞാനാളല്ല!'

Digitized By Kerala Sahitya Akademi

സദാശിവൻ:—'ഞാൻ ഭവാനു ജ്ഞാനംതരാം; വാരുണസ്നാനവും പിന്നീടു ഭസ്മസ്നാനവും കഴിക്കു. എന്നിട്ടുവേണം ജ്ഞാനം തരാൻ.'

'എനിക്കു കുളിപ്പാൻ വേണ്ടേടത്തോളം വെള്ളം എങ്ങുമില്ലല്ലൊ' എന്നിങ്ങിനെ പറഞ്ഞു്, ദേഹത്തിൽ ബ്രഹ്മാണ്ഡങ്ങളം പററിനിന്നിരുന്ന വിഷ്ണു ആ വെള്ളത്തിൽ ഇരുന്നു. എന്നിട്ടും അതു ഭഗവാനു സ്നാനത്തിനു മതിയായില്ല; തുടയോളമേ ഉണ്ടായിരുന്നുള്ളൂ. ശിവൻ ചിരിച്ചുംകൊണ്ടു്, 'വെള്ളം ധാരാളമുണ്ടു്; കുളിയ്ക്കാം' എന്നിങ്ങിനെ, വിഷ്ണുവിനെ നെററിക്കണ്ണുകൊണ്ടും ഇടംകണ്ണുകൊണ്ടും ഓരോ നോട്ടം നോക്കി. തൽക്ഷണം വിഷ്ണുവിന്റെ ശരീരം തുലോം ചെറുതാകയും കുളിർ ക്കൊള്ളുകയും ചെയ്തു. പിന്നെ ശിവൻ അരുളിച്ചെയ്തു:—'നാരായണ, ഇതാ, ഒരു കയം; ഇതിൽ കുളിച്ചുകൊൾക.' ശിവന്റെ മടിയിൽ ഉണ്ടാക്കപ്പെട്ടതായ ആ ഗംഭീരഹ്രദത്തിൽ ഇറങ്ങാൻ വിഷ്ണു ശക്തനായില്ല. 'ഇതിലിറങ്ങാൻ വഴിയില്ലല്ലോ; ദേവ, എനിക്കു മാഗ്ഗം തന്നാലും' ശിവൻ പറഞ്ഞു:—'പ്രഭോ, മുമ്പേ ഭവാൻ ഇരുന്നിട്ടും, ഒരു കോടിയോജന ആഴമുള്ള ഈ മഹാജലം ഭവാനു തുടയോളമേ ഉണ്ടായുള്ളൂ; ഇപ്പോഴോ, നിന്നിട്ടും ഭവാനു് ഈ കയത്തിൽ ഇറങ്ങുകവയ്യെന്നോ! നോക്കു, എന്റെ തുടയ്ക്കു് എട്ടുവിരലോളമേ ഇതിൽ വെള്ളമുള്ളൂ. ഭവാൻ ഇറങ്ങിക്കൊള്ളുക; കാൽവെയ്പുമാറാക്കിത്തരാം: ഞാൻ ചൊല്ലുന്ന ഒരു വേദവാക്യം കല്പടയായിത്തീരും.'

വിഷ്ണു:—'ശബ്ദത്തിന്മേൽ കേറാൻ ആരും ആളാകയില്ല. മൂർത്തിമത്തായിട്ടുള്ളതിന്മേൽ കേറാം; അമൂർത്തമായിട്ടുള്ളതിനെ എങ്ങിനെ പിടിയ്ക്കും?'

ശിവൻ:—'ഉള്ളതിനെ പിടിയ്ക്കാനും കേറാനും മറും വയ്യെന്നോ? ഈ മഹാവേദം കയ്യിൽ വാങ്ങുക.'

വിഷ്ണു അതു വാങ്ങിയതോടുകൂടി, അശക്തിനിമിത്തം കൈകാൽ താന്നു്, വീണുപോകുമെന്ന നിലയിലായി! 'ഇതു വഹിക്കാൻ ഞാനാളല്ല' എന്നു ജനാർദ്ദനൻ അറിയിച്ചപ്പോൾ, സദാശിവൻ പുഞ്ചിരിയിട്ടു. 'കേശവ, ഈ കല്പടയിലൂടേ മഹാഹ്രദത്തിലിറങ്ങി കുളി കഴിയ്ക്കു.' വേദം കല്പടയായിത്തീർന്നപ്പോൾ, തുടയോളമായി നിന്ന ആ വെള്ളത്തിലിറങ്ങി കേശവൻ വഴിപോലെ കുളിച്ചു കേറി, ശിവനോടു ചോദിച്ചു:—'ഞാൻ സ്നാനം കഴിച്ചു; ഇനി എന്തു ചെയ്യണം?' ശിവൻ അരുളിച്ചെയ്തു:—'ഭവാന്നെന്താണു് മനസ്സിൽ തോന്നുന്നതു്? ഒന്നുമില്ലെന്നുണ്ടോ? പറയു.' 'ഒന്നുമില്ല' എന്നായിരുന്ന മാധവന്റെ മറുവടി. അപ്പോൾ ശിവൻ പറഞ്ഞു:—'ഭസ്മസ്നാനംകൊണ്ടു വിശുദ്ധനാ

Digitized By Kerala Sahitya Akademi

യാൽ, ദീക്ഷിതന്നു വേണ്ടുന്ന പരമജ്ഞാനം ഭവാൻ നേടും; ഭസ്മം ഞാൻ തരാം.'

ശങ്കരൻ, തന്റെ മാറിടത്തിലെ ഭസ്മം ഒരു തരി നഖംകൊണ്ടെടുത്തു്, ബ്രഹ്മദത്തമായ ഗായത്രി പ്രണവപൂർവ്വം ജപിച്ചു്, ഇരുവിരലുകൾകൊണ്ടു വഹിച്ച പഞ്ചാക്ഷരവും ഉച്ചരിച്ചു വിഷ്ണുവിന്റെ സർവ്വാംഗത്തിലുമിട്ടു; പിന്നീടു ശാന്തദൃഷ്ടിയാൽ വീക്ഷിച്ചു്, 'ജീവിച്ചാലും' എന്നായി അരുളിച്ചെയ്തു:—'ധ്യാനിയ്ക്കു; മനസ്സിൽ തോന്നുന്നതെന്താണു്?' വിഷ്ണു ധ്യാനം കൊണ്ടു. അപ്പോൾ അത്യുജ്ജ്വലമായ ഒരു ദീർഘദീപം ഹൃദയത്തിൽ കാണുമാറായി. 'ഒരു ദീപം ഞാൻ നേരേ കാണുന്നു' എന്നു നാരായണൻ അറിയിച്ചപ്പോൾ ശിവൻ അഭിപ്രായപ്പെട്ടു:—'ഭവാന്റെ ജ്ഞാനം പരിപക്വമായിട്ടില്ല; ഭസ്മം തിന്നുക. എന്നേ ജ്ഞാനം സമ്പൂർണ്ണമാകൂ.' 'ഞാൻ ഭസ്മസ്നാനം കഴിച്ചുവല്ലോ; ഇനി ഭസ്മം ഭക്ഷിയ്ക്കാം.' എന്നിങ്ങിനെ പറഞ്ഞു് അച്യുതൻ ഭക്തിഗമ്യനായ ഭഗ്വനെ നോക്കി ഭസ്മം ഭക്ഷിച്ചു. അപ്പോൾ, ഒരത്യദ്ഭുതമുണ്ടായി: തൊണ്ടിപ്പഴത്തിന്റെ നിറം പൂണ്ടിരുന്ന വാസുദേവൻ കൃഷ്ണനെ തെളിമുത്തിന്നൊത്ത വർണ്ണത്തിലായി! അന്നുമുതൽക്കത്രേ വാസുദേവൻ ശുക്ലവർണ്ണനായിച്ചമഞ്ഞതു്.

(കിളിപ്പാട്ടു്—കേക.)

പിന്നെയും പ്രസന്നനായ് ധ്യാനിക്കും ഹരിക്കൊരു
ധന്യപുരുഷൻ ദീപമധ്യത്തിൽക്കാണായ്വന്നു
അഞ്ചാണ്ടു ചെന്നാലുണ്ടാം മെയ് വലുപ്പവുമഞ്ചു-
മഞ്ചുമായിരം ശരച്ചന്ദ്രർതൻപ്രകാശവും
പളുങ്കിൻനിറവും മുക്കണ്ണുകളുമിരുകയ്യും
വലത്തേക്കയ്യിൽ വരം മറേതിലഭയവും
* .....
.....
ഇടംകൈവിരലിന്മേൽ, പ്രണവമാകും രത്നം
നടുവിൽപ്പതിച്ചോരു ചാരുമോതിരവുമായ്.

ആ സദാശിവനെ ദർശിച്ചു് ജനാർദ്ദനൻ കൃതകൃത്യനായി. 'വിഷ്ണോ, ഭവാൻ എന്താണിപ്പോൾ മനസ്സിൽ കണ്ടതു്?' എന്നു ശിവൻ ചോദിച്ചു. 'മുന്നിൽ കാണപ്പെട്ട പുരുഷന്റെ ശാന്തസ്വരൂപം തന്നെ' എന്നുത്തരം പറഞ്ഞുകൊണ്ടു് മാധവൻ മഹേശ്വരന്റെ തൃക്കാൽക്കൽ പതിച്ചു.

* മുമ്പത്തെ കിളിപ്പാട്ടിലെ 'ശ്രീകുമാണിക്യ' എന്നു തുടങ്ങുന്ന വരിമുതൽ 'ഘോര മഞ്ജീരങ്ങളും' എന്നതുവരെ ഇവിടെ വായിച്ചുകൊള്ളണം.

Digitized By Kerala Sahitya Akademi

വിഷ്ണു:—'സ്വാമിൻ, ഭസ്മത്തിന്റെ മഹിമതന്നെ എനിക്കറിഞ്ഞുകൂടാ; പിന്നെയുണ്ടോ നിന്തിരുവടിയുടെ! നിന്തിരുവടിക്കു നമസ്കാരം! നിന്തിരുവടിക്കു നമസ്കാരം! നിന്തിരുവടിതന്നെ എനിക്കാശ്രയം.'

ശിവൻ:—'മഹാഭാഗ, വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക.'

വിഷ്ണു:—'ശംഭോ, എനിക്കെന്നെന്നും തൃപ്പാദത്തിൽ ഭക്തിയുണ്ടായി വരട്ടേ!'

ശിവൻ ആ ശ്രേഷ്ഠവരം കല്പിച്ചുകൊടുത്തു:—'ഭസ്മധാരണം ചെയ്താൽ അങ്ങയ്ക്കുകൽ ഭക്തിയുണ്ടാവും.'

ആദിമുതൽക്കേ ഭസ്മസംഭവമായ മഹാജ്ഞാനം ഇതാ, ഞാൻ പറഞ്ഞു. അതിനാൽ ദേവന്മാരെല്ലാവരും ഭസ്മത്തെ ആദരപൂർവ്വം ധരിച്ചുകൊൾവിൻ.' വിസ്മയത്താൽ കൺവിടർന്ന വിണ്ണവന്മാർ 'അങ്ങിനെ തന്നെ' എന്നു സമ്മതിച്ചു.

ഈ അതിശ്രേഷ്ഠമായ പുണ്യോപാഖ്യാനം ആർ പതിവായി ശ്രവിക്കുന്നുവോ, അവൻ പാപമെല്ലാം വേർപെട്ട് ശങ്കരപദം പ്രാപിക്കും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, ഭസ്മസ്നാനമഹിമവർണ്ണനം എന്നൂറ്റൊന്നാമദ്ധ്യായം.

— (o) —

ഒന്നൂറ്റാരണ്ടാമദ്ധ്യായം

ശുചിസ്മിത:—'മഹർഷേ, ഭസ്മംതിന്നാൽ ആയുസ്സു വർദ്ധിക്കുമെന്നുള്ളതു കണ്ടുവല്ലോ; പരലോകഗതി നൽകാനും ഇതിന്നു ശക്തിയുണ്ടോ? പറഞ്ഞുതരിക.'

ദധീചൻ:—'ഇതിലേയ്ക്ക്, ഒരു പഴയ ഐതിഹ്യം ഞാൻ പറഞ്ഞുതരാം; യമചിത്രഗുപ്തന്മാരിൽനിന്ന് അറിയപ്പെട്ടതാണിത്:

പണ്ട് മിഥിലയിൽ ഒരു ശ്വാവ് വിശന്നനടന്നിരുന്നു; അതു നൂറു ജന്മങ്ങടക്കുമുമ്പേ ഒരു ബ്രാഹ്മണനായിരുന്നു. ചെറുപ്പത്തിൽ വേദവും ശാസ്ത്രവും അഭ്യസിച്ചവനായ ആ ബുദ്ധിമാൻ ഗംഗയിൽ ചെന്നൊത്തി സ്നാനംചെയ്തു പിതൃദേവർഷികൾക്കു തർപ്പണം കഴിച്ചു; പിന്നെ പ്രാത്തലികാ(മാതല്ലികാ)നഗരം പ്രാപിച്ച്, ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ വിശ്രമിച്ചു. അവിടെ തേന്മാവു മരിക്കയാൽ രാജ്യഭ്രഷ്ടയായിത്തീർന്ന

Digitized By Kerala Sahitya Akademi

ഒരു ക്ഷത്രിയതരുണി പാത്തിരുന്നു. അവളുടെ പക്കൽ നൂറുകോടി പൊൻപണമുണ്ടായിരുന്നു. രാത്രിയിൽ ചന്ദ്രനുദിച്ചു് ദിങ്മുഖങ്ങളെല്ലാം പൂനിലാവിനാൽ പുഞ്ചിരിക്കൊണ്ടു ശോഭിക്കെ, അവൾ, ഊൺ കഴിഞ്ഞു കിടക്കുന്ന ആ സർവ്വാംഗസുന്ദരനായ ബ്രാഹ്മണന്റെ അടുക്കൽ ചെന്നു ചോദിച്ചു:—'ബ്രാഹ്മണ, ഭവാൻ എവിടെനിന്നു വരുന്നു? എങ്ങോട്ടാണ് പോകുന്നതു"?'

ബ്രാഹ്മണൻ:—'അകാലത്തുള്ള ഉപചാരം എല്ലാവർക്കും ശങ്കയെ ഉളവാക്കിക്കളയും. യുവാക്കളായ നമ്മൾ തമ്മിൽ രഹസ്സിൽവെച്ചു സംസാരിക്കുന്നതു ഹാസ്യാസ്പദമായിത്തീരും.'

ക്ഷത്രിയസ്ത്രീ:—'കഥാപ്രസംഗം, യാത്ര, തീർത്ഥം, ദേശവിപ്ലവം, ദുർഭിക്ഷം, ഗ്രാമത്തിനു തീ പിടിക്ക എന്നിവയിൽ രഹസ്സില്ലാപത്തിനു ദോഷമില്ല. ഭവാൻ എന്റെ ഗൃഹത്തിൽ വിശ്രമിക്കയാണു്; ഞാനോ, എന്റെ ഗൃഹത്തിൽ താമസിക്കുന്നു. ഇതിൽ ആർക്കും ശങ്കയ്ക്കവകാശമില്ല.'

'ഞാൻ സംസാരിക്കില്ല; ഭവതി സ്വന്തം സ്ഥലത്തേയ്ക്കു പോയ്ക്കൊള്ളൂ' എന്നു ബ്രാഹ്മണൻ തീർത്തു പറഞ്ഞു. അപ്പോൾ അവൾ ആലോചിച്ചു:—

(കിളിപ്പാട്ടു്—കാകളി)

'സംഗമിക്കേണമിവനോടെനിക്കു,തി—
നാങ്ങുചെന്നിട്ടു കരയുന്നതുണ്ടുഞാൻ;
എന്നാലിവനെന്നെയാശ്വസിപ്പിക്കുവാൻ
വന്നൊഴനോല്പിയ്ക്കു,മത്തവ്വിൽ ഞാൻ ദൃഢം
കൈകൾ കഴുത്തിൽ വെച്ചുമൂർച്ഛിച്ചു
പോർകുചം മെയ്യിലുരുമ്മിച്ചുകൊള്ളുവൻ;
ഇല്ലാ വെളിവെന്നു കണ്ടാലിരുന്നെന്നെ
മെല്ലേ മടയിൽക്കിടത്തും ദിഗ്ജോത്തമൻ;
അന്നേരമാടയഴിച്ചു നിസ്സംജ്ഞപോ—
ലൊന്നു കാണിക്കുവനെന്മാരമന്ദിരം
സ്നിഗ്ദ്ധം പഴുത്തരയാലിലയ്ക്കൊക്കുവൊ—
ന്നുദ്യൽപരിമളം രോമവിവർജ്ജിതം;
കേണു മടിയിൽക്കിടന്നരുണ്ടാത്ത ഞാൻ
ക്ഷോണീസുരനുടെ വസ്ത്രവും നീക്കുവൻ.
ഇങ്ങിനെയുള്ളിൽക്കൊതി പിടിപ്പിച്ചുവെ—
ച്ചിങ്ങെന്റെ പാട്ടിൽ വരുത്തുമിവനെ ഞാൻ;

Digitized By Kerala Sahitya Akademi

കാണാതിരിയ്ക്കുമ്പൊഴത്തെ മനോഗതി
കാണുന്നനേരത്തു വേറെയൊന്നാസ്സുരം;
കാണുമ്പൊഴത്തെ മനോഗതി സല്ലാപ-
കാലത്തു പിന്നെയും വേറെയൊന്നാസ്സുരം;
സല്ലാപകാലത്തിലുള്ള മനോഗതി
നല്ല ഹാസോക്തിയിൽ വേറെയൊന്നാസ്സുരം;
അപ്ഫലിതോക്തിയിലുള്ള മനോഗതി
സംസ്പൃശ്യവേളയിൽ വേറെയൊന്നായ് വരും;
സംസ്പൃശ്യവേളാമനോഗതി ഗൃഹ്യാംഗ-
സന്ദർശനത്തിങ്കൽ വേറെയൊന്നാസ്സുരം;
യോനിദർശിക്കുമ്പൊഴത്തെ മനോഗതി
യോനിസംസ്പർശത്തിൽ വേറെയൊന്നായ് വരും!
ബാഹ്യമൂലകുചദ്വന്ദ്വവും യോനിയു-
മാഹന്ത, കാങ്ക തൊടുകീയവസ്ഥയിൽ
ഉൾക്കാമ്പിളങ്ങിമറിഞ്ഞു പൊട്ടുന്നനെ-
ശ്ശുക്ലസ്ഖലനം ഭവിക്കാത്തവനെവൻ?'

ഇപ്രകാരം ചിന്തിച്ചുറച്ച് ആ ക്ഷത്രിയസ്ത്രീ മടങ്ങിപ്പോന്ന് തന്റെ അറവാതിൽക്കലെത്തി പതുക്കെ കരയാൻതുടങ്ങി. കുറേനേരം കരഞ്ഞപ്പോൾ, കരുണാനിധിയായ ബ്രാഹ്മണൻ, 'സ്ത്രീ, ബാലവൃദ്ധന്മാർ, രോഗികൾ, രാജയോഗികൾ, വിഷബാധിതൻ, തിയ്യിലൊ വെള്ളത്തിലൊ വീണവർ എന്നിവരെ ദുഃഖംനീക്കി രക്ഷിക്കുക എന്നതു കിണർ കുഴിപ്പിക്കുന്നതിനു തുല്യമാണെന്നല്ലെ പറയുന്നതു്' എന്നിങ്ങിനെ വിചാരിച്ച് അവളുടെ അടുക്കലേയ്ക്കു ചെന്നു; എന്നിട്ട് ആ വിശുദ്ധചിത്തൻ കനിവോടെ കഥിച്ചു:—'ഇഹത്തിലേയ്ക്കും പരത്തിലേയ്ക്കും കൊള്ളരുതാത്ത മഹാദുഃഖം മതിയാക്കുക; ഇതു ശരീരത്തെ ശോഷിപ്പിക്കുകയും മനസ്സിനെ മർദ്ദിക്കുകയും ചെയ്യും. പെങ്കിടാവേ, ഈ ദുഃഖം കളയു. ദുഃഖിച്ചിട്ടു പ്രയോജനമില്ല. ഇങ്ങിനെ കരയാൻ തക്കവണ്ണം വ്യസനത്തിനെന്താണ് കാരണം?' അവൾ മറുവടിയൊന്നും പറഞ്ഞില്ല; ബ്രാഹ്മനെ കണ്ടിട്ടും കാണാത്ത നാട്യത്തിൽ, മോഹാലസ്യപ്പെട്ടിട്ടെന്നപോലെ നിലത്തു വീണുകളഞ്ഞു! കളവറിഞ്ഞുകൂടാത്ത ബ്രാഹ്മണൻ അവളെ എഴുന്നേല്പിച്ചു; എഴുന്നേല്പിച്ചാലും അവൾ വീണ്ടും വീണ്ടും വീഴുകയായി. അപ്പോഴൊക്കെ ബ്രാഹ്മണൻ അവളെ താങ്ങി, വീണ്ടും എഴുന്നേല്പിച്ചു, തന്റെ മടിയിൽ വെച്ചു കണ്ണുകൾ തുടച്ചു.

Digitized By Kerala Sahitya Akademi

൬൫൦൨ പുരാണസഞ്ചിക [൪൫൭൫൭൫൭

ഉടനേ ആ ബ്രാഹ്മണൻ ഒരു മഹാശിവക്ഷേത്രത്തിൽ പോയി, ഓരായിരം താമരപ്പൂകൊണ്ടു ശിവനെ പൂജിച്ചു; എന്നിട്ട പാപ്പിടത്തിലേയ്ക്കു പോന്നു ഊണ് കഴിച്ചു ക്ഷത്രിയസ്ത്രീയെ വെടിഞ്ഞു തോന്നിയസ്ഥലത്തേയ്ക്കു നടകൊണ്ടു. ഹവിഷ്യാന്നം കയ്യിലുണ്ടായിരുന്നതു തീൻപോകയാൽ ഒരു ദിവസം അയാൾ ഒരു ശിവക്ഷേത്രത്തിൽ ചെന്നു പുറത്തു വിളക്കിലെ നെയ്യെടുത്തു ഭക്ഷിയ്ക്കുകയുണ്ടായി. പിന്നീടു മരണമടഞ്ഞു് അയാൾ യമലോകത്തു ചെന്നൊത്തി.

യമൻ:—'ബ്രാഹ്മണ, ഭവാൻ ചെയ്തിട്ടുള്ള പാപങ്ങളുടെ ഫലം, രണ്ടു കോടി സംവത്സരം മുഴുവൻ നരകത്തിൽക്കിടക്കുകയും, പിന്നീടു നൂറു ജന്മം നായയായി ജനിയ്ക്കുകയുമാണ്. ശിവദീപത്തിലെ നെയ്യെടുത്തതിന്നു് ഒരു നൂറായിരം മഹാഘോരനരകത്തിൽ കിടക്കണം: വീണ്ടും വീണ്ടും കുംഭീപാകത്തിൽ വിറകായി വെണ്ണീറടിയ്ക്കണം; അങ്ങിനെ പത്താണ്ടു ചെന്നാൽ, പിന്നെ പത്താണ്ടു കൃമിഭോജനം; പിന്നെ പത്താണ്ടു ദീപവാസം; പിന്നെ പതിറ്റുപ്പത്താണ്ടു്, കഫത്തിലും അഴുക്കിലും മലത്തിലും മൂത്രത്തിലും ശുക്ലത്തിലും മുങ്ങിപ്പൊങ്ങുകയും, കഫം മലം എന്നിവ തിന്നുകയും. ബാക്കിയുള്ള, നൂറുജന്മം നായയാവുകയും വേണം!'

യമന്റെ ഈ വാക്കു കേട്ടിട്ടു ബ്രാഹ്മണൻ നിലം പൊത്തിപ്പോയി.

അയാളുടെ പ്രിയപത്നി ഭർത്താവിനെപ്പറ്റി വിചാരിച്ചു ദുഃഖിച്ചിരിയ്ക്കയായിരുന്നു. അപ്പോൾ നാരദൻ അവളുടെ അടുക്കൽ ചെന്നു. അവൾ അദ്ദേഹത്തിന്റെ കാൽക്കൽ വീണു. മഹർഷി ആ അയ്യസ്സോടുങ്ങിയ സാധ്വിയെ പിടിച്ചെഴുന്നേല്പിച്ചു പറഞ്ഞു:—'മുഗ്ധേ, വിശാലാക്ഷി, നീ ഭർത്താവിനെ അനുഗമിയ്ക്കണം. അയാൾ ആരുമേതുമില്ലാതെ മരിച്ചുപോയി. ഭദ്രേ, കരയരുതു്. അഗ്നിപ്രവേശം ചെയ്യു.'

ബ്രാഹ്മണി:—'മഹർഷേ, എനിക്കവിടെ ചെല്ലാൻ കഴിയുമോ; ആവോ? 'ഉടന്തടിചാടാനു'ള്ള സമയം തെറ്റിപ്പോകില്ലല്ലോ?'

നാരദൻ:—'അവ്യയേ, ഇവിടെനിന്നു് ആ സ്ഥലത്തെയ്ക്കു് ഒരു നൂറു യോജന വഴിയുണ്ടു്; ബ്രാഹ്മണനെ നാളെയേ ദഹിപ്പിയ്ക്കൂ. നീ പോകണം.'

അവ്യയ:—'മഹർഷേ, അത്ര ദൂരത്തു ഞാൻ എങ്ങിനെ ചെന്നെത്തും?'

നാരദൻ:—'എന്റെ വീണത്തണ്ടിന്മേൽ ഇരുന്നുകൊൾക; ഞാൻ ക്ഷണനേരംകൊണ്ടു് അവിടെ ചെന്നെത്താം.'

Digitized By Kerala Sahitya Akademi

അതിൻവണ്ണം നാരദൻ അവ്യയയേയുംകൊണ്ടു് അതിവേഗത്തിൽ ഗമിച്ചു്, ബ്രാഹ്മണന്റെ മരണസ്ഥലത്തെത്തിച്ചേർന്നു. എന്നിട്ടു് അവളോടു പറഞ്ഞു:—'വത്സേ, കരയാതെ തിയ്യിൽച്ചാടുക. പരപുരുഷസംഗമമാകുന്ന പാപം നീ ചെയ്തിട്ടുണ്ടെങ്കിൽ, അതു നീങ്ങാൻ പ്രായശ്ചിത്തം ചെയ്യു. ഉപപാപങ്ങളും അഗ്നിപ്രവേശത്താൽ അറുതിയടയും. സ്ത്രീകൾക്കു സർവപാപങ്ങളും നശിപ്പാൻ അഗ്നിപ്രവേശമൊന്നല്ലാതെ മറെറാരു പ്രായശ്ചിത്തം മൂന്നുലോകത്തും ഞാൻ കാണുന്നില്ല.' അവ്യയ ചോദിച്ചു:—'മഹർഷേ, അഗ്നിപ്രവേശത്തിൽ എന്താണു് സ്ത്രീകൾക്കു ചെയ്യാനുള്ളതു്?'

നാരദൻ:—'കുളിച്ചു മംഗളസംസ്കാരം ചെയ്യണം: ഗന്ധം, പുഷ്പം, ധൂപം, മഞ്ഞൾ, അക്ഷതം, മംഗലസൂത്രം, എന്നിവ ധരിക്കണം; ആഭരണമണിയണം; കണ്ണെഴുതണം; കാൽകളിൽ ചെമ്പൊഞ്ഞിച്ചായം തേയ്ക്കണം; നല്ലവാക്കു പറഞ്ഞു കഴിയുന്ന ദാനം ചെയ്യണം; മുഖം പ്രസന്നമായിരിക്കണം; പലതരം മംഗളവാദ്യങ്ങളും സംഗീതവും വേണം. വ്യഭിചാരപാപശാന്തിക്കും പ്രാഗ്ജന്മ പാപശാന്തിക്കും, ബ്രാഹ്മണനോടു ചോദിച്ചു്, അദ്ദേഹം ഉപദേശിച്ച പ്രായശ്ചിത്തം കഴിച്ചു്, ആഭരണം അദ്ദേഹത്തിന്നു നൽകണം; ആഭരണമില്ലെങ്കിൽ, ഉള്ള മുതൽ കൊടുക്കുക. അല്ലാതെ ഒരുവിധത്തിലും പാപശാന്തി വരികയില്ല.'

അവ്യയ:—'ബ്രഹ്മൻ, ഇതെല്ലാം ഞാൻ ചെയ്യാം. എന്നാൽ മഞ്ഞൾപോലും എന്റെ പക്കലില്ല; ആഭരണത്തിന്റെ കഥ പറയാനില്ലല്ലോ. എല്ലാം ഇവിടുന്നു തരുമാറാകണം.'

നാരദൻ:—'മംഗളദ്രവ്യമൊന്നും ഇവിടെയില്ല; വേറെ വല്ലവരോടും ചോദിച്ചുവാങ്ങണം.'

നാരദൻ ക്ഷണനേരംകൊണ്ടു ശിവമന്ദിരമായ കൈലാസത്തിൽ ചെന്നെത്തി, പാർവതിയെക്കണ്ടു നമസ്കരിച്ചുണർത്തിച്ചു:—'അമ്മേ, കുറേ മഞ്ഞളും ആഭരണങ്ങളും ചരടും തരണം.'

പാർവതി:—'വിധവയ്ക്കു വല്ല ആഭരണവും ഞാൻ എങ്ങിനെ തരും? ഞാൻ തന്നാൽ വൈധവ്യം ഇല്ലാതാകുമല്ലോ.'

നാരദൻ:—'അമ്മേ, ഭർതൃശരീരം ഉള്ളേടത്തോളം കാലം സ്ത്രീ വിധവയല്ല; മഹിപ്പിച്ചേ നെടുമംഗല്യം പോകൂ.'

പാർവതി:—'എന്റെ ആഭരണവും മഞ്ഞളും മറെറാരു ശരീരത്തിന്നു ധരിക്കാവുന്നതല്ല; അവ ഞാൻ തന്നാൽ ദീർഘായുസ്സുണ്ടാകയും ചെയ്യും. എല്ലാം ജയന്തിയോടു ചോദിച്ചു വാങ്ങിക്കൊൾക.'

Digitized By Kerala Sahitya Akademi

നാരദൻ ജയന്തിയെ കണ്ട മണ്ഡനത്തും സ്തുതിയും ആഭരണങ്ങളും വാങ്ങി അവ്യയയ്ക്കു കൊണ്ടുകൊടുത്തു; എന്നിട്ട് അവളോടു ചോദിച്ചു:—'നിനക്കു കർമ്മം നടത്താൻ ആരാണ്? വല്ലവരേയും എല്പിയ്ക്കു.'

അവ്യയ:—'എനിക്ക് എല്ലാ ക്രിയയും ഇവിടുന്നതന്നെ നടത്തിത്തരണം. എന്റെ അച്ഛനാണിവിടുന്ന്. മുനിപുംഗവ, ഭവാൻ നമസ്കാരം!'

നാരദൻ ബ്രാഹ്മണന്റെ ശവം ദഹിപ്പിച്ചിട്ട്, 'അവ്യയേ, സമ്മതമെങ്കിൽ ചെന്നു തിയ്യിൽ ചാടിക്കൊള്ളുക' എന്നവളോടു പറഞ്ഞു. ആ സാധ്വി പണ്ടങ്ങളെണിഞ്ഞു നാരദനെ മൂന്നു വലം വെച്ചു നമസ്കരിച്ചു, ഹൃദയം ഗൊരിയിൽ സമർപ്പിച്ചു, മംഗല്യസൂത്രവും മഞ്ഞളും അക്ഷതങ്ങളും പൂക്കളും വസ്ത്രങ്ങളും കസ്തൂരിയും ചന്ദനവും പൊന്നിൻചീപ്പും പലതരം കായ്കളും വെവ്വേറെയെടുത്തു പാവ്തീപ്രീതിയ്ക്കായി ഗൃഹിണിമാർക്കു ദാനംചെയ്തു; എന്നിട്ട് ജ്വാലാമാലകഠം കൊണ്ട് ആകാശത്തെ ദഹിപ്പിയ്ക്കുന്നതുപോലെ ജ്വലിയ്ക്കുന്ന പാവകനെ മൂന്നുരു വലത്തുവെച്ചു, അഗ്നിയുടെ മുൻവശത്തു പുഞ്ചിരിക്കൊണ്ടു കൈകഠം കൂപ്പി നിന്നു,

'ഇന്ദ്രാദിദിക്പാലകരേ, മാതാവേ, ഭൂമി, ഭാസ്കര,
ധർമ്മാദ്യരാം സുരന്മാരേ, കേൾപ്പിനെൻവാക്യമേവരും:
പാണിഗ്രഹണനാഥം തൊട്ടിന്നോളം കാന്തനെ രാപ്പകൽ
കരണം മൂന്നിനാലും ഞാൻ ഭക്ത്യാസേവിച്ചുവെങ്കിലോ—
വ്യഭിചാരമെനിയ്ക്കില്ലാ ദേശമൂന്നിലുമെങ്കിലോ—
ആസ്സത്യത്താൽത്തരിക മേ യാനം ഭർത്താവൊടൊപ്പമേ!'

എന്നിങ്ങിനെ പ്രാർത്ഥിച്ചു, കയ്യിലുണ്ടായിരുന്ന പുഷ്പം എരിതിയ്യിലേയ്ക്കിടുകയും അതിൽ ചാടുകയും ചെയ്തു.

ഉടനെ, സൂര്യനെപ്പോലെ മിന്നിത്തിളങ്ങുന്നതും അപ്സരസ്ത്രീകളുടെ സംഗീതം മുഴങ്ങുന്നതുമായ ഒരു വിമാനം ആകാശത്തു കാണുമാറായി. അവഠം ഭർത്താവോടൊന്നിച്ചു് അതിൽക്കേറി ദ്യോവിലേയ്ക്കു ഗമിച്ചു. യമൻ ആ പതിവ്രതയെ ആദരിച്ചു പറഞ്ഞു:—'ഭവതിയ്ക്കു് എന്നും സ്വർഗ്ഗത്തിൽ വാഴാം; പാപമൊന്നുമില്ല. ഭർത്താവിനും രണ്ടുകോടിക്കൊല്പം നരകത്തിൽ കിടക്കാനുള്ള പാപം നീങ്ങിയിരിയ്ക്കുന്നു; ശിവദീപത്തിലെ നെയ്യു ഭക്ഷിച്ചതിനാലുള്ള പാപമൊന്നുമാത്രം ബാക്കിയുണ്ടു്. അതിന്നു്, നരകത്തിൽ കിടക്കേണ്ടാ; സുകൃതം നായയായാൽ മതി.'

Digitized By Kerala Sahitya Akademi

അവ്യയ:—'അഗ്നിപ്രവേശത്താൽ ശുദ്ധിവന്നാവക്ക പിന്നെയും നരകമോ? അഗ്നിപ്രവേശത്താൽ സർവപാപങ്ങളും നശിയ്ക്കുമല്ലോ.'

യമൻ:—'ശിവദ്രവ്യം അപഹരിച്ചാലത്തെ പാപം നശിയ്ക്കയില്ല; മറുള്ളവയേ നശിയ്ക്കു എന്നാണ് പണ്ടു ശിവൻ അരുളിച്ചെയ്തിട്ടുള്ളതു്.'

അങ്ങിനെ ആ വിപ്രൻ നൂറു ജന്മം നായയായി ജനിച്ചു. ഒടുവിൽ, ആസന്നമരണനായ ആ ശ്വാവു് എന്റെ ഗൃഹത്തിൽ വന്നെത്തി. ഇവിടെ ചുമരിന്നാട്ടുക്കൽ മന്ത്രം ജപിച്ച ഭസ്മം ഇരുന്നിരുന്നു; ശുനകൻ അതിൽ വീണു ചത്തു യമന്റെ അടുക്കലെത്തി. യമൻ വണക്കത്തിൽ പറഞ്ഞു:—'മഹാസുകൃതിയായ ഒരു മുനിയാണ് ഭവാൻ; എന്റെ ഗൃഹത്തിൽ ഇരിയ്ക്കേണ്ടവനല്ല. പുറത്തേയ്ക്കു പോയാൽ കൊള്ളാം.' സാരമേയം തിരിയേ പോന്നു പുറത്തു നിന്നായി. വിഷണ്ണനായി നില്ക്കുന്ന അതിനെ നാരദൻ കണ്ടെത്തി, ചോദിച്ചു:—'തേജസ്വിയായ ഭവാൻ ഇവിടെ നിൽക്കുന്നതെന്തിനാണ്? ധീമൻ, ശിവഭസ്മത്തിൽ വീണു മരിച്ചവൻ ശൈവനാകുന്നു; ശൈവന്മാർ പാപികളായാലും സാഹസത്താൽ ദേഹം വെടിഞ്ഞവരായാലും യമലോകത്തു പോകേണ്ടതില്ല എന്നത്രേ ശിവന്റെ അരുളപ്പാടു്.'

ഇത്രയും പറഞ്ഞു് നാരദൻ കൈലാസത്തിൽ ചെന്നു പരമശിവനെ ദണ്ഡനമസ്കാരം ചെയ്തുണർത്തിച്ചു:—'സ്വാമിൻ, യമാലയത്തിന്നു പുറത്തുണ്ടു് ഒരു ശുനകശ്രേഷ്ഠൻ നിൽക്കുന്നു; അവൻ മരിച്ചതു ഭസ്മത്തിൽ വീണിട്ടാണ്. അതിനാൽ ശിവലോകത്തു പാർക്കേണ്ടവനാകുന്നു.' ഉടനേ ശിവനാൽ നിയോഗിയ്ക്കപ്പെട്ട ഗണോത്തമനായ വീരഭദ്രൻ ആ ദിവ്യരൂപം പൂണ്ട ശ്വാവിനെ കൂട്ടിക്കൊണ്ടുപോയി സ്വാമിയുടെ തൃപ്പാദത്തിലെത്തിച്ചു. ശൈവനായ മഹർഷി, 'ഇതിനെ ഒരു പാർഷദനാക്കാ'മെന്നു മഹേശ്വരനോടണത്തിയ്ക്കുകയും, തന്തിരുവടി അതനുവദിക്കുകയും ചെയ്തു. ആ പ്രാണി ശുനകമുഖനായ ഒരു പാർഷദനായിച്ചമഞ്ഞു!

ശുചിസ്മിതേ, ഭസ്മമാഹാത്മ്യം അപ്രതിമമാകുന്നു. ഇനിയെന്താണ് ഭവതിയ്ക്കു കേൾക്കേണ്ടതു്?'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, ഭസ്മപ്രഭാവശ്രവണകീർത്തി കഥനം ഒരുന്നൂറിരണ്ടാമദ്ധ്യായം

(0)

Digitized By Kerala Sahitya Akademi

ഒരുന്നാറിമൂന്നാമദ്ധ്യായം

ശ്രുചിസ്മിത:—'ബ്രഹ്മർഷേ, ഭസ്മം പണ്ടു കാശ്യപനേയും ജമദഗ്നിയേയും ദേവകളേയും രക്ഷിച്ചു എന്നു പറഞ്ഞുവല്ലോ; അതെങ്ങിനെയായിരുന്നു?'

ഭഡീചൻ:—ഞങ്ങളും കശ്യപാദികളും, ദേവന്മാരും ക്രൂടി പണ്ടു ശൌകരം (ശൌകടം) എന്ന പർവ്വതത്തിലേയ്ക്കു പോയി. അതിന്റെ മദ്ധ്യത്തിലായി, പലതരം പക്ഷികളും നിറഞ്ഞു, വളരെ മഹർഷിമാർ വസിയ്ക്കുന്നതായി, അപ്സരസ്ത്രീ നിഷേവിതമായി, വിചിത്രങ്ങളായ വൃക്ഷങ്ങളുംകൊണ്ടും എല്ലാ ഋതുക്കളിലേയും പുഷ്പങ്ങളും കൊണ്ടും രമണീയമായിരിക്കുന്ന വാസുദേവാശ്രമം പരിശോഭിയ്ക്കുന്നുണ്ട്. ഞങ്ങളും അവിടെ ചെന്നു വാസുദേവനെ വന്ദിച്ചു പർവ്വതത്തിന്റെ മുകളിലേയ്ക്കു കേറി. അവിടെ വന്നിച്ച തിയ്യു കത്തുന്നുണ്ടായിരുന്നു; ഞങ്ങളും അതിൽപ്പെട്ടുപോയി. ഞാനൊരാളൊഴിച്ചു മറെല്ലാവരും അതിൽ വെന്തടിഞ്ഞു; ഒടുവിൽ ഞാനും ദഹിച്ചു. ഭദ്രേ, എല്ലാവരും ഭസ്മമായിത്തുടങ്ങി. ആ ഘട്ടത്തിൽ, പ്രതാപവാനായ വീരഭദ്രൻ ഞങ്ങളെക്കണ്ടെത്തി. മേലൊക്കെ ഭസ്മം പൂശി, തലയിൽ ശിവലിംഗം ധരിച്ചു, വിശ്രുതനായി നിസ്പൃഹനായി ശാന്തനായിരിയ്ക്കുന്ന അദ്ദേഹം തന്നിയേ എന്തിനോ ആ പർവ്വതത്തിൽ വന്നതായിരുന്നു. ഞങ്ങളുടെ നിലവിളികേട്ടിട്ട് അദ്ദേഹം, 'ഒരു മരണാനിലവിളിയാണല്ലോ കേൾക്കുന്നത്; ശവഗന്ധവും പുറപ്പെടുന്നുണ്ട്! ചെന്നുനോക്കുകതന്നെ' എന്നാറച്ച് എരിതിയ്യിന്നടുക്കലെത്തി. ഉടനെ ആ പാവകൻ വീരഭദ്രനേയും ദഹിപ്പിയ്ക്കാൻ ഒരുമ്പെട്ടു. അപ്പോൾ അദ്ദേഹം കുറെ വെള്ളം തളിച്ചതിനാൽ അഗ്നി തൃണാഗ്നിപോലെ കെട്ടടങ്ങി.

എന്നാൽ മറെറാരഗ്നിജ്വാല വീരഭദ്രനു കാണുമാറായി. അതു് ആകാശത്തേയ്ക്കു പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. 'പ്രാണികളെയെല്ലാം ആയിരവും കോടിയുമായി ചുട്ടെരിയ്ക്കുന്ന ഒരു തിയ്യാണല്ലോ ഇതു്! അതിനാൽ ലോകരക്ഷയ്ക്കായി ഈ പെരുംതിയ്യിനെ, ദാഹമുള്ളവൻ വെള്ളത്തെ എന്നപോലെ പിപാസുവായ ഞാൻ പാനംചെയ്യുന്നുണ്ട്.' എന്നു വീരഭദ്രൻ മനസ്സുകൊണ്ടു നിശ്ചയിയ്ക്കുമ്പോഴേയ്ക്കും ഒരശരീരവാക്കു കേൾക്കുമാറായി:—'വീര, സാഹസം ചെയ്യരുതേ. ദാഹം എവിടെ, അഗ്നി എവിടെ? ദാഹമുള്ളവക്കു വെള്ളമാണാവശ്യം; തിയ്യല്ല. ശതയോജനശിരസ്സായ ഒരു രാക്ഷസേന്ദ്രനെ

Digitized By Kerala Sahitya Akademi

യും, ശതയോജന വിസ്തൃനായ മറെറാരുശന്തനേയും, ശതയോജന ബാഹുവായ വേറെയൊരുത്തനേയും, സമുദ്രം മുഴുവൻ കുടിച്ച മഹാഭാഗനാനാഗസ്ത്യനേയും, മറു വളരെപ്പേരെയും പുട്ടെരിച്ച തിയ്യാണിത്തു!'

വീരഭദ്രൻ:—'ആകാശവാണി, ഇതൊരു ഭീഷ്മണി മാത്രമാണു്. ഇതു പറഞ്ഞു നിന്റെ പേരിലും മറ്റുനിയ്ക്കു കോപം തോന്നുന്നു. ദേവന്മാരൊക്കെ ചേർന്നു പണിയുന്ന വീരഭദ്രനാണു് ഞാൻ!'

ആകാശവാണി:—'ഹിതം പറയുകയാണു് ഞാൻ ചെയ്തതു്; കളങ്കംകൊണ്ടല്ല, മറെറാന്നുകൊണ്ടല്ല. വീര, കോപം വെടിഞ്ഞു തനിയ്ക്കു ഹിതമായിട്ടുള്ളതു ചെയ്തുകൊള്ളുക.'

ഇത്രയും പറഞ്ഞു വാണീദേവി വീരഭദ്രനെ പേടിച്ചു മറഞ്ഞു. വീരഭദ്രൻ ആ ഒരുന്നിയ്ക്കിനെ കളിയായി പ്രദക്ഷിണംചെയ്തുകളഞ്ഞു—ഒരുന്നൂറു യോജന വിസ്താരത്തിൽ അതിദുസ്സഹമായി കത്തിജ്ജ്വലിച്ചിരുന്ന ആ അഗ്നിയെ വീരഭദ്രൻ ഒറയ്ക്കു ക്ഷണനേരത്താൽ നന്നാകെ കെടുത്തുകളഞ്ഞു! എന്നിട്ടു്, അദ്ദേഹം ഇന്ദ്രാദികളുടേയും മുനിമാരുടേയും ഭസ്മരാശികളെ വിളിച്ചു. ആരും വിളികേട്ടില്ല; എല്ലാവരും മരിച്ചുകഴിഞ്ഞിരുന്നു. മഹർഷിമാരും ദേവകളും മരിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ ആ മഹാത്മാവിനു്, 'ഇവരെയെല്ലാം ഞാൻ എങ്ങിനെ ജീവിപ്പിയ്ക്കേണ്ടു' എന്നു വിചാരമായി. ധ്യാനത്തിൽ, ദേഹിജീവനമായ ഭസ്മത്തെ അദ്ദേഹം ഭാവിച്ചു; ഉടനെ ആവമിച്ചു, മൃത്യുഞ്ജയമന്ത്രം ജപിച്ച ഭസ്മം മരിച്ചവരുടെ ഭസ്മത്തിലേയ്ക്കിട്ടു. അപ്പോഴ്ക്കുടി മുനികളും ദേവന്മാരും അവരവരുടെ സ്വരൂപം പൂണ്ടു് ജീവിച്ചെഴുന്നേറു, പർവതത്തിന്റെ പ്രകാശമാനമായ മറെറാരു വശത്തേയ്ക്കു ഗമിച്ചു.

അവിടെ ഞങ്ങളെല്ലാവരേയും ഒരു പെരുംപാമ്പു വിഴുങ്ങിക്കളഞ്ഞു. ഉടനെ വീരഭദ്രൻ സർപ്പത്തിന്റെ സമീപത്തേയ്ക്കു വന്നു. അപ്പോഴം ഭുജംഗമം യുദ്ധത്തിനൊരുങ്ങി. ഒരു കൊടും മുഴുവൻ പാമ്പു പല രൂപങ്ങളം ധരിച്ചു പടവെട്ടി. ഒടുവിൽ വീരഭദ്രൻ കൈകൊണ്ടു പാമ്പിന്റെ പുരടുണ്ടും പിടിച്ചു് അതിനെ രണ്ടായി ക്ഷീന്തിയിട്ടു; എന്നിട്ടു മൃതരായിരുന്ന ഞങ്ങളെ ഭസ്മംകൊണ്ടു ജീവിപ്പിയ്ക്കുകയും ചെയ്തു.

ദേവകളും മഹർഷിമാരും വീരഭദ്രനെ വന്ദിച്ചു യാത്രയായി. വഴിയ്ക്കുതാ, അഞ്ചു ലിംഗവും പത്തു കയ്യും അഞ്ചു കാലും എട്ടു തലയുമു

Digitized By Kerala Sahitya Akademi

ള്ള ഒരു രാക്ഷസക്രൂരൻ ഇരുമ്പുടികൊണ്ടു നേരിട്ടുവന്നു! അവൻ ബാലിയോടു പടപൊരുതുകയായിരുന്നു. ആദിവരാഹസ്വരൂപനായ വാസുദേവന്നുള്ളതിനേക്കാൾ ഇരട്ടി ബലമുണ്ട്, ബാലി എന്നു വാനരശ്രേഷ്ഠന്ന്; അങ്ങിനെയുള്ള ബാലിയോടും സുഗ്രീവനോടും ആ രാക്ഷസൻ മുഷ്ടിയുദ്ധംനടത്തി. അതിൽ ബാലിയെ അഞ്ചുകാലുകൊണ്ടും ചവുട്ടി, സുഗ്രീവനെ കൊല്ലാൻ ഇരുകൈകൊണ്ടു പിടിച്ചു വായിലിട്ട് ഉരുളപോലെ വിഴുങ്ങിക്കളഞ്ഞു! ആതു കണ്ടിട്ടു ബാലി, 'എങ്ങിനെ ഇവനെ കൊല്ലേണ്ടു? എങ്ങിനെ സുഗ്രീവനെ രക്ഷിയ്ക്കേണ്ടു?' എന്നിങ്ങനെ ചിന്തപൂണ്ടു നിൽക്കേ, അദ്ദേഹത്തെയും ആ രാക്ഷസൻ ഒരു വായ്ക്കു വിഴുങ്ങിക്കളഞ്ഞു!!

അപ്രകാരമുള്ള രാക്ഷസനെ കണ്ടപ്പോൾ ദേവകളും ഋഷിമാരുമെല്ലാം പേടിച്ചോടിത്തുടങ്ങി. പായുന്നതിന്നിടയിൽ അവരെ ആ രാക്ഷസൻ എല്ലാ കൈകൊണ്ടും പിടിക്രൂടി തിൻകഴിച്ചു. അതുകണ്ടു വീരഭദ്രൻ അരിശംപൂണ്ടു, അമ്പതുയോജന വലുപ്പമുള്ള ഒരു പാറ കൈകൊണ്ടെടുത്തു രാക്ഷസന്റെ തലയ്ക്കുനേരേകൊടുത്തു; അതോടുക്രൂടി, നടുവിലെ തല നിലത്തു വീണു. ഉടൻതന്നെ അദ്ദേഹം നൂറു യോജന വലുപ്പമുള്ള ഒരു പർവതശൃംഗമെടുത്ത് ആരക്കത്തലവനെ ആഞ്ഞടിച്ചു. അപ്പോൾ അവൻ മൂക്കണ്ണനായ വീരഭദ്രനോടുരിയാടി:—'എന്റെ കൈയ്യിൽ കണ്ടുകൊള്ളുക; നിന്റെ ബലം ഞാൻ കണ്ടു. ഇതാ അമ്പതുയോജന നീളവും ഒരുയോജന വീതിയുമുള്ള രണ്ടു തെളിവാളുകൾ; നല്ല ഉറപ്പും ലക്ഷണവും ചേർന്ന ഇവയിൽ ഒന്നു യഥേഷ്ടം നിനക്കെടുക്കാം. ബാക്കിയുള്ളതു ഞാനെടുക്കും.' അതിൻവണ്ണം കരുതിയ വീരഭദ്രൻ ഒരു വാൾ കയ്യിലെടുത്തുലച്ചു് അരിശത്തോടെ ഒരട്ടഹാസമിട്ടു. രാക്ഷസപുംഗവനും ഖഡ്ഗം കൈക്കൊണ്ടു് അവറി നേരിട്ടടുത്തു, വീരഭദ്രന്റെ കഴുത്തിൽ ഒരു വെട്ടു വെട്ടി. ആ അവയവം മുറിഞ്ഞു, വളരെ ചോരയൊലിച്ചു; അതും മുഴുവനും അരക്കൻ ഒരു കയ്യിലാക്കി കുടിച്ചുകളഞ്ഞു. അതിൽ ചൊടിച്ച മഹാത്മാവു് അരക്കനേയും കഴുത്തിൽ ആഞ്ഞുവെട്ടി. അവന്റെ രണ്ടുതല മുറിഞ്ഞു; അവ നിലത്തു വീഴുന്നതിന്നുമുമ്പേ വീരഭദ്രൻ പിടിച്ച വായിലിട്ടു് ഒരലച്ചയലറി. ആ വമ്പിച്ച ശബ്ദത്താൽ മൂന്നു ലോകവും കുലുങ്ങിപ്പോയ്!

അന്യോന്യം വാരിക്കൊണ്ടു വെട്ടുകയാൽ അവയവങ്ങളും പിണ്ഡവും ചോരയിൽ മുഴുകിയ അവരിരുവരും പൂത്ത പിലാശ്ശുകം പോലെ കാണപ്പെട്ടു. ഒരു കൊല്ലം മുഴുവൻ അവർ വാരിക്കൊണ്ടു പൊ

Digitized By Kerala Sahitya Akademi

രുതി; പിന്നെ ഒരുകൊല്ലം ഗദകൊണ്ടും, ഒരു കൊല്ലം ചുരികകൊണ്ടും പടവെട്ടി. അതിന്റെ ശേഷം, രണ്ടാമതും ഖഡ്ഗയുദ്ധം തുടങ്ങി. അതിൽ, വായ്ത്തലയെക്കാത്ത ദംഷ്ട്രകളുള്ള ഗണത്തലവൻ ക്രോധത്താൽ തുടുത്ത കണ്ണുമായി വാളിട്ടലച്ചു രാക്ഷസന്റെ തലയെല്ലാം വാഴ വെട്ടുംപോലെ വെട്ടി കയ്യിൽ വീഴ്ത്തി ഭക്ഷിച്ചു; പിന്നെ ആ ഭീനേത്രഹന്താവു് അരക്കന്റെ ദേഹം നഖങ്ങൾകൊണ്ടു പിളർത്തി, ദേവകളേയും ഋഷികളേയും ബാലിസുഗ്രീവന്മാരെയും വീണ്ടെടുത്തു. അപ്പോൾ പരമേശ്വരൻ അവിടെ ആവിർഭവിച്ചു. ഈ അതിഭയങ്കരമായ സംഗരം കണ്ടു നിന്നിരുന്ന നാരദൻ ഉടനെ ചെന്നു ബ്രഹ്മവിഷ്ണുമഹേശ്വരന്മാരോടറിയിച്ചു:— 'മുനിമാരേയും ദേവകളേയും ബാലിസുഗ്രീവവാനരന്മാരേയും ത്രിമൂർത്തിസ്വരൂപനായ വീരഭദ്രൻ ജീവിപ്പിച്ചു.'

ശിവനോടു് അതിഘോരമായ വരം വാങ്ങിയവനായിരുന്ന ഈ രാക്ഷസൻ: ഹിരണ്യകശിപുവിന്റെ രാജ്യത്തു് ഒരു കരുത്തേറിയ രാക്ഷസൻ നൂറുകൊല്ലം ദേവന്മാരോടു് അത്ഭുതമാംവണ്ണം പടപൊരുതി. ഒടുവിൽ വളരെ അസുരന്മാർ പാഞ്ഞുപോയി; അസംഖ്യംപേർ ചത്തുവീണു. ഇവനെ ശുക്രൻ ജീവിപ്പിച്ചു. അപ്പോൾ ഇവൻ ഗുരുവിനോടു പറഞ്ഞു:—'ഭാർഗ്ഗവ, ഞാൻ പലവുരു മരിയ്ക്കുകയും, അങ്ങയാൽ ജീവിപ്പിയ്ക്കപ്പെടുകയും ചെയ്തുവല്ലോ; ഇനി മരിയ്ക്കാതിരിയ്ക്കണമെങ്കിൽ, എന്റെ വയറ്റിൽ കടന്നവർ പോകണം. അല്ലാഞ്ഞാൽ, തീർച്ചയായും എനിയ്ക്കു മരണം പാരും. യമനും ഞാനും തമ്മിൽ അതിഘോരമായി നടന്ന യുദ്ധത്തിൽ, പ്രതാപശാലിയായ പ്രേതാധിപനെ ഞാൻ വിഴുങ്ങുകയുണ്ടായി; അയാൾ എന്റെ വയറു പിളർത്തി പുറത്തേയ്ക്കു ചാടി. അതോടുകൂടി ഞാൻ മരിച്ചുപോയി; ഇവിടുന്നെന്നെ പുനർജ്ജീവിപ്പിച്ചു. അതിനാൽ, വയററിപ്പെട്ടവർ പോകുന്നതിന്നു ഞാൻ തപസ്സുചെയ്യാം.'

ശുക്രൻ:—'അങ്ങിനെതന്നെ, സംശയമില്ല. ഭവാൻ സാമന്തപഞ്ചകതീർത്ഥത്തിൽ പോയി തപസ്സുചെയ്യുക.'

രാക്ഷസൻ:—'ദേവകളോ അസുരന്മാരൊ അനുഷ്ഠിച്ചിട്ടില്ലാത്ത ഘോരമഹാതപസ്സു ഞാൻ ചെയ്യാം: രണ്ടു തൂണിന്മേലായി ഒരിരുമ്പുവടി വെച്ചു്, ഇരുമ്പുചങ്ങലകൊണ്ടു കെട്ടിവരിഞ്ഞ കാലുകൾ അതിന്മേൽ ബന്ധിച്ചു തല കീഴ്പോട്ടാക്കി, തൂണുകൾക്കിടയിൽ ഉജ്ജ്വലിപ്പിച്ച തീയ്യിനു നേരെ വായ് പിളർത്തി കണ്ണുരണ്ടും മിഴിച്ചു് തുങ്ങി

Digitized By Kerala Sahitya Akademi

നിന്ന്, ഒരു കല്പം ഞാൻ തപസ്സു ചെയ്തുകൊള്ളാം; ബ്രഹ്മാവോ വിഷ്ണുവൊ ശിവനൊ, ആരെങ്കിലും എനിയ്ക്കു വരം തരേണ്ടിവരും!'

രാക്ഷസൻ ഗുരുവിനോടു വിട വാങ്ങി, അതേവിധത്തിൽ ആറു മാസം തപസ്സനുഷ്ഠിച്ചു; പിന്നെ അവൻ മറെറാന്നുകൂടി ചെയ്തു: ഇരുനഖങ്ങളം കൊണ്ടു തന്റെ തലയൊന്നാവൃത്ത 'നമോഭദ്രായ' എന്ന മന്ത്രം ജപിച്ചു് അഗ്നിയിൽ ഹോമിച്ചു. അങ്ങിനെ നാലു തല ഹോമിച്ചു്, അഞ്ചാമത്തെ തല ഹോമിപ്പാൻ ഒരുമ്പെട്ടപ്പോഴേയ്ക്കും, ഭഗവാൻ പാവ്തീവല്ലഭൻ അഗ്നിമധ്യത്തിൽ നിന്നുത്ഥാനം ചെയ്തു. ശുഭ്രസ്ഫടികവർണ്ണനായി ബാലചന്ദ്രശേഖരനായ തന്തിരുവടി തല കീഴായി നിന്നിരുന്ന രാക്ഷസനോടരുളിച്ചെയ്തു:—'രാക്ഷസ, നീ സാഹസം ചെയ്യേണ്ട. ഞാൻ വരം തരാം; ചോദിച്ചുകൊൾകം.'

രാക്ഷസൻ:— മഹേശ്വര, പല വരങ്ങളം എനിയ്ക്കു കിട്ടേണ്ടിയിരിയ്ക്കുന്നു: ഞാൻ ഹോമിച്ച തലകളം വീണ്ടും ഉണ്ടായിവരണം; ഞാൻ വിഴുങ്ങിയ ജീവികളം ചാകണം; വരാഹമൂർത്തിയായ വിഷ്ണു വിന്നുള്ളതിൽ നാലിരട്ടി കായബലം എനിയ്ക്കുണ്ടാകണം; എങ്കൽ ഇവിടേയ്ക്കു് അരിശം തോന്നരുതു്; എപ്പോഴും എങ്കൽ സന്നിധി ചെയ്യണം; ഇവിടുത്തെ ജടയിൽ നിന്നു പിറക്കുന്ന പുരുഷനാലല്ലാതെ മറാരാലും എനിയ്ക്കു മരണം പറയരുതു്.'

'അങ്ങിനെതന്നെ എന്നരുളിച്ചെയ്ത മഹേശ്വരൻ മറഞ്ഞു. ഇങ്ങിനെ വരം നേടിയ പാപി രാക്ഷസനാണു് ഭവാനാൽ വധിക്കപ്പെട്ടതു്!

വിഷ്ണുവും ശിവനും ബ്രഹ്മാവും വീരഭദ്രനെ ആലിംഗനംചെയ്തു വന്നവഴിയേ മടങ്ങിപ്പോയി.

തദനന്തരം ദേവകളുടേയും മറും സ്ത്രീകളം നിലത്തു ദണ്ഡനമസ്കാരം ചെയ്തു വീരഭദ്രനെ സ്തുതിച്ചു:—

(ശ്ലോകം.)

'തൊഴാം തേ ദേവദേവേശ! തൊഴാം തേ കരുണാനിധേ!
തൊഴാം തേ ശാശ്വതാനന്ദ! തൊഴാം തേ! വരമേകണേ!'

വീരഭദ്രൻ:—'ദേവകളേയും മുനിമാരേയും വാനരന്മാരേയും ഞാൻ ഭസ്മംകൊണ്ടു ജീവിപ്പിക്കാം; നിങ്ങളം വ്യസനിക്കേണ്ടാ.'

Digitized By Kerala Sahitya Akademi

വീരഭദ്രൻ ഭസ്മമിട്ടതോട്ടുക്കുടി, ദേവമുനിമാരും ബാലിസുഗ്രീവന്മാരും ജീവിച്ചെഴുന്നേറ്റു, സാഷ്ടാംഗം വണങ്ങി, ശിരസ്സിൽത്തൊഴുകൈ വെച്ചുണർത്തിച്ചു:—'താത, ഇവിടുന്നു ഞങ്ങളെ ജീവിപ്പിച്ചു; ധർമ്മത്താൽ ഞങ്ങൾക്കു പിതാവാണിവിടുന്ന്. ശിവപുത്ര, എന്നെന്നും ഞങ്ങൾക്കു ശരണമാകണേ! കുട്ടികൾ 'വിശ്രുതി' കാട്ടിയാൽ അച്ഛൻ അവരെ ശിക്ഷിക്കും; പരന്മാരിൽനിന്നു പീഡയും രോഗവും പെടാതെ രക്ഷിയ്ക്കുകയും ചെയ്യും. അതിൻവണ്ണംതന്നെ, ദക്ഷയാഗത്തിൽ തെറ്റു ചെയ്ത ഞങ്ങളെ ഇവിടുന്നു ശിക്ഷിച്ചു; ഇപ്പോൾ രക്ഷിയ്ക്കുകയും ചെയ്തു'.

വീരഭദ്രൻ:—'ഇതു വാസ്തവംതന്നെ, സംശയമില്ല. നിങ്ങൾക്ക് ഉപദ്രവം നേരിടുന്നതെപ്പോഴോ, അപ്പോൾ എന്നെ സ്മരിച്ചുകൊൾവിൻ. അതോട്ടുക്കുടി ഉപദ്രവം നീങ്ങിക്കൊള്ളും'

വീരഭദ്രപടം ചതുർഭുജമാക്കി പ്രണവം ആദിയിലും നമശ്ശബ്ദം ഒടുവിലും ചേർത്തു നൂറെട്ടു ജപിച്ചാൽ രാക്ഷസപീഡയ്ക്കു ശാന്തിവരും. ബ്രഹ്മരാക്ഷസപീഡകളും പിശാചഭയവും—എന്നുവേണ്ട, സർവബാധകളും—വീരഭദ്രനാമസ്മരണത്താൽ ഒഴിഞ്ഞുപോകും.

(ശ്ലോകം)

നീലാഭകോലമുടലിൽപ്പുതിനഞ്ഞെടിക്കിൽ
ശ്രീലതിപൂൺഭ്രുഭസിതൻ, പരിപാടലോഷ്ഠൻ,
മാലാലസജ്ജടതടിൽപ്രഭലോചനാങ്കം
ബാലേന്ദുമൗലിയിവ ചേർന്ന മഹേശനഗ്രൻ—

ഇങ്ങിനെയുള്ള വീരഭദ്രനെ ധ്യാനിക്കുകയും മന്ത്രം ജപിക്കുകയും ചെയ്താൽ ബ്രഹ്മരക്ഷോബാധ വിട്ടൊഴിയും.

വീരഭദ്രനെ വന്ദിച്ചു മുനികളും ദേവകളും നടകൊണ്ടു. ഇപ്പറഞ്ഞ ത്രിയാ (ത്ര്യാ) യുഷ്ടഭസ്തുമാഹാത്മ്യം ചൊല്ലുകയോ കേൾക്കുകയോ സ്മരിയ്ക്കുകയോ ചെയ്യുന്നവർക്ക് പാപം നീങ്ങും; ശിവഭക്തിയുണ്ടാകും; ആയുരാരോഗ്യങ്ങളും വർദ്ധിയ്ക്കും.'

ശ്രുതിസ്മിത:—'ഞാൻ കൃതാർത്ഥയായി; ഞാൻ ധന്യയായി; ഞാൻ സ്ത്രീകളിൽവെച്ചു ശ്രേഷ്ഠയായി! എനിയ്ക്കു പാപശാന്തി വന്നു! മുനിപുംഗവ, ഇവിടെയ്ക്കു നമസ്കാരം!!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
ശംഖുവാദസംവാദം ത്ര്യായുഷ്ടഭസ്തുമഹിമാനുകീർത്തനം ഒരുന്നൂറിമൂന്നാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഒരുന്നൂറിനാലാമദ്ധ്യായം

ശ്രീരാമൻ:—'മഹാഭാഗ, ഭസ്മനിർമ്മാണവിധി, ഭസ്മാദ്ധാനവിധി, ഭസ്മധാരണപുണ്യം, എന്നിവയ്ക്കുടി പറഞ്ഞുതന്നാലും.'

ശംഭു:—'രാമ, സ്മരണകീർത്തനങ്ങളാൽ സർവ്വപാപങ്ങളേയും നശിപ്പിക്കുന്നതായ ഭസ്മനിർമ്മാണം ഞാൻ പറയാം; കേൾക്കുക:

ഏകൻ, ശാശ്വതൻ, ബ്രഹ്മവന്ദ്യൻ, ത്രിലോചനൻ, ഗുണങ്ങൾക്കിരിപ്പിടം, ഗുണാതീതൻ, അക്ഷരൻ, അവ്യയൻ—ഇങ്ങിനെയെല്ലാമിരിയ്ക്കുന്ന സദാശിവൻ തിരുവടി സൃഷ്ടികർമ്മത്തിനൊരുങ്ങി, തങ്കൽ സ്ഥിതിചെയ്യുന്ന ത്രിഗുണങ്ങളെ വേർതിരിച്ചുവെച്ചു; ഈ ഗുണത്രിതയം തന്നേയാണ് വേദത്രിതയം. എന്നിട്ട്, വലത്തുഭാഗത്തുനിന്ന ബ്രഹ്മാവിനേയും ഇടത്തുഭാഗത്തുനിന്ന വിഷ്ണുവിനേയും പൃഷ്ഠത്തിൽ നിന്ന മഹേശ്വരനേയും—ഇങ്ങിനെ മൂന്നു പുത്രന്മാരെ—സൃഷ്ടിച്ചു. ജനിച്ചമാത്രയിൽത്തന്നെ ആ ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ, 'ഭവാൻ ആരാണ്? ഞങ്ങളാരാണ്?' എന്നു സ്പഷ്ടമായി ചോദിച്ചു. അപ്പോൾ ശിവൻ അരുളിച്ചെയ്തു:—'ഞാൻ അച്ഛൻ; നിങ്ങൾ പുത്രന്മാർ. ഉണ്ണികളേ, കർമ്മത്തിനുള്ള ഈ ത്രിഗുണങ്ങളെ എടുക്കുവിൻ.'

പുത്രന്മാർ:—'നാഥ, ഏതുഗുണം, ആർ, എത്രകാലം വഹിയ്ക്കണം? ഗുണങ്ങളിൽനിന്നു നിവൃത്തി ലഭിക്കുന്നതെങ്ങിനെ? ഇതരുളിച്ചെയ്യുക.'

സദാശിവൻ:—'ജ്ഞാനം ഉണ്ടാകുന്നതുവരെ, അല്ലെങ്കിൽ ആയുഷ്കാലം മുഴുവൻ, ഓരോ ഗുണം നിങ്ങൾ വഹിയ്ക്കണം: ബ്രഹ്മാവു സത്ത്വവും, വിഷ്ണു രജസ്സും, മഹേശ്വരൻ തമസ്സും.'

ഉടനേ ബ്രഹ്മാവു സത്ത്വഗുണം എടുക്കാൻ നോക്കി; എന്നാൽ അതൊന്നിളക്കാൻ കൂടി ശക്തനായില്ല! അതിനാൽ അതുവിട്ടു രജോഗുണം എടുക്കാൻ നോക്കി; അതും ഇളക്കാൻ കഴിഞ്ഞില്ല! പിന്നെ തമോഗുണം എടുക്കാൻ നോക്കി; അതും ഇളകാഞ്ഞതിനാൽ നിലത്തുവീണു നിലവിളിക്കുകയായി! വിഷ്ണു രജോഗുണം ഇടത്തേക്കയ്യുകൊണ്ടെടുത്തു; മഹേശ്വരനോ, തമോഗുണത്തേയും സത്ത്വഗുണത്തേയും വിഷ്ണുവിനേയും ഈരണ്ടു വിരലുകൾ കൊണ്ടെടുത്തു, ബ്രഹ്മാവിനെ പാദപീഠമാക്കി ഞ്ഞെരിച്ചമർത്താൻ തുടങ്ങി. പരമശിവൻപാലിൽനിന്നും

Digitized By Kerala Sahitya Akademi

പൂണ്ട തരുണനായി ത്രിനേത്രനായിരിയ്ക്കുന്ന മകൻ, മഹേശ്വരൻ, എല്ലാഗുണങ്ങളേയും വഹിച്ചു, കൈയുകം തോന്നുമാറ് ഏറിയ വിലാസങ്ങളോടേ നടനം ചെയ്യുന്നതു കണ്ടിട്ട്, വരദനായ സദാശിവൻ അരുളിച്ചെയ്തു:—'മകനേ, നിങ്കൽ ഞാൻ പ്രസാദിച്ചു; വേണ്ടുന്ന വരം ചോദിച്ചുകൊൾക.' മകൻ അച്ഛനോടുണത്തിച്ചു:—'സദാശിവ, എന്നെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജ ഇവിടുത്തെയ്ക്കായിവരണം; എന്നെ വരം ഇവിടുന്ന് എങ്കൽ വാണരുളണം. ഇവിടുന്നും ഞാനും ഒന്നുതന്നെയാകണം. ഈ വരം എനിയ്ക്കു കല്പിച്ചുതന്നാലും.'

സദാശിവൻ:—'മഹാഭാഗ, അങ്ങിനെതന്നെയാവും. ഈ ചുകപ്പുനിറവും വെളുപ്പുനിറവും പൂണ്ട ബ്രഹ്മാവും വിഷ്ണുവുമാകുന്ന പുത്രന്മാരും എന്റെ സ്വരൂപങ്ങൾതന്നെ.' 'ബ്രഹ്മാവേ, ഒരു ഗുണം നീ എടുക്കുക.'

ബ്രഹ്മാവ്:—'അച്ഛ, ഇവിടുന്നു നിർദ്ദേശിച്ച ഗുണം എനിയ്ക്കു വഹിയ്ക്കാവുന്നതല്ല. ഞാൻ രജോഗുണം എടുക്കാം; സത്ത്വം വിഷ്ണുകൈയ്ക്കാളട്ടെ. ബാക്കിയുള്ളതു മഹേശ്വരനും.'

അതു ദേവന്മാർ ഗുണങ്ങൾ എടുത്തു; എന്നാൽ അവ നിത്യം വഹിപ്പാൻ അവക്കു ശ്രാണിയുണ്ടായില്ല. അതിനാൽ വഹനശക്തിയ്ക്കു വേണ്ടി അവർ സദാശിവനോടപേക്ഷിച്ചു:—'ഭഗവാനേ, ഗുണം എന്നെന്നും വഹിപ്പാൻ ഞങ്ങൾ ശക്തരല്ല; ശക്തി സിദ്ധിപ്പാൻ ഞങ്ങൾക്കു വരംതന്നാലും'. സദാശിവൻ അരുളിച്ചെയ്തു:—'വിദ്യാശക്തിയത്രേ എല്ലാറ്റിനും ശക്തി. വിദ്യ ത്രിഗുണത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു; അത് അവിദ്യയുടേയും ഇരിപ്പിടമാണ്. അതിനാൽ ത്രിഗുണത്തെ ചുട്ടെരിച്ചു', അതിന്റെ സത്തു ധരിച്ചാൽ മതി—ചുട്ടെരിച്ചാൽ യാതൊന്നുണ്ടാകുമോ, അതു ധരിച്ചുകൊള്ളുവിൻ.' പുത്രന്മാർ ഉണർത്തിച്ചു:—'തിയ്യില്ലല്ലോ ചുട്ടെരിയ്ക്കാൻ. സദാശിവൻ പറഞ്ഞു:—'തിയ്യു മഹേശ്വരന്റെ കണ്ണിലുണ്ട്. ത്രയി ഒരു പയ്യു; അതിന്റെ കിടാങ്ങളാണ് സ്മൃതികൾ; മൂത്രം ഉപനിഷത്തും ചാണകം വിദ്യയുമത്രേ. ചാണകത്തെ ഭസ്മമാക്കണം:

അഭിജ്ഞൻ 'ആ ഗാവഃ' എന്ന മന്ത്രം പയ്യിനെ തൊട്ടു ജപിച്ചു, 'ഭഗോ ഗാവഃ' എന്നുച്ചരിച്ചു, പുല്ലും വെള്ളവും കൊടുത്തു നിത്തണം. വെളുത്തതോ കറുത്തതോ ആയ ചതുർദ്ദശിയിൽ വ്രതം പൂണ്ടുപവസിച്ചു, പിറേന്നു രാവിലെ എഴുന്നേറ്റു കുളിച്ചു ശുദ്ധനായി വെള്ളുവസ്ത്രമുടുത്തു സമാഹിതനായി ചാണകത്തിനു പയ്യിന്റെ അടുക്കൽ ചെ

Digitized By Kerala Sahitya Akademi

ല്ലണം; അതിനെ പതുക്കെ എഴുന്നേല്പിച്ചു, ഗായത്രി ജപിച്ചുംകൊണ്ടു മൂത്രം വാങ്ങണം: സ്വർണ്ണക്കുടത്തിലോ, വെള്ളിക്കുടത്തിലോ, ചെമ്പുകുടത്തിലോ മൺകുടത്തിലോ താമരയിലയിലോ പിലാശിലയിലോ പ്ലക്ഷവിൻകൊമ്പിലോ ആണ് ഗോമൂത്രം വാങ്ങേണ്ടതു്. എന്നിട്ട്, ഈ വകപാത്രങ്ങളിലേതിലെങ്കിലും ചാണകം നിലത്തുവീഴുന്നതിനു മുമ്പു്, 'ഗന്ധദ്വാരാ' എന്ന മന്ത്രംജപിച്ചു വാങ്ങണം; 'ശ്രീർമ്മാം ഭജതു' എന്ന മന്ത്രം ചൊല്ലി ചാണകം വൃത്തിപ്പെടുത്തണം; 'അലക്ഷ്മീർമ്മയി' എന്നാദിയായ മന്ത്രം ചൊല്ലി കരടു നീക്കണം; 'സം ത്വാ സിഞ്ചാമി' എന്ന മന്ത്രം ചൊല്ലി ചാണകം ഗോമൂത്രത്തിലിട്ടു്, 'പഞ്ചാനാം ത്വാ' എന്ന മന്ത്രം ചൊല്ലി പതിനാലുരുളയായി ഉരുട്ടണം; എന്നിട്ടു വെയിലത്തുണക്കി ആ ഉരുളകളും മുൻചൊന്ന പാത്രങ്ങളിലൊന്നിൽ എടുത്തുവെയ്ക്കുക.

പിന്നെ ഗൃഹ്യവിധിപ്രകാരം അഗ്നിയെ ജ്വലിപ്പിച്ചു് ഉരുളകൾ അതിലിടുക; കുണ്ഡത്തിന്റെ വായുകോണിൽനിന്നു് അഗ്നികോണവരേയും, നിർൃതികോണിൽനിന്നു് ഈശാനകോണവരേയുമായി രണ്ടുപ്രാവശ്യം അഗ്നിയിൽ നെയ്യു ധാരമുറിയാതെ തൂകണം; 'നമോ നിധാനപതയേ' എന്ന മന്ത്രംകൊണ്ടു പതിമ്മൂന്നു ഹോമവും 'നമോ ഹിരണ്യ ബാഹവേ' എന്ന മന്ത്രംകൊണ്ടു് ദശഹോമവും, 'ഋതസവഃ, കദ്രുദ്രായ, ഏകംകതി' എന്നിവകൊണ്ടു മുമ്മൂന്നുഹോമവും ചെയ്യണം; (ആഹുതികൾക്കൊക്കെ മന്ത്രം ചതുർത്ഥ്യന്തമായിരിക്കണം.) ചമത കത്തിത്തീരുന്നതിനു മുമ്പു, മൺകലശപാത്രത്തിൽ പൂർണ്ണമാസാന്തയജ്ഞസ്സുകൊണ്ടു വേറെയും വെള്ളമൊഴിച്ചു്, ആ വെള്ളം 'ബ്രഹ്മണേഷ്ടമൂർത്ത'മെന്ന മന്ത്രംചൊല്ലി, മേൽവശത്തു കിഴക്കുനിന്നുതുടങ്ങി നാലുദിക്കിലും തളിക്കണം. പിന്നെ ശാന്തനായ ബ്രാഹ്മണനു ദക്ഷിണ കൊടുത്തു് ഉമി കൊണ്ടുവരണം:

'ഇതാ, ദേവകളേവർക്കും കർമ്മഗൂഢാർത്ഥമായുമി
കൊണ്ടുവന്നീയനലനെപ്പാടേ മൂടുന്നതുണ്ടു ഞാൻ.'

എന്നുച്ചരിച്ചുകൊണ്ടു് അഗ്നിയെ ഉമിയിട്ടു മൂടണം. മൂന്നുദിവസം തിയ്യു് കെടാതിരിപ്പാനത്രേ ഉമിയിടുന്നതു്. പിന്നീടു ബ്രാഹ്മണരെ ഭക്തിപൂർവ്വം ഊട്ടി, മൌനം പൂണ്ടു ഭക്ഷണം കഴിക്കുക. അധികം ഭസ്മം വേണമെങ്കിൽ, മൂന്നുദിവസംകൊണ്ടോ ഒരുദിവസംകൊണ്ടുതന്നെയോ അധികം ചാണകം ശേഖരിച്ചുകൊള്ളണം.

മൂന്നാംദിവസമോ നാലാം ദിവസമോ രാവിലെ സ്നാനാദിവരുത്തി കളിച്ചു വെള്ളവസ്ത്രവും വെളുത്ത പൂണൂലും വെളുത്ത മാല്യാ

Digitized By Kerala Sahitya Akademi

നലേപനങ്ങളും ധരിച്ചു, ഭസ്മംപൂശി, ആവാഹനം തുടങ്ങിയ പതിനാറുപചാരങ്ങളോടേ ഹോമംകഴിച്ചു് അഗ്നിയെ ഉപസംഹരിച്ചു്, 'അഗ്നേ ഭസ്മ' എന്ന മന്ത്രംകൊണ്ടു ഭസ്മമെടുക്കണം; അതു പിന്നെ ഗംഗാജലത്തിലൊ പശുവിൻ പാലിലൊ കഴുകി വെടുപ്പാക്കണം; കർപ്പൂരം, കുങ്കുമം, കാശ്മീരം, രാമച്ചം, ചന്ദനം, രണ്ടുതരം അകിൽ എന്നിവ നന്നായി പൊടിച്ചു പ്രണവാനന്തിതമായ ബ്രഹ്മമന്ത്രം ജപിച്ച ഭസ്മത്തിലിടണം. പാലിൽ കഴുകുന്നതിനുള്ള മന്ത്രം ഇതാണു്:—

'അമൃതം ദേവി, നിൻദുഗ്ധം പവിത്രം ബുദ്ധിദായകം;
നീ കനിഞ്ഞാൾ നരൻ നേടും സർവപാപവിമുക്തിയെ.'

പിന്നെ, 'അണോരണീയാൻ' എന്ന മന്ത്രം പ്രണവപൂർവമായി ജപിച്ചുകൊണ്ടു് ആ ഭസ്മം പല ഉരുളയായി ഉരുട്ടിവെയ്ക്കുക. ഇങ്ങിനെ ഉണ്ടാക്കിയ ഭസ്മം ഉണങ്ങിയതിനുശേഷം, ഏഴുതു പ്രണവം ഉച്ചരിച്ചു കൈകളാൽ തിരുമ്മി, ഈശാനമന്ത്രത്താൽ ശിരസ്സിലും തൽപുരുഷത്താൽ മുഖത്തും അഘോരത്താൽ മാറത്തും വാമത്താൽ ഗുഹ്യത്തിലും സദ്യോജാതത്താൽ കാലുകളിലും, പ്രണവത്താൽ സർവാംഗങ്ങളിലും തേയ്ക്കണം. ഇങ്ങിനെ, അടിമുതൽ മുടിവരെ ഭസ്മം പൂശിയിട്ടു് ആചമിച്ചു ശുദ്ധവസ്ത്രം ധരിക്കുക; വീണ്ടും ആചമിച്ചിട്ടു്, തന്റെ കർമ്മങ്ങൾ ചെയ്യുക.

അല്ലെങ്കിൽ, ഭസ്മമെടുത്തു പ്രണവമുച്ചരിച്ചു തിരുമ്മി, ത്രിനേത്രനായി ത്രിഗുണാധാരമായി ത്രിജഗന്മയിതാവായിരിക്കുന്ന തിരുവടിയെ സ്മരിച്ചുംകൊണ്ടു്, 'നമഃശിവായ' എന്ന നെറിമേലും, 'നമഃ ശിവാഭ്യാം' എന്ന ഭുജങ്ങളിലും, 'അഘോരായ നമഃ' എന്ന കൈത്തണ്ടകളിലും, 'നമോ ഭീമായ' എന്ന പൃഷ്ഠത്തിലും, 'നമോ നീലകണ്ഠായ' എന്ന പിൻ കഴുത്തിലും, 'നമസ്സുവ്വാത്മനേ' എന്ന ശിരസ്സിലും ത്രിപുണ്ഡ്രമായി ധരിക്കുക; എന്നിട്ടു കൈകൾ കഴുകി, കർമ്മങ്ങൾ അനുഷ്ഠിക്കുക. ഈവിധം ഭസ്മമുണ്ടാക്കി ധരിച്ചാൽ നിങ്ങൾക്കു ത്രിഗുണധാരണശക്തി സിദ്ധിക്കും; പിന്നെ പ്രജകളെ സൃഷ്ടിക്കാം.'

ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ അതിൻവണ്ണം ശരിക്കനുഷ്ഠിച്ചു; എന്നാൽ അനന്തമൂല്യം ധരിച്ചിരിപ്പാൻ അശക്തരാകയാൽ അവർ ശിവനെ വണങ്ങി ചോദിച്ചു:—'ആർ ഏതു ഗുണം ധരിക്കണം?' അവിടുന്നു പുത്രന്മാരോടരുളിച്ചെയ്തു:—'ബ്രഹ്മാവിന്നു് ആയുസ്സു കുറയും: ഇയ്യാൾക്കു മനുപന്തരാവസാനംവരെയ്ക്കു ജീവിതമുള്ളു; അതു് എന്റെ മുഖരേണുകൊണ്ടുതന്നെ ഒടുങ്ങും. അതിനാൽ രജോഗുണം ധരിക്കട്ടെ.

Digitized By Kerala Sahitya Akademi

ബ്രഹ്മൻ, നീ ജ്ഞാനത്തെ മറയ്ക്കുന്ന രജോഗുണത്താൽ എന്നെ സദാ അറികയില്ല. ബ്രഹ്മാവിനെക്കാൾ ബലവും ആയുസ്സുമേറും വിഷ്ണുവിന്ന്: ബ്രഹ്മാണ്ഡമാലകളണിഞ്ഞ മഹേശ്വരനായ എന്റെ നാലു ശ്വാസംവിടൽവരെയ്ക്കുത്രേ വിഷ്ണുവിന്നായുസ്സ്. വിഷ്ണു സത്ത്വത്തെ അവലംബിക്കട്ടെ; അതുമൂലം, എന്നെ ഒരിക്കലും മറക്കാതെ സദാ അറിയുന്നവനായി വരും. വിഷ്ണുവിന്ന സാത്ത്വികപൂജയെ പാടുള്ളൂ; രാജസവും താമസവും പാടില്ല.'

ബ്രഹ്മാവു രക്തമായ രജോഗുണവും, വിഷ്ണു ശുഭ്രമായ സത്ത്വഗുണവും, മഹേശ്വരൻ കൃഷ്ണമായ തമോഗുണവും കൈക്കൊണ്ടു. ശങ്കരൻ പണ്ടു സത്ത്വവും രജസ്സും തമസ്സും ധരിച്ചതിനാൽ അവിടെയ്ക്കു മൂന്നുതരം പൂജയുമാകാം. രജസ്തമസ്സുകൾ ചേർന്ന പൂജയെ മാരുണമെന്നു പറയുന്നു; ശിവനെ മാരുണമായി പൂജിച്ചാലും ഗതികെടും. അതിൻവണ്ണം, വിഷ്ണുപൂജകൊണ്ടും ശങ്കരൻ ഫലം നൽകും. ലോകശങ്കരനായ ശങ്കരന്നു സത്ത്വതമസ്സുകൾ ചേർന്ന 'മിശ്ര'പൂജ ചെയ്യുന്നതും ഫലപ്രദമത്രേ. ഏതുവിധത്തിലെങ്കിലും ശിവൻതിരുവടിയെ നിയമേന പൂജിച്ചാൽ ഏതുതരക്കാരന്നും വേഗത്തിൽ ഫലസിദ്ധിയുണ്ടാവും.

ഇങ്ങിനെ, ഭസ്മനിർമ്മാണം ഞാൻ ചുരുക്കത്തിൽ പറഞ്ഞു; ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽത്തന്നെ സർവപാപങ്ങളുമകന്നു പോകുന്നതിവരും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, ഭസ്മനിർമ്മാണവിധികഥനം എന്നൂറിനാലാമധ്യായം.

(൦)

ഒരുന്നൂറഞ്ചാമദ്ധ്യായം

ശംഭു:—ഇതിലേയ്ക്കു പാപനാശനമായ ഒരു കഥ പറഞ്ഞുതരാം; ഇതു ശ്രവിക്കുന്നവൻ ധർമ്മിഷ്ഠനും മികച്ച ശിവഭക്തനുമായിത്തീരും:

ഇക്ഷ്വാകു എന്നൊരു പണ്ഡിതനായ ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. ആ ബുദ്ധിമാനു നീതിശാസ്ത്രത്തിലും മറ്റു പല ശാസ്ത്രങ്ങളിലും വളരെ പരിജ്ഞാനമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം യാഗമോ ദാനമോ ദേവപൂജയോ വേദാധ്യാപനമോ പുരാണേതിഹാസപാരായണമോ ചെയ്തിരുന്നില്ല; സുഖമായി ഭക്ഷണം കഴിച്ചു ശരീരം സംരക്ഷി

Digitized By Kerala Sahitya Akademi

ക്കമാത്രം ചെയ്യുപോന്നു. അങ്ങിനെ അദ്ദേഹത്തിന്ന് ഒരു ലക്ഷം വയസ്സുചെന്നു. അതിന്നുശേഷം ഒരുനാൾ—അഞ്ചാംമാസം മൂന്നാം ദിവസത്തിൽ—രാത്രിയിൽ ഒരു പുരാണംവായന അദ്ദേഹം കേട്ടു:—

(ശ്ലോകങ്ങൾ)

'താനുപാർജ്ജിച്ച വിത്തത്തെട്ടാനംചെയ്യാതെ കണ്ടെവൻ
നാൾതോറും വെറുതേതിന്നു മുടിച്ചീടുന്ന കേവലം,
അവനത്രയുമാണ്ടുഗ്ര നരകത്തിൽദ്ദഹിച്ചിടും;
പിന്നീടോരായിരം ജന്മം പുഴുവായിപ്പിറന്നിടും;
പിന്നേറെ മക്കളും ദുഷ്ടഭാര്യയുംചേർന്ന നിസ്പനായ്
അബന്ധുവായ് വ്യാധിതനായിരന്നുണ്മോന്നുമായ്വരും;
മധ്യേ കൺചെവിയില്ലാതെ മലദിശ്ശനമായ്വരും!'

ഈ പുരാണശ്ലോകങ്ങളം ഇക്ഷ്വാകുവിനെ വമ്പിച്ച ദുഃഖത്തിലും ചിന്തയിലും അകപ്പെടുത്തി:—ഞാൻ എത്ര നികൃഷ്ടൻ! പൂവുണ്ടെങ്കിലും കായില്ലാത്ത ഇലവ് എപ്രകാരമോ, അപ്രകാരം പുരാണപാരായണമില്ലാത്ത വിദ്യ സൽഗതിക്കുതകുന്നതല്ല. എത്ര ശാസ്ത്രം പഠിച്ചാലും എത്ര വേദം അഭ്യസിച്ചാലും പുരാണം ശ്രവിയ്ക്കാത്തവന്നുണ്ടോ സൽഗതി കാണുന്നു!' ഈ ചിന്തകൾക്കിടയിൽ അയാൾ അകാലമരണമടഞ്ഞു യമലോകമണഞ്ഞു. അപ്പോൾ യമൻ പറഞ്ഞു:—'ഭവാന്ന് അനേകം പാപങ്ങളുണ്ട്; പുണ്യമില്ലതാനും. വേദം പഠിപ്പിക്കാഞ്ഞതിനാലും ഭവാൻ പാപിയായിരിയ്ക്കുന്നു. അതിനാൽ ഒരുകോടിസംവത്സരം ഭവാൻ നരകത്തിൽ കിടക്കേണ്ടിയിരിക്കുന്നു. എന്നാൽ, ആയുസ്സു കുറച്ചുകൂടിയുള്ളതുകൊണ്ട് ഇപ്പോൾ മൻദേഹംതന്നെ പൂകിക്കൊൾക. എന്നിട്ടു, ദാനം, ദേവപൂജ, ജപം, സാംഗവേദാധ്യാപനം, ബ്രാഹ്മണഭോജനം, ഭസ്മധാരണം എന്നീ സൽക്കർമ്മങ്ങൾ ചെയ്യു; വിശേഷപരനായി പാർവ്വതീവല്ലഭനായിരിയ്ക്കുന്ന ദേവദേവനെ സേവിയ്ക്ക. തന്തിരുവടി തെല്ലൊന്നു കനിഞ്ഞാൽ ഭവാന്ന് എന്നെ ലോകം പൂകേണ്ടി വരില്ല. നാൾതോറും വല്ല പുരാണവും ഭക്തിയോടേ ശ്രവിയ്ക്കുക; അതുകൊണ്ടതന്നെ നരകപീഡകൾ നേരിടാതാവും.'

യമൻ ചൊന്നതിൻവണ്ണം ഇക്ഷ്വാകു പൂർവ്വദേഹത്തിൽത്തന്നെ തിരിച്ചെത്തി. അതിന്നുശേഷം അയാൾ ശിവപൂജ തുടങ്ങാൻ നിശ്ചയിച്ചു, തപസ്സ്വാധ്യായസമ്പന്നനും വേദവേദാംഗപാരഗനും ശ്രുതിസ്മൃതി വിവേചകനും പുരാണതത്ത്വജ്ഞനും ജരാശിഥില സർവ്വാംഗനും വ

Digitized By Kerala Sahitya Akademi

ളരെ ശിഷ്യരാൽ ചുറ്റപ്പെട്ടവനും ശിവഭക്തനുമായ ജാബാലിമഹർഷി യെ കാണ്മാൻ മഞ്ജുകന്ദരമായ മന്ദരപർവ്വതത്തിലേയ്ക്കു ഗമിച്ചു.

(കിളിപ്പാട്ട്-കാകളി)

നാനാമലർ വല്ലിനാനാഖഗാകുലം,
നാനാസുഗന്ധാഖിലത്തു സുമോജ്ജ്വലം,
നാനാഫലാപൂർണ്ണ,മഗ്ഗിരി നീളവേ
നാനാവിധസിദ്ധഗാനാഞ്ചിതവനം,
നാനാമുനിയുതം, ശാന്തമൃഗാവൃതം,
നാനാസുരാലയ പ്രാസാദമണ്ഡിതം,
നാനാഗ്രഹാനുചിതം കിന്നരദമ്പതീ-
ഗാനമുഖരിതമേദുരകന്ദരം.
അപ്പർവ്വതത്തിങ്കൽ നിത്യം രമിപ്പതു-
ണ്ടപ്സരസ്സ്ത്രീകളും ഗന്ധർവ്വമുഖ്യരും.
കൊമ്പുകളിൽപ്പല മാല്യങ്ങളും തൂങ്ങിന
വൻപാദപങ്ങളുംതൻ മൂലതലങ്ങളിൽ
വിശ്രമംകൊള്ളുന്ന തത്ര പലതരം
വിശ്വവിമോഹന സുന്ദരഗാത്രിമാർ.
അംഗജപ്പോരാൽത്തളർന്നുറങ്ങുന്നോരെ-
യങ്ങുണർത്തീടുന്ന ഭൃംഗകോലാഹലം.
ആന, സിംഹം, പുലി, നായ്, മാൻ, നരി, രുരു,
വാനര,ർക്ഷ,മുടുമ്പു,മൻ, കഴുത, തേരം,
പന്നി, നക്രം, തിമി, പാമ്പൊ,ട്ടകം, കാള-
യെന്നില്ല സർവ്വജീവോൽകരത്തിന്റെയും
മോന്തച്ചേരും ഗണമുഖ്യരങ്ങെപ്പൊഴും
ശാന്ത്യാസുഖിയ്ക്കുന്ന ഭോഗസമൃദ്ധരായ്:
തത്രവികൃതവക്ത്രന്മാർ ചിലർ; ചില-
രർദ്ധവക്ത്രന്മാര,വക്ത്രരത്രേ ചിലർ;
വല്ലീതരുമുഖർ, ശംഖമുക്താമുഖർ,
കല്പുമോന്തന്മാരി,രുമ്പുമോന്തർ ചിലർ;
കണ്ടാൽമുറംതാൻ ചിലർതന്മുഖം; ചിലർ
ഘണ്ടാനനന്മാർ; ഘടാനനന്മാർ ചിലർ;
കിങ്ങിണിമോന്തർ മുരളീമുഖർ ചില-
രിങ്ങിനെനിശ്ലേഷവസ്തുവക്ത്രരവർ;
മോന്ത കീഴ്പോട്ടാം ചിലക്കു; ചിലരുടെ
മോന്ത ചെവിമേൽ; ചിലരുടേതംഘ്രിമേൽ;

Digitized By Kerala Sahitya Akademi

ഏകകനപിത്രിചതുഃ പഞ്ചഷണ്മുഖർ,
നൈകമുഖർ ചിലർ വിശപമുഖർ ചിലർ;
വിശത്രുപന്മാർ വിചിത്രവർണ്ണാകാരർ
വിസ്തൃതമന്മഥ രൂപധേയർ ചിലർ;
കോടിദിനേശ സമപ്രഭന്മാർ ചിലർ;
കോടിനിശേശ പ്രകാശവാന്മാർ ചിലർ;
ഇന്ദിരാനാരായണാഭരായും, രതി-
കന്ദർപ്പസന്നിഭരായും യഥാസുഖം
ഗൌരീഗിരീശനികാശരായും നിജ-
ദാരങ്ങളൊത്തു രമിയ്ക്കുന്നതിങ്ങവർ.
മേയുന്ന മീമാംസകളാം കിടാങ്ങളു-
മായങ്ങു വേദങ്ങളാകും സുരഭികൾ;
ധർമ്മസ്മൃതിപുരാണേതിഹാസങ്ങളും
നന്മയ്യോടങ്ങു മേവുന്ന ശാസ്ത്രങ്ങളും.

പാപഘ്നമാമഗ്നിരിതൻ നടുക്കൊരു
പാവനമാം പുരമുണ്ടുമനോഹരം
വാപീതടാകനിരവധി പ്രാസാദ-
ശോഭിതം നാനാപ്രകാരഗൃഹാവൃതം
ഏഴുമതിൽ കിടങ്ങൊ,ന്നതുഗോപുരം,
പൂഴം മണിക്കൊത്തളങ്ങൾ പൂങ്കാവുമായ്;
ഈടാന്തിന്റെറ നിസ്തുല്യമാംതേജസ്സു
പൂട്ടതണുപ്പെന്നിതൊന്നുമില്ലാത്തതാം
തന്മധ്യഭാഗത്തരമനയൊന്നുണ്ടു;
തന്മധ്യസീമനി സദസ്സിൻനടുവിലായ്,
ശ്രുത്യപുരാണാഗമാത്മകസപ്തിക-
മൊത്തോരുപനിഷൽ പാദപീഠത്തൊടും
നാന്മറക്കാലുകളോടും വിളങ്ങുന്ന
സൌമ്യവിചിത്രമായോരു ഭദ്രാസനേ
സുസ്ഥിതികൊള്ളുന്ന ദേവൻ മഹായോഗി
ദൃശ്യവർണ്ണൻ വയസ്സീരെട്ടുചെന്നവൻ,
ചേണാറമാറത്തു കൊങ്ങമലർമാലി-
പ്പൂണൂന്തുലുംമണിരുദ്രാക്ഷമാലയും
പൊന്നാടരത്നകിരീടാദിയുമണി-
ഞ്ഞന്യൂന നാനാസുഗന്ധങ്ങൾ പൂശിയും.

Digitized By Kerala Sahitya Akademi

വാണരുളുന്ന തദ്വാമാങ്കഭാഗത്തു,
പാണിയിൽക്കാഞ്ചനത്താമരത്താരുമായ്
നൂതനയൌവനയാകിയ മാമല-
പ്പൈതലാൾ ഭ്രഷിതചാരുസർവ്വാംഗിയാൾ.
താനിളംപുഞ്ചിരിപൂണ്ടു നിരീക്ഷിയ്ക്കു-
യാനനം ചായുന്ന മുഗ്ധയാം ദേവിയെ
വാമമാം തൃക്കയ്യുകൊണ്ടണച്ചുപുണ-
ന്നാമുഖം തൂവലംകയ്യാലുയത്തിയും,
മാറിടംകൈത്താർ ശിരസി വെച്ചും മൃദു-
നെറിമേൽ മറേറവലം കയ്യിനാൽ ശിവൻ
പൊട്ടു കുത്തിയ്ക്കുന്നു; ഭക്തിയാൾ വീശുന്ന
വിഷ്ണുപാത്മാവെ പ്രണവവിശറിയാൽ;
ജ്ഞപ്തിവിരക്തികൾ യോഗവൈൻചാമര-
ഹസ്തമാർ; പൂമാലയേന്തുന്ന പൂജയാൾ;
കായ്വും നടത്താൻ സമാധി; തിരുവടി-
യ്ക്കായ് യമനിയമങ്ങളാജ്ഞാകരർ;
ധാരണതോഴിയാം; പ്രത്യാഹൃതി വേത്ര-
ധാരിണി; വായുനിരോധം പുരോഹിതൻ;
ധ്യാനം ധനസ്വാമി; സത്യം ചമൂപതി;
നാനാവധുക്കളും സേവിച്ചു ദേവനെ:
ശ്രീവാണിമാരങ്ങടിച്ചു തളിപ്പവർ;
ദേവാംഗനകളും ദാസിമാരേവരും.
ദാമോദരേന്ദ്രവിരിഞ്ചാദിദേവക-
ളാമഹേശന്റെ പുരദ്വാരപാലകർ.
പുഷ്കരയോനി മുതല്ലു പൂഴ്വരെ-
യ്ക്കാക്കെപ്പുത്രക്കളെ,വക്കു പതിശിവൻ.
ധർമ്മം പുത്രക്കൾതൻത്രാതാവു,ധർമ്മമോ
ശർമ്മവിനാശം വരുത്തുന്ന മേൽക്കുമേൽ;
മായാമഹാപാശബദ്ധരവർ മുക്ത-
രായിടും കാശിയിൽവെച്ചു മരിക്കുകിൽ.
എവമുമേശനെഴ്യാനിക്കിലീപ്സിതം
കൈവന്ന കാലാരിലോകേ സുഖിച്ചിടാം!

ഇപ്രകാരമുള്ള മഹാപവ്തത്തിൽ ചെന്നണഞ്ഞ ബ്രാഹ്മണൻ ജാബാലി മഹർഷിയെ വന്ദിച്ചു ചോദിച്ചു:—'മുനേ, എനിക്കു മാമല മേൽ കേറേണമെന്നുണ്ടു്; സാധിക്കുമോ, അയ്യോ? എനിക്കിനി ആയു

Digitized By Kerala Sahitya Akademi

സ്സു കുറച്ചേ ഉള്ളു എന്നാണു് ജ്ഞാനിയായ യമൻ പറഞ്ഞതു്; നരകം വളരെയുണ്ടെന്നും പറകയുണ്ടായി! ഈ നിലയിൽ എങ്ങിനെയായാൽ നന്മ സിദ്ധിക്കും?'

ജാബാലി:—'ഇതൊക്കെ ഞാനും ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞിരിയ്ക്കുന്നു: ഇനി പത്തു നാളത്തെ ആയുസ്സേ അങ്ങയ്ക്കുള്ളു. അങ്ങു വിദ്വാനായിട്ടും ധർമ്മംചെയ്തില്ലല്ലോ. അങ്ങിപ്പോഴിനി തപസ്സോ യോഗമോ ശീലിപ്പാൻ കാലം പോരാ; ദാനത്തിനു ധനമില്ല; പൂജ നടത്താൻ ഒരു ഫലമില്ല; യജ്ഞം, വ്രതം, പൂർത്തം, അദ്ധ്യാപനം, തീർത്ഥസേവ മുതലായ പുണ്യവും ആയുസ്സറുപോകയാൽ സാധ്യമല്ല. അതിനാൽ ഭവാനു പാപം നീങ്ങാൻ പ്രായശ്ചിത്തമില്ല; ഗതി കിട്ടാൻ ധർമ്മവുമില്ല. പോകയോ നിൽക്കയോ ചെയ്യുകൊഠംക!'

ഇക്ഷ്വാകു:—'ജീവൻ പോകുംവരെയ്ക്കും ശപഥം ചെയ്തു ധർമ്മം അനുഷ്ഠിച്ചാൽ, അതുകൊണ്ടു പാപശാന്തി തീർച്ചയായും സിദ്ധിക്കും. അതിനാൽ, ഇന്ന ധർമ്മംകൊണ്ടു് എനിയ്ക്കു പാപം നീങ്ങുമെന്നും ഇന്ന പുണ്യംകൊണ്ടു സ്വർഗ്ഗം കിട്ടുമെന്നും ഉപദേശിച്ചുതരിക; ബ്രഹ്മർഷേ, എന്നെ രക്ഷിക്കണേ; ഞാൻ നരകഭീതനാണ്: എല്ലാ ധർമ്മങ്ങളുടേയും ഫലമുണ്ടല്ലോ ആശ്രിത രക്ഷണത്തിനു്.'

ജാബാലി:—'വാസ്തവം, ഇത്ര ചുരുങ്ങിയ കാലംകൊണ്ടു്, അത്തരം ഒരു ധർമ്മം നേടാവുന്നതല്ല. എന്നാൽ സ്വപ്നത്തിലും വ്യാജം പറഞ്ഞുകൂടല്ലോ; രഹസ്യമായ ഒന്നു മാത്രമുണ്ടു്. അതാരോടും പറകവയ്യ.'

ഇക്ഷ്വാകു:—'മഹർഷേ, ശരണം പ്രാപിച്ചവനെ രക്ഷിയ്ക്കുണേ! എനിയ്ക്കു് ഉള്ള കാലവും പോയ്പ്പോകുമല്ലോ.'

ജാബാലി:—'ബ്രാഹ്മണ, എനിക്കു പ്രാണനിലും കവിഞ്ഞ രഹസ്യമാകുന്ന വേദപ്രോക്തമായ ശിവലിംഗാർച്ചനം: അതു ബ്രഹ്മാദികൾപോലും അനുഷ്ഠിച്ചുപോരുന്നതും സർവപാപഹരവും സർവോപദ്രവനാശനവും ഭുക്തിമുക്തിപ്രദവുമത്രേ. അതിനാൽ അതു് ആചരിച്ചുകൊള്ളുക. തെറ്ററിയ്ക്കാതിരുന്നാൽ ശ്രേയസ്കരമാകുന്ന ശിവപൂജനം; അതിന്നു് ആർ വിഘ്നിത്തി വരുത്തുമോ, അവൻ എന്റെ ശിരച്ഛേദമാണ് ചെയ്യുന്നതു്! കഴുവിന്മേൽ കിടക്കലും, ക്രൂരശാല്മലിമേൽ ഉരുമ്മുന്നതും പ്രാണത്യാഗം തന്നെയും കൊള്ളാം; പൂജ തെറ്റിക്കുക വയ്യ തന്നെ! തിയ്യിൽ ചാടാം; തല കീഴ്പോട്ടാക്കി നിൽക്കാം; തന്റെ മലം തിന്നാം; ശിവപൂജ തെറ്റിയ്ക്കുക വയ്യതന്നേ! ശിവനെ പൂജിയ്ക്കാതെ

Digitized By Kerala Sahitya Akademi

യും ശിവനാമം ഉച്ചരിക്കാതെയും ഊൺ കഴിക്കുന്ന നരാധമൻ അന്നത്തിന്റെ രൂപം പൂണ്ട പാപമത്രേ ഭുജിക്കുന്നതു്! ശിവനെന്ന മംഗളനാമം ആരുടെ വായിൽനിന്നു പുറപ്പെട്ടുന്നുവോ, അവന്നു് അനേകായിരം മഹാപാപങ്ങളും ചിക്കെന്നു വെണ്ണീറടിക്കുന്നു. ശിവനെ വലത്തുവെച്ചു നമസ്കരിച്ചാൽ ഭൂപ്രദക്ഷിണം ചെയ്താലത്തെ പുണ്യമായ മൂന്നു വലത്തുവെച്ചു് അഞ്ചുരു നമസ്കരിച്ചു്, വീണ്ടും ഒന്നു വലത്തുവെച്ചു് നമസ്കരിച്ചാൽ, പാപങ്ങളൊക്കെ വിട്ടൊഴിയും. ശിവക്ഷേത്രത്തിൽ എല്ലാ വാദ്യങ്ങളും കൊട്ടുകയോ കൊട്ടിക്കുകയോ ചെയ്തവൻ മഹാബലനും വേദസേവിയുമായി ജനിക്കും. മുക്കണ്ണൻതിരുവടിയെ പുരാണങ്ങളും ശ്രവിപ്പിച്ചവൻ സർവപാപങ്ങളിൽ നിന്നും വേർപെട്ട സുകൃതിയായി ശിവലോകത്തു വസിക്കും; അവനോടു ഭഗവാൻ എപ്പോഴും പ്രിയം അരുളിച്ചെയ്തുകൊണ്ടുമിരിക്കും.

ഭവാന്നു് ആയുസ്സു കുറച്ചേ ഉള്ളുവല്ലോ. ശിവപൂജ നടത്തിക്കൊൾകെ: മൂന്നു നേരമോ, രണ്ടുനേരമോ, ഒരു നേരം മാത്രമോ, ഒരു യാമം അല്ലെങ്കിൽ പകുതി യാമം ശിവനെ പൂജിച്ചുകൊൾക. വാനപ്രസ്ഥാശ്രമം പൂണ്ടു വനത്തിൽ പാർപ്പുറപ്പിച്ചു, വന്യകുസുമങ്ങൾകൊണ്ടു പുലർകാലത്തു പുരവൈരിയെ പൂജിക്കു: കുവളത്തില, താമരപ്പൂവു്, സൌഗന്ധികം, കടമ്പിൻപൂവു്, ചെമ്പരുത്തിപ്പൂവു്, പുന്നപ്പൂവു്, കണവീരപ്പൂവു്,. പാതിരിപ്പൂവു്, തുളസി, എരിക്കിൻപൂവു്, വിഷ്ണുക്രാന്തി, കടലാടിയില, ശിവവല്ലി, ദമനകം, ഉമ്മത്തിൻപൂവു്, തുമ്പപ്പൂവു്, കൂടകപ്പാലപ്പൂവു്, കറുക, നന്ത്യാർവട്ടത്തിൻപൂവു്, കൊങ്ങപ്പൂവു് എന്നിവയും, എള്ളുകുട്ടിയ അക്ഷതവും വെറും അക്ഷതവും ശിവപൂജയ്ക്കു് ഒരുപോലെ നല്ലവയാണു്. ചമ്പകത്തിന്റെ മൊട്ടുകൊണ്ടു ശിവനെ പൂജിയ്ക്കരുതു്; വെള്ളത്തിലുണ്ടാകുന്ന പുഷ്പങ്ങളുടെ മൊട്ടുകൊണ്ടാവാം. പഴകിയതു ശിവപൂജയ്ക്കുടുക്കരുതു്; ഫലമൂലശാകാദികൾക്കു വെള്ളംതളിച്ചാൽ ശുദ്ധിയായി. ഗംഗമുതലായ മഹാനദികളിലെ ജലത്തിന്നും തീർത്ഥങ്ങളിലെ ജലത്തിന്നും പഴക്കമില്ല. വെള്ളം രാത്രിയിൽ കൊണ്ടുവരരുതു്; പകലേ കൊണ്ടുവരാവു. മണലിട്ടുവെച്ചാൽ വെള്ളം പഴകിയതാവില്ല. ഇതിൻവണ്ണം ഭവാൻ ശിവലിംഗം പൂജിച്ചുകൊൾക.

ജാബാലി ഉപദേശിച്ചതിൻവണ്ണം, ബ്രാഹ്മണപ്രിയനായ ഇക്ഷ്വാകു എട്ടുദിവസം ശിവപൂജ നടത്തി; ഒമ്പതാംദിവസം രാവിലത്തെ പൂജകഴിഞ്ഞതോടുകൂടി മരണസമയം വന്നതിനാൽ, അദ്ദേഹം, തന്റെ പ്രാണനെ മഹേശ്വരന്നായി സമർപ്പിച്ചു. ഉടനെ യമദൂത

Digitized By Kerala Sahitya Akademi

ന്മാർ വന്ന് അദ്ദേഹത്തെ കാലന്നുക്കു കൊണ്ടുപോകാൻ ഒരുമ്പെട്ടു. അപ്പോഴെയ്ക്കും അഗ്നിമുഖാദികളായ ശിവദൂതന്മാർ വന്നൊത്തി. ഇരു കക്ഷികളും തമ്മിൽ, 'ഇയ്യാറം ഞങ്ങറംക്കു്, ഞങ്ങറംക്കു്' എന്ന വാദം തുടങ്ങി. ഒടുവിൽ, മഹാകായനായ അഗ്നിമുഖൻ അരിശംപൂണ്ടു് ഒരുന്നൂറു യമകിങ്കരന്മാരെ ഒരു കൈകൊണ്ടു പിടിച്ചു മറേറ കൈകൊണ്ടു് അവരുടെയെല്ലാം തല പുൽക്കൊടിപോലെ നുള്ളിയിട്ടു. ഇങ്ങിനെ യമദൂതന്മാരെ സംഹരിച്ചു്, ഇക്ഷ്വാകുവിനെ കൊണ്ടുപോയി, ധീമാനായ വീരഭദ്രനെ വിവരം ധരിപ്പിച്ചു. വീരഭദ്രൻ മഹേശ്വരനോടുണത്തിച്ചു. തന്തിരുവടി ഇക്ഷ്വാകുവിനോടരുളിച്ചെയ്തു:—'നീ എട്ടുനാൾ എന്നെ ശരിക്കു പൂജിച്ചു. എന്നാൽ, മുമ്പു് എന്റെ ലിംഗത്തെ നീ ശിശ്നാഗ്രമെന്നു നിന്ദിക്കയുണ്ടായല്ലൊ; ആ പാപംമൂലം നീ ശിശ്ന വക്ത്രനായിത്തീരും: മുഖം ശിശ്നാഗ്രത്തിലായി വരും; നാവും മൂക്കും മറവും ഉണ്ടാകയില്ല. എന്നാലും, മുമ്പു എന്റെ നാമം ഉച്ചരിച്ചിട്ടുള്ളതിനാൽ നിനക്കു സംസാരിക്കാൻ കഴിയും.' ഇക്ഷ്വാകു ശിവന്റെ അരുളപ്പാടിനാൽ തൽക്ഷണം ആ നിലയിലായിത്തീർന്നു.

ഈ ശ്രേഷ്ഠമായ പുരാണകഥ പതിവായി ശ്രവിക്കുന്നവനും ചൊല്ലുന്നവനും പാപബന്ധത്തിൽ നിന്നൊഴിഞ്ഞു ശിവഭക്തനായി ഭവിച്ചു ശിവലോകത്തു ചെന്നണയും. ഈ കഥ ചൊല്ലുന്നവൻ ഭൂമിയിൽ ശിവനോടു തുല്യനായിത്തീരും. പണ്ടു് ഈ കഥ ചൊന്നതിനാൽ അധീരൻ എന്ന രാജാവു്, പാപിയായിരുന്നുവെങ്കിലും, ഭാര്യയോടുകൂടി സ്വർഗ്ഗം പ്രാപിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
ശംഭുരാമസംവാദം ശിവലിംഗശ്ലോകമഹാത്മ്യകഥനം
ഒരുന്നൂറഞ്ചാമദ്ധ്യായം.

—(o)—

ഒരുന്നൂറാറാമദ്ധ്യായം

ശ്രീരാമൻ:—'ഈ അഗ്നിമുഖനെന്ന ശിവപാരിഷദൻ എങ്ങിനേയാണു് ആ നിലയിലായതു്? ഭഗവാനേ, അതു പറഞ്ഞുതരിക. ഇവിടെയ്ക്കു നമസ്കാരം!'

ശംഭു:—'അഗ്നിമുഖൻ, മുമ്പ് ഒരു ശ്രുണ്ടിക്കാരനായ ക്ഷത്രിയനായിരുന്നു. അയാൾ നാടും പടയും പോയി, ഭാര്യയോടും പിരിഞ്ഞു്,

Digitized By Kerala Sahitya Akademi

അതിദാരിദ്ര്യത്തിൽപ്പെട്ടു. ഒടുവിൽ രണ്ടു പോത്തിനെ വാങ്ങി മക്ക ളോടൊന്നിച്ചു കൃഷി തുടങ്ങി. അതിൽ വന്നിച്ച കടം പററി; പോ രെങ്കിൽ ഒരു മകൻ പാമ്പുകടിച്ചു മരിച്ചുംപോയി! ഇങ്ങിനെ വീണ്ടും വീണ്ടും ദുഃഖത്തിലകപ്പെട്ട മന്നവൻ കൃഷി വേണ്ടെന്നുവെച്ചു ശേഷി ച്ച രണ്ടു പുത്രന്മാരെയും വെടിഞ്ഞു, ഊണുമുപേക്ഷിച്ചു കരയുകയാ യി. അപ്പോൾ പുത്രന്മാരിരുവരും അച്ഛന്റെ അടുക്കൽ വന്നാശ്വ സിപ്പിച്ചു:—'എന്തിനാണച്ഛൻ കരയുന്നത്? കരഞ്ഞാൽ മരിച്ചുപോ യവൻ തിരിച്ചുവരുമോ? ദുഃഖംകൊണ്ടു ദേഹം വരളുകമാത്രമേ ഫലമു ള്ളൂ. ദുഃഖംമൂലം അങ്ങയുടെ കണ്ണുപോയി; തൊണ്ടപോയി; തൊഴിൽ പോയി! എന്തിനാണിവിടുന്നു വ്യസനിക്കുന്നത്? ഒരാൾ പോയി, പോ കട്ടെ; പോകാതെ നിൽപ്പുള്ള അഞ്ചു പ്രാണങ്ങളെ രക്ഷിക്കുക. പല രെ—വിശേഷിച്ചും ആശ്രിതരെ—രക്ഷിയ്ക്കുകയാണല്ലൊ പുണ്യം. അ ന്യനെ ആശ്രയിച്ച ആ ശത്രുവിനെക്കുറിച്ചു് അച്ഛനെന്തിനു ദുഃഖി ക്കുന്നു?'

അച്ഛൻ:—'പുത്രൻ ശത്രുവോ? എന്നാൽ നിങ്ങളും എനിക്കു ശ ത്രുക്കളാണല്ലൊ! ഏററവും സുഖപ്രദനായിരുന്ന പുത്രനെ നിങ്ങൾ ശ ത്രുവെന്നു പറഞ്ഞതെന്തുകൊണ്ടാണ്?'

മക്കൾ:—മകൻ ജനനത്തിൽ ഭാര്യയെ അപഹരിക്കുന്നു (നഷ്ട യൌവനയാക്കുന്നു); വളർച്ചയിൽ ധനം അപഹരിക്കുന്നു; മരണത്തിൽ പ്രാണനെ അപഹരിക്കുന്നു. ഇതിലുംമീതെ ഒരു ശത്രുത്വമുണ്ടോ? തി രുമേനി, സ്പർശനാലിംഗനാദികളിൽ സുഖമുള്ളതായി ഭവാൻ പറ ഞ്ഞുവല്ലൊ; ആ സുഖവും ഒടുവിൽ ദുഃഖമായിത്തീരുന്നു. പുത്രനെ പെറുന്ന ഘട്ടത്തിൽ ഭാര്യ മരിച്ചാലോ എന്നു ഭയം തോന്നും; ഭാര്യ ര ക്ഷപ്പെട്ടാലും തനിക്കു സുഖമില്ല താനും: യോനിയുടെ അശുദ്ധിമൂലം സംയോഗത്തിനു തരമില്ല. മുറുകെപ്പുണർന്നാൽ ശരീരം മുലപ്പാൽകൊ ണ്ടു നനയും; എന്നാലുമാകട്ടെ എന്നുവെച്ചാലോ, ഇടയ്ക്കു കുട്ടി കരയും; കുട്ടിയുടെ പേരിലാവും തള്ളയ്ക്കു മനസ്സു്; അതിനാൽ രസവും പോ യി. മൈഥുനസമയത്തു കുട്ടിവന്നു മേൽക്കേറി എന്നും വരാം; അ പ്പോൾ രതിക്കു വിഘ്നവും, തൻമൂലം നിസ്തുല്യമായ സങ്കടവും നേരിടു ന്നു!! ആകെക്കൂടി ചുരുക്കം സമയത്തെ രതിലാഭമുള്ളൂ; അപ്പോൾ ഊണില്ല, ഉറക്കമില്ല. കുട്ടികളെ രോഗം സർപ്പം ഭ്രൂതബാധ മുതലായവ യിൽ നിന്നു രക്ഷിപ്പാൻ വളരെ ക്ലേശിക്കണം. നരേശ്വര, കുട്ടിയെ മ ടിയിൽക്കേറി വെയ്ക്കുക, പുണരുക, മുകരുക, അവ്യക്തമായ കൊ ഞ്ചൽ കേൾക്കുക എന്നിതൊക്കെയാണല്ലൊ സുഖമെന്നു വെച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

തു്; അതു രതിവിച്ഛേദത്തിന്റെ പതിനാറിലൊരംശത്തിനു മതിയാവില്ല! മക്കൾമൂലം വേറെയും അനവധി ദുഃഖങ്ങളുണ്ടു്. ഇങ്ങും അങ്ങും വിരോധിയായിരിക്കുന്ന ദുഃഖം കൊണ്ടെന്തു ഫലം? അതിനാൽ അച്ഛൻ വ്യസനിക്കാതിരിക്ക. വേണമെങ്കിൽ, ഞങ്ങൾ രണ്ടു പുത്രന്മാർ ജീവിച്ചിരിപ്പുണ്ടല്ലൊ.'

രാജാവു്:—'ഉണ്ണികളെ, സർവകാര്യങ്ങൾക്കും വിരോധിയായ ദുർവാരദുഃഖം ഞാൻ വെടിഞ്ഞേയ്ക്കാം. എനിക്കു് ഇഹത്തിലേയ്ക്കും പരത്തിലേയ്ക്കും തക്കതു ചെയ്യേണ്ടിയിരിക്കുന്നു; അതിനായി ഞാൻ എന്റെ പൂർവമഹാഗുരുവായ വസിഷ്ഠമഹർഷിയുടെ അടുക്കൽ പോകട്ടെ. ആ പുരോഹിതൻ എനിക്കു ഗതി വരുത്തും.'

ഇതുയും പറഞ്ഞു് ആ ക്ഷത്രിയൻ വാരാണസിയിൽ വസിയ്ക്കുന്ന പുരോഹിത ബ്രാഹ്മണന്റെ അടുക്കലെത്തി ദണ്ഡനമസ്കാരം ചെയ്തു. വസിഷ്ഠൻ ശിഷ്യനെ അഭിനന്ദിച്ചു് ആലിംഗനം ചെയ്തു ശിരസ്സിൽ മുകർന്നു്, ഒരാസനത്തിന്മേലിരുത്തി, 'എന്തിനാണു് വന്നതു്? ഞാൻ എന്തു ചെയ്യേണ്ടു?' എന്നു ചോദിച്ചു.

രാജാവു്:—ബ്രഹ്മൻ, എനിക്കു സംസാരം കടപ്പാൻ വഴി ഉപദേശിച്ചുതന്നാലും; എപ്പോഴും കമ്മംമൂലം വലഞ്ഞു നിന്തിരുവടിയെ ശരണം പ്രാപിച്ചിരിയ്ക്കുകയാണു് ഞാൻ.'

വസിഷ്ഠൻ:—'രാജേന്ദ്ര, ഇതാ, വിശ്വനാഥമഹാലിംഗം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു; ഈ പിനാകപാണിയായ ദേവദേവനെ പൂജിച്ചുകൊൾക. പണ്ടു് ഈ തിരുവടിയെ ആരാധിച്ചതിനാൽ, അരുന്ധതീപുത്രനായ ശക്തിമുനി—എന്റെ മകൻ—രക്ഷസ്സിനാൽ വിഴുങ്ങപ്പെട്ടിട്ടും കാലന്തരണകയുണ്ടായില്ല; നേരേ മറിച്ചു, കുറേക്കാലം സ്വർഗ്ഗത്തിലും അവിടെനിന്നു പോയി ബ്രഹ്മലോകത്തും പാർത്തു, വിഷ്ണുലോകത്തിൽ വിളയാടുകയാണിപ്പോൾ! നോക്കു: ഇതാ, ഒരു കാട്ടാളൻ വന്നിമരത്തിന്റെ ഇലയും കവുങ്ങിൻപൂവും കടമ്പിൻപൂവും എരിക്കിൻപൂവും മുല്ലപ്പൂവും മറ്റും ശേഖരിച്ചു വിശ്വനാഥനെ പൂജിയ്ക്കുന്നു; അരയാമത്തിന്നിടയ്ക്കു് ഇയ്യാൾ മൂതിയടയും! ആ അത്ഭുതവും കണ്ടുകൊള്ളുക.'

ആ കാട്ടാളനു മരിപ്പാനുള്ള സമയമായി. അവൻ ശിവനു നിവേദിപ്പാൻവേണ്ടി മാമ്പഴം നിറച്ച ഒരു കുടം അടുക്കൽവെച്ചിരുന്നു. അതു്, ഒരു നായ വന്നുതൊട്ടതിനാൽ അശുദ്ധമായിപ്പോയി. കരുതിയ നൈവേദ്യം പൊയ്പോയതിനാൽ പുളിന്ദൻ ജനങ്ങൾക്കു ഭീതി തോന്നുമാറു് ഈ വിധം ഉച്ചരിച്ചു:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

'പൂവില്ലാഞ്ഞച്യുതൻ നേത്രം, കായില്ലാഞ്ഞംശുമാൻ വിരൽ
ലിംഗം വീഴാൻതുടങ്ങുമ്പോഠം ജമദഗ്നിമുനീശ്വരൻ
പീഠത്തിനായിത്തലയും ഛേദിച്ചുറ്റിച്ചതില്ലയോ?
മറുമാഹേശ്വരന്മാരും ചെയ്താർ പെരിയ സാഹസം;
ഞാനും ചെയ്യേണമവ്വണ്ണമല്ലായ്കിൽദ്രോഷമാപ്പെട്ടും!'

ഈ ഘട്ടത്തിൽ ഒരു ഭ്രാന്തൻ ശിവലിംഗസമീപത്തു വന്നൊത്തി, വേടന്റെ പൂജാദ്രവ്യമെടുത്തു ക്ഷണേന ഭക്ഷിയ്ക്കുകയും, ലിംഗപീഠത്തിന്മേൽ ഛർദ്ദിയ്ക്കുകയും ചെയ്തുകളഞ്ഞു. അപ്പോഠം വേടൻ, 'ഈ ശിവദ്രോഹിയെ കൊല്ലുകയോ കൊല്ലാതിരിയ്ക്കുകയോ വേണ്ടതു്' എന്നാലോചിച്ചു; ഒടുവിൽ തന്നെത്തന്നെ വധിപ്പാനാണ് അവൻ തീച്ചപ്പെടുത്തിയതു്:—'ഭ്രാന്തൻ എന്റെ പൂജാദ്രവ്യം തിന്നു ഛർദ്ദിച്ചതു ലിംഗപ്രാവരണത്തിന്മേലാണല്ലോ; അതിനാൽ എന്റെ ദേഹത്തിന്റെ പ്രാവരണമായ തൊക്കിനെ ഞാൻ ഇപ്പോഠംതന്നെ ഉരിഞ്ഞുകളയേണ്ടിയിരിയ്ക്കുന്നു. പൂജാഫലം കുറഞ്ഞാൽ കഴുത്തും കളയുകതന്നെ!' എന്നുറച്ചു് ഒരു മൂർച്ചയേറിയ മഴുകൊണ്ടു്, ആദ്യം അരയ്ക്കുതാഴേ വലത്തേക്കാലിന്റേറയും ഇടത്തേക്കാലിന്റേറയും തോൽ പൊളിച്ചു; അവനു വേദനയോ കൈവിറയോ കാണപ്പെട്ടിരുന്നില്ല. പിന്നെ അരയ്ക്കു മേല്പോട്ടുള്ള തോൽ ഉരിയുകയായി. കൈകഠം, മുമലുകഠം, വയർ, മാറിടം, കഴുത്തു്, തല എന്നിവയിലെ തോലും അവൻ സഹർഷം പിളർത്തി. ഇങ്ങിനെ മുഴുവനും പിളർത്തിട്ടു് ഒരു വിരൽ മുറിച്ചെടുത്തു തൊലി ദേവന്നു സമർപ്പിച്ചു. അതോടുകൂടി, ആ ശിവഭക്തൻ മൂന്നു കണ്ണും നാലു കയ്യുമുള്ള ദിവ്യരൂപനായി പലതരം മെയ്ക്കോപ്പണിഞ്ഞു്, അവിടെ ആകാശത്തു സ്ഥിതിചെയ്തു. ഉടനേ അനേകായിരം ശിവപാർഷദന്മാർ വിമാനത്തിൽ വന്നൊത്തി. തനിപ്പളുങ്കിൻനിറവും നാലു കൈകളും ചേർന്ന ആ സുന്ദരന്മാരെല്ലാവരും വിചിത്രകിരീടാദി സർവ്വാഭരണങ്ങളുമണിഞ്ഞു, ത്രിശൂലം കൈക്കൊണ്ടു, ശാന്തരായി, രംഭയ്ക്കാത്ത ഭാര്യയോടും പുത്രരോടും സേനയോടും അസംഖ്യം വിലാസിനിമാരോടും കൂടി, സൂര്യതേജസ്സോടേ പരിശോഭിച്ചു. അവർ പുഷ്പവർഷം ചെയ്തു വേടനെ വിളിച്ചപ്പോഠം, അവൻ അറിയിച്ചു:—'ഭാര്യാദി ബന്ധുജനങ്ങളോടൊരുമിച്ചേ ഞാൻ പോരൂ; അല്ലാതെ പോരില്ല.' ശിവദൂതന്മാർ മറുപടി പറഞ്ഞു:—'നന്മതിന്മകഠം ചെയ്തവനാരോ, അവനുമാത്രമേ ഫലം അനുഭവപ്പെട്ടൂ.'

Digitized By Kerala Sahitya Akademi

വേടൻ:—'ഒരാൾക്കു മാത്രം രണ്ടായ മറവു ധർമ്മങ്ങളെ സംബന്ധിച്ചെടത്തോളമാണ്; ശൈവധർമ്മങ്ങളുടെ ഫലം രണ്ടും അധികവും പേക്കു സിദ്ധിക്കും.'

ഇതു പറയുമ്പോഴേയ്ക്കും, വളരെ സൂര്യന്മാരുടെ തേജസ്സൊത്ത വീരഭദ്രൻ നാനാകോടി പാർഷദരോടൊന്നിച്ചു വന്നണഞ്ഞു, 'വേട, ഭവാൻ ഭാര്യാദി ബന്ധുക്കളോടുകൂടി പോന്നുകൊൾക. ഭവാൻ പറഞ്ഞതൊക്കെ ശരിയാണു്. ഈ വിമാനത്തിലേറി ശിവന്റെ അടുക്കലേയ്ക്കു പോരിക. നിങ്ങൾക്കു മംഗളം!' എന്നഭിനന്ദിച്ചു; അതിൻവണ്ണം വേടൻ വിമാനത്തിലേറി ശിവലോകത്തേയ്ക്കു പോവുകയും ചെയ്തു.

വസിഷ്ഠൻ:—'രാജാവേ, എല്ലാം അങ്ങു കണ്ടുവല്ലോ. ശിവപൂജ നടത്തിക്കൊള്ളുക; എന്നാൽ പാപബന്ധമൊഴിഞ്ഞു ശിവലോകം പ്രാപിയ്ക്കാം. ഭവാനു രാജ്യം വേണമെന്നുണ്ടെങ്കിൽ, നാടും തോറും ശിവക്ഷേത്രത്തിലെ മുറം അടിച്ചു ദാനകംകൊണ്ടു തേച്ചുകൊള്ളുക. ഇതുയും ചെയ്താൽ, ഭവാനു ജീവാവസാനംവരെ ചക്രവർത്തിപദവും, ഒടുവിൽ ശിവലോകവും കിട്ടും. എന്നാൽ ഈ ജന്മത്തിൽ ഭവാനു നാടുവാഴ്ചയില്ല; മരിച്ചു മറൊരു ശരീരമടഞ്ഞാൽ ഭവാനു ശിവസേവാമഹിമയാൽ രാജത്വവും സുസ്ഥിരമായ ശിവഭക്തിയും സിദ്ധിയ്ക്കും.'

അതിൻവണ്ണം ആ ക്ഷത്രിയൻ ശിവഭക്തനായി പൂജ നടത്തുകയാൽ മരിച്ചു സ്വർഗ്ഗം പ്രാപിച്ചു്, ഒരു രാജാവായി പുനർജ്ജനിച്ചു രാജ്യം ഭരിച്ചുപോന്നു. ഒരുനാൾ അദ്ദേഹം പലതരം വിളക്കുകൾ തൂഴന്ന ശിവക്ഷേത്രത്തിൽ തൊഴാൻ ചെന്നു. അപ്പോൾ, പരിജനങ്ങളുടെ തിക്കുമൂലം ഒരു വിളക്കു താഴെ വീണുപോയി. അരചൻ അരിശംകൊണ്ടു് അതു കടന്നൊട്ടുത്തു് അമ്പലത്തിന്റെ മേൽപ്പുരയിലേയ്ക്കെറിഞ്ഞുകളഞ്ഞു; അതിനാൽ അമ്പലം വെന്തുപോയി. ആ പാപം പിണഞ്ഞ പാർത്ഥിവൻ പിന്നീടു ക്ഷേത്രം പുതുതായി പണിയിച്ചു, പരമേശ്വരനെ പൂജിച്ചുപോന്നു. ഒടുവിൽ മരണദിവസത്തിൽ അദ്ദേഹം ശിവനെ ആരാധിച്ചു ഭസ്മസ്നാനം കഴിച്ചു ഭസ്മത്തിൽ ശയിച്ചു ശിവമന്ത്രം ജപിച്ചുംകൊണ്ടു് മരിച്ചു ശിവലോകമടഞ്ഞു. അപ്പോൾ വീരഭദ്രൻ ആജ്ഞാപിച്ചു:—'നീ ഒരു ഗണത്തലവനായി എന്റെ പരിചാരകനായി നിൽക്കുക: ഞാൻ ചൂണ്ടിക്കാണിക്കുന്ന ശൈവന്മാരെ എന്റെ അടുക്കൽ കൊണ്ടുവരികയാണു് നിനക്കു ജോലി. നീ ശിരോരഹിതനും ജപാലാമുഖനുമായിരിക്കും.' മഹാത്മാവായ വീരഭദ്രനോടു് രാജാവു ചോദിച്ചു:—'ഗണശ്രേഷ്ഠ, കണ്ണു്, മൂക്കു്, ചെവി, നാവു്, വായ എന്നീ ശിരോവയവങ്ങളൊന്നുമില്ലാതെ എങ്ങിനെയാണു് ഞാൻ കഴിച്ചുകൂട്ടുക? തിരുമേനി, തലയില്ലാതാവാൻ, എന്തൊരു പാപമാണു് ഞാൻ ചെയ്തിട്ടുള്ളതു്?'

Digitized By Kerala Sahitya Akademi

വീരഭദ്രൻ:—'നീ പണ്ടു പരമസുന്ദരിയായ ഒരു വേശ്യയെ വെപ്പാട്ടിയാക്കി വെച്ചിരുന്നു: നാംതോറും ശിവക്ഷേത്രത്തിൽ വായച്ചിരട്ടകംകൊണ്ടു സ്വസ്തികം, സർവ്വതോഭദ്രം, നന്ദ്യാവർത്തം, പദ്മം, ഉല്പലം, പല്ലക്കിൻകാലുകൾ, ആലവട്ടം, വെൺചാമരം, ത്രിശൂലം, ശംഖ്, ചക്രം, ഗദ, വില്ല്, കണ്ടുതുടി, വാൾ മുതലായവയെയും കാള, ഭൃംഗിരടി, ശിവൻ എന്നിവരേയും നിർമ്മിച്ചു വൃഷഭധ്വജനെ ഭജിക്കുന്നവളായിരുന്നു അവർ. ആ ദേവദാസിയെ ഒരുദിവസം അമ്പലത്തിൽ ചെന്ന കാരാങ്കികൻ എന്നൊരു രാജാവു കടന്നുപിടിച്ചു. ഉടനേ അയാൾ ആവശ്യപ്പെട്ടു:—'നീയൊരു വേശ്യ; പിഴജനത്തിലാണ് നിൽക്കുന്നതും. ഞാനോ കിഴവനല്ല, ചെറുപ്പക്കാരൻ. കിഴവൻ, രോഗി, നപുംസകൻ, ആശക്തൻ, ദരിദ്രൻ, ലിംഗത്തിനു നീളമില്ലാത്തവൻ, ദീനൻ, മീശയില്ലാത്തവൻ, ജളൻ, ഭഗ്നന്ധി, അല്പൻ, അവ്യസനൻ (സപ്തവ്യസനങ്ങളില്ലാത്തവൻ) എന്നിവരാണല്ലൊ സ്ത്രീകൾക്കു പരിത്യജിക്കേണ്ടവർ. അതിനാൽ, വേശ്യേ, നീ വേഗത്തിൽ എന്നെ പുണർന്ന് ജീവിപ്പിച്ചാലും.'

വേശ്യ:—'ഏതുജാതി സ്ത്രീകൾക്കും വേണ്ടതാണ്, ഇഹത്തിലും പരത്തിലും സുഖപ്രദമായ പാതിവ്രത്യ മഹാധർമ്മം എന്ന് ഇവളുള്ളവർ കേട്ടിട്ടുണ്ട്. ഒരാളുടെ കീഴിലിരിക്കുമ്പോൾ മറൊരാളോടു ചേരാതിരുന്നാൽ വേശ്യ പതിവ്രതയായി. ഞാൻ ആ ചാരിത്രം വെടിയുകയില്ല.'

'എന്നാൽ നിനക്കു മരണം അടുത്തു; സംശയമില്ല!' എന്നും പറഞ്ഞു കാരാങ്കികൻ നിന്റെ അടുക്കൽ വന്നറിയിച്ചു:—'തേവിടിശ്ശി തേവിടിശ്ശിതന്നെ! ഭാര്യയാവില്ല. മറിച്ചു പറഞ്ഞുകൂടാ.' പിന്നീട് ആ ദുഷ്ടൻ കാടിയിൽനിന്നു കുറെ ഉറലെടുത്തു വേശ്യയുടെ ഗൃഹത്തിൽ ചെന്ന്, അവളുറങ്ങുന്ന പ്രാക്കിൽ, ആ ഉറൽ അവളുടെ വസ്ത്രത്തിന്നിടയിലേയ്ക്കെറിഞ്ഞുംവെച്ചു, നിന്റെയടുക്കൽ തിരിച്ചെത്തി അറിയിച്ചു:—'ഭവാൻ പുറപ്പെട്ടുചെന്ന് അങ്ങയുടെ തേവിടിശ്ശിയെ എഴുന്നേല്പിച്ച് അവളുടെ സർവ്വാംഗവും ഒന്നു നോക്കുമാറാകണം; അല്ലെങ്കിൽ വസ്ത്രം അഴിച്ചു നോക്കിയാലും മതി.' നീ വേശ്യാഗൃഹത്തിൽ ചെന്നുകേറി, 'ഇവളുറങ്ങുകയാണല്ലോ; ഭവാൻ നോക്കുക.' എന്നു പറഞ്ഞപ്പോൾ കാരാങ്കികൻ ഉരചെയ്തു:—'ഞാനല്ല ഇതു ചെയ്യേണ്ടതു്; ഇവളുടെ അമ്മയോ അച്ഛനോ നോക്കട്ടെ. എന്നാൽ എല്ലാം വെളിപ്പെടും.' നീ അമ്മയെ വരുത്തി. അവർ രാജശാസനത്താൽ മകളുടെ വസ്ത്രം പരിശോധിക്കുന്നതിനിടയിൽ ആ ഉറൽ കണ്ടെത്തി; അതു കൈക്കൊണ്ടു തിരുമ്മിയപ്പോൾ മകളുടെ വസ്ത്രം ഞനഞ്ഞു. എന്താണ്ടതെന്നു നീ ചോ

Digitized By Kerala Sahitya Akademi

ടിച്ചു. 'ഒന്നുമില്ല, ഒന്നുമില്ലെ'ന്ന് അമ്മ പലവുരു മറുപടി പറഞ്ഞു. അതിൽ ശങ്ക തോന്നിയതിനാൽ നീ താൻതന്നെ നോക്കുകയും, 'ശ്ലൂക്ഷ്ണത്തിന്റെ നനവാണ് വസ്ത്രത്തിൽ; നോക്കുവിൻ' എന്നാഭിപ്രായപ്പെടുകയും ചെയ്തു. സമീപസ്ഥരും നോക്കി, 'ശരിതന്നെ' എന്നുണർത്തിച്ചു. ഉടനേ നീ അരമനയിൽ തിരിച്ചെത്തി ദണ്ഡാധ്യക്ഷനോടാജ്ഞാപിച്ചു:—'ഇപ്പോഴുംത്തന്നെ തേവിടിശ്ശിയുടെ തല വീശണം; ഒരു നാഴികയ്ക്കുള്ളിൽ അവളുടെ തല എന്നെ കാണിച്ചുകൊള്ളണം.' ദണ്ഡാധ്യക്ഷൻ രാജശാസനത്തെ ഉടനടി അനുഷ്ഠിച്ചു. പണ്ടു നീ ഇപ്രകാരം ചെയ്തുകയുണ്ടായി; അതിന്റെ ഫലമാണ് ഈ വന്നത്. നീ ജാലകൊണ്ടുതന്നെ സംസാരിക്കുകയും കേൾക്കുകയും കാണുകയും ഘ്രാണിക്കുകയും രസാദറിയുകയും ചെയ്യും. നീ ബുദ്ധിമാനും വലിയ ശ്രുണ്ടിക്കാരനുമായിരിക്കും.'

ഈവിധം അക്ഷമനിമിത്തമത്രേ, ആ ശൈവനായ രാജാവ് അഗ്നിമുഖനായിത്തീർന്നത്. അതിനാൽ ഇഹത്തിലും പരത്തിലും സുഖമീക്ഷിക്കുന്നവൻ ക്ഷമാശീലനായിരിക്കണം. ഈ ശ്രേഷ്ഠമായ പുണ്യചരിതം ആർ പതിവായി ശ്രവിക്കുന്നുവോ, അവൻ പാപബന്ധം വേർപെട്ട ശിവലോകത്തു ചെന്നുചേരും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, അഗ്നിമുഖോപാഖ്യാനം ഒരുനൂറ്റിറുപത്തൊന്നാമധ്യായം.

:0:

ഒരുനൂറ്റിറുപത്തൊന്നാമധ്യായം

ശ്രീരാമൻ:—'ഗുരോ, ശിവനാമജപം, ശിവപൂജ, ശിവനമസ്കാരം, ശിവദർശനം, ശിവന്നു ജലധൂപദീപഗന്ധാദികം സമർപ്പിക്കുക എന്നിവയുടെയെല്ലാം മാഹാത്മ്യം എനിക്കു പറഞ്ഞുതരിക.'

ശംഭു:—'രാഘവാ, ഓരോന്നിന്റേയും മാഹാത്മ്യം വിസ്തരിച്ചു പറയാവുന്നതല്ല; ചുരുക്കത്തിൽ പറയാം. ശ്രദ്ധിച്ചു കേട്ടുകൊൾകം:

പണ്ട് തേത്രായുഗത്തിൽ, വിദ്യുതൻ എന്നൊരു വീര്യവാനായ രാജാവുണ്ടായിരുന്നു. അച്ഛൻ മരിച്ചതിനാൽ ബാല്യത്തിൽത്തന്നെ അയാളം രാജാവായി അഭിഷേചിക്കപ്പെട്ടു. ആ പാർത്ഥിവന്ന് പാർശ്വസേവികളെല്ലാം സമപ്രായക്കാരായിരുന്നു; അച്ഛന്റെ അരുമക്കാ

Digitized By Kerala Sahitya Akademi

രെയെല്ലാം അയാൾ പരിത്യജിച്ചു. വൃദ്ധരും വിദ്വാന്മാരും അയാൾക്കു സമ്മതരായിരുന്നില്ല; നല്ല പെണ്ണുങ്ങളെ കൊണ്ടുവരിക, കൊള്ളയിടുക, കന്നാത്തം പറക, ആടുക, പാടുക, കൊട്ടുക, പൂതുകളിക്കുക എന്നിവയിൽ വിരുതുള്ളവരും, വശീകരണത്തിനുള്ള മരുന്നും മന്ത്രവും അറിയുന്നവരും ഭഗലക്ഷണരതിതന്ത്രപണ്ഡിതന്മാരും മറ്റുമായ ചെറുപ്പക്കാരിലായിരുന്നു വിധ്വതന്നു പ്രീതി. അയാൾ ഈ വക ദുഷ്ടന്മാരെ നിയമിച്ചു് അവരുമായി ആലോചിച്ചിട്ടാണു് രാജ്യകാര്യം നടത്തിയിരുന്നതു്; അവരുടെ അഭിപ്രായമനുസരിച്ചു നല്ലവരെയെല്ലാം തള്ളിക്കളഞ്ഞു! അതിനാൽ രാജ്യത്തു രാജനീതിയില്ലാതായി. ആന, തേർ, കുതിര, ഒട്ടകം, പയ്യു്, എരുമ, ആടു മുതലായതെല്ലാം നശിച്ചു. അവിടവിടെ മോഷണങ്ങളും തുടങ്ങി: നഗരത്തിൽ രത്നങ്ങളും ധനധാന്യങ്ങളും കാണാതായി.

അങ്ങിനെയിരിക്കെ, മറെറാരു രാജാവു് വിധ്വതനെ തോല്പിച്ചു. അതിനാൽ അയാൾ നാടുവിട്ടോടി ഒരു വൻകാട്ടിൽ കയറി, അവിടെ ഒരു ഗിരിദുർഗ്ഗത്തിൽ ഏതാനും പരിവാരങ്ങളോടൊന്നിച്ചു കവച്ചു തൊഴിലാക്കി പാർപ്പുറപ്പിച്ചു: അയാൾ, സ്വർണ്ണം, രത്നം, വസ്ത്രം, ധാന്യം, സുഗന്ധദ്രവ്യം മുതലായതു് അവിടവിടെ തസ്കരന്മാരെ അയച്ചു വരുത്തും; ധനം കൈയ്യിലാക്കാൻ അവരെക്കൊണ്ടു ബന്ധനാദികളും ചെയ്യിക്കും. ആഹാരത്തിനൊന്നുമില്ലെങ്കിൽ, പൈ—എരുമ—കുതിര മുതലായവയുടെ മാംസമോ, മനുഷ്യമാംസംതന്നെയൊ വെടുതിനും. സന്ധ്യാവന്ദനവും മറ്റും ഇല്ലതന്നെ. ഇത്തരത്തിലായി വിധ്വതന്റെ നടപടി! സുരാപൻ എന്നൊരു രാക്ഷസനായിരുന്നു, അയാളുടെ പ്രധാന സചിവൻ; എപ്പോഴും അവനോടു, 'കൊണ്ടുവാ, കൊല്ലുക' എന്നിങ്ങനെ അയാൾ കല്പിക്കും. അങ്ങിനെ അവനെക്കൊണ്ടു പലദിക്കുകളിൽനിന്നും നിർദ്ദയൻ അസംഖ്യം ആളുകളെ കൊണ്ടുവരുവിച്ചു. തനിയ്ക്കു വേണമെന്നു തോന്നിയ സ്ത്രീകളെ അവിടവിടെനിന്നു പിടിച്ചുകൊണ്ടു വരുവിച്ചു കുറെക്കാലം അവരോടൊന്നിച്ചു രമിക്കും; ഒടുവിൽ അവരേയും തീൻകഴിയ്ക്കും!

ഇങ്ങിനെ പുരുഷന്മാരേയും സ്ത്രീകളേയും ഹിംസിച്ചുംകൊണ്ടു് അയാൾ പതിനായിരംകൊല്ലം വല്ലാത്തമട്ടിൽ വനരാജ്യം ഭരിച്ചുവാണു. അപ്പോഴേയ്ക്കും അയാൾക്കു, വാർദ്ധക്യത്താൽ നരച്ചു ദേഹമെല്ലാം ബലംകെട്ടു കുഴഞ്ഞുളിഞ്ഞു. ആ പ്രദേശത്തു പത്തുയോജനയ്ക്കുള്ളിൽ യാതൊരു പ്രാണിയും ഇല്ലെന്നായി!

Digitized By Kerala Sahitya Akademi

വിധ്വതന്നെ മൃത്യുദിവസം വന്നൊത്തി. മരണമടുത്തപ്പോൾ അ രാജാവിനെ പരിജനങ്ങൾ കളിപ്പിച്ചു നിലത്തു കിടത്തി, നാലുപാടും മൂഴന്നിരിപ്പായി. സുരാപനെന്ന സഹിവൻ അയാളോടു ചോദിച്ചു:—'ഞാൻ എന്തുചെയ്യേണ്ടു? ആജ്ഞാപിച്ചാലും.' നാഭിക്കു കീഴ് പോട്ടി ജീവനില്ലാതായി, കെട്ടുകെട്ടു, തീവ്രവേദനയോടെ ചാകാൻതുടങ്ങുന്ന അയാൾ പണിപ്പെട്ടു മറുവടിപറഞ്ഞു:—'ഭോ രാക്ഷസേന്ദ്ര, സദാ പ്രാഹര, പ്രഹര, ആഹര (കൊണ്ടുവരിക; കൊല്ലുക; തിന്നുക') ഇതുയും പറഞ്ഞതോടുകൂടി, അയാളുടെ പ്രാണൻ പോയിക്കഴിഞ്ഞു. ഉടനെ യമകിങ്കരന്മാർ വന്നൊത്തി ബന്ധിപ്പാനൊരുമ്പെട്ടു പ്രഹരംകൂട്ടി. എന്നാൽ, എന്തുത്സാഹം, കയറുകളും ആയുധങ്ങളും അയാളുടെ ശരീരം തൊട്ടനിമിഷത്തിൽ തവിടുപൊടിയായിപ്പോയി! അപ്പോൾ മൃത്യു താൻ തന്നെ വന്നെത്തി അയാളെ ബന്ധിപ്പാൻ നോക്കി; മൃത്യുവിന്റെ കയറും മുറിഞ്ഞൊണ്ടാണ്ടായത്തു്. അതു കണ്ടു മൃത്യു, 'എല്ലാമനുഷ്യരുടേയും മണ്ണാ ഞാൻ കണ്ടിട്ടുണ്ടു്; ഇങ്ങിനെയൊന്നു് എങ്ങും കണ്ടിട്ടില്ല!' എന്നിങ്ങനെ ചിന്തയിൽപ്പെട്ടുനിൽക്കെ, വീരഭദ്രനാൽ നിയോഗിക്കപ്പെട്ട പ്രതാപവാനായ ജ്വാലാമുഖൻ ശൂലവുമേന്തി വന്നുചേർന്നു.

അഗ്നിമുഖനെ കണ്ടതോടുകൂടി, മൃത്യു പേടിച്ചോടി. അതുകൊണ്ടു ജ്വാലാമുഖൻ, 'എടാ, എടാ, കള്ള, കള്ള, നില്ലു, നില്ലു്; എങ്ങോട്ടോടുന്നു? നിന്റെ കുറുത്തിനു നിന്നെ കഴുവിന്മേലിട്ടേ മതിയാവൂ!' എന്നിങ്ങിനെ ഉച്ചരിച്ചു്, മൃത്യുവിനെ ശൂലത്തിന്മേൽ കോർത്തിട്ടു; മൃതന്മാരെ കാൽക്കൽ ചങ്ങലയിട്ടും തള്ളിച്ചു; എന്നിട്ടു രാജാവിനെ ഗീതവാദ്യമുഖരിതമായ ശ്രേഷ്ഠവിമാനത്തിൽ കേറി കൊണ്ടുപോയി, വീരഭദ്രന്റെ സന്നിധിയിലെത്തി വിവരമെല്ലാം ഉണർത്തിച്ചു. വിശാത്മാവായ വീരഭദ്രൻ, പലതരം മഹർഷിമാരാലും ബ്രഹ്മവിഷ്ണു പ്രഭൃതികളായ ദേവന്മാരാലും സേവിക്കപ്പെട്ടുകൊണ്ടു പാർവ്വതിയൊന്നിച്ചരുളുന്ന അപ്രമേയാത്മാവായ ശങ്കരൻതിരുവടിയേയും വണങ്ങിയറിയിച്ചു.

മൃത്യു ശൂലത്തിന്മേൽ കിടക്കുന്നതു കേട്ടപ്പോൾ ശിവൻ അഗ്നിമുഖനെ നോക്കി ശകാരിച്ചു:—'ഈ സാഹസം നീ എന്തിനു ചെയ്തു? യമനെക്കാളും മീതെയായ മൃത്യുവിനെ നിനക്കു പേടിയില്ലെന്നോ? എല്ലാം ശരിക്കു പറയുക.' അതിക്രോധനനായ അഗ്നിമുഖൻ സ്വാമിയെ വണങ്ങിനിന്നിട്ടു്, മൃത്യുവിനെ നോക്കി സഹർഷം നൃത്തംവെച്ചുംകൊണ്ടുണർത്തിച്ചു:— മൃത്യു മോഷണം ചെയ്കയുണ്ടായി; അതിനാലാണു് അവനെ അടിയൻ ശൂലത്തിന്മേലിട്ടതു്.' മഹേശ്വരൻ മൃത്യുവിനേയും മൃതന്മാ

Digitized By Kerala Sahitya Akademi

രേയും മോചിപ്പിച്ചു സമാശ്വസിപ്പിച്ചു; പിന്നീട്ട മൃത്യുവിനെ നോക്കി അരുളിച്ചെയ്തു:—'മരണസമയത്ത് എന്നെ നിനച്ചോ അന്യചിത്തരായോ എന്റെ നാമം ഹീനാക്ഷരമായിട്ടോ അധികാക്ഷരമായിട്ടോ യാവചിലർ ഉച്ചരിക്കുന്നുവോ, അവക്കു ഞാൻ തീച്ചയായും എന്റെ ലോകം തന്നെ കൊടുക്കും. ഇവൻ 'പ്രഹര' എന്നുച്ചരിക്കുകയുണ്ടായല്ലോ. ഹര ശബ്ദം എന്റെ പേരാണ്; പ്ര എന്നതേ അധികമുള്ളൂ. നീ എന്റെ നാമം ജപിക്കുന്നവനെ വന്ദിച്ചു ദൂരെ പോയ്ക്കാൾക. ഇതു യമനോടും പറഞ്ഞേയ്ക്കു. ശിവനായി നമനം, യജനം, കീർത്തനം, ഉപാസനം, ജപനം, മാസ്യം, കൈങ്കര്യം, പഞ്ചാക്ഷരോച്ചാരണം, ശതരുദ്രീയജപം എന്നിവ അനുഷ്ഠിക്കുന്നവർ യാവചിലരോ, അവരുടെ കാര്യം നീ ആലോചിക്കേണ്ടതില്ല. എന്റെ പേർ ജപിക്കുക, രുദ്രാക്ഷവും ഭസ്മവും ധരിക്കുക, എന്റെ മുമ്പിൽവെച്ചു പുരാണം വായിക്കുക എന്നിവ ചെയ്യുന്നവക്കു് ഏതു പാപം പറഞ്ഞാലും ഞാനാണ് ശാസിപ്പാൻ; യമനധികാരമില്ല. പരാന്നഭോജനം, പരവസ്ത്രധാരണം, പരസ്ത്രീഗമനം മുതലായ പാപങ്ങളിരുന്നാലും, ആർ വാരാണസിയിലോ ശ്രീശൈലത്തിലോ വെച്ചു മരിക്കുന്നുവോ, അവരുടെ കാര്യവും നീ ആലോചിക്കേണ്ടതില്ല. പേൻ, ഈച്ച, മൂട്ട, പുഴു, ഉറുമ്പു്, ഇഴജന്തു, തേൾ, സൂകരാദി മൃഗങ്ങൾ എന്നിവയേപ്പോലും കാശിയിൽവെച്ചു മരണമടഞ്ഞാൽ ശിവനോടു ചേരുന്നു! സൂര്യചന്ദ്രാഗ്നിമയത്രിനേത്രനായി ത്രയീനേത്രനായി വിത്രുപാക്ഷനായി ഗൌരീസഹിതനായിരിക്കുന്ന ചന്ദ്രാർദ്ധശേഖരനെ ആർ നാമജപപൂർവ്വം ഹൃദയപദ്മത്തിൽ ധ്യാനിക്കുന്നുവോ, അവനെ നമസ്കരിച്ചു നീ ദൂരെ പോയ്ക്കൊള്ളണം.'

ഈ അരുളപ്പാടു കേട്ടിട്ടു മൃത്യു പരമേശ്വരനെ സ്തുതിച്ചു:—

(ശ്ലോകം)

'തൊഴാമങ്ങയ്ക്കു ദേവേശ! തൊഴാം തേ ദേവവിഗ്രഹ!
തൊഴാമങ്ങയ്ക്കു സർവ്വജ്ഞ! സ്വാമിൻ, പശുപതേ, തൊഴാം!'

അപ്പോഴം മഹാദേവൻ, 'ഈ സ്തോത്രം എന്നെ സന്തോഷിപ്പിച്ചു; നീ വരം വാങ്ങിക്കൊൾക'എന്നരുളിച്ചെയ്തു. മൃത്യു വരം യാചിച്ചു:—'സ്വാമിൻ, ശങ്കര, പാപിയാണെങ്കിലും ഭവദീയനായ അടിയനെ കല്പിച്ചു രക്ഷിക്കണം!' 'അങ്ങിനെ തന്നെ; വത്സ, പോയ്ക്കൊൾക' എന്നിങ്ങിനെ, ഭഗവാൻ മൃത്യുവിന്നു വിടനൽകി. അവൻ യമലോകത്തേയ്ക്കു തിരിച്ചു, എല്ലാം യമനോടറിയിച്ചു.

Digitized By Kerala Sahitya Akademi

ഈ ശ്രേഷ്ഠമായ പുണ്യചരിതം ആർ പതിവായി ശ്രവിക്കുമോ, അവൻ സർവപാപനിർമ്മുക്തനായി ശിവസന്നിധിയിൽ ചെന്നുചേരും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
ശംഭുരാമസംവാദം, ശിവനാമമാഹാത്മ്യകഥനം ഒരുന്നൂറേഴാമദ്ധ്യായം.

:0:

ഒരുന്നൂറെട്ടാമദ്ധ്യായം

ശംഭു:—ഇനി, ഒരു സ്ത്രീയുടെ സച്ചരിതം—ദേവരാതപുത്രിക്ക് നാമജപത്താൽ എന്തു സിദ്ധിച്ചു എന്നു—പറഞ്ഞുതരാം:

ദേവരാതന്റെ മകൾ, കല എന്ന മഹാസുന്ദരിയായ ബാലിക ധനഞ്ജയാത്മജനായ ധീമാൻ ശോണന്റെ ഭാര്യയായിരുന്നു. എന്നെന്നും ധർമ്മൈകനിരതരായിരുന്ന ആ ദമ്പതിമാർ ഗംഗാസ്നാനത്തിനു ചെന്നപ്പോൾ അവർക്ക് ഒരു നിധി കിട്ടി: കരയ്ക്ക് ഒഴുക്കുതട്ടിയുടഞ്ഞിരുന്നോടത്തുനിന്ന് അവർ ശൌചത്തിനായി ഒരു കട്ട മണ്ണെടുത്തു; അപ്പോൾ, കല്ലുകൊണ്ടടച്ച ഒരു വച്ചിയ വെള്ളിക്കുടം കാണുമാറായി. ഉടനേ ശോണൻ പ്രിയതമയോടു ചോദിച്ചു:—'എങ്ങിനെ വേണ്ടു? എന്തുചെയ്താലാണു്, നമുക്കു നന്മ വരിക?'

കല:—'സ്ത്രീയുടെ അഭിപ്രായമനുസരിച്ചു് ഒരു കാര്യം ചെയ്യരുതു്. ഗോചര്യമോ അപ്രിയമോ സ്ത്രീകളോടു തീരെപ്പറകയുമരുതു്. സ്ത്രീയുടെ മുമ്പിൽവെച്ചാണു് ധനം ദൃഷ്ടിഗോചരമായതെങ്കിൽ, അവളോടു്, 'നമുക്കു നോക്കേണ്ടാ; അവിടെയിരിക്കുന്നതെന്തോ' എന്നോ മറോ വല്ല മിരട്ടും പറഞ്ഞയയ്ക്കണം. ധനമാണെങ്കിൽ അതു നോക്കുകയേ ചെയ്യരുതു്; നോക്കിയാൽ ഉപദ്രവമായിരിക്കും ഫലം: വേറെയാരും അറിഞ്ഞിട്ടില്ല എന്നാണെങ്കിൽ, അതിലെന്താണൊരപ്പു്? വല്ലവരും ഒളിവിൽ നിൽക്കുന്നുണ്ടാവാം; അതല്ലെങ്കിൽ മായയാൽ മറഞ്ഞു നിൽക്കുന്നുണ്ടാവാം. മനുഷ്യർക്കു മായയില്ല എന്നാണെങ്കിൽ, ക്ഷേത്രപാലൻ നിൽക്കുന്നുണ്ടാവാം; ക്ഷേത്രപാലനില്ലെങ്കിൽ ബ്രഹ്മരക്ഷസ്സു നിൽക്കുന്നുണ്ടാവാം. ബ്രഹ്മരക്ഷസ്സുമില്ലെങ്കിൽ, രാജാവിനെക്കൊണ്ടു് ഉപദ്രവം നേരിടും. രാജാവു് അറിഞ്ഞില്ല എന്നായാലും, 'ക്രുട്ടവും കുറിയും' ഉണ്ടായിവരാം. ഒളിവിൽ വെയ്ക്കയാണെങ്കിലോ, കള്ളന്മാരെക്കൊണ്ടുശല്യം വരും.

Digitized By Kerala Sahitya Akademi

അപ്രമത്തനായിരുന്ന ഇവിടെയുള്ള് ഇതുമൂലം വന്പിച്ച അനർത്ഥം സംഭവിക്കും: പ്രത്യേണ ധനവാന്മാർക്ക ഭോഗങ്ങളിൽ കൊതിതോന്നും; ഒന്നനുഭവിച്ചാൽ മറെറാന്നു വേണമെന്നാറും. തന്മൂലം അനുഷ്ഠാനങ്ങളൊക്കെ തെറും. തന്റെ ഉള്ള സ്ത്രീയെ അറിയിച്ചുപോയാൽ അവർ സ്വതന്ത്രയായിത്തീരും; അതിനു ശുണ്ഠിയെടുത്താൽ അവർ നിർലാഭം വെളിക്കു പറയും; അപ്പോൾ അവിശ്വാസം വന്നുകൂടും. വിശ്വസിക്കതന്നെ ചെയ്താലൊ, ക്രൂസലില്ലാതാവും; ഭർത്താവു വല്ലേടത്തേയ്ക്കും പോയാൽ അന്യനെ തേടുകയായി. ക്രൂസലില്ലായ്മവന്നാൽ സ്ത്രീകൾ പലതരം തോന്നിവാസം കാട്ടും: ഏതെങ്കിലും ഒരു ചെറുപ്പക്കാരനെ കണ്ടെത്തിയാൽ അവനിൽ പ്രീതി തോന്നുകയായി; പ്രീതിമൂലം സഹവാസം തുടങ്ങും; സഹവാസത്താൽ മൈഥുനം നടക്കും; മൈഥുനം പതിവായാൽ ക്രൂസലില്ലായ്മ ഒന്നുകൂടി മുറുകും: 'ഭവാൻ മുമ്പ് അനുഭവിച്ചിരുന്നവളെ ഇപ്പോഴും അനുഭവിച്ചുപോരുന്നു; അങ്ങയ്ക്ക് ഏതു സ്ത്രീയിൽ ആഗ്രഹമുള്ളു? ഏതൊരുത്തിയിൽ പ്രീതിയുള്ളു? ഏതൊരു വിദഗ്ധസ്ത്രീ സ്നേഹം മുഴുത്ത പുരുഷനെ വിട്ടു നടക്കും?' എന്നിങ്ങിനെ ഉരിയാടുന്ന അവളോടു പുരുഷൻ പറയും:—'നീ എന്തു പറയുന്നുവോ, അതൊക്കെത്തന്നെ ഞാനും പറയുന്നു; മറിച്ചൊന്നും പറയുന്നില്ല!' ഇങ്ങിനെ ധൃഷ്ടത മുഴുത്തിട്ട് അവർ വേഷംമാറി, കുറെ പണവുമെടുത്തു അവന്റെ കൂടെ ചാടിപ്പോവും; അവനോ, അവളെ കൊന്നു വീഴിച്ചു പണം കൈക്കലാക്കി നടക്കുകയും ചെയ്യും!

അതല്ല, ഭർത്താവു മരിച്ചു എന്നിരിക്കട്ടെ; 'മുതൽ മുഴുവനും എനിക്കനുഭവിക്കാമല്ലോ' എന്നു കരുതി അവർ തിയ്യിൽ ചാടുകയില്ല. വൈധവ്യത്തിൽ യോനിക്കു ചൊറിച്ചിലുണ്ടായാൽ, അവർ പകലോ രാത്രിയോ വിജനസ്ഥലത്തു ചെന്നു, വസ്ത്രം നീക്കി യോനിയിൽ കൈ വെച്ചു, അതിനോടായിട്ട് ഇങ്ങിനെ അരുളാതി പറയും:—'നിനക്ക് എന്തൊരു പാപം പററിപ്പോയി? അഥവാ, നിന്നിൽ ഉൽപ്പാദകേണ്ടുന്ന ലിംഗത്തിന്ന് എന്തു പാപം വന്നുററിപ്പോയി? എന്നെപ്പോലുള്ളവരോടു ചേരാതിരിക്കത്തക്കവണ്ണം പുരുഷന്മാർ എന്തൊരു പാപം ചെയ്തുകളഞ്ഞു?' ചൊറി മാറാഞ്ഞാൽ വിരൽ കടത്തി പലതും ചെയ്യുകയായി. വീണ്ടും ചൊറി വർദ്ധിച്ചാൽ, ഇരുകൈകൊണ്ടും വിടത്തി മർദ്ദിക്കുകയും, പ്രഹരിക്കുകയും, സങ്കടം മുഴുത്തു വായ് പൊളിച്ചു ക്രൂടക്രൂടെ കാലുകൾ കുടഞ്ഞുംകൊണ്ടു, പ്രിയതമനെ എന്നപോലെ കട്ടിൽക്കാലിനെ പോർകൊങ്കകൾ അമർത്തു പുണരുകയും ചെയ്യും! അല്ലെങ്കിൽ, പു

Digitized By Kerala Sahitya Akademi

കൽനേരം വേഷം മാറി വ്യാപാരവ്യാജേന നഗരത്തിൽ ചെന്നിരുന്ന, സന്ധ്യയ്ക്കു തെരുവുകളിലോ, രാത്രിയിൽ ഗൃഹത്തിലോ വെച്ചു വല്ല പുരുഷന്മാരോടുംക്രൂടി സംഭോഗം നടത്തും! ഭാപവാദം പേടിച്ചിട്ട, തക്ക പുരുഷനെ വല്ല വീട്ടിലേയ്ക്കും ക്രൂട്ടിക്കൊണ്ടുപോന്ന രമിച്ചു എന്നും വരാം; തീച്ചതന്നെ!! സ്ത്രീ കാണ്കെ ധനം കൈവന്നാൽ ഇതൊക്കെ സംഭവിക്കാം. അതിനാൽ എനിക്കും ഇവിടെയ്ക്കും ഇതു വേണ്ടതന്നെ.'

ശോണൻ:—'ശരിയാണ്, സംശയമീല്ല. നീ കുറെ അകലെപ്പോയി നില്ക്കു; ഞാൻ മലമൂത്രവിസർജ്ജനം ചെയ്യുവരാം.'

അവർ പോയപ്പോൾ, ശോണൻ വസ്ത്രം ചീന്തി തുണ്ടുതുണ്ടാക്കി പണമെല്ലാം ഓരോ തുണ്ടിലുമായി പൊതിഞ്ഞു, മണലിൽ അവിടവിടെ മുട്ടോളം കുഴികൾ കുഴിച്ചു, പണപ്പൊതികൾ അവയിൽ നിക്ഷേപിച്ചു, മീതേ മലവിസർജ്ജനം ചെയ്തു; എന്നിട്ടു കുടം എവിടെയ്ക്കാ വലിച്ചെറിഞ്ഞു; എല്ലാം, ആരുമറിയാത്തമട്ടിൽ ചെയ്തൊപ്പിച്ചു മുനി കുളിപ്പാൻ ചെന്നു. അപ്പോഴേയ്ക്കും ഭാര്യയുടെ കുളിയും പാവ്വതീപൂജയും കഴിഞ്ഞിരുന്നു. അവളോട് അയ്യാൾ പോയ്ക്കൊൾവാൻ പറഞ്ഞു. അ സാധ്വി സ്വഗൃഹത്തിലേയ്ക്കു തിരിച്ചു.

തനിയേ പോകുന്ന കലയെ മാരീചൻ എന്നൊരു രാക്ഷസൻ കണ്ടെത്തി; ഉടനേ അവൻ ശോണന്റെ രൂപംധരിച്ച് അവളോടു പറഞ്ഞു:—'സച്ഛഗോദാവരീതീരത്തു ശ്രീക്ഷ്യാരാമം എന്നൊരു പുണ്യസ്ഥലമുണ്ട്; അവിടെ, മനുഷ്യർക്കു സ്മരണത്താൽത്തന്നെ പാപം നീക്കി ഭുക്തിയും മുക്തിയും നൽകുന്ന ഭീമൻ വാണരുളുന്നു. നമുക്കു വേഗത്തിൽ അങ്ങോട്ടു പോകണം; സുന്ദരി, പുറപ്പെടുക.'

കല:—'അങ്ങിപ്പോൾ കുളിപ്പാനല്ലേ പുറപ്പെട്ടതു? കുളിച്ചിട്ടില്ലല്ലോ. എന്താണിങ്ങിനെ, മുൻപു പറയാഞ്ഞതു പറയുന്നതു? പ്രകൃതിമാറ്റം ദുർന്നിമിത്തമെന്നത്രേ സജ്ജനമതം.'

മാരീചൻ:—ഭർത്താവിനെ അനുസരിക്കുകയാണ് സ്ത്രീകൾക്കു ധർമ്മം. നീ അനുസരിക്കുമോ, ഇല്ലയോ? വേഗത്തിൽ പറയു.'

ആ സാധ്വിയായ ബാലിക പിന്നീടൊന്നും മിണ്ടിയില്ല; അതു ഭർത്താവു തന്നെയാണെന്നു കരുതി, അവർ അവനോടൊന്നിച്ചു നടകൊണ്ടു് ഒരു കാട്ടിലെത്തി. അപ്പോഴേയ്ക്കും നേരം ഉച്ചയായി. മാധ്യാഹ്നികം കഴിപ്പാൻ അവർ അവശ്യപ്പെട്ടപ്പോൾ അരക്കൻ പറഞ്ഞു:—

Digitized By Kerala Sahitya Akademi

'ഇവിടം നന്നല്ല; വേറെ വല്ലിടത്തുമാകാം. കുറച്ചുകൂടി നടക്കുക.' എന്നാണം വഴിക്കുടി പിന്നിട്ടപ്പോൾ ഒരു ഗ്രാമവും പൊയ്കയും കാണുമാറായി. അപ്പോൾ കല, 'ഇവിടെയിരിക്കാം; എനിക്കു കുളിക്കണം' എന്നും പറഞ്ഞു സരസ്സിൽ സ്നാനം കഴിച്ചു ഭക്ഷണത്തിനു കായ്കനം തെയ്യാറാക്കി; ഭക്ഷണാവസരത്തിൽ അവ പതിവ്രത പാവ്വതീപരമേശ്വരന്മാരെ സ്മരിച്ചു', 'ഇതെന്റെ ഭർത്താവോ അല്ലയോ' എന്നിങ്ങിനെ ധ്യാനം അനുഷ്ഠിച്ചു. ധ്യാനത്താൽ അവൻ കള്ളനാണെന്നു മനസ്സിലായതോടുകൂടി, അവൾക്കു ഭയം ജനിച്ചു; മുഖം കുനിഞ്ഞു; കണ്ണുനീർ ഓലോലെ ഒഴുകി. 'കടുത്ത പാപം പറ്റിയല്ലോ!' എന്നിങ്ങിനെ കരഞ്ഞുംകൊണ്ടു് അവൾ നിലത്തു പതിച്ചു. അതുകണ്ടു പാപനിശ്ചയനായ രാക്ഷസൻ അവളെ തിന്നുവാൻ ഒരുമ്പെട്ടു; പക്ഷേ അതിനു ശക്തനായില്ല. ഉടനേ അവൻ ബലാൽസംഗത്തിനായി അവളുടെ മേൽ വീണു; അപ്പോൾ അവളുടെ ഉടുവസ്ത്രം മുട്ടുമുതൽ നാഭിവരെയുള്ളം കല്ലായിച്ചമഞ്ഞു! അതു കണ്ട രാക്ഷസൻ, 'എന്നാൽ ഞാൻ ഇവളെ കൊന്നു തിൻകഴിക്കും' എന്നിങ്ങിനെ ഗർജ്ജിച്ചു്, വായം മിന്നിച്ചു തല വീശാൻ ഒരുമ്പെട്ടു. അവൾ, 'കലയാണു് ഞാൻ; എന്റെ ഭർത്താവു് അറിഞ്ഞാൽ ശപിക്കും. മാ ഹര (ഹരിക്കരുതു്)' എന്നിങ്ങിനെ പറയുകയും, അരക്കൻ അവളുടെ തല വെട്ടുകയും ഒന്നായിക്കഴിഞ്ഞു!

അവൾ ഉമ്മരണമടഞ്ഞ നിമിഷത്തിൽ, വിചിത്രാഭരണഭൂഷിതരും സവ്വായുധധാരികളുമായ ശിവപാർഷദന്മാർ വന്നെത്തി, അവളെ വിമാനത്തിൽകേറി ശിവലോകം പ്രാപിപ്പിച്ചു. തൃപ്പാദങ്ങളിൽ നമസ്കരിച്ച ആ സാധ്വിയോടു ശ്രീപാവ്വതി സംപ്രീതം അഭിനന്ദിച്ചരുളിച്ചെയ്തു:—'നിന്റെ പാതിവ്രത്യത്താൽ ഞാൻ സന്തുഷ്ടയായിരിക്കുന്നു; നിനക്കു വേണ്ടതു തരാം.'

കല:—'എനിക്കു ഭാസ്യം കല്പിച്ചു നൽകുക. നിന്തിരുവടിയുടെ പാദപത്മമേ എനിക്കു വേണ്ടു; എന്തിനാണ് മറ്റു വളരെക്കൂട്ടം?'

'അങ്ങിനെതന്നെ' എന്നു ദേവി വരം കൊടുത്തു. ഈശ്വരന്റെയും മറ്റും സ്ത്രീജനങ്ങളും കലയെ ഉപചരിച്ചു.

ഗൃഹത്തിൽത്തിരിച്ചെത്തിയ ശോണമുനി ഭാര്യയെ അവിടെ കാണാഞ്ഞതിനാൽ ധ്യാനത്തിൽ സ്ഥിതിചെയ്തു; അപ്പോൾ, അവളെ രാക്ഷസൻ കൊണ്ടുപോയി കൊന്നതും അവൾ ശിവലോകമടഞ്ഞതും പാവ്വതി അവൾക്കു വരം നൽകിയതും ജ്ഞാനദൃഷ്ടിയാൽ കാണുമാറായി. തെല്ലൊരു ദുഃഖം ശോണനെ ബാധിച്ചു; എങ്കിലും അതിൽനിന്നു

Digitized By Kerala Sahitya Akademi

മനസ്സിനെ പിന്തിരിപ്പിച്ച് അ മുനീന്ദ്രൻ ശപശ്രുരനായ ദേവരാധനെ ചെന്നകണ്ടു വിവരം ധരിപ്പിച്ചു, വിശപാമിത്രന്റെറ അടുക്കലെത്തി; പിന്നീടു മുപ്പരും ക്രുടി വസിഷ്ടനോടറിയിച്ചു. വസിഷ്ടൻ പറഞ്ഞു:—'കൈലാസത്തിൽ പോയി, ആദ്യം മഹേശപരൻ തിരുവടിയെ കണ്ടു് അനുജ്ഞ വാങ്ങി, പാവ്തീദേവിയുടെ ഗ്രഹത്തിൽ ചെന്ന വിവരമെല്ലാം ഉണത്തിക്കാം.'

'അങ്ങിനെതന്നെ' എന്നു്, മഹർഷിമാർ കാലാരിമന്ദിരമായ കൈലാസത്തിൽ ചെന്നെത്തി, വീരഭദ്രനാൽ സൽക്രുതരായിട്ടു്, ദേവേശനെ വന്ദിച്ചു്, ശോണമോഷ്യോപഹരണം ഉണത്തിച്ചു. തന്തിരുവടി അരുളിച്ചെയ്തു:—'ഇതു ഞാൻ അറിഞ്ഞിരിക്കുന്നു. 'അകാലത്താണു് അവളുടെ മരണം; നൂറുകൊല്ലത്തെ ആയുസ്സുക്രുടി ബാക്കിയുണ്ടു്. അകാലത്തു മൃതിപ്പെട്ടവർ വീണ്ടും ജീവിക്കും. രൂപവും സൌഭാഗ്യവും പൂണ്ട അവർ പത്തു പുത്രന്മാരെ പ്രസവിക്കും' എന്നൊക്കെ കരുതിയിട്ടാണല്ലോ, നിങ്ങൾ ഇങ്ങോട്ടു പോന്നതു്. എന്നാൽ, ഈ നിയമമെല്ലാം യമലോകം പൂകിയവരെസ്സംബന്ധിച്ചതാണു്; എന്റെറ ലോകത്തു വന്നവർ മറെറങ്ങും പോകുന്നതല്ല. ഇവൾ പ്രാണപ്രയാണത്തിൽ എന്റെറ നാമം ഉച്ചരിച്ചതിനാൽ യമന്റെറ കണക്കു മാഞ്ഞുപോയിക്കഴിഞ്ഞു; പിന്നെയെങ്ങിനെയാണു് ആയുസ്സു തീച്ചപ്പെടുത്തുക? അല്ലെങ്കിൽ, എല്ലാം പാവ്തിയെ അറിയിപ്പിൻ.'

ഉടനെ അ ബ്രാഹ്മണൻ ശ്രീപാവ്തിയെ ചെന്നകണ്ടു നമസ്കരിച്ചു. പിന്നീടു വിശപാമിത്രൻ ഉണത്തിച്ചു:—'അമ്മേ, ദീനരേയും അനാഥരേയും ദരിദ്രരേയും അഭാഗ്യരേയും അച്ഛൻ മരിച്ച പൈതങ്ങളേയും സംരക്ഷിച്ചു സവ്വദാ അഭീഷ്ടം നൽകിപ്പോന്നവളാണല്ലോ നിന്തിരുവടി. എന്റെറ പൌത്രിയായ ഈ കല നിന്തിരുവടിയെ ആരാധിച്ചിട്ടതേ, ഈ ശോണനെ ഭത്താവായി നേടിയതു്—ഇവിടുത്തെ ആരാധിച്ചതിന്റെറ ഫലമാണിതു്. തപസ്സുകൊണ്ടോ ദാനംകൊണ്ടോ വ്രതോപവാസങ്ങൾകൊണ്ടോ ഈ കലയെ എനിക്കു കിട്ടേണ്ടിയിരിക്കുന്നു. എനിക്കു് ഇവൾ വിളമ്പിത്തരുന്ന ചോറുണ്ണേണമെന്നുണ്ടു്. അതെങ്ങിനെ സാധിക്കും?'

പാവ്തി:—'മുനേ, ആ ഭാഗ്യം എങ്ങിനെയിരുന്നുവോ, അങ്ങിനെയുള്ള ഒരു സ്ത്രീയെ ഞാൻ അങ്ങയ്ക്കു തരാം; ഇവളെ വിടാൻ ഞാനാളല്ല. എന്താണു് ഭവാൻ വിചാരിക്കുന്നതു്?'

വിശപാമിത്രൻ:—'ഇവിടുന്നു മാതാവാകയാൽ, ഞാൻ ശങ്ക ക്രുടാതെ പറഞ്ഞു എന്നേ ഉള്ളു; അമ്മേ, ഇനി ശോണമുനിതന്നെ ഉണത്തിക്കും.'

Digitized By Kerala Sahitya Akademi

ശോണൻ:—'ദേവി, ആ ഭാര്യയുടെ പേരിലാണ്, എനിക്കു പരമപ്രേമം; അവളെത്തന്നെ നൽകുമാറാകണം. അല്ലെങ്കിൽ, ഞാൻ ചത്തുപോവും!'

പാർവ്വതി:—ഭാര്യയും ഭർത്താവും ഒത്തിരിക്കണം; ഒക്കാഞ്ഞാൽ നന്നല്ല. ഇവർ ഭവാനു ചേർന്നവളല്ല; ചേർന്നവളെ ഞാൻ പറഞ്ഞുതരാം. ഇവർക്കു ശരീരമില്ല; എന്റെ ഗൃഹത്തിൽ വന്നവളെ ഞാൻ തിരിച്ചയയ്ക്കുകയില്ലതാനും.'

ശോണൻ:—'ഇവളെ തരികയില്ലെങ്കിൽ മറെറാരു പ്രിയപത്നിയേയും രാജത്വത്തേയും, ശിവഭക്തിയേയും എനിക്കു വരമായി കല്പിച്ചുതന്നാലും.'

'അങ്ങിനെയാകട്ടെ' എന്നും പറഞ്ഞു ദേവി മഹർഷിമാരെ ക്ഷണിച്ചു:—'മുനിമാരേ, നിങ്ങൾ ഇന്ന്, ഇവിടെ, എന്റെ ഗൃഹത്തിൽ, ഊൺകഴിക്കണം. തിങ്കളാഴ്ചതോറും ത്രിലോചനപ്രീതിക്കായി എട്ടു ബ്രാഹ്മണരെ ഊട്ടണമെന്നുണ്ട്. ഈ വ്രതം ഇപ്പോലെ എപ്പോഴെങ്കിലും തുടങ്ങാം; കൊല്ലം തികഞ്ഞാൽ, നാലോ രണ്ടോ നിഷ്കം (നൂറെട്ട് ഉഴുന്നിൻകുരുത്തുക്കം) സ്വർണ്ണംകൊണ്ടു ശിവപ്രതിമയുണ്ടാക്കിച്ചു്, അതിനെ വെളുത്ത ഇണപ്പട്ടോടും വെൺചാമരങ്ങളോടും ചെരുപ്പുകളോടും കൂടയോട്ടംക്രടി ബ്രാഹ്മണർക്കു ദാനംചെയ്യണം; ആദിയിലും മദ്ധ്യത്തിലും അവസാനത്തിലും അഭിജ്ഞൻ ഇതനുഷ്ഠിക്കണം. വ്രതദിവസങ്ങളിൽ പരമാത്മാവായ ശിവനെ നിലത്തോ പ്രതിമയിലോ പൂജിക്കണം. 'തല്പുരുഷസ്യ വിദ്മഹേ മഹാദേവസ്യ ധീമഹി തന്നോ രുദ്രഃ പ്രചോദയാൽ' എന്നാണ് പൂജാമന്ത്രം. ഒരിക്കലേ ഉണ്ണാവൂ; ബ്രഹ്മചര്യവും വേണം. ഇങ്ങിനെയത്രേ സോമവാരവ്രതം. ഇതു ശിവനെ പ്രസാദിപ്പിക്കും. ഇങ്ങിനെ സ്ത്രീയോ പുരുഷനോ ഭക്തിപൂർവ്വം അനുഷ്ഠിച്ചാൽ, അവർ എന്നെന്നും ശിവനെ നിഴൽപോലെ പിന്തുടരും. ഇന്നു തിങ്കളാഴ്ചയാണ്. ഉച്ചതിരിഞ്ഞു് ഊൺകഴിക്കാം. നിങ്ങളെല്ലാവരുടേയും പൂർവ്വാഹ്നക്രിയകളും കഴിഞ്ഞിരിക്കുന്നുവല്ലോ; മാധ്യാഹ്നികം കഴിച്ചു് ഉണ്ണാൻ വരുവിൻ.'

'അങ്ങിനെതന്നെ' എന്നു മഹർഷിമാരെല്ലാവരും അമ്മയെ വണങ്ങി, ഗംഗാനദിയിലേയ്ക്കു പോയി, സംഗമസ്ഥലത്തു മാധ്യാഹ്നികം കഴിച്ചു്, ഷോഡശോപചാരങ്ങളും കൊണ്ടു വിശ്വനാഥപൂജയും നിർവ്വഹിച്ചു്, ഗൌരീഗൃഹത്തിൽ തിരിച്ചെത്തി ദേവിയെ അഭിവാദ്യം ചെയ്തു. ലോകാംബികയുടെ അരുളപ്പാടിനാൽ സാലങ്കായനപുത്രൻ അവരെ കാൽകഴുകിച്ചുപചരിച്ചു്, പഞ്ചഗന്ധം എടുത്തു പൂശിച്ചു. പഞ്ച

Digitized By Kerala Sahitya Akademi

ഗന്ധം കൊടുത്തവൻ മഹത്തായ രാജ്യം നേടും; പഞ്ചബാണതുല്യനായി സ്ത്രീകൾക്ക പ്രിയനായും ഭവിക്കും. വേണ്ടിയോ വേണ്ടാതെയോ പഞ്ചഗന്ധം സമർപ്പിച്ചവൻ കൈലാസത്തിൽ അഞ്ചുസംവത്സരം സ൪വ്വഗന്ധോപഭോഗങ്ങളോടും അഭീഷ്ടവസ്തുക്കളോടുംകൂടി സൈരമായി വസിച്ചിട്ട്, ഇവിടെ ഭൂപാലനായി ജനിക്കും. കസ്തൂരി, ചന്ദനം, കർപ്പൂരം, രണ്ടുതരം അകിൽ എന്നിവയത്രേ പഞ്ചഗന്ധം; ഇതു് ഏതു കാര്യത്തിലും പ്രശസ്തമാകുന്നു.

അ മഹാബ്രാഹ്മണർ പഞ്ചഗന്ധം പൂശി സ്ഥിതിചെയ്ക, മുക്കിച്ചുളിഞ്ഞു മെലിഞ്ഞ കഷണ്ടിക്കാരനായ ഒരു കിഴവബ്രാഹ്മണൻ ഭ്രാന്തനെപ്പോലെ നഗ്നനായി കാലിടറുമാറു് വെമ്പിക്കൊണ്ടു് അവിടെ വന്നെത്തി: അയാൾക്കു വലിയ വിശപ്പും ദുക്കവും ശ്രമയും ക്ഷീണവും ഉണ്ടായിരുന്നു; വായിൽ നിന്നു നീരും കഫവും ഒഴുകി താടി മീശ നനഞ്ഞിരുന്നു. പതിനാറു വയസ്സുചെന്ന ഒരു പരമസുന്ദരി—സർവ്വാഭരണഭൂഷിതയായ ഒരു ലോകോത്തരസുസ്ത്രീപിണി—അവിടവിടെ സുന്ദരപുരുഷന്മാരെ കടാക്ഷിച്ചുകൊണ്ടും പാടിക്കൊണ്ടും ആടിക്കൊണ്ടും ആ ഭർത്താവിനെ നോക്കി കളിയാക്കുന്നതുണ്ടു്. 'കിഴവച്ചാരേ, വേഗം വരൂ. എന്നിക്കു വല്ലാത്ത വിശപ്പുണ്ടു്. അങ്ങനെ പാണിഗ്രഹണം ചെയ്തതിനാൽ ഞാൻ നിത്യദുഃഖിതയായിത്തീർന്നു. വസ്ത്രാഭരണങ്ങളും ഗന്ധമാല്യാനുലേപനങ്ങളും, ചിരി, പാട്ടു, കൂടി, മോടി, നല്ല ഗൃഹം, ഇതുലക്ഷ്മി എന്നിവയത്രേ കാമോദ്ദീപനങ്ങളും; കാമങ്ങളുടെയെല്ലാം പ്രയോജനമോ, രതി തന്നെ. എല്ലാ സുഖങ്ങളും ഒരു തട്ടിൽ; മറേറതിൽ രതി മാത്രം; ഇങ്ങിനെ തുലനോക്കിയതിൽ രതിക്കു നൂറുമടങ്ങു കൂടുതൽ കനം! എന്നെപ്പോലുള്ള ഒരു സ്ത്രീ അങ്ങയോടു ചേർന്നിട്ടു് എന്തു ചെയ്യും?' എന്നും മറ്റും പറഞ്ഞുകൊണ്ടു് അവൾ കൈകൾ പിടിക്കെ, കിഴവൻ മറുപടി പറഞ്ഞു:—'നാമെന്തു ചെയ്യും? ഇങ്ങിനെയാണു് വിധി! നീ എന്റെ സ്ഥിതിയോർത്തു്, എന്നെ ശകാരിച്ചു കൊല്ലാതിരിക്കേണമേ!'

ഇങ്ങിനെ ആ ബ്രാഹ്മണൻ ഗൌരീഗൃഹത്തിൽ വന്നെത്തി, പാർവ്വതിയെ അറിയാതെ, ഇപ്രകാരം അപേക്ഷിച്ചു: 'അമ്മേ, ഞാൻ ഉണ്ണിനായി വന്നിരിക്കുന്ന ഒരതിഥിയാണു്. ഇവിടെ ബ്രാഹ്മണർ ഉണ്ണുകഴിക്കയാണല്ലൊ. എനിക്കും ചോറു തരൂ.' അപ്പോൾ ഭാര്യപറഞ്ഞു:—'എവിടെയാണു് മുനി? സ്ത്രീയാണിവിടെയുള്ളതു്. കരുതൻ പറയുന്നതൊക്കെ: ഇങ്ങിനെയായിരിക്കും!'

Digitized By Kerala Sahitya Akademi

പാർവ്വതി:—'ഇദ്ദേഹത്തെ കാൽകഴികിച്ചു കനകാസനത്തിലിരുത്തി, വേണ്ടുവോളം ഭക്ഷണം കൊടുക്കുക.

അംബിക ബ്രഹ്മവാദിനിയായ അരുന്ധതിയെ വിളിച്ച് ഒന്നാംതരം രത്നഷഷകത്തിൽ അമൃത വിളമ്പിച്ചു. ഗന്ധമാല്യാക്ഷതങ്ങളണിഞ്ഞ കലയും അരുന്ധതിയും അനസൂയയുമാകുന്ന പതിവ്രതമാർ പാർവ്വതീനിയോഗത്താൽ ഷഡ്രസപദാർത്ഥങ്ങൾ വെവ്വേറെ വിളമ്പിത്തുടങ്ങി. ബ്രാഹ്മണർ ഉണ്ണാൻ തുടങ്ങിയപ്പോഴെയ്ക്കും, ദിഗംബരബ്രാഹ്മണൻ വിളമ്പിയതൊക്കെ സാപ്പാട്ടു കഴിഞ്ഞു! സ്ത്രീകൾ വിളമ്പിക്കൊടുക്കാൻ ശക്തമാരായില്ല. അതിനാൽ പാർവ്വതീദേവി താൻതന്നെ വിളമ്പാൻ തുടങ്ങി. വിളമ്പിയതൊക്കെ ക്ഷണനേരംകൊണ്ടു ഭക്ഷിച്ചിട്ട് ആ ഭാഗ്യവാനായ ബ്രാഹ്മണൻ പാത്രങ്ങളിലുള്ളതും ഭക്ഷിപ്പൊടുക്കുവാൻ ഒരുമ്പെട്ടു. അപ്പോൾ ഗിരിജ അന്നമെടുത്ത്, 'അക്ഷയമാകട്ടേ' എന്നിങ്ങനെ വലത്തേക്കയ്യിൽ കൊടുത്തു. ഉടനെ ബ്രാഹ്മണൻ ഇടത്തെക്കയ്യുകൊണ്ട് ഉണ്ണാൻ തുടങ്ങി. അതിലും, 'അക്ഷയമാകട്ടെ' എന്നിങ്ങനെ പാർവ്വതി അന്നം സമർപ്പിച്ചു. തൽക്ഷണം ബ്രാഹ്മണന്നു മൂന്നാമതൊരു കയ്യുണ്ടായി. ഇങ്ങിനെ ബ്രാഹ്മണൻ ആയിരം കൈകൾ ഉല്പാദിപ്പിച്ചു ഭക്ഷണം തുടങ്ങി. വീണ്ടും വീണ്ടും കൊടുക്കുന്നതിൽ ദേവിക്കു സന്തോഷമേ തോന്നിയുള്ളൂ; കോപം ഉണ്ടായില്ല.

'ഇവളുടെ മനസ്സു മറിക്കാവുന്നതല്ല' എന്നു കണ്ട് ബ്രാഹ്മണൻ കൈകാലുകൾ കഴുകി, സുഗന്ധതാംബൂലം വായിലാക്കി, പാർവ്വതിയോടു പറഞ്ഞു:—'എനിക്കു സന്തോഷമായി. വരം ചോദിച്ചുകൊൾകെ.'

പാർവ്വതി:—'ബ്രാഹ്മണശ്രേഷ്ഠ, എനിക്കു വരം തരുന്നതിന്നു ഭവാൻ ശക്തനാണെങ്കിൽത്തന്നെ, വരംകൊണ്ട് എനിക്കെന്തു വേണ്ടു? ശിവനാണ് എന്റെ ഭർത്താവ്.'

ബ്രാഹ്മണൻ ചോദിച്ചു:—'എങ്ങിനെയുള്ള ആളാണ് ശിവൻ? ഭവതിക്കു സദൃശനോ, അല്ലയോ? ഭവതിക്കു ചേർന്നവൻ തന്നെയായിരിക്കാം. എന്നാൽ നോക്കുക: ഞാൻ സ്ത്രീകൾക്കു പ്രിയപ്പെട്ടവൻ, വിലാസകുശലൻ, പരമസുന്ദരൻ! അല്ലെങ്കിൽ, ഇത്തരത്തിലുള്ള ഒരു ഭാഗ്യം എനിക്കധീനമായാകുമോ?'

പാർവ്വതി:—'അങ്ങയുടെ ഭാഗ്യം പറഞ്ഞതു കേട്ടവർക്ക് അങ്ങിപ്പറഞ്ഞതു ദോഷക്കാണെന്നേ തോന്നൂ. ഇവിടം പറഞ്ഞതു ഭവാൻ കേട്ടില്ലയോ?'

Digitized By Kerala Sahitya Akademi

ബ്രാഹ്മണൻ:—'ഭവതി എന്റെ മടിയിൽ കേറിയിരിക്ക; ഭവതിയുടെ തലമുടി ഞാൻ കെട്ടിക്കാം. ഭവതിക്ക മനസ്സിളകി എങ്കിൽ, പാതിവ്രത്യം ഇല്ലതന്നെ!'

പാർവ്വതി:—'ദുരാത്മാവേ, ശിവന്റെ മടിയിൽ മാത്രമേ കേറൂ എന്നാണ് എന്റെ വ്രതം.'

മലമാതിന്റെ മനസ്സറിഞ്ഞപ്പോൾ മഹേശ്വരൻ പതിനാറുവയസ്സുചെന്ന യുവാവായിച്ചമഞ്ഞു, മിന്നസംപൂർണ്ണ കുന്തളബന്ധത്തോടും അഴകുറ്റ സുസ്നിഗ്ധ നേത്രങ്ങളോടും പശുവിൻപാലിനൊത്ത വർണ്ണത്തോടും ഒരുകോടി കാമദേവന്മാരുടെ സൌന്ദര്യത്തോടുംക്രൂടി, സർവ്വാഭരണങ്ങളുമണിഞ്ഞു, പാർശ്വത്തിനിയായ സുന്ദരിയുടെ ചുമലിൽ കയ്യു രണ്ടുംവെച്ചു, അവളോടൊന്നിച്ചു പാർവ്വതിയോടൊന്നിച്ചെന്ന പോലെ പതുക്കെ പാട്ടുപാടിനിന്നു. പിന്നീടു തന്തിരുവടി പുഞ്ചിരിക്കൊണ്ടു പാർവ്വതിയേയും പിടിച്ചടുപ്പിച്ചു് ആ ദേവിയുടെ ചുമലിലും ഇരുകൈകളും വെച്ചു പാട്ടുപാടിയും ആനന്ദത്താൽ കോരിമയിക്കൊണ്ടും മഹർഷിമാരാൽ സ്തുതിക്കപ്പെട്ടും താളാനുകൂലമായി നൃത്തംവെച്ചു ഈ നിലയിൽ ശിവനെ ധ്യാനിച്ചാൽ, നൂറുനൂറുകോടി ജന്മങ്ങളിലും ദുഃഖം നേരിടുകയില്ല; എപ്പോഴും സന്തോഷമേ ഉണ്ടാകൂ.

വിഷ്ണുവിനെ സ്ത്രീയാക്കിയ പരമേശ്വരനെ മഹർഷിമാർ സ്തുതിച്ചു. പിന്നീടു്, മനംകുളിർത്ത പാർവ്വതീദേവി പിനാകപാണിയോടു ചോദിച്ചു:—'എന്തിനാണ് ഇവിടുന്നു് ഈ വേഷത്തിൽ, വിഷ്ണുവിനെ സ്ത്രീയാക്കി, ഇവിടെ വന്നതു്? നിങ്ങടം സ്വന്തം രൂപത്തിൽ വരാഞ്ഞതെന്തുകൊണ്ടാണ്? ശിവൻപറഞ്ഞു:—'ഈ വ്രതത്തിൽ അതിഥിഭോജനം മുഖ്യമാകുന്നു; അതിൽ മുഷിച്ചിൽതോന്നാത്തവക്കേ സിദ്ധിവരൂ. മുഷിച്ചിൽ തോന്നിയാൽ വ്രതം നിഷ്ഫലമാകുമെന്നതേ നിശ്ചയം. ഒരാൾ എത്ര തിങ്കളാഴ്ചകൾ നോറ്റിട്ടുണ്ടോ, അത്രയും നൂറാണ്ടുകൾ സർവ്വഭോഗാന്വിതനായി പുത്രകളത്രമിത്രങ്ങളോടൊന്നിച്ചു സുഖിച്ചിരിക്കുകയും, ഒടുവിൽ കാശിയിൽചെന്നു മരിച്ചു മുക്തിയടയുകയും ചെയ്യും.'

മഹർഷിമാർ മൂവരും മുക്കണ്ണനെ മൂന്നുരു വലത്തുവെച്ചു് അഞ്ചുരു നമസ്കരിച്ചു്, വീണ്ടും വലത്തുവെച്ചു ദണ്ഡനമസ്കാരം ചെയ്തു്, വിടവാങ്ങി തിരിച്ചുപോന്നു. ശോണൻ പിന്നെ തനിക്കഭിമതയായ നല്ല ഭാര്യയെ നേടി, ഭാരതവർഷത്തിൽ ഒരു രാജ്യം ധർമ്മത്തോടേ ഭരിച്ചു്, ശിവഭക്തനായി സകലമാനുഷഭോഗങ്ങളും അനുഭവിച്ചുപോന്നു. അ

Digitized By Kerala Sahitya Akademi

ദ്ദേഹം നാൾതോറും ശിവനേ പൂജിക്കുകയും, നാൾതോറും ബ്രാഹ്മണരെ ആരാധിക്കുകയും, നാൾതോറും യജ്ഞദാനങ്ങൾ നടത്തുകയും, നാൾതോറും പുരാണം ശ്രവിക്കുകയും, മരണാനന്തരം ശോഭനമായ ശിവലോകം പ്രാപിക്കുകയും ചെയ്തു.

നരേന്ദ്ര, നാമജപമാഹാത്മ്യം പ്രസംഗവശാൽ പറയപ്പെട്ടു. ശ്രോതാക്കൾക്കു സർവപാപനാശനമായ ഇതു ഭക്തജനങ്ങൾക്കു നിത്യം സർവമംഗളങ്ങളേയും നല്ല ഭാര്യയേയും രാജപദവിയേയും ശിവഭക്തിയേയും നൽകും. ഇതു വല്ലവരോടും പറഞ്ഞുപോകരുതു്; ഗോപ്യമാണു്.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, ശിവനാമമാഹാത്മ്യസമാപ്തി ഒരുനൂറെട്ടാമധ്യായം.

(൦)

ഒരുനൂറൊമ്പതാമധ്യായം

ശ്രീരാമൻ:—'ഇതാ, ആകാശത്തു വിമാനങ്ങളിൽ വിവിധരൂപന്മാരായ സൽപുരുഷന്മാർ കാണപ്പെടുന്നു. സർവകാമസമൃദ്ധരായി സൽഭാഗ്യാനുഭവരായ ഇവരെ പലരോടും അനേകായിരം സ്ത്രീപുരുഷന്മാർ ഉപചരിക്കുന്നുണ്ടു്: രൂപലാവണ്യകോമളമാരായ ഇരുപതു സ്ത്രീകൾ പാട്ടുപാടുന്നു; ചിലർ താംബൂലപാത്രം എടുത്തിരിക്കുന്നു; ചിലർ ആലവട്ടങ്ങളും വെൺചാമരങ്ങളും വീശുന്നു. ഒരു വിമാനത്തിൽ അനേകം സ്തുതിപാഠകന്മാരാൽ പുറപ്പെട്ടു്, ചന്ദ്രനെപ്പോലെ ശോഭിക്കുന്ന ഒരു മഹാനേയും കാണുന്നുണ്ടു്. അദ്ദേഹം ഒരു സ്ത്രീയെ മടിയിലിരുത്തി, മറെറാരു സ്ത്രീയുടെ കൈകളിൽ കൈകൾ വെച്ചു്, പലതരം നേരംപോക്കുകളാൽ പുഞ്ചിരിക്കൊള്ളുന്നു. മുനേ, ഇവർ സുകൃതം ചെയ്തവരോ? അതോ, വിഷ്ണുവിന്റെ മായയോ?'

ശംഭു:—'ഇവർ ഗൃഹസ്ഥാശ്രമികളായ സുകൃതിബ്രാഹ്മണരാണു്. അങ്ങയുടെ അച്ഛൻ കൊടുത്തതത്രേ ഇവരുടെ ഗ്രാമം. ഈ ശമനിരതന്മാർ ഒരിക്കൽ ആലോചിച്ചു:—'പരാശ്രയക്കാരായ നമുക്കെല്ലാം എങ്ങിനെയായാൽ സുഖം കിട്ടും? അനേകായിരം മനുഷ്യർ നമ്മെ ആശ്രയിച്ചു ജീവിക്കുമാറാകണം. ഏതൊരു പുണ്യംകൊണ്ടാണു്, നാമെ

Digitized By Kerala Sahitya Akademi

ല്ലാവരും ജരാമരണങ്ങളില്ലാതെ എന്നെന്നും യുവാക്കളായി നല്ല സ്ത്രീകളാൽ ഉപചരിക്കപ്പെട്ടു കാമാനന്ദിതരായി രാജപദവിയിൽ വാഴുക?' ഈ വിധം ചിന്തിച്ചു് ഈ ബ്രാഹ്മണരെല്ലാവരും ക്രുടി വസിഷ്ഠന്റെ ആശ്രമത്തിൽ ചെന്നെത്തി. അദ്ദേഹം ഇവരെ ആദരിച്ചു ചോദിച്ചു:—'ബ്രാഹ്മണോത്തമരേ, നിങ്ങളം വന്ന കാര്യമെന്താണു്? വേഗത്തിൽ പറയുവിൻ.'

ബ്രാഹ്മണർ:—'ഗുരോ, ഞങ്ങൾക്കെല്ലാവർക്കും സർവ്വസമ്പൽസമൃദ്ധമായ കാമഗവിമാനം കേറേണമെന്നുണ്ടു്; അതു സാധിപ്പിച്ചുതരിക.'

അവരുടെ അഭിമതം കേട്ടിട്ടു വസിഷ്ഠൻ പറഞ്ഞു:—'പതിവായി പാപനാശനമായ പുരാണം ശ്രവിച്ചുകൊൾവിൻ; ധർമ്മവും അർത്ഥവും കാമവും മോക്ഷവും അതിലുണ്ടു്.' 'അങ്ങിനെയാവാം' എന്നും പറഞ്ഞു ബ്രാഹ്മണർ പുരാണാഭിജ്ഞനും സർവ്വശാസ്ത്രജ്ഞനും സദാ സൽക്കർമ്മനിരതനുമായ അംഗിരസ്സുമഹർഷിയുടെ അടുക്കൽ ചെന്നു നമസ്കരിച്ചു സ്തുതിച്ചു:—'ബ്രഹ്മർഷേ, ഭവാനെ ദർശിച്ചതിനാൽ ഞങ്ങളുടെ ജീവിതം സഫലമായി! ഞങ്ങൾ കൃതാർത്ഥരായി!'

അംഗിരസ്സു്:—'നിങ്ങൾ വന്ന കാര്യം ഞാൻ നിറവേറ്റാം. പുരാണശ്രവണത്തിനാണല്ലോ നിങ്ങൾ വന്നതു്. അതിന്റെ സർവ്വപാപനാശനമായ വിധി പറയാം:

(കിളിപ്പാട്ടു്—അന്നനട)

സമസ്തജ്ഞാനദം ശുഭം ദേവതത്ത്വപ-
സമുൽബോധോത്ഭവം ബഹുഭക്തഖ്യാനം
ശിവവിഷ്ണു ഭക്തിവിമുക്തിഭക്തിദം
വിവിധസൽഗതി പ്രാപ്തിപ്രദർശകം
വധൂസമാഗമസുഖപ്രദം ബുധ-
വിധരതിതന്ത്രപ്രകാശകം രമ്യം
വ്രതദാനഭസ്നാച്ചനാദികവിധി-
പ്രദീപമുന്മിഷൽ പ്രമഥവർണ്ണനം,
പുരാബ്രഹ്മപത്മപ്രവൃത്തമാം പദ്മ-
പുരാണമെന്നാശു പുരാന്തകൻ ചൊല്ലി.

ഇതു പദ്മപുരാണത്തിൽത്തന്നെ, പണ്ടു ദിലീപൻ ചോദിച്ചതിനാൽ വസിഷ്ഠൻ ഉപദേശിച്ചതായി, പറയപ്പെട്ടിട്ടുണ്ടു്. മുനീന്ദ്രന്മാരേ,

Digitized By Kerala Sahitya Akademi

അതു കേട്ടാൽ എല്ലാം അറിയുമാറാകും.' 'എങ്ങിനെ, എന്തുചെയ്തിട്ടാണ് കേൾക്കേണ്ടതെ'ന്ന് അ പുരാണശ്രുശ്രൂഷുക്കൾ ചോദിച്ചു. അപ്പോൾ അംഗിരസ്സു സകലവും പറഞ്ഞുകൊടുത്തു:—'സനാതനമായ ധർമ്മം കേട്ടുകൊൾവിൻ:

പുരാണജ്ഞനെ നമസ്കരിച്ചു് അർഘ്യവും ആസനവും നൽകി, 'ഇവിടെ ഇരിക്കു' എന്നാദരിച്ചു ഗന്ധപുഷ്പാക്ഷതംകൊണ്ടു സൽക്കരിക്കണം; പിന്നെ, തനിക്കു വേണ്ടേടത്തോളമോ കുടതലോ താംബൂലം നൽകി, 'ബ്രഹ്മൻ, പുണ്യമായ പുരാണകഥ ചൊല്ലുക' എന്നാവശ്യപ്പെടണം. കട്ടിലിന്മേലോ ഉയർന്തതിന്മേലോ ഇരുന്നു പുരാണം ശ്രവിക്കരുതു്. പൊക്കം കുറഞ്ഞതിന്മേലേ ഇരിക്കാവൂ. പുരാണജ്ഞൻ 'കേൾക്കുക' എന്നു പറഞ്ഞിട്ടു ഹരിഹരഗണേശഭാരതീശബ്ദങ്ങളോടു നമഃശബ്ദം ചേർത്ത മന്ത്രം ഉച്ചരിച്ചു്, ഇഷ്ടദേവതാവന്ദനവും ചെയ്തിട്ടുവേണം പുരാണം വായിച്ചുതുടങ്ങുവാൻ. നാംതോറും അരയാമം വായിക്കുക; ഇഷ്ടംപോലെയുമാകാം. വായന അവസാനിച്ചാൽ തന്റെ കൃത്യങ്ങൾ നടത്താം. ശ്രോതാവു മിണ്ടാതെ ചിന്തിക്കണം; മിണ്ടാതെ ശ്രവിക്കണം; മറിച്ചായാൽ സരസ്വതി കോപിക്കും; കോപിച്ചാൽ ഉന്മത്തംവരും. വായന കഴിഞ്ഞാൽ വായനക്കാരന്നു താംബൂലവും മറ്റും കൊടുക്കണം; യഥാശക്തി ശമ്പളവും എഴുപ്പെടുത്തണം. പുരാണവായന തുടങ്ങുന്ന നാളിൽ അലക്കിയ ഇണവസ്ത്രമോ ഒരുജോടി പട്ടോ പൊരാണികന്നു ദാനംചെയ്യണം; വെടുപ്പും ഉറപ്പും മിനുപ്പുമുള്ള വലിയ വിചിത്രാസനവും സ്വർണ്ണം–ഭൂമി–പശു– ഗൃഹം മുതലായതും നൽകണം. മഹാബ്രാഹ്മണരേ, ഇതെല്ലാം, പണ്ടു ദക്ഷിണാമൂർത്തി മുനികളോടും ദേവകളോടുമായി അരുളിച്ചെയ്തിട്ടുള്ളതാണ്.'

ആ ബ്രാഹ്മണരെല്ലാവരും ആസനസ്ഥനായ അംഗിരസ്സിനെ നമസ്കരിച്ചു്, വെവ്വേറെ താംബൂലം സമർപ്പിച്ചു് ശ്രവിപ്പാനിരുന്നു; അദ്ദേഹം സർവ്വമംഗളമായ പുരാണമെല്ലാം അദ്ധ്യായങ്ങൾ തോറും ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു.

ദിലീപൻ:—'സർവ്വസമ്പത്സമൃദ്ധവും സർവ്വസുഖവുമായ കാമഗസ്വിമാനം കൈവരുവാൻ എന്തു പുണ്യമാണു് ചെയ്യേണ്ടതു്?'

വസിഷ്ഠൻ:—'രാജാവേ, ഭവാൻ ചോദിച്ചതിലും ശ്രേഷ്ഠതമായ ഉൽക്കൃഷ്ടം നേടി വിഹരിപ്പാന്തക്കവണ്ണം പുണ്യം പറയപ്പെടുന്നുണ്ടു്: ശിവക്ഷേത്രം പുറവും കുമ്മായം തേച്ചു വൃത്തിപ്പെടുത്തുക; വിവിധവൃത്തങ്ങ

Digitized By Kerala Sahitya Akademi

ളിലും വിവിധഗീതങ്ങളിലും വിരുതുള്ളവരായി രൂപവിലാസവതികളായി സർവ്വാഭരണഭൂഷിതമാരായിരിക്കുന്ന സ്ത്രീകളെ വരുത്തുക: നാലോ അതോ എട്ടോ സ്ത്രീകൾ മദ്ദളം കൊട്ടാൻ; രണ്ടുപേർ കുഴിതാളം കൊട്ടാൻ; രണ്ടുപേർ തിത്തിവിളിപ്പാൻ; നാലുപേർ ആടാൻ; ഒന്നോ രണ്ടോ പേർ പാടാൻ;രണ്ടുപേർ 'വായ്ത്താരി'യിടാൻ;രണ്ടുപേർ വീണമീട്ടാൻ; അതോ എട്ടോ പേർ മൂളിപ്പാട്ടു പാടാൻ. എല്ലാവരും രൂപവിലാസശാലിനികളും മുലവീഴാത്തവരും രതിതന്ത്രോപാരംഗതമാരും സങ്കോചമില്ലാത്തവരും നേരിയ പട്ടുടുത്തവരും കണ്ണുമിന്നൽപോലെ തുള്ളുന്നവരുമായിരിക്കണം. ഇത്തരം സുന്ദരിമാരെക്കൊണ്ട് ഒരുദിവസം ആട്ടം കഴിപ്പിച്ചാൽ അവൻ വളരെ സംവത്സരം യുവാവായി പഞ്ചഗന്ധം പൂശി ക്രോധേർഷ്യാദികൾ വിട്ട് ആനന്ദപൂർണ്ണനായി വിമാനത്തിൽ വാഴും; പലരും അവനെ പരിചരിക്കും; അസംഖ്യം സ്ത്രീകൾ അവന്റെ ചന്ദ്രസദൃശമായ മുഖം കൊതിച്ചുനോക്കും: അവരെല്ലാം അപ്പോൾ വിരിഞ്ഞ പാരിജാതപ്പൂക്കളുടേയും ചെമന്തിപ്പൂക്കളുടേയും മാലകൾ മാറത്തും തലമുടിയിലുമണിഞ്ഞവരും, ചെഞ്ചൊടിമേൽ പുഞ്ചിരി പൂണ്ടവരും ആവന്നനത്രുപത്രുമായിരിക്കും; ഇത്തരം സ്ത്രീകളൊന്നിച്ചു പാട്ടും കൂത്തുമായി രസിച്ചു വളരെ വളരെക്കാലം വിമാനത്തിൽ സഞ്ചരിച്ചിട്ട് അവൻ ഭൂമിയിൽ രാജാവായി ജനിക്കുകയും, വീണ്ടും ഇതനുഭവിച്ച സപ്തദ്വീപമമായ രാജ്യം ഭരിച്ചു ശിവഭക്തനായിത്തീരുകയും ചെയ്യും!'

ഇങ്ങിനെ വസിഷ്ഠൻ ദിലീപനോടുപദേശിച്ചത് അംഗിരസ്സു പറഞ്ഞുകൊടുത്തു. ആ ബ്രാഹ്മണർ അതിർവ്വണ്ണം ശിവന്ന് ആട്ടം നടത്തുകയും പദ്മപുരാണം മുഴുവൻ ശ്രവിച്ചു സുഖമടയുകയും ചെയ്തു. രാമ, അവരേ, ശ്രേഷ്ഠവിമാനസ്ഥരായി സദാ സുഖിതരും മുദിതരുമായി ആകാശത്തു കാണപ്പെടുന്നത്.

ഈ പറഞ്ഞതൊക്കെ പുരാണങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ളതാണ്. ഇനിയെന്താണ് ഭവാനു കേൾക്കേണ്ടത്?'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, രാംഭരാമസംവാദം, ഗുഹാനുഹ്യാനമഹിമകഥനം ഒരുനൂറൊന്പതാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഒരുന്നാറിപ്പത്താമദ്ധ്യായം

ശ്രീരാമൻ:—'ഇതാരാണ്, ആഭരണമെല്ലാമണിഞ്ഞു, മറെറാരു മദ്ധ്യാഹ്നസൂര്യനോ എന്നു തോന്നുംവണ്ണം മനുഷ്യർക്കാർക്കും നോക്കിക്കൂടാത്ത തേജസ്സോടുകൂടി, ആകാശത്തു വിമാനത്തിൽ കാണപ്പെടുന്നതു്? താമരയല്ലിയുടെ നിറം ചേർന്ന ഈ മഹായോഗിയുടെ മടിയിൽ ഒരു മഞ്ഞുഹാസിനി, മറെറാരു ലക്ഷ്മിയോ എന്നു തോന്നുമാറു പരിശോഭിക്കുന്നു; അപ്സരസുന്ദരിമാർ കൈകൾകൊണ്ടു താളം പിടിച്ചു മധുരഗാനം പാടുകയും, പുരികമിളക്കി പുഞ്ചിരി പൊഴിച്ചു് ഇദ്ദേഹത്തെ കടാക്ഷിക്കുകയും ചെയ്യുന്നു. എന്തൊരു സുകൃതത്താലാണ്, ഇദ്ദേഹം ഇപ്രകാരം കളിയാടുന്നതു്? അതുകൂടി പറഞ്ഞുതരിക.'

ശംഭു:—'ഇദ്ദേഹം ഒരു ബ്രാഹ്മണനാണ്. സമ്പത്തു വേണ്ടുവോളം ഉണ്ടായിരുന്നു; സന്തതിയുണ്ടായിരുന്നില്ല. ഭാര്യയെ പുലർത്തുക, പലതരം സുഖമനുഭവിക്കുക എന്നിവയല്ലാതെ, ദാനമോ ദേവപൂജയോ പഞ്ചയജ്ഞങ്ങളോ വേദാധ്യയനമോ ഇദ്ദേഹം ചെയ്യാറില്ലായിരുന്നു. ത്രിസന്ധ്യകളിൽ ഉറങ്ങൽ കഴിക്കും. ശുചിതപമില്ല! ഒരിക്കൽ ഇദ്ദേഹം നാനാമുനികളാൽ നിഷേവിതവും പുണ്യപ്രദമായ ത്ര്യംബകഗിരിയിൽ, മഹാത്മാവായ ഗൌതമന്റെ ആശ്രമത്തിൽ പോയി.

(കിളിപ്പാട്ടു്— കാകളി)

ചന്ദനവാതിൽ പളുങ്കുകൽത്തൂണുക-
ളെന്നിവയൊത്തുണ്ടവിടെയൊരമ്പലം,
മീതേ കളിർകൊണ്ടൽപററിനില്പുമ്മേളാ-
വാർതണലൊത്ത പേരാലിൻചുവട്ടിലായ്:
കുങ്കുമകർപ്പൂരകസ്തൂരികാഗരു-
പങ്കലിപ്തങ്ങളതിന്റെ മുമ്പുകം;
തത്ര വിളങ്ങി, പൂന്തേനിൽക്കലക്കിയ
കസ്തൂരികൊണ്ടു മെഴുകിയ തൂനിലം;
ഉണ്ടു മുകളിൽ നന്നത്ത വെണ്ണീട്ടകം-
കൊണ്ടു വിതാനങ്ങളം നാനാതരത്തിലായ്;
പൊന്തിപ്പുറപ്പെട്ടുന്നുണ്ടുള്ളിൽനിന്നാങ്ങു
സന്താനസൌഗന്ധികോദാരസൌരഭം;
ചന്ദനവൃക്ഷഗണത്തിൻ സുഗന്ധവും
ചെന്നിടതിങ്ങുന്ന നാല്പുദിക്കിങ്കലും;

Digitized By Kerala Sahitya Akademi

ചെറുംവെയിലിന്നിടം കൊടുത്തീടാതെ;
പുറും തഴച്ചുനിൽക്കുന്ന കദളികും;
വെൺശിങ്കംചൂഡുന്ന കേളിയാടാൻ പല
പൊൻതിണ്ണകളും, വിചിത്രവനങ്ങളും,
നന്ദനസന്നിഭാരാമശൃങ്ങളും,
സുന്ദരവാപീതടാകക്രമപങ്ങളും,
അഭ്യസിപ്പോരുടെ പാട്ടും, സരസ്സിൽനി-
ന്നൽഭ്രതമാകിയ ഭൃംഗധ്വങ്കാരവും,
മന്ദസമീരൻ സുഖമായ് വീശുന്ന
മന്ദിരവൃന്ദവു—മെല്ലാം മനോഹരം!
കന്ദർപ്പസവ്സപമാകിയ സവ്വാംഗ-
സുന്ദരിമാരങ്ങു പുറും മുകളിലും
വേണുവീണാദിവാദ്യങ്ങൾ മുഴക്കുന്ന
ഗാനങ്ങൾ പാടുന്ന ചെയ്യുന്ന നൃത്തവും.
വെച്ചിരുന്ന വെളിക്കങ്ങു പുഴലവും
സപ്തപ്തങ്ങളാം സുവണ്ണാദിപാത്രങ്ങളിൽ,
ശോഭനഗന്ധങ്ങളെല്ലാമിണക്കി നൽ-
ഭൂംപവുമേല്പിച്ച ഭസ്മവട്ടകളും,
ലക്ഷലക്ഷം കുശക്കെട്ടുകളും പുന-
രക്ഷമാലകളും കൃഷ്ണാജിനങ്ങളും

ആ ക്ഷേത്രത്തിൽ പൂജയ്ക്കിരിക്കുകയായിരുന്ന ഗൌതമ മഹർഷി: ലോകൈകനമസ്യനായ അദ്ദേഹം ചന്ദനപീഠത്തിന്മേൽ കർപ്പൂരനിരാഞ്ജനം വെച്ച്, സുഗന്ധജലം പാൽ മുതലായവകൊണ്ടു മഹേശ്വരനെ മന്ത്രപൂർവ്വം അഭിഷേകം കഴിച്ചു; ദേവതാരകർപ്പൂരപീഠത്തിൽ വസ്ത്രപീഠം വിന്യസിച്ചു; മുൻപിൽ പാത്രിക (എട്ടു ദളങ്ങളുള്ള ഒരു തരം പാത്രം) യുടെ ഒരു ദളത്തിൽ അക്ഷതവും, മറൊരു ദളത്തിൽ ജലാക്ഷതവും, വേറെയൊരു ദളത്തിൽ പഞ്ചഗന്ധവും, പിന്നൊരു ദളത്തിൽ അഷ്ടഗന്ധവും മറവു ദളങ്ങളിൽ കുങ്കുമ കർപ്പൂര കസ്തൂരി ചന്ദനങ്ങളും വെച്ച്, ആവരണമൂറയ്ക്കാണ് അദ്ദേഹം പൂജ നടത്തിയിരുന്നത്: ലിംഗമദ്ധ്യത്തിൽ പഞ്ചവക്ത്രനായ സദാശിവൻ, തൻതിരുവടിക്കാവരണം ലിംഗശക്തി; ശക്തിക്കാവരണം വിഷ്ണു; വിഷ്ണുവിന്ന് ആവരണം ബ്രഹ്മാവ്; ബ്രഹ്മാവിന്നാവരണം ചന്ദ്രൻ; ചന്ദ്രന്നാവരണം സൂയ്യൻ; സൂയ്യന്നാവരണം വേദം; വേദത്തിന്നാവരണം ദിഗ്വാരകും; ദിഗ്വാരകുംക്കാവ

Digitized By Kerala Sahitya Akademi

രണം ദിക്കുകൾ; ദിക്കുകൾക്കാവരണം ശംഭു; ശംഭുവിനാവരണം ഗണങ്ങൾ. ഇങ്ങിനെ പത്താവരണങ്ങളോടുകൂടിയതത്രേ ശിവലിംഗപൂജനം. ആവരണങ്ങൾ ആറായിട്ടും പറയപ്പെട്ടിട്ടുണ്ട്: വിദ്യയ്ക്കാവരണം പാർവ്വതി; പാർവ്വതിക്കു വിഷ്ണു; വിഷ്ണുവിനു ബ്രഹ്മാവു് ബ്രഹ്മാവിനു ചന്ദ്രൻ; ചന്ദ്രനു സൂര്യൻ; സൂര്യനു ശിവൻ. ബ്രഹ്മാപൊഴിഞ്ഞു് അഞ്ചാവരണം, ചന്ദ്രവിഷ്ണു ശക്തിമയമായ മൂന്നാവരണം പാർവ്വതീമയമായ ഒരാവരണം—ഇങ്ങിനെയുമാകാം; അല്ലെങ്കിൽ ദിക്പാലന്മാരെ ആവരണമാക്കാം; ആവരണമില്ലാതെയും ശിവലിംഗം പൂജിക്കാം.

പാത്രികയുടെ എട്ടു ദളങ്ങളിലായി വെച്ചു പദാർത്ഥങ്ങൾ കൊണ്ടുവേണം ശിവപൂജ. സർവ്വകർമ്മങ്ങൾക്കും പറഞ്ഞ പാത്രിക സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ മുത്തുശ്ശിപ്പികൊണ്ടോ നന്നുകുശമാക്കി വെടുപ്പിൽ ഉണ്ടാക്കണം; ദളങ്ങൾ എട്ടല്ലെങ്കിൽ കഴിവുപോലെ അഞ്ചോ മൂന്നോ ആകുക; അവ താമരയിതളിന്നൊത്തിരിക്കണം.

നൂറെട്ടു രുദ്രാക്ഷംകൊണ്ടുള്ള (മുപ്പത്തെട്ടുമാകാം) ഒരു മാല അതു മുനിസത്തമൻ പൂണൂനൂൽമട്ടിൽ ഇട്ടിരുന്നു; രുദ്രാക്ഷം, പളുങ്ക്, രത്നം ഇവയാൽ നിർമ്മിക്കപ്പെട്ട ഓരോ മാല കർണ്ണങ്ങളിലും കൈത്തണ്ടുകളിലും ശിരസ്സിലും ധരിച്ചീരുന്നു. ഇങ്ങിനെ പുലിത്തോലിൽ പദ്മാസനത്തിലിരുന്നു്, അതുവാഹിച്ചു് ആസനവും അർഘ്യവും ആചമനീയവും നൽകി; എന്നിട്ടു വസ്ത്രത്തിലരിച്ചു പൊൻപാത്രത്തിലാക്കി അഷ്ടഗന്ധവും ഇലഞ്ഞിപ്പൂവും പാതിരിപ്പൂവുമിട്ടു സൌരഭ്യപ്പെടുത്തിയ ഗംഗാജലംകൊണ്ടു ശിവശിരസ്സിൽ 'ധാര' ചെയ്തു. ഇതിനു്, അഗ്രത്തിൽ തോണിയുടെ ആകൃതിയുള്ള ചെമ്പുകിടാരമോ പശുവിൻകൊമ്പോ പൈച്ചെവിമാനിൻകൊമ്പോ വലംപിരിശ്ശംഖോ ആകാം; രത്നപാത്രം, സ്വർണ്ണപാത്രം, വെള്ളിപ്പാത്രം, ചെമ്പുപാത്രം, ഓട്ടപാത്രം, ചെറിയ പൊൻകുടം എന്നിവയും, അല്ലെങ്കിൽ മൺപാത്രം, താമരയില, മാവില, ഞാവലില എന്നിവയും അഭിഷേകത്തിനെടുക്കാം. എല്ലാ അഭിഷേകങ്ങളിലും മീതെയാണു് 'ധാര'. നമസ്തേ എന്നു തുടങ്ങുന്ന ശതരുദ്രീയവും ശം എന്നു തുടങ്ങുന്ന അനുവാക (ഒരു വേദാംശം) വുമാകുന്ന അഭിഷേകമന്ത്രം. പിന്നീടു ഗന്ധദ്രവ്യങ്ങൾ ചാർത്തിച്ചു നല്ല പുഷ്പങ്ങൾകൊണ്ടും പത്രങ്ങൾകൊണ്ടും പൂജിക്കുക:

ക്രുവളം, തുളസി, വിഷ്ണുക്രാന്തി എന്നിവയുടെ പത്രങ്ങൾകൊണ്ടും, കൽഹാരം, ചെങ്ങഴിനീർപ്പൂവു്, കരിംക്രുവളപ്പൂവു്, ചെന്താമര

Digitized By Kerala Sahitya Akademi

പ്പൂവ്, വെൺതാമരപ്പൂവ്, കണ്ണാവീരപ്പൂവ്, കൊണ്ടപ്പൂവ് എന്നിവ കൊണ്ടും, തിലാക്ഷതങ്ങൾകൊണ്ടും വെറും അക്ഷതങ്ങൾകൊണ്ടും ഗൌതമൻ മഹേശനെ പൂജിച്ചു; കർപ്പൂരം- അകിൽ-കസ്തൂരി- നദം- പശു- ചന്ദനം മുതലായവ ധൂപിച്ചു; പതിനാറു വിളക്കുകളിന്മേൽ കർപ്പൂരം കത്തിച്ചു; ചെന്നല്ലരി മാവുകൊണ്ടു മധുരവും മറ്റും ചേർത്തുണ്ടാക്കിയ പലഹാരം, ലേഹ്യചോഷ്യാദി പഞ്ചഭക്ഷ്യങ്ങൾ, പലതരം ഇലക്കറികൾ, ഇരുപതു ക്രുട്ടം ചേർത്ത പാനീയം, മുന്തിരി-കദളി-മാവ്-നാരകം മുതലായവയുടെ പഴങ്ങൾ, പഞ്ചസാരയും വെല്ലവും നെയ്യും ചേർത്ത എട്ടരം പരിപ്പ് എന്നിവയും മീതേ പൂവുവെച്ചു നിവേദിച്ചു; പൊന്നിൻപാത്രങ്ങൾകൊണ്ടു നീരാജനമുഴിഞ്ഞു; തദനന്തരം ഞെട്ടിയും നാക്കും നള്ളികളെഞ്ഞു കഴുകിവെച്ച വെറ്റിലകളിൽ കർപ്പൂരന്തുതേച്ചു് അടയ്ക്കകഷ്ണങ്ങളോടുക്രുടി സ്വർണ്ണപാത്രത്തിൽവെച്ചു് ആ താംബൂലം തനിയ്ക്കുടിക്കു സമർപ്പിക്കുകയും പലവുരു വലത്തുവെച്ചു നമസ്കരിക്കുകയും ചെയ്തു.

ഉടനേ എട്ടു സുന്ദരിമാർ ഗൌതമന്റെ സന്നിധിയിൽ വന്നു് വേണുവീണാദി വിവിധവാദ്യങ്ങൾ മുഴക്കിത്തുടങ്ങി. അദ്ദേഹം താൻതന്നെ കുഴിതാളം കൊട്ടി പാട്ടുപാടി; പിന്നെ സ്ത്രീകൾ ശ്രുതിപിടിച്ചു; വേറേ ചിലർ പതുക്കെപ്പതുക്കെ വാദ്യങ്ങൾ കൊട്ടി. മഹർഷി മധുരമാംവണ്ണം ഗാനം ചെയ്യുമ്പോൾ, എറ്റവുമദ്ഭുതം, സ്വരങ്ങൾ മുത്തിമത്തുക്കളായി മഹേശന്റെ തിരുമുമ്പിൽ നൃത്തംചവിട്ടുവാൻ തുടങ്ങി! ഈയവസരത്തിൽ ഭഗവാൻ നാരദമുനി അവിടെ വന്നുചേർന്നു. ഗൌതമൻ അദ്ദേഹത്തെ വണങ്ങിസ്സൽക്കരിച്ചു. 'ഞാൻ കൃതാർത്ഥനായി! എന്നെപ്പോലെ ആരുമില്ല. ഭവാൻ വന്നതെന്തുദ്ദേശിച്ചാണു്? എവിടെനിന്നാണു് വരുന്നതു്?'

നാരദൻ:—'ഞാൻ പാതാളത്തിൽ ബാണന്റെ ഗൃഹത്തിൽ ഭക്ഷണം കഴിച്ചു വരികയാണു്. ബാണൻ, ശുക്രൻ മുതലായ മാന്യന്മാർ ഇങ്ങോട്ടു വരുന്നുണ്ടു്.'

ഇതു പറഞ്ഞു കഴിഞ്ഞതോഴെയ്ക്കും, പരപുരഞ്ജയനായ ബാണാസുരൻ ആനപ്പുറത്തു കേറി ഇരുപതക്ഷൌഹിണിപ്പടകളാൽ ചുറ്റപ്പെട്ടു് അവിടെ വന്നെത്തി; മറ്റൊരാനപ്പുറത്തു ശുക്രനും, ഓരോ മികച്ച തേരിൽ പ്രമുഖാദവൃഷ്ണിപ്രവീരന്മാരും, കുതിരപ്പുറത്തു മാണ്ഡലിയും വന്നെത്തി. ആവരെയെല്ലാം ഗൌതമൻ ശിഷ്യരോടുക്രുടി അഭിമുഖം മ

Digitized By Kerala Sahitya Akademi

റവും എടുത്തു് എതിരേറു. അസുരന്മാർ വാഹനങ്ങളിൽ നിന്നിറങ്ങി ഗൌതമനെ വണങ്ങി. അദ്ദേഹം ശുക്രനെ വണങ്ങി; ദൈത്യന്മാരെ പുണൎന്നു യഥാവിധി സൽക്കരിച്ചു, സൈന്യത്തിനു വിശ്രമസ്ഥാനം നിർദ്ദേശിച്ചു; എന്നിട്ടു് ശുക്രന്റെ കാലുകഴുകിച്ചു് ആ വെള്ളം തലയിലാടി, പലതരം ഫലങ്ങൾകൊണ്ടു പൂജിച്ചു. പുരോഹിതാനുചരായ ദാനവന്മാർ സംഗമത്തിൽ പരിശോഭിക്കുന്ന മംഗളമായ ഗൌതമാശ്രമത്തിൽ വാപീതടാകസരസ്സുകളിൽ സ്നാനവും മറവും കഴിച്ചു്, അദ്ദേഹത്തിന്റെ ഗൃഹത്തിലെത്തി ദേവപൂജയ്ക്കാരംഭിച്ചു: ശുക്രൻ, അപ്പോൾത്തന്നെ നിർമ്മിക്കപ്പെട്ട ഒരു വേദിമേൽ ശിവനെ പൂജിച്ചുതുടങ്ങി; അതിനിടയ്ക്കു പ്രഹ്ലാദൻ മുതലുള്ള അസുരപുംഗവന്മാർ വിഷ്ണുശിവബ്രഹ്മാക്കളെ പൂജിച്ചു; പൊന്നൻ ത്രിലോചനൻ തിരുവടിയെ മാത്രം ആരാധിച്ചു. ഗൌതമനും ഉച്ചയ്ക്കു ശിവപൂജ തുടങ്ങി. എല്ലാവരും വെള്ളവസ്ത്രങ്ങൾ ധരിച്ചു്, ശുഭ്രമായ ഭസ്മംകൊണ്ടു വേണ്ടേടത്തെല്ലാം ത്രിപുണ്ഡ്രം പൊട്ടു സർവ്വാംഗം ഭസ്മം പൂശിയിരുന്നു.

എല്ലാവരും ശുക്രനെ വണങ്ങി ഭ്രൂശുദ്ധി ആരംഭിച്ചു: ഹൃദയപദ്മമദ്ധ്യത്തിലെ സുഷിരത്തിൽ പഞ്ചഭ്രൂതങ്ങളേയും, അവയ്ക്കു നടുവിൽ ആകാശത്തേയും, ആകാശമദ്ധ്യത്തിൽ നിർമ്മലാസനത്തേയും, അതിങ്കൽ തേജോമയനായ മഹേശ്വരനേയും സങ്കല്പിക്കുക; എന്നിട്ടു്, കർമ്മജനിതവും അജ്ഞാനദോഷാനുഭവവുമായ ദേഹത്തെ ജ്ഞാനാഗ്നികൊണ്ടു ദഹിപ്പിക്കുക: ആകാശത്തിന്റെ ആവരണമായ അഹങ്കാരത്തെ ദഹിപ്പിച്ചിട്ടു് ആകാശത്തെ ദഹിപ്പിക്കുക; പിന്നെ വായുവിനെ; പിന്നെ അഗ്നിയെ; പിന്നെ ജലത്തെ; പിന്നെ ഭ്രൂമിയെ. പിന്നീടു് അവയുടെ ഗുണങ്ങളേയും ദഹിപ്പിച്ചു ദേഹത്തെ ദഹിപ്പിക്കുക. അനന്തരം ശിരോമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവനായി ആനന്ദരസപൂർണ്ണനായി ചന്ദ്രകിരണസങ്കാശമൂർത്തിയായിരിക്കുന്ന ശിവന്റെ തിരുമെയ്യിൽനിന്നു് അമൃതുചെന്ന രശ്മികൾ പൊഴിയ്പ്പിക്കുക; അപ്പോൾ അഗ്നിജ്വാല കെട്ടു ചന്ദ്രരശ്മിപോലെ കുളിർമപ്പെടും. ആ ഇടത്തുന്ന അമൃതപൂരത്തിൽ ക്രമേണ ഭ്രൂതങ്ങളെയും മുഴുകിയതായി സങ്കല്പിക്കുക.

ഇങ്ങിനെ ഭ്രൂതശുദ്ധിവരുത്തി സംശുദ്ധനായാലേ മനുഷ്യൻ ജപപൂജാദി ക്രിയകൾക്കർഹനാകൂ. പിന്നീടു ദേവനെ ധ്യാനിച്ചാൽ ബ്രഹ്മഹത്യാദികളും പോലും വിട്ടൊഴിയും. ചന്ദ്രനെപ്പോലെ വിളങ്ങുന്ന സദാശിവനെ ധ്യാനംകൊണ്ടു ശിവലിംഗത്തിൽ ആരോപിച്ചിട്ടോ

Digitized By Kerala Sahitya Akademi

ദീപമദ്ധ്യത്തിൽ സങ്കല്പിച്ചിട്ടോ പഞ്ചാക്ഷരം ചൊല്ലി പൂജിച്ചാൽ അ തു് അക്ഷയമായിരിക്കും. ആവാഹനാദികളും അഭിഷേകവും മുൻപറ ഞ്ഞതുപോലെ.

ചെമ്പു്, വെള്ളി, സ്വർണ്ണം എന്നിവകൊണ്ടുള്ള പീഠങ്ങൾ, വ സ്ത്രംകൊണ്ടു മൂടി അറഞ്ഞു വെള്ളംതളിച്ചു് ഓരോ പീഠത്തിലും ഓ രോ നാഗത്തേയും മുകൾ ഭാഗത്തു രണ്ടു നാഗങ്ങളേയും നിർമ്മിച്ചു ദേവ ന്റെ മുമ്പിലും ഇടത്തും വലത്തും വെച്ചു്, ഈ നാഗങ്ങൾക്കിടയിൽ പ ന്തിരണ്ടുമടക്കിയ ഒരു വസ്ത്രത്തിൽ ചെമ്പരത്തിപ്പൂവുവെച്ചു്, അതിൻ നടുവിൽ പീഠസ്ഥിതമായ ശിവലിംഗത്തെ ബ്രാഹ്മാദിദേവേന്ദ്രന്മാർ പൂജിച്ചു. അഞ്ചുഗന്ധവും അഷ്ടഗന്ധവും പൂശിച്ചു്, പുഷ്പപത്രങ്ങൾ കൊണ്ടും തിലാക്ഷതങ്ങൾകൊണ്ടും കേവലാക്ഷതങ്ങൾകൊണ്ടും പൂ ജിച്ചു്, യഥാവിധി ധൂപദീപനൈവേദ്യങ്ങളും സമർപ്പിച്ചു പൂജ മുഴമി പ്പിച്ചിട്ടു് അവരെല്ലാവരും അവിടെ ആടാനും പാടാനും തുടങ്ങി.

അപ്പോൾ, ഗൌതമന്റെ ശങ്കരാത്മാവു് എന്ന ശിഷ്യൻ ഭ്രാന്ത നെപ്പോലെ നഗ്നനായി അവിടെ വന്നെത്തി: ചിലപ്പോൾ, മികച്ച ബ്രാഹ്മണൻ, ചിലപ്പോൾ വെറും ചണ്ഡാലൻ, ചിലപ്പോൾ ശൂദ്രൻ, ചിലപ്പോൾ, യോഗി, ചിലപ്പോൾ താപസൻ—ഇങ്ങിനെ പലമട്ടിലാ യിരുന്ന അയാളുടെ നടപ്പു്. അയാൾ അലറും, ചാടും, നൃത്തംവെയ്ക്കും, സ്തുതിക്കും, പാടും, കരയും, ചെവിയോർത്തുനില്ക്കും, വീഴും എഴുന്നേല്ക്കും. ശിവജ്ഞാനൈകധനനായ ആ പരമാനന്ദതുന്ദിലൻ ഊണിന്റെ നേര ത്തു ഗുരുവിനോടൊന്നിച്ചുണ്ണാൻ ഗൌതമന്റെ അടുക്കൽ വരും. ചില പ്പോൾ എച്ചിൽതിന്നും; ചിലപ്പോൾ പാത്രം നക്കും; ചിലപ്പോൾ മി ണ്ടാതെ കടന്നുപോവും; ചിലപ്പോൾ ഗുരുവിന്റെ കയ്യിൽനിന്നുതന്നെ എടുത്തുണ്ണും. ചിലപ്പോൾ ഗൃഹത്തിനകത്തു മൂത്രം വീഴ്ത്തും, ചളി തേയ്ക്കും. അയാൾ വന്നാൽ, ഗുരു കൈക്കുപിടിച്ചു് അകത്തേയ്ക്കു കൊ ണ്ടുപോയി, സ്വന്തം പീഠത്തിലിരുത്തി ഊൺകഴിപ്പിക്കുകയും, താനും അതേപാത്രത്തിൽ ഉണ്ണുകയുമാണ് പതിവു്. ഒരിക്കൽ ആ ശിഷ്യനെ പരീക്ഷിപ്പാനായി, സുന്ദരിയായ അഹല്യ 'ഉണ്ണാൻവരൂ' എന്നുവിളി ച്ചു പൊൻകിണ്ണത്തിൽ ചോറുവിളമ്പിക്കൊടുത്തു; കുടിപ്പാൻ, ഒരു ചഷ കത്തിൽ യാവകവും (യവംകൊണ്ടുണ്ടാക്കിയ പാനീയം), മറ്റൊന്നിൽ മുരിങ്ങനെല്ലിൻക്രുട്ടവും ആക്കിവെച്ചു. ശിഷ്യൻ ഊൺകഴിച്ചിട്ടു് പാനീ യംപോലെ തന്നെ മുരിങ്ങനെല്ലിൻക്രുട്ടവും എടുത്തുചെലുത്തി! യാതൊരു ഭാവഭേദവും അയാൾക്കുണ്ടായില്ല. മുമ്പു് അയാളെ മുനികന്യകമാർ ഊ ണിനു ക്ഷണിച്ചു, നാരംതോറും മൺകട്ട, ചാണകവെള്ളം, ചളി, മരക്ക

Digitized By Kerala Sahitya Akademi

ഷണം എന്നിവ കൊടുത്തുപോന്നു; അതെല്ലാം അന്യാഹം സഹിഷ്ണം ക്ഷിച്ചിരുന്നു!

ഇത്തരക്കാരനായ ആ മഹർഷി വെറും ചണ്ഡാലനെപ്പോലെ, നഗ്നനായി കയ്യിൽ ഒരു ജോടിക്കീറച്ചെരുപ്പും ധരിച്ച്, ചണ്ഡാലഭാഷയിൽ ഓരോന്നു പുലമ്പിക്കൊണ്ടു വൃഷഭവ്വാവിന്റേയും ശിവലിംഗത്തിന്റേയും ഇടയിൽ ചെന്നു നിന്നു. വൃഷഭവ്വാവു് ആളെ അറിയാഞ്ഞതിനാൽ അയാളുടെ തല വീശിക്കളഞ്ഞു. ആ ദുഷ്പ്രേക്ഷ്യൻ കൊല്ലപ്പെട്ടതോടുകൂടി, ഈ ചരാചരലോകവും അവിടെയുള്ള മഹർഷിമാരും നിറംകെട്ടു മങ്ങിപ്പോയി. സുമഹാത്മാവായ ഗൌതമനാകട്ടെ, വന്നിച്ച ദുഃഖംമൂലം കണ്ണുകളിൽ നിന്നു വെള്ളം പുറപ്പെട്ടു. അദ്ദേഹം ദാനവന്മാരുടെയെല്ലാം അടുക്കൽച്ചെന്നുരിയാടി:—'എന്തു പാപമാണിയ്യാഹം ചെയ്തതു്. ഇവിടെവച്ചു് എനിക്കു പ്രാണനിലും മീതെയായ ശിവയോഗിയുടെ തല വെട്ടിക്കളഞ്ഞുവല്ലോ! ഞാനും മരിച്ചു കഴിഞ്ഞു: ശിഷ്യനും ഗുരുവും ഒന്നുതന്നെയാണല്ലോ! ശിവനെ സേവിക്കുന്ന ധാർമ്മികരായ ശൈവരുടെ മരണം എവിടെ കാണപ്പെടുന്നുവൊ, അവിടെത്തന്നെ ഇയ്യുള്ളവക്കും മരണം!!'

ശുക്രൻ:—'ഇദ്ദേഹത്തെ ഞാൻ ജീവിപ്പിക്കാം. ശൈവപ്രോത്തിലുള്ളവനാണു് ഞാൻ. ബ്രഹ്മൻ, അങ്ങെന്തിനു മരിക്കുന്നു? എന്റെ തപോബലം കണ്ടുകൊൾകെ.'

ശുക്രൻ ഇതു പറയുമ്പോഴെയ്ക്കും ഗൌതമൻ മരിച്ചുകഴിഞ്ഞു. അതിനാൽ ശുക്രനും യോഗത്താൽ പ്രാണത്യാഗം ചെയ്തു. അതുകണ്ടു പ്രഹ്ലാദാദിദൈത്യപുംഗവന്മാരുമെല്ലാം ക്ഷണനേരത്താൽ മൃതിയടഞ്ഞു. അത്ഭുതമെന്നേ പറയേണ്ടു! ധീമാനായ ബാണന്റെ സൈന്യവും ചത്തൊടുങ്ങി. അഹല്യ ദുഃഖത്തിൽ വെന്തു തേങ്ങിത്തേങ്ങിക്കരയുകയായി.

ഗൌതമനാൽ ശിവപൂജയോടൊപ്പം പൂജിക്കപ്പെട്ട മഹായോഗിയായ വീരഭദ്രസ്വാമി ഇതെല്ലാം കണ്ടു് അരിശംകൊണ്ടു. 'അയ്യോ, കഷ്ടം, അയ്യോ കഷ്ടം, വളരെ ശൈവന്മാർ മരിച്ചുപോയല്ലൊ! സ്വാമിയെ അറിയിക്കുകതന്നെ; അരുളപ്പാടുപോലെ ചെയ്യാം' എന്നു നിശ്ചയിച്ചു് അദ്ദേഹം സനാതനമായ മന്ദരപർവ്വതത്തിൽ ചെന്നു മഹാശംഭുവിനെ നമസ്കരിച്ചു, നടന്നതെല്ലാം ഉണർത്തിച്ചു. അപ്പോഴും ബ്രഹ്മാവും വിഷ്ണുവും അവിടെയുണ്ടായിരുന്നു; അവരോടായി ശിവൻ അരുളിച്ചെയ്തു:—'എന്റെ ഭക്തന്മാർ ചെയ്ത സാഹസം ദർശിച്ച വരം കൊ

Digitized By Kerala Sahitya Akademi

ടുക്കേണ്ടിയിരിക്കുന്നു. വിഷ്ണോ, നമുക്കു പോയി നോക്കാം; നിങ്ങളും പോരണം.'

ശിവൻ കാളപ്പുറത്തു കേറി. വായു സ്വാമിക്കു വെൺചാമരം വീശി; നല്ല വേഷംപൂണ്ട നന്ദികേശ്വരൻ പൊന്നിൻകാലുള്ളവയും അനന്യസാധാരണങ്ങളുമായ രണ്ടു മികച്ച വെൺകൊറക്കുടകൾ പിടിച്ചു. കൌസ്തുഭാങ്കിതനായ വിഷ്ണു മഹേശ്വരനാൽ അനുമതനായിട്ടു ഗരുഡന്റെ പുറത്തുകേറി, ചുകന്നതും കറുത്തതുമായ രണ്ടു കുടയാൽ പരിലസിച്ചു; ബ്രഹ്മാവും ശിവന്റെ അനുജ്ഞയാൽ അരയന്നപ്പുറത്തേറി, ഞാഞ്ഞൂളിൻനിറത്തിലുള്ള രണ്ടു കുടയാൽ സംശോഭിച്ചു. ഇന്ദ്രാദിദേവന്മാരുമെല്ലാം സ്വന്തം സ്വന്തം വാഹനമേറി പലതരം വാദ്യഘോഷത്തോടുകൂടി പുറപ്പെട്ടു. കോടി കോടി പാഷ്ണ്ഡരാൽ പരിവൃതരായ ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ ഗൌതമന്റെ ആശ്രമത്തിലണഞ്ഞു, ആ സംഭവംകണ്ടു് ആശ്ചര്യപ്പെട്ടുപോയി. മൃത്യുഞ്ജയൻ ഇടംതുക്കണ്ണുകൊണ്ടു് ഒന്നു കടാക്ഷിച്ചു സ്വഭക്തനായ ഗൌതമനെ ജീവിപ്പിച്ചുഴിഞ്ഞു പറ്റു:—'ഞാൻ ഭവാങ്കൽ പ്രസാദിച്ചിരിക്കുന്നു. വരം ചോദിച്ചുകൊള്ളുക.'

ഗൌതമൻ:—'മഹേശ്വര, ദേവേശ, നിന്തിരുവടി പ്രസാദിച്ചിരിക്കുന്നുവെങ്കിൽ, എനിക്കു വരം തരാമെങ്കിൽ, എന്നൊന്നും ഇവിടുത്തെ ലിംഗം പൂജിപ്പാൻ ശ്രാണിയുണ്ടാകട്ടെ! ഇതാണു് എനിക്കു വേണ്ടുന്ന വരം. ത്രിലോചന, കേട്ടാലും: എനിക്കു ശങ്കരാത്മാവെന്നൊരു ശിഷ്യനുണ്ടു്, ത്യാജ്യഗ്രാഹ്യാദികളില്ലാത്ത ആ മഹാഭാഗൻ ഭശിക്കേണ്ടതിനെ മമതയോടുകൂടി ഭശിക്കാറില്ല; ഭ്രാണിക്കേണ്ടതിനെ ഭ്രാണിക്കാറില്ല; എടുക്കേണ്ടതിനെ എടുക്കാറില്ല. ഒരു ഭ്രാന്തന്റെ വടിവിലാണു് ആ യശസ്സേറിയ യോഗി. അദ്ദേഹത്തെ ആരും ദ്വേഷിക്കരുതു്, ഹിംസിക്കരുതു്. ഇവരും ജീവിക്കണം. ദേവ, ഈ വരംകൂടി എനിക്കു കല്പിച്ചുതന്നാലും.'

ശിവൻ:—'ഇവർ പ്രളയംവരെ ജീവിച്ചിരിക്കട്ടെ; ഒടുവിൽ മുക്തിയുമടയട്ടെ. ഭവാൻ വെട്ടുപ്പിലും ഭംഗിയിലും നിർമ്മിച്ചതായ ഈ വിശ്വേശ്വരമന്ദിരത്തിൽ ഞങ്ങളം കുറച്ചുനേരം വിശ്രമിക്കാം; എന്നിട്ടേ മടങ്ങുന്നുള്ളു.'

ഗൌതമൻ:—'ദേവേശ, പാടില്ലാത്തതൊന്നു ഞാൻ യാചിക്കുന്നു: യാചകൻ ദോഷം നോക്കില്ലല്ലോ. ബ്രഹ്മാദികൾക്കും കിട്ടാവതല്ലാത്തതാതു്, തിരുവുള്ളമുണ്ടെങ്കിൽ, നിർവ്വേറിത്തരണം!'

Digitized By Kerala Sahitya Akademi

സദാശിവൻ പുഞ്ചിരിക്കൊണ്ടു വിഷ്ണുവിനെ തൃക്കൺപാർത്തു്, കമലനേത്രനെ കൈയ്യുപിടിച്ചുരുളിപ്പെയ്തു:—'ഗോവിന്ദ, ഭവാന്റെ വയറു് ഒട്ടിക്കിടക്കുന്നുവല്ലോ. ഭവാനു ഭക്ഷണം തരേണമെന്നുണ്ടോ? സപരിഗ്രഹത്തിലെന്നപോലെ സപദം അകത്തേയ്ക്കു പോകാം; സപദം ഭക്ഷണം കഴിക്കാം! അല്ലെങ്കിൽ പാർവതിയുടെ ഗൃഹത്തിൽ പോയ്ക്കൊൾക; അവർ വയറുനിറച്ചു തരും.' ഇങ്ങിനെ കഥിച്ചു ഭഗവാൻ വിഷ്ണുവിന്റെ കയ്യും പിടിച്ചു വിജനസ്ഥലത്തേയ്ക്കു ഴുന്നള്ളി; അവിടെ നന്ദികേശ്വരനെ വാതിൽകാവലിനു നിത്തി, ഗൌതമനോടു്, 'ഉടൻ തെയ്യാറാക്കു; ഞങ്ങൾക്കുണ്ണണം' റെന്നുമാജ്ഞാപിച്ചു. പിന്നീടു വാമദേവനും വാസുദേവനും ആ അകത്തു് ഒരു മുട്ടമെത്തമേൽക്കേറി കിടന്നു്, തങ്ങളിൽ, ഓരോന്നു സംസാരിച്ചു. അതിനുശേഷം ദേവശ്രേഷ്ഠന്മാരിരുവരും ഏഴുനേറു കളിപ്പാനായി ഒരു ഗഭീരതടാകത്തിലേയ്ക്കു നടകൊണ്ടു.

അതിൽ അവർ പരസ്പരം വെള്ളം മുക്കിയുഴുതുകൊണ്ടു് മുനിമാരോടും അസുരന്മാരോടുമൊന്നിച്ചു ജലക്രീഡ തുടങ്ങി:—

[വഞ്ചിപ്പാട്ടു്]

ഭീമൻ തൃക്കൈകൊടന്നായിൽത്താമരയല്ലികം നിറച്ചാ മുകിൽനേർവണ്ണനുടെ മുഖത്തെയ്തിട്ടാൻ.
അല്ലികം തട്ടാസ്യാൻ പത്മമാൽപുല്ലുമിഴി ചിന്മീ കൃഷ്ണൻ;
നില്ലാതത്തവ്വിടത്തെത്തോളേറിശ്ശുവ്വൻ
തലയിരുകയ്യാൽ പിടിച്ചുലച്ചു മുക്കിനാൻ നീരിൽ;—
പ്പുലവുരു മുങ്ങിപ്പൊങ്ങി വലഞ്ഞോട്ടേവൻ
കാലാരിയെത്തുള്ളിയിട്ട കാലുകം പിടിച്ചിഴച്ചു
ചാലേ വട്ടംചുഴറിനാൻ ചാത്തുയ്ത്താലേ.
മാറിൽക്കുത്തി പീഴ്ത്തീ ഹരൻ മാധവനെ;—യുടനേറ—
ശ്ശൌരി വെള്ളം മുക്കിയുഴുതാൻ, ശാർങ്ഗിക്കോട്ടം.

അംബുക്രീഡാലഹളയിലങ്ങഴിഞ്ഞു ചെഞ്ചിടകം
തമ്മിൽത്തമ്മിലുടക്കിപ്പോയ് താപസക്ക,പ്പോഠം
ശകുതരശകുതരെയിഴച്ചുത്തലോടേ നീന്തുകയായ്;
തത്ര തത്ര മുക്കലാക്കൽ കേഴലുമുണ്ടായ്!

ഈമട്ടങ്ങു ജലകേളി കേമമായി നടക്കവേ,
വ്യോമസീമ്നി നടമാടി നാരദൻ തുഷ്ട്യാ
വീണമീട്ടിസ്സുലളിത ഗാനംപാടീ; ദശവിധ—
ശ്ലോണഴമപ്പാട്ടു കേട്ട ലോകഭാവനൻ

Digitized By Kerala Sahitya Akademi

താനും പാടാൻ തുടങ്ങിനാർ താർബ്ബാണാരി മന്ദം മന്ദം;
ന്തനമൊരു സുധാധാര പൊഴിഞ്ഞിതപ്പോഠം!
മാധവൻ മദ്ദളംകൊട്ടീ, വേധസ്സു കുഴിതാളവും;
സാധുശീലൻ തുംബുരു താൻ 'വായ്ത്താരി' ചൊല്ലീ;
ഗൌതമാദികളോ വേണ്ടുംതോതിൽ ശ്രുതി പിടിക്കയായ്;
വാതസുതൻ മൂളിപ്പാട്ടപാടീ ഹന്തമാൻ.
പാടിയതിൻ വാട്ടംനീങ്ങീ, വാനരേന്ദ്രൻ മധുരമായ്-
പ്പാടിടുമ്പോഠം ചടച്ചുരു തടിച്ചു മറവും!
മാനസം മയങ്ങിത്തൻതൻ ഗാനംനിത്തി മറെറല്ലാരും
മൌനംപൂണ്ടാർ; മരുത്സുതൻ മാത്രമായ് പാടാൻ!

നേരം നട്ടുച്ചയായി, ഉണ്ണാൻ കാലമായപ്പോഠം, മഹേശ്വരൻ പാട്ട കേട്ടംകൊണ്ട് രണ്ടു വെള്ളവസ്ത്രം ധരിച്ചു. വിഷ്ണു മഞ്ഞപ്പട്ടയും ബ്രഹ്മാവു ചെന്തുകിലും മറെറള്ളവർ അവരവക്കു ചേർന്ന വസ്ത്രങ്ങളും ഉടുത്തു. എല്ലാവരും അപ്പോഠത്തെ കൃത്യം കഴിച്ചു് അവരവരുടെ വാഹനമേറിത്തിരിച്ചു. ഗാനപ്രിയനായ ഗിരീശനാകട്ടെ, ഹനുമാനോടരുളിച്ചെയ്തു:—'വാനര, നീ എന്റെ ആജ്ഞയാൽ ശങ്കിക്കാതെ കാളപ്പുറത്തുകേറി, എനിക്കഭിമുഖനായി സ്ഥിതിചെയ്തു സർവ്വമോഹനമായ ഗാനം പാടുക.' അപ്പോഠം വാനരപുംഗവൻ ഭഗവാനോടുണർത്തിച്ചു:—'സ്വാമിൻ, കാളപ്പുറത്തു കേറാൻ ത്രാണി ഇവിടെയുള്ളതെ മറാക്കുമില്ല. ഇവിടുത്തെ വാഹനമേറിയാൽ അടിയൻ അപരാധിയായിപ്പോകും. കല്പിച്ചു് അടിയങ്കൽ കേറുക; അടിയൻ ഇവിടുത്തെ വഹിച്ചുകൊണ്ടു് ഇവിടെയുള്ളഭിമുഖമായി പാട്ടു പാടിക്കൊള്ളാം. തൃക്കൺപാത്താലും.' ഉടനേ ശിവൻ കാളമേലെന്നപോലെ ഹനുമാങ്കൽ കേറിയിരുന്നു. ഹനുമാൻ കഴുത്തിലെ രോമം ചേർത്തിരിച്ചു മുഖം പിൻതിരിച്ചു മുമ്പത്തെപ്പോലെ പാട്ടു പാടുകയായി! ആ ഗീതാമൃതം നുകർന്നുകൊണ്ടു ഗിരീശൻ ഗൌതമാലയത്തിൽ എത്തി. മുനികഠം, ദേവദാനവന്മാർ, പാരിഷദർ എന്നിവരും അവിടെ വന്നുചേർന്നു. എല്ലാവരേയും ഗൌതമൻ സൽക്കരിച്ചു: അവിടെ ഉണങ്ങിയ മരംകൊണ്ടുള്ള ഗൃഹോപകരണങ്ങളും മരവും ഹനുമാന്റെ ഗാനത്താൽ തളിർത്തുതുടങ്ങി! ആ പാട്ടിൽ എല്ലാവർക്കും അത്യത്ഭുതം തോന്നി.

മെയ്ക്കോപ്പെല്ലാമണിഞ്ഞു പ്രസന്നനായി യുവാവായിരിക്കുന്ന ഹനുമാൻ തലയിൽ തൊഴുകൈവെച്ചിരുന്ന ദേവകളുടെ ഇടയിൽ, ശിവനെ വന്ദിച്ചു് ഇരുകൈകഠം കൂപ്പിനിന്നു. ഹരൻ ഹനുമാന്റെ തല

Digitized By Kerala Sahitya Akademi

തൃക്കൈകൊണ്ടു പിടിച്ചു മുഖം മുന്മട്ടിലാക്കി; എന്നിട്ട് ഒരു തൃക്കാൽ പത്മാസനത്തിലിരുന്ന ആ വാനരേന്ദ്രന്റെ ഒരു കൈത്തലത്തിലും, മറേതൃക്കാൽ മുഖത്തും വെച്ച്, ആ കാലിന്റെ ഇരുവിരൽകൊണ്ടു സ്നേഹത്താൽ ഹനുമാന്റെ മൂക്കു പിടിച്ചു; പിന്നെ ആ കാൽ പതുക്കെപ്പതുക്കെ കപിശ്രേഷ്ഠന്റെ തോളിലും പുമലിലും കഴുത്തിലും മാത്തടത്തിലും സ്തനമദ്ധ്യത്തിലും ഹൃദയത്തിലും വയററ്റത്തും പൊക്കിളിലും വെച്ച്, മറേറ കൈത്തലത്തിൽ വിന്യസിച്ചു; അങ്ങിനെ നിന്ന തന്തിരുവടി ഹനുമാന്റെ തല പിടിച്ചു താഴ്ത്തി, രാടികൊണ്ടു പുറത്തു, ശബ്ദം കേൾക്കുമാറു തടവുകയും, കഴുത്തിൽ ഒരു മുത്തുമാലയിടുവിക്കുകയുംചെയ്തു. അപ്പോൾ വിഷ്ണുമഹേശ്വരനോടരിയാടി:—'ഹനുമാനോടു തുല്യനായിട്ടൊരാൾ ബ്രഹ്മാണ്ഡത്തിലെങ്ങുമില്ല: ശ്രുതികൾക്കുപോലും അഗമ്യവും ഉപനിഷത്തുകൾക്കൊന്നിനും വെളിപ്പെടുത്താവതല്ലാത്തതുമായ നിന്തിരുവടിയുടെ തൃപ്പാദം വാനരന്റെ സർവ്വാംഗത്തിലും വഹിച്ചുവല്ലോ! സമാധികൾ ചെന്ന യോഗത്താലും യോഗിശ്രേഷ്ഠന്മാരുടെ ഹൃദയപദ്മത്തിൽ ക്ഷണനേരംപോലും സ്ഥിതിചെയ്തിട്ടില്ലാത്ത തൃപ്പാദം ഇതാ, ഹനുമാങ്കൽ പരിശോഭിക്കുന്നു! മഹർഷിമാർ അനേകായിരംകോടി കൊല്ലങ്ങളം ഘോരമായ തപസ്സു ചെയ്തിട്ടും നിന്തിരുവടിയുടെ കൃപാ കണ്ടെത്തുന്നില്ല; പിന്നെയാണോ, തൃക്കാൽ? ഹാ, ഭാഗ്യത്തിന്റെ വൈചിത്ര്യം: ഒരു പാപലുബ്ധമായ മക്കടത്താൻ ഇതാ, യോഗിഹൃദയങ്ങൾക്കും കിട്ടാത്ത തൃപ്പദപദ്മം ദേഹത്തിൽ വഹിക്കുന്നു! ഞാൻ മാരായിരംകൊല്ലം നാംതോറും ഓരായിരംതാമരപ്പൂക്കൾ കൊണ്ടു ഭക്തിപൂർവ്വം പൂജിച്ചിട്ടും, മഹേശ്വര, നിന്തിരുവടി തൃപ്പാദം കാട്ടിത്തന്നില്ലല്ലോ! ശിവൻ വിഷ്ണുപ്രിയനാണെന്നും, വിഷ്ണു ശിവപ്രിയനാണെന്നും, ലോകത്തിൽ വലിയ സംസാരമുണ്ട്; അത്ര ഭാഗ്യം എനിക്കില്ലതന്നെ!!'

ശിവൻ:—'ഭഗവാൻ, ജനാർദ്ദന, ഭവാനോളം പ്രിയപ്പെട്ട ഒരാൾ എനിക്കില്ല. പാർവ്വതിയിൽ മാത്രമല്ലാതെ മററാരിലും ഇത്ര പ്രീതി എനിക്കില്ല.'

ഈ സന്ദർഭത്തിൽ ഗൌതമൻ മഹാദേവനെ വണങ്ങിയുണർത്തിച്ചു:—'ദേവ, കൃപാനിധേ, ഇങ്ങോട്ടെഴുന്നള്ളുക: നേരം ഉച്ചതിരിഞ്ഞു. എല്ലാവർക്കും ഉണ്ണാൻ സമയമായി.' ഉടനെ മഹാദേവൻ മാധവനോടുകൂടി ആചമനം കഴിച്ചു അമരേന്ദ്രനായി അകത്തേയ്ക്കെഴുന്നള്ളി. തിരുമെയ്യിൽ പഞ്ചഗന്ധം പൂശി, കഴുത്തിൽ മുത്തുമാലകളും പ

Digitized By Kerala Sahitya Akademi

തക്കവും പൂണൊന്തുലും ഉത്തരീയവും ധരിച്ചു്, വെൺപട്ടടയാടയ്ക്കു മീതെ മിന്നൽപോലുള്ള അരഞ്ഞാൺ കെട്ടി, വാർക്രന്തൽക്കെട്ടിൽ മികച്ച പുഷ്പരങ്ങളം ചൂടി, മണികുണ്ഡലങ്ങളം തൂങ്ങിയുലഞ്ഞു്, കൈകളിൽ രത്നകേയൂരകങ്കണാംഗുലീയങ്ങളും കാൽകളിൽ തളകളുമണിഞ്ഞിരുന്ന തൻതിരുവടി ഒരു ശ്രേഷ്ഠാസനത്തിൽ ഇരുന്നരുളി; അവിടെയ്ക്കഭിമുഖമായി ഒരുത്തമാസനത്തിൽ വിഷ്ണുവും ഉപവേശിച്ചു. ആ ദേവശ്രേഷ്ഠന്മാരിരുവരും മുഖത്തോടുമുഖമായി സ്ഥിതിചെയ്ക, ഗൌതമൻ തങ്കപ്പാത്രങ്ങളം വെച്ചു്, മുപ്പത്തുതരം ഭക്ഷ്യങ്ങളും നാലുതരം പായസവും ഇരുന്നൂറുതരം സൂപകപങ്ങളും മുന്നൂറുതരം അപകപങ്ങളും നൂറുതരം കിഴങ്ങുകളും ഇരുപത്തഞ്ചുതരം കടുക വറുത്തിട്ട ഇലക്കറികളും പഞ്ചസാര-മാമ്പഴം-മാതളമ്പഴം-കദളിപ്പഴം-മുന്തിരിപ്പഴം-ഇരുത്തപ്പഴം-നാരകപ്പഴം-ഞാവൽപ്പഴം-മുരുക്കുമരപ്പഴം-വയ്യങ്കതപ്പഴം മുതലായവയും വഴിപോലെ വിളമ്പി; പിന്നീടു 'കുടിക്ക നീർ' വീഴ്ത്തിക്കൊടുത്തു് 'ഉണൻ തുടങ്ങാ'മെന്നറിയിച്ചു; എല്ലാവരും ഉണൻ തുടങ്ങിയപ്പോൾ, ഗൌതമൻ താൻതന്നെ നേരിയതും പരന്നതുമായ ഒരു വിശറികൊണ്ടു ശിവനേയും വിഷ്ണുവിനേയും വീശുകയായി.

പരമേശ്വരൻ നേരംപോക്കു തുടങ്ങി: 'മാധവ, ഹനുമാനെ നോക്കു; എങ്ങിനെയാണ് ആ കുരങ്ങൻ ഉണ്ണുന്നതു്!' ഹരി ഹനുമാനെ നോക്കി. ആ വാക്കിൽ ശിവൻ, മുനിമാരും മറ്റും കാണ്കെത്തന്നെ ഒരു മണ്ഡകം (ഒരു തരം പലഹാരം) വിഷ്ണുവിന്റെ പാത്രത്തിലേയ്ക്കിട്ടു; താൻ ഉണ്ടു ശേഷിച്ച പായസം മുതലായതു ഹനുമാന്നും കൊടുത്തു. അപ്പോൾ ഹനുമാൻ ഉണർത്തിച്ചു:—'സ്വാമിൻ, ഇവിടുത്തെ ഉച്ഛിഷ്ടം ഭക്ഷിച്ചുകൂടല്ലോ: 'എന്റെ നൈവേദ്യം ഭക്ഷിച്ചുകൂടാ; പൂവോ ഇലയൊ കായോ—എന്നിങ്ങു നിവേദിച്ചതെല്ലാം—കിണറിലിട്ടു കൊള്ളണം' എന്നല്ലേ ഇവിടുന്നതന്നെ അരുളിച്ചെയ്തിട്ടുള്ളതു്? ഉണ്ണരുതെന്നാണ് ഇവിടുത്തെ അരുളപ്പാടു്; ഇപ്പോൾ ഉണ്ണാനം കനിഞ്ഞു കല്പിക്കുന്നു!'

ശിവൻ:—സ്വയംഭ്രവായ ചന്ദ്രകാന്തബാണലിംഗം നെഞ്ചിലുള്ളപ്പോൾ, ശിവനൈവേദ്യം ഭക്ഷിക്കുക എന്നതു ചാന്ദ്രായണത്തിനു തുല്യമാകുന്നു. ഇപ്പോൾ ഉണ്ണുകയാണല്ലോ; പ്രകൃതം മാറിയാൽ രസം പോകും. ഉണൻകഴിഞ്ഞിട്ടു ഞാൻ പറയാം. ശങ്കിക്കാതെ ഇതു ഭക്ഷിച്ചുകൊൾക.'

പിന്നെ ഗൌതമമഹർഷി കൈ കഴുകാൻ വെള്ളം തെയ്യാറാക്കിച്ചു: തുടുത്തു മിനുത്തു കനം കുറഞ്ഞുവായും പലവുരു മോറിത്തോർത്തിയ

Digitized By Kerala Sahitya Akademi

വയ്മായ കരകങ്ങളിൽ (കിണ്ടികൾ) തേറാമ്പരലിട്ട ശുദ്ധിപ്പെടുത്തിയ തടാകജലം നിറയ്ക്കപ്പെട്ടു. പുഴമണൽ കൊണ്ടു പുതിയ തറ പിടിച്ചു നേരിയ നിർമ്മല വെള്ളവസ്ത്രങ്ങൾകൊണ്ടു മൂടി, മീതെ വെള്ളം നിറച്ച കുടങ്ങൾ വെയ്ക്കുക; അവയിൽ രാമച്ചം, പിച്ചകപ്പൂവ്, മുത്തങ്ങ, താമരപ്പൂവ്, തക്കോലപ്പൂട്ടിൽ കസ്തൂരി, ചന്ദനം പൂരട്ടി നിലാവുകൊള്ളിച്ച പൂമാല എന്നിവയുമിടണം. ഒരു യാമം കഴിഞ്ഞാൽ ആ വെള്ളം വസ്ത്രംകൊണ്ടരിച്ചു വേറെ കുടങ്ങളിലാക്കുക; അവ മുമ്പു തന്നെ കർപ്പൂരക്കിഴിയും ഇലഞ്ഞിപ്പൂവും പാരിജാതപ്പൂവും ചെമന്തിപ്പൂവുമിട്ടവയായിരിക്കണം. പിന്നെ ആ ശുദ്ധജലം കിണ്ടികളിലാക്കി, മുരലിൽ നേരിയ ശീല പുററി വെയിൽത്തട്ടാതെ മൊത്തം ഇളംകാറ്റു തട്ടിക്കണം—അല്ലെങ്കിൽ വിശറികൊണ്ടു മെല്ലെ വീശണം. ശരീരം ശുചിയാക്കിയ പുരുഷന്മാരോ ബാലികമാരോ തരുണിമാരോ വെള്ളം പകർന്നുകൊടുക്കണം: കന്യകമാർ വെടുപ്പിൽ മേൽകഴുകി അലക്കിയ വസ്ത്രം ധരിച്ചു്, ബാഹുമൂലത്തിലും കണ്ഠത്തിലും പഞ്ചഗന്ധം കനത്തിൽ പൂശി, മുടിപ്പൂവണിഞ്ഞു്, തലമുടിയിൽ പുകഴും പൂടിയവരായിരിക്കണം; തരുണിമാരും ഇപ്രകാരംതന്നെ കുംകുമം പൂശി ആഭരണങ്ങളണിഞ്ഞ സർവ്വാംഗസുന്ദരിമാരായിരിക്കണം. അവർ കിണ്ടി ഇടത്തേക്കയ്യിൽ വെച്ചു്, നേരിയ ശീല പുററിയതു് അഴിച്ചിട്ടുവേണം പകർന്നുകൊടുക്കാൻ.

ഇപ്രകാരം തന്നെയാണ് ഭഗവാൻ ഗൌതമമുനി ചെയ്തിച്ചതു്. ശിവൻ തുടങ്ങിയ മഹാന്മാക്കളെല്ലാം ഉഭയൻകഴിച്ചു കൈകാലുകൾ കഴുകി, കൈത്തലങ്ങളിൽ സുഗന്ധദ്രവ്യം തടവി. പിന്നീടു ദേവദേവനായ മഹേശ്വരൻ ഒരാസനത്തിൽ ഉപവിഷ്ടനായി; ദേവകളും ഋഷികളും മറ്റും താഴെയുമിരുന്നു. ഗൌതമൻ മണിപാത്രങ്ങളിൽ, നന്നെക്കനത്തോ നേർത്തോ അല്ലാതെ വട്ടത്തിൽ നുറുക്കി നല്ല ധൂപമേല്പിച്ച അടയ്ക്കയും വെടുപ്പുവരുത്തിയ വെറ്റിലയും കർപ്പൂരച്ചുണ്ണാമ്പും ശിവന്റെ മുമ്പിൽ കൊണ്ടുവെച്ചു്, 'തിരുമേനി, മുറുക്കാം' എന്നുണർത്തിച്ചു.

ശിവൻ:—'ഹനുമാൻ, എനിക്കു മുറുക്കാൻ ഉണ്ടാക്കിത്തരിക.'

ഹനുമാൻ:—'തിരുമേനി, അടിയനു ശുദ്ധിയില്ലല്ലോ. വല്ല കായും തിന്നുന്ന വാനരന്നുമെങ്ങാ ശുദ്ധി?'

ശിവൻ:—'എന്റെ വാക്കാൽ എല്ലാം ശുദ്ധിപ്പെട്ടതം. എന്റെ വാക്കാൽ വിഷം അമൃതാവും! എന്റെ വാക്കാലത്രേ വേദങ്ങൾ; എന്റെ വാക്കാലത്രേ ദേവാദികൾ; എന്റെ വാക്കാലത്രേ ധർമ്മജ്ഞാനം;

Digitized By Kerala Sahitya Akademi

എന്റെ വാക്കാലുള്ള പുരാണാഗമസ്മൃതികളും; എന്റെ വാക്കാലുള്ള മോക്ഷം! അതിനാൽ, എനിക്കു മുക്കാൻ ഉണ്ടാക്കിത്തന്ന കൊഠകം.'

വാനരൻ ഇടത്തുകയ്യിൽ വെറിലയെടുത്തു കർപ്പൂരം തേച്ചു ചുരുട്ടി അടയ്ക്കയോടുകൂടി തുകയ്യിൽ കൊടുക്കുകയും ശിവൻ വാങ്ങി മുക്കുകയും ചെയ്തു. അപ്പോഴെയ്ക്കും ശ്രീപാർവ്വതി മന്ദരപർവ്വതത്തിൽ നിന്നു ജയാവിജയമാരുടെ കൈകളം കോർത്തുപിടിച്ചു ഗൌതമഗൃഹത്തിൽ വന്നെത്തി, ഭർത്താവിനെ വണങ്ങി മുഖം കുനിച്ചു നിലക്കൊണ്ടു. ത്രിലോചനൻ ദേവിയുടെ മുഖം പിടിച്ചുയർത്തി ഇപ്രകാരം അരുളിച്ചെയ്തു:—'ദേവദേവേശി, ഭവതിക്കു ഞാൻ അപരാധം ചെയ്തുപോയി: ഭവതിയെക്കൂടാതെയാണല്ലൊ ഞാൻ ഉണ്ണുകഴിച്ചുതു! ഭവതിയെ ദേവകളോ ബന്ധുക്കളോ ആരുമില്ലാത്ത സഹ്യാദ്രിയിലിരുത്തിയുംവെച്ചു പോന്നതു തന്നെ എന്റെ ഒരു വലിയ തെറ്റാണ്! സുന്ദരി, മാപ്പുതന്നാലും; അരിശംപൊടിഞ്ഞു് എന്നെ ഒന്നു നോക്കണേ!' ദേവി യാതൊന്നും സംസാരിക്കാതെ അരുന്ധതിയോടൊന്നിച്ചു പുറത്തേയ്ക്കിറങ്ങി. അതു കണ്ടു് ഗൌതമൻ ദണ്ഡനമസ്കാരം ചെയ്തു മഹേശ്വരിയെ സ്തുതിച്ചു:—അപ്പോൾ ദേവി ചോദിച്ചു:—'ഗൌതമ, അങ്ങയ്ക്കെന്തു വേണം?'

ഗൌതമൻ:—'ദേവേശി, ഞാൻ കൃതാർത്ഥനായി. മഹാഭാഗേ, എനിക്കു വരം തരാമെങ്കിൽ, കുറഞ്ഞപക്ഷം ഇപ്പോൾ എന്റെ ഗൃഹത്തിൽ അമരേന്ദ്രനെ കഴിക്കണം.'

ദേവി:—'മഹേശ്വരൻ അനുവദിച്ചാൽ ഞാൻ അങ്ങയുടെ ഗൃഹത്തിൽ ഉണ്ണൻ കഴിക്കാം.'

ഗൌതമമഹർഷി ഗൌരീശന്റെ അടുക്കൽ ചെന്നു് അനുവാദം വാങ്ങി, ഗിരിജാദേവിയേയും അരുന്ധതിയേയും ഉണ്ണൻകഴിപ്പിച്ചു. പിന്നീടു പാർവ്വതി ഗന്ധപുഷ്പം പങ്കജളണിഞ്ഞു്, അനേകം അപ്സരസ്ത്രീകളോടുകൂടി ശിവന്റെ അടുക്കലെഴുന്നള്ളി. അപ്പോൾ അവിടന്നരുളിച്ചെയ്തു:—'ദേവി അകത്തെയ്ക്കു പോയ്ക്കൊള്ളു; ഞാൻ സന്ധ്യാവന്ദനം കഴിച്ചു വരാം.' ഉടനെ ദേവി അകത്തെയ്ക്കെഴുന്നള്ളി. സമാശിവസ്ത്രീകളെല്ലാവരും സന്ധ്യാവന്ദനത്തിനു പുറപ്പെട്ട തടാകത്തിൽ ഉഷക്കൽ കഴിച്ചു. ശിവൻ വടക്കോട്ടു തിരിഞ്ഞുനിന്നു ന്യാസംചെയ്തു മന്ത്രം ജപിച്ചു. അതുകണ്ടു തേജസ്സേറിയ വിഷ്ണു ശിവനോടു ചോദിച്ചു:—'അങ്ങെ എല്ലാവരും നമസ്കരിക്കുന്നു, എല്ലാവരും പൂജിക്കുന്നു,

Digitized By Kerala Sahitya Akademi

എല്ലാ യജ്ഞങ്ങളിലും യജിക്കുന്ന, ആ നിന്തിരുവടി എന്താണ് ജപിക്കുക? ദേവദേവേശ, എല്ലാവരും നിന്തിരുവടിയെത്തന്നെ കൈതൊഴുത് ഉപാസിച്ചുപോരുന്നു; ആ നിന്തിരുവടി ആരെ തൊഴും? നമസ്കാരാദി സൽക്കർമ്മങ്ങൾക്കു ഫലം നൽകുന്ന മഹേശ്വരനാണിവിടുന്ന്; ഇവിടെയുള്ള വന്ദനീയനും ഫലപ്രദനുമായിട്ട് ആരുള്ളൂ? ആരുണ്ട്, ഇവിടുത്തേക്കാൾ മീതെ?'

ശിവൻ:---'ഗോവിന്ദ, ഞാൻ ആരേയും ധ്യാനിക്കുന്നില്ല; ആരേയും വന്ദിക്കുന്നില്ല; ആരേയും ഉപാസിക്കുന്നില്ല; ഒന്നും ജപിക്കുന്നുമില്ല. പക്ഷെ, നാസ്തികന്മാരെക്കൊണ്ടു വേണ്ടതു ചെയ്യിപ്പാൻ ഇതൊക്കെ ഞാൻ കാട്ടിക്കൂട്ടേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അവർ പാപികളായിപ്പോയേയ്ക്കും. അതിനാൽ ലോകസംഗ്രഹത്തിന്നായ് ഇതെല്ലാം ഞാൻ ചെയ്യുന്നു.'

'ശരി' തന്നെ എന്ന്, മുകുന്ദൻ മുക്കണ്ണനെ വണങ്ങി. പിന്നീടു ദേവകളും പാർഷദരും ഋഷിമാരുമെല്ലാം ഗൌതമാശ്രമത്തിലേയ്ക്കു പോന്ന ശിവപൂജ തുടങ്ങി. രഘൂത്തമ, ഹരൻ ഹനുമാനൊന്നിച്ചു പാട്ടു പാടിക്കൊണ്ടിരുന്നു. എല്ലാവരും പഞ്ചാക്ഷരമഹാമന്ത്രം ജപിക്കെ, ശിവൻ ഹനുമാന്റെ കയ്യും പിടിച്ചു പാർവ്വതിയുടെ അടുക്കലേയ്ക്കുഴന്നള്ളി. ആ ദേവദമ്പതിമാരിരുവരും ഒരു മെഞ്ചമേൽ കേറിയിരുന്നു. ഹനുമാൻ, നാരദൻ, തുംബുരു എന്നിവർ പാട്ടുപാടുകയായി.

പരമേശ്വരൻ പലതരം നേരംപോക്കുകളിലേർപ്പെട്ടു: തന്തിരുവടി പാർവ്വതിയോടരുളിച്ചെയ്തു:---'ഓമനയുടെ തലമുടി ഞാൻ കെട്ടിക്കാം; എന്റെ മുമ്പിലിരിക്കൂ.' ദേവി മറുപടിപറഞ്ഞു:---'സ്ത്രീ ഭർത്താവിനെക്കൊണ്ടു ശുശ്രൂഷ ചെയ്യിപ്പാൻ തുടങ്ങിയാൽ ഒരുപകടം കൂടി പറയും: തലമുടി കെട്ടിക്കുമ്പോൾ മിണ്ടുകയും ഇവിടെയുള്ള ശീലമില്ല; കെട്ടിച്ചാൽത്തന്നെ, പിന്നീടു മുഖവും പുറവും തുടയ്ക്കണം; ദേഹത്തിൽ അവിടവിടെ പറിച്ച ചന്ദനവും കുറിയും മറ്റും എടുത്തുകളയണം. ഇതിനിടയിൽ മറ്റുസ്ത്രീകളാരെങ്കിലും വന്നുകേറിയാൽ എന്തു മറുപടി പറയും? അതല്ല, ദേവകളും മറ്റുമാകുന്ന സ്തുതിപാഠകന്മാർ വരില്ലെങ്കിൽത്തന്നെ ഒട്ടുനിങ്ങൾ ഭർത്തൃഭയം ഇല്ലാതായിട്ടുപോകും!' ഇപ്പറയുന്നതൊന്നും വകവെയ്ക്കാതെ ശങ്കരൻ ദേവിയെ പിടിച്ചു മടിയിലിരുത്തി, കാർകുന്തളം ഒഴിച്ചുപാകത്തിൽ കെട്ടിക്കൊടുത്തു; വിഷ്ണു കൊടുത്ത പാരിജാതപുഷ്പമാലയും, തന്റെ കഴുത്തിലുണ്ടായിരുന്ന മുണ്ഡമാലയും ബ്രഹ്മാവു കൊടുത്ത കല്പകവൃക്ഷപുഷ്പമാലയും ആ പുരികുഴൽക്കെ

Digitized By Kerala Sahitya Akademi

ട്ടിൽ അണിയിക്കുകയും ചെയ്തു. പിന്നീടു മുമലും പുറവും തുടച്ചു വൃത്തിപ്പെടുത്തി. അപ്പോഠം ദേവിയുടെ ഉടയാടക്കുത്തു് അഴിഞ്ഞതിനാൽ, 'ഇതെന്തെന്നി'ങ്ങിനെ, ദേവൻ നീവീബന്ധവും അനുഷ്ഠിച്ചു. ഒടുവിൽ 'മുഖത്തി നോക്കട്ടെ' എന്നും പറഞ്ഞു് അതു കൈക്കലാക്കി, 'സതി, ഈ മുത്തു നിറംകെട്ടിരിക്കുന്നു; മഞ്ഞാഠം തട്ടിയാൽ മുത്തുമണി നിഷ്പ്രഭമായിപ്പോകും. ഇതു നീ ധരിക്കുന്നതു എനിക്കു സമ്മതമല്ല!' എന്നഭിപ്രായപ്പെട്ടു.

പാർവ്വതി:—'അമ്പോ, ഇവിടുത്തെ അരമനയിൽ എല്ലാസ്സമ്പത്തും നിറഞ്ഞുകിടക്കുന്നു! അതൊക്കെ, മുമ്പുതന്നെ, ഇവിടുത്തെ വേഷാഡംബരത്തിൽനിന്നു് എനിക്കു മനസ്സിലായിട്ടുണ്ടു്: വേഷാഡംബരംകൊണ്ടറിയാമല്ലൊ ധനസമൃദ്ധി. ബ്രഹ്മകപാലമാലയാണു് ഇവിടെയുള്ള ശിരോലംകാരം; അസ്ഥിമാലയാണു് മാർത്തടത്തിൽ; ശേഷവാസുകികളാകുന്ന വിഷധരങ്ങളാണു് കൈവളകൾ; ദിഗ്ഗകളാണു് വസ്ത്രം; ജടയാണു് തലമുടി; ഭസ്മമാണു് കുറിക്കൂട്ടു്; ക്രൂരനാണു് വാഹനം! അങ്ങോ വിരൂപാക്ഷൻ! ഗോത്രവും കുലവും ഏതോ! അച്ഛനും അമ്മയും ആരോ!'

ഈ വിധം പറയുന്ന പാർവ്വതിയോടു് അച്യുതൻ അരിശംമൂഴുത്തരിയാടി:—'ദേവി, ഭവതി എന്താണു്, ജഗദീശനായ ദേവദേവനെ നിന്ദിക്കുന്നതു്? ഭവതിയുടെ കെടുജീവിതം ഭവതിക്കു വേണ്ടായിരിക്കാം! ശിവനിന്ദ എവിടെയോ, അവിടെ മരണം എന്നതു് ഇയ്യുള്ളവരുടെ വ്രതം.' ഇത്രയും കഥിച്ചു കേശവൻ ഇരുനഖങ്ങളംകൊണ്ടു ശർവ്വാണിയുടെ ശിരസ്സു നുള്ളിക്കളയാൻ ചെന്നു. അപ്പോഠം മഹാദേവൻ മധുസൂദനന്റെ കൈ പിടിച്ചുഴിച്ചെയ്തു:—'ഹൃഷീകേശ, സാഹസം ചെയ്യരുതേ! പാർവ്വതി പറയുന്നതൊക്കെ എനിക്കു പ്രിയമാണു്; അപ്രിയമല്ല. എനിക്കപ്രിയം ചെയ്യാൻ അങ്ങേ വിചാരിക്കുന്നുണ്ടോ?' വിഷ്ണുഭഗവാൻ വിരമിച്ചു മിണ്ടാതിരുന്നു.

ഉടനെ ഹനുമാൻ ഹരനോടുണർത്തിച്ചു:—'തിരുവുള്ളമുണ്ടാകണം. അടിയന്നു് ഒരു നിഷ്കാമപൂജ പതിവുണ്ടു്; അതിന്നു പോകാൻ കല്പിച്ചു വിടനൽകണം.'

ശിവൻ:—'ആർക്കു പൂജ? ഏവിടെ പൂജ? എന്തു പുഷ്പം? എന്തു പത്രം? ആർ ഗുരു? എന്തു മന്ത്രം? എങ്ങിനെയുള്ള പൂജ?'

ദേവേശ്വരൻ ഇങ്ങിനെ കല്പിച്ചു ചോദിക്കെ, വാനരേന്ദ്രൻ പേടിച്ചു സർവ്വാംഗം വിറച്ചുകൊണ്ടു സ്തുതിപ്പാൻ തുടങ്ങി:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

'കൈതൊഴാമമിതാത്മാവേ, സുമഹാദേവ, ശങ്കര!
ഹേ യോഗിൻ, യോഗധാതാവേ, തൊഴാം യോഗികൾ തൻഗുരോ!
യോഗത്താൽ ഗമ്യനേ, ദേവ, ജ്ഞാനികൾക്കീശനെ, തൊഴാം!
തൊഴാം മറകൾതൻനാഥ! തൊഴാം തേ ദേവനായക!
ധ്യാനമേ, ധ്യാനസംപ്രാപ്യ, ധ്യാതാക്കൾക്കു ഗുരോ, തൊഴാം!
ശിഷ്ടനേ, ശിഷ്ടസംപ്രാപ്യ, പൃഥ്വ്യാദിയ്ക്കീശനേ, തൊഴാം!
അംഭസ്സാദിമറച്ചൊല്ലുകൾക്കധീശ്വരനേ, തൊഴാം!
അതന്നഷേതിവചനപ്രതിപാദിതനേ, തൊഴാം!
അഷ്ടമൂർത്തേ, തൊഴാമങ്ങയ്ക്കുന്നം! പശുപതേ, തൊഴാം!
ത്രിലോചന,ത്ര്യംബകനേ, ചന്ദ്രസൂര്യാഗ്നിലോചന!
ഉമ്മത്തിൻപൂവു തുമ്പപ്പൂകഞ്ഞുണ്ണിപ്രിയനേ, തൊഴാം
ബ്രഹരീപൂഗപുന്നാഗചമ്പകാദിപ്രിയ, പ്രഭോ!
തൊഴാം തൊഴാം തേ ഭഗവൻ! വീണ്ടും വീണ്ടും തൊഴാം തൊഴാം!'

അപ്പോൾ ശിവൻ പറഞ്ഞു:—'പേടിക്കേണ്ടാ; എല്ലാം പറഞ്ഞുകൊൾകെ.'

ഹനുമാൻ:—'ഭസ്മം മേലൊക്കെപ്പൂശി, പകൽ കൊണ്ടുവന്നുവെച്ച ജലപുഷ്പാദികൾകൊണ്ടു ശിവലിംഗം പൂജിക്കണം. തിരുമേനി ശ്രുഭമായ ശിവലിംഗംപൂജാവിധി അടിയൻ കേൾപ്പിക്കാം: വൈകുന്നേരം മേൽ കഴുകി, നനച്ച വസ്ത്രം ഉണക്കിയുടുത്തു രണ്ടുവട്ടം ആചമിച്ചു ഭസ്മമെടുത്ത് ആഗ്നേയസ്നാനം ആചരിക്കണം: ഭദ്ര കയ്യിൽ വെച്ചു, പ്രണവത്തോടുകൂടിയ പഞ്ചാക്ഷരമോ, ഏതെങ്കിലും ഒരു തിരുനാമമൊ ഏഴോ എട്ടോ ഉരു ജപിച്ചിട്ടുവേണം ഭസ്മം തൊടുവാൻ. 'ഈശാനസ്സർവ്വവിദ്യാനാം' എന്നുച്ചരിച്ചു ഭസ്മം ശിരസ്സിലും, 'തൽപുരുഷായ വിദ്മഹേ' എന്ന മുഖത്തും, 'അഘോരേഭ്യോ ഘോരേഭ്യഃ' എന്ന മാറത്തും, 'വാമദേവായ നമഃ' എന്ന ഗുഹ്യസ്ഥലത്തും, 'സദ്യോ ജാതം പ്രപദ്യാമി' എന്ന കാലുകളിലും വിതരുക; പിന്നീട്ട പ്രണവം ഉച്ചരിച്ചു സർവ്വാംഗം പൂശുക. ഈ സ്നാനവിധി ബ്രാഹ്മണക്ഷത്രിയവൈശ്യർക്കുള്ളതത്രേ; ശൂദ്രാദികൾക്കുള്ളതും ഗുരുവുപദേശിച്ചതിൻവണ്ണം പറയാം: 'ശിവ' എന്നു് ഏഴരു ജപിച്ചിട്ട 'ശിവായ നമഃ' എന്ന ഭസ്മം ശിരസ്സിലും, 'ശങ്കരായ നമഃ' എന്ന മുഖത്തും, 'സർജ്ഞായ നമഃ' എന്ന മാറത്തും, 'സ്ഥാണവേ നമഃ' എന്ന ഗുഹ്യസ്ഥലത്തും, 'സ്വയംഭുവേ നമഃ' എന്ന കാലുകളിലും, വിതരുക; പിന്നെ 'നമശ്ശിവായ' എന്ന സർവ്വാംഗോല്ലേപനം ചെയ്യുക.

Digitized By Kerala Sahitya Akademi

ഒടുവിൽ കൈകൊം കഴുകി, ആചമിച്ചു്, ഭർത്തൃകയ്യിലെടുക്കണം: ഭർത്തൃയില്ലെങ്കിൽ സ്വർണ്ണമോ വെള്ളിയോ അവയുമില്ലെങ്കിൽ പയ്യിന്റെ രോമമോ കറുകയോ ആകാം. ഇങ്ങിനെ സശ്രദ്ധം സന്ധ്യാവന്ദനം കഴിച്ചു ഗായത്രി ജപിച്ചു്, ദേവാലയമോ ദേവവേദിയോ പൂജയ്ക്കു നിശ്ചയിച്ചിട്ടുള്ള വെറും നിലമോ പൂകണം. അവിടെ നാലുനിറത്തിലോ വെള്ളനിറത്തിൽ മാത്രമോ വിചിത്രങ്ങളായ പത്മങ്ങളും, സ്വസ്തികങ്ങളും, ഉല്പലഗദാശംഖത്രിശൂലങ്ങളും, കുടംപൂടി, പദ്മപ്രാസാദം, ശിവലിംഗം, കല്പകവൃക്ഷം, കാക്കപ്പുന്നാഗ്, തങ്കോലം, ആറോ രണ്ടോ പന്തിരണ്ടോ കോണുള്ള ചക്രം, ഉഴിഞ്ഞാൽ, മെതിയടികളും, ആലവട്ടങ്ങളും, വെൺചാമരങ്ങളും, കൊടി എന്നിവയെയും ബ്രാഹ്മവിഷ്ണുപാദികളേയും അരിപ്പൊടികൊണ്ടു വരച്ചുണ്ടാക്കണം. ഇതിനു ചെന്നല്പരി ഉത്തമം; കുമ്മനപ്പിന്റേയും കറുത്ത നൂറ്റുത്തും മദ്ധ്യമം; വ്രീഹി (ഒരുതരം നെല്ലു്) യുടേയും ഗോതമ്പിന്റേയും അധമം. പിന്നീടു വടക്കുകിഴക്കോട്ടോ കിഴക്കോട്ടോ തിരിഞ്ഞു പദ്മാസനത്തിലോ സ്വസ്തികാസനത്തിലോ ഇരിക്കണം: ഇരിപ്പാനുള്ളതു ദർഭകൊണ്ടോ തോൽകൊണ്ടോ വസ്ത്രംകൊണ്ടോ കമ്പിളികൊണ്ടോ മരംകൊണ്ടോ കരിമ്പനയോലകൊണ്ടോ സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ ഉണങ്ങിയ ചെപ്പുപ്പാന്നകംകൊണ്ടോ മുളകൊണ്ടോ ആവാം; തോൽ പുലിയുടേതോ കൃഷ്ണമൃഗത്തിന്റേതോ പുള്ളിമാനിന്റേതോ മാനിന്റേതോ ആയിരിക്കണം.

ആസനത്തിൽ ഭർത്തൃം ഭസ്മവുമിട്ടിരുന്നു മൌനംപൂണ്ടു പ്രാണായാമം ചെയ്തു ദേവതാസ്വരൂപത്തെ ഉള്ളിൽ ധ്യാനിക്കണം: ശിരോമദ്ധ്യത്തിൽ പന്തിരണ്ടുവിരൽസ്ഥലത്തു സ്ഥിതനായി സൂക്ഷ്മശരീരനായി സർവ്വഭൂതങ്ങളുടേയും അന്തര്യാമിയായി അണിമാദ്യൈശ്വര്യസമ്പന്നനായി വിശ്വമൂർത്തിയായി സർവ്വാഭരണഭൂഷിതനായിരിക്കുന്ന ശിവനെ ധ്യാനിച്ചു മനസ്സിൽ നിറുത്തി, തേജസ്സു ദേഹത്തിലെല്ലാം നിറയ്ക്കണം. ആ തേജസ്സു ദേഹത്തിലെ പാപത്തെ നശിപ്പിക്കും. രസം തട്ടിയാൽ ഉടച്ചു വെള്ളപ്പാകമല്ലോ. പിന്നീടു പന്തിരണ്ടോ പതിനാറോ അഞ്ചോ മൂന്നോ ഇളങ്കൂറുള്ള പീഠാസനത്തിൽ ശിവലിംഗം വെച്ചു്, ഗുഹാസ്ഥിതനായ മഹേശനെ ആ ലിംഗത്തിൽ സങ്കല്പിക്കണം. മോരിനു നന്നാക്കിയ കൂടത്തിൽ സൌരഭ്യപ്പെടുത്തിയ ശുദ്ധജലം നിറച്ചു സുഗന്ധപുഷ്പങ്ങളുമിട്ടു പ്രണവം ജപിക്കണം. പ്രാണായാമവും പ്രണവവും ശൂദ്രർക്കു പാടില്ല; അതിനുപകരം, ധ്യാനിച്ചു, ശിവശബ്ദം ഉച്ചരിച്ചാൽ

Digitized By Kerala Sahitya Akademi

മതി. ഗന്ധം, പുഷ്പം, അക്ഷതം മുതലായ പൂജാദ്രവ്യങ്ങൾ അടുക്കൽവെച്ച്, 'ഞാൻ ശിവപ്രീതിക്കായി ശിവനെ പൂജിക്കുന്നു' എന്ന സങ്കല്പം അനുഷ്ഠിച്ച് ആവാഹനവും മറ്റും ചെയ്തിട്ട്, നമസ്തേ എന്നു തുടങ്ങുന്ന ശതരുദ്രീയം കൊണ്ട് അഭിഷേകം കഴിക്കണം: വെള്ളം ഇടമുറിയാതെ വീഴുക എന്നതു മുഖ്യധാരയത്രേ; അതു് ഒരുമാസം ഒന്നോ മൂന്നോ അഞ്ചോ ഏഴോ ഒമ്പതോ പതിനൊന്നോ പതിമ്മൂന്നോ പ്രാവശ്യം മന്ത്രപൂർവ്വമായി ചെയ്താൽ മോക്ഷം സിദ്ധിക്കും. ഈ മുഖ്യസ്നാനത്തിനു മന്ത്രം പഞ്ചാക്ഷരം അല്ലെങ്കിൽ വെറും പ്രണവം. മൺപാത്രം, തേങ്ങാമുറി, വസ്ത്രംഞെറി, ഓട്ടുപാത്രം, മുത്തുച്ചിപ്പി, പൂമാല എന്നിവയിൽ ഏതുകൊണ്ടെങ്കിലുമാകാം മുഖ്യസ്നാനം; പൈച്ചെവി മാനിന്റെ കൊമ്പുകൊണ്ടുമാകാം: അതു് അകവും പുറവും വൃത്തിപ്പെടുത്തി കനംകുറച്ചു മിനുസം വരുത്തി കൂഴലാക്കി, തോണിയുടെ ആകൃതിയിൽ പാരം തീർത്തു് അതിൽ ഭർഭൃമിട്ട ജലം ദേവശിരസ്സിൽ ഒഴുക്കണം. മുകളപ്പു യോനിക്കൊത്ത നാഗാകൃതിയായ 'നാഗബന്ധം' നിർമ്മിച്ചു്, അഗ്രത്തിൽ ബന്ധത്തിന്റെ അതിനോടു തുല്യമായ സുഷിരത്തോടുകൂടിയ ചഷകംവെച്ചു്, അതിൽ മറ്റൊരു ചഷകം കൊണ്ടോ ഇടത്തെക്കയ്യുകൊണ്ടുതന്നെയോ വെള്ളമെടുത്തൊഴിച്ചും പാപനാശനമായ മോക്ഷാഭിഷേകം നടത്താം.

ഇങ്ങിനെ ദേവേശനെ പഞ്ചഗവ്യം, പഞ്ചാമൃതം, ത്രിമധുരം എന്നിവകൊണ്ടു വീണ്ടും അഭിഷേചിച്ചു തോർത്തിച്ചു്, തിരുവാഭരണങ്ങളം അണിയിച്ചു്, ആചമനവും വസ്ത്രവും പൂണൂനൂലും നൽകി, പഞ്ചഗന്ധമോ കർപ്പൂരമരുവചന്ദനങ്ങളിൽ ഒന്നുമാത്രമോ ഈരണ്ടെണ്ണം ക്രമേണയോ ലേപനം ചെയ്യണം. കഴിവുണ്ടെങ്കിൽ പീഠം മുഴുവനും സുഗന്ധപൂർണ്ണമാക്കണം. പൂജയ്ക്കു്, അതാതു കാലത്തെ പൂക്കളും, കൂവളത്തില മുതലായ പത്രങ്ങളും. ധൂപത്തിനു വളരെ സാധനങ്ങളാവാം; വെറും ഗുൽഗുലു നെയ്യുചേർത്തു് ധൂപിച്ചാലും മതി. ദീപം പശുവിൻ നെയ്യുകൊണ്ടായിരിക്കണം; അല്ലെങ്കിൽ വെളിച്ചെണ്ണ മുതലായവകൊണ്ടു്. എല്ലാം ശക്തിപോലെ. ഒടുവിൽ മുഖശോധനം നൽകി, താംബൂലം സമർപ്പിച്ചു വലത്തുവെച്ചു നമസ്കരിക്കുക. പൂജ കഴിഞ്ഞാൽ അഞ്ചു ഗീത്യംഗങ്ങളം നടത്തുക: പാട്ടു്, കൊട്ടു്, നൃത്തം, വിജ്ഞാപനം, പുരാണം വായന എന്നിവയത്രേ അഞ്ചു ഗീത്യംഗങ്ങൾ. നീരാജനം, പുഷ്പാഞ്ജലി, സാഷ്ടാംഗം, ക്ഷമാപണം, ഉദ്വാസനം എന്നിവയെ അഞ്ചു കീർത്ത്യുപചാരങ്ങളെന്നു പറയുന്നു. ആതിരണം, കൂട, വെൺചാമരം, ആലവട്ടം, പൂണൂനൂൽ, ദാസ്യം എന്നിവ അറും

Digitized By Kerala Sahitya Akademi

ഈശോപചാരങ്ങൾ. ഈ പതിനാറുംപ്പെടെ മുപ്പത്തിരണ്ടുപചാരങ്ങളോടുക്രൂടി ഒരൊറദിവസം ശിവനെ പൂജിച്ചാൽ സവ് പാപങ്ങളും ക്കും അനുതിവരും. മുപ്പത്തിരണ്ടുപചാരങ്ങളോടുക്രൂടിയ പൂജയത്രേ ഉത്തമോത്തമം.'

ശിവൻ:—'ഇതൊക്കെ ശരിതന്നെ; എന്നാൽ വാനരേന്ദ്ര, നിനക്ക ഞാൻ പൂജ പറഞ്ഞുതരാം: എന്റെ പാദങ്ങളെ പൂജിച്ചിട്ടു മറെറല്ലാ പൂജയും നടത്തിക്കൊൾകം. എന്നെ ആരാധിച്ചിട്ടാവാം ലിംഗപൂജ.'

ഹനുമാൻ:—തിരുമേനി, ലിംഗപൂജയാണ് ഒഴിച്ചുക്രൂടാത്തതായി ഗുരു ഉപദേശിച്ചിട്ടുള്ളത്. അത് ആദ്യം കഴിക്കട്ടെ; പിന്നീടു ത്രു പ്പാദങ്ങളെ പൂജിച്ചുകൊള്ളാം.'

എന്ന്, ദേവനെ വന്ദിച്ചിട്ട് ഹനുമാൻ ശിവലിംഗപൂജയ്ക്കായി സരസ്സിന്റെ തീരത്തേയ്ക്കു നടകൊണ്ടു; അവിടെ മണൽകൊണ്ടു വേദി തീർത്ത് കൈകാലുകൾ കഴുകി ആചമിച്ച്, ഭസ്മസ്നാനം ആചരിച്ചു, വീണ്ടും ആചമനം കഴിച്ചു, വേദിമേൽ ഭംഗിയിൽ പദ്മങ്ങൾ നിർമ്മിച്ചു; പിന്നെ മൌനംപൂണ്ട് കരിമ്പനയോലത്തുക്കിൽ പദ്മാസനത്തിലിരുന്നു പ്രാണായാമം ചെയ്ത്, ന്യാസങ്ങളോടുക്രൂടി ധ്യാനമുറപ്പിച്ച്, ഗുരുവിനേയും ശിവനേയും വണങ്ങി ജപം തുടങ്ങി. അതിനുശേഷം പൂജയ്ക്കാരുങ്ങി: ആവാഹനാദികർമ്മങ്ങൾശേഷം, പിലാശിലക്കുമ്പിളിൽ കൊണ്ടുവന്നിരുന്ന ശുദ്ധജലം മൂന്നുരു മന്ത്രം ജപിച്ചു കമണ്ഡലുവിലാക്കി, അഭിഷേചനത്തിനായി ദേവനെ കയ്യിലെടുത്തു. അപ്പോൾ ലിംഗം മാത്രമേ കണ്ടുള്ളൂ; പീഠം കണ്ടില്ല. അതിൽ ആ മഹായോഗിക്കു വലിയ ഭയംതോന്നി. 'ഞാൻ എന്തപരാധം ചെയ്തുപോയി? എന്റെ കയ്യിൽ ശിവലിംഗമേ ഉള്ളൂ; പീഠമില്ലല്ലോ! പീഠം കൈവരില്ലെങ്കിൽ, ഞാൻ ഇപ്പോൾത്തന്നെ മരിച്ചുകളയും!! ആകട്ടെ, ശതരുദ്രീയം ജപിക്കാം; എന്നാൽ മഹേശ്വരൻ വന്നെത്തും.' എന്നു നിശ്ചയിച്ചു കപീന്ദ്രൻ ശതരുദ്രീയം ജപിച്ചുനോക്കി; എന്നിട്ടും ശിവൻ എഴുന്നള്ളി വന്നില്ല, അതിനാൽ ഹനുമാൻ ലിംഗം നിലത്തുവെച്ചു. തൽക്ഷണം വീരഭദ്രൻ വന്നു ചോദിച്ചു:—'ഭക്ത, നീ എന്തിനു കരയുന്നു? കാരണം പറയുക.'

ഹനുമാൻ:—'ഇതാ ലിംഗത്തിനു പീഠമില്ല. നോക്കു, എന്റെ മഹാപാപം!'

Digitized By Kerala Sahitya Akademi

വീരഭദ്രൻ:—'പീഠമോ, ലിംഗം തന്നെയോ കൈവരാത്തതുകൊണ്ട് നീ സാഹസം ചെയ്യേണ്ട. പീഠം വരികയില്ലെങ്കിൽ ഞാൻ ലോകം ദഹിപ്പിച്ചുകളയും. ലിംഗം എന്നെ കാട്ടുക. പീഠം വരില്ലെന്നോ!'

വീരഭദ്രൻ ലിംഗം നോക്കി; പീഠം വന്നില്ല. അതിനാൽ ആ പ്രതാപവാനായ പ്രഭു ലോകമെല്ലാം ചുട്ടെരിക്കുന്നതിന്നു് അഗ്നിയെ ഭൂമിയിലിട്ടു. അതു ക്ഷണനേരംകൊണ്ടു് ഭൂമിയെ ദഹിപ്പിച്ചു; പിന്നെ ഏഴു പാതാളങ്ങളെ ദഹിപ്പിച്ചു മേല്പോട്ടു പൊങ്ങി, ജനലോകംവരെയുള്ള അഞ്ചുദ്ധ്വലോകങ്ങളേയും ചുട്ടെരിച്ചു. എന്നിട്ടും പീഠം വരായ്കയാൽ, വീരഭദ്രൻ നെറ്റിക്കണ്ണിൽനിന്നു ചെറുനാരങ്ങയോളം തിയ്യു നഖംകൊണ്ടെടുത്തു് ഉള്ളംകയ്യിൽവെച്ചുരചെയ്തു:—'പീഠം വരില്ലെങ്കിൽ, തീച്ചയായും ലോകങ്ങളാകെ വെന്തടിയും!'

അപ്പോൾ സനകാദിമഹർഷിമാർ യോഗത്താൽ വസ്തുതയറിഞ്ഞു്, മഹേശ്വരനെ ദർശിപ്പാനായി ഗൌതമാശ്രമത്തിൽ വന്നുചേർന്നു; എന്നാൽ ദേവാദികളാൽ ഉപാസിക്കപ്പെടുന്ന തന്തിരുവടിയെ ആ ബ്രാഹ്മണർ കണ്ടെത്തിയില്ല. അതിനാൽ അവർ വൈദികസ്തോത്രങ്ങളാൽ ചൊല്ലി സ്തുതിക്കുകയായി:—

(പാഠം)

'ഓമചിന്ത്യസ്വരൂപനായ് ശുദ്ധനാ-
മാ മഹാദേവദേവേശനായ് ത്തൊഴാം!
വേദഗുഹ്യനായ് പ്രാണപൂർണ്ണലെഴു-
മാദിദേവനാം വിശ്വംഭര, തൊഴാം!
ഭൂമിതോയസമീരനഭസ്സുകം,
സോമസൂര്യാഗ്നിഹോതാക്കളിങ്ങിനെ
എട്ടുമെയ്യെഴും ജ്ഞാനൈകഗമ്യനാം
വിഷ്ണുപേശന്നജസ്രം തൊഴാം, തൊഴാം!'

ഈ സ്തുതി കേട്ടപ്പോൾ, ഭഗനേത്രഹരനായ ഭഗവാൻ, 'ആ ബ്രാഹ്മണരെ കൂട്ടിക്കൊണ്ടു വരൂ' എന്നു വിഷ്ണുവിനോടാജ്ഞാപിച്ചു. മാധവൻ അവരെ കൂട്ടിക്കൊണ്ടുപോയി തൃക്കാൽക്കൽ വണങ്ങിയ അവരോടു മഹേശ്വരൻ കല്പിച്ചു ചോദിച്ചു:—'എന്താണ് നിങ്ങൾ വന്നകാര്യം?'

Digitized By Kerala Sahitya Akademi

മുനിമാർ:—'ഭഗവൻ, പന്തിരണ്ടു ലോകങ്ങളും വെണ്ണീറായിക്കഴിഞ്ഞു; ഈ വനം മാത്രം ബാക്കിയുണ്ട്. ഈ ലോകനാശം ഒന്നു തടുക്കണേ പാക്കണേ!'

ശിവൻ:—മുകളിലെ പതിനാലു ലോകങ്ങളും വെന്തിട്ടില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. ഉവ്വെങ്കിൽ, കരിക്കട്ടകളും വീഴുകയോ ഒച്ച പുറപ്പെടുകയോ ചെയ്യാതിരിക്കുമോ?'

മുനിമാർ:—'വീരഭദ്രനിൽനിന്നാണ് ഞങ്ങൾക്കു ഭയം നേരിട്ടിരിക്കുന്നതു്; കരിക്കട്ടകളും പൊഴിഞ്ഞതൊക്കെ അദ്ദേഹം തന്നെ ബാഹുബലത്താലെന്നപോലെ നക്കിക്കളഞ്ഞു!'

ശിവൻ വീരഭദ്രനെ വിളിച്ചു്, 'എന്താണിതെ'ന്നു ചോദിച്ചു. അദ്ദേഹം ഉണർത്തിച്ചു:—'ഹനുമാൻ ലിംഗപീഠം കിട്ടാഞ്ഞതിനാൽ ഇങ്ങിനെ ചെയ്യുവെന്നോ മുതിർന്നു; ആ വാനരനെ ഒന്നു പരീക്ഷിപ്പാനാണ് ഞാനിതു ചെയ്തതു്.'

ഉടനെ ആ കരുണാനിധിയായ ജഗന്മയൻ വെന്തുപോയ ലോകങ്ങളെയെല്ലാം മുമ്പേത്തതിലും ശോഭനങ്ങളാക്കി നിർത്തിയിട്ടു്, വീരഭദ്രനെ പുണ്യ ശിരസ്സിൽ മുകുന്ദ പീഠം കല്പിച്ചുകൊടുത്തു.

പിന്നീടു ശിവപൂജ കഴിച്ച ഹനുമാൻ, വീണയുമായി ആ കാട്ടിൽ നടന്നിരുന്ന ഒരു ഗന്ധർവനോടു്, 'ഈ വലിയ വീണ എനിക്കു തരൂ' എന്നാവശ്യപ്പെട്ടു. 'ഞാൻ തരില്ല; എനിക്കു പ്രാണനെപ്പോലെയാണു് വീണ' എന്നായിരുന്ന ഗന്ധർവന്റെ മറുപടി. 'എനിക്കും പ്രാണനെപ്പോലെയാണ് വീണ' എന്നും പറഞ്ഞു വാനരേന്ദ്രൻ ഗന്ധർവനെ, ഒരിടിയിടിച്ചു വീഴിച്ചു് എഴു കമ്പികളിണങ്ങിയ ആ വമ്പിച്ച വീണ കൈക്കലാക്കി; ഗന്ധർവന്റെ നെഞ്ഞത്തു് ഒരു കൊന്നക്കായയും പുരങ്ങയും എടുത്തുവെച്ചു്, പാട്ടുംപാടി ശിവസന്നിധിയിലേയ്ക്കു തിരിക്കയും ചെയ്തു. എന്നിട്ടു പരിശുദ്ധങ്ങളായ വഴിനടപ്പുകൊണ്ടു പരമേശ്വരനെ പൂജിച്ചു. തന്തിരുവടിയോ, ഹനുമാനു പ്രളയംവരെ മീൽപ്പായുസ്സും സമുദ്രം ചാടാനുള്ള ശക്തിയും വരമായി കൊടുത്തു.

എല്ലാ ആഭരണങ്ങളും അണിഞ്ഞു്, എന്റെ തേജസ്സിനാൽ ദേവകളുടെ തേജസ്സിനെ ലഘൂകരിച്ചു്, പ്രസന്നമൂർത്തിയായി യുവാവായി വാണരുളുന്ന സദാശിവൻ പിന്നീടു ദേവകൾക്കെല്ലാം സമ്മാനംനൽകി: കോടി മഞ്ഞപ്പട്ടൊന്നു കയ്യിലെടുത്തു്, 'ജനാർദ്ദന, ഈ പീതാംബരം

Digitized By Kerala Sahitya Akademi

വാങ്ങിക്കൊൾകെ' എന്നു വിഷ്ണുവിനോടരുളിച്ചെയ്തു; ബ്രഹ്മാവിന്നു ചെന്നുകിൽ കൊടുത്തു; ദേവകർക്കും അസുരന്മാർക്കും മഹർഷിമാർക്കുമെല്ലാം ഇണവസ്ത്രങ്ങൾ സമ്മാനിച്ചു.'

ഇതുകേട്ടു ശ്രീരാമൻ വിലയേറിയ ഒരു ജോടിപ്പട്ടും, സ്വർണ്ണാഭരണങ്ങളും ശംഭുവിന്നു ദാനംചെയ്തു; അതിന്നുശേഷം വളരെ വളരെ മഹർഷിമാരോടും രാജാക്കന്മാരോടും വാനരന്മാരോടും അമാത്യപുരോഹിതന്മാരോടും കൂടി ഭക്ഷണം കഴിച്ചു, ഗൌതമീതീരത്തു സുഖമാംവണ്ണം സ്ഥിതിചെയ്തു, പുരാണതത്ത്വജ്ഞനായ ശംഭുവിനോടാവശ്യപ്പെട്ടു:—'ബ്രഹ്മൻ, എല്ലാ ധർമ്മരഹസ്യങ്ങളും ഇവിടെയുള്ള ശരിക്കറിയാം. ഏതേതു യുഗത്തിൽ എന്തെന്താണു വിശിഷ്ടം എന്നു പറഞ്ഞുതന്നാലും!'

ശംഭു:—'കൃതയുഗത്തിൽ ധ്യാനമാണ് മുഖ്യം. ത്രേതയിൽ യജ്ഞം; ദ്വാപരത്തിൽ പൂജ; കലിയുഗത്തിൽ ദാനവും വിഷ്ണുകീർത്തനവും. എല്ലാ യുഗത്തിലും ഇതെല്ലാം നല്ലതുതന്നെ; എന്നാൽ കലികാലത്തു മനുഷ്യർക്കു മനോമോഹം മൂലം ധ്യാനമുണ്ടാകയില്ല. ധർമ്മത്തിലോ വേദത്തിലൊ സ്മൃതിയിലൊ പുരാണശ്രവണത്തിലൊ യജ്ഞത്തിലൊ സദ്ധാകാരത്തിലൊ ജപത്തിലൊ തീർത്ഥസ്നാനത്തിലൊ സജ്ജനശുശ്രൂഷയിലൊ ദേവാരാധനത്തിലൊ സകലകർമ്മത്തിലൊ ദേവസ്മരണത്തിലൊ—മറു വല്ല പുണ്യത്തിലുമൊ—ബുദ്ധി നില്ക്കുകയുമില്ല. അതിനാൽ, വളരെ സമയംകൊണ്ടു വേണ്ടുന്ന സൽക്കർമ്മങ്ങൾക്കു മനുഷ്യർ അസമർത്ഥന്മാരായിരിക്കും; ദാനം സല്പസമയംകൊണ്ടു നടത്താമല്ലോ. കലിദൂഷിതർക്കു പ്രായശ്ചിത്തമില്ല; ചിലർക്കു പ്രായശ്ചിത്തംകൊണ്ടു പാപം നീങ്ങിയേയ്ക്കാം. യുഗങ്ങളെ അനുസരിച്ചു് അതത്ഥം വിവേചിക്കുക, തനിക്കും മറുള്ളവർക്കും വിശ്വാസം ജനിപ്പിക്കുക, പരബ്രഹ്മത്തെ പ്രകാശിപ്പിക്കുക എന്നിവയാൽ എല്ലാവരിൽ നിന്നും വ്യത്യാസപ്പെട്ടവനത്രെ, പുരാണം വായിക്കുന്ന ബ്രാഹ്മണൻ. അദ്ദേഹത്തിൽ മാത്രം പാപം പറ്റി നിൽക്കുകയില്ല. ചിലർക്കു പുരാണശ്രവണത്താലും പാപം നീങ്ങു. പുരാണങ്ങളിൽ വിശ്വാസം പൂണ്ടു, വായനക്കാരനെ ജ്ഞാതിബന്ധുക്കളെക്കാളെല്ലാം മീതെ ബ്രഹ്മവിദ്യോപദേഷ്ടാവായ ഗുരുവായി കരുതുന്നവൻ ആരോ, അവന്നു സർവ്വപാപങ്ങളും അനുഭവിപ്പെടാതിരിക്കില്ല. ശ്രീശൈലത്തിൽ ചെന്നു മഹേശ്വരനെ പൂജിക്കുക എന്നാലും കലികാലത്തു പാപനാശനമാകുന്നു. ഇതിലേയ്ക്കു് ഒരിതിഹാസം പറയാം; കേൾക്കുക:

Digitized By Kerala Sahitya Akademi

പണ്ട് കലിയുഗത്തിൽ ഗൌതമൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ നാട്ടുപരിപൂർണ്ണനല്ല. പുഷ്ടി എന്നും പശു എന്നും പേരായ അയാളുടെ ഭാര്യമാരെന്നാരും വേദരഹിതർ തന്നെയായിരുന്നു. അവരിരുവരോടുമൊന്നിച്ചു ഗൌതമൻ കൃഷി നടത്തി ധാരാളം പണം സമ്പാദിച്ചു; പിന്നീട് കുറെ ധനധാന്യാദികൾ അടിയറവെച്ചു്, രാജാവിനോടപേക്ഷിച്ചു:—'എനിക്കു വല്ല അധികാര (ഉദ്യോഗ)വും തന്നാൽക്കൊള്ളാം. ഞാൻ കായ്പും കളയില്ല; എന്റെ അനുജന്മാരിരുവരും മിടുക്കന്മാരാണ്.'

രാജാവ്:—'ബ്രാഹ്മണന്നു വൈദികധർമ്മത്തിലാണധികാരം; മറ്റു വല്ലതിലും എടുപ്പെട്ടാൽ ബ്രാഹ്മണ്യം പോയ്പോകും.'

ഗൌതമൻ:—'ഇതു മറ്റു യുഗങ്ങളിലെ ധർമ്മമാണ്; കലിധർമ്മം അങ്ങിനെയല്ല. ബ്രാഹ്മണാദി രാജാക്കന്മാരുടെ ധർമ്മം തന്നെ; എന്നാൽ, വകയില്ലാത്ത ബ്രാഹ്മണൻ അത്രചെയ്താൽ ദോഷമൊന്നുമില്ല. കൃഷി ശൂദ്രരുടെ ധർമ്മമാണല്ലോ; അതു് ആപത്തിലും ബ്രാഹ്മണന്നു പാടില്ല. അതിനാൽ ഞാൻ ക്ഷാത്രധർമ്മംകൊണ്ടുജീവിച്ചുകൊള്ളാം. എനിക്കു നാലു ഗ്രാമങ്ങൾ എന്നെ ഏല്പിക്കുക. ഇവിടെയായാലും, മറ്റു വല്ലേടത്തുമായാലും ക്ഷാത്രധർമ്മമേ എനിക്കു വേണ്ടു.'

'അതുകട്ടെ' എന്നു പറഞ്ഞു് അരചൻ ഏതാനും ഗ്രാമങ്ങൾ അപ്പോഴെന്നെ ഏല്പിച്ചു. എന്നാൽ ഗ്രാമാധികാരം കിട്ടിയതോടുകൂടി, ഗൌതമന്റെ മട്ടു മാറിക്കഴിഞ്ഞു. അയാൾ മാംസം തിന്നാനും മദ്യം കുടിക്കാനും കെടുവാക്കു പറയാനും പരസ്ത്രീകളെ പുണരാനും പരസ്വം പിടുങ്ങുവാനും ക്രൂരന്മാരുടെ ചൂതുകളിപ്പാനും തുടങ്ങി; കലഞ്ഞും (വിഷം തേച്ചു അസ്ത്രംകൊണ്ടു കൊല്ലപ്പെട്ട പക്ഷിമൃഗങ്ങളുടെ മാംസം) കൂടി അയാൾ ഭക്ഷിച്ചുപോന്നു; ജഗദീശനായ ശിവനേയോ വിഷ്ണുവിനേയോ പൂജിച്ചിരുന്നുമില്ല. ഇങ്ങിനെ ക്രമേണ ദുർവൃത്തനായിത്തീർന്ന ഗൌതമനോടു രാജാവു് അരുതാഞ്ഞുപറഞ്ഞു:—'ബ്രാഹ്മണ, ഭവാൻ ബ്രാഹ്മണ്യം വിട്ടു ശൂദ്രനായിത്തീർന്നിരിക്കുന്നു. ഭവാനെ ഞാൻ ഭ്രഷ്ടു കല്പിക്കും.'

ഗൌതമൻ:—'എനിക്കു ബ്രാഹ്മണ്യം വേണ്ട; ഇപ്പോൾത്തന്നെ ശൂദ്രനായിക്കൊള്ളാം. എനിക്കൊരു ബ്രാഹ്മണർ ഊണു കഴിക്കില്ലെങ്കിൽ, അതെനിക്കു നല്ലതാണു്. ഇതൊന്നും സാരമുള്ളതല്ല. ജോലിക്കു ഞാൻ മതി.'

പുഷ്ടിബ്രാഹ്മണൻ ഇപ്രകാരം പറകയാൽ രാജാവു് മൌനം കൈക്കൊണ്ടു. ഗൌതമൻ ശൂദ്രനെപ്പോലെ മാംസം കൂട്ടിയേ ഉണ്ണുകയുള്ളു.

Digitized By Kerala Sahitya Akademi

ന്നായി! ഒരിക്കൽ ആ ദുർവൃത്തൻ രത്നാമണ്ഡപത്തിലിരിക്കുമ്പോൾ, ഒരു ബ്രാഹ്മണൻ ചൊല്ലിയ പദ്യം കേൾക്കുമാറായി. ആയ ഗൌതമന്റെ ഉള്ളിൽ പതിഞ്ഞു.

'പരാൽ പരതരം പൂകും നാരായണപരായണർ;
മഹേശിതാവൈ ദോഷിപ്പോരവിടെച്ചെന്നേ ചെന്നിടാ.'

എന്നായിരുന്ന ആ ശ്ലോകം. അതിന്റെ വ്യാഖ്യാനംകൂടി കേട്ടപ്പോൾ ഗൌതമൻ പൌരാണികനോടു ചോദിച്ചു:—'എങ്ങിനെയുള്ളവനാണ് നാരായണൻ? മഹേശ്വരനും എങ്ങിനെയുള്ളവനാണ്? പരമായ അയനം എന്നു പറഞ്ഞതു് എന്താണ്? ദോഷം എങ്ങിനെയാണ്? പരാപ്പരതരം എന്നതു് എന്താണു്?'

പൌരാണികൻ:— 'സുഖൈകൈകസ്വരൂപമായ ബ്രഹ്മാവിന്റെ സ്ഥാനമാകുന്ന പരം; അതിലും പരതരമത്രേ വിഷ്ണുവിന്റെ സ്ഥാനം. അനശ്വരത്വംമൂലം അതിനെ പരമപദമെന്നു പറയുന്നു. പുരുഷനായ വിഷ്ണു വസിക്കുന്നതാകയാൽ അതുതന്നെ പരമം. നരനിൽ നിന്നു ജനിച്ചതാകയാൽ ജലത്തെ അഭിജ്ഞന്മാർ നാരമെന്നു പറയുന്നു; നാരം അയനമായതിനാൽ നാരായണനെന്നു പേർ വന്നു. തന്തിരുവടിയെ പരമായ അയന (ആശ്രയ)മായി കരുതുന്നവരത്രേ പരായണർ. മഹദാദിതത്ത്വങ്ങൾക്കധീശനും സൂര്യചന്ദ്രാഗ്നിനേത്രനുമായ പാർവതീവല്ലഭനാകുന്ന മഹേശ്വരൻ. ദോഷം എന്നതു പരമാത്മാവായ ഈശ്വരങ്കൽ വൈരം തന്നെ.'

ഇങ്ങിനെ പുരാണജ്ഞൻ പറഞ്ഞതിനെപ്പറ്റി ചിന്തിച്ചുകൊണ്ടു ഗൌതമൻ വീണ്ടും ചോദിച്ചു.—'എന്നേപ്പോലുള്ളവന്ന് എങ്ങിനെ ഗതി കിട്ടും?' പൌരാണികൻ മറുപടി പറഞ്ഞു:—'കേൾക്കുക; ഗതി പറഞ്ഞുതരാം: സർവപ്രകാരേണയും യത്നിച്ചു ശരിക്കു പ്രായശ്ചിത്തം ചെയ്യു; തക്ക സമയത്തു ധർമ്മവും കഴിവുപോലെ അനുഷ്ഠിക്കുക. എന്നാൽ ഭവാനു പാപം നീങ്ങുകയും സൽഗതി കിട്ടുകയും ചെയ്യും. അല്ലെങ്കിൽ പതിവായി പുരാണം മനസ്സിരുത്തി കേൾക്കുക; അല്ലെങ്കിൽ, പിനാകപാണിയായ മഹേശ്വരനേയോ ഭക്തശോകനാശനനായ കേശവൻ തിരുവടിയേയോ പൂജിക്ക. അല്ലെങ്കിൽ, സന്ന്യസിച്ചു ബ്രഹ്മജ്ഞാനം സമ്പാദിക്ക. അതുമല്ലെങ്കിൽ, കാശിക്കു പോവുക; അവിടെ വെച്ചു മരിച്ചാൽ മതി മോക്ഷം കിട്ടാൻ! അല്ലെങ്കിൽ ഗയയിൽ പോയി ശ്രദ്ധയോടേ ശ്രാദ്ധമൂട്ടുക. അല്ലെങ്കിൽ എല്ലാ വേദങ്ങളുടേയും സാരമായി പാപനാശനമായി ഭദ്രപ്രീതികരമായിരിക്കുന്ന ശതരുദ്രീയം നാരംതോ

Digitized By Kerala Sahitya Akademi

രം ഭക്തിയോടെ ജപിക്കുക. അല്പമെങ്കിൽ, ശ്രീകൈലാസത്തിലോ കേദാരത്തിലോ ചെല്ലുക. അതുമല്ലെങ്കിൽ ആണ്ടുതോറും മാഘസ്നാനം കഴിക്കുക. എന്തിനേറെപ്പറയുന്നു? എന്നെന്നും ധർമ്മത്തെ അനുവർത്തിക്കുക. എന്നാൽ ഭവാനു നരകത്തിൽ കിടക്കേണ്ടി വരില്ല.'

ഗൌതമൻ:—'പുരാണവും വിശ്വാസ്യമായ ശാസ്ത്രവും ഭവാൻ ചൊല്ലിക്കേട്ടിട്ടു വേണം എനിക്ക് എല്ലാം ചെയ്യാൻ. വർജ്ജ്യം എന്തൊക്കെയാണെന്നു പറഞ്ഞുതരിക.'

പൌരാണികൻ:—'മാംസം, മദ്യം, പരസ്ത്രീഗമനം, ചൂതുകളി, മേനിയും ഭോഷ്ക്കും പറയൽ, പാരുഷ്യം, കളവു്, വേദങ്ങളേയും ദേവകളേയും ഗുരുപിതൃവൃദ്ധരേയും പുരാണ ധർമ്മശാസ്ത്രങ്ങളും ചൊല്ലുന്നവരേയും നിന്ദിയ്ക്കൽ എന്നിവ വർജ്ജ്യങ്ങളാകുന്നു. വെൺചൊറുവഴുതിന, തവരാമ്പരൽ, ചുരങ്ങ, താളിമാതളങ്ങ, കയ്നു്, ലോഹിതം, (ചുകന്ന വസ്തു) ജന്തുക്കളുടെ കൊമ്പു്, ചോനകച്ചുപ്പു്, നാളികേരം, കമ്പളങ്ങ, മന്താരക്കായ, എണ്ണയിൽ പചിച്ചതു്, മുലപ്പാൽ, വാർശ്ശ്രീണസ (ഒരുതരം വെള്ളത്ത അരി) പ്പാൽ, പെറാ പുലകഴിയാത്ത പയ്യിന്റേയും കുട്ടി ചത്ത പയ്യിന്റേയും ചിനയുള്ള പയ്യിന്റേയും പാൽ, ഒട്ടകപ്പാൽ, ഒറക്കുള്ളനു ജന്തുക്കളുടെ പാൽ. മാനിൻപാൽ, ആട്ടിൻപാൽ, കുറിയാട്ടിൻപാൽ, ഉപ്പുചേർത്ത പാൽ എന്നിവയും വർജ്ജിക്കണം. ഇളന്നീർവെള്ളം ഓട്ടുപാത്രത്തിലും തേൻ ചെമ്പുപാത്രത്തിലും ഇരുമ്പുപാത്രത്തിലും, മോർ മെഴുപ്പാത്രത്തിലും അരുതു്; തെരിൽ നനച്ച മലർപ്പൊടിയിൽ നെയ്യു പുരട്ടരുതു്. പരലോകശ്രേഷ്ഠിയായ പണ്ഡിതൻ മൺപാത്രത്തിൽ ഹോമദ്രവ്യവും വെള്ളിപ്പാത്രത്തിൽ പുരോഡാശവും വെയ്ക്കരുതു്. പാത്രത്തിന്റെ അകം പൂശികുക', അതിൽ ഉണ്ണൽകഴിക്കുക, ഓറിലയും അടയ്ക്കയും തിന്നുക എന്നിവയും പാടില്ല. പാൽകൊണ്ടുള്ളതിൽ ഉപ്പിടരുതു; കയ്പുപ്പും പാടില്ല. സിന്ധു. സൌരാഷ്ട്രം, കാംബോജം, മഗധം, സിംഹളം എന്നീ രാജ്യങ്ങളിൽ ഉപ്പുചേർത്ത പാലുംകൊള്ളാം; മറുരാജ്യങ്ങളിൽ ഏതു പാലും ഉപ്പുചേർന്നാൽ, ദുഷിച്ചുപോകും. ഏറെപ്പറയാനില്ല: സജ്ജനങ്ങൾ നിന്ദിച്ചതൊക്കെ വർജ്ജിച്ചുകൊള്ളണം.'

ആ മഹാത്മാവായ ബ്രാഹ്മണൻ ഇപ്രകാരം പറഞ്ഞു വിരമിച്ചപ്പോൾ ഗൌതമൻ സപര്യാഹത്തിലേയ്ക്കു പോന്ന ദുഃഖത്തോടെ വിചാരം തുടങ്ങി:—'രാത്രിയൊ പകലോ മരണം എന്നു മഹാത്മാക്കൾ അറിഞ്ഞുകൂടാ. പരലോകത്തിൽ സുഖദുഃഖങ്ങൾ ഇഹത്തിലേ കർമ്മ

Digitized By Kerala Sahitya Akademi

മനസ്സരിച്ചിരിക്കും. കൃമികീടമനുഷ്യാദികളിൽ സുഖദുഃഖങ്ങൾ വേറെ വേറെ കാണപ്പെട്ടുന്നുണ്ടല്ലൊ; അതിനാൽ ജീവികൾക്കെല്ലാമുള്ള കർമ്മ വ്യത്യാസം സ്പഷ്ടംതന്നെ. ഒരു പ്രാണിക്കും ഒരേതരത്തിലല്ലതാനും അവസ്ഥ: ജനിക്കുമ്പോൾ വലിയ ജ്ഞാനം; ശൈശവത്തിൽ ജ്ഞാനം കുറയുന്നു; കാലിടറുന്ന ബാല്യത്തിൽ ജ്ഞാനം വീണ്ടും കുറയുന്നു; കൌമാരത്തിൽ കളിമാത്രം; യൌവനത്തിൽ വിഷയസക്തി; യൌവനം നിലച്ചാൽ ധനം സമ്പാദിപ്പാനുള്ള ആഗ്രഹമായി; വാർദ്ധക്യത്തിൽ ഭോഗതൃഷ്ണ വർദ്ധിക്കുന്നു; ഭുജിപ്പാൻ ശേഷിയുണ്ടാകയുമില്ല! കണ്ണിൽ പീള, വായ്ക്കനിന്ന കഫാദ്യാഴികൾ, പുളി, നര, വിറ, ഏങ്ങം, മൂമ മുതലിവ പുതുതു ഇന്ദ്രിയശക്തി കുറയിച്ച വൃദ്ധൻ വല്ല തുമൊന്നോർപ്പാൻ വയ്യാത്തവനും ഒന്നുമറിഞ്ഞുകൂടാത്തവനുമായിത്തീരുന്നു; അവൻ, പരസ്ത്രീകൾ കാണ്കെ വസ്ത്രം നീക്കി ഗുഹ്യസ്ഥാനവും ആസനങ്ങളും പൊറിഞ്ഞുകാണിച്ചിരിക്കും; അള്ളകളാട്ട തട്ടിക്കുറും; ഉണ്ണാനിരുന്നാൽ കഫാദിമൂലം ഒരുരുള ചോറും ഇറക്കാൻ വയ്യാതാകും; മൂമയുന്നതോടുക്കുടി, ആധ്മോവായു വിടുന്നതും കേൾക്കാം; പോരെങ്കിൽ മലകഫങ്ങളും വെള്ളിയുടെ വാട്ടം. അപ്പോൾ പുത്രഭാര്യയും മറ്റും ശകാരിക്കും; കുട്ടികൾ കൈകൊട്ടിച്ചിരിക്കും. കിഴവനല്ലേ എന്നോർത്തു വീണ്ടും ഉണ്ണാനിരുത്തിയാൽ, അവൻ വളരെനേരം പോറി നും മറും കാറും പറയുകയായി!' വീണ്ടും ഗൌതമൻ വിചാരിച്ചു:— 'ചെയ്ത ദുരിതം ചെയ്തവനായ ഞാൻ എങ്ങിനെ ഉണ്ണും? എങ്ങിനെ ഉറങ്ങും? എങ്ങിനെ ഇരിക്കും? എങ്ങിനെ നടക്കും? പരലോകത്തിലെ സ്ഥിതി എന്തായിരിക്കും?'

ഇതുതന്നെ നിരന്തരം ചിന്തിച്ച് ആകുലനായിരുന്ന ഗൌതമൻ ആ പൌരാണികദ്വിജന്റെ ഗൃഹത്തിൽച്ചെന്ന്, ലജ്ജയാൽ തല താഴ്ത്തുനിന്നു, 'ഞാൻ നിന്നോടു ചോദിക്കുന്നുണ്ട്' എന്നു പോതിച്ചു. അദ്ദേഹം മുപടിയൊന്നും പറയാതെ, 'ഇന്ദ്രാദി പാപിയാണെ'ന്നു കണ്ടു, ശിഷ്യനെക്കൊണ്ട പുറത്താക്കിക്കുകയാണ് ചെയ്തത്. ഗൌതമൻ പുറത്തേയ്ക്കുപോന്ന പടിയ്ക്കൽ ഇരിപ്പായി. വെറും നിലത്തിരിക്കുന്നതു കണ്ടപ്പോൾ, പൌരാണികൻ ഒരു മട്ടിൽ അടുത്തുചെന്ന് ഒരു പീഠം ഇട്ടുകൊടുത്തു. എന്നാൽ ഗൌതമൻ അതിന്മേൽ ഇരുന്നില്ല; നിലത്തുതന്നെ ഇരുന്ന പൌരാണികനോടു പറഞ്ഞു:—'ഞാൻ പ്രായശ്ചിത്തം കഴിക്കാം; അത് ഇവിടത്തന്നെ നടത്തിത്തരണം!'

പൌരാണികൻ:—'അറിയാതെയെങ്കിലും ചെയ്തുപോയ പാപങ്ങൾ ഉറക്കെപ്പറയുക.'

Digitized By Kerala Sahitya Akademi

'ഞാൻ ചെയ്യാത്ത പാപമില്ല' എന്നംപറഞ്ഞു ഗൌതമൻ, 'അയ്യോ, അച്ഛാ!' എന്നിങ്ങിനെ സങ്കടപ്പെട്ടു കരഞ്ഞുംകൊണ്ടും നിലത്തു പതിച്ചു. അപ്പോൾ പൌരാണികൻ അഭിപ്രായപ്പെട്ടു:—'മാപാപം മൂന്നരു ചെയ്തുകഴിഞ്ഞിട്ടു വീണ്ടും ചെയ്തുപോയി എങ്കിൽ, പ്രായശ്ചിത്തമില്ല തന്നെ.'

ഗൌതമൻ:—'മഹാഭാഗനായ പൌരാണികദ്വിജോത്തമ, അങ്ങയെ കണ്ടെത്തിയിട്ടും ഞാൻ പാപനിർമ്മുക്തനാകില്ലെന്നൊ? സജ്ജനസംസർഗ്ഗം വെറുതേ പോകയോ?'

പൌരാണികൻ:— 'ഒട്ടില്ലാവകയും പ്രായശ്ചിത്തനിർണ്ണയത്തിൽ ശാസ്ത്രമാണു് പ്രമാണം; അതു വിട്ടു വല്ലതും പറഞ്ഞാൽ പ്രായശ്ചിത്തമാകയില്ല. ഒരിക്കൽ പാപംചെയ്താൽ ഒരുരു പറയുക; രണ്ടാമതു ചെയ്താൽ രണ്ടും; മൂന്നാമതു ചെയ്താൽ മൂന്നും. നാലാമത്തതിന്നു പ്രായശ്ചിത്തമില്ല. ഭവാൻ നാലാമതും പാപം പലതരത്തിൽ ചെയ്തിരിക്കുന്നു; ഭവാനെപ്പോലുള്ളവന്നു പ്രായശ്ചിത്തം വിധിക്കുന്നതിന്നു ഞാൻ എങ്ങിനെ ആളാകും?'

ഗൌതമൻ വീണ്ടും, 'എന്നാൽ ഞാൻ എവിടെ പോകേണ്ടു' എന്നു ചോദിച്ചു; രാമ, പൌരാണികദ്വിജൻ മിണ്ടാതിരുന്നതേ ഉള്ളു.

ഗൌതമൻ പിന്നീടു മഹത്തായ ശ്രീശൈലത്തിലേയ്ക്കു തന്നെ നടകൊണ്ടു; അവിടെ നദിയിൽ സ്നാനംകഴിച്ചു മല്ലികാർജ്ജുനമഹേശ്വരനെ ദർശിച്ചു മൂന്നാറം ഉപവസിച്ചു. നാലാംനാൾ ശിവരാത്രിയായിരുന്നു; അന്നും വളരെ പണിപ്പെട്ടു് ഉപവാസം അനുഷ്ഠിച്ചു; അമാവാസിയിൽ ഫലമൂലങ്ങൾകൊണ്ടു പാരണയും കഴിച്ചു. അതിന്നു ശേഷം, നന്നെ മെലിഞ്ഞിരുന്ന അയാൾ ശ്രീശൈലത്തെ വലത്തുവെച്ചു, ചിന്തയാൽ നെടുവീർപ്പിട്ടുംകൊണ്ടു സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. 'ഒന്നും ചെയ്യാതിരുന്നാൽ എനിക്കെങ്ങിനെ പാപം നീങ്ങും? അനന്തവും അചിന്ത്യവുമായ എന്റെ വന്പിച്ച മാപാപം കേട്ടിട്ടു്, ആരും പ്രായശ്ചിത്തം പറഞ്ഞുതരുന്നില്ലെതാനും! ഒട്ടുള്ള പുരാണം ശ്രവിച്ചാലാണു് അതു മനസ്സിലാവുക?' എന്നിങ്ങിനെ ആലോചിച്ചു ഗൌതമൻ വീണ്ടും പുരാണജ്ഞനോടാവശ്യപ്പെട്ടു:— 'ഭോ, ഒരു പുരാണം എന്നെ കേൾപ്പിച്ചാലും: അത്യം ഒന്നിനിക്കു ജാതകമ്മാദി സംസ്കാരങ്ങളം നടത്തുക. ഞാൻ ദ്വിജനായിട്ടു പുരാണം ശ്രവിക്കട്ടേ; പിന്നീടു പ്രായശ്ചിത്തവും ചെയ്യാം. എന്തു പുരാണമാണു നല്ലതു്? പുരാണത്തീർപ്പറിഞ്ഞിട്ടു ഞാൻ കഴിയുന്നതു ചെയ്തുകൊള്ളാം.'

Digitized By Kerala Sahitya Akademi

പൌരാണികൻ:—'പാപനാശനമായ ഒരു പുരാണം ഞാൻ അറിവും കഴിവുമുള്ളതുപോലെ കഥാവിധി വിശ്രുതനായി വായിക്കാം. എന്നാൽ, ഏതു പുരാണമാണ് അങ്ങയ്ക്കിഷ്ടം?'

ഗൌതമൻ:—'എല്ലാ പുരാണവും എനിക്കിഷ്ടം തന്നെ; എന്നാൽ, യാതൊന്നു ശ്രവിച്ചാൽ വിഷ്ണുശിവന്മാരിൽ ഭേദബുദ്ധി തോന്നുകയില്ലയോ, അതു വായിച്ചുകേൾപ്പിച്ചാലും.'

പൌരാണികൻ:—വിഷ്ണുശിവന്മാക്ക് അഭേദം പ്രതിപാദിക്കുന്നതാകുന്നു ക്രമ്മപുരാണം; ഒന്നാമതായി അതു ശ്രവിച്ചാൽ പാപശാന്തി വരും. എന്നാൽ വായിക്കുന്ന ബ്രാഹ്മണന്നു് ഇടയ്ക്കു മുടക്കം വന്നേയ്ക്കാം. ഭാഗ്യമരിച്ചാൽത്തന്നെയും ശ്രവണം മുടക്കരുതു്. ഒരു നിബ്ബന്ധംക്രൂടി വേണ്ടതുണ്ടു്: വായിക്കുന്നവനെ നിന്ദിക്കരുതു്; ആചാരങ്ങളേയും കർമ്മമോക്ഷാദികളേയും കാട്ടിത്തരുന്ന ധന്യനായ വായനക്കാരനിൽ പ്രീതി തോന്നേണ്ടതാകുന്നു, അവനാ ധർമ്മവും ദേവകളും വെളിപ്പെടും; ശിവമാധവന്മാർ പ്രസാദിച്ചു് ഇഷ്ടഫലം നൽകും; പിതൃക്കൾ കരയേറി പരമഗതിയടയും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമസംവാദം, ഗൌതമകൃതശിവപൂജാദിവർണ്ണനം എന്നൂറിപ്പത്താമദ്ധ്യായം.

(൦)

ഒരുന്നൂറിപ്പതിനൊന്നാമദ്ധ്യായം.

ശ്രീരാമൻ:—'ദ്വിജോത്തമ, എങ്ങിനെയാണ്, പാപംനിറഞ്ഞ ബ്രാഹ്മണാധമനെ പൌരാണികൻ ചൊല്ലിക്കേൾപ്പിച്ചതു്?'

ശംഭു:—'കാകുൽസ്ഥ, അധ്യാപനാധ്യയനങ്ങൾമൂലം സഹവാസം ഉണ്ടായിവരുന്നു; ഓരാണ്ടു സഹവസിച്ചാൽ പാപിയുടെ പാപം നീങ്ങും. എല്ലാ തത്ത്വപദാർത്ഥങ്ങളും അറിഞ്ഞ പൌരാണികനോടു സംസർഗ്ഗമുണ്ടായാൽ, വളരെ വളരെ പാതകങ്ങളാൽ സംഭവിച്ച ദോഷംക്രൂടി, അളിക്കത്തുന്ന തീയ്യിൽ മരക്കൂട്ടമെന്നപോലെ ദഹിച്ചുപോകും. പാറാവിളക്കിനെയല്ലാതെ തീയ്യിനെ കെടുപ്പാൻ അളാകില്ലല്ലോ; അതുപോലെ പാപിസംസർഗ്ഗം പൌരാണികനു ദോഷം വരുത്തുകയില്ല. ഭൂതങ്ങളും മറ്റും ബാധിച്ച മനുഷ്യരിൽനിന്നു് അവയെ ഒഴിപ്പിക്കുന്ന

Digitized By Kerala Sahitya Akademi

മാന്ത്രികന്നു വല്ല ബാധയും പറ്റിയിട്ടുണ്ടോ? അപ്രകാരം പൌരാണികനെ പാപം ബാധിക്കുകയില്ല. പൌരാണികൻ അന്യപാപത്തെയും തന്റെ പാപത്തെയും—തന്റെ മറ്റു വലിയ ദുഷ്കർമ്മത്തെത്തന്നെയും—നശിപ്പിക്കുന്നു.

ശിവങ്കലും വിഷ്ണുവിങ്കലും സമബുദ്ധിയായി വിവേകവാനായി ലൌകികങ്ങളെ ഛേദിക്കുകയും ജ്ഞാനിയായി ശത്രുമിത്രീയം ജയിക്കുന്നവനായി നിസ്പൃഹനായി തൃപ്തനായി ശാന്തനായി ക്രിയാകുശലനായി പുരാണജ്ഞനായിരിക്കുന്ന ഭഗവാൻ വസിഷ്ഠമഹർഷിയെ ഭവാൻ അയോധ്യയിൽ വാഴിച്ചിരുന്നുവല്ലോ; ആ ജിതേന്ദ്രിയൻ വളരെ വർഷങ്ങൾ ചെയ്ത ഭൂമണ്ഡലത്തെയെല്ലാം രക്ഷിച്ചുപോന്നു. അങ്ങിനെയിരിക്കെ, രാക്ഷസൻ ശുക്രന്റെ ഉപദേശത്താൽ, 'ഞാനിനെ തേടുമ്പോൾ കൊല്ലാം; അല്ലാതെ രക്ഷയില്ല' എന്നറിഞ്ഞ് അങ്ങയുടെ അടുക്കലെത്തി. ഇതു ഭവാനെ ധരിപ്പിക്കുന്നതിനായി വസിഷ്ഠൻ അറിഞ്ഞു. ഉടനെ ആ ബ്രഹ്മർഷി 'നിദ്രയിലോ പ്രമാദത്തിലോ കാലപ്രാപ്തനെ ആ ബ്രഹ്മരക്ഷസ്സു കൊന്നുകളയും; അതു ഞാൻ തടുക്കേണ്ടിയിരിക്കുന്നു' എന്നോർത്ത് ഒരു ദൈന്യത്തോടുംകൂടെ പുറപ്പെട്ടു. എന്നാൽ മരണമില്ലാത്ത ആ രാക്ഷസനെ വധിപ്പാൻ മുനിശക്തനായില്ല. അതിനാൽ അദ്ദേഹം ഒരു രാക്ഷസന്റെ വേഷം ധരിച്ച് അവനോടു ചോദിച്ചു:—'എന്തിനാണ്, ഭവാൻ ഈ മുനിവനത്തിൽ വന്നതു?' അതുകൻ മറുപടി പറഞ്ഞു:—'രാജാവു രാക്ഷസരെ കൊന്നുകളഞ്ഞു; അവരെ കൊല്ലാനാണ് എന്റെ ശ്രമം.' അപ്പോൾ മഹർഷി പറഞ്ഞു:—'അയാൾ ജീവിച്ചിരുന്നാലെന്തു്, ചത്താലെന്തു്? വേണമെങ്കിൽ, എന്റെ മാംസം തിന്നു യുദ്ധംചെയ്തു ജയിച്ചുകൊൾക.'

രാക്ഷസൻ:—'രാക്ഷസനായ നിന്നെ ഞാനെങ്ങിനെ തിന്നും?'

ഉടനെ വസിഷ്ഠൻ മന്ത്രോദകം തൂകിത്തൂകി ആകാശത്തായിനിന്ന രാക്ഷസന്റെ തലയിൽ ഇട്ടു, അവനെ മുഷ്ടികൊണ്ടിടിച്ചു. രാക്ഷസൻ വസിഷ്ഠനേയും ഇടിച്ചു. രണ്ടുപേരും മുന്നും പിന്നുമായി ഓടി സമുദ്രത്തിലിറങ്ങി തൽക്ഷണം അവിടെയുണ്ടായിരുന്ന ഒരു മുതല രാക്ഷസനെ പിടിച്ചുതിന്നു; വസിഷ്ഠൻ അയോദ്ധ്യയിലേയ്ക്കു തിരിച്ചു, മുമ്പത്തെപ്പോലെ വാഴുകയും ചെയ്തു.

അതിനാൽ നിർമ്മത്സരനായ പുരാണജ്ഞൻ വേണ്ടതു ചെയ്യുന്നതാകും. വെളുത്ത പക്ഷത്തിൽ നല്ല തിഥിയും നാളും കരണവും ലഗ്നവും നോക്കി വേണം പുരാണം വായനയുടങ്ങിക്കാൻ; കൃഷ്ണപക്ഷത്തിലും

Digitized By Kerala Sahitya Akademi

ഗ്രഹണത്തിലും മറ്റും പാടില്ല. നാസ്തിക സമീപത്തുവെച്ചും അരുത്. സ്ഥലഗ്രഹം, സ്ഥലവേദി, മഠം, നദീതീരം, ദേവാലയം, സഭാമണ്ഡപം, രത്നപീഠം, സൽക്കമ്മശാലകം എന്നിവയിൽ എവിടെയെങ്കിലും വെച്ചാവാം. ആദ്യം ബ്രാഹ്മണശ്രേഷ്ഠരെ—വിശേഷിച്ചും വായനക്കാരനെ—വണങ്ങി ആസനങ്ങളിലിരുത്തണം: പുരാണജ്ഞനു മറെല്ലാവരുടേതിനെക്കാളും പൊക്കമുള്ള ആസനം ഏർപ്പെടുത്തി, അദ്ദേഹത്തോടു, 'ധർമ്മാസനത്തിൽ സ്ഥിതിചെയ്താലും' എന്നു സൌമ്യമായി പറയണം. വായന തുടങ്ങുന്ന ദിവസം വായനക്കാരനു നേരിയ കോടിവസ്ത്രങ്ങളും കരകണ്ഠാഭരണങ്ങളും പാത്രങ്ങളും ആസനങ്ങളും ദാനംചെയ്തു, ഗന്ധപുഷ്പാക്ഷതങ്ങൾകൊണ്ടു പൂജിച്ചു, താംബൂലവും നൽകണം. വായനക്കാരൻ ശുക്ലാംബരധരനായി ശശിവർണ്ണനായി ചതുർഭുജനായി പ്രസന്നമുഖനായിരിക്കുന്ന വിഷ്ണുവിനെ സർവ്വവിഘ്നോപശാന്തിക്കായി ധ്യാനിക്കണം; സദസ്യരെ ആദരിക്കണം; ഓം നമഃ എന്ന മന്ത്രത്തോടെ ഗണേശനോടു പ്രാർത്ഥിക്കണം; സരസ്വതിയെ സ്തുതിക്കണം. ഇങ്ങിനെ പ്രാതഃകാലത്തു വായന തുടങ്ങണം. തുടങ്ങിയദിവസം മൂന്നോ അഞ്ചോ പത്തോ ശ്ലോകങ്ങൾ വായിച്ചാൽ മതി; രണ്ടാം ദിവസം അതിലിരട്ടി; മൂന്നാംദിവസം അതിലുമധികം. ഒരു ദിവസവും മുടങ്ങാതെ ഭവണം വായനയും കേൾക്കലും. വായന നിറുത്തിയാൽ, പൌരാണികഗുരുവിനു താംബൂലവും മറ്റും നൽകണം. ഇങ്ങിനെ പുരാണശ്രവണം നാൾതോറും അനുഷ്ഠിക്കണം. വ്രതം കൈക്കൊണ്ടു പുരാണം ശ്രവിപ്പാൻ തുടങ്ങിയാൽ, ആ പുരാണം തീർച്ചയായും അവിടെ സന്നിധിചെയ്യും! ഒരുനാൾ പുരാണത്തിലെ ഒരു ശ്ലോകം ശ്രദ്ധയോടെ ശ്രവിച്ചാൽ, അന്നേത്തെ പാപം നശിക്കും; സംശയമില്ല.

ഈ വിധത്തിൽ പുരാണം ശ്രവിക്കുന്നവനു ബ്രഹ്മഹത്യ, സുരാപാനം, കനകസ്തേയം, ഗുരുതല്പഗമനം എന്നീ പാപങ്ങൾപോലും വിട്ടൊഴിയും. മുൻജന്മങ്ങളിലും ഇജ്ജന്മത്തിലുമായി പല നൂറായിരുകോടി ചെയ്തുവെച്ച മറ്റു പാപങ്ങളും പുരാണപാഠശ്രവണങ്ങളാൽ നിശ്ശേഷം നശിക്കും. കലികാലത്തു ബ്രാഹ്മണരിലാർക്കും സർവ്വജ്ഞതപമുണ്ടാകില്ല; അതിനാൽ അർത്ഥം പറയൽ ശരിയായില്ലെങ്കിൽത്തന്നെയും, ദാനകർമ്മമെന്നപോലെ ഫലപ്രദമായിരിയ്ക്കും. പുരാണങ്ങളുടെ അന്തരാർത്ഥം വ്യാസനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ; എന്നാൽ, വ്യാസനെക്കാളും ബ്രഹ്മാവിനെക്കാളും ക്രുദ്ധതലായി എനിക്കറിയാം. കലികാലത്തു, സ്വാധ്യായമോ തപസ്സോ മന്ത്രമോ ഹോമമോ പുരാണശ്രവണംപോലെ ഫലപ്പെടുകയില്ല. ഓരോ പുരാണം ശ്രവിച്ചാൽത്തന്നെ, മഹത്തായ

Digitized By Kerala Sahitya Akademi

പാപഹരണം ശ്രീശൈലവാസത്താലെന്നപോലെ അനുതിപ്പെടും. അതിനാൽ പാപഹരണനായ പൌരാണികഗുരുവിനെ ശ്രോതാവു വന്ദിച്ചു കൊള്ളുണം: അദ്ദേഹത്തെക്കാൾ മീതെ ഗതിപ്രദനായ ഒരു ഗുരുവില്ല! സർവ്വശാസ്ത്രജ്ഞന്മാരാകട്ടേ, വേദശാസ്ത്രജ്ഞന്മാരാകട്ടേ, എല്ലാ അറിവും തരാൻ ശക്തരാകയില്ല; അതിനാൽ അവർ ജ്ഞാനപ്രദരല്ല. ബ്രഹ്മരക്ഷസ്സുകൾ എന്ന പിശാചുക്കളിൽ മിക്കപ്പോൾക്കും വേദമന്ത്രങ്ങൾ അറിയാം; പുരാണം അറിഞ്ഞുകൂടാ. പുരാണം പഠിക്കാതെ അതുകൊണ്ടും എല്ലാം അറിയാറാകയില്ല. അതുകൊണ്ടു, പാപഹരണം പൌരാണികൻ തന്നെയാണ് മീതെ. അദ്ദേഹത്തെ പൂജിച്ചാൽ സർവ്വപൂജയായി; അദ്ദേഹത്തെ ദ്രോഹിച്ചാൽ സർവ്വദ്രോഹമായി! എല്ലാ ദാനങ്ങളിലും മീതെയാണല്ലോ വിദ്യാദാനം; അതുപോലെതന്നെ മഹാഫലമാകുന്ന പൌരാണികനു ചെയ്യുന്ന ദാനം.'

ശ്രീരാമൻ:—'പൌരാണികനു് എന്തു്; എത്ര, എങ്ങിനെ ദാനം ചെയ്യണം? എങ്ങിനെയുള്ള പുരാണത്തെയും പുരാണജ്ഞനേയും വർജ്ജിക്കണം?'

ശംഭു:—'ആറു രസംചേർന്ന അന്നപാനങ്ങളും സ്നേഹദ്രവ്യങ്ങളും ഗൃഹവും ഗൃഹോപകരണങ്ങളുമെല്ലാം വേണ്ടുവോളം പൌരാണികനു കൊടുക്കണം; എറെക്കൊടുത്താൽ ഫലം എറും. പണം, അഴകുള്ള മൃദുവസ്ത്രം, തക്ക ആഭരണങ്ങൾ എന്നിവയും യഥാശക്തി ദാനം ചെയ്യണം. ഗന്ധപുഷ്പങ്ങൾ, അല്പമ്കിൽ വെറും ഗന്ധവും പുഷ്പവും, ഫലകാലത്തു ഫലങ്ങൾ, താംബൂലം എന്നിവ നാൾതോറും കൊടുത്തു ഭക്തിപൂർവ്വം നമസ്കരിക്കണം. വായന കാലംകൂടുമ്പോൾ എറെറ്റാനങ്ങൾ ചെയ്യണം—ഭൂമി, സ്വർണ്ണം മുതലായവ കൊടുക്കണം; വെറുതേ ഇടങ്ങിപ്പുവസാനിപ്പിച്ചാൽ പോരാ. സഭയിലാണെങ്കിൽ ഒരാൾ പൂജിച്ചാൽ മതി; ദേവാലയത്തിലോ തീർത്ഥത്തിലോ മറു പുണ്യസ്ഥലങ്ങളിലോ ആണെങ്കിൽ എല്ലാവരും യഥാശക്തി പൂജിക്കണം.

ഇനി വർജ്ജിക്കപ്പെടേണ്ട പൌരാണികനെ പറയാം: കുലഹീനൻ, മഹാരോഗി, മഹാപാപി, തിരസ്കൃതൻ, ശൌചാചാരരഹിതൻ, വേദവും സ്മൃതിയും പഠിക്കാത്തവൻ, നാസ്തികൻ, വാക്കു നന്നല്ലാത്തവൻ, അവയവങ്ങൾക്കു കൃത്തതലോ കുറവോ ഉള്ളവൻ, വിരൂപൻ, അന്യഭാര്യയെ വേട്ടവൻ, ചോരൻ, പ്രാണിദ്രോഹി എന്നിവരെക്കൊണ്ടു് വായിപ്പിക്കരുതു്. പുരാവേദികളും ഞാനും വ്യാസാദി മാമുനിശ്രേഷ്ഠന്മാരും ചൊല്ലിയ പുരാണം എടുത്തോ അതു വേണം വായിക്കുക. പുരാണത്തിലെ ശ്ലോകം വായിച്ചു്, അർത്ഥം ആലോചിച്ചു്, അതാതു ദേശത്തിലെ ഭാഷയിൽ അർത്ഥം പറയണം; ശ്ലോകം ദേശഭാഷയിൽ നിർമ്മിക്കപ്പെട്ടതാ

Digitized By Kerala Sahitya Akademi

കരുത്: അതു കേട്ടിട്ട് ഒരു ഫലവുമില്ല. വ്യാഖ്യാനം ഏതുഭാഷയിലു മാകാം. രാജാവേ, ഭവാന വേണമെന്നണെങ്കിൽ ഏതെങ്കിലും ഒരു പു രാണം ഞാൻ വായിക്കാം.'

ഗൌതമൻ ആ മഹാത്മാവായ പൌരാണിക ബ്രാഹ്മണന്ന മൂ ന്ന വസ്ത്രം നൽകി, ആദ്യം കൂർമ്മപുരാണം വായിപ്പിച്ചു; അതു കഴിഞ്ഞ പ്പോൾ അധികം സ്വർണ്ണവും നല്ല വസ്ത്രങ്ങളും കൊടുത്തു; പിന്നെ ലൈംഗം, വൈഷ്ണവം, വാമനം, പാദ്മം, ഗാരുഡം, സൌരം, ബ്രാ ഹ്മം എന്നിവ വായിപ്പിച്ചു; ഇങ്ങിനെ ഏട്ട പുരാണങ്ങളും ശ്രവിച്ചതി ന്നശേഷം രാമായണം വായിപ്പിച്ചു; അനന്തരം ഒരിക്കൽക്കൂടി കൌമ്മ ശ്രവിച്ചു. എല്ലായ്പോഴും ശിവ, നാരായണ എന്നിങ്ങിനെ ജപിച്ചിരു ന്ന ഗൌതമൻ ഒടുവിൽ മൃതിയടഞ്ഞു ബ്രഹ്മസദനം പ്രാപിച്ചു; ബ്ര ഹ്മാവിനാൽ പൂജിക്കപ്പെട്ട വിഷ്ണുലോകം പൂകി; വിഷ്ണുവിനാൽ പൂജിതനായിട്ടു ശിവമന്ദിരമണഞ്ഞു! സകലർക്കും വന്ദനീയനാകുന്ന ഈ ഗൌതമമുനീന്ദ്രൻ.

മഹാഭാരത ശ്രവണവിധിയും ഞാൻ പറയാം: പണ്ടു വ്യാസമ ഹർഷി മൂന്നുകൊല്ലംകൊണ്ടു നിർമ്മിച്ചതത്രേ, ശ്രോതാക്കൾക്കു ശ്രേയസ്കര മായ മഹാഭാരതം. അതു വായിക്കുന്ന ആൾ യോഗീന്ദ്രനെയല്ലാതെ ഒരു ബ്രാഹ്മണനേയും വണങ്ങേണ്ടതില്ല; അദ്ദേഹത്തെയാകട്ടേ, സകലരും വന്ദിക്കണം. മഹാഭാരതം നാലുതോരും വായിച്ചതിനും പറകയോ വാ യിക്കയോ ചെയ്യുന്നവൻ സർവ്വാൽക്കൃഷ്ടനാം മനുഷ്യരെ കരയേറുന്നവ നമാകുന്നു. ഒരു പർവ്വമോ കുറെ പർവ്വങ്ങളോ വ്യാഖ്യാനിക്കുന്നവൻ സർവ്വ പാപ നിർമ്മുക്തനായി ഏവ്യത്തിലും കവ്യത്തിലും പ്രശസ്തനായിത്തീ രും; ആ ബ്രാഹ്മണനെത്തന്നെ വേണം വണങ്ങുക; ആ പൂജ നീയനെത്തന്നെ വേണം പൂജിക്കുക; അദ്ദേഹത്തെത്തന്നെ വേണം നാലുതോരും ഊട്ടുക; അദ്ദേഹത്തിനു തന്നെ വേണം എല്ലാം നൽകുക: ആദിപർവ്വം വായിച്ചതിനു പറഞ്ഞു കഴിഞ്ഞാൽ മൂന്ന വ സ്ത്രവും യഥാശക്തി സ്വർണ്ണവും ദാനം ചെയ്യണം; സഭാപർവ്വം കഴി ഞ്ഞാൽ രണ്ടു വസ്ത്രം കൊടുക്കണം; വനാശ്രമവനം, ആരണ്യം, സ്വർഗ്ഗാ രോഹണം എന്നീ പർവ്വങ്ങൾ കഴിഞ്ഞാൽ ആദിപർവ്വത്തിനു പറഞ്ഞതു പോലെ; കർണ്ണാശ്വമേധവിരാടദ്രോണപർവ്വങ്ങൾ കഴിഞ്ഞാൽ മുറിച്ചു ഭാമായ മൂന്ന വസ്ത്രമോ രണ്ടു നിഷ്കമോ നൽകണം; മറ്റു പർവ്വ ങ്ങളുടെ അവസാനത്തിൽ ഇരുരണ്ടു നിഷ്കം നൽകണം; ഭീഷ്മപർവ്വം കഴിഞ്ഞാൽ ഒരു നിഷ്കവും മൂന്ന വസ്ത്രവും; ഭാരതം മുഴുവനായ ക്ഷേത്രം നൽകണം. രാമായണം ശ്രവിക്കുന്നവൻ ഓരോ കാണ്ഡവും കഴിഞ്ഞാൽ ക്ഷേത്രമോ മതിയാകുവോളം സ്വർണ്ണമോ കൊടുക്കണം.

Digitized By Kerala Sahitya Akademi

ഗുരുവാക്യം വ്യാഖ്യാനിക്കുന്നാവൻ സർവകൽമഷങ്ങളേയും പോ ക്കുന്നാവനത്രേ. നുപോത്തമ, ധർമ്മവും അർത്ഥവും കാമവും മോക്ഷവും മറവു സിദ്ധികളുമെല്ലാം വ്യാഖ്യാനശ്രവണംകൊണ്ടു കൈവരും; ബ്ര ഹ്മഹത്യാദിപാപങ്ങൾപോലും നിശ്ശേഷം നശിക്കും. ഇതൊന്നു ശ്രവി ച്ചാൽ മനുഷ്യർ എല്ലാം ശ്രവിച്ചുകഴിഞ്ഞു! ഇങ്ങിനെ പാപം നശി പ്പിക്കുന്നാവനാകയാൽ വ്യാഖ്യാതാവിനെ വാഹന വസ്ത്ര കനകാദികം കൊണ്ടു പ്രതിദിനം പൂജിക്കണം. ഋഷിപ്രോക്തങ്ങളായ മറവു പുരാണ ങ്ങളും ശ്രോതാവിന്നും വക്തവിന്നും പാപശാന്തി വരുത്തുന്നവ തന്നെ.

മുപ്പത്താറു പുരാണങ്ങളും ആർ ശ്രവിക്കുന്നുവോ, അവന്ന് ഒരി ക്കലും ധനനാശം സംഭവിക്കുകയില്ല: ബ്രാഹ്മം, പാദ്മം, വൈഷ്ണ വം, ശൈവം, ഭാഗവതം, ഭവിഷ്യം, നാരദീയം, മാർക്കണ്ഡയം, അ ഗ്നേയം, ബ്രഹ്മവൈവർത്തം, ലൈംഗം, വാമനം, സ്കാന്ദം, മാത്സ്യം, കൌർമ്മം, വാരാഹം, ഗാരുഡം, ബ്രഹ്മാണ്ഡം എന്നിവയാകുന്നു, പതി നെട്ടു മഹാപുരാണങ്ങൾ. സനൽകുമാരം, നാരസിംഹം, ആണ്ഡം, ഔവ്വാസസം, നാരദീയം, കാപിലം, മാനവം, ഔശനസം, ബ്രഹ്മാ ണ്ഡം, വാരുണം, കാളിക, മാഹേശം, സാംബം, സൌരം, പാരാശരം, മാരീചം, ഭാർഗ്ഗവം, കൌമാരം എന്നിവയത്രേ പതിനെട്ടുപപുരാണ ങ്ങൾ. പതിനെട്ടു പുരാണങ്ങൾ വ്യാഖ്യാനിക്കുന്നാവൻ മനുവാകും!'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം, ശംഭുരാമ സംവാദം, പുരുഷോത്തമാഗമശ്രവണവിധികഥനം എന്നൊരറിപ്പുത്രനാന്നാമദ്ധ്യായം.

(0)

ഒരുന്തറിപ്പുത്രണ്ടാമദ്ധ്യായം.

സൂതൻ:—

(പാണ)

'സന്ധ്യ വന്ദിക്ക: സൂര്യൻ മറകയായ്;
സപ്തമാം ക്രൂര പൂകുന്ന പക്ഷികൾ.'
ശംഭുവോടേവമോരി രഘുദ്വഹ—
ത്തനുരാൻ, താനുമുക്കാൻ പുറപ്പെട്ടു.
ഗീതികൾ പാടി ഹാഹയും ഹൂഹൂവും,
സ്ഫീതമാംകീർത്തി വർണ്ണിച്ചു വന്ദികൾ;

Digitized By Kerala Sahitya Akademi

കാൽനടയ്ക്കു വടക്കോട്ടൊഴുന്നുള്ളി-
യാ നരേശ്വരൻ ഗൌതമി പുകിനാൻ.
തൃക്കഴൽ കഴുകിച്ച കാറിന്മകൻ;
തൃക്കരാബ്ജം പിടിച്ചിതു ജാംബവാൻ;
ആ വടക്കോട്ടൊഴുകും സരിത്തിൽ നീ-
രാടി രാഘവൻ പശ്ചിമാഭിമുഖൻ
ഭക്തികൈക്കൊണ്ടു മുന്നരുവാർപ്പും ചെ-
യ്തൽപുളകനായ് മന്ത്രംജപിച്ചുടൻ
അപ്പുതിയെ സ്മരിച്ചു, യഥാക്രമം
വിപ്രശംഭുവസിഷ്ഠരെക്കൈക്കുറ്റി,
തടിരചിതാശിസ്സായ്, മുനിഗൃഹ-
മെത്തി, മാരുതി ക്ഷാളിതപാദനായ്,
തത്രഹോമവും ചെയ്തു, സൂതാദിക-
സംസ്കൃതനായ് പുറത്തെയ്ത്തൊഴുന്നുള്ളി.
തിങ്കളിൻകുളിർകാന്തി പരക്കൊൾ
വെങ്കുളിയിട്ടപോലായ് നഭസ്ഥലം
താരകങ്ങളാൽ ശോഭിച്ചിതു തദാ
താരണിഞ്ഞോരു മേലാപ്പു പോലവെ.

ശ്രീരാമൻ പിന്നെ, അമാത്യവൃദ്ധാനാൽ പലതരം ആസനങ്ങൾ വെച്ചു് ഒരുക്കപ്പെട്ടിരുന്ന സദസ്സിലേയ്ക്കൊഴുന്നുള്ളി, ശംഭുമുനിയെ ഇരുത്തി, താനും രാജാസനത്തിൽ ഉപവേശിച്ചു. ശരീരം കൊഴുത്തു തടിച്ച വാനരന്മാർ നാലുപുറത്തും വരിവരിയായി സ്ഥിതിചെയ്തു. ആ സുഖാസീനനായ നരപാലനെ നോക്കി ശംഭുദ്വിജൻ ഉചിതമാംവണ്ണം ഉരിയാടി:—'മഹാരാജാവേ, ഇവിടെയിരുന്നാൽ വല്ലാവരേയും പ്രീതിപ്പെടുത്താം; വല്ല മടിയിലുംവെച്ചു് രണ്ടുങ്ങിനെ കഥപറയും!' രാക്ഷസൻ കൊല്ലാൻ വന്നതായി തന്റെ കഥ മറെറാരു വിധത്തിൽ ആ ബ്രാഹ്മണൻ പറഞ്ഞുകേട്ടതിൽ അത്യത്ഭുതംപൂണ്ട കഥാശ്രവണത്തിൽ കുതൂഹലിയായിരുന്ന കാകുത്സ്ഥൻ അവിടെയുള്ളവരെല്ലാവരോടുമായി പറഞ്ഞു:— 'കേട്ടില്ലെ, ഇതെന്താദിരിക്കാം? ആദ്യം കുംഭകർണ്ണൻ കൊല്ലപ്പെട്ടു; പിന്നീടു രാവണനാം രാക്ഷസൻ. രാമായണം മറെറാരു മട്ടിലാക്കിയിട്ടാണല്ലൊ ഇവ ബ്രാഹ്മണശ്രേഷ്ഠൻ പറയുന്നതു്! ഇദ്ദേഹം ആരു്? രാജസദസിൽവന്നു് ആളുകൾക്കൊക്കെ നാസ്തികത്വം വരുമാറു സംസാരിക്കുന്നു! അതിനാൽ ഞാൻ ശിക്ഷിക്കയൊ പൂജിക്കയോ വേണ്ടതു്?' ജാംബവാൻ അഭിപ്രായപ്പെട്ടു:—'രഘൂത്തമ, പുരാ

Digitized By Kerala Sahitya Akademi

തന രാമായണത്തിലോതാണ്' ഇദ്ദേഹം പറഞ്ഞ കഥ. പണ്ടു ബ്രഹ്മാവു പറഞ്ഞുകേട്ടിട്ടുള്ളതിൻവണ്ണം തന്നെ ഞാൻ വിസ്തരിച്ചുണർത്തിക്കാം.' രാമചന്ദ്രൻ ജാംബവനോടാവശ്യപ്പെട്ടു:— 'പറയു; എന്റെ പുരാചരിതം കേൾപ്പാൻ എനിക്കു കൌതുകമുണ്ട്. അത് അതുണ്ടാക്കി? ആർ മനസ്സിലാക്കി?' ജാംബവാൻ പറവാൻ തുടങ്ങി:—

ചതുർമ്മുഖനു നമസ്കാരം! ചന്ദ്രചൂഡചക്രായുധന്മാർക്കും നമസ്കാരം! യാതൊന്നിനെ സ്മരിച്ചാൽ, എല്ലാ ജന്മങ്ങളിലും ചെയ്തുപോയ പാപങ്ങളും അകന്നുപോകുമോ, ആ പുരാതന രാമായണം ഞാൻ പറയാം:

കനത്ത കരുത്തിനാൽ ദശരഥങ്ങളോടു പൊരുതിയിരുന്ന ദശരഥൻ സുമനസപുരത്തിലേയ്ക്കു പോകാനായി വിരിഞ്ചിസൂനുവായ വസിഷ്ഠനെ വരുത്തി വന്ദിച്ചു വിടവാങ്ങി, വിഷ്ണുവിനെ ആരാധിച്ച് ഒരു തിങ്കളൊളിരഥത്തിലേറിപ്പുറപ്പെട്ടു പോരി, പരന്തകക്ഷൌഹിണിയോടുക്രുടി, പരുഷരോഷത്തോടേ പടപുറപ്പെട്ടു. സാധ്യൻ, തന്റെ സേനയേയും ക്രുട്ടി ദശരഥനോടു പൊരുതാനടുത്തു. ഇരുവരും തമ്മിൽ ഒരുമാസം യുദ്ധം നടന്നു; ഒടുവിൽ ദശരഥൻ സാധ്യനെ തടവിലാക്കി. അപ്പോഴം സാധ്യന്റെ മകൻ ഭ്രഷ്ണൻ കുറച്ചു പരിവാരങ്ങളുമായി ദശരഥനോടു പോരിനേറ്റു. ആ ഭ്രമിഭ്രംഷണനായ സാധ്യപുത്രനെ കണ്ടപ്പോഴം ദശരഥനു യുദ്ധം മതിയാൻ മനസ്സായില്ല. 'ഇങ്ങിനെയുള്ളവനെ ഞാൻ എങ്ങിനെ കൊല്ലും? കൊന്നാൽ ഇവന്റെ അച്ഛനും അമ്മയും എന്തൊരവസ്ഥയിലാകും? ഇവന്റെ അരുമപ്രൗഢയെന്നവനായ പ്രിയപത്നിയുടെ നില എന്താകും? ഇവന്റെ ദേഹത്തിൽ പുണർന്നതിന്റേയും മുകർന്നതിന്റേയും പാടുകൾ, പുതുപൂക്കളെന്നപോലെ കാണപ്പെടുന്നു! ഇവന്റെ പ്രായക്കാരനും ഇതുപോലെതന്നെ സുഭഗനുമായിരുന്നു, എന്റെ മകൻ; ആ പ്രീതിവർദ്ധനൻ കരടിക്കിരയായിപ്പോയല്ലോ! അവൻ ഇപ്പോൾ എന്റെ രാജ്ഞിയിൽവന്ന്, ഇവനെ രക്ഷിപ്പാനെന്നപോലെ എന്റെ മനസ്സിനു മാറംവരുത്തുന്നു!' എന്നിങ്ങനെ വിചാരിച്ചു ദശരഥൻ ആ കുട്ടിയേയും വിടിച്ചുവെയ്ക്കാൻ നിശ്ചയിച്ചു. പരാധീനനായിരുന്ന സാധ്യൻ മകനോടുചേർന്നതിനാൽ പരാജയഖേദം വകവെയ്ക്കാതെ സുഖമായിരുന്നു.

ദശരഥൻ ഒരു മാസം അവിടെ താമസിച്ചു; അന്നു സാധ്യന്റെ പുത്രസുഖം കണ്ടിട്ട് അദ്ദേഹം വിചാരിച്ചു:—'ഹാ, പുത്രമുഖം ദർശിക്കുക എന്നതു സർവ്വ ദുഃഖങ്ങളേയും പോക്കി സുഖത്തെ വർദ്ധിപ്പിക്കുന്നതുതന്നെ! എല്ലാ രാജ്യങ്ങളേയും ജയിച്ചിട്ടും, പുത്രവിയോഗസ്മരണ

Digitized By Kerala Sahitya Akademi

യാൽ എനിക്ക ദുഃഖമേ ഉള്ളു. അതിനാൽ, ഇതിനെപ്പറ്റി ചോദിക്കാതെ തന്നെ, ഇങ്ങിനെയുള്ള ഒരുണ്ണിയുണ്ടാകാൻ വഴി എന്താണെന്ന്.' ദശരഥൻ ചോദിക്കയാൽ സാധ്വൻ എല്ലാ വഴിയും പറഞ്ഞുകൊടുത്തു:— 'വിഷ്ണുശിവബ്രഹ്മാക്കളെ ഒപ്പം ആരാധിച്ചു' എല്ലാ ദുഃഖവും നാറു ഭാദശിനാൾ ബ്രാഹ്മണരെ ഊട്ടുക; അതതു കാലങ്ങളിലെ ഫലങ്ങളും പുഷ്പങ്ങളും അന്നോപഭോഗങ്ങളും മറ്റും ന്യായപ്രകാരം സമ്പാദിച്ചു, വിഷ്ണുവിനെ പത്മവിൻനെയ്യാടിച്ചു ചെമ്പരത്തിപ്പൊടി തേച്ചിച്ചു മധുരജലത്താൽ അഭിഷേകം കഴിച്ചു, താൻതന്നെ അരച്ച ചന്ദനത്തിൽ കസ്തൂരിയോ അകിലോ ചേർത്തു തിരുമെയ്യിൽ പൂശിച്ചു തുളസി-മുല്ലപ്പൂവ്-കണവീരപ്പൂവ്-കരുംക്രുവളപ്പൂവ്-താമരപ്പൂവ്-ചെന്താമരപ്പൂവ്-തുമ്പപ്പൂവ്-മലങ്കാരപ്പൂവ്-ഒരനകപ്പൂവ്-ശംഖപുഷ്പം-കൈതപ്പൂവ് എന്നിവകൊണ്ട് ദ്വാദശാക്ഷരമന്ത്രമോ പുരുഷസൂക്തമോ തിരുനാമമോ ജപിച്ചു ഷോഡശോപചാരങ്ങളോടെ പൂജിക്കുക; ഒടുവിൽ നമസ്കരിച്ചു സ്തുതംചൊല്ലു ക്ഷമാപണം ചെയ്യുക. പലതരം വ്രതങ്ങളും വിഷ്ണുപ്രീതിക്കായി അനുഷ്ഠിക്കുക. എന്നാൽ ഭഗവാൻ പ്രസാദിച്ചു് ഇഷ്ടംപോലെയുള്ള പുത്രനെത്തന്നാരുളും. അതിനാൽ തന്തിരുവടിയെ ആരാധിച്ചുകൊള്ളുക.'

ദശരഥൻ സാധ്വനെ സ്വസ്ഥാനത്തു വാഴിച്ചു്, അയോധ്യയിലേയ്ക്കു പോന്നു, എല്ലാം ശരിക്കനുഷ്ഠിച്ചു. പുത്രകാമേഷ്ടി കഴിഞ്ഞപ്പോൾ, ആഹവനീയാഗ്നിയിൽനിന്നു, യജ്ഞം ഉടൽപൂണ്ടു ശംഖചക്രഗദാപാണിയായി ഉത്ഥാനംചെയ്തു, ദശരഥനോടു, 'വരം ചോദിച്ചുകൊൾക' എന്നരിയാടി. രാജാവുപേക്ഷിച്ചു:—'മഹാധർമ്മിഷ്ഠരും ദീർഘായുസ്സുകളും ലോകോപകാരികളുമായ നാലുപുത്രന്മാരെ കല്പിച്ചുതന്നാലും.' അപ്പോൾ, കൌസല്യ, സുമിത്ര, സുരൂപ, സുവേഷ എന്നീ നാലു രാജമഹിഷിമാർ രാജാവിനോടറിയിച്ചു:—'ഒരു സ്ത്രീയിൽ ഒരുണ്ണിവീതം പിറക്കണം.'

കൌസല്യ:—'ഭഗവാൻ പ്രസാദിച്ചുവെങ്കിൽ, എനിക്ക തന്തിരുവടി പുത്രനായി വരട്ടെ!'

ദശരഥൻ:—'എന്നാൽ ഭാഗ്യമായി! ഇതവിടത്തോടുപേക്ഷിക്കാം. വിഷ്ണോ, പ്രസാദിച്ചാലും! ദേവേശ, ലക്ഷ്മീപതെ, ശംഖചക്രഗദാധര, സമസ്തലോകപാലാദിപൂജിതപാദാരവിന്ദ; സനാതന, ഹരേ, നിന്തിരുവടിക്ക നമസ്കാരം! നിന്തിരുവടിക്ക നമസ്കാരം!'

ഇങ്ങിനെ സ്തുതിക്കപ്പെട്ട ഭഗവാൻ, രാജാവിനോടു, 'ഞാൻ കൌസല്യയിൽ അങ്ങയുടെ പുത്രനായി ജനിക്കാ'മെന്നരുളിച്ചെയ്തു, പായസ

Digitized By Kerala Sahitya Akademi

ത്തിൽ അവരോശിച്ച്, അവ നാലായി പകുത്തു രാജ്ഞിമാരെ ഭക്ഷിപ്പിച്ചു. പിന്നീട കൌസല്യയിൽ രാമനും, സുമിത്രയിൽ ലക്ഷ്മണനും, സുപ്രഭയിൽ ഭരതനും, സുവേഷയിൽ ശത്രുഘ്നനും ജനിച്ചു. ആകാശത്തുനിന്നു പൂമഴ പൊഴിഞ്ഞു. ഉടനെ നാന്മുഖൻ താൻതന്നെ എഴുന്നള്ളിവന്ന് ഉണ്ണികൾക്കു ജാതകമ്മാദികർമ്മം കഴിച്ചു; ത്രൈലോക്യാഭിരാമതയാൽ രാമനെന്നും, ശ്രുതിശൌന്ദര്യലക്ഷ്മിയാൽ ലക്ഷ്മണനെന്നും, ഭൂമിയെ ഭരത്തിൽനിന്നും തരിപ്പിക്കുന്ന (കരയേറുന്ന)വനാകയാൽ ഭരതനെന്നും, ശത്രുക്കളെ ഹനിക്കുന്നവനാകയാൽ ശത്രുഘ്നനെന്നും പേരുകളുമിട്ടു, ബ്രഹ്മാവു സത്യലോകത്തിലേയ്ക്കു തിരിച്ചു. കുഞ്ഞുങ്ങൾ ക്രമേണ മുതിർന്നവരായി.

(ചെറുശ്ശേരി രീതി)

ഓമനത്തിങ്കളിൻ മുഖമൊഴുമുല്ലസൽ-
ത്താമരത്തണ്ടാരിരോമങ്ങളാൻ രാമൻ
പൂമെയ്യിൽ മൺപൊടി പൂണ്ടുകളിച്ചുകൊ-
ണ്ടോമന്ദം പിച്ചനടക്കുകയായ്.
തുമണിത്തൊങ്ങലണിഞ്ഞരുതുങ്ങിന
കോമളക്കാർകൂന്തൽക്കെട്ടും,
അമ്പിളിക്കീറൊത്ത നെറിയും,മെൽപ്പൂവു
കുമ്പിടുമുന്നത നാസികയും,
ചെന്തൊണ്ടിമണ്ടിന വായ്മലരും, മുഴു-
വെൺതിങ്കൾ മാനിയ്ക്കുമാനനവും,
കുണ്ഡലം ഭംഗിയിൽത്തുങ്ങിയുലയുന-
കണ്ണും, ശംഖൊളിത്തുക്കഴുത്തും,
പൊന്നിൻവളകൾ കിലുങ്ങി നന്മോതിരം
മിന്നിവിളങ്ങിന കയ്യുകളും,
ചാരുശുക്രോപലംപോലെ വിരിവാർന്ന
ഹാരങ്ങളാടിന മാറിടവും,
നീർച്ചുഴിയ്ക്കാത്തുകുഴിഞ്ഞ നൽനാഭിപ്രാക്കിളും,
നീളെപ്പരന്ന നിതംബകവും,
പൊന്മണിക്കിങ്ങിണി കോർത്തുള്ള കാഞ്ചിയാൽ
കണ്മണി കക്കുന്ന കൊച്ചരയും,
അനന്തൻതുമ്പിക്കൈ തോറ്റുള്ളകുളും,
തൂണീരമൊത്ത കണംകുഴലും,
തങ്കത്തളയണിക്കാൽകളും, മോതിരം
തങ്കിന പാദമധ്യാംഗുലിയും,

Digitized By Kerala Sahitya Akademi

അംകുശവജ്രസരോജാദിരേഖയാ-
ലംകിതമാകിയ ചേവടിയും
ചേന്നകുമാരനെക്കണ്ടു പരിതോഷ-
പൂർണ്ണഹൃദന്തനായ് പ്പംക്തിരഥൻ
വാരിയെടുത്തുമുകന്നാൻ പലവുരു
മാറിലണച്ചു പുണർന്നാൻ ഗാഢം.
ശൈവനെപ്പോലെയുജ്ജ്വളിതഭ്രുതിയായ്;-
ശ്രുവ്നെപ്പോലെ ദിംഗബരനായ്
ശോഭിച്ചുപൈതലുമച്ഛന്റെ മേൽക്കേറി
ലോഭമോടോരോന്നിനായലട്ടം;
അങ്ങിങ്ങുനോക്കിക്കൊണ്ട,'ച്ഛാ, ഞാൻ പോകട്ടെ-
യങ്ങുകളിക്കുവാനെ'ന്നും കൊഞ്ചും.
അന്നൊരുനാളച്ഛനുണ്ണാനിരിക്കവേ,
സുന്ദരലീലനാം രാമചന്ദ്രൻ
നീർപ്പൂവുപോലുള്ള കയ്യിൽപ്പുല കളി-
ക്കോപ്പുമായങ്ങോടിച്ചാടിയെത്തി,
മന്നന്റെ മുന്നിൽ വിളങ്ങിന പൊന്മണി-
ക്കിണ്ണത്തിൽനിന്നിടംകൈത്തളിരാൽ
ചോറൊട്ടുവാരി നരേന്ദ്രനിൽത്തൂവിനാ-
നേരെരസമതും ഭ്രൂപന്നെന്നായ്!
ഈമട്ടിലോരോരോ തായാട്ടു കാട്ടിനാൻ
താമരക്കണ്ണനാമക്കുമാരൻ.

ഒരുദിവസം രാമചന്ദ്രൻ കളിക്കുമ്പോൾ ഒരു വലിയ കാറടിച്ചു; രാമൻ കരഞ്ഞുംകൊണ്ടു വീണുപോയി. ആ ലാക്കിൽ ഉണ്ണിയെ ഒരു ബ്രഹ്മരക്ഷസ്സു ബാധിച്ചു. കുട്ടിക്കു ബോധമില്ലാതായി. രാമന്റെകൂടെയുണ്ടായിരുന്ന ബാലൻ നിലവിളിച്ചോടി, വിവരം രാജാവിനെ അറിയിച്ചു. രാജാവു രാമനെ വണങ്ങിട്ടു', 'ഇതെന്താണു് രാമന്നു' എന്ന വസിഷ്ഠനോടു ചോദിച്ചു. വസിഷ്ഠൻ ഭസ്മമെടുത്തു ജപിച്ചു ബ്രഹ്മരക്ഷസ്സിനെ വേർപെടുത്തി, 'നീയാരാണെ'ന്നു ചോദിച്ചു. അപ്പോൾ രക്ഷസ്സുപറഞ്ഞു:—'ഞാനൊരു ബ്രാഹ്മണൻ; വേദജ്ഞാനത്താൽ ഗർവ്വുപൂണ്ടു പലവുരു പരദ്രവ്യം അപഹരിച്ചതിനാൽ ബ്രഹ്മരക്ഷസ്സായിപ്പോയി. എനിക്കു പ്രായശ്ചിത്തം ഉപദേശിച്ചുതന്നാലും!'

വസിഷ്ഠൻ:—'ഇനി ഒരു നൂറാംതലമുറ രാക്ഷസത്വവും നരകവും ഭവാൻ അനുഭവിക്കേണ്ടിയിരിക്കുന്നു; എന്നാൽ ഒരു ഗംഗാസ്നാനം

Digitized By Kerala Sahitya Akademi

കഴിച്ചു നൂറു ക്രുവളത്തിലെ ശിവന്നു സമർപ്പിച്ചാൽ ഭവാനു പാപമുക്തി വരും. അതിന്നുശേഷം സൽഗതി പ്രാപിച്ചാലും.'

ബ്രഹ്മരക്ഷസ്സു വസിഷ്ഠോപദിഷ്ടമായ പുണ്യത്താൽ ദിവ്യശരീരനായിച്ചമഞ്ഞു, അദ്ദേഹത്തെ വണങ്ങി സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു.

രാമനെ യഥാകാലം ഉപനയിച്ചു വസിഷ്ഠൻ വേദങ്ങളും ആറംഗങ്ങളും ന്യായമീമാംസകളും നീതിശാസ്ത്രവും ധനുർവ്വേദവും ആയുർവ്വേദവും ഗാന്ധർവ്വശാസ്ത്രങ്ങളും വാസ്തുശാകുന ശാസ്ത്രങ്ങളും വിവിധ യുദ്ധശാസ്ത്രങ്ങളും ക്രമേണ പഠിപ്പിച്ചു.

പിന്നീടു വിവാഹം നടത്തുന്നതിന്നായി, ദശരഥനരേന്ദ്രൻ പല രാജാക്കന്മാരുടേയും അടുക്കലേയ്ക്കു ദൂതന്മാരെ കല്പിച്ചയച്ചു; അവരിലൊരാൾ തിരിച്ചുവന്നു തമ്പുരാനോടുണർത്തിച്ചു:— 'തിരുമേനി, വിദേഹരാജ്യം വാഴുന്ന വിദേഹനെന്ന രാജാവിന്നു ഹോമത്താൽ കിട്ടിയ ഒരു മകളുണ്ടു്; എല്ലാ ലക്ഷണങ്ങളും തികഞ്ഞ ആ വൈദേഹി സൗന്ദര്യത്തിൽ ശ്രീദേവിക്കു തുല്യയും രാമന്നു ചേർന്നവളുമാണ്. മകളെ രാമനു കൊടുക്കാൻ അദ്ദേഹം ഒരുങ്ങിയിരിക്കുന്നതാണും. അതിനാൽ വേഗത്തിൽ എഴുന്നള്ളാം.' ഉടനെ രാജാവു വസിഷ്ഠാദികളെ പറഞ്ഞയച്ചു; അവർ ചെന്നു പെണ്ണിനെ കണ്ടു മുഹൂർത്തവും നിശ്ചയിച്ചു് അയോധ്യയിൽ തിരിച്ചെത്തി രാജാവോടറിയിച്ചു. എല്ലാവരും രാമനോടുക്രുടി ക്ഷണത്തിൽ യാത്ര പുറപ്പെട്ടു.

(കിളിപ്പാട്ടു് — കാകളി)

വേളിമംഗലക്രിയയ്ക്കുഴുന്നള്ളത്തിൽ
മേളിച്ചു യാത്ര തുടർന്നാർ സലീലമായ്
ആന കുതിരകൾ വണ്ടി പല്ലക്കുകൾ
മേനാവുമേറിയനേകം മഹിളമാർ
കറകരിങ്കുഴൽ കെട്ടിവെച്ചും, വിരി-
ഞ്ഞേറിമേൽ കാർകുന്തളും ചിന്നിയും
പല്ലും നഖത്തെച്ചെമ്പൊൻതുകുപ്പിച്ചു,—
മുല്ലിമലർക്കൊത്ത വക്ത്രം മിനുക്കിയും;
മഞ്ജുരോമങ്ങളം മുളച്ചുതുടങ്ങിയ
മഞ്ഞൾനിറമെഴും ബാഹ്യമൂലസ്ഥലം
കണ്ണികാരളകാരമിടയ്ക്കിടെ
വർണ്ണപവിലാസശതങ്ങളാൽകൃത്തിയും,
സ്നാനംകഴിക്കയാൽ കോമളമിരേന്തിയും,

Digitized By Kerala Sahitya Akademi

മീനനയനങ്ങൾ മേന്മേലിളകിയും,
വക്ഷസ്സുമൂടിയ പട്ടിടംതോൾവഴി
ദക്ഷിണപാർശ്വമണഞ്ഞതിൻതുമ്പുമേൽ
തൂവലംകയ്യിൻപെരുവിരൽ ചാത്തിയും,
നീവിയെച്ചേലതൻമീതെയായ് ക്കരത്തിയും,
മല്ലക്കഴലണിപ്പൊൽച്ചിലമ്പൊച്ചയാൽ
മല്ലീശരനെ ക്ഷണിച്ചുവരുത്തിയും!
ഒത്തവലുപ്പത്തിലാണവർതന്നൊട--
ലൊട്ടുമേ ക്രൂടില്ല വണ്ണവും നീളവും;
ശ്രുതിതുല്യങ്ങൾ ചെവികൾ;കണ്ണുങ്ങളിൽ-
പ്പൊൽത്തോട;കണ്ണാടിപോലെ കവിൾത്തടം;
എൾപ്പൂവുനാണിച്ച നാസമേൽ നക്ഷത്ര-
കല്പംലസിപ്പിതുരുണ്ടുള്ള മൌക്തികം;
ദന്തവ്രണങ്ങൾ ചെഞ്ചുണ്ടുമേൽശ്ശോഭിച്ചു
പന്തുമുലകൾക്കടുക്കലായ്ക്കണ്ടവും;
തമ്മിലിടത്തിനായ് തിക്കിത്തിരക്കുന്ന
നർമ്മമാം കൺചേന്ന വട്ടണിക്കൊങ്കകൾ;
നാനാതരം മണിമാലകളാട്ടുന്ന
പീനകഠിനങ്ങളാകുമവയ്ക്കുമേൽ;
പോർമുലനോക്കിക്കരേറുംയുവവ്രാത-
വാർമിഴിമാലയോ എന്നതോന്നുംവിധം,
നാഭിക്രൂപത്തിൽനിന്നൽഗതം രോമാളി
ശോഭിച്ചുകാൺമൂ മൃദുലോദരോപരി;
കൈപ്പിടിയിക്കലൊതുങ്ങുമരയ്ക്കാടി-
വാപ്പെടായ്വാനോ വലിത്രയബന്ധനം;
കുംഭീന്ദ്രതലപോലെ തന്നിതംബം;പൃഥു-
രംഭപോലൂരുയുഗളമരോമശം;
മുട്ടുകൾപൊൻചെപ്പിനൊക്കും;-മനുക്രമം
വട്ടമൊത്തുന്തലില്ലാത്തവ ജംഘകൾ;
എത്രയുമസ്പഷ്ടമത്രേ ഞെരിയാണി;
മുഗ്ധദീർഘാംഗുലീയുക്തങ്ങൾ കാലുകൾ;
കാമഗന്ധർവ്വശാസ്ത്രാഭിജ്ഞമാരവർ
താമരവക്ത്രമാർ മത്തേഭയാനമാർ.
പൊന്തിവരും മുലത്താമരമൊട്ടുമേൽ
വൈൻതനിമുത്തണിഞ്ഞാഗമിച്ചീടിനാർ.

Digitized By Kerala Sahitya Akademi

നല്ല മിന്നൽക്കൊടിയ്ക്കൊത്ത പെൺതൈകളും
വല്ലിയും പേശ്ശും ചപലവൃദ്ധകളും.
ഈമട്ടെഴുന്നള്ളിയെത്തിട്ടശരഥൻ
രാമാദിപുത്രപുരോഹിതാമാത്യവാൻ
സൈപരം വിദേഹപുരത്തിൻവിളിപ്പാടു-
ദ്ദൂരത്തെഴുന്നോരു മാന്തോപ്പിൽ മേവിനാൻ:
നാനാത്ഭുതാഢ്യമാമത്തോപ്പിൽവീശുന്ന
നാനാനിറങ്ങളാം പൂക്കൊത്തൻ തുമണം;
ഏറെപ്പടന്ന പലതരം കൊമ്പുകൾ--
തോറുമിരുന്ന പലതരം പക്ഷികൾ
ക്രൂരം നിനാദം ശ്രവിക്കുവാനായ് ചെവി
ക്കൂർമ്പിച്ചുനിൽക്കുന്ന കാട്ടുമാൻകുട്ടികൾ;
പൊങ്ങിയും താണും പലേടം വിളങ്ങുന്ന
പൊന്നിനാൽത്തീർത്ത നൽപ്രാസാദപോക്തികൾ;
തങ്ക മരവുരിച്ചാത്തുടുത്തും വപു-
സ്സിങ്കലെല്ലാടവും വെൺചാമ്പൽ പൂശിയും,
ഓരോ മരത്തിൻചുവട്ടിൽസ്സമാധിരാ-
ന്മാരായ്വസിപ്പൂ ജടിലരാം താപസർ.
പോർകൊങ്കയാലുടച്ചോളങ്ങൾ ചിന്നിച്ചു
പൊയ്കയിൽനീന്തുന്ന വിദ്യാധരീജനം;
സൈരസ്ത്രിമാരാം തരുണിമാർ പൊയ്കതൻ
തീരത്തുനിന്ന വിളിപ്പൂ യുവാക്കളെ;
അങ്ങിങ്ങു മീനൊളിക്കൺകോണെറിയുന്ന
സംഗംകൊതിച്ചു സുവേഷമാർ വേശ്യമാർ.
മോടിപ്പെടുത്തിച്ചുകൊണ്ടാൻ, സ്വതേ മോടി
ക്കൂടും മിഥിലയെ വൈദേഹമന്നവൻ:
ശോഭനമാംകൊടിക്കൂറപാറും പല
ഗോപുര പ്രാസാദഗോപുരങ്ങളും
രാമച്ചനിർമ്മിത നീർപ്പന്തലുകളും,
രാമകൾ തമ്മിൽക്കളിക്കും കളികളും,
ഞ്ഞുകൾ കേളിയാടുന്ന പാതകളും,
നീളേ പല വസ്തു വില്ക്കും കടകളും,
കാത്തിൻനിനാദമുയർന്ന മഠങ്ങളും,
ശാസ്ത്രമീമാംസാദി പാഠശാലകളും,

Digitized By Kerala Sahitya Akademi

സാമാദിഗാനം മുഴങ്ങിസ്സുപാവന-
ധൂമഗന്ധം വെടും ബ്രാമവാടങ്ങളും,
ഓരോ ധനികർതൻ മന്ദിരമുറ്റുക്ക
താരകിൽവിൽക്കുന്ന തനുപാംഗിമാർകളും,
മേന്തൽ പല കാഴ്ച കൊണ്ടുവന്നോരെ നൽ-
സ്സൗമ്യോക്തി-ത്രുക്ഷോക്തി-യാംഗ്യമിവറിനാൽ
മിണ്ടാനയയ്ക്കാതെ, വെറിലുതന്നിളം-
പുണ്ടു മുകറ്റിവിട്ടു നിൽക്കും വധുക്കളും,
നേത്ത വെൺചാലയരയിലുടുത്തതിൻ
മേൽത്തലകൊണ്ടിടതിങ്ങും കുചങ്ങളും
വാമാംസവും പിൻവശവും മറച്ചിട്ടി-
രാമാകൃതിപൂണ്ട രാമാജനങ്ങളും,
തൻചൊടിപോലുള്ള ചെമ്പരുത്തിമലർ
തൻപല്ലുകൾക്കൊത്ത മുത്തെന്നിതുകളാൽ
മാലകോർക്കും മടവാർകളും,മാസവ-
ശാലാശതങ്ങളും ചേർന്ന പുരിയതിൽ,
പാതകളെല്ലാമടിച്ചുവാരിപ്പല-
മാതിരി തോരണം കെട്ടിനാരാളുകൾ;
കല്പകവൃക്ഷം കുലവാഴയെന്നിവ
നൽപടിതോറുമതാതിടം നാട്ടിനാർ.

പിന്നീടുപോന്നൊരിരാവാൻ ദശരഥ-
മന്നനെ മാന്യരോടൊന്നിച്ചു മൈഥിലൻ,
മഞ്ഞൾ ദ്രുവാക്ഷത മംഗല്യപൂർണ്ണമാം
മഞ്ജുപൊൻതാലമെടുത്ത നല്ലാരുമായ്:
പാടേ പുകയ്ക്കുയായ് നെയ്ചേർത്ത ഗ്രൽഗ്രുലു;
പാടിനാർ ഗായകർ മംഗളഗീതികൾ;
കൈവളർന്ന ശ്രുതുയ്യാദിഘോഷവും
ദേവഭേരീദരമദ്ദളധ്വാനവും;
വൈദികരാം കുലാചാരബ്രാഹ്മണർ
വേദഘോഷത്താൽ മുഴക്കിനാരംബരം.

രാജാക്കന്മാരിരുവരും അന്യോന്യം അക്ഷതമിട്ടുപചരിച്ചു വന്ദി സൂതാദികളാൽ സ്തുതിക്കപ്പെട്ടുകൊണ്ട് അരമനയിലെയ്ക്കെഴുന്നള്ളി. ദശരഥൻ വിദേഹനഗരത്തിനു പടിഞ്ഞാറുഭാഗത്തായി നിർമ്മിക്കപ്പെട്ടിരുന്ന മന്ദിരത്തിലും, ക്രൂടെയുള്ളവർ അവരവർക്കു തക്ക ഭവനങ്ങളിലും ചെന്നുചേർന്നു.

Digitized By Kerala Sahitya Akademi

ഉടനെ നാരദൻ മിഥിലയിൽ വന്നെത്തി. വിദേഹൻ ആ ദേവർഷിയെ സൽക്കരിച്ചു സ്വാഗതം ചൊല്ലി ഭക്ഷണം കഴിപ്പിച്ചു, സുഖാസനത്തിലിരുത്തി, താംബൂലവും കർപ്പൂരവും നൽകി, അദ്ദേഹത്തോടറിയിച്ചു:—'നാളെ വേളിയാണ്; ഇവിടുന്ന് ഇവിടെ താമസിച്ച് അതു നടത്തിത്തരുമാറാകണം.'

നാരദൻ:—'നാളെ അത്തമല്ലെ? വിവാഹം പാടില്ല.'

രാജാവു ജ്യോതിഷ്കരനായ വൃദ്ധഗാർഗ്ഗനെ വിളിച്ചു, 'വിവാഹമുഹൂർത്തം എന്നാണെ'ന്നു ചോദിച്ചു. 'നാളെ' എന്നു ഗാർഗ്ഗൻ മറുപടി പറഞ്ഞു. രാജാവു നാരദനേയും ഗാർഗ്ഗനേയും നോക്കി, ഇങ്ങിനെയാണ് നിശ്ചയം എന്നറിയിച്ചു. നാരദൻ ഗാർഗ്ഗനോടു ചോദിച്ചു:—'എങ്ങിനെയാണ് നാളെ മുഹൂർത്തം?'

ഗാർഗ്ഗൻ:—'വിഷഘടികകാലം വർജ്ജിച്ചാൽ മതി.'

നാരദൻ:—'ബ്രഹ്മാവിന്റെ അരുളപ്പാടു കേട്ടിട്ടില്ലയൊ?'

അതു പറയാൻ ഗാർഗ്ഗൻ ആവശ്യപ്പെട്ടു. അപ്പോൾ നാരദൻ പറഞ്ഞു:—'കൊള്ളിമീൻ, ബ്രഹ്മദണ്ഡം, മോഘം, കമ്പം (ഓരോതരം വാൽനക്ഷത്രങ്ങൾ) എന്നിവ സർവ്വകാര്യങ്ങളേയും നശിപ്പിക്കുമെന്നാണ് ബ്രഹ്മാവു പണ്ടെ തീരുമാനിച്ചിരിക്കുന്നതു്. പ്രതിഷ്ഠ, വിവാഹം, ഉപനയനം, അഭിഷേകം എന്നിവയൊഴിച്ചു മറ്റുള്ള കർമ്മങ്ങളിൽ വിഷഘടികകാലം വർജ്ജിച്ചാൽ മതി; വിവാഹാദികർമ്മക്കാകട്ടെ, വിഷഘടികയുള്ള ദിവസമെ നന്നല്ല; കൊള്ളിമീൻ കുലത്തെ ദഹിപ്പിക്കും; ബ്രഹ്മദണ്ഡം എല്ലാറേയും നശിപ്പിക്കും; മോഘം മൃതി വരുത്തും; കമ്പം കർമ്മത്തെ കമ്പിപ്പിയ്ക്കും (തെറ്റിയ്ക്കും)'.

ഇതു കേട്ട ഗാർഗ്ഗൻ മൌനംപൂണ്ടു, ഗ്രഹങ്ങളുടെ അധിപതിയായ സൂര്യനെ ധ്യാനിച്ചു. 'വിഷഘടികകളെ വർജ്ജിച്ചു വിവാഹം നടത്താ'മെന്നു സൂര്യനും അഭിപ്രായപ്പെട്ടു.

നാരദൻ:—'എങ്ങിനെയാണ് ബ്രഹ്മവചനം?'

സൂര്യൻ:—'നാട്ടുനടപ്പും നോക്കണം. ഈ നാട്ടിൽ വേളിക്കു വിഷഘടികകാലം വർജ്ജിച്ചാൽ മതി.'

നാരദൻ സമ്മതിച്ചു:—'നാളെ അപരാഹ്നത്തിൽ ക്ഷത്രിയവിവാഹത്തിനു വിരോധമില്ല അതിനാൽ സ്വയംവരത്തിനു രാജാക്കന്മാർ വന്നുചേരാൻ ദൂതന്മാരെ അയയ്ക്കുകതന്നെ.' വിദേഹൻ ദശരഥനോടും ആലോചിച്ചു രാജാക്കാന്മരെയെല്ലാം വരുത്തി. രാത്രിയിൽ ഉറ

Digitized By Kerala Sahitya Akademi

ങ്ങാൻ കിടന്നപ്പോൾ വിദേഹന്ന് ഉറക്കംവന്നില്ല; 'എല്ലാ രാജാക്കന്മാരെയും വെടിഞ്ഞു, വൈദേഹിയെ എങ്ങിനെ രാമന്ന കൊടുക്കേണ്ടു?' എന്നിങ്ങിനെ ചിന്തിച്ച് ക്രടുമ്പത്തെ നെടുവീർപ്പിടുകയായി. നേരം പാതിയായപ്പോൾ, അദ്ദേഹം ശരീരശുദ്ധി വരുത്തി, ശ്രീപരമേശ്വരനെ ധ്യാനിച്ചു: വിരിഞ്ചവാസുദേവാദി സർവ്വദേവന്മാരാലും ഭൃഗ്വാദികളായ മഹർഷിമാരാലും ഹാഹാദി ഗന്ധർവ്വരാലും തുംബുരുപ്രഭൃതികളാലും സിദ്ധവിദ്യാധരരാലും മാതാക്കളാലും നന്ദികേശ്വരൻ മുമ്പായ പാഷ്ദരാലും മൂർത്തിമത്തുക്കളായ ശ്രുതിസ്മൃതീതിഹാസപുരാണങ്ങളാലും സേവ്യമാനചരണാരവിന്ദനായി, എല്ലാ അംഗളങ്ങളേയും പോക്കുന്നവനായി, പുണ്യമായ ഗംഗാജലത്തേയും കളങ്കമില്ലാത്ത ചന്ദ്രനേയും ശിരസിൽ ധരിച്ചവനായി, ഇടത്തുഭാഗം മടിയിൽ കുടികൊള്ളുന്ന മാമലമകളം നൽകുന്ന വെറിലച്ചുരുൾ പ്രേമത്തോടും സസ്മിതകടാക്ഷത്തോടുംക്രടി കൈയ്യേറ്റുള്ളുന്നവനായി, ഗോക്ഷീരവർണ്ണനായി, കസ്തൂരികാശ്യാമളകണ്ഠനായി, മൃദലവും നേരിയതും സ്നിഗ്ധവുമായ ജട കെട്ടിവെച്ചവനായി, നിർമ്മലകനകകുണ്ഡലങ്ങളാൽ ഭാസമാനഗണ്ഡപ്രദേശനായി, പതിനാറുവയസ്സുചെന്നവനായി, ഉരുണ്ട വെണ്മുത്തുകളം ഞാന്ന കൈതസുംഭത്തലപ്പാവു വെച്ചവനായി, മണികാഞ്ചന വിഭ്രഷിത വക്ഷസ്സായി, വെണ്മയേറിയ പൂണൂന്തുലിട്ടവനായി, പാർവ്വതിയിങ്കൽനിന്ന പകർന്ന കുങ്കുമത്താൽ സുരഭിലശരീരനായി, ഒരുകോടി കാമദേവന്മാരെ കാൽക്കൽ വീഴിക്കുന്ന സൌന്ദര്യാതിശയം പൂണ്ട തന്തിരുവടി വിദേഹന്റെ ഹൃദയത്തിൽ പരിശോഭിച്ചു. അദ്ദേഹം ശതരുദ്രീയം ജപിക്കുകയും, കാമാഹുതി ഹോമിക്കുകയും, പുരുഷസൂക്തം ചൊല്ലി സ്തുതിക്കുകയുംചെയ്തു. അപ്പോൾ, മുൻചൊന്ന സപ്തർഷത്തിൽത്തന്നെ മഹേശ്വരൻ അവിടെ പ്രത്യക്ഷീഭവിച്ചു. രാജാവു നമസ്കരിച്ചു വീണ്ടും സ്തുതിച്ചു:—

'പൃഥിവ്യപ്സൂര്യ്യചന്ദ്രാഗ്നിഹോതൃവായവാകാശാഷ്ടമൂർത്തെ, വിശ്വമൂർത്തെ, ലോകമൂർത്തെ, ത്രിഭുവനമൂർത്തെ, വേദപുരാണമൂർത്തെ, യജ്ഞമൂർത്തെ, സ്തോത്രമൂർത്തെ, ശാസ്ത്രമൂർത്തെ, സപ്തധാമൂർത്തെ, നാരായണമൂർത്തെ, സർവ്വദേവതാമൂർത്തെ, ത്രയീമയ, ത്രയീപ്രമാണ, ത്രയീനേത്ര, സാമപ്രിയ, വസുധാരാപ്രിയ, ഭക്തിപ്രിയ, ഭക്തസുലഭ, അഭക്തവിദൂര സ്തുതിപ്രിയ, ധൂപപ്രിയ, ദീപപ്രിയ, പൂതക്ഷീരപ്രിയ, ദ്രോണ (തുമ്പപ്പൂ) കരവീര (കണവീര) പ്രിയ, വിലപത്രപ്രിയ, കമലകലീഹാരപ്രിയ, നന്ദ്യാവർത്തപ്രിയ, ബകുളപ്രിയ, യൂഥികാപ്രിയ, കൊകനദപ്രിയ, ഗ്രീഷ്മജലാവാസപ്രിയ, യമനിയമപ്രിയ, നിയതേന്ദ്രിയപ്രിയ, ജപപ്രിയ, ശ്രാദ്ധപ്രി

Digitized By Kerala Sahitya Akademi

യ, ഗാനപ്രിയ, ഗായത്രിപ്രിയ, പഞ്ചബ്രഹ്മപ്രിയ, സദാചാരപ്രിയ, ഇന്ദ്രവിരിഞ്ചവിഷ്ണുനയനാർച്ചിതചരണാരവിന്ദ, ജയപ്രദ, വിഷ്ണുപ്രാർത്ഥിതചക്രപ്രദർശക, സ്മൃതിശ്രുതിപ്രദ, സ്മൃതിമംഗളപ്രദ, മൃത്യുഞ്ജയ, നിന്തിരുവടിക്കു നമസ്കാരം! നിന്തിരുവടിക്കു നമസ്കാരം!'

ഈ സ്തുതികേട്ടിട്ടു, ഭഗവാൻ ത്രിപുരാന്തകൻ, 'ഞാൻ വരം തരാം; ചോദിച്ചുകൊൾകം' എന്ന രാജാവിനോടരുളിച്ചെയ്തു.

വിദേഹൻ:—'എന്റെ മകൾ ഒരുവളേയിള്ളൂ. രാമനു കൊടുക്കാനാണ് നിശ്ചയം. എന്നാൽ സ്വയംവരത്തിനു കുലീനരും സുന്ദരരും ബലവാന്മാരും ഉത്സാഹശീലരുമായ വളരെ ക്ഷത്രിയരും രാക്ഷസരും ബ്രാഹ്മണരും മറ്റും വന്നുചേർന്നിട്ടുണ്ടു്; അവരിൽവെച്ചു് രാമനെ കാൾ കേമത്തനായ ആരെയെങ്കിലും കൈക്കലാക്കിപ്പോയാൽ എന്റെ പ്രതിജ്ഞ തെറ്റുകയും, പാപം പിടിപെടുകയുംചെയ്യും. നേരെമറിച്ചു്, ദശരഥൻ എല്ലാവരേയും ജയിച്ചടക്കുന്നതാണു്; രാമനും ക്ഷത്രിയരോടു പിണങ്ങിയാൽ എന്റെ മകളുടെ അവസ്ഥ എന്തായിത്തീരും? എന്റെ നില എങ്ങിനെയാകും? സമുദ്ര സൈന്യവാഹനനായ ദശരഥൻ സർവ്വരാ ത്രൈലോക്യത്തെയും മുഴുവനും ഹിംസിച്ചുകളയും; പിന്നെയാണൊ ദുർബലനായ മറ്റൊരു എതിനേറെ? നിന്തിരുവടിയേ എനിക്കു ശരണമായുള്ളു. വിവാഹം മംഗളമായി നടക്കുന്നതിനും, രാമൻ ജാമാതാവായി വരുന്നതിനും തക്ക ഉപായം എനിക്കു പറഞ്ഞുതരുമാറാകണം!'

ശിവൻ:—'അങ്ങിനെയാകട്ടെ: രാമൻതന്നെ സീതയ്ക്കു ഭർത്താവായി വരും. എല്ലാം നേരെയാക്കാം. ഈ അഗ്നേയ ചാപം വാങ്ങിക്കൊൾകം.'

വിദേഹൻ:—'ഈ അഗ്നേയ ചാപം എന്തിനാണ്?' സ്വയംവരത്തിൽ സീതയെ രാമനോടു ചേർത്തുന്നതു മതി.'

ശിവൻ:—'എന്റെ ഈ കുലയേറാവുന്നില്ലാത്ത വില്ലു് ആർ കുലയേറുമോ, അവനു സീതയെ കൊടുക്കണം എന്നു പ്രതിജ്ഞചെയ്തുകൊൾകം.'

ഇത്രയും അരുളിച്ചെയ്തു പരമേശ്വരൻ പാർഷദരോടൊന്നിച്ചു മറഞ്ഞു. വിദേഹൻ എന്നു പണിതീർത്തിട്ടും ആ വില്ലെടുക്കാൻ ആളായില്ല; അതിനാൽ, നാനാദിക്കുകളിൽനിന്നും വന്നുചേർന്നിരുന്ന ഉപരാജാക്കന്മാരെ വിളിച്ചു് എടുക്കാൻ ആജ്ഞാപിച്ചു. അവരാകട്ടെ അമ്മാമനെ വണങ്ങി ഒരട്ടഹാസമിട്ടു, രണ്ടുകൈകൊണ്ടും വില്ലെടുത്തു കാൽമുട്ടുവരെ പൊങ്ങിച്ചു. ഇതറിഞ്ഞു് അമ്മാമൻ മാരീചൻ ഒരു ബ്രാഹ്മ

Digitized By Kerala Sahitya Akademi

ഇതിനെ വേഷത്തിൽ വന്ന വിദേഹനോടു പറഞ്ഞു:—'വൈശ്രവണൻ കഴിഞ്ഞു വന്നിരിക്കുന്ന ഒരതിഥിയാണ് ഞാൻ.' ഉടനെ വിദേഹൻ, 'ബ്രഹ്മൻ, സ്വാഗതം! ഇതാ, ആസനം; ഇരിക്കു' എന്നും പറഞ്ഞിരുത്തി, വെള്ളമെടുത്തു് അതിഥിയുടെ കാൽ കഴുകിച്ചു, ഗന്ധപുഷ്പാക്ഷതങ്ങൾകൊണ്ടു പൂജിച്ചു, ഭക്ഷണത്തിനു ക്ഷണിച്ചു. മാരീചൻ, പൊൻപാത്രങ്ങളിൽ വിളമ്പിയ ഷഡ്രസോപേതമായ അന്നം, അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ടു ഭക്ഷിപ്പാൻ തുടങ്ങി. ആ സന്ദർഭത്തിൽ സീത, കയ്യിൽ ഒരു വിടൻ സൌഗന്ധികപുഷ്പവുമായി അവൻ്റെ മുമ്പിലൂടെ കടന്നുപോയി: അല്പം പുകന്ന ഒരുടയാടയാണ്, താമരയല്ലിയുടെ നിറംപൂണ്ട ആ പെങ്കിടാവു ധരിച്ചിരുന്നതു്; കാണികളുടെ കണ്മനകരം പററിനിൽക്കുന്നവയൊ എന്നു തോന്നുമാറു, മുഴുത്തിരുണ്ട അവളുടെ കുനിരകരം, യുവാക്കന്മാരുടെ മനസ്സിനെ വലിച്ചിഴയ്ക്കുകയും, 'സ്ത്രീകളുടെ ചിത്തം ഇങ്ങിനെയാണെ'ന്നു കാണിക്കുകയും ചെയ്തുകൊണ്ടു, ഒന്നറിഞ്ഞതടത്തിൽ കിടന്നിളകിയിരുന്നു! അവളുടെ മുല്ലാസ്രുവില്ലിനൊത്ത ചില്ലികളും, ചെന്താമരപ്പൂവിൻ്റെ ഇതളിനൊത്തിരായ കണ്ണുകളും, എള്ളിൻപൂവു നാണിച്ച നാസികയും, മയവും മിനസവും ചേർന്ന രോമമില്ലാത്ത കവിൾത്തടങ്ങളും, തങ്ങളിലീണങ്ങിയ ചെങ്കൊടികളും, പദ്മരാഗക്കല്ലിനോടും മാതളങ്ങക്കുരുവിനോടും മല്ലടിക്കുന്ന പല്ലുകളും, ചേലൊത്ത ചിബുകവും, സമമായി നീണ്ട ശംഖാവലികഴുത്തും, മാംസളമായ മാൻതട്ടിൽ ഉരുണ്ടുയരുന്ന മുലകൾമാത്രങ്ങളുടെമേൽ ചിന്നിമിന്നുന്ന മുത്തുമാലകളും, കൊഴുത്തുരുണ്ട കൈകളും, ചെന്തളിരിനൊത്ത കൈത്തലവും, ഭംഗിയിൽ നീണ്ടു മണിമോതിരങ്ങളണിഞ്ഞ കൈവിരലുകളും, രോമരാജിയാൽ രാജിക്കുന്ന ഗഭീരനാഭിയും, കൈപ്പിടിയിലൊതുങ്ങുന്ന നടുകൊടിയും, കനത്ത ജഘനവും, തുമ്പിക്കയ്യിനൊത്ത തുടകളും, ആവനാഴിയോടിടഞ്ഞ കണംകാൽകളും, തളയിട്ട വിരലുകളിൽ മോതിരം ധരിച്ച പാദപത്മങ്ങളും കണ്ട മാരീചൻ, 'ഇവളെ എങ്ങിനെ കൈയ്ക്കലാക്കേണ്ടു? എങ്ങിനെ പുണരേണ്ടു?' എന്നു ചിന്തിക്കുകയായി. എന്നാൽ, തക്കമൊന്നും കാണായ്കയാൽ അവൻ മിണ്ടാതെ മടങ്ങിപ്പോയി!

അതിനുശേഷം, പള്ളിവില്ലു കുലയേറുന്നതിനായി വീരന്മാർ അഹമഹമികയോടെ ശ്രമം തുടങ്ങി: ദേവേന്ദ്രൻ വന്ന വില്ലെടുത്തു നോക്കി; പക്ഷെ വളയ്ക്കാൻ ആളായില്ല; സൂര്യൻ വില്ലെടുത്തു വളയ്ക്കാൻ നോക്കുമ്പോഴെയ്ക്കും, നിലംപൊത്തിപ്പോയി! ബലവാന്മാരിൽ തലവനായ വായു അജഗവം വളർത്തതതോടുകൂടിത്തന്നെ മതിയാകാതെ;

Digitized By Kerala Sahitya Akademi

വില്ലു വായുവിന്റെ മീതെയും വീണു! എല്ലാവരും പൊട്ടിച്ചിരിച്ചു. ഈ ഘട്ടത്തിൽ, സഹസ്രബാഹുവായ ബാണൻ പ്രഹ്ളാദനോടൊന്നിച്ചു്, ഒന്നും അധികവും തലയുള്ള ദാനവരാൽ പരിവൃതനായി ഒരു മികച്ച കുതിരയുടെ പുറത്തുകേറി വിദേഹപുരിയിൽ വന്നുചേർന്നു. തന്റെ തേജസ്സുകൊണ്ടു ദേവകളുടെ യശസ്സുകറിയ അയാളുടെ ശരീരാഭരണങ്ങളും നാലുഭിക്കിനേയും മിന്നിത്തിളങ്ങിച്ചു. അയാൾ പലതരം പാട്ടുകളും കേട്ടുംകൊണ്ടു്, വില്ലിനെ രണ്ടുവിരലിട പൊക്കി, അവിടെത്തന്നെ വെച്ചു. പ്രഹ്ളാദൻ, മാബലി എന്നിവരും എടുക്കാൻ നോക്കി, വിഫലമിച്ചു. മാനവർ അനങ്ങാതിരിപ്പായപ്പോൾ, മഹാബലന്മാരായ മന്നവന്മാർ വില്ലു കുലയേറാൻ ഒരുമ്പെട്ടു; അവരും സാധിക്കാത്തതിനാൽ പിന്മാറുകയാണു് ചെയ്തതു്. പിന്നെ ബ്രാഹ്മണരുടെ പുറപ്പാടായി: വിശ്വാമിത്രൻ വില്ലെടുത്തു് ഒരു വിരലിടമാത്രം പൊന്തിച്ചു; മറവുള്ളവരും മടങ്ങി.

പിന്നീടു് ഒരുനാൾ വില്ലു വെറുതെ ഇരുന്നു. പിറെന്നാൾ രാമൻ അനുജന്മാരോടൊന്നിച്ചു വന്നു ചാപം ഒന്നു തൊട്ടുനോക്കി. സർവ്വാഭരണഭ്രഷിതരായ മറനേകം രാജകുമാരന്മാർ വന്നു വില്ലു നോക്കിയതല്ലാതെ തൊടുകയേ ചെയ്തില്ല; പിന്നയല്ലെ ഇളക്കുക? രാമൻ മുതലായ കുമാരന്മാർ വന്നുചേർന്നപ്പോൾ, വേത്രപാണികളായ രാജപുരുഷന്മാർ ആൾത്തിരക്കു നീക്കി. അതുഭരണമെല്ലാമണിഞ്ഞിരുന്ന രാമൻ ലക്ഷ്മണന്റെ കൈകൊത്തു പിടിച്ചു ചെന്നു വില്ലുനോക്കി നമസ്കരിച്ചു വലത്തുവെച്ചിട്ടു് എടുത്തു പൊന്തിപ്പാൻ തുടങ്ങി. അപ്പോൾ സകലരും, 'മഹാരഥന്മാർപോലും ഇതിൽ മടങ്ങിയിരിക്കുന്നു' എന്നുപഹസിച്ചു. രാമനാകട്ടെ, വില്ലെടുത്തു വളച്ചു കാൽമുട്ടു് അതിന്മേൽ വെച്ചു് ഒരു കൈകൊണ്ടു ഞാൺ തലയ്ക്കൽ ചേർത്തു ബന്ധിച്ചു. അതു കണ്ടിട്ടു് എല്ലാവരും മൂക്കത്തു ചൂണ്ടുവിരൽ വെച്ചുപോയി! രാമൻ ഒരു ഞാണൊലിയിട്ടു; ആ ശബ്ദം സർവരുടേയും മനസ്സിനു ക്ഷോഭംവരുത്തി. രാമൻ വില്ലു കുലയേറിക്കളഞ്ഞു എന്നു പരക്കെ സംസാരമായി. ജനകൻ സീതയെ രാമനു കൊടുക്കുകയും ചെയ്തു. രാമൻ രാജാക്കന്മാരോടു പൊരുതി, അവരെ തോല്പിച്ചു, തന്റെ രാജധാനിയിലേയ്ക്കു തിരിച്ചു.

ദശരഥൻ രാമനെ യുവരാജാവാക്കി അഭിഷേകം കഴിച്ചു സുഖമായി വസിച്ചു. രാമൻ പ്രജകളെയെല്ലാം രഞ്ജിപ്പിച്ചതിനാൽ, അവർ, കുമാരനെ രാജാവാക്കണമെന്നു പരക്കെ അഭിപ്രായപ്പെട്ടു. എന്നാൽ, കേകയരാജപുത്രിയായ സുവേഷയ്ക്കു രാമൻ രാജാവാകുന്നതിൽ ഈർഷ്യ

Digitized By Kerala Sahitya Akademi

തോന്നുകയാൽ, ആ രാജ്ഞി ദശരഥനോടു്, 'എനിക്കുള്ള വരം ഇപ്പോഴം തരണ'മെന്നാവശ്യപ്പെട്ടു. 'എന്താണു് വേണ്ടതെ'ന്നു രാജാവു ചോദിച്ചു.

സുവേഷ:—'രാമൻ പതിന്നാലു കൊല്ലം കാട്ടിൽപ്പാക്കട്ടെ; ഭരതൻ രാജ്യംഭരിക്കട്ടെ.'

പ്രതിജ്ഞാഭംഗം പേടിച്ചു ദശരഥൻ അതു് ഒരു വിധത്തിൽ സമ്മതിച്ചു. പിന്നീടു ഭാവിയെപ്പറ്റി വസിഷ്ഠനോടു ചോദിച്ചു:—'രാമൻ കാട്ടിലേയ്ക്കു പോകയാണു്; അവന്നു് എന്തു സംഭവിയ്ക്കുമെന്നാലോചിച്ചു ശുഭാശുഭങ്ങളം അരുളിച്ചെയ്താലും!' വസിഷ്ഠൻ ആലോചിച്ചു, സന്തോഷത്തോടെ പറഞ്ഞു:—'രാമൻ കാട്ടിൽ പോയി, രാക്ഷസവീരന്മാരെയെല്ലാം കൊല്ലും; പരമേശ്വരനെ പലവിധത്തിൽ പൂജിക്കും; സീതാപഹരണത്താൽ കോപിച്ചു, വാനരപ്പടയോടൊന്നിച്ചു സമുദ്രം കടന്നു ദശമുഖനെ നിഗ്രഹിക്കുകയുംചെയ്യും. പിന്നെ തിരിച്ചെത്തി വളരെക്കാലം നാട്ടുവാഴ്ച; ലോകത്തിലെല്ലാം കീർത്തി പരത്തി, വളരെനാൾ ശംഭുദേവനോടൊന്നിച്ചു വസിക്കും; നല്ല പുത്രന്മാരുണ്ടാകും; എല്ലാഗുണങ്ങളും വർദ്ധിക്കും.'

രാമൻ അമ്മയേയും അച്ഛനേയും ഗുരുവായ വസിഷ്ഠനേയും അച്ഛന്റെ മറ്റു പത്നിമാരേയും വണങ്ങി വനത്തിലേയ്ക്കു നടകൊണ്ടു: ഒരു നാൾ ഉപവനത്തിൽ വസിച്ചു തലമുടി ജടയാക്കി, മരവുരിയുടുത്തു, മന്ത്രശുദ്ധി വരുത്തി, ഒരു പൂണൂൽകൊണ്ടു ജടകെട്ടി, ഒരു പൂണൂൽമാത്രം ധരിച്ചു, സർവ്വാംഗം പരുപരുത്തു പോകുമാറു ഭസ്മം പൂശി, മുത്തുമാലയ്ക്കു പകരം രുദ്രാക്ഷമാലയുമായി, ഏതാനും ആഭരണങ്ങളണിഞ്ഞ സീതയോടും ലക്ഷ്മണനോടും ക്രൂടി, വനാന്തരത്തിൽ ചെന്നുചേർന്നു. അവിടെവെച്ചു് അനേകം രാക്ഷസന്മാരെ സംഹരിയ്ക്കുകയുണ്ടായി: എല്ലാം ഭവാൻ ചെയ്തതുപോലെതന്നെ; സീതാപഹരണം മുതലായതും, അങ്ങേയ്ക്കു സംഭവിച്ചതുപോലെതന്നെ.

തദനന്തരം രാമൻ ലക്ഷ്മണനോടൊന്നിച്ചു, സുഗ്രീവന്റെ പാർപ്പിടമായിരുന്ന ശ്യാമൂകപർവ്വതത്തിലെത്തി, ഒരു മാവിന്റെ കൂളിർതണലിൽ വിശ്രമിച്ചു: അദ്ദേഹം വില്ലുകൾ കൊമ്പത്തു തൂക്കി, ലക്ഷ്മണന്റെ മടിയിൽ തല വെച്ചു, പക്ഷികളുടെ പാട്ടു കേട്ടുകൊണ്ടും, മാങ്ങ നോക്കിക്കൊണ്ടും പുലിത്തോലിൽ കിടക്കുകയായിരുന്നു. അപ്പോൾ മാവിന്മേൽ, മണികുണ്ഡലങ്ങളണിഞ്ഞു കൌപീനത്തിന്മേൽ മേഖല മുറുകെക്കെട്ടി വെള്ളപ്പൂണൂലിട്ടിരുന്ന ഒരു മഞ്ഞക്കുരങ്ങൻ കാണ

Digitized By Kerala Sahitya Akademi

ട്ടുപ്പട്ടു. അവൻ മാങ്ങ പറിച്ചു രാമന്റെ മേലെയ്ക്കിടുകയും, പൂങ്കുല നുള്ളി വിതറുകയും, പാട്ട് അനുകരിയ്ക്കുകയും, കൊമ്പത്തിരുന്ന രാമനെ വിശറികൊണ്ടു വീശുകയും മറ്റും ചെയ്യുന്നതു കണ്ടിട്ടു രാമൻ ലക്ഷ്മണനോട്ട്, 'അതരാണീ വാനരൻ' എന്നു ചോദിച്ചു. 'എനിക്കു മനസ്സിലായില്ല' എന്നു ലക്ഷ്മണൻ മറുപടി പറഞ്ഞു. ഉടനെ രാമൻ വാനരനെ വിളിച്ചു, 'നീ ആരുടെയാളാണ്? പേരെന്ത്? എന്നു ചോദിച്ചു. 'സുഗ്രീവന്റെ ആൾ; ഹനുമാൻ' എന്നും പറഞ്ഞു് അവൻ രാമനെ വണങ്ങി സുഗ്രീവന്റെ അടുക്കൽ ചെന്നു വന്ദിച്ചറിയിച്ചു:—'തിരുമേനി, മറെറാരു വിഷ്ണുവോ എന്നു തോന്നുമാറു, മേഘശ്യാമളനായി മുട്ടോളം നീണ്ട കൈകളും ജടയും പൂണ്ടു് അതി യശസ്വിയായ ഒരു യുവാവുണ്ടു്, തന്റെ വലത്തുകയ്യുപോലുള്ള ഒരു സൂര്യതേജസ്വിയോടൊന്നിച്ചു വഴിക്കു മാഞ്ചിൻചുവട്ടിലിരിക്കുന്നു. ലക്ഷ്മണം തികഞ്ഞ ആ രാജകുമാരന്മാരെ ഞാൻ ചെന്നുകണ്ടു; അവർ വന്നുപറഞ്ഞു സുഗ്രീവനെ അറിയിക്കു എന്നു്. അതു ഞാൻ ഇവിടെ അറിയിച്ചു.'

സുഗ്രീവൻ ബഹുപ്പെട്ടെഴുനേറ്റു പാദ്യാർഘ്യാദികളും കൊണ്ടു ചെന്നു, കാൽ കഴുകിക്കയും മറ്റും ചെയ്തു പഴങ്ങളും തിരുമുൽക്കാഴ്ചവെച്ചു ചോദിച്ചു:—'നിങ്ങളും ആരാണ്? രാജപുത്രന്മാരോ, തപസ്വികളോ? എന്തിനായിട്ടു് ഇവിടെ വന്നു?' രാമൻ ലക്ഷ്മണനെക്കൊണ്ടു മറുപടി പറയിച്ചു:—'ഞങ്ങളും ദശരഥന്റെ പുത്രന്മാരായ രാമലക്ഷ്മണന്മാരാണ്; ദുഷ്ടനിഗ്രഹത്തിന്നും ശിഷ്ടരക്ഷണത്തിന്നുമായി കാട്ടിൽ വന്നിരിക്കയാണ്.'

സുഗ്രീവൻ:—'നിങ്ങളുംക്കു് വേറെയും കായ്മുണ്ടെന്നു തോന്നുന്നു: അതല്ലെങ്കിൽ, സൈന്യത്തോടൊന്നിച്ചായിരിക്കുമല്ലോ പോരുക.'

ലക്ഷ്മണൻ:—'ഉവ്വ്: ഇദ്ദേഹത്തിന്റെ ഭായ്യയെ ആരോ കട്ടുകൊണ്ടു പോയ്ക്കളഞ്ഞു; കണ്ടെത്തിയില്ല. ആ ദേവിയെ അന്വേഷിപ്പാനാണ് ഞങ്ങളും വന്നതു്; അതാണ് ഞങ്ങളുടെ കായ്മും. മറവുള്ളതു് ഇടയ്ക്കു വന്നു ചാടിയാൽ, എന്നേ ഉള്ളു. അക്കായ്മത്തിന്നു ഞങ്ങളും സമുദ്രംക്രുടി കടക്കും; പാതാളംക്രുടി മൂക്കും; സപ്തർത്തിൽക്രുടി ചെല്ലും; ഇന്ദ്രനെക്രുടി വീഴ്ത്തിക്കും; ബലവാനെക്രുടി കൊല്ലും; എന്തും ചെയ്യും!'

'അന്നു രാവണൻ കൊണ്ടുപോകുമ്പോളും, ദേവി എന്താനും ആഭരണങ്ങളും കീഴ്പോട്ടിടുകയുണ്ടായി; അവ ഞാൻ എടുത്തുവെച്ചിട്ടുണ്ടു്. കാണിക്കാം' എന്നു പറഞ്ഞു സുഗ്രീവൻ രാമനെ പാഴ്ച്ചിടത്തിലേയ്ക്കു

Digitized By Kerala Sahitya Akademi

കൊണ്ടുപോയി. രാമൻ ആഭരണങ്ങളം നോക്കി തീരുമാനിച്ചിട്ട്, 'ഏങ്ങോട്ടാണ് രാവണൻ പോയതെ'ന്ന കരഞ്ഞുംകൊണ്ടു ചോദിച്ചു. 'തെക്കോട്ടു പോയി' എന്ന സുഗ്രീവൻ അറിയിച്ചു. പിന്നീടു രാമൻ അയാളുമായി സഖ്യം ചെയ്തു, 'ഭവാനെന്താണ് ഭാര്യാരഹിതനായി ഇവിടെ പാർക്കുന്നതെ'ന്ന ചോദിച്ചു.

സുഗ്രീവൻ:—'എന്റെ ജ്യേഷ്ഠൻ, മഹാബലനായ ബാലി, എന്റെ ഭാര്യയേയും രാജ്യത്തെയും കൈക്കലാക്കി, കിഷ്കിന്ധയിൽ വാഴുന്നു; യുദ്ധത്തിൽ എന്നെ തോല്പിക്കുകയുംചെയ്തു. അദ്ദേഹത്തെ വല്ല വിധത്തിലും കൊല്ലുവാനാണ്, എന്റെ ആലോചന. അങ്ങ് അദ്ദേഹത്തെ കൊല്ലുമെങ്കിൽ, ഞാൻ സമുദ്രത്തിൽ ചിറകെട്ടിക്കടന്ന, ലങ്കയിൽ സ്ഥിതിചെയ്യുന്ന രാവണാപഹൃതയായ സീതയെ ഇവിടെയ്ക്കു കൊണ്ടുവന്നു തന്നുകൊള്ളാം.'

ഇങ്ങിനെ ശപഥംചെയ്ത സുഗ്രീവൻ ബാലിയെ പോരിനു വിളിച്ചു, ആ ബലശാലിയുമായി പോർതുടങ്ങി. ആളെ തിരിച്ചറിയാഞ്ഞതിനാൽ രാമൻ ബാലിയുടെ നേർക്കു ബാണം വിട്ടില്ല. അതിനാൽ, സുഗ്രീവൻ തോറോടിപ്പോന്ന രാമനോടു പറഞ്ഞു:—'അങ്ങയുടെ ഉള്ളുറിയാതെ, ഞാൻ ചാകാൻ പുറപ്പെട്ടു!'

രാമൻ:—'നിങ്ങളിരുപേരെയും തിരിച്ചറിയാഞ്ഞതിനാലാണ്, ഞാൻ അനങ്ങാതെ നിന്നതു്. ഭവാന് ഒരടയാളം വേണം; അതു നോക്കി, ഞാൻ ബാലിയെ വധിച്ചുകൊള്ളാം.'

അതുപ്രകാരം സുഗ്രീവൻ ഒരടയാളം ധരിച്ചു, ബാലിയെ വീണ്ടും യുദ്ധത്തിനു വിളിച്ചു നിലക്കൊണ്ടു. അപ്പോൾ താര ബാലിയോടഭിപ്രായപ്പെട്ടു:—'സുഗ്രീവന്ന് ആരോ സഹായമായിട്ടുണ്ടെന്നു തോന്നുന്നു; ഇല്ലെങ്കിൽ ഇങ്ങിനെ പോരിനു വിളിയ്ക്കുകയില്ല. ദശരഥപുത്രന്മാരും വിഷ്ണുവിന്റെ അംശങ്ങളുമായ രാമലക്ഷ്മണന്മാർ ഭൂമിയുടെ ഭാരംപോക്കാനായി വന്നിട്ടുണ്ടെന്നും, അവർ ഇപ്പോൾ സഹായമായിരിക്കുന്നു എന്നും ഞാൻ കേൾക്കുകയുണ്ടായി.'

ബാലി:—'രാമൻ നീതിമാനാണെന്നാണ് ഞാൻ കേട്ടിട്ടുള്ളതു്; ബലവാനെ വിട്ടു ദുർബലനോടു ചേരുകയില്ല. അതല്ല, രാമൻ വരികതന്നെ ചെയ്യട്ടെ; മറ്റുതിരാളി മീതെയാണെന്നുവെച്ചു വീരൻ ഭയപ്പെടുമോ? രാമൻ സഹായം പോരിനാണയുകയാണെങ്കിൽ ഞാൻ പൊരുതുകതന്നെ വേണം!'

Digitized By Kerala Sahitya Akademi

എന്നുംപറഞ്ഞു താരയെ സമാശ്വസിപ്പിച്ചു, ബാലി സുഗ്രീവനോടു നേരിട്ടു. അവർ തമ്മിൽ മുഷ്ടിയുദ്ധം തുടങ്ങി. രാമൻ ബാലിയെ എയ്തു. ബാലി സർവ്വാംഗം ചോരപുരണ്ടു നിലത്തു വീണു, രാമനോടു ചോദിച്ചു:—'അന്യായുധമില്ലാത്ത യുദ്ധത്തിൽ അന്വെയ്യാമോ?' ഉടനേ താരയും അംഗദനും വ്യസനാക്രാന്തരായി വന്നെത്തി; വാനരന്മാരും വന്നുചേർന്നു ബാലിയുടെ അടുക്കൽ വീണു നിലവിളിക്കുകയായി. താര പിന്നെ രാമനോടു ചോദിച്ചു:—'രഘുവംശരാജാക്കന്മാർ പണ്ടേ ശാസ്ത്രജ്ഞരും ശൂരരും ധാർമ്മികരുമാണ്. രാമ, ഭവാൻ എങ്ങിനെ അരുതാത്തതു ചെയ്തുകളഞ്ഞു? രാജാക്കന്മാർ ആചരിച്ചുപോന്ന ക്ഷത്രിയധർമ്മം അങ്ങയ്ക്കു റിഞ്ഞുകൂടെയോ? ഇരുവർ തമ്മിൽ യുദ്ധംതുടങ്ങിയാൽ ജയമോ മരണമോ വരാം; അവരിലൊരുവനെ മറെറാരാൾ ഹനിച്ചാൽ, അവൻ ബ്രഹ്മഹത്യനന്നത്രേ. എന്തൊരു വൈരത്താലാണ് ഭവാൻ ബാലിയെ ഹനിച്ചതു്? മാംസത്തിനാണെങ്കിൽ, വാനരമാംസം ആരും തിന്നാറില്ല. തനിക്കു് അപ്രിയമോ അസുഖമോ തോന്നിയിട്ടാണെങ്കിൽ, മറവുള്ള വക്കും അതു വരുമെന്നു വിചാരിക്കേണ്ടയോ? എന്നെ കൈക്കലാക്കാനാണ് ഇതു ചെയ്തതെങ്കിൽ, അങ്ങയുടെ ഏകപത്നീവ്രതം എവിടെപ്പോയി! രാവണൻ കട്ട സീതയെ വീണ്ടെടുപ്പാൻ സുഗ്രീവൻ സഹായമാകണമെന്നു കരുതിയിട്ടാണ് ഇതു ചെയ്തതെങ്കിൽ, അയ്യോ, വലിയ മൂഢതതന്നെ! ബലവ്യൂഹനും മഹാബലനുമാണ് ബാലി; സൂര്യൻ ഉദിച്ചസ്തമിക്കുന്നതിനിടയിൽ സീതയെ കൊണ്ടുവരാൻ ത്രാണിയുള്ള ആളാണ്; രാവണനെ ശരണം പ്രാപിപ്പിച്ച തരാനും ത്രാണിയുള്ള ആളാണ്; അവനു പരാർദ്ധം വാനരഭല്ലുകപ്പടകളുണ്ടു് ഇത്രേഹത്തിന്റെ കീഴിൽ! സ്വന്തം കായ്യം ഈ വാനരേന്ദ്രനെക്കൊണ്ടു സാധിക്കാമെന്നിരിക്കെ, അല്പ വീര്യനും ഏഴു പരാർദ്ധം പടകളും മാത്രമുള്ളവനുമായ സുഗ്രീവനോടാണൊ, ചേരേണ്ടിയിരുന്നതു്? ഈ വാനരനെക്കൊണ്ടെന്തു സാധിക്കും?'

രാമൻ:—'മഹീപതിയായ ഞാൻ ദുഷ്ടരെ നിഗ്രഹിച്ചു ശിഷ്ടരെ രക്ഷിക്കേണ്ടിയിരിക്കുന്നു: ബാലി സുഗ്രീവന്റെ ഭാര്യയായ രുമയേയും രാജ്യത്തേയും അപഹരിച്ചവനാണല്ലൊ; അങ്ങിനെയുള്ളവനെക്കൊന്നാൽ ഒരു പാപവുമില്ല.'

താര:—'എന്നാൽ സുഗ്രീവനേയും കൊല്ലണം: ബാലി ദുന്ദുഭിയോടു പൊരുതിക്കൊണ്ടു് ഒരു ഗുഹയിലിറങ്ങി, ഒരുകൊല്ലം അവിടെ താമസിക്കുകയുണ്ടായി; അന്നു് എന്നെ കൈക്കലാക്കി നാടുവാണവനാണ് സുഗ്രീവൻ. മുമ്പു് അയാളെ കൊന്നിട്ടവേണം, ഇട്ടുഫോത്തെ കൊല്ലാൻ.'

Digitized By Kerala Sahitya Akademi

രാമൻ:—'എത്രകാലത്തിനു മുമ്പാണിതു്?'

താര:—'ഏണ്ണൂറുകൊല്ലത്തിനായിരം കൊല്ലങ്ങൾക്കു മുമ്പാണ്, ബാലി അസുരനോടു പൊരുതുമ്പോൾ, സുഗ്രീവൻ രാജ്യം അപഹരിച്ചതു്. ഓരാണ്ടിനുള്ളിൽ ബാലി തിരിയെ വന്നു സുഗ്രീവനെ ഓടിക്കുകയും, അയാളുടെ ഭാര്യയേയും രാജ്യത്തെയും കയ്യൂലാക്കുകയും ചെയ്തു; അന്നായിരുന്നു, ഭവാന്റെ അച്ഛനായ ദശരഥന്റെ അഭിഷേകം.'

രാമൻ:—'അച്ഛന്റെ അനുജ്ഞയാൽ നാട്ടിലെ ദുഷ്ടന്മാരെ നിഗ്രഹിക്കയാണു് ഞാൻ: ഗുരുവചനം തള്ളിക്കൂടല്ലൊ. അപഹരിച്ച കാലത്തു നാടുവാണിരുന്ന രാജാവു് ഇതു ചെയ്യുകയുണ്ടായില്ല; അല്ലെങ്കിൽ, എന്തും ചെയ്യുന്നവയാണെല്ലൊ മൃഗങ്ങൾ: ഈ ഇരുമൃഗങ്ങളിൽ ബാലിയെ ഞാൻ കൊന്നു. മൃഗങ്ങളെ എയ്യുപിളർത്തുന്നതിലും മറ്റും മടിക്കാനൊന്നുമില്ല. അതിനാൽ എന്റെ ഒരു വേട്ടയാണിതു്. മൃഗങ്ങളെ ഇളക്കിയൊ നിത്തിയൊ കൂട്ടക്കിലാക്കിയൊ കൊല്ലാം. അവ സംഗം ചെയ്യുമ്പോൾ കൊന്നുകൂടാ. ശാസ്ത്രപ്രകാരമാണു്, ഞാൻ ഈ വേട്ട ചെയ്തതു്. കാണെനിന്നും, ഒളിച്ചുനിന്നും, ഓടിയും, ഓടാതെയും മൃഗങ്ങളെക്കൊല്ലാം. കുലീനരായ രാജാക്കന്മാക്കു നായാട്ടു ധർമ്മമാണെന്നാണു; മാംസം തിന്നുതെന്നേയുള്ളു.'

രാമൻ പറഞ്ഞതു കേട്ടിട്ടു് എല്ലാവരും തലകുണക്കി. ബാലി തൊഴുകൈ തലയിൽവെച്ചു രാമനോടുണത്തിച്ചു:—'രാമ, നിന്തിരുവടിക്കു നമസ്കാരം!

(ശ്ലോകങ്ങൾ)

ശംഖചക്രഗദാപാണി പീതവസ്ത്രൻ ജഗൽഗുരു
സാക്ഷാൽ നാരായണൻതന്നെ നീയെന്നായ്ക്കേട്ടിരിപ്പുഞാൻ.

നിന്നെധ്യാനിപ്പു യോഗീന്ദ്രർ; നിന്നെപ്പൂജിപ്പു യജ്ഞികർ;
ഹവ്യകവ്യാശി നീയേകൻ പിതൃദേവസ്വരൂപവാൻ!

മതിയിൽ തപൽസ്മരണയാൽ വിമുക്തിയോടടുത്തു ഞാൻ;
ഭവാനെക്കാങ്കയാൽ സ്വാമിൻ, കൈവന്നു പാപശാന്തി മേ!

കാകുൽസ്ഥ, ഈ ബാണം പറിച്ചെടുക്കണെ! എനിക്കു വല്ലാത്ത വേദനയുണ്ടു്.' രാമൻ അമ്പു പറിച്ചെടുത്തിട്ടു ബാലിയോടു ചോദിച്ചു;—'ഞാൻ എന്തഭീഷ്ടം നൽകേണ്ടു?'

ബാലി:—'ഭഗവാൻ പ്രസാദിച്ചുവെങ്കിൽ, എനിക്കു സൽഗതി കല്പിച്ചുതന്നാലും. സുഗ്രീവനെ എന്നപോലെതന്നെ ഈ അംഗദനെ,

Digitized By Kerala Sahitya Akademi

താര എന്നിവരേയും ഇവിടുന്നു രക്ഷിക്കണം. പാപിയായ ഞാൻ അരുതാത്തതു ചെയ്തുപോയി; അതിന്റെ ഫലം അനുഭവിച്ചു!'

ബാലി രാമനെ നോക്കിക്കൊണ്ടുതന്നെ മൂർദ്ധിയടഞ്ഞു സ്വർഗ്ഗം പ്രാപിച്ചു. രാമൻ സുഗ്രീവനെ നാടുവാഴിച്ചു് അദ്ദേഹമാകുന്ന സഹായത്തോടുംകൂടി കാടുകഠം പിന്നിട്ടു കടൽക്കരയിലെത്തി, 'എവിടെയാണു് ലങ്ക? എവിടെയാണു് സീത? എവിടെടയാണു് ശത്രു?' എന്നിങ്ങിനെ സുഗ്രീവനോടു ചോദിച്ചു അപ്പോഠം ഹനുമാൻ അഭിപ്രായപ്പെട്ടു:—'ലങ്കയിൽ പോയി സീതയെ അന്വേഷിച്ചു വസ്തുതയെല്ലാം അറിഞ്ഞിട്ടു യുദ്ധമൊ സന്ധിയൊ ചെയ്യാം; അതിനാൽ സമുദ്രം ചാടാൻ ഒരുവനെ ഇവിടുന്നാജ്ഞാപിച്ചാലും.' 'എങ്ങിനെ സാധിക്കും' എന്നു രാമൻ സുഗ്രീവനോടു ചോദിച്ചു.

സുഗ്രീവൻ:—'എന്റെ കീഴിൽ കോടികോടി വാനരഭല്ലുകരുണ്ടു്; അവരിൽ ഒരുവനെ അയച്ചു് എല്ലാം അറിഞ്ഞിട്ടു വേണ്ടതുപോലെ ചെയ്യാം.'

അപ്പോഠം ജാംബവാൻ പറഞ്ഞു:—'ഹനുമാൻ പോയി ലങ്കയിലെ സ്ഥിതികഠം അറിയട്ടെ.' അതിൻവണ്ണം ഹനുമാൻ ലങ്കയിൽ പോയി അന്വേഷിച്ചു, അശോകവനികയിൽ സ്ഥിതിചെയ്തിരുന്ന സീതയെ കണ്ടു സംസാരിച്ചു വിശ്വാസംവരുത്തി; പിന്നീടു തോട്ടത്തേയും തോട്ടം കാവൽക്കാരേയും തല്ലിത്തകർത്തു്, അരക്കനാൽ ബന്ധിക്കപ്പെട്ടു, ലങ്ക ചുട്ടുപൊട്ടിച്ചു, വടക്കേക്കരയിൽ തിരിച്ചെത്തി, രാമനെക്കണ്ടു വർത്തമാനം അറിയിച്ചു. രാമൻ എല്ലാവരുമായി ആലോചനതുടങ്ങി. അപ്പോഠം ജാംബവാൻ ഉണർത്തിച്ചു:—'രാമൻനിമിത്തം ലങ്ക വാനരരാൽ നശിപ്പിക്കപ്പെട്ടുമെന്നു നാരദൻ എന്നോടു പറഞ്ഞിട്ടുണ്ടു്. അതിനാൽ സമുദ്രം കടപ്പാൻ ശ്രമം ചെയ്യണം.' ഉടനേ രാമൻ, ശിവനെ ആരാധിച്ചു, എല്ലാം ഉണർത്തിച്ചു, അവിടുന്നരുളിച്ചെയ്യുന്നതിൻവണ്ണം പ്രവർത്തിക്കാ'മെന്നും പറഞ്ഞു, പരമേശ്വരനെ പൂജിച്ചു വണങ്ങീ നിന്നറിയിച്ചു:—

'ദേവ, മഹാദേവ, മഹാഭ്രൂഭംഗ്രാസ, മഹാപ്രളയകാരണ, മഹാഘിഭ്രൂഷണ, മഹാരുദ്ര, ശംകര, പരമേശ്വര, വിരൂപാക്ഷ, നാഗയജ്ഞോപവീത, കൃരിചർമ്മവസന, ബ്രഹ്മശിരഃകപാലമാലാഭരണ, നരാസ്ഥിഭ്രൂഷണ, ഭസ്മിതപര, നാരായണപ്രിയ, ശുഭചരിത, പഞ്ചബ്രഹ്മാദിദേവ, പഞ്ചാനന, ചതുർവ്വദന, വേദവേദ്യ, ഭക്തസുലഭ, അഭക്തദുർല്ലഭ, പരമാനന്ദ വിജ്ഞാനപര, പൂഷദന്തപാതന, ദക്ഷശിരശ്ഛേദനേ, ബ്രഹ്മപഞ്ചമശിരോഹരണ, പാർവ്വതീവല്ലഭ, നാരദ്ദോപ

Digitized By Kerala Sahitya Akademi

ഗീയമാനശുഭചരിത, ശംഭോ, ത്രിനേത്ര, ത്രിശൂലധര, പിനാകപാണേ, കപർദ്ദിൻ, അനേകരൂപ, വൃഷവാഹന, ശുദ്ധസ്ഫടികസംകാശ, ചതുർഭുജ, വിവിധായുധധര, ദക്ഷിണാമൂർത്തേ, ഈശ്വര, ദേവദേവ, ഗംഗാധര, ത്രിപുരഹര, ശ്രീശൈലനിവാസ, കാശീനാഥ, കേദാരേശ്വര, ഭ്രഷണസിദ്ധേശ്വര, പടഹകർണ്ണേശ്വര, കനഖലേശ്വര, പർവ്വതേശ്വര, ചക്രപ്രദ, ത്വാണചിന്താപാദക, മുരഹരപൂജിതചരണകമല, സോമ, സോമഭ്രഷണ, സർവ്വജ്ഞ, ജ്യോതിർമ്മയ, ജഗന്മയ, നമസ്തേ! നമസ്തേ!'

ഇപ്രകാരം സ്തുതിക്കെ, മൻവശത്തു ശിവലിംഗമധ്യത്തിൽനിന്നു ഒരു തേജഃപുഞ്ജം ആവിർഭവിച്ചു: ശ്രീപാർവ്വതിയെ മടിയിലിരുത്തി ദേവിയുടെ അരക്കെട്ടിൽ കൈവെച്ചു പരമാസനത്തിൽ സ്ഥിതിചെയ്യുന്നവനായി, സർവ്വാഭരണഭ്രഷിതനായി, ഉജ്ജ്വലൽകിരീടനായി, ഇരുപതുകൈകളാൽ വരാഭയപ്രദനായി, ദിക്കുകളെത്തിളങ്ങിച്ച തേജസ്സിനാൽ പൂർണ്ണനായി, സുസ്മിതപ്രസന്നമുഖനായിരിക്കുന്ന പരമേശ്വരനെ കണ്ടിട്ട് രാമൻ കൈതൊഴുതു കുമ്പിട്ടു, വീണ്ടും ദണ്ഡനമസ്കാരം ചെയ്തു. തന്തിരുവടി രാമനോടു, 'വരംചോദിച്ചുകൊൾകെ; ഞാൻ തരാ'മെന്നരുളിച്ചെയ്തു.

രാമൻ:—'ഭഗവൻ, എനിക്കു ലങ്കയിൽ പോകണം; സമുദ്രം കടക്കാൻ ഒരുപായം കാണിച്ചുതന്നാലും!'

ശിവൻ:—'എന്റെ അജഗവ ചാപം തീർച്ചയായും അപ്പോൾ വേണ്ടുന്ന സചിത്രരൂപം ധരിക്കുന്നതാണ്; അതിന്മേൽ കേറി സമുദ്രം കടന്നു ലങ്കയിലെത്തിക്കൊൾക.'

രാമൻ അജഗവത്തെ സ്മരിച്ചു; ഉടനേ ആ വില്ലു വന്നുചേർന്നു. രാമൻ അതിനെ വന്ദിച്ചു. ശിവൻ വില്ലെടുത്തു രാമന്റെ കയ്യിൽ കൊടുത്തു. രാമൻ അതു സമുദ്രത്തിലിട്ടു. അപ്പോൾ പരാർദ്ധം വാനരന്മാരെല്ലാവരും അതിന്മേൽ കേറി; രാമലക്ഷ്മണന്മാരും കേറി. അസംഖ്യം അണ്ഡകളെ വഹിച്ചുകൊണ്ട് ആ പള്ളിവില്ലു മറുകരയിലണഞ്ഞു. വാനരന്മാർ അവിടവിടെ ചെന്നു നോക്കി നിൽക്കുകയായി. ആ വാനരപ്പടയെ കണ്ടിട്ട്, അതികായനെന്ന രാക്ഷസൻ രാവണനോടറിയിച്ചു. അപ്പോൾ രാവണൻ കഥിച്ചു:—'മരംചാടികളായ കുരങ്ങന്മാരെക്കൊണ്ടെന്തു? മനുഷ്യരായ രാമലക്ഷ്മണന്മാരെക്കൊണ്ടെന്തു? അവർ വന്നിട്ടുണ്ടെങ്കിൽ, നമുക്കയച്ചുകൂറെ തീറ കിട്ടി!'

Digitized By Kerala Sahitya Akademi

സൂര്യൻ പടിഞ്ഞാട്ട് ചാഞ്ഞപ്പോൾ, സുഗ്രീവൻ ഹനുമജ്ജാംബവാന്മാരോടും കൈപ്പും മെയ്യലിപ്പുമേറിയ മറ്റു വളരെ വാനരന്മാരോടും ക്രുദ്ധനായി ലങ്കയുടെ അടുക്കൽ ഒരുദ്യാനത്തിൽ ചെന്നു പലതരം പഴങ്ങളും തിന്നു വെള്ളവും കുടിച്ചു, ഉദ്യാനപാലകരായ രാക്ഷസരെ തല്ലിയോടിച്ചു, ലങ്കയിലേയ്ക്കു പാഞ്ഞുകേറി. ഒരുക്രൂട്ടം വാനരന്മാർ ഗോപുരവും, മറെറാരു ക്രൂട്ടക്കാർ പ്രാസാദവും ഇടിച്ചുപൊളിച്ചു; ചിലർ തൂണെടുത്തു രാക്ഷസരോടു പോരടിച്ചു; ചിലർ ശാലകളുടച്ചു; ചിലർ ഗൃഹങ്ങളും പൊടിച്ചു; ചിലർ എല്ലാവരേയും—സ്ത്രീബാലവൃദ്ധരെക്രൂടിയും—ഹിംസിച്ചു. ഇങ്ങിനെ ഒരു മതിൽക്കെട്ടു ജയിക്കപ്പെട്ടതായി കണ്ടിട്ടു രാവണൻ ഇന്ദ്രജിത്തിനെ നിയോഗിച്ചു. ഇന്ദ്രജിത്തു യുദ്ധം തുടങ്ങിയപ്പോൾ വാനരന്മാർ പേടിച്ചോടുകയായി. അതുകണ്ടു ഹനുമാൻ അവരെ വിളിച്ചു ശകാരിച്ചു, ഒരു വമ്പിച്ച പടക്രൂട്ടി, യുദ്ധത്തിനൊരുങ്ങിനിന്ന ആകാശത്തുനിന്നാണ് ഇന്ദ്രജിത്തു യുദ്ധംചെയ്തിരുന്നതു; അവനെ വാനരന്മാർ കണ്ടെടുത്തിയില്ല. അതിനാൽ ഹനുമാനും ജാംബവാനും ആകാശത്തേയ്ക്കു ചാടി ഓരോ പർവ്വതശിഖരംകൊണ്ടു ഇന്ദ്രജിത്തിനെ പ്രഹരിച്ചു ഭൂമിയിൽ വീഴിച്ചു; ലക്ഷ്മണൻ അവനെ കാലന്തുക്കയയ്ക്കുകയും ചെയ്തു.

പിന്നീടു് അതികായൻ, മഹാകായൻ എന്നിവർ വളരെ വാനരസൈന്യത്തെ വധിച്ചു, ലക്ഷ്മണനെ പീഡിപ്പിച്ചു, രാമനോടും സുഗ്രീവനോടും എതിർത്തു. ആ യോധാക്കളെ ഹനുമജ്ജാംബവാന്മാർ പൊരുതി തോല്പിച്ചു പിടിച്ചു രാമന്റെ അടുക്കൽ കൊണ്ടുചെന്നറിയിച്ചു. രാമൻ അതികായനോടു, രാവണന്റെ കരുത്തേറിയ ക്രൂട്ടുകാരെ പറയാനാവശ്യപ്പെട്ടു.

അതികായൻ:—'ഞങ്ങൾ മുമ്പുതന്നെ ഇക്കാര്യത്തിൽ പടകളെ വേർതിരിച്ചു തീർപ്പുചെയ്തിട്ടുണ്ടു്: വെളിവിലും ഒളിവിലും പലതരത്തിൽ പടവെട്ടാൻ മിടുക്കുള്ള മഹാബലനായ വിദ്യുന്മാലി എന്ന രാക്ഷസൻ ഒറയ്ക്കുതന്നെ എല്ലാ കരുങ്കന്മാരോടും മല്ലടിക്കും; കരുത്തും അസ്ത്രശസ്ത്രാഭ്യാസവും ചേർന്ന മഹാന്മാർ വേറെയുമുണ്ടു്. ഞങ്ങളിരുപേർ നിങ്ങളിരുവരോടു പൊരുതും. രാവണൻ പുഷ്പകത്തിൽ കേറി മറെറാരു വശത്തുടെ വന്നു ഭവാനോടെതിർക്കും. കുംഭകർണ്ണാദികളായ മറു രാക്ഷസർമ്മാരും, അവരുടെ വിക്രമം കാണിച്ചു്, അങ്ങയെ പുഴന്നു പിടിച്ചുകൊണ്ടുപോയി സീതയെ കാണിച്ചു്, അവളുടെ മുമ്പിൽവെച്ചുതന്നെ കൊല്ലും!'

Digitized By Kerala Sahitya Akademi

രാമൻ:—'ബലവാന്മാക്ക് അസാധ്യം എന്തുള്ളു? കഷ്ടം, നിങ്ങൾക്ക ദൈവഗതി കടിലമായിരിക്കുന്നു!'

സുഗ്രീവൻ വമ്പിച്ച കോപത്തോടെ നോക്കി, നാമനോടഭിപ്രായപ്പെട്ടു:—'ഇവരിരുവരേയും കൊല്ലണം; വിട്ടുകൂടാ.'

രാമൻ:—'കൊന്നുകൂടാ; വിട്ടയയ്ക്കണം. വസ്ത്രാഭരണങ്ങൾ കൊണ്ടുവരൂ.'

ഹനുമാൻ വസ്ത്രാഭരണങ്ങൾ കൊണ്ടുവന്നു. അവ രാമൻ അതികായ മഹാകായന്മാക്ക കല്പിച്ചു നൽകി.

അതികായൻ:—'ഇതാ, ലങ്കാദ്വാരത്തിൽ അമൃതലയുള്ള ഓരോ മർം കാണുന്നില്ലയൊ; ഇതു മുറിഞ്ഞാൽ രാവണൻ വധിക്കപ്പെടുമെന്നും, അതിനാൽ ഇതു മുറിഞ്ഞ നിമിഷത്തിൽത്തന്നെ പാതാളം പൂകിക്കൊള്ളണമെന്നും ശുക്രൻ അരുളിച്ചെയ്തിട്ടുണ്ട്; ആ ഭാഗ്യവാശാസനം വഴുതിപ്പെടുത്തിട്ടുണ്ട്. ഇവിടുന്ന് ഈ മരത്തെ ഒരുകൈകൊണ്ട് അനായാസം മുറിച്ചാലും; എന്നാൽ ഇവിടുത്തെ ശക്തിയറിഞ്ഞു ഞങ്ങളിരുവരും ഏറെക്കാലമായി പടപൊരുതാം.'

രാമൻ ശുക്രശാസനം കേട്ടിട്ടു, വില്ലിനെ മുകർത്തലയ്ക്കൽ തൊടുകമാത്രം ചെയ്തു കലശലായി വലിച്ചു, ശരം തൊടുത്തു, രാക്ഷസരിരുവരോടും ഹനുമാനോടും സംസാരിച്ചുകൊണ്ടെയ്തുവിട്ടു. ബാണം വില്ലിന്മേൽ നിന്നു പാഞ്ഞു; അതു നോക്കിക്കൊണ്ടുനിന്ന രാക്ഷസർ മരം ശരമേറ്റു അഞ്ചായി മുറിഞ്ഞതുകണ്ടിട്ടു, രാമനോടുപേക്ഷിച്ചു:—'ഞങ്ങളുടെ കുഞ്ഞുങ്ങളെ ഇവിടുന്നു രക്ഷിക്കണേ!' രാമൻ അതേറ്റു. രാക്ഷസരിരുവരും അരമനയിലേയ്ക്കു തിരിച്ചു.

അപ്പോഴെയ്ക്കും, പ്രാകാരയുദ്ധത്തിന്നു ചെന്ന വാനരന്മാർ മതിൽ മുഴുവനും മടന്നു്-കാൽ-മുട്ട്-കൈത്തലം-ചുറം എന്നിവകൊണ്ടിടിച്ചു നിലത്തോടൊപ്പമാക്കി, രണ്ടാമത്തെ മതിലിനോടടുത്തു. തൽക്ഷണം ദശമുഖൻ വന്നാണഞ്ഞു് അവരെയെല്ലാം അമ്പെയ്തോടിച്ചു് ആ വഴിയെ പോന്ന രാമനോടു നേരിട്ടു, അദ്ദേഹത്തിന്റെ മേൽ അഞ്ചുബാണം എയ്തു. രാമൻ പത്തുശരംകൊണ്ടു രാവണനെ മുറിപ്പെടുത്തി. അവർ തമ്മിൽ യുദ്ധം അതിഘോരമായിത്തീർന്നു. രാവണൻ പത്തുബാണം എയ്തുവിട്ടു. രാമൻ രാക്ഷസനെ ശരങ്ങൾകൊണ്ടു വീണ്ടും മുറിപ്പെടുത്തി. അയാൾ തോറ്റോടുകതന്നെ ചെയ്തു. വാനരന്മാരും ലക്ഷ്മണനുംകൂടി രാക്ഷസരെ കോടിക്കണക്കിന കൊന്നൊടുക്കി.

Digitized By Kerala Sahitya Akademi

പിറേറന്നാൾ വിഭീഷണൻ രാവണനെ വിലക്കി, ഇപ്രകാരം ഉൽബോധിപ്പിച്ചു:—'ജ്യേഷ്ഠ, രണ്ടാമത്തെ ഉപായമാണ് ഇപ്പോൾ വേണ്ടത്; നാലാമത്തത് ആലോചിക്കയെ അരുത്: പരന്റേയും തന്റേയും ശേഷി നോക്കി, തനിയ്ക്കു ക്രൂതലുണ്ടെന്നു കണ്ടാലേ യുദ്ധത്തിന്നൊരുങ്ങിക്കൂടൂ; മറിച്ചായാൽ നാശമായിരിക്കും ഫലം. ബലവാനായ രാമനോടു ദുർബലനായ ഭവാൻ യുദ്ധം പാടില്ല. ഇദ്ദേഹം ഒരൊറ ശരംകൊണ്ടത്രെ ബാലിയെ കൊന്നത്. ബാലി ഇവിടെയ്ക്കു പരിചിതനാണല്ലൊ! മാരീചനേയും ഒരമ്പുകൊണ്ടുതന്നെ രാമൻ കൊന്നകളഞ്ഞു. അങ്ങനെ ഓർക്കുകയും ചെയ്യു. ശൂരന്മാരായ വളരെ രാക്ഷസർ കൊല്ലപ്പെട്ടു. ഉണ്ണി ഇന്ദ്രജിത്തും വധിക്കപ്പെട്ടുപോയി. മൂന്നു മതിൽ തട്ടിനിരത്തുക കുംഭനികുംഭന്മാർ. ഇനി ഭവാൻ അവിടത്തോടു യുദ്ധംചെയ്യരുതു"; സീതയെ തിരിയെ കൊടുത്തു ദാസ്യം നേടിക്കൊള്ളുക. ഗോപുരത്തിലെ അഞ്ചുസേനാപതികളെ നമ്മെ ഒന്നുകൊണ്ടു രാമൻ അഞ്ചായി മുറിച്ചുകളഞ്ഞുവല്ലൊ; അതിനാൽ അങ്ങനെ കൊല്ലുകതന്നെ ചെയ്യും. അങ്ങയ്ക്കുവേണ്ടി വളരെപ്പേർ മരിച്ചുപോയി; ഇനിയും വളരെപ്പേർ ചത്തൊടുങ്ങുകയും ചെയ്യും. ജ്യേഷ്ഠ, വിവേകമെ സുഖത്തിന്നതത്രെ; മൂഢത ഉതകില്ല. മനുഷ്യസ്ത്രീയും മരണമുള്ളവളും മനസ്സിണങ്ങാത്തവളും പതിവ്രതയുമായ ബലവാന്റെ പത്നിയെ ബഹുമാനിച്ചു വിട്ടുകൊടുത്തേയ്ക്കുക. മനസ്സിണങ്ങാത്തവളോടു ചേർന്നാൽ മേൽക്കുമേൽ ദുഃഖങ്ങളാണു വന്നുകയറുക. നാടായ്മ അഴിക്കുംനിമിത്തം അറ്റുപോന്നിരുന്ന നാരീസംഗങ്ങൾ അത്യാസക്തിയുണ്ടായാൽ അകൃത്യം തുടങ്ങുകയും അനാർത്തവം പിണയുകയും ചെയ്യും. അനുരാഗം ഉണ്ടായാൽത്തന്നെ മരണവും നരകവും പതറിപ്പോകും. സീതയോടു ചേർന്നാൽ ഇവിടെയ്ക്കു വെറുതേ മരണം സംഭവിക്കും. ഒന്നുകിൽ ആ ധർമ്മപത്നിയെ വിടുക; അല്ലെങ്കിൽ മരിക്കുക! ഏറ്റവുമ്പിന്നും പ്രിയവും ഹിതവുമായ മറെറാന്നുകൂടി ഞാൻ പറയാം: ഇവിടുന്നു രാമന്റെ അടുക്കൽ ചെന്നു വണങ്ങി സ്തുതിച്ച് അദ്ദേഹത്തോടഭീക്ഷ്ണിയ്ക്കുക:—'രാമ, മഹാവീര, ആശ്രിതവത്സല, ക്ഷമിക്കണേ! ഞങ്ങടെം, രാക്ഷസരെല്ലാവരും തമോഗ്രണപ്രധാനരും മഹാപാപികളുമാണ്. സീതയെ കട്ട കുറ്റം പൊറുത്തു, ഞങ്ങളെ പുത്രരായി കരുതിയാലും. ഞങ്ങടെം ഇവിടെയ്ക്കധീനരാണ്; രക്ഷിക്കയോ കൊൽകയോ യഥേഷ്ടം ചെയ്തുകൊള്ളുക' എന്ന്. ഇങ്ങിനെ ഉണർത്തിച്ചു രാഘവന്റെ തിരുമുമ്പിൽ നിന്നാൽ നമുക്ക് ആയുസ്സും രാജ്യവും സ്ഥിരമായി വരും.'

Digitized By Kerala Sahitya Akademi

ഇതിന്ന രാവണന്റെ മറുപടി ഇങ്ങിനെയായിരുന്നു:—'ഹാ, നീ രാക്ഷസനല്ല; ശൂരനല്ല; പണ്ടെയ്ക്കു പണ്ടേ ഉള്ള രാജധർമ്മവും നിനക്കറിഞ്ഞുകൂടാ! പരസ്ത്രീയേയും പരദ്രവ്യത്തേയും പരരാജ്യത്തേയും കൈക്കലാക്കുക എന്നതു ശൂരന്മാർക്കു മികച്ച ധർമ്മമാകുന്നു; നിന്നെപ്പോലെയുള്ള നപുംസകങ്ങൾക്കു മാത്രം ധർമ്മമില്ല. വേണമെങ്കിൽ, നീ ശത്രുപക്ഷം പിടിച്ചു രാമന്റെ അടുക്കൽ പോയ്ക്കൊൾക!' വിഭീഷണൻ ഉടനേ സപദ്മഹത്തിൽ ചെന്നു, രാമന്റെ അടുക്കലേയ്ക്കു പോന്നു, അദ്ദേഹത്തെ ശരണം പ്രാപിച്ചു.

അതിന്നശേഷം, കരുത്തേറിയ രാവണനെ നിഗ്രഹിപ്പാൻ അശക്തനായ രാമൻ വിഭീഷണന്റെ മുഖത്തേയ്ക്കു നോക്കുകയും, അയാൾ പറഞ്ഞുകൊടുത്ത അടയാളസ്ഥാനം ബാണംകൊണ്ടു പിളർത്തി ദശമുഖനെ കൊല്ലുകയും ചെയ്തു. തൽക്ഷണം കുംഭകർണ്ണൻ ഒരു വന്മലയുമായി വന്നു, വളരെ വാനരന്മാരെ പിടിച്ചുതിന്നു, രാമന്റെ തലയ്ക്കു ഗദകൊണ്ടടിച്ചു. ഉടനേ രാമൻ ഒരു ക്രുരനുകൊണ്ടു കുംഭകർണ്ണനെ കൊന്നുവീഴിച്ചു; പിന്നീടു രാവണനും മറ്റും വിഭീഷണനെക്കൊണ്ടു ശേഷക്രിയ ചെയ്യിച്ചു', അയാളുടെ പേരിൽ ഒരു ശിവക്ഷേത്രം തീർപ്പിച്ചു', അയാളെത്തന്നെ ലങ്കയിൽ രാജാവാക്കി വാഴിച്ചു', അഗ്നിപ്രവേശസംശുദ്ധയായ സീതയെ പാർവ്വതീപരമേശ്വരന്മാരുടെ കാൽക്കൽ നമസ്കരിപ്പിച്ചു, ചത്ത വാനരപ്പടയെ ശങ്കരവരത്താൽ ജീവിപ്പിച്ചു, പുഷ്പകത്തിൽ കേറി കടൽ കടന്നു, സൈന്യത്തെ സമുദ്രതീരത്തു നിത്തി, അവിടെ ശിവപ്രതിഷ്ഠയും കഴിച്ചു, മുനിമാരാലും ദേവകളാലും സംപൂജിതനായി അയോധ്യയിലേയ്ക്കു പോന്നു; അവിടെയെത്തി ഭരതാദികളോടു ചേർന്നു, വസിഷ്ഠനാലും മറ്റു മഹർഷിമാരാലും പൌരജനങ്ങളാലും അഭിനന്ദിതനായി സപദ്മഹം പ്രാപിച്ചു; സപയം വന്നു ചേർന്ന മഹേന്ദ്രാദി ദേവന്മാരെ ആസനാദികർമ്മംകൊണ്ടു സൽക്കരിച്ചു, വാനരന്മാരെ സമ്മാനിച്ചു, ജടപോക്കി, രാജ്യത്തിൽ അഭിഷിക്തനുമായി.

രാവണവധത്താൽ മനംകുളിർത്ത ദേവന്മാർ രാമനോടു', 'ഇവിടുന്നു ഞങ്ങളെ സപന്തം രാജ്യത്തിൽ വാഴിച്ചു. എപ്പോഴും ഞങ്ങളെ കാത്തു രക്ഷിക്കണം. ദുഷ്ടരെയെല്ലാം കൊന്നൊടുക്കാൻ അവതരിച്ച ആദിനാരായണദേവനാണിവിടുന്ന്. വൈരാവണനെ ക്രൂരത്തോടേ കൊലചെയ്തു മൂന്നുലോകത്തേയും സംരക്ഷിച്ചു. ഇനി, ശ്രീദേവിയോടൊന്നിച്ചു സുഖമായി വസിച്ചാലും' എന്നിങ്ങിനെ കഥിച്ചു, സപർ

Digitized By Kerala Sahitya Akademi

ത്തിലേയ്ക്കു തിരിച്ചു. പിന്നീടു് അയോധ്യാവാസികൾ രാമനോടു സ ഹർഷം ഉണത്തിച്ചു:—'ഭാഗ്യത്താൽ തിരുമേനി ശത്രുക്കളെ കൊന്നൊ ടുക്കി ശ്രേയസ്സു നേടി! തിരുമേനി ഭാഗ്യത്താൽ ശോഭിക്കുന്നു! ഭാഗ്യത്താൽ തിരുമേനി പ്രജകളെ രക്ഷിക്കുകയായി! തിരുമേനി പല യജ്ഞങ്ങളും കഴിയ്ക്കും; തിരുമേനിയാൽ ധർമ്മം വർദ്ധിച്ചുവരും!' താമരക്കണ്ണനായ രാമൻ പൌരജനങ്ങൾക്കെല്ലാം വസ്ത്രവും മറ്റും സമ്മാനിച്ചു സന്തോ ഷം വളത്തി. പിന്നീടു് ആ ധാർമ്മികൻ മഹർഷിമാരോടു ചോദിച്ചു:— 'നിങ്ങൾക്കു തപസ്സു വർദ്ധിക്കുന്നില്ലയോ? യജ്ഞങ്ങൾ ശരിക്കു നടക്കു ന്നില്ലയോ? സഭാര്യയിൽ മാത്രമല്ലേ രതിയുള്ളു? ശിവനെ പൂജിക്കു ന്നില്ലയോ? ഭാര്യമാക്കു സന്താനങ്ങളില്ലയോ? പാരക്കെ സുഖംതന്നെ യല്ലയോ?'

മുനിമാർ:—'കാകുൽസ്ഥ, ഇവിടുന്നു രാജാവായി വാഴുമ്പോൾ തപസ്വികൾക്കു യാതൊരു പീഡയും ഉണ്ടാകയില്ല! ഞങ്ങൾ സ്വന്തം പാർപ്പിടത്തിലേയ്ക്കു പോകുന്നു. എന്താണിവിടുത്തെ അഭിമതം?'

രാമൻ:—'ബ്രാഹ്മണർ ആരിൽ പ്രസാദിക്കുന്നുവോ, അവനിൽ ശിവനും പ്രസാദിക്കുന്നു: ശിവൻ ആരിൽ പ്രസാദിക്കുന്നുവോ, അവ നു നന്മ വരുന്നു! അതിനാൽ, ഭവാന്മാർ ഇവിടെ ഭക്ഷണം കഴിച്ചിട്ടു വേണം പോകാൻ.'

'അങ്ങിനെതന്നെ' എന്നു, മഹർഷിമാർ മറുപടി സത്യയുണ്ടു്, രാ മനു് ആശിസ്സുകൾ നൽകി, സ്വന്തം സ്വന്തം പാർപ്പിടത്തിലേയ്ക്കു പോകയും ചെയ്തു. പരമപ്രീതനായ രാമൻ ഭാര്യയോടും ഭ്രാതാക്കന്മാരോടും കൂടി, രാജ്യത്തെ അകണ്ടകമാക്കി, സർവ്വജനപ്രിയനായി വാണു.

ഒരു പാപിപോലും ഈ ഉപാഖ്യാനം ശ്രവിച്ചാൽ പാപമെല്ലാം നീങ്ങി പരബ്രഹ്മത്തോടു ചേരും. ഇതു സ്മരിക്കയൊ ചൊല്ലുകയൊ ചെയ്യുന്നവനു ദുർഗ്ഗതി നേരിടുകയില്ല.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
രാഘവരാമസംവാദം, പുരാതന രാമായണകഥനം
എന്നൂറിപ്പത്തിരണ്ടാമധ്യായം.

(0)

Digitized By Kerala Sahitya Akademi

ഒരുനൂറ്റിമൂന്നാമദ്ധ്യായം

(പെരുശ്ശേരിരീതി)

സൂതൻ:—

ഭാരദ്വാജാലയെ ഭക്തികഴിച്ചിട്ട
പാരം പ്രസന്നനായ് രാമഭദ്രൻ
കല്യമുനീന്ദ്രമുകന്ദരോടൊന്നിച്ചു,
ഭല്ലൂകവാനരരോടുംക്രുടി,
വാരിദപങ്ക്തിയാൽ വാനിടം മൂടവേ,
മാരുതൻ മന്ദമായ് വീശീടവേ,
ആ വനഭൂവിലൊരേടത്തെഴുന്നൊരു
ദേവമഹാഗൃഹം ചെന്നണഞ്ഞാൻ:
പൊന്നൊന്നാലാണതിൻതൂണകം; താഴിക-
ക്കുംഭങ്ങളം വെള്ളിമയങ്ങളത്രേ;
പൊൽത്തകിടാണതിൻ തട്ടകം, തൂമണി
മുത്തുപതിച്ചിട്ടുമുണ്ടവയിൽ;
ചെമ്പുപലകയടിച്ചതാം മേൽഭാഗം;
അമ്പിളിപ്പാൽക്കുതിർപോലെ ഭിത്തി;
ഇല്ലുവടക്കുവശത്തെങ്ങുംഭിത്തികം;
തെല്ലില്ല തൊപ്പുകം സുന്ദരങ്ങളം;
കർപ്പൂരചന്ദനകാശ്മീരകാഗരു-
കസ്തൂരിച്ചാറുകം തൻതൂമണം
ജാലകമാർഗ്ഗേണ വീശുന്നു; ചിത്രങ്ങ-
ളാലസിക്കുന്നുണ്ടു തൂണുതോറും;
ചട്ടറ കർപ്പൂരം ചേർത്ത പൂന്തേൻ തളി-
ച്ചിട്ടുണ്ടകുത്തു നിലത്തു മുറവും;
മുറമൊരുന്തുറുകോലളവുള്ളതു
പറെപ്പുള്ളങ്ങു പതിച്ചതത്രേ;
അത്തിരുമുറത്തു നൽത്തണൽചേർപ്പതു-
ണ്ടുത്തുംഗമായൊരു പാരിജാതം;
നാലുഭാഗത്തിലും പ്രാസാദപംക്തിയും,
നാനാതരങ്ങൾപൂംകാവുകളും,

Digitized By Kerala Sahitya Akademi

൪൨൬൫ പുരാണസഞ്ജിക [൪൫൯൫൫൭൭൩൦൩൦൩൦

ശംഭു:—'വലിയ വീണയുമായി സ്ഥിതിചെയ്തിരുന്ന വായുപുത്രൻ വാമദേവനോടു ചോദിച്ചു:—'നേർവഴിക്ക സമ്പാദിച്ചവകൊണ്ടു സ്വാമിയെ പൂജിച്ചാലത്തെ ഫലം എന്താണ്? അന്യായമായി സമ്പാദിച്ചവകൊണ്ടു പൂജിച്ചാലത്തെ ഫലം എങ്ങിനെ? മോഷ്ടിച്ചതോ ഉപഹൃത (കേട്ടുവന്നതു്)മോ ആയ പദാർത്ഥം സമർപ്പിച്ചാലത്തെ ഫലം എന്തായിരിക്കും? ഭഗവൻ, ദേവേശ, ഓരോന്നും വേർതിരിച്ചുളിഞ്ഞു യ്ക്കാലും.' ശിവൻ മറുപടി പറഞ്ഞു:—'എല്ലാം പറയാം; മനസ്സിരുത്തി കേട്ടുകൊൾകം: ന്യായാർജ്ജിതംകൊണ്ടു സദാശിവനെ പൂജിച്ചതിനാലത്രേ, ഗൌതമൻ ഇത്ര ഐശ്വര്യം നേടിയതു്. പണ്ടു, മങ്കണന്റെ പുത്രനായി അകഫ്ഥൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. ആയാരം പതിവ്രതയും സുന്ദരിയുമായ ഒരു ബ്രാഹ്മണകന്യകയെ വേളികഴിച്ചു. അച്ഛനമ്മമാർ മരിച്ചതിനാൽ അയാരം ഏകനും ദരിദ്രനുമായിരുന്നു എങ്കിലും ദയാശീലനായിരുന്നു. ആറു ദിവസത്തിലൊരിക്കലേ അയാരം ഭക്ഷണം കഴിച്ചിരുന്നുള്ളു. അങ്ങിനെ ഒരു നാരം ഉണ്ണാൻ തുടങ്ങുമ്പോഴെയ്ക്കും, ഒരു സന്ന്യാസി വന്നുചേർന്നു, മധ്യമാംവണ്ണം ഉരചെയ്തു:—'എനിക്ക് ഒരു മാസം ഉപവാസമായിരുന്നു; അങ്ങയുടെ അടുക്കൽ ഭക്ഷണത്തിന്നാണ് വന്നതു്. ഭക്ഷിപ്പാൻ വല്ലതുമുണ്ടെങ്കിൽ തന്നാൽക്കൊള്ളാം; മറ്റൊരാളുടെ ഗൃഹത്തിൽ ഞാൻ ഉണ്ണുകഴിക്കുകയില്ല.'

അകഫ്ഥൻ:—'ബ്രാഹ്മണോത്തമ, എനിക്ക് അഞ്ചു നാരം ഭക്ഷണമില്ല; ഇന്നു്, ആറാമത്തെ നാളിലെ ഭക്ഷണമാണു്. അതിരിക്കട്ടെ. വരൂ; ഞാൻ അങ്ങയുടെ കാൽ കഴുകിക്കാം.'

'ഓ' എന്നനുവദിച്ച യോഗിയെ അകഫ്ഥൻ കാൽ കഴുകിച്ചു് ഉണ്മാനിരുത്തി, വാഴയിലയിൽ ചോറും നെയ്യും കാട്ടുപഴങ്ങളും ആദരപോടെ വിളമ്പികൊടുത്തു. സന്ന്യാസി അതു മുഴുവനും പൊക്കിവെയ്ക്കാതെ ഭക്ഷിച്ചു. അദ്ദേഹം സംതൃപ്തനായതു കണ്ടു, തപസ്വിയായ അകഫ്ഥനും ഭാര്യയും അത്യന്തം സന്തോഷിച്ചു. സന്ന്യാസി ഉണ്ണൽ കഴിച്ചു നടകൊണ്ടു. അകഫ്ഥൻ സന്തോഷത്തോടെ ജപിച്ചുകൊണ്ടിരുന്നു. അവിശിഷ്ടനും ഭാര്യയും തപോവൃദ്ധിക്കുവേണ്ടി കൃപാതവൃത്തി (അന്നന്നു കിട്ടിയതുകൊണ്ടു, പിന്നെയ്ക്കു കരുതിവെയ്ക്കാതെ, നാരംകഴിക്കുക) യാണ് അനുഷ്ഠിച്ചിരുന്നതു്.

പിന്നീടൊരുനാരം, അകഫ്ഥൻ പാവ്വതീവല്ലഭന്റെ പീഠത്തിൽ പ്രതിഷ്ഠിച്ചു, ഗണാനുചിതനായ തന്തിമുഖനെ ലിംഗത്തിലാവാഹിച്ചു പൂജിപ്പാൻ തുടങ്ങുമ്പോരം, പുരോ ഒരു കൃശഗാത്രനായ ബ്രാഹ്മണൻ

Digitized By Kerala Sahitya Akademi

വരുന്നതു കാണുമാറായി: അദ്ദേഹം തീരെ നഗ്നനും കൈ മുടന്തനും ഒറക്കണ്ണനും കാലില്ലാത്തവനും ബധിരനുമായിരുന്നു. എന്നാൽ വള രെ ശാസ്ത്രങ്ങളുടെ മറുകര പുക്കവനായ അദ്ദേഹം സാമവേദം പാടി ക്കൊണ്ടാണ് അകഡന്റെ ഗൃഹത്തിലേയ്ക്കു വന്നത്. അപ്പോൾ അക ഡൻ പത്നിയോടു പറഞ്ഞു:—'ഇതാ, ഒരു വികൃതവേഷനായ ബ്രാ ഹ്മണൻ വരുന്നു. പകൽതീരുവോളം ഇദ്ദേഹത്തിന്നു കൊടുക്കണം; പങ്കതി നിനക്കായി സൂക്ഷിക്കുക: ഇന്നത്തെ ദിവസം കഴിഞ്ഞാൽ, ഇനി അഞ്ചു ദിവസംകൂടി ഭക്ഷണമുണ്ടാകയില്ലല്ലോ. അതിനാൽ നിനക്കു ജീവനാ ശം പറഞ്ഞുപോയ്ക്കൂടാം. എന്താണ് നിന്റെ അഭിപ്രായം?' ആ സാ ധ്വി പറഞ്ഞു:—'തലയിലെഴുതിയിട്ടുള്ള ആയുസ്സ് ഇടയ്ക്കുവെച്ച് ഒടു ങ്ങുകയില്ല!' അകഡൻ അഭിപ്രായപ്പെട്ടു:—'മരണമില്ലാത്ത ഭക്ഷണ ത്തോടും വീരഭദ്രനാൽ ശിരശ്ഛേദം സംഭവിച്ചു; പിന്നെയാണോ, മരണ ശീലരായ മനുഷ്യർക്ക്! അതിനാൽ ഇദ്ദേഹത്തിന്നു നിന്റെ ഭോഗംകൊടു ക്കാതെ നീ ഉടനടകഴിക്കണം; എന്റെ ഭോഗം ഇദ്ദേഹത്തിന്നു കൊടുക്കാം. നിന്റെ ഇഷ്ടംപോലെവേണം എനിക്കു ചെയ്യാൻ.' പത്നി പറഞ്ഞു:— 'അങ്ങ് ഉടൻ കഴിക്കാതെ ഞാൻ ഉണ്ണുകയോ? ഞാൻ മുമ്പെ ഉണ്ണാറു ണ്ടോ? ഇതുകൂടി കേൾക്കുക: ദേഹികൾക്കൊക്കെ പ്രത്യക്ഷ പ്രാണനാണ ല്ലൊ അന്നം; അതിനാൽ അന്നം നൽകുന്നവൻ പ്രാണനെയത്രേ നൽ കുന്നത്. അന്നത്തിൽനിന്നാണ് പ്രാണികളുടെ ജനനവും വൃദ്ധിയും; അതിനാൽ അന്നദാനത്തെക്കാൾ മികച്ച ഒരു ദാനമില്ല. ജീവിതം അ രയാലിലത്തലയ്ക്കൽ പറിയ നീർത്തുള്ളിപോലെയിരിക്കെ, അർദ്ദാനം ചെയ്തില്ലയോ, അവന്റെ ജന്മം വെറുതേ! പരലോകത്തിൽ സഹായ മായിട്ടു ധർമ്മമേ ഉണ്ടാകൂ; ഭാര്യ, അച്ഛനമ്മമാർ, മക്കൾ മുതലായവ രെല്ലാം മരണംവരെ മാത്രം! ധാർമ്മികശ്രേഷ്ഠ, ധർമ്മംതന്നെയാണ് ഇ ങ്ങും അങ്ങും ഉറ്റബന്ധു. നമ്മൾ ഉടൻകഴിച്ചിട്ടെന്താണു?'

ഭാര്യ ഇപ്രകാരം പറകയാൽ, കൃപാലുവായ അകഡൻ മടിക്കൂടാ തെ അതിഥിക്കു ഭക്ഷണംകൊടുക്കാനൊരുങ്ങി: 'ഇതു സർവ്വവ്യാപിയാ യ ശിവൻതന്നെ' എന്നു സങ്കല്പിച്ച് അകഡൻ ബ്രാഹ്മണന്റെ കാൽ കഴുകിച്ച് ആ ജലം സേവിച്ചു. മുട്ടിൽനിന്നു കീഴ്പോട്ട കൃത്രിമപാദം എച്ചതായിരുന്ന അദ്ദേഹത്തിന്റെ കാൽ. ആ എടുപ്പുകാൽ അഴിച്ചു മാ റത്തുവെച്ച്, അതിഥിയെ ആസനത്തിലിരുത്തി സൽകരിച്ചു, ഗൃഹ സ്ഥൻ വഴിപോലെ ഭക്ഷണം കഴിപ്പിച്ചു. ആ ഘട്ടത്തിൽ ഒരു ഭ്രാന്തൻ അകഡന്റെ ഗൃഹത്തിൽ വന്നുകേറി, ആ എടുപ്പുകാലെ ടുത്തു പുറത്തെയ്ക്കിട്ടു; പുരയ്ക്കു തീയുംവെച്ചു! പോരെങ്കിൽ ആ ദമ്പതി മാരെ പിടിച്ചുവലിക്കുകയും ചെയ്തു!! തല്ലുകൊണ്ടു വലഞ്ഞ അകഡൻ വെ

Digitized By Kerala Sahitya Akademi

മ്പലോടേ, തീ കത്തിയെരിയുന്ന ഗൃഹത്തിനുള്ളിൽ കടന്നു ശിവലിംഗമെടുത്തു പുറത്തെയ്ക്കു ചാടി. പൂജാദ്രവ്യങ്ങളിൽ തീ പറ്റിയിരുന്നു; അവ നീക്കി നോക്കിയപ്പോൾ, ശിവലിംഗവും തീ തട്ടിയതായി കാണുകയാൽ ആ ധർമ്മിഷ്ഠൻ അതിസന്തപ്തനായിത്തീർന്ന ഭാര്യയോടു പറഞ്ഞു:—'മഹേശ്വരന്റെ പൂജ ദഹിച്ചുപോയല്ലോ; അതിനാൽ എന്റെ ശരീരവും മടിക്കുടാതെ ദഹിപ്പിക്കേണ്ടിയിരിക്കുന്നു.'

അംഗഹീനൻ:—'രണ്ടുമുത്തം പൂജിച്ചാൽ മതി, ഫലം കിട്ടാൻ: ഒരു പദാർത്ഥം നശിച്ചുപോയാൽ, അതുപോലെയുള്ള ഒന്നു കൊടുക്കയല്ലേ പതിവു്; അപ്രകാരംതന്നെയാണു് പൂജ ദഹിച്ചാലും. അതിനാൽ പൂജ നടത്തിക്കൊൾക.'

'ചൌര്യത്താലൊ അന്യായത്താലൊ സമ്പാദിച്ച ദ്രവ്യങ്ങൾ കൊണ്ടു ശിവനെ പൂജിച്ചാൽ നന്മ വരികയില്ല!' എന്നും പറഞ്ഞു് അകൃതവ്രൻ ക്ഷണത്തിൽ ശരീരം ദഹിപ്പിപ്പാൻതന്നെ ഒരുമ്പെട്ടു. അപ്പോൾ, തീ തട്ടിയിരുന്ന ശിവലിംഗവും കൈക്കലാക്കി ബ്രാഹ്മണൻ മറഞ്ഞു. അംഗഹീനബ്രാഹ്മണനാകട്ടേ, പരമേശ്വരനായിച്ചമഞ്ഞു് അകൃതവ്രനോടരുളിച്ചെയ്തു:—'എന്തിനു ദുഃഖിക്കുന്നു? ഞാൻ വരം തരാം; ചോദിച്ചുകൊള്ളുക.' സ്വാമിപാദങ്ങളിൽ ഉറച്ച ഭക്തിയാണ് അകൃതവ്രൻ വരമായി വാങ്ങിയതു്!'

ഇക്കഥ കേട്ടു മനം കുളിർത്ത മുനിശ്രേഷ്ഠനായ ശ്രീരാമൻ ഭരദ്വാജനെ വണങ്ങി വിടചോദിച്ചു. അദ്ദേഹം പ്രസന്നനായ ശാർങ്ഗ, വസിഷ്ഠാദി മുനിപുംഗവന്മാർ, നാരായണൻ എന്നിവരേയും വന്ദിച്ചു യാത്രയാക്കി. അവരും വന്ദിച്ചു നടകൊണ്ടു."

ഋഷിമാർ:—"മുനികളെല്ലാവരോടും ക്രൂദ്ധനായി അയോദ്ധ്യയിൽ തിരിച്ചെത്തിട്ടു്, തേജസ്വിയായ രാമനും ആ യശസ്വിയായ ശംഭുവും എന്തുചെയ്തു?"

സൂതൻ:—"രാഘവൻ പിറന്ന കൌസല്യയുടെ മാസികത്രാലമൂട്ടുന്നതിനു, സമസ്തതത്വജ്ഞനായ ശംഭുവിനേയും നാരദനേയും ലോമശനേയും ഭൃഗുവിനേയും വിശ്വാമിത്രനേയും ഋഷിശ്രേഷ്ഠരായ മറ്റു ബ്രാഹ്മണശ്രേഷ്ഠരേയും എഴുപ്പെടുത്തി, ഒരിക്കലുണ്ടു്, നിലത്തു നല്ല വിരിപ്പു വിരിച്ചതിൽ അനാകുലേന്ദ്രിയനായി കിടന്നാങ്ങി; പിറന്നാൾവിലേ കളിച്ചു നിത്യകർമ്മം കഴിച്ചു; പിന്നെ ആചാര്യന്മാരൊക്കൊണ്ടു പലതരം അന്നങ്ങളും പോഷ്യാദികളും വട മുതലായ മുപ്പത്തെട്ടു ഭക്ഷ്യങ്ങളും, അതുതരം പായസവും, ഇരുന്നൂറു പകപശാകങ്ങളും മുന്നൂറു അപ

Digitized By Kerala Sahitya Akademi

കപശാകങ്ങളും, കരുവേപ്പില മുതലായ ശാകങ്ങളും വിവിധങ്ങളായ ഫലമൂലകന്ദങ്ങളും വൽക്കലങ്ങളും ഒരുക്കിച്ചു; അനന്തരം ഭ്രാതാക്കന്മാരോടും പുരോഹിതനോടുംകൂടി സരയൂനദിയിൽ പോയി സ്നാനംചെയ്തു ഹോമവും ദേവപൂജയും കഴിച്ചു പ്രാണങ്ങളെ അടക്കി ധ്യാനം അനുഷ്ഠിച്ചു; വന്നുചേർന്ന ബ്രാഹ്മണരോട് സ്വാഗതം പറഞ്ഞു; വൈശ്വദേവത്തിന്നു ലോമശനാരദന്മാരേയും, മാതൃസ്ഥാനത്തെയ്ക്കു ശംഭുഭൃഗുവിശ്വാമിത്രന്മാരേയും ക്ഷണിച്ചു; ആ ബ്രാഹ്മണരെ ചാണകംകൊണ്ടു വട്ടത്തിൽ മെഴുകിയേടത്തിരുത്തി, സീത പകർന്നുകൊടുത്ത വെള്ളംകൊണ്ടു കാൽ കഴുകിച്ചുചമിപ്പിച്ചു.

എന്നിട്ട് അരമനയിലേയ്ക്കു പുറപ്പെട്ടപ്പോഴെയ്ക്കും, ഒരു വൃദ്ധബ്രാഹ്മണൻ വന്നുചേർന്നു: ശരീരം മെലിഞ്ഞു തൊലി തൂങ്ങി, അടിമുതൽ മുടിവരെ വിറപൂണ്ടു, വളഞ്ഞുകുമച്ചു വലഞ്ഞു, കവിളുകളിൽ കണ്ണീരുയും താടിമീശമേൽ വായിൽനിന്നൊഴുകിയ കഫനീരും പറ്റി, വികൃതാകാരനായിരുന്ന അദ്ദേഹം രാമരാജാവിനോടറിയിച്ചു:—'ഇതാ, ഞാൻ ക്രൂടിയുണ്ടേ! ഒരു ശേഷിയില്ലാത്ത കിഴവബ്രാഹ്മണനായ എനിക്കും തരണേ ചോറ്!' ഇതു കേട്ടിട്ടു രാമൻ ലക്ഷ്മണനോടു പറഞ്ഞു:—'നീ ഇദ്ദേഹത്തിനെ കാൽകഴുകിക്കുക; ഞാൻ പൂജിക്കാം.' അപ്പോൾ അതിഥി വല്ലായ്മയോടേ രാമനോടരിയാടി:—'ഇവിടുന്നുതന്നെ കാൽകഴുകിച്ചേ ഞാനുണ്ണൂ. എന്നിലും മീതേയാണൊ ഈ ബ്രാഹ്മണർ? എന്നെ അനാദരിക്കയാണൊപ്പോ അങ്ങു ചെയ്യുന്നതു്. മഹർഷിമാർ അനുഷ്ഠിച്ചുപോന്ന ശ്രാദ്ധധർമ്മം അങ്ങയ്ക്കറിഞ്ഞുകൂടാ. എന്നെ അനാദരിച്ചാൽ എല്ലാ ബ്രാഹ്മണരും അനാദരിക്കപ്പെട്ടു! തന്നിമിത്തം ശ്രാദ്ധത്തിന്നു നാശംവരും; ഭവാൻ നരകവും പുകും!' ഉടനേ രാമൻ, താൻതന്നെ ആ വൃദ്ധബ്രാഹ്മണനെ കാൽകഴുകിച്ചുചമിപ്പിച്ചു അരമനയിലേയ്ക്കു കൊണ്ടുപോന്നു. താനും അത്താഴമിച്ചു, ബ്രാഹ്മണരെയെല്ലാം അതാസനം കൊടുത്തിരുത്തിയതിന്നുശേഷം രാമൻ പ്രാണായാമം ചെയ്തു സകർമ്മങ്ങൾക്കനുമതി വാങ്ങി:

എള്ളുകുത്തിയ വെള്ളം അപഹതാദി മന്ത്രംചൊല്ലി ദ്വാരദേശത്തിലും, ഉദീരിതാം എന്നാദിയായ മന്ത്രം ചൊല്ലി പിതൃപാത്രസ്ഥലത്തും, അക്ഷതജലം ഗായത്രി ചൊല്ലി ദേവപാത്രസ്ഥലത്തും പ്രക്ഷേപിക്കണം; പിന്നെ അന്നങ്ങളിൽ വെള്ളംതളിച്ചു,

'ശ്രാദ്ധഭൂമിം ഗയാം ധ്യാത്വാ ധ്യാത്വാ ദേവം ജനാർദ്ദനം
വസവാദീംശ്ച പിതൄൻ ധ്യാത്വാ തതഃശ്രാദ്ധം പ്രവർത്തയേ'

Digitized By Kerala Sahitya Akademi

എന്ന മന്ത്രം ഉച്ചരിക്കണം; തദനന്തരം, കടയും തലയും ഒപ്പി ച്ച രണ്ടു ദർപ്പപുല്ലും അക്ഷതവും കൈക്കൊണ്ടു, വലത്തേ കാൽമുട്ട് നിലത്തുകുത്തി, ബ്രാഹ്മണരുടെ കയ്യിൽ നീർ വീഴ്ത്തണം; പുത്രരവസ്സു കൾ മുതലായ ദോഷകർമ്മങ്ങൾ അനുസന്ധാനം നൽകണം; പിന്നീട് അർഘ്യം ചെയ്യണം: തല വടക്കോട്ടായ ദർഭയിൽ പാത്രം കമിഴ്ത്തി, മീതെ കെട്ടദർഭ വെച്ചു, മലർത്തി, പൊന്നനീർ ഒഴുക്കണം; പവിത്രമിട്ട പാത്രത്തിൽ 'ശം നോ' എന്ന മന്ത്രം ചൊല്ലി ജലം പകരണം; 'യവോ സി ധാന്യരാജ്' എന്ന മന്ത്രംചൊല്ലി പാത്രത്തിൽ യവമിടണം; തേൻ കിണ്ടികളിൽ ഗന്ധപുഷ്പങ്ങളിടണം; 'ആവായയിഷ്യേതാൻ ദേവാൻ' എന്നും, 'വിശ്വേഭ്യോദേവേഭ്യഃ' എന്നും ചൊല്ലി ബ്രാഹ്മണരുടെ ശിരസ്സിൽ ദർഭയിട്ടു, 'വിശ്വേ ദേവാഃ ശൃണുത ഇമമാഗച്ഛന്തു' എന്ന ജപിക്കണം; തിരിയെ പൊന്നു ഇരുന്നു, ദർഭയോടുകൂടിയ പാത്രമെടുത്തു, മുഖ്യപാത്രത്തിലെ ജലം വലത്തേക്കാലിൽ പകർന്നു, പവിത്രത്തല പൊങ്ങിനില്ക്കുന്ന ബ്രാഹ്മണദക്ഷിണഹസ്തത്തിൽ, 'ദേവ ദിവ്യാഃ' എന്ന മന്ത്രം ചൊല്ലി പാത്രത്തിലെ നീർ വീഴ്ത്തി, 'ഇദം ഭോഃ അർഘ്യം' എന്നോതി, 'ഓസ്തു അർഘ്യം' എന്നു ബ്രാഹ്മണർ ഉത്തരം പറഞ്ഞാൽ അർഘ്യജലം പാത്രത്തിൽ വാങ്ങി, ആ പാത്രം ഒരേടത്തു വെയ്ക്കണം; പിന്നീടവരെ, 'അവീനാ പ്രോക്ഷത' എന്നു ചോദിച്ചു, മറുവടി കിട്ടിയ ഉടൻ യവങ്കൊണ്ടു ആത്മാദ്യുപചാരം അവർക്കണം; അതുകഴിഞ്ഞാൽ 'ഗന്ധദ്വാരാ' എന്ന മന്ത്രം ചൊല്ലി, പ്രക്ഷാളനാനന്തരം പിതൃപൂജ തുടങ്ങണം: ഇടത്തുവശം ചാഞ്ഞു, ഇടത്തെ കാൽമുട്ട് നിലത്തുകുത്തി, തെക്കോട്ടു തിരിഞ്ഞിരുന്നു, മൂന്നു ദർഭയും എള്ളും പിതൃകർമ്മാസനമായി നിലത്തു വിരിക്കണം; തല തെക്കോട്ടായ ദർഭയിൽ മൂന്നു പാത്രങ്ങളും കമിഴ്ത്തിവെച്ചു മീതെ മൂന്നുകെട്ട ദർഭവെച്ചു മലർത്തി, വെള്ളംതളിച്ചു അവയിൽ പവിത്രവും എള്ളുമിടണം; 'ശംനോ' എന്ന മന്ത്രംകൊണ്ടു വെള്ളം; 'തിലോസി' എന്ന മന്ത്രംകൊണ്ടു എള്ളു; പിന്നെ ഗന്ധപുഷ്പവുമിട്ടു 'സുധാർഘ്യം' എന്നു ചോദിച്ചു, 'അസ്തുപാർഘ്യം' എന്ന മറുവടി വാങ്ങി, എള്ളും പൂവും ദർഭയും കയ്യിലെടുത്തിരുന്നു പിതൃക്കളെ ആവാഹിച്ചു, 'ഉശന്തസ്ത്വാ' എന്ന മന്ത്രംകൊണ്ടു മൂന്നരു അർഘ്യം കൊടുക്കണം.

ദേവപൂജയ്ക്കു പൊൻപാത്രം മോറി ഉപയോഗിക്കണം; പിതൃപൂജയ്ക്കു വെള്ളിപ്പാത്രവും. ഇല്ലെങ്കിൽ, മറവാരും ഉണ്ടുകഴിച്ചിട്ടില്ലാത്ത ഓട്ടുപാത്രം മതി. അതുമില്ലെങ്കിൽ ഇലകൾ: പിലാശ്ശ്, വാഴ, മാവു്, ഞാവൽ, പുന്ന, മന്താരം, ഇരിപ്പ, കടകപ്പാല, മാതിളനാര

Digitized By Kerala Sahitya Akademi

കം എന്നിവയുടെ ഇല ശ്രാദ്ധത്തിന്നൊടുക്കാം. പൂണൂന്തൽ വലത്തേത്തോളിലിട്ട കോരികയിൽ ചോറും നെയ്യുമെടുത്തു, ബ്രാഹ്മണനോട് വിളമ്പട്ടെയോ എന്നു ചോദിക്കണം: 'കരിഷ്യാമ്യഹം കരണം' എന്നു ചോദ്യം; 'കുരുഷ്വ' എന്നുത്തരം. വിളമ്പിയിട്ടു പൂണൂന്തൽ ഇടംതോളിലാക്കി, നെയ്യെടുത്തു, 'സോമായ പിതൃമതേ സ്വധാ നമഃ' എന്നുച്ചരിച്ചു ഹോമിക്കണം; 'യമായാംഗിരസേ പിതൃമതേ സ്വധാ നമഃ' എന്നു രണ്ടാമത്തെ ആഹുതി; 'അഗ്നയേ കവ്യവാഹനായ സ്വധാ' എന്നു മൂന്നാമത്തേ. പിന്നെ പിണ്ഡപാത്രത്തിൽ ശേഷിച്ചതും കോരികമേൽ പറ്റിനില്പുള്ളതും വെള്ളംകൊണ്ടു മേക്ഷണം (ഒരുതരം ചെറിയ മരപ്പാത്രം)കൊണ്ടു പിതൃപാത്രത്തിൽ വീഴ്ത്തിക്കണം. മേക്ഷണം അഗ്നിയിലിട്ടിട്ടു ഭോജനപാത്രങ്ങളിൽ വലഞ്ഞുഭാഗത്തായി ഉപസ്തരിച്ചു ചോറും മറ്റും വിളമ്പണം.

ഇതിൻവണ്ണമെല്ലാം ശ്രീരാമൻ അനുഷ്ഠിച്ചു. അപ്പോഴേയ്ക്കും ആ വൃദ്ധനായ അതിഥി അങ്ങുമിങ്ങും നോക്കിക്കൊണ്ടു, ശാന്തനായ രാഘവനോടു പറഞ്ഞു:—'എന്നെ വേഗത്തിൽ വന്ദിക്ക. എനിക്കു വിശപ്പുണ്ടു; എനിക്കുണ്ണാൻ അനുമതി തരണം!' 'മുനേ, ക്ഷണനേരം താമസിക്ക; ഞാനിപ്പോഴും ദേവകളേയും പിതൃക്കളേയും വന്ദിക്കയാണു്.' എന്ന മറുപടി പറഞ്ഞിട്ടു രാമൻ പാത്രത്തിലെ അന്നം ദേവകർമ്മത്തല ഈശാനകോണിലേയ്ക്കായ ദർഭയിലും പിതൃകർമ്മത്തല നിർൃതികോണിലേയ്ക്കായ ദർഭയിലും പൃഥിവീത്വാദി മന്ത്രം ചൊല്ലി വിളമ്പി; 'ഇദം വിഷ്ണുഃ' എന്നിങ്ങിനെ ബ്രാഹ്മണന്റെ പാത്രം പെരുവിരൽകൊണ്ടു തൊടുകയും ചെയ്തു. അന്നം ഒന്നാമതായി, 'യേ ദേവാഃ' എന്ന മന്ത്രം ചൊല്ലി ദേവകർമ്മം, രണ്ടാമതു പിതൃകർമ്മം, മൂന്നാമതു് അതിഥികർമ്മം നൽകണം. 'ദേവതാഭ്യഃ' എന്നു തുടങ്ങുന്ന മന്ത്രം ഉച്ചരിച്ചു 'കുടിക്കുനീർ' വീഴ്ത്തിക്കൊടുക്കണം. പൂണൂന്തൽ ഇടത്തേത്തോളിലിട്ടു കിഴക്കോട്ടു തിരിഞ്ഞുനിന്നു ഗായത്രി മൂന്നുരു ജപിച്ചു, പൂണൂന്തൽ വലത്തേത്തോളിലിട്ടു മധുത്രയം (തേൻ, നെയ്യു്, പഞ്ചസാര)വിളമ്പി 'ഭുഞ്ജധ്വം' എന്നു പറയണം. ബ്രാഹ്മണർ ഉണ്ണുമ്പോഴും, രക്ഷോഘ്നമന്ത്രങ്ങളും ജപിക്കണം.

ആ അവസരത്തിൽ അതിഥിബ്രാഹ്മണൻ ഒരത്യാശ്ചര്യം ചെയ്തു; വിളമ്പിയതൊക്കെ ഒരുരുളയായി ഉണ്ടുകളഞ്ഞു! എന്നിട്ടു 'പ്രാണാപ്പതിക്കു തികയത്തക്കവണ്ണം തരണേ' എന്നു രാമനോടാവശ്യപ്പെട്ടു:—'ഇത്രയും തരാൻ അങ്ങു് ആളല്പെങ്കിൽ ശ്രാദ്ധമൂട്ടാനൊരുങ്ങിയതെന്തിനു്? എനിക്കു് ഒരാൾക്കുതന്നെ ഭക്ഷണംതരാൻ അങ്ങയ്ക്കു കഴി

Digitized By Kerala Sahitya Akademi

വില്ലെങ്കിൽ വളരെപ്പേർക്കെങ്ങിനെ കൊടുക്കും? ആലോചിയാതെ ആരംഭിച്ച കർമ്മം ശരിക്കവസാനിക്കയില്ല. എല്ലാവർക്കും കൂടി ഭവാൻ ഒരുക്കിയിട്ടുള്ളത് എനിക്കു പ്രാണാഹുതിക്കു തികയില്ല. എങ്ങിനെ എനിക്കു ഭക്ഷണം തരും? ഇവർക്കെങ്ങിനെ കൊടുക്കും?' ഈ അത്യത്ഭുതം കണ്ടിട്ട്, മനസ്വിയായ രാമൻ, 'അങ്ങു മതിയാകുവോളം ഉണ്ടുകൊൾകെ' എന്നരുത്തരംപറഞ്ഞു, ശംഭുവിനോടുപേക്ഷിച്ചു:—'ഇവിടുന്നു വിളമ്പുക: ഇവിടുന്ന് അന്നപൂർണ്ണേശ്വരീദേവി അമ്മയുമാണെന്നാകുന്നു എന്റെ വിശ്വാസം; ഭവാനീദേവിതന്നെയാണല്ലോ അന്നപൂർണ്ണേശ്വരി.' ഉടനേ ശംഭുചൊന്നി, 'ഞാൻ ഇദ്ദേഹത്തിനു വേണ്ടുവോളം കൊടുക്കാ'മെന്നരിയാടി, ഉരുളിയെടുത്തു സുഗന്ധവും വെണ്മയുമുള്ള പായസം പൊന്നിൻചട്ടകം കൊണ്ടു കോരി, 'ഇതു് ഇദ്ദേഹത്തിന്ന് അക്ഷയമാകട്ടേ' എന്നു, ബ്രാഹ്മണന്റെ വലത്തുകയ്യിൽ വിളമ്പിക്കൊടുത്തു. അദ്ദേഹം തലകുനിക്കി മേല്പോട്ടുനോക്കി കൈനീട്ടി പായസം വാങ്ങിയിട്ടു, 'വിളമ്പു പായസം; വെപ്പു നന്നായിട്ടില്ലേ?' എന്നു ചോദിച്ചു. 'കയ്യിലുള്ളതു കഴിക്കു; എന്നിട്ടു തരാം' എന്നു ശംഭുചന്നി മറുപടിപറഞ്ഞു. ബ്രാഹ്മണൻ കയ്യിലുണ്ടായിരുന്നതു കഴിച്ചുനോക്കി അതു് അക്ഷയമാണെന്നറിഞ്ഞിട്ടു മറേറ കൈനീട്ടി. അതിലും ദേവി പായസം വിളമ്പിക്കൊടുത്തു; മറ്റുബ്രാഹ്മണർക്കും വിളമ്പി. ഇതുകൊണ്ടുലേയും പായസം അക്ഷയമാണെന്നു കണ്ടിട്ട ബ്രാഹ്മണൻ വേറെ ഒരു കയ്യുണ്ടാക്കി നീട്ടി, നല്ല ചോറും നെയ്യും പരിപ്പും തരണമെന്നാവശ്യപ്പെട്ടു. ശംഭുപ്രിയ അതും വിളമ്പിക്കൊടുത്തു. ദേവി എന്തെന്തു വിളമ്പിയോ, അതൊക്കയും അക്ഷയമായിച്ചമഞ്ഞു. വിപ്രൻ മറൊരു കൈകൂടി നിമ്മിച്ചു; അതും നിറഞ്ഞു. ഇങ്ങിനെ ഓരോന്നായി ഓരായിരം കൈകൾ നിമ്മിച്ചു വിരമിച്ചിട്ട് അദ്ദേഹം പറഞ്ഞു:—'എനിക്കു (കുലുക്കുഴിയാൻ) വെള്ളംതരിക. ഇവിടുന്നാണ് എനിക്കു സംതൃപ്തി വരുത്തിയതു്; രാമനല്ല, സീതയുമല്ല.'

ശംഭു:—'ഞാൻ തന്നതു സീതാരാമന്മാർ തന്നതുതന്നെ. ഇനിയെന്തുവേണം? തൃപ്തിയായില്ലേ?'

ബ്രാഹ്മണൻ:—'എനിക്കു തൃപ്തിയായി; ഇനിയൊന്നും വേണ്ടതില്ല. കൈകളിലെ പായസം ഒരുവിധത്തിലും പോകുന്നില്ല.'

അതിഥി കുറേനേരം ഇരുന്നാലോചിച്ചു:—'കൈകളിലെ പായസം എങ്ങിനെ പോകും? ഉണ്ണാൻവേണ്ടി മാത്രമാണല്ലോ ഇതുകർമ്മം ഞാൻ സൃഷ്ടിച്ചതു്; അതിനാൽ മറെറാന്നുചെയ്താൽ പായസം പോയ്ക്കൊള്ളും. ഇങ്ങിനെ നിശ്ചയിച്ചു് പായസം ദേഹത്തിൽ പൂശി

Digitized By Kerala Sahitya Akademi

ദേവകളെല്ലാം അതു കണ്ട് അത്ഭുതപ്പെട്ടു. ബ്രാഹ്മണരുടെ ഊണ് കഴിഞ്ഞപ്പോൾ, പരമഭക്തനായ രാഘവൻ വിധിപോലെ കയ്യിൽ ചട്ടുകവുമായി, 'തൃപ്തിയായില്ലേ' എന്നു ചോദിച്ചു; 'തൃപ്തിയായി' എന്ന് അവർ മറുപടിപറഞ്ഞു. പിന്നെ പാത്രത്തിലെ അന്നം മന്ത്രപൂർവ്വം തുവി തൈരൊട്ടു തിരിഞ്ഞുനിന്നു പിണ്ഡംവെച്ചു; ബ്രാഹ്മണർക്ക് ഗണ്ഡൂഷജലവും നൽകി. അവർ, അതിഥിയായിച്ചെല്ലാവരും, എച്ചിലിലയിൽ ഗണ്ഡൂഷം ചെയ്ത്, ഇരിപ്പാൻ മറ്റൊരുസ്ഥലത്തേയ്ക്കു പോയി.

അതിഥി പറഞ്ഞു:—'എനിക്കു ദേവക്ഷാളനത്തിന്നു പുറത്തു പോകണമല്ലോ; എന്നീയ്ക്കുവാൻ വയ്യ. രാഘവ, എന്നെ പിടിച്ചെഴുന്നേല്പിക്കു.' രാമൻ പിടിച്ചെഴുന്നേല്പിപ്പാൻ നോക്കി; സാധിച്ചില്ല. അതിനാൽ, ഹനുമാൻ കൈമുകൾകൊടുത്തു വലിച്ചു. അപ്പോൾ ബ്രാഹ്മണൻ നിലവിളിച്ചുകൊണ്ടു:—'എന്റെ കയ്യു മുറിഞ്ഞുപോകുമേ! മറ്റൊരുവിധത്തിൽ എടുപ്പിക്കു.' ഉടനെ രാമൻതന്നെ വാൽകൊണ്ടു ബ്രാഹ്മണനെ പീഠത്തോടൊന്നിച്ചു ശിരസ്സോളം പൊക്കി പാഞ്ഞുനോക്കി; അദ്ദേഹത്തിന്നു കുലുക്കമേ ഇല്ല! അനന്തരം ഹനുമാൻ കാലുകൾകൊണ്ടു നിലം ചവുട്ടിത്തകർത്തു ബ്രാഹ്മണന്റെ ഇരിപ്പിടം ഇളക്കി, ആ വൃദ്ധനെ ഇഴച്ചു പുറത്തെയ്ക്കു കൊണ്ടുപോന്നു, പീഠത്തിന്മേലിരുത്തി. ജാംബവാൻ മൺകുടത്തിൽ വെള്ളംകൊണ്ടുവന്നു, 'ബ്രാഹ്മണ, ഇതാ, നിർമ്മലജലം; വായ്ക്കുകൊൾകെ' എന്നറിയിച്ചു. 'സീത മേൽക്കഴുകിക്കണം; ലക്ഷ്മണൻ വെള്ളം പകരണം' എന്നായിരുന്നു വൃദ്ധന്റെ മറുവടി. അപ്പോൾ ജാംബവാൻ രാമനോടുണർത്തിച്ചു. രാമൻ ബ്രാഹ്മണനെ മേൽക്കഴുകിക്കാൻ ഭീമനേയും അനുജനേയും നിയോഗിച്ചു. ലക്ഷ്മണൻ വെള്ളം പകർന്നുകൊടുത്തു; സീത ഒരു പാവയെ എന്നപോലെ വിപ്രനെ മേൽക്കഴുകിച്ചു. അദ്ദേഹം ഗണ്ഡൂഷ(വായിലാക്കിയ) ജലം സീതയുടെ മുഖത്തെന്നപോൽ തുപ്പിയതു! അത്ഭരണഭ്രഷ്ടിതയായിരുന്ന ആ സാധ്വി ശരീരം മുഴുവൻ നനഞ്ഞുനിന്നു, ബ്രാഹ്മണന്റെ വായിൽ നിന്നും മൂക്കിൽനിന്നും ഒലിച്ചു കഫനീരെല്ലാം തുടച്ചു കളഞ്ഞു. ലക്ഷ്മണൻ അന്തണനെ ആക്ഷമിപ്പിച്ചു, 'എഴുന്നേറ്റു കൊള്ളുക' എന്നു പറഞ്ഞു. 'എനിയ്ക്കു വയ്യ' എന്നായി ബ്രാഹ്മണൻ. ഉടനേ ഹനുമാൻ അങ്ങോട്ടു ചെന്നു. അതുകണ്ടു വൃദ്ധൻ ആവലാതി പറഞ്ഞു:—'ഹനുമദ്വാനരൻ മുമ്പേ എന്നെ പിടിച്ചെഴുന്നേല്പിച്ചു വല്ലാതെ വേദനിപ്പിച്ചിരിക്കുന്നു!' അപ്പോൾ ജാംബവാൻ, 'എന്റെ രോമം മയമുള്ളതാണു്; അങ്ങനെ ഞാനെടുക്കാം. എന്നാൽ വേദനയുണ്ടാകില്ല' എന്നും പറഞ്ഞു്, ഇരുകൈകൊണ്ടും അതിനിയെ പിടിച്ചെഴുന്നേല്പിച്ചു ബ്രാഹ്മണരുടെ അടുക്കൽ കൊണ്ടുവെച്ചു

Digitized By Kerala Sahitya Akademi

ശ്രീരാമൻ പിന്നെ ഭ്രാതാക്കന്മാരോടുക്രൂടി ബ്രാഹ്മണശ്രേഷ്ഠരെ വലത്തുവെച്ചു, താംബൂലം മുമ്പിൽവെച്ച്, അവരുടെ കാൽപിടിച്ച് ആശീർവ്വാദം വാങ്ങിയിട്ട് സീതയോട ചോദിച്ചു:—'ഈ അതിഥിയെ മേൽക്കഴികിച്ചില്ലയോ? ഇദ്ദേഹത്തിന്റെ കയ്യിന്മേൽ അഴുക്കണ്ടല്ലോ. മുഖവും നന്നായി കഴുകിക്ക. അഴുക്കുകൊണ്ട് ഇദ്ദേഹത്തിന്ന് അസുഖ മുണ്ടാവും.'

സീത:—'അപ്പാൾ നന്നായി കഴുകിച്ചു; വീണ്ടും ഒലിച്ചതാ ണിത്.'

രാമൻ:—'ഒന്നുക്രൂടി കഴികിയ്ക്കുക; അല്ലെങ്കിൽ ഹ്യനിക്ക പാപം നേരിടും.'

സീത പിന്നെയും കഴുകിച്ചു, മിണ്ടാതെ നിന്നു. ഉടനേ ബ്രാഹ്മ ണൻ സീതാരാമന്മാരോടു തന്റെ അഭീഷ്ടം ഉരിയാടി:—'മഹാരാ ജാവേ, സീത എന്റെ കാലുകളും ഭവാൻ കൈകളും പിടിച്ചുഴിയണം; ഭരതൻ എന്നെ വീശട്ടെ; ലക്ഷ്മണൻ എന്റെ തലമുടിചീകട്ടെ; ശ ത്രുഘ്നൻ ഉടവസ്ത്രംകൊണ്ട് എന്റെ കഫം തുടച്ചുകളയട്ടേ!' പറ ഞ്ഞതൊക്കെ അവർ ചെയ്തുകൊടുത്തു. അതിൽ, ബ്രാഹ്മണരും വാനര രും രാക്ഷസരുമൊക്കെ അത്ഭുതപ്പെട്ടുപോയി. പാർവ്വതീദേവിയും ശംഭു വും പുരികമിളകി മുഖത്തോടുമുഖം നോക്കി, 'അതിഥി വിഷ്ണുത ന്നെയാണെ'ന്ന് ആത്മഗതം ചെയ്തു. ഉടനേ അതിഥി പ്രസാദിച്ചു, ശം ഖചക്രഗദാപാണിയായി മഞ്ഞപ്പട്ടുടുത്ത സർവ്വാഭരണങ്ങളുമണിഞ്ഞു പ രമതേജസ്സോടെ കാണപ്പെട്ടു. മുമ്പേ ആരാധിതനായ ശംഭുവും പ്രസാ ദിച്ചു, മൂന്നു തൃക്കണ്ണും വെള്ളരുപ്പുങ്കിൻനിറവും പൂണ്ടു കിരീടാദി സർവ്വാഭര ണഭൂഷിതനായി ഒരു കോടി സൂര്യന്മാക്കൊത്ത ശോഭയോടേ വിഷ്ണു വിന്റെ കയ്യും പിടിച്ചു സ്തുതിചെയ്തു. പരമധാർമ്മികനായ രാമൻ സ വ്വാംഗം കോരിത്തയിർക്കൊണ്ട് അനന്തരം തുളുമ്പുന്ന കണ്ണുമായി വടി പോലെ നിലത്തുവീണു വന്ദിച്ചു; അദ്ദേഹത്തിന്റെ അനുജന്മാരും നിലത്തു ദണ്ഡനമസ്കാരം ചെയ്തു. ദയാനിധിയായ സദാശിവൻ കമ ലേക്ഷണനായ കാകുൽസ്ഥനെ പിടിച്ചെഴുന്നേല്പിച്ചു കെട്ടിപ്പുണർന്ന നിരുകയിൽ മുകർന്ന മധുരമാംവണ്ണം അരുളിച്ചെയ്തു:—'ഞാൻ പ്രസാദി ച്ചു. ബ്രഹ്മാദികൾക്കുപോലും കിട്ടാത്ത വരം ചോദിച്ചുകൊൾക; ഭവാ ന്തന്നാൽകൂടാത്തതായി എനിക്കൊന്നുമില്ല. വേഗത്തിൽ പ്രാപിച്ചു കൊൾക.'

രാമൻ:—'ജഗദീശ, എനിക്കൊന്നുമില്ല അപേക്ഷിപ്പാൻ; ത്രിലോ കം എന്റെ കീഴിലാണ്; സപുത്രവും സൽകളത്രങ്ങളാൽ ചേർക്കഴി

Digitized By Kerala Sahitya Akademi

ഞ്ഞു; തൃപ്പാദം ഒശ്ചിച്ചതിനാൽ മുക്തിയും സിദ്ധിക്കും; എന്റെ ആരോഗ്യം നിന്തിരുവടി കണ്ടുവല്ലോ; സ്ത്രീകളിൽവെച്ചു മിതെയാണ് സീത; രാജാക്കന്മാരെല്ലാം എനിക്കു കീഴടങ്ങിയിരിക്കുന്നു; പ്രജകൾ ധർമ്മശീലരുമാണ്. അച്യുത, നിന്തിരുവടി എഴുന്നള്ളിവന്നതിനാൽ എനിക്കു സന്തോഷം പരിപൂർണ്ണമായി. എങ്കിലും ഒരുവരം ഞാൻ അപേക്ഷിക്കാം: നിന്തിരുവടിയുടെ പേരിൽ എനിക്കു സ്ഥിരഭക്തിയുണ്ടാകട്ടെ; സ്വാമിൻ, സദാശിവ, ഇവിടുന്ന് ഈ സപത്നീപത്നിയോടേ മൂന്നുകൊല്ലം എന്റെ ഗൃഹത്തിൽ ധർമ്മങ്ങളെല്ലാം ഉപദേശിച്ചുംകൊണ്ടു വാണരുളുകയും വേണം!'

ശിവൻ:—'രാമ, അങ്ങിനെയാകട്ടെ; എല്ലാം ഭവാനു നിറവേറും.'

പിന്നീടു ചക്രായുധൻ താമരക്കണ്ണനായ രാമരാജാവിനോടരിയാടി:—'മഹാഭാഗ, ഞാൻ പ്രസാദിച്ചു. വേണ്ടുന്ന വരം വാങ്ങിക്കൊൾകെ.' രാമൻ ഉണർത്തിച്ചു:—'എനിക്കു യാതൊന്നുമില്ല ആവശ്യപ്പെടാൻ: വേണ്ടതൊക്കെ ശിവൻ കല്പിച്ചുതന്നിരിക്കുന്നു. ഇവിടുന്ന് എന്നെന്നും എങ്കൽ പ്രസാദിച്ചരുളിയാൽ മതി.' അനന്തരം വിഷ്ണു സീതയോടരുളിച്ചെയ്തു:—'ഞാൻ നിങ്കൽ പ്രസാദിച്ചിരിക്കുന്നു. വേണ്ടുന്ന വരംതരാം.' സീത പറഞ്ഞു:—'ഭർത്താവു വരം വാങ്ങിയല്ലോ; എനിക്കു വേറേ വരംവേണ്ട; നിന്തിരുവടി അഭീഷ്ടം തരികയാണെങ്കിൽ, എന്റെ മനസ്സു പരപുരുഷനിൽ ചെല്ലാതിരുന്നാൽ മതി. സ്വാമിൻ, ഇവിടെയുള്ള നമസ്കാരം!' മുനിമാരെല്ലാവരും ആ ദേവശ്രേഷ്ഠന്മാരിരുവരേയും വന്ദിച്ചു. പിന്നെ ശിവൻ രാഘവനോടു പറഞ്ഞു:—'ഭവാൻ ബന്ധുക്കളോടുകൂടി ഉടൻകുഴിക്കുക. ഞാൻ ദേവിയോടൊന്നിച്ചു് ഇവിടെ ഒരു വിജനഗൃഹത്തിൽ വസിക്കാം. ഭവാങ്കൽ പ്രീതനായിരിക്കുന്ന വിഷ്ണുവും ലക്ഷ്മീദേവിയോടൊന്നിച്ചു സർവ്വോപകരണാന്വിതമായ മറൊരു ഗൃഹത്തിൽ വസിക്കട്ടെ.'

അതിനുശേഷം, വളരെ ആസനങ്ങളും ഭാജനങ്ങളും വെയ്ക്കപ്പെട്ടിരുന്ന ഒരു വലിയ വിശ്രമശാലയിൽ അഗ്രഭാഗത്തായി ഭഗവാൻ വസിഷ്ഠൻ ഉടനിന്നിരുന്നു; മറ്റു മഹർഷിമാർ, രാജാക്കന്മാർ എന്നിവരും വയഃക്രമമനുസരിച്ചു് ഉപവിഷ്ടരായി. അവക്ഭിമുഖനായി രാമനും അനുജന്മാരോടൊന്നിച്ചുപവേശിച്ചു: അനുജന്മാരെ, തന്നേതിനു തുല്യങ്ങളായ ആസനങ്ങളിൽതന്നെയാണ് ഇരുത്തിയതു്; ഹനുമൽപ്രഭൃതികളായ ഭൃത്യന്മാരോടു, 'നിങ്ങളും നില്പിൻ; പിന്നീടുണ്ണാം' എന്നുപറഞ്ഞു, രാമൻ മുനിമാരേയും മറ്റും സൽക്കരിച്ചു: തന്റെ ആജ്ഞ

Digitized By Kerala Sahitya Akademi

തരായ ഭൂപാലന്മാർക്കും ഊണിന്നുശേഷം താംബൂലം കൊടുത്തിട്ട വാനരേന്ദ്രാദികളെ ഊൺകഴിപ്പിച്ചു; പിന്നീട് ദീനാന്തകൃപണാദികൾക്കും പക്ഷുപക്ഷിമൃഗങ്ങൾക്കും ഭക്ഷണം നൽകി, സന്ധ്യാവന്ദനത്തിന്നു പുറപ്പെട്ടു. സാന്ധ്യജപവും മറ്റും കഴിച്ചിട്ട് ആ രാഘവ നരേന്ദ്രൻ സഭയിലേയ്ക്കെഴുന്നള്ളി, പൌരരാലും ഉർവ്വീനാട്ടുകാരാലും സേവിക്കപ്പെട്ടുകൊണ്ടു, ദേവകളാൽ പരിവൃതനായ ശചീവല്ലഭനെന്നപോലെ, സിംഹാസനത്തിലിരുന്നു, ഭ്രാതാക്കന്മാരൊന്നിച്ചു രാജ്യകാര്യമെല്ലാം നടത്തി. അനന്തരം ഭ്രാതാക്കന്മാരേയും വാനരരേയും മറ്റുള്ളവരേയുമെല്ലാം വെവ്വേറെ വിളിച്ചു പിരിച്ചയച്ചു.

ആ അവസരത്തിൽ, തേജസ്സേറിയ വസിഷ്ഠൻ രാമനോടു പറഞ്ഞു:—'രാഘവ, രാവിലെ ഭവാൻ ചെയ്യേണ്ടതു മറക്കരുതേ: ജഗദീശനായ ഭവാൻ പാവ്തീവല്ലഭൻ ഇവിടെയുണ്ട്; തന്തിരുവടിയെ സ്മരിക്കുകയും സശ്രദ്ധം വന്ദിക്കുകയും വേണം.' 'അങ്ങിനെതന്നെ' എന്നു ഗുരുവിനേയും യാത്രയാക്കിയിട്ടു രാമഭദ്രൻ മഹേശ്വരനെ സ്മരിച്ചും കൊണ്ടു ഭാര്യയുടെ അടുക്കലേയ്ക്കെഴുന്നള്ളി."

ഋഷിമാർ:—"രാവിലെ ഉണർന്നേഴുനേറ്റിട്ടു, ധീമാന്മാരിൽ മുന്പനായ രാമൻ എന്തുചെയ്തു? കേൾക്കാൻ ഞങ്ങൾക്കാഗ്രഹമുണ്ട്."

സൂതൻ:—"ശ്രീരാമൻ ശംഭുവിനെ കണ്ടാവശ്യപ്പെട്ടു:—'ശങ്കരകഥ പറകതന്നെ. മുനിശ്രേഷ്ഠ, പാപനാശനമായ പരമേശ്വരമാഹാത്മ്യം കേട്ടിട്ട് എനിക്കു മതിവരുന്നില്ല.'

ശംഭു:—'പൊക്കി ചോദ്യത്തിൻറെ ഉത്തരം ശിവൻ അരുളിച്ചെയ്തതു ഞാൻ പറയാം: അന്യായാർജ്ജിതങ്ങളായ ദ്രവ്യങ്ങൾകൊണ്ടു പരമേശ്വരനെ പൂജിച്ചവർ അംഗഹീനരായിത്തീരും.

ത്രുപകൻ എന്നൊരു രാക്ഷസൻ അന്യായാർജ്ജിതംകൊണ്ടു പുരവൈരിയെ പൂജിച്ചുപോന്നു; അത്തരം ദ്രവ്യംകൊണ്ടുതന്നെ ഒരു എണ്ണ (കടമണി) ശിവപ്രീതിക്കായി നിർമ്മിക്കുകയുംചെയ്തു. അവൻറെ മകൻ സന്ന്യാസി ചെയ്ത്യാർജ്ജിതംകൊണ്ടാണു്, ശിവപൂജ കഴിച്ചിരുന്നതു്. അച്ഛനും മകനും ഒരേദിവസം മൃതിപ്പെട്ടു ശിവലോകമടഞ്ഞു. അവരോടു വീരഭദ്രൻ പറഞ്ഞു:—'ത്രുപക, അന്യായാർജ്ജിതദ്രവ്യംകൊണ്ടാണല്ലോ നീ പൂജ നടത്തിയതും എണ്ണ നിർമ്മിച്ചതും; അതിനാൽ നീ അംഗഹീനനായ ഒരു പാഷ്ണ്ഡനാകണം: ശിവനാമം നീ ചൊല്ലിയിരുന്നു; എന്നാൽ വ്യക്തമായി ത്രുവിക്കുകയുണ്ടായിട്ടില്ല. അതിനാൽ നിനക്കു ചെവി കേൾക്കില്ല; കണ്ണുകാണും. ഈശ്വരനെ ഇ

Digitized By Kerala Sahitya Akademi

തേവരെ ശരിക്കു പൂജിച്ചതിനാൽ ഭക്തിയുണ്ടാകും.' സമ്പാതിയെ വീരഭദ്രൻ വല്ലേടത്തും നടക്കുന്ന അനശനനെന്ന പ്രമഥരാക്കി; അവർ അതിൻവണ്ണം ശിവലോകത്തിൽ പാർക്കുന്നു.

ഉപഹരദ്രവ്യപൂജയെപ്പറ്റി ഹനുമാനോടു മഹേശൻ അരുളിച്ചെയ്തതും ഞാൻ പറഞ്ഞുതരാം; ഓരോ പാരിഷദന്റെയും കമ്മവിപാകം കേട്ടുകൊൾക. ഹനുമാൻ ചോദിച്ചതിനാൽ, ഉപഹരതാംഗരായ പ്രമഥരെ ശിവൻ വിവരിച്ചു: ഇതാ, ഏപ്പോഴും സർവ്വാംഗം വിയർത്തൊലിച്ചും, വിയർപ്പുതുള്ളികൾ മുഖത്തുനിന്ന് ഇറ്റിറ്റു വീണും വിയർപ്പിനാൽ വസ്ത്രം നനഞ്ഞും, തൊടാൻ കൊള്ളുകയാത്ത ഒരുത്തനെ കണ്ടില്ലേ; അവൻ പണ്ടു വിയർപ്പുവീണ പദാർത്ഥങ്ങൾകൊണ്ടു പൂജ കഴിച്ചവനാണ്. അക്കഥ കേട്ടുകൊൾക:

മേകിതാനി എന്നൊരു കൃഷികാരനായ ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ രാവിലെ കൃഷിപ്പണിക്കു പോകും; ഉച്ചയ്ക്കു കുളിച്ചു ജപിച്ചു ഭാര്യയെക്കൊണ്ടു ചോറുവരുത്തി, വെയിലേറ്റു വിയർത്തുംകൊണ്ടു വെമ്പലോടെ ശിവപൂജ കഴിക്കും; ഗന്ധപുഷ്പാക്ഷതാദികളിൽ വിയർപ്പു് ഇറ്റിറ്റു വീഴുന്നുണ്ടാവും! ഒവ്വെക്കുന്നേരമാകട്ടെ, നല്ലവണ്ണം ശരീരശുദ്ധിവരുത്തി, അതാതുകാലത്തെസ്സാധനങ്ങൾകൊണ്ടു ദേവേശ്വരനെ പൂജിക്കും; ഇങ്ങിനെയായിരുന്നു പതിവു്; ആ ബുദ്ധിമാൻ മരിച്ചു ശിവലോകത്തു ചെന്നപ്പോൾ വീരഭദ്രൻ അഭ്യഞ്ജനാപിച്ചു:—'ഭവാൻ വിയർത്തു വിയർപ്പു വീണ പദാർത്ഥങ്ങൾ കൊണ്ടാണല്ലോ പതിവായി പരമേശ്വരനെ പൂജിച്ചിരുന്നതു്; അതിനാൽ സേവദിലനെന്ന പ്രമഥനാവുക.'

ഈ ഘണ്ടാമുഖനെ നോക്കുക: ഇവൻ വിഭാവസു എന്നൊരു ധർമ്മിഷ്ഠനായ വൈശ്യനായിരുന്നു. പതിവായി മികച്ച ദാനവും ബ്രാഹ്മണഭോജനവും നടത്തിപ്പോന്നു. രാവിലെ അനുഷ്ഠാനം കഴിച്ചു്, ഒരു സ്ഥലം ചാണകം കൊണ്ടു മെഴുകി പത്മവും മറുമിട്ടു ശിവനെ പൂക്കൊംകൊണ്ടു പൂജിക്കും. രത്നാൽ പൂജയ്ക്കു കൊട്ടിയിരുന്ന മണി കേട്ടവനായിരുന്നു.'

, രാമൻ:—'എങ്ങിനെ കേട്ടുവന്നു?'

ശംഭു:—'സോമനെന്ന ഒരു ശൂദ്രന്റെ മകൻ, പത്തുവയസ്സുചെന്ന 'മന്ദൻ', പയറോ മറ്റോ പുഴുങ്ങിയതു് ആ കുടമണിയുടെ ഉള്ളിലാക്കിക്കളഞ്ഞു. അതുകൊണ്ടാണു് കേട്ടുവന്നതു്. ശുദ്ധിവരുത്താൻ വൈശ്യൻ

Digitized By Kerala Sahitya Akademi

ലൌകികശോധനാം അതിവർത്തിച്ചുപോയി; ഇതയൊരു പാപത്താലത്രേ അയാഗം ഫലങ്ങളുമില്ലാതനായത്.'

രാമൻ:—'ദ്രവ്യത്തെ ശുദ്ധിപ്പെടുത്തുന്നതിൽ എന്താണ് പാപം? ഓരോ ദ്രവ്യത്തിനും ശോധനവിധി പറഞ്ഞിട്ടുണ്ടല്ലൊ; അതു ചെയ്യുകുടെയൊ?'

ശംഭു:—'ലൌകികവ്യവഹാരം ശിവഭക്തന്ന പാടില്ല.'

ബ്രാഹ്മണരെ, രഹസ്യത്തിൽവെച്ചു രഹസ്യവും ശിവജ്ഞാനപ്രദവും അതിപുണ്യവും അത്ഭുതരവുമായ ഈ ഉപാഖ്യാനം ആർ ഭക്തി പൂർവം ശ്രവിക്കുമോ, അവർ ശിവലോകത്തു സൽക്കരിക്കപ്പെട്ടും. പുരാണം വായിച്ചാന്ന വസ്ത്രകനകാഭരണങ്ങളേയും പയ്യിനേയും സ്വസ്ഥാനിതമായ ഭൂമിയേയും യഥാശക്തി ദാനംചെയ്യണം. സർവപാപഹരമായ ഈ ശംഭുരാമസംവാദം വായിക്കയൊ കേൾക്കയൊ ചെയ്തവൻ പരമപദം പ്രാപിക്കും."

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രീരാമചരിതപ്രകരണം,
ശംഭുരാമസംവാദം, അന്യായാർജ്ജിതദ്രവ്യപൂജാനിഷേധകഥനം
എന്നൂറിപ്പത്തിമൂന്നാമദ്ധ്യായം.

പാതാളഖണ്ഡമെന്ന നാല്പാംഖണ്ഡം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ശ്രീഭാഗവതപുരാണം

ദ്വിതീയ(സൂചീ)ഖണ്ഡം

ഒന്നാമദ്ധ്യായം.

(കിളിപ്പാട്ട്)

പുണ്യമായ്ക്കേവിതരമകുരുപ്രക്ഷോഭത്താൽ
വെണ്ണീരത്തണിവതായ് പൂർണനിർമ്മലമാക്കി
ബ്രഹ്മസത്രശാല പരിപാലകർ രക്ഷിച്ചതായ്—
കല്മഷാപഹമായ പുഷ്കരശ്രീയോടകം
പൂതരാകട്ടെ നമ്മെ, പ്രണവം ചൊല്ലും ജഗ-
ന്മാതാവാം വിരിഞ്ചന്റെ നോട്ടത്താൽ പരിശുദ്ധം!

ലോമഹർഷണൻ എന്ന മഹാബുദ്ധിമാനായ വ്യാസശിഷ്യൻ ഏകാന്തത്തിൽ സ്ഥിതിചെയ്തിരുന്ന ഉഗ്രശ്രവസ്സെന്ന സൂതനോടരിയാടി:—'ഉണ്ണി മുനിമാരുടെ അത്രമത്തിൽ ചെന്ന്, അവർ ചോദിക്കുന്ന ധർമ്മങ്ങളെല്ലാം വിസ്തരിച്ചു പറയു: എന്നാൽ മഹാവ്യാസൻ ഉപദേശിച്ച പുരാണങ്ങളൊക്കെ ഞാൻ ഉണ്ണിയെ പഠിപ്പിച്ചിട്ടുണ്ടല്ലൊ; അവ മഹർഷിമാർക്കു പറഞ്ഞുകൊടുക്കുക. ഈ ധർമ്മോപദേശകരം പ്രയാഗത്തിൽ വെച്ചു ബ്രഹ്മസ്ഥാനിയോട് ചോദിക്കുകയുണ്ടായി, പുണ്യസ്ഥലം ഏതാണെന്ന്. 'സനാതനമായി ദിവ്യരൂപമായി സത്യഗമായി സത്യവിക്രമമായി നിസ്തുല്യമായിരിക്കുന്ന ഈ ചക്രത്തെ സോത്സാഹം പിൻതുടർന്നുകൊണ്ടാൽ തക്ക സ്ഥലത്തെത്തിച്ചെയ്യാം: ഈ പോകുന്ന ധർമ്മചക്രത്തിന്റെ നേമി എവിടെ ശീർണ്ണമാകുന്നുവൊ (അഴിഞ്ഞുവീഴുന്നുവൊ) അവിടം പുണ്യസ്ഥലമായിരിക്കും' എന്നും പറഞ്ഞു് ആ ഭഗവാൻ അന്തർദ്ധാനംചെയ്തു. ഗംഗയുടെ പുഴിപോലുള്ള നേമി എവിടെ ശീർണ്ണമായൊ, അവിടെ—ഒന്നൈമിശത്തിൽ—മുനിമാർ ദീർഘസത്രം നടത്തുകയാണു്. നീ അവിടെച്ചെന്നായി അവർക്കു ധർമ്മസംശയങ്ങളും തീർത്തുകൊടുക്കുക.'

ജ്ഞാനിയായ ഉഗ്രശ്രവസ്സു് ഋഷിപുംഗവന്മാരുടെ അടുക്കൽ ചെന്നു കൈകൊംക്രുച്ചി നമസ്കരിച്ചു. ആ യജ്ഞാക്കൊംക്കും സദസ്യക്കു

Digitized By Kerala Sahitya Akademi

മൊക്കെ വളരെ സന്തോഷമായി. അവർ മേധാശാലിയായ സൂതനെ യഥാവിധി സൽക്കരിച്ചു.

ശൗനകർ:—"സൂത, ദേവകീകുമാരന്റെ തേജസ്സുള്ള ഭവാൻ എവിടെനിന്നു വരുന്നു? വന്ന കാര്യം എന്താണു?"

സൂതൻ:—"ഭഗവാൻ, ധീമാനായ വ്യാസശിഷ്യൻ, 'മുനിമാരെ കണ്ടു ശുശ്രൂഷിക്കു; അവർ ചോദിക്കുന്നതു പറഞ്ഞുകൊടുക്കു' എന്നു കല്പിച്ചയച്ചിരിക്കയാണെന്നെ. അതിനാൽ, ഭവാന്മാർ ആവശ്യപ്പെട്ടാൽ, കഥയോ പുരാണമോ ഇതിഹാസമോ വിവിധധർമ്മങ്ങളോ ഞാൻ പറയാം."

ഈ മധുരവചനം കേട്ടപ്പോൾ ശൗനകാദികൾക്കു പുരാണശ്രവണത്തിൽ ആഗ്രഹം തോന്നി. താപസോത്തമൻ, തന്റെ യാഗത്തിലെ ഗൃഹസ്ഥൻ—സർവ്വശാസ്ത്രജ്ഞാനം ആരണ്യക ഗുരുവുമായ ധീമാൻ ശൗനകൻ—ഏറ്റവും വിശ്വസ്തനും വിദ്വാനുമായ ലോമഹർഷണപുത്രനെ നോക്കി, ധർമ്മശ്രവണത്തിൽ ഉത്കണ്ഠയുള്ളവനായി:—"സൂത, മഹാമതേ, ബ്രഹ്മജ്ഞപ്രവരനായ വ്യാസദേവനെ തോന്നുംവണ്ണം ഉപാസിച്ചു്, അദ്ദേഹത്തിൽ നിന്നു പുരാണേതിഹാസജ്ഞാനം കരസ്ഥമാക്കിയവനാണല്ലൊ ഭവാൻ. ഈ ബ്രാഹ്മണശ്രേഷ്ഠർക്കു പുരാണം കേൾക്കണമെന്നുണ്ടു്; കേൾപ്പിച്ചാൽ കൊള്ളാം. ഈ വന്നുചേർന്നിരിക്കുന്ന മഹാത്മാക്കൾ പല ഗോത്രങ്ങളിൽ ജനിച്ചവരാകുന്നു; ഇവർ പുരാണത്തിൽ നിന്നു് അവരവർക്കു വേണ്ടതു കേൾക്കട്ടെ. ഈ ദീർഘസത്രം മുഴുമിച്ചതിനാൽ, ഭവാൻ പാണ്ഡുപുരാണം മുഴുവനേയും കേൾപ്പിയ്ക്കുക. പരമം എങ്ങിനെയുണ്ടായി? അതിൽ ബ്രഹ്മാവു് എങ്ങിനെ ജനിച്ചു? ജാതനായ ബ്രഹ്മാവു സൃഷ്ടിനടത്തിയതെങ്ങിനെ? ഇതെല്ലാം പറഞ്ഞുതന്നാലും."

ഇതു കേട്ടു ലൊമഹർഷണി യഥോചിതം ഭംഗിയിൽ പറഞ്ഞു:—"ഞാൻ പ്രീതനായി, അനുഗൃഹീതനായി: സത്ധർമ്മപരായണരും പുരാണജ്ഞരുമായ ഭവാന്മാർ എന്നെ പുരാണം പറയാൻ പ്രേരിപ്പിക്കയാണല്ലൊ ചെയ്യുന്നതു്! എല്ലാം കേട്ടറിവുള്ളതിൻവണ്ണം ഞാൻ പറയാം. ദേവകീപുത്രൻ, ശ്രീമാൻ, തേജസ്സേറിയ രാജാക്കന്മാർ, മഹാത്മാക്കളായ മനുക്കൾ എന്നിവരെ കീർത്തിക്കയാണല്ലൊ, സൂതന്റെ സജ്ജനങ്ങൾ നിശ്ചയിച്ചിട്ടുള്ള കുലധർമ്മം. ബ്രഹ്മവാദികളേ, ഇതിഹാസപുരാണങ്ങളിലേ സൂതനധികാരമുള്ളു; വേദത്തിലില്ല. വേനപുത്രനായ പൃഥുമഹാരാജാവിന്റെ യാഗം നടക്കുമ്പോൾ, സൂതനും മാഗധനും

Digitized By Kerala Sahitya Akademi

ആ മഹാത്മാവിനെ സ്തുതിക്കുകയുണ്ടായി; അതിൽ സന്തോഷിച്ച് അരചൻ സൂതനു സൂരരാജ്യവും മാഗധനു മഗധരാജ്യവും സമ്മാനമായി കൊടുത്തു. അന്നു സൂര്യസ്തുതിയിൽ ജനിച്ചവനെ സൂതനെന്നു പറയുന്നു. ഐന്ദ്രസത്രത്തിൽ ഗ്രഹങ്ങളോടുകൂടിയ ബൃഹസ്പതിയേയും, ബാർഹസ്പത്യത്തിൽ ഇന്ദ്രനേയും സൂതൻ സ്തുതിക്കുകയുണ്ടായി. (?) ശിഷ്യന്റെ കൈകൊണ്ടു ഗുരുവിന്റെ ഛവിസ്സു തൊടുക എന്ന മാതിരിയിലുള്ള കീഴ്മേൽ മറിച്ചിലിൽ പിന്നെ വർണ്ണസംകരം സംഭവിച്ചു: (?) ക്ഷത്രിയന്റെ ബ്രാഹ്മണസ്ത്രീയിൽ പിറന്ന സൂതന്റെ ധർമ്മം മുൻപറഞ്ഞതുതന്നെ; ക്ഷത്രജീവനം സൂതന്റെ മുഖ്യധർമ്മമത്രെ. പുരാണങ്ങളിൽ അധികാരം എനിക്കു ബ്രാഹ്മണർ വിധിച്ചിട്ടുണ്ടല്ലോ; ബ്രഹ്മവാദികളായ ഭവാന്മാർ എന്തോ ധർമ്മംചോദിക്കുകയും ചെയ്തു. അതിനാൽ ഋഷിപൂജിതമായ പുരാണം ഞാൻ വഴിപോലെ കീർത്തിക്കാം.

പിതൃക്കളുടെ മാനസകന്യക പിതൃക്കളാൽ നിരസിക്കപ്പെട്ടിട്ട് വസുവീര്യത്തെ അതിവേശിച്ചു മത്സ്യഗർഭമാംപുക്ക്, അഗ്നിക്ക് അരണി എന്നപോലെ, പുണ്യജന്മാവിനു നിമിത്തമായിച്ചമഞ്ഞു; അവളിൽ പരാശരനു യാതൊരു ഭ്രാതൃത്മാവായ മഹർഷി സംജാതനായൊ, ആ ഭഗവാനു—സത്യസത്രൂപനായി ശ്രവിസ്സായി പുരാണപുരുഷനായി ബ്രഹ്മവാക്യാനുവർത്തിയായി മാധവബ്രഹ്മത്രൂപനായി ശ്ലാഘിതാത്മാവായിരിക്കുന്ന വിഷ്ണുവിനു നമസ്കാരം! അവതരിച്ച മാത്രയിൽത്തന്നെ അദ്ദേഹത്തെ സംഗ്രഹങ്ങളോടുകൂടിയ ഓരോ ഗ്രന്ഥം ഉപദേശിച്ചു; അദ്ദേഹം ബുദ്ധിയാകുന്ന കടകോൽകൊണ്ടു കടഞ്ഞു, ആ ശ്രവണസമുദ്രത്തിൽനിന്നു പ്രകാശമാനനായ മഹാഭാരതചന്ദ്രനെ ജനിപ്പിച്ചു. ഭാരതം, സൂര്യൻ, ചന്ദ്രൻ എന്ന മൂന്നു വസ്തുക്കളില്ലെങ്കിൽ, അജ്ഞാനതമസ്സിൽ അകപ്പെട്ട ലോകത്തിന്റെ അവസ്ഥ എന്തായിരിക്കും? ആ കൃഷ്ണദ്വൈപായനനായ വ്യാസൻ നാരായണസമാനനെന്നു: പുണ്ഡരീകാക്ഷനെയൊഴിച്ചു മറ്റാർ മഹാഭാരതം നിർമ്മിക്കും? സർവ്വജ്ഞനായി സർവ്വലോകസംപൂജിതനായി ദീപ്തതേജസ്സായിരിക്കുന്ന ആ പുരാണബ്രഹ്മവാദിയെ ഞാൻ വന്ദിക്കുന്നു. എല്ലാശാസ്ത്രങ്ങൾക്കും മുമ്പേ, നൂറുകോടി ഗ്രന്ഥങ്ങളുള്ളതും ത്രിവർഗ്ഗസാധനവുമായ പുണ്യപുരാണമത്രെ ബ്രഹ്മാവിനാൽ സ്മരിക്കപ്പെട്ടതു്: ലോകാവസാനത്തിൽ ബ്രഹ്മാവിന്റെ ആജ്ഞാനുസരത്താൽ വിഷ്ണു ഹയഗ്രീവനായിച്ചമഞ്ഞു വേദങ്ങളെ വീണ്ടെടുത്തു; കല്പാരംഭത്തിൽ മത്സ്യരൂപം ധരിച്ചു സാംഗോപാംഗമായ നാലുവേദങ്ങളേയും പുരാണങ്ങളേയും ഏഴുകാർണ്ണവത്തിൽ നിന്നുദ്ധരിച്ചു. അതെല്ലാം വെള്ള

Digitized By Kerala Sahitya Akademi

ത്തിന്നുള്ളിൽവെച്ചു ചൊല്ലിക്കേട്ട നാൻമുഖൻ വേദങ്ങളും മുനികളുപദേശിച്ചു. അപ്പോൾ എല്ലാശാസ്ത്രങ്ങളും പുരാണങ്ങളും ലോകത്തിൽ പ്രചരിച്ചുവന്നു. കാലക്രമേണ പുരാണപ്രചാരം ഇല്ലാതായപ്പോൾ തന്തിരുവടി വ്യാസനായിട്ടവതരിച്ചു. ഇങ്ങിനെ ദ്വാപരയുഗങ്ങൾതോറും ലോകാനുഗ്രഹത്തിന്നായി അവതരിച്ചു, നാലുലക്ഷം ഗ്രന്ഥങ്ങളുള്ള പുരാണത്തെ പതിനെട്ടാക്കി ഭൂലോകത്തിൽ പ്രകാശിപ്പിച്ചുപോരുന്നു. ദേവലോകത്തിൽ ഇന്നും നൂറുകോടി ഗ്രന്ഥങ്ങളുണ്ട്; ഭൂലോകത്തിലാകട്ടേ, ബ്രഹ്മാവു പണ്ടു മരീചിക്കുപദേശിച്ച നാലുലക്ഷമേ നടപ്പുള്ളു. ഈ പാരമ്പര്യവും ബ്രഹ്മാവുതന്നെയാണ് ലോകത്തിൽ വെളിപ്പെടുത്തിയതു്. പദ്മത്തെ സാവർണ്ണികാശ്രയമെന്നു പണ്ഡിതന്മാർ പറയുന്നു. ഇതിൽ അമ്പത്തയ്യായിരം ശ്ലോകവും അഞ്ചു പർവ്വമുണ്ടു്: ഒന്നാമതു, വിരാട്ടിന്റെ ഉല്പത്തിയടങ്ങിയ 'പൌഷ്കരം;' രണ്ടാമതു്, എല്ലാ ഗ്രഹങ്ങളേയും പ്രതിപാദിച്ചിട്ടുള്ള 'തീർത്ഥം;' മൂന്നാമത്തതിൽ ഭൂതാക്കളായ രാജാക്കന്മാരുടെ ചരിത്രം; നാലാമത്തതിൽ വംശാനുചരിതം; അഞ്ചാമത്തതിൽ മോക്ഷരഹസ്യപ്രകാരം. പൌഷ്കരപർവ്വത്തിൽ ബ്രഹ്മാവിന്റെ ഒമ്പതുതരം സൃഷ്ടിയും ദേവമുനിപിതൃവർഗ്ഗവും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു; തീർത്ഥപർവ്വത്തിൽ പർവ്വതങ്ങളും ദ്വീപുകളും ഏഴു സമുദ്രങ്ങളും; മൂന്നാമത്തതിൽ രുദ്രസൃഷ്ടിയും ദക്ഷശാപവും; നാലാമത്തതിൽ രാജോല്പത്തിയും സർവ്വവംശങ്ങളും; അഞ്ചാമത്തതിൽ അപവർഗ്ഗസാധനമായ മോക്ഷശാസ്ത്രം. ദ്വിജന്മാരേ, ഇതെല്ലാം ഈ പുരാണത്തിൽ ഞാൻ കീർത്തിക്കാം. ഇതു വിശ്രുതവും യശസ്സിന്നിരിപ്പിടവുമാകുന്നു; ഇതു പിതൃക്കൾക്കു തുലോം പ്രിയമാകുന്നു; ഇതു എന്നെന്നും ദേവപ്രസാദനമാകുന്നു; ഇതു മനുഷ്യർക്കു മഹാപാപങ്ങളെ പോക്കുന്നതാകുന്നു.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഋഷിസൂതസമാഗമം എന്നാമദ്ധ്യായം.

രണ്ടാമദ്ധ്യായം

സൂതൻ:—സർവ്വജ്ഞത്തിനും സർവ്വജ്ഞത്തിനും ഈശ്വരനായവനെ ഞാൻ വന്ദിക്കുന്നു. ലോകകർത്താവായി ലോകരക്ഷകനായി യോഗജ്ഞനായിരിക്കുന്ന യാവനൊരുത്തൻ പ്രധാനപുരുഷരെ പ്രേ

Digitized By Kerala Sahitya Akademi

രിപ്പിച്ചു് ചരാചരങ്ങളായ സവ്ബ്രതങ്ങളേയും സൃഷ്ടിച്ചുവോ, ആ വിശ്വകർമ്മാവും ലോകസാക്ഷിയുമായ സ്വാമിയെ ഞാൻ പുരാണവിജ്ഞാനത്തിനായി ശരണം പ്രാപിക്കുന്നു. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരേയും ഇന്ദ്രാദി ലോകപാലന്മാരേയും സൂര്യനേയും മുനിവരിഷ്ഠനായ വസിഷ്ഠനേയും വേദസ്സായ ഭഗവാൻ വേദവ്യാസനേയും ഞാൻ ഏകാഗ്രചിത്തനായി ധ്യാനിച്ചു വണങ്ങി ഭൃഗുവാക്യാനുവർത്തിയും ബ്രഹ്മവാദിയുമായ ആ പുരാണപുരുഷന്മാർനിന്നു് അറിയപ്പെട്ട പുരാണം കീർത്തിയ്ക്കാം:

അവ്യക്തവും സദസദാത്മകവുമായ നിത്യകാരണം യാതൊന്നോ, അതു മഹത്തുമുതൽ വിശേഷം (ഭൂമി) വരെയുള്ളതിനെയെല്ലാം സൃഷ്ടിച്ചു എന്നതാണു് തീർച്ചമാനം. ഒന്നാമതായി ഹിരണ്മയാണ്ഡത്തിൽ ബ്രഹ്മാവു ജനിച്ചു; അണ്ഡത്തെ ജലവും, ജലത്തെ തേജസ്സും, തേജസ്സിനെ വായുവും, വായുവിനെ ആകാശവും, ആകാശത്തെ ഭൂതാദിയും, ഭൂതാദിയെ മഹത്തും, മഹത്തിനെ അവ്യക്തവും ആവരണംചെയ്തു. ഇങ്ങിനെ അണ്ഡത്തിൽനിന്നു ലോകങ്ങളുണ്ടായതും നദീപർവ്വതോല്പത്തിയും മന്വന്തരകല്പങ്ങളും ഇതിൽ വർണ്ണിച്ചിരിക്കുന്നു; പദ്മജനായ ബ്രഹ്മാവിന്റെ പ്രജാസൃഷ്ടി, കല്പാരംഭം, ലോകസ്ഥാപനം, വിഷ്ണുവിന്റെ ജലശയനം—ഭൂമ്യുദ്ധരണം—ഭൃഗുശാപത്താലുള്ള ദശാവതാരങ്ങൾ—യുഗാദി സന്നിവേശം, ആശ്രമവിഭാഗം, സ്വർഗ്ഗം പൂകുന്ന മനുഷ്യർക്കുള്ള സ്വർഗ്ഗവിഭാഗം, പശുപക്ഷിസംഭവം, കല്പനിർവ്വചനം, സ്വാധ്യായനിയമം, പ്രതിസർഗ്ഗം, ബ്രഹ്മമുഖത്തുനിന്നു ഭൃഗ്വാദികളുടെ ഉല്പത്തി, അവരുടെ പ്രജാസൃഷ്ടി, കല്പങ്ങളുടേയും സൃഷ്ടികളുടേയും സന്ധി, വസിഷ്ഠന്റെ ബ്രഹ്മർഷിപ്രാപ്തി, സ്വായംഭുവമന്വന്തരം, ഇക്ഷ്വാകുവംശം, ആ മഹാത്മാവിന്റെ രാജസൃഷ്ടി, സമുദ്രദ്വീപശൈലങ്ങളുടെ പേരുകൾ, ഏഴു സമുദ്രങ്ങളാൽ പുറപ്പെട്ട ജംബൂദ്വീപം മുതലായ ദ്വീപുകൾ, നിവാസികൾ, നദീപർവ്വതാനപിതങ്ങളായ ഭാരതാദിവർഷങ്ങൾ എന്നിവയും വിവരിക്കപ്പെട്ടിരിക്കുന്നു; എന്നപോലെയുണ്ടു, ആണ്ഡത്തിലുൾപ്പെട്ട ലോകങ്ങൾ, ഏഴു ദ്വീപുകൊണ്ടുചുറ്റിയ ഭൂമി, സൂര്യചന്ദ്രഗ്രഹജ്യോതിസ്സുകളുടെ ധ്രുവപ്രേരിതമായ സഞ്ചാരം, പ്രജകളുടെ ശുഭാശുഭങ്ങൾ എന്നിവയെക്കെ കീർത്തിക്കപ്പെട്ടിട്ടുണ്ടു്. ബ്രഹ്മാവു താൻ കണ്ട കാഴ്ചയനുസരിച്ചു് ഒരു സൌരരഥം നിർമ്മിച്ചു; അതിൽ കയറിട്ടിട്ടു്, ഭഗവാൻ ദിവാകരൻ സഞ്ചരിക്കുന്നതു്. ധ്രുവനാണു സൂര്യരഥം സഞ്ചരിക്കുന്നതു്. ധ്രുവൻ ശിംശുമാരഗ്രഹത്തിന്റെ വാലിന്മേൽ സ്ഥിതിചെയ്യുന്നു. സംഭവാന്തത്തിൽ സംഹാരം,

Digitized By Kerala Sahitya Akademi

സംഹാരാന്തത്തിൽ വീണ്ടും ദേവമുനി മനുപിതൃക്കളുടെ സംഭവം എന്നിവ വിസ്തരിക്കാവുന്നവയല്ല; അതിനാൽ ചുരുക്കത്തിൽ പറഞ്ഞു.

സ്വായംഭുവാദി മനുപന്തരങ്ങളിലെ കഴിഞ്ഞവയും വരാനിരിക്കുന്നവരുമായ മനുക്കൾ, പ്രജാപതികൾ എന്നിവരേയും വിവരിച്ചിട്ടുണ്ട്. നൈമിത്തികം—പ്രാകൃതം—ആത്യന്തികം എന്ന മൂന്നു തരത്തിലാണ് പ്രളയങ്ങൾ; അവ യഥാക്രമം സൂര്യനിൽനിന്നുള്ള അനാവൃഷ്ടിയാലും, രുദ്രാരമായ സംവർത്താഗ്നിയാലും, അതിവൃഷ്ടിജന്യമായ സമുദ്രൈക്യീഭാവത്താലും സംഭവിക്കുന്നു. അന്നു ബ്രഹ്മാവിനും രാത്രിയത്രെ. ബ്രഹ്മാവിന്റെ സന്ധ്യ, സപ്തലോകങ്ങൾ, പാപികൾക്കുള്ള രൌരവാദികൾ, സത്വങ്ങളുടെയെല്ലാം പരിണാമം, ബ്രഹ്മാവിന്റെ പ്രതിസഞ്ചാരം, സർവ്വസംഹാരം എന്നിവയും വർണ്ണിച്ചിട്ടുണ്ട്.

കല്പാന്തരോപമഹാഭൂതങ്ങൾ കൂടി നശിച്ചുപോകുന്നു; ബ്രഹ്മാവിന്നുമില്ല ശാശ്വതാവസ്ഥ; ഭോഗങ്ങൾ ദുഷ്ടങ്ങൾ; സംസാരം ദുഃഖമയം; മോക്ഷമോ, ദുർല്ലഭം. ഈവക ദോഷം ചിന്തിച്ചു വൈരാഗ്യം പൂണ്ടു വ്യക്താവ്യക്തത്തെ വെടിഞ്ഞു ബ്രഹ്മൈകനിഷ്ഠമായ സത്തയെ ഭജിച്ചാൽ, അവൻ താപത്രയത്തെ വിന്നിട്ടു നിസ്സംഗനായി നിരഞ്ജനനായി ബ്രഹ്മാനന്ദമടഞ്ഞു സർവ്വത്ര നിർഭയനായിത്തീരും എന്ന പ്രമാണോദ്ദേശവും പ്രതിപാദിച്ചിരിക്കുന്നു. ജഗൽസൃഷ്ടിവികാരപ്രളയങ്ങൾ, ഭൂതങ്ങളുടെ പ്രവൃത്തിനിവൃത്തികൾ എന്നിവയും വിവരിച്ചിട്ടുണ്ട്. വസിഷ്ഠന്റെ ഉല്പത്തി; ശക്തിയുടെ ജനനം; അദ്ദേഹത്തെ വിശ്വാമിത്രപ്രേരണയാൽ സൌദാസൻ നിഗ്രഹിച്ചത്; അദൃശ്യന്തിയിൽ പരാശരന്റെ ജനനം; പിതൃകന്യകയിൽ വ്യാസമുനിയുടെ അവതാരം; ശുകോല്പത്തി; പരാശരനും വിശ്വാമിത്രനും തമ്മിലുണ്ടായ ദ്വേഷം; വിശ്വാമിത്രനെക്കൊല്പാൻ വസിഷ്ഠൻ നിർമ്മിച്ച അഗ്നിയെ സന്ധിചെയ്യിക്കാൻവേണ്ടി വിശ്വാമിത്ര ഹിതൈഷിയായ ധീമാൻ കണ്വഭഗവാൻ കെടുത്തിക്കളഞ്ഞത്; ഏകമായിരുന്ന വേദത്തെ വ്യാസഭഗവാൻ ശിവാനുഗ്രഹത്താൽ നാലായി പകുത്തത്; അവിടുത്തെ ശിഷ്യരും പ്രശിഷ്യരും പല ശാഖകൾ ഏർപ്പെടുത്തിയത്; പ്രയാഗത്തിൽവെച്ചു ഷട്കുലീയരായ മുനിമാർ ധർമ്മം ചോദിക്കയാൽ വ്യാസൻ താൻ തന്നെ ഉപദേശിക്കയുണ്ടായത്; ധർമ്മൈകതാനരായ മുനിമാരുടെ ലോകയാത്ര—എന്നിതൊക്കെയും ശരിക്കുപപാദിക്കപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

ഇത് അത്യുത്തമം ബ്രഹ്മാവു മഹാത്മാവായ പുലസ്ത്യനു പറഞ്ഞുകൊടുത്തു; പുലസ്ത്യൻ ഗംഗാദ്വാരത്തിൽ വെച്ചു ഭീഷ്മനുപദേശിച്ചു. ഇതു ചൊല്ലുക, കേൾക്കുക, ധരിക്കുക എന്നിവയാൽ യശസ്സും ആയുസ്സുമുണ്ടാകും. പാപങ്ങളെല്ലാം നീങ്ങി പുണ്യം വർദ്ധിക്കും."

പണ്ടു ബ്രഹ്മാവിനാൽ ബ്രാഹ്മണർക്കായി സവിസ്തരം പറയപ്പെട്ട ഈ പുരാണം സൂതൻ മുനിമാർക്കു ചൊല്ലിക്കൊടുത്തു. ഇതിലെ ഒരു പാദമെങ്കിലും വഴിപോലെ ജിതേന്ദ്രിയനായി പഠിച്ചാൽ, തീർച്ചയായും പുരാണമെല്ലാം പഠിച്ചുകഴിഞ്ഞു! നാലു വേദങ്ങളും അംഗങ്ങളും ഉപനിഷത്തുകളും അറിയുന്നവനേക്കാൾ മീതെയാകുന്നു, പുരാണം അറിയുന്നവൻ. ഇതിഹാസപുരാണങ്ങൾകൊണ്ടു വേദജ്ഞാനത്തെ പുഷ്ടിപ്പെടുത്തണം: അല്പജ്ഞനിൽ നിന്നു വേദം, 'ഇവനെന്നെ പ്രഹരിക്കു'മെന്നു ഭയപ്പെട്ടുകൊണ്ടിരിക്കും! സ്വയംഭൂവു താൻതന്നെ അരുളിച്ചെയ്തതായ ഈ അദ്ധ്യായം പഠിച്ചാൽത്തന്നെ ആപത്നിവൃത്തിയും അഭീപ്സിതസിദ്ധിയുമുണ്ടാകും. പുരാകഥകളെ പറയുന്നതുകൊണ്ടു പുരാണം എന്ന പേർ വന്നു; ഈ നിർവചനം അറിഞ്ഞിരുന്നാൽ മതി, സർവ പാപങ്ങളും വിട്ടൊഴിയാൻ!

ഋഷിമാർ സൂതനോടു ചോദിച്ചു:—"എങ്ങിനെയാണു്, ക്ഷത്രിയനായ ഭീഷ്മൻ ബ്രഹ്മാവിന്റെ മാനസപുത്രനായ ഭഗവാൻ പുലസ്ത്യനെ ആരാധിച്ചതു്? ആ മഹർഷിയെ പാപികളായ മനുഷ്യർക്കു കാണ്മാൻതന്നെ പ്രയാസമാണല്ലോ. ഇതു വലിയ അത്ഭുതമായി തോന്നുന്നു. പുലസ്ത്യഭഗവാനെ പ്രസാദിപ്പിക്കത്തക്കവണ്ണം എന്തൊരു തപസ്സാ ബ്രഹ്മമോ ആണ് ഭീഷ്മൻ ചെയ്തതു്? ഒരു പർവ്വമോ പകുതി പർവ്വമോ മുഴുവൻതന്നെയോ പുലസ്ത്യൻ ഭീഷ്മനുപദേശിച്ചതു്? മഹാഭാഗ, എവിടെവെച്ചു്, എങ്ങിനെ ചോദിച്ചു എന്നതും പറകതന്നെ. ഞങ്ങൾ കേൾക്കാൻ കാത്തിരിക്കയാണ്."

സൂതൻ:—"ലോകപാവനിയായ മഹാഗംഗ സജ്ജനഹിതത്തിനായി, പർവതത്തെ പിളർത്തി ഉയർന്നൊഴുകി പുറപ്പെട്ടതെവിടേയോ, ആ ഗംഗാദ്വാരമാകുന്ന മഹാതീർത്ഥത്തിൽ വളരെക്കാലം പിതൃപാരായണനായ ഭീഷ്മൻ ശ്രവണേച്ഛയാൽ നിയമമനുഷ്ഠിച്ചുപോന്നു: ആ മഹാത്മാവു മൂന്നുനേരം കുളിക്കും; പരബ്രഹ്മത്തെ ധ്യാനിക്കും; സ്വാധ്യായവും പിതൃദേവതർപ്പണവും നടത്തും. ഇങ്ങിനെ ഒരു നൂറാണ്ടു കഷ്ടപ്പെട്ടു തപസ്സുചെയ്തതായാൽ അദ്ദേഹത്തിൽ മനം തെളിഞ്ഞ

Digitized By Kerala Sahitya Akademi

നാന്മുഖൻ മകനായ പുലസ്ത്യമഹർഷിയോടരുളിച്ചെയ്തു:—'നീ വീരനായ ദേവവ്രതനെ—കുരുശ്രേഷ്ഠനായ ഭീഷ്മനെ—തപസ്സിൽനിന്നു വിരമിപ്പിക്കു; അതിന്റെ കാരണവും അറിയിക്കുക: ആ മഹാഭാഗൻ പിതൃഭക്തിയാൽ പിതൃധ്യാനത്തിലിരിക്കയാണു്. അയാളുടെ അഭീഷ്ടം വല്ലതോ, അതു വേഗത്തിൽ നിറവേറിക്കൊടുക്കുക.'

പിതാമഹൻ അരുളിച്ചെയ്തതിൻവണ്ണം, പുലസ്ത്യമഹർഷി ഗംഗാതീരത്തു വടക്കുഭാഗത്തിരിക്കുന്ന ഭീഷ്മനോടു പറഞ്ഞു:—'വീര, ഭവാനു മംഗളം! വേണ്ടുന്ന വരം ത്വരിതപ്പെടുകാളുക; അങ്ങയുടെ തപസ്സിനാൽ പിതാമഹദേവൻ പ്രസാദിച്ചിരിക്കുന്നു. അങ്ങയ്ക്കഭീഷ്ടവരം നൽകുന്നതിനായി ബ്രഹ്മാവു തിരിച്ചുചെന്നിരിക്കയാണെന്നോ.' തപസ്സിന്നും ചൊടിക്കും സുഖപ്രദമായ ഈ വാക്കു കേട്ടിട്ടു ഭീഷ്മൻ കണ്ണുകൾ മിഴിച്ചു; അപ്പോൾ പുലസ്ത്യൻ മുൻവശത്തു നിൽക്കുന്നതു കാണുമാറായി. തൽക്ഷണം ദേവവ്രതൻ ത്രിമധുരസുഗാംഗകൊണ്ടും അഞ്ജലിഗമനം ചെയ്യുമാറു സാഷ്ടാംഗം വീണു നമസ്കരിച്ചു, ആ മുനിസത്തമനോടു ണത്തിച്ചു:—'ഇന്നു്, എന്റെ ജന്മം സഫലമായി: ഇതൊരു വലിയ സുദിനമാണെനിക്കു: ലോകവന്ദ്യങ്ങളായ ഇവിടുത്തെ തൃച്ചാരങ്ങൾ ദർശിക്കുമാറായല്ലോ! ഭഗവാനെ ദർശിച്ചതിനാൽത്തന്നെ തപസ്സിന്റെ ഫലം മുഴുവനും കൈവന്നു; വിശേഷിച്ചും, വരം തരാനാണല്ലോ നദീതീരത്തിൽ വന്നിരിക്കുന്നതു്. ഇതാ, അനുഗ്രഹിക്ക; സുഖമായി ഇരുന്നാലുമിയാലും. ഇതാ, പിലാശിൻപാത്രത്തിൽ, കറുക-ദർഭക്ഷതം-പൂവു്-ഉർഭകടുക്കു്-തയിർ-ഉതൻ-യവം എന്നീ എട്ടുദ്രവ്യങ്ങളോടുകൂടിയ മുനിനിർദ്ദിഷ്ടമായ അർഘ്യവും, പാദ്യവും' തെളിഞ്ഞിരിയ ഭീഷ്മരുടെ ആസനാർഘ്യ പാദ്യോപചാരങ്ങൾ സസന്തോഷം സ്വീകരിച്ചു, ബ്രഹ്മപുത്രനായ ഭഗവാൻ പുലസ്ത്യമഹർഷി അവിടെ ഉപദേശിച്ചു.

പുലസ്ത്യൻ:—'ഉണ്ണി, സത്യനിഷ്ഠയും ഔദാര്യവും ലജ്ജയും മൈത്രിയും ക്ഷമയും ശത്രുക്കളെ അമർത്തുന്ന വിക്രമവുമുള്ള ഒരു നരേശ്വരനാണു് ഭവാൻ; ധർമ്മജ്ഞനും കൃതജ്ഞനും ദയാലുവും പ്രിയഭാഷിയും മാന്യരെ മാനിയ്ക്കുന്നവനും അഭിജ്ഞനും ബ്രഹ്മണ്യനും സാധുവത്സലനുമാണു് ഭവാൻ. എപ്പോഴും വിനയപരനായ ഭവാങ്കൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഞാൻ എന്താണു് ഉപദേശിച്ചുതരേണ്ടതു്?'

ഭീഷ്മൻ:—'ഭഗവാനേ, ഭഗവാൻ ബ്രഹ്മാവു് എവിടെ സ്ഥിതി ചെയ്യുന്നു, ആദ്യം ദേവകളേയും മറ്റും സൃഷ്ടിച്ചതു്? വിഷ്ണുമഹേ

Digitized By Kerala Sahitya Akademi

ശ്വരസൃഷ്ടി എങ്ങിനെ? വന്ദിച്ച പർവ്വതങ്ങളേയും വനങ്ങളേയും നഗരങ്ങളേയും മനുക്കളേയും പ്രജാപതികളേയും സപ്തർഷികളേയും നാലു ജാതിയേയും വായുവിനേയും, യക്ഷഗന്ധർവ്വരാക്ഷസരേയും, തീർത്ഥങ്ങളേയും നദികളേയും സൂര്യാദി ഗ്രഹങ്ങളേയും നക്ഷത്രങ്ങളേയും എങ്ങിനെ സൃഷ്ടിച്ചു? ഇതെന്നോടരുളിച്ചെയ്താലും!'

പുലസ്ത്യൻ:—'ആർ പരാപ്പരനായി പരമനായി പരമാത്മാവായി പിതാമഹനായി, ശ്രീ വർണ്ണാദിയും വിശേഷവും ജന്മവൃദ്ധി പരിണാമനാശങ്ങളുമില്ലാത്തവനായി നിർഗ്ഗുണനായി ഏതിലും ഒന്നുപോലെ വ്യാപിച്ചു വിളങ്ങുന്നുവോ, ആർ പരമദ്രവ്യവും നിത്യനും അജനും അക്ഷയനും അവ്യയനുമെന്നു പറയപ്പെടുന്നുവോ, ആർ പുരുഷരൂപനായും കാലരൂപനായും സ്ഥിതിചെയ്യുന്നുവോ, അവനെ വന്ദിച്ചു സൃഷ്ടിപ്രകാരം ഞാൻ പറയാം:

ആദിയിൽ, സൃഷ്ടികാലത്തു, ജഗൽപ്രേട്ട പദ്മശയനത്തിൽ നിന്നുണർന്നെഴുനേറ്റ മഹത്തത്വത്തെ സൃഷ്ടിച്ചു; * *

* * * * * *

പിന്നീട് ഈ ബ്രഹ്മാണ്ഡം ജലം–അഗ്നി–വായു–ആകാശം എന്നിവയാലും ഭൂതാദി (താമസാഹംകാരം)യാലും മഹത്താലും പരിപ്പുത്തിരട്ടിയായി പുറമേ ആവരണം ചെയ്യപ്പെട്ടു; അവയെല്ലാറ്റിനോടും കൂടിയ മഹത്തു് അവ്യക്തത്താലും ആവൃതമായി; ഇങ്ങിനെ ഈ അണ്ഡം ഏഴു പ്രാകൃതാവരണങ്ങളാൽ, തെങ്ങയുടെ കാമ്പു് ചിരട്ടയാലും മറയുമെന്നപോലെ ആവൃതമായിരിക്കുന്നു. അതിങ്കൽ സത്വഗുണശാലിയായ വിഷ്ണുഭഗവാൻ ബ്രഹ്മാവായി സ്വയം വിവിധസൃഷ്ടികർമ്മം നടത്തുന്നു; യുഗാന്തരാവസാനംവരെ സൃഷ്ടത്തെ രക്ഷിക്കുന്നു; കല്പാവസാനത്തിൽ തമോഗുണമേറിയ രുദ്രരൂപംപൂണ്ടു് അതിഘോരനായിത്തീർന്നു സർവ്വഭൂതങ്ങളേയും ഭക്ഷിക്കുകയും ചെയ്യുന്നു.

ഭൂതങ്ങളെ ഭക്ഷിച്ചിട്ടു് അപ്രമേയപരാക്രമനായ ആ പരമേശ്വരൻ ഒറയ്ക്കടലായിച്ചമഞ്ഞ ലോകത്തിൽ, ഫണീന്ദ്രമെത്തമേൽ പള്ളികൊള്ളുന്നു. ഉണർന്നാൽ വീണ്ടും ബ്രഹ്മരൂപം ധരിച്ചു സൃഷ്ടി നടത്തുകയായി. ജനാർദ്ദനഭഗവാനൊരാൾതന്നെ, സൃഷ്ടിയും രക്ഷയും സംഹാരവും നടത്തുന്ന ബ്രഹ്മ വിഷ്ണു മഹേശ്വരനെന്ന നാമങ്ങളെ

---

* ഈ സൃഷ്ടിവിവരണം ആദിഖണ്ഡം രണ്ടാമധ്യായത്തിലുള്ളതുതന്നെയാകയാൽ ഇവിടെ വീണ്ടും തഴ്ത്തിമ ചെയ്തില്ല; ഇരുപതോളം ശ്ലോകം വിട്ടിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

വഹിച്ചരുളുന്നു: സൃഷ്ടാവായി ആത്മാവിനെ സൃഷ്ടിക്കുന്നു; വിഷ്ണുവായി രക്ഷ്യത്തെ രക്ഷിക്കുന്നു; ഒടുവിൽ സംഹർത്താവായി സംഹരിക്കുകയും ചെയ്യുന്നു. പൃഥിവിയും ജലവും തേജസ്സും വായുവും ആകാശവും ആ സർവ്വഭൂതേശനായി വിശ്വരൂപനായിരിക്കുന്ന സനാതനൻതന്നെ. അതിനാൽ ഭൂതകർത്തൃകമായ സൃഷ്ടി തന്തിരുവടിയുടേതുതന്നെ. ആ വിശ്വാത്മാവുതന്നെ സൃജ്യൻ, തന്തിരുവടിതന്നെ സൃഷ്ടികർത്താവു്; തന്തിരുവടിതന്നെ രക്ഷിക്കുന്നു, തന്തിരുവടിതന്നെ ഭക്ഷിക്കുന്നു, തന്തിരുവടിതന്നെ ഭക്ഷിക്കപ്പെടുന്നു. ബ്രഹ്മാദ്യവസ്ഥകൾ വഹിക്കുന്ന പരബ്രഹ്മമാകുന്ന തന്തിരുവടിതന്നെ വരിഷ്ഠനും വരദനും വരേണ്യനും!'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
സൃഷ്ടികഥനം രണ്ടാമധ്യായം.

——(0)——

മൂന്നാമധ്യായം

ഭീഷ്മൻ:—'നിർഗ്ഗുണമായി അപ്രമേയമായി പരിശുദ്ധമായിരിക്കുന്ന മഹാബ്രഹ്മത്തിന്നു സൃഷ്ടിസ്ഥിതികർത്തൃത്വം വ്യംഗ്യമായി യോജിക്കും?'

പുലസ്ത്യൻ:—'എല്ലാ വസ്തുക്കൾക്കുമുണ്ടല്ലൊ, അചിന്ത്യങ്ങളും ഊഹമാത്രഗോചരവുമായ ശക്തികൾ; അപ്രകാരം, സൃഷ്ടിക്കും മറ്റും ഹേതുക്കളായ സ്വാഭാവികശക്തികൾ ബ്രഹ്മത്തിന്നുമുണ്ടു്. നാരായണനെന്ന നാമത്തോടുകൂടിയ ഭഗവാൻ ബ്രഹ്മാവു് ഉല്പന്നനായി എന്ന ഉപചാരത്താൽ പറയുന്നു എന്നേ ഉള്ളു. ആ ലോകപിതാമഹൻ നിത്യനാകുന്നു. അവിടെയ്ക്കു സ്വന്തം കണക്കിൽ ഒരു നൂറാണ്ടാണായുസ്സു്; അതിന്നു പരമെന്നു പേർ പറയുന്നു. അതിൽ പകുതിയത്രെ പരാർദ്ധം.

പതിനഞ്ചു നിമേഷം കൂടിയാൽ ഒരു കാഷ്ഠ; കാഷ്ഠ മുപ്പതു കൂടിയാൽ ഒരു കല; മുപ്പതു കലകൾ ഒരു മുഹൂർത്തം; മുപ്പതു മുഹൂർത്തങ്ങൾ ഒരു രാപ്പകൽ; മുപ്പതു് അഹോരാത്രങ്ങൾ ഇരുപക്ഷങ്ങളോടുകൂടിയ ഒരു മാസം; മാസങ്ങൾ ആറു കൂടിയതു് ഒരയനം; ദക്ഷിണോത്തരങ്ങളായ രണ്ടയനങ്ങൾ ഒരു കൊല്ലം. ദക്ഷിണായനം ദേവകൾക്കു രാത്രിയും, ഉത്തരായണം പകലുമാകുന്നു; അതിനാൽ മനുഷ്യരുടെ മൂന്നു

Digitized By Kerala Sahitya Akademi

ററരുപതു കൊല്പങ്ങടം ദേവകാർക്ക് ഒരു കൊല്പമത്രേ. ആ ദിവ്യവർഷങ്ങടം പന്തിരണ്ടുകൊണ്ടാകുന്നം കൃതാദി യുഗങ്ങടം: കൃതയുഗത്തിന്നു നാലായിരം ദിവ്യവർഷം; ത്രേതായുഗത്തിന്നു മൂന്നായിരം; ദ്വാപരയുഗത്തിന്നു രണ്ടായിരം; കലിയുഗത്തിന്ന് ഓരായിരം; ആദ്യവും നൂറുകൊണ്ടു യഥാക്രമം കൃതയുഗാദികളുടെ പൂർവസന്ധ്യയും ഗണിക്കപ്പെട്ടിരിക്കുന്നു. ആദ്യന്തരസന്ധ്യാംശവും. സന്ധ്യയുടേയും സന്ധ്യാംശത്തിന്റേയും ഇടയിലുള്ള കാലമാകുന്നു കൃതാദി യുഗങ്ങടം. കൃതം, ത്രേത, ദ്വാപരം, കലി എന്നീ ചതുർയുഗങ്ങടം ഓരായിരം കൂടിയാൽ ബ്രഹ്മാവിനു് ഒരു പകൽ; ബ്രഹ്മാവിന്റെ ഒരു പകൽകൊണ്ടു പതിനാലു മനുക്കളുടെ കാലം കഴിയും. സപ്തർഷികടം, ദേവന്മാർ, ഇന്ദ്രൻ, മനു, മനുപുത്രരായ രാജാക്കന്മാർ എന്നിവർ ഒരുകാലത്തു സൃഷ്ടിക്കപ്പെടുന്നു; ഒരുകാലത്തു സംഹരിക്കപ്പെടുന്നു. എഴുപതാണിൽ ചില പാനം ചതുർയുഗങ്ങളടങ്ങിയ ഒരു മന്വന്തരത്തിന്റേയും മനുക്കളുടേയും കാലമായ മന്വന്തരം. എണ്പത്തൊന്നു അത്തരത്തിലുള്ള ദിവ്യവർഷങ്ങളാകുന്ന ഒരു മന്വന്തരം—അതായതു്: മുപ്പതുകോടി അറുപത്തേഴുലക്ഷത്തി ഇരുപതിനായിരം മാനുഷ സംവത്സരങ്ങളാകുന്ന ഒരു മന്വന്തരം. ഈ മന്വന്തരം ബ്രഹ്മാവിന്നു് ഒരു പകലത്രേ; അതിന്റെ അവസാനത്തിൽ ബ്രഹ്മാവായ നൈമിത്തിക പ്രളയമായി. അന്നു ഭൂർഭുവസ്വർഗ്ഗങ്ങളാകുന്ന ത്രൈലോക്യം മുഴുവനും ദഹിക്കപ്പെടുന്നു; മഹർല്ലോക വാസികടം ചൂടുപൊറുക്കാതെ ജനലോകത്തെയ്ക്കു നടകൊള്ളും. ലോകം മൂന്നും ഏകസമുദ്രമായി നിൽക്കെ, ബ്രഹ്മാവിൽ പ്രധാനനായ ബ്രഹ്മാവു ത്രിഭുവനം മുഴുവൻ ഗ്രസിച്ചു പന്നഗശയ്യമേൽ പള്ളികൊള്ളും. യോഗികടം ജനലോകത്തു് ആ ജഗദീശനെ ധ്യാനിച്ചുകൊണ്ടിരിക്കും. ആ പകലിൻകണക്കിലുള്ള രാത്രി കഴിഞ്ഞാൽ, തന്തിരുവടി വീണ്ടും സൃഷ്ടി തുടങ്ങുകയായി. ഇങ്ങിനെ ഒരു നൂറാണ്ടാണ്, ആ മഹാത്മാവിന്റെ ജീവകാലം.

ആ സർവകാരണമായ ബ്രഹ്മാവു സത്താധിക്യംചൂണ്ടി, കഴിഞ്ഞ കല്പത്തിന്റെ ഒടുവിൽ പള്ളികൊള്ളുന്നുണ്ടെന്നോർത്തു; അപ്പോടം ലോകം ശൂന്യമായി കാണപ്പെട്ടു. ഭൂമി വെള്ളത്തിനടിയിൽ മുഴുകിക്കിടക്കുകയാണെന്നൂഹിച്ചു് അതിനെ ഉദ്ധരിപ്പാൻ വേണ്ടി പ്രജേശ്വരൻ മുമ്പു മത്സ്യക്രൂർമ്മാദിരൂപത്തെ എന്നപോലെ, വേദയജ്ഞാത്മകമായ വരാഹരൂപത്തെ ധരിച്ചു വെള്ളത്തിലേയ്ക്കിറങ്ങി. ആ സർവഗൽസ്ഥാപകൻ പാതാളത്തിലെഴുന്നള്ളിയതു കണ്ടിട്ടു് കേതിനഭൂതനായ ഭൂമിദേവി തന്തിരുവടിയെ വണങ്ങി സ്തുതിപ്പാൻ തുടങ്ങി:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

'തൊഴാം തേ പരമാത്മാവേ! തൊഴാം തേ സർവ്വരൂപനേ!
ഇതിൽനിന്നുദ്ധരിക്കെന്നെ; മുന്നു നിന്നാലുദീർത്ത ഞാൻ.
തൊഴാം തേ പരമാത്മാവേ! തൊഴാം തേ പുരുഷ, പ്രഭോ!
പ്രധാനവ്യക്തനായോനേ, തൊഴാം തേ കാലരൂപനേ!
സർവ്വഭൂതത്തെയും തീർത്തു കാത്തഴിക്കുന്നവൻ ഭവാൻ;
സർഗ്ഗാദിയിൽച്ചതുർവ്വിധ്നാരുദ്ഭൂതകൻ ഭവാൻ;
ഭവാന്റെ പരമാം രൂപമറിയുന്നീലൊരുത്തനും;
അവതാരസരൂപങ്ങളാണർപ്പിപ്പൂ ദേവകം:
ബ്രഹ്മമാം നിന്നെയർച്ചിച്ചു മുക്തിനേടുന്ന യോഗികം:
വാസുദേവനെയാരാധിക്കാതെവൻ മോക്ഷമാന്നിടും?
ബുദ്ധികൊണ്ടും മനംകൊണ്ടും ചക്ഷുരാദികംകൊണ്ടുമേ
ഗ്രാഹ്യമാം രൂപമെന്തുണ്ട,തെല്ലാം നിന്നടേതുതാൻ!
ഞാൻ തപന്മയിത്തജ്ജനിത തപദ്ധാര തപദാശ്രിത;
അതിനാലെന്നെ ലോകങ്ങൾ ചൊൽവൂ മാധവിയെന്നഹോ.'

ഈ സ്തുതി കേട്ടിട്ട് സാമസാരസ്വരനായ ഭൂധരൻതിരുവടി ഘനഘോരസ്വരത്തിൽ ഒന്നു ഗർജ്ജിച്ചു. പിന്നീട് ഇന്ദീവരവർണ്ണനായി വികചാരവിന്ദലോചനനായ ആ വരാഹപ്രവരൻ, തന്റെ തേറ്റകൊണ്ടു ഭൂമിയെ പൊക്കിയെടുത്തു, ഒരു നീലമാമലയോ എന്നു തോന്നുമാറ്, പാതാളത്തിൽനിന്നുത്ഥാനം ചെയ്തു. അപ്പോഴത്തെ തിരുവീർപ്പോറിൽ ഉകിയ ആ പ്രളയജലം ജനലോകത്തിൽ വസിച്ചിരുന്ന നിർമ്മലന്മാരായ സനന്ദനാദി മഹർഷിമാരെ ഒന്നുക്രുടി പരിശുദ്ധരാക്കിത്തീർത്തു! കളനുകരംകൊണ്ടു പിളർത്തപ്പെട്ട പാതാളത്തിലോ, വെള്ളം ഇരിമ്പിക്കൊണ്ടു കീഴ്പോട്ടു പാഞ്ഞു! ജനലോകസ്ഥിതരായിരുന്ന സിദ്ധന്മാർ ശ്വാസവായുവോറു നാലിടത്തും പാറിപ്പറന്നു! വസുന്ധരയെ വഹിച്ചുതാനംചെയ്തിട്ടു വെള്ളംകൊണ്ടു വയർ നനഞ്ഞിരുന്ന വരാഹശ്രേഷ്ഠൻ വേദമയമായ ശരീരം കുടയുമ്പോൾ, രോമങ്ങൾക്കിടയിലിരുന്ന മഹർഷിമാർ സ്തുതിക്കുകയായി:—

(പാന)

'വെല്ലുകീശ്വരക്കീശ്വര, കേശവ,
പള്ളിവാൾ ഗദാ ശംഖ ചക്രധര!
സൃഷ്ടിരക്ഷണസംഹാരഹേതു നീ;
വിഷ്ണുവേശ്വര, നീതാൻ പരം പൊരുൾ!

Digitized By Kerala Sahitya Akademi

നാന്മറകളം തൃക്കാൽകളിൽ; യജ്ഞങ്ങളം
പല്ലുകളിൽ; ചിതികളം മുഖത്തിങ്കൽ;
ദംഷ്ട്രമേൽ യൂപ;—മഗ്നി നിൻ നാവിന്മേൽ;
ദർഭ രോമത്തിൽ; യജ്ഞപുമാൻ ഭവാൻ!
മന്നിടം വാനിവതൻ നട്ടസ്ഥലം
നിന്നുടെ തിരുമെയ്യാൽ നിറഞ്ഞുപോയ്!
ശ്രീ രാജസ്സു നീളെപ്പുരണ്ടോനെ,
പാരിനു നന്മ കുറിച്ചുചെയ്ക നീ.
ലോകനാഥ, ഭവാനൊഴിഞ്ഞൊന്നുമി-
ല്ലേകനാം ഭവാൻതന്നെ പരമാത്മാവും;
ഈ ചരാചരമെങ്ങും നിറഞ്ഞുള്ളോ-
നച്യുതനാം ഭവാനുടെ മാഹാത്മ്യം.
ജ്ഞാനസ്വരൂപമാമിപ്രപഞ്ചത്തെയും
തനുമർത്ഥസ്വരൂപമായ്ക്കാണുകയാൽ
വൻതമസ്സിൻനടുവിലനാരതം
ഹന്ത, നീന്തിവലയുന്ന മൂഢന്മാർ!
ജ്ഞാനികളം ശുദ്ധചിത്തരോ, പാരെല്ലാം
ജ്ഞാനമാം തവ രൂപമായ്ക്കാണുന്നു.
സച്ചിത്രമയനേ, മനം തെളി-
ഞ്ഞുറ്റിയെ നീരിൽനിന്നു പൊങ്ങിച്ച നീ
സനാഥമാക്കുക ലോകമമേയാത്മൻ,
സത്പ്രമേയം പരമേശ,ഗോവിന്ദ!
നന്മ ലോകത്തിനെല്ലാം വരുവതി-
ന്നിമ്മഹിയെസ്സമുദ്ധരിക്ക വിഭോ!'

ഇപ്രകാരം സ്തുതിക്കപ്പെട്ടുകൊണ്ട്, മഹീധരനായ പരമാത്മാവു ഭൂമിയെ ക്ഷണത്തിൽ ഉദ്ധരിച്ചു വൻകടലിന്നു മീതെ വെച്ചു; അത് ആ വെള്ളത്തിന്നു മുകളിൽ ഒരു വലിയ തോണിപോലെ നിലകൊണ്ടു. പിന്നെ, ആ അനാദിയായ ഭഗവാൻ പുരുഷോത്തമൻ ഭൂമിയെ സമീകരിച്ചു പർവതങ്ങളെ യഥാസ്ഥാനം നാട്ടി, അതിനെ ഏഴു ദ്വീപുകളാക്കൊണ്ടു വേർതിരിച്ചു; ധ്രുവ മുതലായ നാലു ലോകങ്ങളെ മുൻമട്ടിൽ സൃഷ്ടിച്ചു.

ഈ സ്വരൂപം ദേവദേവനായ വിഷ്ണു തിരുവുള്ളം തെളിഞ്ഞു ബ്രഹ്മമായിന്നു ദൃഷ്ടിഗോചരമാകി. അപ്പോഴം ബ്രഹ്മാവറിയിച്ചു:—

Digitized By Kerala Sahitya Akademi

ഇവിടുന്ന പുരുഷോത്തമൻ തിരുവടിയാണ്'; ഇവിടുന്നും ഞാനും കൂടി ഈ ലോകത്തെ നിലനിത്തുകയും രക്ഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ വരംകൊടുത്തുപോയിട്ടുള്ള അസുരമുഖ്യന്മാരെ ദേവകർമ്മത്തിനു വേണ്ടി ഇവിടുന്ന നിഗ്രഹിക്കണം. ഞാൻ സൃഷ്ടി നടത്താം; സ്വാമിൻ, ഇവിടുന്ന രക്ഷ നടത്തണം.' ഇതുകേട്ടു വിഷ്ണു നടകൊണ്ടു.

ബ്രഹ്മാവു മുൻകല്പാരംഭങ്ങളിലെന്നപോലെ സൃഷ്ടിചിന്തിക്കെ, അനവധാനംമൂലം തമോമയമായ ഒരു സൃഷ്ടി ഉളവായിവന്നു—തമസ്സ്, മോഹം, മഹാമോഹം, താമിസ്രം, അന്ധതാമിസ്രം എന്നീ അഞ്ചു പ്രകാരങ്ങളോടുകൂടിയ അവിദ്യ പ്രാദുർഭവിച്ചു; അതോടുകൂടി, സുബോധവും പുറത്തും അകത്തും പ്രകാശമില്ലാതെയും മൂഢമായ അപ്രകാരം സ്ഥാവരജാതി ഉണ്ടായിവന്നു. പ്രഥമസൃഷ്ടിയാകയാൽ സ്ഥാവരങ്ങളെ മുഖ്യങ്ങളെന്നു പറയുന്നു. ആ സൃഷ്ടികൊണ്ട് ഒന്നുമാവില്ലെന്നു കണ്ടിട്ടു ഭഗവാൻ മറ്റൊന്നിനെ ധ്യാനിക്കെ, തിരുമുഖങ്ങളിൽ നിന്നു തിര്യക്സ്രോതസ്സാകുന്ന സർഗ്ഗം പുറപ്പെട്ടു; അതിന്റെ പ്രവൃത്തി തിര്യക്കാകയാൽ (വിലങ്ങത്തിൽ) തിര്യക് സ്രോതസ്സെന്നു പറയപ്പെടുന്നു. ആ തിര്യക്സ്രോതസ്സുകർമ്മം ഇരുപത്തെട്ടുതരം പശുപാടികളത്രെ; അവ തമസ്സേറിയവയും അജ്ഞാനമില്ലാത്തവയും അരുതാത്തതു ചെയ്യുന്നവയും അല്പരെങ്കിലും വിജ്ഞരെന്നു നടിക്കുന്നവയും അഹംകാരികളും ഞാനെന്നഭിമാനിക്കുന്നവയുമാകുന്നു. അവയെല്ലാം ഉള്ളിൽ തോന്നിയതെ അറിഞ്ഞുകൂടൂ; അന്യോന്യസംബന്ധാദികളും കൂടി അറിഞ്ഞുകൂടാ.

ആ സൃഷ്ടികൊണ്ടും കാര്യം നടക്കില്ലെന്നു കണ്ടു മറ്റൊന്നിനെ ധ്യാനിക്കെ, ഊർദ്ധ്വഗാമിയാകയാൽ ഊർദ്ധ്വസ്രോതസ്സെന്നു പേരായ മൂന്നാമത്തെ സർഗ്ഗം ഉളവായി: ആ ഊർദ്ധ്വസ്രോതസ്സുകർമ്മം ദേവകളത്രെ. അവർക്ക് സുഖവും പ്രീതിയുമേറും; ഉള്ളിലും പുറത്തും മറവില്ല, പ്രകാശമുണ്ട്; സന്തോഷശീലരുമാണ്. ആ സൃഷ്ടിയിൽ ബ്രഹ്മാവിന്നു സന്തോഷമായില്ല. മുഖ്യസർഗ്ഗാദികൾകൊണ്ടു കാര്യം നടക്കില്ലെന്നു കണ്ടിട്ട് അദ്ദേഹം പിന്നെ ഉത്തമമായ ഒരു സാധകസർഗ്ഗത്തെ ധ്യാനിച്ചു. അപ്പോൾ ആ സത്യധ്യായിയായ അവ്യക്തനിൽനിന്ന്, അർവാക്സ്രോതസ്സെന്ന സാധകസർഗ്ഗം സംഭവിച്ചു: ഗതി കീഴ്പോട്ടാകയാലത്രെ അർവാക്സ്രോതസ്സെന്ന പേർ. മനുഷ്യരാകുന്ന ആ അർവാക്സ്രോതസ്സുകർമ്മം സത്വഗുണബാഹുല്യത്താൽ ജ്ഞാനമേറിയവരും, തമോഗുണാധിക്യത്താൽ ദുഃഖമേറിയവരും, രജോഗുണപ്രചുരിമയാൽ

Digitized By Kerala Sahitya Akademi

വീണ്ടും വീണ്ടും കമ്മംചെയ്യുന്നവരുമാണ്'. ഇങ്ങിനെ, (മനുഷ്യർ സാത്വിക രാജസ താമസ ഭേദേന മൂന്നുതരത്തിലുള്ളതുകൊണ്ട്) ആറു സൃഷ്ടികഥ ഇവിടെ പറയപ്പെട്ടു.

ഒന്നാമത്തെ മഹത്തത്വസർഗ്ഗമാകുന്ന ബ്രഹ്മസർഗ്ഗം; രണ്ടാമത്തെ തന്മാത്ര സർഗ്ഗമാകുന്ന ഭൂതസർഗ്ഗം; മൂന്നാമത്തെ വൈകാരികമാകുന്ന ഇന്ദ്രിയസർഗ്ഗം; ഇതു മൂന്നും ബുദ്ധിപൂർവ്വമല്ലാത്ത പ്രാകൃത സർഗ്ഗമത്രേ. നാലാമത്തെ മുഖ്യമെന്ന സ്ഥാവരസർഗ്ഗം; അഞ്ചാമത്തെ തിര്യക്സ്രോതസ്സെന്ന തിര്യക്സർഗ്ഗം; ആറാമത്തെ ഊർദ്ധ്വസ്രോതസ്സെന്ന ദേവസർഗ്ഗം; ഏഴാമത്തെ അർവ്വാക്സ്രോതസ്സെന്ന മാനുഷസർഗ്ഗം; എട്ടാമത്തെ സാത്വികവും താമസവുമായ അനുഗ്രഹസർഗ്ഗം; ഇവ രണ്ടും വൈകൃതങ്ങളാകുന്നു. ഒമ്പതാമത്തെ പ്രാകൃതവും വൈകൃതവുമായ കൌമാരസർഗ്ഗം. ഇങ്ങിനെ പ്രാകൃതങ്ങളും വൈകൃതങ്ങളുംകൂടി, ജഗന്മൂലകാരണങ്ങളായ പ്രജാപതിയുടെ ഒമ്പതു സൃഷ്ടികഥ, അങ്ങയോട് ഞാൻ പറഞ്ഞു. ഇനിയെന്താണ് ഭവാനു കേൾക്കേണ്ടത്?'

ഭീഷ്മൻ:—'ഹരോ, മുനിശ്രേഷ്ഠ, ദേവാദിസൃഷ്ടികഥ മുതുക്കത്തിലാണല്ലോ ഇവിടുന്നുള്ളവർ ചെയ്തത്; വിസ്തരിച്ചു കേൾക്കേണമെന്നുണ്ട്.'

പുലസ്ത്യൻ:—'പുണ്യപാപങ്ങളോടുകൂടിയ പ്രജകളെല്ലാം പ്രളയത്തിൽ ഉപസംഹരിക്കപ്പെട്ടുവെങ്കിലും പ്രാക്കർമ്മവാസന വേർപെടാഞ്ഞതിനാൽ ദേവകർമ്മം മുതൽ സ്ഥാവരങ്ങളേവരെയുള്ള നാലുജാതിയായി സൃഷ്ടിപ്രവൃത്തനായ ബ്രഹ്മാവിങ്കൽ നിന്നു ജനിച്ചു; ഇതിൽ മുമ്പിലുള്ള മാനസസൃഷ്ടിയത്രേ. പിന്നെ അംഭസ്സുകളെന്ന ദേവാസുരപിതൃമനുഷ്യരാകുന്ന നാലു കൂട്ടരെ സൃഷ്ടിപ്പാൻ തന്തിരുവടി മറെറാരു ശരീരത്തോടു ചേർന്നു. അപ്പോഴും തമോമാത്രം കഴിച്ചുനിന്നതിനാൽ, അപ്പോൾ ബ്രഹ്മാവിന്റെ ജഘനത്തിൽനിന്ന് അസുരന്മാർ ആവിർഭവിച്ചു. രാജേന്ദ്ര, ഉടനേ ആ തമഃശരീരത്തെ തന്തിരുവടി കൈവെടിഞ്ഞു; അതു രാത്രിയായിച്ചമഞ്ഞു. പിന്നെ മറെറാരു ദേഹത്തിൽ സ്ഥിതിചെയ്തു സന്തോഷിക്കെ, ബ്രഹ്മാവിന്റെ മുഖത്തുനിന്നു സത്വഗുണമേറിയ സുരന്മാർ ആവിർഭവിച്ചു. ആ ശരീരം സൃജിക്കപ്പെട്ടതു പ്രകാശാത്മകമായ പകലായിത്തീർന്നു. ഇതിനാലത്രേ രാത്രിയിൽ അസുരന്മാക്കും പകൽ ദേവകർമ്മങ്ങൾക്കും ബലാധിക്യം. ഭഗവാൻ സത്വഗുണം മാത്രമായവേറേ ഒരു ശരീരം ധരിച്ചു പിതാക്കളെന്ന സംകല്പിച്ചപ്പോൾ പിതൃക്കൾ ഉണ്ടായിവന്നു. ആ ശരീരം സൃജിക്കപ്പെട്ടതോ, പകലിന്റേയും രാത്രിയുടേയും ഇടയിലുള്ള സന്ധ്യയായിത്തീർന്നു. അവിടുന്നു രജോഗുണമേറിയ

Digitized By Kerala Sahitya Akademi

മറൊരു ശരീരം പൂണ്ടതിൽനിന്നു, രജസ്സുറിയ മനുഷ്യർ ഉത്ഭവിച്ചു. ഉടനേ ആ ശരീരവും ത്യജിക്കപ്പെട്ടു; അതു പ്രാക്സന്ധ്യ എന്ന ജ്യോത്സ്നയായി ഭവിച്ചു. കൃതമെ, അതിനാൽ ജ്യോത്സ്നാഗമത്തിൽ മനുഷ്യർക്കും, സന്ധ്യാസമയത്തു (അപരാഹ്നത്തിൽ) പിതൃക്കൾക്കും ബലം ക്രമം. ജ്യോത്സ്ന, രാത്രി, പകൽ, സന്ധ്യ എന്നിവ നാലും ത്രിഗുണത്തെ ആശ്രയിച്ചുള്ള ബ്രഹ്മശരീരങ്ങളത്രേ. വീണ്ടും ഒരു രജോഗുണശരീരം പൂണ്ടശേഷം പ്രജാനാഥൻ കുപിതനായി, അതിൽനിന്ന കോപവും ജയിച്ചു; അദ്ദേഹം അന്ധകാരസഹിതനായ ഭഗവാങ്കൽ നിന്ന, വിശന്നു മെല്ലിച്ചു വിക്രമശാലികളായ മീശക്കാർ പുറപ്പെട്ടു തൻതിരുവടിയെത്തന്നെ (തിന്മാൻ) പാഞ്ഞടുത്താറെ. അവരിൽ, 'ഇദ്ദേഹത്തെ രക്ഷിക്കണം' എന്നു അരികുത്തപ്പെട്ടവർ രക്ഷസ്സുകളായി; 'നമുക്കു തിന്നാം' എന്നു ശബ്ദിച്ചവർ ക്ഷണം (ക്ഷുത്തോദ്ഭവം) മുതലായ യക്ഷരുമായി. അതിൽ അനുകമ്പ തോന്നിയ വിധാതാവിന്നു, കേശങ്ങൾ ശിരസ്സിൽനിന്നു കൊഴിഞ്ഞു ഹീനങ്ങളായി ശിരസ്സിലേയ്ക്കു തന്നെ കയറി; അവ സർപ്പണത്താൽ (അരിഷ്ടത്വത്താൽ) സർപ്പങ്ങളെന്നും ഹീനത്വംമൂലം അഹികളെന്നും പേരുപ്പെട്ടതു. ഉടനെ ക്രോധംപൂണ്ട സ്രഷ്ടാവിനാൽ ക്രോധശീലത്താൽ മാംസഭോജികളുമായ കപിശ (മഞ്ഞ) വർണ്ണന്മാർ സൃഷ്ടിക്കപ്പെട്ടു; ഗോവിനെ (വാക്കിനെ) ധയനം (പാനം) ചെയ്യുന്നവ (ഗാനശീല)രാകയാൽ അവർ ഗന്ധർവരെന്ന പേർ വഹിച്ചു.

പിന്നീടു, ശക്തിമാലികളായ ബ്രഹ്മാവു തത്പാർശ്വത്തിൽ വയസ്സിൽനിന്നു വയസ്സു (പക്ഷി)കളെ സൃഷ്ടിച്ചു. അവിടത്തെ മാറിൽനിന്നു കുറിയാടുകളും, മുഖത്തുനിന്നു് ആടുകളും, വയറിൽനിന്നു ഗോമഹിഷങ്ങളും, കാൽകളിൽനിന്നു് അശ്വ-കരി-കഴുത-ഒട്ടകവിമാൻ-മാൻ-ഒട്ടകം-കോവർകഴുത-മുതലായ പാൽതുകളും ഉളവായി; വിരിമെന്റെ രോമങ്ങളിൽനിന്നു് ഔഷധികളും, ഫലമൂലങ്ങളും എന്നിവയും ഉണ്ടായിവന്നു. ഇങ്ങിനെ കല്പാരംഭത്തിൽ സൃഷ്ടിക്കപ്പെട്ട പാൽതുക്കളും ഔഷധികളും ത്രേതായുഗാരംഭത്തിൽ യജ്ഞത്തിന്നായ്പ്പെട്ടുത്തപ്പെട്ടു. പയ്യു്, ആടു്, കുറിയാടു്, മനുഷ്യൻ, കുതിര, കോവർകഴുത, കഴുത, എന്നിവയത്രേ ഗ്രാമ്യ (നാട്ടിലെ) പാൽതുക്കൾ; ഹിംസ്രങ്ങൾ (വ്യാഘ്രാദികൾ), രണ്ടു കളമുള്ളവ, ഗജങ്ങൾ, വാനരന്മാർ, പക്ഷികൾ എന്നിവ അഞ്ചും കാട്ടുപാൽതുക്കളാകുന്നു; അവറാമതു ജലജന്തുക്കൾ; ഏഴാമതു് ഇഴജന്തുക്കൾ.

ഭഗവാൻ പൂർവ്വമുഖത്തുനിന്ന ഋഗ്വേദം, ഗായത്രി, രഥന്തരു്, ത്രിവൃൽസ്തോമമഹാന്തരസാമങ്ങൾ, അഗ്നിഷ്ടോമ യജ്ഞം എന്നിവ

Digitized By Kerala Sahitya Akademi

നിർമ്മിച്ചു; യജുർവ്വേദം, ത്രിഷ്ടുപ്ഛന്ദസ്സ്, പഞ്ചദശസ്തോമ ബൃഹൽ സാമങ്ങൾ, ഉക്ഷ്ണയജ്ഞം എന്നിവ ദക്ഷിണമുഖത്താൽ വിരചിച്ചു; സാമവേദം, ജഗതീച്ഛന്ദസ്സ്, സപ്തദശസ്തോമവൈരൂപസാമങ്ങൾ, അതിരാത്രയജ്ഞം എന്നിവ പശ്ചിമമുഖത്തുനിന്നു സൃഷ്ടിച്ചു; അഥർവ്വവേദം, അനുഷ്ടുപ്ഛന്ദസ്സ്, ഏകവിംശസ്തോമവൈരാജസാമങ്ങൾ, അപ്തോര്യാമവ് എന്ന യജ്ഞം എന്നിവയെ ഉത്തരമുഖത്തുനിന്നുല്പാദിപ്പിച്ചു.

ദേവാസുരചിത്രമനുഷ്യരാകുന്ന പലതരം ജീവങ്ങളെ കല്പാരംഭത്തിൽ പിതാമഹൻ സൃഷ്ടിച്ചു. അതിനശേഷം, യക്ഷർ, പിശാചർ, ഗന്ധർവർ, അപ്സരസ്സുകൾ, സിദ്ധർ, കിന്നരർ, രക്ഷസ്സുകൾ, പക്ഷിമൃഗങ്ങൾ, വാനരകൾ—എന്നു വേണ്ടാ, ചിരാവസ്ഥായിയും അചിരാവസ്ഥായിയുമായ ഈ ചരാചരമൊക്കെ ആദികർത്താവിനാൽ സൃഷ്ടികളെ ഈ അധ്യായത്തിൽ കുമ്പം എന്തോ, അതുതന്നെ പിൻപ്രസ്താവിച്ചും; താരതമ്യത്തിൽ, അഹിംസാഹിംസകളും, മാർദ്ദവക്രൌര്യങ്ങളും സത്യാനൃതങ്ങളുമാകുന്ന ധർമ്മാധർമ്മങ്ങളെ അവ തേടിക്കൊണ്ടിരിക്കും. ഇന്ദ്രിയാശ്രമങ്ങൾ, വ്രതങ്ങൾ, ശരീരങ്ങൾ എന്നിവയുടെ വൈവിധ്യവും നൽതിരുവടി താൻതന്നെ ഏർപ്പെടുത്തി; പിന്നീട് ദേവാദിവ്രതങ്ങൾക്കു വേഷം രൂപവും ജോലിയും വേദശബ്ദങ്ങളിൽനിന്നുതന്നെ കല്പിച്ചുണ്ടാക്കി; ഭൂമിമാർക്കും മറ്റും അവരവരുടെ തൊഴിലിന്നൊത്ത നാമധേയങ്ങളും വേദത്തിൽനിന്നുതന്നെ തീരുമാനിച്ചു. പലതരം ഔഷധികളും ഇടയ്ക്കിടയ്ക്കും ഒരുപോലെ കാണപ്പെടുന്നതെപ്രകാരമോ, അപ്രകാരം തന്നെയാണ്, യുഗംതോറും ഭാവ (സൃഷ്ട) ങ്ങളും. ഇങ്ങിനെ ആ സർവ്വശക്തൻ സൃജ്യശക്തിയാൽ (ദേഹികളുടെ കർമ്മത്താൽ) പ്രേരിതനായി സൃഷ്ടിക്കൊരുങ്ങിയിട്ടു, വീണ്ടും വീണ്ടും കല്പാരംഭത്തിൽ സൃഷ്ടി നടത്തുന്നു.'

ഭീഷ്മൻ:—'ബ്രഹ്മൻ, അവ്യക്തസ്രോതസ്സെന്നു മാനുഷസൃഷ്ടിയെ വിസ്തരിച്ചു പറഞ്ഞാലും. വർണ്ണങ്ങളേയും ഗുണങ്ങളേയും ആ ബ്രഹ്മണാദികളുടെ കർമ്മത്തെയും ബ്രഹ്മാവു സൃഷ്ടിച്ചതെങ്ങിനെ എന്നു പറഞ്ഞുതരിക.'

പുലസ്ത്യൻ:—'കുരുശ്രേഷ്ഠ, സൃഷ്ടിക്കായി സതതം ധ്യാനിച്ച ബ്രഹ്മാവിന്റെ മുഖത്തുനിന്നു സത്വഗുണമേറിയ ബ്രാഹ്മണരാകുന്ന പ്രജകൾ സംജാതരായി; തിരുമാറിൽനിന്നു രജോഗുണമേറിയ ക്ഷത്രിയർ ഉല്പാദിച്ചു; തുടമേൽനിന്നു തമോഗുണമേറിയ വൈശ്യ

Digitized By Kerala Sahitya Akademi

രും തുക്കാലിങ്കൽനിന്നു ശൂദ്രരും ഉണ്ടായിവന്നു. മുഖം, മാറിടം, തുട, കാൽ എന്നിവയിൽ നിന്നുളവായ ബ്രഹ്മക്ഷത്രിയവൈശ്യശൂദ്രരത്രേ പ്രധാനങ്ങളായ നാലു ജാതികൾ. മഹാഭാഗ, യജ്ഞസിദ്ധികളെ വേണ്ടിയാണ് ഈ ചാതുർവ്വർണ്ണ്യം ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടത്. യജ്ഞം കൊണ്ടു മനുഷ്യർ ദേവകളേയും, ദേവകൾ വൃഷ്ടിപ്രദാനംകൊണ്ടു മനുഷ്യരേയും സംതൃപ്തിപ്പെടുത്തുന്നു. അതിനാൽ നന്മയ്ക്കു കാരണമായ യജ്ഞങ്ങളെ, ഒരുനേരവും വിടാതെ സൽകർമ്മങ്ങളിൽ പ്രവർത്തിക്കുന്ന സന്മാർഗ്ഗചാരികളായ മനുഷ്യർ നാടുതോറുമുണ്ടായിരുന്നു. മനുഷ്യജന്മംകൊണ്ടു ജീവികൾ സദ്ഗതിദുർഗ്ഗതികളും മാറിമാറിസ്ഥാനവും പ്രാപിക്കും.

ബ്രഹ്മാവിനാൽ നാലു ജാതിയായി സൃഷ്ടിക്കപ്പെട്ട ആ പ്രജകൾ വഴിപോലെ സദാനംസദാനം അനുഷ്ഠാനങ്ങളിൽ ശ്രദ്ധവെച്ചു, യാതൊരു ബാധയുമില്ലാതെ, ധർമ്മാനുഷ്ഠാനത്താൽ അന്തഃകരണത്തിനു ശുദ്ധി വരുത്തുകയായി; ശുദ്ധമായ അന്തഃകരണത്തിൽ വിഷ്ണുസന്നിധി ചെയ്യുകയാൽ, ബ്രഹ്മപദം നൽകുന്ന പരിശുദ്ധജ്ഞാനം ലഭിക്കുകയുമായി. കാലക്രമേണ സംസാരം ഭോഗാരമായും അല്പാല്പസാരമായും അധർമ്മത്തിനു വിരുദ്ധമായും മോഹദർശനാദിസമന്വിതവുമായതിനാൽ പ്രജകൾക്കു ജരയും മരവും സംഭവിച്ചുതുടങ്ങി; അതിനാൽ സിദ്ധികൾക്കു സാധനം വേണ്ടിവന്നു. ശ്രുതികളായ നൂറ്റെട്ടു നിദ്ധികൾ ക്രമേണ ക്ഷയിക്കുകയും പാതകം വർദ്ധിക്കുകയും ചെയ്തപ്പോൾ പ്രജകൾക്കു ദുർബുദ്ധിയുണ്ടാകയും മരവും നേരിട്ടു. അതിനാൽ അവർ വൃക്ഷങ്ങൾകൊണ്ടും പർവ്വതങ്ങൾകൊണ്ടും ജലംകൊണ്ടും കൃത്രിമദുർഗ്ഗങ്ങളും പുരപ്പാടകാദികളും നിർമ്മിച്ചു, അവയിൽ വേണ്ടതിൻവണ്ണം ഗൃഹങ്ങൾ തീർത്തു ശീതോഷ്ണാദികളെ നിവാരണംചെയ്തു; പിന്നീടു കൈത്തൊഴിൽകൊണ്ടു ഉപജീവനമാർഗ്ഗം കണ്ടുപിടിച്ചു. വ്രീഹി, യവം, കോതമ്പു, ചെറുനെല്ലു്, എള്ളു്, തിന, വരകു്, ചാമ, വൻപയർ, ഉഴുന്നു്, ചെറുപയർ, വെൺകടല, ചെറുകടല, മുതിര, തുവര, ചണംപയർ, പയർ എന്നു, പതിനേഴത്രേ ഗ്രാമ്യൗഷധികൾ; നാട്ടിലും കാട്ടിലുമായി യജ്ഞൗഷധികൾ പതിനാലെണ്ണമുണ്ടു്: വ്രീഹി, യവം, ഉഴുന്നു്, കോതമ്പു, ചെറുനെല്ലു്, എള്ളു്, തിന, മുതിര, ചാമ, വരി, കാട്ടെള്ളു്, കാട്ടുകോതമ്പു, മുളനെല്ലു്, കാട്ടുപയർ. ഇവ യജ്ഞത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാകുന്നു; ഇവകൊണ്ടു തന്നെയാണു് അഭിജ്ഞന്മാർ യജ്ഞം നടത്തുന്നതു്

Digitized By Kerala Sahitya Akademi

ധർമ്മാധർമ്മവിവേകികളിൽ ശ്രേഷ്ഠനായ രാജാവേ, പിന്നീടു പിതാമഹൻ വർണ്ണാശ്രമങ്ങളുടെയും മനുഷ്യരുടെയും, വഴിപോലെ ധർമ്മം അനുഷ്ഠിക്കുന്നവർക്കുള്ള സ്ഥാനവും കല്പിച്ചു തീർത്തുപറഞ്ഞു: ബ്രാഹ്മണർക്കു പ്രാജാപത്യവും, യുദ്ധങ്ങളിൽ പിന്തിരിയാത്ത ക്ഷത്രിയർക്കു ഐന്ദ്രവും, സ്വധർമ്മം അനുഷ്ഠിക്കുന്ന വൈശ്യർക്കു വായവ്യവും, ശുശ്രൂഷ നടത്തുന്ന ശൂദ്രർക്കു ഗാന്ധർവ്വമത്രേ സ്ഥാനങ്ങളെന്നു. മുപ്പത്തെണ്ണായിരം ഊർദ്ധ്വരേതസ്സുകളായ യതികളുടെ സ്ഥാനം മുകളിലും, അതുതന്നെ ഗുരുകുലവാസി (ബ്രഹ്മചാരി)കൾക്കും; ഗൃഹസ്ഥർക്കു പ്രാജാപത്യം; വാനപ്രസ്ഥർക്കു സപ്തർഷിസ്ഥാനം; സന്യാസികൾക്കു ബ്രഹ്മപദം. യോഗികൾക്കു അമൃതമായ പരമപദം; മുകളിലുള്ളതിൽ ഏഴുകാന്തത്തിലിരുന്നു യോഗം ശീലിക്കുന്നവർ ജ്ഞാനികൾക്കും അദൃശ്യമായ അതു പരമപദമടയുന്നു. സൃഷ്ടിപ്രളയങ്ങൾപോലും പുനരാവൃത്തിയുണ്ടു; പ്രാണനായാമം ശീലിച്ചവർക്കു, ജനനം മടങ്ങിപ്പോരുന്നില്ല!

താമിസ്രം, അന്ധതാമിസ്രം, രൌരവം, മഹാരൌരവം, അസിപത്രവനം, കാലസൂത്രം, അവീചി എന്നിവയാകുന്നു, വേദനിന്ദകർക്കും യജ്ഞധ്വംസികൾക്കും സ്വധർമ്മം ത്യജിച്ചവർക്കുമുള്ള സ്ഥാനങ്ങൾ.

ഇങ്ങിനെ ചരാചരങ്ങളെ സൃഷ്ടിച്ചതിനു ശേഷം, ആ പ്രജകൾ വർദ്ധിക്കാഞ്ഞതിനാൽ ധീമാനായ പ്രജാപതി വേറെ തനിക്കു തുല്യരായ മാനസപുത്രന്മാരെ സൃഷ്ടിച്ചു: ഭൃഗു, ഞാൻ, പുലഹൻ, ക്രതു, അംഗിരസ്സു്, മരീചി, മനു, ദക്ഷൻ, അത്രി, വസിഷ്ഠൻ എന്നിവരാകുന്ന അവർ; ഈ ഒമ്പതുപേരും ബ്രഹ്മാക്കളെന്നു പുരാണങ്ങളാൽ കീർത്തിക്കപ്പെടുന്നു. ബ്രഹ്മാവിനാൽ മുമ്പു സൃഷ്ടിക്കപ്പെട്ട സനന്ദന പ്രഭൃതികളും ലോകത്തിൽ സമ്മതിച്ചില്ല. അവരെല്ലാവരും ജ്ഞാനോദയത്താൽ രാഗവും ദ്വേഷവും ചെടിഞ്ഞവരാകയാൽ ലോകസൃഷ്ടിക്കൊരുങ്ങിയില്ല. അതിൽ ബ്രഹ്മാവിനു, മൂപ്പാരിനേയും ദഹിപ്പിക്കാൻ പോരുന്ന മഹാക്രോധം ഉത്ഭവിച്ചു. ആ ക്രോധത്തിൽനിന്നു, ജ്വാലാമാലകൾകൊണ്ടു ത്രൈലോക്യത്തെ ദഹിപ്പിക്കുന്ന ഒരു ജ്യോതിസ്സു് ഉണ്ടായിവന്നു—കുടിലഭ്രുകുടീകമായി ക്രോധത്താൽ എരിഞ്ഞ ബ്രഹ്മലലാടത്തിൽനിന്നു്, ഉച്ചൈഃസ്തരാനാദത്തോടേ, അർദ്ധനാരീശ്വരാകൃതിയായ രുദ്രൻ അവതരിച്ചു. ആ പ്രചണ്ഡമഹാകായൻ, ബ്രഹ്മാവിനോടു് 'ആത്മാവിനെ വിഭജിക്കു (രണ്ടാക്കു)' എന്നും പറഞ്ഞു മറഞ്ഞു. അതിൻപ്രകാരം ബ്രഹ്മാവു് സ്വശരീരത്തെ സ്ത്രീയും

Digitized By Kerala Sahitya Akademi

പുരുഷനും വ്യന്ന രണ്ടുതരത്തിലാക്കി. പുരുഷരൂപം പതിനൊന്നായി വേർതിരിഞ്ഞു; സ്ത്രീരൂപം സൌമ്യാസൌമ്യമായും ശാന്താശാന്തമായും ശ്യാമകൃഷ്ണമായും പലമട്ടിൽ വേർതിരിഞ്ഞു. പിന്നീട് പിതാമഹൻ മുമ്പു തങ്കൽനിന്ന സംജാതനായിരുന്ന സ്വായംഭുവപ്രഭവിനെ തനിക്കൊപ്പം പ്രജാപതിയാക്കി നിയമിച്ചു. അ തപസ്സിനാൽ വിശുദ്ധിപൂണ്ട അ ശതരൂപയാ സ്ത്രീയെ സ്വായംഭുവമന്വ വേളികഴിച്ചു. അദ്ദേഹത്തിന്ന് അ ദേവിയിൽ പ്രിയവ്രതൻ, ഉത്താനപാദൻ, പ്രസൂതി, ആകൃതി വ്യന്ന നാല്വ മക്കളുണ്ടായി.

പ്രസൂതിയെ ദക്ഷന്നും ആകൃതിയെ രുചിയുക്കും വേളികഴിച്ചുകൊടുത്തു. ദക്ഷന്ന പിറന്ന ദക്ഷിണയും രുചിപുത്രനായ യജ്ഞനും ഭാര്യാഭർത്താക്കന്മാരായി. അവക്ക പന്തിരണ്ടു പുത്രന്മാരുണ്ടായി: അവർ യാമർ വ്യന്ന ദേവകളത്രെ. പ്രസൂതിക്ക് ഇരുപത്തിനാലു പെൺമക്കളും പിറന്നു: അവരിൽ ശ്രദ്ധ, ലക്ഷ്മി, ധൃതി, പുഷ്ടി, തുഷ്ടി, മേധ, ക്രിയ, ബുദ്ധി, ലജ്ജ, വപു, ശാന്തി, സിദ്ധി, കീർത്തി എന്നീ പതിമ്മൂന്നുപേരെ ധർമ്മസ്വാമി പാണിഗ്രഹണം ചെയ്തു; ഖ്യാതി, ശാന്തി, സംഭൂതി, സ്മൃതി, പ്രീതി, ക്ഷമ, സന്നതി, അനസൂയ, ഊർജ്ജ, സ്വാഹ, സ്വധ എന്നീ അനുജത്തിമാരായ പതിനൊന്നു സുലോചനമാരെ യഥാക്രമം ഭൃഗുവും ഭഗവാൻ മരീചിയും അംഗിരസ്സും ഞാനും പുലഹനും ക്രതുമഹർഷിയും അത്രിയും വസിഷ്ഠനും അഗ്നിയും പിതൃക്കളും വേളികഴിച്ചു. ശ്രദ്ധയ്ക്ക കാമവും, ലക്ഷ്മിക്ക ദർപ്പവും, ധൃതിക്ക നിയമവും, പുഷ്ടിക്ക ലോഭവും, തുഷ്ടിക്ക സന്തോഷവും, മേധയ്ക്ക ശ്രുതിയും, ക്രിയയ്ക്ക ദണ്ഡനീതിയും, ബുദ്ധിക്ക ബോധവും, ലജ്ജയ്ക്ക വിനയവും, വപുവിന്ന വ്യവസായവും, ശാന്തിക്ക ക്ഷേമവും, സിദ്ധിക്ക സുഖവും, കീർത്തിക്ക യശസ്സും ധർമ്മനിഷ്ഠനായ പിറന്നു. ധർമ്മപുത്രനായ കാമനിൽനിന്നും നന്ദി എന്നവൾ ഹർഷമാകുന്ന പുത്രനെ ജനിപ്പിച്ചു.

അധർമ്മത്തിന്ന ഹിംസയാകുന്ന ഭാര്യയിൽ അവ്രതം എന്നൊരു മകനും നിർഋതി എന്നൊരു മകളും ഉണ്ടായി; അവരിൽനിന്ന ഭയനരകങ്ങളും മായാവേദനകളും ജനിച്ചു. മായ സർവ്വ ഭൂതങ്ങളേയും സംഹരിക്കുന്ന മൃത്യുവിനെ പ്രസവിച്ചു; വേദന ദുഃഖവും രൌരവങ്ങളുമാകുന്ന മക്കളെ പെറ്റു. മൃത്യുവിന വ്യാധി, ജര, ശോകം, തൃഷ്ണ എന്നിവ മക്കളായി. ഇവരെല്ലാം ദുഃഖദായികളും അധർമ്മവംശജരുമാകുന്നു; ഇവക്ക ഭാര്യയൊ സന്താനമൊ ഇല്ല. ഇവർ ഊർദ്ധ്വരേതസ്സുകളത്രെ. ബ്രഹ്മാവിന്റെ ഈ രൌദ്രരൂപങ്ങൾ ലോകത്തിന്ന പ്രളയം വരുത്തിക്കൂട്ടുന്നു.

Digitized By Kerala Sahitya Akademi

ഇനി ബ്രഹ്മാവിന്റെ രുദ്രസൃഷ്ടി പറയാം: കല്പാരംഭത്തിൽ, തന്തിരുവടി തനിക്കു തുല്യനായ പുത്രനെ സങ്കല്പിക്കെ, നീലലോഹിതനായ ഒരു കുമാരൻ തിരുമടിയിൽ ആവിർഭവിച്ചു. അവൻ ഉറക്കെ രോദനംചെയ്തു (കരഞ്ഞു) കൊണ്ടു ദ്രവിക്കുക (ഓടുക)യായി. 'എന്തിനാണ് കരയുന്നതെ'ന്നു ബ്രഹ്മാവു ചോദിച്ചു; അപ്പോൾ, 'എനിക്കു പേരിടുക' എന്നു കുമാരൻ ആവശ്യപ്പെട്ടു. ഉടനെ ബ്രഹ്മാവു പറഞ്ഞു:— 'നിനക്കു രുദ്രൻ എന്നാണ് പേർ. ധൈര്യംപൂണ്ടു കരയാതിരിക്കു.' രുദ്രൻ വീണ്ടും വളരെ പ്രാവശ്യം കരഞ്ഞതിനാൽ ഏഴഴവേതുകംക്രൂടി കല്പിച്ചു നൽകപ്പെട്ടു: ഭവൻ, ശർവൻ, ഈശാനൻ, ശിവൻ, പശുപതി, ഭീമൻ, ഉഗ്രൻ, മഹാദേവൻ എന്നീ എട്ടുപേർക്ക് എട്ടെട്ടു സ്ഥാനങ്ങളും ഭാര്യാപുത്രർ എന്നിവരേയും പിതാമഹൻ പ്രദാനംചെയ്തു. സൂര്യൻ, ജലം, പൃഥിവി, അഗ്നി, വായു, ആകാശം, ഹോതാവ്, ചന്ദ്രൻ എന്നിവയാകുന്ന സ്ഥാനങ്ങളും; സുവർച്ചല, ഉഷ, വികേശി, ശിവ, സ്വാഹ, ദിക്ക്, ദീക്ഷ, രോഹിണി എന്നിവരത്രെ ഭാര്യമാർ. പുത്രന്മാരുടെ പേരുകളും കേട്ടുകൊൾകിം: ശനി, ശുക്രൻ, ചൊവ്വ, മനോജവൻ, സ്പർശൻ, സ്കന്ദൻ, സന്താനൻ, ബുധൻ. ഇവരുടെ വംശപരമ്പരയാൽ ഈ ലോകം നിറയപ്പെട്ടിരിക്കുന്നു. ഏതാട്ടശനായ രുദ്രൻ സതിയെ വേളികഴിച്ചു. അവൾ ദക്ഷകോപംമൂലം സ്വദേഹത്തെ ദഹിപ്പിച്ചു, ഹിമവാന്റെ മകളായി മേനയിൽ വന്നുപിറന്നു; വീണ്ടും അവളെ ഭഗവാൻ അഭിലഷിച്ചുവാങ്ങി പരിണയിച്ചു.

പ്രീതി ഭൃഗുവിങ്കൽനിന്നു ധാതാവും വിധാതാവുമാകുന്ന രണ്ടു ദേവന്മാരേയും വിഷ്ണുവല്ലഭയായ ശ്രീദേവിയേയും ജനിപ്പിച്ചു.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
സൃഷ്ടിവർണ്ണനം മൂന്നാമധ്യായം.

നാലാമധ്യായം

ഭീഷ്മൻ:— 'പദ്മാദേവി പാലാഴിയിൽ പിറന്നതായിട്ടാണു' കേൾപ്പു; പ്രീതിയിൽ ഭൃഗുവിനു ജനിച്ചതായിട്ടാണല്ലോ, ഭവാൻ പറഞ്ഞതു്? ദാക്ഷായണി ദേഹം ത്യജിച്ചു മേനയിൽ അവതരിച്ചതെങ്ങി

Digitized By Kerala Sahitya Akademi

നെ? ദക്ഷനോട്ടു വിരോധം സംഭവിച്ചതെങ്ങിനെ? ഏന്തിനുവേണ്ടി യാണ് ഹിമവൽപുത്രിയെ മഹാദേവൻ വേട്ടത്? ഭഗവൻ, ഇവക്രുടി പറഞ്ഞുതന്നാലും.'

പുലസ്ത്യൻ:—'രാജാവേ, ഭവാൻ ചോദിച്ചതു ഞാൻ പറയാം; ലക്ഷ്മിയുടെ ഈ അവതാരം ഞാൻ ബ്രഹ്മമുഖത്തുനിന്നു കേട്ടിട്ടുള്ളതാണ്:

അത്രിപുത്രനായ ദുർവ്വാസസ്സ് ഈ ലോകത്തിൽ സഞ്ചരിക്കെ, ഒരു വിദ്യാധരിയുടെ കയ്യിൽ അഴകുള്ള ഒരു പൂമാല കണ്ടെത്തി. കണ്ട ഉടനേ അദ്ദേഹം അതു കടന്നാവശ്യപ്പെട്ടു; അവൾ മഹർഷിയെ വന്ദിച്ച് അതു നൽകുകയും ചെയ്തു. ഒരു ഭ്രാന്തന്റെ മട്ടിലായിരുന്ന ദുർവാസസ്സ് അത്യുഗ്രമായി പറഞ്ഞു:—'ഉരുണ്ടുയർന്ന പോർമുലകളും സർവ്വസൌഭാഗ്യാലംകരണങ്ങളും ചേർന്ന ഈ വിദ്യാധരകന്യകയെ കണ്ടിട്ട് എനിക്കു മനസ്സിളകുന്നു; ഞാൻ കാമവിശാരദനല്ലതാനും! അതിനാൽ, എന്റെ സൌഭാഗ്യം കാണിച്ചുംകൊണ്ടു മറെറങ്ങാനും പോയ്ക്കളയാം' എന്നിങ്ങിനെ, അദ്ദേഹം മുറിനടക്കുകയുമായി. അതിനിടയിൽ, ഐരാവതത്തിന്റെ പുറത്തുകേറി പരിശോഭിക്കുന്ന ത്രിദശപ്പെരുമാളും ത്രിലോകനാഥനുമായ ശചീവല്ലഭനെ മഹർഷി കണ്ടെത്തി; ഉടനേ, മത്തഭൃംഗങ്ങൾ ചുറ്റിപ്പറന്നിരുന്ന ആ പൂമാല തന്റെ ശിരസ്സിൽനിന്നെടുത്ത്, ഒരു ഭ്രാന്തനെപ്പോലെ ദേവേന്ദ്രന്ന് എറിഞ്ഞുകൊടുത്തു. വാനവർകോൻ അതെടുത്ത് ആനയുടെ മസ്തകത്തിൽ വെച്ചു; ആ വെൺമാല അപ്പോൾ, കൈലാസത്തിൽ ഗംഗ എന്നപോലെ പരിലസിച്ചു. മദാന്ധനായിരുന്ന മതംഗജേന്ദ്രനാകട്ടേ, സൌഭാഗ്യംമൂലം ആ മാല തുമ്പിക്കൈകൊണ്ടെടുത്തു നിലത്തിട്ടു. അതിൽ ഭഗവാൻ ദുർവാസസ്സിനു ദ്വേഷ്യം വന്നു. അദ്ദേഹം ശ്രുണ്ടിപിടിച്ച് അണ്ടർകോനെ ശപിച്ചു:—'വാസവ, നിനക്ക് ഐശ്വര്യമദം മൂത്തു മതിമറന്നിരിക്കുന്നു: ഞാൻതന്ന ലക്ഷ്മീനിലയനമായ മാലയെ നീ അഭിനന്ദിച്ചിട്ടില്ലല്ലോ; അതിനാൽ ത്രൈലോക്യലക്ഷ്മി ഇവിടെനിന്നു പോയ്മറയും—മൂഢ, ഞാൻ തന്ന മാല നീ നിലത്തെറിഞ്ഞതിനാൽ ലോകം മൂന്നും ശ്രീകെട്ടതായിത്തീരും! യാതൊരാൾ അരിശംകൊണ്ടാൽ ചരാചരം പേടിച്ചു വിറയ്ക്കുമോ, ആ എന്നെയാണ് നീ ഗർവ്വുമൂലം അനാദരിക്കുന്നതു!!' ഉമ്പർകോൻ വെമ്പലോടേ ആനപ്പുറത്തുനിന്നിറങ്ങി, നിഷ്കൃഷ്ടനായ ദുർവാസസ്സിനെ നമസ്കരിച്ചു പ്രസാദിപ്പിപ്പാനോക്കി. എന്നാൽ, 'ശതമുഖ, എന്തിനേറെ പറയുന്നു? ഞാൻ ക്ഷമിക്കില്ല' എന്നുംപറഞ്ഞു നടകൊള്ളുകയാണ് മഹർഷി ചെയ്തത്.

Digitized By Kerala Sahitya Akademi

ഇന്ദ്രനും ഐരാവതപ്പുറത്തേറി അമരാവതിയിലേയ്ക്കു തിരിച്ചു. ഇന്ദ്രനോടുക്രുടിയ ലോകം മുന്നും അന്നമുതൽ നിശ്രീകമായിത്തീന്നു: യജ്ഞങ്ങടം നടക്കാതായി; ശ്രാദ്ധന്മർ തർപ്പണം ചെയ്യാതായി; ദാനങ്ങടം ഇല്ലാതായി; ലോകം നശിച്ചക്രുത്തിലായിപ്പോയി! ഇങ്ങിനെ ത്രൈലോക്യം ശ്രീയും ഓജസ്സും കെട്ടിരിയ്ക്കുംപൊഴൊക്കെ ദൈത്യദാനവന്മാർ ദേവകളുടെ നേരെ പടയൊരുക്കി. അസുരരാൽ തോല്പിക്കപ്പെട്ട മഹേന്ദ്രാഗ്ന്യാദി ദേവന്മാർ മഹാഭാഗനായ പിതാമഹനെ ശരണം പ്രാപിച്ചു, സംകടമുണത്തിച്ചു. ബ്രഹ്മാവു ദേവകളോടൊരുമിച്ചു പാലാഴിയുടെ വടക്കേത്തീരത്തു ചെന്നെത്തി, വാസുദേവനെ അറിയിച്ചു:—'വിഷ്ണോ, വേഗത്തിൽ എഴുന്നേറ്റാലും; ദേവകാംക്ഷ വേണ്ടതു ചെയ്തുകൊടുക്കുക. അങ്ങൊഴിഞ്ഞു് എല്ലാവരും പലവുരു മാനവരാൽ തോല്പിക്കപ്പെട്ടിരിക്കുന്നു.'

ദേവകളിൽ മുന്നുണ്ടായിട്ടില്ലാത്ത ഉൽത്സാഹം കണ്ടിട്ടു, പുണ്ഡരീകാക്ഷനായ പുരുഷോത്തമൻ അരുളിച്ചെയ്തു:—'ദേവന്മാരേ, നിങ്ങളുടെ തേജസ്സിനെ ഞാൻ വർദ്ധിപ്പിക്കാം. ഞാൻ പറയുന്നതു ചെയ്യുവിൻ: എല്ലാവരുംക്രുടി എല്ലാ ഔഷധികളും കൊണ്ടുവന്നു പാലാഴിയിലിട്ടു മന്ദരത്തെ കടകോലും വാസുകിയെ കയറുമാക്കി, അമൃതു കടയുവിൻ; ഞാൻ സഹായിപ്പാൻ നിൽക്കാം. 'ഫലം രണ്ടു ക്രുട്ടർക്കും ഒപ്പം വീതിച്ചനുഭവിക്കാ'മെന്നും മറും നല്ലവാക്കു പറഞ്ഞു്, അസുരന്മാരെയും ഇതിൽ ക്രുട്ടിയിണക്കണം. അങ്ങിനെ സമുദ്രം കടയുമ്പോൾ ഉണ്ടായിവരുന്ന അമൃതു സേവിച്ചാൽ നിങ്ങടം വീണ്ടും കരുത്തരായിക്കൊള്ളും. സുരവൈരികടംക്കാകട്ടേ, കാര്യക്ലേശമില്ലാതെ അമൃതു കിട്ടുകയില്ല; അതിനുള്ള വഴി ഞാൻ നോക്കിക്കൊള്ളാം.'

അരുളിച്ചെയ്തതിൻവണ്ണം അമരന്മാരെല്ലാവരും ക്രുടി, അസുരരോടു ചേന്നിണങ്ങി അമൃതു കടയാനൊരുമ്പെട്ടു: ദേവകളും ദൈത്യദാനവരുംക്രുടി ഔഷധികടം കൊണ്ടുവന്നു, ശരന്മേഘത്തിന്റെ വെണ്മ ചേന്ന പാൽക്കടലിലിട്ടു, മന്ദരത്തെ കടകോലും വാസുകിയെ കയറുമാക്കി, കരുത്തോടേ കടയുകയായി. ദേവന്മാരെല്ലാവരേയും വിഷ്ണു വാസുകിയുടെ പിൻവശത്തും, ദൈത്യരെ മുൻവശത്തുമാണ് നിത്തിയതു്. അതിനാൽ അസുരന്മാരെല്ലാം വാസുകിയുടെ ശ്വാസവായുവേറേ നിറംകെട്ടു മങ്ങിപ്പോയി; പിൻവശത്തു, വാസുകിയുടെ ശ്വാസവായുവേറേ മേഘങ്ങളിൽനിന്നു മഴ ചാറിയിരുന്നതിനാൽ ദേവകടംക്കു് ഒട്ടും തളർച്ചയുണ്ടായില്ല. പാൽക്കടലിന്റെ നടുവിൽ,

Digitized By Kerala Sahitya Akademi

ബ്രഹ്മജ്ഞപ്രവരനായ ഭഗവാൻ ബ്രഹ്മാവും, തേജസ്സേറിയ ശിവനും വിഷ്ണുവിന്റെ പിൻഭാഗത്തായി നിന്നു. ആ പരന്തപനായ പത്മനാഭൻ മന്ദരത്തെ പത്തുതെയ്യെന്നപോലെ ഇരുകൈകൾകൊണ്ടു വഹിച്ചു, ക്രൂമ്മരൂപിയായി ദേവാസുരമധ്യത്തിൽ സ്ഥിതിചെയ്തു, മറൊരു തേജസ്സിനാൽ ദേവകൾക്ക് ദേഹബലം ഉളവാക്കി.

ഇങ്ങിനെ ദേവാസുരന്മാർ പാലാഴി കടയുമ്പോൾ, ഒന്നാമതായി, ഹവിസ്സിന്നിരിപ്പിടമായ കാമധേനു സംജാതയായി. ദേവകൾ അവളെ പൂജിച്ചു നാട്ടിലേയ്ക്കയച്ചു; മറ്റുള്ളവരാരും, മരിമറിഞ്ഞു മിഴിച്ചു നോക്കുകയാണുണ്ടായത്! അപ്പോൾത്തന്നെ സിദ്ധന്മാർ ഇതെന്തെന്നിങ്ങിനെ ചിന്തിച്ചുനിൽക്കേ, വാരുണീദേവി പ്രാദുർഭവിച്ചു: മദത്താൽ തുടുത്തു തുള്ളുന്ന കണ്ണുകളോടും അഴിഞ്ഞുവീണ തലമുടിയോടും ഒറ വസ്ത്രത്തോടുംകൂടി, അടിക്കടി കാലിടറിക്കൊണ്ടു വട്ടംതിരിഞ്ഞിരുന്ന അവളെ അശുചിയെന്നു കണ്ടു ദേവന്മാർ സന്ത്യജിച്ചു. അതിനാൽ അവൾ, 'മാനവന്മാരെ, ഞാൻ ബഹുമാനിക്കുന്ന ദേവിയാണേ'; എന്നെ സ്വീകരിച്ചുകൊൾവിൻ' എന്നാവശ്യപ്പെടുകയും, മാനവന്മാർ കൈക്കൊള്ളുകയും ചെയ്തു. അവൾ സുര എന്നു കീർത്തിക്കപ്പെടുന്നു. പിന്നീടു പാരിജാതമെന്ന വൃക്ഷം ഉണ്ടായിവന്നു; അതു ദേവോദ്യാനത്തിൽ സ്ഥാപിക്കപ്പെട്ടു. അനന്തരം ത്രൈലോക്യനാഥനങ്ങൾ ചെന്ന് അനുപത്തുകോടി അപ്സരസ്ത്രീകളെ അയച്ചിരുത്തി; അവരെല്ലാം ദേവന്മാർക്കും അസുരന്മാർക്കും പുണ്യവാന്മാർക്കും പൊരുവിലുള്ളവരാകുന്നു. പിന്നെ, ദേവകളെ പ്രീതിപ്പെടുത്തുന്ന ചന്ദ്രൻ ഉളവായി; അവനെ ശിവൻ ആവശ്യപ്പെട്ടു:—'ഈ ശശാങ്കനെ ജടയിൽ ചൂടുന്നതിന്നു ഞാൻ എടുത്തുകൊള്ളുന്നു.' അങ്ങിനെയാകാമെന്നു ബ്രഹ്മാവു സമ്മതിച്ചു. പിന്നീട് ഭയങ്കരമായ കാളകൂടവിഷം ഉല്പന്നമായി; അതുകണ്ടു ദേവാസുരന്മാർ മാത്രമല്ല, ബ്രഹ്മാവും വിഷ്ണുവും ഉൾപ്പെട്ട ലോകം മുഴുവൻ ഉഴന്നുപോയി. മഹേശ്വരനാകട്ടെ, അതു ചിക്കെന്നൊടുത്തു പാനം ചെയ്തു! അതിനാലത്രേ, തന്തിരുവടി നീലകണ്ഠനായത്. പാനംചെയ്തു ശേഷിച്ചതു സപ്പുങ്ങളിൽ സമർപ്പിച്ചു. ഈ അഭയദാനംമൂലം ശിവനെ ബ്രഹ്മാവു, 'ഭവാൻ ശങ്കരനാണെ'ന്നനുഗ്രഹിച്ചു. പിന്നീട്, വെള്ളവസ്ത്രമുടുത്തു് അമൃതുകിണ്ടിയും കൈക്കൊണ്ടു സാക്ഷാൽ ധന്വന്തരി സംജാതനായി; ആ ഔദ്യരാജനെ ദർശിച്ചതിനാൽ എല്ലാവക്കും മനസ്സുഖാസ്വാസ്ഥ്യം തോന്നി. അതിനുശേഷം ഉച്ചൈശ്രവസ്സും ഐരാവതവും ഉത്ഭവിച്ചു.

Digitized By Kerala Sahitya Akademi

തദനന്തരം, താമരപ്പൂവു കൈക്കൊണ്ടു വിരിഞ്ഞ താമരപ്പൂവിൽ ഇരുന്നരുളുന്ന കാന്തിമതിയായ കമലാദേവി പാലാഴിയിൽ നിന്നുയർന്നു. മഹർഷിമാർ മനംകുളിർത്തു ദേവിയെ ശ്രീസൂക്തംകൊണ്ടു സ്തുതിച്ചു; വിശ്വാവസുപ്രഭൃതികൾ ദേവിയുടെ മുമ്പിൽനിന്നു പാട്ടുപാടി; ഘൃതാചി മുതലായ അപ്സരസ്ത്രീകൾ നൃത്തംവെച്ചു; ഗംഗ മുമ്പായ നദികൾ നീരാടിപ്പാൻ വന്നുചേർന്നു; ദിഗ്ഗജങ്ങൾ മേഘപാത്രങ്ങളിൽ നിർമ്മലജലമെടുത്തു് ആ സർവ്വജഗന്മഹേശ്വരിയെ നീരാടിച്ചു; പാലാഴി താൻ തന്നെ ഒരു വാടാത്താമരമാല ദേവിക്കു കൊടുത്തു; വിശ്വകർമ്മാവു് മെയ്യാഭരണങ്ങൾ നിർമ്മിച്ചു. നീരാടി ദിവ്യവസ്ത്രമാല്യങ്ങളും ആഭരണങ്ങളുമണിഞ്ഞ ആ കന്യകയെ ബ്രഹ്മാവും വിഷ്ണുവും ശിവനും ഇന്ദ്രാദിദേവന്മാരും വിദ്യാധരന്മാരും, നാഗരാജന്മാരും, ദൈത്യദാനവന്മാരും യക്ഷരാക്ഷസന്മാരുമെല്ലാം ഒരുപോലെ കാമിക്കുകയായി. ഒടുവിൽ ബ്രഹ്മാവു് അഭിപ്രായപ്പെട്ടു:—'വാസുദേവ, ഇവളെ ഭവാൻതന്നെ കൈക്കൊണ്ടാലും; ദേവാസുരന്മാരിലാരുമല്ല ഞാൻ കൊടുക്കുന്നതു്: ഭവാന്റെ ഈ മഹത്തായ യത്നത്താൽ ഞാൻ സന്തോഷിച്ചിരിക്കുന്നു.' പിന്നീടദ്ദേഹം ശ്രീദേവിയോടു പറഞ്ഞു:—'ദേവി കേശവനോടു ചേരുക; ഞാൻ തന്ന ഭർത്താവിനെ പ്രാപിച്ചു് .വ്യാസനാലും സുഖിച്ചാലും.' ദേവി, എല്ലാവരും കാണ്കെ, വിഷ്ണുവിന്റെ തിരുമാറിൽ ചെന്നുചേർന്നു, തന്തിരുവടിയോടരുളിയാടി:—'ഇവിടുന്നു് വ്യതിരിക്തയായി ഒരിക്കലും വെടിയരുതേ; ഞാൻ ത്രൈലോക്യത്തെ നടത്തിക്കുമാറു ലോകത്തിനെല്ലാം പ്രിയപ്പെട്ടവളായി, തിരുമാറിൽ വസിച്ചുകൊള്ളാം.'

മഹാരാജാവേ, ലക്ഷ്മീമാധവന്റെ തിരുമാറിൽ ചേർന്ന ദേവകളെ ഒന്നു തുക്കൻപാർത്തു; അതോടുകൂടി അവർ അത്യന്തം നിർവൃതിപ്പെട്ടു. വിഷ്ണുവിമുഖരായ ദാനവന്മാർക്കോ, വല്ലാത്ത നെഞ്ചിടിപ്പാണുണ്ടായതു്! വിപ്രചിത്തി മുതലായ ദൈത്യന്മാർ ശ്രീദേവിയാൽ സംത്യക്തരായിത്തീർന്നു.

പിന്നീടു് ആ വീയ്യും മുഴുത്ത പാപിദാനവന്മാർ ധന്വന്തരിയുടെ കയ്യിൽനിന്നു് അമൃതു തട്ടിപ്പറിച്ചുകളഞ്ഞു. ഉടനേ വിഷ്ണു ഒരു സ്ത്രീരൂപം ധരിച്ചുചെന്നു് ദാനവന്മാരെ മായയാൽ മോഹിപ്പിച്ചുരുളിച്ചെയ്തു:—'കമണ്ഡലു എന്റെ കയ്യിൽ തരിക; എന്നാൽ ഞാൻ നിങ്ങൾക്കധീനയായി നിങ്ങളുടെ ഗൃഹത്തിൽ വസിക്കാം.' ആ ത്രൈലോക്യസുന്ദരിയുടെ അഴകു കണ്ടിട്ടു് കൊതിമൂത്ത ദൈത്യന്മാർ, അവർ ആവശ്യപ്പെട്ടതിൻവണ്ണം അമൃതു കയ്യിൽ കൊടുത്തു. അതോടുകൂടി അവർ അപ്രത്യക്ഷയുമായി!

Digitized By Kerala Sahitya Akademi

ഇങ്ങിനെ ഗോവിന്ദൻ അമൃതു വീണ്ടെടുത്തു ദേവന്മാക്ക് കൊടുത്തു; ഇന്ദ്രാദികൾ അതു സേവിക്കുകയും ചെയ്തു. അപ്പോഴെയ്ക്കും അസുരന്മാർ വില്ലും വാളുമേന്തി വിണ്ണവരോടു പോരിനാണഞ്ഞു. അമൃതപാനത്താൽ കരുത്തരായിത്തീർന്ന ദേവന്മാരാകട്ടെ, ദൈത്യപ്പടയെ ഹിംസിച്ചു നാലു ദിക്കിലേയ്ക്കും ഓടിക്കുകയായി. ഒടുവിൽ അസുരന്മാർ പാതാളത്തിൽ കടന്നുകൂടി. ആനന്ദം പൂണ്ട വാനവന്മാർ ശംഖചക്രഗദാപാണിയെ പ്രണമിച്ചു മുമ്പേത്തപ്പോലെ സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു. ഭീഷ്മ, അന്നമുരൽക്കണ്ണീ, പെണ്ണൊതിമൂലം വിഷ്ണുവിനാൽ മതിമറിക്കപ്പെട്ട ദാനവന്മാർ പാതാളത്തിൽ പാർപ്പായത്. അതോടുകൂടി, സൂര്യൻ തെളിഞ്ഞു സപ്തമാർഗ്ഗത്തിലൂടെ സഞ്ചാരം തുടങ്ങി; ഭഗവാൻ ഹുതാശനൻ ഭംഗിയിൽ കത്തിജ്ജ്വലിച്ചു; എല്ലാവർക്കും ധർമ്മത്തിൽ അഭിരുചി തോന്നി; ത്രൈലോക്യം ലക്ഷ്മിയോടു ചേർന്നു, വിഷ്ണുവിനാൽ സംരക്ഷിതവുമായി.

അതിനുശേഷം ലോകധാരിയായ ബ്രഹ്മാവു് അമരന്മാരോടു പറഞ്ഞു:—'നിങ്ങളെ രക്ഷിക്കുന്നതിനു ഞാൻ വിഷ്ണുവിനെ ഏല്പിച്ചുകൊടുത്തിയിട്ടുണ്ടു്; ദേവേശനായ പാവ്തീവല്ലഭനും നിങ്ങൾക്കു യോഗക്ഷേമം വരുത്തും. ഇവരിരുവരേയും സേവിച്ചുപോന്നാൽ നിങ്ങൾക്കു സദാ ക്ഷേമം സിദ്ധിക്കും; ഇവർ വേണ്ടുന്ന വരവും തന്നാരുളും.' ഈ വിധം പറഞ്ഞു ഭഗവാൻ സ്വലോകത്തേയ്ക്കു തിരിച്ചു. സർവ്വജഗൽപിതാമഹനായ ദേവൻ മറഞ്ഞതിപ്പുറം, ഇന്ദ്രൻ ദേവലോകത്തേയ്ക്കും വിഷ്ണു വൈകുണ്ഠത്തിലേയ്ക്കും ശിവൻ കൈലാസത്തിലേയ്ക്കും നടകൊണ്ടു. ദേവേന്ദ്രൻ ത്രിഭുവനം രക്ഷിച്ചുംപോന്നു.

മഹാഭാഗ, ഇപ്രകാരം പാലാഴിയിൽ നിന്നു പിറന്ന സനാതനിയായ ലക്ഷ്മി, രണ്ടാമതു, ഭൃഗുവിന്റെ മകളായി ഖ്യാതിയിൽ ജനിച്ചു. മുമ്പു ദേവിയുടെ പേരിൽ ഒരു നഗരം—ലക്ഷ്മീപുരം—നമ്മദയുടെ തീരത്തു ഭൃഗുമഹർഷി നിർമ്മിച്ചിട്ടുണ്ടായിരുന്നു. അതു ലക്ഷ്മി അവശ്യപ്പെട്ടു; ലോഭംമൂലം മഹർഷി കൊടുത്തില്ല. അതിനാൽ അവർ വിഷ്ണുവിനോടു വിവരം പറഞ്ഞു:—'അച്ഛൻ എന്നെ തള്ളിക്കളഞ്ഞു: എന്റെ പുരം എനിക്കു തരുന്നില്ല. അതു അദ്ദേഹത്തോടു വാങ്ങിത്തരിക.' ചക്രഗദാപാണിയായ പുണ്ഡരീകാക്ഷൻതിരുവടി ഭൃഗുവിന്റെ അടുക്കൽച്ചെന്നു നല്ലവാക്കരുളിച്ചെയ്തു:—'ദയചെയ്തു പുരം മകൾക്കു കൊടുക്കുക.' ഭൃഗു വാശിയോടെ മറുപടി പറഞ്ഞു:—'ഞാൻ കൊടുക്കില്ല: അതു ലക്ഷ്മിയുടെ പുരമല്ല; ഞാൻതന്നെ ഉണ്ടാക്കിച്ചതാണ്. ഭഗവൻ, ഞാൻ കൊടുക്കുകയില്ല. ഇവിടുന്നു നിർബന്ധി

Digitized By Kerala Sahitya Akademi

ക്കരുത്.' വിഷ്ണു വീണ്ടും അഭ്യർത്ഥിച്ചു:—'മഹർഷേ, എന്റെ വാക്കു പ്രമാണിച്ച് ഭവാൻ അവ ലക്ഷ്മിക്കു കൊടുക്കുകതന്നെ വേണം.' അതിൽ ഭൃഗുവിനു ക്രോധം മൂത്തു. 'കേശവ, ഭവാൻ ഭാര്യയുടെ പക്ഷം പിടിച്ചിരിക്കുകയാണല്ലോ. അതിനാൽ അങ്ങു പത്തുതവണ മനുഷ്യലോകത്തിൽ ജനിക്കേണ്ടിവരും; ഭാര്യാവിരഹവും ദുഃഖങ്ങളും അനുഭവിക്കുകയും ചെയ്യും.' എന്നിങ്ങനെ അദ്ദേഹം ശാർങ്ഗപാണിയെ ശപിച്ചുകളഞ്ഞു. ഉടനേ, മഹാത്മാവായ മധുസൂദനൻ, 'മുനിശ്രേഷ്ഠ, ഭവാൻ സന്താനസൌഖ്യം ഉണ്ടാകയില്ല' എന്നു ഭൃഗുവിനേയും ശപിച്ചു.

എന്നിട്ടു നാരായണൻ ബ്രഹ്മലോകത്തു ചെന്നു, പത്മാസനനും പരമാക്ഷനുമായ പദ്മജന്മാവിനെ പണിഞ്ഞറിയിച്ചു:—'ഭഗവാനേ, ഇവിടുത്തെ മകൻ, ഭൃഗു, വലിയ ശുണ്ഠിക്കാരനാണ്; അദ്ദേഹം എന്നെ, 'ഭവാൻ പത്തുരു മനുഷ്യലോകത്തിൽ പിറക്ക'മെന്നും, 'ഭാര്യാവിരഹാദി ദുഃഖങ്ങൾ മേല്ക്കുമേൽ അനുഭവിക്ക'മെന്നും, മറ്റും പൊതുക്ഷവും നശിക്ക'മെന്നും വെറുതേ ശപിച്ചുകളഞ്ഞു! അതിനാൽ ഞാൻ ഈ ലോകങ്ങളം വെടിഞ്ഞു വൻകടലിൽ പോയി കിടക്കാൻ തുടങ്ങുകയാണ്. ദേവകർമ്മങ്ങൾ് ആവശ്യം വേണ്ടപോലെയാക്കെ എന്നെ വിളിച്ചു കൊൾകെ.' ഈ വിധം പറയുന്ന വിഷ്ണുവിനെ പ്രസാദിപ്പിക്കുന്നതിന്നായി, ലോകഗുരുവായ ബ്രഹ്മാവു തന്തിരുവടിയെ സ്തുതിച്ചു:—'ഇവിടുന്നു സൃഷ്ടിച്ചതാണ് ഈ ലോകം: ഇവിടുത്തെ നാഭിയിൽ നിന്നു പുറപ്പെട്ട താമരപ്പൂവിൽ, ഇവിടുത്തെ സംകല്പത്താൽ ജനിച്ച വനത്രേ ഞാൻ. പ്രഭോ, ഇവിടുന്നതന്നെ ജഗത്സ്രഷ്ടാവു; ഇവിടുന്നു തന്നെ സർവ്വാത്മാവും. മൂന്നുലോകവും ഇവിടുന്നപേക്ഷിക്കുന്നതേ; ഇവിടുന്നു യൊരു വരമേ യാചിക്കുവാനുള്ളൂ! പത്തുരു മനുഷ്യലോകത്തിൽ അവതരിക്കുക എന്നതു, ലോകനന്മയ്ക്കായി ഭവാൻ സ്വയം ചെയ്യേണ്ടിയിരിക്കുന്നു. അങ്ങയെ ശപിപ്പാൻ ആരുണ്ട്? മറന്നാൽത്തന്നെ, ഈ ഭൃഗു ആരാണ്? അവനെങ്ങിനെ ഭവാനെ ശപിക്കുവാൻ ശക്തനാകും? അങ്ങു ബ്രാഹ്മണരെ മാനിക്കണം. അവർ അങ്ങയുടെ ദേഹംതന്നെയാണല്ലോ. ഭവാൻ പാലാഴിയിൽ യോഗനിദ്രചെയ്തുകൊള്ളുക; വേണ്ടുവോളം പള്ളിയുണർന്നാൽ മതി. അങ്ങയുടെ ശക്തിയാൽ ലോകം മുന്നം രക്ഷിച്ചുപോരുന്ന ശക്രൻ ഭവാന്റെ ശാസനം നടത്തിക്കൊള്ളും.' ഇങ്ങിനെ സ്തുതിക്കപ്പെട്ട കേശവൻ, 'അങ്ങേ ചൊല്പടിപ്രകാരംതന്നെ ഞാൻ ചെയ്തുകൊള്ളാ'മെന്നും പറഞ്ഞു, ബ്രഹ്മാവിന്റെ സൃഷ്ടിപ്രവൃത്തിയിൽനിന്നു മറഞ്ഞു. ലോകകാരണനായ പിതാമഹൻ വീണ്ടും സൃഷ്ടി നടത്തിക്കൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

തന്തിരുവടിയെ കണ്ടു നാരദമഹർഷി സ്തുതിപ്പാൻതുടങ്ങി:—

(ശ്ലോകങ്ങൾ)

സഹസ്രശീർഷൻ പുരുഷൻ സഹസ്രനയനാംഘ്രി നീ
സർവ്വവ്യാപ്തൻ നിലം തീണ്ടാതീരഞ്ഞു വിരൽ പൊങ്ങിയോൻ.
ഭൂതവും ഭാവിയും വർത്തമാനവും മുഴുവൻ ഭവാൻ;
നിങ്കൽനിന്നുളവായ് പാരിതു,ളവാം നിങ്കൽനിന്നു താൻ!
നിങ്കൽനിന്നുദിതം യജ്ഞം, തൈർ നെയ്യി,രുതരം പാത്രം,
ദ്രുക്സാമങ്ങ,ളതിൻവണ്ണം ഛന്ദസ്സുകളൊക്കയും.
നിങ്കൽനിന്നുളവായശ്വം; നിങ്കൽനിന്നുളവായ് ഗജം;
നിങ്കൽന്നുളവായ് ഗോക്കൾ മൃഗപക്ഷികളും വിഭോ.
തപന്മുഖാൽ ജാതനായ് വിപ്രൻ, ക്ഷത്രിയൻ മാറിൽനിന്നുമേ;
വൈശ്യൻ തുടയിൽനിന്നുണ്ടായ്, കാലിൽനിന്നിഹ ശൂദ്രനും.
നിൻകണ്ണാൽ ഭാസ്കരൻ, കാതാൽക്കാറു വർത്താൽ സുധാകരൻ,
നാസാബിലത്തിനാൽ പ്രാണൻ, മുഖത്താലേ ഹുതാശനൻ,
നാഭിയാൽ വാനു, തലയാൽ ദ്യോവു, കാലുകളാൽ ക്ഷിതി,
ചെവിയാൽ ദിക്കുമുണ്ടായിതിതെല്ലാം നിങ്കൽനിന്നു താൻ!
വൻപേരാൽമരമെമ്മട്ടു ചെറുവിത്തിലിരിപ്പിതോ,
അമ്മട്ടുംപോൽനിരിപ്പൂ പാരെല്ലാം വിത്തായ നിങ്കലേ;
വിത്തിൽനിന്നു മുളച്ചുണ്ടായ് പ്പടരുന്ന വടദ്രുമം;
ആവിധം തന്നെയുലകം സൃഷ്ടാവാം നിങ്കൽനിന്നഹോ!
ഇലപോളയിൽനിന്നന്യമല്ലല്ലോ വാഴയെപ്പൊഴും;
അമ്മട്ടഭിന്നമായ് നിങ്കൽ ചേർന്നിരിക്കുന്ന വിശ്വപം.
മൂർദ്ധാനീശ്രുതിയേ നിങ്കലുള്ള സകലഭാവിനി;
ഇല്ല നിർഗ്ഗുണനാം നിങ്കൽ മോദഖേദവിമിശ്രണം.
പൃഥഗ്ഭൂതൈകഭൂതൻ നീ സർവ്വഭൂതാത്മക, പ്രഭോ;
പ്രഭൂതഭൂതഭൂതൻ നീ; ഭൂതാത്മക, തൊഴാം, തൊഴാം!
വ്യക്തൻ പ്രധാനപുരുഷൻ സമ്രാട്ടങ്ങു വിരാട്ടു നീ;
വിഭാവ്യമന്തഃകരണം, നിത്യൻ പുരുഷരിൽബ്ഭവാൻ.
സർവ്വത്തിൽ സർവ്വഭൂതൻ നീ; സർവ്വൻസർവ്വസ്വരൂപി നീ;
സർവ്വം ഭവാനാലേ ജന്മം; സർവ്വരൂപനേ, തൊഴാം, തൊഴാം!
സർവ്വാത്മകൻ നീ സർവ്വേശ, സർവ്വജ്ഞനതിപൂർവ്വൻ;
ഞാനെന്തോതേണ്ടു? ചിത്തസ്ഥം സർവ്വം നേർക്കറിയുന്ന നീ.

Digitized By Kerala Sahitya Akademi

ഈയെൻ മനോരഥം ദേവ, സർവ്വം സഫലമാക്കി നീ;
തപസ്സും സഫലം നിന്നൊക്കാങ്കകൊണ്ടു ജഗല്പതേ!'

ബ്രഹ്മാവ്:—'മകനേ, നാരദ, നീ എന്നെ ദർശിച്ചതു തപസ്സിന്റെ ഫലം തന്നെ. എന്നെ ദർശിച്ചാൽ, അതു വെറുതെയാകുന്നതല്ല: അതിനാൽ, വേണ്ടുന്ന വരം ആവശ്യപ്പെട്ടുകൊള്ളുക. ഉണ്ണി, എന്നെ ദർശിച്ചാൽ എന്നും നിഷ്ഫലം.'

നാരദൻ:—'ഭഗവാനേ, സർവ്വജ്ഞേശ്വര, സർവ്വരുടെയും ഉള്ളിൽ വാഴുന്നവനാണല്ലോ നിന്തിരുവടി; ഇവിടുന്ന് എന്റെ അഭീഷ്ടം അറിയാതിരിക്കുമോ? സ്വാമിൻ, ഇവിടുന്നു സൃഷ്ടിച്ചതൊക്കെ ഞാൻ ശരിക്കു കണ്ടു. ദേവകളേയും ഋഷികളേയും അസുരരേയും കണ്ടതിനാൽ എനിക്കു കൌതുകം തോന്നുന്നു.'

അപ്രതിഹതനായ ബ്രഹ്മാവ്—ത്രിഗുണാതീതനായ ദേവൻ—നാരദനിൽ പ്രസാദിച്ചു, അഭീഷ്ടത്തിന്നു വരംകൊടുത്തു:—'നീ എന്റെ പ്രസാദത്താൽ ഋഷിമാരിൽവെച്ചു ശ്രേഷ്ഠനും കലഹലീലയിൽ പ്രിയനുമായി ഭവിക്കും. നിനക്കു ദ്യോവീലോ ഭൂവിലോ പാതാളത്തിലോ ഗതി തടയപ്പെടുകയില്ല: നീ പൂണൂനൂലും യോഗപട്ടവും കടയും വീണയും ധരിച്ചു, വിഷ്ണുഭക്ത വാസവന്മാരുടെ സമീപത്തും ദ്വീപുകളിലും രാജസന്നിധികളിലും—എല്ലാടത്തും—തടവില്ലാതെ സഞ്ചരിച്ചുകൊള്ളുക. എപ്പോഴും നിന്നെ കണ്ടാൽ ഭൂമിയിൽ രാജാക്കന്മാർ സന്തോഷിക്കും. എന്റെ വരത്താൽ നാലു ജാതികളും ശാസിതാവാണ് നീ. ഉണ്ണി, ദേവന്മാരാലും മറ്റും സേവിക്കപ്പെട്ടുകൊണ്ടു യഥേഷ്ടം നിവസിച്ചാലും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
അമൃതമഥനാഖ്യാനം നാലാമദ്ധ്യായം.

അഞ്ചാമദ്ധ്യായം

ഭീഷ്മൻ:—'ബ്രാഹ്മൻ, എങ്ങിനെയാണ്, ദക്ഷപുത്രിയായ സതീദേവി ശരീരം ത്യജിച്ചത്? ശിവൻ ദക്ഷന്റെ യാഗത്തെ ധ്വംസിച്ചതെന്തുകൊണ്ടാണ്? മഹായശസ്സായ മഹേശ്വരൻ അതിലും അരിശത്തോടിരിപ്പതെങ്ങിനെ? ഇതെല്ലാം അറിവാൻ എനിക്കാഗ്രഹമുണ്ട്.'

Digitized By Kerala Sahitya Akademi

പുലസ്ത്യൻ:—'ഭീഷ്മ, പണ്ടു ദക്ഷൻ ഗംഗാദ്വാരത്തിൽ യാഗം ആരംഭിച്ചു. ഇന്ദ്രാദിദേവകൾ, അസുരന്മാർ, പിതൃക്കൾ, മഹർഷിമാർ, നാഗയക്ഷസുവർണ്ണന്മാർ, ലതൈഷധികൾ എന്നിവരെല്ലാം അവിടെ വന്നുചേർന്നു. ഭഗവാൻ കശ്യപൻ, അത്രി, ഞാൻ, പുലഹൻ, ക്രതു, പ്രാചേതസൻ, അംഗിരസ്സ്, തപസ്സിനിയ വസിഷ്ഠൻ എന്നിവരും സന്നിഹിതരായി. അവിടെ നിർമ്മിച്ചാത്ത വേദി നിർമ്മിച്ചു, ഗാർഹപത്യം (നാലു വേർതിരിച്ചിൽ വിധിക്കപ്പെട്ട നാലു ഹോമങ്ങൾ) കൊണ്ടുവന്നു. വസിഷ്ഠൻ ഹോതാവും, അംഗിരസ്സ് അധ്വര്യുവും, ബ്രഹസ്പതി ഉൽഗാതാവും, നാരദൻ ബ്രഹ്മാവുമായി. യജ്ഞകർമ്മങ്ങൾ ആരംഭിക്കപ്പെട്ടു; അഗ്നികളിൽ ഹോമം തുടങ്ങി; ദേവകളും—ചരാചരങ്ങളൊക്കെയും—വന്നണയുകയായി. ബ്രഹ്മാവു പുത്രനാകാനിച്ചു സദസ്യനായി സ്ഥിതിചെയ്തു. യജ്ഞം രക്ഷിപ്പാൻ വിഷ്ണു താൻതന്നെ എഴുന്നള്ളി. എട്ടു വസുക്കൾ, പതിനൊന്നുദിത്യന്മാർ, അശ്വിനീദേവകൾ, സപ്തമരുത്തുക്കൾ, പതിനാലു മനുക്കൾ എന്നിവരെല്ലാം വന്നുചേർന്നിരുന്നു. പത്നിയോടുകൂടി യജ്ഞസ്ഥലം കാക്കുവാൻ കൈയ്യിൽ ഖഡ്ഗവുമേന്തി നിന്നു, സമുദ്രമായി കാണപ്പെട്ടു!

ഈ യാഗത്തിന്റെ സംഭാരമെല്ലാം കണ്ടിട്ട്, സതീദേവി ഭർത്തൃനെ അനുനയിപ്പിച്ചുചോദിച്ചു:—'ആര്യപുത്ര, പ്രജേശ്വര, ഇവിടുത്തെ സത്രത്തിനു ദേവകളും മഹർഷിമാരുമൊക്കെ വന്നുചേർന്നിട്ടുണ്ട്: പദ്മജനും പദ്മാലയനുമായ ദേവദേവൻ, പിതാമഹൻ, സാവിത്രിയാകുന്ന ഭാര്യയോടൊരുമിച്ചു മഹാവിമാനത്തിലേറി സന്നിഹിതനായിരിക്കുന്നു; ശ്രീവത്സാങ്കിതമായ വക്ഷസ്സ്ഥലത്തിൽ കൌസ്തുഭമണിയും അണിഞ്ഞുപട്ടുടുത്ത ജഗദീശനായ ശാർങ്ഗധനുവും ലക്ഷ്മിയോടൊന്നിച്ച് എഴുന്നള്ളിയിരിക്കുന്നു; ശത്രുഘ്നനായ ദേവേന്ദ്രൻ ശചിയാകുന്ന വല്ലഭയോടുംകൂടി ഐരാവതത്തിന്റെ പുറത്തുകേറി വന്നെത്തിയിട്ടുണ്ട്; പാപികളെ ദണ്ഡിപ്പിക്കുന്നവനും പുണ്യവാന്മാരെ സംരക്ഷിക്കുന്നവനുമായ യമൻ ധൂമോർണ്ണയോടൊന്നിച്ച് ഇതാ, വന്നെത്തിക്കഴിഞ്ഞു; യാദസ്സുകളുടെ നാഥനായ പ്രചേതസ്സ്—ലോകപാവനനായ വരുണദേവൻ—ഗൌരിയാകുന്ന പത്നിയോടും കൂടി ഇതാ, മണ്ഡപത്തിൽ സമാഗതനായി; യക്ഷന്മാക്കെല്ലാം അധിപതിയായി വിശ്രവസ്സു മഹർഷിയുടെ പുത്രനായിരിക്കുന്ന ധനേശ്വരദേവൻ ഇതാ, പത്നിയോടൊന്നിച്ചു വന്നെത്തി; ആരാണോ ദേവകൾക്കെല്ലാം മുഖം, ആരാണോ പ്രാണികളുടെ വയറിലിരിക്കുന്നത്, അഗ്നി വേണ്ടിയോ വേദങ്ങളുടെ ഉല്പത്തി, അദ്ദേഹം ഇതാ, വന്നുചേർന്നു; ദിക്പാലകനായ

Digitized By Kerala Sahitya Akademi

നിർഋതി എന്ന രാക്ഷസസന്ദർ ഇതാ, ഭാര്യയോടൊന്നിച്ചുഗമനായി; ഇതാ, ബ്രഹ്മാവിനാൽ ലോകരക്ഷകർ ആയുഷ്കരനായി സൃഷ്ടിക്കപ്പെട്ട പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നിവർ; നാല്പത്തൊമ്പതു ഗണത്തോടുകൂടി ഇതാ, ലോകപാലനായ വായുദേവൻ; ഇതാ, ലോകങ്ങൾക്കു നേത്രവും സർവ്വഗാത്രനാവും ദേവകർക്കു ഉറവ ആശ്രയവും ദിവാരാത്രമാവുമായ ഗ്രഹാധിപൻ—ആയുസ്സിനും മോക്ഷങ്ങൾക്കും പകലിനും അധിപതിയായി ലോകപാവനനായിരിക്കുന്ന സൂര്യൻ—സംജ്ഞയാകുന്ന പത്നിയോടൊന്നിച്ചു വന്നുചേർന്നിരിക്കുന്നു; അത്രിവംശത്തിൽ പിറന്നവനായി, ദിവ്യരാജനായി, മഹായശസ്സായി, നയനാനന്ദകരനായി, ലോകേശ്വരനായി, ഭൂമിയിലെ ഔഷധികൾക്കും ലതകൾക്കും അധിപതിയായി, ശീതകിരണനായിരിക്കുന്ന നക്ഷത്രനാഥൻ സഭാര്യനായി വന്നെത്തി; അഷ്ടവസുക്കൾ, അശ്വിനീദേവന്മാർ, വിനതപുത്രിയായ വൃക്ഷം, ഗന്ധർവർ, അപ്സരസ്സുകൾ, വിദ്യാധരർ, ഉഗ്രകർമ്മാക്കളായ [illegible] ശാപമുക്തം തുടങ്ങിയ പ്രാണഹാരികൾ, നദീനദസമുദ്രദ്വീപശൈലങ്ങൾ, ഗ്രാമ്യങ്ങളും ആരണ്യങ്ങളുമായ പശുക്കൾ—എന്നല്ല, ചരാചരങ്ങളൊക്കെയും—വന്നെത്തിയിട്ടുണ്ട്; ഭഗവാൻ കശ്യപൻ, അത്രി, വസിഷ്ഠൻ, പുലസ്ത്യൻ, പുലഹൻ ക്രതുശ്രേഷ്ഠൻ, സനകാദി മഹർഷിമാരും, സുകൃതികളായ രാജർഷികൾ, ഭൂമിയിലെ രാജാക്കന്മാരും—സധർമ്മം അനുഷ്ഠിച്ചുപോരുന്ന വിപ്രാശ്രമങ്ങളൊക്കെയും—ആഗമിച്ചിരിക്കുന്നു. എന്തിനേറെ, ബ്രഹ്മസൃഷ്ടി മുഴുവൻ ഇവിടെ വന്നെത്തിയിട്ടുണ്ട്. ഇതാ, സോമർഷികൾ, ദേവകളും, സോദരീഭർത്താക്കന്മാരും, അവരുടെ ബന്ധുക്കളും; ഇതാ, ഗ്രഹനക്ഷത്രങ്ങളോടുകൂടിയ ചന്ദ്രൻ; ഇതാ, സർവ്വാഭരണങ്ങളുമണിഞ്ഞു ശോഭിക്കുന്ന ലോകപാലന്മാർ, അവരുടെ ഭാര്യമാരും. ക്ഷണിച്ചുവന്നവരെയെല്ലാം അച്ഛൻ സൽകരിച്ചു സൽക്കരിക്കുകയും ചെയ്തുവല്ലോ. ഒരാൾ—എന്റെ ഭർത്താവു—മാത്രം ഇവിടെ സന്നിഹിതനായിട്ടില്ല; അച്ഛൻ, അദ്ദേഹമില്ലായ്കയാൽ ഇതെനിക്കശൂന്യമായി തോന്നുന്നു! എന്റെ ഭർത്താവിനെ അച്ഛൻ ക്ഷണിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. സർവ്വേശ്വരനായ ആ ഭഗവാനെ ഇവിടുന്നു മറന്നിരിക്കാം!'

ഇതുകേട്ടിട്ടു ദക്ഷപ്രജാപതി പ്രാണനെക്കാളും പ്രിയപ്പെട്ട ആ ഭർതൃസ്നേഹരാലിനിയായ ബാലികയെ മടിയിലെടുത്തുവെച്ചു, ഭർത്താവിന്നു പ്രിയവും ഹിതവും തേടുന്ന ആ മഹാഭാഗയായ പതിവ്രതയോടു ഗംഭീരഭാവത്തിൽ പറഞ്ഞു:—'മകളേ, നിന്റെ ഭർത്താവിനെ ഞാൻ ക്ഷണിക്കാഞ്ഞതിന്നു മതിയായ കാരണമുണ്ടു്: മേലൊക്കെ ഭസ്മം

Digitized By Kerala Sahitya Akademi

തേച്ചു കപാലവും ശൂലവും ദണ്ഡും കയ്യിലേന്തി, തോലുടുത്തോ നഗ്നനായിട്ടോ സദാ ചുടലക്കളത്തിൽ ക്രുത്താടുന്നവനാണവൻ! പുലിത്തോലാണ് ഉടുവസ്ത്രം; ആനത്തോലാണ് തോർത്തുവസ്ത്രം; ശിരസ്സിൽ കപാലമാല; കയ്യിൽ ഖട്വാംഗം; അരയിൽ മണ്ഡലിപ്പാമ്പ്; കൈകളിൽ സർപ്പകടങ്ങാം; നാഗരാജാവായ വാസുകിയാണ് പൂണൂൽ; ഈ വേഷത്തോടെ ഭ്രമിയിൽ ചുറ്റിനടക്കുന്നവനാണവൻ! പലതരം ഭ്രതപിശാചുക്കളൊണ് കൂട്ടുകാർ; അവരൊന്നിച്ച് ആ മുക്കണ്ണനായ ത്രിശൂലക്കാരൻ—നിന്റെ ഭർത്താവ്—എപ്പോഴും പാട്ടും ക്രുത്തുമായി പല പല ഹീനകർമ്മങ്ങളും ചെയ്തുപോരുന്നു. ദേവകളുടെ സന്നിധിയിൽ എനിക്കു ലജ്ജ തോന്നിപ്രയാ! അവനെവിടെയെങ്കിലും പാക്കട്ടെ; ഗ്രഹത്തിൽ കേറിക്കൂടാ. മകളെ, മാലോകരിൽ നിന്നുള്ള ലജ്ജമൂലം അവനെ ഞാൻ ക്ഷണിച്ചില്ലെന്നേയുള്ളു; യാഗം കഴിഞ്ഞതിന്നശേഷം, ഞാൻ നിന്റെ കണവനായ മുക്കണ്ണനെ ഇവിടെ വരുത്തി നിന്നോടൊപ്പം സൽക്കരിച്ചുകൊള്ളാം—മൂന്നുലോകത്തിലും മികച്ച സൽക്കാരം ചെയ്തുകൊള്ളാം. ലജ്ജതന്നെയാണ് ഇപ്പോൾ ക്ഷണിക്കാഞ്ഞതിന്ന കാരണം. ഇതിൽ നിനക്കു വൈമനസ്യം തോന്നരുത്; എന്റെ സർവ്വസ്വവും നിനക്കാണ്! കുഞ്ഞേ, മുൻജന്മത്തിലെ കർമ്മം ഏതുപ്രകാരമൊ, അപ്രകാരമുള്ള ഫലം ഇജ്ജന്മത്തിൽ അനുഭവപ്പെടുന്നു; നീ ദുഃഖിക്കാതെ സ്വകർമ്മഫലം അനുഭവിച്ചുകൊൾക. ഭർത്താവിനെക്കൊണ്ടുള്ള മേന്മ, കീർത്തി, സൌഭാഗ്യം, രമണീയങ്ങളായ ആഭരണങ്ങൾ, വലിയ വംശത്തിൽ ജനനം, ശരീരസൌന്ദര്യം എന്നിവ പൂർവ്വപുണ്യങ്ങൾകൊണ്ടേ ലഭിക്കയുള്ളു. സുവ്രതെ, നീ നിന്നെയോ ദൈവത്തെയൊ നിന്ദിക്കരുത്: പൂർവ്വകർമ്മഫലത്തെ നീക്കാൻ ആർക്ക്, എവിടെ ത്രാണിയുണ്ട്? ബലവാനൊ, ശൂരനൊ, പണ്ഡിതനൊ ആയി ആരുമില്ല; ബലവും പാണ്ഡിത്യവുമൊക്കെ പൂർവ്വകർമ്മത്തിന്നു! പലതരം ക്ഷേത്രങ്ങളിൽ പുണ്യവും തപസ്സും ചെയ്തതിനാലത്രെ, ഈ ദേവന്മാർ—ഭഗവാൻ ബ്രഹ്മാവും വിഷ്ണുവും ഇന്ദ്രനുമൊക്കെ—ഏറെക്കാലമായി സ്വർഗ്ഗം പ്രാപിച്ചു ശോഭിക്കുന്നതു്. ഇവർ ചെയ്ത പുണ്യത്തിന്റെ ഫലം ഇവർ അനുഭവിച്ചുപോരുന്നു.'

ഈ ഭർത്തൃനിന്ദനം കേട്ടപ്പോൾ സതിക്കു താപവും കോപവും ഉളവായി; അവൾ തുടുത്ത കണ്ണുമായി, അച്ഛനോടരചെയ്തു:—'അച്ഛൻ പറഞ്ഞതു ശരിതന്നെ: അതുകൊണ്ടും പുണ്യം ചെയ്തേ നല്ല ഫലം ലഭിക്കു. പുണ്യംകൊണ്ടാണ് കുലീനത; പുണ്യമാണ് ഭോഗങ്ങൾക്കടിസ്ഥാനം. എന്നാൽ, ജഗദീശനായ അദ്ദേഹമത്രെ സർവ്വോത്തമൻ: എ

Digitized By Kerala Sahitya Akademi

ല്ലാവക്കും ഈ സ്ഥാനങ്ങൾ കല്പിച്ചു നൽകിയതു തന്തിരുവടിയാണ്. അ ധീമാന്റെ ഗുണങ്ങൾ വർണ്ണിപ്പാൻ നാൽമുഖന്റെ നാവിന്നുമില്ല നൈപുണ്യം! അവിടുന്നു ഭസ്മാസ്ഥികപാലസർപ്പങ്ങളെ വഹിക്കുന്നു; ചുടലയിൽ വസിക്കുന്നു; ഗൃഹ്യകരും പിശാചുക്കളുമാണ് കൂട്ടുകാർ. പക്ഷേ, രത്നങ്ങൾകൊണ്ടും ആഭരണങ്ങൾകൊണ്ടും സ്വർണ്ണാങ്കംകൊണ്ടും അധീശപരൻ അവിടുന്നാണ്! ധാതാവും വിധാതാവും ദിക്പാലന്മാരും അവിടുന്നുതന്നെ. ശിവന്റെ പ്രസാദത്താലത്രേ ഇന്ദ്രൻ സ്വർഗ്ഗം നേടിയതു്; ശിവന്റെ അനുജ്ഞയാലത്രേ ബ്രഹ്മാവു സൃഷ്ടി നടത്തിയതു്; അതില്ലാതെ പാവപ്പെട്ട വിഷ്ണുവിനെങ്കിലും രക്ഷിപ്പാൻ ത്രാണി? മൈശ്വര്യത്തിലോ ഗുണോൽക്കർഷത്തിലോ രുദ്രനിൽ മീതേ ആരുണ്ടു്? ലോകസ്ഥിതിക്കായി ഈ ഭൂമിയെ ഉറപ്പിച്ചതും ആ ശങ്കരൻതിരുവടി തന്നെ. ആ രുദ്രനിൽ ദേവതപമുണ്ടെങ്കിൽ—ശിവൻ സർവ്വവ്യാപിയാണെങ്കിൽ—അങ്ങയുടെ യജ്ഞം മുക്കണ്ണന്റെ കൂടിക്കുമാറാകട്ടെ! എനിക്കു വല്ല തപസ്സുമുണ്ടെങ്കിൽ—ഞാൻ വല്ല ധർമ്മവും ചെയ്തിട്ടുണ്ടെങ്കിൽ—അതിന്റെ ഫലത്താൽ അങ്ങയുടെ യാഗം നശിക്കുമാറാകട്ടെ! ഞാൻ തന്തിരുവടിക്കു പ്രിയതമയാണെങ്കിൽ—അവിടുന്ന് എന്നെ കൈയേറ്റുമെങ്കിൽ—അങ്ങയുടെ യാഗം ഒരിക്കലും നിറവേറുകയില്ല!'

ഇപ്രകാരം പറഞ്ഞു സതീദേവി യോഗത്തിലിരുന്നു, തന്റെ ദേഹത്തിൽനിന്നുണ്ടായ തേജസ്സിൽ ജ്വലിച്ചുതുടങ്ങി. സുരാസുരന്മാരും നാഗത്താന്മാരും യക്ഷഗന്ധർവ്വന്മാരുമൊക്കെ ഇതെന്തെന്തെന്നിങ്ങിനെ സംഭ്രമിച്ചുപോയി! ക്രുദ്ധയായ ദാക്ഷായണി ഗംഗയുടെ പശ്ചിമതീരത്തു ശരീരം ഉപേക്ഷിച്ചു; അവിടം മല്ലകം (സൌനകം) എന്ന തീർത്ഥമത്രെ.

ഭാര്യയുടെ ദേഹത്യാഗം കേട്ടപ്പോൾ രുദ്രനു വല്ലാത്ത സങ്കടം ഉണ്ടായി. അവിടുന്നു ദക്ഷന്റെ യാഗം, ദേവകൾ കണ്ടുനിൽക്കെ ധ്വംസിപ്പാൻ വളരെ വളരെ പ്രമഥരേയും വിനായകരേയും ഭൂതപ്രേതപിശാചരേയും കല്പിച്ചയച്ചു. അവരെല്ലാവരുംകൂടി യാഗത്തിൽ വന്നെത്തി ദേവന്മാരെ തോല്പിച്ചു് യാഗം നശിപ്പിച്ചുകളഞ്ഞു. അപ്പോൾ ഉന്മേഷവും ഉത്സാഹവുംകെട്ട ദക്ഷൻ പിന്നാകിയായ ദേവദേവന്റെ അടുക്കൽ ചെന്നണഞ്ഞു:—

(പാന)

'അറിഞ്ഞീല ഹാ തിരുമേനിയെ!
വാനവർക്കീശനീശ്വരൻ ദേവ, നീ;

Digitized By Kerala Sahitya Akademi

നായകനീജഗത്തിനു നീ തന്നെ;
നാകികളൊക്കെ നിന്നാൽ ജിതരായി.
ഉൾക്കനിവെങ്കിൽ വേണം: ഗണങ്ങളെ-
യൊക്കെ നാഥ, തിരിച്ചു വിളിച്ചാലും!
ഘോരർ ഘോരപ്രഹാരതീവ്രപ്രാർഷദർ
ഛാശനാനാവിധവിഭ്രഷ്ണർ
ഖന്ത, നാനാവിധായുധ വക്ത്രോഷ്ണ-
ദന്തർ നാനാഹിബദ്ധജടാജൂടർ
കാലത്രുടകാമരഖിലസത്-
കാമേഷുശരാർദ്ദിതനിവാസ്ഥർ
യോഗശാലികം യോഗനാഥികം
നാഗഹാരവെൺപൂണൂനൽകിയവർ;
ലോലകേസരപ്രൗഢസടകളും
സ്ഥൂലദംഷ്ട്രയും പൂണ്ട കരാളരായ്
കൊമ്പനാനകവിരുത്തടം തുടു-
ച്ചിമ്പമുംകൊണ്ട കണ്ടീരവർ ചിലർ;
അന്യദാനമണമേൽക്കിലീറയും-
ച്ചിന്നമഭ്രാഭകുഞ്ജരങ്ങളം ചിലർ;
പ്രാസകുന്താസിശൂലധരർ ചിലർ
കേസരിവ്യാഘ്രവീരധീരാരവർ;
കല്പലക്ക വെൽമുംതടിക്കാർ ചിലർ;
വില്പുമമ്പും ഗദയുമേന്തിച്ചിലർ;
കത്തിരി കയർ വെണ്മഴുക്കാർ ചിലർ;
കത്തിടം കൊള്ളി കയ്യിലുള്ളോർ ചിലർ;
മുപ്പുയേറിടമീട്ടി, വഞ്ചം, വടി,-
യീവ്വിധാളിടിവാളുമായിച്ചിലർ.
ഇട്ടീരാധർഷർ പുഴം ഓഘൻ ഗ്രഹ-
മധ്യഗനാം രവിപോലെ ശോഭിച്ചു!
പിന്തിരിപ്പിക്കവേണമീ വീരരെ
നിന്തിരുവടി നീലകണ്ഠ പ്രഭോ!
പേടി പൂണ്ടൊരു മാനായി വാനിലേ-
യ്ക്കോടിയെങ്ങോ മറഞ്ഞു മഹാ യജ്ഞം!

(ശ്ലോകങ്ങൾ)

ഞൊഴം തേ ശംഖനിനാദേ, നന്ദ്യാദി ഗണയുക്തനേ,
വൃഷഭവാഹനനേ, സോമ, ശക്തിശൂലർഷ്ടിഹസ്തനേ!

Digitized By Kerala Sahitya Akademi

യശസ്സേ, തീവ്രതേജസ്സേ, തൊഴാം ദിക്ചമ്മവസ്സൂനേ,
അജേയനേ, ബ്രാഹ്മണനേ, ബ്രഹ്മമേ, ബ്രഹ്മരൂപനേ!
കൃത്തിവൽക്കലവാസസ്സേ, തൊഴാമന്ധകനാശന,
സദാശിവ, ക്രഥനനേ, രുദ്രനേ, പ്രതിവജ്രനേ!
തൊഴാം മഹേശ്വര, തൊഴാം ഗിരീശ്വര, സുരേശ്വര,
വിരൂപ, ധൂമ്രോഗ്ര, ഗദാധരനേ, ദിവ്യരൂപനേ!
തൊഴാം സുരാസുരാധീശ! യതീന്ദ്രാധീശ, കൈതൊഴാം
പുലിതൻതോലുടുത്തോനെ, ദേവദേവാധിദേവനേ!
വിരൂപാക്ഷ, സുരൂപാക്ഷ, സഹസ്രാക്ഷ, ത്രിലോചന,
തൊഴാമീശാനനേ, വാഗ്വിശ്ലേന്ദ്രവോനേ, വിശാലനേ!
തൊഴാം തേ സർവ്വസംഹാരിൻ, ദേവ, ദുഷ്പ്രാഹത, പ്രഭോ,
ഭക്തരിൽക്കനിവുള്ളോനേ, ശതതൃണ്ണീയവണ്ണ്യനേ!
വിരൂപാത്മൻ, സുരൂപാത്മൻ, രൂപസാഹസ്രയുക്തനേ,
പഞ്ചവക്ത്ര, ലസദ്വക്ത്ര, ചന്ദ്രവക്ത്ര, തൊഴാം തൊഴാം!
വരാഹ്നേ, വരദനേ, മൃഗക്രുമ്മസമേതനേ,
തൊഴാം കമണ്ഡലുധര, നീലാളകശിഖണ്ഡനേ!
വിശ്വനേ, വിശ്വനാമാവേ, വിശ്വനാഥ, തൊഴാം തൊഴാം!
ത്രിനേത്ര, ഞങ്ങളെക്കാത്തുകൊണ്ടാലും ത്രിപുരാന്തക!
നിങ്കൽ ശ്രീകരണംകൊണ്ടും പ്രപന്നൻ ഞാൻ മഹേശ്വര!'

ആപത്തിലകപ്പെട്ട ദക്ഷന്റെ ഈ ദിവ്യസ്തുതി മഹാദേവനെ പ്രസാദിപ്പിച്ചു. പ്രജേശ്വര, യാഗത്തിന്റെ പൂർണ്ണഫലം അങ്ങയ്ക്കു ഞാൻ തന്നിരിക്കുന്നു; അങ്ങയുടെ മഹായജ്ഞം നിറവേറുകയും അഭീഷ്ടങ്ങളൊക്കെ കൈവരികയും ചെയ്യും.' എന്നിങ്ങിനെ ഭഗവാൻ അരുളിച്ചെയ്തതിനാൽ ദക്ഷൻ ദേവേശ്വരനെ നമസ്കരിച്ചു വേഗത്തിൽ സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. പരമേശ്വരനോ, പത്നീദുഃഖത്തിന്നടിപ്പെട്ട്, 'എന്റെ ആ ഓമന എവിടെപ്പോയി' എന്നിങ്ങിനെ ചിന്തിച്ചുംകൊണ്ട് ഗംഗാദ്വാരത്തിരിക്കുകയായി. അങ്ങിനെയിരിക്കെ, നാരദൻ അവിടെ വന്നെത്തി.

നാരദൻ:—'ദേവേശ, പരേതയായ ഇവിടുത്തെ പ്രാണപ്രേയസി ഹിമവൽപുത്രിയായി മേനയിൽ അവതരിച്ചിരിക്കുന്നു; ദേവകാര്യം വേഗങ്ങാൾക്കും വേണ്ടി, ആ സതീദേവി മറൊരു ശരീരം കൈക്കൊണ്ടിരിക്കുന്നു.'

Digitized By Kerala Sahitya Akademi

ഇതുകേട്ടിട്ട് തന്തിരുവടി ദേവിയെ ധ്യാനദൃഷ്ടിയാൽ ദർശിച്ചു കൃതാർത്ഥനായി സ്ഥിതിചെയ്തു. ദേവിക്കു ഒരുവനമായപ്പോൾ, രണ്ടാമതു വേളിയും കഴിച്ചു.

ഭീഷ്മ, ഇങ്ങിനെയാണ് പണ്ട് യാഗം ധ്വംസിക്കപ്പെട്ടത്.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
ദക്ഷയാഗധ്വംസനം അഞ്ചാമദ്ധ്യായം.

അറുപത്തഞ്ചാമദ്ധ്യായം.

ഭീഷ്മൻ:—'ഗുരോ, ദേവന്മാരുടേയും അസുരന്മാരുടേയും ഗന്ധർവ്വ നാഗ രാക്ഷസരുടേയും ഉല്പത്തി വഴിപോലെ വിസ്തരിച്ചു പറഞ്ഞാലും.'

പുലസ്ത്യൻ:— പ്രാരബ്ധസദൃക്ഷനായ മുനിശ്രേഷ്ഠരൊക്കെ സങ്കല്പത്താലും ദർശനത്താലും സ്പർശനത്താലുമത്രേ സൃഷ്ടി നടത്തിയിരുന്നതു്. മൈഥുനംകൊണ്ടുള്ള സൃഷ്ടി തുടങ്ങിയതു ദക്ഷനാണു്; അതിന്റെ കാരണം കേട്ടുകൊൾക: ദക്ഷൻ ദേവർഷിഗണപന്നഗങ്ങളെ സൃഷ്ടിച്ചുപോന്നു; എന്നാൽ പ്രജകൾ വർദ്ധിയ്ക്കുകയുണ്ടായില്ല. അതിനാൽ അദ്ദേഹം അസിക്നിയിൽ വളരെ വളരെ പുത്രന്മാരെ ജനിപ്പിച്ചു. ആ ഹര്യശ്വന്മാരും പലതരം പ്രജകളെ സൃഷ്ടിപ്പാനൊരുങ്ങി; അപ്പോൾ നാരദൻ അവരോടഭിപ്രായപ്പെട്ടു:—'ജ്യേഷ്ഠശ്രേഷ്ഠന്മാരേ, മുകളിലും താഴത്തുമെല്ലാം ഭൂമിയുടെ വലിപ്പം നോക്കിയറിഞ്ഞിട്ടു വേണം, വിശേഷാൽ സൃഷ്ടി നടത്താൻ.' ഇതു കേട്ടിട്ടു ദക്ഷപുത്രന്മാർ നാലു ദിക്കിലേയ്ക്കും നടകൊണ്ടു; ഇന്നും, അവർ, കടലിൽനിന്നു പുഴകളെന്നപോലെ തിരിച്ചെത്തിയിട്ടില്ല!

ഹര്യശ്വരെ കാണാതായതിനാൽ, വീണ്ടും ദക്ഷപ്രജാപതി വീരിണിയിൽ ഓരായിരം പുത്രന്മാരെ ജനിപ്പിച്ചു. ആ ശബലാശ്വരെന്നു ബ്രാഹ്മണർ സൃഷ്ടിയെപ്പുകഴ്ത്തിയപ്പോൾ, അവരോടും നാരദൻ മുൻപറ്റിൽ അഭിപ്രായപ്പെട്ടു:—'എല്ലാടത്തും ഭൂമിയുടെ വലുപ്പം നോക്കുകയും ജ്യേഷ്ഠന്മാരെ കണ്ടെത്തുകയും ചെയ്തു തിരിച്ചുവന്നിട്ടുവേണം, നിങ്ങൾ വിശേഷാൽ സൃഷ്ടി നടത്തുവാൻ.' അവരും ജ്യേഷ്ഠന്മാരുടെ വഴിക്കേ നടകൊണ്ടു! അതുമുതലു്, ജ്യേഷ്ഠനെ തിരയുന്നതിന്നു് അനുജൻ പോയാൽ ദുഃഖമേ സംഭവിക്കാറുള്ളു; അതിനാൽ ആരു വർജ്ജിക്കണം.

Digitized By Kerala Sahitya Akademi

ശബലാശ്വരേയും കാണാതായപ്പോൾ, പ്രാചേതസനായ ദക്ഷ പ്രജാപതി വീരിണിയിൽ അറുപതു പെൺമക്കളെ ഉല്പാദിപ്പിച്ചു; അവരിൽ പത്തുപേരെ ധർമ്മനും, പതിമൂന്നുപേരെ കശ്യപനും, ഇരുപത്തേഴുപേരെ ചന്ദ്രനും, നാലുപേരെ അരിഷ്ടനേമിക്കും, രണ്ടുപേരെ ശുക്രനും, രണ്ടുപേരെ ധീമാനായ കൃശാശ്വനും, രണ്ടുപേരെ അംഗിരസ്സിനും വേളികഴിച്ചുകൊടുത്തു. ആ ദേവമാതാക്കളുടെ പേരുകളും, സന്താനങ്ങളും പിന്നിവരെയും കേട്ടുകൊള്ളുക: അരുന്ധതി, വസു, യാമി, ലമ്പ, ജാമി, മരുദ്വതി, സങ്കല്പ, മുഹൂർത്ത, സാധ്യ, വിശ്വ എന്നിവരാകുന്നു ധർമ്മന്റെ പത്നിമാർ; വിശ്വയിൽ വിശ്വദേവകളും, സാധ്യയിൽ സാധ്യരും, മരുത്വതിയിൽ മരുത്വാക്കളും, വസുവിൽ വസുക്കളും, ഭാനുവിൽ ഭാനുക്കളും, മുഹൂർത്തയിൽ മുഹൂർത്തകരും, ലമ്പയിൽ ഘോഷരും, യാമിയിൽ നാഗവീഥിയും, അരുന്ധതിയിൽ എല്ലാ പൃഥിവീവിശ്വയും, സങ്കല്പയിൽ സങ്കല്പവും ഉണ്ടായിവന്നു. സർവ്വഭിഗ്വ്യാപികളും ജ്യോതിഷ്മാന്മാരുമായ ദേവകളുടെ വസുക്കൾ; അവർ എട്ടുപേരുണ്ട്: ആപൻ, ധ്രുവൻ, സോമൻ, ധരൻ, അനിലൻ, അനലൻ, പ്രത്യൂഷൻ, പ്രഭാസൻ. ആപനു നാലു പുത്രന്മാർ: ശാന്തൻ, വൈതണ്ഡൻ, സാംബൻ, ബൃഹ്; ഇവർ യാഗരക്ഷാധികാരികളാകുന്നു. ധ്രുവന്റെ പുത്രൻ കാലൻ; സോമന്റെ പുത്രൻ വർച്ചസ്സ്; ധരന്റെ പുത്രന്മാർ ദ്രവിണനും ഹവ്യവാഹനനും; കല്പാന്തസ്ഥൻ, പ്രാണൻ, രമണൻ, ശിശിരൻ, മനോഹരൻ, ധവൻ, ശിവൻ, അവിജ്ഞാതഗതിയായ മനോജവൻ എന്നിവരത്രേ അനിലന്റെ പുത്രന്മാർ; അനലനു കുമാരൻ ശരസ്തംബത്തിൽ ജനിച്ചു; അവനെ കൃത്തികമാർ പോറ്റിയതിനാൽ കാർത്തികേയനെന്നു പേരായുന്നു; അവന്റെ വർഗ്ഗമാണ് നൈഗമേയർ. പ്രത്യൂഷന്റെ പുത്രന്മാർ മുനിയായ ദേവലനും; പ്രഭാസന്റെ മകൻ പ്രജാപതിയും ശില്പിയുമായ വിശ്വകർമ്മാവു്: പ്രാസാദം, ഭവനം, പൂങ്കാവു്, പ്രതിമ, ആഭരണം, ശ്രുചം, രഥാകം, രഥാട്ടം മുതലായവ നിർമ്മിക്കുകയാണ് ആ ദേവശില്പിക്കു ജോലി.

അജൈകപാത്തു്, അഹിർബുധ്ന്യൻ, വിരൂപാക്ഷൻ, രൈവതൻ, ഹരൻ, ബഹുരൂപൻ, ത്ര്യംബകൻ, സുരേശ്വരൻ, സാവിത്രൻ, ജയന്തൻ, അപരാജിതനായ പിനാകി എന്നിവരത്രേ ഗണത്തലവരായ പതിനൊന്നു രുദ്രന്മാർ. ത്രിശൂലധാരികളായ ഇവർക്കു് എണ്പത്തിനാലുകോടി പുത്രന്മാരുണ്ടു്; അവരുടെ പുത്രന്മാർക്കു സംഖ്യയില്ല. സുരഭീഗർഭത്തിൽ പിറന്ന രുദ്രപുത്രരായ ഗണത്തലവന്മാർ എല്ലാദിക്കുകളിലും രക്ഷ നടത്തിപ്പോരുന്നു.

Digitized By Kerala Sahitya Akademi

ഇനി, കശ്യപന്റെ പത്നിമാരിൽ പിറന്ന പുത്രിമാരേയും പൌത്രരേയും പറയാം: അദിതി, ദിതി, ദനു, അരിഷ്ട, സുരസ, സുരഭി, വിനത, താമ്ര, ക്രോധവശ, ഇര, കദ്രു, ഖസ, മുനി എന്നിവരാകുന്നു കശ്യപപത്നിമാർ. ചാക്ഷുഷമന്വന്തരത്തിൽ ശ്രേഷ്ഠദേവന്മാർ യാവചിലരൊ, അവർ വൈവസ്വതമന്വന്തരത്തിൽ ദ്വാദശാദിത്യന്മാരത്രെ: ഇന്ദ്രൻ, ധാതാവ്, ഭഗൻ, ത്വഷ്ടാവു, മിത്രൻ, വരുണൻ, അര്യ്യമാവ്, വിവസ്വാൻ, സവിതാവു്, പൂഷാവ്, അംശുമാൻ, വിഷ്ണു എന്നീ സഹസ്രകിരണന്മാരായ പന്തിരണ്ടാദിത്യന്മാർ അദിതിയിൽ മരീചകശ്യപനിൽനിന്നു ജനിച്ചു. കശ്യപമഹർഷിയുടെ ദേവപ്രഹരണൻ എന്ന പുത്രന്മാരുണ്ടായി; എല്ലാ മന്വന്തരങ്ങളിലും ദേവകളായ ഇവർ കല്പം തോറും ജനിക്കുകയും മരിക്കുകയും ചെയ്യുന്നു.

ദിതിക്കു കശ്യപനിൽനിന്നു ഹിരണ്യകശിപു എന്നും ഹിരണ്യാക്ഷനെന്നും രണ്ടു പുത്രന്മാരുണ്ടായി. ഹിരണ്യകശിപുവിനു നാലു പുത്രന്മാർ: പ്രഹ്ലാദൻ, അനുഹ്ലാദൻ, സംഹ്ലാദൻ, ഹ്ലാദൻ, പ്രഹ്ലാദനു് ആയുഷ്മാൻ, ശിബി, ബാഷ്കലി, വിരോചനൻ എന്ന രണ്ടു പുത്രന്മാരുണ്ടായി; വിരോചനന്റെ മകനാണു് മഹാബലി; മഹാബലിക്കു ബാണൻ മുതലായ നൂറു മക്കളുണ്ടായി: ധൃതരാഷ്ട്രൻ, സൂര്യൻ, വിവസ്വാൻ, അംശുമാവാൻ, നികുംഭൻ, ദുർഗ്ഗാക്ഷൻ, കുഹി (കുക്ഷി), ഭീമൻ, ഭീഷണൻ എന്നൊക്കെയാണു് അവരുടെ പേർ. ശ്രീപുരാണാധികാരമായ ബാണൻ സഹസ്രഭുജനാം സർവ്വായുധകുശലനുമായിരുന്നു; അയാളുടെ അരമനയിൽ, തപസ്സാൽ സന്തുഷ്ടനായിട്ടു ത്രിപുരാധിപൻ വാണരുളിയിരുന്നു. അയാൾ പിനാകിയുടെ മഹാകാളനെന്ന ഗണമായിത്തീർന്നു. ഹിരണ്യാക്ഷനു് ഉലൂകൻ, (അന്ധകൻ) ശകുനി, ഭൂതസന്താപനൻ, മഹാഭീമൻ എന്നീ പുത്രന്മാരുണ്ടായി; അവരുടെ പുത്രപൌത്രന്മാരായി പലവട്ടിവിൽ ഇരുപത്തേഴു (ഏഴുപത്തേഴു) കോടിപ്പേരുണ്ടായിരുന്നു. എല്ലാവരും ബലവാന്മാരും ഓജസ്വികളും ക്രൂരന്മാരുംതന്നെ.

ദനുവിനു കശ്യപനിൽനിന്നു വരപ്രാപ്തിരായ ഒരുനൂറു പുത്രന്മാർ ജനിച്ചു; വിപ്രചിത്തിയാണു് അവരിൽ മീതെ. ഷോഡശശിരസ്സു്, ശകുനി, ശംഖുഗ്രീവൻ, അയോമുഖൻ, ശംബരൻ, കപിലൻ, വാമനൻ, മരീചി, മാഗധൻ, ഹരി, ഗജശിരസ്സു്, നിരാധരൻ, കേതു, കേതുവീര്യൻ, ശതക്രതു, ഇന്ദ്രമിത്രപ്രഹർ, വജ്രനാഭൻ, ഏകചക്രൻ. മഹാബാഹു, വജ്രാക്ഷൻ, താരകൻ, അതിശലോമാവു്, പുലോമാവു്, വികുവാണൻ,

Digitized By Kerala Sahitya Akademi

സപ്താനു, വൃഷപർവ്വാവ്, എന്നിവരെ മനുപുത്രന്മാർ. സപ്താനുവിന്റെ പുത്രിയായി സുപ്രഭയും പുലോമാവിന്റെ ശചിയും, മനുവിന് ഉപദാനവി-മന്ദോദരി--കുഹു എന്നിവരും, വൃഷപർവാവിന്റെ സുന്ദരി ശർമ്മിഷ്ഠ-ചന്ദ്ര എന്നിവരും ഉളവായി. വികുർവാണപുത്രിമാരായ പുലോമയേയും കാലകയേയും മരീചി വേട്ടു; ആ മഹാസത്വമാരിൽ അറുപതിനായിരം മകളെണ്ടായി; പൌലോമരെന്നും കാലഖഞ്ജ (കേയ)രെന്നും പറയപ്പെട്ടിരുന്ന അവർ നാന്മുഖനോടു വരംവാങ്ങി ദേവകർക്കു അവധ്യരായി ഹിരണ്യപുരത്തിൽ നിവസിച്ചുപോന്നു; ഒടുവിൽ അവരെ അർജ്ജുനൻ സംഹരിച്ചു. വിപ്രചിത്തിയുടെ സിംഹികയിൽ എന്ന ഭാര്യയുടെ പുത്രൻ ഉള്ളവായി. ഹിരണ്യകശിപുവിന്റെ ഭാഗിനേയർ പതിമ്മൂന്നുപേരത്രെ: കാസൻ, ശാഖൻ, നാളൻ, വാതാപി, ഇല്വലൻ, നമുചി, വൈപ്രചിത്തൻ, അഞ്ജനൻ, നരകൻ, കാലനാഭൻ, പുലോമാവ്, ഇവരുടെ വംശം വർദ്ധിച്ചിരുന്ന കലകേയന്മാർ. സർവ്വരാക്ഷസന്മാരുടെ രാജാക്കന്മാർ, നിവാതകവചന്മാർ, ഗന്ധർവ്വാരാക്ഷസാദികളിലുമധികം കൊന്നുകൂട്ടാത്തവരായിരുന്നു; അവരെ അർജ്ജുനൻ കരുത്തുകാട്ടി പോർക്കളത്തിൽ വെച്ചു നിഗ്രഹിച്ചു.

താമ്രകശ്യപബീജംകൊണ്ട് ആറു പെൺമക്കളെ പ്രസവിച്ചു: ശുകി, ശ്യേനി, ഭാസി, ഗൃദ്ധ്രി, സുഗൃദ്ധ്രി, ശുചി. അവരിൽ ശുചി ശുഭകാരികളേയും, ശ്യേനി പരുന്തുകളേയും, ഭാസി കുരങ്ങളേയും, ഗൃദ്ധ്രി ഗൃദ്ധ്രങ്ങളെ (കഴുകുകളെ)യും, സുഗൃദ്ധ്രി പിറാവുകളേയും, ശുചി ഹംസസാരസകാരണ്ഡവപ്ലവങ്ങളേയും ഉല്പാദിപ്പിച്ചു. വിനതയ്ക്കു പക്ഷിശ്രേഷ്ഠനായ ഗരുഡനും, അരുണനും, ആകാശഞ്ചരിളങ്ങുന്ന സൌദാമിനി എന്നു പേരുള്ള മകളും ഉളവായി. സമ്പാതിയും ജടായുവുമാണ് അരുണന്റെ പുത്രന്മാർ. സമ്പാതിയുടെ പുത്രന്മാർ ബഭ്രുവും ശീഘ്രഗനും. ജടായുവിന്റെ പുത്രന്മാർ കർണ്ണികാരനും ശതഗാമിയും. അവരുടെ പുത്രപൌത്രരായി അസംഖ്യം പക്ഷികളുണ്ടായി.

സുരസയിൽ ഓരായിരം സർപ്പങ്ങൾ ഉണ്ടായി; കദ്രു ഓരായിരം സഹസ്രഫണന്മാരും മാരാവായി. അവരിൽ ഇരുപത്താറുപേരത്രെ തലവന്മാർ: ശേഷൻ, വാസുകി, കർക്കോടകൻ, ശംഖൻ, ഐരാവതൻ, കംബളൻ, ധനഞ്ജയൻ, മഹാനീലൻ, പദ്മൻ, മഹാപദ്മൻ, തക്ഷകൻ, എലാപത്രൻ, മഹാപദ്മൻ, ധൃതരാഷ്ട്രൻ, വലാഹകൻ, ശംഖപാലൻ, മഹാശംഖൻ, പുഷ്പദന്തൻ, സുഭാവനൻ, ശംഖരോമാവ്. നഹുഷൻ, ര(രാ)മണൻ, പാണിനി(നൻ), കപിലൻ, ദുർമ്മുഖൻ, പാതഞ്ജ

Digitized By Kerala Sahitya Akademi

ലിമുഖൻ; ഇവരുടെ പുത്രപൌത്രന്മാർക്കു സംഖ്യയില്ല. അവരിൽ മുക്കാലും പേർ ജനമേജയന്റെ യാഗത്തിൽ ദഹിപ്പിക്കപ്പെട്ടുപോയി.

ക്രോധവശയിൽ അതേ പേരുള്ള ദംഷ്ട്രാകരാളരായ രക്ഷസ്സുകൾ പിറന്നു; അവർ ലക്ഷംപേർ ഭീമസേനനാൽ വധിക്കപ്പെട്ടു.

രാജാവേ, സുരഭി എന്നാ ഉത്തമസ്ത്രീ കശ്യപനിൽ നിന്നു രുദ്രഗണങ്ങളേയും ഗോമഹിഷങ്ങളേയും ജനിപ്പിച്ചു. മുനി മുനിഗണത്തേയും അപ്സരസ്സുകളേയും ഉല്പാദിപ്പിച്ചു. അരിഷ്ട വളരെ ഗന്ധർവന്മാരെ പ്രസവിച്ചു. ഇര തൃണവൃക്ഷലതാഗുല്മങ്ങളെ പെറ്റു. ഖസ വളരെ വളരെ യക്ഷരക്ഷസ്സുകൾക്കു ജനയിത്രിയായി. ഇങ്ങിനെ കശ്യപന്നു നൂറുനൂറായിരം സന്താനങ്ങളുണ്ടായി. ഇതു സപ്തമാരോചിഷമന്വന്തരത്തിലെ സൃഷ്ടിയത്രേ.

ദിതി പിന്നെ കശ്യപനിൽ നിന്നു നാല്പത്തൊമ്പതു മരുത്തുക്കളെ ജനിപ്പിച്ചു; അവരെല്ലാം ധർമ്മജ്ഞരും ദേവപ്രിയന്മാരുമാകുന്നു.'

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരാദിസൃഷ്ടിവിസ്തരം ആറാമദ്ധ്യായം.

ഏഴാമദ്ധ്യായം

ഭീഷ്മൻ:—'ദിതിയുടെ പുത്രന്മാരായ മരുത്തുക്കൾ എങ്ങിനെ ദേവപ്രിയന്മാരായിത്തീർന്നു? ശത്രുക്കളായ അവർ ദേവകളോടു സഖ്യം നേടിയതെന്തുകൊണ്ടാണ്?'

പുലസ്ത്യൻ:—'പണ്ടു ദേവാസുരയുദ്ധത്തിൽ പുത്രപൌത്രന്മാർ വിഷ്ണുവിനാലും വിണ്ണവരാലും വധിക്കപ്പെട്ടതിനാൽ ശോകവിവശയായിത്തീർന്ന ദൈത്യമാതാവു ദിതി, ഭൂർല്ലോകത്തിലേയ്ക്കു പോന്നു, പുണ്യമായ സരസ്വതീതീരത്തു പുഷ്കരമഹാതീർത്ഥത്തിൽ, സൂര്യനെ ആരാധിപ്പാനായി കായ്കനി ഭക്ഷിച്ചുകൊണ്ടു കൃച്ഛ്രചാന്ദ്രായണാദികർമം അനുഷ്ഠിപ്പാൻ തുടങ്ങി. അങ്ങിനെ കഠിനതപം ചെയ്തുകൊണ്ട് ഒരു നൂറാണ്ടു കഴിഞ്ഞു; അവളെ ജരാദുഃഖങ്ങളും ബാധിച്ചു. ഒടുവിൽ അവർ വസിഷ്ഠാദികളോടാവശ്യപ്പെട്ടു:— 'പുത്രദുഃഖത്തെപ്പോക്കുന്നതും ഇഹപരങ്ങളിൽ സൌഭാഗ്യകരവുമായ ഒരു വ്രതം ഭവാന്മാർ എനിയ്ക്കുപദേശിച്ചുതരണം.' അവർ ജ്യേഷ്ഠപൂർണ്ണിമാവ്രതം പറഞ്ഞുകൊടുത്തു; അതിന്റെ മഹിമയാൽ അവർക്കു പുത്രദുഃഖം നീങ്ങുകയും ചെയ്തു.'

Digitized By Kerala Sahitya Akademi

ഭീഷ്മൻ:—'ബ്രഹ്മൻ, ജ്യേഷ്ഠപൂർണ്ണിമാവ്രതം എനിക്കു കേൾ ക്കേണമെന്നുണ്ടു്; അതറിഞ്ഞിട്ടാണെല്ലൊ, ദിതി വീണ്ടും നാല്പത്തൊമ്പതു പുത്രന്മാരെ നേടിയതു്.'

പുലസ്ത്യൻ:—'വസിഷ്ഠാദികം പണ്ടു ദിതിക്കു് സവിസ്തരം ഉപദേശിക്കുകയുണ്ടായതു ഞാൻ പറഞ്ഞുതരാം:

ജ്യേഷ്ഠമാസത്തിലെ വെളുത്ത വാവിൽ, വ്രതക്കാരൻ ഒരു നല്ല കുടത്തിൽ വെള്ളം നിറച്ചു, പലതരം കായ്കളോടും കരിമ്പിൻതണ്ടുകളോടുംകൂടി വെയ്ക്കുക. കുടം രണ്ടു വെള്ളവസ്ത്രം കൊണ്ടു പൊതിയണം; വെൺചന്ദനവും പൂശണം. കുടത്തിന്റെ മേൽ, പലതരം ഭക്ഷ്യങ്ങളോടും വെല്ലത്തോടും കൂടിയ ഒരു ചെമ്പു പാത്രം സ്വർണ്ണശക്തി സ്വർണ്ണവുമിട്ടു വെയ്ക്കണം. അതിന്റെ മുകളിൽ പൊന്നിൻതാമരപ്പൂവിലായി പഞ്ചസാരകൊണ്ടു തീർത്ത ബ്രഹ്മാവിനേയും, തൊട്ടുവശത്തു സാവിത്രിയേയും പ്രതിഷ്ഠിക്കണം. എന്നിട്ടു് അവർക്കു ഗന്ധപുഷ്പാദികൾ നൽകണം; ഗീതവാദ്യങ്ങളും വേണം. അല്ലെങ്കിൽ, പത്മത്തിൽ വെള്ളംകൊണ്ടു പിതാമഹപ്രതിമയുണ്ടാക്കിവെച്ചു, വെളുത്ത പുഷ്പാക്ഷതത്തിലങ്ങനെകൊണ്ടു പൂജിക്കണം: ബ്രഹ്മായ നമഃ എന്നു കാലുകളും, സൗഭാഗ്യദായിനേ നമഃ എന്നു കണംകാലുകളും, വിരിഞ്ചായ നമഃ എന്നു തുടകളും, മന്മഥായ നമഃ എന്നു് അരക്കെട്ടും, വൃകോദരായ നമഃ എന്നു വയറും, അനംഗായ നമഃ എന്നു മാറിടവും, പദ്മമുഖായ നമഃ എന്നു മുഖവും, പദ്മബാഹവേ നമഃ എന്നു കൈകളും, സർവ്വാത്മനേ നമഃ എന്നു ശിരസ്സും പൂജിക്കുക. പിന്നീടു പ്രഭാതത്തിൽ ആ കുടം ഒരു ബ്രാഹ്മണനു കൊടുക്കുകയും ബ്രാഹ്മണനെ ഭക്തിപൂർവ്വം ഊട്ടുകയും വേണം; താൻ ഉപ്പുകൂട്ടാതെ വേണം ഉണ്ണുക. എന്നിട്ടു ഭക്തിപൂർവ്വം ഈ മന്ത്രത്തെ ഉച്ചരിച്ചുകൊണ്ടു വലത്തുവെയ്ക്കണം:—

'എങ്കൽത്തോഷിക്ക ഭഗവാൻ സർവ്വലോകപിതാമഹൻ
സർവ്വലോകത്തിനും ഹൃത്തിലാനന്ദത്തെ വാഴ്വോൻ!'

ഇതിൻവണ്ണം മാസംതോറും പൌർണ്ണമാസി നോറു ബ്രഹ്മപ്രതിമയെ പൂജിക്കുക. ഒരു കായ ഭക്ഷിച്ചു, കിടക്ക നിവർത്തുവിരിച്ചു കിടക്കണം; പതിമ്മൂന്നാം മാസത്തിൽ ആ കിടക്ക എല്ലാ ഉപകരണങ്ങളോടും ഘൃതധേനുവിനോടുംകൂടി വിരിഞ്ചനായി നൽകണം.

സ്വർണ്ണംകൊണ്ടു ബ്രഹ്മാവിന്റേയും വെള്ളികൊണ്ടു സാവിത്രിയുടേയും പ്രതിമയുണ്ടാക്കി പൂജിച്ചു്, ഒരു ബ്രാഹ്മണനേയും പത്നിയേയും യഥാശക്തി വസ്ത്രാഭരണങ്ങളണിയിച്ചു്, 'എങ്കൽത്തോ

Digitized By Kerala Sahitya Akademi

ഷിക്ക' ഇത്യാദി മന്ത്രം ഉച്ചരിച്ചുകൊണ്ടു പയ്യിനേയും മറും അവകാശദാനം ചെയ്യുക; വെളുത്ത എള്ളു് ഹോമിക്കുക; ബ്രഹ്മനാമങ്ങൾ ജപിക്കുക; പശുവിൻനെയ്യു്, പാൽ, പായസം എന്നിവകൊണ്ടു പിശുക്കില്ലാതെ ബ്രാഹ്മണരെ ഊട്ടുക; കരിമ്പിൻതടിയും പൂമാലയും നൽകുക. ഈ വിധി പൌർണ്ണമാസിയിൽ അനുഷ്ഠിച്ചുപോന്നാൽ സ്ത്രീക്കും പുരുഷന്നും പാപങ്ങളെല്ലാമൊഴിഞ്ഞു ബ്രഹ്മസാരൂപ്യം സിദ്ധിക്കും; ഇഹലോകത്തിൽ ശ്രീയും സന്തതിയും ധർമ്മവും സൌഭാഗ്യവും ഉണ്ടായിവരും. ബ്രഹ്മാവുതന്നെയാണു്, അനന്താത്മാവായ വിഷ്ണുവും മഹേശ്വരനും; അതിനാൽ, സുഖം തേടുന്നവൻ പിതാമഹൻതിരുവടിയെ തനിക്കിഷ്ടമായ രൂപത്തിൽ ധ്യാനിച്ചുകൊള്ളണം.

ഇപ്പറഞ്ഞതിൻവണ്ണമെല്ലാം ദിതി അനുഷ്ഠിച്ചുപോന്നു. ആ വ്രതത്തിന്റെ മാഹാത്മ്യത്താൽ കശ്യപൻ പരമസന്തോഷത്തോടേ വന്നണഞ്ഞു, മെലിഞ്ഞിരുന്ന ദിതിയെ വീണ്ടും സൌന്ദര്യശാലിനിയാക്കി, വരം ചോദിച്ചുകൊൾവാൻ പറഞ്ഞു. അവൾ വരം ആവശ്യപ്പെട്ടു:—'ഇന്ദ്രനേയും മറെറല്ലാ ദേവകളേയും വധിപ്പാൻ ശ്രാണിയും വളരെ കരുത്തുമുള്ള ഒരു മഹാത്മാവായ മകൻ എനിക്കുണ്ടാകട്ടെ!' കശ്യപൻ കഥിച്ചു:—'ഭദ്രേ, ഇന്ദ്രനൊപ്പൊല്ലാൻ കരുത്തുള്ള മകനെ ഞാൻ തരാം. എന്നാൽ ഇതുകൂടി ചെയ്യണം: ആവത്സരംപെൻ പുത്രകാമേഷ്ടി നടത്തട്ടെ; അതിന്നശേഷം ഞാൻ നിന്നെ സ്പർശിച്ചു ഗർഭിണിയാക്കാം. ആ ഗർഭം ഇന്ദ്രനെ ഹിംസിക്കുന്നതുതന്നെയായിരിക്കും!'

ആവത്സരംപെൻ വളരെ പണച്ചെലവുള്ള പുത്രകാമേഷ്ടി നടത്തി: 'ഇന്ദ്രശത്രോ, ഭവസ്വ' എന്നിങ്ങിനെയാണു്, ഹവിസ്സു ഹോമിച്ചിരുന്നതു്. ദേവകൾ അന്ധാളിച്ചു മയങ്ങി; ദൈത്യ ദാനവന്മാരും പിൻവാങ്ങി.

പിന്നീടു കശ്യപൻ ദിതിയിൽ ഗർഭാധാനം ചെയ്തിട്ടു്, അവളോടു പറഞ്ഞു:—'വിശാലാക്ഷി, നിന്റെ മുഖം ചന്ദ്രനെപ്പോലെ ശോഭിക്കുന്നു; കുചങ്ങൾ ക്രുവളക്കായ്കളെ കുമ്പിടുവിക്കും; അധരം പവിഴത്തിനു ശരി; മെയ്നിറമോ, മിന്നിത്തിളങ്ങുന്നു. നിന്നെ കണ്ടിട്ടു ഞാൻ എന്നെക്കുടി മറന്നുപോകുന്നു! നിതംബിനി, നിങ്കൽ ഞാൻ എടുത്തു വിതച്ചിരിക്കുന്ന ഈ ഗർഭത്തെ നീ നന്നായി സംരക്ഷിച്ചുകൊള്ളണം. ഒരു നൂറാണ്ടു് ഈ തപോവനത്തിൽത്തന്നെ പാർക്ക. വരവർണ്ണിനി, ഗർഭിണി സന്ധ്യയ്ക്കു് ഉണ്ണൻകഴിക്കരുതു്; ഒരിക്കലും മരച്ചുവട്ടിൽ നിൽക്കരുതു്, നടക്കരുതു്; ഉരൽ, ഉലക്ക മുതലായവയിന്മേൽ ഇരിക്കരുതു്; വെ

Digitized By Kerala Sahitya Akademi

മുമ്പത്തിൽ ഇറങ്ങരുതു്; ആളില്ലാത്ത ഗൃഹത്തിൽ പോകരുതു്; മൺപാ
റിന്മേൽ നിൽക്കരുതു്; ഉദ്വേഗം ഉൾക്കൊള്ളരുതു്; നഖംകൊണ്ടു
നിലത്തും ഭസ്മംകൊണ്ടു ശൂന്യഗൃഹത്തിലും വരയ്ക്കരുതു്; ഏപ്പോഴും മ
ന്ദിച്ചിരിക്കരുതു്; ഏന്നാൽ വ്യായാമം ചെയ്കയുമരുതു്; ഉമി, കരിക്കട്ട,
ചാരം, അസ്ഥി, കപാലം (കലത്തിന്റെയും മറ്റും പൊളി) ഏന്നിവ
യിൽ ഇരിക്കരുതു്; അന്യരോടു കലഹിക്കരുതു്; ശരീരം വളയ്ക്കരുതു്;
തലമുടിയഴിച്ചിടരുതു്; ഒരിക്കലും അശുചിയായ്കരുതു്; വടക്കോട്ടും
പടിഞ്ഞാട്ടും തലവെച്ചു കിടക്കരുതു്; നഗ്നയാകരുതു്; കാൽ കഴുകി
യാൽ തോർത്താതിരിക്കരുതു്; ചീത്ത വാക്കു പറയരുതു്; ഏറെ ചിരി
ക്കരുതു്.

നാൾതോറും നല്ലതിൽ ശ്രദ്ധിക്കണം; ഗുരുജനത്തെ ആദരിക്ക
ണം; വേണ്ടുന്ന മരുന്നുകളിട്ടു തിളപ്പിച്ച വെള്ളംകൊണ്ടു വേണം കുളി
ക്കുക; രക്ഷകർമം ധരിക്കണം; സൽകഥകൾ ശ്രവിക്കണം; പ്രസന്നമു
ഖിയായും ഭർത്താവിനു ഹിതവും പ്രിയവും നോക്കിയും സ്ഥിതിചെയ്യ
ണം; ഏന്തുതന്നെയായാലും, ഭർത്താവിനെ നിന്ദിക്കരുതു്: 'ഞാൻ ചട
ച്ചിരിക്കുന്നു; ഏന്റെ അഴകു പൊയ്പോയി; മുല വീഴാറായി; മുഖത്തു
ചുളി വീണിരിക്കുന്നു! ഏന്നെ ഈ നിലയിലാക്കിയതു ഭവാനല്ലേ' ഏ
ന്നോ മറ്റോ ഒരിക്കലും പറഞ്ഞുപോകരുതു്. നിനക്കു നല്ലതുവരട്ടെ!
ഞാൻ പോകുന്നു.'

ഭാര്യ അതെല്ലാം സമ്മതിച്ചു. ഉടനേ കശ്യപൻ, ഏല്ലാവരും
കാണ്കെ അവിടെ നിന്നു മറഞ്ഞു. ദിതി ഭർത്താവു പറഞ്ഞുകൊടുത്ത
തിൻവണ്ണം അനുഷ്ഠിക്കുകയായി. അതിൽ പേടി പിടിച്ച ദേവേന്ദ്രൻ
സ്വർഗ്ഗംവിട്ടു ദിതിയുടെ അടുക്കൽ വന്നുചേർന്ന് അവളെ ശുശ്രൂഷിപ്പാൻ
തുടങ്ങി. വല്ല പഴുതും കിട്ടാനാണ്, ഉള്ളിൽ ഭയംപൂണ്ട പാകശാസ
നൻ പുറമെയ്ക്കു പ്രീതിയും നടിച്ചു ക്രൂടിയിരുന്നതു്. ഇതൊന്നും അറി
യാതെ ദിതി സപത്നീതം അനുചരിച്ചുപോന്നു. അങ്ങിനെ, മൂന്നാം
കുറയെ ഒരു നൂറാണ്ടു ചെന്നു. അവൾ സന്തോഷത്തോടെ ചാരിത്രാ
ത്ര്യം ഉൾക്കൊണ്ടു, പകൽനേരത്തു വല്ലാതെ ഉറക്കം വന്നതിനാൽ,
കാൽകഴുകാതെയും തലമുടി കെട്ടാതെയും പടിഞ്ഞാട്ടു തല വെച്ചു കിട
ന്നുപോയി. അതു ലാക്കിൽ ശചീവല്ലഭൻ ദിതിയുടെ ഉള്ളിൽക്കടന്നു, ഗർ
ഭത്തെ വജ്രംകൊണ്ടു് ഏഴായി നുറുക്കിക്കളഞ്ഞു; അതു കപടഭാവം സ്വ
യ്തേജസ്സികളായ ഏഴു കുമാരന്മാരായിത്തീർന്നു. കുട്ടികൾ കരഞ്ഞുതുട
ങ്ങിയപ്പോൾ, ധൈര്യശാലിയായ ദേവേന്ദ്രൻ അരുതെന്നു പറഞ്ഞു്,

Digitized By Kerala Sahitya Akademi

അവരെ വീണ്ടും ഉദരത്തിൽ വെച്ചുതന്നെ ഏഴേഴായി ഖണ്ഡിച്ചു. ഇങ്ങിനെ കുഞ്ഞുങ്ങടം നാല്പത്തൊമ്പതുപേരായി. അവരെല്ലാവരും ഉറക്കെ കരഞ്ഞപ്പോടം, വൃത്രാന്തകൻ മാ രുദ (കരയരുത്) എന്നിങ്ങിനെ പലവുരു തടുത്തുനോക്കി. ഒടുവിൽ, 'ഇതെന്തായിരിക്കാം? ഏതൊരു ധർമ്മത്തിന്റെ പ്രഭാവത്താലാണ് ഇവർ ചാകാത്തത്? ശരി: പൌണ്ണമാസീവ്രതത്തിന്റെ പുണ്യമാണിത്; ഇതു ബ്രഹ്മപൂജയുടെ ഫലംതന്നെയായിരിക്കും. വജ്രംകൊണ്ടു മുറിച്ചിട്ടും ചത്തില്ലെന്നല്ല, ഒന്നു നാല്പത്തൊമ്പതായി വർദ്ധിക്കയാണല്ലോ ചെയ്തത്! ഇവർ കൊല്ലാവുന്നവരല്ല; ദേവകളായി വാഴട്ടേ. മാ രുദ എന്നു പറയപ്പെട്ടതിനാൽ ഇവർക്കു മാരുതർ എന്നു പേർ കൊടുക്കാം' എന്നിങ്ങിനെ ചിന്തിച്ചുറച്ചു, ദേവേശ്വരൻ ദിതിയോടു മാപ്പപേക്ഷിച്ചു: 'അമ്മേ, നീതിശാസ്ത്രം അവലംബിച്ചു, ഇങ്ങനെ ഒരു ദുഷ്കർമ്മം ഞാൻ ചെയ്തുപോയി!' എന്നു ദിതിയെ പ്രസാദിപ്പിച്ചിട്ട് മഘോന്ദ്രൻ മരുത്തുക്കൾക്കു ദേവത്വം കൊടുത്തു, അവരേയും അമ്മയേയും ശ്രേഷ്ഠവിമാനത്തിൽക്കേറി സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു. മരുത്തുക്കൾക്കു യജ്ഞഭാഗവും കിട്ടത്തക്കപ്പെട്ടിട്ടുണ്ട്. അവർ അസുരന്മാരോടിണങ്ങിയില്ല; അതിനാൽ സുരന്മാക്കു പ്രിയപ്പെട്ടവരായി.

*.....

മനുവന്തരങ്ങടം, മനുക്കളുടെ ചരിതം, അവരുടെ സൃഷ്ടി, കല്പത്തിന്റെ പരിമാണം എന്നിവ മുമ്പുള്ളതിൽനിന്നു പറയാം; കൌരവനന്ദന, ശ്രദ്ധിച്ചു കേട്ടുകൊൾക: പണ്ടു സ്വായംഭുവമന്വന്തരത്തിൽ യാമ്യർ (മർ) എന്നാവരായിരുന്ന ദേവകൾ; സപ്തർഷിമാർ, മുൻപറയപ്പെട്ട മരീചി മുതൽപേർ തന്നെ; ആഗ്നീദ്ധ്രൻ, അഗ്നിബാഹു (വാഹൻ), വിഭു, സവനൻ, ജ്യോതിഷ്മാൻ, ദ്യുതിമാൻ, ഹ(ഭ)വ്യൻ, മേധസ്സ്, മേധാതിഥി, വസു എന്നീ പത്തുപേരത്രെ സ്വായംഭുവ മനുവിന്റെ വംശം വർദ്ധിപ്പിച്ചവർ (പുത്രന്മാർ). ഇവർ പ്രതിസർഗ്ഗം നടത്തി പരമപദമടഞ്ഞു.

സ്വാരോചിഷ മനുവിനു ദേവതേജസ്സികളായ നാലു പുത്രന്മാർ ഉണ്ടായി: നഭസ്സ്, നഭസ്യൻ, പ്രസൂതി, കീർത്തിവർദ്ധനനായ ഭാവനൻ ദത്തൻ, അത്രി, ച്യവനസ്തംബൻ, പ്രാണൻ, കശ്യപൻ, അവ്വാവു് (അച്ചൻ), ബൃഹസ്പതി എന്നിവരായിരുന്ന അന്ന സപ്തർഷിമാർ; തുഷിതരായിരുന്ന ദേവന്മാർ; ഹവീന്ദ്രൻ, സുകൃതൻ, മൂർത്തി, ആപൻ,

* ഇവിടെ പതിനേഴ്ശ്ലോകം വിട്ടു; ഓരോ വർഷത്തിനും ഇന്ന ആൾ നാഥൻ എന്നതാണ് വിഷയം. ഈ ഭൂമിഖണ്ഡം ഉത്തരം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ടല്ലോ.

Digitized By Kerala Sahitya Akademi

ജ്യോതീരഥൻ എന്നീ അഞ്ചു വസിഷ്ഠപുത്രന്മാരായിരുന്ന പ്രജാപതികൾ.

പിന്നൊരുത്തൻ ഔത്തമമനുപന്ത്രണ്ടാം. ഈ മനുവിനു് ഈഷൻ, ഊർജ്ജൻ, തനൂജൻ, ശുചി, ശുക്രൻ, മധു, മാധവൻ, നഭസ്യൻ, നഭസ്യൻ, സഹൻ എന്നിങ്ങിനെ കീർത്തിപ്രഭാവന്മാരും ശ്രേഷ്ഠന്മാരുമായ പത്തു പുത്രന്മാർ പിറന്നു; ഭാവുകങ്ങളും ഊർജ്ജസ്വരുമായിരുന്ന ആനന്ദ ദേവന്മാർ; കൌകികിഭിണ്ഡി (കൌകുരുണ്ഡി), കുരുണ്ഡൻ (കുരുണ്ടി), ദാർഢ്യൻ, ശംഖൻ, പ്രവാഹിനൻ, മിശ്രൻ (മിശ്രി), സമ്മിശ്രൻ (സമ്മിശ്രി) എന്നീ യോഗവർദ്ധനരത്രേ സപ്തർഷിമാർ.

നാലാമത്തത് രാമനുമന്വന്തരം: അന്നത്തെ സപ്തർഷികൾ, കവിയും പൃഥുവും അഗ്നിയും കപിയും അകപിയും ജന്യനും ധാമാവുമാകുന്നു; ദേവകൾ സാധ്യന്മാർ; അകനിഷ്ഠൻ, തപോധനപ്രവീ, തപോമൂലൻ, തപോധനൻ, തപോരാശി, തപസ്വി, സുതപസ്വി, പരന്തപൻ, തപോഭാഗി, തപോയോഗി എന്നീ പത്തു ധർമ്മിഷ്ഠരത്രേ രാമനുടെ വംശം വളർത്തപുത്രന്മാർ.

അഞ്ചാമത്തതായ ഔപധരമന്വന്തരത്തിൽ വലവാഭനാം (ദേവബാഹു) സുബാഹുവും പർജ്ജന്യനും സോമപനും മുനിയും ഹിരണ്യരോമാവും സപ്തർഷിസ്ഥാനമായിരുന്ന സപ്തർഷിമാർ; ത്രിതരജസ്സുകളും പ്രകൃതികളും ദേവന്മാർ; ഔപധനു ധർമ്മപീഠിബലശാലികളായ പത്തു പുത്രന്മാർ പിറന്നു: വരുണൻ, തത്ത്വദർശി, ചിത്തിമാൻ, ഹവ്യവൻ, കവി, മുക്തൻ, നിരുത്സുകൻ, സത്യൻ, വിമോഹൻ, പ്രകാശകൻ

ഭദ്ര, സുധാമാവു്, വിരജൻ, വിഷ്ണു (സഹിഷ്ണു), നാരദൻ, വിവസ്വാൻ, അഭിമാനി (പ്രതി) എന്നിവരത്രേ ഛാക്ഷുഷമന്വന്തരത്തിൽ സപ്തർഷിമാർ; ലേഖർ, പരിപ്രുതർ, പ്രസ്രുതർ, പൃഥഗ്ഭ്രുതർ, വാരിമൂലർ എന്നീ അഞ്ചു ക്രൂരരായിരുന്ന ദേവന്മാർ; തന്ത്രു തുടങ്ങി പത്തു പേർ ഛാക്ഷുഷന്റെ പുത്രന്മാർ.

ഇപ്പോൾ, വൈവസ്വതമാകുന്ന ഏഴാമത്തെ മന്വന്തരത്തിൽ, അത്രിയും വസിഷ്ഠനും കശ്യപനും ഗൌതമനും യോഗിയായ ഭരദ്വാജനും പ്രശസ്തവാൻ വിശ്വാമിത്രനും ജമദഗ്നിയും സപ്തർഷിമാർ; അവർ ധർമ്മവ്യവസ്ഥ ചെയ്യുന്ന പരമപദം പ്രാപിക്കും.

വരാൻപോകുന്ന സൂര്യസാവർണ്ണിമന്വന്തരത്തിൽ, അശ്വത്ഥാമാവും ഋശ്യശൃംഗനും കൌശികനും ഗാലവനും ശതാനന്ദനും കാശ്യപ

Digitized By Kerala Sahitya Akademi

നം രാമനാമായിരിക്കും സപ്തർഷിമാർ; ധൃതി, വരീയാൻ, യവസു, സുവർണ്ണൻ, ധൃതി (ധൃഷ്ടി), ചരിഷ്ണു, അത്രി, സുമതി, വസു, ശുക്രൻ എന്നു പത്തു പുത്രന്മാർ ആ മന്വന്തരത്തിണ്ടാകും.

രൌച്യം മുതലായി വേറേയും മനുപന്തരങ്ങളുണ്ട്: രുചിപ്രജാപതിയുടെ പുത്രൻ രൌച്യനും, ഭൂതിയുടെ പുത്രൻ ഭൌത്യനും, മേരുസാവർണ്ണിയും, ഋക്ഷസാവർണ്ണിയും, ധൃതിയും, വിഷ്വക്സേനനും മനുവായി വരും. കഴിഞ്ഞവരും വരാൻപോകുന്നവരുമായ മനുക്കളെ ഞാൻ അങ്ങയോടു പറഞ്ഞു. അനേകായിരം സംവത്സരങ്ങളുടേതു ഇവരിൽ ഓരോരുത്തന്റേയും ജീവകാലം. അവരവരുടെ ഊഴത്തിൽ അവർ ചരാചരത്തെയെല്ലാം ഉല്പാദിപ്പിച്ചു; കല്പാന്തത്തിൽ ബ്രഹ്മാവിനോടൊപ്പം മുക്തിയടയുന്നു; ബ്രഹ്മാവുമതുപോലെല്ലാവരും യുഗാവസാനത്തോടും മുക്തിപ്പെട്ടു വിഷ്ണുവിനോടു ചേരുന്നു.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, മന്വന്തരകഥനം ഏഴാമദ്ധ്യായം.

എട്ടാമദ്ധ്യായം.

ഭീഷ്മൻ:—'പണ്ടു വളരെ രാജാക്കന്മാർ ഭൂമിയെ അനുഭവിച്ചതായി കേൾവിയുണ്ടു; അവരെ പൃഥിവീസംബന്ധത്താൽ പാർത്ഥിവരെന്നു പറയുന്നു. എന്നാൽ ഭൂമിക്കു പൃഥിവി എന്നു പേർ വന്നതു് അതുടെ സംബന്ധത്താലാണ്? ഗോവു് എന്നും ഭൂമിക്കു പേരുണ്ടല്ലോ; അതെങ്ങിനെ വന്നു?'

പുലസ്ത്യൻ:—'* ..... ധർമ്മത്താൽ പൃഥുവിന്നു മകളാകയാലും അതു മഹാരാജാവിങ്കൽ പ്രേമവതിയാകയാലും ഭൂമിയെ പൃഥിവിയെന്നു് അഭിജ്ഞന്മാർ പുകഴ്ത്തുന്നു.'

ഭീഷ്മൻ:—'ബ്രഹ്മൻ, സൂര്യവംശവും സോമവംശവും മുറയ്ക്കു പറഞ്ഞുതന്നാൽ കൊള്ളാം.'

പുലസ്ത്യൻ:—'മനു കശ്യപന്നു് അദിതിയിൽ ജനിച്ച പുത്രനായ സൂര്യനു മുന്നു പത്നിമാരുണ്ടു്; അവരിൽ രൈവതപുത്രിയായ രാ

---

* ഇവിടെ വിട്ടതു് പൃഥുചരിതമാണു്. പൃഥു ഗോരൂപിണിയായ ഭൂമിയെ കറന്നതും മറ്റും ഭൂമിഖണ്ഡം രണ്ടാം അദ്ധ്യായത്തിൽ വിസ്തരിക്കപ്പെട്ടിട്ടുണ്ടല്ലോ.

Digitized By Kerala Sahitya Akademi

ജ്ഞി രൈവതനെന്നാ മകനേയും, പ്രഭ പ്രഭാതനേയും, വിശ്വകർമ്മാവിന്റെ മകൾ സംജ്ഞ മനുവിനേയും പ്രസവിച്ചു; യമൻ യമുന എന്നിവരും സംജ്ഞയിൽ ഇരട്ടപെറുളവായി.

പിന്നീട് ഭാമിനിയായ വിശ്വകർമ്മകുമാരി സൂര്യന്റെ ചൂട് പൊറുക്കായ്കയാൽ തന്റെ ദേഹത്തിൽ നിന്ന് ഒരു സ്ത്രീയെ തത്സദൃശരൂപത്തിൽ നിർമ്മിച്ചു; അവർക്ക് ഛായ എന്ന പേരുമിട്ടു. അവർ മുമ്പിൽ നിന്ന്, 'ഞാൻ എന്തു ചെയ്യേണ്ടു?' എന്നു ചോദിച്ചു.

സംജ്ഞ:—'ഛായേ, നീ എന്റെ ഭർത്താവിന്റെ അടുക്കൽ വസിക്കുക; സുമുഖി, എന്റെ കുഞ്ഞുങ്ങളെ മാതൃസ്നേഹത്തോടുകൂടി നോക്കണേ.'

'അങ്ങിനെതന്നെ' എന്നും പറഞ്ഞു് ആ സുവ്രത സൂര്യന്റെ അടുക്കലായ്ക പോയി. അവൾ സംജ്ഞതന്നെയാണെന്നു കരുതി ചേതിരവൻ അവളുമായി രമിച്ചുപോന്നു. അവർക്കു മനുവിനെപ്പോലെ ഒരു മകൻ പിറന്നു: വൈവസ്വതമനുവിനു സവർണ്ണ (തുല്യ)നാകയാൽ അവനു സാവർണ്ണൻ (സാവർണ്ണി) എന്ന പേർ നൽകി. പിന്നെ ശനി, തപതി, വിഷ്ടി എന്നു മൂന്നു മക്കൾകൂടി ഛായയ്ക്കു ഭാസ്കരങ്കൽനിന്നുളവായി. അവർക്കു സ്വന്തം പ്രകൃതിയെപ്പോലെ വളരെ ശ്രദ്ധ. വൈവസ്വതൻ അതു ക്ഷമിച്ചുപോന്നു; യമനാകട്ടെ, ക്രോധംകാൽ മതിമറന്ന്, അവളെ വലംകാൽ പൊക്കി ചവിട്ടാൻ തുടങ്ങി. അപ്പോൾ മാതാ യമനെ ശപിച്ചു:—'നിന്റെ ഈ കാൽ പഴുത്തു പുഴുത്തു ചോരയും ചലവും മാംസമാറാകട്ടെ!' ശാപമേറ്റ യമൻ അച്ഛനോടറിയിച്ചു:—'അച്ഛൻ, അമ്മ വെറുതെ ദോഷത്തിട്ട് എന്നെ ശപിച്ചുകളഞ്ഞു: ഞാൻ കുട്ടിയാകയാൽ കാലൊന്നോങ്ങിപ്പോയി; അതിന് എന്നെ, മനം തടുത്തിട്ടും കയർത്തു ശപിച്ചുകളഞ്ഞു! ഇതു ഞങ്ങളുടെ അമ്മയാണെന്നതോന്നുന്നില്ല; സ്നേഹത്തിനു വ്യത്യാസം കാണുന്നുണ്ട്.' ആദിത്യൻ യമനെ ആശ്വസിപ്പിച്ചു:—'ധീമൻ, ഞാൻ എന്തുചെയ്യേണ്ടു? സൌഖ്യത്തിൽ നിന്ന് അവൾ ദുഃഖം സംഭവിക്കുകയില്ല? അഥവാ, കമ്മം ശിവന്നും തടുത്തുകൂടാവുന്നതല്ല; മറുള്ളവർക്കു, പിന്നെ പറയാനുണ്ടോ? ഉണ്ണി, നിന്റെ കാലിലെ ചോര ചലങ്ങളേയും പുഴുക്കളേയും ഈ കോഴി കൊത്തിത്തിന്ന വെടുപ്പു വരുത്തിക്കൊള്ളും.'

മഹാ യശസ്സായ യമൻ വൈരാഗ്യം പൂണ്ടു്, പുഷ്കരതീർത്ഥത്തിൽ പോയി, ബ്രഹ്മാവിനെ പ്രസാദിപ്പിപ്പാൻ തീവ്രതപസ്സു തുടങ്ങി: കായും നരയും കാറുമായിരുന്ന ഭക്ഷണം. അങ്ങിനെ ഒരു നൂറാണ്ടു

Digitized By Kerala Sahitya Akademi

ചെന്നപ്പോൾ, തപോമഹിമയാൽ പത്മജൻതിരുവടിക്കു മനംതെളിഞ്ഞു. യമൻ പിതാമഹനിൽനിന്നു ദിക്പാലപദവും അക്ഷയമായ പിതൃലോകവും ലോകത്തിലെ നന്മതിന്മകൾക്കു നോക്കലും വരമായി വാങ്ങി. ഇങ്ങിനെ അദ്ദേഹം വിധാതൃവരത്താൽ ദിക്പാലനും പിതൃക്കളുടേയും ധർമ്മാധർമ്മങ്ങളുടേയും അധിപതിയുമായിച്ചമഞ്ഞു.

സൂര്യൻ സംജ്ഞയുടെ കള്ളപ്പണി അറിഞ്ഞിട്ട് അരിശത്തോടെ വിശ്വകർമ്മാവിനോടു ചെന്നു പറഞ്ഞു. അദ്ദേഹം ആദിത്യനെ അനുനയിപ്പിച്ചു:—'ഇരുട്ടകറ്റുന്ന ഭഗവാനേ, അവൾ ഇവിടത്തെ കൊടുംതേജസ്സു പൊറുക്കായ്കയാൽ ഒരു പെൺകുതിരയുടെ രൂപം പൂണ്ടു ഇവ്വിടെ വന്നെത്തി. എന്നാൽ, അങ്ങയെ പേടിച്ച് അവളെ ഞാൻ ഗൃഹത്തിൽ കേറ്റീല. 'നീ ഭർത്താവിനെ അറിയിക്കാതെയാണല്ലൊ ഇങ്ങോട്ടു പോന്നത്; അതിനാൽ നിനക്ക് എന്റെ ഗൃഹത്തിൽ കടന്നുകൂടാ' എന്നു ഞാൻ പറകയാൽ അവൾ ആ രൂപത്തിൽത്തന്നെ ഭൂമിയിൽ മരുദ്ദേശത്തെയ്ക്കു പോവുകയാണു ചെയ്തത്. തുടർന്നു, സ്വാമിൻ, ദിവാകര, ഇവിടുന്നു പ്രസാദിച്ചാലും: എന്നെ അനുഗ്രഹിക്കാമെങ്കിൽ, ഞാൻ ഇവിടത്തെ ചുടുതേജസ്സു കുറെ കുറയ്ക്കാം; ഇവിടത്തെ ശരീരം യന്ത്രത്തിൽ വെച്ചു കടഞ്ഞു ലോകത്തിന് ആനന്ദകരമാക്കിത്തീർക്കാം.' സൂര്യൻ അതു സമ്മതിച്ചു. വിശ്വകർമ്മാവു് അദ്ദേഹത്തെ കടഞ്ഞുതുടങ്ങി. അതിൽ ഉതിർന്നവീണ തേജസ്സുകൊണ്ടത്രെ വിഷ്ണുവിനു ചക്രവും ശിവനു ത്രിശൂലവും മറ്റുള്ളവരെ സംഹരിക്കുന്ന ദേവേന്ദ്രന്നു് അത്യുജ്ജ്വലമായ വജ്രവും നിർമ്മിച്ചുതു്. സൂര്യന്റെ മഹത്തായ രൂപം, കാലുകളൊഴിയെ മുഴുവനും, വിശ്വകർമ്മാവിനാൽ അതിമനോഹരമാക്കപ്പെട്ടു; കാലുകൾ നോക്കാൻതന്നെ അദ്ദേഹം ശക്തനായില്ല. അതിനാൽ ഇന്നും സൂര്യവിഗ്രഹത്തിനു് അതുകാലുണ്ടാക്കിപ്പോകുന്നു: ഉണ്ടാക്കിയാൽ അതു പാപി ഒഴുക്കിയിടയും; ഇഹത്തിൽ കുഷ്ഠരോഗത്താലും മറ്റും കഷ്ടപ്പെടുകയും ചെയ്യും. ധർമ്മവും കാമവും തേടുന്നവൻ ചിത്രത്തിലാകട്ടെ പ്രതിമയിലാകട്ടെ ധീമാനായ ദിവാകരന്നു് ഒരിക്കലും പാദങ്ങൾ ഉണ്ടാക്കിച്ചുകൂടാ.

പിന്നീടു്, ദേവേശ്വരനായ ഭഗവാൻ സൂര്യൻ ദ്യുലോകത്തിലേയ്ക്കിറങ്ങി, ഒരു വമ്പിച്ച കുതിരയുടെ വടിവെടുത്തു സംജ്ഞയുടെ അടുക്കലെത്തി മുൻവശത്തുതന്നെ നിന്നു രതിക്കൊരുങ്ങി. അവൾ കാമാർത്തയായിരുന്നുവെങ്കിലും, പരപുരുഷശങ്കയാൽ പേടിച്ചരണ്ടു സൂര്യരേതസ്സിനെ നാസാഭാരങ്ങളാൽ ചീറ്റിയകറ്റി. അപ്പോൾ അശ്വിനീ

Digitized By Kerala Sahitya Akademi

ദേവന്മാർ ഉണ്ടായിവന്ന എന്നാണ് കേൾവി. നാസികാഗ്രത്തിൽ നിന്ന ജനിച്ചവരാകയാൽ അവരെ നാസത്യരെന്ന പറയുന്ന. ഒടുവിൽ അത്ര സൂര്യൻതന്നെ എന്നറിഞ്ഞപ്പോൾ സംജ്ഞയ്ക്കുണ്ടായ സന്തോഷം കുറച്ചല്ല. അവൾ ഭർത്താവോടൊന്നിച്ചു വിമാനത്തിലേറി വിണ്ണിലേയ്ക്കു തിരിച്ചു.

സാവർണ്ണമനു ഇന്നും മഹാമേരുവിങ്കൽ തപസ്സുചെയ്യുകയാണ്. ശനി തപോബലത്താൽ ഗ്രഹമായിത്തീർന്ന. യമുനയും തപതിയും ഓരോ നദിയായിച്ചമഞ്ഞു. ഗ്രഹാരയായ വിഷ്ടിയാകട്ടെ, ഒരു സമയ വിശേഷമായി സ്ഥിതിചെയ്യുന്ന.

വൈവസ്വത മനുവിന്ന മഹാബലനായ പത്തു പുത്രന്മാരുണ്ടായി: ഇളൻ, ഇക്ഷ്വാകു, കുശനാഭൻ, അരിഷ്ടൻ, ധൃഷ്ടൻ, നരിഷ്യന്തൻ, കരൂഷൻ, ശര്യാതി, പൃഷധ്രൻ, നാഭാഗൻ. ഇവരെല്ലാം ദിവ്യമനുഷ്യരത്രേ. മൂത്തമകനെ—ധാർമ്മികനായ ഇളനെ—രാജാവാക്കി വാഴിച്ചിട്ട് മനു വീണ്ടും തപസ്സിനായി പുഷ്കരതപോവനത്തിലേയ്ക്കു പോയി. അദ്ദേഹത്തിനു വരംകൊടുപ്പാൻ ബ്രഹ്മാവ് വസിഷ്ഠനുള്ളിവന്ന്. 'ഭവാനു മംഗളം! വേണ്ടുന്ന വരം ചോദിച്ചുകൊൾക' എന്നരുളിച്ചെയ്തു. 'സ്വാമിൻ, പരമസംഭവേ, ഇവിടുത്തെ പ്രസാദത്താൽ എന്റെ പുത്രന്മാർ പത്തുപേരും ധർമ്മിഷ്ഠരും ഭൂമിക്കൊക്കെ രാജാക്കന്മാരും നാടന്മാരുമായിത്തീരട്ടെ' എന്നു മനുവസിഷ്ഠൻ പിതാമഹനോടപേക്ഷിച്ചു. അങ്ങിനെതന്നെ എന്നാം പറഞ്ഞു ദേവേശൻ മറഞ്ഞു. മനുവോ, മുൻപേതന്നെപ്പോലെ വാണു.

ഇളൻ ജൈത്രയാത്ര പുറപ്പെട്ടു ഭൂമിയിലും ദ്വീപുകളിലുമെല്ലാം സഞ്ചരിച്ചു രാജാക്കന്മാരെ കീഴടക്കുകയായി. അന്ന് അത്ര പ്രതാപവാനെ കുതിര വിരണ്ടോടി ശരവണമെന്ന ശിവോപവനത്തിലെത്തിച്ചു. കല്പലതാവൃതമായ ആ മഹാവനത്തിൽ ചന്ദ്രാർദ്ധശേഖരൻതിരുവടി പാർവ്വതിയോടൊന്നിച്ചു വിഹരിക്കാറുണ്ട്. അവിടെ ഒരു തീരുമാനം പാർവ്വതി പണ്ടേ ചെയ്തുവെച്ചിരുന്ന. 'നമ്മുടെ വനത്തിൽ, പത്തു യോജന പുറപ്പെടുവിൽ, ഏതെങ്കിലും ഒരു പുരുഷപ്രാണി വന്നാൽ സ്ത്രീയായിപ്പോകും' എന്ന്. ഇതു രാജാവറിഞ്ഞിരുന്നില്ല. ശരവണത്തിൽ ചെന്ന ഉടനേ അദ്ദേഹം ഒരു സ്ത്രീയായിച്ചമഞ്ഞു! കുതിര പെൺകുതിരയുമായി! അഹോ, ആണത്തമെല്ലാം വിട്ട് ഇളൻ പെണ്ണായി എന്നോ പറയേണ്ടു!

Digitized By Kerala Sahitya Akademi

(കിളിപ്പാട്ട്—അന്നനട)

ഇളനിളയെന്നൊരബലയായ്ത്തീന്നാൻ:
വളർന്നയന്നൽത്തടമുലകളും,
വിതതമാംശ്രോണിജംഘനവും പൊയ്ത്താ-
രിതഠംപോലെ നീണ്ടു വിരിഞ്ഞ കൺകളും,
പുരുണ്ടിരുണ്ടകാർകുബരിയും, കൊഴു-
ത്തുരുണ്ടു നീണ്ടുള്ള ഭുജലതകളും,
കനകചില്ലികളും, കനകവർണ്ണവും,
തനുരോമരാജിനഖാങ്കുരങ്ങളും,
മുഴുമതിമുഖവദനവുമിട-
രെഴും മൃദു വാക്കും, ഗജഹംസപ്പോക്കും
വിലസിന നവ തരുണിയാളവർ,
'ഉലകത്തിലാരെൻ പിതാവുമമ്മയും?
സഹജനാരേ?തു കുലത്തിലുള്ളാർ?കൂ
ഗ്രഹണിയായെന്നൊക്കൊടുത്തു?'—വെന്നെല്ലാം
നിനവാൻക്കൊട്ടിൽ നടക്കെ,ക്കണ്ടെത്തീ
മനമിളകുമാറ്റുമുഖിയെ ബുധൻ:
കമണ്ഡലുഗ്രന്ഥധരൻ മറച്ചോൽവോൻ
കനകകുണ്ഡലനനലഭാസ്സുവൻ
പരമസുന്ദരൻ ശശിസുതൻകയ്യി-
ലൊരുപാരക്കോലും മുളവടിയുമായ്,
സമിൽകുശസുമഫലങ്ങളെ വടു-
സമേതനായ് പുറികുകയായിരുന്നു:

വരാംഗിയെ വശത്തണയ്ക്കുവാൻവേണ്ടി,
സ്മരാർത്തനായ് മരം മറഞ്ഞു നിന്നവൻ
വിളിച്ചുപെട്ടെന്നാങ്ങവർകൂ സംഭ്രമം
വളർത്തിയോതിനാൻ ശകാരിക്കുംമട്ടിൽ:—
'ഹവനശ്രുശ്രൂഷ വെടിഞ്ഞുമാമക-
ഭവനത്തിങ്കൽനിന്നൊവിടേയ്ക്കു പോയ് നീ?
നിനക്കു ജോലിക്കു സമയം വൈകുന്നു;
ഘനശ്രോണി, വരികിതെവ്വു സംഭ്രമം?
സമയമന്തിയായ,ടിച്ചുവാരി നീ
സുമങ്ങളാലലങ്കരിക്കുകൻഗൃഹം.'
അവർ ചൊന്നാർ:—'മുനേ, മറന്ന ഞാനെല്ലാം:
ഭവാനാരാണാ?ഞൻപതി? ഞാനേതവർ?'

Digitized By Kerala Sahitya Akademi

യുവാവൂരെ ചെയ്താൻ:—'ഇളസുഗാത്രിനീ;
ഇവൻനിൻ കാമുകൻ ബുദ്ധവിത്രൻ ബുധൻ;
മഹസ്വിവംശത്തിൽജനിതനാണു ഞാൻ;
മഹാദിജവൃന്ദപ്പെരുമാളെന്നച്ഛൻ!'
ഇതുകേട്ടംപുപുക്കാളിള മണിസ്തംഭ-
വൃതംദിവ്യം മായാകൃതം ബുധാലയം;
'അഹോ നടപ്പു,ഹോ വടിവു,ഹോ ധന,മഹോ കുല-
മഹോമണാളന്റെറയഴകിതെന്റെറയും!'
ഇതികൃതാത്ഥതയൊടാസ്സുവ്ഭോഗ്യാ-
നിതഗൃഹത്തിൽ, വിണ്ടലത്തിലാം വിധം
വളരെനാളവർ മണാളനോടൊത്തു
വിളയാടിക്കൊട്ടിൽ വിഹരിച്ചുവാണാർ.

അങ്ങിനെയിരിക്കെ, ഇളരാജാവിന്റെറ അനുജന്മാർ, ഇക്ഷ്വാകു പ്രമുഖരായ മനുപുത്രന്മാർ, ജ്യേഷ്ഠനെ അന്വേഷിച്ചുനടന്ന് ശരവണത്തിനാടുത്തെത്തി. അവിടെ ഒരു മികച്ച പെൺകുതിര നിന്നിരുന്നു. മണിക്കോപ്പുകളണിഞ്ഞു വിളങ്ങുന്ന അതിനെ അവർ അടയാളംകൊണ്ടറിഞ്ഞു് അത്ഭുതപ്പെട്ടു. 'ഇതു് അദ്ദേഹത്തിന്റെറ ചന്ദ്രപ്രഭമെന്ന കുതിരയാണല്ലൊ! പെണ്ണായിപ്പോയതെന്തുകൊണ്ടായിരിക്കാം?' പിന്നെ അവർ പുരോഹിതനായ മൈത്രാവരുണിയോടു ചോദിച്ചു:—'യോഗിശ്രേഷ്ഠ, ഇതെന്തൊരാശ്ചര്യമാണു്? പറഞ്ഞാലും.' വസിഷ്ഠൻ സകലവും ധ്യാനചക്ഷുസ്സുകൊണ്ടു കണ്ടറിഞ്ഞുരിയാടി:—ശരവണത്തിൽ വല്ല പുരുഷനും കടന്നാൽ സ്ത്രീയായിപ്പോകുമെന്നു്, പാവ്തി പണ്ടേ വ്യവസ്ഥവെച്ചിട്ടുണ്ടു്. അതിനാൽ ഈ കുതിരയും രാജാവിനോടൊന്നിച്ചു പെണ്ണായിപ്പോയി. കുബേരതുല്യനായ ഇളനു പുരുഷത്വം കിട്ടാൻ ശിവനെ വേണ്ടുംവണ്ണം ആരാധിക്കണം.' ഉടനെ മനുപുത്രന്മാർ മഹേശ്വരസന്നിധിയിൽച്ചെന്നു്, പാവ്തീപരമേശ്വരന്മാരെ പലതരം സ്തോത്രങ്ങൾകൊണ്ടു സ്തുതിച്ചു. അനന്തരം അവർ അരുളിച്ചെയ്തു:—'ഇക്ഷ്വാകു ഒരശ്വമേധം കഴിച്ചു് അതിന്റെറ ഫലം ഞങ്ങൾക്കു തന്നാൽ, വീരനായ ഇളൻ കിംപുരുഷനായിത്തീരും.' അതിൻവണ്ണം വൈവസ്വതാത്മജന്മാർ തിരിയേ പോന്നു് അശ്വമേധം കഴിച്ചു. തൽമൂലം ഇള കിംപുരുഷനായിത്തീർന്നു—ഒരുമാസം പുരുഷൻ, ഒരു മാസം സ്ത്രീ എന്ന നിലയിലായി.

ബുധന്റെറ ഭവനത്തിൽവെച്ചു് ഇളൻ ഗർഭംധരിച്ചു്, വളരെ ദിവസങ്ങളിൽ ഒരുണ്ണിയെ പ്രസവിച്ചിട്ടുണ്ടായിരുന്നു. പുത്രജനനാനന്തരം

Digitized By Kerala Sahitya Akademi

ബുധൻ സപ്തർഷിലോകത്തിലേയ്ക്കു ഗമിച്ചു. ഇളയുടെ പേരിനാൽ ആ വർഷം ഇളാവൃതമായി. ഇളാപുത്രൻ പുരൂരവസ്സ് ചന്ദ്രവംശത്തിനും ഇക്ഷ്വാകു സൂര്യവംശത്തിനും വർദ്ധിപ്പിച്ചു. കിംപുരുഷപത്നിൽ ഇളസ്സ് സുദ്യുമ്നനെന്നും പേരുണ്ടായിരുന്നു. സുദ്യുമ്നന് ഉൽകലൻ, ഗയൻ, ഹരിതാശ്വൻ എന്നിങ്ങിനെ അപരാജിതരായ മൂന്നു പുത്രന്മാർ ക്രമേണ ഉണ്ടായി. ഉൽകലനെ ഉൾക്കലയിലും, ഗയനെ ഗയയിലും, ഹരിതാശ്വനെ കിഴക്കേ കുരുരാജ്യത്തും, പുരൂരവസ്സിനെ പ്രതിഷ്ഠാനത്തിലും വാഴിച്ചിട്ടു സുദ്യുമ്നൻ ഇളാവൃതവർഷത്തിൽ പോയി ദിവ്യഫലങ്ങളും അനുഭവിച്ചു വാണു. പിന്നെയുള്ളവരിൽ ശ്രേഷ്ഠനായ ഇക്ഷ്വാകു മദ്ധ്യദേശം വാണു. നരിഷ്യന്തനു ശുകൻ എന്നൊരു മഹാബലനായ മകനുണ്ടായി. നാഭാഗനിൽ നിന്ന് അംബരീഷൻ ജനിച്ചു. ധൃഷ്ടനു ധൃഷ്ടകേതു, ക്ഷത്രനാഥൻ, രണധൃഷ്ടൻ എന്നു മൂന്നുണ്ണികൾ പിറന്നു; ശര്യാതിക്ക് ആനർത്തനും സുകന്യയും. ആനർത്തനു രോചമാനൻ എന്നൊരു പ്രതാപവാനായ സുതൻ ജനിച്ചു; ആദ്ദേഹം ആനർത്തരാജ്യം ഭരിച്ചു കുശസ്ഥലീപുരിയിലാണ് വാണിരുന്നത്. രോചമാനന്റെ മകൻ രേവൻ. രേവനു കകുദ്മി എന്നൊരുടി പേരുള്ള രേവതൻ ഉണ്ടായി നൂറു പുത്രന്മാരും രേവതി എന്നൊരു പുത്രിയും ഉള്ളവനായി. അവൾ ബലരാമന്റെ ഭാര്യയത്രേ. കൃഷ്ണനു വളരെ പുത്രന്മാരുണ്ടായി; അവരെ കാർഷ്ണരെന്നു പറയുന്നു. പുരുഷോത്തമൻ ഗോവർദ്ധനമുലം ഗുരുശാപമേറ്റു ശൂദ്രനായിപ്പോയി. ഇക്ഷ്വാകുവിനു വികുക്ഷി, നിമി, ദണ്ഡൻ മുതലായി ഒരുനൂറു പുത്രന്മാരുണ്ടായി. തൽപുത്രന്മാർ അനുജൻ മഹാമേരുവിനു വടക്കു രാജ്യം ഭരിച്ചു; വികുക്ഷിയുടെ നൂറിരുപതിനാലു പുത്രന്മാർ മഹാമേരുവിനു തെക്കും രാജാക്കന്മാരായി വാണു. അവരിൽ ജ്യേഷ്ഠന്റെ മകൻ കകുൽസ്ഥൻ; അവരുടെ മകൻ സുധന്വാധനൻ; തൽപുത്രൻ പൃഥു; പൃഥുപുത്രൻ വിശ്വഗന്ധി; തൽസുതൻ ആർദ്രൻ; ആർദ്രതനയൻ യുവനാശ്വൻ; യുവനാശ്വപുത്രന്മാർ ശതജസ്പിയായ ശ്രാവസ്തനും വത്സകനും; ഗൗഡദേശത്തു ശ്രാവസ്തിനഗരം നിർമ്മിച്ച ശ്രാവസ്തന്റെ മകൻ ബൃഹദശ്വൻ; തത്സുതൻ, കുവലാശ്വൻ, ധുന്ധുവിനെ കൊന്നതിനാൽ ധുന്ധുമാരൻ എന്ന പ്രസിദ്ധനായി. ധുന്ധുമാരപുത്രന്മാർ, ദൃഢാശ്വനും കപിലാശ്വനും ഭദ്രാശ്വനിയും പ്രതാപശാലിയായ കപിലാശ്വനും. ദൃഢാശ്വസുതൻ പ്രമോദൻ; തൽപുത്രൻ ഹര്യശ്വൻ; ഹര്യശ്വപുത്രൻ നികുംഭൻ; തത്സുതൻ സംഹതാശ്വൻ; സംഹതാശ്വപുത്രന്മാർ അകൃതാശ്വനും രണാശ്വനും; രണാശ്വതനയൻ യുവനാശ്വൻ; യുവനാശ്വനു മാന്ധാതാവു; മാന്ധാതാവിനു

Digitized By Kerala Sahitya Akademi

പൃശുകൃത്സനാം ധാർമ്മകേതുവും ഇന്ദ്രസുഹൃത്തായ പ്രതാപവാൻ മുചുകുന്ദനും; പുശുകൃത്സന്റെ പുത്രൻ നർമ്മദാനാഥനായ സംഭ്രുതൻ; തൽപുത്രൻ സംഭ്രുതി; തൽപുത്രൻ ശ്രീധനപാവു്; ശ്രീധനപനന്ദനൻ ത്രൈയാരുണൻ; തസ്യസുതൻ സത്യവ്രതൻ; സത്യവ്രതനു സത്യരഥൻ; സത്യരഥനു ഹരിശ്ചന്ദ്രൻ; ഹരിശ്ചന്ദ്രനു രോഹിതൻ; രോഹിതനു വൃകൻ; വൃകനു ബാഹുവു; ബാഹുവിനു പരമധാർമ്മികനായ സഗരരാജാവു്.

സഗരനു പ്രഭ, ഭാനുമതി എന്നു രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവർ പുത്രലബ്ധികരവേണ്ടി ഔർവ്വമുനിയെ ആരാധിച്ചു. ഔർവൻ മനം തെളിഞ്ഞു് അവർക്കു യഥേഷ്ടം വരം കൊടുത്തു:—'ഒരുവാർക്കു് അറുപതിനായിരം മക്കളും, മറ്റവർക്കു് വംശകരനായ ഒരു മകനും ഉണ്ടായിവരും.' പ്രഭ വളരെ പുത്രന്മാരേയും ഭാനുമതി ഒരു പുത്രനേയും വരിച്ചു. അതിൻപ്രകാരം യഥാപുത്രിയായ പ്രഭ അറുപതിനായിരം പേരേയും ഭാനുമതി അസമഞ്ജസ്സിനേയും പ്രസവിച്ചു. പ്രഭാപുത്രന്മാർ ഭൂമികുഴിച്ചു കരിയെ തിരയുമ്പോൾ വിഷ്ണുവിനാൽ ദഹിപ്പിക്കപ്പെട്ടുപോയി. അസമഞ്ജസ്സിനു് അംശുമാൻ എന്നൊരു മകനുണ്ടായി; തസ്യസുതൻ ദിലീപൻ; ദിലീപസുതൻ, തപസ്സുചെയ്തു ഗാഗയെ ഭൂമിയിൽ കൊണ്ടുവന്ന ഭഗീരഥൻ; ഭഗീരഥനു മകൻ നാഭാഗൻ; നാഭാഗനു് അംബരീഷൻ; അംബരീഷനു സിന്ധു (സിംഹ) ദ്വീപൻ; സിന്ധുദ്വീപനു് അയുതായുസ്സു്; അയുതായുസ്സിനു് ഋതുവർണ്ണൻ; അദ്ദേഹത്തിനു കല്മാഷപാദൻ; അദ്ദേഹത്തിനു സർവ്വകർമ്മാവു്; അദ്ദേഹത്തിനു് അരണ്യൻ; അദ്ദേഹത്തിനു നിഘ്നൻ; നിഘ്നനു് അനമിത്രനും രഘുവും. അനമിത്രനുപൻ അരി (കാമാരി) നാശത്തിന്നായി വരം പ്രാപിച്ചു. രഘുവിനു ദിലീപൻ എന്നൊരുണ്ണി പിറന്നു; ദിലീപനു അജൻ; അജനു ദീർഘബാഹു; അദ്ദേഹത്തിനു പ്രജാപാലൻ; പ്രജാപലനു ദശരഥൻ; ദശരഥനു വിഷ്ണുപാംശങ്ങളായ നാലു പുത്രന്മാരുണ്ടായി; അവരിൽ ജ്യേഷ്ഠനാണു്, രാവണാന്തകനും, രഘുവംശ വർദ്ധനനുമായ രാമൻ. അദ്ദേഹത്തിന്റെ ചരിതം ഭാഗ്യവശ്രേഷ്ഠനായ വാല്മീകി നിർമ്മിച്ചിട്ടുണ്ടു്. രാമനു് ഇക്ഷ്വാകുകുലം വാഴ്ത്തുന്ന കുശനും ലവനുമാകുന്ന രണ്ടു പുത്രന്മാരുണ്ടായി. കുശന്റെ മകൻ അതിഥി; അതിഥിയുടെ മകൻ നിഷധൻ; നിഷധപുത്രൻ നളൻ; നള പുത്രൻ നഭസ്സു്; നഭസ്സിനു പുണ്ഡരീകൻ; പുണ്ഡരീകനു ക്ഷേമധനാവു്; അദ്ദേഹത്തിനു വീരനും പ്രതാപിയുമായ ദേവാനീകൻ; തൽപുത്രൻ അഹീനഗു; തൽപുത്രൻ സഹസ്രാശ്വൻ; തൽപുത്രൻ ചന്ദ്രാവലോകൻ; തൽപുത്രൻ താരാപീഡൻ; തൽപുത്രൻ ചന്ദ്രഗിരി;

Digitized By Kerala Sahitya Akademi

തൽപുത്രൻ ചന്ദ്രൻ; ചന്ദ്രപുത്രൻ ശ്രുതായുസ്സ്; അദ്ദേഹം ഭാരത യുദ്ധത്തിൽ വധിക്കപ്പെട്ടു. ഇരുവംശത്തിലേയും നളന്മാർ—നിഷധ പുത്രനും വൈരസേനിയും—ഒരുപോലെ സുപ്രസിദ്ധരാകുന്നു.

ഇവരൊക്കെയാണു്, ഇക്ഷ്വാകുവംശത്തിലെ ഭൂരിദക്ഷിണരായ പ്രധാനരാജാക്കന്മാർ.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
സൂര്യവംശരാജകീർത്തനം എട്ടാമദ്ധ്യായം.

ഒൻപതാമദ്ധ്യായം

ഭീഷ്മൻ:—'ഭഗവൻ, പിതൃക്കൾ, ശ്രാദ്ധദേവൻ, ചന്ദ്രൻ എന്നിവരുടെ വംശവും എനിക്കു കേൾക്കേണമെന്നുണ്ടു്.

പുലസ്ത്യൻ:—'കൊള്ളാം; പിതൃക്കളുടെ വംശം ആദിമുതൽക്കേ പറയാം: സ്വർഗ്ഗത്തിൽ ഏഴുതരം പിതൃക്കളുണ്ടു്; ഒരുപോലെ ഓജസ്സോടിയ അതിൽ മൂന്നുകൂട്ടക്കാർ അശരീരരും, നാലുകൂട്ടക്കാർ സശരീരരുമാകുന്നു. അശരീരപിതൃക്കൾ വിരാട് പുത്രരാകയാൽ വൈരാജരെന്നു പറയപ്പെടുന്നു. യോഗഭ്രംശം വന്നവർപോലും ദേവപൂജിതരായ അവരെ പൂജിച്ചാൽ നിത്യലോകങ്ങൾ പുകും; വീണ്ടും കല്പാരംഭത്തിൽ ബ്രാഹ്മണരായി ജനിച്ചു്, മുൻ സ്മരണമൂലം പിന്നെയും സാംഖ്യയോഗം ശീലിച്ചു്, പുനരാവൃത്തിയില്ലാത്ത സിദ്ധിയും നേടും. അതിനാൽ യോഗികളെവേണം ശ്രാദ്ധക്കാർ ഊട്ടുക.

ഈ പിതൃക്കളുടെ മാനസ കന്യകയായ മേന ഹിമവാന്റെ പത്നിയായി. ഹിമവാന്റെ മകൻ മൈനാകം; മൈനാകപുത്രൻ, ക്രൌഞ്ചഭേദനചിന്നു് ആ പേർ വന്നതിയ ക്രൌഞ്ചം. മേനയ്ക്കു് ഉമ, ഏകപർണ്ണ, അപർണ്ണ എന്നും മൂന്നു പെൺമക്കളുണ്ടായി. കൊടുംതപസ്സനുഷ്ഠിച്ച ആ യോഗിനിമാരിൽ ഉമയെ ശിവനും ഏകപർണ്ണയെ ഭൂസ്പർശിനനും അപർണ്ണയെ ജൈഗീഷവ്യനും ഹിമവാൻ കൈപിടിച്ചുകൊടുത്തു.

പിതൃക്കളുടെ ലോകസൃഷ്ടി കേട്ടുകൊൾകം: യജ്വാക്കളുടെ സ്ഥാനമായ സോമപഥ ലോകങ്ങളിൽ വസിക്കുന്നവരും മരീചിപുത്രന്മാരും ദേവപൂജിതരുമായ അഗ്നിഷ്വാത്തർ എന്ന പിതൃക്കൾക്കു് അ

Digitized By Kerala Sahitya Akademi

ട്ടോരാട എന്നൊരു മാനസ കന്യകയുണ്ടായി. പിന്നീടു നദിയായിച്ച മഞ്ഞ ആചാരം അപ്സ്രോദമെന്ന പിതൃസരസ്സിൽ ഓരായിരം ദിവ്യവത്സരം തപസ്സുചെയ്തു. പിതൃക്കൾ പ്രസാദിച്ചു വന്നെത്തി, 'എന്തുവരം തരേണ്ടു' എന്നവരോടു ചോദിച്ചു: അവരെല്ലാവരും ദിവ്യരൂപരും ദിവ്യമാല്യാംബരധരും പ്രധാനരും പ്രണവജ്ഞരും കാമതുല്യന്മാരുമായിരുന്നു. അവരിൽ അമാവസു എന്ന പിതാവിനെ കണ്ടിട്ട് അപ്സ്രോദയ്ക്കു കാമം മുഴുത്തു. അദ്ദേഹത്തോടു സംഗമമാണ് ആ സ്ത്രീ വരമായി ചോദിച്ചത്! ആ വ്യഭിചാരം മൂലമാണ് അവൾ യോഗഭ്രഷ്ടയായി ഭൂമിയിലേയ്ക്കു പതിച്ചത്; ഭൂമിയെ സ്പർശിച്ചിരുന്നില്ല. അമാവസുവിന്റെ ചിത്തവൃത്തി ധൈര്യംമൂലം അവളിൽ ചെയ്യുകയുണ്ടായില്ല; അതു് അമാവാസ്യ എന്ന പേരിൽ പിതൃക്കൾക്കു പ്രിയപ്പെട്ടതും, പിതൃക്കൾക്കു നൽകുന്നതിനെ അക്ഷയമാക്കുന്നതുമായിത്തീർന്നു. തപോനാശത്താൽ ദുഃഖിച്ചും ലജ്ജിച്ചും അധോമുഖിയായ അപ്സ്രോദ വീണ്ടും ആത്മശ്രേയസ്സിന്നായി പിതാക്കളോടപേക്ഷിച്ചു. അവർ ഭാവിയും ദേവകാര്യവും ആലോചിച്ചു്, ആ മഹാഭാഗയായ തപസ്വിനിയോടു കനിഞ്ഞരുളിച്ചെയ്തു:—'വരവർണ്ണിനി, ദ്യോവിങ്കൽ ദിവ്യശരീരംകൊണ്ടു വസുകർമ്മവും ചെയ്യുവാൻ അതിന്റെ ഫലം ആ ശരീരംകൊണ്ടുതന്നെ അനുഭവിക്കേണ്ടിവരും: ദേവപദത്തിൽ കർമ്മങ്ങൾക്കുടനടിയത്രേ ഫലം; മനുഷ്യപദത്തിൽ മരണാനന്തരമേ ഉള്ളു. അതിനാൽ നിനക്കീ സുകൃതത്തിന്റെ ഫലം മരിച്ചേ കിട്ടു. നീ ഇരുപത്തെട്ടാം ദ്വാപരത്തിൽ മത്സ്യയോനിയിൽ ജനിക്കും: പിതൃവ്യതിക്രമംമൂലം നിനക്കു കഷ്ടജനനമാ വേണ്ടിയിരിക്കുന്നു. അതിനാൽ നീ തീവ്വയായും വസുരാജാവിന്റെ മകളായി മത്സ്യയോനിയിൽ ജനിക്കും. എന്നാൽ വീണ്ടും നിനക്കു ദുർല്ലഭമായ ദിവ്യലോകം വൃകാം. നീ കന്യകയായിരിക്കെ, പരാശരന്റെ വീര്യത്താൽ, ഔദരീപ്രായമായ ദ്വീപിൽവെച്ചു, ബാദരായണനെന്ന ഒരു മകനെ പ്രസവിക്കും. ആ നിന്റെ മകൻ ഏകമായ വേദത്തെ പലതായി പകുക്കും. പൂരുവംശത്തിലെ സമുദ്രാംശമായ ശന്തനുരാജാവിങ്കൽ നിന്നു, വിചിത്രവീര്യൻ ചിത്രാംഗദൻ എന്ന രണ്ടു പുത്രന്മാർക്കുണ്ടായിവരും. അതിനു ശേഷം നീ വീണ്ടും പിതൃലോകത്തിൽ അപ്സ്രകയായിത്തീരും. മനുഷ്യലോകത്തിൽ സത്യവതി എന്നായിരിക്കും നിനക്കു പേർ; പിതൃലോകത്തിൽ നീ സദാ ആയുരാരോഗ്യങ്ങളും സമ്പത്തുക്കളും നൽകുന്ന അപ്സ്രകയായിരിക്കും. പുണ്യസലിലമായ അപ്സ്രോദ എന്ന മഹാനദിയായിട്ടും നീ മനുഷ്യലോകത്തിൽ വർത്തിക്കും.' ഇപ്രകാരം പറഞ്ഞു പിതൃക്കൾ സപരിവാരം

Digitized By Kerala Sahitya Akademi

മറഞ്ഞു. അപ്പോഴയ്ക്കു ഞാൻ മുമ്പു പറഞ്ഞ കർമ്മഫലം അനുഭവപ്പെട്ടു.

ദ്യോവിങ്കൽ വേറെ വിഭ്രാട്ടകം എന്ന തേജസ്സേറിയ ലോകങ്ങളിൽ ബർഹിഷത്തുകൾ എന്ന പിതൃക്കൾ വാണരുളുന്നു: അവിടവിടങ്ങളിൽ മയൂരവിമാനങ്ങളും ഇഷ്ടഫലം നൽകുന്ന കല്പകവൃക്ഷങ്ങളും ധാരാളമുണ്ട്; അവിടങ്ങളിലെ സമൃദ്ധശാലകളിലത്രേ, ശ്രാദ്ധമൂട്ടിയവർ സുഖിക്കുന്നത്. ദൈത്യദാനവന്മാരും ഗന്ധർവ്വരും അപ്സരസ്സുകളും യക്ഷരക്ഷസ്സുകളും ബർഹിഷത്തുക്കളെ പൂജിച്ചുപോരുന്നു. ആ മഹാത്മാക്കളൊക്കെ അത്രിയുടെ പുത്രന്മാരും തപോയോഗബലമുള്ളവരും ഭക്തന്മാർക്ക് അഭയം നൽകുന്നവരുമാകുന്നു. അവരുടെ മാനസകന്യകയായ പീവരി എന്നവർ യോഗിനിയും യോഗമാതാവുമത്രേ. അതിഘോരമായ തപസ്സു ചെയ്തതിനാൽ അവളിൽ ഭഗവാൻ പ്രസാദിച്ചു വരംകൊടുപ്പാനൊരുങ്ങി. 'ദേവ, നിന്തിരുവടി പ്രസാദിച്ചു എങ്കിൽ, എനിക്കു യോഗിയും ജിതേന്ദ്രിയനും സുന്ദരനുമായ ഭർത്താവിനെ തന്നാലും' എന്നാണ് അവർ വരംചോദിച്ചത്. ഭഗവാൻ അരുളിച്ചെയ്തു:—'സുവ്രതേ, നീ വ്യാസപുത്രനായ ശുകനെന്ന യോഗാചാര്യന്റെ ഭാര്യയായിപ്പിറക്കും. നിനക്കു കൃപി എന്നൊരു യോഗിനിയായ കന്യക പിറക്കും; അവളെ നീ പാഞ്ചാലരാജാവായ സാതപനു കൊടുക്കണം; അവർക്കു ബ്രഹ്മദത്തൻ എന്നൊരുണ്ണിയുണ്ടാകും. കൃഷ്ണൻ, ഗൌരപ്രഭൻ, ശംഭു എന്ന മൂന്നു പുത്രന്മാരും നിനക്കുണ്ടായിവരും.'

ബർഹിഷത്തുക്കളെ പൂജിച്ചാൽ പാപികളും സർവ്വകാമസമൃദ്ധങ്ങളായ വിമാനങ്ങളിൽ വാഴും; പിന്നെ ഭക്തിയോടെ ശ്രാദ്ധം കഴിക്കുന്ന ബ്രാഹ്മണരുടെ കഥ പറയാനുണ്ടോ? ഈ പിതൃക്കളുടെ ഗോവ് എന്ന മാനസകന്യക സാധ്യന്മാർക്കു കീർത്തി വളർത്തുന്ന പ്രിയപത്നിയായി ദ്യോവിങ്കൽ ശോഭിയ്ക്കുന്നു.

സൂര്യലോകത്തിൽ മരീചിഗർഭങ്ങൾ എന്ന ലോകങ്ങളിൽ അംഗിരസ്സിൻപുത്രന്മാരായ ഹവിഷ്മാന്മാർ എന്ന പിതൃക്കൾ നിവസിക്കുന്നു: അവിടെയത്രേ, നീത്ശ്രാദ്ധം കഴിക്കുന്ന ക്ഷത്രിയശ്രേഷ്ഠർ ചെന്നുചേരുന്നത്. ആ പിതൃക്കളാണ് ക്ഷത്രിയർക്കു സപത്നവും മോക്ഷവും നൽകുന്നവർ. അവരുടെ മാനസകന്യകയായ യശോദ എന്ന യശസ്വിനി അംശുമാന്റെ ഭാര്യയും പഞ്ചജനന്റെ സ്നുഷയും ദിലീപന്റെ അമ്മയും ഭഗീരഥന്റെ പിതാമഹിയുമാകുന്നു.

Digitized By Kerala Sahitya Akademi

കർത്തമപ്രജാപതിയുടെ ലോകത്തിൽ, കാമഫലം നൽകുന്ന സുസ്വധങ്ങളെന്ന ലോകങ്ങളിൽ, പുലസ്ത്യപുത്രന്മാരായ അഗ്ന്യാപർ എന്ന പിതൃക്കൾ സ്ഥിതിചെയ്യുന്നു. വൈശ്യന്മാർ ഉപാസിച്ചുപോരുന്ന അവക്കായി ശ്രാദ്ധമൂട്ടിയവർ ആ ലോകങ്ങളിൽ ചെന്നൊത്തി, അസംഖ്യം മുൻജന്മങ്ങളിലേ അച്ഛൻ– അമ്മ– ശ്വശ്രൂ– സോദരൻ– മുതലായ ബന്ധുക്കളേയും സുഹൃത്തുക്കളേയും ഒന്നിച്ചുകാണും! ഈ പിതൃക്കളുടെ മാനസകന്യകയായ വിരജ എന്നവൾ നഹുഷന്റെ പത്നിയായി, യയാതിയെ പ്രസവിച്ചു; പിന്നീട് ബ്രഹ്മലോകം പുക്ക് അംഷ്ടികയായി വാഴുന്നു.

ബ്രഹ്മലോകത്തിന്നും മീതേ സുമാനസങ്ങളെന്ന ലോകങ്ങളിൽ, സനാതനരായ സോമപരെന്ന പിതൃക്കൾ വാഴുന്നു. അവർ ബ്രാഹ്മണപൂജ്യരത്രേ. ആ ധർമ്മരുപന്മാരായ യോഗികളെല്ലാം ബ്രഹ്മത്വം നേടിയിരിക്കയായിരുന്നു; പിന്നീട് പ്രളയാന്തത്തിൽ ജനിച്ച സൃഷ്ടിയും മറവും നടത്തി, സുമാനസങ്ങളിൽ നിവസിച്ചുപോരുന്നു. അവരുടെ മാനസകന്യകയാകുന്നു നർമ്മദ; ആ നദി പ്രാണികളെ പരിശ്രുതരാക്കിക്കൊണ്ടു പടിഞ്ഞാറേ സമുദ്രത്തിലേയ്ക്കൊഴുകുന്നു.

പിതൃക്കൾ പ്രസാദിച്ചേ യോഗം സിദ്ധിയ്ക്കൂ. അതിനാൽ അവക്കായി എന്നെന്നും ധർമ്മബുദ്ധിയോടേ ശ്രാദ്ധം അനുഷ്ഠിയ്ക്കണം. പിതൃക്കളുടെ ആദിസൃഷ്ടിയിൽത്തന്നെ ശ്രാദ്ധം സൃഷ്ടിയ്ക്കപ്പെട്ടിരിക്കുന്നു. ശ്രാദ്ധത്തിനൊക്കെ വെള്ളിപ്പാത്രമോ, വെള്ളിചേർന്ന പാത്രമോ ആണ് വേണ്ടത്. ആ പാത്രംകൊണ്ടു നൽകപ്പെട്ടതു സ്വധയായിത്തീർന്ന് പിതൃക്കളെ എന്നെന്നും പ്രീതിപ്പെടുത്തും. ആദ്യം സോമവും യമവും കൊണ്ട് അഗ്നിയിൽ തർപ്പണം ചെയ്യണം; അഗ്നിയില്ലെങ്കിൽ, ബ്രാഹ്മണന്റെ പാണിയിലോ ജലത്തിലോ അജാകണ്ഠത്തിലോ അശ്വകണ്ഠത്തിലോ ഗോശാലയിലോ ശിവസമീപത്തോ ചെയ്യുക. ദർഭ, ഉഴുന്ന്, നവരച്ചോറ്, പാത്രവിൻപാൽ, നെയ്യ്, തേൻ, വാഠംമാനിൻമാംസം, ലോഹമാംസം, ചാമ, ചെങ്ങല്ലു്, യവം, വരി, പെരുപയറു്, കരിനു്, വെളുത്തപുഷ്പം എന്നിവ പിതൃക്കൾക്കു തുലോം പ്രിയപ്പെട്ടവയാകുന്നു. ചണപയർ, വട്ടപ്പയർ, പെരുക, ഉഴുന്നു, മുതിര, പത്മം, ക്രുവളത്തില, എരിക്കിൻപൂവു്, ഉമ്മത്തിൻപൂവു്, മന്താരപൂവു്, ആടലോടത്തിൻപൂവു്, ആട്ടിൻപാൽ എന്നിവ പിതൃകർമ്മത്തിന്നൊടുക്കരുത്; വരകു്, വിളാർമരപൂവു്, ഇരിപ്പപൂവു്, കായാവിൻപൂവു് എന്നിവയും ശ്രേയസ്സിച്ഛിക്കുന്നവൻ പിതൃക്കൾക്കു നൽകരുത്. അർ പിതൃകളേ ഭക്തിപൂർവ്വം തൃപ്തിപ്പെടുത്തുന്നവനോ, അവനെ പിതൃക്കളും തൃപ്തിപ്പെടുത്തും. പിതൃക്കൾ പുഷ്ടിയേയും ആരോഗ്യത്തേയും സന്താനത്തേയും

Digitized By Kerala Sahitya Akademi

സപ്തർഷികളെയും നൽകുന്നു. ദേവകാര്യത്തിലും മീതെയാണ് പിതൃകർമ്മം. ദേവകളും പിതൃക്കൾക്കു തർപ്പണം ചെയ്തുപോരുന്നു. വേഗത്തിൽ പ്രസാദിക്കുന്നവരും ക്രോധിക്കാത്തവരും നിസ്സംഗരും സ്നേഹത്തിനുറപ്പുള്ളവരും ശാന്തരും ശൌചനിരതരും സദാ പ്രിയം കൂടിക്കുന്നവരും ഭക്തവത്സലന്മാരും സുഖപ്രദന്മാരുമത്രേ, പർവ്വദേവകളായ പിതൃക്കൾ.

രവിയാകുന്ന ശ്രാദ്ധദേവനാണ് ഹവിഷ്മത്തുക്കളുടെ അധിപതി. ഈ പുണ്യവും പവിത്രവും അത്യുദാത്തവുമായ പിതൃവംശാനുകീർത്തനം മനുഷ്യർ പതിവായി വായിക്കേണ്ടതാകുന്നു.'

ഭീഷ്മൻ:—'ബ്രാഹ്മണോത്തമ, ഇതെല്ലാം കേട്ടിട്ട്, എനിയ്ക്കു വളരെ ഭക്തി തോന്നുന്നു. ശ്രാദ്ധകാലം ശ്രാദ്ധവിധി എന്നിവയെക്രുടി പറഞ്ഞുതരിക. എങ്ങിനെയുള്ള ബ്രാഹ്മണരെയാണ് ശ്രാദ്ധത്തിൽ ഊട്ടേണ്ടത്? എങ്ങിനെയുള്ളവരെ പാടില്ല? എത്ര സമയത്തു വേണം ശ്രാദ്ധം? അന്നം എങ്ങിനെ ഉണ്ടാക്കി നൽകിയാലാണ് പിതൃക്കൾ പ്രസാദിയ്ക്കുക?'

പുലസ്ത്യൻ:—'അന്നം, ജലം, ഫലമൂലങ്ങൾ മുതലായവകൊണ്ട് നാൾതോറും ശ്രാദ്ധം കഴിക്കുന്നതു പിതൃക്കൾക്കു പ്രീതികരമാകുന്നു. നിത്യം, നൈമിത്തികം, കാമ്യം എന്ന മൂന്നുതരത്തിലാണ് ശ്രാദ്ധം. നിത്യത്തിന് ആഢ്ംബരവും ആവാഹനവും വേണ്ട; അത് അങ്ങനെവമത്രേ. പർവ്വ(പുണ്യകാല)ങ്ങളിലെ ശ്രാദ്ധം പാർവ്വണം (നൈമിത്തികം). പാർത്ഥിവ, പാർവ്വണശ്രാദ്ധത്തിനു കൂടെക്കൂടെപ്പോരേണ്ടവരെ പറയാം: സ്നാതകൻ, പഞ്ചാഗ്നി, ത്രിസുപർണ്ണൻ, ഷഡംഗജ്ഞൻ, ശ്രോത്രിയൻ, ശ്രോത്രിയസുതൻ, വിധിവാക്യജ്ഞൻ, സാഗ്നജ്ഞൻ, വേദസാധ്യായ ജപവാൻ, മന്ത്രവാൻ, ജ്ഞാനവാംശകുലാനുചിതൻ, ത്രിണാചികേതൻ, ത്രിമധു, മറ്റു ശാസ്ത്രങ്ങളിലും കുശലൻ, പൌരാണികൻ, ബ്രഹ്മജ്ഞൻ, ബ്രഹ്മഭക്തൻ, പിതൃഭക്തൻ, സൂര്യഭക്തൻ, വിഷ്ണുഭക്തൻ, ശിവഭക്തൻ, യോഗസ്ഥിരൻ, വിദിതാത്മാവു്, സുശീലൻ—ഇങ്ങിനെയുള്ള ബ്രാഹ്മണനെ വേണം ക്ഷണിച്ചു പാത്തമൂട്ടാൻ. ഭ്രഷ്ടൻ, ഭ്രഷ്ടപുത്രൻ, പൌനർഭവാദികൻ, പിശുനൻ, മഹാരോഗി—ഇങ്ങിനെയുള്ളവനെ ധർമ്മദർശികർ ശ്രാദ്ധത്തിനു ക്ഷണിക്കരുതു്. തലേന്നാളോ തലത്തലേന്നാളോ ക്ഷണിക്കണം. ക്ഷണിക്കപ്പെട്ട ബ്രാഹ്മണരിൽ പിതൃക്കൾ വായുരൂപരായി ചെന്നുവാഴുന്നു. ഇടത്തേ മുട്ടുകുത്തി വലത്തേതു പൊക്കിയിരുന്നിട്ടുവേണം ക്ഷണിക്കുക.

'ഭവാന്മാരാശും ചിരാതെത്തേപ്പോഴും സ്വസ്തിശീലരായ്
ബ്രഹ്മവാദികളാകേണം ശ്രാദ്ധകർമ്മത്തിൽ ഞാനമേ!'

Digitized By Kerala Sahitya Akademi

എന്ന പ്രാർത്ഥിക്കണം. അഗ്നിമാൻ ചന്ദ്രക്ഷയകാലത്തു തപ്പണമാകുന്ന പിതൃയജ്ഞം കഴിച്ചിട്ടു പിണ്ഡാന്വാഹാര്യം അനുഷ്ഠിക്കണം. പിണ്ഡത്തിനുള്ള ചോറു മലർപ്പൊടികൊണ്ടുവേണം പചിക്കുക. തെക്കോട്ടു ചാഞ്ഞ സ്ഥലം ചാണകംകൊണ്ടു മെഴുകിയതിലോ, ഗോശാലിയിലോ, ജലാന്തികത്തിലോ ആവാം ശ്രാദ്ധകർമ്മം. നെയ്യ് ഒഴുക്കുവാൻ ഒരുകോൽ നീളവും നാലുവിരൽ വീതിയുമുള്ള മൂന്നു നിവ്വാപം, നല്ല മിനുസത്തിലും ഒരു ചാൺ നീളത്തിലും തല കൈപ്പടത്തിന്റെ അളവിലുമായി കരുങ്ങാലികൊണ്ടുണ്ടാക്കി വെള്ളി പതിച്ച മൂന്നു കയിൽ ജലപാത്രങ്ങളും, ഓട്ടകൊണ്ടുള്ള ഒമേക്ഷണം, ചമത, ദർഭ, എള്ളുപാത്രം, വസ്ത്രം, ഗന്ധധൂപാദ്യുപഹാരങ്ങളും എന്നിവ മുമ്പേ ശേഖരിക്കണം. ഇടംകാൽമുട്ടു വച്ചു വലത്തേതു പൊക്കിയിരുന്നു വേണം എല്ലാം ശരിപ്പെടുവാൻ. ഗൃഹത്തിന്റെ മൺവശത്തു ഗോമൂത്രത്തിൽ കലക്കിയ ചാണകംകൊണ്ടു വട്ടത്തിൽ മെഴുകണം. അക്ഷതവും പൂവുമിട്ട വെള്ളംകൊണ്ടു ബ്രാഹ്മണരുടെ കാൽ കഴുകിച്ചു, വീണ്ടും വീണ്ടും വന്ദിച്ചു, ദർഭാസനങ്ങളിലിരുത്തി മന്ത്രപൂർവ്വം അർഘ്യമനം നൽകണം. ദേവകർമ്മത്തിനു രണ്ടു ബ്രാഹ്മണർ; പിതൃകർമ്മത്തിനു മൂന്നുപേർ. രണ്ടിനും ഓരോരുത്തരായാലും മതി. അതിലധികം പേരെ സമ്പന്നനും ഉപയോഗിക്കുന്നു. ആദ്യം ദേവപൂജകഴിച്ചു, ബ്രാഹ്മണർക്ക് അഭ്യവും മാനും നൽകി, ചോദിച്ചുവാങ്ങിയിട്ടു, സ്വഗൃഹ്യവിധിയനുസരിച്ചു് അഗ്നിയിൽ നെയ്യോടുകൂടിയ ഹോമം ചെയ്യുക. ഇതെല്ലാം ചെയ്യേണ്ടതു പൂണൂനൂൽ ഇടംതോളത്തിട്ടതന്നെ; പിണ്ഡം ഉരുട്ടുകയും മറ്റും പൂണൂനൂൽ വലംതോളത്തിട്ടുവേണം. ജലപാത്രത്തിലെ തിലോദകം വലത്തേകയ്യുകൊണ്ടു മനസ്സുടക്കി സശ്രദ്ധനായി കൊടുക്കണം. പിണ്ഡങ്ങൾ ഉരുട്ടിയതിനുശേഷം കൈകഴുകി തെക്കോട്ടു തിരിഞ്ഞിരുന്നു് ദർഭ വിരിച്ചു് ഓരോ പിണ്ഡവും ദർഭയിൽ വെച്ചു നാമഗോത്രങ്ങൾ ചൊല്ലിക്കൊണ്ടു വെള്ളംകൊടുക്കണം; ലേപഭാഗികർക്കായി ആ കയ്യു ദർഭയിൽ തുടയ്ക്കുകയും വേണം. വീണ്ടും മന്ത്രപൂർവ്വം ക്ഷാളനംചെയ്തു വെള്ളവും ഗന്ധധൂപങ്ങളും നൽകി നമസ്കരിക്കുക. പിണ്ഡാദികളിൽ അവാഹനവും ഉദ്വാസനവും തക്ക മന്ത്രങ്ങൾകൊണ്ടു ചെയ്യണം.

പിന്നീടു് ഓരോ വാരു് പിണ്ഡങ്ങളിൽ നിന്നൊടുക്കണം; അതുവേണം ബ്രാഹ്മണരെ ഒന്നാമതായി ഭക്ഷിപ്പിക്കുക. ഇതിനത്രേ അനുവാഹ്യം (തിരിയെ എടുത്തു ഭക്ഷിക്കേണ്ടതു്) എന്ന പേർ പറയുന്നതു്. അതു കൊടുത്തതിനുശേഷം, പവിത്രമിട്ട കൈകൊണ്ടു പിണ്ഡത്തി

Digitized By Kerala Sahitya Akademi

ന്മേൽ തിലോദകം, 'സപ്തധൈഷ്ണാമന്ത്ര' മുന്നുച്ചരിച്ചുംകൊണ്ടു നൽകുക. പിന്നീടു ശുദ്ധവും പ്രിയവുമായ അന്നം ബ്രാഹ്മണരെ പ്രശംസിച്ചുകൊണ്ടൂട്ടുക. ക്രോധം തോന്നരുത്; മനസ്സിൽ വിഷ്ണുവിനെ സ്മരിക്കണം. ബ്രാഹ്മണക്കൂട്ടത്തിയായാൽ, എല്ലാ ജാതിക്കാക്കുമായിത്തുകൊടുക്കുക—ചോറും വെള്ളവും മുള്ളുംക്രൂടി നിലത്തു വിതറുക. ബ്രാഹ്മണർ കൈകഴുകിയാൽ, വീണ്ടും പിണ്ഡത്തിന്മേൽ പൂവും അക്ഷതവും വെള്ളവും കൊടുത്തു്, അവരെക്കൊണ്ടു സ്വധ ചൊല്ലിക്കണം. അതിയിലും അവസാനത്തിലും വേണം ദേവപൂജ; ഇല്ലെങ്കിൽ ശ്രാദ്ധം പാഴായിപ്പോകും. ബ്രാഹ്മണരെ വണങ്ങി വലംവെച്ചു യാത്രയാക്കിയിട്ടു ശ്രാദ്ധക്കാരൻ പിതൃക്കളെത്തുള്ളി തെക്കോട്ടു നോക്കിനിന്നു പ്രാർത്ഥിക്കണം:—

'ദാതാക്കൾ വർദ്ധിച്ചുവരിക്കോത്തും ഞങ്ങൾക്കു മക്കളും!
ശ്രദ്ധ ഞങ്ങൾക്കു നീങ്ങൊല്ലാ! പെരുകട്ടേ പ്രദേയവും!
അന്നങ്ങൾ വളരട്ടെ! വന്നെത്തട്ടെയഭിവൃദ്ധിയും!
അസ്മദ്വംശത്തിലുണ്ടാകായ്കിരക്കുന്നോരൊരിക്കലും!'

ഇങ്ങിനെയാണു്, സാഗ്നികന്മാർ ചന്ദ്രക്ഷയകാലത്തു് അവശ്യം കേണ്ടതായ അനുവാഹാര്യമെന്ന പാർവ്വണശ്രാദ്ധം. പിണ്ഡങ്ങൾ പൈക്കൾക്കോ അതുകൾക്കോ പക്ഷികൾക്കോ കൊടുക്കണം; അല്ലെങ്കിൽ, തീയ്യിലോ വെള്ളത്തിലോ ഇടാം; മതിൽപ്പുറത്തിൽ വിതറുകയോ വെള്ളത്തിൽ കലക്കുകയോ ചെയ്യുകയുമാകാം. നടുവിലെ പിണ്ഡം ഭക്തിയോടെ ഭാര്യ ഭക്ഷിച്ചാൽ പുത്രസമ്പത്തു വർദ്ധിക്കും. ബ്രാഹ്മണരെ പിരിച്ചയയ്ക്കുന്നതുവരെ കുണ്ഡത്തിൽ തീ കെടരുതു്. പിതൃകർമ്മം കഴിഞ്ഞാൽ വൈശ്വദേവം നടത്തണം; എന്നിട്ടു ശ്രാദ്ധോച്ഛിഷ്ടം പ്രിയജനങ്ങളോടൊന്നിച്ചു ഭക്ഷിക്കുക. അന്നു രണ്ടാമതു് ഊണു് കഴിക്കരുതു്; വഴിനടക്കുക, വാഹനത്തിലിരിക്കുക, മൈഥുനം എന്നിവയും ശ്രാദ്ധക്കാരനാകട്ടേ ശ്രാദ്ധമുണ്ടവനാകട്ടേ ചെയ്തുകൂടാ; ഓത്തുചൊല്ലുക, കലഹിക്കുക, പകലുറങ്ങുക എന്നിവയും പാടില്ല. ഇതിൻവണ്ണം പതിവായി കന്നി, കുംഭം, എടവം എന്നീ മാസങ്ങളിൽ കറുത്തപക്ഷത്തിൽ ശ്രാദ്ധമൂട്ടുന്നതു ധർമ്മാർത്ഥകാമസാധകമത്രേ.

ഇനി, പ്രകൃതിയ്ക്കും മുകൃതിക്കും ഉതകുന്ന സാധാരണശ്രാദ്ധം ബ്രഹ്മാവരുളിച്ചെയ്തതു ഞാൻ പറയാം: അയനം, വിഷുവം, അമാവാസി, സൂര്യസംക്രമം, അഷ്ടകാകർമ്മം, ഗജച്ഛായ, വ്യതീപാതം, വിഷ്ടി, വൈധൃതി, തിരുവാതിര, മകം, രോഹിണി, ദ്രവ്യം കിട്ടുക, ബ്രാഹ്മ

Digitized By Kerala Sahitya Akademi

ണ്ണർ വന്നുചേരുക, വൈശാഖതൃതീയ, കാർത്തികനവമി, മാഘമാസത്തിലെ വാവ്, ശ്രോഷ്ഠപദത്രയോദശി, യുഗാരംഭങ്ങളും, മന്വന്തരാരംഭങ്ങളും എന്നിവയിൽ അഭിജ്ഞൻ ശ്രാദ്ധമൂട്ടണം. ആശ്വയുജത്തിലെ വെളുത്തനവമി, കാർത്തികദ്വാദശി, ചൈത്രശ്രോഷ്ഠപദതൃതീയകൾ, ഫാല്ഗുനാമാവാസി, പൌഷൈകാദശി, ആഷാഢദശമി, മാഘസപ്തമി, ശ്രാവണകൃഷ്ണാഷ്ടമി, ആഷാഢകാർത്തികഫാല്ഗുനജ്യേഷ്ഠപൂർണ്ണിമകൾ, മന്വന്തരാരംഭത്തിൽ സൂര്യൻ തേരേറിയനാൾ എന്നിവയും ശ്രാദ്ധത്തെ അക്ഷയമാക്കിത്തീർക്കുന്നു. ഈ ദിവസങ്ങളിൽ മനുഷ്യൻ മനസ്സുവെച്ചു പിതൃക്കൾക്കു കുറെ തിലോദകം കൊടുത്താൽത്തന്നെ, അവർ ആയിരംകൊല്ലത്തേയ്ക്ക് സംതൃപ്തരായിത്തീരും! പിതൃക്കൾതന്നെ പറയാറുള്ള ഒരു രഹസ്യമാണിത്. വൈശാഖമാസം, ഗ്രഹണം, ഉത്സവം, മാളയം എന്നിവയിൽ തീർത്ഥത്തിലോ ക്ഷേത്രത്തിങ്കലോ ഗോശാലയിലോ ദ്വീപിലോ ഉദ്യാനത്തിലോ ഗൃഹത്തിങ്കലോ അടിച്ചുമെഴുകിയ വിജനസ്ഥലത്തുവെച്ച് അഭിജ്ഞൻ ശ്രാദ്ധമൂട്ടേണ്ടതാണ്.

തലേന്നാളോ തലത്തലേന്നാളോ ബ്രാഹ്മണരെ താഴ്മയോടെ ക്ഷണിക്കണം: അവർ ശീലവൃത്തഗുണവാന്മാരും വയോരൂപസമ്പന്നരുമായിരിക്കണം; ദേവപൂജയ്ക്കു രണ്ടുപേർ; പിതൃകർമ്മത്തിന്നു മൂന്നുപേർ. രണ്ടിന്നും ഓരോരുത്തരായാലും മതി. അധികംപേരെ വലിയ ധനവാന്മാർ ഉൾപ്പെടുത്തുന്നു. വിശ്വേദേവകളെ ഉപവേശിപ്പിച്ചു പൂജ്യയവങ്ങൾകൊണ്ടു പൂജിക്കണം: രണ്ടുപാത്രം ഒരു വിരിയിൽവെച്ചു, 'ശം നോ ദേവി' എന്ന മന്ത്രംകൊണ്ടു വെള്ളം നിറയ്ക്കുക; 'യവോസി' എന്നു യവവുമിടുക. എന്നിട്ടു 'വിശ്വേദേവാസഃ' എന്നു വിശ്വേദേവകളെ ആവാഹിച്ചുവെച്ചു ഗന്ധപുഷ്പങ്ങൾ ചാർത്തിച്ചു യവം വിതറുക:

'യവമേ, ധാന്യരാജൻ നീ വാരുണം മധുമിശ്രിതം
സർവപാപപ്രശമനം പവിത്രമൃഷി സംസ്തുതം!'

എന്ന മന്ത്രം. പിന്നീട് 'യാ ദിവ്യാ' എന്നു് അർഘ്യം നൽകി അവരെ ഉദ്വസിപ്പിച്ചിട്ടു പിതൃകർമ്മം തുടങ്ങുക: ആദ്യം ഒരു പാത്രം എടുത്തു, മൂന്നു പാത്രങ്ങളിൽപ്പവിത്രമിട്ടു, 'ശം നോ ദേവി' എന്ന വെള്ളം നിറയ്ക്കണം; 'തിലോസി' എന്നു് എള്ളും, പിന്നെ ഗന്ധപുഷ്പാദിയുമിടണം. പാത്രം മരംകൊണ്ടോ ഇലകൊണ്ടോ വെള്ളികൊണ്ടോ സമുദ്രത്തിലുണ്ടാകുന്നതുകൊണ്ടോ ആവാം; വെള്ളിപാത്രമാണു് പിതൃക്കൾക്കു തുലോം പ്രിയം. വെള്ളി എന്ന കേൾക്കുന്നതും, കാണുന്നതും, നൽകുന്നതുമൊക്കെ അവർക്കു വല്ലാതെ സന്തോഷപ്രദമത്രേ. വെറും വെള്ളംപോലും, വെ

Digitized By Kerala Sahitya Akademi

ള്ളിപ്പാത്രംകൊണ്ടു സശ്രദ്ധം നൽകിയാൽ അക്ഷയമായിരിക്കും! പിതൃപിണ്ഡങ്ങളിൽ നീരൊഴുക്കുന്നതിനും വെള്ളിപ്പാത്രം ഉത്തമംതന്നെ: വെള്ളി ശിവന്റെ തൃക്കണ്ണിൽനിന്നുണ്ടായതാകുന്നു; അതിനാലത്രേ പിതൃക്കൾക്കിതു പ്രീതി. പാത്രപൂരണാനന്തരം, പിതൃനാമഗോത്രങ്ങളും ചൊല്ലി ദർഭ കയ്യിൽവെച്ചു, 'ഞാൻ പിതൃക്കളെ ആവാഹിക്കട്ടെയൊ' എന്നു ചോദിച്ചു ബ്രാഹ്മണരോടനുവാദംവാങ്ങി, 'ഉശന്തസ്ത്വാ', 'ഋതയാവ്നേ' എന്നീ ശ്ലോകംകൊണ്ടു് ആവാഹിക്കുക; 'പിതൃഭ്യഃ സ്ഥാനമസി' എന്നു് ആസനവും, 'യാ ദിവ്യാ' എന്നു് അർഘ്യവും, ഗന്ധപുഷ്പാദിയും അർപ്പിക്കുക; പിന്നെ പാത്രം കമിഴ്ത്തി മീതേ വസ്ത്രവും പണവും വച്ചു്, രണ്ടുകൈകൊണ്ടും എടുത്തു പുഴവാക. ഈ പിതൃകാര്യത്തിലും ആദിയിൽ അഗ്നികാര്യം അവശ്യനായി ചെയ്യണം. ഒടുവിൽ യവസൂപശാകാദി നാനാഭക്ഷ്യങ്ങളും, അന്നവും, തയിരും, പാലും, നെയ്യും, പഞ്ചസാരയും 'ഉശന്തസ്ത്വാ' എന്നു വിളമ്പണം.

മാംസവും പിതൃക്കൾക്കൊക്കെ പ്രീതികരമാണെന്നു പിതാമഹൻ അരുളിച്ചെയ്തിരിക്കുന്നു. മത്സ്യത്തിന്റെ മാംസം രണ്ടു മാസത്തെയ്ക്കും, ഹരിണമാംസം മൂന്നുമാസത്തെയ്ക്കും, ഉരഭ്രമാംസം നാലു മാസത്തെയ്ക്കും, ശകുനമാംസം അഞ്ചുമാസത്തെയ്ക്കും, വരാഹമാംസം ആറുമാസത്തെയ്ക്കും, ലോഹമാംസം ഏഴുമാസത്തെയ്ക്കും, അഷ്ടമാംസം എട്ടുമാസത്തെയ്ക്കും, പൃഷതമാംസം ഒമ്പതുമാസത്തെയ്ക്കും, വരാഹമഹിഷമാംസം പത്തുമാസത്തെയ്ക്കും, ശശകൂർമ്മമാംസം പതിനൊന്നു മാസത്തെയ്ക്കും, പക്ഷിവിൽപാൽ—പാൽ ചേർത്തു് ഇവയാൽ ഒരു കൊല്ലത്തെയ്ക്കും, സൂകരമാംസത്താൽ പതിനാലുമാസത്തെയ്ക്കും, വാർദ്ധ്രീണസമാംസത്താൽ പതിനഞ്ചുകൊല്ലത്തെയ്ക്കും, കാലശാകം—വാർമ്മാനിൻമാംസം എന്നിവയാൽ വളരെ വളരെ കൊല്ലത്തെയ്ക്കും പിതൃക്കൾ സംതൃപ്തിയടയും. തേൻ, പശ്രുവിൻപാൽ, നെയ്യു് എന്നിവ ചേർത്തു് എന്തു നൽകിയാലും അതു് അക്ഷയമാകുമെന്നും, പൂർവ്വദേവകളായ പിതൃക്കൾതന്നെ പറയാറുണ്ടു്.

ഓത്തുചൊല്ലുക, പുരാണം വായിക്കുക എന്നിവയും പിതൃകാര്യത്തിൽ പതിവായി വേണം. പലതരം ബ്രഹ്മവിഷ്ണുമഹേശ്വരസൂക്തസ്തോത്രങ്ങളും, ചന്ദ്രേന്ദ്രപവമാനസൂക്തങ്ങളും, ബൃഹദ്രഥന്തരം, ജ്യേഷ്ഠമാസ മാഹാത്മ്യം, ശാന്തികാധ്യായം, മധുബ്രാഹ്മണം, മണ്ഡലബ്രാഹ്മണം എന്നിവയും തനിയ്ക്കും ബ്രാഹ്മണർക്കും പ്രിയമായ മറ്റുള്ളതും ചൊല്ലാം. ഭാരതംവായന പിതൃക്കൾക്കു പരമപ്രീതികരമാകുന്നു. ബ്രാഹ്മണ

Digitized By Kerala Sahitya Akademi

രുടെ ഊൺ കഴിഞ്ഞാൽ, അവരുടെ മുമ്പിൽവെച്ച ചോറും വെള്ളം മുതലായതും നിലത്തു തുവണം;

'അഗ്നിദഗ്ധരദഗ്ധാനാമരെൻവംശ്യരിരുക്രുട്ടരും
മന്നിലീ ത്തുവിയതിനാൽ തൃപ്ത ്യാ പൂകട്ടെ സൽഗതി!
ഞതുക്കില്ല മാതാവു, പിതാവു, ബന്ധു,
വരേ സുഹൃത്തുര, പൊരുതിയുള്ള ചോറും,
ഇച്ചോറവക്കാബ് ഭ്ഭവി തുവിനേൻ ഞാൻ;
ചെന്നേകുമാറാകിതവക്ക തൃപ്തി!'

എന്ന പ്രാത്ഥിയ്ക്കയും വേണം. മരിച്ചിട്ടു സംസ്കരിക്കപ്പെടാത്തവർ, ത്യജിച്ചവർ, പിരിഞ്ഞുപോയവർ, ഉച്ഛിഷ്ടാവകാശികരം എന്നിവക്കത്രേ, ദർഭയിൽ തുവുന്നതു്. ബ്രാഹ്മണക്കു കൈകഴുകാൻ വെള്ളം കൊടുത്തിട്ടു, പിണ്ഡങ്ങരം ഗോമയഗോമൂത്രങ്ങരംകൊണ്ടു മെഴുകിയേടത്തു തെക്കോട്ടു തലയായി പരത്തിയ ദർഭയിൽ വെച്ചു കൈകഴുകി, നാമവും ഗോത്രവും ചൊല്ലി പുഷ്പാദികളിട്ടു വീണ്ടും, ഇടത്തേമുട്ടു കുത്തിയിരുന്നു വലത്തേകയ്യുകൊണ്ടു നീരൊഴുക്കി, മൂന്നു വലത്തുവെയ്ക്കണം. ദർഭപാണിയായിട്ടുവേണം പിതൃകർമ്മത്തിൽ സർവ്വവും ചെയ്യുവാൻ. കൈകഴുകിയ ബ്രാഹ്മണരെ വിളക്കത്തിരുത്തി പൂവാരാധിച്ചു്, അവരുടെ കയ്യിൽ ഓരോപ്രാവശ്യം വെള്ളംവീഴ്ത്തി, പുഷ്പാക്ഷതങ്ങളും അക്ഷയതിലോദകവും യഥാശക്തി ദക്ഷിണയും നാമഗോത്രോച്ചാരണത്തോടേ നൽകണം. ഗോവു്, ഭൂമി, സ്വർണ്ണം, വസ്ത്രം, നല്ല കിടക്കകരം—എന്നില്ല, ബ്രാഹ്മണർക്കു തനിക്കും പിതൃക്കരംക്കും പ്രിയപ്പെട്ടതെല്ലാം—ദാനംചെയ്യണം. പിതൃക്കില്ലാതിരുന്നാ പിതൃക്കരം പ്രസാദിയ്ക്കുന്നു. പിന്നെ സ്വധാവാചനികവും വൈശ്വദേവാദികവും നൽകി, കിഴക്കോട്ടു തിരിഞ്ഞുനിന്ന ബ്രാഹ്മണരോടു് ആശീർവ്വാദം വാങ്ങണം: 'അസ്മാകരം പിതരസ്സന്തു' എന്നു ശ്രാദ്ധകർത്താവും 'സന്തു' എന്നു ബ്രാഹ്മണരും, 'വർദ്ധതാം ഗോത്രം' എന്നു ശ്രാദ്ധകർത്താവും 'വർദ്ധതാം' എന്നു ബ്രാഹ്മണരും, 'ദാതാരോ നോഭിവർദ്ധന്താം വേദാസ്സന്തതിരേവ ച ശ്രദ്ധാ നോ മാ വ്യഗമദ്ബഹുദേയം ച നോസ്തു' എന്നു ശ്രാദ്ധകർത്താവും 'സന്തു' എന്നു ബ്രാഹ്മണരും തമ്മിൽ പറയണം. പിണ്ഡങ്ങരം എടുത്തതിനുശേഷം ഭക്തിയോടേ സ്വസ്തിയും ചൊല്ലിക്കണം. ബ്രാഹ്മണരെ തിരിച്ചയച്ചിട്ടു ശ്രാദ്ധോച്ഛിഷ്ടംകൊണ്ടു ഗൃഹബലിനടത്തുക ഇങ്ങിനെയാണു് ധർമ്മവ്യവസ്ഥ. നിലത്തു ശേഷിച്ച കിടപ്പുള്ളതാകട്ടേ കളവും ശാഠ്യവുമില്ലാത്ത ദാസജനങ്ങരംക്കു

Digitized By Kerala Sahitya Akademi

കൊടുക്കണം: അവരാണ്, അതിന്നവകാശികർ; വ്രതവും പുത്രരുമില്ലാത്ത സ്ത്രീകൾക്കും കൊടുക്കാം.

ബ്രാഹ്മണർ പോകുമ്പോൾ, മുമ്പിൽ ജലപാത്രവുമായിനിന്ന 'വാജേ വാജേ' എന്ന ജപിച്ചുംകൊണ്ടു ദർഭത്തലയാൽ വെള്ളംതളിക്കണം; പുത്രഭാര്യാദി ബന്ധുക്കളൊന്നിച്ച് എട്ടടി അനുയാത്രചെയ്തു പുറത്തു വലംവെച്ചു വന്ദിക്കുകയും വേണം. പിന്നെ മടങ്ങിപ്പോന്ന് അഗ്നിഹോത്രവും വൈശ്വദേവവും നിത്യബലിയും കഴിക്കുക. ഒടുവിൽ അതിഥികളോടും ബന്ധുപുത്രഭൃത്യരോടുംകൂടി ശ്രാദ്ധോച്ഛിഷ്ടം ഭക്ഷിക്കുക. സർവ്വകാമഫലപ്രദമായ ഈ സാധാരണ ശ്രാദ്ധം പുണ്യകാലങ്ങളിലൊക്കെ ഉപനയനം കഴിയാത്തവനും ചെയ്യാം; പത്നീവിരഹിതൻ, മറുനാട്ടിൽ പാർക്കുന്നവൻ എന്നിവർക്കുമാകാം; ശൂദ്രനും മന്ത്രംകൂടാതെ അനുഷ്ഠിക്കാം.

സമ്പൽക്കാലത്തു കഴിക്കുന്ന ശ്രാദ്ധത്തിന്നു വൃദ്ധിശ്രാദ്ധം എന്നു പേർ. ഉത്സവം, മറ്റു സന്തോഷാവസരം, യാഗം, വിവാഹം മുതലായവയിൽ വൃദ്ധിശ്രാദ്ധം നടത്തണം: ആദ്യമായി മാതാക്കളേയും പിന്നെ പിതാക്കളേയും പിന്നെ മാതാമഹരേയും പിന്നെ വിശ്വേദേവകളേയും ദധ്യക്ഷതഫലോദകങ്ങൾകൊണ്ടു പൂജിച്ചു വലംവെയ്ക്കുക; കിഴക്കോട്ടു തിരിഞ്ഞിരുന്ന പിണ്ഡം ചെയ്യുക. അർഘ്യം ഈരണ്ടുപേർക്കു നൽകണം. ബ്രാഹ്മണർ ഇരട്ടക്കണക്കിലായിരിയ്ക്കണം; അവരെ വസ്ത്രകനകാദികൾ കൊണ്ടു പൂജിക്കണം. എള്ളിന്നു പകരം യവമുപയോഗിക്കുക. ബ്രാഹ്മണശ്രേഷ്ഠരെക്കൊണ്ടു നല്ലതെല്ലാം ചൊല്ലിക്കുകയും വേണം. ഇപ്രകാരമാണ് വൃദ്ധിശ്രാദ്ധം; ഇതു ശൂദ്രർക്കും പരകൃതമന്ത്രത്തോടും ദാനാദികളോടുംകൂടി അനുഷ്ഠിക്കാം. ശൂദ്രനു മുഖ്യം ദാനമാണെന്നാണ് ഭഗവാന്റെ അരുളപ്പാട്. ദാനംകൊണ്ടുതന്നെ ശൂദ്രനു, സർവാഭീഷ്ടങ്ങളും നിറവേറും.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, പിതൃവംശകഥനം നൈതാമദ്ധ്യായം.

പത്താമദ്ധ്യായം.

പുലസ്ത്യൻ:—നരേന്ദ്ര, ബ്രഹ്മാവു പണ്ടരുളിച്ചെയ്തിട്ടുള്ള കോടിയിലും എങ്ങിനെ എന്നും, അച്ഛൻ മരിച്ചാൽ മകനും എത്ര പുലകൊള്ളണമെന്നും ഞാൻ പറയാം: ബ്രാഹ്മണനു ചത്തു പുല പ

Digitized By Kerala Sahitya Akademi

ത്തുനാൾ; ക്ഷത്രിയന്നു പന്തിരണ്ടു നാൾ; വൈശ്യന്നു പതിനഞ്ചുനാൾ; ശൂദ്രന്നു മുപ്പതുനാൾ. രാജാവു തീപ്പെട്ടാൽ പരക്കെ ഒന്നോ മൂന്നോ നാൾ പുലവേണം. നാല്വജാതിക്കാക്കും ഇപ്രകാരംതന്നെ ഈറ്റു പുലയും. അസ്ഥി പൊറുക്കൽ കഴിഞ്ഞാൽ ചത്ത പുലക്കാരെ തൊടാം. പന്തിരണ്ടു ദിവസം പ്രേതത്തിന്നു പിണ്ഡംവെയ്ക്കണം: അതു മരിച്ച ആൾക്കു പ്രീതികരമായ പാഥേയ (വഴിച്ചോർ)മത്രേ; പന്തിരണ്ടു നാൾ കൊണ്ടേ മൃതൻ പ്രേതലോകത്തെത്തു; അതുവരെ ഗൃഹത്തിലെ പുത്രകളത്രങ്ങളെ നോക്കും. പത്തുനാൾ തുറസ്സിലായി വെള്ളം വെച്ചിരിക്കണം; അതു മൃതന്നു് എല്ലാ ചൂടുകളേയും മാറ്റുന്നു. ങ്ങളേയും നോക്കും. പതിനൊന്നാംനാളിൽ പുലപോക്കി, പതിനൊന്നു ബ്രാഹ്മണരെ ഊട്ടണം; പിറേന്നു് ഏകോദ്ദിഷ്ടം കഴിക്കണം: അതുവാഹനം, അപരീകരണം, ദേവപൂജ എന്നിവ വേണ്ട; ഒരു പവിത്രം; ഒരാജ്യം; ഒരു പിണ്ഡം 'ഉപതിഷ്ഠതാം' എന്നു് ഒടുവിൽ തിലോദകം ബ്രാഹ്മണപാണിയിൽ ഒഴുക്കണം. 'അഭിരമ്യതാം' എന്നതുകൊണ്ടുദാസനവും ചെയ്യുക. ബാക്കിയൊക്കെ മുൻചൊന്നവണ്ണം തന്നെ. ഇതു മാസംതോറും വേണം.

പുല പോയതിന്റെ പിറേറന്നാൾ പിതൃഭക്തൻ സപ്പുത്രപ്രതിമയോടും ഫലവസ്തുക്കളോടുമൊന്നിച്ചു ശയ്യാദാനം വിധിപോലെ ചെയ്യണം: ഒരു ബ്രാഹ്മണനേയും പത്നിയേയും പലതരം പണ്ടമണിയിച്ചു കിടക്കമേലിരുത്തി, വെള്ളിപ്പാത്രത്തിൽ തയിരും പാലും ചേർത്ത മധുപക്കം അവക്കു കൊടുക്കണം; അതിൽ തെറിയെല്ലു നന്നായി പൊടിച്ചു കലക്കിയിരിക്കണം. അതു ബ്രാഹ്മണദമ്പതിമാർ സേവിക്കുകയും വേണം! ഇതത്രേ, പവ്തവാസികളായ ബ്രാഹ്മണർ വിധിച്ച ശയ്യാദാനവിധി. അതിനാൽ ശ്രോത്രിയബ്രാഹ്മണർ ശയ്യാദാനം വാങ്ങരുതു്. വാങ്ങിപ്പോയാൽ പ്രായശ്ചിത്തം വേണം ശുദ്ധി വരാൻ. വേദത്തിലും പുരാണത്തിലും നിന്ദിക്കപ്പെട്ടതത്രേ ശയ്യാപ്രതിഗ്രഹം. അതു വാങ്ങിയവരൊക്കെ നരകത്തിൽ പതിച്ചുപോകും. ആ ശയ്യ അറിയാതെ തൊട്ടുപോയവർപോലും നരകത്തിൽ വീഴും! പുതുപാത്തമുണ്ണുകയുമരുതു്; ഉണ്ടാൽ ചാന്ദ്രായണം ആചരിക്കണം. എന്നാൽ സൽപുത്രൻ പിതൃപ്രീതിക്കായി ശയ്യാദാനവും ചെയ്യുകതന്നെ വേണം.

കൊല്ലം തികയുന്നതുവരെ കാള, പയ്യു്, നീർക്കുടം, ഭക്ഷ്യഭോജ്യങ്ങളം എന്നിവ തിലോദകത്തോടെ ദാനം ചെയ്യണം. അതെങ്ങ

Digitized By Kerala Sahitya Akademi

ത്തിയിട്ടുവേണം സപിണ്ഡീകരണം. സപിണ്ഡീകരണത്തിന്നു ശേഷം പുണ്യകാലങ്ങളിൽ ശ്രാദ്ധമൂട്ടുക. എന്നാൽ മരിച്ച ആൾ ഗൃഹസ്ഥനാണെന്നു വരുത്തുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കും. സപിണ്ഡീകരണത്തിന്നു, മുമ്പെ ദേവപൂജ വേണം; പിതൃക്കളെ ആവാഹിക്കണം; പ്രേതത്തെ വേറെ നിർദ്ദേശിക്കണം. അഘ്ര്യത്തിന്നു, ഗന്ധതിലങ്ങളിട്ട ജലപാത്രം നാലെണ്ണം വേണം; പ്രേതപാത്രത്തെ പിതൃപാത്രങ്ങളിൽ സേചിക്കുക; ആ വിധം സംകല്പിച്ചു നാലു പിണ്ഡവും വെയ്ക്കണം. 'യേ സമാനാഃ' എന്ന രണ്ടു ഋക്കുകളും കൊണ്ടു് അന്നം മൂന്നായി പകുക്കുക. മുമ്പെ അഘ്ര്യവും ഇതിൻവണ്ണം തന്നെ നൽകണം. ആ നാലാമത്തെ പിണ്ഡം പ്രേതത്തെ പിതൃതുല്യം പ്രാപിപ്പിച്ചു് അഗ്നിഷ്വാത്താദികളിൽ ചേർത്തു് ഉത്തമമായ അമൃതം ഭുജിപ്പിക്കും. അതിനാൽ സപിണ്ഡീകരണം കഴിഞ്ഞാൽ പിന്നെ പിതൃപിണ്ഡങ്ങളും മാത്രമേ വേണ്ടൂ. സംക്രമം, ഗ്രഹണം മുതലായ വിശേഷദിവസങ്ങളിൽ ശ്രാദ്ധത്തിന്നു മുന്നു പിണ്ഡം; മരിച്ച നാളിൽ ഒരുകോട്ടിയും. മരിച്ച നാളിൽ ഒരുകോട്ടിംഭാമില്ലാതെ ശ്രാദ്ധം നടത്തുന്നതാരോ, അവൻ പിതൃഹന്താവും ഭ്രാതൃനാശകനുമത്രേ. മരിച്ച നാളിൽ പാർവ്വണശ്രാദ്ധം ആചരിക്കുന്നവനും അധോഗതിയടയും.

പിതൃതുല്യമടഞ്ഞു സപ്തും പ്രാപിച്ച ആത്മാക്കൾ മോക്ഷം കിട്ടുന്നതിന്നു യഥാവിധി ആത്മശ്രാദ്ധം കഴിക്കണം: അതിന്നു് അഗ്നൗകരണം വേണം; പിണ്ഡങ്ങളും മൂന്നു തന്നെ. അങ്ങിനെ കാലക്രമേണ മുക്തിയടഞ്ഞ പിതൃക്കളും ലേപഭാഗികളായിരിക്കും; അവർക്കായിട്ടാണു് ഭർത്തയിൽ ലേപം ചെയ്യുന്നതു് (തേയ്ക്കുന്നതു്). അപ്പൂൻ, മുത്തപ്പൂൻ, മുതുമുത്തപ്പൂർ എന്നീ മൂന്നുപേർ പിണ്ഡഭോജികളും, അവർക്കു മുമ്പു നാലുപേർ ലേപഭോജികളുമത്രേ. ഇങ്ങിനെ ഏഴുപേരാണു് സപിണ്ഡർ.'

ഭീഷ്മൻ:—'കവ്യവും ഹവ്യവും എങ്ങിനെ നൽകണം? അവ പിതൃലോകത്തു് എങ്ങിനെ അവരാൽ സ്വീകരിക്കപ്പെടും? ഭൂമിയിൽ വച്ചു ബ്രാഹ്മണൻ ഉണ്ണുകയും അഗ്നിയിൽ ഹോമിക്കുകയും ചെയ്താൽ, ആ അന്നം പുണ്യമോ പാപമോ ചെയ്തവരായ പ്രേതങ്ങൾക്കു് എങ്ങിനെ ഭുജിക്കുമാറാകും?'

പുലസ്ത്യൻ:—'പിതാക്കൾ വസുരൂപരും, പിതാമഹർ രുദ്രരൂപരും, പ്രപിതാമഹർ ആദിത്യരൂപരുമാണെന്നാണു് ശ്രുതി. പിതൃക്കളുടെ നാമഗോത്രങ്ങളും ഉച്ചരിക്കുന്നതുകൊണ്ടു് ശ്രാദ്ധത്തിലെ കവ്യവും

Digitized By Kerala Sahitya Akademi

ഹവ്യവും അവരുടെ അടുക്കൽ ചെന്നെത്തുന്നു. അഗ്നിഷ്വാത്താദികളാണ് അവരുടെ മേലാളുകർ. യാതൊന്നു യാവചിലരുടെ നാമഗോത്രങ്ങൾ ചൊല്ലി അർപ്പിക്കപ്പെടുന്നുവോ, അത് അവരെ എവിടെയായാലും തൃപ്തിപ്പെടുത്തുന്നു: അച്ഛനോ അമ്മയോ സുകൃതംമൂലം ദിവ്യാവസ്ഥയിലാണ് വർത്തിക്കുന്നതെങ്കിൽ, ശ്രാദ്ധാന്നം വായുവായി ചെന്ന് അതു ദിവ്യർക്ക് അമൃതായിച്ചമയുന്നു; ദൈത്യാവസ്ഥയിലാണെങ്കിൽ ഭോഗമായും, പശ്വവസ്ഥയിലാണെങ്കിൽ പുല്ലായും, യക്ഷദാനവവർഗ്ഗത്തിലാണെങ്കിൽ പാനമായും, രാക്ഷസതയിലാണെങ്കിൽ നരമാംസമായും, പ്രേതദശയിലാണെങ്കിൽ കൃതിയായും, മനുഷ്യത്വത്തിലാണെങ്കിൽ അന്നപാനാദിയായും തീരുന്നു. സുന്ദരിമാരായ സ്ത്രീകൾ, രതിശക്തി, ഭോജ്യം, ഭോജനശക്തി, സമ്പത്ത്, ദാനശക്തി, അഴക്, ആരോഗ്യം എന്നിവ ശ്രാദ്ധകർമ്മത്താൽ കൈവരും. ശ്രാദ്ധം പുഷ്പമാണ്; അതിന്റെ ഫലമത്രേ ബ്രഹ്മപ്രാപ്തി. രാജാവേ, പിതൃക്കൾ പ്രസാദിച്ചാൽ, ആയുസ്സും സന്തതിയും സമ്പത്തും സുഖവും വിദ്യയും രാജ്യവും സ്വർഗ്ഗവും മോക്ഷവുമൊക്കെ സിദ്ധിക്കും! പണ്ടു കൌശികപുത്രന്മാർ അഞ്ചു ജന്മം കൊണ്ടു മോക്ഷം നേടി പരബ്രഹ്മപദം പ്രാപിച്ചതായി കേട്ടിട്ടുണ്ട്.'

ഭീഷ്മൻ:—'എങ്ങിനെയാണ് കൌശികപുത്രന്മാർ പരമയോഗമടഞ്ഞത്? അഞ്ചു ജന്മംകൊണ്ടു കർമ്മം എങ്ങിനെ നശിച്ചു?'

പുലസ്ത്യൻ:—'പണ്ടു കുരുക്ഷേത്രത്തിൽ കൌശികൻ എന്നൊരു മഹർഷിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രന്മാരായ സപസ്യുപൻ, ക്രോധനൻ, ഹിംസ്രൻ, പിശുനൻ, കവി, വാഗ്ദുഷ്ടൻ, പിതൃവർത്തി എന്നിവർ ഗർഗ്ഗന്റെ അടുക്കൽ വിദ്യാഭ്യാസം ചെയ്യുവോന്നു. അവരുടെ പേർ കർമ്മത്തിനു ചേർന്നതുതന്നെയായിരുന്നു. അങ്ങിനെയിരിക്കെ അദ്ധ്വൻ മരിച്ചു; മക്കൾ കടുത്ത ദാരിദ്ര്യത്തിൽപ്പെട്ടു. അന്ന് ഒരു വമ്പിച്ച അനാവൃഷ്ടി സർവ്വലോകത്തെയും പീഡിപ്പിച്ചു. ഒരുനാൾ, ഗർഗ്ഗന്റെ ഭാര്യമാർ അദ്ദേഹത്തിന്റെ കറവു പയ്യിനെ കാട്ടിൽ മേച്ചിരുന്ന സപസ്യുപാദികൾ വിശപ്പു പൊറുക്കായ്കയാൽ, 'നമുക്ക് ഈ പയ്യിനെ തിന്നാം' എന്നു, പാപത്തിന്നുറച്ചു. അപ്പോൾ, എല്ലാവരിലും ഇളയവൻ അഭിപ്രായപ്പെട്ടു:—'ഇതിനെ കൊല്ലുകതന്നെയാണെങ്കിൽ, ശ്രാദ്ധത്തിന്നാക്കുക: ശ്രാദ്ധത്തിന്നുപയോഗിച്ചാൽ തീച്ചയായും നമ്മെ പാപം ബാധിക്കുകയില്ല.' 'അങ്ങിനെയാക്കിക്കൊള്ളുക' എന്നു സഹോദരന്മാർ സമ്മതിച്ചു. അതിന്മണ്ണം പിതൃവർത്തി പയ്യിനെ കൊന്നു സശ്രദ്ധനായി ശ്രാദ്ധം ആരംഭിച്ചു: ജ്യേഷ്ഠന്മാരിൽ രണ്ടുപേരെ ദേവപൂജയ്ക്കും,

Digitized By Kerala Sahitya Akademi

മൂന്നുപേരെ പിതൃകർമ്മത്തിന്നുമാക്കി; ഒരാൾ അതിഥി; താൻ ശ്രാദ്ധകാരനും. ഇങ്ങിനെ അയാൾ പിതൃക്കളെ സ്മരിച്ചു മന്ത്രപൂർവ്വം ശ്രാദ്ധം കഴിച്ചു. ആ തപസ്വികൾ ഏഴുപേരുംക്രൂരി ഔദ്ദികബലം അവലംബിച്ചു ക്രൂരകർമ്മത്തിൽ ക്രൂസലില്ലാത്തവരായിട്ടു പശുവിനെ ഭക്ഷിച്ചു എന്നേ പറയേണ്ടൂ! എന്നിട്ടവർ ഗുരുനാഥനോടു ചെന്ന്, 'പശുവിനെ പുലിപിടിച്ചു തിന്നുകളഞ്ഞു; കുട്ടി ഇതാ' എന്നറിയിക്കുകയും ചെയ്തു.

യഥാകാലം അവർ ഏഴുപേരും മൃഗിയരായി, ദശാപൂരത്തിൽ വ്യാധന്മാരായി ജനിച്ചു. എന്നാൽ, പിതൃപൂജാമൂലം അവർക്കു മുൻജന്മസ്മരണയുണ്ടായിരുന്നു. അതിനാൽ വൈരാഗ്യം പൂണ്ടു് അവർ തീർത്ഥത്തിൽ ഉപവാസംചെയ്തു, ജനങ്ങളാൽ കാണപ്പെടാൻ പ്രാണൻ കളഞ്ഞു കാലഞ്ജരഗിരിയിൽ മൃഗങ്ങളായി ജനിച്ചു. ജ്ഞാനത്താലുള്ള വൈരാഗ്യംമൂലം ആ ശരീരം പ്രപതനത്താൽ (മലമുകളിൽ നിന്നു കീഴ്പോട്ടു ചാടുക) ഉപേക്ഷിച്ചു് അവർ മാനസസരസ്സിൽ ചക്രവാകങ്ങളായി പിറന്നു; അന്നവക്കു് സുമനസ്സു്, ഋസുമൻ, വസു, ചിത്രദർശി, സുദർശി, ജ്ഞാതാവു്, ജ്ഞാനപാരഗൻ എന്നിങ്ങിനെയായിരുന്ന സഭാഭാവത്തിനൊത്ത പേരുകൾ. ആ ഭ്രാതൃവത്സലന്മാർ ഏഴുപേരും യോഗംകൊണ്ടു പരിശുദ്ധരായിരുന്നു; എന്നാൽ മനശ്ചാഞ്ചല്യംമൂലം മൂന്നുപേർ യോഗഭ്രഷ്ടരായിപ്പോയി: വളരെ ധനവാഹനങ്ങളും വമ്പിച്ച ബലപരാക്രമവുമുള്ള അണുഹനെന്ന പാഞ്ചാലരാജാവു പലതരം ഭോഗൃങ്ങളുമായി സ്ത്രീകളോടൊന്നിച്ചു വിഹരിക്കുന്നതു കണ്ടിട്ടു, ചക്രവാകങ്ങളിൽ ഒരുവൻ—പിതൃഭക്തിയാൽ ശ്രാദ്ധം കഴിച്ച പിതൃവത്തി ബ്രാഹ്മണൻ—രാജാവാകേണമെന്നാശിച്ചു; മറ്റു രണ്ടുപേർ ധനവാഹനങ്ങളറിയ രണ്ടു മന്ത്രിമാരെ കണ്ടിട്ടു മന്ത്രിത്വം കാക്ഷിച്ചു. അതിൽവണ്ണം പിതൃവത്തി ബ്രാഹ്മദത്തൻ എന്നു വൈദ്യരാജപുത്രനായും, മറവർ പുണ്ഡരീകൻ സുഖാലകൻ എന്ന രണ്ടു മന്ത്രിപുത്രന്മാരായും ജനിച്ചു. ബ്രാഹ്മദത്തൻ കാമ്പില്യമഹാനഗരത്തിൽ പാഞ്ചാലരാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ആ രാജാവു വിക്രമിയും പിതൃഭക്തനും ശ്രാദ്ധസക്തനും യോഗജ്ഞനും സർവ്വപ്രാണികളുടേയും ഉള്ളറിയുന്നവനുമായിരുന്നു. അദ്ദേഹം, സുദേവന്റെ മകൾ സുനന്ദയെ വേളികഴിച്ചു: അവൾ പണ്ടു ഗർഗ്ഗന്റെ പുത്രിയായിരുന്നു; പിതൃകർമ്മത്തിൽ ഉപയോഗിക്കപ്പെട്ടതിനാൽ ബ്രഹ്മവാദിനിയായി ജനിച്ചു. ബ്രാഹ്മദത്തൻ അവളോടൊന്നിച്ചു രാജ്യംഭരിച്ചുപോന്നു.

ഒരുനാൾ ആ രാജാവു് ഭാര്യയോടൊത്തിച്ചു പൂങ്കാവിൽ പോയപ്പോൾ രണ്ടരുനുകളെ കണ്ടെത്തി: ഭാര്യയും ഭർത്താവുമായ ആ ചെറുപ്രാണികൾ പ്രണയകലഹത്തിൽപ്പെട്ടിരിക്കുന്നായിരുന്നു. അതിനൊരുവു്

Digitized By Kerala Sahitya Akademi

അനംഗതാപത്താൽ ചുട്ടെരിഞ്ഞു പെണ്ണെരുമ്പിന്റെ മുമ്പിൽനിന്ന സഗൽഗദം ഉരിയാടി:—

(ശ്ലോകങ്ങൾ)

'ഒരുകാമിനിയില്ല, നിന്നൊടൊ-
ന്നെതിർനില്പാനുലകത്തിലെങ്ങുമേ:
മധുരം ഹഹ, പഞ്ചസാരയും
ഗ്ലളവുംപോലഴകാറ നിൻമുഖം!

അരപോലവു,മെരുയുംപോലനാം
ജഘനം; തേ ഗമനം വിമോഹനം;
നിറമോ കനകത്തിനൊത്തതാ-
ണു,രുമപ്പുഞ്ചിരിയഞ്ചിതപ്രഭം!

ഈ ഞാൻ കുളിച്ചീടാൻ സതി, നീ കുളിക്ക
ഞാനുൺകഴിച്ചാലഥ നീയുമുണ്ണും;
ഞാൻ വിട്ടുപോയാലതിദീനയാം നീ;
ഞാനൊന്ന കോപിക്കിൽ വിറച്ചുപോം നീ!

ഏതുനോമലെന്തിനു നതാനനയായി വാഴ്വു?
ചൊൽകെ'ന്ന കേട്ടവഠം ചൊടിച്ചു:—'പുലമ്പൽപോരും!
നീയെന്നെ വിട്ടടനുങ്ങതു തിന്നതില്ലേ?
ഹാ, ദുഷ്ടി, വേറെയൊരുവഠംകു കൊടുത്തതില്ലേ?'

അതുണെരുനു:—

'നീയെന്ന തോന്നിയതുമുലമവഠംകു നൽകി-
പ്പോയേൻ; പൊറുത്തരുളികീയൊരുതെറു ഭദ്രേ!
കോപം ത്യജിക്കുകി;—നിയിങ്ങനെ—നിൻെറ പാദ-
ത്താണേ വരില്ല! ദയ ചെയ്ക വണങ്ങുമെങ്കൽ!
സുശ്രോണി, നീയരിശമേല്ക്കിൽ മരിച്ചുപോം ഞാൻ!
വാമോരു, നീ തെളിയുകിൽച്ചിരിതാരുമ്പനീ ഞാൻ!
നിന്നാസ്യചന്ദ്രസുധ ഞാൻ സകരട്ടെ! പാനം-
ചെയ്കുംഗജാത്തിയെഴുമെന്നാധരം പ്രിയേ, നീ!'

ഈ ക്ഷമാപണം പെണ്ണെരുമ്പിനെ പ്രസന്നായാക്കി; അവഠം ഉടനേ ഭർത്താവിനോടു മോന്നിണങ്ങി. ബ്രാഹ്മദത്തൻ ആ സംഭാഷണം കേട്ടിട്ടു വിസ്മയിച്ചു പുഞ്ചിരിക്കൊണ്ടു: അദ്ദേഹത്തിനു പൂർവ്വകർമ്മപ്രഭാവത്താൽ സകല പ്രാണികളുടേയും ഭാഷ അറിയാമായിരുന്നു.'

Digitized By Kerala Sahitya Akademi

ഭീഷ്മൻ:---'എങ്ങിനെയാണ് ബ്രാഹ്മദത്തനരേന്ദ്രനു സർവ്വപ്രാണികളുടേയും ശബ്ദം അറിയുമാറായത്? മറു നാലു ചക്രവാകങ്ങളും ജനിച്ചത് എവിടെ ആരുടെ വംശത്തിലായിരുന്നു? ധർമ്മജ്ഞ, അതുകൂടി പറഞ്ഞുതന്നാലും.'

പുലസ്ത്യൻ:---'നരേന്ദ്ര, ആ ചക്രവാകങ്ങളും ആ നഗരത്തിൽത്തന്നെ, ഒരു ദരിദ്രബ്രാഹ്മണവൃദ്ധന്റെ പുത്രരായിട്ടാണ് ജനിച്ചിരുന്നത്. അവർക്കു മുൻജന്മസ്മരണയുണ്ടായിരുന്നു; ധൃതിമാൻ, സർവ്വദർശി, വിദ്യുച്ചന്ദ്രൻ, തപോധികൻ എന്നായിരുന്ന സ്വഭാവത്തിനൊത്ത പേരുകളും. ആ ദ്വിജകുമാരന്മാർ 'നമുക്കു പരമസിദ്ധി നേടാ'മെന്നുറപ്പിച്ചു തപസ്സിനുപോകാൻ നിശ്ചയിച്ചു. അപ്പോൾ ദരിദ്രനായ അച്ഛൻ ദീനസ്വരത്തിൽ ചോദിച്ചു:—'ഉണ്ണികളേ, ഇതെന്താണ്—നിങ്ങളും ദരിദ്രനും കിഴവനുമായ അച്ഛനെ വെടിഞ്ഞു കാട്ടിലേയ്ക്കുപോകുന്നത് അധർമ്മമല്ലയോ? എന്തു ധർമ്മമാണ്, അഗതിയായ എന്നെ ത്യജിച്ചാൽ നിങ്ങൾക്കു കിട്ടുക?' പുത്രന്മാർ പറഞ്ഞു:—'അച്ഛനു കഴിയാൻ വക ഞങ്ങളും കണ്ടുവെച്ചിട്ടുണ്ട്:

'വ്യാധന്മാരായ് ദശപുരേ കുരുക്ഷേത്രത്തിലെദ്വിജർ;
കാലഞ്ജരേ മാനുകളായ്; മാനസേ ചക്രവാകരായ്.'

എന്നീശ്ലോകം രാവിലെ രാജാവിനെ കേൾപ്പിച്ചാൽ മതി, ഇവിടേയ്ക്കു വേണ്ടുവോളം ധനവും ഗ്രാമങ്ങളും അദ്ദേഹം തരും.' ഇപ്രകാരം അച്ഛനെ ആശ്വസിപ്പിച്ച് ആ ദ്വിജശ്രേഷ്ഠന്മാർ തപസ്സുചെയ്വാൻ കാട്ടിലേയ്ക്കു ഗമിച്ചു. വൃദ്ധബ്രാഹ്മണൻ ധനലബ്ധിക്കായി രാജാവിന്റെ അടുക്കലേയ്ക്കു പുറപ്പെട്ടു.

പണ്ടു വൈഭ്രാജനായ അനുഹനെന്ന പാഞ്ചാലരാജാവ്, പുത്രനുണ്ടാകാൻവേണ്ടി തീവ്രതപസ്സിലേർപ്പെട്ടു പരമയോഗനിയായ പിതാമഹനെ ആരാധിച്ചുപോന്നു. വളരെക്കാലംകൊണ്ടു തിരുവുള്ളം തെളിഞ്ഞ പിതാമഹൻ, 'രാജാവേ, ഭവാനു നല്ലതുവരട്ടേ! വേണ്ടുന്ന വരം ചോദിച്ചുകൊൾക' എന്നരുളിച്ചെയ്തു.

അനുഹൻ:---'ദേവേശ, എനിക്ക് ഒരുണ്ണിയെ കല്പിച്ചുതന്നാലും: മഹാബലപരാക്രമനും വിദ്വൽകളുടെയെല്ലാം മകുടപുരുഷനും ധാർമ്മികനും മഹായോഗിയും സർവ്വപ്രാണികളുടേയും ശബ്ദമറിയുന്നവനുമായ ഒരു പുത്രൻ എനിക്കുണ്ടായിവരട്ടേ!'

'അങ്ങിനെതന്നെ' എന്നനുഗ്രഹിച്ച് ആ വിശ്വാത്മാവായ പരമേശ്വരൻ, അഖിലവും കാണെക, അവിടെത്തന്നെ മറഞ്ഞു. പിന്നീട്

Digitized By Kerala Sahitya Akademi

ഈ പ്രതാപവാനായ ബ്രഹ്മദത്തൻ അണ്ഡഫന്നുണ്ണിയായിപ്പിറന്നു. സർവ്വസത്വാനുകമ്പിയും സർവ്വസത്വാധികബലനും സർവ്വസത്വശബ്ദജ്ഞനും സർവ്വഭാഷാവിശേഷജ്ഞനും മഹായോഗിയുമായിരുന്ന ഇദ്ദേഹം.

ഏറെനാളുകഴിഞ്ഞപ്പോൾ ഭാര്യാമിഥുനങ്ങളുടെ വിഹാരം കണ്ടിട്ട് ബ്രഹ്മദത്തൻ പുഞ്ചിരിച്ചുകൊണ്ടിരുന്നപ്പോൾ, ഭാര്യ സന്നിധി ഏതോ ശങ്കിച്ച് അദ്ദേഹത്തോടു ചോദിച്ചു:—'നരേന്ദ്ര, എന്താണിങ്ങിനെ പെട്ടെന്നു ചിരിച്ചതു്? അങ്ങയ്ക്കിപ്പോൾ ചിരിപ്പാൻ ഒരുകാരണവും ഞാൻ കണ്ടില്ല!' രാജാവു മറുപടിപറഞ്ഞു:—'സുമുഖി, ഒരാണൊരുവും പെണ്ണൊരുവും തമ്മിൽ ഇവിടെ ഒരു പ്രണയകലഹം നടന്നു; അതു കേട്ടിട്ടാണ് ഞാൻ ചിരിച്ചതു്. വേറെ ഒരു കാരണവുമില്ല.' അതു രാജ്ഞി വിശ്വസിച്ചില്ല. 'ഇതിവിടുത്തെ ഒരു മിടുക്കാണു്. എന്നെപ്പറ്റിത്തന്നെയാണു് അങ്ങു ചിരിച്ചതു്; ഞാൻ ഇനി ജീവിച്ചിരിക്കില്ല! എന്നുമുതൽ സംസാരിക്കുന്നതു മിണ്ടാപ്രാണികൾക്കല്ലാതെ മനുഷ്യരിലാകുമോ? അതിനാൽ എന്നെപ്പരിഹസിക്കരുതെന്നെയാണു് ഇവിടുന്നീച്ചെയ്യുന്നതു്.' രാജാവിനുത്തരമില്ലാതായി!

അകലു് മഷനായിരുന്ന അദ്ദേഹം തനിക്കു പ്രാണിശബ്ദജ്ഞാനം എങ്ങിനെയുണ്ടായി എന്നറിവാൻ ഏഴുരാത്രി പ്രതനിഷ്ഠയിലിരുന്നു. ബ്രഹ്മാവു് അദ്ദേഹത്തോടു സ്വപ്നത്തിൽ അരുളിച്ചെയ്തു:—'രാവിലെ നഗരത്തിൽ സഞ്ചരിക്കുമ്പോൾ ഒരു വൃദ്ധബ്രാഹ്മണന്റെ വാക്കിൽനിന്നു് എല്ലാം അറിയുമാറാകും.' പ്രഭാതത്തിൽ ബ്രഹ്മദത്തൻ പതിയോടും മന്ത്രിമാരോടും കൂടി അന്തഃപുരത്തിൽനിന്നു പുറപ്പെട്ടപ്പോൾ, ഒരു വൃദ്ധബ്രാഹ്മണൻ വരുന്നതു കാണുമാറായി. അദ്ദേഹം,

'ദ്വിജോത്തമന്മാർ കുമണ്ഡലത്തി-
ലേതുമൂരോർ ദാശപുരത്തിൽ വേടർ,
കാലഞ്ജരേ മാനകം, മാനസത്തിൽ
കോകങ്ങളാ, നാമിവ സീഭിക്കൊൾവൂ.'

എന്നൊരു ശ്ലോകം പൊരുൾസൂചിപ്പിച്ചുണ്ടായിരുന്നു. അതു കേട്ടതോടുകൂടി മുൻജന്മസ്മരണ വന്ന ബ്രഹ്മദത്തൻ മോഹാലസ്യപ്പെട്ടുപോയി; കാമശാസ്ത്രം നിർമ്മിച്ച ബാഭ്രവ്യപുത്രൻ സുബാലകനും വൈദ്യശാസ്ത്രം പ്രചരിപ്പിച്ച പാഞ്ചാലപുത്രൻ പുണ്ഡരീകനുമാകുന്ന രണ്ടു മന്ത്രിശ്രേഷ്ഠന്മാരും തൽക്ഷണം മുൻജന്മസ്മരണയുദിച്ചു വ്യസനത്താൽ നിലത്തുപതിച്ചു. ആ രാജഭടപ്രമുഖർ മുവ്വരും, 'അയ്യോ, നാം കർമ്മവശാൽ കാമം പൂണ്ടു യോഗഭ്രഷ്ടരായിപ്പോയല്ലോ!' എന്നു പലവുരു വിലപിക്കുകയും, വിസ്മയം പൂണ്ടു് ശ്രാദ്ധമാഹാത്മ്യത്തെ പുകഴ്ത്തും

Digitized By Kerala Sahitya Akademi

പേത്തും അഭിനന്ദിക്കുകയും ചെയ്തു. ബ്രഹ്മദത്തൻ ആ വൃദ്ധബ്രാഹ്മണനെ ധാരാളം ധനവും ഗ്രാമങ്ങളും നൽകി സംതൃപ്തനാക്കിയയച്ചു; തന്റെ മകനെ—രാജലക്ഷണങ്ങളൊത്തിണങ്ങിയ വിഷ്വക്സേനനെ—രാജാവാക്കി അഭിഷേകവും കഴിച്ചു. അതിനുശേഷം ആ കറയറ്റ പിതൃഭക്തരും മഹായോഗികളുമായ ബ്രഹ്മദത്താദികൾ തപസ്സിനായി മാനസസരസ്സിലേയ്ക്കു പുറപ്പെട്ടു. സന്നിധിയും മനസ്സാകെ കുളിർത്തു. 'രാജാവേ, അങ്ങയ്ക്കു സിദ്ധിച്ച ഈ യോഗഫലത്തിനെല്ലാം കാരണം ഞാനാണല്ലോ!' എന്നിങ്ങനെ അവർ പറഞ്ഞതിനെ ഭർത്താവഭിനന്ദിച്ചു:—'അതേ, ഭവതിയുടെ പ്രസാദത്താൽത്തന്നെയാണ്, ഇതെല്ലാം എനിക്കു സിദ്ധിച്ചതു്!' അവർ നാലുപേരും വനത്തിൽവാണു തപസ്സു വർദ്ധിപ്പിക്കുകയും, ഒടുവിൽ യോഗത്തിലിരുന്നു ബ്രഹ്മരന്ധ്രത്തിലൂടേ പരമപദം പ്രാപിക്കുകയുംചെയ്തു.

മനുഷ്യന്നു് ആയുസ്സും സന്തതിയും സമ്പത്തും സുഖവും വിദ്യയും രാജ്യവും സ്വർഗ്ഗവും മോക്ഷവുമൊക്കെ പിതൃപ്രസാദത്താൽ സിദ്ധിക്കും! രാജാവേ, പിതൃമാഹാത്മ്യമുൾപ്പെട്ടതായ ഈ ബ്രഹ്മദത്തോപാഖ്യാനം ബ്രാഹ്മണരിൽ നിന്നു കേൾക്കുകയോ കേൾപ്പിക്കുകയോ ചൊല്ലുകയോ ചെയ്താൽത്തന്നെ, ഒരു നൂറുകോടി കല്പം മുഴുവൻ ബ്രഹ്മലോകത്തിൽ സുഖിക്കാം!'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
പിതൃമാഹാത്മ്യകഥനം പത്താമദ്ധ്യായം.

(൦)

പതിനൊന്നാമദ്ധ്യായം

ഭീഷ്മൻ:—'ബ്രഹ്മൻ, ഏതു സമയത്താണ് ശ്രാദ്ധം ആരംഭിക്കേണ്ടതു്? ഏതേതു തീർത്ഥങ്ങളിൽ ശ്രാദ്ധം കഴിച്ചാൽ ഫലമേറും?'

പുലസ്ത്യൻ:—'പുഷ്കരതീർത്ഥമത്രേ, ശ്രേഷ്ഠതമം. എല്ലാ ബ്രാഹ്മണേന്ദ്രരുടേയും മുത്തിമത്തായ മനോരഥം തന്നെയാണതു്! അതികൽ ദാനം, ജപം, ഹോമം എന്നിവ ചെയ്താൽ അവയ്ക്കുതിയില്ലതന്നെ. പിതൃക്കൾക്കും ഋഷിമാർക്കും സദാ പരമപ്രിയമാകുന്ന പുഷ്കരം. നന്ദ, ലളിത, മായാ (ആയുഃ) പൂരി, മിത്രപദം, കേദാരം എന്നി

Digitized By Kerala Sahitya Akademi

വയും ശ്രേഷ്ഠങ്ങളത്രേ. ഗംഗാസാഗരം, ബ്രഹ്മസരസ്സ്, സരയൂതീർത്ഥം എന്നിവ സർവ്വതീർത്ഥാത്മകങ്ങളാകുന്നു. നൈമിശതീർത്ഥവും സർവ്വതീർത്ഥഫലപ്രദം തന്നെ: എവിടെ ഗംഗാഗോമതീസംഗമത്തിൽ സനാതനനായ യജ്ഞവരാഹമൂർത്തിയും, പതിനെട്ടു തൃക്കൈകളുള്ള ശൂലായുധൻ തിരുവടിയും ആവിർഭവിച്ചുവോ, പണ്ടു ധർമ്മചക്രത്തിന്റെ നേമി എവിടെ ശീർണ്ണമായോ (ഉരിവീണുവോ), ആ നൈമിശാരണ്യം സർവതീർത്ഥങ്ങളാലും സേവിക്കപ്പെട്ടതത്രേ; വിശേഷിച്ചും, അവിടെ വാമദേവനേയും വരാഹമൂർത്തിയേയും ദർശിച്ചവൻ വിശുദ്ധാത്മാവായി വിഷ്ണുലോകം പ്രാപിക്കും. കേകാമുഖം, ഇന്ദ്രമാർഗ്ഗം എന്നിവയും ശ്രേഷ്ഠതീർത്ഥങ്ങളാണ്. പുഷ്കരാരണ്യത്തിൽ വാണരുളുന്ന അവ്യക്തജന്മാവായ ബ്രഹ്മാവിന്റെ സന്നിധിയിൽ ഒരു പിതൃതീർത്ഥമുണ്ട്; അവിടെ പിതാമഹനെ ദർശിച്ചാൽ അപവർഗ്ഗം ലഭിക്കും. നരസിംഹസ്വരൂപനായ ജഗദ്ഗുരുവായണൻ സന്നിധിചെയ്യുന്ന കൃതമെന്ന തീർത്ഥം സർവ പാപഹരവും പരമപുണ്യവുമാകുന്നു. ഇക്ഷുമതീ തീർത്ഥം പിതൃക്കൾക്കു സദാ പ്രിയപ്പെട്ടതാണ്! ഗംഗാ യമുനാസംഗമം പിതൃക്കളെ എന്നെന്നും സന്തോഷിപ്പിക്കുന്നു. ഇന്നും സർവാഭീഷ്ടപ്രദമായിരിക്കുന്ന ഒരു മഹാ പുണ്യപിതൃതീർത്ഥമത്രേ കുരുക്ഷേത്രം.

നീലകണ്ഠം (നീലകണ്ഠം), ഭദ്രസരസ്സ്, മാനസസരസ്സ്, മന്ദാകിനി, വിപാശ, സരസ്വതി, പൂർവ്വമിത്രപദം, ഔദ്ദ്യനാഥം, മഹാബലം, ശിപ്ര, കാലഞ്ജരം, വൃശോത്തേജം, ഹരോത്തേജം, ഗർഭഭേദം, മഹാലയം, ഭദ്രേശ്വരം, വിഷ്ണുപദം, നർമ്മദാദ്വാരം എന്നിവയിൽ പിണ്ഡംവെയ്ക്കുന്നതും ഗയാപിണ്ഡവും തുല്യഫലമാണെന്നു മഹർഷിമാർ പറയുന്നു; ഈ പിതൃതീർത്ഥങ്ങളും സ്മരിച്ചാൽത്തന്നെ സർവപാപങ്ങളും ക്ഷയം ശാന്തിവരും. പിന്നെ, ഇവയിൽ ശ്രാദ്ധം കഴിച്ചാലത്തെ അവസ്ഥ പറയാനുണ്ടോ? ഓം കാരം, കാവേരി, കപിലാതീർത്ഥം, ചണ്ഡവേഗാസംഗമം, അമരകണ്ടകം എന്നിവയിൽ സ്നാനവും മറവും കഴിച്ചാൽ കുരുക്ഷേത്രത്തിനേറ്റതിൽ പതിന്മടങ്ങു ഫലം കിട്ടും. ശുക്ലതീർത്ഥം, സോമതീർത്ഥം എന്നിവ സർവരോഗങ്ങളേയും നശിപ്പിച്ചിക്കും; ശ്രാദ്ധം, ദാനം, ഹോമം, സ്വാധ്യായം, ജപം, ദർശനം എന്നിവയുടെ നൂറുകോടി ഫലവും നൽകും. ശ്രീശൂലായുധൻ തിരുവടി അവതരിച്ചതും ശ്രീമൽബ്രാഹ്മണഗ്രഹങ്ങളംകൊണ്ടു ശോഭിക്കുന്നതുമായ കായാവരോഹണതീർത്ഥം വളരെ പുണ്യമാകുന്നു.

ചമ്പണ്യതീനദി, ഗൌതമീനദി, വരുണാനദി, ഹുതാശനതീർത്ഥം, ഭൈരവം, ഭദ്രതീർത്ഥം, ഗൌരീതീർത്ഥം, വിനായകതീർത്ഥം, വ

Digitized By Kerala Sahitya Akademi

സ്രോശ്വരതീർത്ഥം, പാപഹരം, വേത്രവതീനദി, ശൂലതാപീ(പാതീ)നദി, പയോഷ്ണീനദി, പയോഷ്ണീസംഗമം, മഹാബോധാനദി, പാ(ചാ)രണാനദി, നാഗതീർത്ഥം, മഹാവേണാനദി, മഹാസാലം, മഹാരുദ്രലിംഗം, ദശാണ്ണാനദി, ശതരുദ്രാനദി, ശതാഹ്വാനദി, പിതൃപദം, അംഗാരവാഹികാനദി, ശോണനദം, ഘൃതാല്പരനദം, കാളികാനദി, പിതരാനദി എന്നിവയും സ്നാനദാനങ്ങൾകൊണ്ട പ്രശസ്തങ്ങളായ പിതൃതീർത്ഥങ്ങളം തന്നെ; ഇവയിൽ പിണ്ഡംവെച്ചാലത്തെ ഫലത്തിന്ന് അവസാനമില്ല. ശിനീവാടനദി, ധാരാനദി, ശരഭീനദി, ദ്വാരക, കൃഷ്ണതീർത്ഥം, അർബുദസരസ്വതി, മണിമതീനദി, ഗിരി(ഗവി) കണ്ണികാനദി, തെക്കേസ്സമുദ്രത്തിലേ ധൃതപാപതീർത്ഥം, ഗോകർണ്ണം, ഗജകർണ്ണം, പുരുഷോത്തമം എന്നീ തീർത്ഥങ്ങളിൽ പിണ്ഡം വെച്ചാൽ, അതു് അക്ഷയമായിരിക്കും. ശാർങ്ഗപാണിയായ ജനാർദ്ദനൻ വാണരുളുന്ന മേകലയിലെ മേഘകരമെന്ന തീർത്ഥം, മന്ദോദരീതീർത്ഥം, ഹംസാനദി, ശ്യാമളനാഥം, മഹാശാലോദരീനദി, ചിത്രകോടം, ജ്യേഷ്ഠപുരം, മഹത്തീർത്ഥം, അർജ്ജുനം, ത്രിപുരുഷം, സിദ്ധേശ്വരം, മഹേന്ദ്രം, മഹാനദി എന്നിവയും ശ്രാദ്ധത്തിന്ന് അനന്തഫലത്തെ പ്രദാനം ചെയ്യും; ഈ പുണ്യതീർത്ഥങ്ങം ദർശിക്കുന്നതോടു കൂടിത്തന്നെ പാപപങ്കം നിശ്ശേഷം നശിക്കും!

തുംഗഭദ്രാനദി, ചക്രതീർത്ഥാനദി, ഭീ(ഭൈ)മേശ്വരം, കൃഷ്ണവേണ്ണാനദി, കാവേരീനദി, അഞ്ജനാനദി, ഗോദാവരീനദി, ത്രിസന്ധ്യാതീർത്ഥം, മുക്കണ്ണനായ ഭീമഭഗവാൻ കുടികൊള്ളുന്ന സപ്തതീർത്ഥനാമസ്തുതമായ ത്രൈയംബകതീർത്ഥം എന്നിവയിൽ ശ്രാദ്ധദാനത്തിന്ന കോടി ഫലം കൈവരും; ഈ തീർത്ഥങ്ങളെ സ്മരിച്ചാൽത്തന്നെ പാപപങ്കം തുരുമ്പങ്ങായിത്തെറിക്കും! ശ്രീപർണ്ണാനദി, വ്യാസതീർത്ഥം, മത്സ്യനദി, രാകാനദി, ശിവധാരാനദി, ഭവതീർത്ഥം, പുണ്യതീർത്ഥം, രാമേശ്വരം, ദേവാ(വേണാ)യുപുരം, അംഗാരകം (അംഗാരഭൃത്യം), ആനന്ദകമലം (ആത്മദർശം, അലംബുസം), വത്സപ്രാതേശ്വരം, മേകാമുകം (ഗോകാമു(മു)ഖം), ഗോവർദ്ധനം, ഹരിശ്ചന്ദ്രം, പുരശ്ചന്ദ്രം, പ്ലക്ഷകം, സഹസ്രാക്ഷം, ഹിരണ്യാക്ഷം, കളളീനദി, നാമധേയങ്ങം (നാമതീർത്ഥങ്ങം?), സോമസരാന്തഗ(സൗമിത്രിസംഗതം), ഇന്ദ്രനീലം, മഹാനാദം, വൃഷസേന(പ്രിയമേള)കം എന്നിവയും ശ്രാദ്ധത്തിന്ന സദാ സുപ്രശസ്തങ്ങളാകുന്നു; ഇതുകളിലെല്ലാം സർവ്വദേവതാ സാന്നിദ്ധ്യമുള്ളതിനാൽ ദാനത്തിന്ന കോടിമടങ്ങു ഫലം കിട്ടും. ബാഹുദാനദി, സിന്ധുവനം, പമ്പാശുഭം (പാശുപതം), കയ്യടികാനദി എന്നിവയിൽ ശ്രാദ്ധം കോടിഫലമത്രേ.

Digitized By Kerala Sahitya Akademi

പിതൃ(പഞ്ച) തീർത്ഥവും, ഓരായിരം ശിവലിംഗത്തോടുക്രൂടിയ ഗോദാവരീനദി വലത്തോട്ട ഒഴുകുന്നോടത്തെ ജാമദഗ്ന്യതീർത്ഥവും പിതൃപ്രീതിക്കു മുഖ്യാസ്പദമാകുന്നു. ഗോദാവരീനദി പ്രതീകനെപ്പോടിച്ചു വന്ന ചേന്തെവിടെയോ, അപ്സരസ്സേവിതമായ അവിടവും കവ്യഹവ്യതീർത്ഥംതന്നെ; ആ തീർത്ഥത്തിൽ ശ്രാദ്ധഹോമങ്ങൾക്കു നൂറുകോടി മടങ്ങു ഫലമുണ്ട്. സാഗ്ര (സഹസ്ര)ലിംഗമായ രാഘവേശ്വരവും അതു ശ്രേഷ്ഠമാകുന്നു. ഇന്ദ്രൻ പണ്ടു, സ്നേഹിതനായിരുന്ന നമുചിയെ കൊന്നതിനാൽ ദുഃഖംപൂണ്ടു, എവിടെ ചെന്നു തപസ്സുചെയ്തിട്ടാണോ സ്വർഗ്ഗം പുക്കതു, ആ കാലാനദീതീർത്ഥം ശ്രാദ്ധത്തിന്നു് അനന്തഫലത്തെ നൽകുന്നു.

പുഷ്കരം, സാളഗ്രാമം, വൈശ്വാനരൻ വാഴുന്ന ശോണപാതം, സാരസ്വതം, സ്വാമി (ആയു) തീർത്ഥം, മല (മന) ന്ദരാനദി, കൌശികീനദി, ചന്ദ്രികാനദി, വിദ്യാനദി, വേഗാനദി, കിഴക്കോട്ടൊഴുകുന്ന പയോഷ്ണി, വടക്കേ കാവേരി, ജാലന്ധരശൈലം എന്നീ തീർത്ഥങ്ങളിൽ ശ്രാദ്ധം അനന്തഫലമത്രേ. ലോഹദണ്ഡം, ചിത്രകൂടം, ഗംഗാവിന്ധ്യസംഗമം, നന്ദീതടം, കുബ്ജാമ്രം, ഉർവ്വശീപുളിനം, സംസാരമോചനം, ജ്ഞാനമോചനം എന്നീ തീർത്ഥങ്ങളിലും ശ്രാദ്ധം കഴിച്ചാലത്തെ ഫലത്തിന്നവസാനമില്ല. അട്ടഹാസം, ഗൌതമേശ്വരം, വാസിഷ്ഠം, ഭാരതം, ബ്രഹ്മാവർത്തം, കുശാവർത്തം, ഹംസതീർത്ഥം. പിണ്ഡാരകം, ശംഖോദ്ധാരം, ഖ (ഭാ) ണ്ഡേശ്വരം, വിലപകം, നീലപർവ്വതം, ഖഡ്ഗതീർത്ഥം, രാമതീർത്ഥം, ജയന്തീതീർത്ഥം, വിജയതീർത്ഥം, ശുക്ലതീർത്ഥം എന്നിവയിൽ പിണ്ഡംവെച്ചവർ പരമപദം പ്രാപിക്കും. മാതൃഗൃഹം, കരവീരപുരം, സർവ്വതീർത്ഥസമ്പ്രാപ്തായ സപ്തഗോദാവരം എന്നീ തീർത്ഥങ്ങളും ശ്രാദ്ധകർത്താവിന്നു് അനന്തഫലത്തെ കൊടുക്കുന്നു. കീകടങ്ങളിൽ ഗയയും, രാജഗൃഹവനവും, ച്യവനാശ്രമവും പുനഃപുനാനദിയും പുണ്യംതന്നെ. ഇവിടെ ബ്രഹ്മാവു പാടിയ ഒരു ഗാഥ നടപ്പുണ്ടു്:

(അന്നനട)

'പെരുതു പുത്രരെക്കൊതിക്കേണം: അതി-
ലൊരുവനെങ്കിലും ഗയയിൽ ശ്രാദ്ധമോ,
തുരംഗമേധമോ, സുമേചകവൃഷ-
പ്രദാനമെന്നതോ സമാചരിച്ചെയ്യുകാം!'

രാജേന്ദ്ര, മനുഷ്യരെല്ലാം ഇങ്ങിനെയാശംസിക്കാറുണ്ടു്:—

Digitized By Kerala Sahitya Akademi

(രണ്ടുപേരുടെയും)

'നമ്മുടെ വംശത്തിലുൾപ്പെടുന്നവരാരെങ്കിലും
ചെന്നേ ഗയയിലെത്തുകിൽപ്പേടികൊണ്ടൊരുവനും;
മീതെയും താഴെയുമേഴു വംശത്തെ
പ്രീതരാക്കീടുമാപ്പുത്രനല്ലോ!'

മാതാമഹന്മാരുടെ ഈഗ്രഹം പരിഗ്രഹിച്ചുകൊണ്ടാണ് കേട്ടിട്ട് ഉള്ളത്:—

(ശ്ലോകം)

'ഉണ്ടാസ്സുരർക്കു നമ്മേപ്പോലുള്ളൊരു സംഗതിവിട്ടകൻ
ഏഴഴിച്ചെൺമണിയെത്തോല്പ നീർനിരാകരനാരു നന്ദനൻ,
പുഷ്കരം നൈമിശം ധർമ്മാരണ്യമെന്നീ വനങ്ങളിൽ
മൂന്നിലും ചെന്നു സശ്രദ്ധം പിണ്ഡം വെപ്പതിനോ ക്രമാൽ!'

ഗയ, ധർമ്മപൃഷ്ഠം, ബ്രഹ്മശിരസ്സ്, ഗയാശിരസ്സ്, പേരാൽ എന്നിവടങ്ങളിൽവെച്ചു പിതൃക്കൾക്കു നൽകിയാൽ അക്ഷയമായിരിയ്ക്കും. മനുഷ്യൻ ഗയയിലേയ്ക്കായി പുറപ്പെട്ടു് ഒരടിയടി നടക്കുമോ, അത്രയും അടി പിതൃക്കൾ നരകത്തിൽനിന്നു സ്വർഗ്ഗത്തിലേയ്ക്കു പൊങ്ങും; അവന്റെ വംശത്തിൽ പ്രേതം ഉണ്ടാകയേ ഇല്ല. പ്രേതങ്ങൾ പിണ്ഡദാനത്താൽ മോക്ഷമടയും. ഒരു മഹർഷി കയ്യിൽ ചെന്നുപാത്രമെടുത്തു മാവിൻപുറവട്ടിൽ വെള്ളമൊഴിച്ചതിനാൽ, മാവിനെ നനയ്ക്കുന്നും പിതൃക്കളെ തൃപ്തിയ്ക്കുന്നും—രണ്ടും ഒന്നിച്ചുകഴിഞ്ഞു എന്നു കേട്ടിട്ടുണ്ടു്. ഗയയിൽ പിണ്ഡംചെയ്യുക എന്നതിലും മീതെ ഒന്നില്ല. അതൊന്നു കൊണ്ടുതന്നെ പിതൃക്കൾ സന്തുഷ്ടരായി മോക്ഷം പ്രാപിക്കും. ധാന്യഭാനം വസ്ത്രദാനം മുതലായവ ശ്രേഷ്ഠങ്ങളാകുന്നു മഹർഷിമാർ പറയുന്നുണ്ടു്. എന്നാൽ ഗയാതീർത്ഥങ്ങളിൽവെച്ചു നൽകപ്പെടുന്നതിനു ധർമ്മകരത്വം എത്രയോ ശ്രേഷ്ഠം. സർവ്വാത്മനാ സശ്രദ്ധനായി തെക്കേതും വടക്കേതുമായ മാനസസരസ്സുകളിൽ ചെന്നു മന്ദാകിനിയേയും മഹാനദിയേയും ഉദ്ദേശിച്ചു് ആർ ബ്രഹ്മണശ്രേഷ്ഠരെ വണങ്ങുന്നുവോ, അവനു ജന്മം സഫലമായി; അവന്നു് ഇഷ്ടപ്രാപ്തിയുണ്ടാകും, സംശയമില്ല. ഇങ്ങിനെ എത്രയോ തീർത്ഥങ്ങളെ ഞാനിവിടെ പറഞ്ഞു; മുഴുവൻ പറവാൻ വാഗീശനും തുനിഞ്ഞില്ല; പിന്നെയാണോ മനുഷ്യൻ! എല്ലാ ജാതിക്കാർക്കും ആശ്രമികൾക്കും സത്യം ദയ ഇന്ദ്രിയനിഗ്രഹം ശമം എന്നിവ ഗൃഹത്തിൽത്തന്നെ തീർത്ഥങ്ങളത്രേ! മുൻപറഞ്ഞ തീർത്ഥങ്ങളിൽ പിണ്ഡം വെച്ചാൽ കോടിമടങ്ങേറും ഫലം. ഗയാശ്രാദ്ധമോ മോക്ഷപ്രദമാകുന്നു.

Digitized By Kerala Sahitya Akademi

എങ്ങിനെയെങ്കിലും ശ്രാദ്ധം തീർത്തിൽവച്ചു തന്നെയാക്കാൻ പ്രയത്നിക്കണം.

മൂന്ന* മുഹൂർത്തം പ്രാതഃകാലം, മൂന്ന മുഹൂർത്തം സംഗവം, മൂന്ന മുഹൂർത്താ മധ്യാഹ്നം, മൂന്ന മുഹൂർത്തം അപരാഹ്നം, മൂന്ന മുഹൂർത്തം സായാഹ്നം. സായാഹ്നത്തിൽ ശ്രാദ്ധം പാടില്ല; അതു് എല്ലാ കർമ്മങ്ങൾക്കും നിഷിദ്ധമായ രാക്ഷസവേളയത്രെ. പകലിന്റെ പതിനഞ്ചു മുഹൂർത്തങ്ങളിൽ എട്ടാമതായ മുഹൂർത്തത്തെ കുതപം എന്നപോൽ പറയുന്ന ഉച്ചയിലത്തെ സൂര്യന്റെ ചൂടു കുറഞ്ഞുതുടങ്ങുന്ന ഒരു സമയത്താണ് ശ്രാദ്ധം അനുഷ്ഠിക്കേണ്ടതു്. പാരമാന്നിധ്യം, കുതപം, നേപാള കമ്പിളി, സ്വർണ്ണം, മേ, എള്ള്, പശു, പശുവിൻപാലു് എന്നീ ആറുപത്തെണ്ണമത്രേ ശ്രാദ്ധത്തിനു പ്രധാനം. കുത്സിതമെന്നു (പാപമെന്നു) തോന്നിപ്പിക്കുന്നതുകൊണ്ടു് ഇവയെ കുത്പങ്ങൾ എന്നു പറയുന്നു. കുതപത്തിനു ശേഷം വരുന്ന മുഹൂർത്തങ്ങൾക്കും അടുത്ത മുഹൂർത്തംകൊണ്ടേ സാധിച്ചുകയുള്ളു (ശ്രാദ്ധം അവസാനിപ്പിക്കുക): ഇങ്ങിനെയാണു് ശ്രാദ്ധസമയം ദേവകൾ നിശ്ചയിച്ചിരിക്കുന്നതു്.

ഭർത്തൃപിതൃപിതാമഹന്മാരിൽനിന്നുണ്ടായവയാകുന്നു.

ഗൃഹത്തിൽവെച്ചാണു് ശ്രാദ്ധമെങ്കിൽ അവസാനത്തിൽ എള്ളുകുട്ടി തീർത്ഥജലം നൽകണം. ദീർഘായുസ്സുള്ള ഭർത്തൃപുത്രന്മാരുണ്ടായിരിക്കണം.

ബ്രഹ്മാവു താൻതന്നെ അരുളിച്ചെയ്തതായ ഈ തീർത്ഥശ്രാദ്ധകീർത്തനം പുണ്യവും പവിത്രവും ശ്രേയസ്കരവും സർവ്വപാപനാശനവുമാകുന്നു. ഈ ശ്രാദ്ധകർമ്മങ്ങളെ കേൾക്കുകയോ ചൊല്ലുകയോ ചെയ്യുന്നവൻ ശ്രീമാനായിരിക്കും പാപശാന്തിയും അലക്ഷ്മീനാശത്തിനും ഇതുപോലെ തീർത്ഥശ്രാദ്ധങ്ങളിലും വായിക്കേണ്ടതാണു്. ഈ ശ്രാദ്ധമാഹാത്മ്യം വിശുദ്ധവും യശസ്സ്കരവും മഹാപാപഹരവും ബ്രഹ്മമഹേശ്വരസൂര്യന്മാരാൽപോലും ആദരിക്കപ്പെട്ടതുമത്രേ!'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
തീർത്ഥശ്രാദ്ധാനുകീർത്തനം പതിനൊന്നാമദ്ധ്യായം.

*രണ്ടുനാഴിക.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi